# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

2020 ഫെബ്രുവരി 3, തിങ്കൾ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1143/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*


**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ - 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ - 30
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ - 30
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ - 84

**II ചരമോപചാരം**

ടി. എൻ. ചതുർവേദി, എം. കമലം, എസ്. സുന്ദരമാണിക്യം,
പി.ടി. മോഹനകൃഷ്ണൻ, വി. ബാലറാം
എന്നിവരുടെ നിര്യാണം - 422

**III ചെയർമാൻമാരുടെ പാനൽ** - 425

**IV അടിയന്തരപ്രമേയം** - 425

സംഗീതിന്റെ കൊലപാതകം
(അവതരണാനുമതി നിഷേധിച്ചു)

**V. ശ്രദ്ധ ക്ഷണിക്കൽ**

(1) കേന്ദ്രധനവിഹിതം ലഭ്യമാക്കാൻ നടപടി - 440
- ശ്രീ. കെ. സുരേഷ് കുറുപ്പ്

(2) ബ്രഹ്മപുരം മാലിന്യപ്ലാന്റ് - 445
- ശ്രീ. പി. ടി. തോമസ്

**VI സബ്മിഷൻ**

(1) കൊറോണ വൈറസ് ബാധ - 449
- പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല)

(2) പ്രണയം നിരസിച്ചതിനെത്തുടർന്നുണ്ടായ
കൊലപാതകങ്ങൾ - 453
- ശ്രീ. എം. രാജഗോപാലൻ

(3) മാധ്യമപ്രവർത്തകരുടെ ആനുകൂല്യങ്ങൾ - 455
- ശ്രീ. പി. സി. ജോർജ്

(4) കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് സംഘടനയുടെ - 457
അംഗീകാരം
- ശ്രീ. വി. കെ. പ്രശാന്ത്

(5) ഒളവിലം-പാത്തിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് - 458
- ശ്രീ. എ. എൻ. ഷംസീർ

(6) ഓപ്പറേഷൻ പ്യൂവർ വാട്ടർ പദ്ധതി - 460
- ശ്രീ. ജോൺ ഫെർണാണ്ടസ്

(7) ആധാരമെഴുത്തുകാരുടെ ജോലി സംരക്ഷണം - 462
- ശ്രീ. എസ്. രാജേന്ദ്രൻ

(8) മേൽപ്പാല നിർമ്മാണം - 463
- ശ്രീ. കെ. എൻ. എ. ഖാദർ

(9) സേവന-വേതന വ്യവസ്ഥകൾ - 464
- ശ്രീ. മോൻസ് ജോസഫ്

**VII. മേശപ്പുറത്തുവച്ച കടലാസ്സുകൾ** - 469

**VIII. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**
കൊറോണ വൈറസ് രോഗബാധ - 472

**IX. ക്രമപ്രശ്നം**
ബി.എ.സി. യോഗം സംബന്ധിച്ച് - 478
-ശ്രീ. എം. ഉമ്മർ

**X. റിപ്പോർട്ട് സമർപ്പണം**
കാര്യോപദേശക സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് - 482

**XI. ചട്ടം 215 പ്രകാരമുള്ള പ്രമേയം** - 483

**XII. റിപ്പോർട്ട് പരിഗണന**
കാര്യോപദേശക സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് - 501

**XIII. ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച** - 507

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനെട്ടാം സമ്മേളനം

*2020 ഫെബ്രുവരി 3, തിങ്കൾ*


വാല്യം 179] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 3


നിയമസഭ 2020 ഫെബ്രുവരി മാസം 3-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......ഓർഡർ.......ചോദ്യം നമ്പർ *1

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ചോദ്യോത്തരവുമായി ബന്ധപ്പെട്ട് ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഇന്ന് സർവ്വശ്രീ. സണ്ണി ജോസഫ്, കെ. സി. ജോസഫ്, ശ്രീ. വി. ടി. ബൽറാം, അൻവർ സാദത്ത് എന്നീ അംഗങ്ങളുടെ പൗരത്വ ഭേദഗതി നിയമത്തിനെതിരെയുള്ള കേസ് എന്ന 14-ാം നമ്പർ ചോദ്യം അംഗീകരിച്ചിട്ടുണ്ട്. സമാന സ്വഭാവത്തിൽ സർവ്വശ്രീ. റോജി എം. ജോൺ, അനിൽ അക്കര, ഐ. സി. ബാലകൃഷ്ണൻ, ശ്രീമതി ഷാനിമോൾ ഉസ്മാൻ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസും സർവ്വശ്രീ. ഷാഫി പറമ്പിൽ, അനിൽ അക്കര, പി. ടി. തോമസ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ നൽകിയ നോട്ടീസും തള്ളിക്കളഞ്ഞിരിക്കുകയാണ്. സമാന സ്വഭാവത്തിലുള്ള ഒരു ചോദ്യം 14-ാം നമ്പരായി അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗവർണറെ സംബന്ധിക്കുന്ന സമാനസ്വഭാവമുള്ള മറ്റ് ചോദ്യങ്ങൾ തള്ളിക്കളഞ്ഞിരിക്കുകയാണ്. ഇക്കാര്യം പരിശോധിക്കണം.

മി. സ്പീക്കർ: അക്കാര്യം പരിശോധിച്ച് അറിയിക്കുന്നതാണ്.

## ജില്ലാ ആശുപത്രികളെ സ്വകാര്യവത്കരിക്കാനുള്ള നീതി ആയോഗിന്റെ നിർദ്ദേശം

1 (*1) ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. വി. ജോയി:
ശ്രീ. എ. പ്രദീപ്കുമാർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യരംഗത്ത് സ്വകാര്യ മേഖലയ്ക്കുള്ള മേൽക്കൈ കാരണം ചികിത്സാച്ചെലവ് സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്ത നിലയിലായത് പരിഹരിക്കാൻ സംസ്ഥാന സർക്കാർ പൊതു ആരോഗ്യമേഖലയെ വിപുലീകരിക്കുന്നതിനും ശാക്തീകരിക്കുന്നതിനും ഫലപ്രദമായ പ്രവർത്തനം നടത്തുന്ന സാഹചര്യത്തിൽ ജില്ലാ ആശുപത്രികളെ സ്വകാര്യവത്കരിക്കാനുള്ള നീതി ആയോഗിന്റെ നിർദ്ദേശം സൃഷ്ടിക്കാനിടയുള്ള പ്രശ്നത്തെക്കുറിച്ച് കേന്ദ്ര സർക്കാരിനെ ധരിപ്പിച്ചിട്ടുണ്ടോ;

(ബി) കേരളത്തിൽപ്പോലും സ്വകാര്യ മെഡിക്കൽ കോളേജുകൾ കൈക്കൂലി നൽകി അംഗീകാരം നേടാൻ ശ്രമിച്ചെന്ന് ആക്ഷേപിക്കപ്പെടുന്ന സാഹചര്യത്തിലും അത്തരത്തിലുള്ള ഒരു സ്വകാര്യ മെഡിക്കൽ കോളേജ് അടിസ്ഥാനസൗകര്യവും യോഗ്യരായ അദ്ധ്യാപകരുമില്ലാതെ പൂട്ടേണ്ടിവന്ന സാഹചര്യത്തിലും മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ജില്ലാ ആശുപത്രികളെ സ്വകാര്യവൽക്കരിക്കുന്നത് സംസ്ഥാനത്തുണ്ടാക്കാനിടയുള്ള പ്രത്യാഘാതം കണക്കിലെടുത്ത് ഈ നിർദ്ദേശം പിൻവലിക്കാൻ നീതി ആയോഗിനോട് ആവശ്യപ്പെടുമോ;

(സി) വിശദമായ ചർച്ചയോ പഠനമോ കൂടാതെ കേന്ദ്ര സർക്കാർ കൊണ്ടുവന്ന മെഡിക്കൽ കമ്മീഷൻ നിയമത്തിലൂടെ കമ്മ്യൂണിറ്റി ഹെൽത്ത് പ്രൊവൈഡർമാരെ സൃഷ്ടിച്ച് ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സംവിധാനം ദുർബലപ്പെടുത്തുന്നതിനുള്ള നീക്കത്തിന്റെ തുടർച്ചയായുള്ള ഇത്തരം നടപടികൾ ആയുർദൈർഘ്യത്തിലും മാതൃ-ശിശു മരണനിരക്കിലും ചികിത്സാ സൗകര്യങ്ങളിലും വികസിത രാജ്യങ്ങൾക്കൊപ്പമെത്തിക്കാനുള്ള സംസ്ഥാനത്തിന്റെ യത്നത്തെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ & ബി) ജില്ലാ ആശുപത്രികളെ സ്വകാര്യവത്കരിക്കുന്നതിനുള്ള നീതി ആയോഗിന്റെ നിർദ്ദേശം നിർബന്ധപൂർവ്വം നടപ്പാക്കാനുള്ളതല്ല. കേരളത്തിൽ ആരോഗ്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള കർമ്മപദ്ധതികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. നീതി ആയോഗിന്റെ നിർദ്ദേശം കേരളത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നില്ല എന്നതിനാൽ കത്തിടപാടുകൾ നടത്തേണ്ട ആവശ്യമില്ല. എങ്കിലും ഇവിടെ സ്വകാര്യവത്കരണം ആഗ്രഹിക്കുന്നില്ലെന്നുതന്നെ കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. കത്തിടപാടുകൾ നടത്തേണ്ട ആവശ്യകത ഈ ഘട്ടത്തിൽ ഉദിക്കുന്നില്ല.

(സി) നാഷണൽ മെഡിക്കൽ കമ്മീഷൻ ബിൽ നിയമമാകുന്നതിന് മുമ്പുതന്നെ ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. ഈ നിയമത്തിലെ പല വ്യവസ്ഥകളെ സംബന്ധിച്ചും ആശങ്കകൾ ഉയർന്നുവന്നിട്ടുള്ള സാഹചര്യത്തിൽ ഈ നിയമത്തെക്കുറിച്ച് സമഗ്രമായി പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി പ്രത്യേക ചുമതല നൽകി കമ്മിറ്റിയെ നിശ്ചയിക്കുകയും അഭിപ്രായ രൂപീകരണം നടത്തുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ പൊതുജനാരോഗ്യരംഗം മെച്ചപ്പെടുത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമുള്ള വിവിധ പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ആരോഗ്യരംഗം മെച്ചപ്പെടുത്തുന്നതിനു വേണ്ടി നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി കേരള സർക്കാർ ഏർപ്പെടുത്തിയതാണ് 'ആർദ്രം പദ്ധതി'. ഈ പദ്ധതിയുടെ ഭാഗമായി സർക്കാർ ആശുപത്രികളിലെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനും നൂതന ആരോഗ്യപരിപാടികൾക്ക് രൂപം നൽകുന്നതിനും ആധുനികരീതിയിലുള്ള ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ഡോക്ടർമാരടക്കമുള്ള അധിക ജീവനക്കാരെ നിയമിച്ച് ആരോഗ്യ സേവനങ്ങൾ വിപുലപ്പെടുത്തുന്നതിനുമുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകവഴി മെച്ചപ്പെട്ട ചികിത്സാസൗകര്യങ്ങൾ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽത്തന്നെ ലഭ്യമാക്കുന്നതിനും ജില്ല/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും താലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടുകൂടിയ ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ മാത്രം

ലഭ്യമായിരുന്ന സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ, (കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി) ജില്ലാ ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കാത്ത് ലാബ് സൗകര്യങ്ങൾ ജില്ല/ജനറൽ ആശുപത്രികളിൽ തുടങ്ങി. താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ കൂടുതലായി അനുവദിച്ചു. ക്യാൻസർ സെന്ററുകളിൽ മാത്രം ലഭ്യമായിരുന്ന ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ മെഡിക്കൽ കോളേജുകളിൽ വിപുലമാക്കി. മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. കണ്ണൂർ പരിയാരത്ത് പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തു. ഇതുകൂടാതെ, കോന്നി, കാസർഗോഡ്, വയനാട് എന്നീ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആരോഗ്യവകുപ്പിന്റെ പ്ലാൻ ഫണ്ട്, കിഫ്ബി ഫണ്ട്, നബാർഡ്, ദേശീയ ആരോഗ്യ മിഷൻ, എം.പി./എം.എൽ.എ. ആസ്തിവികസന ഫണ്ട്, കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി ഫണ്ട്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് തുടങ്ങിയവ വഴിയാണ് മാസ്റ്റർ പ്ലാനിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികൾ മെഡിക്കൽ കോളേജുകൾ, ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളുൾപ്പെടെ സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കിവരുന്നത്. മാതൃ-ശിശു മരണനിരക്ക് കുറയ്ക്കുകയെന്ന ലക്ഷ്യത്തോടുകൂടി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, മെറ്റേണിറ്റി യൂണിറ്റുകൾ എന്നിവ ശക്തമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലെ ഡോക്ടർമാർ, മറ്റ് പാരാമെഡിക്കൽ ജീവനക്കാർ എന്നിവരടക്കം 5127 തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.

ജീവിതശൈലീരോഗ നിയന്ത്രണത്തിനാവശ്യമായ സമീപനങ്ങൾ സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളുൾപ്പെടെ സംസ്ഥാനത്തെ ആശുപത്രികളിൽ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്നതിനും കാഷ്വാലിറ്റി നവീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 'ഇ-ഹെൽത്ത്' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അടിയന്തര ചികിത്സ ആവശ്യമായിവരുന്ന ഘട്ടത്തിൽ ആശുപത്രികളിൽ എത്തിക്കുന്നതിന് 'കനിവ്-108' എന്ന പേരിലുള്ള ആംബുലൻസ് ശൃംഖല സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് 'ആരോഗ്യ ജാഗ്രതാ' കാമ്പയിൻ തുടങ്ങിയിട്ടുണ്ട്. ഇങ്ങനെ വിവിധ പ്രവർത്തനങ്ങളാണ് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, നീതി ആയോഗിന്റെ നിർദ്ദേശം കേരളത്തിൽ നടപ്പിലാക്കില്ലെന്ന് ഉറച്ച ശബ്ദത്തിൽ പറയുന്ന കേരള സർക്കാരിനും ആരോഗ്യ വകുപ്പുമന്ത്രിക്കും അഭിനന്ദനങ്ങൾ അർപ്പിക്കുകയാണ്. കേരളീയരോട് ആശങ്കകളില്ലാതെ ഉറങ്ങാൻ ആവശ്യപ്പെട്ട് ഉണർന്നിരിക്കുന്ന ആരോഗ്യ വകുപ്പുമന്ത്രിയും ആരോഗ്യ വകുപ്പും കേരളത്തിന്റെ നാളെയുടെ പ്രതീക്ഷകളാണ്. ഇപ്പോൾ കേരളത്തിൽ കൊറോണ വൈറസ് ബാധിച്ച രണ്ട് കേസ്സുകൾ റിപ്പോർട്ട് ചെയ്തുകഴിഞ്ഞു. ഏതാണ്ട് രണ്ടായിരത്തോളം ആളുകൾ നിരീക്ഷണത്തിലുമാണ്. ഈ രോഗത്തെ സംബന്ധിച്ചിടത്തോളം കേരളത്തിൽ ആശങ്കകളില്ലെങ്കിലും ഇതിനെ പ്രതിരോധിക്കുന്നതിനുവേണ്ടി ആരോഗ്യവകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ചൈനയിൽ കൊറോണ വൈറസ്ബാധയുണ്ടായപ്പോൾത്തന്നെ എല്ലാ രാജ്യങ്ങളും ശ്രദ്ധിക്കണമെന്ന് ലോകാരോഗ്യ സംഘടന മുന്നറിയിപ്പ് നൽകിയിരുന്നു. കേരളത്തിൽനിന്നും ഏറ്റവും കൂടുതൽ കുട്ടികൾ ഈ പ്രദേശത്ത് പഠിക്കാൻ പോയിട്ടുണ്ടെന്നതിനാൽ ഈ വാർത്തയുണ്ടായ ഉടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശമനുസരിച്ച് ആരോഗ്യവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരടക്കമുള്ളവരുടെ യോഗം ചേർന്ന് എല്ലാ പരിപാടികളും ആസൂത്രണം ചെയ്തു. അക്കാര്യത്തിൽ എല്ലാഭാഗത്തുനിന്നും നല്ല സഹകരണമാണുണ്ടായത്. ആവശ്യമായ എല്ലാ പ്രതിരോധ നടപടികളും സ്വീകരിക്കാൻ ആരോഗ്യവകുപ്പിന് സാധിച്ചിട്ടുണ്ട്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഇന്ന് കേരളത്തിലെ പല ജില്ലാ ജനറൽ ആശുപത്രികളും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളോട് കിടപിടിക്കാൻ പോന്നവയാണ്. കേരളത്തിലെ ജില്ലാ ആശുപത്രികളെ ഏറ്റവും മികച്ചതാക്കുന്നതിനുവേണ്ടി ഗവൺമെന്റ് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ജില്ലാ ജനറൽ ആശുപത്രികളിലെ തിരക്ക് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവയുടെ പശ്ചാത്തലസൗകര്യം വികസിപ്പിക്കുന്നതിനായി കുറേയേറെ ആശുപത്രികൾക്ക് കിഫ്ബിവഴി ധനസഹായം ലഭിച്ചിട്ടുണ്ട്. ആശുപത്രികൾ രോഗീസൗഹൃദമാക്കുക എന്നുള്ളതാണ് ആർദ്രം മിഷന്റെ പ്രധാന നിർദ്ദേശം. അതിന്റെ ഭാഗമായി എല്ലായിടത്തും ഒ.പി. ട്രാൻസ്ഫർമേഷൻ നടന്നുവരികയാണ്. മിക്കവാറും പൂർത്തിയായിക്കഴിഞ്ഞു. സൗകര്യപ്രദമായ രീതിയിൽ രോഗികൾക്ക് വരാനും പോകാനും ഡോക്ടറെ കാണാനുമൊക്കെയുള്ള സൗകര്യമാണ് അവിടെ ഒരുക്കുന്നത്. അതുപോലെ കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി

ചികിത്സകൾ ജില്ലയിലേയ്ക്ക് കൊണ്ടുവരികയും കാത്ത് ലാബ് ഇൻസ്റ്റാൾ ചെയ്ത് ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി മുതലായവ ചെയ്യാനും ആധുനിക ഉപകരണങ്ങളും മറ്റും വാങ്ങിനൽകാനും തുടങ്ങിയിട്ടുണ്ട്. എല്ലാ അർത്ഥത്തിലും ജില്ലാ ജനറൽ ആശുപത്രികളെ കാലോചിതമായി പരിഷ്കരിക്കുന്നതിനും രോഗികൾക്ക് ഉപകാരപ്രദമാക്കി മാറ്റുന്നതിനുമുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ഏറ്റെടുക്കുമെന്ന് നിരവധി തവണ പ്രഖ്യാപിക്കുകയും ഏറ്റെടുക്കാതെ വഞ്ചിക്കുകയും ചെയ്തിരുന്ന പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുത്ത് ഉത്തര മലബാറിന്റെ സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കിയ ഈ സർക്കാരിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതിനുശേഷം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി നാലുതവണ യോഗം വിളിച്ചുചേർക്കുകയും അവിടത്തെ കാര്യങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. ആദ്യഘട്ടത്തിൽ എന്തൊക്കെ വികസന പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ആ പദ്ധതികൾ ഏതൊക്കെ ഘട്ടത്തിലാണെന്നതു സംബന്ധിച്ച വിശദാംശം അറിയിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുത്തപ്പോൾ സർക്കാരിന് വലിയ തുക ചെലവഴിക്കേണ്ടിവന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം അതിന്റെ ആസ്തിബാധ്യതകളടക്കം ഏറ്റെടുത്തതിന്റെ അടിസ്ഥാനത്തിലുണ്ടായ കടങ്ങളെല്ലാം സർക്കാർ വീട്ടിയിട്ടുണ്ട്. വളരെ പഴക്കംചെന്ന കെട്ടിടങ്ങളായതിനാൽ അവ പരിഷ്കരിക്കേണ്ടതുണ്ട്. പ്രാഥമിക പ്രവർത്തനങ്ങൾക്കുവേണ്ടി 21 കോടി രൂപ അപ്പോൾത്തന്നെ അനുവദിച്ചിരുന്നു. ഇപ്പോൾ 360 കോടി രൂപയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. വളരെ പ്രസിദ്ധമായ അവിടത്തെ കാർഡിയോളജി വിഭാഗവും ഒ.പി. വിഭാഗവും അത്യന്താധുനികമാക്കി മാറ്റാനാണ് ആദ്യം ഉദ്ദേശിക്കുന്നത്. രണ്ടാംഘട്ടത്തിൽ അവിടത്തെ ട്രോമാ കെയർ വിഭാഗം ആധുനികമാക്കി മാറ്റണം. ബാക്കിയുള്ള പരിഷ്കരണ പ്രവർത്തനങ്ങൾക്കായി 21 കോടി രൂപയോളം ചെലവഴിക്കാനുള്ള തീരുമാനമാണ് എടുത്തിട്ടുള്ളത്. പരിയാരം മെഡിക്കൽ കോളേജിനെ സെന്റർ ഓഫ് എക്സലൻസാക്കി മാറ്റാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്.

<u>ശ്രീ. വി. ജോയി</u>: സർ, എല്ലാ മേഖലയും സ്വകാര്യവത്കരിക്കുകയാണ്. കേന്ദ്ര മെഡിക്കൽ കമ്മീഷൻ ബില്ലിലും വിദ്യാഭ്യാസ നയരേഖയിലും ഉൾപ്പെട്ടിരുന്ന സ്വകാര്യവത്കരണ ആശയമാണ് നീതി ആയോഗിലൂടെ ഇവിടെ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഇതിന്റെ ഭാഗമായി സ്വകാര്യസ്ഥാപനത്തിന് ആവശ്യമെങ്കിൽ ഡോക്ടർമാർ, ജീവനക്കാർ, സ്ഥലം എന്നിവ വിട്ടുകൊടുക്കാമെന്ന് പറയുന്നുണ്ടോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഉത്തരേന്ത്യയുടെ കൺസെപ്റ്റിലാണ് കേന്ദ്ര ഗവൺമെന്റിൽനിന്നും പല നിർദ്ദേശങ്ങളും വരുന്നത്. ജില്ലാ ആശുപത്രിയുടെ സ്ഥലം, ജീവനക്കാർ എന്നിവ സ്വകാര്യ മേഖലയുടെ നടത്തിപ്പിന് വിട്ടുകൊടുക്കുകയെന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം ആലോചിക്കാൻ സാധിക്കാത്ത കാര്യമാണ്. ആശുപത്രികളുടെ എണ്ണവും ചികിത്സാസൗകര്യങ്ങളും കുറവായ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെ കണ്ടുകൊണ്ടാണോ ഈ നിർദ്ദേശം വന്നതെന്നറിയില്ല. സ്വകാര്യവത്കരണത്തിന് കേരളം പൂർണ്ണമായും എതിരാണ്. കേരളത്തിലെ ജില്ലാ ആശുപത്രികളെല്ലാം സർക്കാർ നിയന്ത്രണത്തിൽ നന്നായി പ്രവർത്തിക്കുന്നവയാണ്. അതുകൊണ്ടു തന്നെ സ്വകാര്യവത്കരണത്തിന് കേരളം അനുകൂലമല്ലെന്നും കേരളത്തിലെ ആശുപത്രികൾ ഗവൺമെന്റ് സംവിധാനമായി പ്രവർത്തിക്കുന്നവയാണെന്നും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. മെഡിക്കൽ കമ്മീഷൻ ബില്ലിൽ ഇത്തരത്തിലുള്ള ഒട്ടേറെ പരാമർശങ്ങളുണ്ട്. കേന്ദ്രഗവൺമെന്റ് കോർപ്പറേറ്റുകൾക്ക് അനുകൂലമായാണ് നീങ്ങുന്നത്. ഇപ്പോൾ BPCL (Bharat Petroleum Corporation Limited) ഉൾപ്പെടെ സ്വകാര്യമേഖലയ്ക്ക് കൈമാറുകയാണ്. അതിനെതിരെ ശക്തമായ എതിർപ്പ് സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. ആരോഗ്യമേഖലയിലും ആ നിലപാട് തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. എ. പ്രദീപ്കുമാറിനുവേണ്ടി <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, സെന്റർ ഓഫ് എക്സലൻസിന്റെ ഭാഗമായി കേരളത്തിലെ ആരോഗ്യമേഖലയിൽ വരുത്തിയ മാറ്റം ആരെയും അത്ഭുതപ്പെടുത്തുന്നതാണ്. ആധുനിക സൗകര്യമുള്ള ഏറ്റവും വലിയ മെഡിക്കൽ കോളേജായി തിരുവനന്തപുരം മെഡിക്കൽ കോളേജ് മാറിയിട്ടുണ്ട്. മെഡിക്കൽ കോളേജിൽ വന്നുപോകുന്നവരുടെ അംഗസംഖ്യ എൺപതിനായിരത്തിനും ഒരു ലക്ഷത്തിനുമിടയിലാണെന്ന് അടുത്ത കാലത്തായി ഒരു സർവ്വേ വെളിപ്പെടുത്തുകയുണ്ടായി. അവിടെ മെച്ചപ്പെട്ട സൗകര്യങ്ങളാണ് ഒരുക്കിയതെന്ന് കാണുന്ന ഏവർക്കും ബോധ്യമാകും. അതോടൊപ്പം കുടുംബാരോഗ്യ കേന്ദ്രങ്ങളായി പി.എച്ച്.സി.-കളെ മാറ്റിയതിന്റെ ഭാഗമായും വലിയ മാറ്റമാണ് നാട്ടിൻപുറങ്ങളിലും വന്നുകൊണ്ടിരിക്കുന്നത്. എന്നാൽ സി.എച്ച്.സി.-കളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; ഗൈനക്കോളജി വിഭാഗംകൂടി സി.എച്ച്.സി.-യിൽ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കാനാകുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, കേരളത്തിലെ ഗവൺമെന്റ് ആശുപത്രികളെ പരിഷ്കരിക്കുന്നതിന് തീരുമാനിച്ച് മുന്നോട്ടുപോകുമ്പോൾ സാമ്പത്തികമായ വലിയ പ്രശ്നമുണ്ട്. സെൻട്രൽ ഗവൺമെന്റിൽനിന്നും ജി.ഡി.പി.-യുടെ ഒരു ശതമാനമാണ് ആരോഗ്യമേഖലയ്ക്കുവേണ്ടി ചെലവഴിക്കാൻ

നീക്കിവയ്ക്കുന്നത്. അതിന്റെയൊരു വിഹിതം മാത്രമേ നമുക്കും കിട്ടുന്നുള്ളൂ. പക്ഷേ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും കിഫ്ബി പദ്ധതി കേരളത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതിന്റെ ഫലമായി ആശുപത്രികൾ നവീകരിക്കാൻ സാധിച്ചുവെന്നുള്ളതാണ് കേരളജനതയുടെ ഏറ്റവും വലിയ അനുഗ്രഹം. അങ്ങനെയാണ് 717 കോടി രൂപയുടെ മാസ്റ്റർപ്ലാൻ തിരുവനന്തപുരം മെഡിക്കൽ കോളേജിനായി അംഗീകരിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇക്കഴിഞ്ഞ മൂന്ന് വർഷക്കാലത്ത് വന്നിട്ടുള്ള മാറ്റം പ്രകടമായി കാണാൻ കഴിയും. അതനുസരിച്ച് ധാരാളമാളുകൾ മെഡിക്കൽ കോളേജുകളിലേയ്ക്കും ഗവൺമെന്റ് ആശുപത്രികളിലേയ്ക്കും ചികിത്സ തേടി വരുന്നുണ്ട്. പി.എച്ച്.സി. മുതലാണ് ഈ മാറ്റം. ഒന്നാംഘട്ടത്തിൽ സി.എച്ച്.സി.-കളെ ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ രണ്ടാംഘട്ടത്തിൽ സി.എച്ച്.സി.-കളുടെ നവീകരണം ആരംഭിച്ചിട്ടുണ്ട്. ഒരു സ്റ്റാൻഡേർഡൈസേഷൻ ഉണ്ടാക്കിയിട്ടുണ്ട്. പി.എച്ച്.സി.-കളിലും സി.എച്ച്.സി.-കളിലും എന്തൊക്കെ സൗകര്യങ്ങൾ വേണം, താലൂക്ക് ആശുപത്രികളിൽ എന്തൊക്കെ സ്പെഷ്യാലിറ്റികളാണ് വേണ്ടത്, ജില്ലാ ആശുപത്രികളിൽ എന്തൊക്കെയാണ് വേണ്ടത് എന്നുള്ളത് പരിശോധിച്ച് അതുപ്രകാരം മാത്രമേ നടത്താൻ സാധിക്കുകയുള്ളൂ. ചിലയിടത്ത് കെട്ടിടങ്ങൾ വലുതാകുമ്പോൾ പി.എച്ച്.സി.-യിൽ കിടത്തി ചികിത്സ വേണമെന്നൊക്കെ പറയുന്നുണ്ട്. അതൊരു ശീലത്തിന്റെ ഭാഗമാണ്. നമ്മൾ അത്തരത്തിലുള്ള ശീലങ്ങൾക്കാണ് മാറ്റം വരുത്തുന്നത്. റഫറൽ സംവിധാനത്തിലൂടെ ഓരോ ഘട്ടത്തിലുമുള്ള ആശുപത്രികളിൽ ഉചിതമായ ചികിത്സ നൽകുകയാണ് ചെയ്യുന്നത്. സി.എച്ച്.സി.-കളും അതനുസരിച്ച് നവീകരിക്കുന്നതാണ്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ വയനാട് മെഡിക്കൽ കോളേജിനെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുവേണ്ടി ഭൂമി കണ്ടെത്തുകയും അതുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് അവിടെ മുൻ മുഖ്യമന്ത്രി പ്രവൃത്തി ഉദ്ഘാടനം നടത്തുകയും ചെയ്തു. അതിനുശേഷം പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മന്ത്രി തന്നെ വയനാട് വന്ന് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്ന ഭൂമിയിലേയ്ക്കുള്ള റോഡിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ഉദ്ഘാടനം നടത്തുകയുണ്ടായി. അവിടെ ഒരു പ്രവൃത്തിയും ഇപ്പോൾ നടക്കുന്നില്ല, പാരിസ്ഥിതിക പ്രശ്നങ്ങളില്ല; മണ്ണിടിച്ചിലും

വെള്ളപ്പൊക്കവും ഉണ്ടായിട്ടില്ല. ഇപ്പോൾ ആ ഭൂമി ഒഴിവാക്കി എന്നാണ് കേൾക്കുന്നത്. ആ ഭൂമി ഒഴിവാക്കാനുണ്ടായ കാരണമെന്താണ്; വയനാട് മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കുന്നതിന് ഇതുവരെ എന്ത് നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആദ്യഭാഗം ശരിയാണ്. അവിടെ പോയി തറക്കല്ലിട്ടു. കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ച് തറക്കല്ലിട്ടിരുന്നുവെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. അതിനിടയിലാണ് വെള്ളപ്പൊക്കവും മറ്റ് പ്രശ്നങ്ങളും വന്നത്. വയനാട് ജില്ലയിലെ മണ്ണിടിച്ചിൽ ഇല്ലാത്ത പ്രദേശങ്ങളിൽ ഇക്കോളജിക്കൽ സ്റ്റഡി നടത്തിയതിനുശേഷം മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവൂ എന്നുള്ളതാണ് പരിസ്ഥിതി വിഭാഗത്തിന്റെ നിർദ്ദേശം. അതനുസരിച്ച് പഠനം നടത്തേണ്ട ഒരു മേഖലയാണത്. പ്രസ്തുത പഠനം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാകുന്നതിന് ഒരു വർഷത്തോളം വേണ്ടിവരും. പദ്ധതി ഉപേക്ഷിച്ചിട്ടില്ല. ഉടൻതന്നെ മെഡിക്കൽ കോളേജിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കണം. അതിന് പ്രത്യേക എസ്.പി.വി. നിശ്ചയിച്ച് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന സമീപനത്തോടെയാണ് തുടക്കം കുറിച്ചത്. ഭാവിയിൽ മെഡിക്കൽ കോളേജിന് ഈ സ്ഥലം തികയുകയില്ല. അതുകൊണ്ട് കൽപ്പറ്റ അംഗം ശ്രീ. സി. കെ. ശശീന്ദ്രന്റെ നേതൃത്വത്തിൽ മറ്റൊരു സ്ഥലം കൂടി കണ്ടെത്തി നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും പഠനം പൂർത്തിയായാൽ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട ബാക്കി കാര്യങ്ങൾ നടത്തുകയും ചെയ്യാമെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. എ. എൻ. ഷംസീർ: സർ, കേരളത്തിന്റെ ആരോഗ്യ മേഖലയിൽ ബഹുമാനപ്പെട്ട മന്ത്രിയും ഈ ഗവൺമെന്റും നടത്തിയ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയാണ്. നിരവധി ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ജില്ലാ ആശുപത്രികൾക്ക് കാത്ത് ലാബും ജനറൽ ആശുപത്രികൾക്ക് ഡയാലിസിസ് യൂണിറ്റും ഉൾപ്പെടെ അനുവദിച്ചിട്ടുണ്ട്. തലശ്ശേരി ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് അനുവദിക്കാൻ സാധിക്കുമോ; അതോടൊപ്പം ആരോഗ്യമേഖലയിൽ medical fraternity ആയി ഉപയോഗിക്കുന്ന വാക്കാണ് ഗുണ്ടുമരുന്ന്. ഗുണ്ടുമരുന്നുകൾ വലിയ രീതിയിൽ കേരളത്തിലേയ്ക്ക് കടന്നു വന്നുകൊണ്ടിരിക്കുകയാണ്. ഇത് തടയാൻ എന്തെങ്കിലും നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ രണ്ടുചോദ്യങ്ങളാണ് ചോദിച്ചത്. ഒന്ന്, തലശ്ശേരി ആശുപത്രിയുടെ നവീകരണമാണ്. തലശ്ശേരി ആശുപത്രിയിൽ മാസ്റ്റർപ്ലാൻ അനുസരിച്ച് മനോഹരമായ രീതിയിൽ നവീകരണപ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുകയാണ്. എന്നാൽ കാത്ത് ലാബ് ആദ്യമായിട്ടാണ്. ഇത്രയും വർഷമായിട്ടും മൂന്ന് സൂപ്പർ സ്പെഷ്യാലിറ്റികൾ ജില്ലകളിലേയ്ക്ക് കൊടുക്കാൻ കഴിഞ്ഞിരുന്നില്ല. പക്ഷേ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ സൂപ്പർ സ്പെഷ്യാലിറ്റികൾ ജില്ലയ്ക്ക് അനുവദിച്ചു. ജില്ലാ ആശുപത്രികളിൽ കാത്ത് ലാബിന്റെ പ്രവൃത്തി പൂർത്തിയായിട്ടില്ല. 7 ജില്ലാ ആശുപത്രികളിൽ കാത്ത് ലാബ് ഇൻസ്റ്റാൾ ചെയ്യുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ബാക്കി പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. അവിടെയെല്ലാം കാർഡിയോളജിസ്റ്റിനെ ലഭിക്കുമോ എന്നുള്ള കാര്യത്തിൽ ഭയമായിരുന്നു. പക്ഷേ, ആരംഭിച്ചിടത്തെല്ലാം കാർഡിയോളജിസ്റ്റിനെ നിയമിച്ച് ആൻജിയോഗ്രാമും ആൻജിയോപ്ലാസ്റ്റിയും ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. ജില്ലാ ആശുപത്രികളിൽ പൂർത്തിയായിക്കഴിഞ്ഞാൽ മാത്രമേ ജനറൽ ആശുപത്രികളുടെ കാര്യം പരിഗണിക്കുകയുള്ളൂ. ആ സമയത്ത് തലശ്ശേരി ജനറൽ ആശുപത്രിയും പരിഗണിക്കാം.

രണ്ടാമതായി, കേന്ദ്രഗവൺമെന്റുകൂടി അംഗീകരിച്ചുകൊണ്ടുള്ള മെഡിസിൻ നയമാണ് നമ്മൾ സ്വീകരിക്കുന്നത്. KMSCL (Kerala Medical Services Corporation Limited) വഴി ജനറിക് മരുന്നുകൾ മാത്രമാണ് വിതരണം ചെയ്യുന്നത്. അത് ലിസ്റ്റ് ചെയ്തിട്ടുണ്ട്. മറ്റ് മരുന്നുകൾ മാർക്കറ്റിലേയ്ക്ക് വരുന്നുണ്ട്. അത് പരിശോധിച്ച് ശ്രദ്ധയിൽപ്പെടുമ്പോൾ നടപടിയെടുക്കാൻ ശ്രമിക്കുക എന്നത് മാത്രമേ നമുക്ക് കരണീയമായിട്ടുള്ളൂ.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, നീതി ആയോഗിന്റെ ഭാഗമായി സർക്കാർ ആശുപത്രികളെ സ്വകാര്യമേഖലയെ ഏൽപ്പിക്കുകയില്ല എന്നുപറയുന്നത് ആശ്വാസകരമായ കാര്യമാണ്. കാരണം, സ്വകാര്യമേഖലയിലെ ചികിത്സാച്ചെലവ് താങ്ങാൻ കഴിയാത്ത വിധത്തിലാകുന്നതിനാൽ ഇപ്പോൾ എല്ലാവരും ഗവൺമെന്റ് ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. ഹീമോഫീലിയ പോലെയുള്ള അപൂർവ്വരോഗം ബാധിച്ചവർക്ക് ദൂരസ്ഥലങ്ങളിൽ പോയി ചികിത്സ ചെയ്യേണ്ട അവസ്ഥ വരുന്നുണ്ട്. അതുകൊണ്ട് ജില്ലാ ആശുപത്രികളിലെങ്കിലും അത്തരക്കാർക്ക് മരുന്നും ചികിത്സാ സൗകര്യങ്ങളും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഹീമോഫീലിയ രോഗികൾക്കുള്ള ചികിത്സാ സഹായമായി 80 കോടിയോളം രൂപയാണ് ഇപ്പോൾ സർക്കാർ ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. വലിയ വിലയുള്ള ഔഷധങ്ങളാണവ. സാമ്പത്തിക

പ്രതിസന്ധിയുണ്ടാകുന്ന ഘട്ടത്തിൽ നല്ല ഞെരുക്കം അനുഭവപ്പെടുന്നുണ്ടെങ്കിലും അവർക്ക് മെഡിസിൻ നൽകുന്നതിൽ മുടക്കം വരാതിരിക്കാൻ നന്നായി ശ്രദ്ധിച്ചിട്ടുണ്ട്. ഇത്തരം രോഗികളുടെ ചികിത്സ കൂടുതൽ ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കുന്നകാര്യം ആലോചിക്കുന്നുണ്ട്. അതിനുവേണ്ടി ഒരു പദ്ധതി സംബന്ധിച്ച് ആലോചിക്കുന്നുണ്ട്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ആകെ 1455 മെഡിക്കൽ സീറ്റുകളാണുള്ളത്. മുന്നോക്കക്കാരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള 10 സീറ്റുകളുംകൂടി ഉൾപ്പെടുത്തി 155 സീറ്റുകളാണ് ഇപ്പോൾ കേരളത്തിലുള്ളത്. ഒരു ലക്ഷത്തോളം കുട്ടികളാണ് ഒരു വർഷം എം.ബി.ബി.എസ്. എൻട്രൻസ് പരീക്ഷ എഴുതുന്നത്. കൂടുതൽ കുട്ടികൾക്ക് അഡ്മിഷൻ നൽകുന്നതിനും വിദഗ്ദ്ധ ചികിത്സ എല്ലാ ജില്ലകളിലേയ്ക്കും എത്തിക്കുന്നതിനുമാണ് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ജില്ലാ ആശുപത്രികളെ മെഡിക്കൽ കോളേജുകളാക്കുന്നതിന് തീരുമാനമെടുത്തത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് നാലുവർഷത്തോളമായിട്ടും പരിയാരം മെഡിക്കൽ കോളേജിനെ മാത്രമാണ് ഗവൺമെന്റ് മേഖലയിൽ കൊണ്ടുവന്നത്. തിരുവനന്തപുരം, ഇടുക്കി, കോന്നി, വയനാട് എന്നീ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം ഇന്ന് മന്ദഗതിയിലായിരിക്കുകയാണ്. തിരുവനന്തപുരം ജനറൽ ആശുപത്രിയെ മെഡിക്കൽ കോളേജാക്കുന്നതിന് കേന്ദ്ര ഗവൺമെന്റും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയും അംഗീകാരം നൽകിയിട്ടും അത് വേണ്ടെന്നുവച്ചു. കേന്ദ്രഗവൺമെന്റ് ജനറലാശുപത്രികളെ സ്വകാര്യവത്കരിച്ചുകൊണ്ട് മുന്നോട്ടുപോകണമെന്നാണ് പറയുന്നത്. കഴിഞ്ഞ ഗവൺമെന്റ് ആരംഭിച്ചതുപോലെ ജില്ലാ ആശുപത്രികളെ മെഡിക്കൽ കോളേജുകളാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; 100 കുട്ടികൾക്ക് അഡ്മിഷൻ കിട്ടുന്നതും എല്ലാ സജ്ജീകരണങ്ങളും പൂർത്തീകരിച്ച് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ചതുമായ തിരുവനന്തപുരം ജനറൽ ആശുപത്രിയെ മെഡിക്കൽ കോളേജാക്കുന്ന പ്രവർത്തനം അടുത്ത വർഷമെങ്കിലും ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇതിൽ നയപരമായിട്ടുള്ള ഒരു പ്രശ്നം കൂടിയുണ്ട്. കഴിഞ്ഞ ഗവൺമെന്റ് എല്ലാ ജില്ലാ ആശുപത്രികളെയും മെഡിക്കൽ കോളേജാക്കി മാറ്റാൻ തീരുമാനിച്ചുവോയെന്ന് എനിക്കറിയില്ല. അങ്ങനെ തീരുമാനിച്ചിരുന്നുവെങ്കിൽ അത് ശരിയായ കാര്യമല്ല. മെഡിക്കൽ കോളേജുകൾ മെഡിക്കൽ വിദ്യാഭ്യാസത്തിനും ഗവേഷണത്തിനും ഊന്നൽ കൊടുക്കേണ്ട സ്ഥാപനങ്ങളാണ്. ജനങ്ങൾക്ക് ഏറ്റവും ആവശ്യം സ്പെഷ്യാലിറ്റി ആശുപത്രികളും താഴെത്തട്ടിൽ രോഗപ്രതിരോധത്തിന് സഹായിക്കുന്ന പ്രൈമറി

ഹെൽത്ത് സെന്ററുകളുമാണ്. അവയെ സൗകര്യപ്രദമായ രീതിയിൽ കൊണ്ടുവരിക എന്നുള്ളതാണ് പ്രധാനം. അതുകൊണ്ട് കഴിഞ്ഞ ഗവൺമെന്റിന്റെ സമീപനമല്ല ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. നിലവിലുള്ള മെഡിക്കൽ കോളേജുകളെ സെന്റർ ഓഫ് എക്സലൻസ് ആക്കുകയും സീറ്റ് വർദ്ധിപ്പിക്കാൻ സാധിക്കുമെങ്കിൽ വർദ്ധിപ്പിക്കുകയും ചെയ്യും. എന്നാൽ ജില്ലകളിൽ പ്രഖ്യാപിച്ച മെഡിക്കൽ കോളേജുകളൊന്നും ഈ ഗവൺമെന്റ് നിർത്തലാക്കിയിട്ടില്ല. പക്ഷേ, ബഹുമാനപ്പെട്ട മുൻമന്ത്രിയുടെ സമീപനമല്ല ഈ ഗവൺമെന്റിന്റേത്. ജില്ലാ ആശുപത്രികളെ ഏറ്റവും നല്ല സ്പെഷ്യാലിറ്റി ആശുപത്രികളായി ജനങ്ങൾക്ക് ഉപകാരപ്രദമാക്കും. പ്രവേശനപ്പരീക്ഷ എഴുതുന്ന മുഴുവൻ കുട്ടികൾക്കും എം.ബി.ബി.എസ്. സീറ്റ് കിട്ടാൻ പാകത്തിന് മെഡിക്കൽ കോളേജുകൾ ആരംഭിക്കണമെന്നുപറയുന്നത് എന്ത് നയമാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അത് അസാദ്ധ്യമാണ്. ഈ ഗവൺമെന്റിന്റെ നയം വ്യക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. ജനറൽ ഹോസ്പിറ്റലിനെ ഏറ്റവും നല്ല സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി, ഈ മേഖലയിലെ ഒരുപാട് ആളുകൾക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ മാറ്റാൻ 150 കോടി രൂപയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കി സമർപ്പിച്ചിരിക്കുകയാണ്. ഗവൺമെന്റ് ഫണ്ട് അനുവദിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ജനങ്ങൾക്ക് ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുക എന്നതാണ് ഈ ഗവൺമെന്റിന്റെ കാഴ്ചപ്പാട്. മെഡിക്കൽ സീറ്റുകൾ നമുക്ക് ആവശ്യത്തിനുണ്ട്. ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ വർദ്ധിപ്പിക്കാനും നമുക്ക് സാധിക്കും.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, സ്വകാര്യ മേഖലയെ വെല്ലുന്ന മികച്ച സേവനങ്ങളാണ് ഇപ്പോൾ ജില്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലുമുള്ളത്. പത്തനംതിട്ട ജില്ലക്കാരെ സംബന്ധിച്ചിടത്തോളം പത്തനംതിട്ട ജനറൽ ആശുപത്രിയിലെ കാത്ത് ലാബിന്റെ ഒറ്റ ഉദാഹരണം മതി. കാരണം, ഒരു വർഷത്തിനുള്ളിൽ പ്രൈമറി ആൻജിയോപ്ലാസ്റ്റിയടക്കം 500-ലധികം കേസ്സുകൾ അവിടെ ചെയ്തുകഴിഞ്ഞു. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ ബഡ്ജറ്റിൽ ജില്ലാ ആശുപത്രികളുടെ പ്രൈവറ്റൈസേഷൻ പ്രഖ്യാപിച്ചു. വലിയൊരപകടം ഈ പ്രഖ്യാപനത്തിലുണ്ട്. അതായത്, ഗ്യാപ് വയബിലിറ്റി ഫണ്ട് ഉൾപ്പെടെ സ്വകാര്യവൽക്കരിക്കുന്ന ആശുപത്രികൾക്കാണ് ഭാവിയിൽ നൽകുകയെന്ന് സൂചിപ്പിച്ചുകഴിഞ്ഞു. ഇത് സംസ്ഥാനത്തിന് എത്രത്തോളം വെല്ലുവിളിയാകും; കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന ഫണ്ട് കുറയുന്ന സാഹചര്യത്തിൽ നമ്മൾ ഇതിനെ എങ്ങനെ നേരിടും?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കേന്ദ്ര ഗവൺമെന്റിന്റെ ഓരോ സമീപനവും സംസ്ഥാനങ്ങൾക്ക് പ്രത്യേകിച്ചും കേരളത്തിന് വലിയ വെല്ലുവിളിയായി വരികയാണ്. ഏത് ഗവൺമെന്റ് ഭരിക്കുമ്പോഴും നമുക്കൊരു സിസ്റ്റമുണ്ടായിരുന്നു. ആ സിസ്റ്റത്തെ തകർക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. കേന്ദ്ര ഗവൺമെന്റ് ഫണ്ട് ഏത് ചാനലിലേയ്ക്കാണ് ഒഴുകുക എന്നുള്ളതിന്റെ സൂചനയാണ് ഈ പ്രഖ്യാപനം. പക്ഷേ, ഫണ്ട് തരില്ലെന്ന് ഭീഷണിപ്പെടുത്തിയാലും നമ്മൾ ഇവിടെ സ്വീകരിച്ചുവരുന്ന ജനകീയ നയങ്ങൾ പിൻവലിക്കാൻ കഴിയില്ല. കേന്ദ്ര ഗവൺമെന്റിനെതിരായി ഭരണപക്ഷവും പ്രതിപക്ഷവും ശക്തമായി സമരം ചെയ്യുക എന്നുള്ളതാണ് നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യം.

മി. സ്പീക്കർ: ചില മന്ത്രിമാർ ഉപചോദ്യങ്ങൾക്കുവേണ്ടി ആവശ്യപ്പെടുന്നുണ്ട്, അത് കംപ്യൂട്ടറിൽ അറിയാതെ സംഭവിച്ചതാണെന്ന് കരുതുന്നു. അക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

**നിക്ഷേപക സംഗമങ്ങൾ**

2 (*2) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവേചനപരമായ വിവിധ നടപടികളിലൂടെ കേന്ദ്ര സർക്കാർ സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്ന സാഹചര്യത്തിൽ, അടിസ്ഥാന സൗകര്യ മേഖലയിലും വ്യവസായരംഗത്തും മറ്റു വികസന മേഖലകളിലും വിദേശത്തുനിന്നുൾപ്പെടെ നിക്ഷേപം ആകർഷിക്കുന്നതിനായി ദുബായിലും കൊച്ചിയിലും വച്ചുനടത്തിയ നിക്ഷേപ സംഗമങ്ങൾ ആശാവഹമായിരുന്നോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) അതിവേഗ റെയിൽപ്പാത, വിപുലമായ റോഡ്-എയർ കണക്റ്റിവിറ്റി തുടങ്ങി അടിസ്ഥാന മേഖലകളിൽ ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികളെക്കുറിച്ച് അറിയിക്കാമോ;

(സി) ജപ്പാനുമായുള്ള വികസന സഹകരണ സാധ്യതകൾ ആരാഞ്ഞ് നടത്തിയ വിദേശ സന്ദർശനത്തിന്റെ നേട്ടത്തെക്കുറിച്ച് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) രാജ്യത്തെ വ്യവസായ സൗഹൃദമായ ആദ്യത്തെ അഞ്ച് സംസ്ഥാനങ്ങളിൽ ഒന്നായി കേരളത്തെ മാറ്റുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതിന്റെ ഭാഗമായി കൈക്കൊണ്ട നിയമ-ചട്ട പരിഷ്കാരങ്ങളും സംസ്ഥാനത്തിന്റെ സവിശേഷ സാഹചര്യങ്ങളും വിവരിക്കുന്നതുവഴി വിവിധ മേഖലകളിൽ വ്യവസായ നിക്ഷേപം നേടാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടാണ് നിക്ഷേപക സംഗമങ്ങൾ നടത്തിയത്.

കേരളത്തിന്റെ സമഗ്ര വികസനത്തിനായി പ്രവാസി നിക്ഷേപം ആകർഷിക്കുന്നതിന് ദുബായിൽ പ്രവാസി വ്യവസായികളുടെ നിക്ഷേപക സംഗമം നടത്തുകയുണ്ടായി. ഗൾഫ് മേഖലയിലെ നിക്ഷേപ സമൂഹത്തിന് നിക്ഷേപ സൗഹൃദമായ കേരളത്തെ അടുത്തറിയാനും നിക്ഷേപ സാധ്യതകൾ വ്യക്തമാക്കാനുമാണ് 'എൻ.ആർ.ഐ.' എമർജിംഗ് എന്റർപ്രെണേഴ്സ് മീറ്റ് എന്ന പേരിൽ നിക്ഷേപ സംഗമം സംഘടിപ്പിച്ചത്. കേരളത്തിൽ പതിനായിരം കോടിരൂപയുടെ നിക്ഷേപ വാഗ്ദാനമാണ് ദുബായിലെ വ്യവസായസമൂഹം നൽകിയത്.

കൊച്ചിയിൽ നടത്തിയ 'അസെൻഡ് 2020' ആഗോള നിക്ഷേപ സംഗമത്തിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി ഉയർത്തിക്കാണിക്കാനും സാധിച്ചിട്ടുണ്ട്. വിവിധ മേഖലകളിൽ ഉൾപ്പെടുന്ന നൂറിൽപ്പരം പ്രോജക്ട് പ്രൊഫൈലുകൾ "അസെൻഡ് കേരള 2020" സംഗമത്തിൽ അവതരിപ്പിക്കുകയുണ്ടായി.

പ്രസ്തുത സംഗമത്തിൽ ഒരു ലക്ഷം കോടിരൂപയുടെ നിക്ഷേപ സാധ്യതകൾ സംബന്ധിച്ച് വ്യക്തമായ വാഗ്ദാനങ്ങൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 32 എണ്ണം ധാരണാപത്രങ്ങളും 117 എണ്ണം താൽപ്പര്യ പത്രങ്ങളുമാണ്. ഇതുകൂടാതെ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള 6 പ്രോജക്ടുകളും അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി നിക്ഷേപതാൽപര്യം പ്രകടിപ്പിച്ചിട്ടുള്ള രണ്ട് മെഗാ പദ്ധതികളും ഉൾപ്പെടുന്നു. പ്രസ്തുത പ്രോജക്ട് പ്രൊപ്പോസലുകൾ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ. ദൂരത്തിൽ സെമി ഹൈസ്പീഡ് റെയിൽ പാതയ്ക്കായുള്ള സാധ്യതാ പഠന റിപ്പോർട്ട് പ്രകാരം നിലവിലുള്ള പാതയ്ക്ക് സമാന്തരമായി മണിക്കൂറിൽ ശരാശരി 180 മുതൽ 200 കി.മീ. വരെ വേഗത്തിൽ ട്രെയിനുകൾ സഞ്ചരിക്കുന്നതിനായുള്ള പുതിയ 2 പാതകൾകൂടി വിഭാവന ചെയ്തിട്ടുണ്ട്. റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായതിനുശേഷം മാത്രം വാല്യൂ ക്യാപ്ചറിംഗ്, ധന സമാഹരണം മുതലായവ

ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ ഈ പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായ "സിസ്ട്ര" സമർപ്പിച്ച സാധ്യതാ പഠനറിപ്പോർട്ടും അലൈൻമെന്റും സംസ്ഥാനം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം ലഭ്യമായിട്ടുണ്ട്. സോയിൽ സർവ്വേ, ലിഡാർ ഏരിയൽ സർവ്വേ, ട്രാഫിക് സർവ്വേ, Environmental Impact Assessment (EIA) പഠനം എന്നിവയും പൂർത്തിയായിട്ടുണ്ട്. മൂലധന സമാഹരണവുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നുവരുന്നു.

ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻഫീൽഡ് എയർപോർട്ട് ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. നിർദ്ദിഷ്ട വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനവും പരിസ്ഥിതി ആഘാത പഠനവും നടത്താൻ M/s ലൂയിസ് ബർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

സംസ്ഥാനത്തെ വ്യോമഗതാഗതത്തിന്റെ സമഗ്രവികസനം മുൻനിർത്തി 8 മുതൽ 10 വരെ സീറ്റുള്ള ഒറ്റ എഞ്ചിൻ വിമാനങ്ങൾ (Airvan) ഉപയോഗിച്ച് കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ചെറുവിമാന സർവ്വീസുകൾ നടത്തുന്നതിനും ഉദ്ദേശിക്കുന്നു. കൊല്ലം ആശ്രാമം മൈതാനം, മൂന്നാർ, തേക്കടി, കൽപ്പറ്റ, ബേക്കൽ, ഗുരുവായൂർ, പാലക്കാട്, ആലപ്പുഴ ബീച്ച്, വർക്കല, കുമരകം എന്നീ സ്ഥലങ്ങളിൽ എയർ സ്ട്രിപ്പ്/ഹെലിപോർട്ട് ആണ് ലക്ഷ്യമിടുന്നത്. ആദ്യപടിയായി ബേക്കൽ, വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ സ്ഥലങ്ങളിൽ എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനറിപ്പോർട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ ഫീഡർ പോസ്റ്റുകളായി പ്രവർത്തിക്കുന്നതിന് ഈ എയർ സ്ട്രിപ്പുകളെ റീജിയണൽ കണക്ടിവിറ്റി സ്കീം- ഉഡാനിൽ ഉൾപ്പെടുത്തണമെന്ന് വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ദേശീയപാത 66 നാല്/ആറ് വരിപ്പാതയായി വികസിപ്പിക്കുന്നതിന് ആവശ്യമായ സ്ഥലമെടുപ്പ് നടപടികൾ പുരോഗതിയിലാണ്. സ്ഥലമേറ്റെടുപ്പ് പൂർത്തിയായ പ്രദേശങ്ങളിൽ നിർമ്മാണ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ സ്വീകരിക്കുന്നുണ്ട്. തീരദേശ ഹൈവേ നിർമ്മാണത്തിനായി 6500 കോടി രൂപയുടെ ഭരണാനുമതി കിഫ്ബി മുഖാന്തരം ലഭിച്ചിട്ടുണ്ട്. സംസ്ഥാന പാതകളും പ്രധാന ജില്ലാ റോഡുകളും ഉൾപ്പെടുന്ന റോഡ് ശൃംഖല ഘട്ടംഘട്ടമായി ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘത്തിന്റെ ജപ്പാൻ, കൊറിയ, യു.എ.ഇ. തുടങ്ങിയ രാജ്യങ്ങളിലെ സന്ദർശനവേളയിൽ ആ രാജ്യങ്ങളിലെ സാങ്കേതികവിദ്യാ കൈമാറ്റം, സാങ്കേതിക പങ്കാളിത്തം എന്നിവയുടെ സാധ്യതയും സഹകരണവും ചർച്ച ചെയ്യുകയുണ്ടായി. ജപ്പാനുമായുള്ള വികസന സഹകരണത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് 105 കോടി രൂപ മുതൽമുടക്കിൽ Terumo Penpol Ltd. ബ്ലഡ് ബാഗ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. കേരളത്തിൽ 200 കോടി രൂപ Nitta Gelatin INC-യുടെ വികസനത്തിനായി മുതൽമുടക്കാൻ ജപ്പാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. Rejuvenation clinics (Ayurveda), IT, MSME എന്നീ മേഖലകളിൽ ജപ്പാനിൽനിന്നുള്ള നിക്ഷേപത്തിനുള്ള സാധ്യതകൾക്കും വഴി തെളിഞ്ഞിട്ടുണ്ട്. ചേർത്തലയിലുള്ള KSIDC മെഗാഫുഡ് പാർക്കിൽനിന്നും seafood/marine products കൊറിയയിലേയ്ക്ക് കയറ്റുമതി ചെയ്യാനുള്ള ചർച്ചയും നടത്തിയിട്ടുണ്ട്. ഇക്കാര്യങ്ങളിൽ തുടർനടപടി ചീഫ് സെക്രട്ടറി തലത്തിൽ നടന്നുവരുന്നു.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഫെഡറൽ സംവിധാനത്തിൽ സംസ്ഥാനത്തിന്റെ വികസനം ഉറപ്പുവരുത്തേണ്ടതിന്റെ ഉത്തരവാദിത്വം സംസ്ഥാന ഗവൺമെന്റിനാണെന്നുള്ള കാര്യം ഉൾക്കൊണ്ടുകൊണ്ട് ഏറ്റവും ശ്രദ്ധേയമായ തരത്തിൽ നാനാതരത്തിലുള്ള നിക്ഷേപങ്ങൾ ഇവിടേയ്ക്ക് കൊണ്ടുവന്ന് നാട്ടിലെ ജനങ്ങൾക്കും ചെറുപ്പക്കാർക്കും തൊഴിൽ ലഭിക്കാനും അതുപോലെ അടിസ്ഥാന സൗകര്യ വികസനവും മറ്റ് വികസനങ്ങളും സാധ്യമാക്കാനുമുള്ള വലിയ ഇടപെടലുകളാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. അക്കാര്യങ്ങളാണ് ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിവരിച്ചത്. കേന്ദ്ര ഗവൺമെന്റിന്റെ കടുത്ത അവഗണനയ്ക്കിടെ ഇത്തരം പദ്ധതികളിലൂടെ എത്രമാത്രം നമുക്ക് മുന്നോട്ട് പോകാൻ കഴിയും. ഇപ്പോഴത്തെ ബഡ്ജറ്റിലും കേന്ദ്ര ഗവൺമെന്റ് കേരളത്തെ പൂർണ്ണമായി അവഗണിച്ചുകൊണ്ട് പോകുന്ന സ്ഥിതിയെ മറികടക്കാൻ ഇത്തരം പദ്ധതികളിലൂടെ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ നാട് വികസിച്ചേ മതിയാകൂ. ഇക്കാര്യത്തിൽ സംസ്ഥാനത്തിനുള്ളതുപോലെ കേന്ദ്രത്തിനും ഉത്തരവാദിത്വമുണ്ട്. കേന്ദ്രസഹായം സംസ്ഥാനത്തിന് ലഭ്യമാകേണ്ടതാണ്. പക്ഷേ, നിർഭാഗ്യവശാൽ പല കാര്യങ്ങളിലും കേന്ദ്രം അത്തരമൊരു സമീപനമല്ല സ്വീകരിക്കുന്നത്. നേരത്തെ പറഞ്ഞതുപോലെ ഇക്കാര്യത്തിലും ഒന്നിച്ച് ശബ്ദമുയർത്തി, കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി ആവശ്യങ്ങൾ നേടിയെടുക്കാൻ നമ്മൾ തുടർന്നും ശ്രമിക്കേണ്ടതാണ്. കേന്ദ്രം എന്ത് സമീപനം സ്വീകരിച്ചാലും നമ്മുടെ നാടിന്റെ വികസനം ഉറപ്പുവരുത്തുക എന്നത് പ്രധാനമാണ്. അതിൽ കേന്ദ്ര സഹകരണം ലഭ്യമാക്കുന്നതിന് പരമാവധി ശ്രമിക്കും. അതോടൊപ്പം മറ്റ് വഴികളും തേടും. അതിനാണ് ഇത്തരം വഴികളിലൂടെ നാം സഞ്ചരിക്കുന്നത്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, വിദേശയാത്രയുടെ ഭാഗമായി ബുസാനിലും സിയോളിലുമുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ സന്ദർശിച്ച് പഠനം നടത്തിയതായി മനസ്സിലാക്കുന്നു. നവകേരള സൃഷ്ടിക്കായി ഹരിത കേരളം മിഷനിലൂടെ നിരവധി കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്ന ഈ സന്ദർഭത്തിൽ, മാലിന്യം സംസ്കരിക്കുന്നതിനും മാലിന്യത്തിൽനിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്നതിനും അവിടെനിന്നും മനസ്സിലാക്കാൻ സാധിച്ച സാങ്കേതികവിദ്യകൾ ഇവിടെ പ്രാപ്തമാക്കുന്ന തരത്തിലുള്ള നടപടികളിലേയ്ക്ക് നീങ്ങുന്നുണ്ടോ; അതിനായുള്ള ചർച്ചകൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഉറവിട മാലിന്യസംസ്കരണത്തിനാണ് നാം ഊന്നൽ നൽകുന്നത്. എന്നാൽ പട്ടണപ്രദേശങ്ങളിൽ ഉറവിട മാലിന്യ സംസ്കരണത്തിലൂടെ മാത്രം കാര്യങ്ങൾ പരിഹരിക്കാനാകില്ല. അതുകൊണ്ടാണ് ചില പ്രത്യേക സ്ഥലങ്ങൾ കേന്ദ്രീകരിച്ച് കേന്ദ്രീകൃത മാലിന്യസംസ്കരണം വേണമെന്ന് തീരുമാനിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ഞങ്ങളുടെ സന്ദർശനവേളയിൽ കണ്ടെത്തിയ പുതിയ സാങ്കേതിക വിദ്യകളുണ്ട്. എന്നാൽ കുറച്ചുകൂടി മെച്ചപ്പെട്ട സാങ്കേതികവിദ്യകളും ഇപ്പോഴുണ്ട്. സാധാരണ മാലിന്യം വേർതിരിച്ചാണ് നമ്മൾ സംസ്കരിക്കാനെടുക്കുന്നത്. എന്നാൽ ഇപ്പോൾ മാലിന്യങ്ങൾ വേർതിരിക്കേണ്ട കാര്യമില്ല. നേരിട്ട് സംസ്കരിക്കുന്ന രീതിയിലുള്ള സാങ്കേതികവിദ്യകൾ ഇപ്പോഴുണ്ട്. എല്ലാ സാങ്കേതികവിദ്യകളും ഉപയോഗിക്കാം. ഏറ്റവും മികച്ചത് പ്രാവർത്തികമാക്കാനാണ് ശ്രമിക്കുന്നത്. നേരത്തെ ചില മാലിന്യസംസ്കരണ കേന്ദ്രങ്ങളിൽനിന്നും ഉണ്ടാകുന്ന ദുർഗന്ധം, വൻതോതിൽ മാലിന്യങ്ങൾ അടിഞ്ഞുകിടക്കുന്ന അവസ്ഥ തുടങ്ങിയവ കാരണം വലിയ തരത്തിലുള്ള എതിർപ്പുകളാണ് നാട്ടുകാരിൽനിന്നും ഉണ്ടായിട്ടുള്ളത്. എന്നാൽ ഇപ്പോൾ ആ പ്ലാന്റുകളിൽ ദുർഗന്ധമോ മറ്റ് തരത്തിലുള്ള പ്രശ്നങ്ങളോ ഉണ്ടാകുന്നില്ല. പട്ടണത്തിന്റെ നടുവിൽത്തന്നെ ഇത്തരത്തിലുള്ള മാലിന്യസംസ്കരണ പ്ലാന്റുകൾ പ്രവർത്തിക്കുകയാണ്. സമൂഹത്തിൽനിന്നും ആദ്യം ഉണ്ടായിരുന്ന തെറ്റിദ്ധാരണ നീക്കുന്നതിനാവശ്യമായ ബോധവൽക്കരണംകൂടി നടത്തണം. അതോടൊപ്പം ത്വരിതഗതിയിൽ ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. ജോർജ് എം. തോമസ്: സർ, വർത്തമാനകാല കേരളത്തിലെ സമഗ്രമായ ഇടപെടലാണ് വിദേശനിക്ഷേപം കൊണ്ടുവരുന്നതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ വ്യക്തിപരമായ സ്വാധീനവും ഇതിന് വലിയ തോതിൽ സഹായകരമായിട്ടുണ്ട്.

എന്നാൽ വരാൻ സാധ്യതയുള്ള നിക്ഷേപത്തെ പദ്ധതികളാക്കിമാറ്റി നടപ്പിലാക്കുന്നതിന് ഉദ്യോഗസ്ഥതലത്തിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ലെന്ന വിമർശനം ലോകകേരള സഭയിലും ഉയർന്നുവന്നതാണ്. ഇക്കാര്യത്തിൽ അത്തരമൊരു ലാഗുണ്ടെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ കാലാകാലങ്ങളായുള്ള ചില ശീലങ്ങളും രീതികളുമുണ്ട്. അതിനെ പോസിറ്റീവായി മാറ്റുക എന്നത് ഏറ്റവും പ്രധാനമാണ്. അതിനാവശ്യമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. വ്യവസായം ആരംഭിക്കുന്നതിനുവേണ്ടി ഒരു സംരംഭകൻ മുന്നോട്ടുവരികയാണെങ്കിൽ അദ്ദേഹത്തെ, പല വാതിലുകളിലും മുട്ടി ക്ഷീണിച്ച് അവസാനം ഇവിടെനിന്ന് എങ്ങനെയെങ്കിലും രക്ഷപ്പെട്ടാൽ മതിയെന്ന അവസ്ഥയിലേയ്ക്ക് എത്തിക്കുന്നതിനുപകരം, സഹായിക്കാനും ആവശ്യമായ കാര്യങ്ങൾ സമയബന്ധിതമായി തീർപ്പാക്കാനുമാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. അതിനുവേണ്ടിയാണ് നമ്മൾ നിയമഭേദഗതികൾ പാസ്സാക്കിയതും ചട്ടങ്ങളിൽ ഭേദഗതി വരുത്തിയതും. ഫലപ്രദമായ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്. അതുമായി ബന്ധപ്പെട്ട് നമ്മുടെ ഉദ്യോഗസ്ഥവൃന്ദം പൊതുവിൽ സഹകരിക്കുന്നുണ്ട്. ഇതിന് വിപരീതമായി ഒറ്റപ്പെട്ട കേസുകൾ വരുന്നുണ്ടെങ്കിൽ അത്തരം ഉദ്യോഗസ്ഥരെ ശരിയായ രീതിയിൽ കൊണ്ടുവരുന്നതിനാവശ്യമായ കർശന നടപടി സ്വീകരിക്കും. പൊതുവിൽ നല്ലരീതിയിലുള്ള സഹകരണമാണ് ഉദ്യോഗസ്ഥരിൽനിന്നും ഉണ്ടാകുന്നത്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സംഘത്തിന്റെയും ജപ്പാൻ, ഉത്തര കൊറിയ യാത്രകളെ കേരളത്തിലെ യുവാക്കളും വിദ്യാർത്ഥികളും ഏറെ പ്രതീക്ഷയോടെയാണ് കണ്ടിട്ടുള്ളത്. ആധുനിക നൈപുണ്യ വികസനത്തിനും ഉന്നത വിദ്യാഭ്യാസത്തിനുമായി ജപ്പാൻ, ഉത്തരകൊറിയ എന്നീ രാജ്യങ്ങളിലെ സന്ദർശനം ഏതെല്ലാം തരത്തിൽ ഉപകാരപ്രദമായി എന്ന് വിശദീകരിക്കാമോ; ഈ രാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളുമായി എന്തെങ്കിലും തരത്തിലുള്ള ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച കാര്യങ്ങൾ വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, യൂണിവേഴ്സിറ്റികളുമായി ചർച്ച ചെയ്തുവെന്ന് മാത്രമല്ല, ഇപ്പോൾ കൊച്ചിൻ യൂണിവേഴ്സിറ്റിയുമായി ചേർന്ന് സംയുക്ത പ്രവർത്തനങ്ങൾതന്നെ നടന്നുവരുന്നുണ്ട്. അത് കൂടുതൽ ശക്തിപ്പെടുത്തുക എന്നതുതന്നെയാണ് ഗവൺമെന്റിന്റെ ഉദ്ദേശ്യം. യൂണിവേഴ്സിറ്റികളിൽ ആധുനിക കോഴ്സുകൾ ആരംഭിക്കുക, കാലാനുസൃതമായി കോഴ്സുകളിൽ മാറ്റംവരുത്തുക, അങ്ങനെ വിദ്യാർത്ഥികളെ ഇന്നത്തെ കാലത്തിനനുസൃതമായ യോഗ്യതയുള്ളവരായി

മാറ്റുക തുടങ്ങിയവയ്ക്കാണ് സർക്കാർ ശ്രമിച്ചുവരുന്നത്. അതിന്റെ ഭാഗമായി യൂണിവേഴ്സിറ്റികളുമായി ചർച്ച നടത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പ് ഫലപ്രദമായ നടപടി ഇക്കാര്യത്തിൽ സ്വീകരിച്ചുവരികയാണ്.

ശ്രീ. കെ. ബാബു: സർ, GIM (Global Investors Meet), എമർജിംഗ് കേരള, പാർട്ട്ണർ കേരള, ഗ്ലോബൽ അഗ്രോ മീറ്റ്, YES (Young Entrepreneur Summit) Kerala എന്നിങ്ങനെ യു.ഡി.എഫ്. മറന്നുപോയ ജനവഞ്ചനയുടെ ഇൻവെസ്റ്റ്മെന്റ് മീറ്റുകളുടെ പേരുകളാണ് ഞാനിവിടെ പറഞ്ഞത്. 138 പദ്ധതികൾ, ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപം, 22 ധാരണാപത്രം 'ASCEND KERALA 2020'. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ഇൻവെസ്റ്റ്മെന്റ് മീറ്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. 2022 ആകുമ്പോഴേയ്ക്കും കേരളത്തിൽ 10 ലക്ഷം ഇലക്ട്രിക് വാഹനങ്ങൾ നിരത്തിലിറക്കാൻ ഉദ്ദേശിച്ചുള്ള വൈദ്യുത വാഹനനയം നമുക്കുണ്ട്. അതിൻപ്രകാരം എന്തെല്ലാം പദ്ധതികളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, ഇലക്ട്രിക് വാഹനങ്ങളുടെ കാര്യത്തിൽ നമുക്ക് കൂടുതൽ വേഗതയിൽ പോകുന്നതിനാവശ്യമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. ആദ്യം ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ ഉൽപ്പാദനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ഇപ്പോൾ ഇ-ഓട്ടോറിക്ഷകൾ നമ്മൾ ഉല്പാദിപ്പിച്ച് തുടങ്ങിയിട്ടുണ്ട്. ഇലക്ട്രിക് കാറിന്റെ കാര്യത്തിലും നല്ല പുരോഗതിയുണ്ട്. മെച്ചപ്പെട്ട വൈദ്യുതി വാഹനങ്ങൾ നിർമ്മിക്കുക എന്നതാണ് സർക്കാരിന്റെ നയം. പെട്രോൾ പമ്പുകൾ എല്ലായിടത്തും ഉള്ളതുപോലെ ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യാനുള്ള സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇവിടെ അനൗൺസ് ചെയ്ത അതിവേഗ റെയിൽവേയ്ക്കുവേണ്ടി ഏരിയൽ സർവ്വേ നടത്തിയതായി മാധ്യമങ്ങളിൽ കണ്ടു. ഏരിയൽ സർവ്വേ നടത്തുമ്പോൾ യഥാർത്ഥ പൊസിഷനുമായി വലിയ വ്യത്യാസമുണ്ടാകും. ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തിയാൽപ്പോലും രണ്ട്-രണ്ടര കിലോമീറ്റർ ഷെയ്ഡിന്റെ അടിസ്ഥാനത്തിലുള്ള വ്യത്യാസം വരും. ഇപ്പോൾ മദ്ധ്യതിരുവിതാംകൂറിലെ ചില പ്രദേശങ്ങളിൽ കല്ലിട്ടു. ആ പ്രദേശങ്ങളിലുള്ളവർ ഈ റെയിൽവേ വരുമെന്ന പ്രതീക്ഷയിലാണ്. അതേസമയം, അതിന്റെ അലൈൻമെന്റിൽ മാറ്റം വരുമെന്ന കാര്യം റെയിൽവേ റിയലൈസ് ചെയ്യുന്നില്ല. ഇത് വല്ലാത്തൊരു പരിഭ്രാന്തിയുണ്ടാക്കും. അതുകൊണ്ട് യഥാർത്ഥസ്ഥിതി എന്താണെന്നുള്ളത് ജനങ്ങളെ അറിയിക്കത്തക്കവിധത്തിൽ, യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന വിധത്തിൽ ഇത് മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള നിർദ്ദേശം നൽകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിന്റെ ആദ്യഘട്ടമെന്ന നിലയിലാണ് ഏരിയൽ സർവ്വേ നടത്തിയത്. എന്നാൽ ഗ്രൗണ്ടിലുള്ള സർവ്വേതന്നെ സ്വാഭാവികമായും ഇതിന്റെ ഭാഗമായുണ്ടാകും. അതിൽ ഒരു വ്യത്യാസവും വരില്ല. ഈ പറഞ്ഞ തരത്തിലുള്ള ചില വ്യത്യാസങ്ങൾ സാങ്കേതികമായുണ്ടാകും. എന്നാൽ ഗ്രൗണ്ട് സർവ്വേ നടത്തുന്നതോടുകൂടി ഫലപ്രദമായ നടപടികളിലേയ്ക്ക് നീങ്ങും. എല്ലാ കാര്യങ്ങളും പെട്ടെന്നുതന്നെ പൂർത്തിയാക്കുന്നതിനുള്ള സജ്ജീകരണങ്ങളാണ് ഫലപ്രദമായി നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കഴിഞ്ഞ കേന്ദ്ര ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർക്കുള്ള നികുതി സമ്പ്രദായം സംബന്ധിച്ച് വലിയ അങ്കലാപ്പാണുണ്ടാക്കിയിട്ടുള്ളത്. അത് എത്രകണ്ട് നമ്മളെ ബാധിക്കും; ഇന്നത്തെ പത്രത്തിൽ അത് തിരുത്തിയിട്ടുണ്ടെങ്കിലും, 1976 മുതൽ കേരളത്തിന്റെ സാമ്പത്തിക നട്ടെല്ലായി പ്രവർത്തിച്ച വിദേശ മലയാളികളുടെ റെമിറ്റൻസിനെ അതെങ്ങനെ ബാധിക്കും; പുതിയ ഇൻവെസ്റ്റ്മെന്റ് മീറ്റിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെ അത് ബാധിക്കാൻ സാധ്യതയുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും നികുതിയുമായി ബന്ധപ്പെട്ട് ഒരു വിശദീകരണം വന്നിട്ടുണ്ട്. അതെന്താണെന്ന് പാർലമെന്റിലെ ചർച്ചയുടെ ഭാഗമായി നോക്കാം. അതേസമയം, മറ്റൊരു കാര്യത്തിൽ ഇപ്പോഴും വ്യക്തത വന്നിട്ടില്ല. പ്രവാസികൾ 240 ദിവസം വിദേശത്ത് നിൽക്കണമെന്നൊരു കാര്യം പുതുതായി വന്നിട്ടുണ്ട്. അതുണ്ടാക്കുന്ന പ്രയാസം ചെറുതല്ല. വിദേശത്ത് ജോലി ചെയ്യുന്ന സഹോദരങ്ങൾ വിവിധ തരത്തിലുള്ളവരാണ്. ഒരുമാസം അവിടെനിന്നശേഷം പിന്നീട് ഇവിടെവന്ന് വീണ്ടും തിരിച്ചുപോകും. ഇങ്ങനെയൊക്കെയാണ് സാധാരണ കണ്ടുവരുന്നത്. ചിലർ കൂട്ടായി ബിസിനസ്സ് ചെയ്യുന്നവരുണ്ട്. ജോയിന്റ് പാർട്ട്ണേഴ്സായി നടത്തുന്ന ബിസിനസ്സിന്റെ കാര്യത്തിൽ ഒരാൾ അവിടെയുണ്ടാകും മറ്റൊരാൾ നാട്ടിലേയ്ക്ക് വരും. ഒരുമാസം അല്ലെങ്കിൽ രണ്ട് മാസം കഴിഞ്ഞ് നാട്ടിലുള്ളയാൾ അങ്ങോട്ട് പോകും, മറ്റേയാൾ ഇങ്ങോട്ട് വരും. അവിടെത്തന്നെ റിഗ് (rig) മേഖലയിലുള്ളതുപോലെ ചില പ്രത്യേക ജോലികളുമുണ്ട്. അത്തരം ജോലികളിൽ ഏർപ്പെടുന്നവർ അവിടെ ജോലി നോക്കിയതിനുശേഷം ഒരു മാസം നാട്ടിലേയ്ക്ക് വരുന്ന, നാട്ടിലേയ്ക്കുള്ള ടിക്കറ്റ് വരെ ചിലർ നൽകും. ഇങ്ങനെയുള്ള വിവിധ സംവിധാനങ്ങളാണുള്ളത്. ഗൾഫ് മേഖലയിലുള്ള മിക്കവരുടെയും കുടുംബം നാട്ടിലാണുള്ളത്. അവർ നാടുമായി അടുത്ത ബന്ധമുള്ളവരാണ്. അവർക്ക് 240 ദിവസം ഒന്നിച്ച് അവിടെ കഴിയണമെന്ന് പറയുന്നത് അങ്ങേയറ്റം പ്രയാസമുണ്ടാക്കുന്നതാണ്. അത് തിരുത്തണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കുതന്നെ കത്തയച്ചിട്ടുണ്ട്. ഇക്കാര്യം പാർലമെന്റിൽ ഉന്നയിക്കണമെന്ന് ആവശ്യപ്പെട്ട് പാർലമെന്റ് അംഗങ്ങൾക്കും കത്തയച്ചിട്ടുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇവിടെ ഉന്നയിച്ച ചോദ്യം തന്നെയാണ് എനിക്കും ചോദിക്കാനുള്ളത്. ആദ്യം ഇവിടെ സൂചിപ്പിച്ചതുപോലെ 182 ദിവസം കേരളത്തിൽ നിന്നാലും അയാളുടെ പ്രവാസി സ്റ്റാറ്റസ് നിലനിൽക്കുമായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഒരു വർഷത്തിൽ 240 ദിവസമെങ്കിലും വിദേശത്ത് കഴിഞ്ഞ ഒരാൾക്ക് മാത്രമാണ് എൻ.ആർ.ഐ. സ്റ്റാറ്റസ് ലഭിക്കുന്നത്. ഇക്കാര്യത്തിൽ നമ്മുടെ ഗവൺമെന്റ് അടിയന്തരമായി ഇടപെടുമെന്ന് പറയുന്നുണ്ട്, ശക്തമായി ഇടപെടേണ്ട ആവശ്യമുണ്ട്. 50,000 കോടി രൂപയാണ് പ്രതിവർഷം കേരളത്തിന്റെ ഇക്കോണമിയിലേയ്ക്ക് പ്രവാസികളുടെ നിക്ഷേപമായി വരുന്നത്. എൻ.ആർ.ഐ. ഡെപ്പോസിറ്റിന് ഇൻകം ടാക്സ് എന്നുള്ള പുതിയ നിബന്ധന വരുന്നതോടുകൂടി വലിയതോതിൽ നമ്മുടെ ഇക്കോണമിയെയും പ്രവാസികളെയും ബാധിക്കും. അതുകൊണ്ട് ഇക്കാര്യത്തിൽ കേരളത്തിന്റെ ഇക്കോണമിയെ ബാധിക്കുന്ന കാര്യവും പ്രവാസികളുടെ പ്രയാസങ്ങളും കേന്ദ്രഗവൺമെന്റിന് മുമ്പിൽ ബോധ്യപ്പെടുത്തുന്ന രീതിയിലുള്ള ശക്തമായ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇടപെടേണ്ടതുപോലെ ഇടപെട്ടു കഴിഞ്ഞു. ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും നമ്മുടെ പാർലമെന്റ് അംഗങ്ങൾക്കുമെല്ലാം ഇക്കാര്യത്തിൽ ഫലപ്രദമായി ഇടപെടണമെന്ന് അറിയിച്ചുകൊണ്ട് കത്തയച്ചിട്ടുണ്ട്. ഇനിയും ഇടപെടലുകൾ നടത്തേണ്ടതുണ്ടെങ്കിൽ അത് ചെയ്യാം.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, തദ്ദേശഭരണ സ്ഥാപന അധികൃതർ പലപ്പോഴും വ്യവസായികളോട് മാന്യമായല്ല പെരുമാറുന്നത്. ഇത് മനസ്സിലാക്കിയിട്ടാണോ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ജനസംഖ്യാനുപാതികമ യി തൊഴിലവസരം സൃഷ്ടിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എറണാകുളത്ത് പ്രസ്താവിച്ചത്? തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള ചുമതല തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുമ്പോൾ തീർച്ചയായും അവർക്ക് വ്യവസായികളോടുള്ള മനോഭാവം മാറ്റേണ്ടിവരും. അതിനാവശ്യമായ എന്തൊക്കെ വ്യവസ്ഥകളാണ് ഇതിൽ ഉദ്ദേശിക്കുന്നതെന്ന് വിവരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, സംസ്ഥാനത്തെ ഓരോ തദ്ദേശഭരണ സ്ഥാപനവും ജനസംഖ്യയ്ക്ക് ആനുപാതികമായി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കണമെന്നതാണ് നിർദ്ദേശം. അതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രോൽസാഹിപ്പിക്കേണ്ടത് എങ്ങനെയാണെന്നതിനെക്കുറിച്ച് ചർച്ച നടത്താൻ ആലോചിക്കുന്നുണ്ട്. ഏതായാലും അതുമായി ബന്ധപ്പെട്ട നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അത് പ്രാവർത്തികമാകുമ്പോൾ ഫലപ്രദമായി ഇക്കാര്യം നടപ്പിലാക്കാൻ കഴിയും. അതോടൊപ്പം തൊഴിലില്ലായ്മ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനും സാധിക്കും.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ....(*3)-ാം നമ്പർ ചോദ്യവുമായി (*21)-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. മഞ്ഞളാംകുഴി അലി നോട്ടീസ് നൽകിയിട്ടുണ്ട്. ചോദ്യങ്ങൾ സമാനമായതിനാൽ ക്ലബ്ബിംഗ് അനുവദിക്കുകയാണ്.

**പൗരത്വ നിയമ പ്രതിഷേധക്കാർക്കെതിരെയുള്ള കേസ്**

3 (*3) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൗരത്വ നിയമത്തിനെതിരെ പ്രതിഷേധിക്കുന്നവർക്കെതിരെ കേസ്സെടുത്തിട്ടുണ്ടോ;

(ബി) പ്രതിഷേധിക്കാനുള്ള അവകാശം ഭരണഘടന നൽകുന്ന മൗലികാവകാശമായിട്ടും കേന്ദ്രനിയമത്തിനെതിരെ പ്രതിഷേധിക്കുന്നവർക്കെതിരെ കേസ്സെടുത്ത് അറസ്റ്റ് ചെയ്തത് എന്ത് അടിസ്ഥാനത്തിലാണെന്ന് അറിയിക്കുമോ;

(സി) മറ്റു ചില സംസ്ഥാനങ്ങൾ ഇത്തരം കേസ്സുകൾ പിൻവലിക്കുന്നതിലേയ്ക്ക് നീങ്ങുമ്പോൾ കേരളം ഇത് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ & ബി) നിയമാനുസരണം പ്രതിഷേധിച്ച ആർക്കെതിരേയും കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) ബാധകമല്ല.

**പൗരത്വ ഭേദഗതി നിയമത്തിനെതിരെയുള്ള പ്രതിഷേധ സമരങ്ങൾ**

4 (*21) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. കെ. എം. ഷാജി:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പൗരത്വ ഭേദഗതി നിയമത്തിനെതിരെ സംസ്ഥാനത്ത് നടക്കുന്ന വ്യാപകമായ പ്രതിഷേധ സമരങ്ങളെ നേരിടുന്നത് സംബന്ധിച്ച് പോലീസിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) പ്രതിഷേധത്തിന്റെ പേരിൽ സമരക്കാർക്കെതിരെ ജാമ്യമില്ലാ വകുപ്പ് ഉൾപ്പെടുത്തി കേസ്സെടുക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ നടപടി അവസാനിപ്പിക്കാനാവശ്യമായ നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) നൽകിയിട്ടില്ല.

(ബി) പ്രതിഷേധ സമരങ്ങളുടെ പേരിൽ പ്രതിഷേധക്കാർക്കെതിരെ ജാമ്യമില്ലാ വകുപ്പ് ഉൾപ്പെടുത്തി കേസ്സെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

ശ്രീ. കെ. സി. ജോസഫ്: സർ, സമരങ്ങളുടെ തീച്ചൂളയിൽ വളർന്ന ശ്രീ. പിണറായി വിജയനിൽനിന്നും ഞങ്ങൾ കുറച്ചുകൂടി സത്യസന്ധമായ മറുപടിയാണ് പ്രതീക്ഷിച്ചത്. അങ്ങ് പറഞ്ഞത് വളരെ നിർഭാഗ്യകരമായിപ്പോയി. അങ്ങ് പോലീസ് റിപ്പോർട്ട് മാത്രം ആധാരമാക്കരുത്. അങ്ങ് ഈ നാട്ടിൽ ജീവിക്കുന്ന ആളാണ്; മാധ്യമ റിപ്പോർട്ടുകളുണ്ട്. കോഴിക്കോട് ജില്ലയിൽ നടത്തിയ പൗരത്വ നിയമ ഭേദഗതിക്കെതിരെ സമരം നടത്തിയ ഞങ്ങളുടെ ഡി.സി.സി. പ്രസിഡന്റ് ശ്രീ. ടി. സിദ്ദിഖ് അടക്കം 62 പേർക്കെതിരെ നോൺ ബെയ്‌ലബിൾ സെക്ഷൻ ചുമത്തി കേസ്സെടുത്തു. 4 ദിവസം അവർ ജയിലിൽ കിടന്നു. കൊല്ലം ചിതറയിൽ പ്രതിഷേധിച്ച 35 കോൺഗ്രസ്സുകാരുടെ പേരിൽ കേസ്സെടുത്തു. എറണാകുളം ജില്ലയിലെ അങ്കമാലിയിൽ മഹല്ല് കമ്മിറ്റി സംഘടിപ്പിച്ച റാലിയിൽ പങ്കെടുത്തതിന് 200 പേർക്കെതിരെ കേസ്സെടുത്തു, ഇടുക്കിയിൽ 79 പേർക്കെതിരെ കേസ്സെടുത്തു. ദയവായി അങ്ങ് സത്യം മറച്ചുവയ്ക്കരുത്. കേരളത്തിലെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. പിണറായി വിജയനാണോ അതോ ശ്രീ. അമിത് ഷാ ആണോ? അങ്ങ് പിന്തുടരുന്നത് കേന്ദ്രത്തിന്റെ നയമാണ്. പൗരത്വ നിയമ ഭേദഗതിക്കെതിരെയുള്ള വികാരം കേരളത്തിന്റേതാണ്. അതുകൊണ്ട് ദയവായി അത്തരം സമരങ്ങളിൽ പങ്കെടുത്തവരുടെ പേരിലുള്ള കേസ്സുകൾ പിൻവലിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, പൗരത്വ നിയമ ഭേദഗതിക്കെതിരെ കേരളത്തിൽ അഭൂതപൂർവ്വമായ പ്രതിഷേധം ഉയർന്നുവന്നിട്ടുണ്ട്. ആ പ്രതിഷേധത്തിൽ പങ്കെടുത്തവർക്കെതിരെ കേസ്സെടുക്കുകയെന്നുള്ളത് സർക്കാരിന്റെ നയമല്ല. ഇത്തരം പ്രതിഷേധങ്ങൾ സംസ്ഥാനത്തെ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളും പ്രധാനപ്പെട്ട സാമൂഹ്യ സംഘടനകളുമെല്ലാം അണിനിരന്നുകൊണ്ട് ഫലപ്രദമായി നടത്തിയിട്ടുണ്ട്. അത്തരം പ്രക്ഷോഭത്തെ

ഏതെങ്കിലും തരത്തിൽ പ്രതികൂലമായി ബാധിക്കുന്ന ഒരു നടപടിയും സർക്കാരിന്റെ ഒരു ഏജൻസിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. നമ്മുടേത് നിയമവാഴ്ചയുള്ള നാടാണ്. അതുകൊണ്ട് പ്രക്ഷോഭത്തിന്റെ ഭാഗമായി പരിധിവിട്ടുപോയാൽ അതിൽ ചില ഇടപെടലുകൾ നടത്തേണ്ടതായി വരും; അത് സ്വാഭാവികമാണ്. ഒരു പോസ്റ്റ് ഓഫീസിനകത്തുകയറി സാധനങ്ങൾ തല്ലിപ്പൊളിക്കുന്ന സ്ഥിതിയുണ്ടായാൽ സ്വാഭാവികമായി കേസ്സെടുക്കും. അത് പ്രക്ഷോഭവുമായി ബന്ധപ്പെട്ടതാണോ; പ്രക്ഷോഭത്തിൽപ്പെട്ട അവകാശത്തിന്റെ കാര്യമാണോ; അങ്ങനെ അവകാശമുണ്ടോ? അത് ഏത് ഗവൺമെന്റായാലും അതിന്റെ ഭാഗമായ പോലീസ് നടപടിയെടുക്കില്ലേ? അതുപോലുള്ളതല്ലാതെ പ്രക്ഷോഭത്തിൽ പങ്കെടുത്തതിന്റെ ഭാഗമായി കേസ്സെടുക്കുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. അത്തരമൊരു നയം സർക്കാരിനില്ല.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങയുടെ ഉത്തരം കുറച്ചുകൂടി സത്യസന്ധമാകണമായിരുന്നു. കോഴിക്കോട് ജില്ലയിൽ ഡി.സി.സി. പ്രസിഡന്റ് ശ്രീ. ടി. സിദ്ദീഖ് പ്രകടനം നടത്തി. പോലീസ് അദ്ദേഹത്തിനെതിരെ കള്ളക്കേസ്സെടുത്തു. അവിടെ യാതൊരു പൊതുമുതൽ നശീകരണവും ഉണ്ടായിരുന്നില്ല. അദ്ദേഹമടക്കം 52 പേർക്കെതിരെ കേസ്സെടുത്ത് നാലുദിവസം ജയിലിൽ പാർപ്പിച്ചു. അങ്ങ് അക്കാര്യം പറയുന്നില്ല. ആലുവയിൽ യു.സി. കോളേജിനടുത്തുള്ള കടൂപ്പാടം സ്വദേശിയായ ശ്രീ. ടി. എം. അനസ്, സമരത്തിൽ പങ്കെടുത്തതുകൊണ്ട് P.C.C. (Police Clearance Certificate) കൊടുത്തില്ല. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞും ശ്രീ. അൻവർ സാദത്തും സമരത്തിൽ പങ്കെടുത്തു. ഇത്തരത്തിൽ അങ്ങയുടെ സർക്കാർ പൗരത്വ നിയമ ഭേദഗതിക്കെതിരെ നടത്തിയ സമരങ്ങളെ അടിച്ചമർത്താൻ ശ്രമിക്കുകയാണ്. അത് അങ്ങയുടെ നയമാണോ?

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ പറഞ്ഞത് ആവർത്തിക്കുകയാണ്; പൗരത്വ നിയമഭേദഗതിയുടെ ഭാഗമായുള്ള പ്രക്ഷോഭത്തിൽ പങ്കെടുത്തുവെന്നതിന്റെ പേരിൽ അതിനെ നിരുത്സാഹപ്പെടുത്തുന്ന രീതിയിലുള്ള ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. എന്നാൽ ഏതെങ്കിലും തരത്തിലുള്ള അക്രമപ്രവർത്തനമുണ്ടായിട്ടുണ്ടെങ്കിൽ അതിനുനേരെ കണ്ണടച്ച് നിൽക്കാൻ സ്വാഭാവികമായും പോലീസിന് കഴിയില്ല, നടപടിയെടുത്തിട്ടുണ്ടാകും. അതും പ്രക്ഷോഭവും തമ്മിൽ കൂട്ടിക്കുഴയ്ക്കേണ്ട കാര്യമില്ല. പ്രക്ഷോഭം നല്ല രീതിയിൽ നടക്കണമെന്നുതന്നെയാണ് സർക്കാരും ആഗ്രഹിക്കുന്നത്. അതിൽ യാതൊരു വ്യത്യാസവുമില്ല.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കേന്ദ്ര ഗവൺമെന്റ് പൗരന്മാർക്കെതിരെ കൊണ്ടുവന്ന ഒരു കരിനിയമമാണ് പൗരത്വ നിയമ ഭേദഗതി. അങ്ങ് പറയുമ്പോൾ കാര്യങ്ങൾ കൃത്യമാണ്. കേസ്സെടുത്തിട്ടില്ലായെന്ന് അങ്ങ്

പറയുന്നു, പോസ്റ്റോഫീസിനുള്ളിൽ കയറി അനിഷ്ട സംഭവങ്ങൾ സൃഷ്ടിച്ചാൽ കേസ്സെടുക്കുമെന്നും പറയുന്നുണ്ട്, അത് നിയമപരമായ കാര്യമായിരിക്കാം. ശ്രീ. കെ. സി. ജോസഫിന്റെ രണ്ടാമത്തെ ചോദ്യത്തിന് അങ്ങ് കൃത്യമായി മറുപടി നൽകിയില്ല. അനസ് എന്നുപറയുന്ന ഒരു യുവാവ് കൊച്ചിൻ റിഫൈനറിയിൽ ജോലിക്ക് പോകുന്നതിനായി P.C.C.ക്ക് സമീപിച്ചപ്പോൾ പൗരത്വ ഭേദഗതി നിയമത്തിനെതിരെ നടത്തിയ റാലിയിൽ പങ്കെടുത്തുവെന്ന് പറഞ്ഞ് അത് നൽകിയില്ല. അതിനുശേഷം ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് എം.എൽ.എ. സ്റ്റേഷനിലെത്തി പ്രതികരിച്ചു. ശ്രീ. അൻവർ സാദത്ത് സി.ഐ.-യുമായി സംസാരിച്ചു. അങ്ങനെ സംസാരിച്ചതിനുശേഷമാണ് ഈ യുവാവിന് P.C.C. നൽകിയതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമല്ലോ, അതിനെക്കുറിച്ചുള്ള വ്യക്തതയാണ് ഞങ്ങൾക്ക് ആവശ്യം.

ശ്രീ. പിണറായി വിജയൻ: സർ, ഇത്തരം കാര്യങ്ങളിൽ പ്രതികരിക്കുന്ന ഒരു എം.എൽ.എ.-യാണ് ശ്രീ. അൻവർ സാദത്തെന്ന് എല്ലാവർക്കുമറിയാമല്ലോ. ഇന്നുവരെ ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. ഇങ്ങനെയൊരു സംഭവമുണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തണമെന്ന് അറിയാത്ത ആളല്ല ശ്രീ. അൻവർ സാദത്ത്. അതിന്റെ കാര്യമെന്താണെന്ന് എനിക്ക് വ്യക്തമായി പറയാൻ കഴിയുകയില്ല. സാധാരണനിലയ്ക്ക് ഒരു പോലീസ് സ്റ്റേഷനിലും ഇത്തരമൊരു നടപടി സ്വീകരിക്കാനിടയില്ല. മറ്റെന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ പ്രത്യേകമായി ഉന്നയിക്കണം.

ശ്രീ. വി. ടി. ബൽറാം: സർ, കേരളം ഒരു സുരക്ഷിത കോട്ടയാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പൊതുയോഗങ്ങളിൽ വലിയ രീതിയിൽ പ്രഖ്യാപിക്കുന്നത്. എന്നാൽ തിരിച്ച് ഓഫീസിലെത്തുമ്പോൾ അദ്ദേഹത്തിൽനിന്നും മറിച്ചൊരു നിർദ്ദേശം പോലീസിന് പോകുന്നുണ്ടോ എന്നുള്ള സംശയമാണ് ഇവിടെ ഉയരുന്നത്. ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട സ്ഥലത്തെ ജനപ്രതിനിധികൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുവേണം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യങ്ങൾ കാണാനും കേൾക്കാനും അറിയാനുമെന്നത് നിർഭാഗ്യകരമായ അവസ്ഥയാണ്. കേരളത്തിൽ നിയമവാഴ്ച നിലനിൽക്കുന്നുണ്ടെങ്കിൽ ഇതൊക്കെ അറിയാനും പരിശോധിക്കാനുമുള്ള സംവിധാനങ്ങളുണ്ടെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. മറ്റു സംസ്ഥാനങ്ങളിൽ ഇത്തരം സമരങ്ങൾക്കെതിരെ ഒരുതരത്തിലുള്ള നടപടിയും ഗവൺമെന്റിന്റെയോ പോലീസിന്റെയോ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ഉത്തർപ്രദേശ് പോലുള്ള സംസ്ഥാനങ്ങളുടെ കാര്യമല്ല ഞാൻ പറയുന്നത്. കോൺഗ്രസും യു.പി.എ.-യിലെ ഘടകകക്ഷികളും ഭരിക്കുന്ന സംസ്ഥാനങ്ങളിലൊക്കെ ഇതിനോടനുബന്ധിച്ചുള്ള സമരങ്ങളോട് അനുഭാവപൂർവ്വമായ സമീപനം ഭരണകൂടങ്ങൾ സ്വീകരിക്കുമ്പോൾ ഇവിടെ നിസ്സാര കാര്യങ്ങൾ ചേർത്ത് കേസ്സെടുക്കുകയാണ്. കേസ്സെടുക്കുന്നത് പ്രകടനം നടത്തിയതിനാണ്. ഇത് ഞാൻ പറയുന്നതല്ല, അങ്ങയുടെ പാർട്ടിയുടെ കോഴിക്കോട് ജില്ലാ സെക്രട്ടറി പരസ്യമായി പറഞ്ഞതാണ്.

മി. സ്പീക്കർ: അങ്ങ് ക്ലാരിഫിക്കേഷൻ ആവശ്യമായ കാര്യത്തിനുള്ള ചോദ്യം ഉന്നയിക്കൂ. പ്രസംഗം ആവശ്യമില്ല.

ശ്രീ. വി. ടി. ബൽറാം: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്ത പരിപാടിയിലെ മൈക്ക് സെറ്റുകാരന് എതിരെപ്പോലും കേസ്സെടുക്കുകയാണ്. ഇങ്ങനെ ചെയ്യുമ്പോൾ പ്രത്യക്ഷമായി സമരങ്ങളെ നിരുത്സാഹപ്പെടുത്താനും അടിച്ചമർത്താനുമുള്ള നീക്കമാണെന്ന അവസ്ഥ നിലനിൽക്കും. അക്കാര്യം പരിശോധിച്ച് അനുഭാവപൂർവ്വമായ സമീപനം സ്വീകരിക്കാൻ പോലീസിന് നിർദ്ദേശം നൽകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ ഇപ്പോൾ സ്വീകരിക്കുന്ന നിലപാടിൽനിന്നും മാറ്റം ആവശ്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. അതിനുള്ള കാരണം ഞാൻ ആവർത്തിച്ച് പറയുകയാണ്, ഇത്തരം പ്രക്ഷോഭങ്ങൾ നിരുത്സാഹപ്പെടുത്തുന്ന ഒരുതരത്തിലുള്ള നടപടിയും ഗവൺമെന്റ് ഏജൻസികളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. നമ്മളെല്ലാവരും എല്ലാവർക്കും അതിനുള്ള അവകാശവുമുണ്ട്. പ്രക്ഷോഭങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണമെന്നതന്നെയാണ് നാം ആലോചിച്ചിരിക്കുന്നത്. ഈ വിഷയത്തിൽ രാജ്യം ശ്രദ്ധിക്കുന്ന രീതിയിൽത്തന്നെ കേരളത്തിന്റെ ഇടപെടൽ വന്നിട്ടുണ്ട്. ഏതൊക്കെയോ സംസ്ഥാനങ്ങളുടെ കാര്യം ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുകയുണ്ടായി, എന്നാൽ രാജ്യം ഏറ്റവുമധികം ശ്രദ്ധിക്കുന്ന രീതിയിൽ ഇടപെടാൻ കഴിഞ്ഞത് നമുക്കാണ്. ഈ വിഷയത്തിൽ മുൻപന്തിയിൽ നിൽക്കുന്നത് നമ്മുടെ സംസ്ഥാനമാണെന്നത് വസ്തുതയാണ്. പ്രക്ഷോഭത്തിനെതിരെ ഇടപെടലുണ്ടാകുന്നുണ്ടെന്ന് പറയാൻ കഴിയില്ല. പക്ഷേ, പ്രക്ഷോഭത്തിന്റെ മറവിൽ അനാവശ്യ നടപടികളിലേയ്ക്ക് നീങ്ങിയാൽ ഫലപ്രദമായ നടപടി സ്വാഭാവികമായും ഉണ്ടാകും. ജനങ്ങളെ ഭിന്നിപ്പിക്കാനുള്ള ശ്രമം ഉണ്ടാകാൻ പാടില്ല. ചില കാര്യങ്ങളിൽ അങ്ങനെയും വരുന്നുണ്ട്. അത്തരം സ്ഥലങ്ങളിൽ പോലീസ് നോക്കിനിൽക്കുമോ? അവിടെ ഫലപ്രദമായ നടപടി സ്വീകരിക്കേണ്ടിവരും. അതേസമയം പൗരത്വ നിയമ ഭേദഗതിക്കെതിരെയുള്ള ജനകീയ പ്രക്ഷോഭത്തിൽ എത്രമാത്രം കൂടുതൽ യോജിപ്പും ഐക്യവും പങ്കാളിത്തവും ഉണ്ടാക്കാൻ കഴിയുമോ അത്രമാത്രം അതുണ്ടാക്കാൻ നമുക്കെല്ലാം കഴിയേണ്ടതുണ്ട്.

ശ്രീ. റോജി എം. ജോൺ: സർ, അക്രമസ്വഭാവമുള്ള പ്രതിഷേധങ്ങൾക്കെതിരെ കേസെടുക്കേണ്ടത് സ്വാഭാവികമാണെന്ന് അങ്ങ് പറയുന്നുണ്ട്. പക്ഷേ, ഇവിടെ പരാമർശിക്കപ്പെട്ട ഒരു കാര്യം, വെള്ളിയാഴ്ചത്തെ ജുമ്-അ നമസ്കാരത്തിനുശേഷം അങ്കമാലിയിൽ മഹല്ല് കമ്മിറ്റി നടത്തിയ ഒരു പ്രതിഷേധ പ്രകടനത്തെ

സംബന്ധിച്ചാണ്. ഞാൻ ആ പരിപാടിയിൽ പങ്കെടുത്ത ആളാണ്. രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നടത്തുന്നതിനെക്കാളും അച്ചടക്കത്തോടെ വരിവരിയായി നടത്തിയ ഒരു പ്രകടനമായിരുന്നു. അതിൽ പങ്കെടുത്ത ഇരുന്നൂറോളം പേർക്കെതിരെ ഇപ്പോൾ കേസ്സെടുത്തിരിക്കുകയാണ്. ....(ബഹളം).... ശ്രീ. എ. എൻ. ഷംസീർ... ഞാൻ പറയട്ടെ... ഇവിടെ പറയുന്നതും യാഥാർത്ഥ്യവും തമ്മിൽ പൊരുത്തപ്പെടണ്ടേ? കേസ്സെടുത്തതിനുശേഷം ഇമാമിനെയും മഹല്ല് കമ്മിറ്റിക്കാരെയും പോലീസ് നിരന്തരമായി വിളിച്ച് പ്രതിചേർക്കാനായി ആളുകളുടെ പേര് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. കേസ്സെടുത്തതിന് പറയുന്ന കാരണം, ഗതാഗതക്കുരുക്കുണ്ടാക്കി എന്നാണ്. വെള്ളിയാഴ്ച നട്ടുച്ച സമയത്ത് അവിടെ ഒരു ഗതാഗതക്കുരുക്കുമുണ്ടായിട്ടില്ല, സമാധാനപരമായ സമരമായിരുന്നു. ഗതാഗതക്കുരുക്കുണ്ടാക്കിയതിന്റെ പേരിൽ മാത്രം ഇരുന്നൂറോളം പേർക്കെതിരെ കേസ്സെടുക്കാനാണെങ്കിൽ ആ സംഭവമുണ്ടായി രണ്ടുദിവസം കഴിഞ്ഞപ്പോൾ നടന്ന മനുഷ്യ മഹാശൃംഖലയിൽ ഗതാഗതക്കുരുക്കുണ്ടായില്ലേയെന്നും അതിന് കേസ്സെടുക്കുമോയെന്നും ഞാൻ പോലീസിനോട് ചോദിച്ചു. ഇത്രമാത്രം സമാധാനപരമായി, യാതൊരു പ്രകോപനവും കൂടാതെ, അച്ചടക്കത്തോടെ നടക്കുന്ന, പ്രത്യേകിച്ചും മഹല്ല് കമ്മിറ്റികൾ ഉൾപ്പെടെ നടത്തുന്ന സമരങ്ങൾക്കെതിരെ കേസ്സെടുത്തിരിക്കുന്നത് പിൻവലിക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, മഹല്ല് കമ്മിറ്റികൾ ധാരാളം പ്രക്ഷോഭങ്ങൾ നടത്തിയിട്ടുണ്ട്, അതെല്ലാം സമാധാനപരമായി നടത്താൻ അവർ ശ്രദ്ധിച്ചിട്ടുമുണ്ട്. നല്ലരീതിയിലുള്ള ഇടപെടൽ വിവിധ മഹല്ല് കമ്മിറ്റികളുടെ നേതൃത്വത്തിൽ നടന്നിട്ടുണ്ട്. എന്നാൽ നമ്മുടെ നാട്ടിൽ എസ്.ഡി.പി.ഐ. എന്ന തീവ്രവാദപരമായി ചിന്തിക്കുന്ന ഒരു വിഭാഗമുണ്ടെന്ന വസ്തുത നാം കാണേണ്ടതുണ്ട്. അവരിൽ ചിലർ ചിലയിടങ്ങളിൽ നുഴഞ്ഞുകയറി പ്രശ്നങ്ങളുണ്ടാക്കിയിട്ടുണ്ട്. അതിനെതിരെ പോലീസിന്റെ ഭാഗത്തുനിന്നും നടപടി ഉണ്ടായിട്ടുണ്ടാകാം. അവർ അക്രമ പ്രവർത്തനങ്ങളിലോ നിയമവിരുദ്ധമായ കാര്യങ്ങളിലോ ഏർപ്പെട്ടാൽ.. (....ബഹളം...) എസ്.ഡി.പി.ഐ.-യെക്കുറിച്ച് പറയുമ്പോൾ നിങ്ങൾക്ക് പൊള്ളേണ്ട കാര്യമെന്താണ്; പ്രശ്നമെന്താണ്?

മി. സ്പീക്കർ: പ്ലീസ്.... പ്രകോപനത്തിന്റെ കാര്യം മനസ്സിലായില്ല. ഇരിക്കൂ... നിങ്ങൾ ബഹളം വയ്ക്കുന്നത് എന്തിനാണ്? ശ്രീ. റോജി എം. ജോണിന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരം പറയുന്നത് നിങ്ങൾ കേൾക്കൂ. ശ്രീ. കെ. സി. ജോസഫ്, എന്താണ് കാര്യമെന്ന് മനസ്സിലാകുന്നില്ല. ഇരിക്കൂ...

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ പറഞ്ഞതിൽ അവർക്കെന്തോ തെറ്റിദ്ധാരണ ഉണ്ടായിട്ടുണ്ട്, ഞാൻ പറഞ്ഞതെന്താണെന്ന് ആവർത്തിക്കാം. വിവിധ മഹല്ല് കമ്മിറ്റികളുടെ നേതൃത്വത്തിൽ പ്രക്ഷോഭം നടന്നിട്ടുണ്ട്. വളരെ നല്ലരീതിയിൽ ആളുകൾ അണിനിരന്നുകൊണ്ടുള്ള പ്രക്ഷോഭങ്ങൾ അവരുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. അതെല്ലാം സമാധാനപരമായി നടത്താൻ മഹല്ല് കമ്മിറ്റികൾ ശ്രദ്ധിച്ചിട്ടുണ്ട്. എന്നാൽ നാട്ടിൽ എസ്.ഡി.പി.ഐ. എന്നൊരു വിഭാഗമുണ്ട്. (...ബഹളം...) പിന്നെയും ശബ്ദം വരികയാണ്. എന്തിനാണ് എസ്.ഡി.പി.ഐ.-യെക്കുറിച്ച് പറയുമ്പോൾ അവർ ചൂടാകുന്നത്? നാട്ടിൽ എസ്.ഡി.പി.ഐ. എന്നൊരു വിഭാഗമുണ്ട്, അവരുണ്ടാക്കുന്ന പ്രശ്നങ്ങളുണ്ട്. (...ബഹളം...) ഇതെന്താണ്?

മി. സ്പീക്കർ: അദ്ദേഹം പറഞ്ഞുകഴിയട്ടെ. Let him conclude.

ശ്രീ. പിണറായി വിജയൻ: സർ, എസ്.ഡി.പി.ഐ.-യെക്കുറിച്ചും തീവ്രവാദത്തെക്കുറിച്ചും ഞാൻ പറയാൻ പാടില്ല എന്നാണോ? എന്തിനാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ശബ്ദമുണ്ടാക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. എസ്.ഡി.പി.ഐ.-യെപ്പോലുള്ള ചില തീവ്രവാദ സംഘടനകൾ ഇത്തരം പ്രശ്നങ്ങളിലിടപെട്ട് കാര്യങ്ങൾ വഴിതിരിച്ചുവിടാൻ ശ്രമിക്കുന്നുണ്ട്. അതിന്റെ ഭാഗമായി ചില അക്രമസംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ചിലയിടത്ത് ജനങ്ങളെ ഭിന്നിപ്പിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ഇതിന്റെയൊക്കെ ഭാഗമായി പലതരത്തിലുള്ള സ്പർദ്ധ വളർത്താനുള്ള നീക്കങ്ങളുണ്ടാകുന്നുണ്ട്. ഈ പ്രക്ഷോഭം യോജിച്ച രീതിയിൽ നടത്തണമെന്നതാണ് നമ്മുടെയെല്ലാം കാഴ്ചപ്പാട്. എല്ലാവരുടെയും യോജിപ്പ് ഇതിൽ വളരെ പ്രധാനമാണ്. അത്തരം കാര്യങ്ങളിൽ പ്രക്ഷോഭത്തിന് അനുകൂലമായ നിലയുണ്ടെന്നുള്ളതുകൊണ്ട് വഴിവിട്ടുപോയാൽ, നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടന്നാൽ, അക്രമപ്രവർത്തനങ്ങൾ നടന്നാൽ കയ്യും കെട്ടിയിരിക്കാൻ കഴിയില്ല, അപ്പോൾ പോലീസിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകും. അതാണ് സംഭവിച്ചത്.

മി. സ്പീക്കർ: യഥാർത്ഥ ചോദ്യകർത്താക്കളുടെ ഊഴം കഴിഞ്ഞിട്ടില്ല. ശ്രീ. മഞ്ഞളാംകുഴി അലിയാണ് ചോദിക്കേണ്ടത്. ഉപചോദ്യങ്ങൾ എടുക്കാറായിട്ടില്ല. കീഴ്വഴക്കങ്ങൾ അംഗീകരിക്കണം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അങ്കമാലിയിൽ ആകെ മൂന്ന് എസ്.ഡി.പി.ഐ. പ്രവർത്തകരേയുള്ളൂവെന്നാണ് അവിടെയുള്ളവർ പറയുന്നത്. എന്റെ ചോദ്യം അതല്ല, പൗരത്വ നിയമ ഭേദഗതിയെ അനുകൂലിച്ച് മതസ്പർദ്ധ വളർത്തുന്ന തരത്തിൽ മുദ്രാവാക്യം വിളിച്ച്, മുഷ്ടിചുരുട്ടി പ്രകടനം നടത്തിയവർക്കെതിരെ പോലീസ് എവിടെയെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ? ആ പ്രകടനം നടക്കുന്ന സമയത്ത് അവിടെയുള്ള കടകൾ അടച്ചുപൂട്ടിയിരുന്നു, ഓട്ടോറിക്ഷക്കാർ മാറിപ്പോയിരുന്നു. അവർക്കെതിരെ കേസ്സെടുക്കുകയും മതസ്പർദ്ധ

വളർത്തുന്ന തരത്തിൽ മുദ്രാവാക്യം വിളിച്ചവർക്കെതിരെ എവിടെയും കേസ്സെടുക്കാതിരിക്കുകയും ചെയ്ത നടപടി ശരിയാണോ; ഇത് സർക്കാരിന്റെ നയമാണോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം പ്രധാനപ്പെട്ട ഒരു പ്രശ്നത്തിലേയ്ക്കാണ് വിരൽചൂണ്ടിയത്, അത് ശരിയാണ്. നമ്മുടെ നാട്ടിൽ മതസ്പർദ്ധ വളർത്താനുള്ള ചില നീക്കങ്ങൾ നടക്കുന്നുണ്ട്. മതസ്പർദ്ധ വളർത്താനുള്ള നീക്കങ്ങൾ നമുക്ക് ഒരുതരത്തിലും അംഗീകരിക്കാൻ കഴിയില്ല. ഏതുകൂട്ടരായാലും അതിനെതിരെ കർക്കശ നടപടി വേണ്ടിവരും. വിവിധ രീതിയിലുള്ള സ്പർദ്ധ വളർത്താനാണ് ശ്രമം നടക്കുന്നത്, അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. അത്തരം കാര്യങ്ങൾ ഏതുവിഭാഗം നടത്തിയാലും അവർക്കെതിരെ ഫലപ്രദമായ നടപടി സ്വീകരിക്കുകതന്നെ ചെയ്യും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി തെറ്റിദ്ധരിക്കപ്പെട്ട നിലയിലാണ് ചില കാര്യങ്ങൾ പറഞ്ഞത്. ഞങ്ങൾക്ക് എസ്.ഡി.പി.ഐ.-യെ പിന്തുണയ്ക്കേണ്ട ഒരാവശ്യവുമില്ല. ഈ നാട്ടിൽ എസ്.ഡി.പി.ഐ.-യുടെ പിന്തുണ വാങ്ങിയിട്ടുള്ളവർ ആരാണെന്ന് എല്ലാവർക്കും അറിയാം. ശ്രീ റോജി എം. ജോൺ ഉന്നയിച്ച ചോദ്യം വ്യക്തമാണ്. അങ്കമാലിയിൽ നടന്ന ഒരു പ്രകടനത്തിൽ പങ്കെടുത്തവരുടെ പേരിൽ കേസ്സെടുത്തുവെന്നാണ് പറഞ്ഞത്. അവിടെ ആരും ഒരനിഷ്ടസംഭവവും ഉണ്ടാക്കിയിട്ടില്ല. മതസ്പർദ്ധ വളർത്തുന്നവർക്കെതിരെ നടപടിയെടുക്കുന്നതിനെ ഞങ്ങൾ എന്തിനാണ് എതിർക്കുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്, ഉത്തർപ്രദേശിലെ നടപടി കേരളത്തിൽ ആവർത്തിക്കാൻ പാടില്ലെന്നാണ്. ശ്രീ. അമിത് ഷായുടെ നിലപാട് കേരളത്തിൽ ആവർത്തിക്കരുത് എന്നുമാത്രമാണ് പറയാനുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞകാര്യം വളരെ നല്ലതാണ്. അദ്ദേഹത്തിന്റെ അനുയായികൾ എസ്.ഡി.പി.ഐ. എന്നുകേൾക്കുമ്പോൾത്തന്നെ വിറളിപിടിച്ചത് ശരിയായില്ല എന്നാണ് പറഞ്ഞത്, അതിന് എന്നെ കരുവാക്കിയെന്ന് മാത്രമേയുള്ളൂ. എസ്.ഡി.പി.ഐ. എന്നുപറയുമ്പോൾ അദ്ദേഹത്തിന്റെ അനുയായികൾ അതിൽ പ്രതിഷേധിക്കേണ്ട കാര്യമില്ലല്ലോ? ഇക്കാര്യത്തിൽ സർക്കാരിന്റെ സമീപനം എന്താണെന്നതിനെക്കുറിച്ചാണ് ഞാൻ പറയാൻ ശ്രമിച്ചത്. (...ബഹളം...)

മി. സ്പീക്കർ: ശ്രീമതി ഷാനിമോൾ ഉസ്മാന് പറയാനുള്ളത് പ്രത്യേകമായി എഴുതിത്തന്നാൽ മതി. വേണമെങ്കിൽ സബ്മിഷന് അവസരം തരാം.

ഓർഡർ... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2 രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ പ്രവർത്തന വിപുലീകരണം

5 (*4) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. കെ. രാജൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ്യ വസ്തുക്കളുടെ പൊതുവിതരണം എന്ന കാര്യത്തിൽ മാത്രം ഒതുങ്ങിനിന്ന ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ പ്രവർത്തന മേഖല വിപുലപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) പൗരന്മാരുടെ ഭക്ഷണ അവകാശം സംരക്ഷിക്കുന്നതിന് ചുമതലപ്പെട്ട വകുപ്പായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് മാറിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും കാരണവശാൽ റേഷൻ വിഹിതം ലഭിക്കാത്തവർക്ക് ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്ന ഭക്ഷ്യഭദ്രതാ ബത്ത നല്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഭക്ഷ്യവും പൊതുവിതരണവും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) റേഷൻകടകളുടെ വൈവിധ്യവത്ക്കരണത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ഉപകാരപ്രദവും വ്യാപാരികൾക്ക് അധിക വരുമാനവും ലഭ്യമാക്കുന്നതിന് റേഷൻ ഇതര സാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന പദ്ധതിയുടെ ആദ്യപടിയായി കുപ്പിവെള്ളം, സപ്ലൈകോ, ശബരി ഉൽപ്പന്നങ്ങൾ എന്നിവയുടെ വിതരണം കോഴിക്കോട് ഒഴികെയുള്ള ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. പ്രധാനമായും ശബരി ഉൽപ്പന്നങ്ങളായ തേയില, വെളിച്ചെണ്ണ, ഉപ്പ്, കറി പൗഡറുകൾ, കായം, സോപ്പ്, അപ്പപ്പൊടി എന്നിവ വിതരണം നടത്തിവരുന്നു.

(ബി) ഉണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013-ലെ Chapter 2 Clause 3 പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടുവരുന്ന ഓരോ അംഗത്തിനും പ്രതിമാസം 5 കിലോഗ്രാം ഭക്ഷ്യധാന്യം സബ്സിഡി നിരക്കിൽ വിതരണം നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അന്ത്യോദയ അന്നയോജന വിഭാഗത്തിലുൾപ്പെടുന്ന കുടുംബങ്ങൾക്ക് ഓരോ മാസവും 35 കിലോഗ്രാം ഭക്ഷ്യധാന്യം നൽകുന്നതിനും

വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതുപ്രകാരം മുൻഗണനാ വിഭാഗത്തിന് കിലോയ്ക്ക് രണ്ടുരൂപ നിരക്കിലും എ.എ.വൈ. വിഭാഗത്തിന് പൂർണ്ണമായും സൗജന്യമായും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തുവരുന്നുണ്ട്. ഈ ഇനത്തിൽ 1,54,80,040 അംഗങ്ങൾക്ക് ഭക്ഷ്യധാന്യം നൽകിവരുന്നു. നിലവിൽ 1.04 കോടി ജനങ്ങൾക്ക് സബ്സിഡി നിരക്കിൽ (കിലോയ്ക്ക് 4/-രൂപ) ഓരോ മാസവും രണ്ട് കിലോ അരിയും, ഓരോ കുടുംബത്തിനും 2 മുതൽ 3 വരെ കിലോഗ്രാം ആട്ടയും വിതരണം ചെയ്തുവരുന്നു. കൂടാതെ 24.48 ലക്ഷം (പൊതുവിഭാഗം നോൺ സബ്സിഡി) കുടുംബങ്ങൾക്ക് മാസംതോറും ഭക്ഷ്യധാന്യം ലഭിക്കുന്നതിനനുസരിച്ച് വിതരണം ചെയ്തുവരുന്നു (2020 ജനുവരി മാസത്തിൽ 10 കിലോഗ്രാം അരിയും 2 മുതൽ 3 കിലോഗ്രാം വരെ ആട്ടയും വിതരണം ചെയ്തു). ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 അനുശാസിക്കുന്ന പ്രകാരമുള്ള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ നിലവിൽ വന്നിട്ടുണ്ട്. നിയമത്തിന്റെ Chapter 2-ൽ പ്രതിപാദിക്കുന്ന രീതിയിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തുന്നുണ്ടോ എന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനും ഭക്ഷ്യധാന്യങ്ങൾ നൽകുന്നത് സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിനും സംസ്ഥാന ഭക്ഷ്യകമ്മീഷന് അധികാരമുണ്ട്.

സംസ്ഥാനത്തെ പാതയോരങ്ങളിലും റെയിലിന്റെ പരിസരത്തും റോഡുവക്കിലും ഷെഡ്ഡ് കെട്ടി താമസിക്കുന്നവർക്കുപോലും റേഷൻ കാർഡ് നൽകുകയും ആയതുവഴി ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. മേൽ വിവരിച്ച പ്രകാരം പൗരന്മാരുടെ ഭക്ഷണ അവകാശം സംരക്ഷിക്കുന്നതിന് വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഭക്ഷ്യഭദ്രതാ നിയമം 2013-ലെ അനുച്ഛേദം (8) പ്രകാരം എ.എ.വൈ, മുൻഗണന വിഭാഗത്തിലുള്ള കാർഡുടമയ്ക്ക് അർഹതപ്പെട്ട ഭക്ഷ്യധാന്യം ലഭ്യമാക്കാൻ കഴിഞ്ഞില്ലെങ്കിൽ ടി ആൾക്കാർക്ക് ഫുഡ് സെക്യൂരിറ്റി അലവൻസ് നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി വിഷയം പരിശോധിക്കുന്നതിനായി ഒരു നോഡൽ ഓഫീസറെ നിയോഗിക്കണമെന്ന് 2015-ലെ ഫുഡ് സെക്യൂരിറ്റി അലവൻസ് റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കേരളാ ഫുഡ് സെക്യൂരിറ്റി റൂൾസ് 2018-ലെ ചട്ടം 25 പ്രകാരം റേഷനിംഗ് ഇൻസ്പെക്ടറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി നോഡൽ ഓഫീസർ റേഷൻ കടയിൽ പരിശോധന നടത്തുമ്പോൾ, ഫോൺ മുഖാന്തരമോ, എഴുതി തയ്യാറാക്കിയോ ഗുണഭോക്താക്കൾ പരാതി ബോധ്യപ്പെടുത്തിയാൽ ആയത് പരിശോധിച്ച് ജില്ലാതല പരാതിപരിഹാര ഓഫീസർക്ക് റിപ്പോർട്ട് നൽകേണ്ടതും ജില്ലാതല പരാതി പരിഹാര ഓഫീസർ ടി പരാതിയിന്മേൽ തീർപ്പ് കൽപ്പിച്ച്

ഗുണഭോക്താവിന് അവരുടെ അർഹതപ്പെട്ട ഫുഡ് സെക്യൂരിറ്റി അലവൻസ് റേഷൻ വ്യാപാരിയുടെ സെക്യൂരിറ്റി ഡിപ്പോസിറ്റിൽ നിന്നോ ഡീലർ കമ്മീഷനിൽ നിന്നോ ഈടാക്കി നൽകുന്നുണ്ട്. സംസ്ഥാനത്ത് നാളിതുവരെ 22 കാർഡുടമകൾക്ക് 11327.50 രൂപ ഫുഡ് സെക്യൂരിറ്റി അലവൻസായി നൽകിയിട്ടുണ്ട്.

## പൗരത്വ രജിസ്റ്ററും ജനസംഖ്യാ രജിസ്റ്ററും സംബന്ധിച്ച നിലപാട്

6 (*5) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. സ്വരാജ്:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗരത്വത്തിന് മതം അടിസ്ഥാനമാക്കുന്ന ദേശീയ പൗരത്വ രജിസ്റ്ററും അതിലേയ്ക്ക് നയിക്കാനുദ്ദേശിച്ചുകൊണ്ടുള്ള ജനസംഖ്യാ രജിസ്റ്ററും സംസ്ഥാനത്ത് നടപ്പിലാക്കില്ലെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; തടങ്കൽപാളയങ്ങൾ നിർമ്മിക്കാനുള്ള കേന്ദ്രനിർദ്ദേശം സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജനസംഖ്യാ കണക്കെടുപ്പിന്റെ മറവിൽ ജനസംഖ്യാ രജിസ്റ്റർ തയ്യാറാക്കാൻ ചില കേന്ദ്രങ്ങൾ ഗൂഢശ്രമം നടത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ; ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ കർശന നടപടിയുണ്ടാകുമോയെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ വിഷയത്തിൽ സംസ്ഥാന നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ പ്രമേയത്തിനെതിരെ ജനാധിപത്യത്തിനും ഫെഡറലിസത്തിന്റെ അന്തഃസത്തയ്ക്കും ഹാനിയേല്പിക്കുന്ന തരത്തിൽ അധികാരസ്ഥാനീയരിൽ ചിലർ ഉൾപ്പെടെയുള്ളവർ രംഗത്ത് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സുപ്രീം കോടതിയെ സമീപിച്ചതിൽ ഏതെങ്കിലും തരത്തിലുള്ള പ്രോട്ടോക്കോൾ ലംഘനം ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പ്രഖ്യാപിച്ചിട്ടുണ്ട്. തടങ്കൽ പാളയങ്ങൾ നിർമ്മിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ നിർദ്ദേശം സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 20-12-2019-ലെ സർക്കാർ ഉത്തരവ് നമ്പർ

(എം.എസ്) 247/2019/പൊ.ഭ.വ. പ്രകാരം സംസ്ഥാനത്തെ ദേശീയ ജനസംഖ്യാ രജിസ്റ്റർ സംബന്ധിച്ച എല്ലാ പ്രക്രിയയും സ്റ്റേ ചെയ്യാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ദേശീയ ജനസംഖ്യാ രജിസ്റ്റർ സംബന്ധിച്ച യാതൊരു നടപടിയും ഏറ്റെടുത്ത് നടത്തുവാനോ അതുമായി സഹകരിക്കുവാനോ സംസ്ഥാന സർക്കാരിന് കഴിയില്ലായെന്ന് കേന്ദ്ര സർക്കാരിന്റെ രജിസ്ട്രാർ ജനറൽ & സെൻസസ് കമ്മീഷണറെ അറിയിച്ചിട്ടുമുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും ജില്ലാ കളക്ടർമാർക്ക് നേരിട്ടുലഭിക്കുന്ന കത്തിൽ ദേശീയ ജനസംഖ്യാ രജിസ്റ്റർ (NPR) സംബന്ധിച്ച കാര്യംകൂടി സൂചിപ്പിക്കുന്നതിനാൽ ചില ഉദ്യോഗസ്ഥർ ജനസംഖ്യാ കണക്കെടുപ്പുമായി ബന്ധപ്പെട്ട് അയയ്ക്കുന്ന സന്ദേശങ്ങളിൽ അശ്രദ്ധമായി എൻ.പി.ആർ. കൂടെ ഉൾപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടു. തുടർന്ന് ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും ഏതെങ്കിലും ഉദ്യോഗസ്ഥർ അശ്രദ്ധമായി പ്രവർത്തിച്ചാൽ അവർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കണമെന്നും പ്രിൻസിപ്പൽ സെൻസസ് ഓഫീസർമാർ കൂടിയായ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സെൻസസ് പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പിന്റെ തലവൻമാർക്കും ഇത്തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല. ഇതുസംബന്ധിച്ച് പൊതുഇടങ്ങളിൽ ചില അഭിപ്രായ പ്രകടനങ്ങൾ ശ്രദ്ധയിൽ വന്നിട്ടുണ്ടെങ്കിലും പരാതിയായോ പ്രതിഷേധത്തിന്റെയോ രൂപത്തിൽ സർക്കാരിന് മുൻപാകെ ഈ വിഷയം ഉയർന്നുവന്നിട്ടില്ല.

(ഡി) ഉണ്ടായിട്ടില്ല.

**സെൻസസ് ഉദ്യോഗസ്ഥർക്കുള്ള നിർദ്ദേശങ്ങൾ**

7 (*6) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പൗരത്വ പട്ടിക നടപ്പിലാക്കുന്നതിനുള്ള ആദ്യപടിയായിട്ടാണ് കേന്ദ്ര സർക്കാർ ജനസംഖ്യാ പട്ടിക പുതുക്കുന്നത് എന്ന വസ്തുത സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വീടുകളിലെത്തി സെൻസസ്സ് എടുക്കേണ്ട ഉദ്യോഗസ്ഥർക്ക്, എൻ.പി.ആർ. കൂടി പുതുക്കണമെന്ന് കാണിച്ച് 12-11-2019 ലെ ജി.ഒ.(എം.എസ്) 218/2019/ജി.എ.ഡി. നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നോ;

(സി) പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്യുകയോ ഭേദഗതി ചെയ്യുകയോ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) സെൻസസിനോടൊപ്പം എൻ.പി.ആർ. വിവരങ്ങൾ കൂടി പുതുക്കണമെന്ന് കാട്ടിയും ഉദ്യോഗസ്ഥരെ ഇതിനായി വിട്ട് കിട്ടണമെന്ന് ആവശ്യപ്പെട്ടും ജനവരി 13-ന് താമരശ്ശേരി തഹസീൽദാർ കത്ത് നൽകിയത് പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലാണോയെന്ന് വ്യക്തമാക്കുമോ;

(ഇ) പൗരത്വ ഭേദഗതി നിയമത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്ക അകറ്റുന്നതിനും സെൻസസ് നടപടികൾ കുറ്റമറ്റ രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിനും എന്തൊക്കെ ഇടപെടലുകളാണ് ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള രജിസ്ട്രാർ ജനറൽ & സെൻസസ്സ് കമ്മീഷണറുടെ നിർദ്ദേശം പരിഗണിച്ച് സംസ്ഥാനത്ത് സെൻസസ്/എൻ.പി.ആർ. പ്രവർത്തനങ്ങൾക്കായി വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. സിറ്റിസൺഷിപ്പ് അമെന്റ്മെന്റ് ആക്റ്റ് 2019 പാസ്സാക്കിയശേഷം തുടർന്ന് എൻ.പി.ആർ. പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതില്ലായെന്ന് സർക്കാർ തീരുമാനിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എൻ.പി.ആർ. നടപടികൾ ഏറ്റെടുത്ത് നടത്തേണ്ടതില്ലായെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ദേശീയ ജനസംഖ്യാ രജിസ്റ്റർ സംബന്ധിച്ച എല്ലാ പ്രക്രിയയും സ്റ്റേ ചെയ്തുകൊണ്ട് 20-12-2019-ലെ സ.ഉ.(എം.എസ്) 247/ 2019/ പൊ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് എൻ.പി.ആർ.പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതില്ലായെന്ന് ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുമുണ്ട്.

(ഡി) സംസ്ഥാനത്ത് ദേശീയ ജനസംഖ്യാ രജിസ്റ്റർ (എൻ.പി.ആർ) സംബന്ധിച്ച എല്ലാ പ്രക്രിയയും സ്റ്റേ ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ദേശീയ ജനസംഖ്യാ രജിസ്റ്റർ നടപടി ഏറ്റെടുത്ത് നടപ്പാക്കാനോ അതുമായി സഹകരിക്കാനോ സംസ്ഥാന സർക്കാരിന് കഴിയില്ലായെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുമുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ ജില്ലാ കളക്ടർമാർക്ക് നൽകുന്ന കത്തുകളിൽ എൻ.പി.ആർ. കൂടി പരാമർശിക്കുന്നുണ്ട്. ഇക്കാരണത്താൽ ചില ഉദ്യോഗസ്ഥർ ജനസംഖ്യാ കണക്കെടുപ്പുമായി ബന്ധപ്പെട്ട് നൽകുന്ന കത്തുകളിൽ എൻ.പി.ആർ.-ന്റെ കാര്യംകൂടി അശ്രദ്ധമായി പരാമർശിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു. തുടർന്ന് ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ

വ്യക്തിപരമായ ശ്രദ്ധ ചെലുത്തണമെന്നും അശ്രദ്ധമായി കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്നും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സെൻസസ്സ് പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പിന്റെ തലവന്മാർക്കും ഇത്തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) 20-12-2019-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 247/2019/പൊ.ഭ.വ. പ്രകാരം സംസ്ഥാനത്തെ ദേശീയ ജനസംഖ്യാ രജിസ്റ്റർ സംബന്ധിച്ച എല്ലാ പ്രക്രിയയും സ്റ്റേ ചെയ്യാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

2019 ഡിസംബർ 29-ന് ഈ വിഷയങ്ങൾ ചർച്ച ചെയ്യുവാനായി മുഖ്യമന്ത്രി സംസ്ഥാനത്തെ രാഷ്ട്രീയ കക്ഷികളുടെയും സാമൂഹ്യ-മത-സാമുദായിക സംഘടനാ നേതാക്കളുടെയും യോഗം വിളിച്ചുചേർത്തു.

സംസ്ഥാനത്തെ ജനാഭിലാഷത്തെ പ്രതിഫലിപ്പിച്ചുകൊണ്ട് ഭരണഘടനയിലെ മതനിരപേക്ഷ മൂല്യങ്ങൾ ഇല്ലാതാക്കുന്നതും പൗരത്വം നൽകുന്നതിൽ മതപരമായ വിവേചനം സൃഷ്ടിക്കുന്നതുമായ പൗരത്വ ഭേദഗതി നിയമം-2019 റദ്ദാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം കേരള നിയമസഭയിൽ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

സംസ്ഥാന സർക്കാർ ഭരണഘടനയുടെ അനുച്ഛേദം 131 പ്രകാരം അനുവദിച്ചുനൽകിയിട്ടുള്ള ഭരണഘടനാവകാശം വിനിയോഗിച്ച് പൗരത്വ ഭേദഗതി നിയമം-2019-ന്റെ ഭരണഘടനാ സാധുത ആരാഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ 2020 ജനുവരി 13-ന് ഒറിജിനൽ സ്യൂട്ട് ഫയൽ ചെയ്യുകയുമുണ്ടായി.

ദേശീയ ജനസംഖ്യാ രജിസ്റ്റർ പുതുക്കൽ നടപടികൾ സംസ്ഥാനത്ത് ഏറ്റെടുത്ത് നടത്തുവാനോ അതുമായി സഹകരിക്കുവാനോ സംസ്ഥാന സർക്കാരിന് നിർവ്വാഹമില്ല എന്നുള്ള കാര്യം കേന്ദ്ര സർക്കാരിന്റെ രജിസ്ട്രാർ ജനറൽ & സെൻസസ് കമ്മീഷണറെ അറിയിക്കുന്നതിന് 20-1-2020-ൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനം കൈക്കൊള്ളുകയും അതിൻപ്രകാരം ചീഫ് സെക്രട്ടറി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് രണ്ട് ഘട്ടമായി നടക്കുന്ന ജനസംഖ്യ കണക്കെടുപ്പ് (സെൻസസ്-2021)-മായി സർക്കാർ പൂർണ്ണമായി സഹകരിക്കുമെന്നും രജിസ്ട്രാർ ജനറൽ & സെൻസസ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്. ജനസംഖ്യാ കണക്കെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുവാനും ജനസംഖ്യാ കണക്കെടുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ നടത്തുവാനും വിവിധ തട്ടിലുള്ള ജീവനക്കാരെ ചുമതലപ്പെടുത്തുക, ഇതുമായി ബന്ധപ്പെട്ട ജീവനക്കാരുടെ സ്ഥലംമാറ്റം ഈ കാലയളവിൽ നിർത്തിവയ്ക്കുക, ജനസംഖ്യാ കണക്കെടുപ്പുമായി ബന്ധപ്പെട്ട് ചോദ്യാവലികൾ പുനഃപ്രസിദ്ധീകരിക്കുക തുടങ്ങി ജനസംഖ്യാ കണക്കെടുപ്പ് (Census-2021)

സുഗമമായി നടത്തുന്നതിന് രജിസ്ട്രാർ ജനറൽ & സെൻസസ് കമ്മീഷണർ ഓഫ് ഇന്ത്യ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

## സപ്ലൈകോ ഔട്ട്ലെറ്റുകളുടെ പ്രവർത്തനം

8 (*7) ശ്രീ. സി. എഫ്. തോമസ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ ഔട്ട്ലെറ്റുകളിൽ അവശ്യ സാധനങ്ങളുടെ വിലക്കയറ്റവും ലഭ്യതക്കുറവും പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഔട്ട്ലെറ്റുകളിൽ അവശ്യ സാധനങ്ങൾ പലതും ജനങ്ങൾക്ക് മുൻകാലങ്ങളിൽ ലഭിച്ചു കൊണ്ടിരുന്നതിനേക്കാൾ കുറഞ്ഞ അളവിൽ നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) സപ്ലൈകോ ഔട്ട്ലെറ്റുകൾ ജനസൗഹൃദമാക്കുന്നതിനും കാലോചിതമായി പരിഷ്കരിക്കുന്നതിനും ഷോപ്പുകൾ ആധുനികവൽക്കരിക്കു ന്നതിനും നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) സപ്ലൈകോ ഔട്ട്ലെറ്റുകളിൽ അവശ്യ സാധനങ്ങൾക്ക് വിലക്കയറ്റമുണ്ടായിട്ടില്ല. കാര്യക്ഷമമായ പർച്ചേസ് സംവിധാനത്തിലൂടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് വേണ്ട നടപടികൾ എടുത്തിട്ടുണ്ട്. ടെണ്ടർ മുഖേനയും നാഫെഡ്, കേന്ദ്രീയ ഭണ്ഡാർ തുടങ്ങിയ കേന്ദ്ര ഏജൻസികൾ മുഖേനയും സാധനങ്ങൾ എത്തിച്ച് അവശ്യ സാധനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കുറഞ്ഞ വിലയിൽ കൂടുതൽ സാധനങ്ങൾ വിപണിയിൽ എത്തിക്കുകവഴി അവശ്യ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രണാധീനമാക്കുന്നതിനും സാധിക്കുന്നുണ്ട്.

(ബി) ആവശ്യകതയ്ക്ക് അനുസരിച്ച് ഓരോ മാസവും ഇ-ടെണ്ടർ നടത്തി, സപ്ലൈകോ വില്പനശാലകളിൽ എല്ലാ അവശ്യ വസ്തുക്കളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. സബ്സിഡി നിരക്കിൽ വില്പന നടത്തുന്ന ചില സാധനങ്ങൾക്ക് ഉൽപ്പാദന കേന്ദ്രങ്ങളിലുണ്ടായ വിലക്കയറ്റം (വൻപയർ, ഉഴുന്ന് എന്നിവയുടെ), ലഭ്യതക്കുറവ് എന്നിവമൂലവും കൂടുതൽ ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയുടെ പ്രയോജനം എത്തിക്കാനും പ്രതിമാസ വിതരണത്തോതിൽ താൽക്കാലികമായ കുറവ് വരുത്തേണ്ടിവന്നിട്ടുണ്ട്. കാര്യക്ഷമമായ വാങ്ങൽ സംവിധാനത്തിലൂടെ കുറഞ്ഞ വിലയിൽ കൂടുതൽ സ്റ്റോക്ക് എത്തിക്കുന്നതുവഴി ഈ പ്രതിസന്ധി പരിഹരിക്കാൻ കഴിയും.

(സി) സപ്ലൈകോ വിൽപ്പനശാലകൾ ജനസൗഹൃദമാക്കുന്നതിനും കാലോചിതമായി സപ്ലൈകോ വിൽപ്പനശാലകൾ ജനസൗഹൃദമാക്കുന്നതിനും പരിഷ്കരിക്കുന്നതിനും ആധുനീകരിക്കുന്നതിനുമുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

കൂടുതൽ സ്ഥലസൗകര്യമുള്ള മാവേലി സ്റ്റോറുകളിൽ സെൽഫ് സർവ്വീസ് കൗണ്ടറുകൾ സ്ഥാപിച്ച് മാവേലി സൂപ്പർ സ്റ്റോറാക്കി മാറ്റുന്നതുവഴി ഉപഭോക്താക്കൾക്ക് ആവശ്യമുള്ള സബ്സിഡി ഒഴികെയുള്ള സാധനങ്ങൾ ഇഷ്ടാനുസരണം തെരഞ്ഞെടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിവരുന്നു. 10 ലക്ഷം രൂപയ്ക്കുമുകളിൽ പ്രതിമാസ വിൽപ്പനയുള്ള മാവേലി സ്റ്റോറുകളെ കൂടുതൽ വിശാലമായ കെട്ടിടത്തിലേയ്ക്ക് മാറ്റി സൂപ്പർമാർക്കറ്റ് ആയി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ നിലവിലെ സൂപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ, ഹൈപ്പർ മാർക്കറ്റ് എന്നിവയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ആധുനീകരിക്കുകയും പുതിയ നെയിം ബോർഡ്, സി.സി.ടി.വി., ജനറേറ്റർ, കമ്പ്യൂട്ടർ, പ്രിന്റർ, ബാർകോഡ് റീഡർ തുടങ്ങിയവയും ആകർഷകമായ റാക്കുകൾ, കൗണ്ടറുകൾ, മുതലായവയും സ്ഥാപിച്ച് വിൽപ്പനശാലകൾ കൂടുതൽ ഉപഭോക്തൃ സൗഹൃദമാക്കി തീർക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇത്തരത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ 86 വിൽപ്പനശാലകൾ നവീകരിക്കുകയും ആയതിന് 7.07 കോടി രൂപ ചെലവഴിച്ചിട്ടുമുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ഇതുവരെ 62 വിൽപ്പനശാലകൾ നവീകരിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

**ദേശീയ ജനസംഖ്യാ രജിസ്റ്റർ പുതുക്കൽ**

9 (*8) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജനസംഖ്യാ രജിസ്റ്റർ പുതുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സംസ്ഥാനത്ത് നിർത്തിവച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട വിവരം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കേന്ദ്ര ആഭ്യന്തര മന്ത്രാലയമോ സെൻസസ് കമ്മീഷണറോ ഇക്കാര്യത്തിൽ എന്തെങ്കിലും മറുപടി സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ദേശീയ ജനസംഖ്യാ രജിസ്റ്റർ, ദേശീയ പൗരത്വ രജിസ്റ്റർ എന്നിവ സംസ്ഥാനത്ത് നടപ്പാക്കുകയാണെങ്കിൽ വ്യാപകമായ അരക്ഷിതാവസ്ഥയ്ക്കും ക്രമസമാധാന തകർച്ചക്കും കാരണമാകുമെന്നതിനാൽ പ്രസ്തുത നീക്കത്തിൽ നിന്നും പിന്തിരിയുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ എന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്. ഇതുമായി ബന്ധപ്പെട്ട വിവരം 22-1-2020-ലെ എസ്.എസ്.1/57/2019/പൊ.ഭ.വ. നമ്പർ കത്ത് പ്രകാരം സംസ്ഥാന ചീഫ് സെക്രട്ടറി കേന്ദ്ര സർക്കാരിന്റെ ആഭ്യന്തര മന്ത്രാലയത്തിനുകീഴിലുള്ള രജിസ്ട്രാർ ജനറൽ & സെൻസസ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) സമ്മർദ്ദം ചെലുത്തും. ഇക്കാര്യത്തിൽ നിരവധി നടപടികൾ സർക്കാർ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

**മുന്നോക്കക്കാർക്ക് സംവരണം**

10 (*9) ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവീസിൽ മുന്നോക്കക്കാർക്ക് പത്ത് ശതമാനം സംവരണം പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിലവിൽ അമ്പതു ശതമാനം ഓപ്പൺ ക്വാട്ടയിലെ ഏതൊക്കെ ടേണുകളാണ് ഈ വിഭാഗങ്ങൾക്കുള്ള സംവരണത്തിനായി നീക്കി വയ്ക്കുന്നതെന്ന് അറിയിക്കാമോ;

(സി) പി.എസ്.സി തയ്യാറാക്കിയ റൊട്ടേഷൻ ചാർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ഡി) മുന്നോക്ക സംവരണം നിലവിൽ വരുന്നതോടെ ഓപ്പൺ ക്വാട്ട നാൽപ്പതു ശതമാനമായി കുറയുന്ന സാഹചര്യമുണ്ടോ; ഇത് ചട്ടവിരുദ്ധമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) എങ്കിൽ ഇത് മറികടക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) 103-ാം ഭരണഘടനാ ഭേദഗതി പ്രകാരമാണ് മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും സർക്കാർ നിയമനങ്ങളിലും 10 ശതമാനം സംവരണം ഏർപ്പെടുത്താനുള്ള സാഹചര്യം ഉയർന്നുവന്നത്. തുടർന്ന് അപ്രകാരമുള്ള സംവരണം സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ റിട്ട. ജസ്റ്റിസ്. ശ്രീ. കെ. ശശിധരൻ നായർ ചെയർമാനായുള്ള കമ്മീഷനെ നിയമിക്കുകയുണ്ടായി. കമ്മീഷന്റെ റിപ്പോർട്ടിലെ ശിപാർശകൾ അംഗീകരിച്ച് 3-1-2020-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്മേലുള്ള തുടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) നിയമനങ്ങളിൽ 100 പോയിന്റ് റോസ്റ്ററിലെ 9, 19, 29, 39, 49, 59, 69, 79, 89, 99 എന്നീ ഊഴങ്ങളാണ് ഈ വിഭാഗങ്ങൾക്കുള്ള സംവരണത്തിനായി കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ളത്.

(സി) കമ്മീഷൻ നിർദ്ദേശിച്ച റൊട്ടേഷൻ ചാർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയതിന് പി.എസ്.സി.-യുടെ അംഗീകാരം തേടേണ്ടതുണ്ട്.

(ഡി&ഇ) ഭരണഘടനാ ഭേദഗതി പ്രകാരമുള്ള സംവരണമാണ് സംസ്ഥാനത്തും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നത്.

## മികവുറ്റ ക്രമസമാധാനപാലനത്തിന് സ്വീകരിച്ച നടപടികൾ

11 (*10) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷം ക്രമസമാധാന പാലനം മികവുറ്റതാക്കുന്നതിനും പോലീസിന്റെ ആധുനികീകരണത്തിനും നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) രാജ്യത്തെ ഏറ്റവും മികച്ച ക്രമസമാധാനപാലന സേനയായി മാറാൻ കഴിഞ്ഞിട്ടുള്ള കേരള പോലീസിൽ ഒറ്റപ്പെട്ട ചിലർ വർഗ്ഗീയ ചിന്തക്കടിമപ്പെട്ടവരാണെന്ന ആശങ്ക ദൂരീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പൗരത്വ രജിസ്റ്ററിന്റെ പേരിൽ, ഗുജറാത്തിൽ നടന്നത് പോലെയുള്ള സാമൂദായിക കലാപം സൃഷ്ടിക്കുന്ന തരത്തിൽ പ്രകോപനം സൃഷ്ടിച്ച് പ്രകടനം നടത്തിയ വർഗ്ഗീയവാദികൾക്കെതിരെ സംഭവത്തിന്റെ ഗൗരവം ഉൾക്കൊണ്ട് പോലീസ് ഉദ്യോഗസ്ഥർ കർശന നടപടിയെടുത്തിട്ടുണ്ടോ;

(ഡി) കണ്ണൂർ ജില്ലയിൽ മട്ടന്നൂർ സ്റ്റേഷനിലെ എസ്.ഐ. യും ഇരിട്ടി എ.എസ്.പി. യും വർഗ്ഗീയ കലാപത്തിനും രാഷ്ട്രീയ അക്രമത്തിനും നിരന്തരം ശ്രമം നടത്തുന്ന സംഘത്തിന്റെ പരിപാടിയിൽ ഔദ്യോഗിക യൂണിഫോം ധരിച്ച് പങ്കെടുത്തെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ മാതൃകാപരമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്രമസമാധാനപാലനം മികവുറ്റതാക്കുന്നതിനും പോലീസിന്റെ ആധുനികീകരണത്തിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ക്രമസമാധാനപാലനവും കേസന്വേഷണവും മികവുറ്റതാക്കുന്നതിനു വേണ്ടി, സബ് ഇൻസ്പെക്ടർമാർക്കുപകരം ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ.മാരായി നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

2. കേന്ദ്രാവിഷ്കൃത പദ്ധതിയായ ക്രൈം & ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്കിംഗ് സിസ്റ്റം (CCTNS) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

3. ശാസ്ത്രീയ കുറ്റാന്വേഷണം കൂടുതൽ ഫലവത്താക്കുന്നതിന് ഫോറൻസിക് സയൻസ് ലാബുകളിൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ചുവരുന്നു.

4. കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു.

5. കേസ്സന്വേഷണം എളുപ്പമാക്കുന്നതിന് ബോഡി വോൺ ക്യാമറകൾ, CCTV ക്യാമറകൾ, Vehicle Mounted GPS സിസ്റ്റം, Unmanned Aerial Vehicle, ട്രാഫിക് സിഗ്നൽ സിസ്റ്റം, ട്രാഫിക് എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ, ട്രാഫിക് ഗെയിമിംഗ് ആപ്ലിക്കേഷനുകൾ എന്നിവ പോലീസിന് ലഭ്യമാക്കിയിട്ടുണ്ട്.

6. കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനും മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനും Trace my trip, Nearest/Jurisdictional

police station, SOS-Panic message, Chat Bot for public service, offence reporting, Citizen services, Traffic guru തുടങ്ങിയ ആപ്ലിക്കേഷനുകൾ നടപ്പിലാക്കിയിട്ടുള്ളതും അവ സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുംവരുന്നു.

7. സ്ഫോടകവസ്തുക്കൾ അപകടരഹിതമായി നിർവ്വീര്യമാക്കുന്നതിനുള്ള Robotic Mobile Explosive Cutter Vehicle വാങ്ങിയിട്ടുണ്ട്.

8. തീരദേശ സുരക്ഷയ്ക്കും LWE/മാവോയിസ്റ്റ് ബാധിത പ്രദേശങ്ങളിൽ സുരക്ഷയുടെ ഭാഗമായി സാറ്റലൈറ്റ് ഫോണുകൾ വാങ്ങിയിട്ടുണ്ട്.

9. Cyber Crime Prevention Against Women and Children (CCPWC) Project സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.

10. നിലവിലെ അനലോഗ് ടെലി ഉപകരണങ്ങൾക്കുപകരം അത്യാധുനിക രീതിയിലുള്ള Digital Communication System തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

11. ഫിംഗർ പ്രിന്റ് ബ്യൂറോ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

12. കോളുകൾ, മെസ്സേജുകൾ എന്നിവ നിയമപരമായി intercept ചെയ്യുന്നതിനുള്ള CMS (Centralised Monitoring System) നടപ്പിലാക്കിയിട്ടുണ്ട്.

13. ശബരിമലയിൽ സുരക്ഷാനടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ആധുനിക ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

14. ശബരിമല തീർത്ഥാടനം കൂടുതൽ സുഗമമാക്കുന്നതിന് 'വെർച്വൽ ക്യൂ' സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

15. KANSAF (Kerala Anti Narcotic Special Action Force)-ന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും വിപുലവുമാക്കുന്നതിനുവേണ്ടി അത്യാധുനിക ഉപകരണങ്ങളും വാഹനങ്ങളും നൽകിയിട്ടുണ്ട്.

(ബി) ഇത്തരം ഒരു കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എല്ലാ പോലീസ് ഉദ്യോഗസ്ഥരുടെയും പ്രവർത്തനങ്ങൾ സംസ്ഥാന പോലീസ് ഇന്റലിജൻസ് വിഭാഗം സസൂക്ഷ്മം നിരീക്ഷിക്കുന്നുണ്ട്.

(സി) ഉണ്ട്. പൗരത്വ രജിസ്റ്ററിന്റെ/പൗരത്വ ബില്ലുമായി ബന്ധപ്പെട്ട് സാമുദായിക കലാപം സൃഷ്ടിക്കുന്ന തരത്തിൽ പ്രകോപനം സൃഷ്ടിച്ച് പ്രകടനം നടത്തിയതിന്റെ പേരിൽ 27 കേസ്സുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പൗരത്വ നിയമത്തെ അനുകൂലിച്ചുകൊണ്ട് കുറ്റ്യാടി ടൗണിൽ ബി.ജെ.പി. നടത്തിയ പ്രകടനത്തിൽ ലഹള ഉണ്ടാക്കണമെന്ന ഉദ്ദേശ്യത്തോടെ മുദ്രാവാക്യം വിളിച്ച 100-ഓളം പേർക്കെതിരെ കേസ്സെടുക്കുകയും ഇതിൽ പങ്കെടുത്തവർ മതസ്പർദ്ധ ഉണ്ടാക്കുന്ന തരത്തിൽ മുദ്രാവാക്യം വിളിക്കുന്നതായ വീഡിയോ ദൃശ്യമാധ്യമങ്ങളിൽ പ്രചരിക്കുന്നതിനെക്കുറിച്ചും അന്വേഷണം നടത്തിവരുന്നുണ്ട്.

(ഡി) മട്ടന്നൂർ പോലീസ് സ്റ്റേഷനിലെ രാജേഷ് കെ. കെ, എസ്.ഐ (ഗ്രേഡ്), ഇരിട്ടി എ.എസ്.പി എന്നിവരോട് ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

## ദേശീയ ഭക്ഷ്യ ഭദ്രതാനിയമം

12 (*11) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ ഏറ്റവും കാര്യക്ഷമവും ഫലപ്രദവുമായ പൊതുവിതരണ സമ്പ്രദായമായി കേരളത്തിലെ ഭക്ഷ്യ പൊതുവിതരണ സംവിധാനത്തെ മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ ഭക്ഷ്യ ഭദ്രത നിയമത്തിന്റെ എല്ലാ ഘടകങ്ങളും കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഭക്ഷ്യ ഭദ്രത നിയമം അനുശാസിക്കുന്ന വിവിധ തട്ടുകളിലുള്ള പരാതി പരിഹാരമാർഗ്ഗങ്ങൾ യാഥാർത്ഥ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ)

1. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി ആധാർ അധിഷ്ഠിത റേഷൻ കാർഡുകളുടെ വിതരണം സംസ്ഥാനത്ത് നടപ്പിലാക്കികഴിഞ്ഞു.
2. സംസ്ഥാനത്തെ മുഴുവൻ റേഷൻകടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് റേഷൻസാധനങ്ങളുടെ വിതരണം ഇ-പോസ് മുഖാന്തരമാക്കി. കണക്ടിവിറ്റി ലഭ്യമല്ലാത്ത 11 കടകളിൽ ഓഫ്-ലൈനായി വിതരണം നടക്കുന്നു.

3. നേരിട്ട് റേഷൻ വാങ്ങാൻ പോകാത്ത ശയ്യാവലംബരായ കാർഡുടമകൾക്കുവേണ്ടി മറ്റൊരു കാർഡിലെ അംഗത്തെ പ്രോക്സിയായി നിയമിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

4. രാജ്യത്തുടനീളം ഒരേ റേഷൻ കാർഡ് ഉപയോഗിച്ച് റേഷൻ വാങ്ങാവുന്നവിധം പൊതുവിതരണ സമ്പ്രദായത്തെ മാറ്റുന്ന സംവിധാനമായ IMPDS സംസ്ഥാനത്ത് നടപ്പാക്കി തുടങ്ങിയിട്ടുണ്ട്.

5. 45 ക്വിന്റൽ വിതരണം നടത്തുന്ന റേഷൻ വ്യാപാരികൾക്ക് പ്രതിമാസം കുറഞ്ഞത് 18,000 രൂപ കമ്മീഷൻ ലഭ്യമാക്കുന്ന കമ്മീഷൻ പാക്കേജ് നടപ്പിലാക്കി.

6. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമനം അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകടതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

7. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിൽ സ്വതന്ത്ര ചുമതലയുള്ള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

8. അഡീഷണൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ്മാരെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള ജില്ലാതല പരാതി പരിഹാര ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്.

9. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് നടത്തുന്നതിന് Tata Institute of Social Science (TISS)-മായി ധാരണാപത്രം ഒപ്പുവയ്ക്കുകയും പൈലറ്റ് പ്രോജക്ട് പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഏജൻസിയായ സോഷ്യൽ ആഡിറ്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഒരു ബ്ലോക്കിൽ നിന്നും 05 റേഷൻകട വീതം തെരഞ്ഞെടുത്ത് സംസ്ഥാന വ്യാപകമായി സോഷ്യൽ ആഡിറ്റിംഗ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

10. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് കേന്ദ്രസർക്കാർ മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി നിയമിച്ചിട്ടുള്ള കേരള യൂണിവേഴ്സിറ്റി തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിൽ പഠനം നടത്തി കേന്ദ്രസർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

11. ആദിവാസി മേഖലയിൽ റേഷൻ സാധനങ്ങൾ എത്തിച്ചുനൽകുന്നതിനായി 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതി തൃശ്ശൂർ, പത്തനംതിട്ട, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ ആരംഭിച്ചു.

12. നിർദ്ധനരായവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്നതുവഴി സംസ്ഥാനത്ത് പട്ടിണി നിർമാർജ്ജനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള 'വിശപ്പ് രഹിത കേരളം' എന്ന പദ്ധതി ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

13. പൊതുജനങ്ങൾക്കുള്ള പരാതികൾ സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനുംവേണ്ടിയുള്ള ഓൺലൈൻ പരാതി പരിഹാര സംവിധാനത്തിന്റെ (Public Grievance Redressal Portal) പ്രവർത്തനം ആരംഭിച്ചു.

14. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം ഉൾപ്പെടെ പൊതുവിതരണ രംഗത്തുണ്ടായിരിക്കുന്ന സമഗ്ര മാറ്റങ്ങളെക്കുറിച്ച് പൊതുജനബോധവല്ക്കരണത്തിനായി "ഭദ്രത" എന്ന പേരിൽ ഒരു കൈപ്പുസ്തകവും, "സമഗ്രം ജനകീയം സുതാര്യം കേരളത്തിന്റെ ഭക്ഷ്യഭദ്രത" എന്ന പേരിൽ ബുക്ക്ലെറ്റും പ്രസിദ്ധീകരിച്ച് വിതരണം ചെയ്തിട്ടുണ്ട്.

15. ആധാർ സീഡിംഗ്, റേഷൻ പോർട്ടബിലിറ്റി, റേഷൻ ഗിവ് അപ് തുടങ്ങിയവയെപ്പറ്റി പത്രങ്ങളിൽ പരസ്യം പ്രസിദ്ധീകരിച്ചു. ഇതേ വിഷയം ജനങ്ങളിലെത്തിക്കാനായി എഫ്.എം റേഡിയോ വഴി പരസ്യം പ്രക്ഷേപണം ചെയ്യുകയും എല്ലാ ജില്ലകളിലും മാധ്യമശില്പശാലകളും റാലിയും സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.

16. റേഷൻ കട നവീകരണത്തിന്റെ ഭാഗമായി റേഷൻകടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കി ഒരു റേഷൻകടയ്ക്ക് 2500 രൂപ വീതം സാമ്പത്തിക സഹായം നൽകി റേഷൻകട നവീകരണം പൂർത്തിയായിട്ടുണ്ട്.

17. ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് ഗോഡൗൺ മുതൽ ഉപഭോക്താവ് വരെയുള്ള വിശദാംശങ്ങൾ SCMS-ൽ ലഭ്യമാണ്.

(ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള പ്രധാനപ്പെട്ട എല്ലാ ഘടകങ്ങളും സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്.

(സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന ഭക്ഷ്യകമ്മീഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതല പരാതി പരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്മാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകടതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്കുള്ള പരാതികൾ സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനും വേണ്ടിയുള്ള ഓൺലൈൻ പരാതിപരിഹാര സംവിധാനത്തിന്റെ (Public Grievance Redressal Portal) പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്.

**ഒരു രാജ്യം ഒരു റേഷൻ കാർഡ് പദ്ധതി**

13 (*12) <u>ശ്രീ. ടി. വി. ഇബ്രാഹിം:</u>
<u>ശ്രീ. കെ. എൻ. എ. ഖാദർ:</u>
<u>ശ്രീ. പാറക്കൽ അബ്ദുല്ല:</u>
<u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു രാജ്യം ഒരു റേഷൻ കാർഡ്' പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നത് മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ഗുണങ്ങൾ/സൗകര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി പരിചയപ്പെടുത്തുന്നതിനും ജനങ്ങൾക്ക് ഇത് സംബന്ധിച്ച ബോധവത്ക്കരണത്തിനും വേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതുമൂലം സംസ്ഥാന സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള അധിക സാമ്പത്തിക ബാധ്യത വരുന്നുണ്ടോ; വിശദമാക്കാമോ;

(ഇ) ഈ പദ്ധതിക്ക് വേണ്ടി കേന്ദ്രസർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>):

(എ-സി) ഉണ്ട്. ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ഓഫ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (IMPDS) എന്ന പദ്ധതി 2020 ജനുവരി 1 മുതൽ കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങളിൽ നിലവിൽ വന്നതിന്റെ ഭാഗമായി ഈ സംസ്ഥാനങ്ങളിലെ എ.എ.വൈ/മുൻഗണനാ കാർഡിലെ അംഗങ്ങൾക്ക് നിലവിൽ ഈ 12 സംസ്ഥാനങ്ങളിൽനിന്നും ഭാവിയിൽ രാജ്യത്തെ ഏതു റേഷൻകടയിൽ നിന്നും

റേഷൻ വാങ്ങാൻ സാധിക്കും. കേരളത്തിനു പുറമേ ആന്ധ്രാപ്രദേശ്, ഗോവ, ഗുജറാത്ത്, ഹരിയാന, ജാർഖണ്ഡ്, കർണാടക, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര, രാജസ്ഥാൻ, തെലങ്കാന, ത്രിപുര എന്നീ സംസ്ഥാനങ്ങളിൽ നിലവിൽ ഇന്റർ-സ്റ്റേറ്റ് പോർട്ടബിലിറ്റി ആരംഭിച്ചിട്ടുണ്ട്. രാജ്യത്തെവിടെയും തിരിച്ചറിയാവുന്നവിധം പ്രത്യേക റേഷൻ കാർഡ് നമ്പർ ഓരോരുത്തർക്കും ലഭിക്കും. തൊഴിൽ സംബന്ധമായും മറ്റും ഇതര സംസ്ഥാനങ്ങളിലേയ്ക്ക് കുടിയേറുന്നവർക്ക് ഈ പദ്ധതി സഹായകരമാണ്. സംസ്ഥാനത്തെ മൊബൈൽ നമ്പർ ലഭ്യമായ എല്ലാ കാർഡുടമകൾക്കും ഇതു സംബന്ധിച്ച എസ്.എം.എസ് സന്ദേശം നല്കിയിട്ടുണ്ട്. ഇതിനകം കേരളത്തിൽ നിന്ന് കർണ്ണാടക, മഹാരാഷ്ട്ര, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിലെ 37 കാർഡുടമകൾ ഈ സൗകര്യം ഉപയോഗിച്ച് റേഷൻ വാങ്ങിയിട്ടുണ്ട്.

(ഡി) പദ്ധതി പൂർണ്ണമായും നടപ്പാക്കുമ്പോൾ ഭക്ഷ്യധാന്യങ്ങളുടെ ട്രാൻസ്പോർട്ടേഷൻ, റേഷൻ വ്യാപാരികളുടെ കമ്മീഷൻ തുടങ്ങിയ ഇനങ്ങളിൽ സംസ്ഥാന സർക്കാർ ചെലവാക്കേണ്ടതായി വരുന്ന കാര്യങ്ങൾ പരിശോധിച്ചുവരുന്നു.

(ഇ) ഉണ്ട്. ഇന്റർ സ്റ്റേറ്റ് പോർട്ടബിലിറ്റി ഉൾപ്പെടെ IMPDS (Integrated Management of Public Distribution System) നടപ്പാക്കുന്നതിന് കേന്ദ്രം 93,53,500 രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ 60 ശതമാനം (56,12,100 രൂപ) റിലീസ് ചെയ്തിട്ടുണ്ട്.

## രാത്രിയിൽ ഒറ്റയ്ക്ക് സഞ്ചരിക്കുന്ന സ്ത്രീകൾക്കുള്ള സുരക്ഷ

14 (*13) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. കെ. രാജൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാത്രിയിൽ ഒറ്റയ്ക്ക് സഞ്ചരിക്കുന്ന സ്ത്രീകൾക്ക് നിർഭയമായും സുരക്ഷിതമായും സഞ്ചരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഒറ്റയ്ക്ക് സഞ്ചരിക്കുന്ന സ്ത്രീകളുടെ വാഹനം കേടാകുകയോ അപകടമുണ്ടാകുകയോ ചെയ്താൽ ഏതൊക്കെ സഹായങ്ങളാണ് പോലീസിന് ചെയ്യാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ സഹായം ലഭ്യമാകുന്നതിന് സ്ത്രീകൾ സ്വീകരിക്കേണ്ട മാർഗ്ഗം സംബന്ധിച്ചും ആയതിന്മേൽ സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) രാത്രിയിൽ ഒറ്റയ്ക്ക് സഞ്ചരിക്കുന്ന സ്ത്രീകളുടെ സുരക്ഷിതത്വവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്തെ നഗരപരിധികളിലും, ഹൈവേകളിലും, നഗരപാതകളിലും പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ രാത്രിയിൽ കേരളത്തിൽ ഒറ്റയ്ക്ക് സഞ്ചരിക്കുന്ന സ്ത്രീകൾക്ക് നിർഭയമായി സഞ്ചരിക്കാൻ സാഹചര്യം ഒരുക്കുന്നതിന് കേരള പോലീസ് നടപ്പാക്കുന്ന പദ്ധതിയാണ് 'സുരക്ഷിത'. ഈ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ കൊല്ലം നഗരത്തിൽ നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം നാലുപേർ വീതം അടങ്ങുന്ന മൂന്ന് ഗ്രൂപ്പുകളായി തിരിച്ച് മഫ്തിയിലുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥരുടെയും നിർഭയ സ്ത്രീ വോളന്റിയർമാരുടെയും ടീമുകളായി രാത്രി 8.00 മണി മുതൽ പുലർച്ചെ 2.00 മണിവരെ ഫുട് പട്രോളിംഗ് നടത്തുന്നു. കൂടാതെ രണ്ട് പിങ്ക് പട്രോൾ വാഹനങ്ങൾ രാത്രി 8.00 മണി മുതൽ പുലർച്ചെ 2.00 മണിവരെ പട്രോളിംഗും നടത്തിവരുന്നു.

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സ്ത്രീകൾക്കുവേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന 181 എന്ന ഹെൽപ്പ് ലൈൻ സംവിധാനം 2017 മുതൽ പ്രവർത്തിപ്പിച്ചുവരുന്നു. സ്ത്രീകൾക്ക് ഏത് അത്യാവശ്യ ഘട്ടങ്ങളിലും ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ഇൻഫർമേഷൻ, നിയമ സഹായം, മെഡിക്കൽ, പോലീസ് എന്നീ സേവനങ്ങൾ 181-ലൂടെ ലഭ്യമാക്കുന്നു.

(ബി) ഒറ്റയ്ക്ക് സഞ്ചരിക്കുന്ന സ്ത്രീകളുടെ വാഹനം കേടാകുകയോ അപകടമുണ്ടാകുകയോ ചെയ്താൽ അവർക്ക് അടിയന്തര പോലീസ് സഹായം ആവശ്യപ്പെടാവുന്നതാണ്. വാഹനം കേടായ സാഹചര്യമാണെങ്കിൽ മെക്കാനിക്കിന്റെ സേവനം ലഭ്യമാക്കി വാഹനത്തിന്റെ കേടുപാടുകൾ പരിഹരിക്കുവാനോ, സുരക്ഷിതമായ മറ്റൊരു യാത്രാ സൗകര്യമോ, താൽക്കാലിക താമസ സൗകര്യമോ ഒരുക്കിക്കൊടുക്കുവാൻ പോലീസിന് സാധിക്കുന്നതാണ്. വാഹനത്തിന് അപകടം സംഭവിച്ചിട്ടുണ്ടെങ്കിൽ പരിക്കേറ്റവർക്ക് അടിയന്തര ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് പോലീസിന്റെ സേവനം ഉപയോഗിക്കാവുന്നതാണ്.

(സി) സ്ത്രീകൾക്ക് ഇത്തരത്തിൽ സഹായം ലഭ്യമാക്കുന്നതിന് സംസ്ഥാനത്തിന്റെ ഏത് ഭാഗത്തുനിന്നും 112 എന്ന ടോൾ ഫ്രീ നമ്പർ ഉപയോഗിച്ച് ഫോൺ മുഖേനയോ, തങ്ങളുടെ മൊബൈൽ ഫോണിൽ മുൻകൂറായി ഇൻസ്റ്റാൾ ചെയ്തിട്ടുള്ള 112 മൊബൈൽ ആപ്ലിക്കേഷൻ മുഖേനയോ പോലീസ് എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റത്തിലേയ്ക്ക് ബന്ധപ്പെടാവുന്നതാണ്. കൂടാതെ വനിതാ ഹെൽപ്പ് ലൈൻ നമ്പരായ 1091, പിങ്ക് പട്രോൾ നമ്പരായ 1515, 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം നമ്പരായ 100, 1090 എന്നീ ഹെൽപ്പ് ലൈൻ നമ്പരുകളിൽ വിളിച്ച് പോലീസ് സഹായം ആവശ്യപ്പെടാവുന്നതാണ്.

ഇതിനുപുറമേ പോലീസ് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9846100100 എന്ന പോലീസ് അലർട്ട് സെല്ലിന്റെ നമ്പരിലും വിളിച്ച് ആവശ്യമായ സേവനങ്ങൾ സ്ത്രീകൾക്ക് ആവശ്യപ്പെടാവുന്നതാണ്

ഹെൽപ്പ് ലൈൻ നമ്പരുകളിൽ സഹായം ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെടുന്ന വ്യക്തിയിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങൾക്കനുസൃതമായി അവർക്കാവശ്യമായ ഏത് തരത്തിലുള്ള സഹായവും ലഭ്യമാക്കുന്നതിനായി ആ വ്യക്തിയുടെ ഏറ്റവും സമീപത്തുള്ള പോലീസ് സ്റ്റേഷനിലേയ്ക്കോ പോലീസ് വാഹനത്തിലേയ്ക്കോ അടിയന്തര സന്ദേശം നൽകുന്നതും ഏറ്റവും സാധ്യമായ ചുരുങ്ങിയ സമയത്തിനുള്ളിൽ പോലീസ് സഹായം ആവശ്യപ്പെട്ട വ്യക്തിയുടെ അടുത്തെത്തുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**പൗരത്വ ഭേദഗതി നിയമത്തിനെതിരെയുള്ള കേസ്**

15 (*14) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗരത്വ ഭേദഗതി നിയമം റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് 31-12-2019-ൽ കേരള നിയമസഭ പ്രമേയം പാസ്സാക്കിയതിനെ വിമർശിച്ച് സംസ്ഥാന ഭരണ തലവൻ മുന്നോട്ട് വന്നിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇക്കാര്യത്തിലുള്ള സർക്കാർ നിലപാടും അതൃപ്തിയും സംസ്ഥാന ഭരണത്തലവനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ എന്ന് വെളിപ്പെടുത്താമോ;

(സി) ഈ നിയമത്തിനെതിരെ സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടോ;

(ഡി) പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിന് മുമ്പ് സംസ്ഥാന ഭരണ തലവനെ അറിയിക്കണമെന്ന വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ റൂൾസ് ഓഫ് ബിസിനസ്സിലെ നിബന്ധന പാലിക്കുന്നതിൽ എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടോ;

(ഇ) ഇതു സംബന്ധിച്ച് സംസ്ഥാന ഭരണ തലവൻ ചീഫ് സെക്രട്ടറിയിൽ നിന്നും വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് വിശദീകരണമാണ് സർക്കാർ ഇക്കാര്യത്തിൽ നൽകിയത് എന്ന് വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഇക്കാര്യത്തിൽ സർക്കാരിന് രേഖാമൂലം അറിയിപ്പൊന്നും ലഭിച്ചതായി കാണുന്നില്ല.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ) റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. സംസ്ഥാന സർക്കാരുകൾക്കുള്ള ഭരണഘടനാപരമായ അവകാശമായ അനുച്ഛേദം 131 അനുസരിച്ചാണ് പൗരത്വഭേദഗതി നിയമത്തിന്റെ ഭരണഘടനാ സാധുത ആരാഞ്ഞുകൊണ്ട് സംസ്ഥാന സർക്കാർ സുപ്രീം കോടതിയെ സമീപിച്ചതെന്നും ഇതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള ബന്ധത്തെ ബാധിക്കുന്ന ഉത്തരവുകളൊന്നും സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ റൂൾസ് ഓഫ് ബിസിനസ്സ് പ്രകാരം സംസ്ഥാന ഗവർണർക്ക് മുൻകൂട്ടി അറിയിപ്പ് നൽകേണ്ട വിഷയങ്ങളുടെ ഗണത്തിൽ ഈ വിഷയം പെടുന്നതല്ലായെന്നും ബഹുമാനപ്പെട്ട ഗവർണറെ അറിയിച്ചിട്ടുണ്ട്.

**സ്ത്രീ സുരക്ഷ**

16 (*15) ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വലിയ നഗരങ്ങളിൽ പോലും സ്ത്രീകൾക്ക് രാത്രിയിൽ ഒറ്റയ്ക്ക് സഞ്ചരിക്കാൻ കഴിയാത്ത വിധത്തിലുള്ള സാമൂഹ്യ സാഹചര്യം മാറ്റിയെടുക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കാമ്പയിന്റെ ഭാഗമായി സ്ത്രീകളുടെ രാത്രി നടത്തം പോലുള്ള പ്രചരണ പ്രവർത്തനങ്ങൾ വിപുലമാക്കാൻ പരിപാടിയുണ്ടോ;

(ബി) വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള 'കൈത്താങ്ങ്' പദ്ധതി ഫലപ്രദമാക്കാൻ വനിത - ശിശു വികസന വകുപ്പിന് മുൻകയ്യെടുക്കാൻ സാധിക്കുമോ;

(സി) ലിംഗനീതിക്ക് വേണ്ടി പ്രവർത്തിക്കുന്ന 'ജെൻഡർ പാർക്ക്' സംവിധാനം ശക്തിപ്പെടുത്തുവാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ;

(ഡി) തൊഴിലിടങ്ങളിൽ, വിശേഷിച്ച് ഐ.ടി.പോലുള്ള ആധുനിക തൊഴിൽ മേഖലകളിൽ സ്ത്രീകൾ നേരിടുന്ന സുരക്ഷാ പ്രശ്നങ്ങളും മറ്റു പ്രശ്നങ്ങളും പരിഹരിക്കാൻ വേണ്ട ഇടപെടൽ നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സ്ത്രീകൾക്ക് രാത്രിയിൽ ഒറ്റയ്ക്ക് നടക്കാൻ കഴിയാത്ത വിധത്തിലുള്ള സാമൂഹ്യ സാഹചര്യം മാറ്റിയെടുക്കുന്നതിലേയ്ക്കായി രാത്രിനടത്തം പോലുള്ള പ്രചാരണപ്രവർത്തനങ്ങൾ വിപുലമാക്കുവാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. 'പൊതുയിടം എന്റേതും' എന്ന പേരിൽ എല്ലാ ജില്ലകളിലും രാത്രിയാത്രകൾ സംഘടിപ്പിച്ചിട്ടുണ്ട്. തുടർന്നും പഞ്ചായത്ത്, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻതലങ്ങളിൽ മുൻകൂട്ടി അറിയിക്കാതെയുള്ള രാത്രി യാത്രകൾ സംഘടിപ്പിച്ചുവരുന്നു.

(ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ പ്രതിരോധിക്കുന്നതിനായി വകുപ്പ് ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് 'കൈത്താങ്ങ്'. ഈ പദ്ധതി വകുപ്പ് ഫലപ്രദമായി നടപ്പിലാക്കിവരുന്നു.

(സി) ലിംഗസമത്വത്തിനും സ്ത്രീ ശാക്തീകരണത്തിനും തുടക്കം കുറിക്കാൻ കേരളത്തിലെ വനിതാ-ശിശു വികസന വകുപ്പിന്റെ കീഴിലുള്ള സംരംഭമാണ് ജെന്റർ പാർക്ക്. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ജെന്റർ പാർക്കിന്റെ പ്രധാന ക്യാമ്പസ് സജ്ജീകരിച്ചിരിക്കുന്നത് കോഴിക്കോടാണ്. ലിംഗനയം, ഗവേഷണം, വിദ്യാഭ്യാസം, സാമൂഹിക സംരംഭങ്ങൾ എന്നിവ സംയോജിപ്പിക്കുന്ന ഒരു വേദിയായാണ് ജെന്റർ പാർക്ക് ഒരുക്കിയിരിക്കുന്നത്. വനിതാ- ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജെന്റർ പാർക്കിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ കോഴിക്കോട് വെള്ളിമാട്കുന്നിൽ നടന്നുവരുന്നു. കെട്ടിടങ്ങളുടെ പണി 90 ശതമാനത്തിനു മുകളിൽ പൂർത്തീകരിച്ചു. ജെന്റർ പാർക്കിനുവേണ്ടി നിർമ്മിക്കുന്ന കെട്ടിടത്തിൽ ജെന്റർ ലൈബ്രറിയും ജെന്റർ മ്യൂസിയവും സ്ഥാപിക്കുന്നതിന് നടപടി എടുത്തുവരുന്നു.

ജെന്ററുമായി ബന്ധപ്പെട്ട് ദേശീയതലത്തിലും അന്തർദേശീയ തലത്തിലും പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങൾ, ജേർണലുകൾ, ഓൺലൈൻ പ്രസിദ്ധീകരണങ്ങൾ എന്നിവ ലൈബ്രറിയിൽ ലഭ്യമാകും. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, ഗവേഷണ വിദ്യാർത്ഥികൾ എന്നിവർക്ക് പ്രസ്തുത ലൈബ്രറി പ്രയോജനപ്പെടുത്താൻ സൗകര്യമൊരുക്കും. ലിംഗ പഠനവും ചരിത്രവുമായി ബന്ധപ്പെട്ട വ്യക്തിഗത രചനകൾ, കയ്യെഴുത്തു പ്രതികൾ എന്നിവ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിന്

സൗകര്യമൊരുക്കും. ജെന്റർ അവബോധം സൃഷ്ടിക്കുക, ജെന്റർ പഠനം ശക്തിപ്പെടുത്തുക, വായനാശീലം വളർത്തുക എന്നിവയും ലൈബ്രറിയുടെ ലക്ഷ്യങ്ങളാണ്.

കേരളത്തിന്റെ ചരിത്രം, വനിതാ നവോത്ഥാന പ്രസ്ഥാനങ്ങൾ, പ്രവർത്തനങ്ങൾ, വനിതാ സ്വാതന്ത്ര്യത്തിനും സമത്വത്തിനുംവേണ്ടി നടന്ന വിപ്ലവങ്ങൾ, പോരാട്ടങ്ങൾ, ചരിത്രാതീതകാലം മുതൽ സ്ത്രീ സമൂഹത്തിനുണ്ടായ പരിണാമത്തിന്റെ വിവിധഘട്ടങ്ങൾ, വനിതാശാക്തീകരണത്തിനായി നടത്തിയ പോരാട്ടങ്ങൾ എന്നിവ ഗ്യാലറികളായി ഉൾക്കൊള്ളുന്ന ആധുനിക സൗകര്യങ്ങളോടുകൂടിയ ജെന്റർ മ്യൂസിയമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആധുനിക വിഷ്വൽ സാങ്കേതിക വിദ്യകൾ മ്യൂസിയത്തിൽ പരമാവധി ഉൾപ്പെടുത്തി ആകർഷകമാക്കുവാനും, ചരിത്രവിദ്യാർത്ഥികൾ, സാമൂഹ്യശാസ്ത്ര പഠിതാക്കൾ, ഗവേഷണ വിദ്യാർത്ഥികൾ എന്നിവർക്കും പൊതുസമൂഹത്തിനും പ്രസ്തുത ജെന്റർ മ്യൂസിയം ഉപയോഗപ്രദമാക്കുവാനും ഉദ്ദേശിക്കുന്നു.

<u>ഷീ-ടാക്സി</u>

ഇപ്പോൾ നിലവിലുള്ള ഷീടാക്സി പദ്ധതി കൂടുതൽ വനിതാ സംരംഭകരെ ഉൾപ്പെടുത്തി ആധുനിക വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ കാലോചിതമായി പരിഷ്കരിച്ച് ശക്തിപ്പെടുത്താനും സംസ്ഥാനത്ത് മുഴുവൻ സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാനും ഉദ്ദേശ്യമുണ്ട്.

ജെന്റർ പാർക്ക് സംവിധാനം ശക്തിപ്പെടുത്തുവാൻ ചുവടെ ചേർക്കുന്ന പദ്ധതികൾ കൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

- <u>യു. എൻ. വിമനുമായുള്ള പങ്കാളിത്തം</u>

ഐക്യരാഷ്ട്ര സഭ.യുടെ കിഴിലുള്ള യു.എൻ. വിമൻ ജെന്റർ പാർക്കുമായി തുല്യ പങ്കാളിത്തത്തിൽ പ്രവർത്തിക്കാൻ താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. യു.എൻ വിമനുമായി സഹകരിച്ച് പദ്ധതികൾ നടപ്പിലാക്കുവാൻ ധാരണാപത്രം ഒപ്പിടുവാൻ നടപടിയെടുത്തുവരുന്നു. യു.എൻ. വിമനുമായുള്ള പങ്കാളിത്തം ജെന്റർ പാർക്കിന്റെ പ്രവർത്തനങ്ങളെ അന്താരാഷ്ട്ര തലത്തിലേയ്ക്ക് വ്യാപിപ്പിക്കാൻ സഹായിക്കുകയും ജെന്റർ പാർക്കിനെ ഒരു സൗത്ത് ഏഷ്യൻ ഹബ്ബാക്കി മാറ്റുകയും ചെയ്യും.

- <u>ടാലന്റ് നർച്ചറിംഗ് പ്രോഗ്രാം</u>

സ്ത്രീകൾക്കും ട്രാൻസ്ജെൻഡേഴ്സിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന നൈപുണ്യ വികസന പരിശീലനങ്ങൾ നടത്തുന്നതാണ്. നിലവിൽ പുരുഷൻമാർ മാത്രം ചെയ്തുവരുന്ന ടു/ത്രീ വീലർ ടെക്നീഷ്യൻ, മൊബൈൽ ടെക്നീഷ്യൻ എന്നീ രംഗങ്ങളിൽ സ്ത്രീകളെക്കൂടി പ്രാപ്തരാക്കാൻ ഈ പരിശീലനങ്ങൾ ഉതകുന്നതാണ്. വയോജന പരിപാലനം, സംരംഭകത്വ പരിശീലനം എന്നിവയും ഈ പദ്ധതിയിൽ നടക്കുന്നതാണ്.

• അന്താരാഷ്ട്ര വനിതാ വ്യാപാര കേന്ദ്രം (International Women's Research & Trade Centre-iWTC)

ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിരവികസന ലക്ഷ്യങ്ങൾക്ക് (Sustainable Development Goals) അനുയോജ്യമായി കോഴിക്കോട് ക്യാമ്പസിൽ അന്താരാഷ്ട്ര വനിതാ വാണിജ്യ-ഗവേഷണ വ്യാപാര കേന്ദ്രം തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ട്. വനിതകൾക്ക് സുരക്ഷിതമായി സംരംഭകത്വ ശേഷി വികസിപ്പിക്കുന്നതിനും സ്വന്തമായി ബിസിനസ്സുകൾ ആരംഭിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും അവരുടെ ഉൽപ്പന്നങ്ങൾക്ക് ആഗോളതലത്തിൽ വിപണിയൊരുക്കുന്നതിനും ഇത് വേദിയൊരുക്കും.

• വിമൻ ഇൻ സസ്റ്റയിനബിൾ എന്റർപ്രണർഷിപ്പ് (Women in Sustainable Entrepreneurship-WiSE)

പഠനഗവേഷണ കേന്ദ്രത്തിന്റെ ഭാഗമായി വിമൻ ഇൻ സസ്റ്റയിനബിൾ എന്റർപ്രണർഷിപ്പ് (WiSE) ഫെല്ലോഷിപ്പ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിൽ ഒരു അന്താരാഷ്ട്ര സർവ്വകലാശാലയും ഒരു ഇന്ത്യൻ സർവ്വകലാശാലയും യു.എൻ. വിമനുമായി സഹകരിച്ചുകൊണ്ട് ലിംഗസമത്വം, തുല്യപ്രവൃത്തികേന്ദ്രങ്ങൾ, കാലാവസ്ഥാ പ്രതിസന്ധി എന്നിവയിൽ ഊന്നൽ കൊടുക്കുന്നതിന് ഫെല്ലോഷിപ്പ് നൽകാൻ ഉദ്ദേശിക്കുന്നു.

• ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ജെന്റർ ഇക്വാളിറ്റി II (International Conference on Gender Equality-ICGE-II)

2020-ൽ ലിംഗസമത്വം സംബന്ധിച്ച് രണ്ടാം അന്താരാഷ്ട്ര സമ്മേളനം വിളിച്ചുചേർക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതുവഴി ജെന്റർ പാർക്കിന്റെ കോഴിക്കോട് കേന്ദ്രത്തെ ഒരു കൺവേർജന്റ് സെന്ററായും ലിംഗസമത്വം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ദക്ഷിണേഷ്യൻ ഹബ്ബാക്കി മാറ്റാനും സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷാ പ്രശ്നങ്ങളും മറ്റു പ്രശ്നങ്ങളും പരിഹരിക്കുന്നതിലേയ്ക്കായി വകുപ്പ് ഇടപെടൽ നടത്തുന്നുണ്ട്.

13-8-2018-ലെ സ.ഉ(സാധാ)നമ്പർ 489/2018/സാനീവ പ്രകാരം തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്ന നിയമം നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി വനിത-ശിശു വികസന ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം എല്ലാ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിലും കീഴ് കാര്യാലയങ്ങളിലും പ്രസ്തുത

നിയമം അനുസരിച്ചുള്ള ഇന്റേണൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള അറിയിപ്പ് നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലാ കളക്ടർമാരെയും ഈ നിയമത്തിൻ കീഴിലുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി ജില്ലാ ഓഫീസർമാരായി സർക്കാർ നിയമിച്ചിട്ടുണ്ട്. ടി നിയമപ്രകാരമുള്ള പരാതി ലഭ്യമാകുന്ന മുറയ്ക്ക് 7 ദിവസത്തിനുള്ളിൽ ലോക്കൽ കമ്മിറ്റിക്ക് അയച്ചുകൊടുക്കുന്നതിനായി വകുപ്പിലെ 258 ശിശു വികസന പദ്ധതി ഓഫീസർമാരെയും നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്.

കൂടാതെ SHWW Act (Sexual Harassment of Women at Workplace Act) സംബന്ധിച്ചുള്ള പരാതികൾ ഓൺലൈൻ ആയി ഫയൽ ചെയ്യുന്നതിനുള്ള She Box എന്ന ഓൺലൈൻ പോർട്ടൽ കേരളവും നടപ്പാക്കുന്നുണ്ട്. ടി പോർട്ടലിന്റെ സ്റ്റേറ്റ് നോഡൽ ഓഫീസറായി വകുപ്പിലെ ജോയിന്റ് ഡയറക്ടറെ നിയമിച്ചിട്ടുണ്ട്. ഓൺലൈൻ പരാതികൾ പരിശോധിക്കുന്നതിനായി 14 ജില്ലകളിലെയും പ്രോഗ്രാം ഓഫീസർമാരെ ഡിസ്ട്രിക്ട് നോഡൽ ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്.

ഐ.ടി പോലുള്ള ആധുനിക തൊഴിൽ മേഖലകളിൽ ക്രഷ് സംവിധാനം ഉണ്ടാകേണ്ടതുണ്ട്. ക്രഷ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നാഷണൽ മിനിമം ഗൈഡ്‌ലൈൻ പ്രകാരം അമ്പതോ അതിൽ കൂടുതലോ ജീവനക്കാരുള്ള എല്ലാ സ്ഥാപനങ്ങളിലും ഒരു ക്രഷ് ഉണ്ടാകണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. അതിൻപ്രകാരം സംസ്ഥാനത്ത് സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ കുഞ്ഞുങ്ങളെ പകൽസമയങ്ങളിൽ സുരക്ഷിതമായി പരിചരിക്കുക എന്ന ലക്ഷ്യത്തോടെ 2017-18 മുതൽ 11 ജില്ലകളിൽ മൊബൈൽ ക്രഷിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വകുപ്പ് മുഖേന 14 ജില്ലാ ആസ്ഥാനങ്ങളിൽ/പൊതു സ്ഥലത്ത് ബ്രെസ്റ്റ് ഫീഡിംഗ് പോഡ് സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## അവശ്യസാധനങ്ങളുടെ വിലക്കയറ്റം

17 (*16) <u>ശ്രീ. അനൂപ് ജേക്കബ്:</u>
<u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. പി. ടി. തോമസ്:</u>
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വിലക്കയറ്റംമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുമ്പൊരിക്കലും ഉണ്ടാകാത്ത വിധത്തിലുള്ള വിലക്കയറ്റത്തിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഉപഭോക്തൃവിലസൂചിക ഡിസംബറിൽ 7.35 ശതമാനം കയറ്റം രേഖപ്പെടുത്തിയ സാഹചര്യത്തിൽ വിലവർദ്ധനവ് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) വിലക്കയറ്റം നിയന്ത്രിക്കുന്നതിനും കമ്പോള ഇടപെടലുകൾ നടത്തുന്നതിനും സിവിൽ സപ്ലൈസ് കോർപ്പറേഷന് എത്ര തുകയാണ് ഈ സാമ്പത്തിക വർഷത്തിൽ അനുവദിച്ചത്; പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) സംസ്ഥാനത്ത് പയർവർഗ്ഗങ്ങൾ, മുളക്, സവാള മുതലായ അവശ്യ സാധനങ്ങളുടെ വിലയിൽ ഇക്കഴിഞ്ഞ രണ്ട് മാസത്തിനിടയിൽ വിലക്കയറ്റം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിരന്തരം ഉയരുന്ന ഇന്ധന വില, കാലാവസ്ഥാ വ്യതിയാനംമൂലം ഉത്പാദന കേന്ദ്രങ്ങളിൽ ഉണ്ടായിട്ടുള്ള വിളവിന്റെ കുറവ് എന്നിവയാണ് ഇത്തരത്തിൽ വില വർദ്ധനവിന് ഇടയാക്കിയിട്ടുള്ളത്.

(സി) അവശ്യ വസ്തുക്കളുടെ കാര്യത്തിൽ പൂർണ്ണമായും ഉപഭോക്തൃ സംസ്ഥാനമെന്ന നിലയാണ് സംസ്ഥാനത്തിനുള്ളത്. എന്നിരുന്നാലും, സപ്ലൈകോ മുഖേന കാര്യക്ഷമമായ വിപണി ഇടപെടൽ സംവിധാനം പ്രവർത്തിക്കുന്നതുമൂലം സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ, വിപണിയിലെ ഏറ്റവും കുറഞ്ഞ വില ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ, വിപണന ശൃംഖല വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ശബരി ഉൽപ്പന്നങ്ങളുടെ വില്പന വിപുലീകരിക്കുന്നതിനുള്ള നടപടികൾ, ഗൃഹോപകരണ വില്പന എന്നിവയിലൂടെ വിലക്കുറവിന്റെ പ്രയോജനം ഉപഭോക്താവിന് എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തി കേരളത്തിലെ മുഴുവൻ സപ്ലൈകോ മാവേലിസ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവ വഴി ലഭ്യമായ നിത്യോപയോഗ സാധനങ്ങളും അവശ്യ സാധനങ്ങളും വിലക്കുറവും സബ്സിഡിയും നൽകി വിതരണം ചെയ്ത് വിലക്കയറ്റം നിയന്ത്രിക്കുകയും വിലവർദ്ധനവ് തടയാൻ വേണ്ട നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സവാളയുടെ കാര്യത്തിലും സർക്കാർ സമയോചിതമായി ഇടപെടുകയും വിപണി വില നിയന്ത്രിക്കുവാൻ കഴിയുകയും ചെയ്തിട്ടുണ്ട്.

(ഡി) 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന ബഡ്ജറ്റിൽ വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കായി 150 കോടി രൂപയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന് വകയിരുത്തിയിട്ടുള്ളത്.

**തീരദേശ ചരക്കുഗതാഗതം**

18 (*17) ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കപ്പൽ, ബാർജ് എന്നിവ വഴിയുള്ള തീരദേശ ചരക്ക് സർവ്വീസ് പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതി വേണ്ടത്ര പുരോഗതി നേടിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത് പരിഹരിക്കാനായി കർമ്മപരിപാടി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രവർത്തനസജ്ജമായിട്ടുള്ള അഴീക്കൽ, ബേപ്പൂർ, കൊല്ലം എന്നീ വൻകിടേതര തുറമുഖങ്ങൾ വഴിയുള്ള ചരക്ക് നീക്കം ഗണ്യമല്ലെന്നതിനാൽ കൊച്ചി, വല്ലാർപാടം തുടങ്ങിയ വൻകിട തുറമുഖങ്ങളെക്കൂടി ബന്ധിപ്പിച്ചുകൊണ്ടും പ്രവർത്തനസജ്ജമല്ലാത്ത വൻകിടേതര തുറമുഖങ്ങളെക്കൂടി പ്രവർത്തന സജ്ജമാക്കിയും ചരക്കുനീക്കം യാഥാർത്ഥ്യമാക്കുന്നതിന് പരിപാടിയുണ്ടോ; വിശദമാക്കുമോ;

(സി) തീരദേശം വഴിയുള്ള ചരക്ക് ഗതാഗതം വ്യാപിപ്പിക്കുന്നതിന് മാരിടൈം ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) 2020-ഓടെ നിലവിൽ റോഡ്/റയിൽ മാർഗ്ഗം കൈകാര്യം ചെയ്യുന്ന ചരക്കിന്റെ 40 ശതമാനം തീരദേശ കപ്പൽ ഗതാഗത പദ്ധതി വഴി നടപ്പാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിനുവേണ്ടി ബേപ്പൂർ, അഴീക്കൽ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിൽ ചാനൽ, ബേസിൻ, വാർഫ്, റീച്ച് സ്റ്റാക്കർ, ക്രെയിനുകൾ, ടഗ്ഗുകൾ, വെയിംഗ് മെഷീൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തീരദേശ കപ്പൽഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ നൽകിവന്നിരുന്ന

ഇൻസെന്റീവ് മെട്രിക് ടണ്ണിന് 3 രൂപയാക്കി വർദ്ധിപ്പിച്ചു. 2016-17 സാമ്പത്തിക വർഷം മുതൽ 2019-20 വരെ ഏകദേശം 1650 കണ്ടെയിനറുകൾ ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ കൈകാര്യം ചെയ്തിട്ടുണ്ട്. സർക്കാർ നൽകുന്ന ഇൻസെന്റീവ് കൂടുതൽ ഫലപ്രദമാക്കുന്നതിനുവേണ്ടി ആയത് പുനരാവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) കൊച്ചിയിൽ നിന്ന് കൊല്ലം, അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളിലേയ്ക്കുള്ള കണ്ടെയ്നർ നീക്കം പ്രോത്സാഹിപ്പിക്കുന്നതിന് നൽകിവരുന്ന ഇൻസെന്റീവ് പുനരാവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തുറമുഖങ്ങളുടെ വാണിജ്യ സാധ്യത പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) തീരദേശകപ്പൽ ഗതാഗതം സുഗമമാക്കുന്നതിന് കേരള മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ ബേപ്പൂർ, അഴീക്കൽ, കൊല്ലം തുറമുഖങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തീരദേശ ചരക്കുഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ നൽകിവരുന്ന ഇൻസെന്റീവ് കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള ശിപാർശ മാരിടൈം ബോർഡ് സമർപ്പിച്ചിട്ടുണ്ട്. തുറമുഖങ്ങളുടെ വാണിജ്യ സാധ്യത വിപുലപ്പെടുത്തുന്നതിനുവേണ്ടി ബന്ധപ്പെട്ട വ്യക്തികൾ/സംഘടനകൾ എന്നിവരുമായി മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ ചർച്ച നടത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ജനിതക രോഗങ്ങൾ ബാധിച്ചവർക്കുള്ള ചികിത്സ**

19 (*18) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹീമോഫീലിയ രോഗികൾക്കുള്ള സൗജന്യ മരുന്നും ചികിത്സയും ഉറപ്പാക്കുന്നതിന് വിദഗ്ദ്ധ ചികിത്സാ പ്രോട്ടോക്കോൾ തയ്യാറാക്കുന്നതിനായി രൂപീകരിച്ച രത്തൻ ഖേൽക്കർ കമ്മിറ്റിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത സമിതിയിലെ അംഗങ്ങൾ ആരൊക്കെ എന്ന് വ്യക്തമാക്കാമോ; സമിതിയിൽ ഹീമോഫീലിയ രോഗികളുടെയോ അവരുടെ സംഘടനയുടെയോ പ്രതിനിധിയായി ആരെയെങ്കിലും ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഹീമോഫീലിയ രോഗികൾക്ക് കാരുണ്യ ഫാർമസി വഴി സൗജന്യമായി മരുന്ന് (ഫാക്ടർ 8,9) വിതരണം ചെയ്യുന്ന നിലവിലെ സംവിധാനം 2020 മാർച്ച് മാസത്തോടുകൂടി പൂർണ്ണമായും അവസാനിക്കുമെന്നതിനാൽ ഏപ്രിൽ മുതൽ തന്നെ ഖേൽക്കർ സമിതി റിപ്പോർട്ട് പ്രകാരമുള്ള പുതിയ ചികിത്സാ പദ്ധതി നടപ്പിലാക്കാൻ നടപടിയെടുക്കുമോ;

(ഡി) ഖേൽക്കർ സമിതി ഈ വിഷയം പരിഗണിക്കുന്നുണ്ടോ; ഇല്ലെങ്കിൽ സമിതിയുടെ പരിഗണനാ വിഷയങ്ങളിൽ ഇതുകൂടി ഉൾപ്പെടുത്താൻ നടപടിയെടുക്കുമോ എന്ന് അറിയിക്കുമോ;

(ഇ) ഇല്ലെങ്കിൽ പുതിയ പദ്ധതി നിലവിൽ വരുന്നതുവരെ കാരുണ്യ ഫാർമസി മുഖേനയുള്ള നിലവിലെ മരുന്ന് വിതരണ സംവിധാനം നിലനിർത്താൻ നടപടികൾ സ്വീകരിക്കുമോ;

(എഫ്) കേരളത്തിലെമ്പാടും കാരുണ്യ ഫാർമസി മുഖേന ലഭിച്ചുകൊണ്ടിരുന്ന ഫാക്ടർ വിതരണം നിലവിൽ തടസ്സപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനുള്ള കാരണം വിശദീകരിക്കാമോ; പരിഹാര നടപടികൾ സ്വീകരിക്കുമോ;

(ജി) ആജീവനാന്ത ചികിത്സ ആവശ്യമായതും ഇൻഷുറൻസ് പരിരക്ഷ പോലും അന്യമായതുമായ ഹീമോഫീലിയ ഉൾപ്പെടെയുള്ള അപൂർവ്വ ജനിതക രോഗങ്ങൾ ബാധിച്ചവരുടെ ചികിത്സ, മരുന്ന് വിതരണം എന്നിവയ്ക്കായി എല്ലാ വർഷവും ആരോഗ്യബഡ്ജറ്റിൽ ഒരു നിശ്ചിത തുക വകയിരുത്താൻ എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ-ഡി) ഹീമോഫീലിയ രോഗികൾക്കുള്ള സൗജന്യ മരുന്നും ചികിത്സയും ഉറപ്പാക്കുന്നതിന് വിദഗ്ദ്ധ ചികിത്സാ പ്രോട്ടോക്കോൾ തയ്യാറാക്കുന്നതിനായി രത്തൻ ഖേൽക്കർ കമ്മിറ്റി രൂപീകരിച്ചിട്ടില്ല. എന്നാൽ ഹീമോഫീലിയ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സാ സഹായം നൽകുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ തയ്യാറാക്കാൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു.

(ഇ) 2020 മാർച്ച് 31 വരെ കാരുണ്യ ഫാർമസികൾ മുഖേന മരുന്നു വിതരണം ചെയ്യുന്നതാണ്.

(എഫ്) കേരളത്തിലെമ്പാടും കാരുണ്യ ഫാർമസി മുഖേന ലഭിച്ചുകൊണ്ടിരുന്ന ഫാക്ടറുകളുടെ വിതരണം നിലവിൽ തടസ്സപ്പെട്ടിട്ടില്ല. ഹീമോഫീലിയ

രോഗബാധിതരായ 1058 രോഗികൾക്ക് കാരുണ്യ ബനവലന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ആന്റി ഹീമോഫിലിക് ഫാക്ടർ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയാണ് സംഭരിച്ച് വിതരണം ചെയ്യുന്നത്. തുടർ ചികിത്സാർത്ഥം ശരാശരി പ്രതിമാസം 4502 unit ഫാക്ടർ 08, 463 യൂണിറ്റ് ഫാക്ടർ 09, 680 യൂണിറ്റ് FEIBA എന്നിങ്ങനെയാണ് മരുന്നുകൾ ആവശ്യമായി വരുന്നത്. ആനുകാലികമായി മദ്ധ്യകേരളത്തിൽ ടി മരുന്നുകൾക്ക് നേരിയ ദൗർലഭ്യം നേരിട്ടിട്ടുണ്ട്. മറ്റു രോഗാവസ്ഥകളിൽ നിന്നും വിഭിന്നമായി ചികിത്സയിൽ കഴിയുന്ന രോഗിയുടെ ശാരീരിക നിലയിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾക്ക് ആനുപാതികമായി അനന്യ സാധാരണമായുണ്ടാകുന്ന അടിയന്തര അത്യാഹിതങ്ങൾ (ആന്തരിക അവയവങ്ങൾ, സന്ധികൾ, തലച്ചോർ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന രക്തസ്രാവം) നിയന്ത്രണവിധേയമാക്കാൻ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കരുതൽ ശേഖരത്തിനു കഴിയാതെ വരുന്നതും, പുതിയതായി കൂടുതൽ രോഗികൾ ഈ ഗണത്തിലേക്ക് ചേർക്കപ്പെടുന്നതും, തുടർ ചികിത്സയിലിരിക്കുന്ന രോഗിക്ക് ശസ്ത്രക്രിയ പോലുള്ള ചികിത്സ നൽകേണ്ട അവസരങ്ങളിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന കണക്കുകൂട്ടലുകൾക്കതീതമായ ആവശ്യകതയും മരുന്നു കമ്പനിയുടെ ഭാഗത്തുനിന്നും മരുന്നു വിതരണവുമായി ബന്ധപ്പെട്ട കാലവിളംബവും മേൽ അവസ്ഥാവിശേഷത്തിന് കാരണമായിട്ടുണ്ട്. മേൽ വിഷയം സർക്കാർ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെയും മരുന്നു വിതരണ കമ്പനിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയും അടിയന്തര നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. നിലവിൽ (30-1-2020) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പക്കൽ 534 എണ്ണം FEIBA, 5947 എണ്ണം ഫാക്ടർ -8, 1672 എണ്ണം ഫാക്ടർ-9 എന്നിവയുടെ കരുതൽ ശേഖരമുണ്ട്.

(ജി) രക്തസംബന്ധമായ രോഗങ്ങളായ ഹീമോഫീലിയ, സിക്കിൾസെൽ അനീമിയ, തലസീമിയ, നാഡീവ്യൂഹ വ്യവസ്ഥയുമായി ബന്ധപ്പെട്ട ഗുരുതര അവസ്ഥകളായ മൾട്ടിപ്പിൾ സ്ലീറോസിസ്, പാർക്കിൻസൺസ് രോഗം എന്നിവ 2016-ലെ അംഗപരിമിതരുടെ അവകാശ നിയമപ്രകാരം വൈകല്യങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. 2015-ലെ ഭിന്നശേഷി സെൻസസ് പ്രകാരം ഈ വിഭാഗത്തിൽപ്പെട്ട 7168 വ്യക്തികളുടെ പുനരധിവാസത്തിനായി വൈകല്യ നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിനുവേണ്ടി കേരളാ സാമൂഹ്യ സുരക്ഷാ മിഷന് 2019-20 ബഡ്ജറ്റിൽ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നാഷണൽ ഹെൽത്ത് മിഷനുമായി ചേർന്ന് പദ്ധതികൾക്ക് രൂപം നൽകിവരുന്നു.

## ഇ-ഹെൽത്ത് പദ്ധതി

20 (*19) ശ്രീ. എം. സ്വരാജ്:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. പി. കെ. ശശി:
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കി വരുന്ന ഇ-ഹെൽത്ത് പദ്ധതി കൂടുതൽ ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ടെലി ക്ലിനിക്ക് സംവിധാനം പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) സമഗ്രമായ ആരോഗ്യ വിവരശേഖരണത്തെ അടിസ്ഥാനപ്പെടുത്തി ആരോഗ്യരംഗത്തെ പദ്ധതിയാസൂത്രണവും രോഗനിർണയവും പ്രതിരോധ പ്രവർത്തനങ്ങളും ചികിത്സയും നടപ്പാക്കുന്ന ഇ-ഹെൽത്ത് പദ്ധതിക്ക് നീതി ആയോഗിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സംസ്ഥാനത്തെ മുഴുവൻ മെഡിക്കൽ കോളേജുകളിലും ഇ-ഹെൽത്ത് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള വിവിധ ശ്രേണിയിൽപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട 13 ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി തുടങ്ങിയതെങ്കിലും നിലവിൽ വിവിധ ജില്ലകളിലായി 90 ആശുപത്രികളിൽ ഇ-ഹെൽത്ത് പ്രവർത്തിച്ചുവരുന്നുണ്ട് (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു).* ഇതിൽ തിരുവനന്തപുരം ജില്ലയിൽ മാത്രം 22 ആശുപത്രികൾ പൂർണ്ണമായും കടലാസ്സരഹിതമായാണ് പ്രവർത്തിക്കുന്നത് (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു).* തിരുവനന്തപുരം ജില്ലയിലെ ശേഷിക്കുന്ന 83 സർക്കാർ ആശുപത്രികളിൽ 26 എണ്ണത്തിൽ ഇ-ഹെൽത്തിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു).* സംസ്ഥാനത്തൊട്ടാകെ

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആർദ്രം പദ്ധതിയിൽപ്പെടുത്തി വികസിപ്പിച്ചിട്ടുള്ള 170 കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. ഇതിൽ ചില ആശുപത്രിക്കെട്ടിടങ്ങൾ വെള്ളപ്പൊക്കത്തിൽ തകർന്നുപോയതിനെ തുടർന്ന് പുനർനിർമ്മാണം നടന്നുവരുന്നതിനാലും, ചില ആശുപത്രികളിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച് വരുന്നതിനാലും അത്തരം സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. ഇതിനുപകരമായി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ മറ്റ് ആശുപത്രികളിൽ ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു).* നിർമ്മാണ ജോലികൾ നടന്നുവരുന്നതിനാൽ താൽക്കാലികമായി ഒഴിവാക്കപ്പെട്ട ആശുപത്രികളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതാണ്. ഓരോ ആശുപത്രിക്കും പ്രത്യേകമായി ലോക്കൽ ഏരിയ നെറ്റ്‍വർക്ക്, തടസ്സരഹിത വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിനുള്ള യു.പി.എസ്., സമർപ്പിത ബ്രോഡ്ബാൻഡ് ബന്ധം, അത്യന്താധുനിക കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഉൾപ്പെടെ സ്ഥാപിക്കേണ്ടി വരുന്നതിനാൽ ആശുപത്രികളുടെ നിലവാരത്തിനും ഘടനയ്ക്കും അനുസരിച്ച് ഭാരിച്ച സാമ്പത്തിക ബാധ്യതയാണുള്ളത്. ഒരിക്കൽ സ്ഥാപിക്കപ്പെട്ട ഇ-ഹെൽത്ത് സംവിധാനങ്ങൾ ചെറിയ ഒരിടവേളയ്ക്കുശേഷം മാറ്റിസ്ഥാപിക്കാനോ പൂർണ്ണമായി ഒഴിവാക്കി പുതിയവ സ്ഥാപിക്കാനോ ശ്രമിച്ചാൽ ഉണ്ടാകുന്ന നഷ്ടം കണക്കിലെടുത്ത് കരുതലോടെയുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. മതിയായ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ സജ്ജമാക്കിയിട്ടുള്ള 128 ആശുപത്രികളിൽക്കൂടി ഉടൻ ഇ-ഹെൽത്ത് പദ്ധതി പ്രാവർത്തികമാകുന്നതാണ് (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു).* ഇതിനുപുറമേ 301 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കൂടി ഇ-ഹെൽത്ത് പദ്ധതിക്കുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു. കൂടാതെ, കൊല്ലം ജില്ലയിലെ പാരിപ്പള്ളി മെഡിക്കൽ കോളേജിലും കോട്ടയം മെഡിക്കൽ കോളേജിലും ഒ.പി. വിഭാഗത്തിൽ ഇ-ഹെൽത്ത് പദ്ധതി പ്രവർത്തിച്ചുവരുന്നുണ്ട്. ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി മെഡിക്കൽ കോളേജുകളിലെ ഒ.പി. വിഭാഗങ്ങളിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി രോഗീസൗഹൃദമായി വികസിപ്പിച്ചിട്ടുള്ള ഒ.പി. വിഭാഗത്തിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്ന നടപടി അന്തിമ ഘട്ടത്തിലാണ്. തിരുവനന്തപുരം, ആലപ്പുഴ, മഞ്ചേരി മെഡിക്കൽ കോളേജുകളിൽ ഐ.പി. വിഭാഗത്തിൽക്കൂടി ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജിന്റെ പട്ടികയിൽ പുതിയതായി ഉൾപ്പെട്ട കണ്ണൂർ മെഡിക്കൽ കോളേജിൽ ഇ-ഹെൽത്ത് പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിന് 7.09 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു).* ആയതിന്റെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു.

(ബി) നിലവിൽ ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി ടെലി ക്ലിനിക് സംവിധാനം പ്രവർത്തിക്കുന്നില്ല.

(സി) 26-11-2019-ൽ നീതി ആയോഗിന്റെ ഔദ്യോഗിക വെബ്സൈറ്റിന്റെ ആമുഖ പേജിൽ, വയനാട് ജില്ലയിലെ നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഇ-ഹെൽത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ള ടച്ച് സ്ക്രീൻ കിയോസ്ക് ഉൾപ്പെടെയുള്ള ചിത്രം സഹിതം സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഇ-ഹെൽത്ത് പദ്ധതിയുടെ നേട്ടങ്ങളെ എടുത്തു പറഞ്ഞിട്ടുണ്ട്. ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ "India e-Delivery of Public Services Project" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിൽ ആരംഭിച്ച ഇ-ഹെൽത്ത് ഇതിനകം ദേശീയതലത്തിൽ ശ്രദ്ധേയമായ മുന്നേറ്റം കൈവരിച്ചു കഴിഞ്ഞിട്ടുള്ളതിനാൽ ഇതുസംബന്ധിച്ച് നീതി ആയോഗിന്റെ റിപ്പോർട്ട് ഒരു അംഗീകാരമായാണ് കാണുന്നത് (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു).*

(ഡി) പൈലറ്റ് പദ്ധതിയിൽ ഉൾപ്പെട്ട തിരുവനന്തപുരം മെഡിക്കൽകോളേജിനുപുറമേ കൊല്ലം പാരിപ്പള്ളി മെഡിക്കൽ കോളേജിലും കോട്ടയം മെഡിക്കൽകോളേജിലും ഒ.പി. വിഭാഗത്തിൽ ഇ-ഹെൽത്ത് പദ്ധതി പ്രവർത്തിച്ചുവരുന്നു. ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി മെഡിക്കൽകോളേജുകളിലെ ഒ.പി. വിഭാഗങ്ങളിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി രോഗീസൗഹൃദമായി വികസിപ്പിച്ചിട്ടുള്ള ഒ.പി. വിഭാഗത്തിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് അനുവദിച്ചുനൽകിയ തുക വിനിയോഗിച്ച് പദ്ധതി നടത്തിപ്പിനാവശ്യമായ എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആലപ്പുഴ, കോഴിക്കോട്, മഞ്ചേരി മെഡിക്കൽ കോളേജുകളിൽ യു.പി.എസ്. സംവിധാനം സ്ഥാപിക്കുന്നതിനാവശ്യമായ കെട്ടിടസൗകര്യം സജ്ജമാക്കിവരുന്നു. സർക്കാർ മെഡിക്കൽ കോളേജിന്റെ പട്ടികയിൽ പുതിയതായി ഉൾപ്പെട്ട കണ്ണൂർ മെഡിക്കൽ കോളേജിൽ ഇ-ഹെൽത്ത് പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിന് 7.09 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു. കൂടാതെ നിർമ്മാണം പൂർത്തിയായിവരുന്ന കോന്നി, ഇടുക്കി മെഡിക്കൽ കോളേജുകൾ പ്രവർത്തനം ആരംഭിക്കുമ്പോൾ തന്നെ ഇ-ഹെൽത്ത് പദ്ധതി നിലവിൽ വരത്തക്കവണ്ണം പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി

21 (*20) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തുടനീളമുള്ള നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംസ്ഥാനത്ത് കൂടുതലായി ബാധിക്കാതിരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി പൊതുവിതരണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഓണം, ക്രിസ്തുമസ്, റമദാൻ തുടങ്ങിയ ഉത്സവസീസണുകളിൽ സപ്ലൈകോയുടെ പ്രത്യേക വിപണന മേളകൾ കൂടുതൽ പ്രദേശങ്ങളിൽ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഗ്രാമവാസികൾക്ക് പ്രയോജനപ്രദമാകുംവിധം സപ്ലൈകോയുടെ ഔട്ട് ലെറ്റുകൾ കൂടുതൽ ഗ്രാമപ്രദേശങ്ങളിൽ സ്ഥാപിക്കുവാൻ നിർദ്ദേശം നൽകുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) രാജ്യത്തുടനീളം ഉണ്ടായിട്ടുള്ള നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംസ്ഥാനത്തെ ബാധിക്കാതിരിക്കുന്നതിന് സപ്ലൈകോ മുഖേന പ്രവർത്തിക്കുന്ന കാര്യക്ഷമമായ വിപണി ഇടപെടൽ സംവിധാനം പ്രവർത്തിക്കുന്നുണ്ട്. ഈ സംവിധാനം താഴെപ്പറയുന്ന രീതിയിൽ പ്രവർത്തിക്കുന്നു.

i. സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ

ഡിപ്പോ തലത്തിലുള്ള ആവശ്യകത ശേഖരിച്ച്, ഇ-ടെണ്ടർ, ഇ-ഓക്ഷൻ എന്നിവ മുഖേനയാണ് സപ്ലൈകോ അവശ്യ സാധനങ്ങൾ വാങ്ങുന്നത്. ഈ സാമ്പത്തിക വർഷം, പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതി പ്രകാരം നാഫെഡിൽ നിന്ന് ചെറുപയർ, തുവരപ്പരിപ്പ്, കടല, ഉഴുന്ന് എന്നിവയും വളരെ മിതമായ നിരക്കിൽ സംഭരിച്ച് ഉപഭോക്താക്കൾക്ക് എത്തിക്കുന്നുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ ദൗർലഭ്യവും വിലക്കുതിപ്പും ഉണ്ടാകുന്ന ഘട്ടങ്ങളിൽ ഉത്പാദന കേന്ദ്രങ്ങളിലെത്തി നേരിട്ട് സാധനങ്ങൾ സംഭരിച്ച് വിപണിയിലെത്തിക്കുന്നതിനും സവാളയുടെ വില വർദ്ധിച്ച അവസരത്തിൽ നാഫെഡ് മുഖേനയും കേന്ദ്രീയ ഭണ്ടാരിൽ നിന്നുമായി സവാള സംഭരിച്ച് മിതമായ വിലയിൽ വിപണിയിലെത്തിക്കുന്നതിനും സപ്ലൈകോയ്ക്ക് സാധിച്ചു.

ii. <u>വിപണിയിലെ ഏറ്റവും കുറഞ്ഞ വില ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ</u>

പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ 14 ഇനം സബ്സിഡി സാധനങ്ങളാണ് സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, സബ്സിഡി വില്പന വിലകൾ (സർക്കാർ അധികാരത്തിൽ വന്നപ്പോഴുള്ള വില) വർദ്ധിപ്പിച്ചിട്ടില്ല. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾക്കുപുറമേ, 36 ഇനം അവശ്യസാധനങ്ങൾ ഫ്രീസെയിൽ സബ്സിഡി നിരക്കിലും, സപ്ലൈകോയുടെ സ്വന്തം 'ശബരി' ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങൾ, മറ്റു ബ്രാൻഡഡ് കമ്പനികളുടെ എഫ്.എം.സി.ജി ഉൽപ്പന്നങ്ങൾ എന്നിവ പൊതുവിപണിയിലേതിനേക്കാൾ വിലക്കുറവിലും വില്പന നടത്തുന്നതിലൂടെ പൊതുവിപണിയിലെ വിലക്കയറ്റം തടയുന്നതിന് കഴിയുന്നു.

iii. <u>വിപണന ശൃംഖല വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ</u>

ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള വില്പനശാലകളുടെ ആകെ എണ്ണം 1529 ആയിരുന്നെങ്കിൽ ഇന്ന് 1581 ആയി വർദ്ധിച്ചിട്ടുണ്ട്. ഇതിനുപുറമേ, നിലവിലുള്ളവ നവീകരിക്കുന്നതിനും ഉപഭോക്തൃ സൗഹാർദ്ദ സ്ഥാപനങ്ങളാക്കുന്നതിനും നടപടിയെടുത്തു. സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി, 2018-19 സാമ്പത്തിക വർഷം ആകെ 86 വില്പനശാലകളും 2019-20 സാമ്പത്തിക വർഷം ഇതുവരെ 62 വില്പനശാലകളുമാണ് അപ്ഗ്രേഡ് ചെയ്തിട്ടുള്ളത്.

iv. <u>ശബരി ഉൽപ്പന്നങ്ങളുടെ വില്പന വിപുലീകരിക്കുന്നതിനുള്ള നടപടികൾ</u>

സപ്ലൈകോയുടെ സ്വന്തം ശബരി ബ്രാൻഡിലുള്ള ഉൽപ്പന്നങ്ങളുടെ സംസ്കരണം, വിപണനം എന്നിവ കൂടുതൽ ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2019 ഓഗസ്റ്റ് മാസം മുതൽ ശബരി ബ്രാൻഡിലുള്ള കറിപ്പൊടികളും മസാലപ്പൊടികളും സംസ്കരിച്ച് സപ്ലൈകോയ്ക്ക് നൽകുവാനായി സഹകരണ മേഖലയിലെ റെയ്ഡ്കോ എന്ന സ്ഥാപനത്തിനാണ് കരാർ നൽകിയിട്ടുള്ളത്. ഇതുവഴി, ഇവയുടെ ലഭ്യതയും ഗുണമേന്മയും മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. ശബരി ഉൽപ്പന്നങ്ങളുടെ വിപണനത്തിന് താല്പര്യം പ്രകടിപ്പിക്കുന്ന റേഷൻ വ്യാപാരികൾക്ക്, നിശ്ചിത മാർജിൻ പങ്കുവെച്ച് ശബരി ഉൽപ്പന്നങ്ങളുടെ വിതരണക്കാരാകുവാനുള്ള പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

v. <u>ഗൃഹോപകരണ വില്പന</u>

സപ്ലൈകോ ആരംഭിച്ചിട്ടുള്ള 160 ഗൃഹോപകരണ വില്പന കൗണ്ടറുകളിലൂടെ ശരാശരി 40 ശതമാനം വരെ വിലക്കുറവിൽ ഗൃഹോപകരണങ്ങൾ വിതരണം ചെയ്തുവരുന്നു. ഇതുവഴി ഈ രംഗത്തെ ചൂഷണത്തിന് ഒരു പരിധി വരെ ആശ്വാസം നൽകുവാൻ സാധിച്ചിട്ടുണ്ട്.

(ബി) പൊതുവിതരണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഭക്ഷ്യ ഭദ്രതാ നിയമം 2013, 1-11-2016 മുതൽ നടപ്പിൽ വന്നിട്ടുണ്ട്. End to End Computerization, ഭക്ഷ്യ ധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീനുകളുടെ ഉപയോഗം എന്നിവ മുഖമുദ്രയായുള്ള ടി നിയമം നടപ്പിൽ വന്നതോടെ പൊതുവിതരണ രംഗം കൂടുതൽ സുതാര്യവും കാര്യക്ഷമവുമായി തീർന്നിട്ടുണ്ട്. റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് authenticate ചെയ്ത് യാഥാർത്ഥ ഗുണഭോക്താവിനുതന്നെ റേഷൻ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നുണ്ട്. കൂടാതെ ഓരോ മാസവും ഉപഭോക്താവിന് ലഭിക്കുന്ന റേഷൻ സാധനങ്ങളുടെ അളവും വിലയും എസ്.എം.എസ്. ആയി കാർഡുടമകളുടെ മൊബൈൽ നമ്പരിലേയ്ക്ക് നൽകുന്നുണ്ട്.

റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടഞ്ഞ് ആയതിന്റെ ലഭ്യതയും ന്യായവിലയും ഉറപ്പാക്കുന്നതിന് ശക്തമായ പൊതുവിപണി പരിശോധനകൾ വകുപ്പിലെ ഉദ്യോഗസ്ഥർ നടത്തിവരുന്നു.

(സി) ഓണം, ക്രിസ്മസ്, റംസാൻ തുടങ്ങിയ ഉത്സവ സീസണുകളിൽ നിലവിലുള്ള വില്പനശാലകൾക്കുപുറമേ സപ്ലൈകോ പ്രത്യേക വിപണന മേളകളും സംഘടിപ്പിക്കുന്നുണ്ട്. ഓണക്കാലത്ത് എല്ലാ നിയോജക മണ്ഡലങ്ങളിലും ഓണച്ചന്തകൾ സംഘടിപ്പിച്ചുവരുന്നു. 2019 ഓണക്കാലത്ത്, 51 പ്രത്യേക ചന്തകളും റംസാൻ മാസത്തിൽ ആറും, ക്രിസ്മസ് കാലത്ത് അഞ്ചും പ്രത്യേക വിപണന മേളകൾ സംഘടിപ്പിച്ചിരുന്നു. സൂപ്പർ മാർക്കറ്റ് ശൈലിയിൽ തന്നെയുള്ള വിപണന രീതി ഒരുക്കിയും സബ്സിഡി/സബ്സിഡി ഇതര വിഭാഗങ്ങളിലായി ആവശ്യാനുസരണം സാധനങ്ങൾ ലഭ്യമാക്കിയുമാണ് ഇത്തരം മേളകൾ പ്രവർത്തിക്കുന്നത്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഒരു സപ്ലൈകോ വിൽപ്പനശാലപോലും ഇല്ലാതിരുന്ന 38 ഗ്രാമപഞ്ചായത്തുകളാണുണ്ടായിരുന്നത്. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു സപ്ലൈകോ വിൽപ്പനശാലയെങ്കിലും ആരംഭിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി നടപടികൾ സ്വീകരിക്കുകയും ഭക്ഷ്യ സിവിൽ സപ്ലൈസ്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ സംയുക്തമായി നടത്തിയ വകുപ്പുതല ചർച്ചകളിലൂടെ പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതു സംബന്ധിച്ച നിലവിലെ സർക്കാർ മാനദണ്ഡപ്രകാരം അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ അനുയോജ്യമായ കെട്ടിട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുകയും ആയതുപ്രകാരം കെട്ടിട സൗകര്യം ലഭ്യമായ എല്ലാ പഞ്ചായത്ത് പ്രദേശങ്ങളിലും പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു. അതുപ്രകാരം ഇനി 16 ഗ്രാമപഞ്ചായത്തുകളിൽ മാത്രമേ സപ്ലൈകോ വിൽപ്പനശാലകൾ ഇല്ലാതെയുള്ളൂ. അനുയോജ്യമായ കെട്ടിട സൗകര്യം ലഭ്യമായാൽ ഉടൻ പ്രസ്തുത പഞ്ചായത്ത് പ്രദേശങ്ങളിൽക്കൂടി പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ കഴിയും.

കൂടാതെ നിലവിൽ പഞ്ചായത്ത് പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകളുടെ സ്ഥലലഭ്യതയുടെ അടിസ്ഥാനത്തിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി ആയത് മാവേലി സൂപ്പർ സ്റ്റോറുകൾ/സൂപ്പർ മാർക്കറ്റുകൾ എന്നീ വിഭാഗത്തിലേയ്ക്ക് ഉയർത്തി പ്രവർത്തിപ്പിക്കുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്. ആയതുപ്രകാരം ഇക്കാലയളവിൽ 25 മാവേലി സ്റ്റോറുകൾ മാവേലി സൂപ്പർ സ്റ്റോറുകളായും 59 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായും ഉയർത്തിയിട്ടുണ്ട്.

**പൗരത്വരജിസ്റ്റർ പുതുക്കൽ നടപടി**

22(*22) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപൗരത്വ രജിസ്റ്റർ പുതുക്കൽ നടപടികളുമായി സഹകരിക്കേണ്ടതില്ലെന്ന് സംസ്ഥാന സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) പൗരത്വരജിസ്റ്റർ പുതുക്കൽ നടപടികളിൽ പങ്കെടുക്കാൻ തഹസീൽദാർമാർ ഉത്തരവ് നൽകിയ കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്.

(ബി&സി) 20-12-2019-ലെ സർക്കാർ ഉത്തരവ് (എം.എസ്) 247/2019/പൊ.ഭ.വ. പ്രകാരം ദേശീയ ജനസംഖ്യാ രജിസ്റ്റർ (NPR) സംബന്ധിച്ച എല്ലാ പ്രക്രിയയും സംസ്ഥാനത്ത് സ്റ്റേ ചെയ്യാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ സെൻസസ്സ്-എൻ.പി.ആർ. നടപടികൾ സംബന്ധിച്ച് കേന്ദ്രസർക്കാർ നേരിട്ട് ജില്ലാ കളക്ടർമാർക്ക് നൽകുന്ന കത്തുകളിൽ എൻ.പി.ആർ. നടപടികളുടെ കാര്യംകൂടി സൂചിപ്പിക്കുന്നതിനാൽ ചില ഉദ്യോഗസ്ഥർ നൽകുന്ന കത്തുകളിൽ എൻ.പി.ആർ.-ന്റെ കാര്യംകൂടി അബദ്ധത്തിൽ പരാമർശിക്കുന്നത് സർക്കാരിന്റെ

ശ്രദ്ധയിൽവന്നു. തുടർന്ന് ഇത്തരത്തിൽ തെറ്റുകൾ വരാതിരിക്കാൻ വ്യക്തിപരമായ ജാഗ്രത പുലർത്തുണമെന്നും അശ്രദ്ധമായി കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്നും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സെൻസസ്സ് പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പിന്റെ തലവൻമാർക്കും ഇത്തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## വിഴിഞ്ഞം തുറമുഖ നിർമ്മാണം

23 (*23) ശ്രീ. എം. ഉമ്മർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഇതിനോടകം എത്ര ശതമാനം പൂർത്തിയാക്കിയെന്ന് വ്യക്തമാക്കാമോ;

(ബി) കരാർ പ്രകാരം പണിപൂർത്തിയാക്കേണ്ട കാലാവധി എന്നായിരുന്നുവെന്ന് അറിയിക്കുമോ;

(സി) തുറമുഖത്തിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ വിവിധ ഘടകങ്ങളുടെ നാളിതുവരെയുള്ള നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | നിർമ്മാണ പ്രവൃത്തി | പൂർത്തീകരിക്കേണ്ടത് | നാളിതുവരെ പൂർത്തീകരിച്ചത് |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | പുലിമുട്ട് | 3100 മീറ്റർ | 20% |
| 2 | ഡ്രെഡ്ജിംഗ് &റിക്ലമേഷൻ | 7.1 ദശലക്ഷം ഘനമീറ്റർ | 40% |
| 3 | കണ്ടെയ്നർ ബെർത്ത് | 800 മീറ്റർX 60 മീറ്റർ | പൈലിംഗ്, ബീമുകൾ, സ്ലാബുകൾ എന്നിവയുടെ പ്രീകാസ്റ്റിംഗ് പണികൾ100% പൂർത്തീകരിച്ചു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | കണ്ടെയ്നർ യാർഡ് | 30 ഹെക്ടർ | യാർഡിനാവശ്യമായ പേവർ ബ്ലോക്കുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. |
| 5 | തുറമുഖത്തിനായിട്ടുള്ള യന്ത്രോപകരണങ്ങൾ (ക്രെയ്നുകൾ, ടഗ്ബോട്ടുകൾ തുടങ്ങിയവ) | കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയ്നുകൾ -8 എണ്ണം | നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. |
| | | ടഗ് ബോട്ടുകൾ-4 എണ്ണം | 3 ടഗ് ബോട്ടുകൾ നിർമ്മാണം പൂർത്തിയായി. മറ്റൊരു ടഗ്ഗിന്റെ നിർമ്മാണം പുരോഗമിക്കുകയാണ് |
| | | യാർഡ്ക്രെയ്നുകൾ-24 എണ്ണം | നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. |

(ബി) കൺസെഷൻ കരാർ പ്രകാരം പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടത് 2019 ഡിസംബർ 3-ന് ആയിരുന്നു.

(സി) കരാർ പ്രകാരം പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണം 2019 ഡിസംബർ 3-ന് പൂർത്തീകരിക്കേണ്ടതായിരുന്നു. 3 മാസം പിഴ ഇല്ലാതെയും തുടർന്ന് 6 മാസം പിഴയോടുകൂടിയും ക്യൂറിംഗ് പിരീഡിന് കൺസഷൻ കരാറിൽ വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് 2020 സെപ്റ്റംബർ മാസത്തിൽ കമ്പനി പണി പൂർത്തീകരിക്കേണ്ടതാണ്.

**ലോക കേരള സഭയുടെ പ്രവർത്തനങ്ങൾ**

24 (*24) ശ്രീ. എം. മുകേഷ്:
ശ്രീ. പി. വി. അൻവർ:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ ആശങ്കകളും ആവശ്യങ്ങളും പരിഗണിക്കുന്നതിനും നാടിന്റെ വികസനത്തിൽ അവരെക്കൂടി കണ്ണിചേർക്കുന്നതിനും ലോക കേരള സഭ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഒന്നാം ലോക കേരള സഭയെത്തുടർന്ന് രൂപീകരിച്ച വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി ചെയ്ത പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) രണ്ടാം ലോക കേരള സഭയിലെ ചർച്ചയെത്തുടർന്ന് പ്രവാസികളുടെ ക്ഷേമത്തിനും സംസ്ഥാനത്തിന്റെ വളർച്ചയ്ക്കും സഹായകമായി എന്തെല്ലാം പരിപാടികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):

(എ&ബി) ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുകയും കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് ലോക കേരള സഭ രൂപീകരിച്ചത്. ലോക കേരള സഭയുടെ താൽപ്പര്യവൃത്തത്തിൽ വരുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും ഇന്ത്യൻ ഭരണഘടനയ്ക്കും ആതിഥേയ രാജ്യങ്ങളിലെ ഭരണവ്യവസ്ഥകൾക്കും അന്താരാഷ്ട്ര കരാറുകൾക്കും ഉഭയകക്ഷി ഉടമ്പടികൾക്കും വിരുദ്ധമാകാത്തതും പൊതു സമ്മതമായ തീരുമാനങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനും അനുഭാവപൂർണ്ണമായ നടപടികൾ ശിപാർശ ചെയ്യുന്നതിനും ലോക കേരള സഭ പ്രവർത്തിച്ചുവരുന്നു.

ഒന്നാം ലോക കേരള സഭയിൽ ഉയർന്ന നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് രൂപീകരിച്ച വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ സമർപ്പിച്ച ശിപാർശകളിൽ തെരഞ്ഞെടുക്കപ്പെട്ട 10 എണ്ണത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.

1. <u>എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനി</u>

കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപവൽക്കരിച്ചു.

ഗൾഫ് മേഖലയിലെ നിക്ഷേപസമൂഹത്തിന് കേരളത്തിലെ നിക്ഷേപസാധ്യതകൾ വ്യക്തമാക്കാനായി ദുബായിൽ എൻ.ആർ.ഐ. എമർജിംഗ് എന്റർപ്രണേഴ്സ് മീറ്റ് എന്ന പേരിൽ നിക്ഷേപ സംഗമം സംഘടിപ്പിച്ചു. വിവിധ മേഖലകളിൽ നിക്ഷേപം നടത്തുവാൻ താൽപ്പര്യമുള്ളവരുമായി നേരിട്ട് ചർച്ച നടത്തുകയുണ്ടായി. ഈ ചർച്ചകളിലുണ്ടായിട്ടുള്ള നിക്ഷേപ വാഗ്ദാനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

2. എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനി

അപ്പാർട്ടുമെന്റുകൾ, ടൗൺഷിപ്പ് പ്രോജക്ടുകൾ, കോംപ്ലക്സുകൾ, വൃദ്ധസദനങ്ങൾ, റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണം ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനിയുടെ അനുബന്ധ കമ്പനിയായി എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനി തുടങ്ങാൻ തീരുമാനമായിട്ടുണ്ട്.

3. പ്രവാസി സഹകരണ സംഘം

തിരുവനന്തപുരം കേന്ദ്രമാക്കി സംസ്ഥാനമാകെ പ്രവർത്തന പരിധിയുള്ള ഒരു സഹകരണസംഘം കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

4. വനിത എൻ.ആർ.കെ. സെൽ

വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിതാ കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ.ആർ.കെ. വനിതാ സെൽ രൂപീകരിച്ചു. ഗാർഹിക തൊഴിൽ മേഖലയിൽ കുടിയേറ്റം നടത്തുന്ന വനിതകൾക്കായി കൂടുതൽ നിയമാനുസൃതമായ മാർഗ്ഗങ്ങളിലൂടെ നോർക്ക റൂട്ട്സ് സൗജന്യ റിക്രൂട്ട്മെന്റ് നൽകുന്നതിനോടൊപ്പം കാര്യക്ഷമമായ രീതിയിൽ വനിതകൾക്ക് സൗജന്യമായി ബോധവൽക്കരണവും നടത്തിവരുന്നു.

5. എയർപോർട്ടുകളിൽ migration facilitation centre, പാസ്പോർട്ട് ഓഫീസുകളിൽ Pre-embarkment orientation centres

മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യുക എന്നിവ തടയുന്നതിനും സാംസ്കാരിക സാഹചര്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നന്നായി മനസ്സിലാക്കുന്നതിനും കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവൽക്കരണം നടത്താനും പാസ്പോർട്ട് ഓഫീസ്, എയർപോർട്ട് എന്നിവിടങ്ങളിൽ വിദേശ കാര്യ മന്ത്രാലയവും സിവിൽ ഏവിയേഷൻ മന്ത്രാലയവുമായി സഹകരിച്ച് ഒരു അഡ്വൈസറി സെൽ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട ശിപാർശകൾ കേന്ദ്ര സർക്കാരിന് നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു.

6. നൈപുണ്യ വികസനത്തിനായുള്ള ഹൈ പവർ കമ്മിറ്റിയുടെ രൂപീകരണം

ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയും ഉന്നത വിദ്യാഭ്യാസത്തിന്റെ ചുമതലയുള്ള പ്രിൻസിപ്പൽ സെക്രട്ടറി, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ഡയറക്ടർ എന്നിവരെ ബന്ധപ്പെട്ട

വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രധാന ആതിഥേയ രാജ്യങ്ങളിലെ ഭാഷ പഠിപ്പിക്കുന്നതിന് വിവിധ കേന്ദ്രങ്ങൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ പുരോഗമിക്കുന്നു.

7. അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രത്തിന്റെ രൂപീകരണം

കുടിയേറ്റ കേന്ദ്രത്തിന് രൂപം കൊടുക്കുകയും Centre for Development Studies-ൽ അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

8. പ്രവാസി ആനുകാലിക പ്രസിദ്ധീകരണം

പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം 'ലോക മലയാളം'എന്ന പേരിൽ ആരംഭിച്ചു.

9. എൻ.ആർ.ഐ. ബാങ്ക് & എൻ.ആർ.ഐ. കലോത്സവം എന്നീ ശിപാർശകൾ താൽക്കാലികമായി മാറ്റിവച്ചിരിക്കുകയാണ്.

(സി) രണ്ടാം ലോക കേരള സഭയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചു വരുന്നതേയുള്ളൂ. വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കേണ്ടതും, കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമായ നിരവധി വിഷയങ്ങളുണ്ട്. ക്രോഡീകരണം പൂർത്തിയാകുന്നമുറയ്ക്ക്, വിഷയങ്ങൾ വർഗ്ഗീകരിച്ച് സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

**ദേശീയജലപാത**

25 (*25) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. എം. ഷാജി:
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ദേശീയജലപാത യാത്രാസജ്ജമാക്കണമെന്ന ദീർഘകാലത്തെ ആവശ്യം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ജലപാതയുടെ എത്ര ദൂരം വരെയുള്ള പണികളാണ് പൂർത്തീകരിച്ച് സർവ്വീസ് നടത്താൻ സജ്ജമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ജലപാതയുടെ ബാക്കിയുള്ള പണികൾ ഈ സർക്കാരിന്റെ കാലയളവിൽ ചെയ്ത് തീർക്കാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ എന്നേക്ക് ഇതിന്റെ പ്രവർത്തനമാരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ജലപാതയിലൂടെയുള്ള യാത്ര കൂടുതൽ യാത്രികർക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ തടസമില്ലാതെ നടക്കുന്നതിന് വേണ്ടി പണിയുടെ നിലവാരം ഉറപ്പാക്കാൻ പ്രത്യേകം ശ്രദ്ധ നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നീളുന്ന പശ്ചിമതീര കനാലിനെ ദേശീയ ജലപാത നിലവാരത്തിലാക്കുന്നതിനുള്ള പ്രവൃത്തികൾ മൂന്ന് ഘട്ടങ്ങളായാണ് നടപ്പിലാക്കിവരുന്നത്.

ഒന്നാംഘട്ടത്തിൽ കനാലുകൾ ശുചിയാക്കി നിലവിലെ വീതിയിൽ ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2020-ൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ട ഈ ഘട്ടത്തിലെ പ്രവൃത്തികൾ ലക്ഷ്യത്തോടടുക്കുന്നു.

രണ്ടാം ഘട്ടത്തിൽ കയ്യേറ്റക്കാരുടെ പുനരധിവാസം, ഭൂമി ഏറ്റെടുക്കൽ, കനാലിന്റെ വീതി കൂട്ടൽ മുതലായ പ്രവൃത്തികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. 2022-ഓടുകൂടി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

മൂന്നാം ഘട്ടം 2025-ൽ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ ഘട്ടത്തിൽ ജലപാതയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തി ദേശീയ ജലപാതാ നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി)

ജലപാതയുടെ ഗതാഗതയോഗ്യമായ ഭാഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കനാൽ റീച്ച് | ചെയിനേജ് | ദൂരം (കി.മീ.) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | കോവളം-ആക്കുളം | 0-16.04 | 16.04 | 14 കി.മീ ഗതാഗത യോഗ്യം |
| 2 | ആക്കുളം-കൊല്ലം | 16.04-74.14 | 58.10 | 49 കി.മീ ഗതാഗത യോഗ്യം |
| 3 | കൊല്ലം-കോട്ടപ്പുറം | 74.14-242.14 | 168 | ഗതാഗത യോഗ്യം |
| 4 | കോട്ടപ്പുറം-കോഴിക്കോട് | 242.14-402.18 | 160 | 150 കി.മീ. ഗതാഗത യോഗ്യം |
| 5 | കോഴിക്കോട്-വടകര | 402.18-450.08 | 48 | ഭാഗികമായി ഗതാഗത യോഗ്യം |
| 6 | വളപട്ടണം-നീലേശ്വരം | 526.20-590 | 64 | ഗതാഗത യോഗ്യം |

(സി) ജലപാതയുടെ പണികളിൽ മുൻ നിശ്ചയിച്ച പ്രകാരം 2020-ൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരുന്ന ആദ്യഘട്ടത്തിലുൾപ്പെട്ട കനാലിന്റെ ശുചീകരണവും നിലവിലെ വീതിയിൽ ഗതാഗതയോഗ്യമാക്കുന്നതും ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തീകരിക്കുന്നതാണ്. 2022-ൽ തീരുന്ന രണ്ടാം ഘട്ടത്തിൽ ദേശീയ ജലപാതാ നിലവാരത്തിൽ പൂർത്തിയാക്കും. 2025-ൽ തീരുന്ന മൂന്നാം ഘട്ടത്തിൽ ടൂറിസം വില്ലേജുകളും മറ്റും നിർമ്മിച്ച് അവ ജലപാതയുമായി ബന്ധിപ്പിക്കുകയും വിവിധ ഫീഡർ കനാലുകൾ തുടങ്ങിയവ പ്രധാന ജലപാതയുമായി ബന്ധിപ്പിച്ച് ടൂറിസത്തിന്റെ വളർച്ച പൂർണ്ണതോതിലെത്തിക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തിയാക്കുവാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ജലപാത നിർമ്മാണ പ്രവൃത്തികളുടെ നിലവാരം ഉറപ്പാക്കുന്നതിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചാണ് പ്രവൃത്തികൾ നടപ്പിലാക്കിവരുന്നത്.

## യു.എ.പി.എ. കേസ്സുകൾ

26 (*26) <u>ശ്രീ. പാറക്കൽ അബ്ദുല്ല:</u>
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിന് യു.എ.പി.എ. പ്രകാരം കേസ്സെടുക്കുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമാണോ;

(ബി) സംസ്ഥാന പോലീസ് യു.എ.പി.എ. പ്രകാരം രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവന്ന ഏതെങ്കിലും കേസ്സ് ഈ സർക്കാർ കാലയളവിൽ കേന്ദ്ര ഏജൻസി ആയ എൻ.ഐ.എ. ഏറ്റെടുത്തിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന്റെ സാഹചര്യവും വിശദാംശവും വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):

(എ) യു.എ.പി.എ. പ്രകാരം കേസ്സെടുക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമില്ല.

(ബി&സി) അത്തരത്തിലുള്ള എട്ട് കേസ്സുകൾ ഈ സർക്കാരിന്റെ കാലയളവിൽ എൻ.ഐ.എ. ഏറ്റെടുത്തിട്ടുണ്ട്. എൻ.ഐ.എ. ആക്ടിലെ 6(4), 6(5) വകുപ്പുകൾ പ്രകാരം ഏതെങ്കിലും ഒരു offence എൻ.ഐ.എ. ആക്ട് പ്രകാരമുള്ള ഒരു scheduled offence ആണെന്ന് ബോധ്യപ്പെട്ടാൽ കേന്ദ്ര സർക്കാരിന് ടി കേസിന്റെ അന്വേഷണം ഏറ്റെടുക്കുവാൻ എൻ.ഐ.എ.-യ്ക്ക് നിർദ്ദേശം നൽകാവുന്നതാണ്.

എൻ.ഐ.എ. ഏറ്റെടുത്ത യു.എ.പി.എ. കേസ്സുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. കാസർഗോഡ് ജില്ലയിലെ ചന്ദേര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 534/16.
2. കണ്ണൂർ ജില്ലയിലെ വളപട്ടണം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1010/17.
3. പാലക്കാട് ജില്ലയിലെ ടൗൺ സൗത്ത് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 699/16.
4. പാലക്കാട് ജില്ലയിലെ കസബ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 509/16.
5. കോഴിക്കോട് ജില്ലയിലെ പന്തീരൻകാവ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 507/19.
6. മലപ്പുറം ജില്ലയിലെ വണ്ടൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 263/17.
7. എറണാകുളം ജില്ലയിലെ പാലാരിവട്ടം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1017/16.
8. എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2721/17.

**കേന്ദ്രസർക്കാരിൽ നിന്നുള്ള സാമ്പത്തിക പിന്തുണ**

27 (*27) <u>ശ്രീ. എസ്. ശർമ്മ:</u>
<u>ശ്രീ. പി. ടി. എ. റഹീം:</u>
<u>ശ്രീ. മുരളി പെരുനെല്ലി:</u>
<u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഗ്ഗീയ വിപത്തിനെ നിർവീര്യമാക്കുന്ന ബദൽ വികസനത്തെ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനത്തിന് കേന്ദ്രസർക്കാരിൽ നിന്ന് വേണ്ടത്ര സാമ്പത്തിക പിന്തുണ ലഭിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) സഹകരണാധിഷ്ഠിതമായ ഫെഡറൽ സംവിധാനത്തെ ദുർബലപ്പെടുത്തുന്ന തരത്തിൽ പ്രകൃതി ദുരന്തങ്ങളിൽപ്പെട്ടവർക്കുൾപ്പെടെ സഹായം ലഭ്യമാക്കുന്നതിൽ സംസ്ഥാനത്തോട് കാണിക്കുന്ന വിവേചനം അവസാനിപ്പിക്കാൻ ശക്തമായ ഇടപെടൽ ഉണ്ടാകുമോയെന്ന് അറിയിക്കാമോ;

(സി) ആനുപാതികമായി മറ്റു സംസ്ഥാനങ്ങളെപ്പോലെയോ അതിനെക്കാൾ അധികമോ നികുതി വിഹിതം കേന്ദ്രസർക്കാരിന് ലഭ്യമാക്കുന്ന സംസ്ഥാനത്തിന് നിയമപരമായി ലഭിക്കേണ്ട ജനസംഖ്യാനുപാതിക കേന്ദ്ര ഫണ്ടും ജി.എസ്.ടി. വരുമാന കുറവിനുള്ള നഷ്ടപരിഹാരവും മാത്രമല്ല വായ്പയെടുക്കാനുള്ള പരിധിപോലും വെട്ടിക്കുറയ്ക്കുന്നത് തിരുത്തിക്കാൻ ആവശ്യമായ സമ്മർദ്ദം ചെലുത്തി വരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):

(എ) സംസ്ഥാനം അർഹിക്കുന്ന തരത്തിലുള്ള സാമ്പത്തിക പിന്തുണ ലഭിക്കുന്നില്ല.

(ബി) വെള്ളപ്പൊക്കം, ഭൂമികുലുക്കം പോലുള്ള വലിയതോതിലുള്ള പ്രകൃതി ദുരന്തങ്ങൾ നേരിടുന്ന സംസ്ഥാനങ്ങൾക്ക് വിദേശവായ്പ മുഖേന അധിക കടമെടുപ്പിനുള്ള അനുമതി നൽകണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കേരളത്തിന്റെ പ്രളയ പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ, കേരളത്തിനും സമാനമായ സാഹചര്യം നേരിടുന്ന സംസ്ഥാനങ്ങൾക്കും പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി അധിക കടമെടുപ്പിനുള്ള അനുമതി നൽകണമെന്ന് ജി.എസ്.ടി. കൗൺസിലിലെ മന്ത്രിതല സമിതി ശിപാർശ ചെയ്തിരുന്നു. വലിയ തോതിലുള്ള പ്രകൃതി ദുരന്തങ്ങൾ സംസ്ഥാനങ്ങൾ നേരിടുന്ന സാഹചര്യങ്ങളിൽ അധിക കടമെടുപ്പ് വഴി വിഭവസമാഹരണം സാധ്യമാക്കുന്നതിനായി അനുയോജ്യമായ ഒരു സംവിധാനം രാജ്യത്ത് ആവശ്യമാണെന്നും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(സി) പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ 2011-ലെ ജനസംഖ്യ അിസ്ഥാനമാക്കി ശിപാർശ നൽകണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത് (ToR-ലെ എട്ടാം നമ്പർ ഇനം). 2011-ലെ ജനസംഖ്യ അടിസ്ഥാനമാക്കി നികുതി വിഭജനം നടത്തിയാൽ, 1977-ലെ ദേശീയ ജനസംഖ്യാ നയം നടപ്പിലാക്കിയ സംസ്ഥാനങ്ങൾക്ക് കേന്ദ്രനികുതി വിഹിതത്തിൽ കുറവുണ്ടാകുമെന്നതുകൊണ്ട് പ്രസ്തുത ToR ഒഴിവാക്കണമെന്നും കൂടാതെ, നിലവിലുള്ള Fiscal Responsibilty and Budget Management (FRBM) നിയമത്തിൽ ഭേദഗതി വരുത്തിയാൽ സംസ്ഥാനത്തിന്റെ മൂലധന വികസന ചെലവുകളെ ഗുരുതരമായി ബാധിക്കുമെന്നും, ആയതിനാൽ പതിനഞ്ചാം ധനകാര്യ കമ്മീഷനോട് നിലവിലുള്ള FRBM നിയമത്തിൽ ഭേദഗതി വരുത്തരുതെന്ന് സംസ്ഥാനം സമർപ്പിച്ച മെമ്മോറണ്ടത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

ഇതോടൊപ്പം, ചരക്ക് സേവന നികുതി നടപ്പിലാക്കിയതുവഴി സംസ്ഥാനങ്ങൾക്ക് വരുമാനത്തിലുള്ള കുറവിന്റെ നഷ്ടപരിഹാരമായി 2019 ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന്

ലഭിക്കേണ്ടിയിരുന്ന 1600 കോടിയോളം രൂപ യഥാസമയം ലഭിക്കുന്നതിലുണ്ടായിട്ടുള്ള കാലതാമസവും നടപ്പ് സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കേന്ദ്രസർക്കാർ വെട്ടിക്കുറച്ചതും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിച്ചുവെന്നത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഈ സാഹചര്യത്തിൽ, ജി.എസ്.ടി. വരുമാനക്കുറവിനുള്ള നഷ്ടപരിഹാരം യഥാസമയം അനുവദിക്കണമെന്നും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ജി.എസ്.ഡി.പി.-യുടെ 3 ശതമാനം ആയി നിലനിർത്തണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. ഇതിൽ, ജി.എസ്.ടി. വരുമാനക്കുറവിനുള്ള നഷ്ടപരിഹാരമായി 1597 കോടി രൂപ 16-12-2019-ൽ ലഭിച്ചുവെങ്കിലും കടമെടുപ്പ് പരിധി പുന:സ്ഥാപിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തോട് കേന്ദ്രസർക്കാർ ഇതുവരെ അനുകൂലമായി പ്രതികരിച്ചിട്ടില്ല.

## അടിസ്ഥാന സൗകര്യ രംഗത്തെ വികസന പദ്ധതികൾ

28 (*28) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐക്യരാഷ്ട്ര സംഘടന അംഗീകരിച്ച സുസ്ഥിര വികസന ലക്ഷ്യം കൈവരിക്കുന്നതിൽ സംസ്ഥാനങ്ങൾ നേടിയ പുരോഗതി വിലയിരുത്തുന്ന നീതി ആയോഗ് റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന് തുടർച്ചയായി രണ്ടാം വർഷവും ഒന്നാം സ്ഥാനത്തെത്താൻ സാധ്യമായിട്ടുണ്ടോ; കൈവരിച്ച മുഖ്യ നേട്ടങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) കേന്ദ്രസർക്കാർ സൃഷ്ടിച്ച സാമ്പത്തിക മാന്ദ്യവും സാമ്പത്തിക ഞെരുക്കലും പ്രകൃതി ദുരന്തങ്ങളും അതിജീവിച്ചുകൊണ്ട് അടിസ്ഥാന സൗകര്യ രംഗത്ത് നടപ്പാക്കി വരുന്ന പ്രധാന വികസന പദ്ധതികൾ എന്തൊക്കെയാണ്;

(സി) വരും വർഷം നടപ്പാക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പന്ത്രണ്ടിന വികസന, ക്ഷേമ പരിപാടിയെക്കുറിച്ച് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഐക്യരാഷ്ട്ര സംഘടന അംഗീകരിച്ച സുസ്ഥിര വികസന ലക്ഷ്യം കൈവരിക്കുന്നതിൽ സംസ്ഥാനങ്ങൾ നേടിയ പുരോഗതി വിലയിരുത്തുന്ന നീതി ആയോഗ് റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന് തുടർച്ചയായി രണ്ടാം വർഷവും ഒന്നാം സ്ഥാനത്തെത്താൻ സാധ്യമായിട്ടുണ്ട്. വികസനത്തിന്റെ ഫലം എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാക്കുക (Leave no one behind) എന്ന

പൊതുലക്ഷ്യത്തോടെ ഐക്യരാഷ്ട്രസഭയിൽ അംഗങ്ങളായ 193 രാജ്യങ്ങൾ ചേർന്ന് 2015-ൽ അംഗീകരിച്ച 'അജണ്ട 2030' പ്രകാരം 17 സുസ്ഥിര വികസന ലക്ഷ്യങ്ങളും (Sustainable Development Goals) അനുബന്ധമായി 169 ഉപലക്ഷ്യങ്ങളും (targets) അംഗീകരിക്കുകയുണ്ടായി. പ്രസ്തുത സുസ്ഥിര വികസന ലക്ഷ്യങ്ങൾ 2016 ജനവരി 1-ന് ആരംഭിച്ച് 2030-ൽ നിർദ്ദിഷ്ട ലക്ഷ്യങ്ങളും ഉപലക്ഷ്യങ്ങളും സാക്ഷാത്കരിച്ച് " Leave no one behind" എന്ന മുദ്രാവാക്യം അന്വർത്ഥമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തർദേശീയതലത്തിലും ദേശീയതലത്തിലും സംസ്ഥാനതലത്തിലും നടന്നുവരുന്നു. സുസ്ഥിരവികസന ലക്ഷ്യങ്ങളും (Goals) ഉപലക്ഷ്യങ്ങളും (target) ഘട്ടംഘട്ടമായി കൈവരിക്കുന്നതിന് ഉചിതമായ സൂചകങ്ങൾ (indicators) നിശ്ചയിച്ചിട്ടുണ്ട്. ആഗോള സൂചകങ്ങൾക്കനുസൃതമായി അതത് രാജ്യങ്ങളുടേയും പ്രദേശങ്ങളുടെയും സാമൂഹിക-സാമ്പത്തിക-പാരിസ്ഥിതിക സ്ഥിതിവിശേഷങ്ങൾ കണക്കിലെടുത്തു കൊണ്ട് ആവശ്യമായ മാറ്റങ്ങൾ വരുത്തി സൂചകങ്ങൾ നിശ്ചയിക്കാവുന്നതാണ്. പ്രസ്തുത സൂചകങ്ങളുടെ ആനുകാലികമായ സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ പുരോഗതി നിരീക്ഷിക്കുകയും ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഇന്ത്യയിൽ സുസ്ഥിരവികസന ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന് നീതി ആയോഗിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. സൂചകങ്ങളുടെ ദേശീയതലത്തിലുള്ള ചട്ടക്കൂട് (National Indicator Framework) തയ്യാറാക്കുന്നതിനും ആവശ്യമായ സ്ഥിതിവിവരകണക്കുകൾ ലഭ്യമാക്കുന്നതിനും സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയത്തിനെ (MoSPI) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിലെ ഓരോ സംസ്ഥാനവും കേന്ദ്രഭരണ പ്രദേശവും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിലുള്ള പുരോഗതി നീതി ആയോഗ് നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുന്നുണ്ട്. നിലവിലുള്ള ദേശീയസൂചകങ്ങൾ (306 എണ്ണം) അടിസ്ഥാനമാക്കി പുരോഗതി വിലയിരുത്തുന്നതിന് ആവശ്യമായ സ്ഥിതിവിവരക്കണക്കുകൾ പൂർണ്ണമായും ലഭ്യമാകാത്ത സാഹചര്യത്തിൽ നീതി ആയോഗ് ചില മുൻഗണനാ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും പുരോഗതി വിലയിരുത്തുന്നതിനുവേണ്ടി composite index score തയ്യാറാക്കുകയും ഓരോ ലക്ഷ്യങ്ങളിലുമുള്ള പുരോഗതി വെവ്വേറെ കാണിച്ചുകൊണ്ടും SDG India Index report 2018-ഉം SDG India Index report 2019-ഉം നീതി ആയോഗ് പുറത്തിറക്കുകയുണ്ടായി. 2018-ലെ റിപ്പോർട്ടിൽ 62 മുൻഗണനാ സൂചകങ്ങളുടെയും 2019-ൽ 100 മുൻഗണനാ സൂചകങ്ങളുടെയും സ്ഥിതിവിവരക്കണക്കിന്റെ അടിസ്ഥാനത്തിലാണ് ഇൻഡക്സ് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ടിൽ കേരളം 2 വർഷവും ഒന്നാം സ്ഥാനം കൈവരിക്കുകയുണ്ടായി.

2018-ലെ റിപ്പോർട്ടിൽ പരിഗണിച്ച 13 ലക്ഷ്യങ്ങളിൽ (12, 13, 14, 17 ഒഴികെ) ലക്ഷ്യം 3 (നല്ല ആരോഗ്യവും ക്ഷേമവും), 4 (ഗുണമേന്മയുള്ള വിദ്യാഭ്യാസം), 5 (ലിംഗസമത്വം) എന്നിവയിൽ ഒന്നാം സ്ഥാനത്തും ലക്ഷ്യം 9 (നൂതന ആശയം ഉൾക്കൊണ്ട് വ്യവസായവും പശ്ചാത്തല സൗകര്യവും വികസിപ്പിക്കൽ)-ൽ രണ്ടാം സ്ഥാനത്തും ലക്ഷ്യം 2 (വിശപ്പില്ലായ്മ)-ൽ മൂന്നാം സ്ഥാനത്തും, 2019-ലെ റിപ്പോർട്ടിൽ പരിഗണിച്ച 16 ലക്ഷ്യങ്ങളിൽ (17 ഒഴികെ) ലക്ഷ്യം 3 (നല്ല ആരോഗ്യവും ക്ഷേമവും), 9 (നൂതന ആശയം ഉൾക്കൊണ്ട് വ്യവസായവും പശ്ചാത്തല സൗകര്യവും വികസിപ്പിക്കൽ) എന്നിവയിൽ ഒന്നാം സ്ഥാനത്തും ലക്ഷ്യം 4 (ഗുണമേന്മയുള്ള വിദ്യാഭ്യാസം), 5 (ലിംഗസമത്വം) എന്നിവയിൽ രണ്ടാം സ്ഥാനത്തും ലക്ഷ്യം 2 (വിശപ്പില്ലായ്മ), 15 (കരയിലെ ജൈവവൈവിധ്യ സംരക്ഷിക്കൽ) എന്നിവയിൽ മൂന്നാം സ്ഥാനത്തും ആണ് കേരളം.

Composite Index Score-ന്റെ അടിസ്ഥാനത്തിൽ Achiever (സ്കോർ 100), Front Runner (സ്കോർ 65-99), Performer (സ്കോർ 50-64), Aspirant (സ്കോർ 0-49) എന്നിങ്ങനെ നാലായി സംസ്ഥാനങ്ങളെയും കേന്ദ്ര ഭരണ പ്രദേശങ്ങളെയും തരംതിരിച്ചിട്ടുണ്ട്. 2018-ലെ റിപ്പോർട്ടുപ്രകാരം 8 ലക്ഷ്യങ്ങൾ (1, 2, 3, 4, 9, 10, 15, 16) Front runner, 4 ലക്ഷ്യങ്ങൾ (5, 6, 7, 8) Performer കാറ്റഗറിയിലും ഒരെണ്ണം Aspirant കാറ്റഗറിയിലുമാണ്. എന്നാൽ 2019-ലെ റിപ്പോർട്ട് പ്രകാരം ഇത് യഥാക്രമം 9 ലക്ഷ്യങ്ങൾ (2, 3, 4, 6, 7, 9, 10, 15,16), 6 ലക്ഷ്യങ്ങൾ (1, 5, 8, 11, 12, 13) ഒന്ന് (14) വീതം ആണ്.

2018-ൽ പരിഗണിച്ച 62 മുൻഗണനാ സൂചകങ്ങളിൽ 18 സൂചകങ്ങൾ ദേശീയ ലക്ഷ്യം (national target) കൈവരിച്ചിരുന്നു. 2019-ലെ റിപ്പോർട്ടിൽ പരിഗണിച്ച 100 മുൻഗണനാ സൂചകങ്ങളിൽ 26 സൂചകങ്ങൾ ദേശീയ ലക്ഷ്യം കൈവരിച്ചു. നീതി ആയോഗിന്റെ പ്രസ്തുത റിപ്പോർട്ടുകളിൽ സൂചകങ്ങളുടെ വിവരങ്ങൾ ശേഖരിച്ചിരിക്കുന്നത് കേന്ദ്ര സർക്കാരിന്റെ വിവിധ സർവ്വേകളിൽ നിന്നും, വിവിധ കേന്ദ്ര മന്ത്രാലയങ്ങളിൽ നിന്നുമാണ്. ചില സൂചകങ്ങൾക്ക് വിശ്വസനീയവും കുറച്ചുകൂടി മെച്ചപ്പെട്ടതുമായ സ്ഥിതി വിവരക്കണക്കുകൾ സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ലഭ്യമായതുകൂടി പരിഗണിച്ചിരുന്നുവെങ്കിൽ ചില മേഖലകളിൽകൂടി മെച്ചപ്പെട്ട നേട്ടം കൈവരിക്കാൻ ആകുമായിരുന്നു.

(ബി) കേന്ദ്രസർക്കാർ സൃഷ്ടിച്ച സാമ്പത്തിക മാന്ദ്യവും സാമ്പത്തിക ഞെരുക്കലും പ്രകൃതി ദുരന്തങ്ങളും അതിജീവിച്ചുകൊണ്ട് സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ രംഗത്ത് നടപ്പാക്കിവരുന്ന ചില പ്രധാന വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. വിഴിഞ്ഞം ഇന്റർനാഷണൽ മൾട്ടി പർപ്പസ് സീ പോർട്ട് പദ്ധതി
2. ഇടമൺ-കൊച്ചി 400 KV ലൈൻ - പ്രവർത്തനം പൂർത്തിയാക്കി
3. കൊല്ലം ബൈപ്പാസ്-പൂർത്തിയാക്കി
4. കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് - പ്രവർത്തനം പൂർത്തിയാക്കി
5. ഡെവലപ്മെന്റ് ഓഫ് വെസ്റ്റ് കോസ്റ്റ് കനാൽ (ദേശീയ ജലപാത)
6. സ്മാർട്ട് സിറ്റി പ്രോജക്റ്റ് (തിരുവനന്തപുരം, കൊച്ചി)
7. കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ്‌വർക്ക് (കെ-ഫോൺ)
8. ഗെയിൽ പൈപ്പ് ലൈൻ പ്രോജക്റ്റ് - നിർമ്മാണം അവസാനഘട്ടത്തിലാണ്.
9. വിവിധ നഗരങ്ങളിലെ വേസ്റ്റ് ടു എനർജി പ്ലാന്റുകൾ
10. ട്രാൻസ്ഗ്രിഡ് 2.0 വൈദ്യുതി പ്രസരണ ശൃംഖല ശക്തിപ്പെടുത്താൻ പദ്ധതി
11. കാസർഗോഡ് സോളാർ പാർക്ക്
12. കുണ്ടന്നൂർ ഫ്ലൈ ഓവർ
13. ആലപ്പുഴ ബൈപ്പാസ്
14. മാഹി-തലശ്ശേരി റോഡ്
15. മൂന്നാർ -ബോഡിമേട്ട് റോഡ്
16. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി
17. ശബരിമല മാസ്റ്റർ പ്ലാൻ-ശബരിമല റൂട്ടുകളിലെ പിൽഗ്രിം ഫെസിലിറ്റേഷൻ സെന്ററുകൾ
18. കൊച്ചി വാട്ടർ മെട്രോ
19. കൊച്ചി മെട്രോ റെയിൽ (ഘട്ടം1-ഉം 2- ഉം)
20. ലൈറ്റ് മെട്രോ പദ്ധതി
21. നവകേരളം കർമ്മ പദ്ധതി
22. എറണാകുളം സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പ്രോജക്റ്റ്, മറ്റ് 10 ജില്ലകളിലെ സിറ്റി ഗ്യാസ് പദ്ധതികൾ
23. മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റ്

24. സ്മാർട്ട് അങ്കണവാടി
25. സ്ട്രീറ്റ് ലൈറ്റ് നാഷണൽ പ്രോഗ്രാം
26. എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ
27. തീയേറ്റർ കോംപ്ലക്സ് പദ്ധതി
28. ചിത്രാഞ്ജലി ഫിലിം സിറ്റി പ്രോജക്റ്റ്
29. ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ്, തിരുവനന്തപുരം
30. വൈറ്റില ഫ്ലൈഓവർ
31. മലനാട്-മലബാർ ക്രൂയിസ്
32. 2000 പബ്ലിക് വൈഫൈ സ്പോട്ടുകൾ
33. തലശ്ശേരി പൈതൃക നഗരം
34. അഴീക്കൽ പോർട്ട്
35. ഐ.റ്റി. മേഖലയിലെ കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ അടിസ്ഥാന സൗകര്യങ്ങളുടെ പൂർത്തീകരണം
36. കടൽക്ഷോഭം പ്രതിരോധിക്കാൻ ജിയോ ട്യൂബ് സ്ഥാപിക്കൽ
37. മലയോര ഹൈവേ
38. തീരദേശ ഹൈവേ
39. കൊച്ചി-പാലക്കാട്-കോയമ്പത്തൂർ വ്യവസായ ഇടനാഴി
40. പുത്തൂർ മൃഗശാല
41. കഴക്കൂട്ടം-അടൂർ സേഫ് കോറിഡോർ
42. ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ റിസർച്ച്
43. ആലപ്പുഴ പൈതൃക നഗരം
44. കോട്ടൂർ ആനപരിപാലന കേന്ദ്രം
45. ഡിജിറ്റൽ യൂണിവേഴ്സിറ്റി
46. തിരുവനന്തപുരം സ്പെയ്സ് പാർക്ക്
47. ടെക്നോപാർക്കിന്റെ നാലാം ഘട്ടമായി ടെക്നോ സിറ്റി വികസനം

(സി) വരുംവർഷം നടപ്പാക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പന്ത്രണ്ടിന വികസന, ക്ഷേമ പരിപാടികൾ താഴെപ്പറയുന്നവയാണ്:

1. ഭക്ഷ്യ സുരക്ഷ-എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡ്

2. പഞ്ചായത്ത് തലത്തിൽ വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്ന പരിപാടി
3. എല്ലാ റോഡുകളിലും ഇടനാഴികളിലും LED വിളക്കുകൾ സ്ഥാപിക്കുക. ഒരു പഞ്ചായത്തിൽ 500 LED ലൈറ്റുകൾ
4. 2020 ഡിസംബറിൽ എല്ലാ റോഡുകളും മെച്ചപ്പെട്ട രീതിയിൽ പുനർനിർമ്മിക്കുക
5. സ്ത്രീകൾക്ക് സുരക്ഷ - യാത്രാവേളകളിൽ തങ്ങാൻ എല്ലാ സൗകര്യങ്ങളുമുള്ള Rest Houses
6. സംസ്ഥാനത്ത് 3000 പേർക്ക് 1 ടോയ്‌ലെറ്റ് എന്ന നിലയിൽ 12000 ടോയ്‌ലെറ്റുകൾ. ഒപ്പം ബങ്കുകൾ നിർമ്മിക്കുക, ക്ലീനിംഗ്, water Supply ഉണ്ടാകണം.
7. പെട്രോൾ ബങ്കുകളിലെ ടോയ്‌ലറ്റ് എല്ലാവർക്കും ഉപയോഗിക്കാൻ അവസരമുണ്ടാകണം.
8. യൂത്ത് ലീഡർഷിപ് അക്കാഡമി
9. Community Volunteer Corps രൂപീകരണം
10. പഠന സമയത്ത് പാർട്ട് ടൈം ജോലി-ആവശ്യമായ ഭേദഗതി
11. താലൂക്ക് അദാലത്ത് - കളക്ടർമാരുടെ നേതൃത്വത്തിൽ പരാതി പരിഹാരത്തിന്
12. LSGD-യിൽ 55 ലക്ഷം നിക്ഷേപം. 1000-ൽ 5 പേർക്ക് തൊഴിൽ. പ്ലാൻഫണ്ടിൽ 10 ശതമാനം വർദ്ധന.

**പോലീസ് സ്റ്റേഷനുകളുടെ ആധുനികവത്കരണം**

29 (*29) <u>ശ്രീമതി സി. കെ. ആശ:</u>
<u>ശ്രീ. മുല്ലക്കര രത്നാകരൻ:</u>
<u>ശ്രീ. ഇ. കെ. വിജയൻ:</u>
<u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളെ കൂടുതൽ ജനസൗഹൃദമാക്കുന്നതിനും പോലീസ് സ്റ്റേഷനുകളിൽ ഏത് സമയത്തും ആർക്കും നിർഭയം കടന്നുചെല്ലാവുന്ന അന്തരീക്ഷം സൃഷ്ടിക്കുന്നതിനും മുൻകയ്യെടുക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നിർമ്മിച്ച അത്യാധുനിക പോലീസ് സ്റ്റേഷനുകളിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഉറപ്പുവരുത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പോലീസ് സ്റ്റേഷനുകളിൽ എല്ലാ ജീവനക്കാർക്കും സന്ദർശകർക്കും ആവശ്യമായ ഇരിപ്പിടങ്ങളും മറ്റ് ഭൗതിക സൗകര്യങ്ങളും ഒരുക്കുമോയെന്ന് വെളിപ്പെടുത്താമോ;

(ഡി) പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ പരമ്പരാഗത ശൈലിയിൽ നിന്ന് വ്യത്യസ്തമായി മോടിയുള്ള കെട്ടിടങ്ങളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളെ കൂടുതൽ ജനസൗഹൃദമാക്കുന്നതിനും പോലീസ് സ്റ്റേഷനുകളിൽ ഏത് സമയത്തും ആർക്കും നിർഭയം കടന്നുചെല്ലാവുന്ന അന്തരീക്ഷം സൃഷ്ടിക്കുന്നതിനും മുൻകൈ എടുത്ത് നടപ്പിലാക്കിയ പദ്ധതിയാണ് ജനമൈത്രി സുരക്ഷാ പദ്ധതി. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും ഇപ്പോൾ ജനമൈത്രി കേന്ദ്രങ്ങളാണ്.

ഇതിനുപുറമേ പൊതുജനങ്ങളിൽ നിന്ന് പരാതി സ്വീകരിക്കുന്നതിനും അവരെ സഹായിക്കുന്നതിനുമായി എല്ലാ പോലീസ് സ്റ്റേഷനുകളിലും സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, വനിതാ ഹെൽപ്പ് ഡെസ്ക്, പി.ആർ.ഒ സിസ്റ്റം തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസുകാരെ നിയമിച്ചും പോലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദപരമാക്കിയും മറ്റും, പോലീസ് സ്റ്റേഷനുകളിൽ ആർക്കും നിർഭയം കടന്നുചെല്ലുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ട്.

(ബി) അത്യാധുനിക സൗകര്യങ്ങളുള്ള പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ റൂം, എസ്.എച്ച്.ഒ.-യുടെ റൂം, സ്റ്റേഷൻ റൈറ്റർമാരുടെ റൂം, ക്രൈം വിംഗിനും ലോ ആന്റ് ഓർഡർ വിംഗിനും പ്രത്യേക മുറികൾ, പോലീസ് സ്റ്റേഷനുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി റാമ്പ്, സന്ദർശകർക്കുള്ള ശുചിമുറി, സ്ത്രീ സൗഹൃദ സൗകര്യമുണ്ടാക്കുന്നതിലേയ്ക്കായി പ്രത്യേക മുറി, സ്ത്രീകൾ, ട്രാൻസ്ജെൻഡേഴ്സ്, പുരുഷൻമാർ എന്നിവർക്ക് പ്രത്യേക ലോക്കപ്പും ശുചിമുറിയും, ആധുനിക സൗകര്യങ്ങളോടുകൂടി വിസിറ്റേഴ്സ് ലോഞ്ച്, ലൈബ്രറി, റിക്കാർഡ് റൂം, ഫസ്റ്റ് എയ്ഡ് റൂം, സി.സി.ടി.എൻ.എസ് റൂം, ആയുധങ്ങൾ സൂക്ഷിക്കാൻ മുറി, ചോദ്യം ചെയ്യൽ മുറി, ഓഫീസർമാർ/സ്ത്രീ ജീവനക്കാർ/പുരുഷ ജീവനക്കാർ എന്നിവർക്ക് പ്രത്യേക റെസ്റ്റ് റൂം, വയർലെസ് റൂം, സ്റ്റോർ റൂം, കമ്മ്യൂണിറ്റി പോലീസിംഗ് റൂം, ഡൈനിംഗ് ഏരിയ, സ്റ്റേഷൻ മോടി പിടിപ്പിക്കുന്നതിനായി കോമൺ കളർ കോഡിൽ ഉള്ള പെയിന്റിംഗ് എന്നിങ്ങനെയുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്.

(സി) എല്ലാ ജീവനക്കാർക്കും, സന്ദർശകർക്കും ആവശ്യമായ ഇരിപ്പിടങ്ങളും മറ്റ് ഭൗതിക സൗകര്യങ്ങളും പോലീസ് സ്റ്റേഷനുകളിൽ ഒരുക്കിയിട്ടുണ്ട്.

(ഡി) സർക്കാർ ഇതിനുള്ള നടപടി സ്വികരിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ ആധുനികരീതിയിൽ മാറ്റിയെടുക്കുന്നതിനും ഇരിപ്പിട സൗകര്യങ്ങൾ, ശുചിമുറി, വിശ്രമ മുറി, മറ്റ് ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

30 (*30) ശ്രീ. ആർ. രാജേഷ്:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. പി. ഉണ്ണി:
ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ടവർക്കും തൊഴിലാളികൾക്കും സൗജന്യ ചികിത്സ ഉറപ്പാക്കുന്ന കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്തിരുന്നോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതിക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയെ അപേക്ഷിച്ചുള്ളമെച്ചം എന്തെന്ന് അറിയിക്കാമോ;

(സി) പദ്ധതിയിൽ സ്വകാര്യ ആശുപത്രികളുടെ പങ്കാളിത്തത്തെക്കുറിച്ച് വിശദമാക്കാമോ;

(ഡി) അമിത ലാഭക്കൊതികൊണ്ട് പദ്ധതിയിൽ നിന്ന് വിട്ടു നിൽക്കുന്ന സ്വകാര്യ ആശുപത്രികളെ പദ്ധതിയുടെ കീഴിൽ കൊണ്ടുവരാനുള്ള ശ്രമം നടക്കുന്നുണ്ടോ;

(ഇ) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം കർശനമായി നടപ്പിലാക്കി സ്വകാര്യ ആശുപത്രികളുടെ അമിത ലാഭേച്ഛയ്ക്ക് തടയിടാനുള്ള പ്രവർത്തനം ശക്തിപ്പെടുത്തുമോ;

(എഫ്) സർക്കാർ ആശുപത്രികളെ കൂടുതൽ ശക്തീകരിക്കാൻ നടത്തി വരുന്ന പ്രവർത്തനത്തിന്റെ പുരോഗതി വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) കേന്ദ്ര സർക്കാർ ആർ.എസ്.ബി.വൈ. പദ്ധതിക്ക് പകരമായി ആവിഷ്കരിച്ച ആയുഷ്മാൻ ഭാരത് പദ്ധതി പ്രഖ്യാപിക്കുമ്പോൾ കേരളത്തിൽ RSBY-ക്ക് പുറമെ ചിസ്, എസ്.ചിസ്, ചിസ് പ്ലസ് പദ്ധതികൾ വഴിയും ചികിത്സാ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ടായിരുന്നു. ഈ പദ്ധതികൾ എല്ലാം ആയുഷ്മാൻ ഭാരതിൽ ലയിപ്പിക്കാനാണ് നിർദ്ദേശമുണ്ടായത്. അങ്ങനെ വന്നാൽ 18.5 ലക്ഷം കുടുംബങ്ങൾക്ക് മാത്രമാണ് ആനുകൂല്യം ലഭിക്കുക. കേരളത്തിൽ മേൽപ്പറഞ്ഞ പദ്ധതികളിലൂടെ 41 ലക്ഷം കുടുംബങ്ങൾക്ക് ആനുകൂല്യം നൽകിവരുന്നുണ്ട്. ആയതിനാൽ ആയുഷ്മാൻ ഭാരതുമായി സഹകരിച്ചുകൊണ്ട് കേരളത്തിൽ KASP പദ്ധതി രൂപീകരിക്കുകയും 42 ലക്ഷം കുടുംബങ്ങളെ KASP-യിൽ ഉൾപ്പെടുത്തുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം KASP-യിൽ അംഗങ്ങളായ കുടുംബങ്ങൾക്ക് പരമാവധി അഞ്ചുലക്ഷം രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ വർഷംതോറും ലഭിക്കുന്നു.

(ബി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ 'ഹീമാഫീലിയ' തുടങ്ങിയ ജനിതക/അപൂർവ്വ രോഗങ്ങൾ ഒഴികെ എല്ലാ രോഗങ്ങളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ടിൽ Heart, Kidney, Neurology, cancer എന്നിവയ്ക്കാണ് പ്രാധാന്യം നൽകിയിരുന്നത്. 2 ലക്ഷം രൂപ വരെയുള്ള ആനുകൂല്യമാണ് നൽകിയിരുന്നത്. കിഡ്നി സംബന്ധമായ രോഗങ്ങൾക്ക് 3 ലക്ഷം വരെയും നൽകിവരുന്നു.

1-4-2019 മുതൽ സംസ്ഥാനത്ത് നിലവിൽ വന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിപ്രകാരം ഒരു കുടുംബത്തിന് പരമാവധി 5 ലക്ഷം വരെയുള്ള ചികിത്സാ ധനസഹായം ലഭിക്കുന്നു.

(സി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഇപ്പോൾ 207 സ്വകാര്യ ആശുപത്രികൾ എംപാനൽ ചെയ്തിട്ടുണ്ട്.

(ഡി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഓരോ ചികിത്സയ്ക്കായുള്ള പാക്കേജ് തുക തൃപ്തികരമല്ല എന്ന വിവരം പൊതുമേഖലാ/സ്വകാര്യ മേഖല ആശുപത്രികൾ അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള പാക്കേജ് തുക പുതുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആയത് പ്രാവർത്തികമാകുന്നതോടെ പദ്ധതിയിൽ നിന്നും വിട്ടുനിൽക്കുന്ന മുഴുവൻ സ്വകാര്യ ആശുപത്രികളെയും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിനു സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം കർശനമായി നിയന്ത്രിക്കുന്നതിനായി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018

നടപ്പിലാക്കുകയും പ്രസ്തുത ആക്റ്റ് പ്രകാരം 1-1-2019 മുതൽ കേരളത്തിലെ സ്വകാര്യ മേഖലയിലേതുൾപ്പെടെയുള്ള എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളുടെയും ഓൺലൈൻ താത്കാലിക രജിസ്ട്രേഷൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. താത്കാലിക രജിസ്ട്രേഷൻ വേളയിൽ എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും അതതു സ്ഥാപനങ്ങളുടെ പൂർണ്ണവിവരങ്ങൾ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇതിൽ സ്ഥാപനത്തിൽ ലഭ്യമായ സേവനങ്ങളും സ്റ്റാഫിന്റെ പേരും യോഗ്യതയും, ഉപകരണങ്ങളുടെ വിവരങ്ങൾ എന്നിവയും ഉൾപ്പെടുത്തിയിരിക്കണം. താൽക്കാലിക രജിസ്ട്രേഷന്റെ കാലാവധി 2 വർഷമാണ്. താത്കാലിക രജിസ്ട്രേഷൻ നൽകുന്നത് പ്രസ്തുത സ്ഥാപനങ്ങൾ അപ്‌ലോഡ് ചെയ്യുന്ന രേഖകളുടെ അടിസ്ഥാനത്തിലാണ്. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന ക്ലിനിക്കൽ സ്ഥാപനങ്ങൾ, ലാബുകൾ ഉൾപ്പെടെ അതത് സ്ഥാപനങ്ങളിലെ ലഭ്യമായ സേവനങ്ങളും അവയുടെ നിരക്കുകളും സ്ഥാപനത്തിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. ഈ മാനദണ്ഡങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ക്ലിനിക്കൽ എസ്റ്റാബ്ലിസ്മെന്റ് ആക്റ്റ് അനുസരിച്ച് റദ്ദാക്കപ്പെടുന്നതാണ്.

(എഫ്) സംസ്ഥാനത്ത് ആർദ്രം മിഷന്റെ ഭാഗമായി സർക്കാർ ആശുപത്രികളെ ശാക്തീകരിക്കുന്നതിനുള്ള പ്രവർത്തന പുരോഗതി അനുബന്ധമായിചേർക്കുന്നു.*

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ലോക കേരള സഭ

1 (1) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരള സഭയുടെ ഘടന എപ്രകാരമാണ്;

(ബി) പ്രവാസികളായ മലയാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ പ്രവർത്തനങ്ങൾ ലോക കേരള സഭയിലൂടെ നടപ്പിൽ വരുത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ലോകത്തിലെ എല്ലാ രാജ്യങ്ങളിൽ നിന്നുമുള്ള പ്രവാസികളായ മലയാളികളുടെ പ്രതിനിധികൾ ലോക കേരള സഭയിൽ ഉൾപ്പെട്ടിട്ടുണ്ടോ;

(ഡി) ലോക കേരള സഭയ്ക്ക് കേരളത്തിന്റെ വികസനത്തിൽ സഹായകരമായി പ്രവർത്തിക്കാൻ സാധ്യമാകുമോ; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ലോക കേരള സഭയുടെ അംഗബലം 351 ആണ്. കേരള നിയമസഭയിലെ മുഴുവൻ അംഗങ്ങളും കേരളത്തെ പ്രതിനിധീകരിക്കുന്ന പാർലമെന്റ് അംഗങ്ങളും ലോക കേരള സഭയിലെ അംഗങ്ങളായിരിക്കും. ഇന്ത്യൻ പൗരന്മാരായ കേരളീയ പ്രവാസികളെ പ്രതിനിധീകരിച്ച് 177 അംഗങ്ങളെ കേരള സർക്കാർ നാമനിർദ്ദേശം ചെയ്യുന്നു. ലോക കേരള സഭ കാലാവധിയില്ലാത്ത തുടർച്ചയുള്ള സഭയായിരിക്കും. എന്നാൽ രണ്ട് വർഷം കൂടുമ്പോൾ നാമനിർദ്ദേശം ചെയ്യപ്പെട്ട 1/3 പേർ വിരമിക്കുന്നതും അത്രത്തോളം അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതുമാണ്. ലോക കേരള സഭയുടെ സഭാനേതാവ് മുഖ്യമന്ത്രിയും ഉപനേതാവ് കേരള നിയമസഭയിലെ പ്രതിപക്ഷ നേതാവുമായിരിക്കും. സംസ്ഥാന ചീഫ് സെക്രട്ടറി ആയിരിക്കും ലോക കേരള സഭയുടെ സെക്രട്ടറി ജനറൽ.

(ബി-ഡി) കേരളത്തിന്റെ വികസനത്തിനും പ്രവാസികളായ മലയാളികളുടെ ക്ഷേമത്തിനുംവേണ്ടി ഒന്നാം ലോക കേരള സഭയിൽ ഉയർന്ന നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് രൂപീകരിച്ച വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ സമർപ്പിച്ച ശിപാർശകളിന്മേൽ തെരഞ്ഞെടുക്കപ്പെട്ട 10 എണ്ണത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു.

1. <u>എൻ.ആർ.ഐ ഇൻവെസ്റ്റ്മെന്റ് കമ്പനി</u>

പ്രവാസി മലയാളികളിൽ നിന്നും 74% ഓഹരി മൂലധന നിക്ഷേപം സമാഹരിച്ചുകൊണ്ടും 26% ഓഹരി മൂലധനം സർക്കാർ നിക്ഷേപിച്ചുകൊണ്ടും ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപവത്കരിച്ചു.

2 <u>എൻ.ആർ.ഐ കൺസ്ട്രക്ഷൻ കമ്പനി</u>

അപ്പാർട്ടുമെന്റുകൾ, ടൗൺഷിപ്പ് പ്രോജക്ടുകൾ, കോംപ്ലക്സുകൾ, വൃദ്ധസദനങ്ങൾ, റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണം ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനിയുടെ അനുബന്ധ കമ്പനിയായി എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനി തുടങ്ങാൻ തീരുമാനിച്ചു.

3. <u>പ്രവാസി സഹകരണ സംഘം</u>

തിരുവനന്തപുരം കേന്ദ്രമാക്കി സംസ്ഥാനമാകെ പ്രവർത്തനപരിധിയുള്ള ഒരു സഹകരണസംഘം കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

4. വനിത എൻ.ആർ.കെ. സെൽ

വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിതാ കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ.ആർ.കെ. വനിതാ സെൽ രൂപീകരിച്ചു.

5. എയർപോർട്ടുകളിൽ migration facilitation centre, പാസ്പോർട്ട് ഓഫീസുകളിൽ Pre-embarkment Orientation centres

മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യുക എന്നിവ തടയുന്നതിനും സാംസ്കാരിക സാഹചര്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നന്നായി മനസ്സിലാക്കുന്നതിനും കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവൽക്കരണം നടത്താനും പാസ്പോർട്ട് ഓഫീസ്, എയർപോർട്ട് എന്നിവിടങ്ങളിൽ വിദേശകാര്യ മന്ത്രാലയവും സിവിൽ ഏവിയേഷൻ മന്ത്രാലയവുമായി സഹകരിച്ച് ഒരു അഡ്വൈസറി സെൽ രൂപീകരിക്കാനുള്ള ശിപാർശകൾ കേന്ദ്ര സർക്കാരിന് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു.

6. നൈപുണ്യ വികസനത്തിനായുള്ള ഹൈ പവർ കമ്മിറ്റിയുടെ രൂപീകരണം

7. അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രത്തിന്റെ രൂപീകരണം

കുടിയേറ്റ കേന്ദ്രത്തിന് രൂപം കൊടുക്കുകയും Centre for Development Studies-ൽ അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

8. പ്രവാസി ആനുകാലിക പ്രസിദ്ധീകരണം

പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം 'ലോക മലയാളം' എന്ന പേരിൽ ആരംഭിച്ചു.

രണ്ടാം ലോക കേരള സഭയിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ചുവരുന്നു.

രണ്ടാം ലോക കേരള സഭയിൽ ജി.സി.സി. രാജ്യങ്ങൾ (ഗൾഫ്), സാർക്ക് രാജ്യങ്ങൾ, ആഫ്രിക്ക, യൂറോപ്പ്, സൗത്ത് ഈസ്റ്റ് ഏഷ്യ, ഏഷ്യ, അമേരിക്ക, കാനഡ, മറ്റ് രാജ്യങ്ങളടക്കം എല്ലാ ഭൂഖണ്ഡങ്ങളിൽ നിന്നുള്ള 47 രാജ്യങ്ങളിലെ പ്രവാസി മലയാളികളുടെ പ്രതിനിധികളാണുള്ളത്.

## കേരള പുനർനിർമ്മാണ വികസന പരിപാടി

2 (2) ശ്രീ. രാജു എബ്രഹാം:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്തങ്ങളെ അതിജീവിക്കുന്ന തരത്തിലുള്ള സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടും പരിസ്ഥിതി സൗഹൃദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും കേരള പുനർനിർമ്മാണ വികസന പരിപാടി കാര്യക്ഷമമായി പ്രാവർത്തികമാക്കുന്നതിന് സർക്കാർ ചെയ്തുവരുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) അതിജീവന ശേഷിയുള്ള പുനഃനിർമ്മാണ പ്രക്രിയയിൽ ജനങ്ങളുടെ അറിവും അനുഭവവും ആശയങ്ങളും പങ്കുവയ്ക്കുന്നതിന് ജനകീയ കാമ്പയിൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ;

(സി) പുനഃനിർമ്മാണ പ്രവർത്തനത്തിനായുള്ള ഫണ്ടിന്റെ സ്രോതസ്സുകൾ അറിയിക്കാമോ; കേന്ദ്ര സർക്കാരിൽ നിന്ന് പുനഃനിർമ്മാണ പ്രവർത്തനത്തിന് എന്തെല്ലാം സഹായം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അതിജീവനക്ഷമതയുള്ള, പരിസ്ഥിതി സൗഹൃദമായ തരത്തിൽ പുനർനിർമ്മാണം നടത്തുന്നതിനുള്ള പദ്ധതികൾ സംസ്ഥാന തലത്തിൽ രൂപപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ)-ന് രൂപം നൽകി. ആർ.കെ.ഐ.യുടെ നേതൃത്വത്തിൽ തയ്യാറാക്കിയ കേരള പുനർനിർമ്മാണത്തിന്റെ അടിസ്ഥാനരേഖയായ കേരള പുനർനിർമ്മാണ വികസനപരിപാടി (RKDP) സർക്കാർ അംഗീകരിച്ചു. വികസന നയവായ്പയുടെ ആദ്യ ഗഡുവായി ലോകബാങ്കിൽ നിന്ന് 1779.58 കോടി രൂപ ലഭ്യമായിട്ടുണ്ട്. ജർമൻ ബാങ്കായ കെ.എഫ്.ഡബ്ല്യൂ.വിൽനിന്ന് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

കേരള പുനർനിർമ്മാണ പരിപാടി കൂടുതൽ കാര്യക്ഷമവും ജനകീയവുമാക്കുന്നതിനായി ഇതുസംബന്ധിച്ച് എല്ലാ വിഭാഗം ജനങ്ങളുടേയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമാഹരിക്കുന്നതിനായി 'നമ്മൾ നമുക്കായി' എന്ന പരിപാടി നടപ്പിലാക്കിവരുന്നു.

കേരള പുനർനിർമ്മാണ പരിപാടിയുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ തയ്യാറാക്കുന്ന പദ്ധതികൾ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ്-ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാരസമിതി എന്നിവ പരിഗണിച്ച് അംഗീകാരം നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നു. ഇത്തരത്തിൽ 1865 കോടി രൂപയുടെ പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകി.

(ബി) നിലവിലുള്ള വികസനസമീപനങ്ങളേയും സംവിധാനങ്ങളേയും വിമർശനാത്മകമായി പരിശോധിച്ച്, തിരുത്തലുകൾ ആവശ്യമായ മേഖലകൾ കണ്ടെത്തുന്നതിനായി ജനങ്ങളുടെ അറിവും അനുഭവവും ആശയങ്ങളും പങ്കുവയ്ക്കുന്ന ജനകീയ ക്യാമ്പയിൻ ആണ് 'നമ്മൾ നമുക്കായി'. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന, ജനകീയാസൂത്രണ മാതൃകയിലുള്ള ഈ ക്യാമ്പയിന് രണ്ട് ഘടകങ്ങളാണ് ഉണ്ടാകുക.

1.ആർ.കെ.ഐ-യുടെ കീഴിൽ, അതിജീവനക്ഷമത ഉറപ്പാക്കുന്നതിലേക്കാവശ്യമായ നയസമീപനങ്ങളും തിരുത്തലുകളും കണ്ടെത്തുന്നതിനുള്ള ജനപങ്കാളിത്തത്തോടെയുള്ള വിപുലമായ ക്യാമ്പയിൻ.

2. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പ്രാദേശികവും സമൂഹാധിഷ്ഠിതവുമായ ദുരന്തപ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിക്കൽ. എല്ലാ പഞ്ചായത്തുകളിലും അടിയന്തിരമായി പഞ്ചായത്തുതല ദുരന്ത പരിപാലന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കും.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഏറ്റെടുത്ത് നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ്, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി എന്നിവയുടെ നേതൃത്വത്തിലായിരിക്കും നടപ്പാക്കുക.

ക്യാമ്പയിനിന്റെ ഭാഗമായി ആശയരൂപീകരണത്തിനായി താഴെപറയുന്ന മേഖലകളെ ആസ്പദമാക്കിയുള്ള ചർച്ചകളായിരിക്കും പ്രധാനമായും സംഘടിപ്പിക്കുക.

(1) ഭൂവിനിയോഗം

(2) ജലപരിപാലനം

(3) വനപരിപാലനം

(4) പ്രാദേശികസമൂഹവും അതിജീവനവും

(5) ഗതാഗതം, വാർത്താവിനിമയം, സാങ്കേതിക വിദ്യ

പ്രത്യേക ഗ്രാമസഭകളിലൂടെ ഉരുത്തിരിഞ്ഞ് ആവശ്യമെങ്കിൽ പ്രത്യേക നിയമസഭാ സമ്മേളനത്തിൽ പര്യവസാനിക്കുന്ന വിധത്തിൽ വിവിധ തലങ്ങളിലായാണ് ക്യാമ്പയിൻ സംഘടിപ്പിക്കുക.

(സി) പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ഫണ്ടുകൾ താഴെ പറയുന്ന വിവിധ സ്രോതസ്സുകളിൽ നിന്ന് സമാഹരിക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

- സംസ്ഥാന ബഡ്ജറ്റ് - ബഹുവിധ ഏജൻസികൾ (ലോകബാങ്ക്, എ.ഡി.ബി മുതലായവ ഉൾപ്പെടെ), JICA, KFW മുതലായ ഏജൻസികൾ
- കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു കീഴിൽ കൂടുതൽ വകയിരുത്തൽ
- കേന്ദ്ര സർക്കാർ പദ്ധതികളുടെ കീഴിൽ ഫ്ലെക്സി ഫണ്ടിന്റെ വിന്യാസം
- ക്രൗഡ് ഫണ്ടിംഗ്
- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വഴി സമാഹരണം
- NDA വഴി നബാർഡ് ഫണ്ടിംഗ്
- ഹഡ്കോയും മറ്റു വായ്പകളും

കൂടാതെ സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക്, സേവനങ്ങൾക്കുമേൽ ഒരു ശതമാനം സെസ്സ് അധികമായി ചുമത്തുവാൻ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

2019-ലെ പ്രളയാന്തര പുനർനിർമ്മാണത്തിന് കേന്ദ്രം സഹായം അനുവദിച്ചിട്ടില്ല.

**എൻ. പി. ആർ**

3 (3) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻ.പി.ആർ. പ്രവർത്തനങ്ങൾ നടത്തുകയോ വിവരങ്ങൾ വീടുകളിൽ നിന്ന് ശേഖരിക്കുകയോ ചെയ്യില്ലെന്ന് സർക്കാർ കേന്ദ്രത്തെ അറിയിക്കുക ഉണ്ടായോ; വിശദാംശങ്ങൾ നൽകുമോ;

(ബി) എന്നാൽ 12-11-2019-ലെ 218/2019 സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സെൻസസ് നടപടികൾക്കൊപ്പം ദേശീയ ജനസംഖ്യാ രജിസ്റ്റർ നടപടികളും ആരംഭിക്കുന്നതിന് അനുമതി നൽകുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉത്തരവ് ഇപ്പോൾ നിലവിലുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) അറിയിക്കുകയുണ്ടായി. ദേശീയ ജനസംഖ്യാ രജിസ്റ്റർ, ദേശീയ പൗരത്വ രജിസ്റ്ററിലേക്കു നയിക്കുന്ന പ്രക്രിയയാണ്. കേന്ദ്ര സർക്കാർ പാസ്സാക്കിയ പൗരത്വ നിയമ ഭേദഗതി (CAA 2019) യെത്തുടർന്ന് രാജ്യത്ത് ദേശീയ പൗരത്വ രജിസ്റ്റർ തയ്യാറാക്കിയാൽ രാജ്യത്തെ ഒട്ടനവധി പൗരന്മാരെ, പ്രത്യേകിച്ചും ന്യൂനപക്ഷ വിഭാഗത്തിലുള്ള പൗരന്മാരെ അത് ദോഷകരമായി ബാധിക്കുമെന്ന് സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ വിശിഷ്യാ ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ വ്യാപകമായ ഭയവും ആശങ്കയും ഉളവാക്കിയിട്ടുണ്ട്. ഇതിനകംതന്നെ ദേശീയ പൗരത്വ രജിസ്റ്റർ തയ്യാറാക്കി കഴിഞ്ഞ സംസ്ഥാനത്തെ അനുഭവം ഇത്തരത്തിലുള്ള ഭയാശങ്കകൾക്ക് അടിസ്ഥാനമാണ്. പൗരത്വ നിയമ ഭേദഗതി (CAA-2019) തന്നെ ഭരണഘടനയ്ക്ക് നിരക്കാത്തതാണ് എന്നുള്ള അഭിപ്രായവും ഉയർന്നുവന്നിട്ടുണ്ട്. ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് 20-12-2019-ലെ സർക്കാർ ഉത്തരവ് (എം.എസ്) 247/2019/പൊ.ഭ.വ. പ്രകാരം സംസ്ഥാനത്ത് ദേശീയ ജനസംഖ്യാ രജിസ്റ്റർ സംബന്ധിച്ച എല്ലാ പ്രക്രിയയും സ്റ്റേ ചെയ്യാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

2. ദേശീയ ജനസംഖ്യാ രജിസ്റ്റർ നടപടികളുമായി മുന്നോട്ടു പോയാൽ സംസ്ഥാനത്തെ ക്രമസമാധാന നിലയെ അത് പ്രതികൂലമായി ബാധിക്കുമെന്ന് സംസ്ഥാന പോലീസ് വിഭാഗവും ഇതിനകം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതതു ജില്ലകളിലെ പ്രിൻസിപ്പൽ സെൻസസ് ഓഫീസർമാരായി പ്രവർത്തിക്കുന്ന ജില്ലാ കളക്ടർമാർ ജനസംഖ്യാ കണക്കെടുപ്പിനൊപ്പം ദേശീയ ജനസംഖ്യാ രജിസ്റ്ററിന്റെ നടപടികൾകൂടി നടപ്പിലാക്കാൻ ശ്രമിച്ചാൽ ജനസംഖ്യാ കണക്കെടുപ്പുതന്നെ കൃത്യമായി നടപ്പിലാക്കാൻ തടസ്സം വരുമെന്നും റിപ്പോർട്ടു ചെയ്തിട്ടുണ്ട്. 2019 ഡിസംബർ 29-ന് ഈ വിഷയങ്ങൾ ചർച്ച ചെയ്യുവാനായി മുഖ്യമന്ത്രി സംസ്ഥാനത്തെ രാഷ്ട്രീയ കക്ഷികളുടേയും സാമൂഹിക-മത-സാമുദായിക സംഘടനാ നേതാക്കളുടേയും യോഗം വിളിച്ചുചേർക്കുകയും പ്രസ്തുത യോഗത്തിൽ ജനങ്ങൾക്കിടയിൽ ഉണ്ടായിരിക്കുന്ന ഭയാശങ്കകൾകൂടി പ്രതിഫലിക്കുകയും ചെയ്തിട്ടുണ്ട്. രാജ്യത്തെ പൗരന്മാർക്കിടയിൽ പ്രത്യേകിച്ചും ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള അനിതരസാധാരണമായ ഭയാശങ്കകൾ മുതലെടുത്ത് നേട്ടമുണ്ടാക്കാൻ മത-മൗലികവാദ ശക്തികളും ശ്രമിക്കുന്നുണ്ട്. സംസ്ഥാനത്തെ ജനാഭിലാഷത്തെ പ്രതിഫലിപ്പിച്ചുകൊണ്ട് ഭരണഘടനയിലെ മതനിരപേക്ഷ മൂല്യങ്ങൾ ഇല്ലാതാക്കുന്നതും പൗരത്വം നൽകുന്നതിൽ മതപരമായ വിവേചനം സൃഷ്ടിക്കുന്നതുമായ പൗരത്വ നിയമഭേദഗതി നിയമം-2019 റദ്ദാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം കേരള

നിയമസഭയിൽ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു. ദേശീയ പൗരത്വ ഭേദഗതി നിയമം, 2019 ഭരണഘടനയുടെ അടിസ്ഥാന ഘടനയ്ക്കു വിരുദ്ധമാണെന്നും ആയതിനാൽ നിയമനിർമ്മാണ സഭയുടെ അധികാരങ്ങൾക്കുള്ളിൽ നിന്നുകൊണ്ടുള്ളതല്ലെന്നുള്ള അഭിപ്രായവും പൊതുവേ ഉയർന്നിട്ടുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാന സർക്കാർ ഭരണഘടനയുടെ അനുഛേദം 131 പ്രകാരം അനുവദിച്ചുനൽകിയിട്ടുള്ള ഭരണഘടനാവകാശം വിനിയോഗിച്ച് പൗരത്വ ഭേദഗതി നിയമം-2019-ന്റെ ഭരണഘടനാ സാധുത ആരാഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ 2020 ജനുവരി 13-ന് ഒറിജിനൽ സ്യൂട്ട് ഫയൽ ചെയ്യുകയുണ്ടായി.

3. പൊതുജനങ്ങളുടെ ഭയാശങ്കകൾ അകറ്റുകയും ക്രമസമാധാന നില ഉറപ്പുവരുത്തുകയും ചെയ്യേണ്ടത് സംസ്ഥാന സർക്കാരിന്റെ അടിസ്ഥാനപരമായ ഭരണഘടനാ ഉത്തരവാദിത്വമാണ്. ഈ വിഷയത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശവും കിട്ടിയിട്ടുണ്ട്.

4. മുകളിൽ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ കണക്കിലെടുത്ത് ജനസംഖ്യാ കണക്കെടുപ്പ് 2021-ന്റെ ആദ്യ ഘട്ടത്തിനൊപ്പം നടത്താനിരുന്ന ദേശീയ ജനസംഖ്യാ രജിസ്റ്റർ പുതുക്കൽ നടപടികൾ സംസ്ഥാനത്ത് ഏറ്റെടുത്ത് നടത്തുവാനോ അതുമായി സഹകരിക്കുവാനോ സംസ്ഥാന സർക്കാരിന് നിർവ്വാഹമില്ലായെന്നുള്ള കാര്യം കേന്ദ്ര സർക്കാരിന്റെ രജിസ്ട്രാർ ജനറൽ & സെൻസസ് കമ്മീഷണറെ അറിയിക്കുന്നതിന് 20-1-2020-ൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനം കൈക്കൊള്ളുകയും അതിൻപ്രകാരം ചീഫ് സെക്രട്ടറി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് രണ്ട് ഘട്ടമായി നടക്കുന്ന ജനസംഖ്യാ കണക്കെടുപ്പു (സെൻസസ്-2021)മായി സർക്കാർ പൂർണ്ണമായി സഹകരിക്കുമെന്നും രജിസ്ട്രാർ ജനറൽ & സെൻസസ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്ത് ജനസംഖ്യാ കണക്കെടുപ്പും ദേശീയ ജനസംഖ്യാ രജിസ്റ്റർ പുതുക്കുന്നതിനുമുള്ള പ്രക്രിയ നടപ്പിലാക്കുന്നതിന് വിവിധ തട്ടിലുള്ള ജീവനക്കാരെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള തീരുമാനമാണ് 12-11-2019-ലെ 218/2019 സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നത്. എന്നാൽ CAA 2019 നിയമത്തെ തുടർന്നുണ്ടായ സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്ത് NPR പുതുക്കൽ നടപടികൾ നിർത്തിവയ്ക്കുവാനുള്ള 20-12-2019-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 247/2019/പൊ.ഭ.വ അനുബന്ധമായി* വച്ചിട്ടുണ്ട്. ആയതിനാൽ ഈ ജീവനക്കാർ സെൻസസ് നടപടികൾ മാത്രമേ ഏറ്റെടുത്ത് നടത്തുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ദേശീയ ജനസംഖ്യാ രജിസ്റ്റർ പുതുക്കൽ

4 (4) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജനസംഖ്യ രജിസ്റ്റർ (എൻ.പി.ആർ) പുതുക്കലിന്റെ ഭാഗമായി കേന്ദ്രസർക്കാരിൽ നിന്ന് സംസ്ഥാന സർക്കാരിന് എന്തെങ്കിലും കത്തുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ജയിലുകൾ നവീകരിക്കുവാനും ഡിറ്റെൻഷൻ സെന്ററുകൾ ആരംഭിക്കുവാനും നിർദ്ദേശം ഉണ്ടായിരുന്നോ; പ്രസ്തുത സെന്ററുകൾ എൻ.പി.ആർ-ൽ നിന്നും പുറത്താകുന്നവരെ താമസിപ്പിക്കുവാൻ വേണ്ടിയാണെന്ന നിർദ്ദേശം ഉണ്ടായിരുന്നോ; വ്യക്തമാക്കാമോ;

(സി) ജയിലുകളുടെ നവീകരണത്തിനും ഡിറ്റെൻഷൻ സെന്ററുകൾ ആരംഭിക്കുവാനും എന്ത് തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ജനങ്ങളെ എൻ.പി.ആർ.-ൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഇ) എൻ.ആർ.സി. തയ്യാറാക്കുന്നതിന് എൻ.പി.ആർ. അടിസ്ഥാനമാക്കുന്നത് സംബന്ധിച്ച് 2003-ൽ കൊണ്ടുവന്ന പൗരത്വനിയമ ദേദഗതി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(എഫ്) എൻ.പി.ആർ, എൻ.ആർ.സി. എന്നിവയുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽ നിന്നും കേരള സർക്കാരിന് ലഭിച്ച കത്തുകൾക്ക് നൽകിയ മറുപടികളുടെ പകർപ്പ് ലഭ്യമാക്കുമോ?

### ഉത്തരം

(എ) ദേശീയ ജനസംഖ്യാ രജിസ്റ്റർ (NPR) സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ 7-8-2019-ലെ D.O.No.9/5/2019-CRD(NPR) അർദ്ധ ഔദ്യോഗിക കത്ത് അനുബന്ധമായി* വച്ചിട്ടുണ്ട്.

(ബി) വിദേശികളായ കുറ്റക്കാരെ പാർപ്പിക്കുന്നതിന് ഡിറ്റെൻഷൻ സെന്ററുകൾ തുടങ്ങുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ 2012-ലെ നിർദ്ദേശം വളരെക്കാലമായി സംസ്ഥാന സർക്കാരിന്റെ പരിഗണനയിലായിരുന്നു. എന്നാൽ ഇക്കാര്യത്തിൽ തുടർനടപടികൾ അവസാനിപ്പിക്കാൻ ഈ സർക്കാർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരവിട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ നിർദ്ദേശിച്ച ഡിറ്റെൻഷൻ സെന്ററുകളിൽ എൻ.പി.ആർ.-ൽ നിന്നും പുറത്താകുന്നവരെ താമസിപ്പിക്കുവാനാണെന്നുള്ള നിർദ്ദേശം ലഭിച്ചിട്ടില്ല.

(സി) ലഭിച്ചിട്ടില്ല.

(ഡി) 1955-ലെ പൗരത്വ നിയമത്തിനു കീഴിൽ 2003-ൽ കൊണ്ടുവന്ന ചട്ടങ്ങൾ പ്രകാരമാണ് കേന്ദ്ര സർക്കാർ NPR പ്രവർത്തനങ്ങൾ നടത്തുന്നത്. സംസ്ഥാനത്ത് NPR നടപടികൾ ഏറ്റെടുത്ത് നടപ്പിലാക്കാനോ ഇതുമായി സഹകരിക്കുവാനോ കഴിയില്ലായെന്ന് ഇതിനകം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ജനസംഖ്യാ കണക്കെടുപ്പ് 2021-ന്റെ ആദ്യഘട്ടത്തിനൊപ്പം നടത്താനിരുന്ന ദേശീയ ജനസംഖ്യാ രജിസ്റ്റർ പുതുക്കൽ നടപടികൾ സംസ്ഥാനത്ത് ഏറ്റെടുത്ത് നടത്തുവാനോ അതുമായി സഹകരിക്കുവാനോ സംസ്ഥാന സർക്കാരിന് നിർവ്വാഹമില്ലായെന്നുള്ള കാര്യം 22-1-2020-ലെ എസ്.എസ്. 1/57/2019/പൊ.ഭ.വ നമ്പർ കത്ത് പ്രകാരം സംസ്ഥാന ചീഫ് സെക്രട്ടറി കേന്ദ്ര സർക്കാരിന്റെ ആഭ്യന്തര മന്ത്രാലയത്തിനു കീഴിലുള്ള രജിസ്ട്രാർ ജനറൽ & സെൻസസ്സ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്.

## എൻ.പി.ആർ. ചോദ്യാവലി

5 (6) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതാപിതാക്കളുടെ ജനന സ്ഥലം സംബന്ധിച്ച രണ്ട് ചോദ്യങ്ങൾ സെൻസസിൽ നിന്നും ഒഴിവാക്കാൻ സംസ്ഥാന മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എൻ.പി.ആർ.ൽ ഉള്ള ഈ ചോദ്യാവലികൾ ഒഴിവാക്കി സെൻസസിന്റെ കൂടെ എൻ പി. ആർ. നടപ്പിലാക്കാനാണോ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ;

(സി) സെൻസസ് നടപടികൾ എൻ.പി.ആറുമായി ചേർന്ന് കിടക്കുന്നതിനാൽ സെൻസസ് നടപടികൾ വ്യക്തത വരുത്തുന്നതുവരെ താൽക്കാലികമായി നിർത്തിവയ്ക്കാൻ സർക്കാർ മുൻകൈയെടുക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ജനസംഖ്യാ കണക്കെടുപ്പ് (Census) 2021-ഉം ദേശീയ ജനസംഖ്യാ രജിസ്റ്റർ പുതുക്കലും രണ്ട് നിയമത്തിനു കീഴിൽ വരുന്ന രണ്ട് പ്രത്യേക പ്രക്രിയകളാണ്. ഇത്തവണത്തെ ജനസംഖ്യാ കണക്കെടുപ്പിന്റെ ആദ്യഘട്ടമായി 2020 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ നടക്കുന്ന houselisting & housing census-നൊപ്പം ദേശീയ ജനസംഖ്യാ രജിസ്റ്റർ പുതുക്കൽ നടപടി കൂടി നടപ്പിലാക്കുവാനാണ് കേന്ദ്ര സർക്കാർ തീരുമാനിച്ചത്. എന്നാൽ കേന്ദ്ര സർക്കാരിന്റെ പൗരത്വ ഭേദഗതി നിയമത്തെ ( CAA-2019) തുടർന്ന് ഉടലെടുത്ത സാഹചര്യങ്ങൾ കണക്കിലെടുത്ത് ദേശീയ ജനസംഖ്യാ രജിസ്റ്റർ സംബന്ധിച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുവാനോ അതുമായി സഹകരിക്കുവാനോ സംസ്ഥാന സർക്കാരിന് കഴിയില്ലായെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ജനസംഖ്യാ കണക്കെടുപ്പിന്റെ ഭാഗമായി ശേഖരിക്കുന്ന സാമൂഹിക സാമ്പത്തിക വ്യക്തിഗത സ്ഥിതിവിവരക്കണക്കുകൾ അടുത്ത പത്തു വർഷത്തേയ്ക്ക് സർക്കാരുകൾക്ക് നടപ്പിലാക്കേണ്ട വികസന ക്ഷേമപ്രവർത്തനങ്ങളുടെ അവലംബ രേഖയാണ്. ആയതുകൊണ്ട് തന്നെ രാജ്യത്ത് 2 ഘട്ടങ്ങളിലായി നടക്കുന്ന ജനസംഖ്യാ കണക്കെടുപ്പ് (Census) 2021 സംസ്ഥാനത്ത് ഏറ്റെടുത്ത് നടത്തേണ്ടത് അനിവാര്യമാണ്. ജനസംഖ്യാ കണക്കെടുപ്പിനും ദേശീയ ജനസംഖ്യാ പട്ടിക പുതുക്കുന്നതിനും പ്രത്യേകം ചോദ്യാവലികളും പ്രത്യേകം പ്രൊഫോർമയുമാണ്. ഇവ രണ്ടും ചേർന്നുകിടക്കുന്ന നടപടികളല്ല. അതുകൊണ്ടുതന്നെ എൻ.പി.ആർ.ലുള്ള ചോദ്യങ്ങൾ ഒഴിവാക്കി സെൻസസ്സ് നടത്തുകയല്ല ചെയ്യുന്നത്. എൻ.പി.ആർ നടപടി സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടപ്പാക്കാത്തതിനാൽ ഉദ്യോഗസ്ഥർ എൻ.പി.ആർ. ചോദ്യാവലിയുമായി ജനങ്ങളെ സമീപിക്കുകയില്ല. മേൽ പറഞ്ഞ കാരണങ്ങൾക്കൊണ്ട് 10 വർഷത്തിലൊരിക്കൽ കൃത്യമായി നടന്നുവരുന്ന രാഷ്ട്രത്തിന്റെ ജനസംഖ്യാ കണക്കെടുപ്പ് നിർത്തിവയ്ക്കുവാൻ ആവശ്യപ്പെടാനുള്ള സാഹചര്യം നിലവിലില്ല.

**ഏകീകൃത ഉൽപ്പാദന ക്ലസ്റ്റർ**

6 (7) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ബെംഗലൂരു വ്യവസായ ഇടനാഴി കോയമ്പത്തൂർ വഴി കൊച്ചിയിലേക്ക് നീട്ടുന്നതിനുള്ള കേന്ദ്ര തീരുമാനം സംസ്ഥാനത്തെ വ്യവസായ വികസനത്തിന് എത്രമാത്രം സഹായകമാകുമെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി പാലക്കാട് ഏകീകൃത ഉല്പാദന ക്ലസ്റ്റർ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കാമോ;

(സി) ഇതിനായി സ്ഥലം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(ഡി) സ്ഥലമേറ്റെടുക്കുന്നതിനുള്ള തുക എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) കൊച്ചി -ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതി കോയമ്പത്തൂർ വഴി കൊച്ചിയിലേയ്ക്ക് നീട്ടുന്നതിന്റെ ഭാഗമായി വികസിപ്പിക്കുന്ന ആറ് ഏകീകൃത ഉല്പാദന ക്ലസ്റ്ററുകളിൽ ഒന്നാം ഘട്ടമായി പാലക്കാടിനാണ് (നോഡ്-1) പ്രഥമ പരിഗണന നൽകിയിരിക്കുന്നത്. പരിസ്ഥിതിക്ക് അനുയോജ്യമായ വിവിധ പദ്ധതികൾ പ്രോത്സാഹിപ്പിച്ച് സംസ്ഥാനത്തിന് സാമ്പത്തിക നേട്ടവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുകയെന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഉല്പാദനത്തിന് ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, നൈപുണ്യവികസനം വർദ്ധിപ്പിക്കുക തുടങ്ങിയവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. 20-11-2019-ലെ സ.ഉ. (സാധാ)നമ്പർ 1152/2019/വ്യവ. ഉത്തരവ് പ്രകാരം കിൻഫ്രയെ ഈ പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്ന നോഡൽ ഏജൻസിയായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. നോഡ്-ഒന്നിന്റെ വികസനത്തിനുള്ള 1351 ഏക്കർ ഭൂമി കിഫ്ബി ധനസഹായത്തോടെ (1038 കോടി രൂപ) ഏറ്റെടുക്കുന്നതിന് 16-1-2020-ലെ സ.ഉ. (കൈ) നമ്പർ 15/2020/വ്യവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

**ഭരണഘടനാ സാക്ഷരത**

7 (8) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനശില തന്നെ തകർക്കുന്നുവെന്ന് ആക്ഷേപമുള്ള പൗരത്വ ഭേദഗതി നിയമത്തിന്റെ പുനഃപരിശോധനയ്ക്കായി സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണഘടനാ സാക്ഷരത പൊതുജനങ്ങളിൽ വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കാമോ;

(സി) പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും ഭരണഘടനാ സാക്ഷരത ഉറപ്പുവരുത്തുന്നതിന് കൂടുതൽ സമഗ്രമായ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പൗരത്വ ഭേദഗതി നിയമം 2019 പിൻവലിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരള നിയമസഭ 31-12-2019 ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ട്.

പൗരത്വ ഭേദഗതി നിയമം (2019) -ന്റെ ഭരണഘടനാ സാധുത ചോദ്യം ചെയ്തുകൊണ്ട് കേരള സർക്കാർ സുപ്രീംകോടതിയിൽ ഭരണഘടനയുടെ അനുച്ഛേദം 131 പ്രകാരം ഒറിജിനൽ സ്യൂട്ട് ഫയൽ ചെയ്തിട്ടുണ്ട്.

(ബി&സി) ഭരണഘടനയുടെ പ്രാധാന്യം എല്ലാവരിലും എത്തിക്കുന്നതിനായി എല്ലാ വർഷവും നവംബർ 26 ഭരണഘടനാ ദിനം സമുചിതമായി ആചരിച്ച് വരുന്നു.

**സംസ്ഥാന വികസനത്തിൽ വിദേശ സഹകരണം**

8 (9) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനത്തിന് നെതർലെൻഡിന്റെയും ജപ്പാന്റെയും സഹകരണം ഉറപ്പുവരുത്തുവാൻ മുഖ്യമന്ത്രിയുടെ വിദേശ സന്ദർശനം കൊണ്ട് സാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) സംസ്ഥാനത്തെ ഏതൊക്കെ തുറമുഖങ്ങളുടെ വികസനത്തിനാണ് വിദേശ സഹകരണം ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുള്ളത്;

(സി) കപ്പൽ സാങ്കേതിക വിദ്യ, സമുദ്ര വിജ്ഞാനം, മറൈൻ സയൻസ് എന്നിവയിൽ സംയുക്ത പദ്ധതികൾ ജപ്പാനുമായി ആവിഷ്ക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ഡി) ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) മുഖ്യമന്ത്രിയുടെ നെതർലാന്റ് സന്ദർശനത്തിനു തുടർച്ചയായി തുറമുഖം/മാരിടൈം മേഖലകളുടെ വികസനത്തിനായി റോട്ടർ ഡാം തുറമുഖവുമായി ഒരു പൊതു ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. അഴീക്കൽ തുറമുഖത്തിന്റെ വികസനം, സമുദ്രാധിഷ്ഠിത പഠനത്തിനുള്ള സഹകരണം, ചെറുകിട തുറമുഖങ്ങളുടേയും അവയുമായി ബന്ധപ്പെട്ട തുറമുഖ നേതൃത്വ വ്യവസായങ്ങളുടെയും വികസനത്തിനുള്ള മാസ്റ്റർ പ്ലാനിംഗ്, ആലപ്പുഴ തുറമുഖത്തെ ഒരു പൈതൃക തുറമുഖമായും മറീനയായും വികസിപ്പിക്കൽ തുടങ്ങിയവയാണ് സഹകരണത്തിനുള്ള മേഖലകളായി കണ്ടെത്തിയിട്ടുള്ളത്. തുടർ ആശയവിനിമയം നടത്തുന്നതിന് ഒരു നോഡൽ ഓഫീസറെ സർക്കാർ നിയമിച്ചിട്ടുണ്ട്.

(സി&ഡി) സമുദ്ര വിജ്ഞാനം, മറൈൻ സയൻസ് എന്നീ മേഖലകളിൽ സംയുക്ത പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ജപ്പാനിലെ Shimane University Estuary Research Centre/Disaster Reduction Research Centre എന്നിവയുടെ ഡയറക്ടറുമായി ചർച്ച ചെയ്യുകയും ടി സ്ഥാപനവും സംസ്ഥാന സർക്കാരും യോജിച്ച് പ്രസ്തുത മേഖലകളിൽ പരിശീലനം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ estuaries/flood affected area കണ്ടെത്തി മേൽ വിഷയത്തിൽ തൽപരരായ ജപ്പാനിലെ യൂണിവേഴ്സിറ്റികളിൽ നിന്നുള്ള ഗവേഷകരുടെ ഒരു സംഘം സന്ദർശനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്കുള്ള തുടർ ചർച്ചകൾ നടന്നുവരുന്നു.

**ഒല്ലൂർ നിയോജകമണ്ഡലത്തിലെ റീ ബിൽഡ് കേരള പദ്ധതികൾ**

9 (10) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി ഒല്ലൂർ നിയോജക മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ എങ്ങനെ നടപ്പാക്കുമെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) റീബിൽഡ് കേരള പദ്ധതിയിൽ നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച് സംയോജിത ജലവിഭവ മാനേജ്മെന്റ്, ജല വിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.

ഇത്തരത്തിൽ റീ-ബിൽഡ് കേരളയുടെ കീഴിൽ ആദ്യ ഘട്ടത്തിൽ പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണം, ഫിഷറീസ്, ഗതാഗതം, ജലവിഭവം, പരിസ്ഥിതി, മൃഗസംരക്ഷണം, കൃഷി, റവന്യൂ, വിവരസാങ്കേതികം തുടങ്ങിയ വകുപ്പുകളുടേതായി 1865 കോടി രൂപ ചെലവ് വരുന്ന വിവിധ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

## സെൻസസ് നടപടികളുടെ ഭാഗമായുള്ള വിവര ശേഖരണം

10 (11) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻസസ്സ് നടപടികളുമായി പൂർണ്ണമായും സഹകരിക്കുമെങ്കിലും ദേശീയ ജനസംഖ്യാ രജിസ്റ്റർ പുതുക്കുന്ന ജോലി സംസ്ഥാനത്ത് നടത്തുകയോ അതുമായി സഹകരിക്കുകയോ ചെയ്യേണ്ടെന്ന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള രജിസ്ട്രാർ ജനറൽ ആൻഡ് സെൻസസ് കമ്മീഷണറെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ;

(സി) സെൻസസ് നടപടികളുടെ ഭാഗമായുള്ള വിവരം ശേഖരിക്കുന്ന ഫോമിലെ ഏതൊക്കെ ചോദ്യങ്ങൾക്ക് ഉത്തരം നൽകരുതെന്നാണ് സംസ്ഥാനത്തെ ജനങ്ങളോട് നിർദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) സെൻസസ് രേഖകൾ ശേഖരിക്കുന്നത് സംസ്ഥാന സർക്കാർ നിയോഗിക്കുന്ന ഉദ്യോഗസ്ഥർ ആയതിനാൽ ജനങ്ങളോട് പ്രസ്തുത ചോദ്യങ്ങൾ ചോദിക്കേണ്ട എന്ന നിർദ്ദേശം നൽകുമോ;

(ഇ) എൻ.പി.ആർ. സംബന്ധിച്ച ആശയക്കുഴപ്പവും സംശയവും ജനങ്ങളിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ സെൻസസ്സ് സംബന്ധിച്ച നടപടിക്രമങ്ങൾ തടസ്സരഹിതമായി നിർവ്വഹിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുമോ?

### ഉത്തരം

(എ &ബി) ഉണ്ട്.

(സി-ഇ) ജനസംഖ്യാ കണക്കെടുപ്പ് (Census) 2021-ഉം ദേശീയ ജനസംഖ്യാ പട്ടിക (NPR) പുതുക്കലും രണ്ടും പ്രത്യേക പ്രക്രിയകളും വെവ്വേറെ ചോദ്യാവലികളുമാണ്. എൻ.പി.ആർ. സംബന്ധിച്ച നടപടികൾ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തുന്നില്ല. ആയതുകൊണ്ടുതന്നെ എൻ.പി.ആർ. ചോദ്യാവലികളുമായി ഉദ്യോഗസ്ഥർ ജനങ്ങളെ സമീപിക്കുകയുമില്ല. ഇക്കാരണങ്ങൾകൊണ്ട് തന്നെ സെൻസസ് നടപടികൾക്കായുള്ള ചോദ്യാവലിയിൽ ഏതെങ്കിലും ഒഴിവാക്കുന്നതിനായി പ്രത്യേക നിർദ്ദേശം ജനങ്ങൾക്കോ ഉദ്യോഗസ്ഥർക്കോ നൽകേണ്ടതില്ല. ജനസംഖ്യാ കണക്കെടുപ്പ് പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ട ജനസംഖ്യാ കണക്കെടുപ്പ് പ്രവർത്തനങ്ങളുടെ ചോദ്യാവലികൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ആശയക്കുഴപ്പം സൃഷ്ടിക്കാതിരിക്കുവാൻ എല്ലാ വിഭാഗം ജനങ്ങളും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## ഊരാളുങ്കൽ ലേബർ കോൺട്രാക്ടിംഗ് സൊസൈറ്റി

11 (12) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാന ഗവൺമെന്റിന്റെ അധികാരപരിധി/ഉടമസ്ഥതയിലുള്ള ഏതെങ്കിലും സ്ഥലമോ മറ്റ് സ്ഥാവരജംഗമവസ്തുവകകളോ ഗവൺമെന്റിന്റെ ഏതെങ്കിലും സേവനങ്ങളോ ഊരാളുങ്കൽ ലേബർ കോൺട്രാക്ടിംഗ് സൊസൈറ്റിയെ എൽപ്പിച്ചിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത അധികാരങ്ങൾ/സേവനങ്ങൾ ഏതൊക്കെയാണെന്നും ആർക്കുണ്ടായിരുന്നവയാണെന്നും എന്നുമുതലാണ് ടി സൊസൈറ്റിയെ ഏൽപ്പിച്ചിരുന്നതെന്നും അറിയിക്കാമോ;

(സി) പ്രസ്തുത അധികാരങ്ങൾ/സേവനങ്ങൾ ഏൽപ്പിച്ച് നൽകാൻ അടിസ്ഥാനമാക്കിയ ബന്ധപ്പെട്ട ഗവൺമെന്റ് ഉത്തരവുകളുടെ/സർക്കുലറുകളുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ; ഇത്തരത്തിൽ ഏതെങ്കിലും ഗവൺമെന്റ് വകുപ്പുകൾ വിനിയോഗിക്കേണ്ട അധികാരങ്ങൾ തുടങ്ങിയവ ഏതെങ്കിലുമൊരു സൊസൈറ്റിയെ ഏൽപ്പിക്കുമ്പോൾ അതിലൂടെ ഉണ്ടായേക്കാവുന്ന സുരക്ഷാ പ്രശ്നങ്ങളുടെ അനന്തരഫലങ്ങളെക്കുറിച്ച് ഗവൺമെന്റ് മുൻകൂറായി എന്തെങ്കിലും പഠനങ്ങൾ നടത്തിയിരുന്നോ; അല്ലെങ്കിൽ വിദഗ്ധ ഉപദേശം തേടിയിരുന്നോ; എങ്കിൽ അതിന് ലഭിച്ച മറുപടിയുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) ഗവൺമെന്റിന് ഇനിയും ഏതെങ്കിലും വകുപ്പുകളിൽ നടന്നുവരുന്ന പ്രവൃത്തികളോ കോൺട്രാക്ട് നിയമങ്ങൾ നടത്തുന്നതിനുള്ള അധികാരമോ ഈ സ്ഥാപനത്തെ ഏൽപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

## ' സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം'

12 (13 ) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്താൻ സർക്കാരിന്റെ ഭാഗത്ത് എന്തെങ്കിലും നീക്കമുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പെൻഷൻ പ്രായം എത്ര വർഷം വരെ ഉയർത്താനാണ് സർക്കാർ ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പെൻഷൻ പ്രായം ഉയർത്തിയാൽ നിലവിലെ റാങ്ക് ലിസ്റ്റുകളിലെ ഉദ്യോഗാർത്ഥികൾക്ക് എപ്രകാരം നിയമനം നൽകാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) പെൻഷൻ പ്രായം ഉയർത്തിയാൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിലവിലെ റാങ്ക് ലിസ്റ്റുകളിലെ ഉദ്യോഗാർത്ഥികൾക്ക് അതാത് മാസങ്ങളിൽ നിയമനം നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) വിരമിക്കൽ തീയതി ഏകീകരണം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) വിരമിക്കൽ തീയതി ഏകീകരണം നടപ്പിലാക്കിയാൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് അതാത് മാസം നിയമനം നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പരിഗണനയിലില്ല.

(ബി-ഡി) പെൻഷൻപ്രായ വർദ്ധനവ് പരിഗണനയിലില്ലാത്തതിനാൽ ബാധകമല്ല.

(ഇ&എഫ്) വിരമിക്കൽ തീയതി ഏകീകരണം നടപ്പിലാക്കുന്നതു പരിഗണനയിലില്ല.

## സർക്കാരിനോട് വിശദീകരണം തേടിയ വിഷയങ്ങൾ

13 (14) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗവർണർ ഏതെല്ലാം വിഷയങ്ങളിലാണ് സർക്കാരിനോട് നേരിട്ട് വിശദീകരണം ആരാഞ്ഞതെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഗവർണറുടെ ഓഫീസിൽനിന്നും രേഖാമൂലം അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗവർണർ മുഖ്യമന്ത്രിയെ നേരിട്ടു വിളിച്ച് വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## ഡോ.പി.എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ട്

14 (15) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വിശ്വകർമ്മ സമുദായത്തിന്റെ എല്ലാവിധ പിന്നോക്ക അവസ്ഥയെക്കുറിച്ചും പഠിക്കാനായി നിയോഗിച്ച ഡോ. പി.എൻ. ശങ്കരൻ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

## എയർ സ്ട്രിപ്പുകൾ

15 (16) ശ്രീ. റോഷി അഗസ്റ്റിൻ:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ എയർ സ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ഏതെല്ലാം സ്ഥലങ്ങളിലാണ് എയർ സ്ട്രിപ്പുകൾ സ്ഥാപിക്കുകയെന്ന് വ്യക്തമാക്കുമോ;

(സി) എയർ സ്ട്രിപ്പുകൾക്കുവേണ്ടി സർക്കാർ ഖജനാവിൽ നിന്ന് എത്ര തുക ചെലവഴിക്കേണ്ടിവരുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വ്യോമഗതാഗതത്തിന്റെ സമഗ്ര വികസനം മുൻനിർത്തി 8 മുതൽ 10 സീറ്റുള്ള ഒറ്റ എഞ്ചിൻ വിമാനങ്ങൾ (Airvan) ഉപയോഗിച്ച് കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ചെറുവിമാന സർവ്വീസുകൾ നടത്തുന്നതിനാണ് വിഭാവനം ചെയ്യുന്നത്. ആശ്രാമം മൈതാനം (കൊല്ലം), മൂന്നാർ, തേക്കടി (ഇടുക്കി), കൽപ്പറ്റ (വയനാട്), ബേക്കൽ (കാസർഗോഡ്), ഗുരുവായൂർ (തൃശ്ശൂർ), പാലക്കാട്, ആലപ്പുഴ ബീച്ച് (ആലപ്പുഴ), വർക്കല (തിരുവനന്തപുരം), കുമരകം (കോട്ടയം) എന്നീ സ്ഥലങ്ങളിൽ എയർ സ്ട്രിപ്പ്/ഹെലിപോർട്ട് നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് ഏകദേശം 1400 മീറ്റർ ദൈർഘ്യമുള്ള റൺവേ മതിയാകും. ചെറു വിമാനങ്ങൾ സർവ്വീസിനായി ഉപയോഗിക്കുന്നതിനാൽ പരിപാലന ചെലവും യാത്രാനിരക്കും കുറവായിരിക്കും.

(ബി) ആദ്യപടിയായി ബേക്കൽ, വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ സ്ഥലങ്ങളിൽ എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠന റിപ്പോർട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ ഫീഡർ പോസ്റ്റുകളായി പ്രവർത്തിക്കുന്നതിന് ഈ എയർ സ്ട്രിപ്പുകളെ റീജിയണൽ കണക്ടിവിറ്റി സ്കീം (UDAN) -ൽ ഉൾപ്പെടുത്തണമെന്ന് വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) എയർ സ്ട്രിപ്പുകൾക്കുവേണ്ടി സംസ്ഥാന ഖജനാവിൽ നിന്നും ചെലവഴിക്കേണ്ട തുക കണക്കാക്കിയിട്ടില്ല. എന്നാൽ ഉഡാൻ പദ്ധതിയിൽ ഉൾപ്പെടുത്തുകയാണെങ്കിൽ എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിനാവശ്യമായ ചെലവിന്റെഎ 80% കേന്ദ്രവും 20% സംസ്ഥാനവും വഹിക്കേണ്ടതാണ്.

**നവോത്ഥാന സംരക്ഷണ സമിതി**

16 (17) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവോത്ഥാന ആശയങ്ങളോട് യോജിക്കുന്ന എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തി സർക്കാർ നവോത്ഥാന സംരക്ഷണസമിതി രൂപീകരിച്ചിരുന്നോ;

(ബി) പ്രസ്തുത സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത സമിതി വിപുലീകരിച്ചിട്ടുണ്ടോ; നിലവിൽ എത്ര സംഘടനകൾ അതിൽ അംഗങ്ങളാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത സമിതിയുടെ പ്രവർത്തനംമൂലം സംസ്ഥാനത്തെ നവോത്ഥാനമൂല്യങ്ങൾക്ക് സംഭവിച്ച കോട്ടം തീർക്കുവാൻ സാധിച്ചുവെന്ന് വിലയിരുത്തുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരളീയ നവോത്ഥാനത്തിന് ശ്രദ്ധേയമായ പങ്ക് വഹിച്ചിട്ടുള്ള പ്രസ്ഥാനങ്ങളേയും സംഘടനകളേയും നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കാൻ തയ്യാറുള്ള സാമൂഹ്യ സംഘടനകളേയും ഉൾപ്പെടുത്തി നവോത്ഥാനമൂല്യ സംരക്ഷണ സമിതി രൂപീകരിച്ചിരുന്നു.

(ബി-ഡി) നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കേണ്ട ആവശ്യകത സംബന്ധിച്ച് കേരളീയ പൊതു സമൂഹത്തിൽ ഒരു അവബോധം വളർത്തിയെടുക്കുവാൻ സമിതിയുടെ പ്രവർത്തനംകൊണ്ട് സാധിച്ചിട്ടുണ്ട്. കേരളീയ നവോത്ഥാനത്തിന് ശ്രദ്ധേയമായ പങ്ക് വഹിച്ചിട്ടുള്ള പ്രസ്ഥാനങ്ങളേയും

സംഘടനകളേയും നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കാൻ തയ്യാറുള്ള സാമൂഹ്യ സംഘടനകളെയുമാണ് സമിതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. നവോത്ഥാന മൂല്യ സംരക്ഷണ സമിതിക്ക് ഇതിനകംതന്നെ കേരളത്തിന്റെ സാമൂഹിക മണ്ഡലത്തിൽ നല്ല സ്ഥാനം നേടാൻ കഴിഞ്ഞിട്ടുണ്ട്. നവോത്ഥാനം എന്നത് ഒരു നിരന്തര പ്രക്രിയയാണ്. സാമൂഹ്യമായ ഉച്ചനീചത്വങ്ങൾ നിലനിൽക്കുന്ന കാലം വരെ നവോത്ഥാന മൂല്യസംരക്ഷണ സമിതിക്ക് പ്രാധാന്യമുണ്ട്.

**മുന്നാക്ക വിഭാഗങ്ങൾക്കുള്ള സാമ്പത്തിക സംവരണം**

17 (18) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് കേന്ദ്രസർക്കാർ 2019 ജനുവരി മുതൽ നടപ്പാക്കിയ പത്ത് ശതമാനം സംവരണം സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ നിയോഗിച്ച കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശിപാർശകൾ എന്തൊക്കെയാണ്; ശിപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ഡി) മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കു തന്നെ ഈ സംവരാണാനുകൂല്യം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭരണഘടനയുടെ 103-ാം ഭേദഗതിപ്രകാരം മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് നിയമനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും പത്ത് ശതമാനം സംവരണം സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിച്ച് സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിനായി നിയമിച്ച കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ശിപാർശകൾക്കനുസൃതമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനത്തിനും ഉദ്യോഗത്തിനുമായി സംവരണ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനും മുന്നാക്കവിഭാഗത്തിലെ പിന്നാക്കക്കാരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ അനുബന്ധമായി* ചേർക്കുന്നു. ശിപാർശകൾ സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ളതും സർക്കാർ അംഗീകരിച്ചതുമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകുന്ന Income and Asset Certificate/Anthyodaya Annayojana (AAY) and Priority House Hold (PHH) Category Certificate എന്നിവയുടെ അടിസ്ഥാനത്തിലാണ് മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ നിശ്ചയിക്കുന്നത്. 'സാമ്പത്തികമായി പിന്നാക്കം നൽക്കുന്നവർ' എന്ന അവകാശവാദം പരിശോധനയിൽ തെറ്റാണെന്നോ/വ്യാജമാണെന്നോ കണ്ടെത്തുന്നപക്ഷം അപേക്ഷകൻ/അപേക്ഷകയുടെ നിയമനം/വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം എന്നിവ മറ്റു കാരണങ്ങൾ വ്യക്തമാക്കാതെ റദ്ദാക്കുന്നതിനും ക്രിമിനൽ നടപടി സ്വീകരിക്കുന്നതിനും വ്യവസ്ഥയുണ്ട്.

**പൊതുജനത്തെ ബുദ്ധിമുട്ടിക്കുന്ന ഉദ്യോഗസ്ഥർ**

18 (19) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെന്റ് ഉദ്യോഗസ്ഥരെ സംബന്ധിച്ച് ഹൈക്കോടതി നടത്തിയ അഭിപ്രായ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ ആവശ്യങ്ങളുമായി ഗവൺമെന്റ് ഓഫീസിലെത്തുന്നവരുടെ അപേക്ഷകളിന്മേൽ നിഷേധ സമീപനം സ്വീകരിച്ച് അപേക്ഷകരായ പൊതുജനത്തെ ബുദ്ധിമുട്ടിക്കുകയും നിസ്സാരവൽക്കരിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥരുടെ സമീപനത്തിൽ മാറ്റം ഉണ്ടാക്കണമെന്ന് കരുതുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം ഉദ്യോഗസ്ഥരിൽ ഒരു വിഭാഗം പൊതുജനങ്ങളുടെ അപേക്ഷകളിന്മേൽ സാമ്പത്തികത്തിന്റെയും സ്വജനപക്ഷപാതത്തിന്റെയും മറവിൽ അപേക്ഷകരെ തരംതിരിച്ച് ലഭ്യമായ അപേക്ഷകളിൽ വിവേചനം കല്പിച്ച് തീർപ്പാക്കുന്നതിന് താൽപ്പര്യം കാട്ടുന്നത് ഗൗരവമായി കണ്ട് നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ-സി) വിവിധ ആവശ്യങ്ങളുമായി സർക്കാർ ഓഫീസിലെത്തുന്നവരുടെ അപേക്ഷകൾ/പരാതികൾ എന്നിവയ്ക്ക് കൈപ്പറ്റ് രസീത് നൽകി അവ സമയബന്ധിതമായി തീർപ്പാക്കണമെന്ന നിർദ്ദേശം നിലവിലുണ്ട്. പൊതുജനങ്ങളുടെ ആവശ്യങ്ങൾക്ക് മാന്യമായ പരിഗണനയും പെരുമാറ്റവും ഉറപ്പാക്കുന്നതിനും കൂടാതെ വിവിധ ആവശ്യങ്ങൾക്കായി വരുന്ന മുതിർന്ന പൗരന്മാർക്ക് ക്യൂവിൽ നിൽക്കാതെ പ്രത്യേക പരിഗണന നൽകുന്നതിനും ആവശ്യമായ നിർദ്ദേശങ്ങളടങ്ങിയ സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നത് ഗുരുതരമായ അച്ചടക്കലംഘനമായി കാണുകയും അത്തരം വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം കർശന നടപടി കൈക്കൊള്ളുന്നതിന് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പദ്ധതികളുടെ പൂർത്തീകരണം വേഗത്തിലാക്കാൻ നടപടി**

19 (20) <u>ശ്രീ. സജി ചെറിയാൻ :</u>
<u>ശ്രീ. എം. സ്വരാജ് :</u>
<u>ശ്രീ. ഐ. ബി. സതീഷ് :</u>
<u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രധാനപ്പെട്ട പദ്ധതികളുടെ നിലവിലുള്ള പുരോഗതി, പദ്ധതികൾ നേരിടുന്ന തടസ്സങ്ങൾ, പദ്ധതികളുടെ നിശ്ചിത ഷെഡ്യൂൾ അനുസരിച്ചുള്ള പൂർത്തിയാക്കൽ എന്നിവ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി അവലോകന യോഗം ചേർന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് ഈ സർക്കാർ നടപ്പാക്കി വരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാനത്ത് വിവിധ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിവരുന്നുണ്ട്. പ്ലാൻസ്പേസ് എന്ന ഓൺലൈൻ പ്ലാൻ മോണിറ്ററിംഗ് സംവിധാനത്തിലൂടെ ഓരോ പദ്ധതിയുടെയും പ്രവർത്തനപുരോഗതി എല്ലാ മാസവും ചീഫ് സെക്രട്ടറി, സെക്രട്ടറിമാരുടെ യോഗത്തിൽ അവലോകനം ചെയ്യുന്നുണ്ട്.

മൂന്നു മാസത്തിലൊരിക്കൽ ഓരോ വകുപ്പിലെയും പ്രധാനപ്പെട്ട പദ്ധതികളുടെ പ്രവർത്തന പുരോഗതി http://www.cmopcmg.kerala.gov.in/ എന്ന വെബ്പോർട്ടലിൽ മുഖ്യമന്ത്രി അവലോകനം ചെയ്യുന്നുണ്ട്. പദ്ധതി നടത്തിപ്പിൽ എന്തെങ്കിലും തടസ്സം അനുഭവപ്പെടുകയാണെങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകാറുണ്ട്.

(സി) കേരളത്തെ നിക്ഷേപസൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് സർക്കാർ പല നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. നിക്ഷേപം സുഗമമാക്കലും വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങളും ലക്ഷ്യമാക്കി പല പദ്ധതികളും സംസ്ഥാനം നടപ്പിലാക്കി വരുന്നു. അതിൽ പ്രധാനപ്പെട്ടവ

1. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് ഇനിഷ്യേറ്റീവ് പരിഷ്കരണങ്ങൾ.
2. ബിസിനസ് പരിഷ്കരണ കർമ്മപദ്ധതി
3. കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആക്ട് 2018 നടപ്പിലാക്കുന്നതിനുള്ളപൊതു സമ്പർക്ക ക്യാമ്പയിൻ.
4. സിംഗിൾ വിൻഡോ ക്ലിയറൻസ് സിസ്റ്റം.
5. വിവിധ പൊതുജനസമ്പർക്ക പരിപാടികൾ.
6. ബിസിനസ് മീറ്റുകളും റോഡ് ഷോയും
7. കോളേജുകളിൽ സംരംഭകത്വ പരിശീലന പരിപാടി.
8. ചെറുപ്പക്കാരുടെ ഇടയിൽ സംരംഭകത്വം വളർത്തി അവരെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാക്കി വളർത്തുന്നതിന് എയ്ഞ്ചൽ സീഡ് ഫണ്ട് സഹായം.
9. കേരള സ്റ്റാർട്ടപ്പ് മിഷൻ സംസ്ഥാനത്ത് സംരംഭകത്വവികസനവും ഇൻകുബേഷൻ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിന് കേരള സർക്കാരിന്റെ നോഡൽ ഏജൻസിയായ സ്റ്റാർട്ടപ്പ് മിഷൻ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി നൂതന സംരംഭങ്ങൾ കൊണ്ടുവരിക, അതിന്റെ വിപണനം കണ്ടെത്തുക, പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, സാങ്കേതികവിദ്യകളുടെ വേഗത്തിലുള്ള വാണിജ്യവത്കരണത്തിന് ഒരു പ്ലാറ്റ്ഫോം ഒരുക്കുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.
10. ലോക കേരള സഭയിലൂടെ പ്രവാസികൾക്ക് കേരളത്തിൽ സംരംഭകത്വം തുടങ്ങുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ലോക കേരളസഭ സംഘടിപ്പിക്കുകയുണ്ടായി.

11. സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ വ്യാവസായിക അനുകൂല സാഹചര്യങ്ങൾ, വ്യവസായികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, സഹായങ്ങൾ, അനുമതികളെക്കുറിച്ചുള്ള വിവരങ്ങൾ, നിക്ഷേപം നടത്തുവാൻ അനുകൂലമായ മേഖലകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരം സംരംഭകർക്ക് ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ ഇൻവെസ്റ്റ്മെന്റ് കേരള പോർട്ടൽ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

12. സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ (ഐ.പി.എഫ്.സി) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഐ.പി.എഫ്.സി. സംരംഭകർക്കുള്ള എല്ലാവിധ സഹായങ്ങളും പിന്തുണയും നൽകുന്നതിന് വേണ്ടിയാണ് രൂപീകരിച്ചിട്ടുള്ളത്.

13. സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാകുന്നതിന് 1999-ലെ കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്മെന്റ് ആക്ട് ഭേദഗതി ചെയ്തിട്ടുണ്ട്.

കൂടാതെ പത്തുകോടി രൂപവരെ മുതൽമുടക്കുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുൻകൂർ അനുമതി ആവശ്യമില്ലായെന്ന് സർക്കാർ തീരുമാനിക്കുകയും "കേരള സൂക്ഷ്മ-ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട്" നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

14. ടൂറിസം മേഖലയെ നിക്ഷേപ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വിവിധ സ്കീമുകൾ വിനോദ സഞ്ചാര വകുപ്പ് നടപ്പാക്കി വരുന്നു. ഹൗസ് ബോട്ടുകൾ-ആയുർവേദ കേന്ദ്രങ്ങൾ മുതലായവയുടെ ക്ലാസ്സിഫിക്കേഷൻ, ഹോംസ്റ്റേ, സർവ്വീസ്ഡ് വില്ല മുതലായ പദ്ധതികൾ, ടൂറിസം നിക്ഷേപകർക്കുള്ള സബ്സിഡി എന്നിവ ഇതിൽ ഉൾപ്പെടുന്നു.

15. സംസ്ഥാനത്തെ നിക്ഷേപ സാധ്യതകളെ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് വിവിധ മേഖലകളിൽ നിക്ഷേപിക്കുവാൻ സന്നദ്ധതയുള്ളവർക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുകയെന്ന ലക്ഷ്യത്തോടെ "നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ" (NBFC) എന്ന നൂതന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

**സർക്കാർ വാർഷികാഘോഷങ്ങൾക്ക് ചെലവഴിച്ച തുക**

20 (21) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ രണ്ടാം വാർഷികാഘോഷങ്ങൾക്കും, മൂന്നാം വാർഷികാഘോഷങ്ങൾക്കും എത്ര തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ 1000 ദിവസം പൂർത്തിയാക്കിയതിനോടനുബന്ധിച്ച് ആഘോഷ പരിപാടികൾ സംഘടിപ്പിച്ചിരുന്നോ; എങ്കിൽ അതിനായി എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനമന്ത്രിസഭയുടെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് നാളിതുവരെയുള്ള കണക്കുപ്രകാരം 12,22,46,832 രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ മൂന്ന് വർഷങ്ങൾ പൂർത്തീകരിച്ചതോടനുബന്ധിച്ച് വിവിധ പരിപാടികൾക്കായി 21,72,818 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) സർക്കാരിന്റെ ആയിരം ദിനങ്ങൾ പൂർത്തിയാക്കിയതോടനുബന്ധിച്ച് ആഘോഷപരിപാടികൾ സംഘടിപ്പിച്ചിരുന്നു. ആഘോഷപരിപാടികൾക്കും അനുബന്ധ പരിപാടികൾക്കുമായി നാളിതുവരെയുള്ള കണക്കുപ്രകാരം ആകെ 10,24,09,661 രൂപ ചെലവഴിച്ചിട്ടുണ്ട്.

**കൗമാരക്കാരായ വിദ്യാർത്ഥികളിലെ മയക്കുമരുന്നുകളുടെ ദു:സ്വാധീനങ്ങൾ**

21 (22) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്ന്, ക്വട്ടേഷൻ സംഘാംഗങ്ങളായി നിരവധി വിദ്യാർഥികൾ മാറുന്നതായുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) കൗമാരക്കാരിൽ വർധിച്ചുവരുന്ന ആത്മഹത്യയുടെയും കൊലപാതകങ്ങളുടെയും മറ്റു ഗുരുതര കുറ്റകൃത്യങ്ങളുടെയും എണ്ണം ക്രമാതീതമായി പെരുകുന്ന സാഹചര്യത്തിൽ വിദ്യാർഥികളുടെ മാനസിക ആരോഗ്യവും ബൗദ്ധിക നിലവാരവും ഉയർത്തി മൂല്യാധിഷ്ഠിതമായ ജീവിതചര്യ രൂപപ്പെടുത്തുവാൻ കഴിയും വിധം വിവിധ വകുപ്പുകളുടെ സംയുക്ത കർമ്മ പരിപാടികൾക്ക് രൂപം നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നടത്തിവരുന്ന കർമ്മ പരിപാടികൾ വിപുലീകരിക്കുവാനും ശക്തിപ്പെടുത്തുവാനും സർക്കാർ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാർത്ഥികളെ മയക്കുമരുന്ന്, ക്വട്ടേഷൻ സംഘങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനായി സ്കൂൾ, കോളേജ് തലത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തുകയും ഗുരുകുലം പദ്ധതിയുടെ ഭാഗമായി അനധികൃതമായി സ്കൂളിൽ നിന്നും വിട്ടു നിൽക്കുന്ന വിദ്യാർത്ഥികളെ നിരീക്ഷിച്ചും എസ്.പി.സി, വിമുക്തി പദ്ധതി, ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി, സ്റ്റുഡൻസ് പ്രൊട്ടക്ഷൻ ഗ്രൂപ്പ് എന്നിവയുടെ സഹായത്തോടുകൂടി വിവരശേഖരണം നടത്തിയും PTA, റസിഡൻസ് അസോസിയേഷൻ എന്നിവരുടെ സഹായത്തോടുകൂടി വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ജനമൈത്രി പോലീസ്, സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ്, DANSAF (ഡിസ്ട്രിക്ട് ആന്റി നർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ്) എന്നിവ ഉപയോഗിച്ച് രഹസ്യ വിവരങ്ങൾ ശേഖരിച്ചും നിരന്തര റെയിഡുകളും സ്പെഷ്യൽ ഡ്രൈവുകളും മറ്റും നടത്തിയും ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി & സി) വിവരം ശേഖരിച്ചു വരുന്നു.

**രാജ്യത്തിന്റെ മതനിരപേക്ഷതയുടെ സംരക്ഷണം**

22 (23) ശ്രീ. കെ. വി. വിജയദാസ്:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. വി. കെ. സി. മമ്മത് കോയ:
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഘടനാ തത്വങ്ങൾ ലംഘിച്ചുകൊണ്ട് രാജ്യത്തിന്റെ മതനിരപേക്ഷതയെ അട്ടിമറിയ്ക്കാനുള്ള ചില സംഘടനകളുടെ ശ്രമങ്ങളെ ചെറുക്കുന്നതിന് ബഹുജന മുന്നേറ്റം സാധ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിന് എന്തെല്ലാം കർമ്മപരിപാടികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പൗരത്വ ഭേദഗതി നിയമവും ദേശീയ പൗരത്വ രജിസ്റ്ററും സമൂഹത്തിലെ ഒരു വിഭാഗത്തിന് പ്രത്യേകിച്ച് ന്യൂനപക്ഷ വിഭാഗത്തിനെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇതുസംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള ആശങ്കകൾ അകറ്റുന്നതിനും ഭരണഘടനയേയും അതിന്റെ മതേതര മൂല്യങ്ങളേയും സംരക്ഷിക്കുന്നതിനും ഇത്തരം നിയമങ്ങളെ ഒറ്റക്കെട്ടായി എതിർക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് 29-12-2019-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിവിളിച്ചു ചേർത്ത വിവിധ മത, സാമൂഹിക, സമുദായ സംഘടനാ നേതാക്കളുടേയും രാഷ്ട്രീയ പാർട്ടികളുടേയും യോഗത്തിൽ ധാരണയായിട്ടുണ്ട്. ആയത് സംബന്ധിച്ച തുടർനടപടികൾ സർക്കാർ ആലോചിച്ചുവരുന്നു.

(ബി) പൊതുജനങ്ങൾക്കിടയിൽ ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി എല്ലാ വർഷവും നവംബർ 26-ന് "ഭരണഘടനാ ദിനം" സംസ്ഥാനമൊട്ടാകെ സമുചിതമായി ആചരിച്ചു വരുന്നു.

**റീബിൽഡ് കേരള പദ്ധതി**

23 (24) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ ഏതെങ്കിലും പൊതുമരാമത്ത് റോഡുകൾ നവീകരിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏതെല്ലാം റോഡുകളാണ് എന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ഈ പദ്ധതിയുടെ സ്ഥിതിയും നിർവ്വഹണ ഏജൻസിയുടെ പേരും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) വയനാട് ജില്ലയിലെ മാനന്തവാടി നിയോജകമണ്ഡലത്തിലെ മാനന്തവാടി-വിമലനഗർ-കുളത്തട- വാളാട് എച്ച്.എസ്.-പെരിയ റോഡും (24.80 കി.മീ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വൈത്തിരി-തരുവന റോഡുമാണ് (20.75 കി.മീ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) പ്രളയത്തെ അതിജീവിക്കുന്ന വിധത്തിലുള്ള നൂതന സാധനസാമഗ്രികളും അത്യാധുനിക സാങ്കേതിക വിദ്യയും ഉപയോഗിച്ച് വിശദമായ പദ്ധതി തയ്യാറാക്കുന്നതിനായി M/s L & T Infrastructure Engineering Ltd, M/s Feedback Infra Ltd. എന്നീ കൺസൾട്ടൻസികളുമായി കെ.എസ്.ടി.പി. ഒക്ടോബർ 2019-ന് കരാറിൽ ഏർപ്പെട്ടു. രൂപരേഖ തയ്യാറാക്കി സമർപ്പിക്കുന്നതിന് 6 മാസം സമയപരിധിയുണ്ട്. ആയത് കിട്ടിയാലുടൻ ടെണ്ടർ ചെയ്യുകയും പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുടർനടപടി സ്വീകരിക്കുന്നതുമാണ്.

**ആലത്തൂർ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി**

24 (25) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി ആലത്തൂർ നിയോജക മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഏതെങ്കിലും പ്രത്യേക ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ;

(സി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഏതെല്ലാം പദ്ധതികളുടെ നിർദ്ദേശം ലഭിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) റീബിൽഡ് കേരള പദ്ധതിയിൽ മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി, എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.

വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ റീ ബിൽഡ് കേരളയുടെ ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവയുടെ ശിപാർശയോടെ മന്ത്രിസഭയ്ക്ക് സമർപ്പിക്കുകയും മന്ത്രിസഭയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതികൾക്ക് റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് ഭരണാനുമതി നൽകുകയും അതതു വകുപ്പുകൾ പദ്ധതികൾ നടപ്പാക്കുകയുമാണ് ചെയ്യുന്നത്.

(സി) വിവിധ വകുപ്പുകൾ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് മുമ്പാകെ സമർപ്പിച്ച വിവിധ പദ്ധതി നിർദ്ദേശങ്ങൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവ്-ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവർ പരിഗണിച്ചുവരുന്നു. വനം വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റോഡുകളുടെ നിർമ്മാണത്തിന്, മത്സ്യബന്ധന വകുപ്പിന്റെ കൂട് മത്സ്യകൃഷി, കുടുംബശ്രീ, ജൈവ വൈവിധ്യ ബോർഡ് പദ്ധതി, മൃഗ സംരക്ഷണം, ഖരമാലിന്യ സംസ്കരണം, മാപ്പത്തോൺ പ്രോജക്ട്, കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ, കൃഷി വകുപ്പിന്റെ വിവിധ പ്രോജക്ടുകൾ, ജല വിഭവ വകുപ്പ്, റവന്യൂ വകുപ്പ്, കൃഷി വകുപ്പ്, മത്സ്യബന്ധന വകുപ്പ്, നമ്മൾ നമുക്കായി തുടങ്ങിയ വകുപ്പുകളുടേയും/പദ്ധതികളുടേയും നിർദ്ദേശം ലഭ്യമാകുകയും അതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

**ശബരിമല ഗ്രീൻഫീൽഡ് എയർപോർട്ട് നിർമ്മാണ പ്രവർത്തനങ്ങൾ**

25 (26) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടുകാർക്കും ശബരിമല തീർത്ഥാടകർക്കും ഒരുപോലെ പ്രയോജനം ചെയ്യുന്ന വിധം എരുമേലിക്കടുത്ത് സ്ഥാപിക്കുന്ന ശബരിമല ഗ്രീൻഫീൽഡ് എയർപോർട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കാമോ;

(ബി) ഇതിനായി സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണെന്ന് അറിയിക്കാമോ;

(സി) സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; നിർമ്മാണ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശബരിമലയിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും തെരഞ്ഞെടുത്ത Louis Berger Consulting Pvt. Ltd. എന്ന സ്ഥാപനം ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) 7-12-2019-ലെ സ.ഉ(സാധാ) നമ്പർ 552/2019/ഗതാ. നമ്പർ ഉത്തരവ് പ്രകാരം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം മാനേജിംഗ് ഡയറക്ടറായി ചുമതല അനുഷ്ഠിക്കുന്ന ശ്രീ. വി. തുളസീദാസ് ഐ.എ.എസ്. (റിട്ട)-ന് ശബരിമല വിമാനത്താവള സ്പെഷ്യൽ ഓഫീസറുടെ അധിക ചുമതല നൽകി ഉത്തരവായിട്ടുണ്ട്.

(സി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. സാമൂഹ്യ പ്രത്യാഘാത പഠനം, മണ്ണ് പരിശോധന, ഡി.ജി.സി.എ. ക്ലിയറൻസ്, സർവ്വേ, വിവര ശേഖരണം എന്നിവ നടത്തിയിട്ടില്ല. ആയത് പൂർത്തിയാകുന്ന മുറയ്ക്കു മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**നവോത്ഥാനമൂല്യങ്ങളുടെ സംരക്ഷണം**

26 (27) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നവോത്ഥാനമൂല്യങ്ങൾ തകർക്കുന്നതിന് ചില കേന്ദ്രങ്ങൾ ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തുന്നതായി വിലയിരുത്തുന്നുണ്ടോ;

(ബി) നവോത്ഥാനപ്രസ്ഥാനങ്ങൾ ഇല്ലായ്മ ചെയ്ത ഏതൊക്കെ ദുരാചാരങ്ങളാണ് പ്രസ്തുത കേന്ദ്രങ്ങൾ തിരികെ കൊണ്ടുവരുവാൻ ശ്രമിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) നവോത്ഥാനസംരക്ഷണത്തിനായി സർക്കാർ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാഹോദര്യം, മാനവികത, മതനിരപേക്ഷത തുടങ്ങിയ മൂല്യങ്ങൾ രാഷ്ട്രീയ നേട്ടങ്ങൾക്കായി അട്ടിമറിക്കുവാനും പൊയ്പോയ കാലത്തെ ജാതി അധിഷ്ഠിത വ്യവസ്ഥ പുന:സ്ഥാപിക്കുവാനും വേണ്ടി ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നവോത്ഥാന ആശയങ്ങളോട് യോജിക്കുന്ന എല്ലാ വിഭാഗങ്ങളേയും ഉൾപ്പെടുത്തി നവോത്ഥാന സംരക്ഷണ സമിതി രൂപീകരിച്ചിട്ടുണ്ട്. നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കേണ്ട ആവശ്യകത സംബന്ധിച്ച് കേരളീയ പൊതു സമൂഹത്തിൽ ഒരു അവബോധം വളർത്തിയെടുക്കാൻ ഇതുവരെയുള്ള പ്രവർത്തനം കൊണ്ട് സമിതിക്ക് സാധിച്ചിട്ടുണ്ട്.

നവോത്ഥാനം എന്നത് ഒരു നിരന്തര പ്രക്രിയയാണ്. സാമൂഹ്യമായ ഉച്ചനീചത്വങ്ങൾ നിലനിൽക്കുന്നകാലം വരെ നവോത്ഥാനമൂല്യ സംരക്ഷണ സമിതിക്ക് പ്രാധാന്യമുണ്ട്. സമിതിക്ക് ഇതിനകംതന്നെ കേരളത്തിന്റെ സാമൂഹിക മണ്ഡലത്തിൽ നല്ല സ്ഥാനം നേടാൻ കഴിഞ്ഞിട്ടുണ്ട്.

## പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനവും റാങ്ക് ലിസ്റ്റിന്റെ കാലാവധിയും

27 (30) ശ്രീമതി ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 280/18 വിജ്ഞാപന പ്രകാരമുള്ള എൽ.ഡി. ടൈപ്പിസ്റ്റ് (വിവിധം) തസ്തികയിൽ ഇടുക്കി, എറണാകുളം ജില്ലകളിൽ നിന്നും പി.എസ്.സി.ക്ക് നിലവിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഒഴിവുകളുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ;

(ബി) ഈ വിജ്ഞാപന പ്രകാരമുള്ള പരീക്ഷയെഴുതിയ ഇടുക്കി, എറണാകുളം ജില്ലകളിലെ ആകെ ഉദ്യോഗാർത്ഥികളുടെ എണ്ണം പൊതു, സംവരണ വിഭാഗങ്ങളിലായി ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) 2019 ജൂൺ മാസം പരീക്ഷ നടന്ന 280/18 കാറ്റഗറി നമ്പരായുള്ള പി.എസ്.സി. പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; ലിസ്റ്റ് ഏതു മാസം പ്രസിദ്ധീകരിക്കുവാൻ കഴിയുമെന്ന വിവരം ലഭ്യമാക്കുമോ;

(ഡി) കാറ്റഗറി നമ്പർ 388/14 വിജ്ഞാപന പ്രകാരമുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി പൂർത്തിയായിട്ടുണ്ടോ; ആയതുമായി ബന്ധപ്പെട്ട കേസുകൾ നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ നിന്നും 5 ഒഴിവുകളും എറണാകുളം ജില്ലയിൽ നിന്നും 25 ഒഴിവുകളും പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികളുടെ സംവരണ വിഭാഗം തിരിച്ചുള്ള എണ്ണം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള സത്വര നടപടികൾ പി.എസ്.സി.യിൽ സ്വീകരിച്ചു വരുന്നു.

(ഡി) ഉണ്ട്. റാങ്ക് ലിസ്റ്റുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കേസുകൾ നിലവിലുണ്ട്. OA (Ekm)-405/16, OA (Ekm)-526/16, OA (Ekm)-818/16 OA (Ekm)-1137/16, 1315/16, 2035/16, 1977/16, 1331/16, OP(KAT)-237/17, OA 1821/16, OP(KAT)-234/17, OA 1134/17, OA (EKM) 938/17, 1445/17, 2056/17, 303/18, 1907/18, 2323/18, 804/19, 1697/19, WP(C) 22880/19, OA (Ekm) 1459/19, WP(C) 23506/19, OA 2141/19, WP(C) 23403/19

## പുതിയ തസ്തികകൾ

28 (31) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് 25-ന് ശേഷം സംസ്ഥാനത്തെ വിവിധ വകുപ്പുകളിലായി പുതിയതായി എത്ര തസ്തികകളാണ് സൃഷ്ടിച്ചത്;

(ബി) വകുപ്പ് തിരിച്ചുള്ള വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു വരുന്നു.

## പുതിയ തസ്തികകൾ

29 (32) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിലായി എത്ര പുതിയ തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.

## സംസ്ഥാന ആസൂത്രണ ബോർഡ് ചീഫ് നിയമനത്തിലെ ക്രമക്കേട്

30 (33) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആസൂത്രണ ബോർഡ് ചീഫ് നിയമനത്തിനായുള്ള ഇന്റർവ്യൂവിൽ ക്രമക്കേട് നടത്തിയെന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികയിലെ തെരഞ്ഞെടുപ്പ് രീതി എപ്രകാരമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ശ്രീമതി സൗമ്യ പി.ജെ OA No. 2200/2019 നമ്പരായും ശ്രീ. ഉമ്മർകോയ മുതൽപേർ OA No. 2201/2019 നമ്പരായും ശ്രീ. രാകേഷ് എ.ആർ OA No. 2202/2019 നമ്പരായും ഫയൽ ചെയ്തിട്ടുള്ള കേസുകൾ കോടതിയുടെ പരിഗണനയിലാണ്.

(ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള എഴുത്തു പരീക്ഷയുടേയും ഇന്റർവ്യൂവിന്റേയും അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. കേരള സംസ്ഥാന ആസൂത്രണ ബോർഡിൽ ചീഫ് (Decentralised Planning Cat. No.330/16), ചീഫ് (Plan Co-ordination Division Cat No. 416/16), ചീഫ് (Social Services Division Cat. No.190/17) തസ്തികയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 100 മാർക്ക് വീതമുള്ള രണ്ട് എഴുത്തുപരീക്ഷ നടത്തുകയും ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി ഇന്റർവ്യൂ നടത്തുകയും എഴുത്തുപരീക്ഷയ്ക്കും ഇന്റർവ്യൂവിനും ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ റാങ്ക് പട്ടിക തയ്യാറാക്കുകയുമാണ് ചെയ്തു വരുന്നത്. ഇപ്രകാരം തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ നിന്നാണ് നിയമനം നടത്തുന്നത്.

**മാതൃഭാഷ-ഭരണ ഭാഷ**

31 (34) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം വകുപ്പുകളിലാണ് മാതൃഭാഷ ഭരണഭാഷ ആക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഇപ്പോഴും പല വകുപ്പുകളും സർക്കുലറുകളും ഉത്തരവുകളും ഇംഗ്ലീഷിലാണ് ഇറക്കുന്നത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നിർദ്ദേശങ്ങളാണ് വകുപ്പുകൾക്ക് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 19-1-2015-ലെ എസ്.ആർ.ഒ. നമ്പർ 43/2015 പ്രകാരം കേരള സർക്കാർ ഇതുവരെ മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടില്ലാത്ത കേരളത്തിൽ നിലവിലുള്ള എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും ഇനി രൂപീകരിക്കപ്പെടുന്ന എല്ലാ വകുപ്പുകളിലും സർക്കാർ/അർദ്ധ സർക്കാർ/സ്വയംഭരണ/പൊതുമേഖല/സഹകരണ/തദ്ദേശഭരണ സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴും കന്നഡയും ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ഭരണഭാഷ സംബന്ധിച്ച നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനുവേണ്ടി സംസ്ഥാനത്തെ തമിഴ്, കന്നഡ ഭാഷാന്യൂനപക്ഷക്കാർക്ക്, ഭരണഭാഷ സംബന്ധിച്ച നിലവിലുള്ള അവകാശങ്ങൾ നിലനിർത്തിക്കൊണ്ട് (1) കേന്ദ്ര സർക്കാർ (2) കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ, (3) ഹൈക്കോടതി-

സുപ്രീംകോടതി, (4) ഇതര സംസ്ഥാനങ്ങൾ, (5) മറ്റു രാജ്യങ്ങൾ, (6) സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴ്, കന്നഡ അല്ലാതെയുള്ള മറ്റു ഭാഷാ ന്യൂനപക്ഷക്കാരുമായുള്ള കത്തിടപാടുകൾ, (7) ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന് ഏതെങ്കിലും നിയമത്തിൽ പ്രത്യേകം പരാമർശമുള്ള സംഗതികൾ എന്നീ സാഹചര്യങ്ങളിൽ കുറിപ്പ് ഫയൽ മലയാളത്തിലായിരിക്കണമെന്ന നിബന്ധനയ്ക്കു വിധേയമായി എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇതുകൂടാതെ സംസ്ഥാനത്ത് വിവിധ ഓഫീസുകളിലെ ഭാഷാമാറ്റപുരോഗതി വിലയിരുത്തി നിർദ്ദേശങ്ങൾ നൽകുന്നതിന് എല്ലാ ഓഫീസുകളിൽ നിന്നും ഭാഷാമാറ്റ പുരോഗതിയുടെ റിപ്പോർട്ട് ലഭ്യമാക്കി ബന്ധപ്പെട്ട ഓഫീസുകളിൽ ഒദ്യോഗികഭാഷാ വകുപ്പിലെ ഉദ്യോഗസ്ഥർ നേരിട്ട് പരിശോധന നടത്തി കർശന നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു.

**ലഹരി വിരുദ്ധ സേന പദ്ധതി**

32 (35) ശ്രീ. റോഷി അഗസ്റ്റിൻ:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ ലഹരി വിരുദ്ധ സേനയ്ക്കു രൂപം നൽകാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പദ്ധതി ഉണ്ടെങ്കിൽ ലഹരി വിരുദ്ധ സേനയുടെ ഘടന എപ്രകാരമാണെന്ന് അറിയിക്കാമോ;

(സി) നിലവിൽ ലഹരി ഉപയോഗിക്കുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ?

ഉത്തരം

(എ&ബി) സർക്കാർ ഓഫീസുകളിൽ ലഹരി വിരുദ്ധ കമ്മിറ്റികൾക്ക് രൂപം നൽകുവാൻ 18-11-2019-ലെ സി.ഡി.എൻ2/257/2019 പൊ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ ലഹരി വിരുദ്ധ സേന രൂപീകരിച്ചിട്ടില്ല.

(സി) ഇല്ല.

**സർക്കാർ ഉത്തരവുകൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി**

33 (36) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല സർക്കാർ വകുപ്പുകളിൽ നിന്നും ഇപ്പോഴും സർക്കാർ ഉത്തരവുകൾ ഇംഗ്ലീഷിൽ പുറത്തിറക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാതൃഭാഷയിൽ ഇറക്കാൻ പറ്റുന്ന ഉത്തരവുകൾ പോലും ഇംഗ്ലീഷ് ഭാഷയിൽ പുറത്തിറക്കുന്ന വകുപ്പുകൾക്കും ഉദ്യോഗസ്ഥർക്കും എതിരെ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഔദ്യോഗികഭാഷ സംബന്ധിച്ച ഉത്തരവുകൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ 4-2-2006-ലെ സ.ഉ. (സാ.ധാ.) 21/2006/ഉ.ഭ.പ.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഒദ്യോഗികഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിനു വിരുദ്ധമായി ഏതെങ്കിലും വകുപ്പുകൾ ഇംഗ്ലീഷ് ഉപയോഗിക്കുന്നപക്ഷം തിരുത്തൽ നടപടികൾ കൈക്കൊള്ളുന്നതിന് കർശന നിർദ്ദേശം നൽകിവരുന്നു.

**സർക്കാർ വകുപ്പുകളിലെ വാഹനങ്ങൾ**

34 (37) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് 25-ന് ശേഷം വിവിധ സർക്കാർ വകുപ്പുകളിലും അതിന്റെ കീഴിലുള്ള മറ്റ് സ്ഥാപനങ്ങളിലും പുതുതായി എത്ര വാഹനങ്ങൾ വാങ്ങിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ആകെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

**ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ്**

35 (38) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ് അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; അറിയിക്കുമോ;

(ബി) ഇതിന്റെ നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭിക്കുന്നതിന് വലിയ കാലതാമസം സംഭവിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാലതാമസം വരുന്നത് ഒഴിവാക്കി ചാലക്കുടി കോടതി സമുച്ചയ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ &ബി) ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി സർക്കാർ 23-8-2017-ലെ സ.ഉ. (സാ.ധാ) നമ്പർ 2080/2017/ആഭ്യന്തരം നമ്പർ പ്രകാരം 10 കോടി രൂപയുള്ള ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ ഹൈക്കോടതിയുമായി ചർച്ച നടത്തി ഡ്രോയിംഗ് തയ്യാറാക്കിയെങ്കിലും ആയതിൽ വീണ്ടും ഹൈക്കോടതി ചില മാറ്റങ്ങൾ നിർദ്ദേശിക്കുകയുണ്ടായി. അപ്രകാരം തയ്യാറാക്കിയ ഫൈനൽ ഡ്രോയിംഗിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നുണ്ട്.

(സി) സാങ്കേതിക അനുമതിക്കുള്ള എസ്റ്റിമേറ്റ് പൂർത്തിയാക്കി ആയതിന് അനുമതി നൽകിയശേഷം മാത്രമേ ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

## സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥരുടെ കൂട്ട അവധി

36 (39) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്.പരീക്ഷക്ക് തയ്യാറെടുക്കാനായി സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർ കൂട്ടത്തോടെ അവധിയെടുത്തത് സെക്രട്ടേറിയറ്റിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) അവധിയെടുത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് പൊതുഭരണ പ്രിൻസിപ്പൽ സെക്രട്ടറി രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉദ്യോഗസ്ഥരുടെ കൂട്ട അവധി സെക്രട്ടേറിയറ്റിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

## സെക്രട്ടേറിയറ്റിലെ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം

37 (40) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ ഏർപ്പെടുത്തിയിട്ടുള്ള ബയോമെട്രിക് പഞ്ചിംഗ് സംവിധാനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയ ശേഷം സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ ഹാജർ നിലയിലും അച്ചടക്കത്തിലും പ്രകടമായ മാറ്റം ഉണ്ടായിട്ടുണ്ടോ;

(സി) പഞ്ചിംഗിൽ നിന്നും ഏതെങ്കിലും വിഭാഗത്തിലുള്ള ജീവനക്കാരെ ഒഴിവാക്കിയിട്ടുണ്ടോ;

(ഡി) പഞ്ചിംഗിൽ നിന്നും ഒഴിവാക്കണമെന്ന് ഐ.എ.എസ്. ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് എന്താണ് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ടായിട്ടുണ്ട്.

(സി) ഉണ്ട്. ചീഫ് സെക്രട്ടറി, മന്ത്രിമാർ നിർദ്ദേശിച്ച പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ എന്നിവരെ ഈ സംവിധാനത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്. ചീഫ് സെക്രട്ടറി ഒഴികെയുള്ള എല്ലാ ഐ.എ.എസ് ഉദ്യോഗസ്ഥരും ബയോമെട്രിക് പഞ്ചിംഗ് സംവിധാനത്തിലൂടെ ഹാജർ രേഖപ്പെടുത്തണമെന്ന നിർദ്ദേശം നിലവിലുണ്ട്.

**സെമി ഹൈസ്പീഡ് റെയിൽ പദ്ധതി**

38 (41) <u>ശ്രീ. സി. ദിവാകരൻ:</u>
<u>ശ്രീ. ചിറ്റയം ഗോപകുമാർ:</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തു നിന്ന് നാലു മണിക്കൂർകൊണ്ട് കാസർഗോഡ് വരെ എത്താനുതകുന്ന തരത്തിലുള്ള സെമി ഹൈ സ്പീഡ് റെയിൽ പദ്ധതി സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി, പദ്ധതിയുടെ ചെലവ് എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) പദ്ധതി സംബന്ധിച്ച് വിശദപദ്ധതിരേഖ തയ്യാറായിട്ടുണ്ടോ; എങ്കിൽ ആയത് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ?

ഉത്തരം

(എ-ഡി) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ ദൂരത്തിൽ സെമീ ഹൈസ്പീഡ് റെയിൽ പാതയ്ക്കായുള്ള സാധ്യതാ പഠന റിപ്പോർട്ട് പ്രകാരം നിലവിലുള്ള പാതയ്ക്ക് സമാന്തരമായി മണിക്കൂറിൽ ശരാശരി 180 മുതൽ 200 കിലോമീറ്റർ വരെ വേഗത്തിൽ ട്രെയിനുകൾ സഞ്ചരിക്കുന്നതിനായുള്ള പുതിയ രണ്ട് പാതകൾ/ഗ്രീൻ ഫീൽഡ് കോറിഡോറാണ് വിഭാവന ചെയ്തിരിക്കുന്നത്. ഇതുപ്രകാരം തിരുവനന്തപുരത്ത് നിന്നും ഒന്നര മണിക്കൂറിനുള്ളിൽ എറണാകുളത്തും നാലുമണിക്കൂറിനുള്ളിൽ കാസർഗോഡും എത്തിച്ചേരുവാൻ സാധിക്കും. റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായതിനുശേഷം മാത്രം വാല്യു ക്യാപ്ച്ചറിംഗ്, ധന സമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ ഈ പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായ "സിസ്ട്ര" സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും സംസ്ഥാനം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (in-principle) ലഭ്യമായിട്ടുണ്ട്. സോയിൽ സർവ്വേ, ലിഡാർ ഏരിയൽ സർവ്വേ, ട്രാഫിക് സർവ്വേ, EIA പഠനം എന്നിവ പൂർത്തിയായിട്ടുണ്ട്. മൂലധന സമാഹരണവുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നുവരുന്നു.

ഈ പദ്ധതിക്കായി 1226.45 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. 66,405 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. 5 വർഷത്തിനകം പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് കരുതുന്നു.

വിശദമായ പദ്ധതി റിപ്പോർട്ട് (DPR) 2020 മാർച്ച് മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**വിദേശ സഹായം ലഭിക്കുന്ന ട്രസ്റ്റുകൾ**

39 (42) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശസഹായം ലഭിക്കുന്ന എത്ര ട്രസ്റ്റുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ;

(ബി) അവ ഏതൊക്കെയെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ ട്രസ്റ്റിനും വിദേശത്തുനിന്നും ലഭിച്ച സഹായങ്ങൾ എത്ര വീതമെന്നും വിശദമാക്കാമോ;

(സി) ഈ ട്രസ്റ്റുകൾക്ക് വിദേശത്തുനിന്നും സഹായം നൽകിയത് ആരൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) ട്രസ്റ്റുകൾക്ക് ലഭിച്ച സഹായം എന്തൊക്കെ കാര്യങ്ങൾക്കായി വിനിയോഗിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച സാമ്പത്തിക സഹായങ്ങൾ**

40 (43) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ച സാമ്പത്തിക സഹായങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സഹായങ്ങളെല്ലാം സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് നൽകിയതാണോ അതോ കേന്ദ്രസർക്കാർ സ്വമേധയാ അനുവദിച്ചതാണോ എന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്രസർക്കാർ സ്വമേധയാ അനുവദിച്ച തുകയും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടത് പ്രകാരം അനുവദിച്ച തുകയും എത്രയാണെന്ന് പ്രത്യേകം വ്യക്തമാക്കാമോ;

(ഡി) ഈ തുക മുഴുവൻ വിനിയോഗിച്ചു കഴിഞ്ഞിട്ടുണ്ടോ എന്നും ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയാണ് വിനിയോഗിച്ചതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) അക്കൗണ്ടന്റ് ജനറലിന്റെ 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലെ അന്തിമ കണക്കുകളുടെ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 2019-20 സാമ്പത്തിക വർഷത്തെ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ പ്രസിദ്ധീകരിച്ചിട്ടില്ല.

(തുക കോടി രൂപയിൽ)

| ഇനം | 2016-17 | 2017-18 | 2018-19 |
|---|---|---|---|
| കേന്ദ്ര നികുതി വിഹിതം | 15225.02 | 16833.08 | 19038.17 |
| ഗ്രാന്റ്-ഇൻ-എയ്ഡ് | 8510.35 | 8527.84 | 11388.96** |

** ഈ തുകയിൽ 2018-ലെ പ്രളയാനന്തര ധനസഹായമായി കേരളത്തിന്റെ ആവശ്യപ്രകാരം ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നും കേന്ദ്രസർക്കാർ അനുവദിച്ച 2904.85 കോടിരൂപയും ഉൾപ്പെടുന്നു.

കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരമാണ് കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്ക് കേന്ദ്രനികുതി വിഹിതം അനുവദിക്കുന്നത്. പ്രകൃതി ദുരന്തമുണ്ടായപ്പോൾ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതിനെ തുടർന്നാണ് കേന്ദ്ര സർക്കാർ കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അടിയന്തര സഹായം അനുവദിച്ചിട്ടുള്ളത്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേയ്ക്കുള്ള കേന്ദ്ര വിഹിതം കേന്ദ്ര സർക്കാർ സ്വമേധയാ അനുവദിക്കുന്നതാണ്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേയ്ക്കുള്ള കേന്ദ്ര വഹിഹിതം ഉൾപ്പെടെ വിവിധ കേന്ദ്രാവിഷ്കൃത/കേന്ദ്ര പദ്ധതികളുടെ കേന്ദ്രവിഹിതമായാണ് കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡ് അനുവദിക്കുന്നത്.

(ഡി) കേന്ദ്ര നികുതി വിഹിതമായി കേന്ദ്രസർക്കാർ അനുവദിക്കുന്ന തുക സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വരവ് വയ്ക്കുകയും സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും ദൈനംദിന പ്രവർത്തനങ്ങൾക്കുമായി സഞ്ചിത നിധിയിൽ നിന്നും തുക ചെലവഴിക്കുകയുമാണ് ചെയ്യുന്നത്. ദേശീയ ദുരന്ത പ്രതികരണ നിധി ഉൾപ്പെടെ വിവിധ കേന്ദ്രാവിഷ്കൃത/കേന്ദ്രപദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണ് ഗ്രാന്റ്-ഇൻ-എയ്ഡായി ലഭിക്കുന്ന തുക വിനിയോഗിക്കപ്പെടുന്നത്. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന തുക സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ ക്രെഡിറ്റ് ചെയ്യുകയും സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡങ്ങൾ പ്രകാരം അംഗീകൃത ദുരന്ത പ്രതികരണത്തിനായി വിനിയോഗിക്കുകയുമാണ് ചെയ്യുന്നത്.

## 2021-ലെ സെൻസസ് നടപടികൾ

41 (44) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ലെ സെൻസസിനോടൊപ്പം എൻ.പി.ആർ. നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭിച്ചിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് സെൻസസ്, എൻ.പി.ആർ. നടപടികൾ തുടങ്ങാൻ സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ സെൻസസിന്റെയും എൻ.പി.ആർ-ന്റെയും ചോദ്യാവലിയുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് എൻ.പി.ആർ. നടപ്പിലാക്കേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ദേശീയ ജനസംഖ്യാ രജിസ്റ്റർ (NPR) സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ 7-8-2019-ലെ D.O. No. 9/5/2019-CRD(NPR) അർദ്ധ ഔദ്യോഗിക കത്ത് ലഭിച്ചിട്ടുണ്ട്. ജനസംഖ്യാ കണക്കെടുപ്പിന്റെ ആദ്യ ഘട്ടത്തിനൊപ്പം ദേശീയ ജനസംഖ്യ രജിസ്റ്റർ (NPR) പുതുക്കൽ നടപടി കൂടി നടത്തുവാനുള്ള കേന്ദ്ര സർക്കാർ വിജ്ഞാപനം സംസ്ഥാനത്ത് പുനർവിജ്ഞാപനം ചെയ്യാൻ ആവശ്യപ്പെട്ടിരുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ ആഭ്യന്തര മന്ത്രാലയത്തിനുകീഴിലുള്ള രജിസ്ട്രാർ ജനറൽ & സെൻസസ് കമ്മീഷണർ ഓഫ് ഇന്ത്യ പത്തു വർഷത്തിലൊരിക്കൽ നടത്തുന്ന ജനസംഖ്യാ കണക്കെടുപ്പ് (സെൻസസ്-2021) രണ്ടു ഘട്ടങ്ങളിലായി രാജ്യത്ത് നടത്തുമെന്ന് അറിയിച്ചിരുന്നു. 2020 ഏപ്രിൽ-മേയ് മാസങ്ങളിൽ ആദ്യ ഘട്ടവും 2021 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ രണ്ടാം ഘട്ടവുമായാണ് നടത്തുന്നത്. തുടർന്ന് രാജ്യത്തെ ദേശീയ ജനസംഖ്യാ രജിസ്റ്ററിന്റെ (NPR) പുതുക്കൽ നടപടിയും ഒന്നാം ഘട്ട ജനസംഖ്യാ കണക്കെടുപ്പിനൊപ്പം നടപ്പിലാക്കുമെന്നും അറിയിക്കുകയുണ്ടായി. ജനസംഖ്യാ കണക്കെടുപ്പ്, 1948-ലെ സെൻസസ് ആക്ട് പ്രകാരവും ദേശീയ ജനസംഖ്യാ രജിസ്റ്റർ 1955-ലെ പൗരത്വ നിയമത്തിനു കീഴിലുള്ള Citizenship (Registration of Citizens and issue of National Identity Cards) Rules-2003 പ്രകാരവുമാണ് രാജ്യത്ത് നടപ്പിലാക്കുന്നത്.

(സി) സംസ്ഥാനത്ത് രണ്ട് ഘട്ടങ്ങളിലായി സെൻസസ്സ് പ്രവർത്തനം നടക്കുന്ന കേന്ദ്ര സർക്കാർ വിജ്ഞാപനം സംസ്ഥാന സർക്കാർ പുനർവിജ്ഞാപനം ചെയ്തിട്ടുണ്ട്. ജനസംഖ്യാ കണക്കെടുപ്പിന്റെ ചോദ്യാവലികളും എൻ.പി.ആർ. പുതുക്കലിന്റെ പകർപ്പും അനുബന്ധം* ആയി ചേർക്കുന്നു.

(ഡി) ഉണ്ട്. ഇതുമായി ബന്ധപ്പെട്ട വിവരം 22-1-2020-ലെ എസ്.എസ്.1/57/2019/പൊ.ഭ.വ. നമ്പർ കത്ത് പ്രകാരം സംസ്ഥാന ചീഫ് സെക്രട്ടറി കേന്ദ്ര സർക്കാരിന്റെ ആഭ്യന്തര മന്ത്രാലയത്തിനുകീഴിലുള്ള രജിസ്ട്രാർ ജനറൽ & സെൻസസ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്. (കത്തിന്റെ പകർപ്പ് അനുബന്ധം* ആയി ചേർക്കുന്നു)

**ഭരണഘടനാ സംരക്ഷണം**

42 (45) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾ പോലും നിലവിൽ ഭീഷണി നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇവ സംരക്ഷിക്കാനായി സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

ദേശീയ ജനസംഖ്യാ രജിസ്റ്റർ ദേശീയ പൗരത്വ രജിസ്റ്ററിലേയ്ക്കു നയിക്കുന്ന പ്രക്രിയയാണ്. കേന്ദ്ര സർക്കാർ പാസ്സാക്കിയ പൗരത്വ നിയമ ഭേദഗതി (CAA-2019)യെ തുടർന്ന് രാജ്യത്ത് ദേശീയ പൗരത്വ രജിസ്റ്റർ തയ്യാറാക്കിയാൽ രാജ്യത്തെ ഒട്ടനവധി പൗരന്മാരെ പ്രത്യേകിച്ചും ന്യൂനപക്ഷ വിഭാഗത്തിലുള്ള പൗരന്മാരെ അത് ദോഷകരമായി ബാധിക്കുമെന്നും സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ വിശിഷ്യാ ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ വ്യാപകമായ ഭയവും ആശങ്കയും ഉളവായിട്ടുണ്ട്. ഇതിനകംതന്നെ ദേശീയ പൗരത്വ രജിസ്റ്റർ തയ്യാറാക്കിക്കഴിഞ്ഞ സംസ്ഥാനത്തെ അനുഭവം ഇത്തരത്തിലുള്ള ഭയാശങ്കകൾക്ക് അടിസ്ഥാനമാണ്. പൗരത്വ നിയമ ഭേദഗതി (CAA-2019) തന്നെ ഭരണഘടനയ്ക്ക് നിരക്കാത്തതാണ് എന്നുള്ള അഭിപ്രായവും ഉയർന്നു വന്നിട്ടുണ്ട്. ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് 20-12-2019-ലെ സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ 247/2019/പൊ.ഭ.വ പ്രകാരം സംസ്ഥാനത്ത് ദേശീയ ജനസംഖ്യാ രജിസ്റ്റർ സംബന്ധിച്ച എല്ലാ പ്രക്രിയയും സ്റ്റേ ചെയ്യാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

2. ദേശീയ ജനസംഖ്യാ രജിസ്റ്റർ നടപടികളുമായി മുന്നോട്ട് പോയാൻ സംസ്ഥാനത്തെ ക്രമസമാധാനനിലയെ അത് പ്രതികൂലമായി ബാധിക്കുമെന്ന് സംസ്ഥാന പോലീസ് വിഭാഗവും ഇതിനകം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതതു ജില്ലകളിലെ പ്രിൻസിപ്പൽ സെൻസസ് ഓഫീസർമാരായി പ്രവർത്തിക്കുന്ന ജില്ലാ കളക്ടർമാർ ജനസംഖ്യാ കണക്കെടുപ്പിനൊപ്പം ദേശീയ ജനസംഖ്യാ രജിസ്റ്ററിന്റെ നടപടികൾകൂടി നടപ്പിലാക്കാൻ ശ്രമിച്ചാൽ ജനസംഖ്യാ കണക്കെടുപ്പുതന്നെ കൃത്യമായി നടപ്പിലാക്കാൻ തടസ്സം വരുമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2019 ഡിസംബർ 29-ന് ഈ വിഷയങ്ങൾ ചർച്ച ചെയ്യുവാനായി മുഖ്യമന്ത്രി സംസ്ഥാനത്തെ രാഷ്ട്രീയ കക്ഷികളുടേയും സാമൂഹിക-മത-സാമുദായിക സംഘടനാ നേതാക്കളുടേയും യോഗം വിളിച്ചു ചേർക്കുകയും പ്രസ്തുത യോഗത്തിൽ ജനങ്ങൾക്കിടയിൽ ഉണ്ടായിരിക്കുന്ന ഭയാശങ്കകൾ പ്രതിഫലിക്കുകയും ചെയ്തിട്ടുണ്ട്. രാജ്യത്തെ പൗരന്മാർക്കിടയിൽ പ്രത്യേകിച്ചും ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള അനിതരസാധാരണമായ ഭയാശങ്കകൾ മുതലെടുത്ത് നേട്ടമുണ്ടാക്കാൻ മതമൗലികവാദ ശക്തികളും ശ്രമിക്കുന്നുണ്ട്. സംസ്ഥാനത്തെ ജനാഭിലാഷത്തെ പ്രതിഫലിപ്പിച്ചുകൊണ്ട് ഭരണഘടനയിലെ മതനിരപേക്ഷ മൂല്യങ്ങൾ ഇല്ലാതാക്കുന്നതും പൗരത്വം നൽകുന്നതിൽ മതപരമായ വിവേചനം സൃഷ്ടിക്കുന്നതുമായ പൗരത്വനിയമഭേദഗതി നിയമം-2019 റദ്ദാക്കണമെന്ന് കേന്ദ്ര

സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം കേരള നിയമസഭയിൽ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു. ദേശീയ പൗരത്വ ഭേദഗതി നിയമം, 2019 ഭരണഘടനയുടെ അടിസ്ഥാന ഘടനയ്ക്ക് വിരുദ്ധമാണെന്നും ആയതിനാൽ നിയമ നിർമ്മാണ സഭയുടെ അധികാരങ്ങൾക്കുള്ളിൽ നിന്നുകൊണ്ടുള്ളതല്ലെന്നുള്ള അഭിപ്രായവും പൊതുവേ ഉയർന്നിട്ടുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാന സർക്കാർ ഭരണഘടനയുടെ അനുച്ഛേദം-131 പ്രകാരം അനുവദിച്ച് നൽകിയിട്ടുള്ള ഭരണഘടനാവകാശം വിനിയോഗിച്ച് പൗരത്വ ഭേദഗതി നിയമം-2019-ന്റെ ഭരണഘടനാ സാധുത ആരാഞ്ഞുകൊണ്ട് ബഹുമാനപ്പട്ട സുപ്രീം കോടതി മുമ്പാകെ 2020 ജനുവരി 13-ന് ഒറിജിനൽ സ്യൂട്ട് ഫയൽ ചെയ്യുകയുണ്ടായി.

3. പൊതുജനങ്ങളുടെ ഭയാശങ്കകൾ അകറ്റുകയും ക്രമസമാധാനനില ഉറപ്പുവരുത്തുകയും ചെയ്യേണ്ടത് സംസ്ഥാന സർക്കാരിന്റെ അടിസ്ഥാനപരമായ ഭരണഘടനാ ഉത്തരവാദിത്വമാണ്.

4. മുകളിൽ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ കണക്കിലെടുത്ത് ജനസംഖ്യാ കണക്കെടുപ്പ് 2021-ന്റെ ആദ്യഘട്ടത്തിനൊപ്പം നടത്താനിരുന്ന ദേശീയ ജനസംഖ്യാ രജിസ്റ്റർ പുതുക്കൽ നടപടികൾ സംസ്ഥാനത്ത് ഏറ്റെടുത്ത് നടത്തുവാനോ അതുമായി സഹകരിക്കുവാനോ സംസ്ഥാന സർക്കാരിന് നിർവ്വാഹമില്ലായെന്നുള്ള കാര്യം കേന്ദ്ര സർക്കാരിന്റെ രജിസ്ട്രാർ ജനറൽ & സെൻസസ് കമ്മീഷണറെ അറിയിക്കുന്നതിന് 20-1-2020-ൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനം കൈക്കൊള്ളുകയും അതിൻപ്രകാരം ചീഫ് സെക്രട്ടറി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് രണ്ട് ഘട്ടമായി നടക്കുന്ന ജനസംഖ്യ കണക്കെടുപ്പ് (സെൻസസ്-2021)മായി സർക്കാർ പൂർണ്ണമായി സഹകരിക്കുമെന്നും രജിസ്ട്രാർ ജനറൽ & സെൻസസ്സ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്.

## സി.എ.എ, എൻ.പി.ആർ, എൻ.ആർ.സി. എന്നിവയുമായി ബന്ധപ്പെട്ട് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ

43 (46) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സി.എ.എ., എൻ.പി.ആർ., എൻ.ആർ.സി.എന്നിവയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

ഉത്തരം

സംസ്ഥാന സർക്കാർ ഇതുമായി ബന്ധപ്പെട്ട നടപടികൾ ഒന്നും സ്വീകരിക്കുന്നില്ല. എൻ.പി.ആർ. പുതുക്കൽ നടപടികൾ ഏറ്റെടുത്ത് നടത്തുവാനോ അതുമായി സഹകരിക്കാനോ കഴിയില്ലായെന്ന് കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

## ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ വിവരങ്ങൾ

44 (47) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി എത്ര ഐ.എ.എസ് ഉദ്യോഗസ്ഥർ ജോലി ചെയ്തു വരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ആവശ്യമായ ഐ.എ.എസ് ഉദ്യോഗസ്ഥരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) കേരള കേഡറിൽപ്പെട്ട എത്ര ഐ.എ.എസ് ഉദ്യോഗസ്ഥർ കേന്ദ്ര ഡെപ്യൂട്ടേഷനിൽ സേവനമനുഷ്ഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര ഡെപ്യൂട്ടേഷനിൽ സേവനമനുഷ്ഠിക്കുന്ന 24 പേർക്കു പുറമെ സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി 113 ഐ.എ.എസ്. ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നു.

(ബി) സംസ്ഥാനത്ത് ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ അംഗീകൃത കേഡർ സ്ട്രെംഗ്ത് 231 ആണ്.

(സി) 24 ഐ.എ.എസ് ഉദ്യോഗസ്ഥർ

## ജേക്കബ് തോമസിനെതിരെയുള്ള പരാതി

45 (48) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.ജി.പി. പദവിയുള്ള ജേക്കബ് തോമസ് അനധികൃതമായി സ്വത്ത് സമ്പാദിച്ചു എന്നാരോപിച്ചും അതിൽ അന്വേഷണം നടത്തണം എന്നാവശ്യപ്പെട്ടും ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ;

(ബി) ആരാണ് ഇത്തരത്തിൽ പരാതി നൽകിയിട്ടുള്ളത്; അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ പരാതിയിൽ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(ഡി) നിലവിൽ ജേക്കബ് തോമസ് ഏതു പദവിയാണ് വഹിക്കുന്നതെന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. സത്യൻ നരവൂർ, സൗപർണിക, കുത്തുപറമ്പ് നൽകിയ പരാതികളും പേരുവയ്ക്കാത്ത മറ്റൊരു പരാതിയും ലഭിച്ചിട്ടുണ്ട്. 19-6-2017-ൽ ശ്രീ. സത്യൻ നരവൂർ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് നൽകിയ പരാതി തുടർ നടപടികൾക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇതേ വിഷയത്തിൽ 16-11-2018-ലെ മറ്റൊരു പരാതിയും സർക്കാരിൽ ലഭിച്ചിട്ടുണ്ട്. 9-6-2017 തീയതി രേഖപ്പെടുത്തി ശ്രീ. സത്യൻ നരവൂർ നൽകിയ ഒരു പരാതിയും പേരോ തീയതിയോ രേഖപ്പെടുത്താത്ത മറ്റൊരു പരാതിയും ഇതേ വിഷയത്തിൽ വിജിലൻസ് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്.

(സി) ഇതിൽ പേരു രേഖപ്പെടുത്താതെ ലഭിച്ച പരാതിയിൽ CV24/2002/CRE നമ്പരായി ഒരു രഹസ്യാന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ VE2/2007/SCE നമ്പരായി വിജിലൻസ് അന്വേഷണം നടത്തുകയും തുടർ നടപടികൾ ആവശ്യമില്ലായെന്ന വിജിലൻസ് ഡയറക്ടറുടെ ശിപാർശ സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 9-6-2017-ലെ പരാതിയിൽ CV3/2017/SCT നമ്പരായി നടത്തിയ രഹസ്യാന്വേഷണത്തെ തുടർന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ SIU-1 മുഖേന ഒരു ഓപ്പൺ എൻക്വയറി നടത്തി വരുന്നു. 19-6-2017-ൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് നൽകിയ പരാതിയിൽ ആദായ നികുതി വകുപ്പ് നടപടി സ്വീകരിച്ചുവരികയാണ്. ഇതിനുപുറമേ 1988-ലെ പ്രൊഹിബിഷൻ ഓഫ് ബിനാമി പ്രോപ്പർട്ടി ട്രാൻസാക്ഷൻ ആക്ടിലെ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രസ്തുത ആക്ടിന്റെ പ്രൊവിഷനുകൾ അനുസരിച്ച് പോലീസ് സൂപ്രണ്ട് ക്രൈംബ്രാഞ്ച്, സെൻട്രൽ യൂണിറ്റ്-4-നെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രാഥമിക അന്വേഷണം നടത്തുകയും അഴിമതി നിരോധന നിയമം 1988-ലെ സെക്ഷൻ 13(I) (e) പ്രകാരം വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിന് വിജിലൻസ്

ഡയറക്ടറെ ചുമതലപ്പെടുത്തണമെന്ന ശിപാർശയോടെ 20-1-2020-ൽ ക്രൈം ബ്രാഞ്ച് ഡയറക്ടർ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ഷൊർണ്ണൂർ.

**അതിവേഗ റെയിൽ ഇടനാഴി**

46 (50) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിവേഗ റെയിൽ ഇടനാഴി നിർമ്മിക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ആലോചിക്കുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ ദൂരത്തിൽ സെമി ഹൈസ്പീഡ് റെയിൽ പാതയ്ക്കായുള്ള സാധ്യതാ പഠന റിപ്പോർട്ട് പ്രകാരം നിലവിലുള്ള പാതയ്ക്ക് സമാന്തരമായി മണിക്കൂറിൽ ശരാശരി 180 മുതൽ 200 കിലോമീറ്റർ വരെ വേഗത്തിൽ ട്രെയിനുകൾ സഞ്ചരിക്കുന്നതിനായുള്ള പുതിയ രണ്ട് പാതകൾ/ഗ്രീൻഫീൽഡ് കോറിഡോറാണ് വിഭാവന ചെയ്തിരിക്കുന്നത്. ഇതുപ്രകാരം തിരുവനന്തപുരത്ത് നിന്നും ഒന്നര മണിക്കൂറിനുള്ളിൽ എറണാകുളത്തും നാലുമണിക്കൂറിനുള്ളിൽ കാസർഗോഡും എത്തിച്ചേരുവാൻ സാധിക്കും. റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായതിനുശേഷം മാത്രം വാല്യൂ ക്യാപ്ച്ചറിംഗ്, ധന സമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ ഈ പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായ "സിസ്ട്ര" സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും സംസ്ഥാനം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (in-principle) ലഭ്യമായിട്ടുണ്ട്. സോയിൽ സർവ്വേ, ലിഡാർ ഏരിയൽ സർവ്വേ, ട്രാഫിക് സർവ്വേ, EIA പഠനം എന്നിവ പൂർത്തിയായിട്ടുണ്ട്. മൂലധന സമാഹരണവുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നു വരുന്നു. വിശദമായ പദ്ധതി റിപ്പോർട്ട് (DPR) 2020 മാർച്ച്

മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

66,405 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. 5 വർഷത്തിനകം പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**കായംകുളം മണ്ഡലത്തിലെ റീ-ബിൽഡ് കേരള പദ്ധതി**

47 (51) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള നിർമ്മാണത്തിന്റെ ഭാഗമായി റീ- ബിൽഡ് കേരള പദ്ധതി പ്രകാരം കായംകുളം മണ്ഡലത്തിൽ സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത്; ഇതിനായി അനുവദിച്ചിട്ടുള്ള തുക എത്ര; പദ്ധതികളുടെ നിലവിലുള്ള പുരോഗതി എന്നിവ വിശദമാക്കാമോ?

ഉത്തരം

(എ&ബി) റീ-ബിൽഡ് കേരള പദ്ധതിയിൽ നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.

ഇത്തരത്തിൽ റീബിൽഡ് കേരളയുടെ കീഴിൽ ആദ്യ ഘട്ടത്തിൽ പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണം, ഫിഷറീസ്, ഗതാഗതം, ജലവിഭവം, പരിസ്ഥിതി, മൃഗസംരക്ഷണം, കൃഷി, റവന്യൂ, വിവരസാങ്കേതികം തുടങ്ങിയ വകുപ്പുകളുടേതായി 1865 കോടി രൂപ ചെലവ് വരുന്ന വിവിധ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

**മാനന്തവാടി താലൂക്കിലെ റീബിൽഡ് കേരള പദ്ധതി പ്രവർത്തനങ്ങൾ**

48 (53) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതി പ്രകാരം മാനന്തവാടി താലൂക്കിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്കായി സ്ഥലം വാങ്ങി നൽകുന്ന പദ്ധതിയിൽ മാനന്തവാടി താലൂക്കിൽ സർക്കാർ സ്ഥലം വാങ്ങി നൽകിയ ആളുകളുടെ എണ്ണവും വിലാസവും ലഭ്യമാക്കാമോ;

(സി) മാനന്തവാടി താലൂക്കിൽ 2019-ലെ പ്രളയത്തിൽ 10,000 രൂപ ധനസഹായം നൽകിയ ആളുകളുടെ പട്ടിക വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ;

(ഡി) പ്രളയത്തിൽ പൂർണ്ണമായും തകർന്ന വീടുകൾ പുനർനിർമ്മിക്കുന്നതിനായി എത്ര ഗുണഭോക്താക്കൾക്ക് മാനന്തവാടി താലൂക്കിൽ തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) റീ-ബിൽഡ് കേരള പദ്ധതിയിൽ മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ, തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.

വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ റീ-ബിൽഡ് കേരളയുടെ ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവയുടെ ശിപാർശയോടെ മന്ത്രിസഭയ്ക്ക് സമർപ്പിക്കുകയും മന്ത്രിസഭയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതികൾ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് ഭരണാനുമതി നൽകുകയും അതതു വകുപ്പുകൾ പദ്ധതികൾ നടപ്പാക്കുകയുമാണ് ചെയ്യുന്നത്.

(ബി&സി) വിവരം അനുബന്ധം * ആയി ചേർക്കുന്നു.

(ഡി) 2018-ലെ പ്രളയത്തിൽ 311 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്.

**കോതാട്-ചേന്നൂർ പാലം നിർമ്മാണം**

49 (54) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള കോതാട്-ചേന്നൂർ പാലത്തിന്റെ സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയത് എന്നാണെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള മറുപടി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസമുണ്ടാകുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 23-11-2018-ൽ കോതാട്-ചേന്നൂർ പാലത്തിന്റെ സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയിട്ടുള്ളതായും പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിംഗിനു ഡിസൈൻ നടത്തുന്നതിനായി റിപ്പോർട്ട് നൽകിയിട്ടുള്ളതായും പൊതുമരാമത്ത് വകുപ്പ് ജിഡയെ അറിയിച്ചിട്ടുണ്ട്.

(സി) ഡിസൈൻ പൂർത്തീകരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ടെണ്ടർ നടപടി പൂർത്തീകരിച്ചതിനുശേഷം പ്രവൃത്തി ആരംഭിക്കുന്നതാണ്.

**കാലാവസ്ഥാ വ്യതിയാന പഠനം**

50 (55) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായിട്ടുള്ള കനത്ത മഴയും കാലാവസ്ഥാ വ്യതിയാനവും അത് ഭാവിയിൽ ആവർത്തിക്കാനുള്ള സാധ്യതയും സംബന്ധിച്ച് പഠനം നടത്തുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഉണ്ട്.

സംസ്ഥാനത്തുണ്ടാകുന്ന അതിതീവ്ര മഴയും അതിനെത്തുടർന്ന് വെള്ളപ്പൊക്കവും ഉരുൾപൊട്ടലും ഉണ്ടാകുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പഠിച്ച് വിഷയവുമായി ബന്ധപ്പെട്ട നയപരമായ തീരുമാനം കൈക്കൊള്ളുന്നതിനാവശ്യമായതും ഭാവിയിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടാകുന്നപക്ഷം അടിയന്തരഘട്ട പ്രവർത്തന പദ്ധതി തയ്യാറാക്കുന്നതിനുതകുന്നതും ദുരന്തനിവാരണ തയ്യാറെടുപ്പുകൾ നടത്തുന്നതിന് ഉതകുന്നതുമായി ശിപാർശകൾ അടങ്ങിയ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിനുമായി 22-8-2019-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 42/2019/ശാ.സാ.വ പ്രകാരം സമിതി രൂപീകരിച്ചിട്ടുണ്ട്.

സമിതിയുടെ പഠന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

(എ) അതിതീവ്രമഴയുടേയും ആയതിനുള്ള ഹേതുക്കളുടേയും കാരണങ്ങൾ കണ്ടെത്തുക

(ബി) ദുരന്ത മുന്നറിയിപ്പ് നൽകുന്നതിനാവശ്യമായ സമയത്തിനുള്ളിൽ കൃത്യമായ കാലാവസ്ഥ പ്രവചനം നടത്തുന്നതിനുള്ള ശേഷിയും സാധ്യതയും തയ്യാറാക്കുക.

(സി) തീവ്രമായ മഴയെത്തുടർന്നുണ്ടാകുന്ന ഉരുൾപൊട്ടൽ സാധ്യതാ പ്രദേശങ്ങൾ കണ്ടെത്തുന്നതിനും ദുരന്തങ്ങളും അനന്തര ഫലങ്ങളും കുറയ്ക്കുന്നതിനും സഹായിക്കുന്ന നിലവിലുള്ള സൂചകങ്ങളും സമ്പ്രദായങ്ങളും അവലോകനം ചെയ്ത് മാറ്റങ്ങൾ നിർദ്ദേശിക്കുക.

(ഡി) ദുരന്തസാധ്യതാ പ്രദേശങ്ങളുടെ ഭൂപടം പരിശോധിക്കുക, ദുരന്തങ്ങൾ കുറയ്ക്കുവാൻ ഉതകുന്ന നിലവിലെ മാർഗ്ഗങ്ങൾ അവലോകനം ചെയ്ത് ആയവയ്ക്ക് മാറ്റങ്ങൾ നിർദ്ദേശിക്കുക.

(ഇ) കേരളത്തിലെ ഭൂവിനിയോഗ മാറ്റങ്ങൾ ദുരന്തങ്ങളിലേയ്ക്ക് നയിക്കുന്ന പങ്കിനെക്കുറിച്ച് പഠിക്കുക.

സംസ്ഥാന ആസൂത്രണ ബോർഡിന് വിശദമായ പഠന റിപ്പോർട്ട് സമിതി സമർപ്പിച്ചിട്ടുണ്ട്.

**സി.ആർ.ഇസഡ്. നിയമങ്ങളിലെ ഇളവുകൾ**

51 (56) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശവാസികൾ തീരദേശപരിപാലനവുമായി ബന്ധപ്പെട്ട് സി.ആർ.ഇസഡ്-ന്റെ അനുമതി കിട്ടാത്തതുമൂലം പ്രയാസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി.ആർ.ഇസഡ്. നിയമങ്ങളിൽ ഇളവുകൾ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനുമതി നൽകുന്നതിനായി കേരള തീരദേശ പരിപാലന അതോറിറ്റി തീരദേശ ജില്ലകളിൽ ജില്ലാ കമ്മിറ്റികൾ രൂപീകരിച്ച് കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 18-1-2019-ലെ GSR No. 37(E) നമ്പർ വിജ്ഞാപനപ്രകാരം 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി പുതുതായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിലെ Clause 6(1) പ്രകാരം ടി

വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന തീരദേശ പരിപാലന പ്ലാൻ (Coastal Zone Management Plan -CZMP) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ ടി വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരികയുള്ളൂ.

## തീരദേശ പരിപാലന നിയമം ലംഘിച്ചുകൊണ്ടുള്ള കെട്ടിട നിർമ്മാണം

52 (57) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മിച്ച കെട്ടിടങ്ങളുടെ പട്ടിക നൽകുവാൻ സുപ്രീംകോടതി ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഏത് വർഷം തയ്യാറാക്കിയ തീരദേശ പരിപാലന ഭൂപടം അടിസ്ഥാനമാക്കിയാണ് ചട്ടലംഘനമുള്ള കെട്ടിടങ്ങൾ കണ്ടെത്തിയതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പട്ടിക സംബന്ധിച്ച് ആക്ഷേപം ബോധിപ്പിക്കുവാൻ ജനങ്ങൾക്ക് മതിയായ അവസരം നൽകിയില്ലായെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പട്ടിക സംബന്ധിച്ച് ആക്ഷേപം സമർപ്പിക്കുവാൻ ജനങ്ങൾക്ക് കൂടുതൽ അവസരം നൽകി, വിദഗ്ദ്ധ സമിതിയുടെ പരിശോധനയ്ക്ക് ശേഷം മാത്രം പട്ടിക സുപ്രീംകോടതിക്ക് സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ-ഡി) ഉണ്ട്. ബഹു. സുപ്രീം കോടതിയുടെ MA 1808-1809/2019 in C.A No.4784-4785/2019 കേസിലെ 23-9-2019-ലെ ഉത്തരവിൻപ്രകാരം തീരദേശ പരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുവാനായി 16-10-2019-ലെ G.O (Rt) No. 98/2017/Envt. പ്രകാരവും 17-10-2019-ലെ G.O.(Rt)No. 101/2019/Envt. പ്രകാരവും ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ നഗരാസൂത്രകൻ കൺവീനറായും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാനത്തിലെ സെക്രട്ടറി, ബന്ധപ്പെട്ട തീരദേശ വില്ലേജിലെ വില്ലേജ് ഓഫീസർ, ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം എന്നിവർ അംഗങ്ങളായും 10 തീരദേശ ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) തീരദേശ ജില്ലാ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികളുടെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ

53 (58) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ ജില്ലകൾക്ക് വേണ്ടി 2011-ലെ സി.ആർ.ഇസഡ്. വിജ്ഞാപനം അനുസരിച്ച് കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്ലാനിന് കേന്ദ്ര വനം, പരിസ്ഥിതി മന്ത്രാലയം അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) തയ്യാറാക്കിയിട്ടുണ്ട്.

(ബി) 2011-ലെ സി.ആർ.ഇസഡ് വിജ്ഞാപനം അനുസരിച്ച് തയ്യാറാക്കിയ കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാനിന് കേന്ദ്ര വനം, പരിസ്ഥിതി മന്ത്രാലയം 28-2-2019-ന് അംഗീകാരം നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി* ചേർക്കുന്നു)

## കായലിൽ പതിച്ച മരടിലെ ഫ്ലാറ്റ് അവശിഷ്ടങ്ങൾ

54 (59) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരടിൽ നിയന്ത്രിത സ്ഫോടനത്തിൽ നാല് ഫ്ലാറ്റുകൾ പൊളിച്ച് നീക്കിയപ്പോൾ അവശിഷ്ടങ്ങൾ കായലിൽ പതിച്ചതും അവശിഷ്ടങ്ങളിൽ നിന്നുള്ള പൊടിയും കായലിന്റെ ജൈവ വ്യവസ്ഥയെ എപ്രകാരമാണ് ബാധിച്ചതെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കായലിൽ വീണ പൊടി താഴെത്തട്ടിലുള്ള ചെറുജീവികളുടെ ആവാസ വ്യവസ്ഥയെ ബാധിക്കുമെന്ന വിദഗ്ധരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ശക്തമായ മഴ ഉണ്ടായാൽ കോൺക്രീറ്റ് കൂനകളിൽ നിന്നുള്ള മാലിന്യം ഒഴുകി കായലിലെത്തുമെന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ച ആശങ്ക അകറ്റുന്നതിന് യുക്തമായ നടപടി കൈക്കൊള്ളുമോ; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ-സി) ഗോൾഡൻ കായലോരം ഫ്ലാറ്റ് പൊളിച്ച് നീക്കിയപ്പോൾ ഉണ്ടായ കോൺക്രീറ്റ് കൂനകളിൽ നിന്നുള്ള മാലിന്യം കായലിലെത്താനുള്ള സാധ്യത കണക്കിലെടുത്ത് trench (1 meter ആഴത്തിൽ) ചെയ്യാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ആൽഫ സെറിൻ ഫ്ലാറ്റ് നിലനിന്നിരുന്ന സ്ഥലത്ത് മുൻകൂട്ടി തന്നെ trench (1 meter ആഴത്തിൽ) ചെയ്തിട്ടുണ്ട്. കോൺട്രാക്ട് പ്രകാരം മഴയ്ക്ക് മുൻപുതന്നെ അതായത് മാർച്ച് മാസം അവസാനത്തോടെ മാലിന്യങ്ങൾ പുഴക്കരയിൽ നിന്നും പൂർണ്ണമായും എടുത്തു മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## പരിസ്ഥിതി സംരക്ഷണത്തിനും മാലിന്യ പരിപാലനത്തിനുമായി സ്വീകരിച്ച നടപടി

55 (60) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരിസ്ഥിതി സംരക്ഷണത്തിനും മാലിന്യ പരിപാലനത്തിനുമായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇത്തരം പ്രവർത്തനങ്ങളെ ജില്ലാ തലത്തിൽ ഏകോപിപ്പിക്കുന്നതിനുള്ള ഉദ്യോഗസ്ഥ ഘടന എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രാദേശിക റസിഡൻസ് അസോസിയേഷനുകളെ ഈ പ്രവർത്തനങ്ങളിൽ കൂടുതൽ പങ്കാളികളാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തുടർന്ന് സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പരിസ്ഥിതി സംരക്ഷണം മുൻനിർത്തി പ്ലാൻ ഫണ്ട് വിനിയോഗിച്ച് 'പരിസ്ഥിതി അവബോധനവും പ്രോത്സാഹനവും' എന്ന സ്കീമിനു കീഴിൽ സ്കൂൾ, കോളേജ് തലങ്ങളിൽ പുതുതായി 93 ഭൂമിത്ര സേന ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. കാലികപ്രാധാന്യമുള്ള വിവിധ വിഷയങ്ങളായ പ്ലാസ്റ്റിക് നിമിത്തമായുണ്ടാകുന്ന മലിനീകരണം തടയുക, വായുമലിനീകരണം ചെറുക്കുക, ജല സ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പാക്കുക എന്നീ ആശയങ്ങളിലൂന്നി വിവിധ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളും അവബോധന പ്രവർത്തനങ്ങളും ഭൂമിത്ര സേന ക്ലബ്ബുകൾ മുഖേന നടത്തുകയുണ്ടായി. കൂടാതെ 'പാരിസ്ഥിതികം' എന്ന പദ്ധതിയിലൂടെ വിദ്യാഭ്യാസ സ്ഥാപനങ്ങളും/മറ്റ് അംഗീകൃത ഏജൻസികളും മുഖാന്തരം പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിൽ നടത്തിവരുന്നു. 'പരിസ്ഥിതി ഗവേഷണവും വികസനവും', 'കാലാവസ്ഥാ വ്യതിയാനം' എന്നീ സ്കീമുകൾ മുഖേന പരിസ്ഥിതി

സംരക്ഷണത്തിനുതകുന്നതും കാലാവസ്ഥാ വ്യതിയാനം അതിജീവിക്കുന്നതിനും പര്യാപ്തമാവുന്ന വിവിധ പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും സാമ്പത്തിക സഹായം നൽകിവരുന്നു. കൂടാതെ കാലാവസ്ഥാ അനുരൂപകൃഷി രീതികൾ വികസിപ്പിക്കുന്നതിനായി ' കാലാവസ്ഥാ അനുരൂപ കൃഷിരീതികൾ' എന്ന സ്കീമിനു കീഴിൽ സാമ്പത്തികസഹായം നൽകുന്നുണ്ട്.

പരിസ്ഥിതി മലിനീകരണം തടയുന്നതിനുള്ള നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് 34 സ്ഥലങ്ങളിൽ ബോർഡ് അന്തരീക്ഷവായു ഗുണനിലവാരം നിർണ്ണയിക്കുന്നുണ്ട്. ഇതിൽ 28 സ്റ്റേഷനുകളിൽ 'നാഷണൽ ആമ്പിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് ' പ്രോഗ്രാമിനു കീഴിലും 6 സ്റ്റേഷനുകളിൽ 'സ്റ്റേറ്റ് ആമ്പിയന്റ് എയർ ക്വാളിറ്റി മോണിട്ടറിംഗ് പ്രോഗ്രാമിനു' കീഴിലുമാണ് മോണിട്ടറിംഗ് നടത്തി വരുന്നത്. വായുവിലെ സൾഫർ ഡൈ ഓക്സൈഡ്, നൈട്രജൻ ഓക്സൈഡുകൾ, പൊടിപടലങ്ങൾ എന്നിവയാണ് അളന്നുവരുന്നത്. ഇതുകൂടാതെ 24 മണിക്കൂറും തുടർച്ചയായി തത്സമയ അന്തരീക്ഷവായു ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാണ്. ഇതുകൂടാതെ 4 പുതിയ തത്സമയ അന്തരീക്ഷവായു ഗുണ നിലവാര പരിശോധനാ സ്റ്റേഷനുകൾ കൂടി സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. മോണിട്ടറിംഗ് സംവിധാനങ്ങൾ മുഖേന പാഴ്‌വായുവിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നു. കൂടാതെ ബോർഡിന്റെ വെബ്സൈറ്റിൽ തത്സമയ വായു ഗുണനിലവാരം ലഭ്യമാണ്. ആയത് ജനങ്ങൾക്ക് നിരീക്ഷിക്കാവുന്നതാണ്.

ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നത് തടയുന്നതിന് ജല (മലിനീകരണ നിവാരണവും നിയന്ത്രണവും) നിയമം, 1974, പരിസ്ഥിതി സംരക്ഷണ നിയമം, 1986 എന്നിവ പ്രകാരം ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. മലിനീകരണത്തിന് കാരണമാകുന്ന വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവയ്ക്കെതിരെ നിലവിലെ ജല (മലിനീകരണ നിവാരണവും നിയന്ത്രണവും) നിയമം,1974, പരിസ്ഥിതി (സംരക്ഷണം) നിയമം, 1986 എന്നിവ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ മലിനീകരണത്തിന്റെ തോത് നിർണ്ണയിക്കുന്നതിനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ 'നാഷണൽ ആംബിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും' ബോർഡിന്റെ തന്നെ 'സ്റ്റേറ്റ് ആംബിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും' ഉൾപ്പെടുത്തി കേരളത്തിലെ നദികളിൽ വിവിധ സ്ഥലങ്ങളിലായി വിവിധ സ്റ്റേഷനുകളിൽനിന്നും മാസംതോറും വെള്ളത്തിന്റെ സാമ്പിളുകൾ ക്രമമായി ശേഖരിച്ച് വിവിധ ഘടകങ്ങളായ PH കൺഡക്ടിവിറ്റി, ലയ ഓക്സിജൻ, ബയോ കെമിക്കൽ ഓക്സിജൻ ഡിമാന്റ്, ടോട്ടൽ

കോളിഫോം, ഫീക്കൽ കോളിഫോം എന്നിവയുടെ അളവ് പരിശോധന നടത്തി വരുന്നു. കൂടാതെ ജല സ്രോതസ്സുകളുടെ ഗുണനിലവാരം മാസംതോറും പരിശോധിച്ച് പരിശോധനാഫലം വിലയിരുത്തി തുടർ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. വായു-ജല പരിശോധനാഫലങ്ങൾ ക്രോഡീകരിച്ച് water-Air quality ഡയറക്ടറി എല്ലാ വർഷവും പ്രസിദ്ധീകരിക്കുകയും ചെയ്തുവരുന്നു.

2020 ജനുവരി ഒന്നു മുതൽ സംസ്ഥാനത്ത് ഒറ്റത്തവണ മാത്രം ഉപഭോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കൾ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. ബദൽ ഉൽപന്നങ്ങളുടെ അനുയോജ്യത പരിശോധിക്കാൻ CSIR, NIIST എന്നീ സ്ഥാപനങ്ങളുടെ സഹകരണം തേടുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരമുള്ള തുടർനടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു.

പ്ലാസ്റ്റിക് കുപ്പികൾ തിരിച്ചെടുക്കുന്നതിനായി Reverse Vending Machince തിരുവനന്തപുരം ഇടപ്പഴഞ്ഞിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബിവറേജ് ബോട്ടിലുകൾ തിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിന് കേരള സ്റ്റേറ്റ് ബിവറേജസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ ലിമിറ്റഡ് എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മിൽമ, കേര എന്നീ കവറുകൾ തിരിച്ചെടുക്കുന്നതിനുള്ള കർമ്മ പദ്ധതി Clean Kerala Company മുഖേന തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മിനറൽ വാട്ടർ ബോട്ടിലുകൾ, fast moving consumer goods products, mattresses, end of life vechicles എന്നിവ സംബന്ധിച്ച് EPR നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകളുടെ അസോസിയേഷൻ ഭാരവാഹികളുമായി ചർച്ച ചെയ്യുകയും തിരികെ ലഭിക്കുന്ന ബോട്ടിലുകൾക്ക് വില നിശ്ചയിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഉപയോഗിച്ച ബോട്ടിലുകൾ തിരിച്ചെടുക്കുന്നതിനുവേണ്ടി ബിവറേജസ് കോർപ്പറേഷനും മദ്യ വിൽപ്പനശാലകൾക്കും ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ O.A. No. 606/2018-ലെ ഉത്തരവ് പ്രകാരം സംസ്ഥാന തലത്തിൽ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും (SLMC) ജില്ലാ തലത്തിൽ ഡിസ്ട്രിക്ട് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും (DLMC)യും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ജില്ലാ കളക്ടറുടെ നേതൃത്വത്തിലാണ് ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി കൂടി വരുന്നത്. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ജില്ലാതല കോ-ഓർഡിനേറ്റർ, ശുചിത്വമിഷൻ, ഹരിത കേരളം മിഷൻ, ജില്ലാ ഫോറസ്റ്റ് ഓഫീസർ, എൻവയോൺമെന്റൽ എഞ്ചിനീയർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ

ബോർഡ്, ജില്ലാ മെഡിക്കൽ ഓഫീസർ, സംസ്ഥാനതല ലീഗൽ സർവ്വീസ് അതോറിറ്റി സെക്രട്ടറി എന്നിവരടങ്ങുന്നതാണ് ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി, സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ ചെയർമാൻ റിട്ട. ജസ്റ്റിസ് എ.വി. രാമകൃഷ്ണപിള്ളയും മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുമാണ്.

അഡീഷണൽ ചീഫ് സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി പരിസ്ഥിതി വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ് എന്നിവരടങ്ങുന്നതാണ് സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി (SLMC).

(സി) പ്രാദേശിക റസിഡൻസ് അസോസിയേഷനുകൾക്കായി ഈ പ്രവർത്തനങ്ങളിൽ കൂടുതൽ ബോധവൽക്കരണ പദ്ധതികൾ ആവിഷക്കരിക്കാവുന്നതാണ്.

**ജലാശയങ്ങളെ മാലിന്യ വിമുക്തമാക്കുന്നതിനുള്ള പദ്ധതികൾ**

56 (61) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങളെ മാലിന്യവിമുക്തമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദീകരിക്കാമോ;

(ബി) ഇതിനായി സംസ്ഥാനത്തെ ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ജലാശയങ്ങളെ വീണ്ടും മലിനപ്പെടുത്തുന്നത് തടയുന്നതിലേയ്ക്കായി ദൃശ്യമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തി ബോധവൽക്കരണം നടത്തുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പഠനമനുസരിച്ച് കണ്ടെത്തിയ ഇന്ത്യയിലെ 351 പൊല്യൂട്ടട് റിവർ സ്ട്രച്ചുകളിൽ 21 എണ്ണം കേരളത്തിൽ ഉൾപ്പെടുന്നു. ഈ നദികളെ മാലിന്യമുക്തമാക്കുന്നതിനായും അവയിലെ ജലം കുളിക്കുന്നതിന് അനുയോജ്യമാക്കുംവിധം കരട് കർമ്മപദ്ധതി ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിൽ സമർപ്പിച്ചിട്ടുണ്ട്. Priority 1-ൽ ഉൾപ്പെട്ട കരമന, കിള്ളിയാർ എന്നിവ മാലിന്യ മുക്തമാക്കുന്നതിന്റെ ഭാഗമായി മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് നഗരപ്രദേശത്തുകൂടി ഒഴുകുന്ന നദിയുടെ ഇരുകരകളിലും 250 മീറ്റർ ദൂരത്തിലുള്ള വീടുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും വിവരങ്ങൾ സോഷ്യോ എക്കണോമിക്ക് യൂണിറ്റ് വഴി സാനിറ്റേഷൻ സർവ്വേ നടത്തുകയും സർവ്വേ ഫലങ്ങൾകൂടി ഉൾക്കൊള്ളിച്ച് കർമ്മപദ്ധതി ഇറിഗേഷൻ വകുപ്പ്, തിരുവനന്തപുരം കോർപ്പറേഷൻ, കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവർ ഉൾപ്പെട്ട കമ്മിറ്റി

തയ്യാറാക്കുകയും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. Priority IV & V-ൽ ഉൾപ്പെട്ട 20 പൊല്യൂട്ടട് റിവർ സ്ട്രച്ചുകളുടെ കർമ്മപദ്ധതി തയ്യാറാക്കുന്നതിലേയ്ക്കായി ജലവിഭവവകുപ്പ് ജില്ലാ കമ്മിറ്റികൾ രൂപീകരിക്കുകയും ടി കമ്മിറ്റികൾ തയ്യാറാക്കിയ 20 റിവർ സ്ട്രച്ചുകളുടെ കർമ്മപദ്ധതികൾ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ് പ്രകാരം രൂപീകരിച്ച സംസ്ഥാന റിവർ റിജുവനേഷൻ കമ്മിറ്റി അംഗീകരിച്ചതിനെ തുടർന്ന് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിലും ബഹു. ദേശീയ ഹരിത ട്രൈബ്യൂണലിലും സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ബഹു. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ O.A.No.582/2018-ലെ ഉത്തരവ് പ്രകാരം തിരൂർ പൊന്നാനി പുഴയുടെ കർമ്മപദ്ധതി തയ്യാറാക്കി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിലും ബഹു. ദേശീയ ഹരിത ട്രൈബ്യൂണലിലും സമർപ്പിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടുകൂടിയ പ്രവർത്തനം നടത്തുന്നതിനാവശ്യമായ സാങ്കേതിക സഹായം ജലസേചനവകുപ്പ് നൽകുന്നുണ്ട്. ഹരിത കേരളം മിഷന്റെ ഉപമിഷനായ 'ജലസമൃദ്ധി' യുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും അതിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം, ജലസ്രോതസ്സുകളുടെ ശുചീകരണവും സംഭരണ ശേഷി വർദ്ധിപ്പിക്കലും നിർവ്വഹിക്കുന്ന പ്രവൃത്തി ജലസേചനവകുപ്പ് മുഖേന നടത്തി വരുന്നുണ്ട്. ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെയുള്ള ശിക്ഷാ നടപടികൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 20-9-2018-ലെ O.A.No.673/2018 ഉത്തരവിനെ തുടർന്ന് പരിസ്ഥിതി (എ) വകുപ്പിന്റെ 12-12-2018-ലെ G.O.(Rt.)No.135/2018/Envt . പ്രകാരം പരിസ്ഥിതി വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സൂപ്പർവിഷനിലും കോ-ഓർഡിനേഷനിലും പരിസ്ഥിതി വകുപ്പ് ഡയറക്ടർ, അർബൻ ഡെവലപ്മെന്റ് വകുപ്പ് ഡയറക്ടർ, ഇൻഡസ്ട്രീസ് വകുപ്പ് ഡയറക്ടർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി എന്നിവർ അംഗങ്ങളായിട്ടുള്ള " റിവർ റിജുവനേഷൻ കമ്മിറ്റി" രൂപീകരിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്, സൂപ്രണ്ട് ഓഫ് പോലീസ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ റീജിയണൽ ഓഫീസർ, ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ തലവൻ എന്ന നിലയിൽ ജില്ലാ ജഡ്ജി നാമനിർദ്ദേശം ചെയ്യുന്ന ഒരു വ്യക്തി എന്നിവർ അംഗങ്ങളായുള്ള ജില്ലാതല സ്പെഷ്യൽ എൻവയോൺമെന്റ് സർവൈലൻസ് ടാസ്ക് ഫോഴ്സും ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ് സെക്രട്ടറി, അർബൻ ഡെവലപ്മെന്റ് വകുപ്പ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായുള്ള സംസ്ഥാനതല സ്പെഷ്യൽ എൻവയോൺമെന്റ് സർവൈലൻസ് ടാസ്ക് ഫോഴ്സും രൂപീകരിച്ചിട്ടുണ്ട്.

(സി) ജലാശയങ്ങളെ വീണ്ടും മലിനപ്പെടുത്തുന്നത് തടയുന്നതിലേയ്ക്കായി ദൃശ്യമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തി ബോധവൽക്കരണം നടത്തുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്ലാസ്റ്റിക് നിരോധനം

57 (62) ശ്രീ .പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക്ക് നിരോധനവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ കുടുംബശ്രീ യൂണിറ്റുകളെ പ്രയോജനപ്പെടുത്തി കുറഞ്ഞ ചെലവിൽ പ്ലാസ്റ്റിക്കിന് പകരമായി പരിസ്ഥിതി സൗഹൃദമായ വസ്തുക്കൾ നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) പ്ലാസ്റ്റിക് നിരോധനം നിലവിൽ വരുന്നതിനു മുൻപ് വ്യാപാരികളും കച്ചവടക്കാരും സ്റ്റോക്കുചെയ്തിട്ടുള്ള നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ശേഖരിച്ച് റീസൈക്ലിംഗ് യൂണിറ്റുകൾക്ക് കൈമാറുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ തങ്ങളുടെ അധികാരപരിധിയിലുള്ള കച്ചവടസ്ഥാപനങ്ങൾ, വ്യവസായസ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിൽ കർശനമായി പരിശോധന നടത്തുകയും നിയമലംഘകർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ള സ്ക്വാഡ് പ്ലാസ്റ്റിക് നിരോധനവുമായി ബന്ധപ്പെട്ട് പരിശോധന നടത്തുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ബദൽ NIIST-യുടെ സഹായത്തോടെ കണ്ടെത്തുവാൻ ബോർഡിനെ ചുമതലപ്പെടുത്തി ഇതിൻപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. 2016-ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരം ഖരമാലിന്യം കൈകാര്യം ചെയ്യാനായി തദ്ദേശസ്ഥാപനങ്ങൾക്ക് producers/brand owners-ൽ നിന്ന് സാമ്പത്തിക സഹായം നൽകേണ്ടതായിട്ടുണ്ട്. ഇതിൻപ്രകാരം Extended Producers Responsibility fund രൂപീകരിക്കുന്ന ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) കുടുംബശ്രീ യൂണിറ്റുകളെ പ്രയേജനപ്പെടുത്തി പ്ലാസ്റ്റിക്കിന് പകരമായി പരിസ്ഥിതി സൗഹൃദമായ 50 തരം ഉൽപ്പന്നങ്ങൾ നിലവിൽ നിർമ്മിച്ചുവരുന്നുണ്ട്.

തുണി, പാള ഉൽപ്പന്നങ്ങൾ, വിവിധ മുള-ഈറ-തടി ഉൽപ്പന്നങ്ങൾ, ചിരട്ട-മൺ ഉൽപ്പന്നങ്ങൾ, കൈതോല ഉൽപ്പന്നങ്ങൾ, ചണ ഉൽപ്പന്നങ്ങൾ തുടങ്ങി വിവിധ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ ഇതിൽപ്പെടുന്നു. ഇത്തരത്തിലുള്ള ജില്ലാതല യൂണിറ്റുകളുടെ കൺസോർഷ്യം രൂപീകരിച്ചുകൊണ്ട് മറ്റു സംസ്ഥാനങ്ങളിൽ നിന്നും അസംസ്കൃത വസ്തുക്കൾ നേരിട്ട് ഇറക്കുമതി ചെയ്യുന്നതിനും, വലിയ ഓർഡറുകൾ ചെയ്തു കൊടുക്കുന്നതിനും സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശപ്രകാരം 15-1-2020 വരെ നടപടികൾ നിർത്തിവച്ചിരുന്നു. തുടർനടപടിയായി റെയ്ഡുകൾ നടത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. 50 മൈക്രോണിൽ താഴെയുള്ള ക്യാരി ബാഗുകൾ പിടിച്ചെടുത്ത് ഷ്രെഡ് ചെയ്ത് റോഡ് ടാറിംഗിന് ഉപയോഗിക്കുന്നു. അല്ലാത്ത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ പിടിച്ചെടുത്ത് ക്ലീൻ കേരള കമ്പനിക്ക് എത്തിക്കുകയാണ് ചെയ്തുവരുന്നത്.

## മലിനീകരണ നിയന്ത്രണബോർഡ് തിരുവനന്തപുരം നഗരസഭയ്ക്ക് ചുമത്തിയ പിഴ

58 (63) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണത്തിലെ വീഴ്ചകളെത്തുടർന്ന് കേന്ദ്ര മലിനീകരണ നിയന്ത്രണ നിയമപ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തിരുവനന്തപുരം നഗരസഭക്ക് പിഴ ചുമത്തിയതിന്റെയും ആയത് തീർപ്പാക്കിയതിന്റെയും വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇപ്രകാരം പിഴ ചുമത്തിയ ശേഷം നഗരസഭയ്ക്ക് പിഴ ഒഴിവാക്കി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ ഇതിന് ആധാരമായ സാഹചര്യം വിശദമാക്കുമോ?

ഉത്തരം

(എ) മാലിന്യ സംസ്കരണത്തിലെ വീഴ്ചയ്ക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തിരുവനന്തപുരം നഗരസഭയ്ക്ക് പിഴ ചുമത്തിയിട്ടില്ല. കാരണം കാണിക്കൽ നോട്ടീസ് നൽകുക മാത്രമാണുണ്ടായത്. ഇത് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്.

(ബി&സി) നഗരസഭ ബഹു.ഹൈക്കോടതിയിൽ നിന്ന് സ്റ്റേ ഓർഡർ സമ്പാദിക്കുകയാണുണ്ടായത്.

## സോഫ്റ്റ്‌വെയർ പകർപ്പവകാശ നടപടികൾ

59 (64) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്രണ്ട്സ് സോഫ്റ്റ്‌വെയർ പകർപ്പവകാശവുമായി ബന്ധപ്പെട്ട് ക്രൈം നം. 454/സി.ആർ./എസ്1/02 കേസ് പിൻവലിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് സി-ഡിറ്റ് മുൻ രജിസ്ട്രാർ ജി. ജയരാജ് അയച്ച കത്ത് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത കേസ്സ് പിൻവലിക്കരുതെന്നും പകരം അന്വേഷണം ത്വരിതപ്പെടുത്തുകയാണ് വേണ്ടതെന്നും അഭ്യർത്ഥിച്ചുകൊണ്ട് സി-ഡിറ്റ് മുൻ ഡയറക്ടർ ഡോ. അച്യുത് ശങ്കർ എസ്. നായർ മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതിയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കേസ്സിൽ സുപ്രീം കോടതി വിധി സർക്കാരിന് അനുകൂലമായി വന്ന സാഹചര്യത്തിൽ ഹൈക്കോടതി വിധിയിൽ പ്രസ്തുത കേസ്സിന് കാരണക്കാരനായും ദുരുദ്ദേശ്യത്തോടെ സർക്കാരിനെ വഞ്ചിക്കാനായി പ്രവർത്തിച്ച എന്ന് ഗുരുതരപരാമർശവുമുള്ള സി-ഡിറ്റ് മുൻ രജിസ്ട്രാറിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സി-ഡിറ്റ് രജിസ്ട്രാർ സമർപ്പിച്ച കത്തിലെ ആവശ്യം സർക്കാർ പരിഗണിക്കുകയുണ്ടായി. ഇക്കാര്യത്തിൽ കേസിൽ തുടരന്വേഷണം ആവശ്യമില്ല എന്ന് പോലീസ് ക്രൈംബ്രാഞ്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കോടതിയാണ് കേസിന്റെ തുടർനടപടി തീരുമാനിക്കേണ്ടത്.

(ബി) ഉണ്ട്. പ്രസ്തുത പരാതി സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സി-ഡിറ്റ് മുൻ രജിസ്ട്രാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കേണ്ട സാഹചര്യം നിലവിലില്ല.

## കെ.എ.എസ്.ന്റെ ചട്ടരൂപീകരണവും ചട്ടഭേദഗതികളും

60 (65) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്. നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചശേഷം പി.എസ്.സി. സർക്കാരിനോട് ചട്ടങ്ങളിന്മേൽ വിശദീകരണം/ക്ലാരിഫിക്കേഷൻ ആരാഞ്ഞിട്ടുണ്ടോ; ആയതിന് സർക്കാർ മറുപടി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സർക്കാരിന്റെ മറുപടി പ്രകാരം കെ.എ.എസ്.ന്റെ ഓരോ സ്കീമിലും എത്ര അപേക്ഷകൾ നിരസിച്ചുവെന്നും ആയതിനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വെളിപ്പെടുത്തുമോ;

(സി) കെ.എ.എസ്.ന്റെ ചട്ടരൂപീകരണവും ചട്ടഭേദഗതികളും സംബന്ധിച്ച് ആരംഭിച്ച ഫയലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത ഫയലുകളുടെ അസ്സൽ പകർപ്പ് ഡിജിറ്റൽ രൂപത്തിൽ ലഭ്യമാക്കാമോ;

(ഡി) പരീക്ഷാ നടപടികൾ ആരംഭിക്കുന്നതിന് മുൻപേ ചട്ടത്തിൽ വ്യക്തത വരുത്തുന്നതിൽ പി.എസ്.സി.യുടെ ഭാഗത്ത് നിന്ന് വീഴ്ച സംഭവിച്ചിട്ടുണ്ടോ; പരീക്ഷാ നടപടികൾ ആരംഭിച്ച ശേഷം പി.എസ്.സി. ചട്ടങ്ങളിൽ വ്യക്തത വരുത്തുന്നതിന് നിയമസാധുതയുണ്ടോ; വ്യക്തമാക്കുമോ;

(ഇ) നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരായാണോ പരിഗണിക്കുന്നതെന്ന് അറിയിക്കാമോ;

(എഫ്) ഒരു വിഭാഗം സർക്കാർ ജീവനക്കാരെ സ്കീം 2-ൽ നിന്ന് മനഃപൂർവ്വം ഒഴിവാക്കുന്നത് ഭരണഘടന ഉറപ്പു നൽകുന്ന തുല്യ അവസരം നിഷേധിക്കുകയാണോ; വിശദമാക്കുമോ;

(ജി) ലോ സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് സ്കീം 2-ൽ അപേക്ഷിക്കാമോ; ലോ സെക്രട്ടേറിയറ്റിൽ നിന്നും കെ.എ.എസ്. തസ്തികകൾ എടുക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. മറുപടി നൽകിയിട്ടുണ്ട്. കത്തുകളുടെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രാഥമിക പരിശോധനയിൽ സ്കീം 2-ൽ യോഗ്യതയില്ലാത്ത 1240 അപേക്ഷകളും സ്കീം 3-ൽ 125 അപേക്ഷകളും നിരസിച്ചിട്ടുണ്ട്. സ്കീം 1-ൽ അപേക്ഷകരുടെ ബാഹുല്യം കാരണം പ്രാഥമിക പരിശോധന ഒഴിവാക്കിയിട്ടുണ്ട്.

(സി) കെ.എസ്.ആർ.ന്റെ ചട്ടരൂപീകരണവും ചട്ടഭേദഗതികളും സംബന്ധിച്ച 803512/എ.ആർ.12(1)/2016/ഉപഭവ. നമ്പർ ഫയലിന്റെ അസ്സൽ പകർപ്പ് അടങ്ങിയ CD ഉള്ളടക്കം* ചെയ്യുന്നു.

(ഡി) ഇല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ) നിയമസഭാസെക്രട്ടേറിയറ്റ് ജീവനക്കാരെ പല കാര്യങ്ങൾക്കും സർക്കാർ ജീവനക്കാരായാണ് പരിഗണിക്കുന്നത്. എന്നാൽ നിയമസഭാ സെക്രട്ടേറിയറ്റ് ഒരു സർക്കാർ വകുപ്പല്ല.

(എഫ്) അല്ല.

(ജി) അപേക്ഷിക്കാം. ലാ സെക്രട്ടേറിയറ്റിൽനിന്നും കെ.എ.എസ്.ലേയ്ക്ക് തസ്തികകൾ വകമാറ്റിയിട്ടില്ല.

## ഭരണപരിഷ്ക്കാര കമ്മീഷൻ റിപ്പോർട്ടുകൾ

61 (66) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ വി. എസ്. അച്യുതാനന്ദൻ അദ്ധ്യക്ഷനായ സംസ്ഥാന ഭരണപരിഷ്ക്കാര കമ്മീഷൻ ഇതിനകം സർക്കാരിന് എത്ര റിപ്പോർട്ടുകൾ നൽകിയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടുകൾ ഓരോന്നും എന്നാണ് സർക്കാരിന് സമർപ്പിച്ചത്;

(സി) പ്രസ്തുത റിപ്പോർട്ടുകളിലെ ഏതൊക്കെ ശിപാർശകൾ ഇതിനകം സർക്കാർ അംഗീകരിച്ച് നടപ്പാക്കിയെന്ന് അറിയിക്കാമോ;

(ഡി) ഭരണപരിഷ്ക്കാര കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി 2019 ഡിസംബർ 31 വരെ എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭരണപരിഷ്ക്കാര കമ്മീഷൻ നാല് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

(ബി) 1) വിജിലൻസ് സംവിധാനം - പരിഷ്കരണം- 17-8-2017

2) Capacity Development of Civil Servants- Kerala- 16-4-2018.

3) Welfare to Rights-Implementation of Select Legislations- A review-22-10-2018.

4) Personnel Reforms-Civil Service in Kerala-30-8-2019.

(സി) പ്രസ്തുത റിപ്പോർട്ടുകൾ സർക്കാരിന്റെ പരിശോധനയിലാണ്.

(ഡി) 31-12-2019 വരെ ആകെ 7,13,36,666 (ഏഴ് കോടി പതിമൂന്ന് ലക്ഷത്തി മുപ്പത്താറായിരത്തി അറുന്നൂറ്റി അറുപത്തി ആറ് രൂപ മാത്രം) ചെലവായിട്ടുണ്ട്.

## പി.എസ്.സി. വഴി നിയമനം

62 (67) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ നാളിതുവരെ പി.എസ്.സി. വഴി എത്ര പേർക്ക് നിയമനം നൽകിയെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ വിവിധ വകുപ്പുകളിലായി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചുവെന്നും വിവിധ വകുപ്പുകളിലായി എത്ര തസ്തികകൾ റദ്ദാക്കിയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഓരോ വർഷവും പി.എസ്.സി. ശരാശരി എത്ര പരീക്ഷകൾ നടത്തുന്നുണ്ടെന്നും ശരാശരി എത്ര റാങ്ക് ലിസ്റ്റുകൾ പുറപ്പെടുവിക്കുന്നുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) റാങ്ക് പട്ടിക തയ്യാറാക്കുമ്പോൾ സംസ്ഥാന സബോർഡിനേറ്റ് ചട്ടങ്ങളിലെ '14 സി' ഉൾപ്പെടുത്തി സംവരണ ക്വാട്ട ഉറപ്പാക്കാൻ നിലവിൽ സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ഇ) പി.എസ്.സി. പരീക്ഷ നടത്തിപ്പിലും റാങ്ക് ലിസ്റ്റ് തയ്യാറാക്കലിലും നിലവിൽ തുടർന്നുവരുന്ന വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിനായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് മാറ്റം വരുത്തിയത്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 31-12-2019 വരെ 1,25,401 (ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരത്തി നാനൂറ്റി ഒന്ന്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി.നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ഓരോ വർഷവും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ശരാശരി 250-നും 600-നുമിടയ്ക്ക് പരീക്ഷകൾ നടത്തുകയും 500-നും 1200-നുമിടയ്ക്ക് റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിക്കുന്ന സാധ്യതാ പട്ടിക/ചുരുക്കപ്പട്ടിക/റാങ്ക് പട്ടികകളിൽ ഓരോ സംവരണ സമുദായത്തിനും അനുവദിച്ചിട്ടുള്ള സംവരണ ക്വാട്ട ഉറപ്പാക്കുന്നതിലേയ്ക്കായി കെ.എസ്.&എസ്.എസ്.ആർ-ലെ ചട്ടം 14(e) പ്രകാരമുള്ള സപ്ലിമെന്ററി ലിസ്റ്റുകൾ ഉൾപ്പെടുത്തിക്കൊണ്ടാണ് റാങ്ക് പട്ടികകൾ തയ്യാറാക്കുന്നത്.

(ഇ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളിൽ ആധുനിക വിവര സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നടത്താവുന്ന ക്രമക്കേടുകൾ ഉൾപ്പെടെ തടയുന്നതിനു മുന്നോടിയായി പരിക്ഷാ നടത്തിപ്പ് കർശനമാക്കിയിട്ടുണ്ട്. ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് ഓൺലൈൻ പരീക്ഷകളുടെ എണ്ണം കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയോഗിക്കുന്ന ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ മാത്രം പരീക്ഷ നടത്തുന്നതിനുള്ള സംവിധാനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടപ്പിലാക്കിയിട്ടുണ്ട്.

## പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ

63 (68) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പി.എസ്.സി. മുഖേന എത്ര നിയമന ശിപാർശകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പി.എസ്.സി. മുഖേന കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭ്യമാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 31-12-2019 വരെ 1,25,401 (ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരത്തി നാനൂറ്റി ഒന്ന്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) നിയമനം ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് പി.എസ്.സി. വഴി നികത്തപ്പെടേണ്ട ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുതപരിശോധന നടത്തി റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ അത് കണ്ടെത്തി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## പി.എസ്.സി. നിയമനങ്ങൾ

64 (69) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-12-2019 വരെ പി.എസ്.സി. മുഖാന്തരം എത്രപേർക്ക് നിയമനം നൽകിയെന്ന് അറിയിക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് 2011 മേയ് മുതൽ 31-12-2014 വരെ പി.എസ്.സി. മുഖാന്തരം എത്രപേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 31-12-2019 വരെ 1,25,401 (ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരത്തി നാനൂറ്റി ഒന്ന്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് 2011 മേയ് മുതൽ 31-12-2014 വരെ 1,16,074 (ഒരു ലക്ഷത്തി പതിനാറായിരത്തി എഴുപത്തിനാല്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

## പി.എസ്.സി. നിയമനങ്ങൾ

65 (70) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖേന എത്രപേർക്ക് ജോലി നൽകുകയുണ്ടായി എന്ന് വ്യക്തമാക്കാമോ;

(ബി) 1-6-2016 മുതൽ 31-12-2019 വരെ പി.എസ്.സി. മുഖേന ജോലി ലഭിച്ചവരുടെ കണക്ക് ജില്ലാടിസ്ഥാനത്തിലും വകുപ്പ് തിരിച്ചും ലഭ്യമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-12-2019 വരെ 1,25,401 (ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരത്തി നാനൂറ്റി ഒന്ന്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) 1-6-2016 മുതൽ 31-12-2019 വരെയുള്ള നിയമന ശിപാർശകളുടെ ജില്ലാടിസ്ഥാനത്തിലും വകുപ്പ് തിരിച്ചുമുള്ള വിവരങ്ങൾ അനുബന്ധമായി * (സോഫ്റ്റ്-കോപ്പി) ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പി.എസ്.സി. നിയമനാംഗീകാരം

66 (71) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം പി.എസ്.സി. മുഖാന്തരം ഇതുവരെ എത്രപേർക്ക് നിയമനാംഗീകാരം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വരുന്ന 6 മാസത്തിനുള്ളിൽ എത്രപേർക്ക് നിയമനാംഗീകാരം ലഭ്യമാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-12-2019 വരെ 1,25,401 (ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരത്തി നാനൂറ്റി ഒന്ന്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) റാങ്ക് പട്ടികകളുടെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകുകയാണ് പി.എസ്.സി. ചെയ്യുന്നത്. എത്രപേർക്ക് നിയമനശിപാർശ നൽകുവാനാകും എന്നത് മുൻകൂട്ടി അറിയാനാവില്ല. പരമാവധി നിയമനങ്ങൾ നടത്തുന്നതിന് ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## പി.എസ്.സി. പരീക്ഷകൾക്കുള്ള പ്രായപരിധി

67 (73) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പരിക്ഷകൾക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി ഉയർത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും റാങ്ക് പട്ടികയുടെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) നിലവിൽ ഏതെങ്കിലും റാങ്ക് പട്ടിക ദീർഘിപ്പിച്ചു നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും അവ എത്ര വീതമാണെന്നും വിശദമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തസ്തികകൾ ഒഴിവാക്കുകയോ പുനർവിന്യാസം നടത്തുകയോ ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) 30-6-2016-ന് നിലവിലുള്ളതും 30-6-2016 മുതൽ 30-12-2016 വരെയുള്ള കാലയളവിൽ അവസാനിക്കുന്നതുമായ പട്ടികകളുടെ കാലാവധി നിബന്ധനകൾക്ക് വിധേയമായി 31-12-2016 വരെ ദീർഘിപ്പിച്ചിരുന്നു. കൂടാതെ 31-12-2016-ന് നിലവിലുള്ളതും 29-6-2017 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് പട്ടികകളുടെയും കാലവധി വ്യവസ്ഥകൾക്ക് വിധേയമായി 30-6-2017 വരെ ദീർഘിപ്പിച്ചിരുന്നു.

(സി) ഇല്ല.

(ഡി&ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**പി.എസ്.സി. നിയമനങ്ങൾക്കെതിരെ ആരോപണങ്ങൾ**

68 (74) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന നിയമനങ്ങൾക്കെതിരെയുള്ള ആരോപണങ്ങൾ വിവിധ റാങ്ക് ഹോൾഡേഴ്സ് അസോസിയേഷന്റെ പേരിൽ സാമൂഹിക മാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നതായും വ്യാപകമായി പണപ്പിരിവ് നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവർ നടത്തുന്ന പ്രവർത്തനങ്ങൾക്ക് തടയിടുവാൻ പി.എസ്.സി. തീരുമാനിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന നിയമനങ്ങൾക്കെതിരെയുള്ള ആരോപണങ്ങൾ റാങ്ക് ഹോൾഡേഴ്സ് അസോസിയേഷന്റെ പേരിൽ സാമൂഹ്യമാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നതായി പി.എസ്.സി.യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് തടയിടുന്നതിലേയ്ക്ക് നിയമപരമായി സ്വീകരിക്കുവാൻ കഴിയുന്ന വിഷയങ്ങൾ കമ്മീഷൻ പരിശോധിച്ചുവരുന്നു.

## എൽ.പി., യു.പി. അദ്ധ്യാപക നിയമനം

69 (75) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി., യു.പി. അദ്ധ്യാപക നിയമനത്തിനായുള്ള പി.എസ്.സി.യുടെ 31-12-2019 -ലെ വിജ്ഞാപനത്തിൽ കെ-ടെറ്റ് പാസ്സാകണമെന്ന നിബന്ധന ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ ;

(ബി) ഈ നിബന്ധന ആയിരക്കണക്കിന് ഉദ്യോഗാർത്ഥികളെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സർവ്വീസിലുള്ളവർക്ക് കെ-ടെറ്റ്പരീക്ഷ പാസാകാൻ ഇളവ് അനുവദിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ വർഷത്തെ പി.എസ്.സി. വിജ്ഞാപന പ്രകാരം അപേക്ഷിക്കുന്നതിനും ഇളവ് അനുവദിക്കുന്ന കാര്യത്തിൽ അനുഭാവപൂർവ്വം നടപടി സ്വീകരിച്ച് ഉത്തരവ് നൽകുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 30-8-2016-ലെ G.O.(P) No.145/16/G.Edn. പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപക തസ്തികകളിൽ നിയമനത്തിന് KTET നിർബന്ധയോഗ്യതയാക്കി ഉത്തരവായതിനെ തുടർന്നാണ് 27-3-2017 മുതൽ പുറപ്പെടുവിക്കുന്ന എല്ലാ അദ്ധ്യാപക തസ്തികകളുടെയും തെരഞ്ഞെടുപ്പിന് വിജ്ഞാപനത്തിൽ KTET യോഗ്യതകൂടി ഉൾപ്പെടുത്തുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനിച്ചിട്ടുള്ളത്.

(സി) പൊതുവിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപക തസ്തികകളിൽ നേരിട്ട് നിയമനത്തിന് അപേക്ഷിക്കുന്നവർക്ക് KTET യോഗ്യതയിൽ ഇളവ് അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ആയതിനാൽ വിജ്ഞാപനത്തിൽ ഇളവ് അനുവദിക്കുവാൻ പി.എസ്.സി.ക്ക് നിർവ്വാഹമില്ല.

## കമ്പനി-കോർപ്പറേഷൻ അസിസ്റ്റന്റ് നിയമനം

70 (76) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കമ്പനി-കോർപ്പറേഷൻ അസിസ്റ്റന്റ് നിയമനത്തിനായി പി.എസ്.സി. 399/2017, 400/2017 എന്നീ കാറ്റഗറികളിൽ എന്നാണ് പരീക്ഷ നടത്തിയത്; അറിയിക്കുമോ;

(ബി) ഇതിന്റെ സാധ്യതാ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) അതിൻ പ്രകാരം സർട്ടിഫിക്കറ്റ് പരിശോധന എന്നാണ് പൂർത്തിയായത് ; വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി എന്നാണ് അവസാനിച്ചത് ;അറിയിക്കുമോ;

(ഇ) മെച്ചപ്പെട്ട സാങ്കേതിക സൗകര്യങ്ങൾ നിലവിലിരിക്കെ റാങ്കുലിസ്റ്റുകൾ തയ്യാറാക്കുന്നതിൽ കുറ്റകരമായ അനാസ്ഥ പി.എസ്.സി. യുടെ ഭാഗത്തുനിന്നുണ്ടായതായ ഉദ്യോഗാർത്ഥികളുടെ ആശങ്ക പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) ഇക്കാര്യത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 5-8-2018-ന്

(ബി) കാറ്റഗറി നമ്പർ 399/2017-ന്റെ സാധ്യതാ ലിസ്റ്റ് 2-8-2019- നും കാറ്റഗറി നമ്പർ 400/2017-ന്റെ സാധ്യതാ ലിസ്റ്റ് 6-8-2019- നും പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) സർട്ടിഫിക്കറ്റ് പരിശോധന 4-10-2019-ന് പൂർത്തിയായിട്ടുണ്ട്.

(ഡി) റാങ്ക് ലിസ്റ്റ് നിലവിലില്ല.

(ഇ&എഫ്) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

## ലാബ് ടെക്നീഷ്യൻ തസ്തികയുൾപ്പെടെയുള്ള വിവിധ പി.എസ്.സി. ഷോർട്ട് ലിസ്റ്റുകൾ

71 (77) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ലാബ് ടെക്നീഷ്യൻ തസ്തികയുടെ ഒഴിവുകളിലേയ്ക്ക് പി.എസ്.സി. ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി പുതുതായി സൃഷ്ടിക്കപ്പെട്ട ഒഴിവുകൾ ഉൾപ്പടെ നികത്തുന്നതിനായുള്ള ഷോർട്ട് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 26-10-2019-ന് പി.എസ്.സി. ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ചുരുക്കപ്പട്ടികയിൽ 206 ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട്.

**സിവിൽ പോലീസ് ഓഫീസർമാരുടെ നിയമനം**

72 (78) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ പോലീസ് ഓഫീസർമാരുടെ 657/2017 കാറ്റഗറി നമ്പറായുള്ള കേരള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എത്ര ഉദ്യോഗാർഥികൾക്ക് നിയമനം നൽകിയെന്ന് അറിയിക്കാമോ;

(ബി) ഈ ഉദ്യോഗാർഥികളുടെ നിയമന കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള സാങ്കേതികമായ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ, സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് ഈ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനു വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ഡി) ഇടുക്കി,കോട്ടയം ജില്ലകളിൽ സിവിൽ പോലീസ് ഓഫീസർമാരുടെ നിലവിലുള്ള ഒഴിവുകളുടെ എണ്ണം അറിയിക്കാമോ;

(ഇ) നാമമാത്രമായ നിയമനം നടന്നിട്ടുള്ള ഈ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർഥികൾക്ക് പ്രത്യേക പരിഗണന നൽകി എസ്.ഐ.എസ്.എഫ്. പോലുള്ള പ്രത്യേക പോലീസ് സേനാവിഭാഗങ്ങളിലേയ്ക്ക് നിയമിക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സിവിൽ പോലീസ് ഓഫീസർമാരുടെ 657/2017 കാറ്റഗറി നമ്പറായുള്ള കേരള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ 2971 ഉദ്യോഗാർത്ഥികളുടെ അഡ്വൈസ് ലഭിച്ചിട്ടുണ്ട്. ടി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) ക്രൈം കേസ് നിലനിൽക്കുന്നവർക്ക് ചട്ടങ്ങൾക്ക് വിധേയമായി മാത്രമേ നിയമനം നൽകാനാവൂ. മറ്റുള്ളവർക്ക് നിയമനം നൽകുന്നതിൽ സാങ്കേതിക പ്രശ്നങ്ങൾ നിലവിലില്ല.

(ഡി) ഇടുക്കി ജില്ലയിൽ 94 ഒഴിവുകളും, കോട്ടയം ജില്ലയിൽ 38 ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) മുൻ റാങ്ക് ലിസ്റ്റിലുള്ളവരും, നിലവിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരും ഒഴിവുകളിൽ അവകാശം ഉന്നയിച്ച് കോടതി വ്യവഹാരങ്ങൾ ഫയൽ ചെയ്തിട്ടുള്ളതിനാൽ നിലവിൽ നിയമന നടപടികൾ സ്വീകരിക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. ഇവ പരിഹരിക്കുന്നതിന് ശക്തമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

## ലൈൻമാൻ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ്

73 (79) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഇലക്ട്രിക് വിഭാഗത്തിൽ ലൈൻമാൻ തസ്തിക നിയമനത്തിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് ഏതൊക്കെ ജില്ലയിലാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകളുടെ കാലാവധി എന്ന് അവസാനിക്കുമെന്നും ഈ ലിസ്റ്റിൽനിന്നും ജില്ല തിരിച്ച് എത്രപേർക്ക് നിയമനം നൽകിയെന്നും അറിയിക്കാമോ;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി സമീപമാസങ്ങളിൽ അവസാനിക്കുന്ന സാഹചര്യത്തിൽ ഒഴിവുകൾ മുഴുവൻ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) എത്ര ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ആലപ്പുഴ ജില്ലയിലൊഴികെ മറ്റെല്ലാ ജില്ലകളിലും ലൈൻമാൻ തസ്തികയിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(ബി) റാങ്ക് ലിസ്റ്റുകളുടെ കാലാവധി എന്ന് അവസാനിക്കുമെന്നത് സംബന്ധിച്ച വിവരങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും ശേഖരിച്ച് നൽകുന്നതാണ്. ജില്ല തിരിച്ചുള്ള നിയമനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 124 |
| കൊല്ലം | - | 17 |
| എറണാകുളം | - | 20 |

| | | |
|---|---|---|
| തൃശ്ശൂർ | - | 50 |
| പാലക്കാട് | - | 11 |
| മലപ്പുറം | - | 20 |
| കോഴിക്കോട് | - | 42 |
| കണ്ണൂർ | - | 15 |
| കോട്ടയം | - | 33 |
| ഇടുക്കി | - | 14 |
| കാസർഗോഡ് | - | 11 |

പത്തനംതിട്ട, വയനാട് ജില്ലകളിൽ പുതുതായി നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും നിയമന ശിപാർശ ലഭിച്ചു തുടങ്ങിയിട്ടില്ല.

(സി) ഒഴിവുകളെല്ലാംതന്നെ യഥാസമയം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നുണ്ട്.

(ഡി) നിയമനം നൽകിയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 124 |
| കൊല്ലം | - | 17 |
| എറണാകുളം | - | 20 |
| തൃശ്ശൂർ | - | 50 |
| പാലക്കാട് | - | 11 |
| മലപ്പുറം | - | 20 |
| കോഴിക്കോട് | - | 42 |
| കണ്ണൂർ | - | 15 |
| കോട്ടയം | - | 33 |
| ഇടുക്കി | - | 14 |
| കാസർഗോഡ് | - | 11 |

## ലാസ്റ്റ്ഗ്രേഡ് സർവന്റ് തസ്തികയിലെ ഒഴിവുകൾ

74 (80) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാസ്റ്റ്ഗ്രേഡ് സർവന്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത തസ്തികയിലെ നിയമനത്തിനായി നിലവിലെ പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വന്നത് എന്നാണ്; റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണെന്നും അറിയിക്കാമോ ;

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്കാണ് നാളിതുവരെ നിയമനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പി.എസ്.സിയിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| ജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 58 |
| കൊല്ലം | 8 |
| ആലപ്പുഴ | ഇല്ല |
| പത്തനംതിട്ട | 19 |
| കോട്ടയം | 2 |
| എറണാകുളം | 41 |
| ഇടുക്കി | 3 |
| തൃശ്ശൂർ | 41 |
| പാലക്കാട് | 32 |
| മലപ്പുറം | 18 |
| കോഴിക്കോട് | 15 |
| വയനാട് | 11 |
| കണ്ണൂർ | 27 |
| കാസർഗോഡ് | 5 |

(ബി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്കുതന്നെ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 30-6-2018-ന് നിലവിൽ വന്ന റാങ്ക് പട്ടികയുടെ കാലാവധി 29-6-2021 വരെയാണ്.

(ഡി) റാങ്ക് ലിസ്റ്റിൽ നിന്നും വിവിധ ജില്ലകളിൽ പി.എസ്.സി. നൽകിയ നിയമന ശിപാർശയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു;

| ജില്ല | നിയമന ശിപാർശയുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 383 |
| കൊല്ലം | 267 |
| ആലപ്പുഴ | 200 |
| പത്തനംതിട്ട | 157 |
| കോട്ടയം | 182 |
| എറണാകുളം | 314 |
| ഇടുക്കി | 179 |
| തൃശ്ശൂർ | 288 |
| പാലക്കാട് | 278 |
| മലപ്പുറം | 321 |
| കോഴിക്കോട് | 359 |
| വയനാട് | 118 |
| കണ്ണൂർ | 198 |
| കാസർഗോഡ് | 186 |

**സർക്കാർ ഉദ്യോഗസ്ഥരായ അമ്മമാർക്ക് സ്ഥലംമാറ്റം**

75 (81) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലിസംബന്ധമായി ഭർത്താവ് സ്ഥലത്തില്ലാതിരിക്കുകയും പെൺകുഞ്ഞുങ്ങളുമായി ഒറ്റയ്ക്ക് താമസിക്കേണ്ടിവരികയും ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥരായ സ്ത്രീകൾക്ക് സ്ഥലംമാറ്റം നൽകുമ്പോൾ എന്തെങ്കിലും ഇളവുകൾ നൽകുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലായെങ്കിൽ ഇത്തരക്കാർക്ക് സ്ഥലംമാറ്റം നൽകുന്നതിൽ ഇളവ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജോലി സംബന്ധമായി ഭർത്താവ് സ്ഥലത്തില്ലാതിരിക്കുകയും പെൺകുഞ്ഞുങ്ങളുമായി ഒറ്റയ്ക്ക് താമസിക്കേണ്ടിവരികയും ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥരായ സ്ത്രീകൾക്ക് സ്ഥലംമാറ്റം നൽകുമ്പോൾ പ്രത്യേക ഇളവുകൾ അനുവദിച്ചിട്ടില്ല.

(ബി) സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനുമായുള്ള പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങുന്ന 25-2-2017-ലെ സ.ഉ.(പി)നമ്പർ .3/2017/ഉഭപവ. പ്രകാരം പ്രവാസി കേരളീയരുടെ ഭർത്താവ്/ഭാര്യ എന്നിവർക്ക് പ്രത്യേക മുൻഗണന നൽകുന്നുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം* ചെയ്യുന്നു.

## ആശ്രിത നിയമനം

76 (82) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആശ്രിത നിയമനം വഴി എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നിയമനങ്ങൾ ഏതെല്ലാം തസ്തികകളിൽ ഏതെല്ലാം വകുപ്പുകളിലാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കംപാഷനേറ്റ് എംപ്ലോയ്മെന്റ് സെൽ മുഖാന്തരം ആശ്രിത നിയമനത്തിനായി കാത്തിരിക്കുന്നവരുടെ പട്ടിക കാറ്റഗറി തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആശ്രിത നിയമനത്തിനുള്ള അപേക്ഷയിൽ സ്വീകരിച്ച നടപടി

77 (83) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജുഡീഷ്യൽ സർവ്വീസിൽ സേവനത്തിലിരിക്കെ മരണമടഞ്ഞ ഇ. കെ. പുഷ്പാംഗദന്റെ അവകാശിക്ക് ആശ്രിത നിയമനം ലഭിക്കുന്നതിനായി മകനായ അരുൺ സമർപ്പിച്ച അപേക്ഷയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ അപേക്ഷയിൽ കോട്ടയം കളക്ടറേറ്റിൽ നിന്നും റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് വൈക്കം താലൂക്കിലും കടുത്തുരുത്തി വില്ലേജ് ഓഫീസിലും ഉണ്ടായിട്ടുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) കടുത്തുരുത്തി വില്ലേജ് ഓഫീസർ ഈ റിപ്പോർട്ട് സമർപ്പിക്കുവാൻ കക്ഷികളുടെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് വില്ലേജ് ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) താലൂക്ക് ഓഫീസിൽ ഈ റിപ്പോർട്ടുമായി ബന്ധപ്പെട്ട് എത്രദിവസം ഈ ഫയൽ ഒരു നടപടിയും സ്വീകരിക്കാതെ കൈയ്യിൽ സൂക്ഷിച്ചു എന്നറിയിക്കാമോ; താലൂക്ക് ഓഫീസർ ബന്ധപ്പെട്ട കക്ഷികളെ വിളിച്ചു വരുത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികൾ നൽകിയിരുന്ന കേസ്സിന്റെ ജഡ്ജ്മെന്റ് പരിശോധിച്ചിട്ടുണ്ടോ; അരുണിന് ആശ്രിത നിയമനം ലഭിക്കുന്നതിനുവേണ്ടി നൽകിയ കോടതി ഉത്തരവ് താലൂക്ക് ഓഫീസർ പരിശോധിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രസ്തുത കോടതി ഉത്തരവ് തഹസീൽദാർ മുഖവിലയ്ക്കെടുത്തിട്ടുണ്ടോ;

(ഇ) വൈക്കം മുൻസിഫ് കോടതിയുടെ ഉത്തരവ് തഹസീൽദാർ സമർപ്പിച്ച റിപ്പോർട്ടിൽ ചേർത്തിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം അറിയിക്കാമോ; നിലവിലുള്ള കോടതി ഉത്തരവ് പ്രകാരം അരുണിന് ആശ്രിത നിയമനം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ജുഡീഷ്യൽ സർവ്വീസിൽ സേവനത്തിലിരിക്കെ മരണമടഞ്ഞ ഇ.കെ. പുഷ്പാംഗദന്റെ അവകാശിക്ക് ആശ്രിത നിയമനം ലഭിക്കുന്നതിനായി മകനായ അരുൺ സമർപ്പിച്ച അപേക്ഷ എൽ1/172/2019/ആഭ്യന്തരം നമ്പർ ഫയലിലൂടെ പരിശോധിക്കുകയും കോട്ടയം ജില്ലാകളക്ടറുടെ അന്വേഷണ റിപ്പോർട്ടിനായി 19-9-2019-ലെ കത്തിലൂടെ നൽകിയിട്ടുള്ളതുമാണ്.

(ബി) ഇടക്കാല റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഇ. കെ. പുഷ്പാംഗദന്റെ ആശ്രിതരിൽ രണ്ട് പേരുടെ അപേക്ഷകൾ ലഭിച്ചിട്ടുള്ളതും ടിയാന്റെ ആദ്യഭാര്യയിലെ മകളായ കുമാരി ആര്യാസേതുപാർവതി ടിയാരിയുടെ ആശ്രിത നിയമന അപേക്ഷയിൽ നടപടി ആവശ്യമില്ല എന്ന് വില്ലേജ് ഓഫീസർ മുൻപാകെ ഹാജരായി മൊഴി നൽകാത്തതാണ് കാലതാമസത്തിനുള്ള കാരണം.

(സി) ഇ. കെ. പുഷ്പാംഗദന്റെ രണ്ടാം ഭാര്യ സുമംഗലയുടെ മക്കളായ അഖില, അപേക്ഷകൻ അരുൺ എന്നിവർ മൊഴി നൽകിയിട്ടുണ്ട്. എന്നാൽ ആദ്യഭാര്യയിലെ മകളായ കുമാരി ആര്യാസേതുപാർവ്വതി മൊഴി നൽകിയിട്ടില്ല. വില്ലേജ് ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി *ചേർക്കുന്നു.

(ഡി) 16-10-2019-ൽ കോട്ടയം കളക്ടറേറ്റിൽ ലഭ്യമായ തപാൽ 22-10-2019-ൽ വില്ലേജ് ഓഫീസർക്ക് റിപ്പോർട്ടിന് നൽകുകയും 6-11-2019-ൽ വില്ലേജ് ഓഫീസർ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു. ഒരാഴ്ചയ്ക്കുള്ളിൽ തന്നെ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. വൈക്കം താലൂക്കാഫീസിൽ വച്ച് അപേക്ഷാ കക്ഷികളെ നേരിട്ട് കേട്ടിട്ടില്ല. വൈക്കം താലൂക്ക് ലീഗൽ സർവ്വീസ് അതോറിറ്റിയിൽ ഒ.എസ്.303/15 നമ്പർ പ്രകാരം അഡ്വക്കേറ്റ് നോട്ടറി സാക്ഷ്യപ്പെടുത്തിയ ഉത്തരവ് പരിഗണിച്ചാണ് തഹസീൽദാർ റിപ്പോർട്ട് നൽകിയിട്ടുള്ളത്.

(ഇ) വൈക്കം താലൂക്ക് ലീഗൽ സർവ്വീസ് അതോറിറ്റിയിലെ അദാലത്തിലെ ഒത്തുതീർപ്പ് സംബന്ധിച്ചാണ് വൈക്കം തഹസീൽദാറുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. നിലവിൽ വൈക്കം മുൻസിഫ് കോടതിയുടെ ഉത്തരവ് സർക്കാരിൽ ലഭിച്ചിട്ടില്ല.

**ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം**

78 (84) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വകുപ്പുകളിലാണ് ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എല്ലാ വകുപ്പുകളിലും പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ബയോമെട്രിക് പഞ്ചിംഗ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളിലെ നോഡൽ ഓഫീസർമാർക്ക് ഇത് സംബന്ധിച്ച് ഒരു ശില്പശാല നടത്തുകയുണ്ടായി. പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരള

79 (85) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരള-യെ ഡിജിറ്റൽ സർവ്വകലാശാലയാക്കി മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) സാമ്പത്തികവും ഭരണപരവുമായി സ്വയംഭരണാധികാരമുള്ള സർവ്വകലാശാല എന്ന നിലയിലാണോ പ്രസ്തുത സർവ്വകലാശാല രൂപീകരിക്കുന്നത്;

(സി) പ്രസ്തുത സർവ്വകലാശാലയിൽ അഫിലിയേറ്റഡ് കോളേജുകൾ ഉണ്ടാകുമോ; ഈ സർവ്വകലാശാലകൊണ്ട് ഏതൊക്കെ മേഖലകളിലാണ് ഊന്നൽ നൽകുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) ഡിജിറ്റൽ മേഖലയിൽ ഉണ്ടായിട്ടുള്ള മാനവശേഷിക്കുറവ് പരിഹരിക്കുവാൻ ഈ സർവ്വകലാശാല നിലവിൽ വരുന്നതോടുകൂടി സാധ്യമാകുമെന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരളയെ സർവ്വകലാശാലയാക്കിക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) അതെ.

(സി) പ്രസ്തുത സർവ്വകലാശാലയിൽ അഫിലിയേറ്റഡ് കോളേജുകൾ ഇല്ല. ഡിജിറ്റൽ രംഗത്തെ സാങ്കേതികവും (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റ അനലിറ്റിക്സ്, ബ്ലോക്ക് ചെയിൻ, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, ഇ-മൊബിലിറ്റി, ഓഗ്മെന്റഡ് റിയാലിറ്റി, ഫിൻടെക്, കോഗ്നിറ്റീവ് സയൻസ്) സാമൂഹികവുമായ

വിഷയങ്ങളിലെ ഉന്നത വിദ്യാഭ്യാസവും ഗവേഷണവും ആയിരിക്കും പുതിയ സർവ്വകലാശാല ഊന്നൽ നൽകുക. നിലവിൽ ഗവേഷണ കേന്ദ്രങ്ങളില്ലാത്ത കേരള സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾക്ക് ഡിജിറ്റൽ സർവ്വകലാശാല ഒരു മുതൽക്കൂട്ടായിരിക്കും. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ മേഖലയിൽ ഉയർന്ന നിലവാരമുള്ള മാനവശക്തിയുടെ ആവശ്യകത പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ സ്കൂൾ ഓഫ് കമ്പ്യൂട്ടിംഗ്, സ്കൂൾ ഓഫ് ഇലക്ട്രോണിക്സ് ഡിസൈൻ ആന്റ് ആട്ടോമേഷൻ, സ്കൂൾ ഓഫ് ഇൻഫോർമാറ്റിക്സ്, സ്കൂൾ ഓഫ് ഡിജിറ്റൽ ബയോ സയൻസ്, സ്കൂൾ ഓഫ് ഡിജിറ്റൽ ഹ്യൂമാനിറ്റിസ് എന്നിങ്ങനെ 5 സ്കൂളുകൾ നിയുക്ത സർവ്വകലാശാലയിൽ ഉണ്ടായിരിക്കും.

(ഡി) ഡിജിറ്റൽ രംഗത്തെ സാങ്കേതികവിദ്യയുടെ മേഖലയിൽ ഉയർന്ന നിലവാരമുള്ള മാനവശക്തി വർദ്ധിപ്പിക്കുക, കേരളത്തിൽ ഒരു വിജ്ഞാന ആവാസ വ്യവസ്ഥ സൃഷ്ടിക്കുക എന്നിവയാണ് ടി സർവ്വകലാശാലകൊണ്ട് ലക്ഷ്യമിടുന്നത്. ഡിജിറ്റൽ സാങ്കേതിക വിദ്യാമേഖലകളുടെ ഗവേഷണത്തിനും ബിരുദാനന്തര ബിരുദ വിദ്യാഭ്യാസത്തിനുമായിരിക്കും നിർദ്ദിഷ്ട സർവ്വകലാശാല ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. വിദ്യാഭ്യാസവും ഗവേഷണവും വ്യവസായങ്ങളുമായുള്ള ബന്ധവും സഹകരണവും ശക്തമാക്കാനും അക്കാദമിക് രംഗത്ത് അന്താരാഷ്ട്ര സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുവാനും ഡിജിറ്റൽ സർവ്വകലാശാല ലക്ഷ്യംവയ്ക്കുന്നു. ഈ സർവ്വകലാശാല നിലവിൽ വരുന്നതോടുകൂടി രാജ്യത്തെ വിവര സാങ്കേതിക രംഗത്ത് കുതിച്ചുചാട്ടത്തിനും കൂടുതൽ കമ്പനികളുടെ രംഗപ്രവേശനത്തിനും ധാരാളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ഡിജിറ്റൽ സാക്ഷരതാ പരിപാടി

80 (86) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഡിജിറ്റൽ എംപവർമെന്റ് ക്യാമ്പെയിൻ-ന്റെ (ഡിജിറ്റൽ സാക്ഷരതാ പരിപാടി) നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

### ഉത്തരം

ഡിജിറ്റൽ സാങ്കേതിക വിദ്യകളിൽ അവബോധം നൽകിക്കൊണ്ട് ഇന്റർനെറ്റ്, ഇ-ഗവേണൻസ് സേവനങ്ങൾ, ഇ-കൊമേഴ്സ് എന്നിവ ഉപയോഗിക്കുന്നതിൽ പൗരന്മാരെ ശാക്തീകരിക്കുകയെന്ന ലക്ഷ്യത്തോടെ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ മുഖേന നടപ്പിലാക്കുന്ന ഒരു സംരംഭമാണ് ഡിജിറ്റൽ എംപവർമെന്റ് ക്യാമ്പെയ്ൻ.

പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കി. ഇതിനായി തിരുവനന്തപുരം ജില്ലയിലെ ഗ്രാമപ്രദേശങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത 10 സ്കൂളുകളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് ടാബ്‌ലെറ്റുകൾ നൽകുകയും തിരുവനന്തപുരം ജില്ലയിലെ 4000-ത്തോളം പേരെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സഹായത്തോടെ ഇ-സാക്ഷരരാക്കുകയുമുണ്ടായി.

പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ പദ്ധതി വിജയകരമായി പൂർത്തിയായതിനെത്തുടർന്ന് സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, എൻ.സി.സി. കേഡറ്റുകൾ, എൻ.എസ്.എസ്. വാളണ്ടിയർമാർ തുടങ്ങിയവരുടെ സേവനം ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റികളുടെയും സഹകരണത്തോടെ സംസ്ഥാനതലത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകുകയുണ്ടായി.

പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഐ.ടി.മിഷൻ സ്വീകരിച്ചുവരുന്നു.

## വെഞ്ച്വർ ക്യാപിറ്റൽ ഫോർ സ്റ്റാർട്ടപ്സ് 101

81 (87) ശ്രീ. പി. വി. അൻവർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനുള്ള നൂതന ആശയങ്ങൾ അവതരിപ്പിച്ച് നിക്ഷേപം ലഭ്യമാക്കാൻ കേരള സ്റ്റാർട്ടപ് മിഷൻ 'വെഞ്ച്വർ ക്യാപിറ്റൽ ഫോർ സ്റ്റാർട്ടപ്സ് 101' എന്ന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നൂതനാശയങ്ങളുടെയും, സംരംഭകരുടെയും, സ്റ്റാർട്ടപ്പുകളുടെയും ആവശ്യങ്ങൾ മനസ്സിലാക്കാനും അതിനനുസരിച്ചുള്ള സാഹചര്യങ്ങൾ ഒരുക്കാനും ടെക്നോളജി ഇന്നവേഷൻ സോൺ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) പൊതുജനങ്ങൾക്കിടയിൽ നിന്നും മികച്ച ആശയങ്ങൾ കണ്ടെത്തുന്നതിന് ഗ്രാൻഡ് ഇന്നവേഷൻ ചലഞ്ച് എന്ന പേരിൽ മത്സരം സംഘടിപ്പിച്ച് അതിലെ വിജയികൾക്ക് ആശയങ്ങൾ നടപ്പാക്കുന്നതിന് മൂലധനവും പിന്തുണയും ഉറപ്പുവരുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) 2019 ഓഗസ്റ്റ് 07, 08, 09 എന്നീ തീയതികളിൽ യഥാക്രമം കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങളിൽ 'വെഞ്ച്വർ ക്യാപിറ്റൽ ഫോർ സ്റ്റാർട്ടപ്പ് 101' എന്ന പരിപാടി സംഘടിപ്പിച്ചിരുന്നു. 100X.VC എന്ന വെഞ്ച്വർ ക്യാപിറ്റലിന്റെ ചീഫ് ടെക്നിക്കൽ ഓഫീസർ ആയ ശ്രീ. വത്സൽ കനകിയ ആണ് പ്രസ്തുത പരിപാടിയിലെ സെഷനുകൾ കൈകാര്യം ചെയ്തത്. വാലുവേഷൻ, നിക്ഷേപം, ഷെയർ തുടങ്ങിയ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച് സ്റ്റാർട്ടപ്പുകൾക്ക് വിജ്ഞാനം ലഭിക്കുന്നതിനും നിക്ഷേപം സ്വരൂപിക്കുന്നതിനുമായാണ് പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്. 3 പരിപാടികളിലുമായി 70-ലധികം സ്റ്റാർട്ടപ്പുകളാണ് പങ്കെടുത്തത്. പങ്കെടുത്ത സ്റ്റാർട്ടപ്പുകളെ അവലോകനം ചെയ്ത് 4 സ്റ്റാർട്ടപ്പുകളെ പ്രാഥമികമായി തെരഞ്ഞെടുക്കുകയും അതിൽ ഫിൻലൈൻ എന്ന സ്റ്റാർട്ടപ്പിൽ 25 ലക്ഷം രൂപ പ്രസ്തുത വെഞ്ച്വർ ക്യാപ്പിറ്റൽ നിക്ഷേപം നടത്തുകയും ചെയ്തു.

(ബി) എറണാകുളം കളമശ്ശേരിയിൽ 13.2 ഏക്കർ സ്ഥലത്ത് ടെക്നോളജി ഇന്നൊവേഷൻ സോൺ ഇതിനോടകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവിധ കെട്ടിട സമുച്ചയങ്ങൾ ഉൾപ്പെട്ട പ്രസ്തുത സോണിലെ ആദ്യ കെട്ടിട സമുച്ചയമായ ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സ് 13-1-2019-ൽ ഉദ്ഘാടനം ചെയ്യുകയും പ്രസ്തുത കോംപ്ലക്സ് പൂർണ്ണ തോതിൽ ഉപയോഗിച്ചുതുടങ്ങുകയും ചെയ്തിട്ടുണ്ട്. കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഇൻകുബേറ്റർ, ഇലക്ട്രോണിക് ഇൻകുബേറ്ററായ മേക്കർ വില്ലേജ്, അഗ്മെന്റഡ് റിയാലിറ്റി, വെർച്വൽ റിയാലിറ്റി മേഖലയിൽ യൂണിറ്റിയുമായി സഹകരിച്ച് സെന്റർ ഓഫ് എക്സലൻസ്, ബ്രിങ്കുമായി സഹകരിച്ച് ഹാർഡ്‌വെയർ ആക്സിലറേറ്റർ, മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് ഇന്ത്യയിലെ ആദ്യ സൂപ്പർ ഫാബ് ലാബ് എന്നിവ ഈ കോപ്ലക്സിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റ് രണ്ട് കെട്ടിട സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കൂടാതെ ബയോടെക് ഇൻകുബേറ്ററായ ബയോനെസ്റ്റ് സോണിൽ ലഭ്യമായ മറ്റൊരു കെട്ടിടത്തിലും പ്രവർത്തിച്ചുവരുന്നു. സോൺ പൂർത്തിയാകുമ്പോൾ സ്റ്റാർട്ടപ്പുകളുടെ എല്ലാ ആവശ്യവും നിറവേറ്റാൻ കഴിയുന്ന ഏറ്റവും വലിയ ഹബ്ബായി ഈ സോൺ മാറുന്നതാണ്.

(സി) 2017-ൽ ഗ്രാന്റ് ഇന്നൊവേഷൻ ചലഞ്ച് സംഘടിപ്പിച്ചിരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രസ്തുത പരിപാടി തുടർന്നു സംഘടിപ്പിക്കുന്നതിന് സാധിക്കുന്നതാണ്.

**അക്ഷയ കേന്ദ്രങ്ങൾ**

82 (88) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അക്ഷയ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും അവ എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) പുതിയതായി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 105 അക്ഷയ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | അക്ഷയകേന്ദ്രങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 11 |
| 2 | കൊല്ലം | 30 |
| 3 | പത്തനംതിട്ട | 6 |
| 4 | ആലപ്പുഴ | 4 |
| 5 | കോട്ടയം | 4 |
| 6 | ഇടുക്കി | 7 |
| 7 | എറണാകുളം | 11 |
| 8 | മലപ്പുറം | 8 |
| 9 | കോഴിക്കോട് | 18 |
| 10 | വയനാട് | 2 |
| 11 | കണ്ണൂർ | 1 |
| 12 | കാസർഗോഡ് | 3 |
| | ആകെ | 105 |

(ബി) രണ്ട് അക്ഷയകേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി ഏറ്റവും കുറഞ്ഞത് 1.5 കി.മീ. ആയിരിക്കണമെന്ന വ്യവസ്ഥ പാലിച്ചുകൊണ്ട് ബന്ധപ്പെട്ട ജില്ലാ ഇ -ഗവേണൻസ് സൊസൈറ്റിയുടെ ശിപാർശസഹിതം അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചാണ് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. അക്ഷയ കേന്ദ്രങ്ങൾക്കായുള്ള ലൊക്കേഷൻ അനുവദിച്ചുകഴിഞ്ഞാൽ സംരംഭക തെരഞ്ഞെടുപ്പിനായി അപേക്ഷ ക്ഷണിച്ച് ഓൺലൈൻ പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അക്ഷയ സംരംഭകരെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്.

**കോതമംഗലം മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങൾ**

83 (89) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ അക്ഷയ കേന്ദ്രങ്ങൾ ഉൾപ്പെടെ എത്ര ജനസേവന കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അക്ഷയ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള എത്ര പുതിയ ജനസേവന കേന്ദ്രങ്ങൾ കോതമംഗലം മണ്ഡലത്തിൽ ആരംഭിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(സി) മണ്ഡലത്തിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഇ) ഹൈറേഞ്ചിന്റെ കവാടമായ കോതമംഗലം മണ്ഡലത്തിൽ അക്ഷയ ഉൾപ്പെടെ പുതിയ ജനസേവന കേന്ദ്രങ്ങൾ അരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;വിശദമാക്കാമോ?

ഉത്തരം

(എ&ബി) അക്ഷയ കേന്ദ്രങ്ങളും ജില്ലാ ആസ്ഥാനങ്ങളിൽ ഓരോന്നു വീതം പ്രവർത്തിക്കുന്ന ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുമാണ് സംസ്ഥാന സർക്കാരിന്റെ അനുമതിയോടെ പ്രവർത്തിക്കുന്നത്. കോതമംഗലം മണ്ഡലത്തിൽ 21 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോതമംഗലം മണ്ഡലത്തിൽ ഒരു അക്ഷയ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) രണ്ട് അക്ഷയകേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി ഏറ്റവും കുറഞ്ഞത് 1.5 കി.മീ. ആയിരിക്കണമെന്ന വ്യവസ്ഥ പാലിച്ചുകൊണ്ട് ബന്ധപ്പെട്ട ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ ശിപാർശ സഹിതം അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചാണ് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്.

(ഇ) കോതമംഗലം മണ്ഡലത്തിൽ ചുവടെ പറയുന്ന 6 ലൊക്കേഷനുകളിൽ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്ന നടപടികൾ സ്വീകരിച്ചുവരികയാണ്.

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത്/നഗരസഭ | ലൊക്കേഷൻ |
|---|---|---|
| 1 | പിണ്ടിമന | ചെങ്കര |
| 2 | കീരമ്പാറ | ഊഞ്ഞാപ്പാറ |
| 3 | കവളങ്ങാട് | ഊന്നുകൽ |
| 4 | കവളങ്ങാട് | നീണ്ടപാറ |
| 5 | നെല്ലിക്കുഴി | ഇരുമലപ്പടി |
| 6 | കോതമംഗലം | കമ്മ്യൂണിറ്റി ഹാൾ, കുമ്പളത്തുമുറി |

**മാനന്തവാടിയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ**

84 (90) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള സർക്കാർ മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏറ്റവും പുതിയ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) മാനന്തവാടി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ഉത്തരം

(എ) രണ്ട് അക്ഷയകേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി ഏറ്റവും കുറഞ്ഞത് 1.5 കി.മീ. ആയിരിക്കണമെന്ന വ്യവസ്ഥ പാലിച്ചുകൊണ്ട് ബന്ധപ്പെട്ട ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ ശിപാർശ സഹിതം അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചാണ് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. അക്ഷയ കേന്ദ്രങ്ങൾക്കായുള്ള ലൊക്കേഷൻ അനുവദിച്ചുകഴിഞ്ഞാൽ സംരംഭക തെരഞ്ഞെടുപ്പിനായി അപേക്ഷ ക്ഷണിച്ച് ഓൺലൈൻ പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അക്ഷയ സംരംഭകരെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്.

(ബി) ഉണ്ട്.

(സി) മാനന്തവാടി ബ്ലോക്കിലെ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലെ പത്താം മൈൽ, മാനന്തവാടി മുനിസിപ്പാലിറ്റിയിലെ ചെറുപുഴ എന്നീ രണ്ട് അക്ഷയ കേന്ദ്രങ്ങളിലേയ്ക്ക് സംരംഭക തെരഞ്ഞെടുപ്പിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## സി-ഡിറ്റിന്റെ സ്പെഷ്യൽ റൂൾസ്

85 (91) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിന്റെ സ്പെഷ്യൽ റൂൾസിന് സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി-ഡിറ്റിലെ വിവിധ വകുപ്പുകളിലെ പ്രോജക്ടുകളിൽ കരാറടിസ്ഥാനത്തിൽ നിയമിച്ചവരുടെ എണ്ണം വിശദമാക്കുമോ; അവർക്ക് നിശ്ചയിച്ച നൽകിയിരിക്കുന്ന ഏറ്റവും കുറഞ്ഞ വേതനവും കൂടിയ വേതനവും എത്രയാണെന്ന് വിശദമാക്കാമോ;

(സി) സി.എം.ഓ./സി.എം. വെബ്സൈറ്റ്/സോഷ്യൽ മീഡിയ എന്നീ പ്രോജക്ടുകളിൽ കരാറടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് ശമ്പളം കൂടാതെ പ്രതിമാസം ഇൻസെന്റീവ് നൽകി വരുന്നുണ്ടോ; 1-6-2016 മുതൽ 31-12-2019 വരെ എത്ര രൂപ ഇൻസെന്റീവായും ഓവർടൈമായും പ്രതിഫലം നൽകിയിട്ടുണ്ട് എന്നു വ്യക്തമാക്കുമോ;

(ഡി) സി-ഡിറ്റിൽ നിന്നും സർക്കാരിലേയ്ക്ക് 128A1/Admn/2019/C-DIT നമ്പറിലുള്ള 30-5-2019 ലെയും അതേ നമ്പറിലുള്ള 15-10-2019 ലെയും കത്തുകൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഈ വിഷയത്തിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഇ) സി-ഡിറ്റിൽ ശമ്പളവും മാറ്റാനുകൂല്യങ്ങളും നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവില്ലാതെ ജയരാജ്.ജി എന്ന വ്യക്തി മൂന്നു മാസത്തോളം അഡ്വാൻസായും പ്രതിഫലമായും ശമ്പളം കൈപ്പറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സി-ഡിറ്റിലെ വിവിധ വകുപ്പുകളിലെ പ്രോജക്ടുകളിൽ 96 പേരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇവർക്ക് നിശ്ചയിച്ചുനൽകിയിരിക്കുന്ന കുറഞ്ഞ വേതനം 8000 രൂപയും കൂടിയ വേതനം 42,305 രൂപയുമാണ്.

(സി) പ്രസ്തുത ജീവക്കാർക്ക് ശമ്പളം കൂടാതെ അധിക സമയത്തെ ജോലിക്ക് പ്രതിമാസം ഇൻസെന്റീവ് നൽകുന്നുണ്ട്. 1-6-2016 മുതൽ 31-12-2019 വരെ നൽകിയ ഇൻസെന്റീവ് ചുവടെ ചേർക്കുന്നു.

1. സി.എം.വെബ്സൈറ്റ് & സോഷ്യൽ മീഡിയ - 24,06,584 രൂപ

2. സി.എം.പി.ജി.ആർ.സി - 2,39,523 രൂപ

(ഡി) ഉണ്ട്. സി-ഡിറ്റിലെ ഡയറക്ടർ തസ്തികയിലേയ്ക്കുള്ള യോഗ്യതകൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച കത്തിലെ വിഷയം സി-ഡിറ്റിലെ സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിന്റെ ഭാഗമായി പരിശോധിച്ചുവരികയാണ്.

(ഇ) സി-ഡിറ്റ് രജിസ്ട്രാറായി വിരമിച്ചശേഷം ജയരാജിനെ മൂന്നുമാസം തുടരാൻ അനുവദിച്ചിരുന്നു. ഈ കാലയളവിലെ ശമ്പളം സർക്കാർ നിശ്ചയിച്ചു നല്കുമ്പോൾ അർഹതപ്പെട്ടതിൽ അധിക തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചടയ്ക്കണമെന്ന നിബന്ധനയോടെ ശമ്പളം അഡ്വാൻസായി സി-ഡിറ്റ് അനുവദിച്ച് നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**സൈനികന്റെ വിധവയുടെ അപേക്ഷ**

86 (92) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സൈനികസേവനത്തിനിടയിലെ എഫിഷ്യൻസി ട്രെയിനിംഗിൽ പഞ്ചാബിലെ അബോർ സൈനിക ക്യാമ്പിൽ മരണമടഞ്ഞ സൈനികൻ രാജേഷ് കുമാറിന്റെ ഭാര്യ സൗമ്യ എസ്. ഗോകുലം, പാണ്ടനാട് സമർപ്പിച്ച അപേക്ഷയിൽ സൈനികക്ഷേമവകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

അപേക്ഷകയ്ക്ക് തൊഴിൽ സഹായം നൽകണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

**റീബിൽഡ് കേരള പദ്ധതി**

87 (93) <u>ശ്രീ. എ. പി. അനിൽ കുമാർ:</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം പുനസൃഷ്ടിക്കുന്നതിനായി സമഗ്ര ഇടപെടലുകൾ നടത്തുവാൻ റീ ബിൽഡ് കേരള പദ്ധതി ആവിഷ്കരിച്ചുവെങ്കിലും അതിന്റെ പ്രവർത്തനങ്ങൾ മന്ദഗതിലാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനം 2018 ലും 2019 ലും അഭിമുഖീകരിച്ച പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പുനർനിർമ്മാണം നടത്തുമ്പോൾ പഴയത് അതേപോലെ നിർമ്മിക്കുക എന്നതല്ല, പകരം മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പാക്കുകയും ആസ്തികൾ പുനർനിർമ്മിക്കുമ്പോൾ ഭാവിയിൽ ഉണ്ടാകുവാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന തരത്തിലുള്ള സാങ്കേതികവിദ്യ ഉൾക്കൊണ്ട് കൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തുക എന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വിവിധ വകുപ്പുകൾ വഴി പദ്ധതി രേഖകൾ തയ്യാറാക്കി വിവിധ ഫണ്ടിംഗ് ഏജൻസികൾക്ക് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഏജൻസികൾക്കാണ് സമർപ്പിച്ചതെന്നും അതിലൂടെ എന്ത് തുക സമാഹരിക്കുവാനായി എന്നും വ്യക്തമാക്കുമോ;

(ഡി) ലോകബാങ്കിൽ നിന്നും ഇതിനകം എത്ര തുകയാണ് ലഭിച്ചത്; പ്രസ്തുത തുക റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് കൈമാറിയതെന്നും എന്നാണ് കൈമാറിയതെന്നും വ്യക്തമാക്കുമോ;

(ഇ) ലോകബാങ്കിൽ നിന്നും ലഭിച്ച തുക ഇംപ്ലിമെന്റേഷൻ ഏജൻസികൾക്ക് കൈമാറുന്നതിന് കേന്ദ്രം സമയപരിധി നിശ്ചയിച്ചിരുന്നോ; പ്രസ്തുത സമയപരിധിക്കുള്ളിൽ തുക കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി ആരംഭിച്ച റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പ്രളയാനന്തരം അടിയന്തര ദുരിതാശ്വാസ, പുനഃരധിവാസ പ്രവർത്തനങ്ങളെത്തുടർന്ന് കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതി പുന:ക്രമീകരിച്ച് വിവിധ വകുപ്പുകൾ അടിയന്തര പുനർനിർമ്മാണ പദ്ധതികൾ ഏറ്റെടുത്തു. അതിജീവനക്ഷമതയുള്ളതും നിലവാരം പുലർത്തുന്നതുമായ ബൃഹത്തായ പുനർനിർമ്മാണ പദ്ധതികളാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നത്.

കേരളം അഭിമുഖീകരിച്ച പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുക, പ്രവർത്തനങ്ങളിലെ കാര്യക്ഷമതയില്ലുള്ള പോരായ്മകൾ പരിഹരിച്ച് കൂടുതൽ പ്രവർത്തനക്ഷമമായ കേരളം സൃഷ്ടിക്കുക, പ്രകൃതിദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ

ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്നവിധത്തിലുള്ള സാങ്കേതിക വിദ്യകളിലൂന്നിയും പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും സമയബന്ധിതമായി പുനർനിർമ്മിക്കുയോ പുനരുദ്ധരിക്കുകയോ ചെയ്യുക എന്നിങ്ങനെ വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഒരു ത്രിതല ഭരണസംവിധാനവും സമഗ്രമായ വികസന നയരേഖയും യഥാക്രമം സാധ്യമാക്കിയിട്ടുണ്ട്.

പ്രളയത്തെ ധീരമായി അഭിമുഖീകരിച്ചതിനുശേഷം അടിയന്തര രക്ഷാപ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകിയ സർക്കാർ തുടർന്ന് ഈ ദുരന്തത്തെ ഒരു വെല്ലുവിളിയായിക്കണ്ട് നവകേരളം പടുത്തുയർത്തുന്നതിനും അതുവഴി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമായുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങളിലാണ് ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്.

ഇത്തരത്തിലുള്ള പുനർനിർമ്മാണ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായാണ് റീബിൽഡ് കേരള ഇനഷ്യേറ്റീവ് (RKI)-ന് രൂപം നൽകിയത്.

പ്രളയത്തിൽ തകർന്ന സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായുള്ള നയരേഖയായ കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme, RKDP) സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജിവിക്കാനാകുന്നവിധം കരുത്തോടെയും പ്രകൃതിസൗഹൃദപരമായും അത്യന്താധുനിക സാങ്കേതിവിദ്യകൾ പ്രയേജനപ്പെടുത്തി ഉന്നത നിലവാരത്തിൽ കേരളത്തെ പുനർനിർമ്മിക്കുക എന്നതാണ് കേരള പുനർനിർമ്മാണ വികസന പരിപാടി ലക്ഷ്യമിടുന്നത്. കേരളപുനർനിർമ്മാണ പദ്ധതികളിലെല്ലാം ഈ കാഴ്ചപ്പാട് ഉൾച്ചേർന്നിട്ടുണ്ട്.

വിവിധ വകുപ്പുകളുടെ പദ്ധതിരേഖയുടെ അടിസ്ഥാനത്തിലല്ല, മറിച്ച് വികസനനയ വായ്പയായാണ് ലോകബാങ്ക് തുക അനുവദിച്ചിട്ടുള്ളത്. ജർമ്മൻ ബാങ്കായ കെ.എഫ്.ഡബ്ല്യുവുമായും ഇത്തരത്തിലുള്ള ചർച്ചകളാണ് നടക്കുന്നത്. ലഭ്യമാകുന്ന തുക അനുയോജ്യമായ പദ്ധതികൾക്കായി വകയിരുത്തുകയാണ് ചെയ്യുന്നത്.

(ഡി&ഇ) കേരള പുനർനിമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽ നിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ലഭ്യമായിട്ടുണ്ട്.

ലോകബാങ്കിൽ നിന്നുള്ള തുക ലഭിച്ച് 7 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട പ്രോജക്ട് അതോറിറ്റിക്ക് കൈമാറണമെന്നും അല്ലാത്തപക്ഷം കൈമാറാത്ത തുകയിന്മേൽ കേന്ദ്ര സർക്കാരിന് പലിശ ചുമത്താവുന്നതാണെന്നുമുള്ള സമീപനമാണ് ഇംപ്ലിമെന്റേഷൻ ഏജൻസികൾ വഴി നടപ്പാക്കുന്ന പദ്ധതി വായ്പകളെ സംബന്ധിച്ചിടത്തോളം പ്രസക്തമായിട്ടുള്ളത്. എന്നാൽ കേരളത്തിന് ലഭ്യമാക്കിയിട്ടുള്ളത് വികസനനയവായ്പയാണ്. ആർ.കെ.ഡി.പി.യിൽ വിവക്ഷിച്ചിട്ടുള്ള വികസനനയത്തിന് അനുസൃതമായി വിവിധ പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിനായി 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ കേരള പുനർനിർമ്മാണ പദ്ധതിക്കായി 5475-00-115-94 എന്ന ശീർഷകത്തിൽ 1000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക ചെലവഴിച്ച തീരുന്ന മുറയ്ക്ക് ലോകബാങ്കിൽ നിന്നും ലഭിച്ച ബാക്കി തുക Additional Authorisation വഴി നിർവ്വഹണ ഏജൻസിക്ക് അനുവദിച്ച് നൽകുന്നതാണ്.

**ആലുവ നിയോജകമണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

88 (94) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ആലുവ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആലുവ മണ്ഡലത്തിലെ വിവിധ വകുപ്പുകളിലെ പ്രവൃത്തികളുടെ ലിസ്റ്റ് വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) റീബിൽഡ് കേരള പദ്ധതിയിൽ നിയോജക മണ്ഡലാടിസ്ഥാനത്തില്ല, മറിച്ച് സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.

ഇത്തരത്തിൽ റീബിൽഡ് കേരളയുടെ കീഴിൽ ആദ്യഘട്ടത്തിൽ പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം, ഫിഷറീസ്, ഗതാഗതം, ജലവിഭവം, പരിസ്ഥിതി, മൃഗസംരക്ഷണം, കൃഷി, റവന്യൂ, വിവരസാങ്കേതികം തുടങ്ങിയ വകുപ്പുകളുടേതായി 1865 കോടി രൂപ ചെലവ് വരുന്ന വിവിധ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

**പ്രളയ നഷ്ടം**

89 (95) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായ പ്രളയത്തെ തുടർന്നുള്ള നഷ്ടത്തിന്റെ വ്യാപ്തി എത്രയെന്ന് അറിയിക്കാമോ;

(ബി) ഇതിലേയ്ക്കായി എത്ര തുകയാണ് കേന്ദ്രത്തിൽ നിന്ന് സഹായമായി ആവശ്യപ്പെട്ടത് എന്ന് അറിയിക്കാമോ;

(സി) എത്ര തുക കേന്ദ്രം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഐക്യരാഷ്ട്ര സഭയുടെ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്സ്മെന്റ് (Post Disaster Need Assessment-PDNA) പ്രകാരം 2018-ലെ കാലവർഷക്കെടുതിയിൽ സംസ്ഥാനത്തിന്റെ മൊത്തം നഷ്ടം 26,718 കോടി രൂപയായാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. 2019-ലെ കാലവർഷക്കെടുതിയിൽ ദേശീയ ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡം അനുസരിച്ച് 2101.88 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

(ബി) 2018-ലെ കാലവർഷക്കെടുതി വിലയിരുത്തി കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ (NDRF) നിലവിലെ മാനദണ്ഡപ്രകാരം 5616.7 കോടി രൂപ ആവശ്യപ്പെട്ടിരുന്നു. 2019-ലെ കാലവർഷക്കെടുതി വിലയിരുത്തി ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം അനുസരിച്ച് 2101.88 കോടി രൂപയുടെ അധിക സഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) 2018-ലെ പ്രളയക്കെടുതിക്ക് കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് 2904.85 കോടി രൂപ അനുവദിച്ചിരുന്നു. 2019-ൽ പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്രം ധനസഹായം ഒന്നുംതന്നെ അനുവദിച്ചിട്ടില്ല.

**സാലറി ചലഞ്ച്**

90 (96) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സാലറി ചലഞ്ച് വഴി ഇതിനകം എത്ര കോടി രൂപ സമാഹരിച്ചുവെന്ന് വ്യക്തമാക്കുക;

(ബി) സാലറി ചലഞ്ച് വഴി പെൻഷൻകാരിൽ നിന്നും ഇതിനകം ലഭിച്ച തുകയെത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ ജീവനക്കാരിൽ നിന്നും 30-1-2020 വരെ സാലറി ചലഞ്ച് വഴി 1224.15 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

(ബി) പെൻഷൻകാരിൽ നിന്നും 29-1-2020 വരെ 12.61 കോടി രൂപ ലഭിച്ചിട്ടുണ്ട്.

**പ്രളയ സാമ്പത്തിക സഹായം**

91 (97) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ലഭിച്ച സാമ്പത്തിക സഹായങ്ങൾ എന്തെല്ലാമാണ്; ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ ലഭിച്ച ഫണ്ട് ഏത് ഹെഡ് ഓഫ് അക്കൗണ്ട്/ ട്രഷറി അക്കൗണ്ട്/ ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പ്രളയത്തിന്റെ ഭാഗമായി തകർന്ന വീടുകളുടെ പുനർനിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ സംബന്ധിച്ച് ലഭിച്ച അപേക്ഷകളിൽ ധനസഹായം വിതരണം ചെയ്തിട്ടുണ്ടോ; ഇനം/ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തുണ്ടായ പ്രളയവുമായി ബന്ധപ്പെട്ട് 2018-19 സാമ്പത്തിക വർഷത്തിൽ കേന്ദ്രദുരന്തനിവാരണ ഫണ്ടിൽ നിന്നും 2904.85 കോടി രൂപയും സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നും 192.60 കോടി രൂപയും 1-2-2020 വരെ മുഖ്യമന്ത്രിയുടെ ദുരിതശ്വാസ നിധിയിലേയ്ക്ക് 4760.57 കോടി രൂപയും വിവിധ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നും എം.പി. ലാഡ്സ് ഫണ്ട് ഇനത്തിൽ 35.89 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

(ബി) പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്രദുരന്തനിവാരണ ഫണ്ടും സംസ്ഥാന ദുരന്ത നിവാരണ ഫണ്ടും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിലും എം.പി ലാഡ്സ് ഫണ്ട് തിരുവനന്തപുരം കാനറാബാങ്കിന്റെ അക്കൗണ്ട് നമ്പർ 0819101102737-ലും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിക്കുവേണ്ടി തിരുവനന്തപുരം ജില്ലാ ട്രഷറി പബ്ലിക് അക്കൗണ്ട് TPA-701010200000080-ലും സ്പെഷ്യൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടായ STSB- 799011400004798-ലും 18 ബാങ്ക് അക്കൗണ്ടുകളിലുമായാണ് നിക്ഷേപിച്ചിരിക്കുന്നത്.

| ബാങ്ക് | അക്കൗണ്ട് നമ്പർ |
|---|---|
| SBI, City Branch, Thiruvananthapuram | 67319948232 |
| SIB, Corporate Bank, Thiruvananthapuram | 721053000002584 |
| Federal Bank, Thiruvananthapuram | 10210100412397 |
| HDFC, Thiruvananthapuram | 50100248534439 |
| ICICI Bank, Thiruvananthapuram | 626205211728 |
| CSB, G.H Junction, Thiruvananthapuram | 0334-03981212-190001 |
| Axis Bank, Kowdiar Branch, Thiruvananthapuram | 918010080025138 |
| Dhanalaxmi Bank, Thiruvananthapuram | 3705300008873 |
| IDBI Bank Ltd., Karamana | 889104000093709 |
| Indian Overseas Bank, Trivandrum Main | 9901000030001 |
| Union Bank of India, Trivandrum | 502902010900717 |
| PNB, Thiruvananthapuram | 3301002100018400 (CurrentA/c) 3301002100018407 (Savings A/c) |
| Canara Bank, Trivandrum | 5842132000003 |
| Andhra Bank Secretariate, Trivandrum | 056711100002306 (Current A/c) 056710100038037 (Flexi -A/c) |
| Kotak Mahindra Bank, Trivandrum | 1814178206 |
| Yes Bank, Thiruvananthapuram | 34994600001209 |
| Standard Chattered Bank, Thiruvananthapuram | 43710072397 |
| Bank of Baroda, Thiruvananthapuram | 29860100006387 |

(സി) പ്രളയത്തിന്റെ ഭാഗമായി തകർന്ന വീടുകളുടെ പുനർനിർമ്മാണം, അറ്റകുറ്റപ്പണി എന്നിവയ്ക്കായി ധനസഹായം വിതരണം ചെയ്തുവരികയാണ്. ഇതിലേയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് വിവിധ ജില്ലകൾക്ക് 3-1-2020 വരെ അനുവദിച്ച തുകയുടെ വിവരം താഴെ പറയുന്നു.

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 28,00,00,000 |
| കൊല്ലം | 15,38,00,000 |
| പത്തനംതിട്ട | 62,63,04,200 |
| ആലപ്പുഴ | 4,51,88,61,650 |
| കോട്ടയം | 1,17,88,00,000 |
| ഇടുക്കി | 1,18,15,74,100 |
| എറണാകുളം | 4,71,32,41,100 |
| തൃശ്ശൂർ | 77,13,90,600 |
| പാലക്കാട് | 1,00,09,80,700 |
| മലപ്പുറം | 51,80,50,600 |
| കോഴിക്കോട് | 28,96,00,000 |
| വയനാട് | 45,00,10,500 |
| കണ്ണൂർ | 11,59,00,000 |
| കാസർഗോഡ് | 1,52,00,000 |
| ആകെ | 15,81,37,13,450 |

**പ്രളയ ദുരിതാശ്വാസ നിധി**

92 (98) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ദുരിതാശ്വാസ നിധിയിലേയ്ക്ക് സഹായം അഭ്യർത്ഥിച്ച് മുഖ്യമന്ത്രി ഏതൊക്കെ വിദേശരാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ടെന്ന വിശദമാക്കാമോ;

(ബി) പ്രസ്തുത സന്ദർശനത്തിന്റെ ഫലമായി ഓരോ രാജ്യത്ത് നിന്നും ലഭിച്ച സഹായം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ക്രൗഡ് ഫണ്ടിംഗ് ഇനത്തിൽ ഇതിനകം എന്ത് തുക ലഭ്യമായിട്ടുണ്ടെന്ന വിശദമാക്കാമോ?

ഉത്തരം

(എ) യു. എ. ഇ. സന്ദർശിച്ചിരുന്നു.

(ബി) യു.ഇ.എ. സർക്കാരിൽ നിന്നും ധനസഹായമൊന്നും ലഭിച്ചിട്ടില്ല.

(സി) ക്രൗഡ് ഫണ്ടിംഗ് മുഖേന 81,01,204 രൂപ (എൺപത്തിയൊന്ന് ലക്ഷത്തി ആയിരത്തി ഇരുന്നൂറ്റിനാല് രൂപ) ലഭ്യമായിട്ടുണ്ട്.

**ദേശീയ ദുരന്തപ്രതികരണ നിധി**

93 (99) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018 ലും 2019 ലും ഉണ്ടായ പ്രളയത്തെ തുടർന്ന് ദേശീയ ദുരന്തപ്രതികരണ നിധി മാനദണ്ഡമനുസരിച്ച് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടത് എത്ര കോടി രൂപയുടെ പുനരധിവാസ സഹായമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ മേഖലയ്ക്കും ആവശ്യപ്പെട്ട തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രം ഇതിനകം എത്ര കോടി രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേശീയ ദുരന്തപ്രതികരണനിധിയുടെ മാനദണ്ഡമനുസരിച്ച് 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് 5616 കോടി രൂപയുടെയും 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് 2101.88 കോടി രൂപയുടെയും സഹായം അഭ്യർത്ഥിച്ചുകൊണ്ട് മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി.

(ബി) അനുബന്ധമായി *ചേർക്കുന്നു.

(സി) 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് 2904.85 കോടി രൂപയുടെ അടിയന്തര സഹായം അനുവദിച്ചിട്ടുണ്ട്. 2019-ൽ ലഭ്യമായിട്ടില്ല.

**റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി കൽപ്പറ്റ മണ്ഡലത്തിലെ പ്രവൃത്തികൾ**

94 (100) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നതും നടപ്പിലാക്കാനുള്ളതുമായ പദ്ധതികളും പ്രവൃത്തികളും വിശദമാക്കാമോ; ഇതിനായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി ഗ്രാമീണ റോഡുകളുടെ പുരനരുദ്ധാരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) റീബിൽഡ് കേരള പദ്ധതിയിൽ നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ, തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.

ഇത്തരത്തിൽ റീബിൽഡ് കേരളയുടെ കീഴിൽ ആദ്യഘട്ടത്തിൽ പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണം, ഫിഷറീസ്, ഗതാഗതം ജലവിഭവം, പരിസ്ഥിതി, മൃഗസംരക്ഷണം, കൃഷി, റവന്യൂ, വിവരസാങ്കേതികം തുടങ്ങിയ വകുപ്പുകളുടേതായി 1865 കോടി രൂപ ചെലവുവരുന്ന വിവിധ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നല്കിയിട്ടുണ്ട്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന, പ്രളയത്തിൽ തകർന്നതും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്താത്തതുമായ റോഡുകളുടെ പുനരുദ്ധാരണത്തിനുവേണ്ടി 961.264 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്രളയാനന്തര കേരള പുനർനിർമ്മാണം**

95 (101) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര കേരള പുനഃർനിർമ്മാണത്തിനായി സംസ്ഥാന സർക്കാരിന് ലഭിച്ച സാമ്പത്തിക സഹായം എത്ര എന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ ഇനങ്ങളിലാണ് ഈ തുക ലഭ്യമായത്; പ്രസ്തുത തുക ഉപയോഗിച്ച് സർക്കാർ ഇതിനോടകം ആരംഭിച്ച പുനഃർനിർമ്മാണ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ മേഖലയ്ക്കും അനുവദിച്ച തുകയും ആയതിൽ ചെലവഴിച്ച തുകയും പ്രത്യേകം വ്യക്തമാക്കാമോ;

(ഡി) ശേഷിക്കുന്ന പ്രവർത്തനങ്ങൾ ഏതൊക്കെയാണ്; ആയത് എന്നത്തേയ്ക്ക് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽ നിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ലഭ്യമായിട്ടുണ്ട്.

(ബി&സി) ഇനം തിരിച്ചല്ല, വികസന നയവായ്പയായാണ് ലോകബാങ്ക് തുക അനുവദിച്ചിട്ടുള്ളത്. അനുയോജ്യമായ പദ്ധതികൾ സർക്കാരിനുതന്നെ തീരുമാനിക്കാവുന്നതാണ്. ഈ തുക ഉപയോഗിച്ച് നടപ്പാക്കുന്നതിനായി വിവിധ വകുപ്പുകളിലായി 1865 കോടി രൂപയുടെ പദ്ധതികൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നലകിയിട്ടുണ്ട്.

(ഡി) ഓരോ വകുപ്പുകളും സമർപ്പിക്കുന്ന പുനർനിർമ്മാണ പദ്ധതികൾ പരിശോധിച്ച് അംഗീകാരം നൽകിവരുന്നു.

**പ്രളയാനന്തര കേന്ദ്ര സഹായങ്ങൾ**

96 (102) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2019 ൽ ഉണ്ടായ പ്രളയത്തിൽ കേന്ദ്ര സഹായമായി എത്ര തുക അനുവദിക്കണമെന്നാണ് സംസ്ഥാനം ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്രം ഇതുവരെ എത്ര തുക ഈയിനത്തിൽ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) 2018 ലെ പ്രളയകാലത്ത് ക്യാമ്പുകളിൽ സൗജന്യമായി വിതരണം ചെയ്ത 89540 ടൺ അരിയുടെ വില ഉടൻ നൽകണമെന്ന് കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക നൽകണമെന്നാണ്ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിലുള്ള സംസ്ഥാന നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് 2101.88 കോടി രൂപയുടെ സഹായം അഭ്യർത്ഥിച്ചുകൊണ്ട് മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി.

(ബി) 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് ദേശീയ ദുരന്ത പ്രതികരണനിധിയിൽ നിന്ന് അടിയന്തര സഹായം അനുവദിച്ചിട്ടില്ല.

(സി&ഡി) 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് അധികമായി അനുവദിച്ച 89540 MT അരിയുടെ തുകയായ 205.81 കോടി രൂപ നൽകുവാൻ കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ സർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ല.

**പ്രളയാനന്തര റോഡ് നിർമ്മാണത്തിന് ആലപ്പുഴ ജില്ലയ്ക്ക് നൽകിയ തുക**

97 (103) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നു പ്രളയാനന്തര റോഡ് നിർമ്മാണത്തിന് എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; ആലപ്പുഴ ജില്ലയ്ക്ക് നൽകിയ വിഹിതം എത്രയാണ്;

(ബി) ആലപ്പുഴ ജില്ലയ്ക്കനുവദിച്ച തുകയിൽ മാവേലിക്കര നിയോജകമണ്ഡലത്തിന് അനുവദിച്ച തുക വ്യക്തമാക്കാമോ; പഞ്ചായത്ത് തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ തകർന്ന സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന റോഡുകളുടെ നവീകരണത്തിന് സി.എം.ഡി.ആർ.എഫ്-ൽ നിന്നും ആകെ 961.264 കോടി രൂപ അനുവദിക്കുന്നതിന് 9-1-2020-ലെ സ.ഉ.(കൈ)നമ്പർ 13/2020/തസ്വഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന നടപടികൾ പുരോഗമിക്കുന്നു.

**പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ നവീകരണം**

98 (104) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ മഴയിലും പ്രളയത്തിലും തകർന്ന ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് സി.എം.ഡി.ആർ.എഫ്.-ൽ നിന്ന് തുക അനുവദിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം റോഡുകൾക്ക് ആണ് ഇപ്രകാരം ഫണ്ട് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) റോഡുകളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് സി.എം.ഡി.ആർ.എഫ്.-ൽ നിന്നും ആകെ 961.264 കോടി രൂപ അനുവദിക്കുന്നതിന് 9-1-2020-ലെ സ.ഉ. (കൈ)നമ്പർ 13/2020/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) പ്രളയത്തിൽ തകർന്നതും ഇപ്പോൾ സഞ്ചാരയോഗ്യമല്ലാത്തതുമായ റോഡുകളുടെ പുനരുദ്ധാരണത്തിന് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി നല്കിയതിന്റെ അടിസ്ഥാനത്തിലാണ് ഫണ്ട് നൽകുന്നത്.

(സി) റോഡുകളുടെ അന്തിമ പട്ടിക തയ്യാറാക്കിവരുന്നു.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

99 (106) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്; എത്ര തുക വീതം നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) കോഴിക്കോട് ജില്ലയെ സംബന്ധിച്ചുള്ള പ്രസ്തുത വിവരങ്ങൾ പ്രത്യേകം ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകുന്നതിനായി ഏതെങ്കിലും ജില്ലയിൽ ജനസമ്പർക്കം പോലെയുള്ള പരിപാടികൾ സംഘടിപ്പിക്കേണ്ടി വന്നിട്ടുണ്ടോ;

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിക്കുന്ന അപേക്ഷകളിൽ ഇപ്പോൾ എത്ര ദിവസം കൊണ്ട് തീർപ്പ് കൽപ്പിക്കാൻ സാധ്യമാകുന്നുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 4,01,947 ഗുണഭോക്താക്കൾക്കായി വിവിധ ജില്ലകൾക്ക് അനുവദിച്ചിട്ടുള്ള 689,56,79,313 രൂപ ഉൾപ്പെടെ ആകെ 742 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 14,838 ഗുണഭോക്താക്കൾക്കായി ആകെ 33,81,57,003 രൂപ നൽകിയിട്ടുണ്ട്.

(സി) ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ 2017-ൽ നടന്ന പൊതുസമ്പർക്ക പരിപാടിയിൽ ധനസഹായത്തിനുള്ള അപേക്ഷകളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളിൽ കഴിയുന്നത്ര വേഗത്തിൽ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നുണ്ട്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം**

100 (107) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽപ്പെട്ട എത്രപേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ചു എന്ന് വിശദമാക്കാമോ;

(ബി) 1-6-2016 മുതൽ അനുവദിച്ചതിന്റെ വിശദാംശം ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) മണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിക്കാറില്ല.

**എൻ.ഡി.ആർ.എഫ്.-ൽ നിന്നും അനുവദിച്ച തുക**

101 (108) ശ്രീ. വി. ടി. ബൽറാം:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയകെടുതിയുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ സാമ്പത്തിക സഹായമാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നതെന്നും ഇത് പ്രകാരം എൻ.ഡി.ആർ.എഫ്.ൽ നിന്നും കേന്ദ്ര സർക്കാർ എത്ര രൂപ അനുവദിച്ചെന്നുമുള്ള വിശദാംശം നൽകാമോ;

(ബി) ഇങ്ങനെ എൻ.ഡി.ആർ.എഫ്.ൽ നിന്നും സംസ്ഥാനത്തിന് അനുവദിച്ച തുകയിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയെന്നും അത് ഏതെല്ലാം ഇനത്തിലാണെന്നും വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ ചെലവഴിച്ച തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് യഥാസമയം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ആയത് സമർപ്പിക്കുന്നതിലുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) 2019 ൽ സംസ്ഥാനത്തുണ്ടായ പ്രളയകെടുതിയുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ സാമ്പത്തിക സഹായമാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളതെന്നും ഇതിൽ എത്ര രൂപ നാളിതുവരെ കേന്ദ്രം അനുവദിച്ചുവെന്നും വ്യക്തമാക്കാമോ;

(ഇ) കേന്ദ്ര സർക്കാരിനോട് ഇത്തരത്തിൽ ആവശ്യപ്പെട്ട തുക അനുവദിച്ചിട്ടില്ലെങ്കിൽ ആയതിന് കേന്ദ്ര സർക്കാർ ചൂണ്ടികാണിച്ച കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് ദേശീയ ദുരന്തപ്രതികരണനിധിയുടെ മാനദണ്ഡമനുസരിച്ച് 5616 കോടി രൂപയുടെ സഹായം അഭ്യർത്ഥിച്ചുകൊണ്ട് മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. 2904.85 കോടി രൂപയാണ് അടിയന്തര കേന്ദ്ര സഹായമായി നൽകിയത്.

(ബി) കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽ നിന്ന് അനുവദിക്കുന്ന തുക സംസ്ഥാന ദുരന്ത പ്രതികരണനിധിയിലെ വിവിധ ശീർഷകങ്ങളിൽ നിലവിൽ നൽകുന്ന തുകയോടൊപ്പം വകയിരുത്തുകയും സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരം വിനിയോഗിക്കുകയും ചെയ്യുന്നു. സംസ്ഥാന ദുരന്തപ്രതികരണനിധിയിൽ നിന്നും 2018-19 സാമ്പത്തിക വർഷം 1317.63 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷം 1099.91 കോടി രൂപയും (29-1-2020 വരെ) വിനിയോഗിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ വിവിധ ശീർഷകങ്ങളിൽ നിന്ന് വിനിയോഗിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി* ചേർക്കുന്നു.

(സി) ഉണ്ട്. വിനിയോഗസർട്ടിഫിക്കറ്റ് 4-7-2019-നും 28-6-2019-നും 10-12-2019-നും 14-1-2020-നും കേന്ദ്ര സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ട്.

(ഡി&ഇ) 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് 2101.88 കോടി രൂപയുടെ സഹായം അഭ്യർത്ഥിച്ചുകൊണ്ട് മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽ നിന്ന് അടിയന്തര സഹായം അനുവദിച്ചിട്ടില്ല. 2019-20 സാമ്പത്തികവർഷത്തിലെ കേന്ദ്ര വിഹിതത്തിന്റെ ആദ്യഗഡുവായി 5227.50 ലക്ഷം രൂപ അനുവദിച്ച് കിട്ടിയിട്ടുണ്ട്. തുക അനുവദിക്കാത്തിന് കാരണം വ്യക്തമാക്കി കേന്ദ്ര സർക്കാരിൽനിന്ന് കത്തുകളൊന്നും ലഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പ്രളയ/കാലവർഷ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ സഹായം

102 (109) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രളയ/കാലവർഷ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ എത്ര കോടി രൂപയുടെ സഹായമാണ് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളത്;

(ബി) ഇതുവരെയായി കേന്ദ്രസർക്കാരിൽ നിന്നും പണമായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) കേരളത്തിലെ പ്രളയ ദുരന്തസമയത്ത് സേവനം നൽകിയ വ്യോമസേനാ ഹെലികോപ്റ്ററുകളുടെ വാടക നൽകാൻ കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത സമയത്ത് വിതരണം ചെയ്ത സൗജന്യ ഭക്ഷണ സാധനങ്ങൾക്ക് (റേഷൻ) വില നൽകുവാൻ കേന്ദ്രം സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) 9142.2 കോടി രൂപയുടെ സഹായമാണ് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളത്.

(ബി) 3048.27 കോടി രൂപയാണ് കേന്ദ്ര സർക്കാർ പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ അധിക ധനസഹായമായി അനുവദിച്ചിട്ടുള്ളത്. അതിൽ 2016-17-ലെ വരൾച്ചയുമായി ബന്ധപ്പെട്ട് 31.72 കോടി രൂപയും 2017-ലെ ഓഖിയുമായി ബന്ധപ്പെട്ട് 111.7 കോടി രൂപയും 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് 2904.85 കോടി രൂപയുമാണ് അനുവദിച്ചിട്ടുള്ളത്.

(സി) ഉണ്ട്. 113,69,34,899 രൂപയുടെ എയർ ബില്ലുകൾ ലഭ്യമായിട്ടുണ്ട്. ഓഖിയും, പ്രളയവും സംസ്ഥാനത്ത് ഉണ്ടാക്കിയ നാശനഷ്ടങ്ങൾ പരിഗണിച്ച് ഈ തുക അടയ്ക്കുന്നതിൽ നിന്ന് സംസ്ഥാനത്തെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് 25-7-2019-ൽ മുഖ്യമന്ത്രി കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രിക്ക് കത്ത് നല്കിയിരുന്നെങ്കിലും മറുപടിയൊന്നും ലഭിച്ചിട്ടില്ല.

(ഡി) 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് അധികമായി അനുവദിച്ച 89540 MT അരിയുടെ തുകയായ 205.81 കോടി രൂപ നൽകുവാൻ കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ട്.

## കേന്ദ്ര സർക്കാരിൽ നിന്നുള്ള ദുരിതാശ്വാസ സഹായങ്ങൾ

103 (110) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായ കനത്ത മഴയുടെയും പ്രകൃതി ദുരന്തത്തിന്റെയും സമയത്ത് കേന്ദ്രസർക്കാർ എന്തെല്ലാം സഹായങ്ങൾ സംസ്ഥാനത്തിന് നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇത്തരം സഹായങ്ങൾക്ക് കേന്ദ്രസർക്കാർ പണം ഈടാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽ നിന്ന് 3048.27 കോടി രൂപയുടെ അടിയന്തര സഹായമാണ് (2016 മുതൽ) അനുവദിച്ചിട്ടുള്ളത്. രക്ഷാപ്രവർത്തനത്തിനായി വായുസേന, കരസേന, നാവിക സേന, കോസ്റ്റ് ഗാർഡ് ദേശീയ ദുരന്ത പ്രതികരണ സേന, ബി.എസ്.എഫ്., സി.ആർ.പി.എഫ്, ഡിഫൻസ് സർവ്വീസ് കോർപ്സ്, ഐ.ടി.ബി.പി., സി.ഐ.എസ്.എഫ്. എന്നിവരുടെ സേവനം ലഭിച്ചിട്ടുണ്ട്. 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് 89540 MT അധികമായി അനുവദിച്ചിട്ടുണ്ട്.

(ബി) 113,69,34,899 രൂപയുടെ എയർ ബില്ലുകൾ എയർ ഹെഡ് കോർട്ടേഴ്സിൽ നിന്ന് ലഭ്യമായിട്ടുണ്ട്. ഓഖിയും, പ്രളയവും സംസ്ഥാനത്ത് ഉണ്ടാക്കിയ നാശനഷ്ടങ്ങൾ പരിഗണിച്ച് ഈ തുക അടയ്ക്കുന്നതിൽനിന്ന് സംസ്ഥാനത്തെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് 25-7-2019-ൽ മുഖ്യമന്ത്രി കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രിക്ക് കത്ത് നല്കിയിട്ടുണ്ടെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് 89540 MT അരി അധികമായി അനുവദിച്ചതിന് 205.81 കോടി രൂപ നൽകുവാൻ കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ട്.

## കൊല്ലപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരം

104 (111) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറ്റാലിയൻ കപ്പൽ എൻറിക്വ ലെക്സിയിലെ നാവികർ രണ്ട് മത്സ്യത്തൊഴിലാളികളെ വെടിവച്ച് കൊലപ്പെടുത്തിയ കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) ഈ കേസ് ഇപ്പോൾ ആരാണ് അന്വേഷിക്കുന്നത് എന്ന് അറിയിക്കാമോ;

(സി) കൊല്ലപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ടോ; ഏങ്കിൽ വിശദവിവരങ്ങൾ നൽകുമോ;

(ഡി) ഈ കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ഇറ്റാലിയൻ കപ്പൽ എൻറിക്വ ലെക്സിയിലെ നാവികർ രണ്ട് മത്സ്യത്തൊഴിലാളികളെ വെടിവച്ച് കൊലപ്പെടുത്തിയ കേസ് MHA Order No.11011/19/13 തീയതി 11-4-2013 പ്രകാരം NIA-യ്ക്ക് കൈമാറിയിട്ടുള്ളതാണ്.

(സി) ഇറ്റാലിയൻ കപ്പൽ എൻറിക്വ ലെക്സിയിലെ നാവികർ വെടിവച്ച് കൊലപ്പെടുത്തിയതിൽ കൊല്ലം ജില്ലയിൽ നിന്നും കൊല്ലപ്പെട്ട ജലസ്റ്റിൻ വാലന്റൈനിന്റെ കുടുംബത്തിന് ബന്ധപ്പെട്ട ഇറ്റാലിയൻ അധികൃതർ നഷ്ടപരിഹാരമായി ഒരു കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. കൊല്ലപ്പെട്ട രണ്ടാമത്തെ വ്യക്തി തമിഴ്നാട് സ്വദേശിയായ അനിൽ ബിങ്കി എന്ന മത്സ്യത്തൊഴിലാളിയാണ്. അദ്ദേഹത്തിന്റെ കുടുംബത്തിന് നഷ്ടപരിഹാരം ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

(ഡി) കൊല്ലം ജില്ലയിൽ നിന്നുള്ള ജലസ്റ്റിൻ വാലന്റൈനിന്റെ കുടുംബത്തിന് സംസ്ഥാന സരക്കാർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5 ലക്ഷം രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. കൂടാതെ ടിയാന്റെ വിധവ ശ്രീമതി ഡോറമ്മ ഡി.-ക്ക് ഫിഷറീസ് വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ കൊല്ലം ജില്ലാ ഓഫീസിൽ സ്ഥിര നിയമനം നല്കിയിട്ടുണ്ട്. കൂടാതെ മരണപ്പെട്ട ജലസ്റ്റിൻ വാലന്റൈനിന്റെ കുടുംബത്തിന് മത്സ്യഫെഡിന്റെ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം 3 ലക്ഷം രൂപ ഇൻഷ്വറൻസ് ആനുകൂല്യമായി നൽകിയിട്ടുണ്ട്.

**മൂന്നാം വാർഷികാഘോഷ ചെലവ്**

105 (113) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ മൂന്നാം വാർഷികാഘോഷങ്ങളുമായി ബന്ധപ്പെട്ട് പരസ്യം നൽകിയ വകയിൽ എന്ത് തുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ;

(ബി) പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും ഉണ്ടായ ചെലവ് ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ മൂന്ന് വർഷം പൂർത്തിയാക്കിയതിനോടനുബന്ധിച്ചുള്ള പരിപാടികളുമായി ബന്ധപ്പെട്ട് പരസ്യം നൽകിയിട്ടില്ല.

**ലീഗൽ കൺസൾട്ടന്റുമാരുടെ നിയമനം**

106 (114) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളീയരായ പ്രവാസികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ ഏതെല്ലാം രാജ്യങ്ങളിൽ ലീഗൽ കൺസൾട്ടന്റുമാരെ നിയമിച്ചുവെന്നും ഇവർ ആരെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(ബി) ഇവർക്കുള്ള പ്രതിഫലം എത്രയാണെന്നും ഇവർക്ക് ബന്ധപ്പെട്ട രാജ്യങ്ങളിലെ കോടതികളിൽ ഹാജരായി കേസ് നടത്തുവാൻ അനുമതി ലഭ്യമാണോ എന്നും അറിയിക്കുമോ?

ഉത്തരം

(എ) കേരളീയരായ പ്രവാസികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി 6 ജി.സി.സി. രാജ്യങ്ങളിലായി 11 നോർക്ക ലീഗൽ കണസൾട്ടന്റുമാരെ നിയോഗിച്ചിട്ടുണ്ട്. ഇവരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നോർക്ക ലീഗൽ കൺസൾട്ടന്റിന്റെ പേര് | രാജ്യം |
|---|---|---|
| 1 | അഡ്വ. രാജേഷ് സാഗർ | കുവൈറ്റ് |
| 2 | അഡ്വ. ശ്രീജിത്ത് കൃഷ്ണൻ | ബഹ്റൈൻ |
| 3 | അഡ്വ. ഗിരീഷ് അത്രങ്ങാടൻ | ഒമാൻ |
| 4 | അഡ്വ. സാബു രത്നാകരൻ | അബുദാബി(യു.എ.ഇ.) |
| 5 | അഡ്വ. ഹെമിൻ പണിക്കശ്ശേരി | ഷാർജ (യു.എ.ഇ.) |
| 6 | അഡ്വ. താഹാ യൂസഫ് | ഷാർജ (യു.എ.ഇ.) |
| 7 | അഡ്വ. അനലാ ഷിബു | ദുബായ് (യു.എ.ഇ.) |
| 8 | അഡ്വ. ബിനി സരോജ് | ദുബായ് (യു.എ.ഇ.) |
| 9 | അഡ്വ. തോമസ് പി.എം. | ദമാം(സൗദി അറേബ്യ) |
| 10 | അഡ്വ. നജ്മുദ്ദീൻ എ. | ദമാം(സൗദി അറേബ്യ) |
| 11 | അഡ്വ. നിസാർ കോച്ചേരി | ഖത്തർ |

(ബി) ഓരോ നോർക്ക ലീഗൽ കൺസൾട്ടന്റിനും ഓണറേറിയമായി പ്രതിവർഷം 1,20,000 രൂപയും (ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) നോർക്ക ഏൽപ്പിച്ചുനൽകുന്ന ഓരോ കേസിനും റിപ്പോർട്ട് നൽകുന്നതിനനുസരിച്ച് 10,000 രൂപയും (പതിനായിരം രൂപ മാത്രം) വീതം പ്രതിഫലമായി നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

നിയമസഹായം ലഭിക്കാതെ കേസുകളിൽ അകപ്പെട്ട് മിക്കപ്പോഴും പ്രവാസി മലയാളികൾ ജയിലുകളിൽ കഴിയുന്നുണ്ട്. ഇവരെ സഹായിക്കുന്നതിനായി കേസുകളിന്മേൽ നിയമോപദേശം നൽകുക, നഷ്ടപരിഹാരം/ദയാഹർജികൾ തയ്യാറാക്കുക, നിയമ ബോധവത്ക്കരണ പരിപാടികൾ മലയാളി സാംസ്കാരിക സംഘടനകളുമായി ചേർന്ന് സംഘടിപ്പിക്കുക, വിവിധ ഭാഷകളിൽ തർജ്ജമ നടത്തുന്നതിന് വിദഗ്ധരുടെ സഹായം ലഭ്യമാക്കുക എന്നിവയാണ് നോർക്ക ലീഗൽ കൺസൾട്ടന്റിൽ നിഷിപ്തമായിട്ടുള്ള ചുമതലകൾ.

## പ്രവാസി ക്ഷേമ പദ്ധതികൾ

107 (115) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണംമൂലം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരികെ എത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവാസ ജീവിതത്തിനിടയിൽ രോഗങ്ങൾ, അപകടങ്ങൾ എന്നിവയെത്തുടർന്ന് മരണപ്പെടുന്നവരുടെ ആശ്രിതരെ സഹായിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നോർക്ക വഴി നടപ്പിലാക്കുന്ന കാരുണ്യ, സാന്ത്വന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസികൾക്കായി നടപ്പിലാക്കിയ ക്ഷേമ പരിപാടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) പ്രവാസിക്ഷേമ കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(എഫ്) പ്രവാസികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള ലോൺ, പെൻഷൻ ഇവ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങ് നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM). പുതിയ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പ ലഭ്യമാക്കുന്നു. ഇതിൽ 20 ലക്ഷം പ്രോജക്ട് കോസ്റ്റിന്റെ 15% മൂലധന സബ്സിഡിയും 4 വർഷത്തേയ്ക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക. സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന പരിശീലനം, പദ്ധതി രേഖകൾ തയ്യാറാക്കാനും വായ്പ ലഭ്യത ഉറപ്പാക്കാനുള്ള സഹായം എന്നിവ സർക്കാർ സ്ഥാപനമായ സി.എം.ഡി. വഴിയും ലഭ്യമാക്കുന്നുണ്ട്. പ്രവാസി പുനരധിവാസ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി നിലവിൽ 16 ധനകാര്യ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവച്ച് വായ്പാ ലഭ്യത വിപുലപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) തിരികെയെത്തിയ പ്രവാസി കേരളീയർക്ക് വേണ്ടി നോർക്കാ റൂട്ട്സ് നടപ്പാക്കിയിട്ടുള്ള ദുരിതാശ്വാസ നിധിയാണ് സാന്ത്വന. ഈ പദ്ധതി പ്രകാരം മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി പരമാവധി ഒരു ലക്ഷം രൂപവരെ നൽകിവരുന്നു. വിദേശത്തുനിന്നും തിരികെയെത്തിയ പ്രവാസികളിൽ ഗുരുതര രോഗങ്ങളാൽ ദുരിതമനുഭവിക്കുന്നവർക്ക് ചികിത്സാ ധനസഹായമായി 50,000 രൂപവരെയും മറ്റു രോഗങ്ങളുടെ ചികിൽസയ്ക്ക് 20,000 രൂപവരെയും അനുവദിച്ചുവരുന്നു. സാമ്പത്തികമായി പിന്നോക്കമായിട്ടുള്ള തിരികെയെത്തിയ പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിനു ധനസഹായമായി 15,000 രൂപവരെ ധനസഹായം നൽകിവരുന്നു.

പ്രവാസികളായ കേരളീയരുടെ (ഇന്ത്യയ്ക്ക് പുറത്തോ കേരളത്തിനു പുറത്ത് ഇതര സംസ്ഥാനങ്ങളിലോ ഉള്ളവർ) മൃതദേഹം നാട്ടിലെത്തിക്കുന്നതിന് ധനസഹായം നൽകുന്ന പ്രത്യേക പദ്ധതിയാണ് കാരുണ്യം. പ്രവാസി കേരളീയന്റെ മൃതദേഹം വിമാനത്തിലോ, ട്രെയിനിലോ, മറ്റേതെങ്കിലും വാഹനത്തിലോ ചെലവുകുറഞ്ഞ രീതിയിൽ എത്തിക്കുന്നതിന് മരണമടഞ്ഞ പ്രവാസിയുടെ നിയമാനുസൃതമുള്ള അവകാശികൾക്കാണ് ധനസഹായം നൽകുന്നത്. മരണമടഞ്ഞ പ്രവാസികൾക്കോ, ബന്ധുക്കൾക്കോ മറ്റൊരു ധനമാർഗ്ഗവുമില്ലാത്ത അസാധാരണ സന്ദർഭങ്ങളിലാണ് ഈ സഹായം നല്കുന്നത്. മൃതദേഹം നാട്ടിലെത്തിച്ചശേഷം ചെലവായ തുക പിന്നീട് കാരുണ്യം പദ്ധതി വഴി അനുവദിക്കുകയാണ് ചെയ്യുന്നത്. വിദേശത്തു വച്ചുണ്ടായ മരണത്തിനു പരമാവധി 50,000 രൂപയും, ഇന്ത്യയിൽ ഇതര സംസ്ഥാനത്തു വച്ചുണ്ടായ മരണത്തിനു 15,000 രൂപയും ധനസഹായമായി ലഭിക്കുന്നതാണ്.

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ പ്രവാസിക്ഷേമ നിധിയിൽ അംഗമായിരിക്കെ അസുഖംമൂലമോ അപകടംമൂലമോ മരണമടയുന്ന പ്രവാസി കേരളീയരായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് അൻപതിനായിരം രൂപയും, വിദേശത്തുനിന്നും തിരിച്ചുവന്ന പ്രവാസി കേരളീയനായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് മുപ്പതിനായിരം രൂപയും പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിന്റെ ആശ്രിതർക്ക് ഇരുപത്തയ്യായിരം രൂപയും ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസികൾക്കായി നടപ്പിലാക്കിയ ക്ഷേമ പരിപാടികൾ ചുവടെ ചേർക്കുന്നു.

1. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്
2. പ്രവാസി നിയമസഹായ പദ്ധതി
3. ലോക കേരള സഭ
4. നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതി
5. ലോക കേരള കേന്ദ്രം
6. പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം
7. ഒമാൻ എയർവേയ്സിൽ പ്രവാസികൾക്കും കുടുംബാംഗങ്ങൾക്കും യാത്രാക്കൂലിയിൽ 7% ഇളവ്.
8. നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ
9. നോർക്ക അസിസ്റ്റഡ് ബോഡി റിപാട്രിയേഷൻ സ്കീം
10. പ്രവാസി ഡിവിഡന്റ് പദ്ധതി

(ഇ) പ്രവാസി ഭാരതീയരായ കേരളീയരുടെ സുരക്ഷിതത്വത്തിനും ക്ഷേമത്തിനും താൽപര്യങ്ങൾക്കും സംരക്ഷണം നൽകാനും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുംവേണ്ടി 2016 ഏപ്രിൽ മാസം 26-ാം തീയതി പ്രവാസി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. പ്രവാസികളുടെ പരാതികൾ പരിഗണിക്കുന്നതിന് നിശ്ചിത ഇടവേളകളിൽ സംസ്ഥാനത്തുടനീളവും എറണാകുളത്ത് പ്രതിമാസവും സിറ്റിംഗ് നടത്തുന്നുണ്ട്. കമ്മീഷന് ലഭിക്കുന്ന പ്രവാസികളുടെ വിവിധ പരാതികളിന്മേൽ ബന്ധപ്പെട്ടവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ഇതിനകം 74 സിറ്റിംഗുകൾ/അദാലത്തുകൾ കമ്മീഷൻ നടത്തിയിട്ടുണ്ട്.

(എഫ്) NDPREM പദ്ധതി വഴി ലോൺ ലഭിക്കുന്നതിന്

- നോർക്ക വെബ്സൈറ്റായ

" www.norkaroots.org (NDPREM ലിങ്ക്) " -ൽ (സ്വന്തമായോ അക്ഷയ കേന്ദ്രങ്ങൾ വഴിയോ രജിസ്റ്റർ ചെയ്യാം)

- (പാസ്പോർട്ട്, പദ്ധതിയുടെ വിവരണം, അപേക്ഷകന്റെ ഫോട്ടോ എന്നിവ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യണം)

വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളെ മുൻഗണനാക്രമത്തിൽ ടെലഫോൺ, മെസേജ് എന്നിവ മുഖാന്തരം ബന്ധപ്പെട്ട് അതത് ജില്ലാ കേന്ദ്രങ്ങളിൽ വച്ച് പരിശീലനക്കളരികളിൽ പങ്കെടുപ്പിക്കുകയും വായ്പാ പദ്ധതിയെക്കുറിച്ച് വിശദീകരിച്ച് അപേക്ഷാഫോറം വിതരണം ചെയ്യുകയും ബാങ്ക് തെരഞ്ഞെടുത്ത് ബന്ധപ്പെട്ട രേഖകൾ സഹിതം സൂക്ഷ്മപരിശോധനയ്ക്ക് പങ്കെടുക്കുന്നതിന് നിർദ്ദേശം നൽകുന്നു. ഹാജരാകുന്ന ഗുണഭോക്താക്കളുടെ പാസ്പോർട്ട്, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ച് ബാങ്കിലേയ്ക്ക് ശിപാർശ കത്ത് നൽകുകയും പകർപ്പ് ഗുണഭോക്താവിനുകൂടി സ്പീഡ്പോസ്റ്റ് ആയി നൽകുകയും ചെയ്യുന്നു. പ്രോജക്ട് റിപ്പോർട്ട് ബാങ്കിൽ നിന്നും ആവശ്യപ്പെടുന്നവർക്ക് സർക്കാർ മനേജ്മെന്റ് സ്ഥാപനമായ സി.എം.ഡി. മുഖാന്തരം ബന്ധപ്പെട്ട് നൽകുന്നു. ബാങ്കിലേയ്ക്ക് സമർപ്പിക്കുന്നതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകിവരുന്നു. ലോൺ അനുവദിക്കുന്ന ബാങ്കിന്റെ കത്ത് നോർക്ക റൂട്ട്സിൽ ലഭ്യമാക്കുന്ന മുറയ്ക്ക് മൂലധന സബ്സിഡി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

ഈ വർഷാവസാനം നോർക്ക റൂട്ട്സുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുള്ള ബാങ്ക് ഓഫ് ഇന്ത്യ, യൂക്കോ ബാങ്ക് എന്നിവർ തെരഞ്ഞെടുക്കുന്ന അപേക്ഷകർക്ക് ട്രെയിനിംഗും സ്ക്രീനിംഗും ഇല്ലാതെ (ഫാസ്റ്റ് ട്രാക്ക് സംവിധാനം) അപേക്ഷ ആവശ്യമായ രേഖകൾ സഹിതം ബാങ്കുകളിലേയ്ക്ക് കൈമാറുകയും ലോൺ അനുവദിക്കുന്ന മുറയ്ക്ക് ബാങ്കിന്റെ നിർദ്ദേശപ്രകാരം ശിപാർശക്കത്ത് നൽകുകയും, വായ്പാനുമതി പത്രം ലഭ്യമാക്കുന്ന മുറയ്ക്ക് സബ്സിഡി നൽകുകയും ചെയ്തുവരുന്നു.

കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽ അംഗത്വമെടുത്ത് അഞ്ച് വർഷം തുടർച്ചയായി അംശദായം അടയ്ക്കുന്ന അംഗങ്ങൾക്ക് 60 വയസ്സ് പൂർത്തിയാകുന്നത് മുതൽ ക്ഷേമപെൻഷൻ അനുവദിച്ചുവരുന്നു. 2017 സെപ്റ്റംബർ മാസം മുതൽ കാറ്റഗറി വ്യത്യാസമില്ലാതെ മിനിമം പെൻഷൻ 2000 രൂപയും പരമാവധി പെൻഷൻ 4000 രൂപയും അനുവദിച്ചുവരുന്നു.

## പ്രവാസി ഡിവിഡന്റ് സ്കീം

108 (116) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ഡിവിഡന്റ് സ്കീം നിലവിൽ വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രവാസികൾക്ക് ഓൺലൈനായും, ചെക്ക് മുഖാന്തരവും ഈ പദ്ധതിയിൽ പണം നിക്ഷേപിക്കുവാൻ സാധിക്കുമോ; വിശദമാക്കുമോ;

(സി) ഈ പദ്ധതിയിൽ ഇതിനകം എത്ര പ്രവാസികൾ ചേർന്നുവെന്നും അതിലൂടെ എത്ര കോടി രൂപ സമാഹരിക്കുവാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം സമാഹരിക്കുന്ന തുക കിഫ്ബിയുടെ വികസന പ്രവർത്തനങ്ങൾക്കാണോ ഉപയോഗിക്കുന്നത്; കിഫ്ബി എത്ര ശതമാനം ഡിവിഡന്റാണ് നിക്ഷേപകർക്ക് നല്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 19-9-2019-ലെ എസ്.ആർ.ഒ. നമ്പർ 650/2019 പ്രകാരം പ്രവാസി ഡിവിഡന്റ് പദ്ധതി രൂപീകരിക്കുകയും 6-12-2019-ലെ എസ്.ആർ.ഒ. നമ്പർ 976/2019 പ്രകാരം പ്രസ്തുത പദ്ധതിക്ക് 2019 സെപ്റ്റംബർ മാസം 19-ാം തീയതി മുതൽ പ്രാബല്യം നൽകുകയും ചെയ്തു. 2019 ഡിസംബർ 14-ാം തീയതി ബഹു. മുഖ്യമന്ത്രി പദ്ധതി ഔപചാരികമായി ഉദ്ഘാടനം ചെയ്തു.

(ബി) പ്രവാസികൾക്ക് ഡിവിഡന്റ് പദ്ധതിയിൽ ഓൺലൈൻ മുഖേനയും NEFT/RTGS സംവിധാനം മുഖേനയും പണം നിക്ഷേപിക്കുവാൻ സാധിക്കും. കൂടാതെ ചെക്ക്, ഡി.ഡി. എന്നിവ മുഖേനയും പണം നിക്ഷേപിക്കാവുന്നതാണ്.

(സി) പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ 29-1-2020 വരെ 96 പ്രവാസി കേരളീയരിൽ നിന്നും 18.67 കോടി (പതിനെട്ട് കോടി അറുപത്തി ഏഴ് ലക്ഷം രൂപ) രൂപ നിക്ഷേപമായി ലഭിച്ചിട്ടുണ്ട്.

(ഡി) പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ നിക്ഷേപമായി ലഭ്യമാകുന്ന തുക പ്രവാസി ക്ഷേമ ബോർഡ് കിഫ്ബിക്ക് കൈമാറ്റം ചെയ്യുന്നു. സർക്കാരിന്റെ പൊതു നിർദ്ദേശങ്ങൾക്കനുസരിച്ച് കിഫ്ബി ടി ഫണ്ട് വിനിയോഗിക്കുന്നതാണ്. പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ നിക്ഷേപകർക്ക് നിലവിൽ നിക്ഷേപ തുകയുടെ 10% ഡിവിഡന്റ് സർക്കാർ ഉറപ്പുനൽകുന്നുണ്ട്. ഇതിൽ 9% കിഫ്ബിയും 1% സർക്കാരുമാണ് വഹിക്കുന്നത്.

## പ്രവാസി ഇൻഷ്വറൻസ്

109 (117) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കേരളത്തിന്റെ പൊതുവായ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി ആഗോള ഹാക്കത്തൺ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. നിലവിൽ പ്രവാസികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നല്കിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് അപകടംമൂലം മരണം സംഭവിക്കുകയാണെങ്കിൽ രണ്ട് ലക്ഷം രൂപയുടെയും, വൈകല്യം സംഭവിക്കുകയാണെങ്കിൽ അൻപതിനായിരം രൂപയുടേയും പരിരക്ഷ നല്കിവരുന്നു.

(ബി) ഉണ്ട്. കേരളത്തിന്റെ വികസന സാധ്യതകളും പ്രശ്നങ്ങളും ഗ്ളോബൽ ഹാക്കത്തോണിൽ ചർച്ച ചെയ്യും. ഇതിനായി വിദഗ്ദ്ധരെ ഉൾക്കൊള്ളിച്ചായിരിക്കും സമ്മേളനം നടത്തുക.

## സാന്ത്വന ചികിത്സാ പദ്ധതി

110 (118) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസ ജീവിതം കഴിഞ്ഞ് നാട്ടിൽ തിരിച്ചെത്തിയ പ്രവാസികളുടെ ചികിത്സയ്ക്കായി രൂപീകരിച്ച സാന്ത്വന ചികിത്സാ പദ്ധതിയിൽ എത്ര പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര പേർക്ക് ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് ചികിത്സാ സഹായം അനുവദിക്കാനുണ്ടെന്നും വ്യക്തമാക്കാമോ;

(സി) കുടിശ്ശികയായിട്ടുള്ള ചികിത്സാ സഹായം എത്രയെന്നും ഇത് എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ഡി) വാടക വീട്ടിൽ കഴിയുന്നതും സാമ്പത്തികമായും വിവിധ രോഗങ്ങളാലും ബുദ്ധിമുട്ട് അനുഭവിക്കുന്നതുമായ എറണാകുളം ജില്ലയിലെ ഏലൂർ ഉദ്യോഗമണ്ഡൽകരയിൽ മണിയംപറമ്പിൽ വീട്ടിൽ താമസിക്കുന്ന സജി ടി.എസ്.-ന്റെ ദയനീയാവസ്ഥ കണക്കിലെടുത്ത് അനുവദിച്ച തുക (എൻ.ആർ.എസ്. 27293) ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സാന്ത്വന ചികിത്സാ ധനസഹായത്തിനായി 30-1-2020 വരെ 16,630 പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) 9559 അപേക്ഷകർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. 1251 അപേക്ഷകർക്ക് ധനസഹായം അനുവദിക്കാനുണ്ട്.

(സി) 904 ഗുണഭോക്താക്കൾക്ക് 3.5 കോടി രൂപ കുടിശ്ശികയായി വിതരണം ചെയ്യാനുണ്ട്. പ്രസ്തുത തുക നടപ്പു സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുൻപ് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ശ്രീ. സജി. റ്റി. എസ്. (NRF No.27293)-ന് സാന്ത്വന ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുള്ള 50,000 രൂപ നടപ്പു സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുൻപ് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്രവാസി ക്ഷേമപദ്ധതികൾ**

111 (119) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതി പ്രകാരം ഇപ്പോൾ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പുനരധിവാസ പദ്ധതി പ്രകാരം ബാങ്കുകൾ മുഖേന 2016 മേയ് മാസത്തിന് ശേഷം 2020 ജനുവരി ഒന്നുവരെ എത്ര പേർക്ക് വായ്പാ സൗകര്യങ്ങൾ നൽകിയെന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതിയനുസരിച്ച് മേൽപ്പറഞ്ഞ കാലയളവിൽ സബ്സിഡിയായും മാർജിൻ മണിയായും എത്ര രൂപ നോർക്ക വകുപ്പിന് അനുവദിച്ചുവെന്ന് അറിയിക്കുമോ;

(ഡി) പ്രവാസികളുടെ മൃതദേഹങ്ങൾ സൗജന്യമായി നാട്ടിൽ എത്തിക്കാനുള്ള പദ്ധതി പ്രകാരം എത്ര മൃതദേഹങ്ങൾ ഏതെല്ലാം രാജ്യങ്ങളിൽ നിന്നും നാട്ടിൽ എത്തിച്ചുവെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചുവെന്നും അറിയിക്കുമോ;

(ഇ) പ്രവാസി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഏതെല്ലാം വിമാനത്താവളങ്ങളിൽ ആണ് ആംബുലൻസ് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതെന്നും ഈ സൗകര്യം എത്രപേർ പ്രയോജനപ്പെടുത്തിയെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മടങ്ങിവന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതിയായ നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)-ന് കീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം, സർവ്വീസ് മേഖല, നിർമ്മാണ മേഖല, ബിസിനസ്സ് എന്നീ മേഖലകളിൽ നല്കുന്ന സ്വയം സംരംഭക വായ്പയ്ക്ക് മൂലധന പലിശ സബ്സിഡി അനുവദിക്കുന്നുണ്ട്.

(ബി) 2016 മേയ് മുതൽ 2020 ജനുവരി 1 വരെ 2384 പേർക്ക് പദ്ധതി പ്രകാരം വായ്പ നൽകിയിട്ടുണ്ട്.

(സി) ഈ കാലയളവിൽ സബ്സിഡി ഇനത്തിൽ നോർക്ക വകുപ്പിന് അനുവദിച്ച തുക 57 കോടി 33 ലക്ഷം രൂപയാണ്. മാർജിൻമണി നോർക്ക അനുവദിച്ചു നൽകുന്നില്ല.

(ഡി) പ്രവാസികളുടെ മൃതദേഹങ്ങൾ സൗജന്യമായി നാട്ടിൽ എത്തിക്കാനുള്ള പദ്ധതി നിലവിൽ വന്നശേഷം ചൈന, സൗദി അറേബ്യ, ഫിലിപ്പൈൻസ്, നേപ്പാൾ എന്നീ രാജ്യങ്ങളിൽ നിന്നും 12 മൃതദേഹങ്ങൾ നാട്ടിൽ എത്തിച്ചു. മൃതദേഹം നാട്ടിലെത്തിക്കാൻ ആകെ 15,61,270 രൂപ (പതിനഞ്ച് ലക്ഷത്തി അറുപത്തി ഒന്നായിരത്തി ഇരുന്നൂറ്റി എഴുപത് രൂപ) ചെലവായി.

(ഇ) വിദേശത്ത് ജോലി ചെയ്യുന്ന പാവപ്പെട്ട മലയാളികൾ അസുഖബാധിതരായി നാട്ടിലേയ്ക്ക് മടങ്ങേണ്ടി വരുമ്പോൾ/പ്രവാസികളുടെ ഭൗതിക ശരീരം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ, മംഗലാപുരം, കോയമ്പത്തൂർ വിമാനത്താവളങ്ങളിൽ നിന്ന് അവരുടെ വീട്ടുകളിലേക്കോ ബന്ധപ്പെട്ട ആശുപത്രികളിലേക്കോ എത്തിക്കുന്നതിന് നോർക്കയുടെ സൗജന്യ എമർജൻസി ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസിമലയാളികൾ രോഗബാധിതരായി മടങ്ങി വരുമ്പോഴോ അല്ലെങ്കിൽ മരണമടഞ്ഞവരുടെ ഭൗതികശരീരം കേരളത്തിലെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ വിമാനത്താവളങ്ങളിൽ നിന്നും വീട്ടിലേക്കോ ആശുപത്രിയിലേക്കോ എത്തിക്കുന്നതിനും ഈ പദ്ധതി വഴി സഹായം നൽകുന്നുണ്ട്. നാളിതുവരെ 436 പേർ ഈ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

## പ്രവാസികൾക്കായി പുതുതായി ഏർപ്പെടുത്തിയ ആനുകൂല്യങ്ങളും പദ്ധതികളും

112 (120) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവാസികളും പ്രവാസം കഴിഞ്ഞ് മടങ്ങിയെത്തിയവരുമായ മലയാളികൾക്ക് വർദ്ധിപ്പിച്ച് നൽകിയ ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രവാസികൾക്കായി പുതുതായി ഏർപ്പെടുത്തിയ ആനുകൂല്യങ്ങളും പദ്ധതികളും എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) നിലവിൽ പ്രവാസികൾക്കുള്ള ക്ഷേമപെൻഷൻ എത്രയാണ്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളീയ പ്രവാസി ക്ഷേമ ബോർഡ് പ്രാരംഭ കാലങ്ങളിൽ 500, 1000 രൂപ നിരക്കിൽ നൽകിവന്നിരുന്ന പ്രവാസി ക്ഷേമ പെൻഷൻ 2000 രൂപയായും പരമാവധി പെൻഷൻ 4000 രൂപയായും 2017 സെപ്റ്റംബർ മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

പ്രവാസി പുനരധിവാസ പദ്ധതി (NDPREM)-യിൽ ലോൺ നൽകുന്നതിനുള്ള പരിധി 20 ലക്ഷത്തിൽ നിന്നും 30 ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ മൂലധന സബ്സിഡി 20 ലക്ഷം പ്രോജക്ട് കോസ്റ്റിന്റെ 15 ശതമാനമാണ്. ഈ പദ്ധതിയിൽ പങ്കാളികളായ ബാങ്കുകളുടെ എണ്ണം രണ്ടിൽ നിന്നും 15 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) പ്രവാസികൾക്കായി പുതുതായി ഏർപ്പെടുത്തിയ ആനുകൂല്യങ്ങളും പദ്ധതികളും ചുവടെ ചേർക്കുന്നു.

1. നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി.)
2. ഓൺലൈൻ ഡാറ്റാ ബേസ്
3. നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകൾ, വിസ തട്ടിപ്പ് എന്നിവയെക്കുറിച്ചുള്ള ബോധവത്ക്കരണം, പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ.
4. നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്റർ (ജി.സി.സി.)
5. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്
6. പ്രവാസി ലീഗൽ അസിസ്റ്റൻസ് പദ്ധതി.
7. നോർക്ക എമർജൻസി റിപ്രാട്രിയേഷൻ ഫണ്ട്.
8. ലോക കേരള സഭ
9. പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം
10. നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്
11. ലോക കേരള കേന്ദ്രം

12. നോർക്ക റൂട്ട്സിന്റെ തിരിച്ചറിയൽ കാർഡ് ഉള്ള പ്രവാസികൾക്കും കുടുബാംഗങ്ങൾക്കും ഒമാൻ എയർവേയ്സിൽ യാത്രനിരക്കിൽ 7 ശതമാനം ഇളവ്.

13. പ്രവാസി ഡിവിഡന്റ് പദ്ധതി.

(സി) പ്രാരംഭ കാലങ്ങളിൽ 500, 1000 രൂപ നിരക്കിൽ പ്രവാസി ക്ഷേമ ബോർഡ് നൽകിവന്നിരുന്ന പ്രവാസി ക്ഷേമപെൻഷൻ കാറ്റഗറി വ്യത്യാസമില്ലാതെ മിനിമം പെൻഷൻ 2000 രൂപയായും പരമാവധി പെൻഷൻ 4000 രൂപയായും 2017 സെപ്റ്റംബർ മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

**പ്രവാസികൾക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ**

113 (121) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രവാസികൾക്കായി നടപ്പിലാക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

I. നോർക്ക-റൂട്ട്സ് മുഖേന നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

(1) സാന്ത്വന ധനസഹായ പദ്ധതി- പ്രവാസജീവിതം കഴിഞ്ഞ് നാട്ടിൽ മടങ്ങിയെത്തി സാമ്പത്തികവും ശാരീരികവുമായി അവശതനുഭവിക്കുന്ന പ്രവാസി കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതി.

(2) പ്രവാസി പുനരധിവാസ പദ്ധതി (NDPREM)- തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM).

(3) എമർജൻസി റിപ്പാട്രിയേഷൻ പദ്ധതി - പൊതുമാപ്പ്, യുദ്ധം, ആഭ്യന്തരകലാപം, പ്രകൃതിദുരന്തം എന്നീ കാരണങ്ങളാൽ വിദേശ രാഷ്ട്രങ്ങളിൽ നിന്നും പ്രവാസി മലയാളികളെ അവരുടെ താമസസ്ഥലത്ത് നിന്നോ തൊഴിൽ സ്ഥലത്ത് നിന്നോ വിദേശകാര്യ മന്ത്രാലയത്തിന്റെ സഹായത്തോടുകൂടി നാട്ടിലെത്തിക്കുന്ന സഹായ പദ്ധതി.

(4) <u>നൈപുണ്യ വികാസവും നൈപുണ്യ പുതുക്കൽ പരിശീലനവും</u> - വിദേശ തൊഴിൽ കമ്പോളത്തിലെ വെല്ലുവിളികൾ നേരിടുന്നതിനായി കേരളത്തിലെ യുവതീ-യുവാക്കൾക്കുള്ള നൈപുണ്യ നവീകരണ പദ്ധതി.

(5) <u>സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ</u> - വിദേശത്ത് ജോലിക്ക് ശ്രമിക്കുന്ന മലയാളികൾക്ക് എല്ലാ ജി.സി.സി. രാജ്യങ്ങളിലേയ്ക്കുമുള്ള സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷന് (എച്ച്.ആർ.ഡി) നോർക്ക-റൂട്സിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകളിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. ഇതിനുപുറമേ വിദേശ രാജ്യങ്ങളിൽ സമർപ്പിക്കുവാനുള്ള കേരളത്തിൽ നിന്നുള്ള രേഖകളുടെ ആഭ്യന്തര അറ്റസ്റ്റേഷൻ സേവനം ലഭ്യമാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി സർക്കാർ നോർക്ക റൂട്സിനെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

(6) <u>വിദേശ ജോലികൾക്കുള്ള റിക്രൂട്ട്മെന്റ്</u>- വിദേശ രാജ്യങ്ങളിൽ ലഭ്യമായ വിവിധ തൊഴിൽ മേഖലകളിലേയ്ക്ക് കേരളത്തിൽ നിന്നും ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്ത് അയയ്ക്കുവാനുള്ള കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള റിക്രൂട്ട്മെന്റ് ഏജൻസിയാണ് നോർക്ക-റൂട്സ്.

(7) <u>പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ</u> - വിദേശത്ത് തൊഴിൽ സാധ്യത തേടുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായും സുരക്ഷിതവും നിയമപരവും ധാർമ്മികവുമായ കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്നതിനായും തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ മുഖേന നോർക്ക സമഗ്രമായി പ്രീഡിപ്പാർച്ചർ പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു.

(8) <u>ജോബ് പോർട്ടൽ</u>- മികവുറ്റ തൊഴിലാളികളെ കണ്ടെത്തുന്നതിന് തൊഴിൽ ദായകരുടെയും തൊഴിൽ മേഖലയിൽ തങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാൻ ആഗ്രഹിക്കുന്ന തൊഴിൽ അന്വേഷകരുടെയും ഒരു ഓൺലൈൻ പൊതുവേദിയാണ് ജോബ് പോർട്ടൽ.

(9) <u>നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്</u>- അസുഖബാധിതരായി നാട്ടിലേയ്ക്ക് മടങ്ങുന്ന വിദേശമലയാളികളെ അല്ലെങ്കിൽ വിദേശത്ത് മരണപ്പെടുന്ന മലയാളികളുടെ ഭൗതികശരീരം കേരളത്തിലെ ഏത് വിമാനത്താവളത്തിൽനിന്നും അവരുടെ വീട്ടിലേയ്ക്കോ അവർ ആവശ്യപ്പെടുന്ന ആശുപത്രിയിലേയ്ക്കോ സൗജന്യമായി എത്തിക്കുന്ന പദ്ധതിയാണ് നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്. ഇപ്പോൾ ഈ സേവനം മംഗലാപുരം, കോയമ്പത്തൂർ വിമാനത്താവളങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിച്ചിട്ടുണ്ട്.

(10) <u>പ്രവാസി നിയമസഹായ പദ്ധതി</u> - കേരളീയരായ പ്രവാസികളുടെ നിയമപ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ മലയാളികളായ അഭിഭാഷകരുടെ സൗജന്യ സേവനം നൽകുന്ന പദ്ധതിയാണ് പ്രവാസി നിയമസഹായ സെൽ. 6 ജി.സി.സി. രാജ്യങ്ങളിൽ ടി പദ്ധതി നടപ്പിലാക്കിവരുന്നു.

(11) <u>ലോക കേരള സഭ</u> – ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിനും വേണ്ടി പ്രവർത്തിക്കുകയുമാണ് ലോക കേരള സഭയുടെ ലക്ഷ്യം.

(12) <u>നോർക്ക റൂട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതി</u> - കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ പ്രധാന കണ്ണിയായ പ്രവാസി മലയാളികളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിനുവേണ്ടിയാണ് ഈ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്.

(13) <u>ലോക കേരള കേന്ദ്രം</u> - കേരളത്തിന്റെ സംസ്കാരം, തനിമ, കലാമൂല്യങ്ങൾ മുതലായവ ഉൾക്കൊള്ളിച്ചുകൊണ്ട് കേരളീയ പ്രവാസികാര്യ വകുപ്പിന്റെ അധീനതയിൽ ആലപ്പുഴ ജില്ലയിലെ മാവേലിക്കരയിൽ പ്രവാസി മലയാളികളുടെ സാമ്പത്തിക സഹകരണത്തോടെയാണ് ലോക കേരള കേന്ദ്രം സ്ഥാപിക്കുന്നത്.

(14) <u>പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം</u> - പ്രവാസ ജീവിതം കഴിഞ്ഞ് തിരികെ എത്തിയവരുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന കൂട്ടായ്മകളായ പ്രവാസി സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ധനസഹായം നൽകുന്ന പദ്ധതിയാണിത്.

(15) <u>നോർക്ക എയർഫെയർ</u> - ഇന്ത്യയിൽനിന്നും വിദേശത്തേയ്ക്കും തിരിച്ചും ഒമാൻ എയർ വിമാനങ്ങളിൽ യാത്ര ചെയ്യുന്ന നോർക്ക-റൂട്സിന്റെ തിരിച്ചറിയൽ കാർഡുള്ള പ്രവാസികൾക്കും കുടുംബാംഗങ്ങൾക്കും യാത്രാനിരക്കിൽ 7 ശതമാനം ഇളവ് നൽകുന്ന പദ്ധതിയാണിത്. കുവൈറ്റ് എയർവേയ്സിലും ഇത്തരത്തിൽ ഇളവ് ലഭിക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിച്ചുവരുന്നു.

(16) <u>നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ</u> <u>(എൻ.ബി.എഫ്.സി)</u>- കേരളത്തിലെ വ്യവസായ സംരംഭക സാദ്ധ്യതകൾ പഠിച്ച് മുൻഗണനാക്രമത്തിൽ സംരംഭകർക്ക് മുമ്പിൽ അവതരിപ്പിക്കാനും അപ്രകാരം സംരംഭങ്ങൾ തുടങ്ങാനുള്ള സാങ്കേതികവും സാമ്പത്തികവുമായി ഉപദേശങ്ങൾ നൽകുകയും ചെയ്യുക വഴി കേരളത്തിൽ നിക്ഷേപം നടത്താൻ പ്രവാസി സംരംഭകർക്ക് പ്രചോദനം നൽകുകയാണ് എൻ.ബി.എഫ്.സി.-യുടെ ലക്ഷ്യം.

(17) <u>നോർക്ക അസിസ്റ്റഡ് ബോഡി റിപ്പാട്രിയേഷൻ സ്കീം</u> - വിദേശ രാജ്യങ്ങളിൽ മരണപ്പെടുന്ന പ്രവാസികളുടെ ഭൗതികശരീരം എംബസ്സിയോ മറ്റ് അസോസിയേഷനുകളോ സ്പോൺസറോ സഹായിക്കുവാൻ ഇല്ലാത്തപക്ഷം സൗജന്യമായി നാട്ടിലെത്തിക്കുന്നതിനുള്ള നോർക്ക അസിസ്റ്റഡ് ബോഡി റിപ്പാട്രിയേഷൻ സ്കീം എമർജൻസി റിപ്പാട്രിയേഷൻ പദ്ധതിയുടെ ഉപപദ്ധതിയായി നടപ്പിലാക്കിവരുന്നു.

II. കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് വഴി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

(1) പെൻഷൻ

➢ 60 വയസ് പൂർത്തിയായതും 5 വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതുമായ ഓരോ അംഗത്തിനും കാറ്റഗറി വ്യത്യാസമില്ലാതെ പ്രതിമാസം 2000 രൂപ മിനിമം പെൻഷൻ നൽകിവരുന്നു. പരമാവധി പെൻഷൻ 4000 രൂപയാണ്.

➢ 5 വർഷത്തിൽ കൂടുതൽ കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് അവർ പൂർത്തിയാക്കിയ ഓരോ അംഗത്വ വർഷത്തിനും മിനിമം പെൻഷൻ തുകയുടെ മൂന്ന് ശതമാനത്തിന് തുല്യമായ തുകകൂടി പ്രതിമാസം അധിക പെൻഷനായി ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ മൊത്തം പെൻഷൻ തുക മിനിമം പെൻഷൻ തുകയുടെ ഇരട്ടിയിൽ കൂടുവാൻ പാടുള്ളതല്ല.

(2) കുടുംബ പെൻഷൻ - ഒരു അംഗം പെൻഷന് അർഹത നേടിയതിനുശേഷം മരണമടയുന്നപക്ഷം അർഹതപ്പെട്ട പ്രതിമാസ പ്രായാധിക്യ പെൻഷൻതുകയുടെ അൻപതു ശതമാനം അയാളുടെ നിയമാനുസൃത അവകാശിക്ക് പ്രതിമാസം കുടുംബ പെൻഷനായി ലഭിക്കുന്നതാണ്.

(3) അവശതാ പെൻഷൻ - പ്രവാസി ക്ഷേമനിധിയിൽ മൂന്ന് വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതും തൊഴിൽ ചെയ്യുന്നതിന് സ്ഥായിയായ ശാരീരിക അവശതമൂലം പ്രാപ്തിക്കുറവ് അനുഭവിക്കുന്നതുമായ അംഗങ്ങൾക്ക് മിനിമം പെൻഷൻ തുകയുടെ 40 ശതമാനത്തിന് തുല്യമായ തുക പ്രതിമാസ അവശതാ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(4) മരണാനന്തര ധനസഹായം - പ്രവാസി ക്ഷേമനിധിയിൽ, അംഗമായിരിക്കെ അസുഖംമൂലമോ അപകടംമൂലമോ മരണമടയുന്ന പ്രവാസി കേരളീയരായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് അൻപതിനായിരം രൂപയും വിദേശത്തുനിന്നും തിരിച്ചുവന്ന പ്രവാസി കേരളീയനായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് മുപ്പതിനായിരം രൂപയും പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിന്റെ ആശ്രിതർക്ക് ഇരുപത്തയ്യായിരം രൂപയും ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(5) ചികിത്സാ ധനസഹായം - ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങളുടെ ചികിത്സയ്ക്കായി ഒരംഗത്തിന് കാറ്റഗറി വ്യത്യാസമില്ലാതെ അംഗത്വകാലയളവിൽ അൻപതിനായിരം രൂപ ചികിത്സാ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(6) <u>വിവാഹ ധനസഹായം</u> - കുറഞ്ഞത് മൂന്ന് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചുവരുന്ന അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും വനിതാ അംഗങ്ങളുടെയും വിവാഹ ചെലവിനായി 10,000 രൂപ ഒരംഗത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(7) <u>പ്രസവാനുകൂല്യം</u> - തുടർച്ചയായി രണ്ടുവർഷക്കാലം അംശദായം അടച്ചിട്ടുള്ള ഒരു വനിതാ അംഗത്തിന് പ്രസവാനുകൂല്യമായി 3,000 രൂപയും ഗർഭം അലസൽ സംഭവിച്ചവർക്ക് 2,000 രൂപയും ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ ഒരംഗത്തിന് രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(8) <u>വിദ്യാഭ്യാസ ആനുകൂല്യം</u> - രണ്ട് വർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് നിബന്ധനകൾക്ക് വിധേയമായി പരമാവധി 4000 രൂപ വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(9) <u>പ്രവാസി ഡിവിഡന്റ് പദ്ധതി</u> - പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസനപ്രവർത്തനത്തിനായി ഉപയോഗപ്പെടുത്തുന്നതിനായും ഉള്ള ദീർഘകാല നിക്ഷേപ പദ്ധതിയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസികൾക്കും അവരുടെ ജീവിത പങ്കാളികൾക്കും ഈ പദ്ധതിയിലൂടെ അവരുടെ ജീവിതാവസാനം വരെ സുസ്ഥിര മാസവരുമാനം ഉറപ്പാക്കുന്നു. 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾ പ്രവാസി കേരളീയരിൽനിന്നും സ്വീകരിക്കുകയും അത് സർക്കാർ നിശ്ചയിക്കുന്ന ഏജൻസികൾക്ക് കൈമാറി അടിസ്ഥാന സൗകര്യവികസനത്തിനായി വിനിയോഗിക്കുന്നതുമാണ്. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് നിക്ഷേപങ്ങൾ സ്വീകരിച്ച് ഇതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള ഏജൻസിയായ കിഫ്ബിക്ക് കൈമാറും. കൈമാറ്റം ചെയ്യപ്പെടുന്ന തുകയ്ക്ക് കിഫ്ബി നൽകുന്ന തുകയും സർക്കാർ വിഹിതവും ചേർത്തുകൊണ്ടാണ് നിലവിൽ നിക്ഷേപകർക്ക് ഉറപ്പാക്കപ്പെട്ട 10% ഡിവിഡന്റ് നൽകുന്നത്. ആദ്യ മൂന്ന് വർഷങ്ങളിലെ 10% നിരക്കിലുള്ള ഡിവിഡന്റ് നിക്ഷേപതുകയോടൊപ്പം ചേർക്കും. ഈ തുകയുടെ 10% നിരക്കിലുള്ള ഡിവിഡന്റാണ് 4-ാം വർഷം മുതൽ നിക്ഷേപകനും അദ്ദേഹത്തിന്റെ കാലശേഷം ജീവിത പങ്കാളിക്കും പ്രതിമാസമായി ലഭിക്കുന്നത്. ജീവിത പങ്കാളിയുടെ കാലശേഷം ആദ്യ 3 വർഷത്തെ ഡിവിഡന്റ് ഉൾപ്പെടെയുള്ള നിക്ഷേപ തുക നോമിനി/അനന്തരാവകാശിക്ക് കൈമാറുന്നതോടെ പ്രതിമാസം ഡിവിഡന്റ് നൽകുന്നത് അവസാനിക്കും.

## ലോക കേരള സഭാ സെക്രട്ടേറിയറ്റ്

114 (122) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരളസഭയുടെ പ്രവർത്തനങ്ങൾക്കായി പ്രത്യേക സെക്രട്ടേറിയറ്റ് രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സെക്രട്ടേറിയറ്റിന്റെ പ്രവർത്തനത്തിനായി എത്ര തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

## ലോക കേരള സഭയുടെ രണ്ടാം സമ്മേളനം

115 (123) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരളസഭയുടെ രണ്ടാം സമ്മേളനം 2020 ജനുവരിയിൽ തിരുവനന്തപുരത്ത് ചേരുകയുണ്ടായോ;

(ബി) പ്രസ്തുത സമ്മേളനത്തിൽ പ്രവാസി മലയാളികളുടെ ഏതൊക്കെ പ്രശ്നങ്ങളാണ് ചർച്ച ചെയ്തതെന്നും എന്തൊക്കെ തീരുമാനങ്ങളാണ് കൈക്കൊണ്ടതെന്നും വിശദമാക്കുമോ;

(സി) 2018 ൽ ചേർന്ന ഒന്നാം ലോക കേരളസഭയിൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു; അതിൽ ഏതൊക്കെ തീരുമാനങ്ങൾ ഇതിനകം നടപ്പിലാക്കിയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ചേർന്നിരുന്നു.

(ബി) മേഖലാ അടിസ്ഥാനത്തിലുള്ള ചർച്ചകൾക്ക് പുറമേ പ്രവാസത്തൊഴിൽ പ്രോത്സാഹനവും മികവും കൈവരിക്കലും ആഗോള കേരളത്തിന്റെ സുരക്ഷയും കരുതലും പ്രവാസാനന്തര പുനരധിവാസം, നവകേരള നിർമ്മിതിയിൽ പ്രവാസി ഇടപെടൽ പ്രാഥമിക മേഖലയും പരിസ്ഥിതിയും വ്യാവസായിക/സാങ്കേതിക വിദ്യാരംഗം, അടിസ്ഥാന സൗകര്യ വികസനം - വ്യവസായം,

നവസാങ്കേതികവിദ്യാ മേഖലകൾ, പശ്ചാത്തല സൗകര്യങ്ങളുടെ വികസനം കൈവരിക്കൽ, ലോക കേരളവും കലാ സാംസ്കാരിക രംഗവും, സ്ത്രീകളും പ്രവാസവും, പ്രളയാനന്തര നവകേരള നിർമ്മിതിയിൽ ആഗോള കേരളത്തിന്റെ ഇടപെടൽ എന്നീ വിഷയങ്ങളിന്മേൽ ചർച്ച നടന്നു. ഇതിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ചുവരുന്നു.

(സി) ഒന്നാം ലോക കേരള സഭയിൽ ഉയർന്ന നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് രൂപീകരിച്ച വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ സമർപ്പിച്ച ശിപാർശകളിൽ തെരഞ്ഞെടുക്കപ്പെട്ട 10 എണ്ണത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു.

1. <u>എൻ.ആർ.ഐ ഇൻവെസ്റ്റ്മെന്റ് കമ്പനി</u>

പ്രവാസി മലയാളികളിൽ നിന്നും 74% ഓഹരി മൂലധന നിക്ഷേപം സമാഹരിച്ചുകൊണ്ടും 26% ഓഹരി മൂലധനം സർക്കാർ നിക്ഷേപിച്ചുകൊണ്ടും ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപവത്ക്കരിച്ചു.

2. <u>എൻ.ആർ.ഐ .കൺസ്ട്രക്ഷൻ കമ്പനി</u>

അപ്പാർട്ടുമെന്റുകൾ, ടൗൺഷിപ്പ് പ്രോജക്ടുകൾ, കോംപ്ലക്സുകൾ, വൃദ്ധസദനങ്ങൾ, റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണം ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനിയുടെ അനുബന്ധ കമ്പനിയായി എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനി തുടങ്ങാൻ തീരുമാനിച്ചു.

3. <u>പ്രവാസി സഹകരണ സംഘം</u>

തിരുവനന്തപുരം കേന്ദ്രമാക്കി സംസ്ഥാനമാകെ പ്രവർത്തനപരിധിയുള്ള ഒരു സഹകരണസംഘം കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

4. <u>വനിത എൻ.ആർ.കെ. സെൽ</u>

വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിതാ കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്സിൽ എൻ.ആർ.കെ. വനിതാ സെൽ രൂപീകരിച്ചു.

5. എയർപോർട്ടുകളിൽ migration facilitation centre, പാസ്പോർട്ട് ഓഫീസുകളിൽ Pre-embarkment Orientation centres

മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യുക എന്നിവ തടയുന്നതിനും സാംസ്കാരിക സാഹചര്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നന്നായി മനസ്സിലാക്കുന്നതിനും കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവൽക്കരണം നടത്താനും പാസ്പോർട്ട് ഓഫീസ്, എയർപോർട്ട് എന്നിവിടങ്ങളിൽ വിദേശകാര്യ മന്ത്രാലയവും സിവിൽ ഏവിയേഷൻ മന്ത്രാലയവുമായി സഹകരിച്ച് ഒരു അഡ്വൈസറി സെൽ രൂപീകരിക്കാനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

6. നൈപുണ്യ വികസനത്തിനായുള്ള ഹൈപവർ കമ്മിറ്റിയുടെ രൂപീകരണം

7.അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രത്തിന്റെ രൂപീകരണം

കുടിയേറ്റ കേന്ദ്രത്തിന് രൂപം കൊടുക്കുകയും Centre for Development Studies-ൽ അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

8. പ്രവാസി ആനുകാലിക പ്രസിദ്ധീകരണം

പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം 'ലോക മലയാളം' എന്ന പേരിൽ ആരംഭിച്ചു.

**ലോക കേരളസഭയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവ്**

116 (124) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം ലോക കേരളസഭയിലും ദുബായ് മേഖലാ സമ്മേളനത്തിലും എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടുവെന്നും ഇതിന്മേൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ബി) ഒന്നാം ലോക കേരളസഭയുടെ നടത്തിപ്പിലും ദുബായ് മേഖലാ സമ്മേളനത്തിന്റെ നടത്തിപ്പിലും നോർക്ക വകുപ്പ് ഉൾപ്പെടെ സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ എന്ത് തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ;

(സി) തിരുവനന്തപുരത്ത് 2020 ജനുവരിയിൽ നടന്ന ലോക കേരളസഭയുടെ നടത്തിപ്പിന് ആകെ എന്ത് തുക ചെലവായിയെന്ന് വെളിപ്പെടുത്തുമോ;

(ഡി) വിദേശരാജ്യങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾക്ക് യാത്രാബത്തയായി എന്ത് തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒന്നാം ലോക കേരളസഭയിൽ ഉയർന്ന നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് രൂപീകരിച്ച വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ സമർപ്പിച്ച ശിപാർശകൾ പരിശോധിച്ച് തെരഞ്ഞെടുക്കപ്പെട്ട 10 ശിപാർശകൾ ദുബായിൽ നടന്ന പശ്ചിമേഷ്യൻ മേഖലാ സമ്മേളനത്തിൽ വിശദമായി ചർച്ച ചെയ്യുകയും താഴെക്കാണുന്ന നടപടികൾ കൈക്കൊള്ളുകയും ചെയ്തു.

1. എൻ.ആർ.ഐ ഇൻവെസ്റ്റ്മെന്റ് കമ്പനി

പ്രവാസി മലയാളികളിൽ നിന്നും 74% ഓഹരി മൂലധന നിക്ഷേപം സമാഹരിച്ചുകൊണ്ടും 26% ഓഹരി മൂലധനം സർക്കാർ നിക്ഷേപിച്ചുകൊണ്ടും ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപവത്ക്കരിച്ച് പ്രവർത്തിച്ചുവരുന്നു. ഗൾഫ് മേഖലയിലെ നിക്ഷേപസമൂഹത്തിന് കേരളത്തിലെ നിക്ഷേപസാധ്യതകൾ വ്യക്തമാക്കാനായി എൻ.ആർ.ഐ. എമർജിംഗ് എന്റർപ്രണേഴ്സ് മീറ്റ് എന്ന പേരിൽ ദുബായിൽ നിക്ഷേപ സംഗമം സംഘടിപ്പിച്ചു.

2. എൻ.ആർ.ഐ കൺസ്ട്രക്ഷൻ കമ്പനി

അപ്പാർട്ടുമെന്റുകൾ, ടൗൺഷിപ്പ് പ്രോജക്ടുകൾ, കോംപ്ലക്സുകൾ, വൃദ്ധസദനങ്ങൾ, റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണം ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി എൻ.ആർ.ഐ ഇൻവെസ്റ്റ്മെന്റ് കമ്പനിയുടെ അനുബന്ധ കമ്പനിയായി എൻ.ആർ.ഐ കൺസ്ട്രക്ഷൻ കമ്പനി തുടങ്ങാൻ തീരുമാനമായിട്ടുണ്ട്.

3. പ്രവാസി സഹകരണ സംഘം

തിരുവനന്തപുരം കേന്ദ്രമാക്കി സംസ്ഥാനമാകെ പ്രവർത്തനപരിധിയുള്ള ഒരു സഹകരണസംഘം കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499 എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

4. വനിതാ എൻ.ആർ.കെ സെൽ

വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിതാ കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ.ആർ.കെ. വനിതാ സെൽ രൂപീകരിച്ചു.

5. എയർപോർട്ടുകളിൽ migration facilitation centre, പാസ്പോർട്ട് ഓഫീസുകളിൽ Pre-embarkment Orientation centres

മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യുക എന്നിവ തടയുന്നതിനും സാംസ്കാരിക സാഹചര്യങ്ങളിൽ

പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നന്നായി മനസ്സിലാക്കുന്നതിനും കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവൽക്കരണം നടത്താനും എയർപോർട്ടുകളിൽ migration facilitation centre, പാസ്പോർട്ട് ഓഫീസുകളിൽ Pre-embarkment Orientation centres എന്നിവ രൂപീകരിക്കാനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

6. നൈപുണ്യ വികസനത്തിനായുള്ള ഹൈപവർ കമ്മിറ്റിയുടെ രൂപീകരണം

7.അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രത്തിന്റെ രൂപീകരണം

കുടിയേറ്റ കേന്ദ്രത്തിന് രൂപം കൊടുക്കുകയും Centre for Development Studies-ൽ അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

8. പ്രവാസി ആനുകാലിക പ്രസിദ്ധീകരണം

പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം 'ലോക മലയാളം' എന്ന പേരിൽ ആരംഭിച്ചു.

9. എൻ.ആർ.ഐ. ബാങ്ക്, എൻ.ആർ.ഐ. കലോത്സവം എന്നീ ശിപാർശകൾ താൽക്കാലികമായി മാറ്റിവച്ചിരിക്കുകയാണ്.

(ബി) പ്രഥമ ലോക കേരളസഭയുമായി ബന്ധപ്പെട്ട് 2,03,21,861 (രണ്ട് കോടി മൂന്ന് ലക്ഷത്തി ഇരുപത്തിഒന്നായിരത്തി എണ്ണൂറ്റി അറുപത്തി ഒന്ന് രൂപ) രൂപയും ദുബായിൽ നടന്ന മേഖലാ സമ്മേളനവുമായി ബന്ധപ്പെട്ട് ആകെ 18,40,670 (പതിനെട്ട് ലക്ഷത്തി നാൽപതിനായിരത്തി അറുന്നൂറ്റി എഴുപത് രൂപ) രൂപയും ചെലവഴിച്ചു.

(സി&ഡി) 2020 ജനുവരിയിൽ നടന്ന ലോക കേരളസഭയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവ് കണക്കാക്കിവരുന്നു.

**തടവുകേന്ദ്രങ്ങൾ സംബന്ധിച്ച കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ കത്ത്**

117 (125) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ ദേശീയ പൗരത്വ രജിസ്റ്റർ കണക്കെടുപ്പിൽ ഇന്ത്യൻ പൗരത്വം നിഷേധിക്കപ്പെടുന്നവരെ പാർപ്പിക്കുന്നതിന് പണിയേണ്ട തടവു കേന്ദ്രങ്ങളുടെ വിസ്താരം, അതിൽ വേണ്ട സൗകര്യങ്ങൾ തുടങ്ങിയ നിർദ്ദേശങ്ങളും മാതൃകാ ഡിസൈനുകളും അടക്കം ചെയ്ത ഔദ്യോഗിക കത്ത് കേന്ദ്ര ആഭ്യന്തര വകുപ്പിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭിച്ചിരുന്നുവോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ കത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) കേന്ദ്രസർക്കാരിന് ഇത് സംബന്ധിച്ച് കേരള സർക്കാർ നൽകിയ മറുപടികളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) ഈ വിഷയത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിക്കാനാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കത്ത് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി* നൽകിയിരിക്കുന്നു.

(ബി-ഡി) ഡിറ്റൻഷൻ സെന്ററുകൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**പുതിയ പോലീസ് സ്റ്റേഷനുകൾ**

118 (126) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) 2019 ഏപ്രിൽ മാസത്തിനുശേഷം ഏതെല്ലാം പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചുവെന്ന് വിശദീകരിക്കുമോ;

(സി) കേസുകളുടെ ബാഹുല്യവും സേവനമേഖലയുടെ വലിപ്പവും പരിഗണിച്ച് കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന്റെ അധികാരപരിധിയിലുള്ള പ്രദേശം വിഭജിച്ച് തഴവ കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കു മോ;

(ഡി) ഇത് സംബന്ധിച്ച് കൊല്ലം സിറ്റി പോലീസ് കമ്മീഷണറിൽ നിന്നും റിപ്പോർട്ടുകളെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) 2019-20-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ സംസ്ഥാനത്ത് നാല് വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. 5-11-2019-ലെ സ.ഉ.(കൈ)നം.175/2019/ആഭ്യന്തരം പ്രകാരം പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നിവിടങ്ങളിൽ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി&ഡി) തഴവയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ സർക്കാർ പരിശോധിക്കുകയും തൽക്കാലം പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്ന് സംസ്ഥാന പോലീസ് മേധാവിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട പ്രക്ഷോഭം**

119 (127) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്ന പ്രക്ഷോഭങ്ങളിൽ എവിടെയെങ്കിലും ആർക്കെതിരെയെങ്കിലും പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ തിരൂരിൽ പൗരത്വ ഭേദഗതി നിയമത്തിനെ അനുകൂലിച്ചുകൊണ്ടുള്ള പൊതുയോഗം നടന്ന ദിവസം കടകളടച്ച് ഹർത്താലാചരിക്കാൻ സോഷ്യൽ മീഡിയയിലൂടെ ആവശ്യപ്പെട്ടതിന് ആർക്കെതിരെയെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പൗരത്വ ഭേദഗതി നിയമത്തിനെ അനുകൂലിച്ച് നാദാപുരത്ത് പ്രകോപനപരമായ മുദ്രാവാക്യങ്ങൾ വിളിച്ച് പ്രകടനം നടത്തിയവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കെതിരെ ഏതെല്ലാം വകുപ്പ് പ്രകാരം കേസ്സെടുത്തു എന്നും അതിന്റെ തുടർനടപടികളും അറിയിക്കാമോ?

**ഉത്തരം**

(എ) പൗരത്വനിയമത്തിനെതിരെ നിയമാനുസൃതമായി പ്രക്ഷോഭങ്ങൾ നടത്തിയവർക്കെതിരെ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) മലപ്പുറം ജില്ലയിലെ തിരൂരിൽ പൗരത്വ ഭേദഗതി നിയമത്തിനെ അനുകൂലിച്ചുകൊണ്ടുള്ള പൊതുയോഗം നടന്ന ദിവസം കടകളടച്ച് ഹർത്താലാചരിക്കാൻ സോഷ്യൽ മീഡിയയിലൂടെ ആവശ്യപ്പെട്ടതിന് 1 കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മലപ്പുറം തിരൂർ പോലീസ് സ്റ്റേഷനിൽ Cr.No.55/2020 ആയി IPC 153 & 120 (O) KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പൗരത്വ ഭേദഗതി നിയമത്തിനെ അനുകൂലിച്ച് പ്രകോപനപരമായ മുദ്രാവാക്യം വിളിച്ചതായുള്ള സംഭവം നാദാപുരം പോലീസ് സ്റ്റേഷൻ പരിധിയിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പൗരത്വ ഭേദഗതി നിയമത്തിനെതിരെ നടന്ന പ്രതിഷേധ പ്രകടനങ്ങൾ

120 (128) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗരത്വ ഭേദഗതി നിയമത്തിന് എതിരെ വിവിധ ജില്ലകളിൽ നടന്ന പ്രതിഷേധ പ്രകടനങ്ങളിൽ പങ്കെടുത്തവർക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; രജിസ്റ്റർ ചെയ്ത കേസുകളുടെ കണക്ക് ജില്ലതിരിച്ചും പോലീസ് സ്റ്റേഷൻ തിരിച്ചും ലഭ്യമാക്കുമോ;

(ബി) പ്രതിഷേധ പ്രകടനങ്ങളിൽ പങ്കെടുത്തവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്യുവാൻ സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയതായുള്ള വാർത്തകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ആഭ്യന്തര വകുപ്പ് ഈ വിഷയത്തിൽ സംസ്ഥാന പോലീസ് മേധാവിക്ക് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) സമാധാനപരമായി പ്രതിഷേധിച്ചവരെ അറസ്റ്റ് ചെയ്ത് തടവിലാക്കിയ കാര്യം പരിശോധിക്കുമോ; പൊതുമുതൽ നശീകരണം, ഗതാഗതം തടസ്സപ്പെടുത്തൽ തുടങ്ങിയ വകുപ്പുകൾ ചുമത്തിയകാര്യം പുനഃപരിശോധിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പൗരത്വഭേദഗതി നിയമത്തിനെതിരെ നിയമാനുസൃതമായി പ്രതിഷേധിച്ചവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടില്ല.

(സി) സമാധാനപരമായി പ്രതിഷേധിച്ചവരെ അറസ്റ്റ് ചെയ്തിട്ടില്ല.

## പൗരത്വ ഭേദഗതി നിയമത്തിനെതിരെ സമരം നടത്തിയവർക്കെതിരെ കേസ്

121 (129) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗരത്വ ഭേദഗതി നിയമത്തിനെതിരെ സമരം നടത്തിയവർക്കെതിരെ കേസ് എടുക്കാൻ സർക്കാരോ, ഡി.ജി.പി.യോ എന്തെങ്കിലും നിർദ്ദേശം പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ;

(സി) സംസ്ഥാനത്തിന്റെ പലഭാഗങ്ങളിലും പൗരത്വ ഭേദഗതി നിയമത്തിനെതിരെ സമരം നടത്തിയവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും,ഓരോ സ്റ്റേഷനുകളിലും എത്രപേർക്കെതിരെയാണെന്നതിന്റെയും,ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളതിന്റെയും വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ&ബി) നിർദ്ദേശം നൽകിയിട്ടില്ല.

(സി&ഡി) പൗരത്വ നിയമത്തിനെതിരെ നിയമാനുസൃതമായി സമരം നടത്തിയവർക്കെതിരെ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

**പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം**

122 (130) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര പോലീസ് സ്റ്റേഷന് ആഭ്യന്തര വകുപ്പിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ; ഇതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) നടപ്പു സാമ്പത്തികവർഷത്തിൽ സംസ്ഥാനത്ത് എത്ര പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര ഫണ്ട് വകയിരുത്തിയെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) വേങ്ങര പോലീസ് സ്റ്റേഷന് മൃഗസംരക്ഷണ വകുപ്പിൽനിന്നും 25 സെന്റ് സ്ഥലം വിട്ടുകിട്ടിയിട്ടുണ്ട്. നിലവിൽ കെട്ടിട നിർമ്മാണത്തിനായി തുക വകയിരുത്തിയിട്ടില്ല. പ്ലാനും എസ്റ്റിമേറ്റും ഉൾപ്പെടെ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിക്കും ഫണ്ടിനുമായുള്ള ശിപാർശ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) 2018-19-ൽ നിർമ്മാണം ആരംഭിച്ച 36 പോലീസ് സ്റ്റേഷനുകളുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷത്തിൽ 17 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## എറണാകുളം ജില്ലയിൽ പോലീസ് സബ്-ഡിവിഷൻ ഓഫീസ്

123 (131) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ പുതിയ പോലീസ് സബ്-ഡിവിഷൻ ഓഫീസ് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പിറവം നിയോജകമണ്ഡലത്തിലെ പിറവം, മുളന്തുരുത്തി, കൂത്താട്ടുകുളം എന്നിവയിലേതെങ്കിലും കേന്ദ്രമാക്കി പോലീസ് സബ്-ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതു സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥലങ്ങളിൽ ഏതു സ്ഥലം കേന്ദ്രമാക്കി സബ്-ഡിവിഷൻ ഓഫീസ് സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ;

(ഡി) ഈ വിഷയം സംബന്ധിച്ച ഫയൽ നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ-ഡി) സംസ്ഥാനത്ത് പുതിയ സബ് ഡിവിഷനുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

## സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം

124 (132) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസിലുൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർക്ക് ഔദ്യോഗികാവശ്യത്തിനായി അനുവദിച്ച് നൽകിയിട്ടുള്ള വാഹനങ്ങളുടെ ദുരുപയോഗം വ്യാപകമാണെങ്കിലും അത് സംബന്ധമായി പരാതി ലഭിച്ചാലല്ലാതെ അന്വേഷണം നടത്തി നടപടി സ്വീകരിക്കില്ലെന്ന നിലപാടിൽ മാറ്റം വരുത്തി ബന്ധപ്പെട്ട അന്വേഷണ വകുപ്പ് സ്വമേധയാ ദുരുപയോഗം കണ്ടെത്തി നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ;

(ബി) ഉന്നത ഉദ്യോഗസ്ഥരുടെ ഇത്തരം കേസ്സുകൾ പരിശോധിക്കുന്നതിനും പിടികൂടുന്നതിനും നിലവിലെ സംവിധാനം അപര്യാപ്തമായതിനാൽ പരിശോധനാ വിഭാഗത്തിന്റെ അധികാരവ്യാപ്തി വർദ്ധിപ്പിച്ചു നൽകുന്നതിനും ഇക്കാര്യത്തിൽ ആവശ്യമായ മിന്നൽ പരിശോധന നടത്തുന്നതിനും തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർവ്വീസിലുള്ള ഉദ്യോഗസ്ഥർ വാഹന ദുരുപയോഗം നടത്തുകയാണെങ്കിൽ ആയത് സംബന്ധിച്ച് പരാതിയുടെ അടിസ്ഥാനത്തിലും പരാതി ലഭിക്കാതെ തന്നെയും ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 24-2-2003-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 113/2003/ധന പ്രകാരവും 2-8-2008-ലെ നമ്പർ 41/2008/ധന സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസരിച്ചും ധനകാര്യ (പരിശോധന-എൻ.റ്റി) വകുപ്പ് പരിശോധന നടത്താറുണ്ട്.

(ബി) ഉന്നത ഉദ്യോഗസ്ഥരുടെയടക്കം വാഹന ദുരുപയോഗം ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്നപക്ഷം 24-2-2003-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 113/2003/ധന പ്രകാരവും 2-8-2008-ലെ നമ്പർ 41/2008/ധന സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസരിച്ചും ധനകാര്യ (പരിശോധന-എൻ.റ്റി) വകുപ്പ് അന്വേഷണം നടത്തി നടപടി സ്വീകരിച്ചുവരുന്നു.

**അതിർത്തി ചെക്കുപോസ്റ്റുകളിലെ സുരക്ഷ**

125 (133) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള-തമിഴ്നാട് അതിർത്തിയിലെ കളിയിക്കാവിള ചെക്കുപോസ്റ്റിലുണ്ടായ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ വലുതും ചെറുതുമായ അതിർത്തി ചെക്കുപോസ്റ്റുകളിൽ എന്തെല്ലാം മുൻകരുതൽ നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) സംസ്ഥാനത്തെ അതിർത്തി പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ചെക്കുപോസ്റ്റുകൾ അടക്കമുള്ള സർക്കാർ ഓഫീസുകളിൽ മതിയായ സുരക്ഷാ ഉദ്യോഗസ്ഥരെ നിയമിക്കുന്ന കാര്യം ആലോചിക്കുമോ;

(സി) ഇവർക്ക് ആവശ്യമായ തോക്ക് ഉൾപ്പെടെയുള്ള ആയുധങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കേരളത്തിലെ അതിർത്തി ചെക്കുപോസ്റ്റുകളിൽ ശക്തമായ ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ചെക്കുപോസ്റ്റുകളിൽ പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തിയും കർശനമായി വാഹന പരിശോധന നടത്തിയും മുൻകരുതൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## പൗരത്വഭേദഗതി നിയമത്തിനെതിരെയുള്ള പ്രതിഷേധം

126 (134) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗരത്വഭേദഗതി നിയമത്തിനെതിരെ പ്രതിഷേധിച്ച് സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ പ്രകടനം നടത്തിയവർക്കെതിരെ പോലീസ് കേസ്സെടുക്കുകയുണ്ടായോ;

(ബി) എങ്കിൽ ഏതൊക്കെ ജില്ലകളിൽ എത്രപേർക്കെതിരെ കേസ്സുകൾ എടുത്തു; പ്രധാനമായും ഏതൊക്കെ വകുപ്പുകൾ ചുമത്തിയാണ് കേസ്സെടുത്തിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്കും വിശദാംശങ്ങളും വ്യക്തമാക്കാമോ;

(സി) പ്രകടനക്കാർക്കും സർക്കാരിനുമെതിരെ മോശമായ ഭാഷയിൽ എന്തെങ്കിലും പരാമർശങ്ങൾ പോലീസുകാർ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തുമോ?

ഉത്തരം

(എ&ബി) പൗരത്വനിയമത്തിനെതിരെ നിയമാനുസൃതം പ്രതിഷേധ സമരം നടത്തിയവർക്കെതിരെ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പിൻവലിക്കപ്പെട്ട ക്രിമിനൽ കേസുകൾ

127 (135) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്രിമിനൽ കേസുകൾ പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണമെന്ന് വെളിപ്പെടുത്താമോ;

(ബി) മന്ത്രിമാർ, എം.എൽ.എ.മാർ, രാഷ്ട്രീയ പാർട്ടികളുടെ ജില്ലാ നേതാക്കന്മാർ എന്നിവർ പ്രതികളായ കേസുകൾ പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. 1188 കേസുകൾ.

(ബി) മന്ത്രിമാർ ഉൾപ്പെട്ട 25, എം.എൽ.എ.മാർ ഉൾപ്പെടുന്ന 52, ജില്ലാ നേതാക്കൾ ഉൾപ്പെടുന്ന 186 കേസുകളാണ് കോടതിയുടെ അനുമതിയോടെ പിൻവലിക്കുന്നതിന് എതിർപ്പില്ല എന്ന അപേക്ഷയെ തുടർന്ന് പിൻവലിക്കാൻ കോടതി അനുവദിച്ചത്.

## മലയാളികൾക്കെതിരെ കർണ്ണാടക പോലീസിന്റെ നോട്ടീസ്

128 (136) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം ഡിസംബർ 19-ന് മംഗളൂരുവിൽ പൗരത്വഭേദഗതി നിയമത്തിനെതിരെ നടന്ന സമരത്തിന്റെയും പോലീസ് വെടിവയ്പ്പിന്റെയും പശ്ചാത്തലത്തിൽ അന്ന് നഗരത്തിലുണ്ടായിരുന്ന രണ്ടായിരത്തോളം മലയാളികളെ തെരഞ്ഞുപിടിച്ച് അന്വേഷണസംഘത്തിനു മുന്നിൽ ഹാജരാകാൻ കർണ്ണാടക പോലീസ് നോട്ടീസ് നൽകിയ സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(ബി) മൊബൈൽ ടവറുകൾ കേന്ദ്രീകരിച്ച് പരിശോധന നടത്തി കേരളത്തിൽ നിന്ന് എത്തിയവരുടെ മൊബൈൽ നമ്പർ ശേഖരിച്ചാണ് കർണ്ണാടക പോലീസ് നോട്ടീസ് അയച്ചതെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) നോട്ടീസ് ലഭിച്ചവരിൽ സ്ത്രീകൾ, മത്സ്യത്തൊഴിലാളികൾ, ജോലിക്കാർ, കച്ചവടക്കാർ, വിദ്യാർത്ഥികൾ, ചികിത്സയ്ക്കെത്തിയ രോഗികൾ എന്നിവരെല്ലാം ഉൾപ്പെട്ടിട്ടുള്ള കാര്യം പരിശോധിക്കുകയുണ്ടായോ;

(ഡി) തികച്ചും നിരപരാധികളായവരെ പ്രതിസന്ധിയിലാക്കുന്ന ഈ നടപടി അവസാനിപ്പിക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) എന്തറിവിന്റെ അടിസ്ഥാനത്തിലാണ് നോട്ടീസ് അയച്ചതെന്നകാര്യം കർണ്ണാടക പോലീസുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

(സി) പരിശോധിച്ചിട്ടുണ്ട്.

(ഡി) പരിശോധിച്ച് നടപടികൾ വേണ്ടിവരുന്നപക്ഷം ആവശ്യമായ ഇടപെടലുകൾ സർക്കാർ തലത്തിൽ നടത്തുന്നതാണ്.

## ശബരിമല യുവതീ പ്രവേശന വിധി

129 (137) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ യുവതീ പ്രവേശനം സംബന്ധിച്ച സുപ്രീംകോടതി വിധി നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ അനാവശ്യമായ തിടുക്കം

കാണിച്ചതാണ് ശബരിമലയിൽ കഴിഞ്ഞ വർഷമുണ്ടായ പ്രശ്നങ്ങൾക്ക് കാരണമെന്ന് വിലയിരുത്തുന്നുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിലാണോ ഈ വർഷം സർക്കാർ മുൻനിലപാടിൽ നിന്നും പിന്നോട്ട് പോയത്;

(സി) സുപ്രീംകോടതി വിധി നടപ്പിലാക്കാനെന്ന പേരിൽ രണ്ട് യുവതികളെ ശബരിമല സന്നിധാനത്ത് എത്തിച്ചതായി പറയപ്പെടുന്ന നടപടി വിശ്വാസ സമൂഹത്തിന് ഉണ്ടാക്കിയ ആശങ്കയും പ്രതിഷേധവും കണക്കിലെടുത്താണോ ഈ വർഷത്തെ മണ്ഡല-മകര വിളക്ക് കാലത്ത് ശബരിമല കയറുവാൻ യുവതികൾക്ക് സംരക്ഷണം നൽകാതിരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിലുണ്ടായ പുനർവിചിന്തനം ഈ സീസണിലെ മണ്ഡല-മകര വിളക്ക് മഹോത്സവം കുറ്റമറ്റ രീതിയിൽ ക്രമസമാധാന പ്രശ്നമില്ലാതെ പൂർത്തിയാക്കുവാൻ സഹായകമായി എന്നത് വസ്തുതയല്ലേ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശബരിമലയിലെ യുവതീപ്രവേശനം സംബന്ധിച്ച് സുപ്രീംകോടതി പുറപ്പെടുവിച്ച വിധി നടപ്പിലാക്കുന്നതിനുള്ള ഭരണഘടനാപരമായ ഉത്തരവാദിത്വമാണ് സർക്കാർ നടപ്പിലാക്കിയത്.

(സി&ഡി) യുവതീപ്രവേശനം സംബന്ധിച്ച് സുപ്രീംകോടതിയിൽ നിലവിലുണ്ടായിരുന്ന പുന:പരിശോധനാ ഹർജികൾ പരിഗണിച്ച് വിശാല ഭരണഘടനാ ബെഞ്ച് ഇപ്പോൾ കേസ് പരിശോധിച്ചുവരുന്ന സാഹചര്യത്തിൽ അന്തിമ വിധിക്കനുസിച്ച് മാത്രമേ സർക്കാരിന് നടപടികൾ സ്വീകരിക്കാനാകൂ. ക്രമസമധാന പാലനത്തിൽ കൈക്കൊണ്ട നടപടികളും ഭക്തരുടെ സുരക്ഷ മുൻനിർത്തിയുള്ള ക്രമീകരണങ്ങളും ഏർപ്പെടുത്തിയതോടൊപ്പം സർക്കാർ ഭക്തർക്കാവശ്യമായ സൗകര്യങ്ങളും മുൻകൂട്ടി ഒരുക്കിയിരുന്നതിലാണ് ഈ വർഷം സുഗമമായ മണ്ഡലകാലം സാധ്യമായത്.

**പിങ്ക് പോലീസ്**

130 (139) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ലൈറ്റ് ഡ്യൂട്ടി എന്ന് അറിയപ്പെടുന്ന പിങ്ക് പോലീസ് സംവിധാനത്തിൽ ജനറൽ ട്രാൻസ്ഫർ നിയമം ഒഴിവാക്കി എല്ലാ വനിതാ പോലീസ് സേനാംഗങ്ങൾക്കും അവസരം ലഭ്യമാക്കുന്ന വിധത്തിൽ നിലവിലെ മാനദണ്ഡങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുമോ; വിശദമാക്കാമോ?

ഉത്തരം

പിങ്ക് പോലീസ് സംവിധാനത്തിൽ ജനറൽ ട്രാൻസ്ഫർ മുഖേന വനിതാ സേനാംഗങ്ങളെ നിയമിച്ചുവരുന്നില്ല. പിങ്ക് പോലീസിൽ ഡ്യൂട്ടി ചെയ്യാൻ താൽപര്യമുള്ള വനിതാ പോലീസ് സേനാംഗങ്ങളിൽ നിന്നും നിശ്ചിത എണ്ണം സേനാംഗങ്ങളെ ഉൾപ്പെടുത്തി നിശ്ചിത കാലപരിധി മാനദണ്ഡമാക്കിയും സബ് ഡിവിഷനുകളിലെ പോലീസ് സ്റ്റേഷനുകളിൽ നിന്നും ഒരു നിശ്ചിത കാലയളവിലേയ്ക്ക് റൊട്ടേഷൻ ക്രമത്തിലുമാണ് വനിതാ പോലീസ് സേനാംഗങ്ങളെ പിങ്ക് പോലീസിൽ ഡ്യൂട്ടിക്കായി നിയോഗിച്ചുവരുന്നത്.

## പോലീസ് വകുപ്പിലെ സൂപ്പർന്യൂമററി തസ്തികയിലെ ജീവനക്കാർ

131 (140) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിലെ സൂപ്പർ ന്യൂമററി തസ്തികയിലുള്ള ജീവനക്കാരുടെ സേവനകാലം ക്രമപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ കാലയളവിൽ ഇത്തരത്തിലുള്ള എത്ര ജീവനക്കാരുടെ സേവനകാലം ക്രമപ്പെടുത്തി;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സേവനകാലം ക്രമപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം എത്ര;

(ഡി) ഇനി എത്ര ജീവനക്കാരുടെ സേവനകാലം ക്രമപ്പെടുത്താനുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സൂപ്പർന്യൂമററി വിഭാഗത്തിൽപ്പെട്ട 107 ക്ലാർക്കുമാരുടെ സേവനകാലം ഇതിനോടകം ക്രമപ്പെടുത്തിയിട്ടുണ്ട്. ഒഴിവുകൾ നിലവിൽ വരുന്നതിൻപ്രകാരം ബാക്കിയുള്ള സൂപ്പർന്യൂമററി ക്ലാർക്കുമാരുടെ സേവനകാലം ക്രമപ്പെടുത്തുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സൂപ്പർന്യൂമററി വിഭാഗത്തിൽപ്പെട്ട 107 ക്ലാർക്കുമാരുടെ സേവനകാലം ക്രമപ്പെടുത്തിയിട്ടുണ്ട്.

(സി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് സൂപ്പർന്യൂമററി വിഭാഗത്തിൽപ്പെട്ട 27 ക്ലാർക്കുമാരുടെ സേവനകാലം ക്രമപ്പെടുത്തിയിട്ടുണ്ട്.

(ഡി) നിലവിൽ സൂപ്പർന്യൂമററി ക്ലാർക്ക് തസ്തികയിലുള്ള 409 ജീവനക്കാരുടെ സേവനകാലം ക്രമപ്പെടുത്താനുണ്ട്. സൂപ്പർന്യൂമററി തസ്തികയിൽ ഇനിയും ക്രമപ്പെടുത്താനുള്ളവരിൽ 78 പേരെ അവരിൽ നിന്നും സമ്മതപത്രം വാങ്ങി പഞ്ചായത്ത് വകുപ്പിലേക്ക് സൂപ്പർന്യൂമററി തസ്തികയിൽത്തന്നെ പുനർവിന്യസിച്ചുകൊണ്ട് സ.ഉ.(കൈ)നമ്പർ 14/2020/പൊ.ഭ.വ. തീയതി 22-1-2020 പ്രകാരം ഉത്തരവായിട്ടുണ്ട്.

## കൊല്ലം റൂറൽ പോലീസ് ഡിസ്ട്രിക്ട് ഹെഡ്ക്വാർട്ടേഴ്സ്

132 (141) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ പോലീസ് ആസ്ഥാനം കേന്ദ്രീകരിച്ച് ഡിസ്ട്രിക്ട് ഹെഡ്ക്വാർട്ടേഴ്സ് ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ;

(ബി) കൊല്ലം റൂറൽ പോലീസ് ആസ്ഥാനം കേന്ദ്രീകരിച്ച് ടെലികമ്യൂണിക്കേഷൻ വിംഗ് ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) കൊല്ലം റൂറൽ പോലീസ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാനായി ഈ സർക്കാർ കാലയളവിൽ നടത്തിയ പ്രധാന പ്രവൃത്തികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

### ഉത്തരം

(എ) കൊല്ലം റൂറൽ പോലീസ് ആസ്ഥാനം കേന്ദ്രീകരിച്ച് ഡിസ്ട്രിക്ട് ഹെഡ്ക്വാർട്ടേഴ്സ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കൊല്ലം റൂറൽ പോലീസ് ആസ്ഥാനം കേന്ദ്രീകരിച്ച് ടെലികമ്യൂണിക്കേഷൻ വിംഗ് ആരംഭിക്കുന്നതിനുള്ള ശിപാർശ ഇപ്പോൾ പരിഗണനയിലില്ല.

(സി) 1) അച്ചൻകോവിൽ, ശൂരനാട് എന്നീ പോലീസ് സ്റ്റേഷനുകൾക്കുവേണ്ടി പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

2) പുതിയ ജില്ലാ പോലീസ് ഓഫീസിന്റെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്.

3)വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന തെന്മല പോലീസ് സ്റ്റേഷൻ കല്ലട ജലസേചന പദ്ധതിയുടെ ഇൻസ്പെക്ഷൻ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

4) വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഏഴുകോൺ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി, ഏഴുകോൺ വില്ലേജിലുള്ള കല്ലട ജലസേചന പദ്ധതിയുടെ ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

5) പോലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദമാക്കുന്നതിന്റെ ഭാഗമായി 2018-19 സാമ്പത്തിക വർഷത്തിൽ കടയ്ക്കൽ, പുനലൂർ, പൂയപ്പള്ളി പോലീസ് സ്റ്റേഷനുകളിൽ ശിശുസൗഹൃദ കേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുള്ളതാണ്. കൂടാതെ ഈ വർഷം കൊട്ടാരക്കര, പുത്തൂർ, അഞ്ചൽ, ശാസ്താംകോട്ട, ചടയമംഗലം, തെന്മല എന്നീ പോലീസ് സ്റ്റേഷനുകളിൽ ശിശു സൗഹൃദ കേന്ദ്രങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

6) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ആളുകൾക്കുവേണ്ടി ഭൂരിഭാഗം പോലീസ് സ്റ്റേഷനുകളിലും ഭിന്നശേഷി സൗഹൃദ ടോയിലറ്റുകൾ നിർമ്മിച്ചിട്ടുള്ളതാണ്.

7) കൊട്ടാരക്കര കേന്ദ്രമാക്കി കൊല്ലം റൂറൽ പോലീസിനുവേണ്ടി പുതിയ കൺട്രോൾ റൂമിന്റെ നിർമ്മാണം ആരംഭിച്ചിട്ടുള്ളതും ആയത് പുരോഗമിക്കുകയുമാണ്.

8) കൊട്ടാരക്കര സബ് ഡിവിഷനിൽ ഉൾപ്പെട്ട പുത്തൂർ പോലീസ് സ്റ്റേഷനുവേണ്ടി പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തിട്ടുള്ളതാണ്.

## സംസ്ഥാന പോലീസിലെ ഉയർന്ന തസ്തികയിലെ ഒഴിവുകൾ

133 (142) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഡിവൈ.എസ്.പി. തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) 2020 മാർച്ച് 31 വരെയുള്ള പെൻഷൻ ഒഴിവ് കൂടി കണക്കാക്കുമ്പോൾ ഈ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടാകുമെന്നു വ്യക്തമാക്കാമോ;

(സി) സീനിയർമോസ്റ്റ് ഇൻസ്പെക്ടർമാർക്ക് ഡിവൈ.എസ്.പി. ആയി ഉദ്യോഗക്കയറ്റം നൽകുന്നതിന് നിലവിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മിറ്റി ശിപാർശ ചെയ്ത മുഴുവൻപേർക്കും പ്രമോഷൻ നൽകിയിട്ടുണ്ടോ; പ്രസ്തുത ലിസ്റ്റിൽ ഇനി എത്രപേരാണ് അവശേഷിക്കുന്നത്; അവശേഷിക്കുന്നവരുടെ പേരും, വിശദാംശവും ലഭ്യമാക്കാമോ;

(ഇ) സംസ്ഥാന പോലീസിൽ ഉയർന്ന തസ്തികകളിലെ ഒഴിവുകൾ യഥാസമയം നികത്താതെ, സംസ്ഥാന കോട്ടയിൽ നിന്നും ഐ.പി.എസ്. തസ്തിക ലഭിക്കേണ്ട സമർത്ഥരായ ഉദ്യോഗസ്ഥരുടെ അവസരം നഷ്ടപ്പെടുത്തുന്നത് ആഭ്യന്തര വകുപ്പിന്റെ ചില സ്ഥാപിത താൽപര്യക്കാരുടെ ഇടപെടൽ കാരണമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഡിവൈ.എസ്.പി.മാരുടെ 21 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്.

(ബി) 23

(സി) ജീവനക്കാരുടെ താൽക്കാലിക പ്രൊമോഷൻ നൽകുന്ന രീതി അവസാനിപ്പിക്കുകയും തർക്കവിഷയങ്ങൾ പരിഹരിക്കുകയും ചെയ്യുക എന്നതാണ് സർക്കാർ കൈക്കൊണ്ട നിലപാട്. അതേ രീതിയാണ് പോലീസ് വകുപ്പിലും നടപ്പാക്കിയത്. 2019 വർഷത്തിലേയ്ക്ക് ഡിവൈ.എസ്.പി.മാരായി സ്ഥാനക്കയറ്റം നൽകുന്നതിന് യോഗ്യരായ ഇൻസ്പെക്ടർമാരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

(ഡി) 2018-ൽ ഡി.പി.സി. ശിപാർശ ചെയ്തതിൽ 21 പേർക്ക് പ്രൊമോഷൻ നൽകാൻ സാധിച്ചിട്ടില്ല. അവശേഷിക്കുന്നവരുടെ പേരും വിശദാംശവും അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പോലീസ് സർവ്വകലാശാല**

134 (143) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ യൂണിവേഴ്സിറ്റി ഫോർ പൊലീസ് സയൻസസ് ആൻഡ് സെക്യൂരിറ്റി സ്റ്റഡീസ് എന്ന പേരിൽ പൊലീസ് സർവ്വകലാശാല ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇതിന് തുടക്കം കുറിച്ചിരുന്നോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ;

(സി) ഇത്തരം ഒരു പൊലീസ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന്റെ ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഇതിന്റെ ആസ്ഥാനം എവിടെയായിരിക്കുമെന്ന് നിശ്ചയിച്ചിട്ടുണ്ടോ; അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ഈ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) നാഷണൽ യൂണിവേഴ്സിറ്റി ഫോർ പോലീസ് സയൻസസ് ആൻഡ് സെക്യൂരിറ്റി സ്റ്റഡീസ് എന്ന പേരിൽ പോലീസ് സർവ്വകലാശാല ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി മുൻ ഡി.ജി.പി. ശ്രീ. എം.എൻ.കൃഷ്ണമൂർത്തി ഐ.പി.എസ്.-നെ സ.ഉ.(എം.എസ്.) നമ്പർ 190/15/ആഭ്യന്തരം തീയതി 4-9-2015 പ്രകാരം നോഡൽ ഓഫീസറായി നിയമിച്ചിരുന്നു.

(സി) പോലീസ് സയൻസ്, ക്രൈം പ്രിവൻഷൻ ആന്റ് ക്രിമിനൽ ജസ്റ്റിസ് അഡ്മിനിസ്ട്രേഷൻ, ഇന്റർനാഷണൽ ആന്റ് റീജിയണൽ കോ-ഓപ്പറേഷൻ ഇൻ ക്രൈം ആന്റ് സെക്യൂരിറ്റി മാനേജ്മെന്റ്, പബ്ലിക് സേഫ്റ്റി ആന്റ് പബ്ലിക് പാർട്ടിസിപ്പേഷൻ ഇൻ സെക്യൂരിറ്റി അഫയേഴ്സ് തുടങ്ങിയ വിഷയങ്ങളിൽ ലോക നിലവാരത്തിലുള്ള ഒരു സർവ്വകലാശാല സ്ഥാപിച്ച് പോലീസ് സയൻസിലും ആഭ്യന്തര സുരക്ഷയിലും ഉന്നത വിദ്യാഭ്യാസ സൗകര്യം ഒരുക്കുകയാണ് പോലീസ് സർവ്വകലാശാലയുടെ ലക്ഷ്യം.

ഈ യൂണിവേഴ്സിറ്റിയുടെ കീഴിൽ വ്യത്യസ്ത പോസ്റ്റ് ഗ്രാജ്വേറ്റ് തലങ്ങളിൽ പഠന കോഴ്സുകളും സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഗവേഷണം തുടങ്ങിയവയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് ഒരു ദേശീയ യൂണിവേഴ്സിറ്റി ആയിരിക്കും. വിദ്യാർത്ഥികൾക്ക് സർവ്വകലാശാലാ അദ്ധ്യാപനം, ഗവേഷണം, പരിശീലനം എന്നിവ മാത്രമല്ല പോളിസി ആസൂത്രണം, പോളിസി ഇവാല്യുവേഷൻ പ്രോഗ്രാം വികസനം, സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പഠനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ആസ്ഥാനം സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ഇ) യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്.

## പാവറട്ടി പോലീസ് സ്റ്റേഷന് അനുവദിക്കപ്പെട്ട തസ്തികകൾ

135 (144) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവറട്ടി പോലീസ് സ്റ്റേഷന് അനുവദിക്കപ്പെട്ട തസ്തികകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്റ്റേഷനിലെ നിലവിലുള്ള ജീവനക്കാരുടെ വിശദാംശം നൽകാമോ;

(സി) പ്രസ്തുത സ്റ്റേഷനിൽ ഏതെല്ലാം തസ്തികകളിൽ നിലവിൽ ഒഴിവുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) വളരെ കൂടുതൽ ജനങ്ങൾ ആശ്രയിക്കുന്ന ഈ സ്റ്റേഷനിലെ നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി നികത്തുവാൻ വേണ്ട നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

| | | | |
|---|---|---|---|
| (എ) | ഇൻസ്പെക്ടർ | - | 1 |
| | സബ് ഇൻസ്പെക്ടർ | - | 3 |
| | അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ | - | 2 |
| | സീനിയർ സിവിൽ പോലീസ് ഓഫീസർ | - | 7 |
| | സിവിൽ പോലീസ് ഓഫീസർ | - | 24 |
| | വുമൺ സിവിൽ പോലീസ് ഓഫീസർ-4 | | |
| (ബി) | ഇൻസ്പെക്ടർ | - | 1 |
| | സബ് ഇൻസ്പെക്ടർ | - | 2 |
| | അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ | - | 2 |
| | സീനിയർ സിവിൽ പോലീസ് ഓഫീസർ | - | 5 |
| | സിവിൽ പോലീസ് ഓഫീസർ | - | 20 |
| | വുമൺ സിവിൽ പോലീസ് ഓഫീസർ | - | 4 |
| (സി) | സബ് ഇൻസ്പെക്ടർ | - | 1 |
| | സീനിയർ സിവിൽ പോലീസ് ഓഫീസർ | - | 2 |
| | സിവിൽ പോലീസ് ഓഫീസർ | - | 4 |

(ഡി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മാവോയിസ്റ്റ് ആക്രമണം**

136 (145) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവോയിസ്റ്റ് ആക്രമണത്തിൽ പൊതുജനങ്ങൾക്കോ പോലീസ് ഉദ്യോഗസ്ഥർക്കോ പരിക്കേൽക്കുകയോ മരണം സംഭവിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പോലീസിന്റെ വെടിവയ്പ്പിൽ എത്ര മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) മാവോയിസ്റ്റ് ഭീഷണി നേരിടുന്ന സംസ്ഥാനങ്ങൾക്കുള്ള കേന്ദ്രസഹായം ലഭിക്കുന്നതിന് സർക്കാർ സമർപ്പിച്ച ശിപാർശയിൽ ഏതെല്ലാം തരത്തിലുള്ള മാവോയിസ്റ്റ് അതിക്രമങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 7 മാവോയിസ്റ്റുകൾ വധിക്കപ്പെട്ടിട്ടുണ്ട്.

1. കുപ്പു ദേവരാജ്
2. അജിത
3. സി. പി. ജലീൽ
4. കാർത്തിക്
5. അരവിന്ദ്
6. രമ
7. മണിവാസകം

(സി) കേരളത്തിലെ മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള ജില്ലകളിലെ മാവോയിസ്റ്റുകളുടെ പ്രവർത്തനങ്ങൾ, മാവോയിസ്റ്റ് ഏറ്റുമുട്ടലുകൾ, മാവോയിസ്റ്റ് കേസുകൾ, മാവോയിസ്റ്റ് പ്രവർത്തനങ്ങൾ എന്നിവ നേരിടുന്നതിനായി സർക്കാർ സംവിധാനങ്ങൾ കൈക്കൊണ്ട നടപടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ശിപാർശയാണ് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് അയച്ചിട്ടുള്ളത്.

**അടൂർ ഗവൺമെന്റ് ബോയ്സ് ഹൈസ്കൂളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ്**

137 (146) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ ഗവ: ബോയ്സ് ഹൈസ്കൂളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി.) അനുവദിക്കുന്നതു സംബന്ധിച്ച അപേക്ഷയിന്മേൽ അനുകൂല നടപടി സ്വീകരിക്കാത്തതിന്റെ സാഹചര്യം അറിയിക്കാമോ;

(ബി) പത്തനംതിട്ട ജില്ലയിൽ ഏറ്റവും പഴക്കമേറിയതും, ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠനം നടത്തുന്ന പ്രാധാന്യമേറിയ വിദ്യാലയങ്ങളിലൊന്നുമായ ഈ സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ എസ്.പി.സി. അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പത്തനംതിട്ട ജില്ലയിലെ അടൂർ ഗവൺമെന്റ് ബോയ്സ് ഹൈസ്കൂളിൽ 2010 കാലയളവിൽ ഹൈസ്കൂൾ വിഭാഗത്തിൽ എസ്.പി.സി. യൂണിറ്റ് അനുവദിക്കുകയും പ്രസ്തുത യൂണിറ്റ് മികച്ച രീതിയിൽ പ്രവർത്തിച്ചുവരികയുമാണ്.

## പോലീസ് സർവ്വീസിലെ പ്രൊമോഷന് നടപടി

138 (147) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സർവ്വീസിൽ ജനറൽ എക്സിക്യൂട്ടീവ് ബാച്ചിൽ സി.ഐ., ഡി.വൈ.എസ്.പി.മാരുടെ എത്ര വേക്കൻസികൾ നിലവിലുണ്ട്; ഇവരുടെ പ്രമോഷൻ വൈകാനുള്ള കാരണം വിശദമാക്കുമോ;

(ബി) സി.ഐ., ഡി.വൈ.എസ്.പി.മാരുടെ ഡി.പി.സി. ലിസ്റ്റ് നിലവിലുണ്ടോ; ഇല്ലെങ്കിൽ ഡി.പി.സി. കൂടാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) അടിയന്തരമായി സി.ഐ., ഡി.വൈ.എസ്.പി.മാർക്ക് പ്രമോഷൻ നൽകാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) നിലവിൽ എസ്.ഐ. ആയി ജോലി ചെയ്യുന്നവർക്ക് പ്രമോഷൻ നൽകുവാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന പോലീസ് സർവ്വീസിൽ ഡിവൈ.എസ്.പി.-മാരുടെ 21 ഒഴിവുകൾ നിലവിലുണ്ട്. ഡിവൈ.എസ്.പി.-മാരായി പ്രൊമോഷൻ ലഭിക്കുന്നതിന് അർഹരായ ഇൻസ്പെക്ടർമാരുടെ ലിസ്റ്റ് (സെലക്ട് ലിസ്റ്റ് 2019) തയ്യാറാക്കുന്നതിനായി ഡി.പി.സി. കൂടുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു.

ഇൻസ്പെക്ടർമാരുടെ 155 ഒഴിവുകൾ നിലവിലുണ്ട്. ബറ്റാലിയനിലൂടെയും എ.ആർ. വഴിയും സർവ്വീസിൽ പ്രവേശിച്ചവരുടെ സീനിയോരിറ്റി തർക്കം <u>ബഹു</u>. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പി.സി. മുതൽ എസ്.ഐ. കേഡർ വരെയുള്ള സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ഇപ്പോൾ എസ്.ഐ.-മാരുടെ സംസ്ഥാനതല സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്. പ്രസ്തുത ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കിയതിനുശേഷം ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി&സി) ഇൻസ്പെക്ടർ ഓഫ് പോലീസ് ആയി സ്ഥാനക്കയറ്റം നൽകുന്നതിന് അർഹരായ സബ് ഇൻസ്പെക്ടർ ഓഫ് പോലീസിന്റെയും ഡിവൈ.എസ്.പി.-മാരായി സ്ഥാനക്കയറ്റം നൽകുന്നതിന് അർഹരായ ഇൻസ്പെക്ടർമാരുടെയും 2019 വർഷത്തെ സെലക്ട് ലിസ്റ്റ് നിലവിലില്ല. സെലക്ട് ലിസ്റ്റ് തയ്യാറാക്കി ഡിവൈ.എസ്.പി. തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടി നടന്നുവരുന്നു.

ബഹു. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സബ് ഇൻസ്പെക്ടർ ഓഫ് പോലീസിന്റെ സംസ്ഥാനതല സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം ഡി.പി.സി. കൂടി എസ്.ഐ (ജി.ഇ) മാരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കി ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ബറ്റാലിയനിലൂടെയും എ.ആർ. വഴിയും സർവ്വീസിൽ പ്രവേശിച്ചവരുടെ സീനിയോരിറ്റി തർക്കം ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പി.സി. മുതൽ എസ്.ഐ. കേഡർ വരെയുള്ള സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ഇപ്പോൾ എസ്.ഐ.-മാരുടെ സംസ്ഥാനതല സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്. ലിസ്റ്റ് തയ്യാറാക്കുന്ന മുറയ്ക്ക് അർഹരായ സബ് ഇൻസ്പെക്ടർമാർക്ക് ഇൻസ്പെക്ടർ ഓഫ് പോലീസ് ആയി സ്ഥാനക്കയറ്റം നൽകുന്നതാണ്.

## ചേലക്കര മണ്ഡലത്തിലെ സിവിൽ പോലീസ് ഓഫീസർ തസ്തിക

139 (148) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ, ചേലക്കര, ചെറുതുരുത്തി എന്നീ പോലീസ് സ്റ്റേഷനുകളിൽ എത്ര സിവിൽ പോലീസ് ഓഫീസർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അതിവിശാലമായ പോലീസ് സ്റ്റേഷൻ പരിധിയിൽ വർദ്ധിച്ച ജോലിഭാരം കണക്കിലെടുത്ത് ഒഴിഞ്ഞുകിടക്കുന്ന സിവിൽ പോലീസ് ഓഫീസർ തസ്തികകൾ നികത്തുന്നതിന് അടിയന്തര പരിഗണന നൽകുമോ ;വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പഴയന്നൂർ പോലീസ് സ്റ്റേഷനിൽ രണ്ടും ചേലക്കര പോലീസ് സ്റ്റേഷനിൽ ഒന്നും ചെറുതുരുത്തി പോലീസ് സ്റ്റേഷനിൽ ഒന്നും സിവിൽ പോലീസ് ഓഫീസർമാരുടെ തസ്തികകൾ മാത്രമാണ് ഒഴിഞ്ഞുകിടക്കുന്നത്.

(ബി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## യുവതിയെ കയ്യേറ്റം ചെയ്ത സംഭവം

140 (150) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശംഖുംമുഖം ബീച്ചിൽ അടുത്തിടെ സുഹൃത്തുക്കളുമായി സംസാരിച്ചിരുന്ന പൊതുപ്രവർത്തകയായ യുവതിയെ കയ്യേറ്റം ചെയ്തുവെന്ന പരാതിയുമായി വലിയതുറ പോലീസ് സ്റ്റേഷനിലെത്തിയ പരാതിക്കാരെ പോലീസ് ചോദ്യം ചെയ്യുകയും മോശമായി പെരുമാറുകയും ചെയ്ത സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) പ്രസ്തുത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സാഹചര്യത്തിൽ 'പൊതു ഇടം എന്റേതും' എന്ന പേരിൽ സ്ത്രീകളുടെ രാത്രി യാത്ര സംഘടിപ്പിക്കുന്നത് എപ്രകാരം പ്രയോജനകരമാകുമെന്ന വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശംഖുമുഖം ബീച്ചിൽ സംസാരിച്ചിരുന്ന സ്ത്രീയെ കയ്യേറ്റം ചെയ്തു എന്ന പരാതിയുമായി 11-1-2020-ൽ വലിയതുറ പോലീസ് സ്റ്റേഷനിൽ എത്തിയ പരാതിക്കാരിയോട് അവർക്ക് വിഷമം ഉണ്ടാക്കുന്ന തരത്തിൽ വിവരങ്ങൾ ആരാഞ്ഞിട്ടുള്ളതായും പ്രാഥമിക അന്വേഷണത്തിൽ പോലീസുകാരുടെ ഭാഗത്തുനിന്നും മോശമായ തരത്തിലുള്ള പെരുമാറ്റം ഉണ്ടായതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആരോപണവിധേയരായ ഗ്രേഡ് എ.എസ്.ഐ. സലാഹുദ്ദീനേയും സി.പി.ഒ 2693 സുരേഷ് കുമാറിനേയും 14-1-2020 മുതൽ 20-1-2020 വരെ തീവ്രപരിശീലനത്തിനും പൊതുജനങ്ങളുമായി പോലീസ് ഉദ്യോഗസ്ഥർ എപ്രകാരം ഇടപെടണമെന്നും മനോഭാവത്തിൽ മാറ്റമുണ്ടാക്കുന്നതിനുമായി തൃശ്ശൂർ പോലീസ് അക്കാദമിയിൽ അയയ്ക്കുകയും തുടർന്ന് ഇവർക്കെതിരെ വാച്യാന്വേഷണത്തിന് 24-1-2020-ലെ എച്ച്-2/3516/2020/റ്റി.സി. നമ്പർ ഉത്തരവ് പ്രകാരം ഇൻസ്പെക്ടർ കരമന എസ്.എച്ച്.ഒ-യെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

(സി) പൊതു ഇടങ്ങളിലെ സ്ത്രീകളുടെ രാത്രിയാത്രയുടെ സന്ദേശം സ്ത്രീകൾക്ക് സുരക്ഷിതവും നിയമപരവുമായ സംരക്ഷണം ലഭ്യമാകുന്ന എന്നതാണ്. ആയതിനുവേണ്ടി സംസ്ഥാന പോലീസ് സംവിധാനങ്ങളെല്ലാം ക്രിയാത്മകമായി ഇടപെട്ട് ആവശ്യമായ സുരക്ഷ രാത്രികാലങ്ങളിൽ ഒരുക്കിവരുന്നു. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്ത് എത്രയും പെട്ടെന്നുതന്നെ പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞത് ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് ഒരു മുന്നറിയിപ്പാണ്. ഇതിനുപുറമേ അലംഭാവം കാട്ടിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ തക്കതായ ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**പോക്സോ കേസുകളുടെ പരിശോധനാഫലം**

141 (151) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോക്സോ കേസുകൾ രജിസ്റ്റർ ചെയ്താൽ ഒരു വർഷത്തിനകം അന്വേഷണവും വിചാരണയും പൂർത്തിയാക്കി വിധി പ്രസ്താവിക്കണമെന്ന് നിയമത്തിൽ വ്യവസ്ഥയുണ്ടോ;

(ബി) ഫോറൻസിക് ലാബിൽ നിന്നും കെമിക്കൽ ലാബിൽ നിന്നും പരിശോധനാ ഫലം കൃത്യസമയത്ത് ലഭിക്കാത്തത് കേസന്വേഷണം നീണ്ടുപോകുന്നതിനും കുറ്റപത്രം സമർപ്പിക്കുന്നതിന് കാലതാമസമുണ്ടാക്കുന്നതിനും കാരണമാകുന്നുണ്ടോ; വിശദമാക്കാമോ;

(സി) നിലവിൽ സംസ്ഥാനത്തെ ഫോറൻസിക് ലാബുകളിലും കെമിക്കൽ ലാബുകളിലുമായി എത്ര പോക്സോ കേസുകളുടെ പരിശോധനാ ഫലം കെട്ടിക്കിടക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ലാബുകളിലെ വിദഗ്ധരുടെ കുറവ് പരിശോധനാ ഫലം വൈകുന്നതിനുള്ള പ്രധാന കാരണമാണെന്നിരിക്കെ, ഇവരുടെ അധിക തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പോക്സോ കേസുകൾ രജിസ്റ്റർ ചെയ്താൽ കഴിയുന്നിടത്തോളം ഒരു വർഷത്തിനകം അന്വേഷണവും വിചാരണയും പൂർത്തിയാക്കി വിധി പ്രസ്താവിക്കണമെന്ന് Sec.35 Pocso Act പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) പരിശോധനാഫലം ബന്ധപ്പെട്ട കോടതികളിലേയ്ക്ക് അയയ്ക്കുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനായി കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിൽ പോക്സോ കേസുകളിൽ ഉൾപ്പെട്ട തൊണ്ടിമുതലുകളുടെ രാസപരിശോധന വകുപ്പിനുകീഴിലുള്ള ലബോറട്ടറികളിലെ നിലവിലുള്ള സംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തി, കാലതാമസം കൂടാതെ പൂർത്തീകരിച്ച് റിപ്പോർട്ട് നൽകുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആവശ്യമെങ്കിൽ പോക്സോ കേസുകൾ പരിശോധിക്കുന്ന ഡിവിഷനിലെ പരിശോധകരുടെ കുറവ് പരിഹരിക്കുന്നതിന് മറ്റ് ഡിവിഷനുകളിൽ നിന്നും പരിശോധകരെ നിയമിച്ച് പരമാവധി വേഗത്തിൽ പരിശോധനാഫലം നൽകിവരുന്നു.

(സി) സംസ്ഥാനത്തെ ഫോറൻസിക് സയൻസ് ലബോറട്ടറികളിൽ നിലവിൽ 2423 പോക്സോ കേസുകളും കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിൽ 35 കേസുകളുമാണ് പരിശോധന പൂർത്തീകരിക്കാനായി അവശേഷിക്കുന്നത്.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## പോക്സോ കേസുകളിലെ ശാസ്ത്രീയ പരിശോധന

142 (152) ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോക്സോ നിയമം ബാധകമായ കുറ്റകൃത്യങ്ങളുടെ വ്യാപനം തടയുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇത്തരം കേസുകളിൽ അവശ്യംവേണ്ട ശാസ്ത്രീയ പരിശോധന യഥാസമയം നടക്കാത്തതുകൊണ്ട് അപരാധികൾക്ക് സമയബന്ധിതമായി ശിക്ഷ നൽകാനോ നിരപരാധികളെ കുറ്റവിമുക്തരാക്കാനോ കഴിയാത്ത അവസ്ഥ സംജാതമായിട്ടുള്ളത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പോക്സോ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണത്തിൽ ശാസ്ത്രീയ പരിശോധന ആവശ്യമായി വന്നുവെന്നും എത്രയെണ്ണം പരിശോധനാ വിധേയമാക്കിയെന്നുമുള്ള വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പോക്സോ നിയമം ബാധകമായ കുറ്റകൃത്യങ്ങളുടെ വ്യാപനം തടയുന്നതിന് സ്കൂൾ-കോളേജ് തലങ്ങളിൽ ചൈൽഡ് ലൈൻ, ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് തുടങ്ങിയ സന്നദ്ധ സംഘടനകളുടെയും SPC, NCC, Scout & Guides തുടങ്ങിയ സംഘടനകളുടെയും നേതൃത്വത്തിൽ വ്യാപകമായ ബോധവൽക്കരണ ക്ലാസ്സുകൾ എല്ലാ കുട്ടികൾക്കും രക്ഷകർത്താക്കൾക്കും മറ്റും നൽകിവരുന്നുണ്ട്. കൂടാതെ ജനമൈത്രി പോലീസ് മുഖാന്തരം വീടുകൾ സന്ദർശിക്കുന്ന സമയത്തും ഇതുസംബന്ധിച്ച ബോധവൽക്കരണം നടത്തിവരുന്നു. എല്ലാ ജില്ലകളിലും ജുവനൈൽ ജസ്റ്റിസ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പോക്സോ കേസ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് യഥാസമയം ബന്ധപ്പെട്ടവർ മുഖേന സാമ്പിളുകൾ ശേഖരിച്ച് ശാസ്ത്രീയ പരിശോധനയ്ക്ക് അയയ്ക്കുന്നുണ്ട്. ചില കേസുകളിൽ ശാസ്ത്രീയ പരിശോധനാഫലം കൃത്യസമയത്ത് ലഭിക്കാത്തതിനാൽ കുറ്റപത്രം സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്. ഈ കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി)

| ഈ സർക്കാർ അധികാരത്തിൽ വന്നശേഷം (26-1-2020 വരെ) രജിസ്റ്റർ ചെയ്ത പോക്സോ കേസുകളുടെ എണ്ണം | അവയിൽ ശാസ്ത്രീയ പരിശോധന ആവശ്യമായി വന്ന കേസുകളുടെ എണ്ണം | പരിശോധനാ വിധേയമാക്കിയ കേസുകളുടെ എണ്ണം |
|---|---|---|
| 11072 | 5061 | 5023 |

**പോക്സോ കേസുകൾ**

143 (153) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോക്സോ കേസ്സുകൾ രജിസ്റ്റർ ചെയ്ത് ഒരു വർഷത്തിനകം അന്വേഷണവും വിചാരണയും പൂർത്തിയാക്കി വിധി പ്രഖ്യാപിക്കണമെന്ന് പോക്സോ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ടോ;

(ബി) ഇത്തരം കേസ്സുകളിൽ ശാസ്ത്രീയപരിശോധനയ്ക്ക് അയച്ച തെളിവുകളുടെ ഫലം ഫോറൻസിക് ലാബിൽ നിന്നും കെമിക്കൽ ലാബുകളിൽ നിന്നും ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പോക്സോ കേസ്സുകൾ രജിസ്റ്റർ ചെയ്താൽ ഒരു വർഷത്തിനകം അന്വേഷണവും വിചാരണയും പൂർത്തിയാക്കി വിധി പ്രസ്താവിക്കണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി&സി) നിലവിൽ ലബോറട്ടറികളിലെ സംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തി കാലതാമസം കൂടാതെ പൂർത്തീകരിച്ച് രാസപരിശോധനാ റിപ്പോർട്ട് നൽകുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ സ്വീകരിച്ചുവരുന്നു. കെമിക്കൽ ലബോറട്ടറികളിൽ നിലവിലുള്ള പരിശോധകരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തി പോക്സോ കേസുകളിൽ കഴിയുന്നത്ര വേഗത്തിൽ പരിശോധനാ ഫലം നൽകിവരുന്നു.

## വരാപ്പുഴ ശ്രീജിത്തിന്റെ കസ്റ്റഡിമരണം

144 (154) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരാപ്പുഴ ശ്രീജിത്തിന്റെ കസ്റ്റഡിമരണ കേസിൽ പോലീസ് കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആർക്കെല്ലാമെതിരെയാണ് കൊലക്കുറ്റം ചുമത്തി കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ആരോപണ വിധേയനായ അന്നത്തെ എറണാകുളം റൂറൽ പോലീസ് സൂപ്രണ്ടിനെ പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്താതെ സാക്ഷിപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) ആരോപണ വിധേയരായ പോലീസുദ്യോഗസ്ഥർക്കെതിരെ റൂറൽ എസ്.പി. സാക്ഷി പറയുമെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ, റൂറൽ എസ്.പി.യുടെ നിർദ്ദേശപ്രകാരമാണ് നിരപരാധിയായ ശ്രീജിത്തിനെ കസ്റ്റഡിയിലെടുത്തതെന്ന സാക്ഷിമൊഴിയുടെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ പ്രതിപ്പട്ടികയിൽ ചേർക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) സമർപ്പിച്ചിട്ടുണ്ട്.

(ബി) ഈ കേസിലെ ഒന്നു മുതൽ നാല് വരെ പ്രതികൾക്കെതിരെയാണ് കൊലക്കുറ്റം ചുമത്തി കുറ്റപത്രം സമർപ്പിച്ചിട്ടുള്ളത്.

(സി) കേസന്വേഷണത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയവരെയാണ് പ്രതിപ്പട്ടികയിൽ ചേർത്ത് കുറ്റപത്രം സമർപ്പിച്ചിട്ടുള്ളത്.

(ഡി&ഇ) പരിശോധിച്ചിട്ടില്ല.

## സംസ്ഥാനത്തെ സമാനതകളില്ലാത്ത കൊലപാതകങ്ങൾ

145 (155) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാക്ഷരതയിലും വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും, മറ്റ് സംസ്ഥാനങ്ങളെക്കാൾ മുൻപന്തിയിലാണെന്ന് അഭിമാനം കൊള്ളുമ്പോഴും, സംസ്ഥാനം സമാനതകളില്ലാത്ത കൊലപാതക കാര്യത്തിലും മുൻപന്തിയിലായിരിക്കുന്നുവെന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കൂടത്തായി കൊലപാതക പരമ്പരയുടെ ഞെട്ടലിൽ നിന്നും കേരളീയ സമൂഹം മുക്തമാകും മുമ്പ് സ്വത്തിനായി മുക്കത്ത് സ്വന്തം അമ്മയെ കൊല്ലുകയും, പിന്നീട് അതിന് സഹായിച്ച ആളെ കൊന്ന് ശരീര ഭാഗങ്ങൾ വിവിധ സ്ഥലങ്ങളിലായി ഉപേക്ഷിക്കുകയും ചെയ്ത സംഭവം കേരള സമൂഹത്തിൽ വന്നിട്ടുള്ള മാറ്റത്തിന്റെ സൂചനയായി കാണാമോ;

(സി) പൊതുജനാരോഗ്യ വിഷയമായി ഈ അവസ്ഥയെ പരിഗണിച്ച് ഇക്കാര്യത്തിൽ പ്രത്യേക മാനസിക പരിശീലനം നൽകുന്ന കാര്യം പരിഗണിക്കാമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**സംസ്ഥാനത്തെ മാവോയിസ്റ്റ് ഭീഷണി**

146 (156) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റ് ഭീഷണി വർദ്ധിച്ചുവരുന്നതായി വിലയിരുത്തുന്നുണ്ടോ;

(ബി) മാവോയിസ്റ്റ് ഭീഷണിയിൽനിന്നും ജനങ്ങൾക്ക് സംരക്ഷണം നൽകുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മാവോയിസ്റ്റുകളാണ് പോലീസുമായുള്ള ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടതെന്ന് വ്യക്തമാക്കുമോ;

(ഡി) മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടത് വ്യാജ ഏറ്റുമുട്ടലിലാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോയെന്നും ആയത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(ഇ) മാവോയിസ്റ്റുകളും സായുധപോലീസുമായുണ്ടായ ഏറ്റുമുട്ടലിൽ മാവോയിസ്റ്റുകൾ കൊല്ലപ്പെട്ട സംഭവത്തിൽ രാഷ്ട്രീയകക്ഷികളിൽ നിന്ന് എതിർപ്പ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വടക്കൻ ജില്ലകളായ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം സ്ഥിരീകരിച്ചിട്ടുണ്ട്. എന്നാൽ പോലീസ്-സർക്കാർ സംവിധാനങ്ങളുടെ സമയോചിത പ്രവർത്തനഫലമായി മാവോയിസ്റ്റ് പ്രവർത്തനങ്ങൾ നിയന്ത്രണ വിധേയമാക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) 1.ആദിവാസി മേഖലയിലെ മാവോയിസ്റ്റുകളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി മുഖ്യമന്ത്രി ചെയർമാനായി ഒരു ഉന്നതല കമ്മിറ്റി (യൂണിഫൈഡ് കമാന്റ്) രൂപീകരിച്ച് അവലോകനം നടത്തിവരുന്നു.

2. കേരളത്തിൽ മാവോയിസ്റ്റ് പ്രവർത്തനങ്ങൾ നിലനിൽക്കുന്ന പാലക്കാട്, വയനാട്, കോഴിക്കോട്, കണ്ണൂർ, മലപ്പുറം ജില്ലകളിലെ മാവോയിസ്റ്റ് സാന്നിദ്ധ്യം, ആദിവാസി മേഖലകളിലെ വികസന പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല സമിതി രൂപീകരിക്കുകയും അവലോകനം നടത്തിവരികയും ചെയ്യുന്നു.

3. മാവോയിസ്റ്റ് ഭീകരപ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരെ അതിൽനിന്ന് പിന്തിരിപ്പിച്ച് സമൂഹത്തിന്റെ പൊതുധാരയിലേയ്ക്ക് തിരിച്ചുകൊണ്ടു വരുന്നതിനുവേണ്ടി 'കീഴടങ്ങൽ പുനരധിവാസ പദ്ധതി' (Surrender cum Rehabilitation Policy) സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

4. മാവോയിസ്റ്റ് ഭീഷണി ഫലപ്രദമായി നേരിടുന്നതിനുതകുംവിധം പോലീസ് സേനയിലേയ്ക്ക് 75 പോലീസ് കോൺസ്റ്റബിൾ തസ്തികകൾ സൃഷ്ടിക്കുകയും പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരം ആദിവാസി വിഭാഗങ്ങളിൽ നിന്ന് മാത്രം പ്രത്യേക നിയമനം നടത്തുകയും ചെയ്തിരുന്നു. ഇതിന്റെ രണ്ടാം ഘട്ടമെന്ന നിലയിൽ 125 പോലീസ് കോൺസ്റ്റബിൾ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

5. മാവോയിസ്റ്റ് ഭീഷണി തടയുന്നതിന് തണ്ടർ ബോൾട്ട്, ആന്റി നക്സൽ ഫോഴ്സ്, ലോക്കൽ പോലീസ് എന്നിവയുടെ നേതൃത്വത്തിൽ ശക്തമായ കോമ്പിംഗ് ഓപ്പറേഷൻ നടപ്പാക്കിവരുന്നു. കൂടാതെ മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള ജില്ലകളിൽ പോലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥർക്കും അവരുടെ മേലുദ്യോഗസ്ഥർക്കും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. മാവോയിസ്റ്റ് ഭീഷണിയുള്ള സ്ഥലങ്ങളിൽ ലോക്കൽ പോലീസ് ഉദ്യോഗസ്ഥരും പ്രത്യേക പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥരും പട്രോളിംഗ് നടത്തി വരുന്നു.

6. മാവോയിസ്റ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

7. ആദിവാസി മേഖലകളിൽ അവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും വിവിധ വികസന പദ്ധതികൾ നടപ്പിലാക്കുവാനുംവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ആദിവാസി യുവാക്കൾ മാവോയിസത്തിലേയ്ക്ക് ആകൃഷ്ടരാകാതിരിക്കാനായി സർക്കാർ ജോലികളിൽ നിയമനം ഉൾപ്പെടെ മറ്റ് ആനുകൂല്യങ്ങളും നൽകിവരുന്നു.

(സി) ഏഴ്

(ഡി) മാവോയിസ്റ്റുകളുടെ മരണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ അന്വേഷണം ക്രൈംബ്രാഞ്ച് സമഗ്രമായി അന്വേഷിച്ചുവരുന്നു. കൂടാതെ മജിസ്ട്രേറ്റ്തല അന്വേഷണവും പ്രഖ്യാപിച്ചിട്ടുണ്ട്.

(ഇ) വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## കുറ്റ്യാടിയിലെ പ്രകടനം

147 (157) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതസ്പർദ്ധ വളർത്തുന്ന തരത്തിൽ മുദ്രാവാക്യം വിളിച്ച് കുറ്റ്യാടിയിൽ പ്രകടനം നടത്തിയതുമായി ബന്ധപ്പെട്ട് പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു രാഷ്ട്രീയ കക്ഷിയിൽപെട്ടവരാണ് ഈ പ്രകടനം നടത്തിയത്;

(ബി) ഇവർക്കെതിരെ ഏതെല്ലാം വകുപ്പുകൾ ചേർത്താണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(സി) മതസ്പർദ്ധ വളർത്തുന്നതിന് ലക്ഷ്യംവെച്ച് കുറ്റ്യാടിയിൽ പ്രകടനം നടത്തിയവർക്കെതിരെ കർശന ശിക്ഷാ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഇതുസംബന്ധിച്ച് ബി.ജെ.പി. പ്രവർത്തകർക്കെതിരെ കുറ്റ്യാടി പോലീസ് ക്രൈം നം.37/2020 U/S 143, 147, 153 r/w 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) കേസിന്മേൽ നിലവിൽ അന്വേഷണം തുടർന്നുവരികയാണ്. അന്വേഷണത്തിൽ കണ്ടെത്തുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ഹർത്താലിനോടനുബന്ധിച്ച് കെ.എസ്.ആർ.ടി.സി. ബസുകൾക്ക് വരുത്തിയ നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരത്തുക

148 (158) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 3-1-2019-ന് സംസ്ഥാനത്ത് നടന്ന ഹർത്താലിനോടനുബന്ധിച്ച് കെ.എസ്.ആർ.ടി.സി. യുടെ 99 ബസ്സുകൾക്ക് വരുത്തിയ നാശനഷ്ടങ്ങളുടെ കണക്ക് സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയതിൻ പ്രകാരം ആയത് സംബന്ധിച്ച നഷ്ടപരിഹാരത്തുക പ്രതികളായവരിൽനിന്നും ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ തീയതി സഹിതമുള്ള വിവരം ലഭ്യമാക്കുമോ;

(ബി) നടപടികൾ വേഗത്തിലാക്കി പ്രതികളിൽ നിന്നും നഷ്ടപരിഹാരത്തുക ഈടാക്കുന്നതിൽ ബോധപൂർവമായ കാലതാമസം വരുത്തുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് കേന്ദ്ര സർക്കാരിൽ നിന്ന് സമ്മർദ്ദം ഉണ്ടായിട്ടുണ്ടെന്നതരത്തിലുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പോലീസ് മേധാവി സ്വമേധയാ ഇക്കാര്യത്തിൽ അയഞ്ഞ സമീപനം സ്വീകരിക്കുന്നതായി അറിവ് ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിവരം എന്നാണ് ലഭ്യമായതെന്ന് വ്യക്തമാക്കുമോ;

(ഡി) നഷ്ടപരിഹാരത്തുക ഈടാക്കുന്നത് സംബന്ധിച്ച നടപടികൾ നീട്ടിക്കൊണ്ട് പോകാതെ എത്രയും വേഗം പ്രാവർത്തികമാക്കുന്നതിന് പ്രത്യേക സംവിധാനമേർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 3-1-2019-ന് സംസ്ഥാനത്ത് നടന്ന ഹർത്താലിനോടനുബന്ധിച്ച് കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് നാശനഷ്ടം വരുത്തിയ സംഭവങ്ങൾക്ക് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും ആയത് സംബന്ധിച്ച് നഷ്ടപരിഹാരത്തുക കണക്കാക്കി ബഹു. കോടതികളിൽ ഹാജരാക്കി വരുന്നു. വിശദവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി&സി) ഇല്ല.

(ഡി) അന്വേഷണം വേഗത്തിലാക്കി കുറ്റപത്രം താമസം കൂടാതെ സമർപ്പിക്കുന്നതിനുവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

## പോലീസ് സേനയിലെ ക്രിമിനലുകൾക്കെതിരെ നടപടി

149 (160) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ ക്രിമിനലുകളെ കണ്ടെത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ക്രിമിനൽ സ്വഭാവമുള്ള ഉദ്യോഗസ്ഥന്മാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയിലെ ക്രിമിനലുകളെ കണ്ടെത്തുന്നതിനായി പോലീസ് ഉദ്യോഗസ്ഥരുടെ ക്രിമിനൽ പശ്ചാത്തലവും പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ട ക്രിമിനൽ കേസുകളുടെ സ്വഭാവവും കൃത്യമായി നിരീക്ഷിക്കുകയും കൂടാതെ ക്രിമിനൽ സ്വഭാവമുള്ള പോലീസ് ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിന് രഹസ്യാന്വേഷണ വിഭാഗം ശക്തിപ്പെടുത്തി ചെറിയ കുറ്റകൃത്യങ്ങളിൽപ്പോലും ഉൾപ്പെട്ട സേനാംഗങ്ങൾക്കെതിരെ ശക്തമായ നിയമനടപടികളും വകുപ്പുതല അച്ചടക്ക നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ക്രിമിനൽ സ്വഭാവമുള്ള ഉദ്യോഗസ്ഥർക്കെതിരെ അവർ ചെയ്ത കുറ്റകൃത്യങ്ങൾക്ക് അനുസൃതമായ വകുപ്പുകൾ പ്രകാരം ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തും വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചും ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**യു. എ. പി. എ.**

150 (162) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.എ.പി.എ. ചുമത്തി ജയിലിൽ അടയ്ക്കപ്പെട്ട അലൻ, താഹ എന്നീ യുവാക്കൾ മാവോയിസ്റ്റുകളാണെന്ന് മുഖ്യമന്ത്രി പരാമർശിക്കാനിടയായ സാഹചര്യം വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം രേഖകളുടെ അടിസ്ഥാനത്തിലാണ് ഇവർ മാവോയിസ്റ്റുകളാണെന്ന് മുഖ്യമന്ത്രി പരാമർശിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കോഴിക്കോട് പന്തീരങ്കാവ് പോലീസ് സ്റ്റേഷനിൽ കേസ് അന്വേഷണാവസ്ഥയിലായിരിക്കുമ്പോൾ അതിലെ പ്രതികൾ ഇന്ന തരത്തിൽ കുറ്റക്കാരാണെന്ന് തോന്നിക്കുന്ന പരാമർശങ്ങളൊന്നും മുഖ്യമന്ത്രി നടത്തിയിട്ടില്ല.

**യു. എ. പി. എ.**

151 (163) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പന്തീരങ്കാവിൽ മാവോവാദി ബന്ധം ആരോപിച്ച് പോലീസ് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ ഇവർ ആരെല്ലാമാണെന്നതിന്റെ വിശദവിവരം നൽകുമോ;

(ബി) ഇവർക്കെതിരെ യു.എ.പി.എ. പ്രകാരം കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ കേസ് എടുക്കുവാനുണ്ടായ സാഹചര്യം എന്തെന്ന് വിശദമാക്കുമോ;

(സി) പോലീസ് അറസ്റ്റ് ചെയ്ത പ്രസ്തുത വ്യക്തികൾ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയിൽ പ്രവർത്തിക്കുന്നവരാണോ എന്ന വിവരം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഏത് രാഷ്ട്രീയ പാർട്ടിയിൽ പ്രവർത്തിക്കുന്നവരാണെന്നും അതിൽ എന്തെങ്കിലും ഭാരവാഹിത്വം വഹിക്കുന്നുണ്ടോ എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 1. അലൻ ഷുഹൈബ് (20), S/o മുഹമ്മദ് ഷുഹൈബ്, മണിപ്പൂരി ഹൗസ്, പാലാട്ട് നഗർ, തിരുവണ്ണൂർ പി. ഒ, കോഴിക്കോട്.

2. താഹാ ഫസൽ (24), S/o അബൂബേക്കർ, കോട്ടുമ്മൽ, മൂർക്കനാട്, പന്തീരങ്കാവ്, കോഴിക്കോട് എന്നിവർക്കെതിരെ മാവോയിസ്റ്റ് ബന്ധമുണ്ടെന്ന സംശയത്തിൽ പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ കേസിന്റെ പ്രാഥമികാന്വേഷണത്തിൽ പ്രതികൾ ഇന്ത്യൻ ഭരണകൂടം, നിയമംമൂലം നിരോധിച്ച സംഘടനയായ സി.പി.ഐ. മാവോയിസ്റ്റ് സംഘടനയിൽ പ്രവർത്തകരായി ജനങ്ങൾക്കിടയിൽ ജനാധിപത്യത്തിനും ഭരണ സംവിധാനത്തിനുമെതിരെ പ്രവർത്തനത്തിൽ ഏർപ്പെടുന്നതിന്, ലഘുലേഖകളും പോസ്റ്ററുകളും അച്ചടിച്ച് വിതരണം ചെയ്ത് ആഹ്വാനം നൽകിവരികയാണെന്ന സംശയകരമായ സാഹചര്യത്തിലാണ് പോലീസ് കേസ് എടുത്തിട്ടുള്ളത്.

(സി&ഡി) പോലീസ് റിപ്പോർട്ട് പ്രകാരം നിരോധിത സംഘടനയായ സി.പി.ഐ. മാവോയിസ്റ്റ് സംഘടനയുമായി ബന്ധമുള്ളവരാണ്.

**യു. എ. പി. എ. ചുമത്തിയ സംഭവം**

152 (164) <u>ശ്രീ. വി. ഡി. സതീശൻ:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. എ. പി. അനിൽ കുമാർ:</u>
<u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലൻ ഷുഹൈബ്, താഹ ഫസൽ എന്നിവരെ മാവോയിസ്റ്റ് ബന്ധം ആരോപിച്ച് അറസ്റ്റ് ചെയ്യുകയും അവർക്കെതിരെ യു.എ.പി.എ. ചുമത്തുകയും ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത യുവാക്കൾക്കെതിരെ യു.എ.പി.എ. ചുമത്തിയത് എന്ത് അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഇവർക്കെതിരെ കോഴിക്കോട് പന്തീരാൻകാവ് പോലീസ് രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം മറ്റേതെങ്കിലും ഏജൻസി ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മാവോയിസ്റ്റ് ബന്ധമുണ്ടെന്ന സംശയത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ദേശീയ അന്വേഷണ ഏജൻസി ഏറ്റെടുത്തിട്ടുണ്ട്. എൻ.ഐ.എ ആക്ടിലെ 6(4), 6(5) വകുപ്പുകൾ പ്രകാരം ഏതെങ്കിലും ഒരു ഒഫൻസ് എൻ.ഐ.എ. ആക്ട് പ്രകാരമുള്ള ഒരു ഷെഡ്യൂൾഡ് ഒഫൻസാണെന്ന് ബോധ്യപ്പെട്ടാൽ കേന്ദ്ര സർക്കാരിന് പ്രസ്തുത കേസിന്റെ അന്വേഷണം എൻ.ഐ.എ. ഏറ്റെടുക്കുന്നതിനായി നിർദ്ദേശം നൽകുവാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്.

**സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസുകൾ എൻ.ഐ.എ. ഏറ്റെടുക്കുന്നത്**

153 (166) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത എത്ര കേസുകളാണ് നിലവിൽ എൻ.ഐ.എ. അന്വേഷണം നടത്തി വരുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാന പോലീസ് അന്വേഷണം നടത്തിയ ഏതെങ്കിലും കേസുകൾ സംസ്ഥാന പോലീസുമായി കൂടിയാലോചനയില്ലാതെ കേന്ദ്ര ഏജൻസി ഏറ്റെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) യു.എ.പി.എ. പ്രകാരം രജിസ്റ്റർ ചെയ്ത എത്ര കേസുകളാണ് നിലവിൽ എൻ.ഐ.എ അന്വേഷണം നടത്തുന്നതെന്ന് അറിയിക്കുമോ ;

(ഡി) സംസ്ഥാന പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലാത്തതിനാൽ ഏതെങ്കിലും കേസുകൾ എൻ.ഐ.എ. ഏറ്റെടുത്തതായി അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഇല്ലെങ്കിൽ ഏത് സാഹചര്യത്തിലാണ് ഇത്തരത്തിൽ കേസുകൾ ഏറ്റെടുക്കാൻ ഇടയായതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

## രാജ്യദ്രോഹക്കുറ്റം ചുമത്തി രജിസ്റ്റർ ചെയ്ത കേസുകൾ

154 (167) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രാജ്യദ്രോഹക്കുറ്റം ചുമത്തി രജിസ്റ്റർ ചെയ്ത കേസുകളിൽപ്പെട്ടവരുടെയും അറസ്റ്റ് ചെയ്യപ്പെട്ടവരുടെയും പട്ടിക ലഭ്യമാക്കാമോ;

(ബി) ഓരോ കേസുകളിലും ഏതെല്ലാം വകുപ്പുകളാണ് ചുമത്തിയിട്ടുള്ളത്; അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ളത് എത്ര പേരാണ്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## വാഹനാപകടങ്ങൾ

155 (168) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനാപകടങ്ങൾ മൂലമുള്ള മരണം വർഷം തോറും വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) 2019-ൽ സംസ്ഥാനത്തുണ്ടായ വാഹനാപകടങ്ങളിൽ എത്രപേർ മരണപ്പെട്ടുവെന്നും, എത്രപേർക്ക് ഗുരുതരമായി പരിക്കേറ്റുവെന്നും വ്യക്തമാക്കുമോ;

(സി) ഗതാഗത നിയമങ്ങൾ കർശനമായി പാലിക്കുന്നതിൽ ഉണ്ടായിട്ടുള്ള വീഴ്ചയാണ് അപകടങ്ങൾ വർദ്ധിക്കുന്നതിനുള്ള കാരണമെന്ന് വിലയിരുത്തുന്നുണ്ടോ;

(ഡി) ഗതാഗത നിയമലംഘനങ്ങൾക്ക് വൻതുക പിഴ ഈടാക്കിയ കാലത്ത് വാഹനാപകടങ്ങളുടെ തോത് കുറഞ്ഞിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

ഉത്തരം

(എ) കഴിഞ്ഞ 3 വർഷത്തെ സംസ്ഥാനത്തെ റോഡപകട കണക്കുകൾ പരിശോധിച്ചതിൽ വാഹനാപകടങ്ങൾമൂലമുള്ള മരണം വർഷംതോറും നേരിയ തോതിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| വർഷം | വാഹനാപകട മരണം |
|---|---|
| 2017 | 4131 |
| 2018 | 4303 |
| 2019 | 4439 |

(ബി) 2019-ൽ സംസ്ഥാനത്തുണ്ടായ വാഹനാപകടങ്ങളിൽ 4439 പേർ മരണപ്പെടുകയും 32571 പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു.

(സി) അപകടങ്ങൾ വർദ്ധിക്കുന്നതിനുള്ള കാരണം ഗതാഗത നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിൽ ഉണ്ടായിട്ടുള്ള വീഴ്ചമൂലമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വാഹന ഉപഭോക്താക്കൾ അശ്രദ്ധമായ ഡ്രൈവിംഗ്, അമിതമായ സ്പീഡ്, മദ്യപിച്ച് വാഹനമോടിക്കൽ തുടങ്ങിയ കാരണങ്ങളാൽ മിക്ക അപകടങ്ങളും ഉണ്ടാകുന്നത് കണക്കിലെടുത്ത് അത്തരത്തിലുള്ള നിയമലംഘനങ്ങൾ തടയുന്നതിന് കാര്യക്ഷമമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ഗതാഗത നിയമലംഘനങ്ങൾക്ക് പിഴത്തുക വർദ്ധിപ്പിച്ചതിനുശേഷം ഉണ്ടായ വാഹനാപകടങ്ങളുടെ കണക്കുകൾ പരിശോധിച്ചതിൽ 2018-നെക്കാൾ 2019-ൽ വാഹനാപകടങ്ങളുടെ തോതിൽ നേരിയ വർദ്ധനവ് കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു:

| കാലയളവ് | റോഡപകടങ്ങൾ |
|---|---|
| 26-10-2018 മുതൽ 31-12-2018 വരെ | 7391 |
| 26-10-2019 മുതൽ 31-12-2019 വരെ | 7398 |

**വാഹന അപകടങ്ങൾ**

156 (169) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 വർഷം സംസ്ഥാനത്ത് എത്ര വാഹന അപകടങ്ങൾ ഉണ്ടായിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) ഇതിൽ എത്ര പേർ മരണപ്പെട്ടു; എത്രപേർക്ക് മാരകമായി പരിക്കു പറ്റി; വിശദാംശം ലഭ്യമാക്കുമോ;

(സി) അശ്രദ്ധമായ ഡ്രൈവിംഗ്, അമിതമായ സ്പീഡ്, മദ്യപിച്ച് വാഹനമോടിക്കൽ തുടങ്ങിയ കാരണങ്ങൾ മൂലമാണ് മിക്ക അപകടങ്ങളും ഉണ്ടാകുന്നത് എന്നതു കണക്കിലെടുത്ത് യുവാക്കൾക്കിടയിലും ഡ്രൈവർമാർക്കിടയിലും സ്വകാര്യ വാഹന ഉടമകൾക്കിടയിലും വിദഗ്ധരെ ഉൾപ്പെടുത്തികൊണ്ട് ഗ്രാമപഞ്ചായത്ത് തലത്തിൽ ട്രാഫിക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനു പോലീസിന്റെ ഭാഗത്തു നിന്നും നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2019 വർഷം സംസ്ഥാനത്ത് 41111 (നാൽപത്തി ഒന്നായിരത്തി ഒരുനൂറ്റി പതിനൊന്ന്) വാഹനാപകടങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ അപകടങ്ങളിൽ 4439 പേർ മരണപ്പെടുകയും 32571 പേർക്ക് മാരകമായി പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

(സി) അശ്രദ്ധമായ ഡ്രൈവിംഗ്, അമിതമായ സ്പീഡ്, മദ്യപിച്ച് വാഹനമോടിക്കൽ തുടങ്ങിയ കാരണങ്ങളാൽ മിക്ക അപകടങ്ങളും ഉണ്ടാകുന്നത് കണക്കിലെടുത്ത് അത്തരത്തിലുള്ള നിയമലംഘനങ്ങൾ തടയുന്നതിന് കാര്യക്ഷമമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. യുവാക്കൾക്കിടയിലും ഡ്രൈവർമാർക്കിടയിലും സ്വകാര്യ വാഹന ഉടമകൾക്കിടയിലും വിദഗ്ദ്ധരെ ഉൾപ്പെടുത്തി വിവിധ സ്ഥലങ്ങളിലെ പ്രധാന സ്കൂളുകൾ കേന്ദ്രീകരിച്ച് റോഡുകളിൽ പാലിക്കേണ്ട നിയമങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കും ഡ്രൈവർമാർക്കും അവബോധമുണ്ടാക്കുന്നതിന് ഉതകുന്ന തരത്തിൽ മോട്ടോർ വാഹന വകുപ്പുമായി ചേർന്ന് ക്ലബ്ബുകളുടെയും റെസിഡൻസ് അസോസിയേഷനുകളുടെയും സഹകരണത്തോടെ ട്രാഫിക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും വിവിധ റോഡ് സേഫ്റ്റി ആക്ടിവിറ്റീസ് ഉൾപ്പെടുത്തിയും വ്യത്യസ്ത ബോധവൽക്കരണ പരിപാടികൾ ഉൾപ്പെടുത്തിയും റോഡ് സേഫ്റ്റി വീക്ക് ആചരിച്ചും വരുന്നു. കൂടാതെ ജനമൈത്രീ പോലീസ് സംവിധാനം, സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയവയുടെ ഭാഗമായി ട്രാഫിക് ബോധവൽക്കരണ പരിപാടികൾ സ്കൂൾ, കോളേജ് തലങ്ങളിൽ സംഘടിപ്പിക്കുകയും ഗ്രാമപഞ്ചായത്ത് അധികാരികളുമായി ബന്ധപ്പെട്ട് ട്രാഫിക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ആറ്റിങ്ങലിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ**

157 (170) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതയിൽ കൊല്ലത്തിനും തിരുവനന്തപുരത്തിനുമിടയിൽ ഏറ്റവും രൂക്ഷമായ ഗതാഗത കുരുക്ക് നേരിടുന്ന ആറ്റിങ്ങലിൽ ഒരു ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലുണ്ടോ എന്നറിയിക്കുമോ ;

(ബി) ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഓരോ ട്രാഫിക്ക് പോലീസ് സ്റ്റേഷനുകളിലെയും അംഗീകൃത തസ്തികകൾ എത്രയാണെന്ന് തസ്തിക തിരിച്ച് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ട്രാഫിക് കേസ്സുകളുടെ അന്വേഷണ ചുമതല ലോക്കൽ പോലീസ് സ്റ്റേഷനിലേക്ക് മാറ്റിക്കൊണ്ടും ട്രാഫിക് യൂണിറ്റുകളും ട്രാഫിക് സ്റ്റേഷനുകളും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി പുനർ നാമകരണം ചെയ്തുകൊണ്ടും സർക്കാർ 14-7-2018-ൽ സ.ഉ.(കൈ) നമ്പർ 116/18/ആഭ്യന്തരം പ്രകാരം ഉത്തരവായിട്ടുണ്ട്. നിലവിലെ ആറ്റിങ്ങൽ ട്രാഫിക് യൂണിറ്റ് ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റായി മാറിയിട്ടുണ്ട്.

(സി) ട്രാഫിക് പോലീസ് സ്റ്റേഷനുകൾ ഇപ്പോൾ നിലവിലില്ല.

**സൈബർ ക്രൈം**

158 (171) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ കേസ്സുകളുടെ എണ്ണത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ചുള്ള വ്യത്യാസം അറിയിക്കുമോ;

(ബി) സൈബർ ക്രൈം സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്നുവർഷം രജിസ്റ്റർ ചെയ്ത സൈബർ കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
|---|---|
| 2017 | 322 |
| 2018 | 419 |
| 2019 | 488 |
| 2020 (ജനുവരി 27 വരെ) | 21 |

(ബി) സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് സോഷ്യൽ മീഡിയ വഴിയും സ്കൂൾ, കോളേജ്, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവിടങ്ങളിലും സംസ്ഥാന പോലീസ് സൈബർ ക്ലാസ്സുകൾ നടത്തിവരുന്നു.

## പുതിയ പോലീസ് സ്റ്റേഷൻ

159 (172) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ പേഴക്കാപ്പള്ളി കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിലെ കാലതാമസം എന്താണെന്നും ഇക്കാര്യത്തിൽ പോലീസ് സമർപ്പിച്ച റിപ്പോർട്ട് എന്താണെന്നതും സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പോലീസ് സ്റ്റേഷനുകൾ പൂർണ്ണമായി പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചശേഷം മാത്രമേ പേഴക്കാപ്പള്ളി കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിക്കൽ സാധ്യമാവുകയുള്ളൂ.

## ഹൈടെക് പോലീസ് സ്റ്റേഷനുകൾ

160 (174) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ ഹൈടെക് ആക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചുവരുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടറൈസേഷൻ ഉൾപ്പെടെ ക്രൈം വിംഗിനും, ലാ ആന്റ് ഓർഡർ വിംഗിനും പ്രത്യേക മുറികൾ, സ്ത്രീകൾ, ട്രാൻസ്ജെൻഡേഴ്സ്, പുരുഷൻമാർ എന്നിവർക്ക് പ്രത്യേക ലോക്കപ്പും ശുചിമുറിയും ആധുനിക സൗകര്യങ്ങളോടുകൂടിയ വിസിറ്റേഴ്സ് ലോഞ്ച്, ലൈബ്രറി, റിക്കാർഡ് റൂം, ഫസ്റ്റ് എയ്ഡ് റൂം, സി.സി.ടി.എൻ.എസ്.റൂം ആയുധങ്ങൾ സൂക്ഷിക്കാൻ മുറി, ചോദ്യം ചെയ്യൽ മുറി, റിസപ്ഷൻ റൂം, ഓഫീസർ/സ്ത്രീ ജീവനക്കാർ/പുരുഷ

ജീവനക്കാർ എന്നിവർക്ക് പ്രത്യേക റെസ്റ്റ് റൂം, ടോയ്‌ലറ്റ് സംവിധാനം, വയർലെസ് റൂം, സ്റ്റോർ റൂം കമ്മ്യൂണിറ്റി പോലീസിംഗ് റൂം, ഡൈനിംഗ് ഏരിയ, സ്റ്റേഷൻ മോടി പിടിപ്പിക്കുന്നതിനായി കോമൺ കളർ കോഡിൽ ഉള്ള പെയിന്റിംഗ് എന്നിങ്ങനെയുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്.

**പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ**

161 (175) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനുവേണ്ടി 181.80 ലക്ഷം രൂപയുള്ള എസ്റ്റിമേറ്റ് അംഗീകരിക്കുകയും ആയതുപ്രകാരം കേരളാ പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നിർമ്മാണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തി 25 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

**ജനമൈത്രി പോലീസ് സ്റ്റേഷനുകൾ**

162 (176) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ എത്ര പോലീസ് സ്റ്റേഷനുകൾ ജനമൈത്രി പോലീസ് സ്റ്റേഷനുകളായി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കേരളത്തിൽ എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസ് സ്റ്റേഷനുകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

**കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ**

163 (177) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത പട്ടിക ലഭ്യമാക്കുമോ;

(ബി) കോസ്റ്റൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) കായംകുളം ഫിഷിംഗ് ഹാർബർ ഉൾപ്പെടെയുള്ള തന്ത്രപ്രധാനമായ സ്ഥാപനങ്ങൾ നിലകൊള്ളുന്ന ആലപ്പാട് ഗ്രാമപഞ്ചായത്തിൽ കോസ്റ്റൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ സ്കീം പ്രകാരം തീരദേശ സുരക്ഷാ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 8 തീരദേശ പോലീസ് സ്റ്റേഷനുകളും രണ്ടാം ഘട്ടത്തിൽ 10 തീരദേശ പോലീസ് സ്റ്റേഷനുകളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ മൂന്നാം ഘട്ടത്തിൽ അനുവദനീയമായ 6 തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രൊപ്പോസലിനോടൊപ്പം ആലപ്പുഴ ജില്ലയിലെ വലിയഴീക്കൽ കൂടി ഉൾപ്പെടുത്തി (ആകെ 7) കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സർക്കാർ അയച്ചിട്ടുണ്ട്. ആയതിന്റെ പട്ടിക ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | തുമ്പ | - | തിരുവനന്തപുരം സിറ്റി |
| 2. | ഇരവിപുരം | - | കൊല്ലം സിറ്റി |
| 3. | തൃക്കുന്നപ്പുഴ | - | ആലപ്പുഴ |
| 4. | ആലപ്പുഴ കടപ്പുറം | - | ആലപ്പുഴ |
| 5. | വലപ്പാട് | - | തൃശ്ശൂർ റൂറൽ |
| 6. | താനൂർ | - | മലപ്പുറം |
| 7. | വലിയഴീക്കൽ | - | ആലപ്പുഴ |

(ബി) തീരദേശ ജനസംഖ്യ, തീരദേശത്തെ തന്ത്രപ്രധാനമായ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം, ഷിപ്പിംഗ് ഹാർബർ, ബോട്ട് ജെട്ടി, ലാൻഡിംഗ് പോയിന്റ്, വിനോദ സഞ്ചാരികളുടെ സന്ദർശനം, സംഘർഷ സാദ്ധ്യത, തീവ്രവാദ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ തീരദേശത്തിന്റെ സാദ്ധ്യത ഉപയോഗിക്കുന്നത് ചെറുക്കുക എന്നിങ്ങനെയുള്ള നിരവധി സാധ്യതകൾ മുൻനിർത്തി സംസ്ഥാന സർക്കാരിന്റെ ശിപാർശയിന്മേൽ കേന്ദ്ര സർക്കാരാണ് പുതിയ തീരദേശ പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിന് അനുമതി നൽകുന്നത്.

(സി) കേന്ദ്ര സർക്കാർ സ്കീം പ്രകാരം മൂന്നാം ഘട്ടത്തിൽ അനുവദനീയമായ 6 തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രൊപ്പോസലിനൊപ്പം ആലപ്പുഴ ജില്ലയിലെ വലിയഴീക്കൽ കൂടി അധികമായി ഉൾപ്പെടുത്തി (ആകെ 7) കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്.

## വാളകം ആസ്ഥാനമായി പോലീസ് സ്റ്റേഷൻ

164 (178) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ വാളകം ആസ്ഥാനമായി പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച സാധ്യത പഠന റിപ്പോർട്ട് പോലീസ് മേധാവി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) വാളകം ആസ്ഥാനമായി പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാൻ ഉമയന്നൂർ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലം ഉപാധിരഹിതമായി പോലീസ് വകുപ്പിന് നൽകാമെന്ന പഞ്ചായത്ത് സമിതി തീരുമാനം പോലീസ് അധികാരികൾക്ക് ലഭിച്ചിരുന്നോ;

(സി) വാളകം ആസ്ഥാനമായി പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് സഹായകരമായ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സമർപ്പിച്ചിരുന്നു.

(ബി) വാളകം ആസ്ഥാനമായി പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് ഉമ്മന്നൂർ പഞ്ചായത്തിന്റെ അധീനതയിലുള്ള 30 സെന്റ് സ്ഥലം വിട്ടുനൽകുന്നതിനുള്ള ഭരണസമിതിയുടെ തീരുമാനം 16-12-2017-ൽ കൊല്ലം റൂറൽ ജില്ലാ പോലീസ് ഓഫീസിൽ ലഭിച്ചിട്ടുണ്ട്.

(സി) വാളകം ആസ്ഥാനമായി പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പോലീസ് സ്റ്റേഷനുകൾ പൂർണ്ണമായി പ്രവർത്തന സജ്ജമാക്കുന്നതിന് മുൻഗണന നൽകേണ്ടതിനാൽ ടി പ്രൊപ്പോസൽ അടുത്ത സാമ്പത്തിക വർഷം സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മലക്കപ്പാറ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

165 (179) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അതിരപ്പിള്ളി പഞ്ചായത്തിലെ മലക്കപ്പാറ പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്നും , നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കാൻ സാധിക്കുമെന്നും അറിയിക്കുമോ?

ഉത്തരം

അതിരപ്പിള്ളി പഞ്ചായത്തിലെ മലക്കപ്പാറ പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണം 70% പൂർത്തിയായിട്ടുണ്ട്. ടൈലിംഗ് ജോലികൾ പുരോഗമിച്ചുവരുന്നു. കരാർ പ്രകാരം 25-5-2020-ൽ പോലീസ് സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്.

## ഉപ്പളയിൽ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി

166 (180) ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഉപ്പളയിൽ പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന ദീർഘകാലത്തെ ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ പ്രസ്തുത പോലീസ് സ്റ്റേഷന്റെ പരിധി വളരെ കൂടുതലായി വ്യാപിച്ചു കിടക്കുന്നതിനാൽ അതിർത്തി പ്രദേശത്തുള്ള മഞ്ചേശ്വരം പോലീസിന് ക്രമസമാധാന പരിപാലനത്തിന് പ്രയാസം നേരിടുന്ന സാഹചര്യത്തിൽ ഉപ്പള ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉപ്പളയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

## ഗുരുവായൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

167 (181) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ പോലീസ് സ്റ്റേഷൻ കണ്ടാണശ്ശേരിയിൽ പ്രവർത്തനം ആരംഭിച്ചത് എന്ന് മുതലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്ഥലം പോലീസ് വകുപ്പിന് കൈമാറി കിട്ടിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത സ്റ്റേഷനുള്ള കെട്ടിട നിർമ്മാണം എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2-5-2013 മുതലാണ് ഗുരുവായൂർ പോലീസ് സ്റ്റേഷൻ കണ്ടാണശ്ശേരിയിൽ പ്രവർത്തനം ആരംഭിച്ചത്.

(ബി) ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി ആളൂർ വില്ലേജിൽ സർവ്വേ നമ്പർ 240/1-ൽ ഉൾപ്പെട്ട 25 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥലം പോലീസ് വകുപ്പിന് കൈമാറി ലഭിച്ചിട്ടില്ല. ടി സ്ഥലം പോലീസ് വകുപ്പിന് ലഭിക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലം മറ്റം സെന്റ് തോമസ് ഫെറോന ചർച്ചിന് കീഴിൽ പ്രവർത്തിക്കുന്ന സ്കൂളിന്റെ കളിസ്ഥലമാണെന്ന് കാണിച്ച് മറ്റം സെന്റ് തോമസ് ഫെറോന ചർച്ച്, മറ്റം സെന്റ് ഫ്രാൻസിസ് റീഡിംഗ് അസ്സോസിയേഷൻ എന്നിവർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 77/2019, 42459/2018 നമ്പരായി ഫയൽ ചെയ്ത റിട്ട് പെറ്റീഷനുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുമാണ്. അതേസമയം അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള അന്വേഷണവും നടന്നുവരുന്നു.

(ഡി) പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന കേസുകളിൽ തീരുമാനമായി ഭൂമി കൈമാറി ലഭിക്കുന്ന മുറയ്ക്ക് സ്റ്റേഷൻ കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കോന്നി നിയോജകമണ്ഡലത്തില ഡിവൈ.എസ്.പി. ഓഫീസ്**

168 (182) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിൽ കോന്നി കേന്ദ്രമാക്കി ഒരു ഡിവൈ.എസ്.പി ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

കോന്നി ഉൾപ്പെടെ സംസ്ഥാനത്ത് വിവിധ സബ് ഡിവിഷനുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

## വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

169 (183) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും എത്ര ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടോ; ആയതിനുവേണ്ടി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ Ground Floor നിർമ്മാണത്തിന് ബഹുമാനപ്പെട്ട എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ റവന്യൂ ഭൂമി ലഭ്യമല്ലാത്ത സാഹചര്യത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള 3 സ്ഥലങ്ങൾ കണ്ടെത്തുകയും ഈ സ്ഥലങ്ങളിൽ ഏതെങ്കിലുമൊന്ന് പ്രസ്തുത പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി അനുവദിച്ച് നൽകുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

## കരീലക്കുളങ്ങര പോലീസ് സ്റ്റേഷൻ

170 (184) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ കരീലക്കുളങ്ങര പോലീസ് സ്റ്റേഷൻ നിലവിൽ എൻ.ടി.പി.സി. യുടെ പേരിലുള്ള ജീർണ്ണാവസ്ഥയിലായ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കരീലക്കുളങ്ങരയിൽ പ്രവർത്തിക്കുന്ന ആലപ്പുഴ സ്പിന്നിംഗ് മിൽ വിട്ടുനൽകിയ സ്ഥലത്ത് പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആലപ്പുഴ ജില്ലയിലെ കരീലക്കുളങ്ങര പോലീസ് സ്റ്റേഷൻ കെട്ടിടം, കാർത്തികപ്പള്ളി താലൂക്കിലെ പത്തിയൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 21-ൽ റീസർവ്വേ നമ്പർ 460/6, 461/15, 461/16, 461/17, 462/3-ൽ ഉൾപ്പെട്ട 10.10 ആർ ഭൂമിയിൽ നിർമ്മിക്കുന്നതിനായി കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കിയ 153.46 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയിരുന്നു. ഇത് സർക്കാർ പരിശോധിക്കുകയും നിലവിലെ സാമ്പത്തികസ്ഥിതിയിൽ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അധിക ഫണ്ട് വകയിരുത്തി ഭരണാനുമതി നൽകാൻ നിർവ്വാഹമില്ലെന്ന് സംസ്ഥാന പോലീസ് മേധാവിയെ അറിയിച്ചിട്ടുമുണ്ട്.

**മംഗലാപുരം പോലീസ് നോട്ടീസ് അയച്ച നടപടി**

171 (185) ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗരത്വ ഭേദഗതി നിയമത്തിനെതിരെ ഉയർന്ന പ്രതിഷേധത്തെ തുടർന്ന് മംഗലാപുരത്ത് ഉണ്ടായ അക്രമങ്ങളുമായി ബന്ധപ്പെട്ട് കാസർകോട് ജില്ലയിലെ നിരവധി പേർക്ക് മംഗലാപുരം സിറ്റി ക്രൈം റിക്കാഡ്സ് ബ്യൂറോ അസിസ്റ്റന്റ് കമാണ്ടന്റ് ഓഫീസിൽ നിന്ന് മംഗലാപുരം പോലീസ് സ്റ്റേഷനിൽ ഹാജരാകുന്നതിന് നോട്ടീസ് ലഭിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര പേർക്കാണ് നോട്ടീസ് അയച്ചത് എന്നും എന്ത് മാനദണ്ഡ പ്രകാരമാണ് നോട്ടീസ് അയക്കേണ്ട ആളുകളുടെ ലിസ്റ്റ് തയ്യാറാക്കിയതെന്നും, സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) ഏതെല്ലാം വകുപ്പുകൾ ചേർത്താണ് പ്രസ്തുത നോട്ടീസ് അയച്ചത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഏറ്റവും അടുത്ത നഗരമായ മംഗലാപുരത്ത് ദൈനംദിന ആവശ്യങ്ങൾക്കായി പോകുന്ന വിദ്യാർത്ഥികൾ, സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്കും നോട്ടീസ് അയച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മംഗലാപുരത്ത് അക്രമം ഉണ്ടാക്കിയത് കേരളത്തിൽ നിന്നുള്ളവരാണെന്ന കർണ്ണാടക ആഭ്യന്തര വകുപ്പിന്റെ ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കലാപം നടത്തിയത് കേരളത്തിൽ നിന്നുള്ളവരാണെന്ന് മനപൂർവ്വം സ്ഥാപിക്കാൻ കർണ്ണാടക പോലീസ് ശ്രമിക്കുന്നത് സർക്കാർ ഗൗരവമായി പരിശോധിക്കുമോ;

(എഫ്) ഇതുമായി ബന്ധപ്പെട്ട് കേരള സർക്കാർ കർണ്ണാടക സർക്കാരുമായി ബന്ധപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പോലീസ് റിപ്പോർട്ട് പ്രകാരം ഏകദേശം 400-ഓളം പേർക്കാണ് ക്രിമിനൽ നടപടിക്രമം 41 (A) വകുപ്പ് അനുസരിച്ചുള്ള നോട്ടീസ് ലഭിച്ചത്. പൗരത്വ നിയമ ഭേദഗതിക്കെതിരെ കർണ്ണാടക സംസ്ഥാനത്തെ മംഗലാപുരത്ത് 19-12-2019-ൽ നടന്ന പ്രതിഷേധ സമരവുമായി ബന്ധപ്പെട്ടുണ്ടായ ക്രമസമാധാന പ്രശ്നങ്ങളും തുടർന്നുണ്ടായ പോലീസ് വെടിവയ്പുമായി ബന്ധപ്പെട്ട് മംഗലാപുരം സിറ്റി നോർത്ത് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം 133/19 നമ്പർ കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനായ മംഗലാപുരം സിറ്റി ക്രൈം റിക്കാഡ്സ് ബ്യൂറോ അസിസ്റ്റന്റ് കമ്മീഷണർ മുമ്പാകെ നേരിട്ട് ഹാജരാകണമെന്നും ഹാജരാകാത്തപക്ഷം തുടർനടപടികൾ സ്വീകരിക്കുമെന്നും കാണിച്ചാണ് കാസർഗോഡ് ജില്ലയിലെ 400-ഓളം പേർക്ക് നോട്ടീസ് ലഭിച്ചിട്ടുള്ളതായി അറിയുന്നത്.

(സി) ക്രിമിനൽ നടപടിചട്ടം 41 (A) വകുപ്പ് പ്രകാരമാണ് പ്രസ്തുത നോട്ടീസ് അയച്ചിട്ടുള്ളത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ &എഫ്) ഇക്കാര്യം പരിശോധിച്ച് ആവശ്യമുള്ളപക്ഷം ഉചിത നടപടി സ്വീകരിക്കുന്നതാണ്.

**പോലീസുകാർ ട്രെയിനിൽ ടിക്കറ്റില്ലാതെ യാത്ര ചെയ്ത സംഭവം**

172 (186) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ട് പോലീസുദ്യോഗസ്ഥർ 2019 ഡിസംബർ മാസം കണ്ണൂർ-തിരുവനന്തപുരം ജനശതാബ്ദി എക്സ്പ്രസ്സിൽ നിശ്ചിത യാത്രയ്ക്ക് മതിയായ ടിക്കറ്റോ രേഖകളോ ഇല്ലാതെ തൃശ്ശൂരിൽ നിന്നും യാത്രചെയ്ത സംഭവം ശ്രദ്ധിച്ചിട്ടുണ്ടോ;

(ബി) ഈ പോലീസുകാർക്കെതിരെ ആർ.പി.എഫ്. എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ; ആഭ്യന്തരവകുപ്പ് ഇവർക്കെതിരെ എന്തെങ്കിലും അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം;

(സി) കുറ്റകൃത്യം ചെയ്തവർ നിയമപാലക സേനാംഗങ്ങളായതിനാൽ അച്ചടക്ക നടപടികളിൽ നിന്നും മറ്റ് മേൽ നടപടികളിൽ നിന്നും ഇവരെ ഒഴിവാക്കുന്നതിന് സേനയിലെ ഉന്നത ഉദ്യോഗസ്ഥർ ഇടപെടൽ നടത്തിയതായ ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സംഭവത്തിൽ ആരോപണവിധേയരായ തൃശ്ശൂർ എ.ആർ ക്യാമ്പിലെ പോലീസുകാരായ സി.പി.ഒ. 7944 നൈജോൺ പി.ജെ., സി.പി.ഒ 7999 റിന്റോ സി.ജെ എന്നിവർക്കെതിരെ ആർ.പി.എഫ് സ്വീകരിച്ച നടപടി സംബന്ധിച്ചുള്ള വിവരം ലഭ്യമല്ല. എന്നാൽ തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയുടെ 31-12-2019-ലെ എച്ച്2/80457/2019/ആർ.സി. നമ്പർ പ്രകാരം ഇവർക്കെതിരെ വിശദമായ ഒരു അവാച്യാന്വേഷണം നടത്താൻ ഉത്തരവായിട്ടുണ്ട്. കൂടാതെ പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് TTE-യുടെ പരാതിയുടെ അടിസ്ഥാനത്തിൽ ടി പോലീസുകാർക്കെതിരെ ക്രൈം നമ്പർ 114/19 u/s 341, 323 of IPC പ്രകാരം ഒരു കേസും ടി പോലീസുകാരുടെ പരാതിയുടെ അടിസ്ഥാനത്തിൽ TTE-ക്കെതിരെ 113/19 u/s 341, 323 of IPC പ്രകാരം ഒരു കേസും തൃശ്ശൂർ RPS-ൽ രജിസ്റ്റർ ചെയ്ത് ഷൊർണ്ണൂർ റെയിൽവേ പോലീസ് ഇൻസ്പെക്ടർ അന്വേഷണം നടത്തിവരുന്നു.

(സി) ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ആഭ്യന്തര സുരക്ഷാചുമതല**

173 (187) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരുമായുള്ള ധാരണയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര സുരക്ഷാചുമതല ഏതെങ്കിലും സംഘടനയെ എൽപ്പിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ സർക്കാരിന്റെ ശേഷിച്ച കാലാവധിയിൽ ഇത് ഏൽപ്പിച്ചുനൽകുന്നതിന് ഏതെങ്കിലും സംഘടനയുമായി നേരിട്ടോ ഇടനിലക്കാർ വഴിയോ കരാറുണ്ടാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ നിയമപാലകർക്ക് ചുമതലയുള്ള ഏതെല്ലാം ജോലികളാണ് പൂർണ്ണമായോ ഭാഗികമായോ ഇത്തരം സംഘടനകളെ ഏൽപ്പിച്ചത്; വിശദാംശം നൽകുമോ;

(ഡി) ഇത്തരക്കാർക്ക് പാസ്പോർട്ട് വെരിഫിക്കേഷന്റെ ഉൾപ്പെടെയുള്ള ഏതെല്ലാം ചുമതലകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏൽപ്പിച്ച് നൽകി എന്നത് വ്യക്തമാക്കുമോ; അതിന്നാധാരമാക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഇത്തരത്തിൽ ചില സംഘടനാംഗങ്ങൾക്ക് ആരാധനാലയങ്ങളുടെയും അതിന്റെ പരിസരങ്ങളുടെയും സംരക്ഷണച്ചുമതല ഔദ്യോഗികമായോ അല്ലാതെയോ കൈമാറുന്നത് ആഭ്യന്തര സുരക്ഷയെ ഏതെല്ലാം വിധത്തിൽ ദോഷകരമായി ബാധിക്കുമെന്നത് മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടികളിൽ നിന്ന് കേന്ദ്ര സർക്കാരിന്റെ മാതൃക സ്വീകരിക്കാതെ സംസ്ഥാന സർക്കാർ പിൻവാങ്ങുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഇല്ല.

(ഡി) നിലവിൽ പാസ്പോർട്ട് വെരിഫിക്കേഷൻ മറ്റൊരു സംഘടനയ്ക്കോ, ഏജൻസിക്കോ നൽകിയിട്ടില്ല.

(ഇ) ബാധകമല്ല.

**പൗരത്വ നിയമത്തിനെതിരെ സമരം ചെയ്യുന്നവരുടെ പേരിൽ കേസ്**

174 (188) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗരത്വ നിയമത്തിനെതിരെ സമരം ചെയ്യുന്നവരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്യുവാൻ ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന പോലീസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇത്തരം ഒരു സർക്കുലർ പുറപ്പെടുവിക്കുവാനുണ്ടായ പ്രത്യേക സാഹചര്യമെന്താണ്; പ്രസ്തുത സർക്കുലർ പുറപ്പെടുവിക്കുന്നതിന് മുഖ്യമന്ത്രിയുടെ അനുമതി തേടിയിട്ടുണ്ടോ; ഇല്ലെങ്കിൽ പൗരത്വ ഭേദഗതി നിയമത്തിനെതിരെയുള്ള ജനങ്ങളുടെ പ്രതിഷേധത്തെ അടിച്ചമർത്തുവാനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ തീരുമാനത്തിനെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല

(ബി) ബാധകമല്ല.

**മംഗളൂരു പോലീസ് നോട്ടീസ് അയച്ച നടപടി**

175 (189) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗളൂരുവിലെ വെടിവെപ്പുമായി ബന്ധപ്പെട്ട് ഹാജരാകാൻ ആവശ്യപ്പെട്ട് മംഗളൂർ പോലീസിന്റെ നോട്ടീസ് കിട്ടിയവരിൽ എത്ര മലയാളികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ജില്ലകളിൽപ്പെട്ട എത്രപേർക്കാണ് ഇത്തരത്തിൽ നോട്ടീസ് കിട്ടിയതെന്ന കണക്ക് സർക്കാരിന്റെ പക്കലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ദൈനംദിന ജീവിതത്തിന്റെ ഭാഗമായി തൊട്ടടുത്ത പ്രദേശമായ മംഗളൂരുവിലേയ്ക്ക് പോകുന്ന മലയാളികൾക്കെതിരെ കേവലം ടവർ പരിശോധനയുടെ അടിസ്ഥാനത്തിൽ മംഗളൂർ പോലീസ് നോട്ടീസ് അയച്ച നീതീകരിക്കാനാവാത്ത നടപടിക്കെതിരെ സംസ്ഥാന ഗവൺമെന്റ് ഏതു തരത്തിലുള്ള ഇടപെടലുകൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) നോട്ടീസ് ലഭിച്ച മലയാളികളിൽ ഒരു വർഷത്തിലധികമായി നാളിതുവരെ മംഗളൂർ നഗരം കാണാത്തവരും ഉണ്ടെന്ന് പറയപ്പെടുന്ന ഇത്തരത്തിലുള്ള നിരപരാധികൾ കേസിൽപെടാതിരിക്കാൻ സർക്കാർ ഇടപെടാനുദ്ദേശിക്കുന്ന രീതികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പോലീസ് റിപ്പോർട്ടുപ്രകാരം ഏകദേശം 400-ഓളം പേർക്കാണ് ക്രിമിനൽ നടപടിചട്ടം 41 (A) വകുപ്പ് അനുസരിച്ചുള്ള നോട്ടീസ് ലഭിച്ചത്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി & ഡി) ഇതുസംബന്ധിച്ച് വിവരം ആരാഞ്ഞുകൊണ്ട് കാസർഗോഡ് ജില്ലാ പോലീസ് മേധാവി കർണ്ണാടക പോലീസ് മേധാവിക്ക് കത്തയച്ചിട്ടുണ്ട്. സംസ്ഥാന പോലീസ് മേധാവി കർണ്ണാടക സംസ്ഥാന പോലീസ് മേധാവിയുമായി ബന്ധപ്പെട്ടിട്ടുണ്ട്. ആവശ്യമുള്ളപക്ഷം കൂടുതൽ നടപടി സ്വീകരിക്കുന്നതാണ്.

**സംസ്ഥാനത്തെ ആഭ്യന്തര സുരക്ഷ**

176 (190) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്ങൾക്ക് അസ്വീകാര്യമായവരെ കായികമായി നേരിടുന്നതിന് ഏതെങ്കിലും സംഘടനകൾക്ക് കേരള പൊലീസ് നേരിട്ടോ മൗനമായോ അനുമതി നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ ഇത്തരം സംഘടനകൾ കേരളത്തിലെ സമാധാനാന്തരീക്ഷം തകർക്കുന്ന രീതിയിൽ നിയമം കൈയ്യിലെടുക്കുന്നതായി അഭിപ്രായമുണ്ടോ;

(സി) എങ്കിൽ കേരളത്തിൽ മതേ തരസ്വഭാവവും വിവിധ മതവിഭാഗങ്ങൾ തമ്മിലുള്ള സൗഹാർദ്ദവും നിലനിൽക്കുന്നതിനെ തകർക്കാനുള്ള ശ്രമം ആരുടെ ഭാഗത്ത് നിന്നുണ്ടായാലും മുഖം നോക്കാതെ നടപടി സ്വീകരിക്കുന്നതിന് തയ്യാറാവുമോ;

(ഡി) ശബരിമലയിൽ പോകാൻ എത്തിയവർക്കെതിരെ 26-11-2019 ന് കൊച്ചിയിൽ വച്ച് മുളക് സ്പ്രേ നടത്തിയ ആൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ; എങ്കിൽ ഏതെല്ലാം വകുപ്പുകളാണ് ഇയാൾക്ക് എതിരെ ചുമത്തി കേസ്സെടുത്തിട്ടുള്ളത്;

(ഇ) ഇയാൾക്കെതിരെയുള്ള കേസ്സിന്റെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അനുമതി നൽകിയിട്ടില്ല.

(ബി) ഇല്ല

(സി) ഇത്തരം നീക്കങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) മുളക് സ്പ്രേ ചെയ്ത ആളെയും കണ്ടാലറിയാവുന്ന മറ്റ് 4 പേരെയും പ്രതി ചേർത്ത് എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ2036/2019 U/s 354, 324, 326(b), 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും 26-11-2019-നുതന്നെ കുറ്റകൃത്യം ചെയ്തയാളിനെ അറസ്റ്റ് ചെയ്ത് ജൂഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചിരുന്നതും 9-12-2019-ന് ബഹുമാനപ്പെട്ട കോടതി ജാമ്യം അനുവദിച്ചിട്ടുള്ളതുമാണ്.

(ഇ) പ്രസ്തുത കേസ് നിലവിൽ അന്വേഷണാവസ്ഥയിലാണ്.

മറ്റ് പ്രതികളെ കണ്ടെത്തേണ്ടതും ഫോറൻസിക് പരിശോധനാ റിപ്പോർട്ട് ലഭിക്കേണ്ടതുമുണ്ട്.

**പിടിച്ചെടുത്ത വാഹനങ്ങൾ**

177 (192) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധയിടങ്ങളിൽ പോലീസും എക്സൈസും ഫോറസ്റ്റും പിടിച്ചിട്ടതും നശിച്ചുകൊണ്ടിരിക്കുന്നതുമായ വാഹനങ്ങൾ ലേലം ചെയ്ത് കൊടുക്കുന്നതിന് എന്തെങ്കിലും നിയമ തടസമുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ആർക്കും ഉപകാരപ്പെടാതെ നശിച്ചുകൊണ്ടിരിക്കുന്ന കോടികൾ വിലമതിക്കുന്ന ഇത്തരം വാഹനങ്ങൾ ലേലം ചെയ്ത് വിൽപന നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കസ്റ്റഡിയിൽ എടുക്കുന്ന വാഹനങ്ങളിൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള വാഹനങ്ങൾക്കെതിരെ ബന്ധപ്പെട്ട ബഹുമാനപ്പെട്ട കോടതികളുടെ നിർദ്ദേശാനുസരണം മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. അവകാശികളില്ലാതെയും ഉപേക്ഷിക്കപ്പെട്ടതുമായ വാഹനങ്ങൾ നടപടികൾ പൂർത്തീകരിച്ച് ലേലം ചെയ്തുവരുന്നു. ഗുരുതര സ്വഭാവമുള്ള കേസുകളിൽ കുറ്റകൃത്യങ്ങൾ ചെയ്യുന്നതിനായി ഉപയോഗിച്ച വാഹനങ്ങൾ ബഹുമാനപ്പെട്ട കോടതികളുടെ വിചാരണ വേളകളിൽ ഹാജരാക്കേണ്ടതുള്ളതുകൊണ്ടും മറ്റും കോടതി നടപടികൾ പൂർത്തീകരിച്ചശേഷമേ അത്തരം കേസുകളിൽ തീരുമാനമാകുകയുള്ളൂ. താരതമ്യേന ഗുരുതരസ്വഭാവമല്ലാത്ത കേസുകളിൽ (River Bank Protection Act, MMDR Act) Executive Magistrate-മാർ വഴി വാഹനങ്ങൾ ത്വരിതമായി തീർപ്പുകൽപ്പിച്ചുവരുന്നു.

(ബി) പിടിച്ചെടുത്ത വാഹനങ്ങൾ ത്വരിതഗതിയിൽ തീർപ്പാക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ 11-9-2018-ലെ സ.ഉ(പി)നമ്പർ 60/2018/ആഭ്യന്തരം പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

## ചെക്ക്പോസ്റ്റുകളിലെ വിജിലൻസ് പരിശോധന

178 (193) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മോട്ടോർ വാഹന വകുപ്പിന്റെ വിവിധ അതിർത്തി ചെക്ക്പോസ്റ്റുകളിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ (2019-ജനുവരി മുതൽ) എത്ര തവണയാണ് വിജിലൻസ് പരിശോധന നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ക്രമക്കേടുകൾ കണ്ടെത്തിയതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ 2019 കാലയളവിൽ പാലക്കാട് ജില്ലയിലെ മോട്ടോർ വാഹന വകുപ്പിന്റെ വിവിധ അതിർത്തി ചെക്ക് പോസ്റ്റുകളിലായി 24 പരിശോധനകൾ നടത്തുകയുണ്ടായി.

(ബി) ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററുകൾ കൃത്യമായി അപ്ഡേറ്റ് ചെയ്യാതെയും വൻതുകകൾ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി കൈവശം സൂക്ഷിക്കുന്നതായും കണ്ടെത്തി. സർക്കാരിൽ അടയ്ക്കേണ്ട കളക്ഷൻ തുകയിൽ കുറവുള്ളതായി കണ്ടെത്തി. കണക്കിൽ പെടാത്ത പണം ഏജന്റുമാരിൽ നിന്നും കണ്ടെത്തുകയും കൂടാതെ ചെക്ക് പോസ്റ്റുകളിൽ ടാക്സും ഫീസും അടയ്ക്കാനായി വരുന്ന വഹനങ്ങളിൽ യാതൊരു പരിശോധനയും നടത്തുന്നില്ലായെന്നും കണ്ടെത്തി. വേയിംഗ് ബിൽ ഇല്ലാതെതന്നെ അമിതഭാര വാഹനങ്ങൾ കടത്തിവിടുന്നതായി കാണപ്പെട്ടു.

(സി) 12-4-2019-ൽ ഗോപാലപുരം ചെക്ക് പോസ്റ്റിൽ നടത്തിയ പരിശോധനയിലും 29-7-2019-ൽ വാളയാർ ഇൻ ചെക്ക് പോസ്റ്റിൽ നടത്തിയ പരിശോധനയിലും വ്യാപക ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 2 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നു. സർക്കാരിൽ ലഭ്യമായ 4 റിപ്പോർട്ടുകളിൽ 2 എണ്ണത്തിൽ വിജിലൻസ് ഡയറക്ടറുടെ നിർദ്ദേശം സർക്കാർ അംഗീകരിച്ചതിൻപ്രകാരം, ഒരു റിപ്പോർട്ടിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനെ സ്ഥലംമാറ്റി അച്ചടക്ക നടപടി എടുക്കുന്നതിനും അടുത്തതിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്ത് വകുപ്പുതല നടപടി എടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 2 എണ്ണം സർക്കാരിന്റെ പരിശോധനയിലുമാണ്.

**പോക്സോ കോടതികൾ**

179 (194) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി പോക്സോ കോടതികൾ ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) കാട്ടാക്കട താലൂക്ക് കേന്ദ്രമായി പോക്സോ കോടതി ആരംഭിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) SUO MOTO WP (Crl.) No.1/2019 കേസിന്റെ 25-7-2019-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളം പോക്സോ കേസുകൾ തീർപ്പാക്കുന്നതിന് 56 അതിവേഗ കോടതികൾ ആരംഭിക്കണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമെന്ന നിലയിൽ

സംസ്ഥാനത്തെ 14 ജില്ലകളിലും പോക്സോ ആക്ടിനുകീഴിൽ വരുന്ന കേസുകളുടെ വിചാരണയ്ക്കായി 28 പ്രത്യേക (Fast track) കോടതികൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലുമാണ്.

11-7-2019-ലെ സ.ഉ.(കൈ)നമ്പർ 101/2019/ആഭ്യന്തരം പ്രകാരം എറണാകുളം ജില്ലയിൽ പോക്സോ കോടതി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി)കോടതികൾ എവിടെ സ്ഥാപിക്കണമെന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

## എം.എ.സി.ടി. കോടതികൾ

180 (195) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം ജില്ലയിൽ പുതിയതായി എത്ര കോടതികൾ അനുവദിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) 17-2-2012-ലെ സ.ഉ.(സാധാ)നമ്പർ1159/ആഭ്യന്തരം ഉത്തരവ് അനുസരിച്ചുള്ള മുൻഗണന പട്ടികയിൽ ഉൾപ്പെട്ട നെടുമങ്ങാട് എം.എ.സി.ടി. കോടതി സ്ഥാപിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നെടുമങ്ങാട് എം.എ.സി.ടി. കോടതി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതി രജിസ്ട്രാറുടെ നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ)ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1-3-2011-ലെ സ.ഉ.(കൈ)നമ്പർ 86/2011/ആഭ്യന്തരം പ്രകാരം സ്ഥാപിച്ച വെള്ളനാട് ഗ്രാമന്യായാലയം 19-11-2016-ൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്ത് എം.എ.സി.ടി കോടതികൾ സ്ഥാപിക്കുന്നതിന് 17-4-2012-ലെ സ.ഉ.(സാധാ) നമ്പർ1159/2012/ആഭ്യന്തരം പ്രകാരം ഒരു മുൻഗണനാ ലിസ്റ്റ് സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മേൽ ലിസ്റ്റിൽ തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് എം.എ.സി.ടി-യെ ഉൾപ്പെടുത്തിയിരുന്നു. കോടതി സ്ഥാപിക്കുന്നതിന് ഹൈക്കോടതി രജിസ്ട്രാറുടെ ശിപാർശ സർക്കാരിന്

ലഭിച്ചിട്ടുണ്ട്. എം.എ.സി.ടി ഉൾപ്പെടെയുള്ള കോടതികൾ പുതുതായി ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതുവരെ ഇക്കാര്യത്തിൽ തീരുമാനം മാറ്റി വയ്ക്കേണ്ടതുണ്ട്.

## പോക്സോ കോടതികൾ

181 (196) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പോക്സോ കോടതികൾ ആരംഭിക്കുന്നതിന് സാമൂഹ്യ നീതി വകുപ്പ് മുഖാന്തരം പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

ഉണ്ട്. പോക്സോ നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ, ബലാൽസംഗ കേസുകൾ എന്നിവയുടെ വിചാരണയ്ക്കായി 28 അതിവേഗ പ്രത്യേക കോടതികൾ (Fast Track Special Courts) സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും കേന്ദ്ര സർക്കാർ ഈ പ്രൊപ്പോസലിന് അംഗീകാരം നൽകുകയും ചെയ്തു. 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള കേന്ദ്ര വിഹിതത്തിന്റെ 50% ആയ 6.3 കോടി രൂപ (ആറു കോടി മുപ്പതു ലക്ഷം രൂപ മാത്രം) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം 28 അതിവേഗ കോടതികൾ കൂടി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പോക്സോ കേസുകളിലെ പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർമാർ

182 (197) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. എം. ഉമ്മർ:
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോക്സോ കേസ്സുകളിൽ നിയമിക്കപ്പെടുന്ന പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർമാർ നിയമത്തിനു പുറമേ കുട്ടികളുടെ മനഃശാസ്ത്രം, പെരുമാറ്റം, ആരോഗ്യം തുടങ്ങിയ കാര്യങ്ങളിൽകൂടി പരിശീലനം സിദ്ധിച്ചവരാകണമെന്ന സുപ്രീംകോടതിയുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ നിർദ്ദേശപ്രകാരം സംസ്ഥാനത്ത് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സുപ്രീംകോടതിയുടെ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. നിലവിൽ സംസ്ഥാനത്തെ പോക്സോ കോടതികളിൽ കേസ് നടത്തുന്നതിനുവേണ്ടി മാത്രമായി പ്രത്യേക പ്രോസിക്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട്. അവർക്ക് വിദഗ്ദ്ധ പരിശീലനം ജുഡീഷ്യൽ അക്കാദമിയിലും പോലീസ് അക്കാദമിയിലും നൽകിവരുന്നു.

**കൂടുതൽ പോക്സോ കോടതികൾ സ്ഥാപിക്കുവാൻ നടപടി**

183 (198) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോക്സോ കേസുകളിൽ അന്വേഷണം വേഗത്തിലാക്കാനും, കുറ്റവാളികൾക്ക് പരമാവധി വേഗത്തിൽ ശിക്ഷ ഉറപ്പുവരുത്തുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പോക്സോ കേസുകളിൽ വിചാരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ പോക്സോ കോടതികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര കോടതികൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പോക്സോ കേസുകൾ രജിസ്റ്റർ ചെയ്താൽ കഴിയുന്നതും ഒരു വർഷത്തിനകം അന്വേഷണവും വിചാരണയും പൂർത്തിയാക്കി വിധി പ്രസ്താവിക്കണമെന്ന് നിയമത്തിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പോക്സോ കേസുകളിൽ വിചാരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 28 പ്രത്യേക കോടതികൾ കൂടി സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

(ബി &സി) SUO MOTO WP (Crl.) No.1/2019 കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 25-7-2019-ലെ ഉത്തരവിൽ സംസ്ഥാനത്തുടനീളം പോക്സോ കേസുകൾ തീർപ്പാക്കുന്നതിന് 57 അതിവേഗ കോടതികൾ ആരംഭിക്കണമെന്ന നിർദ്ദേശമുണ്ട്. ഇതിൽ ആദ്യഘട്ടമെന്ന നിലയിൽ 28 പ്രത്യേക കോടതികൾ സ്ഥാപിക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

## പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ

184 (199) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പുതിയ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ അവ ഏതൊക്കെയാണെന്ന് നിയോജകമണ്ഡലാടിസ്ഥനത്തിൽ വിശദമാക്കാമോ;

(സി) പുതിയ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനുകൾ ഇനിയും അനുവദിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ &ബി) ഉണ്ട്. താഴെപ്പറയുന്ന മൂന്ന് ഫയർ സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്.

| സ്റ്റേഷന്റെ പേര് | നിയോജകമണ്ഡലം |
|---|---|
| കൊയിലാണ്ടി | കൊയിലാണ്ടി |
| അരൂർ | അരൂർ |
| നാട്ടിക | നാട്ടിക |

(സി) സംസ്ഥാനത്ത് പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി വകുപ്പ് മേധാവി തയ്യാറാക്കി സമർപ്പിച്ച മുൻഗണനാ പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു. ആയതിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് പ്രൊമോഷൻ

185 (200) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ലീഡിംഗ് ഫയർമാൻ, ഡ്രൈവർ ,മെക്കാനിക് എന്നീ വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ റേഷ്യോ എണ്ണത്തിന് ആനുപാതികമായി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത വകുപ്പിൽ എല്ലാ വിഭാഗം ജീവനക്കാർക്കും ഗ്രേഡ് പ്രൊമോഷന് അർഹമാകുന്ന വർഷങ്ങളിൽ മാനദണ്ഡമില്ലാതെ ഗ്രേഡ് പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ലീഡിംഗ് ഫയർമാൻ, ഡ്രൈവർ ,മെക്കാനിക്, ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ, ഫയർമാൻ എന്നീ

വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാരിൽ ഏതൊക്കെ കാറ്റഗറിയിൽപെട്ട എത്ര ജീവനക്കാർ ലെസർ സ്കെയിലിൽ ശമ്പളം വാങ്ങുന്നുണ്ടെന്നറിയിക്കുമോ;

(ഡി) പ്രസ്തുത വകുപ്പ് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുവാൻ സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടിൽ ലെസർ സ്കെയിൽ പരിഹരിക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിലവിൽ പരിഗണനയിലില്ല.

(സി) യഥാസമയം പ്രൊമോഷൻ ലഭിക്കാത്ത ജീവനക്കാർക്ക് സമയബന്ധിത ഹയർ ഗ്രേഡ് നൽകുമ്പോൾ ബന്ധപ്പെട്ട പ്രൊമോഷൻ തസ്തികയിൽ നിയമനം ലഭിക്കുന്നതിന് സ്പെഷ്യൽ റൂൾ പ്രകാരമുള്ള യോഗ്യത ക്വാളിഫൈ ചെയ്യാത്ത ജീവനക്കാർക്ക് നിലവിൽ ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന ശമ്പള സ്കെയിലിന് തൊട്ട് മുകളിലുള്ള ശമ്പള സ്കെയിലിൽ ആണ് ഹയർ ഗ്രേഡ് അനുവദിക്കുന്നത്. ക്വാളിഫൈഡ് ഹയർഗ്രേഡ് ലഭിക്കാത്ത ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ലീഡിംഗ് ഫയർമാൻ | - | 69 |
| ഡ്രൈവർ മെക്കാനിക് | - | 23 |
| ഫയർമാൻ ഡ്രൈവർ കം -പമ്പ് ഓപ്പറേറ്റർ | - | 184 |
| ഫയർമാൻ | - | 128 |

(ഡി) ശിപാർശ ചെയ്തിട്ടില്ല.

**അഗ്നിരക്ഷാ സേനയിൽ ഡ്രൈവർ തസ്തിക**

186 (201) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നി രക്ഷാസേനയിൽ ഡ്രൈവർ തസ്തിക നിയമനത്തിന് പി.എസ്.സി. റാങ്ക് പട്ടിക നിലവിലുണ്ടോ;

(ബി) പ്രസ്തുത റാങ്ക് പട്ടിക നിലവിൽ വന്നത് എന്നാണ്; റാങ്ക് പട്ടികയുടെ കാലാവധി എത്ര മാസമാണ്;

(സി) പ്രസ്തുത റാങ്ക് പട്ടികയിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ഡി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; ഒഴിവുകൾ പൂർണ്ണമായും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഫയർമാൻ ഡ്രൈവർ -കം-പമ്പ് ഓപ്പറേറ്റർ തസ്തികയുടെ റാങ്ക് പട്ടിക നിലവിലുണ്ട്.

(ബി) 10-10-2019-ൽ. പ്രസ്തുത തീയതി മുതൽ ഒരു വർഷമാണ് കാലാവധി.

(സി) പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനം ബഹു. മാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 18-12-2019-ലെ ഇടക്കാല ഉത്തരവ് പ്രകാരം 2 മാസത്തേയ്ക്ക് സ്റ്റേ ചെയ്തിരിക്കുകയാണ്.

(ഡി) നിലവിൽ 90 ഒഴിവുകളുണ്ട്. 86 ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 4 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഫയർ സ്റ്റേഷനുകളുടെ നിർമ്മാണം**

187 (202) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഫയർ സ്റ്റേഷനുകൾ ആരംഭിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഒറ്റപ്പാലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികളുടെ കാലിക സ്ഥിതി വിശദമാക്കാമോ;

(സി) ഒറ്റപ്പാലം ഫയർസ്റ്റേഷനായുള്ള സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 3 ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിച്ചു.

(ബി&സി) സംസ്ഥാനത്ത് പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി വകുപ്പ് മേധാവി തയ്യാറാക്കി സമർപ്പിച്ച മുൻഗണനാ പട്ടിക സർക്കാർ പരിശോധിച്ചുവരികയാണ്. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## ഉപ്പള ഫയർ സ്റ്റേഷന് സ്വന്തം കെട്ടിടം

188 (203) ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 ഏപ്രിലിൽ ആരംഭിച്ച ഉപ്പള ഫയർ സ്റ്റേഷൻ മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ താൽക്കാലിക കെട്ടിടത്തിൽ അസൗകര്യം കൊണ്ടും കാലപ്പഴക്കം കൊണ്ടും അപകടാവസ്ഥയിൽ സ്ഥിതി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം പണിയുന്നതിന് മംഗൽപാടി പഞ്ചായത്തിലെ സോങ്കാൽ എന്ന സ്ഥലത്ത് അനുവദിച്ച റീ സർവ്വേ നം 50/1-ൽ ഒന്നര ഏക്കർ സ്ഥലം കൈമാറ്റം ചെയ്യുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥലത്ത് ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി കണ്ടെത്തിയ ഭൂമി പ്രാദേശിക എതിർപ്പ് കാരണം സ്ഥലം അളന്ന് തിരിക്കാനോ ഏറ്റെടുക്കുവാനോ സാധിച്ചിട്ടില്ല.

(സി) വകുപ്പിന് സ്ഥലം കൈമാറി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ചീമേനി ടൗണിൽ ഫയർ സ്റ്റേഷൻ

189 (204) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ കയ്യൂർ- ചീമേനി പഞ്ചായത്തിലെ ചീമേനി ടൗണിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ബി) ഇതിനാവശ്യമായ സ്ഥലവും കെട്ടിടവും സൗജന്യമായി ഏർപ്പെടുത്തി നൽകിയാൽ ഫയർസ്റ്റേഷൻ എപ്പോൾ അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ &ബി) സംസ്ഥാനത്ത് പുതിയ ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി വകുപ്പ് മേധാവി തയ്യാറാക്കി സമർപ്പിച്ച മുൻഗണനാ പട്ടികയിൽ ചീമേനിയും ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത മുൻഗണനാ പട്ടികയിൽ സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## ആലത്തൂർ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം

190 (205) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ ഫയർ സ്റ്റേഷന് പുതിയതായി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടനിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ആലത്തൂർ ഫയർ & റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി ആലത്തൂർ താലൂക്ക്, കുഴൽമന്ദം-1 വില്ലേജിൽ ബ്ലോക്ക് 17-ൽ റീസർവ്വേ നമ്പർ 672/6-ൽ ഉൾപ്പെട്ട ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള 0.2023 ഹെക്ടർ ഭൂമി വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഫണ്ടിന്റെ ലഭ്യത, ഭരണാനുമതി എന്നിവയ്ക്ക് വിധേയമായി കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്.

## മാവൂരിൽ ഫയർ സ്റ്റേഷൻ

191 (206) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂരിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് താൽക്കാലിക സംവിധാനമൊരുക്കുവാൻ വകുപ്പ് നിർദ്ദേശം നൽകിയിരുന്നോ ;

(ബി) ആയതിനു വേണ്ട സൗകര്യങ്ങൾ ഗ്രാമപഞ്ചായത്ത് ക്രമീകരിച്ച് നൽകിയിട്ടുണ്ടോ ;

(സി) പ്രസ്തുത ഫയർസ്റ്റേഷൻ എന്ന്ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നൽകിയിരുന്നില്ല.

(ബി) നൽകിയിട്ടില്ല.

(സി) സംസ്ഥാനത്ത് പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി വകുപ്പ് മേധാവി തയ്യാറാക്കി സമർപ്പിച്ച മുൻഗണനാ പട്ടിക സർക്കാർ പരിശോധിച്ചുവരികയാണ്. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. ടി ലിസ്റ്റിൽ ഉൾപ്പെടുന്ന മുറയ്ക്ക് ഫയർസ്റ്റേഷൻ ആരംഭിക്കുന്ന കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

## കോഴിക്കോട് ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ നടപടി

192 (207) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ ജനസാന്ദ്രതയും ദൈനംദിന വികസനങ്ങളുടെയും പശ്ചാത്തലത്തിൽ നഗരത്തിൽ പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് പുതിയ ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ അനുവദിക്കുന്നതിനായി വകുപ്പ് മേധാവി തയ്യാറാക്കി സമർപ്പിച്ച മുൻഗണനാ പട്ടികയിൽ കോഴിക്കോട് ജില്ലയിലെ മാവൂർ, ചേളന്നൂർ, പുതുപ്പാടി എന്നീ സ്ഥലങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത മുൻഗണനാ പട്ടികയിൽ സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## ചെങ്ങന്നൂർ ഫയർ സ്റ്റേഷനും ട്രാഫിക് പോലീസ് സ്റ്റേഷനും പുതിയ കെട്ടിടം

193 (208) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ചെങ്ങന്നൂർ ഫയർ സ്റ്റേഷനും ട്രാഫിക്ക് പോലീസ് സ്റ്റേഷനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാരിലേയ്ക്ക് സമർപ്പിച്ച അപേക്ഷ ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെയും ഡി.ജി.പി .യുടെയും പരിഗണനക്ക് റഫർ ചെയ്തിരുന്നുവോയെന്ന് വ്യക്തമാക്കാമോ;

(ബി) കെട്ടിട നിർമ്മാണ ഉത്തരവ് അടിയന്തരമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചെയ്തിരുന്നു.

(ബി) ചെങ്ങന്നൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന്റെയും ട്രാഫിക് പോലീസ് സ്റ്റേഷന്റെയും ഓഫീസുകൾ ഒരേ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനുവേണ്ടി ചെങ്ങന്നൂർ പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ പ്ലാൻ വകുപ്പ് മേധാവി അംഗീകരിച്ച് തുടർനടപടികൾക്കായി

പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പഴയ കെട്ടിടം പൊളിച്ചുനീക്കി പുതിയ കെട്ടിടത്തിന്റെ നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### പട്ടാമ്പിയിൽ അനുവദിച്ചിട്ടുള്ള ഫയർ സ്റ്റേഷൻ

194 (209) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പിയിൽ അനുവദിക്കുമെന്ന് സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷന്റെ പ്രവർത്തനം ഈ വർഷം ആരംഭിക്കുവാൻ സാധിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി വകുപ്പ് മേധാവി തയ്യാറാക്കി സമർപ്പിച്ച മുൻഗണനാ പട്ടികയിൽ പട്ടാമ്പിയും ഉൾപ്പെട്ടിട്ടുണ്ട്.

### കരുനാഗപ്പള്ളി ഫയർ സ്റ്റേഷൻ

195 (210) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ഫയർസ്റ്റേഷൻ സ്വകാര്യ കെട്ടിടത്തിൽ പരിമിതമായ ചുറ്റുപാടിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ബി) കോടികൾ വിലമതിക്കുന്ന ഉപകരണങ്ങളും വാഹനങ്ങളും സൂക്ഷിക്കുന്നതിന് സൗകര്യമില്ലാതെ നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി ആഭ്യന്തര വകുപ്പ് കൈമാറിയസ്ഥലത്ത് ഫയർസ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്. കാലപ്പഴക്കം ചെന്നതും ജീർണ്ണാവസ്ഥയിലുള്ളതുമായ വാടകക്കെട്ടിടത്തിലാണ് ഫയർ & റെസ്ക്യൂ സ്റ്റേഷൻ നിലവിൽ പ്രവർത്തിക്കുന്നത്.

(ബി) ഗ്യാരേജിൽ സ്ഥലപരിമിതി നിലവിലുണ്ടെങ്കിലും നിലയത്തിലെ വാഹനങ്ങളും ഉപകരണങ്ങളും നശിക്കാത്ത രീതിയിൽ സുരക്ഷിതമായി പരിപാലിച്ചുവരുന്നു.

(സി) ഫയർ സ്റ്റേഷന് പുതിയ കെട്ടിടവും ഫാമിലി ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനായി 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ചാലക്കുടിയിൽ ഫയർ ഫോഴ്സിന് പുതിയ കെട്ടിടം**

196 (211) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ഫയർഫോഴ്സിന് പുതിയ കെട്ടിടം അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ;വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ & ബി) ചാലക്കുടി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം കൈമാറി ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ടി സ്ഥലം കൈമാറി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ജയിലുകളിൽ കഴിയുന്നവരുടെ പുനരധിവാസം**

197 (212) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്നവരുടെ പുനരധിവാസത്തിനായി സർക്കാർ തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം പദ്ധതികൾ ഇതിനോടകം ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ &ബി) ജയിൽ അന്തേവാസികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി വിവിധ ക്ഷേമപരിപാടികൾ സർക്കാർ നടപ്പിലാക്കിവരുന്നു. അന്തേവാസികളുടെ സ്വഭാവ പരിവർത്തനവും പുനരധിവാസവും ലക്ഷ്യംവച്ച് ജയിൽ മോചിതരാകുമ്പോൾ വിവിധ തൊഴിലുകളിൽ ഏർപ്പെട്ട് ജീവസന്ധാരണത്തിനുള്ള മാർഗ്ഗം കണ്ടെത്തുവാനും അതുവഴി സമൂഹത്തിലെ ഉത്തമ പൗരന്മാരായി ജീവിക്കുന്നതിനും സാധിക്കുന്നതരത്തിൽ വിവിധ തൊഴിൽ പരിശീലന പരിപാടികൾ സർക്കാർ അംഗീകൃത ഏജൻസികൾ മുഖാന്തരം വർഷംതോറും തടവുകാരുടെ ക്ഷേമ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

തൊഴിൽ പരിശീലന പരിപാടി കൂടാതെ തടവുകാരുടെ മനപരിവർത്തനത്തിനായി വിവിധ വിഷയങ്ങളിൽ മതപരമായ സാന്മാർഗിക ബോധനം നടത്തിവരുന്നു. വിവിധ സന്നദ്ധ സംഘടനകളുടെ സഹായത്തോടെയുള്ള ക്ഷേമ പരിപാടികൾ കൂടാതെ കൗൺസിലിംഗ്, സാക്ഷരതാ ക്ലാസ്സുകൾ, ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ, കമ്പ്യൂട്ടർ ക്ലാസ്സുകൾ, ലൈബ്രറി സംവിധാനങ്ങൾ, ടെലിവിഷൻ, എഫ്.എം റേഡിയോ എന്നിവയും ജയിലുകളിൽ ലഭ്യമാണ്. അന്തേവാസികളുടെ കലാ-കായിക മത്സരങ്ങൾ, കലാ-സാംസ്കാരിക പരിപാടികൾ എന്നിവ ഉൾപ്പെടെയുള്ള വിവിധ ക്ഷേമ പദ്ധതികളിലൂടെ ജയിൽ മോചനത്തിനുശേഷം അവരുടെ സമൂഹത്തിലെ പുനരധിവാസം സുഗമമാക്കുന്നതിന് സഹായിക്കുന്നു.

ഡ്രൈവിംഗ് പരിശീലനം, കാർപ്പെന്ററി, വീവിംഗ്, ടൈലറിംഗ്, അഗ്രിക്കൾച്ചറൽ ഫാമിംഗ്, അലുമിനിയം ഫാബ്രിക്കേഷൻ, എൽ.ഇ.ഡി. ബൾബ് നിർമ്മാണം, ഫിനോയിൽ, പേപ്പർ ബാഗ്, മെഴുകുതിരി, സോപ്പ് നിർമ്മാണം, കുട നിർമ്മാണം, തടി കളിപ്പാട്ട നിർമ്മാണം, മൃദു പാവ നിർമ്മാണം, ഫോട്ടോഗ്രാഫി, ഡി.റ്റി.പി. പരിശീലനം, സോളാർ എനർജി & സോളാർ മെയിന്റനൻസ് സർവ്വീസ്, ചെണ്ടമേളം, വെൽഡിംഗ്, ആധുനിക ബ്യൂട്ടി പാർലർ പരിശീലനം, കമ്പ്യൂട്ടർ ഹാർഡ് വെയർ & മെയിന്റനൻസ്, കരകൗശല വസ്തുക്കളുടെ നിർമ്മാണം, എണ്ണ പലഹാര നിർമ്മാണം, പപ്പട നിർമ്മാണം, വെർമി കമ്പോസ്റ്റ്, ജീവാമൃതം നിർമ്മാണം, കോഴി വളർത്തൽ, ഷോർട്ട് ഫിലിം/ഡോക്യുമെന്ററി പ്രൊഡക്ഷൻ, യോഗ & മെഡിറ്റേഷൻ, സി.സി.ടി.വി ഇൻസ്റ്റലേഷൻ, സ്ക്രീൻ പ്രിന്റിംഗ്, ഫയൽ നിർമ്മാണം, ഇലക്ട്രീഷ്യൻ കോഴ്സ്, യന്ത്രം ഉപയോഗിച്ച് തെങ്ങുകയറ്റ പരിശീലനം, കുക്കറി, ബേക്കറി & കൺഫെക്ഷനറി എന്നീ തൊഴിൽ പരിശീലന പരിപാടികൾ ജയിലുകളിൽ നടപ്പിലാക്കിവരുന്നു.

**ജയിൽ സുരക്ഷ**

198 (213) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സെൻട്രൽ ജയിലുകൾ ഉൾപ്പെടെ നിലവിൽ എത്ര ജയിലുകൾ ഉണ്ട്; ഇവയിൽ മൊത്തം എത്ര തടവുകാർ ഉണ്ട്; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്ന തടവുകാരുടെ എണ്ണം അനുവദനീയമായതിൽ കൂടുതലാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(സി) ജയിലിലെ സ്ഥിരം സുരക്ഷാജീവനക്കാരുടെ എണ്ണം കുറവായതുമൂലം താത്കാലിക ജീവനക്കാരെ സുരക്ഷാ ജോലികൾക്ക് നിയോഗിക്കുന്നത് ജയിൽ സുരക്ഷയെ ബാധിക്കും എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സെൻട്രൽ ജയിലുകൾ ഉൾപ്പെടെ നിലവിൽ 55 ജയിലുകൾ ഉണ്ട്. 28-1-2020-ലെ എണ്ണമനുസരിച്ച് 7653 തടവുകാർ ഈ ജയിലുകളിൽ കഴിയുന്നുണ്ട് (പുരുഷന്മാർ-7479, സ്ത്രീകൾ-174).

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് 2 സെൻട്രൽ ജയിലുകളിലും (തിരുവനന്തപുരം, വിയ്യൂർ), 5 ജില്ലാ ജയിലുകളിലും (ആലപ്പുഴ, കോഴിക്കോട്, എറണാകുളം, വിയ്യൂർ, കോട്ടയം), 8 സ്പെഷ്യൽ സബ് ജയിലുകളിലും (കൊട്ടാരക്കര, മാവേലിക്കര, ചിറ്റൂർ, കാസർഗോഡ്, വൈത്തിരി, മഞ്ചേരി, കോഴിക്കോട്, ഇരിങ്ങാലക്കുട), 11 സബ് ജയിലുകളിലും (ആറ്റിങ്ങൽ, കണ്ണൂർ, തിരൂർ, പൊന്നാനി, പെരിന്തൽമണ്ണ, വടകര, ചാവക്കാട്, ആലുവ, എറണാകുളം, ഒറ്റപ്പാലം ആലത്തൂർ) 28-1-2020-ലെ ലോക്കപ്പ് റിപ്പോർട്ട് അനുസരിച്ച് അനുവദനീയമായതിലും കൂടുതൽ തടവുകാരെ പാർപ്പിച്ചിട്ടുണ്ട്.

(സി) ജയിലിലെ സുരക്ഷാ ജോലികൾ നിർവ്വഹിക്കുന്നതിനായി താത്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഈ ക്രമീകരണം ജയിൽ സുരക്ഷയെ ഒരു വിധത്തിലും ബാധിക്കുകയില്ല.

**ജയിൽ ഭക്ഷണത്തിന്റെ വില**

199 (214) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ ഭക്ഷണത്തിന് (ഫ്രീഡം ഫുഡ്) വില കൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പച്ചക്കറിക്കും പലവ്യഞ്ജനത്തിനും വില വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിലാണോ ജയിൽ ഭക്ഷണത്തിന് വില വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) വില വർദ്ധനവ് മൂലം ജയിൽ ഭക്ഷണത്തിന്റെ വിൽപ്പനയിൽ കുറവ് ഉണ്ടായിട്ടുണ്ടോ;

(ഡി) ഓൺലൈൻ സംവിധാനത്തിൽ കൂടി ജയിൽ ഭക്ഷണം വിതരണം ചെയ്യുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ജയിൽ ഭക്ഷ്യ യൂണിറ്റിൽ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന ഭക്ഷ്യോത്പന്നങ്ങളുടെ വില ഏകീകരിച്ചുകൊണ്ട് 21-1-2020-ൽ സ.ഉ. (കൈ)നമ്പർ 27/2020/ആഭ്യന്തരം പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | നിലവിലെ വില | ഏകീകൃത ശിപാർശിത നിരക്ക് |
|---|---|---|
| ചിക്കൻകറി | 25/ 20 | 25 |
| 5 ചപ്പാത്തി + ചിക്കൻകറി | 30 | 35 |
| വെജ് കറി | 15, 10 | 15 |
| 5 ചപ്പാത്തി + വെജ് കറി | 20 | 25 |
| മുട്ടക്കറി | 15, 12 | 15 |
| 5 ചപ്പാത്തി + മുട്ടക്കറി | 25-, 22 | 25 |
| 5 ഇഡ്ഡലി + കറി | 20 | 25 |
| ബിരിയാണി | 60 | 65 |
| ബിരിയാണി റൈസ് | 30 | 35 |
| ചില്ലി ചിക്കൻ | 40-, 60 | 60 |
| ബനാന ചിപ്സ് | 240 | 260(ഉത്സവ കാലങ്ങളിൽ ഒഴികെ) |

(ബി) അസംസ്കൃത സാധനങ്ങളുടെ വിലവർദ്ധനവ്, ഇന്ധന വില വർദ്ധനവ്, പാചക വാതകത്തിന്റെ വില വർദ്ധനവ് എന്നിവമൂലം ഉത്പാദനച്ചെലവിലുണ്ടായ വർദ്ധനവും വില ഏകീകരണത്തിന് കാരണമായിട്ടുണ്ട്.

(സി) വില വർദ്ധനവ് സംബന്ധിച്ച് 21-1-2020-ൽ ഉത്തരവ് പുറപ്പെടുവിച്ചതിൻപ്രകാരം വില്പനയിലെ കുറവ് വിലയിരുത്തുന്നതിന് ഇനിയും സമയം വേണ്ടിവരുന്നതാണ്.

(ഡി) ഉണ്ട്. ഭക്ഷ്യ യൂണിറ്റുകൾ പ്രവർത്തിക്കുന്ന സെൻട്രൽ ജയിലുകളായ തിരുവനന്തപുരം, വിയ്യൂർ എന്നിവിടങ്ങളിൽ ഓൺലൈൻ വിതരണ ഏജൻസികളായ Zomato, Swiggy എന്നിവ മുഖേനയും കോഴിക്കോട്, എറണാകുളം, കൊല്ലം ജില്ലാ ജയിലുകളിൽ Swiggy മുഖേനയും ഓൺലൈനിൽ ഭക്ഷണ വിതരണം നടത്തിവരുന്നു.

**ജയിൽ വകുപ്പിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തിക**

200 (216) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ജയിൽ വകുപ്പിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ ജയിൽ വകുപ്പിൽ ചുവടെ ചേർക്കുന്ന തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

| | |
|---|---|
| വെൽഫെയർ ഓഫീസർ | 1 |
| അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ്-1 | 4 |
| അസിസ്റ്റന്റ് പ്രിസൺ ഓഫീസർ | 90 |
| അഗ്രികൾച്ചർ ഡെമോൺസ്ട്രേറ്റർ | 1 |
| ജോയിന്റ് സൂപ്രണ്ട് | 1 |
| മെഡിക്കൽ ഓഫീസർ | 1 |
| ഫാർമസിസ്റ്റ് | 1 |
| ലാബ് ടെക്നീഷ്യൻ | 1 |
| ഇലക്ട്രീഷ്യൻ | 1 |
| പ്ലംബർ | 1 |
| ഇൻസ്ട്രുമെന്റ് അസിസ്റ്റന്റ് | 1 |
| വനിതാ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ്-1 | 1 |
| വനിതാ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ | 9 |

(ബി) ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി ലിസ്റ്റ് നിലവിലുള്ള തസ്തികകളിൽ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## ഷൊർണ്ണൂർ ഐ.പി.ടി.യിൽ അച്ചടി മ്യൂസിയം

201 (217) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ ഐ.പി.ടി.യിൽ അച്ചടി മ്യൂസിയം സ്ഥാപിക്കുന്നതിന് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

അച്ചടി വകുപ്പിന്റെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിന് നിയോഗിച്ച ഡോ. രാജേന്ദ്ര കുമാർ അനയത്ത് അദ്ധ്യക്ഷനായുള്ള വിദഗ്ദ്ധ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ KIIFB മുഖാന്തരം ലഭ്യമാക്കുന്ന 100 കോടി രൂപ ഉപയോഗിച്ച് അച്ചടി വകുപ്പിലെ പഴയ മെഷീനുകളും അച്ചടിയുമായി ബന്ധപ്പെട്ട അച്ചടി സാമഗ്രികളും ഉൾക്കൊള്ളിച്ച് ഒരു അച്ചടി മ്യൂസിയം സ്ഥാപിക്കുന്നത് സംബന്ധിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു.

## വേങ്ങോളി പാലം നിർമ്മാണം

202 (218) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം-വടകര മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന വേങ്ങോളി പാലം നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(ബി) പാലത്തിന്റെ അപ്രോച്ച് റോഡിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പാലത്തിന്റെ ഡിസൈൻ ലഭ്യമാക്കാമോ ?

ഉത്തരം

(എ-സി) നാദാപുരം - വടകര മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന വേങ്ങോളി പാലത്തിന്റെ ഡിസൈൻ പൂർത്തീകരിച്ച് നിർമ്മാണം 2020 മേയ് മാസത്തോടുകൂടി ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിൽ പാലത്തിന്റെ അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന ഭാഗത്ത് സർവ്വേ കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും സാമൂഹിക ആഘാത പഠനവും നടത്തിവരികയാണ്.

## കാസർഗോഡ്-തിരുവനന്തപുരം ജലപാത

203 (219) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-തിരുവനന്തപുരം ജലപാതയുടെ പണികൾ എപ്പോൾ പൂർത്തീകരിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്; ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇൻലാന്റ് നാവിഗേഷൻ രംഗത്ത് നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

ഉത്തരം

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നീളുന്ന ജലപാതയുടെ പണികൾ മൂന്ന് ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടത്തിൽ കനാലുകൾ ശുചിയാക്കി നിലവിലെ വീതിയിൽ ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. 2020-ൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന ഈ പ്രവൃത്തി ലക്ഷ്യത്തോടടുക്കുന്നു. രണ്ടാം ഘട്ടത്തിൽ കയ്യേറ്റക്കാരുടെ പുനരധിവാസവും ഭൂമി ഏറ്റെടുക്കലും കനാലുകളുടെ വീതികൂട്ടലും ലക്ഷ്യമിടുന്നു. ഇത് 2022-ഓടുകൂടി പൂർത്തീകരിക്കുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു. മൂന്നാം ഘട്ടത്തിൽ ജലപാതകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം ഏർപ്പെടുത്തി ദേശീയജലപാതാ മാനദണ്ഡപ്രകാരം വികസിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പ്രസ്തുത പ്രവൃത്തികൾ 2025-ൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇൻലാന്റ് നാവിഗേഷൻ രംഗത്ത് നടത്തിയ വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. 16 കി.മീ. നീളമുള്ള പാർവ്വതീപുത്തനാറിന്റെ തിരുനെല്ലി പാലം മുതൽ ആക്കുളം വരെയുള്ള 14 കി.മീ. ഭാഗത്ത് ഒന്നാംഘട്ട ശുചീകരണം പൂർത്തിയാക്കിയിട്ടുണ്ട്.
2. 58 കി.മീ. ദൈർഘ്യം വരുന്ന ആക്കുളം-കൊല്ലം റീച്ച് ഗതാഗതയോഗ്യമാക്കുന്നതിനായി 28 റീച്ചുകൾക്ക് ഭരണാനുമതി നൽകുകയും പദ്ധതികൾ പുരോഗമിക്കുകയും ചെയ്യുന്നു. വർക്കല ടണൽ ഉൾപ്പെടെ അവശേഷിച്ച ഭാഗത്തെ നിർമ്മാണവും പുരോഗമിക്കുന്നു. 58 കി.മീ. വരുന്ന ആക്കുളം-കൊല്ലം റീച്ചിൽ 49 കി.മീ. ഭാഗം ഗതാഗതയോഗ്യമാണ്. വർക്കലയിൽ 6.5 കി.മീ. ഭാഗവും കൊല്ലം

ടൗണിൽ കൊല്ലം തോടിന്റെ 2.50 കി.മീ. ഭാഗവുമാണ് ഇനി പൂർത്തീകരിക്കുവാനുള്ളത്. 2020 മേയ് മാസത്തോടെ വർക്കല ശിവഗിരി ടണൽ ഉൾപ്പെടെ 6.5 കി.മീ. ഭാഗവും ഗതാഗതയോഗ്യമാകും. 7.86 കി.മീ. വരുന്ന കൊല്ലം തോടിന്റെ 2, 3 റീച്ചുകളിലായി 2.50 കി.മീ. ഭാഗത്ത് ആഴംകൂട്ടി ഗതാഗതയോഗ്യമാക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. 1, 4, 5, 6 റീച്ചുകളിലായി 5.36 കി.മീ. ഭാഗം ഗതാഗതയോഗ്യമാണ്.

3. 17.61 കി.മീ. ദൈർഘ്യം വരുന്ന വടകര-മാഹി കനാലിന്റെ നിർമ്മാണം 2012-ൽ ആരംഭിച്ചതാണ്. 2016 മേയ് മാസത്തിനുശേഷം 10 കി.മീ. ഭാഗം പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന ഭാഗത്തെ പണികൾ പുരോഗമിക്കുന്നു.

4. മാഹി-വളപട്ടണം റീച്ചിൽ 26 കി.മീ. പുതുതായി കനാൽ നിർമ്മിക്കേണ്ടതായിട്ടുണ്ട്. കനാലുകളുടെ അലൈൻമെന്റ് തീർപ്പാക്കുകയും ലാന്റ് അക്വിസിഷൻ പ്രൊപ്പോസൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാം റീച്ചിൽ അതിർത്തി കല്ലിടുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

5. വളപട്ടണം-നീലേശ്വരം റീച്ചിൽ 3.85 കി.മീ. നീളം വരുന്ന സുൽത്താൻ കനാൽ ഭാഗം നവീകരിച്ച് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

6. കൊല്ലം, ആലപ്പുഴ, എറണാകുളം, കണ്ണൂർ, കോട്ടയം ജില്ലകളിലായി 25 ബോട്ടുജെട്ടികളുടെ നവീകരണം പൂർത്തീകരിച്ചിട്ടുണ്ട്.

7. രണ്ട് റോഡ് ബ്രിഡ്ജുകളുടെയും 4 സ്റ്റീൽ 184 നടപ്പാലങ്ങളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

8. ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിലായി 7.5 കി.മീ. നീളമുള്ള ഫീഡർ കനാലുകൾ നവീകരിച്ചിട്ടുണ്ട്.

9. സംസ്ഥാനത്തെ ദേശീയ ജലപാതകൾ -

സംസ്ഥാന ജലപാതകളുടെ ചില ഭാഗങ്ങൾ ദേശീയ ജലപാതകളായി പ്രഖ്യാപിക്കുകയും IWAI ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുള്ള ഭാഗങ്ങളുടെ വീതിയും ആഴവും കൂട്ടി ദേശീയ നിലവാരത്തിലാക്കുന്നത് IWAI ആണ്.

(I) കൊല്ലം മുതൽ കോട്ടപ്പുറം വരെ (168 കി.മീ.), ചമ്പക്കര കനാൽ (14 കി.മീ.), ഉദ്യോഗമണ്ഡൽ കനാൽ (23 കി.മീ.) എന്നിവ ദേശീയ ജലപാത നമ്പർ.3 ആയി വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

(II) കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ 160 കി.മീ. ഭാഗം നാഷണൽ വാട്ടർവേ -3 യുടെ ഭാഗമാക്കി വികസിപ്പിക്കുന്നതിനുള്ള പദ്ധതി IWAI തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ സ്റ്റേറ്റ് വാട്ടർവേ നിലവാരത്തിൽ വികസിപ്പിച്ചിട്ടുള്ള പ്രസ്തുത ഭാഗത്തിന്റെ 150 കി.മീ. ഭാഗവും ഗതാഗതയോഗ്യമാണ്.

(III) സ്റ്റേറ്റ് ഫീഡർ കനാലുകളായിരുന്ന ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ (28 കി.മീ. - നാഷണൽ വാട്ടർവേ-8), ആലപ്പുഴ-കോട്ടയം-അതിരമ്പുഴ-കനാൽ (38 കി.മീ.-നാഷണൽ വാട്ടർവേ-9), കോട്ടയം-വൈക്കം കനാൽ (42 കി.മീ. -നാഷണൽ വാട്ടർവേ-59) എന്നിവയും നാഷണൽ വാട്ടർവേകളായി പ്രഖ്യാപിച്ച് IWAI ഏറ്റെടുത്തിട്ടുണ്ടെങ്കിലും വികസനം ആരംഭിച്ചിട്ടില്ല.

**കുർക്കുമിൻ വേഫർ സാങ്കേതിക വിദ്യ**

204 (221) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ ബാധിച്ച കോശങ്ങൾ നീക്കം ചെയ്ത ശേഷം സമീപ കോശങ്ങളിലേക്ക് പടരാതിരിക്കാനുള്ള കുർക്കുമിൻ വേഫർ സാങ്കേതിക വിദ്യക്ക് ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിന് യു.എസ്. പേറ്റന്റ് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ സാങ്കേതികവിദ്യമൂലം, ക്യാൻസർ ചികിത്സാ രംഗത്ത് എന്ത് മുന്നേറ്റം ഉണ്ടാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിക്കുകീഴിൽ പ്രവർത്തിക്കുന്ന ബയോമെഡിക്കൽ ടെക്നോളജി വിംഗിലെ ശാസ്ത്രജ്ഞയായ ഡോ. ലിസി കൃഷ്ണന്റെ നേതൃത്വത്തിലാണ് കുർക്കുമിൻ വേഫർ സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തത്. ഐ.സി.എം.ആർ-ന്റെ സാമ്പത്തിക സഹായത്തോടെയായിരുന്നു പഠനം.

(ബി) മഞ്ഞളിൽ നിന്ന് വേർതിരിച്ചെടുക്കുന്ന കുർക്കുമിന് ക്യാൻസറിനെ പ്രതിരോധിക്കാൻ കഴിയുമെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ജലത്തിൽ ലയിക്കാത്തതിനാൽ ശരീരത്തിന് കുർക്കുമിനെ ആഗിരണം ചെയ്യാൻ കഴിയുകയില്ല. ഈ പ്രശ്നത്തിനുള്ള പരിഹാരമാണ് ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി വികസിപ്പിച്ചെടുത്തിരിക്കുന്ന കുർക്കുമിൻ വേഫർ സാങ്കേതികവിദ്യ. ഇത് ഉപയോഗിച്ച് കുർക്കുമിൻ നേരിട്ട് കോശങ്ങളിലെത്തിക്കാൻ സാധിക്കും. ക്യാൻസർ ബാധിച്ച കോശങ്ങൾ നീക്കം ചെയ്തതിനുശേഷം സമീപ കോശങ്ങളിലേക്ക് രോഗം പടരുന്നത് തടയാൻ കുർക്കുമിനൊപ്പം ആൽബുമിൻ, ഫൈബ്രിനോജൻ എന്നിവ സംയോജിപ്പിച്ച്

വികസിപ്പിച്ചെടുത്തിരിക്കുന്ന കുർക്കുമിൻ വേഫറിന് കഴിയുമോയെന്ന് പഠനങ്ങളിൽ കൂടി തെളിയിക്കേണ്ടതുണ്ട്. നിയമപരമായ മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനുശേഷം മരുന്ന് കമ്പനികൾക്ക് ഈ സാങ്കേതികവിദ്യ മൃഗങ്ങളിലും തുടർന്ന് മനുഷ്യരുടെ ക്യാൻസറിലും പരീക്ഷിച്ച് ഔഷധമൂല്യം തെളിയിക്കാനായാൽ ഭാവിയിൽ ചികിത്സയ്ക്ക് ഉപകരിച്ചേക്കാം. ഇതിനായി കുർക്കുമിൻ വേഫർ സാങ്കേതികവിദ്യ താമസിയാതെ മരുന്ന് ഗവേഷണ സ്ഥാപനങ്ങൾക്കോ കമ്പനികൾക്കോ കൈമാറും.

**അവയവദാനം സംബന്ധിച്ച ബോധവൽക്കരണം**

205 (222) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരണാനന്തര അവയവദാനത്തിൽ ക്രമക്കേടുകൾ നടക്കുന്നുണ്ടെന്ന പൊതുജനങ്ങൾക്കിടയിലുള്ള ആശങ്ക പരിഹരിക്കുന്നതിനായി മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിന്അന്താരാഷ്ട്രതലത്തിൽ നിലനിൽക്കുന്ന മാനദണ്ഡങ്ങളും നിബന്ധനകളും പാലിക്കണമെന്ന വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) അവയവ സ്വീകരണത്തിലൂടെ മാത്രം ജീവൻ നിലനിർത്താൻ കഴിയുന്ന നിരവധി രോഗികൾ ദീർഘകാലമായി അവയവങ്ങൾക്കായി കാത്തിരിക്കുന്ന സാഹചര്യമുള്ളതിനാൽ പൊതുജനങ്ങൾക്കിടയിൽ അവയവ ദാനം സംബന്ധിച്ച ബോധവൽക്കരണം കൂടുതൽ ഊർജ്ജിതമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അവയവദാനം സംബന്ധിച്ചും അവയുടെ നടപടിക്രമങ്ങൾ സംബന്ധിച്ചും തെറ്റായ പ്രചരണം നടത്തുന്നവർക്കെതിരെ എന്തെല്ലാം കർശന നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 1994-ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ടിലെ എല്ലാ നിയമങ്ങളും കർശനമായി പാലിച്ചുകൊണ്ടാണ് സംസ്ഥാനത്ത് 2012 മുതൽ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതി നടപ്പിലാക്കിവരുന്നത്. മസ്തിഷ്ക മരണാനന്തര അവയവദാനത്തിന് ആശുപത്രികൾ പാലിക്കേണ്ട മാർഗ്ഗരേഖകൾ 4-2-2012-ലെ സ.ഉ(കൈ)നമ്പർ37/2012/ആകുവ, സ.ഉ(കൈ) നമ്പർ36/2012/ആകുവ, 1-2-

2017-ലെ സ.ഉ(കൈ) നമ്പർ16/2017/ആകുവ, 3-4-2018-ലെ സ.ഉ.(കൈ) നമ്പർ 53/2018/ആ.കു.വ എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് 19-1-2020-ലെ സ.ഉ(കൈ) നമ്പർ 07/2020/ആകുവ പ്രകാരം ഈ വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്തിയിട്ടുണ്ട്.

(ബി) അവയവദാനത്തിന്റെ ആവശ്യകത, പ്രാധാന്യം എന്നിവയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് മൃതസഞ്ജീവനി പദ്ധതി വഴി സംസ്ഥാനത്തുടനീളം ബോധവൽക്കരണ ക്ലാസ്സുകളും ശിൽപ്പശാലകളും മെഡിക്കൽ പാരാമെഡിക്കൽ ജീവനക്കാർക്ക് പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നുണ്ട്. അവയവദാനത്തിന് സന്നദ്ധരാകുന്നവർക്ക് ഡോണർ കാർഡ് വിതരണം ചെയ്യുകയും വിവിധ സാംസ്കാരിക മേളകളിൽ വച്ച് അവയവദാന സമ്മതപത്ര വിതരണം നടത്തിവരികയും ചെയ്യുന്നുണ്ട്. നേത്രദാനത്തിന്റെ മഹത്വം പ്രചരിപ്പിക്കുന്നതിനായി 'സുനയനം' എന്ന ടെലി ഓഫ്താൽമോളജി യൂണിറ്റും പ്രവർത്തിച്ചുവരുന്നുണ്ട്. ജീവിച്ചിരിക്കുന്നവരുടെ അവയവദാനം, സ്വാപ് ഡൊണേഷൻ, ലാഭേച്ഛ കൂടാതെ പരോപകാര തല്പരതയോടെയുള്ള അവയവദാനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 15-2-2018-ലെ സ.ഉ.(കൈ)നമ്പർ 26/2018/ആകുവ. പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) അവയവദാനത്തേയും അവയുടെ നടപടിക്രമങ്ങളേയും സംബന്ധിച്ച് തെറ്റായ പ്രചരണം നടത്തുന്നവർക്കെതിരെ നിയമാനുസൃതമായ കർശന ശിക്ഷാനടപടികൾ സ്വീകരിക്കാവുന്നതാണ്.

## കൊറോണ വൈറസ്

206 (223) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചൈനയിലും സൗദി അറേബ്യയിലും കൊറോണ വൈറസ് ബാധ പടർന്നു പിടിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാനത്ത് എന്തെങ്കിലും മുൻ കരുതൽ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

### ഉത്തരം

ഉണ്ട്.

- കൊറോണ വൈറസ് ബാധ ചൈനയിലും മറ്റും റിപ്പോർട്ട് ചെയ്ത വിവരം അറിഞ്ഞ ഉടൻ ജനുവരി 18, 20, 22 തീയതികളിലായി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, ദേശീയ പകർച്ചവ്യാധി നിയന്ത്രണ കേന്ദ്രം,

ലോകാരോഗ്യ സംഘടന തുടങ്ങിയവയിൽ നിന്നുമുള്ള നിർദ്ദേശങ്ങൾ ചികിത്സയ്ക്കും, ലബോറട്ടറി പരിശോധനയ്ക്കും മറ്റുമുള്ള മാർഗ്ഗരേഖകൾ, റിപ്പോർട്ടിംഗ് ഫോർമാറ്റുകൾ തുടങ്ങിയവ സംസ്ഥാന ആരോഗ്യവകുപ്പ് ബന്ധപ്പെട്ട സംസ്ഥാനതല ഉദ്യോഗസ്ഥർക്കും എല്ലാ ജില്ലാ മെഡിക്കൽ ഓഫീസുകൾക്കും അയച്ചുനൽകിയിരുന്നു.

- ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഉന്നതതല യോഗം വിളിച്ചുകൂട്ടി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും മാധ്യമയോഗം വിളിച്ചുകൂട്ടി പൊതുജനങ്ങൾക്കായി വിശദീകരിക്കുകയും ചെയ്തു.

- 24-1-2020-ന് സംസ്ഥാനതല ദ്രുതകർമ്മസേന യോഗം ചേരുകയും സംസ്ഥാനതല കൺട്രോൾ റൂം ആരംഭിക്കുകയുമുണ്ടായി. കൊറോണ വൈറസ് രോഗനിരീക്ഷണം, ചികിത്സ, മുൻകരുതലുകൾ, ബോധവൽക്കരണം തുടങ്ങിയവയെപ്പറ്റിയുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് ലഭ്യമാക്കി മാർഗ്ഗനിർദ്ദേശങ്ങൾ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ആരോഗ്യ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും ചൈന തുടങ്ങിയ രോഗബാധിത പ്രദേശങ്ങളിൽ നിന്നും വരുന്നവരുടെ വിവരശേഖരണവും രോഗനിരീക്ഷണവും കാര്യക്ഷമമാക്കുകയും രോഗാവസ്ഥ പരിഗണിച്ച് വീടുകളിൽതന്നെ വേർതിരിച്ച് പാർപ്പിച്ച് നിരീക്ഷിക്കുകയോ ആശുപത്രികളിൽ പ്രവേശിപ്പിച്ച് നിരീക്ഷിക്കുകയോ ചെയ്തുവരുന്നുണ്ട്. ഡിസംബർ/ജനുവരി മാസങ്ങളിൽ ചൈനയിൽ നിന്നുവന്ന യാത്രക്കാരെയും അവരുമായി സമ്പർക്കം ഉണ്ടായവരെയും ഐ.ഡി.എസ്.പി. സംവിധാനത്തിലൂടെ നിരീക്ഷിച്ചുവരികയാണ്.

- എല്ലാ മെഡിക്കൽ കോളേജുകളിലും പ്രധാന ജില്ലാ/ജനറൽ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും രോഗം സംശയിക്കുന്നവരെ മറ്റുള്ളവരിൽ നിന്നും മാറ്റി പാർപ്പിക്കുവാൻ വേണ്ടി വെന്റിലേറ്റർ, ഐ.സി.യു സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

- ജനുവരി 25-ന് പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം) ജില്ലാ കളക്ടർമാരുമായി വീഡിയോ കോൺഫറൻസ് നടത്തി. ജില്ലകളിലേയ്ക്ക് ആവശ്യമായ സാധനസാമഗ്രികളുടെ ലഭ്യത കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ഉറപ്പുവരുത്തി.

- രോഗം സംശയിക്കുന്നവരുടെ സാംപിളുകൾ രോഗ സ്ഥിരീകരണത്തിനായി വ്യോമ മാർഗ്ഗത്തിൽ പൂനെയിലെ ദേശീയ വൈറോളജി യൂണിറ്റിൽ അയച്ചുവരുന്നു.

• ആരോഗ്യ പ്രവർത്തകർക്കും പൊതുജനങ്ങൾക്കും പത്ര/ദൃശ്യ/ ശ്രാവ്യ/ സാമൂഹ്യ മാധ്യമങ്ങളിലൂടെ ബോധവത്കരണ സന്ദേശങ്ങൾ നൽകിവരുന്നു.

• കേന്ദ്ര വിദഗ്ധ ടീം കൊച്ചി വിമാനത്താവളവും തുടർന്ന് തിരുവനന്തപുരം വിമാനത്താവളവും ആശുപത്രികളും സന്ദർശിച്ച് തയ്യാറെടുപ്പുകളിൽ സംതൃപ്തി രേഖപ്പെടുത്തി.

• എല്ലാ ജില്ലകളിലും കൺട്രോൾ റൂം ആരംഭിച്ചിട്ടുണ്ട്.

• കൂടുതൽ പേർ ചൈനയിൽ നിന്നും മറ്റും തിരിച്ചെത്താൻ സാധ്യത ഉള്ളതിനാൽ അവരെ നിരീക്ഷിക്കാൻ വേണ്ട എല്ലാ തയ്യാറെടുപ്പുകളും നടത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

• രോഗ ലക്ഷണങ്ങളോടുകൂടി ആശുപത്രിയിൽ വരുന്നവർക്കായി എല്ലാ സജ്ജീകരണങ്ങളും മരുന്നു ലഭ്യതയും ഉറപ്പുവരുത്തിയിട്ടുണ്ട്.

## കൊറോണ വൈറസ് പ്രതിരോധ ബോധവൽക്കരണം

207 (224) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്രതലത്തിൽ ആരോഗ്യലോകം അഭിമുഖീകരിക്കുന്ന കൊറോണ വൈറസ് ഭീതിയുടെ പശ്ചാത്തലത്തിൽ സംസ്ഥാന ആരോഗ്യവകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വൈറസ് പ്രതിരോധവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ പ്രത്യേക നിർദ്ദേശം സംസ്ഥാന ആരോഗ്യ വകുപ്പിന് നൽകിയിട്ടുണ്ടോ;

(സി) ഇതിന്റെ ബോധവൽക്കരണത്തിനായി കൂടുതൽ പ്രചാരണ പരിപാടികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് എവിടെയെങ്കിലും കൊറോണ വൈറസ് ബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കൊറോണ വൈറസ് ബാധ ചൈനയിലും മറ്റും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ലോകാരോഗ്യ സംഘടന, കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, ദേശീയ പകർച്ചവ്യാധി നിയന്ത്രണ കേന്ദ്രം, കേന്ദ്ര രോഗനിരീക്ഷണ

യൂണിറ്റ് തുടങ്ങിയവയിൽ നിന്നും ലഭ്യമായ നിർദ്ദേശങ്ങളും മാർഗ്ഗരേഖകളും അറിയിപ്പുകളും സംസ്ഥാന ആരോഗ്യവകുപ്പ് ബന്ധപ്പെട്ട സംസ്ഥാനതല ഉദ്യോഗസ്ഥർക്കും ജില്ലാ മെഡിക്കൽ ഓഫീസുകൾക്കും അടിയന്തര നടപടികൾക്കായി ജനുവരി 18 മുതൽ നൽകിവരുന്നു.

- ആരോഗ്യ വകുപ്പുമന്ത്രി ഉന്നതതല യോഗം വിളിച്ചുകൂട്ടി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും മാധ്യമയോഗം വിളിച്ചുകൂട്ടി പൊതുജനങ്ങൾക്കായി വിശദീകരിക്കുകയും ചെയ്തു.

- 24-1-2020-ന് സംസ്ഥാനതലത്തിൽ കൊറോണ സംബന്ധിച്ച കൺട്രോൾ റൂം സംസ്ഥാന ആരോഗ്യവകുപ്പ് ആസ്ഥാനത്ത് സജ്ജീകരിക്കുകയും ദ്രുതകർമ്മസേന യോഗം ചേർന്ന് രോഗനിരീക്ഷണം, ചികിത്സ, മുൻകരുതലുകൾ, ബോധവൽക്കരണം തുടങ്ങിയവയെപ്പറ്റിയുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി ജില്ലകൾക്ക് നൽകിവരുന്നുണ്ട്.

- വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും ചൈന തുടങ്ങിയ കൊറോണ വൈറസ് ബാധിത പ്രദേശങ്ങളിൽ നിന്നും എത്തുന്ന യാത്രികരെ സൂക്ഷ്മനിരീക്ഷണം ചെയ്യുന്നതിനും രോഗാവസ്ഥ പരിഗണിച്ച് വീടുകളിൽത്തന്നെ വേർതിരിച്ച് പാർപ്പിച്ച് നിരീക്ഷിക്കുകയോ ആശുപത്രിയിൽ പ്രവേശിപ്പിച്ച് നിരീക്ഷിക്കുകയോ ചെയ്തുവരുന്നു. ഐ.ഡി.എസ്.പി സംവിധാനവും ഇതിനായി ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

- എല്ലാ മെഡിക്കൽ കോളേജുകളിലും പ്രധാന ജില്ലാ/ജനറൽ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും രോഗം സംശയിക്കുന്നവരെ മറ്റുള്ളവരിൽ നിന്നും മാറ്റി പാർപ്പിക്കുവാൻ വേണ്ടി വെന്റിലേറ്റർ, ഐ.സി.യു സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

- കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ചികിത്സ, വ്യക്തിഗത സുരക്ഷ, അനുബന്ധ കാര്യങ്ങൾ തുടങ്ങിയവയ്ക്കുള്ള സാധനസാമഗ്രികൾ സംഭരിച്ച് വിതരണം ചെയ്തുവരുന്നു.

- രോഗ സ്ഥിരീകരണത്തിനായി സാംപിളുകൾ വ്യോമമാർഗ്ഗത്തിൽ പൂനെയിലെ ദേശീയ വൈറോളജി യൂണിറ്റിൽ അയച്ചുവരുന്നു.

- ആരോഗ്യ പ്രവർത്തകർക്കും പൊതുജനങ്ങൾക്കും പത്ര/ദൃശ്യ/ശ്രവ്യ/സാമൂഹ്യ മാധ്യമങ്ങളിലൂടെ ബോധവത്കരണ സന്ദേശങ്ങൾ നൽകിവരുന്നു.

- കേന്ദ്രത്തിൽ നിന്നുള്ള വിദഗ്ധ ടീം കൊച്ചി വിമാനത്താവളവും ആശുപത്രികളും സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. തയ്യാറെടുപ്പുകളിൽ സംതൃപ്തി രേഖപ്പെടുത്തി.

- എല്ലാ ജില്ലകളിലും കൺട്രോൾ റൂം സജ്ജീകരിച്ചുവരുന്നു.

- എല്ലാ ജില്ലകളിൽ നിന്നും രോഗനിരീക്ഷണ റിപ്പോർട്ടുകൾ ശേഖരിച്ച് ക്രോഡീകരിച്ച് വിശകലനം ചെയ്ത് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കൊറോണ വൈറസ് രോഗ നിരീക്ഷണം, ലബോറട്ടറി പരിശോധന, പ്രതിരോധം, നിയന്ത്രണം, ബോധവത്കരണം തുടങ്ങിയവ സംബന്ധിച്ച് ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശങ്ങളും മാർഗ്ഗരേഖകളും കേന്ദ്രസർക്കാർ സംസ്ഥാന ആരോഗ്യ വകുപ്പിന് നൽകിവരുന്നുണ്ട്.

(സി) കൊറോണ വൈറസ് ബാധയുമായി ബന്ധപ്പെട്ട് കേന്ദ്ര ആരോഗ്യ മന്ത്രാലയം നൽകിയിട്ടുള്ള രോഗനിരീക്ഷണം, ലബോറട്ടറി പരിശോധന, പ്രതിരോധം, നിയന്ത്രണമാർഗ്ഗങ്ങൾ, രോഗം സംശയിക്കുന്നവരെ മാറ്റിപ്പാർപ്പിക്കൽ, ചികിത്സ, വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങൾ തുടങ്ങിയവയെപ്പറ്റിയുള്ള മാർഗ്ഗരേഖകളും നിർദ്ദേശങ്ങളും ജില്ലാ മെഡിക്കൽ ആഫീസുകൾക്കും മെഡിക്കൽ കോളേജുകൾക്കും ലഭ്യമാക്കി അവബോധം നൽകിയിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ ബോധവത്കരണം നൽകിവരുന്നുണ്ട്.

ഇതുകൂടാതെ ആരോഗ്യപ്രവർത്തകർക്കും പൊതുജനങ്ങൾക്കും വേണ്ടി മാർഗ്ഗരേഖകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ, വീഡിയോകൾ തുടങ്ങിയവ തയ്യാറാക്കിയിട്ടുണ്ട്. വിവിധ പത്ര/ദൃശ്യ/ശ്രവ്യ/സാമൂഹ്യ മാധ്യമങ്ങൾ വഴിയും വേണ്ട അവബോധം നൽകിവരുന്നു.

കൂടാതെ ജനങ്ങൾക്കുള്ള സംശയനിവാരണം "ദിശ" യുടെ ടോൾഫ്രീ നമ്പർ 1056 വഴിയും 0471-2552056 വഴിയും നൽകിവരുന്നു. മെഡിക്കൽ ഓഫീസർമാർ അതാത് തദ്ദേശസ്ഥാപനത്തിൽ യോഗം ചേർന്ന് കാര്യങ്ങൾ ഗ്രഹിപ്പിച്ച് വേണ്ട നടപടി സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. 3 പേർക്ക് കൊറോണ വൈറസ് രോഗബാധ സ്ഥിരീകരിച്ചു.

**ജീവിതശൈലീരോഗങ്ങൾ**

208 (225) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവിത ശൈലീരോഗങ്ങൾ വർദ്ധിച്ചുവരുന്നതും, യുവാക്കളെ പോലും അത് കീഴ്പ്പെടുത്തുന്നതുമായ സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ജീവിത ശൈലീരോഗങ്ങളെക്കുറിച്ചും അതിലേക്ക് നയിക്കുന്ന ജീവിത ശൈലിയെക്കുറിച്ചും 'കിരൺ' എന്ന പേരിൽ സമഗ്രപഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ഡി) ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ജനങ്ങളെ ജീവിത ശൈലീരോഗങ്ങളിൽ നിന്നും രക്ഷിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) സംസ്ഥാനത്ത് ജീവിതശൈലീരോഗങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള പഠനറിപ്പോർട്ടുകളും സ്ഥിതിവിവരക്കണക്കുകളും ഗൗരവമായി പരിഗണിച്ചുകൊണ്ട് ജീവിതശൈലീരോഗ നിയന്ത്രണത്തിനുള്ള പദ്ധതികൾ സംസ്ഥാന ആരോഗ്യവകുപ്പ് ആവിഷ്കരിച്ച് ഊർജ്ജിതമായി നടപ്പിലാക്കിവരുന്നു. പ്രധാനമായും അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമക്കുറവ്, ഉയർന്ന മാനസിക സമ്മർദ്ദം, ലഹരിയോടുള്ള ആസക്തി തുടങ്ങിയ കാരണങ്ങളാലാണ് യുവജനതയെപ്പോലും രോഗാർദ്രതയിലേയ്ക്ക് നയിക്കുന്ന ജീവിതശൈലീരോഗങ്ങൾ സംസ്ഥാനത്ത് പിടിമുറുക്കുന്നത്. 'അമൃതം ആരോഗ്യം' എന്ന പേരിൽ സംസ്ഥാന ആരോഗ്യവകുപ്പ് പ്രാഥമിക ആരോഗ്യതലത്തിൽ ആരംഭിച്ച ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതി 2016-17-ഓടെ സംസ്ഥാന വ്യാപകമായി ആരോഗ്യ വകുപ്പിനുകീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലൂടെയും നടപ്പിലാക്കുകയും ഈ രോഗങ്ങൾ കൊണ്ടുണ്ടാകുന്ന ഗുരുതരാവസ്ഥകൾ മുൻകൂട്ടി കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജീവിതശൈലീരോഗങ്ങളെക്കുറിച്ചും അതിലേയ്ക്ക് നയിക്കുന്ന ജീവിതശൈലിയെക്കുറിച്ചും അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് ആന്റ് സയൻസ് സ്റ്റഡീസിന്റെ സഹകരണത്തോടെ 'കിരൺ' എന്ന പേരിൽ ഒരു പഠനം ആരോഗ്യവകുപ്പ് നടത്തിവരുന്നു. സംസ്ഥാനത്തെ 14 ജില്ലകളിലെയും വിവിധ പ്രദേശങ്ങളിൽ അധിവസിക്കുന്ന പത്ത് ലക്ഷം ജനങ്ങളുടെ വിവരശേഖരണമാണ് ആരോഗ്യവകുപ്പ് ജീവനക്കാരിലൂടെ, ഇ-ഹെൽത്ത് സംവിധാനത്തിന്റെ സാങ്കേതിക സഹായത്തോടെ നടപ്പിലാക്കിവരുന്നത്. വിവരശേഖരണം 2020 മാർച്ച് മാസത്തോടെ ഏകദേശം പൂർത്തിയാക്കുകയും അതിന്റെ വിശകലനംകൂടി പൂർത്തീകരിച്ച് 2020 സെപ്റ്റംബർ മാസത്തോടുകൂടി അന്തിമ റിപ്പോർട്ട് തയ്യാറാക്കാൻ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്.

(സി) പഠനം പൂർത്തിയാക്കി ഇതിന്റെ വിവിധ തലങ്ങളിലുള്ള അവലോകനം നടത്തിയശേഷംമാത്രമേ കണ്ടെത്തലുകളെക്കുറിച്ച് പ്രതിപാദിക്കുവാൻ സാധിക്കുകയുള്ളൂ.

(ഡി) പഠനറിപ്പോർട്ട് പുറത്തുവന്നാൽ ഓരോ പ്രദേശത്തെയും ഓരോ വിഭാഗത്തിന്റെയും രോഗാതുരതയെക്കുറിച്ചും രോഗങ്ങളിലേയ്ക്ക് നയിക്കുന്ന

കാരണങ്ങളെക്കുറിച്ചും (Risk Factors) വ്യക്തമായ ഒരു ചിത്രം ആരോഗ്യവകുപ്പിന് ലഭിക്കുന്നതാണ്. പദ്ധതികൾ രൂപീകരിക്കുന്നതിനും ജില്ലകൾക്ക് തുക വകയിരുത്തുന്നതിനും പ്രത്യേക പാക്കേജുകൾ തയ്യാറാക്കുന്നതിനും ഈ പഠനം സഹായകരമെന്ന് പ്രതീക്ഷിക്കുന്നു.

**ആരോഗ്യമേഖല ശാക്തീകരിക്കുന്നതിനുള്ള പ്രവർത്തനം**

209 (226) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പ്രാഥമിക തലത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനു നടത്തിയ പ്രവർത്തനത്തിന്റെ പുരോഗതി വിശദമാക്കാമോ;

(ബി) ഈ പ്രവർത്തനങ്ങളിലൂടെ ദേശീയ ആരോഗ്യ സൂചികയിൽ മറ്റു സംസ്ഥാനങ്ങളെക്കാൾ ഏറെ മുന്നിലെത്തിക്കാൻ സാധിച്ച നേട്ടം കൂടുതൽ മുന്നോട്ടു കൊണ്ടു പോകുന്നതിന് പകർച്ച വ്യാധികളും ജീവിത ശൈലി രോഗങ്ങളും കുറച്ചു കൊണ്ടു വരുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആവിഷ്കരിച്ചിട്ടുള്ള ജനകീയ കാമ്പയിൻ ഫലപ്രദമാക്കുന്നതിനുള്ള കർമ്മപദ്ധതിയെ കുറിച്ച് വിശദമാക്കാമോ;

(സി) രോഗപ്രതിരോധ കുത്തിവയ്പ്പിൽ ഏറെ നേട്ടം കൈവരിക്കാൻ സാധിച്ചപ്പോഴും ചില പ്രദേശങ്ങളിൽ അജ്ഞതയും അന്ധവിശ്വാസ പ്രചരണവും കൊണ്ട് ഇക്കാര്യത്തിലുണ്ടായ പിന്നാക്കാവസ്ഥ പരിഹരിക്കാൻ പ്രത്യേക പദ്ധതിയുണ്ടോ;

(ഡി) പ്രമുഖ മാധ്യമങ്ങളിലെ പരസ്യം വഴി വ്യാജ ചികിത്സകർ ജനങ്ങളെ വഞ്ചിക്കുന്നതു അവസാനിപ്പിക്കാൻ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നടപ്പിലാക്കിയ നവകേരളമിഷന്റെ ഭാഗമായി സംസ്ഥാന ആരോഗ്യവകുപ്പ് ആരംഭിച്ച ആർദ്രം മിഷനിലൂടെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയും ജില്ലാ ആശുപത്രികളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആരംഭിച്ച കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ജീവിതശൈലീരോഗ

നിയന്ത്രണത്തിന് വലിയ പരിഗണനയാണ് നൽകിവരുന്നത്. കുടുംബാരോഗ്യ കേന്ദ്രത്തിലെ ഒരു സ്റ്റാഫ് നേഴ്സിന് ജീവിതശൈലീ രോഗനിയന്ത്രണത്തിന്റെ പൂർണ്ണ ചുമതല നൽകുകയും ജീവിതശൈലീ രോഗനിയന്ത്രണത്തിനായി പ്രത്യേക പ്രീ-ചെക്കപ്പ് ഏരിയ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എത്തുന്ന 30 വയസ്സിനുമുകളിൽ പ്രായമുള്ള എല്ലാ രോഗികളും പ്രീ-ചെക്കപ്പ് മുറിയിലെ പ്രാഥമിക പരിശോധനകളായ രക്തസമ്മർദ്ദം, രക്തത്തിലെ പഞ്ചസാരയുടെ അളവ്, ബി.എം.ഐ, പൾമണറി ഫങ്ഷൻസ് ടെസ്റ്റ്, ഡയബറ്റിക് റെറ്റിനോപ്പതി ചെക്കപ്പ് (തെരഞ്ഞെടുത്ത ജില്ലകൾ) എന്നിവ പരിശോധിച്ച് പരിശോധനാ ഫലവുമായിട്ടാണ് ഡോക്ടറെ സമീപിക്കേണ്ടത്. 2017-18-ൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ തെരഞ്ഞെടുത്ത മുഴുവൻ കേന്ദ്രങ്ങളിലും ഒരു ലബോറട്ടറി ടെക്നീഷ്യന്റെ സേവനം ഉറപ്പാക്കി ലബോറട്ടറി സൗകര്യം ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഇതുവഴി പ്രമേഹത്തിന്റെ രോഗനിർണ്ണയം പൂർണ്ണമായും കുടുംബരോഗ്യ കേന്ദ്രങ്ങളിൽ വച്ച് നടത്തുവാനും രോഗചികിത്സയുടെ പുരോഗതി ലബോറട്ടറി ടെസ്റ്റ് വഴി വിലയിരുത്തുവാനും വ്യായാമത്തെക്കുറിച്ച് പ്രത്യേക കൗൺസിലിംഗും പുകയില നിയന്ത്രണത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നൽകിവരുന്നു.

സംസ്ഥാനത്ത് 2017-18 വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ തെരഞ്ഞെടുക്കുകയും ആയതിൽ പ്രളയബാധിതമായ 2 എണ്ണം ഉൾപ്പെടെ 162 എണ്ണത്തിന്റെ പണികൾ പൂർത്തീകരിക്കുകയും 160 എണ്ണം കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു. 7 എണ്ണത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു. 3 എണ്ണത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. 2018-19 വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തെരഞ്ഞെടുക്കുകയും ആയതിൽ 77 എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. 198 എണ്ണത്തിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 108 എണ്ണത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണപ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. ബാക്കിയുള്ളവയുടെ ഡി.പി.ആർ തയ്യാറാക്കിവരുന്നു. 2019-20 വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 220 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ പ്രാഥമിക നടപടി സ്വീകരിച്ചുവരുന്നു.

പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന കർമ്മപരിപാടി വ്യക്തമായ പ്രവർത്തന കലണ്ടറോടെ 2018-19 വർഷങ്ങളിൽ

ആരോഗ്യവകുപ്പ് നടപ്പിലാക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 'മാലിന്യമുക്ത കേരളം' പരിപാടിയും ആരോഗ്യവകുപ്പിന്റെ 'ആരോഗ്യ ജാഗ്രത'യും സംയുക്തമായി ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും മിഷനുകളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കിയത്. മാലിന്യനിർമ്മാർജ്ജനം, കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ, രോഗനിരീക്ഷണം, കൊതുകുനിരീക്ഷണം, കൊതുകുറവിട നശീകരണം, കൊതുക് നിയന്ത്രണം, രോഗപ്രതിരോധ ബോധവത്കരണ കാമ്പെയിനുകൾ, പൊതുജനാരോഗ്യ നിയമം അനുസരിച്ചുള്ള പരിശോധനകൾ തുടങ്ങിയവയോടൊപ്പം രോഗചികിത്സ, രോഗം പൊട്ടിപ്പുറപ്പെടുന്നിടത്ത് ഊർജ്ജിത നിയന്ത്രണം തുടങ്ങിയവ സമയബന്ധിതമായി പ്രവർത്തന കലണ്ടർ അനുസരിച്ച് നടപ്പിലാക്കുകയും ചെയ്തിരുന്നു. വിവിധ വകുപ്പുകളുടെ ഏകോപനയോഗം, പ്രവർത്തന പുരോഗതി, അവലോകന യോഗം തുടങ്ങിയവ സംസ്ഥാന/ ജില്ലാതലങ്ങളിൽ നടത്തുകയുണ്ടായി. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി 2017-നെ അപേക്ഷിച്ച് വൈറൽപ്പനി, ഡെങ്കിപ്പനി, എലിപ്പനി, എച്ച് 1 എൻ1, മലമ്പനി, ടൈഫോയ്ഡ് തുടങ്ങിയ പകർച്ചവ്യാധികളും അവമൂലമുള്ള മരണങ്ങളും തുടർവർഷങ്ങളിൽ കുറയ്ക്കാൻ സാധിച്ചു. 2018-ലും 2019-ലും ഉണ്ടായ നിപ്പാ രോഗബാധയും പ്രളയാനന്തര പകർച്ചവ്യാധികളും നിയന്ത്രിച്ചുനിർത്താനായത് ആരോഗ്യ ജാഗ്രതയുടെ നേട്ടമായി കണക്കാക്കാവുന്നതാണ്.

2019 നവംബറിൽ സംസ്ഥാന വ്യാപകമായി തുടക്കംകുറിച്ച 'ആർദ്രം ജനകീയ കാമ്പയിൻ' വമ്പിച്ച ജനപങ്കാളിത്തത്തോടെ മുന്നേറിവരികയാണ്. 'നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തരവാദിത്വം' എന്ന മുദ്രാവാക്യത്തോടെ ഓരോ പൗരനും സ്വന്തം ആരോഗ്യം കാത്തുസൂക്ഷിക്കുന്നതിന് വേണ്ട ബോധവൽക്കരണം നൽകിവരുന്നു.

2020 'ആരോഗ്യ ജാഗ്രത'യുടെ സംസ്ഥാനതല ഉദ്ഘാടനം ജനുവരി 23-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തിരുവനന്തപുരത്ത് നിർവ്വഹിച്ചു. പ്രവത്തന കലണ്ടറനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ നല്ലരീതിയിൽ മുന്നോട്ട് പോകുന്നതോടൊപ്പം പ്രവർത്തനങ്ങളിൽ കൂടുതലായി ജനപങ്കാളിത്തം കൊണ്ടുവരേണ്ടതുണ്ടെന്നും അതിനായി ഒരു സംസ്ഥാനതല ക്യാമ്പയിന് തുടക്കമിടാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംസ്ഥാന മിഷൻ യോഗം തീരുമാനിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ജി.ഒ. (ആർ.ടി.)നമ്പർ2493/2019 ആ.കു.വ. തീയതി 18-10-2019 അനുസരിച്ച് സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. താഴെപ്പറയുന്ന അഞ്ച് മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തന പരിപാടികളാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നത്.

1. ആരോഗ്യവർദ്ധക രോഗപ്രതിരോധ പ്രവർത്തനങ്ങളും ആരോഗ്യസേവനങ്ങളും ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തലും
2. ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ വ്യാപിപ്പിക്കുക.
3. ശാരീരിക വ്യായാമങ്ങളുടെയും കായിക പ്രവൃത്തികളുടെയും പ്രോത്സാഹനം
4. മാനസികാരോഗ്യം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളും ഡി-അഡിക്ഷനും
5. വൃത്തിയും വെടിപ്പും മാലിന്യനിർമ്മാർജ്ജനവും

ക്യാമ്പെയിന്റെ സംസ്ഥാനതല ഉദ്ഘാടനം 2019 നവംബർ മാസത്തിൽ നടത്തുകയുണ്ടായി. മേൽ പരാമർശിച്ച സർക്കാർ ഉത്തരവനുസരിച്ചുള്ള പ്രവർത്തന പരിപാടികൾക്കായി വിപുലമായ സംസ്ഥാനതല കമ്മിറ്റികൾക്കും സബ് കമ്മിറ്റികൾക്കും രൂപം നൽകിയിട്ടുണ്ട്. ജില്ലയുടെ ചുമതലയുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ ജനപ്രതിനിധികളെക്കൂടി (MP-MLA) ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജില്ലാതല കമ്മിറ്റികളുടെ നേതൃത്വത്തിൽ ജില്ലകളിലെ ക്യാമ്പയിനുകൾ രൂപപ്പെടുത്തി നടപ്പിലാക്കിവരികയാണ്. താഴെത്തട്ടിൽ അതത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെയും ഏജൻസികളെയും വിവിധ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തന പരിപാടികളാണ് നടപ്പിലാക്കിവരുന്നത്.

പ്രാഥമിക തലത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളെ ശാക്തീകരിക്കുന്നതിന് 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ 2018, 2019 വർഷങ്ങളിൽ പ്രവർത്തന കലണ്ടറോടെ പ്രത്യേക കർമ്മപരിപാടി ആവിഷ്കരിച്ച് ആരോഗ്യ വകുപ്പ് ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കിയിരുന്നു. ഇത് 2020-ലും തുടരുന്നതാണ്. ഇതുകൂടാതെ സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന്റെ ഭാഗമായി മലമ്പനി, മന്തുരോഗം, ക്ഷയരോഗം, കുഷ്ഠരോഗം, കാലാ അസർ തുടങ്ങിയവ 2020-2025 കാലയളവിൽ ഘട്ടംഘട്ടമായി നിവാരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും തുടർന്നുവരുന്നുണ്ട്.

(സി) രോഗപ്രതിരോധ കുത്തിവെയ്പിലുള്ള അജ്ഞതയും അന്ധവിശ്വാസ പ്രചരണങ്ങളും നടക്കുന്ന എല്ലാ പ്രദേശങ്ങളിലും ആരോഗ്യ പ്രവർത്തകരുടെ നിരന്തര ഇടപെടലുകൾകൊണ്ട് ഒരു പരിധിവരെ ഇത്തരം പ്രവർത്തനങ്ങൾ തടയുവാൻ സാധിക്കുകയും പ്രതിരോധ കുത്തിവയ്പിന്റെ നേട്ടത്തിലുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുവാനും സാധിച്ചിട്ടുണ്ട്. ഇതിനായി ആരോഗ്യവകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ താഴെപ്പറയുന്നു.

പ്രാദേശിക ജനപ്രതിനിധികൾ, മതനേതാക്കൾ, മറ്റു പൗരപ്രമുഖർ എന്നിവർ വഴി വാക്സിനേഷന്റെ ആവശ്യകതയെക്കുറിച്ചും വാക്സിനെടുത്തില്ലെങ്കിൽ സംഭവിക്കുന്ന ദൂഷ്യഫലങ്ങളെപ്പറ്റിയും ബോധവൽക്കരണം നടത്തുന്നു.

അങ്കണവാടി ടീച്ചർമാർ, ആശാപ്രവർത്തകർ, സ്കൂൾ അദ്ധ്യാപകർ തുടങ്ങിയവർ വഴിയും അയൽക്കൂട്ടം പോലുള്ള സ്ത്രീപങ്കാളിത്തം കൂടുതലുള്ള യോഗങ്ങൾ വഴിയും അമ്മമാർക്കും മറ്റ് സ്ത്രീകൾക്കും വാക്സിന്റെ ആവശ്യകതയെപ്പറ്റിയും വാക്സിനെടുത്തില്ലെങ്കിൽ സംഭവിക്കുന്ന ദൂഷ്യഫലങ്ങളെപ്പറ്റിയും ബോധവൽക്കരണം നൽകുന്നുണ്ട്. സന്നദ്ധ പ്രവർത്തകർ വഴിയും സന്നദ്ധസംഘടനകൾ വഴിയും പ്രതിരോധ കുത്തിവയ്പിനെപ്പറ്റിയും കുത്തിവയ്പുകൊണ്ട് പ്രതിരോധിക്കാവുന്ന അസുഖങ്ങളെപ്പറ്റിയും പ്രതിരോധ കുത്തിവയ്പ് മരുന്നുകളെപ്പറ്റിയുള്ള അജ്ഞത അകറ്റുവാനും അവബോധം ഉണ്ടാക്കുവാനുമുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

(ഡി) പരാതികൾ ലഭിക്കുമ്പോൾ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**കൊറോണ വൈറസ് ബാധ**

210 (227) <u>ശ്രീ. കെ .വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചൈനയിൽ ഇപ്പോൾ പടർന്നു പിടിക്കുന്ന കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ കേരളത്തിൽ എന്തെല്ലാം മുൻകരുതലുകളാണ് ആരോഗ്യ വകുപ്പും സർക്കാരും സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം അറിയിക്കാമോ?

<u>ഉത്തരം</u>

കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് താഴെപ്പറയുന്ന മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്;

- വൈറസ് ബാധ ചൈനയിലും മറ്റും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ലോകാരോഗ്യസംഘടന, കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, ദേശീയ പകർച്ചവ്യാധി നിയന്ത്രണകേന്ദ്രം, കേന്ദ്ര രോഗനിരീക്ഷണ യൂണിറ്റ് തുടങ്ങിയവയിൽ നിന്നും ലഭ്യമായ നിർദ്ദേശങ്ങളും മാർഗ്ഗരേഖകളും അറിയിപ്പുകളും സംസ്ഥാന ആരോഗ്യവകുപ്പ് ബന്ധപ്പെട്ട സംസ്ഥാനതല ഉദ്യോഗസ്ഥർക്കും ജില്ലാ മെഡിക്കൽ ആഫീസുകൾക്കും അടിയന്തര നടപടികൾക്കായി ജനുവരി 18 മുതൽ അയച്ചുവരുന്നു.

- ആരോഗ്യ വകുപ്പുമന്ത്രി ഉന്നതതല യോഗവും മാധ്യമ യോഗവും വിളിച്ചുകൂട്ടി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.

• 24-1-2020-ന് സംസ്ഥാനതലത്തിൽ കൊറോണ രോഗബാധ സംബന്ധിച്ച കൺട്രോൾ റൂം സംസ്ഥാന ആരോഗ്യവകുപ്പ് ആസ്ഥാനത്ത് സജ്ജീകരിക്കുകയും ദ്രുതകർമ്മസേന യോഗം ചേർന്ന് രോഗനിരീക്ഷണം, ചികിത്സ, മുൻകരുതലുകൾ, ബോധവൽക്കരണം തുടങ്ങിയവയെപ്പറ്റിയുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി ജില്ലകൾക്ക് നൽകിവരുന്നുണ്ട്.

• വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും ചൈന തുടങ്ങിയ കൊറോണ വൈറസ് ബാധിത പ്രദേശങ്ങളിൽ നിന്നും എത്തുന്ന യാത്രികരെ സൂക്ഷ്മനിരീക്ഷണം ചെയ്യുന്നതിനും രോഗാവസ്ഥ പരിഗണിച്ച് വീടുകളിൽത്തന്നെ വേർതിരിച്ച് പാർപ്പിച്ച് നിരീക്ഷിക്കുകയോ ആശുപത്രിയിൽ പ്രവേശിപ്പിച്ച് നിരീക്ഷിക്കുകയോ ചെയ്തുവരുന്നു. ഐ.ഡി.എസ്.പി. സംവിധാനവും ഇതിനായി ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

• മെഡിക്കൽ കോളേജുകൾ/ജില്ലാ/ജനറൽ ആശുപത്രികൾ എന്നീ സ്ഥാപനങ്ങളിൽ കുറഞ്ഞത് ഒരു ആശുപത്രിയിലെങ്കിലും രോഗം സംശയിക്കുന്നവരെ മറ്റുള്ളവരിൽ നിന്നും മാറ്റി പാർപ്പിക്കുവാൻ വേണ്ടി വെന്റിലേറ്റർ, ഐ.സി.യു. സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

• കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ചികിത്സ, വ്യക്തിഗത സുരക്ഷ, അനുബന്ധ കാര്യങ്ങൾ തുടങ്ങിയവയ്ക്കുള്ള സാധനസാമഗ്രികൾ സംഭരിച്ച് വിതരണം ചെയ്തു.

• രോഗസ്ഥിരീകരണത്തിനായി സാംപിളുകൾ വ്യോമമാർഗ്ഗത്തിൽ പൂനെയിലെ ദേശീയ വൈറോളജി യൂണിറ്റിൽ അയച്ചുവരുന്നു.

• ആരോഗ്യ പ്രവർത്തകർക്കും പൊതുജനങ്ങൾക്കും പത്ര/ദൃശ്യ/ശ്രാവ്യ/ സാമൂഹ്യ മാധ്യമങ്ങളിലൂടെ ബോധവത്കരണ സന്ദേശങ്ങൾ നൽകി.

• കേന്ദ്രത്തിൽ നിന്നുള്ള വിദഗ്ദ്ധ ടീം കൊച്ചി വിമാനത്താവളവും ആശുപത്രികളും സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി.

• എല്ലാ ജില്ലകളിലും കൺട്രോൾ റൂം സജ്ജീകരിച്ചുവരുന്നു.

• എല്ലാ ജില്ലകളിൽ നിന്നും രോഗനിരീക്ഷണ റിപ്പോർട്ടുകൾ ശേഖരിച്ച് ക്രോഡീകരിച്ച് വിശകലനം ചെയ്ത് വേണ്ട നടപടികൾ സ്വീകരിച്ചു.

## ക്യാൻസർ രോഗനിർണ്ണയം, ചികിത്സ, പ്രതിരോധം

211 (228) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം ആശങ്കാജനകമായി വർധിക്കുന്നത് കണക്കിലെടുത്ത് ക്യാൻസർ രോഗബാധ പ്രാരംഭ ഘട്ടത്തിൽ തന്നെ

കണ്ടെത്തുന്നതിന് താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളും മെഡിക്കൽ കോളേജുകളും കേന്ദ്രീകരിച്ച് രോഗം നിർണയിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ ഇതിനായി പ്രത്യേക കർമ്മ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ക്യാൻസർ രോഗികളുടെ എണ്ണവും ക്യാൻസർ രോഗത്തിനുള്ള ചികിത്സാ ചെലവും മരുന്നുകളുടെ വിലയും വർധിച്ചു വരുന്നതിനാൽ അത് കുറയ്ക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കുമോ;

(സി) ക്യാൻസർ രോഗനിർണ്ണയം, ചികിത്സ, പ്രതിരോധം ഇവയെക്കുറിച്ചുള്ള അവബോധം യുവതലമുറക്ക് സൃഷ്ടിക്കുന്നതിന് സ്കൂൾ കോളേജ് തലങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മൂന്ന് റീജിയണൽ ക്യാൻസർ സെന്ററുകൾ, 5 സർക്കാർ മെഡിക്കൽ കോളേജുകൾ, താലൂക്ക്-ജില്ല-ജനറൽ ആശുപത്രികൾ മുതലായവ കേന്ദ്രീകരിച്ച് സംസ്ഥാന/ദേശീയ ക്യാൻസർ രോഗ വിദഗ്ധരുടെയും ലോകാരോഗ്യ സംഘടനകളുടെയും സംയുക്താഭിമുഖ്യത്തിൽ ഒരു കേരള ക്യാൻസർ സ്ട്രാറ്റജി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ നയത്തിന്റെ അടിസ്ഥാനത്തിൽ ആശുപത്രികളെ ക്യാൻസർ ചികിത്സയുടെ മികവിന്റെ അടിസ്ഥാനത്തിൽ നാലായി തരംതിരിക്കുകയും ഓരോന്നിനും പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പംതന്നെ സർക്കാർ സ്വകാര്യ മേഖലയിലെ ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ കോർത്തിണക്കിക്കൊണ്ട് ഒരു ക്യാൻസർ ഗ്രിഡ് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആരോഗ്യവകുപ്പിന് കീഴിൽ ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ക്യാൻസർ നിർണ്ണയ കീമോതെറാപ്പി ചികിത്സാ ക്ലിനിക്കുകൾ ആരംഭിക്കുകയും കീമോതെറാപ്പിയുൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സേവനം നൽകിവരികയും ചെയ്യുന്നു. കൂടുതൽ ആശുപത്രികളിലേക്ക് ഈ സംവിധാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്യാൻസർ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് ക്യാമ്പുകൾ എല്ലാ സാമ്പത്തിക വർഷവും ആരോഗ്യ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിലൂടെ നടത്തിവരുന്നു. നേരത്തെ കണ്ടെത്താവുന്നതും ചികിത്സിച്ചുഭേദമാക്കാവുന്നതുമായ സ്തനാർബുദം, വദനാർബുദം, ഗർഭാശയഗളാർബുദം എന്നിവ പ്രാരംഭദശയിൽ തന്നെ കണ്ടെത്തുന്നതിനും സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആരോഗ്യകേന്ദ്രങ്ങളിലൂടെ സ്ക്രീനിംഗ് പദ്ധതി ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്ന ജനസംഖ്യാധിഷ്ഠിത ജീവിതശൈലീ രോഗനിർണ്ണയ പദ്ധതിയുടെ ഭാഗമായി ആശമാരുടെ സേവനം

പ്രയോജനപ്പെടുത്തി എല്ലാ ജനങ്ങളുടെയും പ്രാഥമിക രോഗവിവരശേഖരണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. അതിൽ ക്യാൻസർ രോഗലക്ഷണമുള്ളവരെ മുൻഗണനാക്രമത്തിൽ ക്യാൻസർ രോഗ സ്ക്രീനിംഗിന് വിധേയമാക്കുന്നതാണ്.

(ബി)സംസ്ഥാന സർക്കാർ ആവിഷ്കരിച്ച കേരള ക്യാൻസർ സ്ട്രാറ്റജിയുടെ ഭാഗമായി സർക്കാർ മേഖലയിലെയും സ്വകാര്യ മേഖലയിലെയും ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളെ കോർത്തിണക്കി ഒരു ക്യാൻസർ ഗ്രിഡ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് സമ്പൂർണ്ണമായി സാക്ഷാത്ക്കരിക്കപ്പെടുന്നതോടുകൂടി ചെറുതും വലുതുമായ എല്ലാ ക്യാൻസർ കേന്ദ്രങ്ങളും ഒരു ശൃംഖലയ്ക്കുള്ളിൽ അണിചേരുകയും പൊതുവായ ചികിത്സാ മാനദണ്ഡങ്ങൾ അവലംബിക്കുകയും ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾക്കും സേവനങ്ങൾക്കും അനുസൃതമായി റഫറൽ സംവിധാനം നടപ്പിലാക്കുകയും ചെയ്യുന്നതാണ്.

ക്യാൻസർ ചികിത്സയുമായി ബന്ധപ്പെട്ട മരുന്നുകളുടെ വില നിയന്ത്രിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്തെ ക്യാൻസർ കെയർ സെന്ററുകളുടെ മരുന്നുകൾ കേന്ദ്രീകൃതമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന വാങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്. മരുന്നുകളുടെ വിതരണം ഡ്രഗ്ഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം (DDMS) എന്ന സോഫ്റ്റ്‌വെയർ മുഖേനയാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ക്യാൻസർ മരുന്നുകളുടെ വില കുറയ്ക്കുന്നതിന് ഇതുകൊണ്ട് കഴിയും.

18 വയസ്സ് വരെയുള്ള കുട്ടികൾക്ക് സമ്പൂർണ്ണ സൗജന്യ ക്യാൻസർ രോഗചികിത്സ (ക്യാൻസർ ചികിത്സ സ്കീം), കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, മുഖ്യമന്ത്രിയുടെയും പ്രധാനമന്ത്രിയുടെയും ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായം മുതലായവ ലഭിക്കുന്നു.

(സി) എല്ലാ സാമ്പത്തിക വർഷവും ആരോഗ്യവകുപ്പിന്റെ ക്യാൻസർ കെയർ പദ്ധതിയുടെ വാർഷിക ഫണ്ട് ഉപയോഗിച്ച് എല്ലാ ജില്ലകളിലും ക്യാൻസർനിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ഫണ്ട് അനുവദിക്കാറുണ്ട്. ഈ തുക പ്രയോജനപ്പെടുത്തി താലൂക്കടിസ്ഥാനത്തിൽ ജില്ലകളിലെ ഗ്രാമപ്രദേശങ്ങളിൽ ക്യാൻസർ നിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുകയും രോഗബാധിതരെ കണ്ടെത്തുകയും ചെയ്യുന്നു. ഇതിനുപുറമേ കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.പി.സി.ഡി.സി.എസ്-ന്റെ ഫണ്ട് ഉപയോഗിച്ച് മുനിസിപ്പൽ പ്രദേശങ്ങളിൽ പ്രത്യേക ക്യാൻസർ മെഗാ ക്യാമ്പുകളും സംഘടിപ്പിച്ചിട്ടുണ്ട്. ക്യാൻസർ ബോധവൽക്കരണത്തിന്റെ ഭാഗമായി സ്കൂളുകളിലും കോളേജുകളിലും പ്രത്യേക ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നതിന് എല്ലാ സാമ്പത്തികവർഷവും ഫണ്ട് അനുവദിക്കാറുണ്ട്. നിലവിലുള്ള ക്യാൻസർ നിർണ്ണയ കേന്ദ്രങ്ങൾ ശാക്തീകരിക്കുന്നതിന് പാലിയേറ്റീവ് കീമോതെറാപ്പി യൂണിറ്റുകൾ ആരംഭിക്കുന്നതിനും ആരോഗ്യ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ സ്കൂൾ, കോളേജ് തലങ്ങളിൽ മുൻകൂർ ക്യാൻസർ രോഗനിർണ്ണയം, പുകയിലജന്യ രോഗം എന്നിവയെക്കുറിച്ച് യുവതലമുറയിൽ അവബോധം സൃഷ്ടിക്കുന്നതിലേയ്ക്കായി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അധീനതിയിലുള്ള എട്ട് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ക്യാൻസർ രോഗ നിർണ്ണയത്തെക്കുറിച്ചും പുകയില, മറ്റ് ലഹരി ഉൽപ്പന്നങ്ങൾ എന്നിവയുടെ ദൂഷ്യഫലങ്ങളക്കുറിച്ചും ബോധവൽക്കരണ ക്ലാസ്സുകൾ നൽകുകയും ഇത്തരം ചില സ്കൂളുകളിൽ നിന്നുള്ള എൻ.എസ്.എസ്. വോളന്റിയർമാർക്ക് റീജിയണൽ ക്യാൻസർ സെന്റർ സന്ദർശിക്കുന്നതിനുള്ള അവസരം നൽകുകയും ചെയ്തു. അഭ്യർത്ഥന പ്രകാരം നിരവധി സ്കൂളുകളിൽ അവബോധ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. തുടർന്നും ഇത്തരം ബോധവത്ക്കരണ പരിപാടികൾ നടത്തുവാൻ ആർ.സി.സി-ക്ക് പദ്ധതിയുണ്ട്.

മലബാർ ക്യാൻസർ സെന്ററിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ കീഴിൽ ക്യാൻസർ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ മലബാർ ക്യാൻസർ സെന്ററിന്റെ നേതൃത്വത്തിൽ ക്യാൻസർ ബോധവത്ക്കരണത്തിനായി 'യു ടേൺ' എന്ന ഒരു ഷോർട്ട് ഫിലിമും നിർമ്മിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പിൽ നിന്നും സ്കൂൾ പാഠ്യപദ്ധതിയിൽ അർബുദ ബോധവത്ക്കരണം ഉൾപ്പെടുത്തുന്നതിനാവശ്യമായ ഒരു പ്രാഥമിക പഠനക്കുറിപ്പ് തയ്യാറാക്കി പൊതുവിദ്യാഭ്യാസ വകുപ്പിന് നൽകുന്നതിനുള്ള ഒരു നിർദ്ദേശം മലബാർ ക്യാൻസർ സെന്ററിന് ലഭിക്കുകയുണ്ടായി. പ്രസ്തുത വിഷയം ഡിസ്ട്രിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ & ട്രെയിനിംഗ് (ഡയറ്റ്) കണ്ണൂരുമായി കൂടിയാലോചിച്ച് ഉചിതമായ തീരുമാനം കൈക്കൊണ്ടുവരികയാണ്.

## ഓട്ടിസം ഉൾപ്പെടെയുള്ള ന്യൂറോ സംബന്ധമായ വൈകല്യങ്ങൾക്കുള്ള ചികിത്സ

212 (229) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടിസം ഉൾപ്പെടെയുള്ള ന്യൂറോ സംബന്ധമായ വൈകല്യങ്ങൾക്കുള്ള ചികിത്സകൾ നിയന്ത്രിക്കാൻ മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഇപ്രകാരമുള്ള കരട് മാനദണ്ഡം 2019 നവംബർ 11ന് മുമ്പ് തയ്യാറാക്കണമെന്ന് കോടതി നിർദ്ദേശിച്ചിരുന്നുവോ;

(സി) എങ്കിൽ ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളുടെ കരട് തയ്യാറാക്കുന്നതിൽ വീഴ്ച ഉണ്ടായത്എന്ത് കൊണ്ടാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് വകുപ്പ് 50 അനുസരിച്ച് ഭിന്നശേഷിക്കാർക്കുവേണ്ടി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും സംസ്ഥാന ഗവൺമെന്റ് തീരുമാനിക്കുന്ന അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. വകുപ്പ് 51 (3) പ്രകാരം ഇത്തരം സ്ഥാപനങ്ങൾ സംസ്ഥാന ഗവൺമന്റ് നിഷ്കർഷിക്കുന്ന സൗകര്യങ്ങളും നിലവാരവും ഉറപ്പാക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ തെറാപ്പി സെന്ററുകൾ, വകുപ്പ് 50 പ്രകാരം രജിസ്റ്റർ ചെയ്യുമ്പോൾ ഉണ്ടായിരിക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സേവനങ്ങൾ തുടങ്ങിയവ സംബന്ധിച്ച് കരട് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

**ക്യാൻസർ രോഗബാധിതരുടെ എണ്ണം**

213 (231) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിലെ ക്യാൻസർ രോഗബാധിതരുടെ കണക്ക് ആരോഗ്യവകുപ്പ് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) കോതമംഗലം താലൂക്കിൽ ക്യാൻസർ രോഗബാധിതരുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരത്തിൽ ക്യാൻസർ രോഗബാധിതരുടെ എണ്ണം വർദ്ധിച്ചു വരുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ പഠനം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത വിഷയത്തിൽ വിദഗ്ദ്ധ ആരോഗ്യ സംഘത്തെ നിയോഗിച്ച് ശാസ്ത്രീയ പഠനം നടത്തി ക്യാൻസർ രോഗം വരാതിരിക്കുന്നതിനു വേണ്ട ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല

(ബി &സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ക്യാൻസർ ബോധവൽക്കരണം ആരോഗ്യവകുപ്പിന്റെ പ്രത്യേക ശ്രദ്ധ ചെലുത്തുന്ന മേഖലയാണ്. ക്യാൻസർ ബാധിച്ചവർക്ക് രോഗത്തെക്കുറിച്ചുള്ള ഭയാശങ്കകൾ അകറ്റുന്നതിനും രോഗം വരാത്തവർക്ക് രോഗം വരാതിരിക്കുന്നതിനുള്ള മുൻകരുതലുകളെക്കുറിച്ചുമാണ് പ്രധാനമായും ബോധവൽക്കരണം നടത്തിവരുന്നത്. ലഘുലേഖകൾ, പോസ്റ്ററുകൾ, എക്സിബിഷനുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ തുടങ്ങി ഹ്രസ്വ ചിത്രങ്ങൾ, സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള പ്രചരണങ്ങൾ തുടങ്ങിയവയാണ് ക്യാൻസർ ബോധവൽക്കരണം നടത്തുന്നതിനുവേണ്ടി പ്രധാനമായും ഉപയോഗിക്കുന്നത്.

**പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ**

214 (232) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ആരോഗ്യ സൂചികയിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മുന്നിലാണെന്ന് അവകാശപ്പെടുമ്പോഴും എലിപ്പനി, ഡെങ്കിപ്പനി, എച്ച്1 എൻ1 എന്നിവ ബാധിക്കുന്നവരുടെ എണ്ണം കൂടിവരുന്നുവെന്നത് വസ്തുതയാണോ;

(ബി) 2019 -ൽ എത്രപേരെ പ്രസ്തുത രോഗങ്ങൾ ബാധിച്ചുവെന്നും അതിലെത്ര പേർ മരണപ്പെട്ടുവെന്നും വെളിപ്പെടുത്തുമോ;

(സി) 'ആരോഗ്യ ജാഗ്രത' എന്ന പേരിലുള്ള പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അത് വിജയപ്രദമാണോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-ൽ ഡെങ്കിപ്പനി, എച്ച്1 എൻ1 തുടങ്ങിയ പകർച്ചവ്യാധികളും അവമൂലമുള്ള മരണങ്ങളും സംസ്ഥാനത്ത് വർദ്ധിച്ചതിനെ തുടർന്ന് സർക്കാർ ആവിഷ്കരിച്ചുനടപ്പിലാക്കിയ 'ആരോഗ്യ ജാഗ്രത' കർമ്മപരിപാടിയുടെ ഫലമായി 2018-ൽ വൈറൽ പനി, ഡെങ്കിപ്പനി, എച്ച്1 എൻ1 എന്നിവയും അവമൂലമുള്ള മരണങ്ങളും കാര്യമായി കുറയ്ക്കുവാൻ സാധിച്ചു. എന്നാൽ 2018-ൽ കേരളത്തെയാകെ നടുക്കിയ വെള്ളപ്പൊക്ക ദുരന്തംമൂലം എലിപ്പനിപോലുള്ള പകർച്ചവ്യാധികൾ വൻതോതിൽ വർദ്ധിക്കാനുള്ള സാധ്യതയുണ്ടായി. ആരോഗ്യവകുപ്പ് നടത്തിയ പ്രതിരോധ നടപടികളിലൂടെ മരണസംഖ്യ ക്രമാതീതമായി വർദ്ധിക്കുന്നത് തടയാൻ കഴിഞ്ഞു. വെള്ളപ്പൊക്കാനന്തരം ജലജന്യ/കൊതുകുജന്യരോഗങ്ങളിൽ സാധാരണ ഉണ്ടാകാറുള്ള വർദ്ധനവ് ഉണ്ടാകാതെ നിയന്ത്രിച്ച് നിർത്താനായി.

2019-ൽ വൈറൽ പനി, എലിപ്പനി മരണം, ഡെങ്കിപ്പനി മരണം, എച്ച്1 എൻ1 മരണം തുടങ്ങിയവ കുറയ്ക്കുവാൻ സാധിച്ചു. 2019-ലും നമുക്ക് വെള്ളപ്പൊക്ക ദുരന്തത്തെ അഭിമുഖീകരിക്കേണ്ടി വന്നിരുന്നു. പ്രതികൂലസാഹചര്യങ്ങൾ ഉണ്ടായിട്ടും 2017-നെ അപേക്ഷിച്ച് പല പകർച്ചവ്യാധികളും അതുമൂലമുള്ള മരണങ്ങളും 2018-ലും 2019-ലും കുറയ്ക്കുവാൻ സാധിച്ചു.

(ബി) 2019-ൽ എലിപ്പനി, ഡെങ്കിപ്പനി, എച്ച്1 എൻ1 എന്നീ രോഗങ്ങൾ ബാധിച്ചവരുടെയും മരണപ്പെട്ടവരുടെയും വിദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രോഗത്തിന്റെ പേര് | രോഗം ബാധിച്ചവരുടെ എണ്ണം | മരണപ്പെട്ടവരുടെ എണ്ണം |
|---|---|---|
| എലിപ്പനി | 1211 | 57 |
| ഡെങ്കിപ്പനി | 4651 | 14 |
| എച്ച്1 എൻ1 | 853 | 45 |
| ആകെ | 6715 | 116 |

(സി) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും താഴെത്തട്ടിലും ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. 2018, 2019 വർഷങ്ങളിൽ നിപാ രോഗബാധ, വെള്ളപ്പൊക്ക ദുരന്തം, സൂര്യതാപം തുടങ്ങിയ പ്രശ്നങ്ങൾ സംസ്ഥാനത്തെ ആരോഗ്യരംഗത്തിന് ഭീഷണി ഉയർത്തിയ സാഹചര്യത്തിലും 2017-നെ അപേക്ഷിച്ച് പകർച്ചവ്യാധികളും പകർച്ചവ്യാധി മരണങ്ങളും വളരെയധികം നിയന്ത്രിച്ചുനിർത്താനായത് എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ച് ആരോഗ്യജാഗ്രതാ കർമ്മപരിപാടി ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചതുകൊണ്ടാണ്.

## 108 ആംബുലൻസുകൾ

215 (233) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര 108 ആംബുലൻസുകൾ അനുവദിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെ ആശുപത്രികൾക്കാണെന്നും ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത ആംബുലൻസുകളുടെ പരിപാലനവും നിയന്ത്രണവും ആർക്കാണെന്നും അവയുടെ മാനദണ്ഡങ്ങളും വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 315 ആംബുലൻസുകൾ വിവിധ ജില്ലകളിലായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വാഹനങ്ങൾ വിവിധ ജില്ലകളിൽ വിന്യസിച്ചിരിക്കുന്ന ആശുപത്രികളുടെ ജില്ല തിരിച്ചിട്ടുള്ള പട്ടിക അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) 108 ആംബുലൻസിന്റെ നടത്തിപ്പിനായി ജി.വി.കെ-ഇ.എം.ആർ.ഐ. എന്ന കമ്പനിക്ക് 5 വർഷത്തേയ്ക്കാണ് കരാർ നൽകിയിട്ടുള്ളത്. എന്നാൽ ഓരോ വർഷാവസാനവും വാർഷിക പ്രവർത്തനങ്ങളുടെ അവലോകനത്തിനുശേഷമാണ് അടുത്ത വർഷത്തേയ്ക്കുള്ള കരാർ പുതുക്കുന്നത്. വാഹനത്തിന്റെ മെയിന്റനൻസ് ചെലവ് ജി.വി.കെ-ഇ.എം.ആർ.ഐ. എന്ന കമ്പനിയാണ് വഹിക്കുന്നത്. ഓരോ വാഹനത്തിന്റെയും പ്രവർത്തനത്തിന് ഒരു മാസത്തേയ്ക്ക് ഒരു നിശ്ചിത തുകയാണ് ജി.വി.കെ-ഇ.എം.ആർ.ഐ. എന്ന കമ്പനിക്ക് നൽകുന്നത്. കോൾസെന്ററിന്റെ പ്രവർത്തനം, വാഹനങ്ങളുടെ ഇന്ധനം, ജീവനക്കാരുടെ ശമ്പളം, വാഹനങ്ങളുടെ പരിപാലനം, ഉൾപ്പെടെ പ്രോജക്ടിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും ഈ തുകയിൽ ഉൾപ്പെട്ടിട്ടുണ്ട്.

## 'കുട്ടിഡോക്ടർ' പദ്ധതി

216 (234) പ്രൊഫ. കെ.യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

'കുട്ടിഡോക്ടർ'പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

കൗമാരക്കാരിലെ വൈകാരിക ആരോഗ്യവും ജീവിത നിപുണതയും മെച്ചപ്പെടുത്തുക, അവർക്കെതിരെയുള്ള അതിക്രമങ്ങൾ, ലഹരി/പുകയില ഉപയോഗം എന്നിവ തടയുക, ജീവിത ശൈലീരോഗങ്ങൾ തടയുക, ലൈംഗിക വിദ്യാഭ്യാസം നൽകുക, മാനസികാരോഗ്യം, പരിസര ശുചിത്വം, വ്യക്തി ശുചിത്വം, പോഷകാഹാരത്തെക്കുറിച്ചുള്ള അറിവ് എന്നിവ സംബന്ധിച്ച് ബോധവൽക്കരണം നൽകുക, ഫാസ്റ്റ്/ജങ്ക് ഫുഡിന്റെ ഉപയോഗം നിയന്ത്രിക്കുക മുതലായ ഉദ്ദേശ്യങ്ങളോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയാണ് 'കുട്ടിഡോക്ടർ' പദ്ധതി അഥവാ പിയർ എജ്യൂക്കേറ്റേഴ്സ് പ്രോഗ്രാം. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ മികവ് പുലർത്തുന്ന കുട്ടികളെ തെരഞ്ഞെടുത്ത് മേൽ സൂചിപ്പിച്ച വിഷയങ്ങളിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പരിശീലനം നൽകി അവരിലൂടെ മറ്റ് കുട്ടികൾക്ക് പരിശീലനം നൽകുകയും ആരോഗ്യകരമായ ജീവിതശൈലി വാർത്തെടുക്കുകയും അതിലൂടെ സമൂഹത്തിൽ മാറ്റമുണ്ടാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. രോഗപ്രതിരോധം, പരിസര ശുചിത്വം, ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ എന്നിവ വിദ്യാർത്ഥികളിലൂടെ സമൂഹത്തിലേയ്ക്ക് എത്തിക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധിക്കുന്നു.

## ടെലി മെഡിസിൻ സംവിധാനം

217 (235) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ ടെലി മെഡിസിൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ആശുപത്രികളിലാണ് സംവിധാനം ഉള്ളതെന്ന് വിശദമാക്കാമോ; ഏത് സർക്കാർ ഏജൻസികൾ മുഖേനയാണ് സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഉൾവനത്തിലെ ആദിവാസി കോളനികളിൽ ടെലി മെഡിസിൻ സംവിധാനം ഏർപ്പെടുത്തുന്ന കാര്യത്തിൽ അഭിപ്രായം വ്യക്തമാക്കാമോ; ജില്ലാ ആശുപത്രിയുമായി ആദിവാസി കോളനികളെ ടെലിമെഡിസിൻ സംവിധാനത്തിൽ ബന്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പി.എച്ച്.സി.കളെയും എഫ്.എച്ച്.സി.കളെയും സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യമുള്ള സർക്കാർ ആശുപത്രികളുമായി ടെലി മെഡിസിൻ സംവിധാനത്തിൽ ബന്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നിലവിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ ടെലിമെഡിസിൻ സംവിധാനം പ്രവർത്തിക്കുന്നു. തിരുവനന്തപുരം, തൃശ്ശൂർ എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ സീഡാക്ക് എന്ന സർക്കാർ ഏജൻസി മുഖേനയും ആലപ്പുഴ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിൽ ഐ.എസ്.ആർ.ഒ. മുഖേനയുമാണ് ടെലിമെഡിസിൻ സംവിധാനം സ്ഥാപിച്ചിട്ടുള്ളത്. ആരോഗ്യ വകുപ്പിന്റെ കീഴിൽ 26 സ്ഥാപനങ്ങളിൽ ടെലിമെഡിസിൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതിൽ 11 സ്ഥാപനങ്ങളിൽ ടെലിമെഡിസിൻ യൂണിറ്റ് പ്രവർത്തനം നടന്നുവരുന്നു. ജനറൽ ആശുപത്രികളായ

തിരുവനന്തപുരം, നെയ്യാറ്റിൻകര, പത്തനംതിട്ട, എറണാകുളം, പലക്കാട്, തൃശ്ശൂർ, മാനന്തവാടി എന്നിവിടങ്ങളിലും താലൂക്കാസ്ഥാനാശുപത്രികളായ വൈത്തിരി, കൊയിലാണ്ടി, എന്നിവിടങ്ങളിലും ജില്ലാശുപത്രികളായ തൊടുപുഴ, കാസർഗോഡ്, കൊല്ലം എന്നിവയിലും സാമൂഹ്യാരോഗ്യ കേന്ദ്രമായ വയനാട്ടിലെ നല്ലൂർനാട്ടിലും കൂടാതെ മൊബൈൽ ടെലിമെഡിസിന്റെ ഒരു യൂണിറ്റ് പാലക്കാട്ടും പ്രവർത്തനം നടത്തിവരുന്നു.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ ലൈഫ് കെയർ, സി-ഡാക്ക്, ഐ.എസ്.ആർ.ഒ. എന്നീ ഏജൻസികൾ മുഖാന്തരമാണ് ഇവിടങ്ങളിൽ ടെലിമെഡിസിൻ സേവനം നടപ്പിലാക്കുന്നത്.

(ബി) ആദിവാസി കോളനികളോട് ചേർന്നുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യാരോഗ്യകേന്ദ്രങ്ങൾ, കുടുംബാരോഗ്യകേന്ദ്രങ്ങൾ എന്നിവയെ ടെലിമെഡിസിൻ സംവിധാനം വഴി ആ ജില്ലയിലുള്ള ജില്ലാശുപത്രികളുമായി ബന്ധിപ്പിക്കുന്ന പദ്ധതി ആർദ്രം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതിന്റെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) ഈ വിഷയം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കിഡ്നിമാറ്റ ശസ്ത്രക്രിയയ്ക്ക് പെൻഷൻ പദ്ധതി

218 (236) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഡ്നി മാറ്റ ശസ്ത്രക്രിയ നടത്തിയ ആളുകളുടെ തുടർചികിത്സയ്ക്കും ചികിത്സയ്ക്കുമായി പ്രതിമാസം 1000 രൂപ നിരക്കിൽ നല്കിവന്നിരുന്ന പെൻഷൻ പദ്ധതി നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇടുക്കി ജില്ലയിൽ ഈ ഇനത്തിൽ എത്ര തുക കുടിശ്ശിക ഉണ്ട്; ഏതുമാസം മുതലുള്ള കുടിശ്ശികയാണുള്ളത്; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ഇല്ല. എന്നാൽ വൃക്കരോഗം ബാധിച്ച് വൃക്ക മാറ്റിവയ്ക്കലിന് വിധേയരാകുന്നവർക്ക് പ്രസ്തുത ദിവസം മുതൽ 5 വർഷം വരെ ചികിത്സാ ധനസഹായമായി പ്രതിമാസം 1000 രൂപ നിരക്കിൽ അനുവദിക്കുന്ന സമാശ്വാസം പദ്ധതി II ധനസഹായ പദ്ധതി നിലവിലുണ്ട്.

(ബി) സമാശ്വാസം പദ്ധതി II ചികിത്സാ ധനസഹായ പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽ 1,75,000 രൂപ കുടിശ്ശികയുണ്ട്. 2019 ജൂൺ മാസം മുതലുള്ള തുകയാണ് കുടിശ്ശികയുള്ളത്.

**അന്ധതാ നിവാരണ പദ്ധതി**

219 (237) <u>ശ്രീ. റ്റി. വി. രാജേഷ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ധതാ നിവാരണ പദ്ധതിയുടെ ഭാഗമായി കുട്ടികളുടെ കാഴ്ച വൈകല്യങ്ങൾ പരിശോധിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ജില്ലകളിലെ അന്ധതാ നിവാരണ സമിതി വഴി സൗജന്യമായി സ്കൂൾ കുട്ടികൾക്ക് താമസം കൂടാതെ കണ്ണട നൽകുന്നതിന് ജില്ലാതലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യതമാക്കാമോ;

(സി) ജില്ലാ ഓഫ്ത്താൽമിക്ക് കോ-ഓർഡിനേറ്റർമാരുടെ സേവനം ജില്ലാ മെഡിക്കൽ ഓഫീസുകളിൽ കൂടി ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സ്കൂൾ കുട്ടികളുടെ അന്ധത പരിഹരിക്കുന്നതിനായി എല്ലാ സ്കൂളുകളിലും കാഴ്ച പരിശോധിച്ച് റിഫ്രാക്റ്ററി എറർ ഉണ്ടോ എന്ന് കണ്ടെത്തി അത് പരിഹരിക്കുന്നതിനായി സൗജന്യ കണ്ണട വിതരണം നടത്തിവരുന്നു. സ്കൂൾ കുട്ടികളുടെ കാഴ്ച പരിശോധനയുമായി ബന്ധപ്പെട്ട് ജില്ലയിലെ ഒപ്റ്റോമെടിസ്റ്റുമാർ സ്കൂളുകൾ സന്ദർശിച്ച് കുട്ടികളുടെ കാഴ്ച പരിശോധിച്ച് ആവശ്യമായ കണ്ണടകൾ ജില്ലാ അടിസ്ഥാനത്തിൽ സൗജന്യമായി നൽകിവരുന്നുണ്ട്. കൂടാതെ സ്കൂൾ കുട്ടികൾക്കായി നേത്രാരോഗ്യ പരിപാലനത്തിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം വളർത്തുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. അദ്ധ്യാപകർക്ക് കുട്ടികളുടെ കാഴ്ച വൈകല്യം നേരത്തെ കണ്ടെത്തുന്നതിനായുള്ള ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു.

നവജാത ശിശുക്കളിലെ നേത്രാനന്തര പടലാന്ധതയ്ക്ക് കാരണമായേക്കാവുന്ന റെറ്റിനോപ്പതി ഓഫ് പ്രിമച്ചുറിറ്റി മുൻകൂട്ടി കണ്ടെത്തുന്നതിനും ചികിത്സ നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ സൗജന്യമായി നൽകിവരുന്നു.

കൂടാതെ പ്രീസ്കൂൾ കുട്ടികളിലെ (0-5 വയസ്സ്) കാഴ്ച വൈകല്യം മുൻകൂട്ടി കണ്ടെത്തുന്നതിന് പാലക്കാട് ജില്ലയിൽ ആരോഗ്യ വകുപ്പിന്റെയും ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെയും നേതൃത്വത്തിൽ "സുനേത്രം" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പ്രാവർത്തികമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലൂടെ 0-5 വയസ്സുള്ള കുട്ടികളുടെ കാഴ്ചവൈകല്യം മുൻകൂട്ടി കണ്ടെത്തി ചികിത്സ നൽകുവാൻ സാധിക്കുന്നതാണ്.

ഇതിനുപുറമേ ജില്ലാ അടിസ്ഥാനത്തിൽ തന്നെ സ്കൂൾ കുട്ടികളുടെ കണ്ണുകൾ പരിശോധിച്ച് കാഴ്ച വൈകല്യം ഉള്ള കുട്ടികൾക്ക് കണ്ണട സൗജന്യമായി നൽകുന്നതിനായി കണ്ണൂർ ജില്ലയിൽ നടത്തിയ ഊർജ്ജിത നേത്ര പരിശോധനാ പദ്ധതിയായ 'മിഴി' മറ്റു ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. സ്കൂളുകളിൽ പ്രവേശനം നേടുമ്പോൾ തന്നെ കുട്ടികളുടെ കാഴ്ച പരിശോധിക്കുന്നതിനുള്ള നടപടികൾ വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ച് നടപ്പിലാക്കുന്നതാണ്.

(ബി) 2019-20 സാമ്പത്തിക വർഷം മുതൽ സ്കൂൾ കുട്ടികളുടെ കണ്ണട വാങ്ങുന്നത് സംസ്ഥാന തലത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയാണ്. നേത്രപരിശോധനയുടെ അടിസ്ഥാനത്തിൽ ജില്ലകളിൽ നിന്നും സ്കൂൾ കുട്ടികളുടെ കണ്ണടകളുടെ കുറിപ്പടികൾ സംസ്ഥാന തലത്തിൽ ക്രോഡീകരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിലെ സ്കൂൾ കുട്ടികളുടെ കണ്ണടകളുടെ കുറിപ്പടികളും കണ്ണടകൾക്ക് ആവശ്യമായ തുകയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. വൈകാതെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കണ്ണടകൾ വാങ്ങി ജില്ലകളിൽ ലഭ്യമാക്കുന്നതും കണ്ണട വിതരണം നടത്തുന്നതുമാണ്.

(സി) നിലവിൽ ജില്ലകളിലെ മൊബൈൽ ഓഫ്താൽമിക് യൂണിറ്റുമായി ഏകോപിപ്പിച്ച് ക്യാമ്പുകൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിന് ജില്ലാ ഓഫ്താൽമിക് കോ-ഓർഡിനേറ്റർമാരുടെ സേവനം ലഭ്യമാക്കിയിട്ടുള്ളതാണ്. കൂടാതെ അന്ധതാ നിയന്ത്രണ കാഴ്ച വൈകല്യ പദ്ധതിയുടെ ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസുകളിൽ ജില്ലാ ഓഫ്താൽമിക് കോ-ഓർഡിനേറ്റർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

**കാരുണ്യ ഇൻഷ്വറൻസ് പദ്ധതി**

220 (238) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാരുണ്യ ഇൻഷുറൻസ് പദ്ധതി പ്രാബല്യത്തിൽ വന്നിട്ടുണ്ടോ;

(ബി) ഏതെല്ലാം വിഭാഗത്തിലുള്ള ആളുകൾക്കാണ് ഇൻഷുറൻസ് നൽകിവരുന്നത്; അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം രോഗങ്ങൾക്കാണ് ചികിത്സാ ആനുകൂല്യം നൽകി വരുന്നത്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കാരുണ്യ ഇൻഷ്വറൻസ് പദ്ധതി 2019 ഏപ്രിൽ 1 മുതൽ സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(ബി) നിലവിൽ 31-3-2019 വരെ സാധുതയുള്ള ആർ.എസ്.ബി.വൈ./ചിസ് കാർഡ് കൈവശം ഉള്ളവരെയും സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (SECC) 2011-ൽ ഉൾപ്പെടുന്ന ദുർബല വിഭാഗം ജനങ്ങളെയുമാണ് 2019-20 സാമ്പത്തിക വർഷം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) ഹീമോഫീലിയ തുടങ്ങിയ ജനിതക/അപൂർവ രോഗങ്ങൾ ഒഴികെയുള്ള എല്ലാ രോഗങ്ങൾക്കും ചികിത്സാ ആനുകൂല്യം നൽകിവരുന്നു.

## സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പൂവർ

221 (239) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരക രോഗങ്ങൾ കാരണം വിഷമത അനുഭവിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്ക് സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പൂവർ മുഖാന്തരം എന്തെല്ലാം സഹായങ്ങളാണ് ഈ സർക്കാർ ഇതുവരെ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത രോഗികൾക്ക് സർക്കാർ ഇതുവരെ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മാരക രോഗങ്ങളാൽ അവശത അനുഭവിക്കുന്ന 3 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള സൊസൈറ്റി അംഗീകരിക്കുന്ന രോഗമുള്ള രോഗികൾക്ക് സൊസൈറ്റി അംഗീകൃത ആശുപത്രികളിലെ സൂപ്രണ്ടിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ ലഭ്യമാക്കുന്ന മുറയ്ക്ക് പരമാവധി 50,000 വരെ ധനസഹായം അനുവദിച്ചുവരുന്നു. 2016-17 സാമ്പത്തികവർഷം മുതൽ 2019-20, 2020 ജനുവരി മാസം വരെ, 4303 രോഗികൾക്ക് 18,98,25,622

(പതിനെട്ട് കോടി തൊണ്ണൂറ്റി എട്ട് ലക്ഷത്തി ഇരുപത്തയ്യായിരത്തി അറുനൂറ്റി ഇരുപത്തി രണ്ട് രൂപ) ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 സാമ്പത്തികവർഷം മുതൽ സർക്കാരിൽ നിന്ന് അനുവദിച്ച തുകയുടെ കണക്ക് അനുബന്ധമായി* ചേർക്കുന്നു.

**അശ്വമേധം പദ്ധതി**

222 (240) <u>ശ്രീ. ആർ. രാജേഷ്:</u>
<u>ശ്രീ. കെ. വി. വിജയദാസ്:</u>
<u>ശ്രീ. ഒ. ആർ. കേളു:</u>
<u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുഷ്ഠരോഗ നിർണയത്തിനായി നടപ്പാക്കിയ അശ്വമേധം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഏതെല്ലാം വകുപ്പുകളുടെയും സംഘടനകളുടെയും പങ്കാളിത്തത്തോടെയാണ് പ്രസ്തുത കുഷ്ഠരോഗ നിർണയ ക്യാമ്പയിൻ നടത്തുന്നതെന്ന് അറിയിക്കാമോ;

(സി) രോഗ നിർണയത്തിലൂടെ രോഗം സ്ഥിരീകരിക്കപ്പെടുന്നവർക്ക് സർക്കാർ ആശുപത്രികളിൽ എന്തെല്ലാം ചികിത്സകളാണ് സൗജന്യമായി ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) സമ്പൂർണ്ണ കുഷ്ഠരോഗ നിർമ്മാർജ്ജനത്തിനായി എന്തെല്ലാം ബോധവത്ക്കരണ പരിപാടികളാണ് സർക്കാർ നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) അശ്വമേധം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 8 ജില്ലകളിൽ 2019 സെപ്റ്റംബർ 23 മുതൽ ഒക്ടോബർ 6 വരെ നടത്തുകയുണ്ടായി. 61156 വോളന്റിയർമാർ 6103 സൂപ്പർവൈസർ എന്നിവരുടെ നേതൃത്വത്തിൽ 181 രോഗികളെ പുതുതായി കണ്ടുപിടിച്ച് ചികിത്സയ്ക്ക് വിധേയമാക്കുകയുണ്ടായി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) തദ്ദേശ സ്വയംഭരണ വകുപ്പ്, റവന്യൂ, സാമൂഹ്യനീതി, വിദ്യാഭ്യാസം, വനിതാ-ശിശുക്ഷേമം, തൊഴിൽ, ട്രൈബൽ തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുടെ സഹായത്തോടെ I.M.A, I.A.D.V.L (Indian Association of Dermatologist, Venereologist and Leprologist) Q.P.M.P.A (Qualified Private Medical Practioners Associations), നെഹ്റുയുവകേന്ദ്ര, ആശ, അങ്കണവാടി പ്രവർത്തകർ തുടങ്ങിയവരുടെ പങ്കാളിത്തത്തോടെയാണ് ആരോഗ്യവകുപ്പ് ഈ ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.

(സി) പ്രാഥമിക ആരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജുവരെയുള്ള ആരോഗ്യസ്ഥാപനങ്ങളിലൂടെ സൗജന്യമായി വിവിധ ഔഷധ ചികിത്സ (Multi Drug Therapy) ഉറപ്പാക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ അങ്കണവാടികളിലും യുവജന ക്ലബ്ബുകളിലും സെമിനാറുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുകയുണ്ടായി. വാർഡ് ഹെൽത്ത് സാനിറ്റേഷൻ & ന്യൂട്രിഷൻ കമ്മിറ്റിയിൽ കുഷ്ഠരോഗ നിർമ്മാർജ്ജനത്തിന് സ്വീകരിക്കേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും കർമ്മപദ്ധതി തയ്യാറാക്കുകയും ചെയ്തു. ആരോഗ്യവകുപ്പ്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നീ വിഭാഗങ്ങളിലെ മെഡിക്കൽ ഓഫീസർമാർ, ആരോഗ്യപ്രവർത്തകർ, ആശ, അങ്കണവാടി വർക്കർമാർ, മെയിൽ വോളന്റിയർമാർ തുടങ്ങിയവർക്ക് പരിശീലനം നൽകുകയുണ്ടായി. 'അശ്വമേധം' ലെപ്രസി കേസ് ഡിറ്റക്ഷൻ ക്യാമ്പയിനിനോട് അനുബന്ധിച്ച് FM റേഡിയോയിലൂടെയും സോഷ്യൽ മീഡിയയിലൂടെയും പ്രമുഖ ചാനലുകളിലൂടെയും കുഷ്ഠരോഗത്തെക്കുറിച്ചുള്ള സന്ദേശം പൊതുജനങ്ങളിൽ പ്രചരിപ്പിക്കുകയുണ്ടായി.

**ആർദ്രം പദ്ധതി**

223 (241) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ ഉണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുവാൻ എത്ര സ്ഥാപനങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ മെഡിക്കൽ,പാരാമെഡിക്കൽ വിഭാഗങ്ങളിലായി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(ഡി) സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെയും, കുടുംബാരോഗ്യ കേന്ദ്രങ്ങളുടെയും ഒ.പി. സമയം വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതി സർക്കാർ വിലയിരുത്തിയിട്ടുണ്ട്. സർക്കാർ ആശുപത്രികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ആർദ്രം മിഷൻ. ആർദ്രം മിഷൻ വഴി സർക്കാർ ആശുപത്രികളിലെ ഒ.പി. വിഭാഗം ജനസൗഹൃദമാക്കുന്നതിന് ആശുപത്രികളിൽ സൗകര്യപ്രദമായ രജിസ്ട്രേഷൻ സംവിധാനങ്ങൾ, പ്രത്യേക ക്യൂ സമ്പ്രദായം, ഇ-ഹെൽത്ത് വഴി ടോക്കൺ സിസ്റ്റം, സൗകര്യപ്രദമായ കാത്തിരുപ്പ് സ്ഥലങ്ങൾ, സ്ത്രീ-സൗഹൃദ-ഭിന്നശേഷിസൗഹൃദമായ ടോയ്‌ലറ്റുകൾ തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അഡ്രസിംഗ് സിസ്റ്റം, കുട്ടികൾക്കായുള്ള പാർക്ക്, ഒ.ആർ.റ്റി. കോർണർ, സ്വകാര്യത ഉറപ്പാക്കുന്ന പരിശോധനാ മുറികൾ മുതലായവയും ഏർപ്പെടുത്തിയിട്ടുണ്ട്.

ആർദ്രം പദ്ധതിയുടെ ഭാഗമായ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വൈകുന്നേരം 6 മണി വരെ ഒ.പി. സമയം ദീർഘിപ്പിക്കുകയും മെച്ചപ്പെട്ട ലബോറട്ടറി സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ജീവിതശൈലീരോഗ ക്ലിനിക്കുകൾ ശക്തിപ്പെടുത്തൽ, ആസ്ത്മ, ശ്വാസംമുട്ടൽ ചികിത്സയ്ക്കുള്ള ശ്വാസ് ക്ലിനിക്, മാനസികാരോഗ്യ പരിചരണത്തിനുള്ള ആശ്വാസ് ക്ലിനിക് എന്നിവയും നഴ്സസ് പ്രീ-ചെക്ക്-അപ് തുടങ്ങിയവയും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്.

സൂപ്പർ സ്പെഷ്യാലിറ്റി/സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ജില്ലാ/താലൂക്കുതല ആശുപത്രികളിൽ നൂതന ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും അതിലൂടെ സർക്കാർ ആശുപത്രികളിലെ സേവനങ്ങൾ മെച്ചപ്പെടുത്താനും കുറഞ്ഞ നിരക്കിൽ ചികിത്സാ സൗകര്യം ലഭ്യമാക്കാനും സാധിച്ചിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 504 സ്ഥാപനങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാനായി തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ ഡോക്ടർ- 400, സ്റ്റാഫ് നഴ്സ് - 400, ലാബ് ടെക്നീഷ്യൻ - 200 എന്നിങ്ങനെ 1000 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) 13-12-2018-ലെ (സ.ഉ) നമ്പർ 3668/2018/ആ.കു.വ പ്രകാരം നാലോ അതിലധികമോ ഡോക്ടർമാരുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഒ.പി. സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണിവരെ ദീർഘിപ്പിച്ചിട്ടുണ്ട്. കൂടാതെ സ.ഉ.(പി) നമ്പർ 48/2017/ആ.കു.വ. തീയതി 5-8-2017 പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഔട്ട് പേഷ്യന്റ് സംവിധാനം ആഴ്ചയിലെ എല്ലാ ദിവസവും ചുവടെ പറയുംപ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

തിങ്കൾ മുതൽ ശനി വരെ രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1.30 വരെ, ഉച്ചയ്ക്ക് 1.30 മുതൽ വൈകിട്ട് 6 വരെ.

ഞായർ രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1.30 വരെ ഒ.പി. സമയം ദീർഘിപ്പിച്ചിട്ടുണ്ട്.

ഡോക്ടർമാരുടെ കുറവുള്ള ചില സ്ഥാപനങ്ങൾ ഒഴികെ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും വൈകിട്ട് 6 മണി വരെ സേവനം ലഭ്യമാണ്.

**സാന്ത്വന പരിചരണ പരിപാടികൾ**

224 (242) <u>ശ്രീ. രാജു എബ്രഹാം:</u>
<u>ശ്രീ. റ്റി. വി. രാജേഷ്:</u>
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:</u>
<u>ശ്രീ. കാരാട്ട് റസാഖ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗബാധിതർക്ക് ആശ്വാസവും പരിചരണവും നൽകുന്നതിനായി ഈ സർക്കാർ 'അരികെ' എന്ന പേരിൽ സാന്ത്വന പരിചരണ പരിപാടി ആരംഭിച്ചിട്ടുണ്ടോ;

(ബി) പാലിയേറ്റീവ് കെയർ രംഗത്ത് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിവിധ സന്നദ്ധ സംഘടനകളെ ഏകോപിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കാമോ;

(സി) വീട്ടിലെത്തി സാന്ത്വന ചികിത്സ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും പ്രവർത്തകർക്കും സംസ്ഥാനതലത്തിൽ രജിസ്ട്രേഷനും പരിശീലനവും നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എല്ലാ മെഡിക്കൽ കോളേജുകളിലും കമ്മ്യൂണിറ്റി മെഡിസിന്റെ ഭാഗമായി വിദഗ്ദ്ധ സാന്ത്വന പരിചരണ കേന്ദ്രങ്ങൾ തുറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) അലോപ്പതി വിഭാഗത്തിനൊപ്പം ആയുഷ് വിഭാഗത്തിലേയ്ക്കും സാന്ത്വന പരിചരണം വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) രോഗബാധിതർക്ക് ആശ്വാസവും പരിചരണവും നൽകുന്നതിനായി സാന്ത്വന പരിചരണ പരിപാടി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. ഈ പരിപാടിയുടെ വിപുലീകരണത്തിന്റെ ഭാഗമായി സമഗ്ര സാന്ത്വന വയോജന പരിചരണ പദ്ധതി- 'അരികെ' യുടെ സംസ്ഥാനതല പ്രഖ്യാപനം 2020 ഫെബ്രുവരിയിൽ നടക്കുന്നതാണ്.

(ബി) സന്നദ്ധ സംഘടനകളും കമ്മ്യൂണിറ്റി ബേസ്ഡ് ഓർഗനൈസേഷൻസും നടത്തുന്ന പാലിയേറ്റീവ് വയോജന പരിചരണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി അവിടത്തെ ഡോക്ടർമാർ, സ്റ്റാഫ് നഴ്സ് എന്നിവർക്കുള്ള പരിശീലനം, ജില്ലാതലത്തിലുള്ള ഏകോപനം, കൂടുതൽ സംഘടനകളെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരിക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം.

(സി) വീട്ടിലെത്തി സാന്ത്വന പരിചരണം നടത്തുന്ന സന്നദ്ധ സംഘടനകൾക്ക് സംസ്ഥാനതലത്തിലുള്ള രജിസ്ട്രേഷനും പരിശീലനവും നൽകാൻ ഈ പദ്ധതിയിൽ വിഭാവനം ചെയ്യപ്പെടുന്നുണ്ട്.

(ഡി) കേരളത്തിലെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും കമ്മ്യൂണിറ്റി മെഡിസിന്റെ ഭാഗമായി വിദഗ്ദ്ധ പാലിയേറ്റീവ് പരിചരണ കേന്ദ്രങ്ങളും പരിശീലന സംവിധാനങ്ങളും ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഇ) ജില്ലകളിലെ പ്രധാന ആയുർവേദ-ഹോമിയോ ആശുപത്രികൾ വഴി പ്രത്യേക ഒ.പി.കൾ നടത്തുകയും ഡോക്ടർമാർക്കും നേഴ്സുമാർക്കും പാലിയേറ്റീവ് പരിചരണത്തിൽ പരിശീലനം നൽകുകയും ചെയ്തുവരുന്നു.

**കാരുണ്യ പദ്ധതിയിൽ നിന്നും സ്വകാര്യ ആശുപത്രികളുടെ പിൻമാറ്റം**

225 (243) ശ്രീ. മോൻസ് ജോസഫ്:

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യാ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കിയതു വഴി കിട്ടാനുള്ള കുടിശ്ശികയുടെ പേരിൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ പദ്ധതിയിൽ നിന്നും പിൻമാറുന്ന സാഹചര്യത്തിൽ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഇൻഷ്വറൻസ് കമ്പനികൾക്ക് പണം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ; ഇതു സംബന്ധിച്ച് നിലവിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ കുടിശ്ശിക തീർക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി കിട്ടാനുള്ള കുടിശ്ശികയുടെ പേരിൽ സ്വകാര്യ ആശുപത്രികൾ അവരുടെ ആശങ്കകൾ പ്രകടിപ്പിച്ച സന്ദർഭത്തിൽ തന്നെ ഇടപെട്ട് അത് ദുരീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഇൻഷ്വറൻസ് പ്രൊവൈഡറായ കമ്പനിക്ക് 2 തവണകളിലായി തുക നൽകിയിട്ടുണ്ട്. ബാക്കി നൽകാനുള്ള തുക സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

## ആലത്തൂർ മണ്ഡലത്തിലെ ആരോഗ്യ വകുപ്പ് പദ്ധതികൾ

226 (244) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് ഏതെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താലൂക്ക് ആസ്ഥാന ആശുപത്രി തലങ്ങളിൽ മെഡിക്കൽ റെക്കോർഡ് ലൈബ്രറി, ഡെന്റൽ യൂണിറ്റ് ശാക്തീകരണം എന്നീ പദ്ധതികളാണ് അനുവദിച്ചിട്ടുള്ളത്. കൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന തസ്തികകൾ കൂടി സൃഷ്ടിച്ചിട്ടുണ്ട്.

| തസ്തിക | എണ്ണം |
|---|---|
| (1) | (2) |
| സ്റ്റാഫ് നഴ്സ് | 2 |
| ലാബ് ടെക്നീഷ്യൻ | 1 |
| ജൂനിയർ കൺസൾട്ടന്റ് | 1 |
| കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 4 |

| (1) | (2) |
|---|---|
| ഇ.സി.ജി. ടെക്നീഷ്യൻ | 1 |
| ഡെന്റൽ മെക്കാനിക് | 1 |
| മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ | 1 |

ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കിഴക്കഞ്ചേരി, വണ്ടാടി ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. അസിസ്റ്റന്റ് സർജൻ -1, സ്റ്റാഫ് നഴ്സ് ഗ്രേഡ് II- 1, ലാബ് ടെക്നീഷ്യൻ ഗ്രേഡ് I - 1, ഫാർമസിസ്റ്റ്-1 എന്നീ തസ്തികകളും മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ അനുവദിച്ചിട്ടുണ്ട്.

ആർദ്രം രണ്ടാം ഘട്ടത്തിൽ തേൻകുറിശ്ശി, കുനിശ്ശേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. കുനിശ്ശേരി എഫ്.എച്ച്.സി.-യിൽ ഒരു ഡോക്ടറുടേയും ഒരു സ്റ്റാഫ് നഴ്സിന്റെയും തസ്തികകളും തേൻകുറിശ്ശി എഫ്.എച്ച്.സി.-യിൽ ഒരു സ്റ്റാഫ് നഴ്സിന്റെ തസ്തികയും അനുവദിച്ചിട്ടുണ്ട്.

(ബി) താലൂക്ക് ആശുപത്രി ആലത്തൂരിന്റെ മെഡിക്കൽ റെക്കോർഡ് ലൈബ്രറി, ഡെന്റൽ യൂണിറ്റ് ശാക്തീകരണം എന്നീ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

| സ്ഥാപനത്തിന്റെ പേര് | പദ്ധതികളുടെ നിലവിലെ സ്ഥിതി |
|---|---|
| കുടുംബാരോഗ്യ കേന്ദ്രം, കിഴഞ്ചേരി | കുടുംബാരോഗ്യകേന്ദ്രത്തിന്റേതായ എല്ലാ പ്രവർത്തനങ്ങളും നടത്തിവരുന്നു. |
| കുടുംബാരോഗ്യ കേന്ദ്രം, വണ്ടാഴി | കുടുംബാരോഗ്യകേന്ദ്രത്തിന്റേതായ എല്ലാ പ്രവർത്തനങ്ങളും നടത്തിവരുന്നു. |
| പി.എച്ച്.സി., കുനിശ്ശേരി | 30 ശതമാനം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ലാബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| പി.എച്ച്.സി., തേൻകുറിശ്ശി | 30 ശതമാനം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. വെയിറ്റിംഗ് ഏരിയ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

## ക്യാൻസർ സുരക്ഷാ പദ്ധതി

227 (245) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ സുരക്ഷ പദ്ധതി പ്രകാരം എന്തൊക്കെ സഹായങ്ങളാണ് ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ആശുപത്രികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ക്യാൻസർ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ കുടുംബവാർഷിക വരുമാനം കുറഞ്ഞ ക്യാൻസർ ബാധിതരായ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിലൂടെ ക്യാൻസർ രോഗ ചികിത്സ സൗജന്യമായി നൽകിവരുന്നു. നിലവിൽ ഈ പദ്ധതിയിലൂടെ 7092 കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്.

(ബി)

1. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം
2. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം.
3. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്
4. ഐ.എം.സി.എച്ച്. കോഴിക്കോട്
5. മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ
6. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ
7. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം
8. ഐ.സി.എച്ച്., കോട്ടയം
9. കണ്ണൂർ മെഡിക്കൽ കോളേജ്, പരിയാരം, കണ്ണൂർ
10. ഗവൺമെന്റ് ജനറൽ ആശുപത്രി, എറണാകുളം
11. ഗവൺമെന്റ് മെഡിക്കൽ കോളേജ് ചെസ്റ്റ് ആശുപത്രി, തൃശ്ശൂർ
12. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, എറണാകുളം
13. എസ്.എ.ടി. ആശുപത്രി, തിരുവനന്തപുരം

(സി)

1. 18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളായിരിക്കണം.
2. ക്യാൻസർ രോഗമാണെന്ന് ഉറപ്പുവരുത്തിയതിനുശേഷമുള്ള (ഡയഗ്നോസ് ചെയ്ത) ചികിത്സയ്ക്കു മാത്രമേ ധനസഹായം അനുവദിക്കുകയുള്ളൂ. ഈ ആനുകൂല്യം ലഭിക്കുന്നതിനായി ഗവൺമെന്റ് അംഗീകൃത

സ്ഥാപനങ്ങളിലെ Radiotherapy/Oncology വിഭാഗത്തിൽ രോഗിയുടെ ബയോപ്സി/ റേഡിയോളജിക്കൽ ഇമേജിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

3. കേരളത്തിലുള്ള കുട്ടികളായിരിക്കണം.

4. സംസ്ഥാനത്തെ കുടുംബ വാർഷിക വരുമാനം കുറഞ്ഞ കുട്ടികൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുക. അർഹതയുള്ള കുട്ടികളുടെ കുടുംബങ്ങളുടെ സാമ്പത്തികസ്ഥിതി ആശുപത്രികളിൽ നിയമിച്ചിട്ടുള്ള കൗൺസിലർമാർ വിലയിരുത്തുന്നതാണ്.

5. ഒരു കുട്ടിക്ക് പരമാവധി 50000 രൂപ വരെയുള്ള ചികിത്സ സൗജന്യമായി ലഭിക്കുന്നതാണ്. ഇതിലും കൂടുതൽ തുക ചെലവാകുന്നപക്ഷം ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ട്, റേഡിയോ തെറാപ്പി വിഭാഗത്തിന്റെ തലവൻ എന്നിവരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ചികിത്സാ സഹായം അനുവദിക്കുന്നതാണ്. ഇത്തരം കേസുകൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സാധൂകരണത്തിനായി വയ്ക്കേണ്ടതാണ്.

**ക്ഷയരോഗനിർമ്മാർജ്ജനം**

228 (246) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷയരോഗനിർമ്മാർജ്ജനത്തിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന പരിപാടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ക്ഷയരോഗനിർമ്മാർജ്ജനത്തിനായി സ്വകാര്യമേഖലയുമായി ചേർന്ന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ എന്തെല്ലാം ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ;

(ഡി) 2025 ആകുന്നതോടെ കേരളം സമ്പൂർണ്ണമായി ക്ഷയരോഗമുക്ത സംസ്ഥാനമാകുമെന്ന് ലോകാരോഗ്യ സംഘടന വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരളത്തിന്റെ സുസ്ഥിര വികസനലക്ഷ്യങ്ങളുടെ ഭാഗമായി ക്ഷയരോഗമുക്ത കേരളത്തിനായുള്ള ഒരു കർമ്മ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ക്ഷയരോഗ നിർമ്മാർജ്ജനത്തിനായുള്ള ഊർജ്ജിത കർമ്മ പദ്ധതി 2018 ജനവരി 3 മുതൽ ജനകീയ മുന്നേറ്റം വഴിയാണ് നടപ്പിലാക്കിവരുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും സംയുക്ത നേതൃത്വത്തിൽ മറ്റ് വകുപ്പുകളേയും സ്വകാര്യ മേഖലയേയും സാമൂഹ്യസന്നദ്ധ പ്രവർത്തകരേയും ഏകോപിപ്പിച്ചുകൊണ്ട് "ക്ഷയരോഗമുക്തമായ എന്റെ കേരളം" എന്ന ലക്ഷ്യം മുൻനിർത്തിയുള്ള സംഘടിത കർമ്മ പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും ആവശ്യമായ അടിസ്ഥാനവികസന സൗകര്യങ്ങൾ, നൂതനമായ രോഗനിർണ്ണയ സംവിധാനമായ 20 സിബിനാറ്റ് മെഷ്യനുകൾ, പട്ടികവർഗ്ഗ ചേരിപ്രദേശങ്ങൾ സന്ദർശിക്കുന്ന 2 മൊബൈൽ മെഡിക്കൽ ലാബുകൾ, കോഴിക്കോട് മെഡിക്കൽ കോളേജിലെ Culture & DST സൗകര്യം, സമൂഹത്തിലും ആശുപത്രികളിലുമുള്ള വായുജന്യരോഗപ്രതിരോധ സംവിധാനങ്ങൾ, ചികിത്സ പൂർത്തിയാക്കാൻ സഹായിക്കുന്ന ട്രീറ്റ്മെന്റ് സപ്പോർട്ട് ഗ്രൂപ്പുകൾ എന്നിവയും നടത്തിവരുന്നു.

ക്ഷയരോഗബാധിതർക്കായി ചികിത്സാ കാലയളവിൽ വിവിധ സാമൂഹ്യസുരക്ഷാ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. വാർഷിക വരുമാനം ഒരു ലക്ഷത്തിന് താഴെയുള്ള എല്ലാ ക്ഷയരോഗ ബാധിതർക്കും ചികിത്സാ കാലയളവിൽ സംസ്ഥാന റവന്യൂ വകുപ്പ് വഴി പ്രതിമാസം 1000 രൂപ പെൻഷൻ നൽകിവരുന്നു. ജില്ലാ പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിനനുസരിച്ച് ജില്ലാ ടി. ബി. സെന്ററുകൾ വഴി പോഷകാഹാര കിറ്റുകൾ നൽകുന്നു.

നിർദ്ധനരായ ക്ഷയരോഗികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി നിശ്ചിത തുക എല്ലാ വർഷവും പദ്ധതിയേതര ശീർഷകത്തിൽ ഉൾപ്പെടുത്തി, അതിന് അർഹരായവർക്ക് നൽകിവരുന്നുണ്ട്.

(ബി) ക്ഷയരോഗ നിവാരണം എന്ന ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കായി കേരളത്തിന്റെ പൊതുമേഖലയും സ്വകാര്യ മേഖലയും സംയുക്തമായി വിഭാവനം ചെയ്ത പദ്ധതിയാണ് സ്റ്റെപ്സ് (STEPS). ക്ഷയരോഗം സ്ഥിരീകരിക്കുന്ന രോഗികൾക്ക് അവർ അർഹിക്കുന്ന ശരിയായ ചികിത്സ തടസ്സമില്ലാതെ ലഭിക്കുവാൻ സഹായിക്കുന്ന ഒരു ഏകജാലക സംവിധാനമാണ് സ്റ്റെപ്സ് പദ്ധതി [System for TB Elimination in Private Sector (STEPS)]. സംസ്ഥാനത്തെ 320 സ്വകാര്യ ആശുപത്രികളിലൂടെ ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും അതാത് തദ്ദേശഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ നേതൃത്വം നൽകുന്ന ക്ഷയരോഗ നിർമ്മാർജ്ജന കർമ്മ സേന രൂപീകരിക്കുകയും പരിശീലനം സിദ്ധിച്ച ആരോഗ്യ പ്രവർത്തകർ ഓരോ വീട്ടിലും എത്തി ക്ഷയരോഗത്തെക്കുറിച്ചുള്ള അവബോധം നൽകുകയും ക്ഷയരോഗബാധയ്ക്ക് വിദൂര സാധ്യതയെങ്കിലും ഉള്ള ഓരോരുത്തരേയും കണ്ടെത്തി വേണ്ടതായ സൗജന്യ പരിശോധനകൾ ചെയ്യുകയും ക്ഷയരോഗം സ്ഥിരീകരിക്കപ്പെടുന്നവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 4 ജില്ലാ പഞ്ചായത്തുകളിലൂടെയും ഒരു നഗരസഭയിലൂടെയും ക്ഷയരോഗികൾക്കായുള്ള പോഷകാഹാര പദ്ധതി നൽകിവരുന്നു.

(ഡി) ഉണ്ട്. 2019 ഒക്ടോബർ മാസത്തിൽ കേരളം സന്ദർശിച്ച ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിലുള്ള Joint Monitoring Mission, 2025-ഓടുകൂടി കേരള സംസ്ഥാനത്തിന് ക്ഷയരോഗ നിർമ്മാർജ്ജനത്തിലെ സുസ്ഥിരവികസന ലക്ഷ്യങ്ങൾ കൈവരിക്കുവാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ട്. ഇതിനായി ക്ഷയരോഗാണുബാധ കണ്ടെത്തി ചികിത്സിക്കുന്ന Latent TB Infection Management (LTBI) നടപ്പിലാക്കുമെന്നും ലോകാരോഗ്യ സംഘടനാ സംഘം അഭിപ്രായപ്പെട്ടിട്ടുണ്ട്.

**ആർദ്രം പദ്ധതി**

229 (247) <u>ശ്രീ. ബി. ഡി. ദേവസ്സി:</u>
<u>ശ്രീ. എം. നൗഷാദ്:</u>
<u>ശ്രീ. ജെയിംസ് മാത്യു:</u>
<u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് പ്രകാരം രാജ്യത്തെ ഏറ്റവും മികച്ച കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സംസ്ഥാനത്തെ ഏതെങ്കിലും കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് ആദ്യ സ്ഥാനങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ആരോഗ്യ രംഗത്ത് വിവിധ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ കൂടുതൽ സഹായം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 504 സ്ഥാപനങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുവാൻ തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ 439 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) കുടുംബാരോഗ്യ കേന്ദ്രം പൂഴനാട് (തിരുവനന്തപുരം ജില്ല), കുടുംബാരോഗ്യ കേന്ദ്രം കയ്യൂർ (കാസർഗോഡ് ജില്ല) എന്നിവ 99 ശതമാനം മാർക്കോടെ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് പ്രകാരം രാജ്യത്തെ ഏറ്റവും മികച്ച കുടുംബാരോഗ്യ കേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. കൂടാതെ കുടുംബാരോഗ്യകേന്ദ്രം നൂൽപ്പുഴ (വയനാട്), കുടുംബാരോഗ്യകേന്ദ്രം ചെറുതാഴം (കണ്ണൂർ) എന്നിവ 98 ശതമാനം മാർക്കോടെ രണ്ടാം സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്. രാജ്യത്തെ മികച്ച പി.എച്ച്.സി. ഗണത്തിൽ ആദ്യത്തെ 12 സ്ഥാനങ്ങളും കേരളം കരസ്ഥമാക്കിയിട്ടുണ്ട്.

(സി) എൻ.എച്ച്.എം.ന്റെ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് ദേശീയ ആരോഗ്യ മിഷൻ മുഖേന ഫണ്ട് ലഭ്യമാക്കിവരുന്നുണ്ട്. മറ്റ് ദേശീയ ആരോഗ്യ പരിപാടികളുടെ ഭാഗമായും ഫണ്ട് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ആർദ്രം മിഷൻ പദ്ധതി**

230 (248) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷൻ പദ്ധതിയുടെ ലക്ഷ്യമെന്തെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി റാന്നി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ ആശുപത്രികളെ രോഗീസൗഹാർദ്ദവും ജനസൗഹാർദ്ദവുമാക്കി ആധുനികവൽക്കരിച്ച് ഗുണമേന്മയുള്ള സേവനങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ആർദ്രം മിഷൻ പ്രവർത്തിച്ചുവരുന്നത്.

<u>ആർദ്രം മിഷന്റെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്</u> :

1. മെഡിക്കൽ കോളേജിലെയും സർക്കാർ ആശുപത്രികളിലെയും ഒ.പി. വിഭാഗം സൗകര്യങ്ങൾ വികസിപ്പിച്ച് രോഗീസൗഹാർദ്ദമാക്കുക.

2. ജില്ല/താലൂക്കുതല ആശുപത്രികളിൽ യഥാക്രമം സൂപ്പർ സ്പെഷ്യാലിറ്റി/ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ അടക്കം വികസിപ്പിച്ച് നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുക.

3. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ഒരു കുടുംബത്തിലെ എല്ലാപേർക്കും പ്രാഥമിക ആരോഗ്യ പരിചരണം നൽകുവാൻ ആകുന്ന രീതിയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുക.

4. ആരോഗ്യ സ്ഥാപനങ്ങളിൽ ചികിത്സാ മാർഗ്ഗരേഖകൾ/ പ്രോട്ടോകോളുകൾ എന്നിവ അടിസ്ഥാനമാക്കി ഗുണമേന്മയോടെയുള്ള ചികിത്സ ലഭ്യമാക്കുക.

(ബി) ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ റാന്നി നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത കോട്ടാങ്ങൽ, വടശ്ശേരിക്കര എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും പൂർണ്ണസജ്ജമായി പ്രവർത്തനം നടത്തിവരികയും ചെയ്യുന്നു. രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത തെള്ളിയൂർ, എഴുമറ്റൂർ, റാന്നി പഴവങ്ങാടി, നാറാണം മൂഴി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും വെച്ചൂച്ചിറ സാമൂഹികാരോഗ്യ കേന്ദ്രവും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുവേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

റാന്നി താലൂക്കാസ്ഥാന ആശുപത്രിയിലെ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്നതിനുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു.

റാന്നി താലൂക്കാസ്ഥാന ആശുപത്രിയിൽ 10 കിടക്കകളോടുകൂടിയ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചു.

**ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ**

231 (249) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീമതി. വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർദ്രം മിഷന്റെ ഫലപ്രദമായ നടത്തിപ്പിനായി ആശുപത്രി ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും പുന:ക്രമീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ യഥാസമയം അവലോകനം ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ആർദ്രം മിഷന്റെ ഭാഗമായി എല്ലാ മെഡിക്കൽ കോളേജുകളിലും ജനസൗഹൃദ ഒ.പി. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുവാൻ എന്തെല്ലാം ഏകോപന പ്രവർത്തനങ്ങളും പ്രചാരണ പരിപാടികളുമാണ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആർദ്രം മിഷന്റെ ഫലപ്രദമായ നടത്തിപ്പിനായി ആശുപത്രി ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും പുനഃക്രമീകരിച്ചിട്ടുണ്ട്.

18-8-2018-ലെ ജി.ഒ. (എം.എസ്.)നമ്പർ 168/2018/ആ.കു.വ. പ്രകാരം ഫാർമസിസ്റ്റുമാരുടേയും 9-10-2017-ലെ ജി.ഒ. (ആർ.ടി.) നമ്പർ 2782/2017/ ആ.കു.വ. പ്രകാരം മെഡിക്കൽ ഓഫീസർമാരുടെയും 9-10-2017-ലെ ജി.ഒ. (ആർ.ടി.) നം. 2783/2017/ആ.കു.വ. പ്രകാരം സ്റ്റാഫ് നഴ്സുമാരുടെയും 16-7-2018-ലെ ജി.ഒ. (എം.എസ്.) നമ്പർ 134/2018/ആ.കു.വ. പ്രകാരം ലാബ് ടെക്നീഷ്യന്റെയും 1-9-2018-ലെ സ.ഉ.. (അച്ചടി) നമ്പർ 120/2018/ആ.കു.വ. പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടേയും 29-8-2018-ലെ സ.ഉ. (പി.) നമ്പർ 119/2018/ആ.കു.വ. പ്രകാരം ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടേയും 26-8-2018-ലെ സ.ഉ. (അച്ചടി.) നമ്പർ 118/2018/ആ.കു.വ. പ്രകാരം എച്ച്.ഐ.മാരുടേയും 23-8-2018-ലെ സ.ഉ. (പി) നമ്പർ 116/2018/ ആ.കു.വ. പ്രകാരം പബ്ലിക് ഹെൽത്ത് നഴ്സുമാരുടേയും 17-7-2018-ലെ സ.ഉ. (കൈ.) നമ്പർ 135/2018/ആ.കു.വ. പ്രകാരം ക്ലർക്കുമാരുടേയും ചുമതലകളും ഉത്തരവാദിത്വങ്ങളും പുനഃക്രമീകരിച്ചിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിലും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ദേശീയ ആരോഗ്യമിഷൻ ഡയറക്ടർ എന്നിവരുടെ തലങ്ങളിലും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ തലത്തിലും പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. ജില്ലാ കളക്ടർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവരടങ്ങുന്ന കമ്മിറ്റി ജില്ലാ തലത്തിലും പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആർദ്രം മിഷന്റെ ഭാഗമായി എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ജനസൗഹൃദ ഒ.പി. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. രോഗികൾക്ക് ഇരിക്കാൻ ആവശ്യമായ കസേരകൾ, ശൗചാലയങ്ങൾ, കുടിവെള്ള വിതരണം, ടോക്കൺ സിസ്റ്റം എന്നിവ ക്രമീകരിച്ചിട്ടുണ്ട്. ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി രോഗികൾക്ക് ഓൺലൈനായി ഒ.പി. ടിക്കറ്റ് എടുക്കാനുള്ള സൗകര്യം ഒരുക്കിവരുന്നു.

(ഡി) ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ട് പോകുന്നതിനോടൊപ്പം പ്രവർത്തനങ്ങളിൽ കൂടുതലായി ജനപങ്കാളിത്തം കൊണ്ടുവരേണ്ടതുണ്ടെന്നും അതിനായി ഒരു സംസ്ഥാനതല ക്യാമ്പയിന് തുടക്കമിടാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംസ്ഥാന മിഷൻ യോഗം തീരുമാനിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 18-10-2019-ലെ സ.ഉ (സാധാ) നമ്പർ 2493/2019/ആ.കു.വ. അനുസരിച്ച് താഴെപ്പറയുന്ന അഞ്ച് മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തന പരിപാടികൾ നടപ്പിലാക്കിയിരിക്കുകയാണ്.

1. ആരോഗ്യവർദ്ധക രോഗ പ്രതിരോധ പ്രവർത്തനങ്ങളും ആരോഗ്യസേവനങ്ങളുടെ ഫലപ്രദമായ ഉപയോഗവും ഉറപ്പുവരുത്തലും.

2. ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ വ്യാപിപ്പിക്കുക.

3. ശാരീരിക വ്യായാമങ്ങളുടെയും കായിക പ്രവൃത്തികളുടേയും പ്രോത്സാഹനം.

4. മാനസികാരോഗ്യം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളും ഡി-അഡിക്ഷനും.

5. വൃത്തിയും വെടിപ്പും മാലിന്യനിർമ്മാർജ്ജനവും.

## കോങ്ങാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി

232 (250) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി പുതിയ എന്തെങ്കിലും നിർദ്ദേശം ഈ മണ്ഡലത്തിലേയ്ക്കായി പരിഗണനയിലുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ?

### ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ആദ്യഘട്ടത്തിന്റെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ മങ്കര, കല്ലടിക്കോട് എന്നീ സ്ഥാപനങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തി ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തനം ആരംഭിച്ചു.

രണ്ടാം ഘട്ടത്തിൽ കാഞ്ഞിരപ്പുഴ പ്രാഥമികാരോഗ്യകേന്ദ്രത്തിലെ 80 ശതമാനം സിവിൽ വർക്കുകൾ പൂർത്തീകരിച്ചു (ലാബ്, വെയിറ്റിംഗ് ഏരിയ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്).

കാരാകുറിശ്ശി പ്രാഥമികാരോഗ്യകേന്ദ്രത്തിലെ 26 ശതമാനം സിവിൽ വർക്കുകൾ പൂർത്തീകരിച്ചു (വെയിറ്റിംഗ് ഏരിയയുടെ വർക്ക് പുരോഗമിക്കുന്നു).

മണ്ണൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ 60 ശതമാനം സിവിൽ വർക്കുകൾ പൂർത്തീകരിച്ചു (ട്രസ്സ് വർക്ക്, പെയിന്റിംഗ് കഴിഞ്ഞിട്ടുണ്ട്. ലാബ് വർക്ക് നടന്നുവരുന്നു).

കേരളശ്ശേരി പ്രാഥമികാരോഗ്യകേന്ദ്രത്തിലെ 40 ശതമാനം സിവിൽ വർക്കുകൾ പൂർത്തീകരിച്ചു (വെയിറ്റിംഗ് ഏരിയ, ട്രസ്സ് വർക്ക്, ഇലക്ട്രിഫിക്കേഷൻ വർക്ക് പുരോഗമിക്കുന്നു).

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ മേൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും ഒരു അസിസ്റ്റന്റ് സർജൻ, ഒരു ലാബ് ടെക്നീഷ്യൻ, സ്റ്റാഫ് നഴ്സ് ഗ്രേഡ് II എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) വിവിധ വകുപ്പുകളുടേയും പഞ്ചായത്തുകളുടേയും നേതൃത്വത്തിൽ ആർദ്രം ജനകീയ ക്യാമ്പയിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**വന്ധ്യതാ ചികിത്സ നിയന്ത്രണത്തിന് നടപടി**

233 (252) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്ധ്യതാ ചികിത്സ നടത്തുന്ന സർക്കാർ സ്ഥാപനങ്ങൾ /സ്വകാര്യ സ്ഥാപനങ്ങൾ എത്രയാണ്;

(ബി) ഇവയുടെ നടത്തിപ്പിന് സർക്കാർ ലൈസൻസുകൾ ഉൾപ്പെടെ എന്തെല്ലാം അനുമതികളാണ് നൽകുന്നത്; പ്രസ്തുത ഐ.വി.എഫ്. സെന്ററുകളിൽ സർക്കാർ അനുമതിയില്ലാതെ പ്രവർത്തിക്കുന്നതായി കണ്ടെത്തിയവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) വന്ധ്യതാ ചികിത്സയുടെ പ്രവർത്തനങ്ങൾക്കൊപ്പം അണ്ഡം വില്പനയ്ക്കായി അന്തർസംസ്ഥാന റാക്കറ്റുകൾ പ്രവർത്തിക്കുന്നതും അവർ വഴി സംസ്ഥാനത്തെ സ്വകാര്യ ചികിത്സാ കേന്ദ്രങ്ങൾ വൻ തുക ശേഖരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഇത്തരത്തിൽ അണ്ഡം വിൽപ്പനയ്ക്കായി എത്തുന്നവർ പല പ്രാവശ്യം അണ്ഡവിൽപന നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത അണ്ഡ വില്പന അണ്ഡം ദാനം ചെയ്യുന്ന പ്രവൃത്തിയായി കണക്കാക്കിയുള്ള അനധികൃത പ്രവർത്തനം നടത്തുന്ന ഐ.വി.എഫ്. കേന്ദ്രങ്ങളെ കണ്ടെത്തി അവരുടെ പ്രവർത്തനം തടയുവാനും പ്രസ്തുത പ്രവൃത്തികൾക്ക് കൂട്ടു നിൽക്കുന്ന സർക്കാർ ഡോക്ടർമാരെ കണ്ടെത്തി മാതൃകാപരമായ ശിക്ഷ അവർക്ക് ഉറപ്പുവരുത്താനുമായി ആരോഗ്യവകുപ്പ് സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഐ.വി.എഫ്. ചികിത്സ നടത്തുന്ന എല്ലാ സ്ഥാപനങ്ങളും PC&PNDT Act പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസിൽ രജിസ്ട്രേഷൻ നടത്തേണ്ടതായുണ്ട്. അപ്രകാരം രജിസ്റ്റർ ചെയ്ത, ഐ.വി.എഫ്. ചികിത്സ നടത്തുന്ന സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) പ്രസ്തുത ഐ.വി.എഫ്. സെന്ററുകൾക്ക് PC&PNDT Act പ്രകാരം Appropriate Authority രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നു. ജില്ലകളിൽ ജില്ലാ മെഡിക്കൽ ഓഫീസറാണ് Appropriate Authority.

PC&PNDT Act പ്രകാരം രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയുന്നില്ല.

മൂവാറ്റുപുഴയിൽ പ്രവർത്തിക്കുന്ന സബൈൻ വന്ധ്യതാ ചികിത്സ ആശുപത്രിയിൽ നവജാത ശിശുക്കളെ വിൽപ്പന നടത്തുന്നതായും അണ്ഡവിൽപ്പന നടത്തുന്നതായും ആരോപിച്ച് ശ്രീ. ബിനു മാത്യു വെള്ളക്കാക്കുടി, കോലഞ്ചേരി, കരയിൽ ഐക്കാരനാട് സൗത്ത് വില്ലേജ്, എറണാകുളം എന്നയാൾ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി മുമ്പാകെ 3-12-2019-ൽ സമർപ്പിച്ച ഇ-മെയിൽ പരാതി സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ആരോഗ്യ വകുപ്പിലെ വിജിലൻസ് വിഭാഗത്തെ ചുമതലപ്പെടുത്തി 13-1-2020-ലെ സ.ഉ. (സാധാ) നമ്പർ 90/2020/ആ.കു.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവ് പ്രകാരം ടി പരാതിയിൽ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) അന്വേഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇല്ല.

(ഇ) നിലവിൽ ഇത്തരം പ്രവൃത്തികൾ നടക്കുന്നതായി തെളിവ് ലഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഹൗസ് സർജൻസി ലഭിക്കുന്നതിന് നടപടി

234 (253) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഹൗസ് സർജൻസി ലഭിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് കൈമാറിയിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ലഭിച്ചിട്ടുണ്ട്.

(ബി&സി) അപേക്ഷയും അനുബന്ധ രേഖകളും തുടർനടപടികൾക്കായി, ട്രാവൻകൂർ, കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രാർക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

## കോഴിക്കോട് ചേവായൂർ ത്വക്ക് രോഗാശുപത്രി

235 (254) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ചേവായൂർ ത്വക്ക് രോഗാശുപത്രിയിൽ ഭക്ഷ്യ - ഭക്ഷ്യേതര സാധനങ്ങൾ വിതരണം ചെയ്ത വകയിൽ പേഷ്യന്റ്സ് സഹകരണ സംഘത്തിന് 2004 ഏപ്രിൽ മുതൽ ലഭിക്കേണ്ട കുടിശ്ശിക തുക ലഭിക്കുന്നതിന് സംഘത്തിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ അപേക്ഷ എന്നാണ് കോഴിക്കോട് ഡി.എം.ഒ.യിൽ ലഭിച്ചതെന്നും എന്തെല്ലാം തുടർ നടപടികളാണ് അപേക്ഷയിന്മേൽ സ്വീകരിച്ചതെന്നും തീയതികൾ സഹിതം വ്യക്തമാക്കാമോ;

(സി) അപേക്ഷയിന്മേൽ നടപടികൾ സ്വീകരിക്കുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ഡി) ഈ തുക അടിയന്തരമായി സംഘത്തിന് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ ?

<u>ഉത്തരം</u>

(എ-ഡി) കോഴിക്കോട് ചേവായൂർ സർക്കാർ ലെപ്രസി ആശുപത്രിയിൽ ഭക്ഷ്യ-ഭക്ഷ്യേതര സാധനങ്ങൾ വിതരണം ചെയ്തുവരുന്നത് ടി ആശുപത്രിയിൽ തന്നെ പ്രവർത്തിച്ചുവരുന്ന അവശരും നിരാലംബരുമായ രോഗികൾ മെമ്പർമാർ ആയ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. പൊതുമാർക്കറ്റിൽ നിന്നും സൊസൈറ്റി വാങ്ങി വിതരണം ചെയ്യുന്ന സാധനങ്ങളുടെ വിലയും സർക്കാർ ബ്യൂറോ (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്) നിരക്ക് പ്രകാരമുള്ള വിലയും തമ്മിൽ വലിയ അന്തരമുള്ളതിനാൽ ടി സൊസൈറ്റിക്ക് വൻ നഷ്ടം സഹിക്കേണ്ടി വന്നിട്ടുണ്ടെന്നും ആയതിനാൽ 2004 ഏപ്രിൽ മുതൽ 2008 മാർച്ച് വരെയുള്ള കാലയളവിൽ ടി സൊസൈറ്റിക്കുണ്ടായ നഷ്ടം നികത്തുന്നതിനായി ഭക്ഷ്യ-ഭക്ഷ്യേതര സാധനങ്ങളുടെ നിരക്ക് ബ്യൂറോ നിരക്കിനേക്കാൾ 35 ശതമാനം മുതൽ 50 ശതമാനം വരെ വർദ്ധിപ്പിക്കുന്നതിനായുള്ള ടി സൊസൈറ്റിയുടെ 2-2-2017-ലെ നിവേദനം ബഹുമാനപ്പെട്ട കോഴിക്കോട് നോർത്ത് എം.എൽ.എ. മുഖാന്തരം സർക്കാരിൽ ലഭിക്കുകയും ആയത് 11-7-2017-ൽ അടിയന്തര റിപ്പോർട്ടിനായി ആരോഗ്യവകുപ്പ് ഡയറക്ടർക്ക് അയയ്ക്കുകയും ചെയ്തിരുന്നു. അതിൻപ്രകാരം 1-2-2020-ൽ സർക്കാരിന് ലഭിച്ച ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 13-11-2019-ലെ എ.ബി.3-43531/2019/ആ.വ.ഡ. നമ്പർ റിപ്പോർട്ടിൽ 2004 ഏപ്രിൽ മുതൽ 2008 മാർച്ച് വരെ ടി സൊസൈറ്റിക്കുണ്ടായ നഷ്ടം (ബ്യൂറോ നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്ത വകയിൽ) എത്രയെന്നോ ബ്യൂറോ നിരക്കിനേക്കാൾ എത്ര ശതമാനം ഉയർത്തിയാൽ സൊസൈറ്റിക്കുണ്ടായ നഷ്ടം നികത്താൻ കഴിയുമെന്നോ ഇല്ല. ആയതിനാൽ ഇവ സംബന്ധിച്ച് പരിശോധനകൾ നടത്തി വ്യക്തമായ ശിപാർശ സഹിതം ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**മലയിൻകീഴ് പഞ്ചായത്തിൽ പുതിയ പി.എച്ച്.സി.**

236 (255) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ മലയിൻകീഴ് പഞ്ചായത്തിൽ പുതുതായി പി.എച്ച്.സി.ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ നിലവിലെ സ്ഥിതി വിശദീകരിക്കാമോ?

<u>ഉത്തരം</u>

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ നേമം ബ്ലോക്ക് പഞ്ചായത്തിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിൽ മലയിൻകീഴ് താലൂക്കാശുപത്രി പ്രവർത്തിച്ചുവരുന്ന സാഹചര്യത്തിൽ ഈ പഞ്ചായത്തിൽ പുതുതായി പി.എച്ച്.സി. ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**പെരുവള്ളൂർ സി.എച്ച്.സി.**

237 (256) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവള്ളൂർ സി.എച്ച്.സി.യിൽ കിടത്തി ചികിത്സയ്ക്ക് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് 4-1-2020 തീയതിയായി എം1/95/2019 നമ്പർ ഫയലിൽ ആരോഗ്യ വകുപ്പ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ബ്ലോക്ക് പഞ്ചായത്തിന്റെ സ്വന്തം ചെലവിൽ സ്റ്റാഫ് നിയമനം നടത്താൻ തയ്യാറാണ് എന്നിരിക്കെ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാൻ തയ്യാറാവുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള പെരുവള്ളൂർ സി.എച്ച്.സി.യിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി തസ്തികകൾ സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനം ബഹുമാനപ്പെട്ട എം.എൽ.എ. മുഖേന ലഭിച്ചിട്ടുണ്ട്.

നിലവിൽ ബ്ലോക്കുതല സി.എച്ച്.സി.കളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ പെരുവള്ളൂർ സി.എച്ച്.സി. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുന്ന ഘട്ടത്തിൽ ഇവിടത്തെ കുറവുകൾ പരിഹരിക്കുവാൻ സാധിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട എം.എൽ.എ.ക്ക് മറുപടി നൽകി ഫയൽ തീർപ്പാക്കിയിട്ടുണ്ട്.

**പൊതുജനാരോഗ്യ സ്ഥാപനങ്ങൾ കാര്യക്ഷമമാക്കുവാൻ നടപടി**

238 (257) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യ സ്ഥാപനങ്ങളിലെ മാനേജ്മെന്റ് കമ്മിറ്റികൾ ബഹുഭൂരിപക്ഷവും നിലവിലുള്ള ചട്ടങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസൃതമായി പുനഃസംഘടിപ്പിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം മാനേജ്മെന്റ് കമ്മിറ്റികൾ അടിയന്തരമായി പുനഃസംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ;

(ബി) പൊതുജനാരോഗ്യ കേന്ദ്രങ്ങളിലെ മാനേജ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കമ്മിറ്റികളിലെ അംഗങ്ങൾക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) പൊതുജനാരോഗ്യ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് സംഭാവന നൽകുവാൻ കഴിയുമെന്ന വിവരം ബഹുഭൂരിപക്ഷം ജനങ്ങൾക്കും അറിയില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിച്ച് പൊതുജനങ്ങളുടെ സംഭാവന സ്വീകരിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ പൊതുജനാരോഗ്യസ്ഥാപനങ്ങളിൽ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ആശുപത്രി വികസന സൊസൈറ്റികൾ, ജനറൽ/ജില്ല ആശുപത്രികളിലെ ആശുപത്രി വികസന കമ്മിറ്റികൾ, പ്രാഥമികാരോഗ്യ കേന്ദ്രം/ സാമൂഹ്യാരോഗ്യ കേന്ദ്രം/താലൂക്കാശുപത്രികൾ എന്നിവിടങ്ങളിലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

(ബി) ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നില്ല. എന്നാൽ പഞ്ചായത്ത് കമ്മിറ്റികൾക്കുവേണ്ടി കിലയുടെ ആഭിമുഖ്യത്തിൽ പരിശീലനം നൽകുന്ന ഘട്ടത്തിൽ മാനേജ്മെന്റ് കമ്മിറ്റിയെ സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്താറുണ്ട്. കൂടാതെ വകുപ്പുതലത്തിൽ നടത്തുന്ന പരിശീലന പരിപാടികളിൽ ബന്ധപ്പെട്ട ജീവനക്കാർക്ക് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയെ സംബന്ധിച്ച പരിശീലനവും നൽകുന്നുണ്ട്.

(സി) സർക്കാർ ആശുപത്രികളുടെ വികസനത്തിനും ചികിത്സാ സഹായമായും പൊതുജനങ്ങളിൽ നിന്നും വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സംഭാവനകൾ ആശുപത്രി വികസന സമിതികൾ വഴി സ്വീകരിക്കുകയും മെച്ചപ്പെട്ട സേവനങ്ങളും ചികിത്സയും ലഭ്യമാക്കുന്നതിനും ഉപയോഗിച്ചുവരുന്നുണ്ട്.

## ആശുപത്രികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടി

239 (258) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിലെ ആശുപത്രികളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് എത്ര രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിലെ ആശുപത്രികളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഭരണാനുമതി നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. വർക്കല താലൂക്കാശുപത്രി : പുതിയ കെട്ടിടം - 7 കോടി രൂപ.
2. വർക്കല താലൂക്കാശുപത്രി : ഡയാലിസിസ് യൂണിറ്റ് - 3 കോടി 60 ലക്ഷം രൂപ.
3. പള്ളിക്കൽ സി.എച്ച്.സി. : ഐ.പി. ബ്ലോക്ക് - 2.92 കോടി രൂപ.
4. പള്ളിക്കൽ സി.എച്ച്.സി. : ഐ.പി. ബ്ലോക്ക് (മൂന്നാംഘട്ടം) - 6 കോടി രൂപ.
5. വെട്ടൂർ എഫ്.എച്ച്.സി. : ഒ.പി. ബ്ലോക്ക് - 2.25 കോടി രൂപ.
6. വെട്ടൂർ എഫ്.എച്ച്.സി. : 14 ലക്ഷം രൂപ.
7. തോണിപ്പാറ പി.എച്ച്.സി. : 14 ലക്ഷം രൂപ.
8. മടവൂർ പി.എച്ച്.സി. : 25,70,092 രൂപ.
9. ഇടവ പി.എച്ച്.സി. : 14 ലക്ഷം രൂപ.
10. ചെമ്മരുതി പി.എച്ച്.സി : 12,41,005 രൂപ.

## കരുവേലിപ്പടിയിലെ മഹാരാജാസ് താലൂക്ക് ആശുപത്രി

240 (259) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കരുവേലിപ്പടി മഹാരാജാസ് താലൂക്ക് ആശുപത്രിയുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് 15-12-2018 -ലെ

സ.ഉ. (സാധാ)നമ്പർ പ്രകാരം 54.45 കോടി രൂപയ്ക്ക് ഭരണാനുമതി നല്കിയ പ്രവർത്തിയുടെ വിശദമായ പദ്ധതി റിപ്പോർട്ടിന് കിഫ്ബിയുടെ അംഗീകാരം നാളിതുവരെ ലഭിക്കാത്തതിന് കാരണം വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിക്ക് എന്നത്തേയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) എറണാകുളം ജില്ലയിലെ ഗവൺമെന്റ് മഹാരാജാസ് താലൂക്ക് ആശുപത്രി കരുവേലിപ്പടിയുടെ സമഗ്ര വികസനത്തിനായുള്ള പ്ലാനിൽ ചില ഭേദഗതികൾ വരുത്തേണ്ടിവന്നതിനാലാണ് കാലതാമസം നേരിട്ടത്. ഭേദഗതികൾ വരുത്തിയിട്ടുള്ള അന്തിമ ഡി.പി.ആർ. 18-10-2019-ന് കിഫ്ബി മുമ്പാകെ ടി പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള ഭവന നിർമ്മാണ ബോർഡ് സമർപ്പിച്ചിട്ടുണ്ട്.

ഭേദഗതി വരുത്തിയ ഡി.പി.ആർ.-ന്മേൽ കിഫ്ബിയിൽ നിന്നും 3-1-2020-ന് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനോട് അധിക വിവരം ആരാഞ്ഞിട്ടുണ്ട്. ഡി.പി.ആർ.-ന് ആരോഗ്യ വകുപ്പിന്റെ ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചശേഷം മേൽപ്പറഞ്ഞ അധിക വിവരങ്ങൾ സഹിതം ഡി.പി.ആർ. കിഫ്ബിയിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബിയുടെ പരിശോധനയ്ക്ക് വിധേയമായി അംഗീകാരം നൽകുന്നതാണ്.

## ഫാർമസിസ്റ്റുകളുടെ അഭാവം

241 (260) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമപരമായി മരുന്ന് വിതരണ ചുമതലയുള്ളവരും ശാസ്ത്രീയമായി പഠനം നടത്തിയവരുമായ ഫാർമസിസ്റ്റുകളുടെ അഭാവം മൂലം ആരോഗ്യ കേന്ദ്രങ്ങളിലും ആശുപത്രികളിലും മരുന്ന് വിതരണത്തിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിക്കുവാനും നിയമനങ്ങൾ നടത്തുവാനും വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കാമോ;

(സി) രോഗികളുടെയും ആരോഗ്യ കേന്ദ്രങ്ങളുടെയും എണ്ണത്തിനനുസരിച്ച് 1961 ലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) പരിശോധിക്കാവുന്നതാണ്.

(സി) ആർദ്രം മിഷന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ജില്ലാ താലൂക്കതല ആശുപത്രികളിലും സൗകര്യങ്ങൾ മാനദണ്ഡമനുസരിച്ച് ക്രമീകരിക്കുന്നതിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ ഉൾപ്പെടെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 5,249 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കോതമംഗലം മണ്ഡലത്തിൽ 108 ആംബുലൻസുകളുടെ സേവനം

242 (261) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ 108 ആംബുലൻസുകളുടെ സേവനം ഏതെല്ലാം ആശുപത്രികളിൽ ലഭ്യമാണ് എന്ന് വിശദമാക്കാമോ;

(ബി) 108 ആംബുലൻസിന്റെ നടത്തിപ്പും, ചുമതലയും ആർക്കാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) കോതമംഗലം മണ്ഡലത്തിലെ വിവിധ ആശുപത്രികളിൽ അനുവദിച്ചിട്ടുള്ള 108 ആംബുലൻസുകളിൽ ഡ്രൈവർ, ടെക്നീഷ്യൻസ്, നഴ്സ് അടക്കമുള്ള സ്റ്റാഫുകളെ നിയമിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) 108 ആംബുലൻസ് വഴി എന്തെല്ലാം സേവനങ്ങൾ ലഭ്യമാകുന്നു എന്ന് വിശദമാക്കാമോ;

(ഇ) ഹൈറേഞ്ചിന്റെ കവാടവും, നിരവധി ആദിവാസി കോളനികൾ ഉൾപ്പെടുന്നതും, ഇടുക്കി ജില്ലയുമായി അതിർത്തി പങ്കിടുന്നതുമായ കോതമംഗലം മണ്ഡലത്തിൽ കൂടുതൽ കേന്ദ്രങ്ങളിൽ 108 ആംബുലൻസ് അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

ഉത്തരം

(എ) കോതമംഗലം താലൂക്ക് ഹോസ്പിറ്റൽ, മൂവാറ്റുപുഴ ജനറൽ ഹോസ്പിറ്റൽ, പെരുമ്പാവൂർ താലൂക്ക് ഹോസ്പിറ്റൽ, നേര്യമംഗലം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പല്ലാരിമംഗലം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ 108 ആംബുലൻസുകളുടെ സേവനം ലഭ്യമാണ്.

(ബി) 108 ആംബുലൻസിന്റെ നടത്തിപ്പിനായി ജി.വി.കെ.ഇ.എം.ആർ.ഐ. എന്ന കമ്പനിക്കാണ് കരാർ നൽകിയിട്ടുള്ളത്.

(സി) ഉണ്ട്. കോതമംഗലം താലൂക്ക് ഹോസ്പിറ്റലിൽ 24 മണിക്കൂറും പല്ലാരിമംഗലം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 12 മണിക്കൂറും കുട്ടമ്പുഴ പ്രൈമറി ഹെൽത്ത് സെന്ററിൽ 12 മണിക്കൂറും സേവനം ലഭിക്കുന്ന രീതിയിൽ 108 ആംബുലൻസുകളിൽ സ്റ്റാഫുകളായി എമർജൻസി മെഡിക്കൽ ടെക്നീഷ്യനെയും (നഴ്സ്), ഡ്രൈവറെയും നിയമിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്താകമാനം റോഡപകടങ്ങളിൽ പെടുന്നതും ആരോഗ്യപരമായി ജീവന് ഭീഷണി നേരിടുന്നതുമായ ഏതൊക്കെ വ്യക്തിയേയും സമയബന്ധിതമായി പ്രഥമ ശുശ്രൂഷയ്ക്കുശേഷം അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിന് ആശുപത്രികളിൽ എത്തിക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. 108 എന്ന ടോൾഫ്രീ നമ്പർ വഴിയോ മൊബൈൽ ആപ്ലിക്കേഷൻ വഴിയോ കേന്ദ്രീകൃത കോൾ സെന്ററിന്റെ സഹായത്തോടെ സൗജന്യ ആംബുലൻസ് സേവനം പ്രാപ്യമാക്കുന്ന തരത്തിലാണ് 108 ആംബുലൻസിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിരിക്കുന്നത്.

പരിശീലനം ലഭിച്ച എമർജൻസി റെസ്പോൺസ് ഓഫീസർമാർ ആംബുലൻസ് സേവനം ആവശ്യപ്പെടുന്ന വ്യക്തിയിൽ നിന്ന് സ്ഥലവും അപകടത്തിന്റെ വിശദാംശവും മനസ്സിലാക്കി ജി.പി.എസ്. സംവിധാനത്തിന്റെ സഹായത്തോടുകൂടി ഏറ്റവും അടുത്തുള്ള ആംബുലൻസിനെ ആവശ്യക്കാരന്റെയടുത്ത് എത്തിച്ച് പരിശോധനയ്ക്കുശേഷം വേണ്ട ചികിത്സ കിട്ടുന്ന ആശുപത്രി തെരഞ്ഞെടുത്ത് എത്രയും പെട്ടെന്ന് എത്തിക്കുക എന്നുള്ളതാണ് അടിസ്ഥാനപരമായി ഈ സർവ്വീസുകൊണ്ട് ഉദ്ദേശിക്കുന്നത്. 315 ആംബുലൻസുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അവയിൽ 150 എണ്ണം 24 മണിക്കൂർ സേവനം നടത്തുന്നതും 165 എണ്ണം 12 മണിക്കൂർ സേവനം നടത്തുന്നതുമാണ്.

(ഇ) ആംബുലൻസുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി വാഹനങ്ങളുടെ എണ്ണം, സമയക്രമം, വാഹനത്തിന്റെ പാർക്കിംഗ്, ലൊക്കേഷൻ എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങളിൽ നടപടി സ്വീകരിക്കേണ്ടത് ജില്ലാ കളക്ടർ ചെയർമാനായ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് സെക്രട്ടറി ചെയർമാനായുള്ള സംസ്ഥാനതല കമ്മിറ്റിയാണ്. കോതമംഗലം മണ്ഡലത്തിൽ കൂടുതൽ കേന്ദ്രങ്ങളിൽ 108 ആംബുലൻസ് അനുവദിക്കുന്നതിനുള്ള ജില്ലാ കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ സംസ്ഥാന കമ്മിറ്റിക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

## കോന്നി താലൂക്ക് ആശുപത്രി

243 (262) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി താലൂക്ക് ആശുപത്രി എന്ന് മുതൽക്കാണ് താലൂക്കാശുപത്രിയായി ഉയർത്തിയതെന്ന് അറിയിക്കാമോ ;

(ബി) നിലവിൽ പ്രസ്തുത താലൂക്കാശുപത്രിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) താലൂക്കാശുപത്രിയാണെങ്കിലും പരിമിതമായ അടിസ്ഥാന സൗകര്യങ്ങൾ മാത്രമേ ഇവിടെയുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അടിയന്തിരമായി കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 25-3-2013-ലെ സ.ഉ. (എം.എസ്.)നമ്പർ 103/2013/ആ.കു.വ. പ്രകാരമാണ് താലൂക്കാശുപത്രിയായി ഉയർത്തിയത്.

(ബി) ടി സ്ഥാപനങ്ങത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) ബഹുമാനപ്പെട്ട എം.എൽ.എ.യുടെ 2017-18-ലെ ആസ്തി വികസന പദ്ധതിയിൽ നിന്നും 3,30,00,000 രൂപ ചെലവിൽ 2 നിലയുള്ള കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ടി കെട്ടിടത്തിന് മുകളിൽ ബഹുമാനപ്പെട്ട എം.എൽ.എ.യുടെ 2018-19-ലെ ആസ്തി വികസന പദ്ധതിയിൽ നിന്നും 4,20,00,000 രൂപ ചെലവിൽ 2 നിലകൾ കൂടി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി

244 (263) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ബ്ലഡ് ബാങ്കില്ലാത്തതുമൂലം ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സിൽ ഒരു ബ്ലഡ് ബാങ്ക് സ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രതിവർഷം 2000 യൂണിറ്റിൽ കൂടുതൽ രക്തം ആവശ്യമായി വരുന്ന ആശുപത്രികളിലാണ് രക്തബാങ്ക് അനുവദിക്കുന്നത്. നിലവിൽ റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഒരു രക്ത സംഭരണ യൂണിറ്റാണ് പ്രവർത്തിക്കുന്നത്. രക്തത്തിന്റെ ആവശ്യകത വർദ്ധിക്കുന്നതനുസരിച്ച് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**വയനാട് ജില്ലയിൽ അനുവദിച്ച തസ്തികകൾ**

245 (264) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വയനാട് ജില്ലയിലെ ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ അനുവദിച്ച തസ്തികകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) അനുവദിച്ച തസ്തികകളുടെ സ്ഥാപനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) നിലവിൽ വയനാട് ജില്ലയിലെ ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ മൂന്ന് മാസത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന എത്ര സ്ഥിരം തസ്തികകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിലെ ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ അനുവദിച്ച തസ്തികകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) അനുവദിച്ച തസ്തികകളുടെ സ്ഥാപനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വയനാട് ജില്ലയിലെ ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ മൂന്ന് മാസത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന സ്ഥിരം തസ്തികകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## ചെറൂപ്പ സി.എച്ച്.സി.യിൽ ഡയാലിസിസ് സെന്റർ

246 (265) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ പഞ്ചായത്തിലെ ചെറൂപ്പ സി.എച്ച്.സി.യിൽ ഡയാലിസിസ് സെന്റർ തുടങ്ങുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) മെഡിക്കൽ കോളേജിന്റെയും കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെയും ആരോഗ്യവകുപ്പ് ഡയറക്ടറുടെയും നിയന്ത്രണത്തിലുള്ള ഈ സ്ഥാപനത്തിൽ ഡയാലിസിസ് സെന്റർ തുടങ്ങുവാൻ മെഡിക്കൽ കോളേജിന് നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള ഗ്രാമീണ കേന്ദ്രമായ ചെറൂപ്പ സി.എച്ച്.സി.യിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനായി ബഹുമാനപ്പെട്ട കുന്ദമംഗലം എം.എൽ.എ.യുടെ 2012-13 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ ചെലവഴിച്ച് കെട്ടിടം പണികഴിപ്പിച്ചിട്ടുണ്ട്. കൂടാതെ 2017-18 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ വൈദ്യുതീകരണത്തിനായി അനുവദിച്ചിട്ടുണ്ട്. ഡയാലിസിസ് സെന്റർ കെട്ടിടത്തിന്റെ ഒന്നാം നിലയിലാണ് പ്രവർത്തിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ റാമ്പ്/ലിഫ്റ്റ് സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാൽ ഡയാലിസിസ് റൂം താഴത്തെ നിലയിലേയ്ക്ക് മാറ്റുന്നതിനും താഴത്തെ നിലയിൽ പ്രവർത്തിച്ചുവരുന്ന ജെറിയാട്രിക് ബ്ലോക്ക് മുകളിലേയ്ക്ക് മാറ്റുന്നതിനും റാമ്പ് പണിയുന്നത് സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിനും പൊതുമരാമത്ത് സിവിൽ വിഭാഗത്തെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നുവെങ്കിലും റാമ്പ് പണിയുന്നത് ലാഭകരമാവില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. നിർമ്മാണം പൂർത്തീകരിച്ച് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം തുടങ്ങുവാൻ കഴിയുന്നതാണ്.

## പ്രൈമറി ഹെൽത്ത് സെന്റർ സി.എച്ച്.സി. ആയി അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി

247 (266) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് മണ്ഡലത്തിലെ പള്ളിക്കൽ പ്രൈമറി ഹെൽത്ത് സെന്റർ സി.എച്ച്.സി. ആയി അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് നിവേദനം ലഭിച്ചിരുന്നുവോ; പ്രസ്തുത നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കാമോ;

(സി) ആരോഗ്യ വകുപ്പ് ഡയറക്ടർ ഇത് സംബന്ധിച്ച് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ട് കത്ത് അയച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് അറിയിക്കാമോ; കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ആരോഗ്യ വകുപ്പ് ഡയറക്ടർ ഓഫീസിലെ പി.എൽ.ബി1/96895/2019 നമ്പർ ഫയലിൽ നടപടികൾ ത്വരിതപ്പെടുത്തി വള്ളിക്കുന്ന് മണ്ഡലത്തിലെ പള്ളിക്കൽ പ്രൈമറി ഹെൽത്ത് സെന്റർ സി.എച്ച്.സി. ആയി അപ്ഗ്രേഡ് ചെയ്യുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് മണ്ഡലത്തിലെ പള്ളിക്കൽ പ്രൈമറി ഹെൽത്ത് സെന്റർ സി.എച്ച്.സി. ആയി അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ട്. 20-11-2019-ലെ എം 1/841/2019 ആ.കു.വ. നമ്പർ സർക്കാർ കത്ത് പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുന്നു.

(സി) ആരോഗ്യവകുപ്പ് ഡയറക്ടർ 16-1-2020-ൽ ജില്ലാ മെഡിക്കൽ ഓഫീസറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഇതുസംബന്ധിച്ച റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഡയാലിസിസ് യൂണിറ്റ്

248 (267) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് താലൂക്ക് ആശുപത്രിയിൽ അനുവദിയ്ക്കപ്പെട്ട ഡയാലിസിസ് യൂണിറ്റിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ആയതിലേയ്ക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നും തുടർനടപടികൾ എന്താണെന്നും വിശദമാക്കാമോ;

(സി) ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മലയിൻകീഴ് താലൂക്ക് ആശുപത്രിയിൽ അനുവദിക്കപ്പെട്ട ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി&സി) ഡയാലിസിസ് യൂണിറ്റ് നിർമ്മിക്കുന്നതിനായി 1,15,00,000 രൂപ 2019-20 പ്ലാൻ ഫണ്ട് പ്രകാരം അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തിക്കായി എൻ.എച്ച്.എം.-നെയും ഉപകരണങ്ങൾ വാങ്ങുന്നതിന് കെ.എം.എസ്.സി.എൽ.-നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. എച്ച്.എൽ.എൽ. തയ്യാറാക്കിയ ഡി.പി.ആർ. നാഷണൽ ഹെൽത്ത് മിഷന്റെ പരിഗണനയിലാണ്.

## ചാലക്കുടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി നവീകരണം

249 (268) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ അനുവദിച്ച ട്രോമാകെയർ യൂണിറ്റും സർജിക്കൽ വാർഡും പ്രവർത്തന സജ്ജമാക്കുന്നതിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ നടപടികൾ ഏതുഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(സി) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) G.O. (Rt) No.3345/2018/H&FWD dated 8-11-2018 പ്രകാരം (NABARD Assistance Under RIDF XXIV 2018-19) ട്രോമാകെയർ യൂണിറ്റിനും സർജിക്കൽ വാർഡിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ സ്കെച്ച് ഡിസൈൻ തയ്യാറാക്കുന്നതിനായി പി.ഡബ്ല്യൂ.ഡി.ക്ക് നൽകിയിട്ടുണ്ട്.

(സി) ചാലക്കുടി താലൂക്ക് ആശുപത്രിയിൽ മലിനജല സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിന് 74 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക നാഷണൽ ഹെൽത്ത് മിഷൻ, തിരുവനന്തപുരത്തിന് കൈമാറിയിട്ടുണ്ട്. നാഷണൽ ഹെൽത്ത് മിഷൻ ഇതിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി സർക്കാർ അംഗീകൃത ഏജൻസിയായ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. 90 ശതമാനം പണി പൂർത്തിയാക്കിയിട്ടുണ്ട്.

**ഞാറക്കൽ സർക്കാർ ആശുപത്രി നിർമ്മാണം**

250 (269) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് വിനിയോഗിച്ച് അഞ്ച് കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ഞാറക്കൽ സർക്കാർ ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടോ; പ്രവൃത്തി നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ടെണ്ടർ നടപടിക്രമങ്ങൾ പി.ഡബ്ല്യൂ.ഡി. പൂർത്തിയാക്കുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണം ആരംഭിക്കുവാൻ സാധിക്കുന്നതാണ്. തടസ്സങ്ങളൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കൊണ്ടോട്ടി താലൂക്ക് ആയുർവേദ ആശുപത്രി

251 (271) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിൽ താലൂക്ക് ആയുർവേദ ആശുപത്രി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) കൊണ്ടോട്ടിയിൽ താലൂക്ക് ആയുർവേദ ആശുപത്രിക്ക് വേണ്ടി സ്ഥലമോ, കെട്ടിടമോ ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത ആശുപത്രിക്ക് വേണ്ടി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കൊണ്ടോട്ടി താലൂക്കിലെ ഏതെങ്കിലും പഞ്ചായത്തിലെ പഞ്ചായത്ത് ആയുർവേദ ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്താൻ വേണ്ട ഭൂമിയും കെട്ടിട സൗകര്യങ്ങളും ലഭ്യമാണോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിൽ താലൂക്ക് ആയുർവേദ ആശുപത്രി ആരംഭിച്ചിട്ടില്ല. ടി സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിനുള്ള സ്ഥലവും കെട്ടിട സൗകര്യവും മുനിസിപ്പാലിറ്റി ലഭ്യമാക്കിയിട്ടില്ല.

(ബി) കൊണ്ടോട്ടി താലൂക്ക് ആയുർവേദ ആശുപത്രിക്കുവേണ്ടി കോട്ട കുടുംബം 30 സെന്റ് സ്ഥലം സൗജന്യമായി നൽകാമെന്ന് അറിയിക്കുകയും പ്രസ്തുത സ്ഥലം 21-11-2017-ൽ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ സ്ഥലവും കെട്ടിടവും ഇതുവരേയും ലഭ്യമായിട്ടില്ല.

(സി) സൃഷ്ടിച്ചിട്ടില്ല.

(ഡി) കൊണ്ടോട്ടി താലൂക്കിലെ ചേലാമ്പ്ര പഞ്ചായത്തിലെ ചേലാമ്പ്ര ഗവൺമെന്റ് ആയുർവേദ ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്താൻ വേണ്ട ഭൂമി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ കെട്ടിടം പണി നടക്കുന്നുണ്ട്.

## മഞ്ചേശ്വരം താലൂക്ക് ആശുപത്രിയിലെ സൗകര്യങ്ങൾ

252 (272) ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗൽപാടി മഞ്ചേശ്വരം താലൂക്ക് ആശുപത്രിയിൽ നിലവിൽ ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകളാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടും ഇവിടെ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മെഡിക്കൽ ഓഫീസർ ഉൾപ്പടെ മതിയായ ഡോക്ടർമാരും മറ്റ് സ്റ്റാഫുകളും ഇല്ലാത്തതും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തതും കാരണം ആശുപത്രിയുടെ സേവനം രോഗികൾക്ക് കൃത്യമായി ലഭിക്കാത്ത സാഹചര്യത്തിൽ താലൂക്ക് ആശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മംഗൽപാടി മഞ്ചേശ്വരം താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു.

1. അസിസ്റ്റന്റ് സർജൻ - 1
2. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ - 1
3. ജൂനിയർ കൺസൾട്ടന്റ് - 1
4. പബ്ലിക് ഹെൽത്ത് നഴ്സ് - 2
5. ഒപ്റ്റോമെട്രിസ്റ്റ് - 1
6. ലാബ് ടെക്നീഷ്യൻ - 1
7. സ്റ്റാഫ് നഴ്സ് - 3

(ബി) മംഗൽപാടി സാമൂഹികാരോഗ്യ കേന്ദ്രത്തെ താലൂക്കാശുപത്രിയായി ഉയർത്തിയതോടൊപ്പം ആർദ്രം പദ്ധതിയിലുൾപ്പെടുത്തി താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

1. അസിസ്റ്റന്റ് ഡയറക്ടർ - 1
2. ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) - 1
3. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ - 4
4. സ്റ്റാഫ് നഴ്സ് - 4
5. ലാബ് ടെക്നീഷ്യൻ - 1
6. ഹോസ്പിറ്റൽ അറ്റൻഡൻ - 2

(സി) നിലവിൽ അനുവദിക്കപ്പെട്ട ജീവനക്കാരെ ഉപയോഗിച്ച് കുറ്റമറ്റ രീതിയിൽ പ്രാഥമികമായ എല്ലാ സേവനങ്ങളും ഐ.പി. സേവനവും നൽകി വരുന്നുണ്ട്. കൂടാതെ ടി ആശുപത്രിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## ഒറ്റപ്പാലം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ബ്ലഡ് ബാങ്ക്

253 (273) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ബ്ലഡ് ബാങ്ക് സ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതിനായി എത്ര തുകയാണ് അനുവദിച്ചിരിക്കുന്നതെന്നും വിനിയോഗിക്കുവാൻ ലക്ഷ്യമിടുന്ന തുക എത്രയെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ&ബി) ഒറ്റപ്പാലം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലവിൽ ഒരു രക്തസംഭരണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. പ്രതിവർഷം 2000 യൂണിറ്റിൽ കൂടുതൽ രക്തം ആവശ്യമായി വരുന്ന ആശുപത്രികളിലാണ് രക്തബാങ്ക് അനുവദിക്കുന്നത്. ഈ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് സ്ഥാപിക്കുന്നതിനായി ഒറ്റപ്പാലം നിയോജകമണ്ഡലം എം.എൽ.എ. 50,00,000 രൂപ (അമ്പത് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുള്ളതായി പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

## തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

254 (274) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ ;

(സി) പൂർത്തീകരണത്തിന്റെ അന്തിമഘട്ടത്തിലെത്തി മൂന്നരവർഷങ്ങൾ പിന്നിട്ടിട്ടും നാളിതുവരെ കെട്ടിടം പൊതുജനങ്ങളുടെ ചികിത്സാ സൗകര്യത്തിനായി തുറന്നുകൊടുക്കാൻ കഴിയാത്തതിനുള്ള കാരണം വ്യക്തമാക്കുമോ; ഇതിലേയ്ക്കായി നാളിതുവരെ എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളത്;വ്യക്തമാക്കുമോ;

(ഡി) പുതിയ കെട്ടിടത്തിൽ എന്തെല്ലാം ചികിത്സാ സൗകര്യങ്ങളും സംവിധാനങ്ങളുമാണ് വിഭാവനം ചെയ്തിരിക്കുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ എം.സി.എച്ച്. ബ്ലോക്ക് നിർമ്മിക്കുന്നതിനായി 1018.7 ലക്ഷം രൂപ നാഷണൽ ഹെൽത്ത് മിഷനിൽ നിന്നും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

മേൽ കെട്ടിടത്തിന്റെ നിർമ്മാണ ചുമതല ബി.എസ്.എൻ.എൽ.-നെ ഏൽപ്പിക്കുകയും നിലവിൽ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഏകദേശം പൂർത്തിയായിട്ടുമുണ്ട്. അവസാനഘട്ട ജോലികൾ മാത്രമാണ് അവശേഷിക്കുന്നത്. 2020 മാർച്ചോടുകൂടി നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കെട്ടിടനിർമ്മാണത്തിനായി നാളിതുവരെ 8,87,19,378 രൂപ ചെലവായിട്ടുണ്ട്. നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് അധികമായുള്ള മണ്ണ് മാറ്റുന്നതിനും ഹൈടെൻഷൻ വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിനും വന്നിട്ടുള്ള കാലതാമസംമൂലം പദ്ധതിയുടെ പൂർത്തീകരണത്തിൽ കാലതാമസം നേരിട്ടു.

(ഡി)

താഴത്തെ നില : പാർക്കിംഗ്, സി.എസ്.എസ്.ഡി., ഇലക്ട്രിക് റൂം.

ഒന്നാം നില : കുട്ടികളുടെ വിഭാഗം ഒ.പി., ഇമ്മ്യൂണൈസേഷൻ, ലബോറട്ടറി.

രണ്ടാം നില: എസ്.എൻ.സി.യൂ., പാപ് സ്മിയർ റൂം, എപ്പിലെപ്സി റൂം, ഹിയറിംഗ് ടെസ്റ്റ് റൂം, ഇ.സി.ജി.റൂം.

മൂന്നാം നില : ഡിസ്ട്രിക് ഏർലി ഇന്റർവെൻഷൻ സെന്റർ (ഡി.ഇ.ഐ.സി.)

നാലാം നില : ബ്ലഡ് ബാങ്ക് കൂടാതെ ലിഫ്റ്റ്, റാമ്പ്, ഡംബ് വെയിറ്റർ, നിലവിലുള്ള പഴയ കെട്ടിടവുമായി ബന്ധിപ്പിക്കുന്ന കോറിഡോർ എന്നിവയും സജ്ജമാക്കിയിട്ടുണ്ട്.

## ബാലുശ്ശേരി താലൂക്കാശുപത്രി

255 (275) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി താലൂക്കാശുപത്രിയിൽ കാഷ്വാലിറ്റി സംവിധാനം നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം ബാലുശ്ശേരി താലൂക്കാശുപത്രിയിൽ ചികിത്സ മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് കൊണ്ടുവന്നിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ബാലുശ്ശേരി താലൂക്കാശുപത്രിയുടെ കെട്ടിട നിർമ്മാണത്തിനായി വിശദമായ ഡി.പി.ആർ. കിഫ്ബിയിൽ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോയെന്നറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ദന്തൽ സർജൻ-1, ജൂനിയർ കൺസൾട്ടന്റ് (മെഡിസിൻ)-1, കൺസൾട്ടന്റ് (പീഡിയാട്രിക്സ്)-1, ഫാർമസിസ്റ്റ്-2, സ്റ്റാഫ് നഴ്സ്-2 എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി. ദന്തൽ യൂണിറ്റ് പുതിയതായി ആരംഭിച്ചു. 5 കിടക്കകളോടുകൂടിയ ഡയാലിസിസ് യൂണിറ്റ് കിഫ്ബി പദ്ധതി പ്രകാരം നടപ്പിലാക്കി. ഈ ആശുപത്രിയിൽ കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്തുന്നതിനായി കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ 4 തസ്തികകൾ, ടി തസ്തികകൾ അധികമായിട്ടുണ്ടായിരുന്ന മറ്റൊരു ആശുപത്രിയിൽ നിന്ന് മാറ്റി നൽകിയിട്ടുണ്ട്. കൂടാതെ കിഫ്ബി പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിനായി 21,32,89,400 രൂപ അനുവദിച്ചു.

## ക്ലിനിക്കൽ സൈക്കോളജിസ്റ്റ്/സൈക്യാട്രിസ്റ്റ് നിയമനം

256 (276) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ക്ലിനിക്കൽ സൈക്കോളജിസ്റ്റ് /സൈക്യാട്രിസ്റ്റിന്റെ സേവനം അത്യാവശ്യമായതിനാൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്/ സൈക്യാട്രിസ്റ്റിന്റെ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ സൈക്യാട്രിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നീ തസ്തികകൾ അനുവദിച്ചിട്ടില്ല. തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് വകുപ്പിൽ നിന്നും ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മഞ്ചേരിയിൽ ജനറൽ ആശുപത്രി ആരംഭിക്കുന്നതിന് നടപടി**

257 (278) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ ജനറൽ ആശുപത്രി ആരംഭിക്കണമെന്ന മുൻ സർക്കാരിന്റെ തീരുമാനം മാറ്റാൻ ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ;

(ബി) മഞ്ചേരി - ചെരണിയിൽ ജനറൽ ആശുപത്രിക്ക് ആവശ്യമായ സ്ഥലം ആരോഗ്യവകുപ്പിന്റെ അധീനതയിൽ ഉണ്ടെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആശുപത്രി സ്ഥാപിക്കുന്നതിനായി സാധ്യതാ പഠനം നടത്താൻ നടപടികൾ സ്വീകരിക്കുമോ;

(സി) ജനസംഖ്യക്ക് ആനുപാതികമായ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിലേക്കായി ചെരണിയിൽ ജനറൽ ആശുപത്രി ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) ജനറൽ ആശുപത്രി സ്ഥാപിക്കുന്ന കാര്യത്തിൽ നിലവിൽ ഭരണപരമായും സാങ്കേതികമായും എന്തെല്ലാം തടസ്സങ്ങളാണ് നിലനിൽക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ, സി&ഡി) ചെരണിയിൽ പുതിയതായി തുടങ്ങാൻ നിർദ്ദേശിച്ച ജനറൽ ആശുപത്രി മഞ്ചേരി മെഡിക്കൽ കോളേജിൽ നിന്നും 5 കിലോമീറ്റർ താഴെയും അതോടൊപ്പം മഞ്ചേരി മെഡിക്കൽ കോളേജിൽ ലഭ്യമാകുന്നത് ജനറൽ ആശുപത്രിയേക്കാൾ മികച്ച സേവനമാണെന്നുള്ളതിനാലാണ് പുതിയതായി ഇതേ സൗകര്യമുള്ള ആശുപത്രി ആരംഭിക്കണമെന്ന ആവശ്യം പരിഗണിക്കാതിരുന്നത്.

(ബി) മഞ്ചേരി ചെരണിയിൽ ആരോഗ്യവകുപ്പിന്റെ അധീനതയിൽ 5.02 ഏക്കർ സ്ഥലം ഉണ്ടായിരുന്നതിൽ നിന്നും ആരോഗ്യ വകുപ്പിന്റെ ട്രെയിനിംഗ് സെന്ററിനായി ഒരു ഏക്കർ സ്ഥലം അനുവദിക്കുകയും നേഴ്സിംഗ് വകുപ്പിന്റെ

പ്രവർത്തനത്തിനായി 2.02 ഏക്കർ സ്ഥലം അനുവദിക്കുകയും കൂടാതെ ടി. ബി. സെന്റർ 30 സെന്റ് സ്ഥലത്ത് നിലവിൽ പ്രവർത്തിച്ചുവരികയും ചെയ്യുന്നു. കൂടാതെ സ്വകാര്യ വ്യക്തികൾ കയ്യേറിയതുമായി ബന്ധപ്പെട്ട് 88 സെന്റ് സ്ഥലത്തിന് കോടതിയിൽ കേസ് നിലവിലുണ്ട്. ഈ സ്ഥലങ്ങൾ ഒഴിവാക്കി 83 സെന്റ് സ്ഥലം നിലവിലുണ്ട്.

## കുറവിലങ്ങാട് താലൂക്ക് ആശുപത്രിക്ക് കെട്ടിടം

258 (279) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് എസ്.പി.വി. ആയി നിശ്ചയിച്ചിരുന്ന കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് തയ്യാറാക്കിയ പ്ലാനിൽ മാറ്റം വരുത്തി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം സംബന്ധിച്ച് 19-12-2019- ൽ ആരോഗ്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ച ചേർത്ത ഉന്നതതല യോഗത്തിനു ശേഷം ഇക്കാര്യത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്നറിയിക്കാമോ;

(സി) പ്ലാനിലും എസ്റ്റിമേറ്റിലും വേണ്ടത്ര മാറ്റം വരുത്തുന്നതിന് യോഗം നിർദ്ദേശം നൽകിയിരുന്നോ; ഇക്കാര്യത്തിൽ ഇതുവരെയുണ്ടായിരിക്കുന്ന പുരോഗതി അറിയിക്കാമോ; പ്രസ്തുത റിപ്പോർട്ട് എന്നേക്ക് സമർപ്പിക്കുവാൻ കഴിയും എന്നറിയിക്കാമോ;

(ഡി) 19-12-2019-ലെ മീറ്റിംഗിൽ എടുത്ത തീരുമാനങ്ങൾ പ്രസ്തുത ആശുപത്രിയുമായി ബന്ധപ്പെട്ട് എത്രമാത്രം നടപ്പാക്കാൻ കഴിഞ്ഞു എന്നറിയിക്കാമോ; ആയതിന്റെ മിനിറ്റ്സ് ലഭ്യമാക്കാമോ?

ഉത്തരം

(എ-ഡി) ആരോഗ്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19-11-2019-ന് കൂടിയ യോഗത്തിൽ കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ KSHB സമർപ്പിച്ച പ്ലാനും DPR-ഉം പരിഷ്കരിച്ച് കെട്ടിടത്തിന്റെ നിലകളുടെ എണ്ണം പരിമിതപ്പെടുത്തി അടങ്കൽ തുകയിൽ കുറവ് വരുത്തുന്നതിന് തീരുമാനിക്കുകയും ടി നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് ഒരു പരിഷ്കരിച്ച പ്ലാൻ തയ്യാറാക്കുകയും അതിന്റെ Rough Cost Estimate തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

മിനിട്ട്സിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുടുംബാരോഗ്യ കേന്ദ്രങ്ങൾ

259 (280) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2017-18, 2018-19, 2019-20 വർഷങ്ങളിൽ എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വർഷാടിസ്ഥാനത്തിൽ അറിയിക്കുമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ പിറവം നിയോജകമണ്ഡലത്തിൽ രൂപീകരിച്ച/രൂപീകരിക്കാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2017-18 വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തെരഞ്ഞെടുത്തതിൽ 162 എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ചു. പ്രളയബാധിതമായ രണ്ടെണ്ണമൊഴികെ മറ്റുള്ളവ കുടുംബാരോഗ്യ കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്നു.

2018-19 വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 504 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ തെരഞ്ഞെടുത്തതിൽ 72 എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ചു. 198 എണ്ണത്തിന്റെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 108 എണ്ണത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. ബാക്കിയുള്ളവയുടെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

2019-20 വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് 220 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം തിരുമാറാടിയെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തി 20-02-2019-ൽ ഉദ്ഘാടനം നടത്തിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ പിറവം നിയോജകമണ്ഡലത്തിൽ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്താൻ തെരഞ്ഞെടുത്തിരിക്കുന്ന സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

1. പി.എച്ച്.സി. ആരക്കുന്നം- ആർദ്രം മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
2. പി.എച്ച്.സി. തിരുവാങ്കുളം- നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

3. പി.എച്ച്.സി. ഇലഞ്ഞി - ആർദ്രം മോഡലിൽ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

4. 2019-20 സാമ്പത്തിക വർഷത്തിൽ എൻ.എച്ച്.എം. പ്രോഗ്രാം ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തി പിറവം നിയോജകമണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുവാൻ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ;

എ) പി.എച്ച്.സി. - മണീട്

ബി) പി.എച്ച്.സി. - ചോറ്റാനിക്കര

## ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ തസ്തികകൾ നികത്തുന്നതിന് നടപടി

260 (282) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടേയും സ്റ്റാഫംഗങ്ങളുടേയും അനുവദിക്കപ്പെട്ട തസ്തികകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) ഒഴിവുകൾ നികത്തുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച വിശദാംശം നൽകാമോ?

ഉത്തരം

(എ&ബി) ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത ഒഴിവുകളിൽ ഡോക്ടർമാരുടെ ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തുന്നതാണ്.

ട്രീറ്റ്മെന്റ് ഓർഗനൈസറുടെ അന്തർജില്ലാ സ്ഥലംമാറ്റ ഒഴിവ് 20-11-2019-ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുവരെയായി അഡ്വൈസ് ഒന്നും തന്നെ പി.എസ്.സി.-യിൽ നിന്നും ലഭ്യമായിട്ടില്ല.

ബ്ലഡ് ബാങ്ക് ടെക്നീഷ്യന്റെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി തസ്തികയുടെ live പി.എസ്.സി. ലിസ്റ്റ് നിലവിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആർദ്രം പദ്ധതി വഴി ആരോഗ്യ വകുപ്പിൽ പുതിയതായി സൃഷ്ടിച്ച ഡയാലിസിസ് ടെക്നീഷ്യൻ തസ്തികയുടെ നിയമന രീതിയും യോഗ്യതയും സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് I തസ്തികയിലെ ഒഴിവുകൾ അന്തർ ജില്ലാ സ്ഥലമാറ്റം, സ്ഥാനക്കയറ്റം എന്നിവ വഴി നികത്തുന്നതാണ്.

ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള ഉദ്യോഗാർത്ഥികളെ കൂടിക്കാഴ്ച വഴി നിയമനം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

## ഹോട്ടലുകളിലും ഭക്ഷണനിർമ്മാണ യൂണിറ്റുകളിലും ശുചിത്വം ഉറപ്പുവരുത്താൻ നടപടികൾ

261 (283) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലും ഭക്ഷണനിർമ്മാണ യൂണിറ്റുകളിലും ശുചിത്വം ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) വ്യാപകമായ തോതിൽ ഫുഡ് കളറുകളും മറ്റ് വിഷജന്യ പദാർത്ഥങ്ങളും ഉപയോഗിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഹോട്ടലുകളിലും ഭക്ഷ്യനിർമ്മാണ യൂണിറ്റുകളിലും ശുചിത്വം ഉറപ്പുവരുത്താൻ നിരന്തരം പരിശോധനകൾ നടത്തി ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്നില്ലെന്ന് കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ഭക്ഷണ പദാർത്ഥങ്ങളിൽ ഫുഡ് കളറുകൾ ചേർക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2006-ലെ ഭക്ഷ്യസുരക്ഷാഗുണനിലവാര നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള ഭക്ഷ്യവസ്തുക്കളിൽ അനുവദനീയമായ അളവിൽ കളറുകൾ ചേർക്കുന്നതിന് നിയമപരമായ തടസ്സങ്ങളില്ല. എന്നാൽ പ്രസ്തുത നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നതിനുപരിയായി ഭക്ഷ്യവസ്തുക്കളിൽ ഫുഡ് കളറുകളോ വിഷജന്യവസ്തുക്കളോ കണ്ടെത്തുന്നപക്ഷം 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

## പാതയോരങ്ങളിലെ ലഘു ഭക്ഷണശാലകൾ

262 (284) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാതയോരങ്ങളിൽ വ്യാപകമായി ആരംഭിക്കുന്ന ലഘു ഭക്ഷണശാലകളിന്മേൽ വകുപ്പിന് ഏതെങ്കിലും തരത്തിൽ നിയന്ത്രണമുണ്ടോ;

(ബി) പല ഭക്ഷണശാലകളിലും ഉപയോഗിച്ച എണ്ണ ആവർത്തിച്ച് ഉപയോഗിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിൻമേൽ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പാതയോരങ്ങളിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള എല്ലാ ഭക്ഷണശാലകളും ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ട്. രജിസ്ട്രേഷൻ/ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തുന്നുണ്ട്. തട്ടുകടകൾ കേന്ദ്രീകരിച്ച് പ്രത്യേക രാത്രികാല പരിശോധനകളും നടത്തിവരുന്നുണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ 'ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ്" എന്ന പേരിൽ ലഘു ഭക്ഷണശാലകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) ഉപയോഗിച്ച എണ്ണ വീണ്ടും ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇത് നിയന്ത്രിക്കുന്നതിനായി കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് RUCO (Repurpose Used Cooking Oil). ഈ പദ്ധതിപ്രകാരം ഉപയോഗിച്ച എണ്ണ നിശ്ചിത വിലയ്ക്ക് ശേഖരിച്ച് ബയോഡീസലാക്കി മാറ്റുന്നതിന് ഏജൻസികളെ തീരുമാനിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുള്ള അംഗീകാരം നൽകുന്നത് Food Safety and Standard Authority of India ആണ്. ഉപയോഗിച്ച എണ്ണ വീണ്ടും പാചക ആവശ്യത്തിനായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഭക്ഷ്യസുരക്ഷാഗുണനിലവാര നിയമപ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിതരണം ചെയ്ത ഉപയോഗയോഗ്യമല്ലാത്ത മരുന്നുകൾ

263 (285) ശ്രീ. വി. ടി. ബൽറാം:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗയോഗ്യമല്ലാത്ത മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങി വിതരണം ചെയ്ത സംഭവത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരൊക്കെയെന്നും, അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്നും വിശദമാക്കാമോ;

(സി) ഇതുവഴി സർക്കാരിനുണ്ടായ നഷ്ടം എത്രയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഉപയോഗയോഗ്യമല്ലാത്ത മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്തിട്ടില്ല. മരുന്നുസംഭരണ പ്രക്രിയയിൽ സ്വീകരിക്കാവുന്ന പരമാവധി മുൻകരുതലുകൾ എടുത്തശേഷവും സംഭരിച്ച മരുന്നുകളിൽ ഏതെങ്കിലും കാലഹരണ തീയതിക്ക് മുമ്പ് കോർപ്പറേഷനും ഡ്രഗ്സ് കൺട്രോളറും നടത്തുന്ന ഗുണനിലവാര പരിശോധനയിൽ പരാജയപ്പെടുന്ന സാഹചര്യത്തിൽ ഇത്തരം മരുന്നുകളുടെ വിതരണം തടഞ്ഞുവയ്ക്കുകയും ടി മരുന്നുകളുടെ മുഴുവൻ തുകയും വിതരണക്കാരനിൽ നിന്നും ഈടാക്കുകയും ചെയ്യുന്നുണ്ട്.

(ബി) ബാധകമല്ല.

(സി) ഗുണനിലവാര പരിശോധനയിൽ പരാജയപ്പെടുന്ന ബാച്ചിലെ മരുന്നുകളുടെ മുഴുവൻ തുകയും വിതരണക്കാരനിൽ നിന്നും ഈടാക്കുന്നതിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല.

## ആരോഗ്യ ഉപകേന്ദ്രങ്ങൾ

264 (286) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് പുതുതായി എത്ര ആരോഗ്യ ഉപകേന്ദ്രങ്ങൾ തുടങ്ങാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പുതുതായി ആരോഗ്യ ഉപകേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) പുതിയ ആരോഗ്യ ഉപകേന്ദ്രങ്ങൾ ഇനി അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) സബ് സെന്റർ തുടങ്ങുന്നതിനുള്ള മുഴുവൻ ചെലവും ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള ചെലവുകളും സ്ഥലത്തെ ഗ്രാമപഞ്ചായത്ത് വഹിക്കേണ്ടതാണെന്ന നിബന്ധനയോടുകൂടി മലപ്പുറം ജില്ലയിലെ വാഴക്കാട് പി.എച്ച്.സി.-ക്ക് കീഴിൽ എളമരം ഭാഗത്ത് സബ് സെന്റർ തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ട്.

(ബി&സി) പുതിയതായി സബ് സെന്റർ അനുവദിക്കാൻ ഉദ്ദേശിക്കുന്ന പ്രദേശത്തെ ജനസംഖ്യയുടെ വിശദാംശം, പ്രസ്തുത പ്രദേശത്തെ ജനങ്ങൾക്ക് നിലവിൽ ലഭ്യമാകുന്ന മറ്റുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ വിവരം, സ്ഥലലഭ്യത, പ്ലാൻ, എസ്റ്റിമേറ്റ്, ഫണ്ടിന്റെ ലഭ്യത, ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം, സബ് സെന്റർ പുതിയതായി ആരംഭിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ചുള്ള റിപ്പോർട്ട് ഉൾപ്പെടെ അതാത് ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തി സമർപ്പിക്കുന്ന വിശദമായ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ മാത്രമേ പുതിയ സബ് സെന്ററുകൾ അനുവദിക്കുവാൻ കഴിയൂ.

## കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതി

265 (287) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതി പ്രകാരം നിലവിൽ എത്ര രൂപയുടെ സൗജന്യ ആരോഗ്യ പരിരക്ഷയാണ് ഉറപ്പു വരുത്തുന്നത് എന്നറിയിക്കാമോ;

(ബി) ഈ പദ്ധതിയിൽ ഗുണഭോക്താക്കളാകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) തിരുവനന്തപുരം ശ്രീ ചിത്രാ മെഡിക്കൽ സെന്ററിലെ ചികിൽസയ്ക്ക് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി പ്രകാരം സൗജന്യ പരിരക്ഷ ലഭ്യമാണോ;

(ഡി) ഇല്ലായെങ്കിൽ പ്രസ്തുത ആശുപത്രി കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതി പ്രകാരം നിലവിൽ ഒരു കുടുംബത്തിന് പ്രതിവർഷം അഞ്ച് ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ പരിരക്ഷയാണ് ലഭിക്കുന്നത്.

(ബി) 31-3-2019-ൽ സാധുതയുള്ള ആർ.എസ്.ബി.വൈ./ചിസ് കാർഡ് കൈവശം ഉള്ളവരെയും സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (SECC) 2011-ൽ ഉൾപ്പെടുന്ന ദുർബല വിഭാഗം ജനങ്ങളെയുമാണ് 2019-20 സാമ്പത്തിക വർഷം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി&ഡി) തിരുവനന്തപുരം ശ്രീചിത്രാ മെഡിക്കൽ സെന്ററിനെ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിനായി സർക്കാർ ആവശ്യപ്പെട്ടിരുന്നുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ ഇതുവരെ എംപാനൽ ചെയ്തിട്ടില്ല. ഇപ്പോൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ട്.

**സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. പ്രവേശനത്തിനുള്ള ഫീസ് നിർണ്ണയം**

266 (288) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിലെ എം.ബി.ബി.എസ്. പ്രവേശനത്തിനുള്ള ഫീസ് നിർണ്ണയം സംബന്ധിച്ച് സ്വാശ്രയമാനേജ്മെന്റുകൾ ഹൈക്കോടതിയിൽ നൽകിയ കേസിന്റെ അടിസ്ഥാനത്തിൽ ഈ വർഷങ്ങളിലെ ഫീസ് പുനഃപരിശോധനയ്ക്ക് വിധേയമാക്കണമെന്ന് കോടതി നിർദ്ദേശിച്ചിരുന്നോ;

(ബി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വാശ്രയ മെഡിക്കൽ കോളേജുകൾ നൽകിയ രേഖകൾ ശരിയായ രീതിയിൽ പരിശോധിച്ച് ഫീസ് നിർണ്ണയത്തിലെ അപാകതകൾ പരിഹരിച്ചിരുന്നോ;

(സി) ഫീ റെഗുലേറ്ററി കമ്മിറ്റി മനസ്സിരുത്തിയല്ല ഇക്കാര്യത്തിൽ ഉത്തരവ് ഇറക്കിയതെന്ന കോടതിയുടെ കുറ്റപ്പെടുത്തൽ ഉണ്ടായത് ഏത് സാഹചര്യത്തിലാണ്;

(ഡി) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. ഫീസ് ഇനിയും വർദ്ധിപ്പിക്കുന്നത് വിദ്യാർത്ഥികൾക്ക് താങ്ങുവാൻ കഴിയുകയില്ല എന്നതിനാൽ ഇക്കാര്യത്തിൽ ഗൗരവമായ സമീപനം സർക്കാർ ഭാഗത്തുനിന്നും ഉണ്ടാകുന്നതിനും കേസ് പ്രമുഖരായ വക്കീലന്മാരെ വച്ച് വാദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) നിർദ്ദേശിച്ചിരുന്നു.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫീസ് നിർണ്ണയ സമിതി എല്ലാ കോളേജുകളെയും ഹിയറിംഗിന് വിളിക്കുകയും മുമ്പ് നൽകിയതിൽ കൂടുതൽ എന്തെങ്കിലും രേഖകൾ സമർപ്പിക്കുവാനുണ്ടെങ്കിൽ സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നു. ഒട്ടുമിക്ക സ്വാശ്രയ മെഡിക്കൽ കോളേജുകളും ഹിയറിംഗിന് പങ്കെടുക്കുകയും എന്നാൽ മുമ്പ് തന്നതിൽ കൂടുതൽ പുതിയ രേഖകൾ സമർപ്പിക്കുവാൻ ഇല്ലെന്ന വിവരം അറിയിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഫീസ് നിർണ്ണയ സമിതിയിലെ അംഗങ്ങൾ എല്ലാവരും ചേർന്ന് ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ സമിതി മുമ്പ് തീരുമാനിച്ച ഫീസ് അംഗീകരിക്കുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട സുപ്രീംകോടതി അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(സി&ഡി) WP(C) No.20100/2019 നമ്പർ കേസിലെ 14-1-2019-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഉത്തരവ് പ്രകാരം കോളേജിന്റെ ലൊക്കേഷൻ, കോഴ്സിന്റെ സ്വഭാവം, കെട്ടിടത്തിന്റെയും വസ്തുവിന്റെയും വില, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ നിലനിർത്തുന്നതിനുള്ള ചെലവ്, സ്ഥാപനം നടത്തിക്കൊണ്ടു പോകുന്നതിന്റെ ചെലവ്, വികസനത്തിനും വളർച്ചയ്ക്കുമുള്ള അധിക ചെലവ് എന്നീ മാനദണ്ഡങ്ങൾ കമ്മിറ്റി പരിശോധിച്ചില്ല എന്നതായിരുന്നു കോടതിയുടെ പരാമർശം. ആയതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി സ്വാശ്രയ കോളേജുകളോട് ഫീസ് നിർണ്ണയിക്കേണ്ടതായ വിവരങ്ങൾ ഹൈക്കോടതിക്ക് മുമ്പാകെ നേരിട്ട് സമർപ്പിക്കുവാൻ ഇടക്കാല ഉത്തരവിടുകയുണ്ടായി. സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. ഫീസ് നിർണ്ണയം സംബന്ധിച്ച വിഷയത്തിൽ ഗൗരവതരമായ സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

## ആരോഗ്യശാസ്ത്ര സർവ്വകലാശാലാ വൈസ് ചാൻസലറുടെ ബിരുദം

267 (289) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മലിന്റെ ബിരുദം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(ബി) ഒരേ സമയം രാജ്യത്തിന്റെ രണ്ടു ഭാഗത്തുള്ള സർവ്വകലാശാലകളിൽ നിന്ന് പ്രസ്തുത വ്യക്തി കോഴ്സുകൾ ചെയ്തു എന്ന ആരോപണം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഡോ. മോഹനൻ കുന്നുമ്മലിനെ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ വൈസ് ചാൻസലറായി നിയമിച്ചതിനെതിരെ പരാതി ലഭിച്ചിട്ടുണ്ട്.

(സി) ഇല്ല. ആരോഗ്യശാസ്ത്ര സർവ്വകലാശാലാ വൈസ് ചാൻസലറുടെ നിയമനവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചിട്ടുള്ളത് ബഹുമാനപ്പെട്ട ചാൻസലറുടെ കാര്യാലയത്തിൽ നിന്നുമാണ്. നിയമനത്തിനുള്ള പാനൽ തയ്യാറാക്കുന്നതിനുള്ള സെർച്ച് കമ്മിറ്റിയിലേയ്ക്ക് സർക്കാർ നോമിനിയെ നിർദ്ദേശിക്കണമെന്ന ചാൻസലറുടെ കാര്യാലയത്തിൽ നിന്നുള്ള അറിയിപ്പിനെത്തുടർന്ന് ഡോ. ബി. ഇക്ബാലിനെ ഈ കമ്മിറ്റിയിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്ന നടപടി മാത്രമാണ് ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

**പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജ്**

268 (290) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പരിയാരം ഗവ. ആയുർവേദ കോളേജിൽ സർക്കാർ അനുവദിച്ച പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

30-10-2017-ലെ ജി.ഒ. (എം.എസ്)32/2017/ആയുഷ് പ്രകാരം കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റേയും കേരള ആരോഗ്യ സർവ്വകലാശാലയുടേയും അംഗീകാരത്തിന് വിധേയമായി കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിൽ ശല്യതന്ത്ര, ശാലാക്യതന്ത്ര, രസതന്ത്ര & ഭൈഷജ്യ കൽപ്പന വകുപ്പുകളിൽ 5 സീറ്റുകൾ വീതമുള്ള പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനും ക്രിയാശരീര, രോഗനിദാന വകുപ്പുകളിലെ പി.ജി. സീറ്റുകളുടെ എണ്ണം 05-ൽ നിന്നും 07 ആക്കി വർദ്ധിപ്പിക്കുന്നതിനും അനുമതി നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കേരള ആരോഗ്യ സർവ്വകലാശാലയിൽ നിന്ന് കൺസെന്റ് ഓഫ്

അഫിലിയേഷനുകൾ ലഭ്യമാക്കി കേന്ദ്ര ആയുഷ് മന്ത്രാലയത്തിന് പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചു. കോളേജിലും ആശുപത്രിയിലും ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളും അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാരുടെ വിശദാംശങ്ങളും പരിശോധിക്കുന്നതിന് സി.സി.ഐ.എം. പ്രതിനിധികൾ കോളേജും ആശുപത്രിയും സന്ദർശിക്കുകയും കേന്ദ്ര ആയുഷ് മന്ത്രാലയത്തിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു.

കേന്ദ്ര ആയുഷ് മന്ത്രാലയം ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിക്കുന്നതിനുവേണ്ടി തസ്തിക സൃഷ്ടിക്കുന്നതിനും മറ്റുമുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. അതോടൊപ്പം ആനിമൽ ഹൗസ്, സെൻട്രൽ റിസർച്ച് ലബോറട്ടറി എന്നിവ പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 70 ലക്ഷം രൂപ ടി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ടി.കെ.ഐ.കെ.യുടെ ഫണ്ടിൽ നിന്ന് റീ-അപ്രോപ്രിയേഷൻ മുഖേന അനുവദിക്കുന്നതിന് ലഭ്യമാക്കിയ പ്രൊപ്പോസലും സർക്കാരിന്റെ പരിഗണനയിലാണ്.

കൂടാതെ 2020-21 വർഷത്തിൽ പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് വീണ്ടും കേന്ദ്ര ആയുഷ് മന്ത്രാലയത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ആയുഷ് മന്ത്രാലയം ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി കെട്ടിട നിർമ്മാണം പൂർത്തിയാകുന്നതുവരെ തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജിന്റെ കീഴിലുള്ള അനിമൽ ഹൗസിന്റെയും സെൻട്രൽ റിസർച്ച് ലബോറട്ടറിയുടേയും സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് അനുമതി നൽകിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ പുതിയ സ്റ്റേഡിയങ്ങൾ

269 (291) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവ. മെഡിക്കൽ കോളേജിലെ സ്റ്റേഡിയം പരിസരത്ത് ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്ത് പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ പുതിയ സ്റ്റേഡിയം നിർമ്മിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് പരിസരത്ത് നിലവിൽ പുതിയ സ്റ്റേഡിയം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

## കോന്നിയിൽ ആരംഭിക്കുന്ന മെഡിക്കൽ കോളേജിന്റെ ഓഫീസ്

270 (292) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നിയിൽ ആരംഭിക്കുന്ന മെഡിക്കൽ കോളേജിന്റെ ഓഫീസ് തിരുവനന്തപുരത്തുനിന്നും കോന്നിയിലേയ്ക്ക് മാറ്റുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കോന്നിയിൽ മെഡിക്കൽ കോളേജിന്റെ ഓഫീസ് മന്ദിരം സജ്ജമാകുന്ന മുറയ്ക്ക് കോന്നി മെഡിക്കൽ കോളേജിന്റെ ഓഫീസ് തിരുവനന്തപുരത്തുനിന്നും കോന്നിയിലേയ്ക്ക് മാറ്റുന്നതാണ്.

## ആയുർവേദ മരുന്നുകളുടെ ഗുണനിലവാര പരിശോധന

271 (293) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വൈദ്യശാസ്ത്ര രീതികളുടെ വാണിജ്യവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിലേയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കാമോ;

(ബി) ഭക്ഷ്യ വസ്തുക്കളിലടക്കം മായം ചേർക്കൽ സർവസാധാരണമായ ഈ കാലഘട്ടത്തിൽ ഇത്തരം മരുന്നുകളുടെ ഗുണനിലവാരപരിശോധന കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ ലബോറട്ടറി സൗകര്യങ്ങൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആരംഭിക്കുമോ;

(സി) ഗുണനിലവാരമില്ലാത്ത ആയുർവേദമരുന്നുകൾ നിരോധിക്കുകയും അത്തരം മരുന്നുകൾ ഉൽപാദിപ്പിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിലേയ്ക്കായി കേരളത്തിൽ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന എല്ലാ ആയുർവേദ-സിദ്ധ-യുനാനി ഔഷധ നിർമ്മാണ സ്ഥാപനങ്ങളും ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിലെ ഷെഡ്യൂൾ T ഉറപ്പാക്കുന്നതിനാൽ ജി.എം.പി. സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്.

ഡ്രഗ്സ് ഇൻസ്പെക്ടർമാർ പതിവായി ആയുർവേദ ഔഷധ നിർമ്മാണ സ്ഥാപനങ്ങളിൽ നിന്നും ഔഷധ വിൽപ്പന കേന്ദ്രങ്ങളിൽ നിന്നും പരിശോധനയ്ക്കായി സ്റ്റാറ്റ്യൂട്ടറി സാംപ്ലിംഗ് നടത്താറുണ്ട്. തിരുവനന്തപുരത്തും എറണാകുളത്തും ഉള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിലും ആയുഷ് വിഭാഗത്തിലും ഇവ ടെസ്റ്റ്/അനാലിസിസ് ചെയ്യപ്പെടുകയും സാരമായ വ്യതിയാനത്തിൽ ഗുണനിലവാരമില്ലാത്ത ഔഷധ നിർമ്മാതാക്കൾക്കെതിരെ വകുപ്പുതല നടപടികളും ഗുരുതരമായ ഗുണനിലവാര വ്യതിയാനം വരുത്തുന്നവർക്കെതിരെ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് & റൂൾസ് പ്രകാരം നിയമ നടപടികളും സ്വീകരിക്കാറുണ്ട്.

എല്ലാ ഔഷധ നിർമ്മാതാക്കളും അവരുടെ സ്വന്തം ലബോറട്ടറിയിലും ലാബ് ഏർപ്പെടുത്താത്തവർ മറ്റ് 7 സ്വകാര്യ ആയുഷ് അംഗീകൃത ലബോറട്ടറിയിലും വിശദമായ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കി ബോധ്യപ്പെട്ട ശേഷമാണ് ഔഷധങ്ങൾ വിൽപ്പനയ്ക്ക് നൽകുന്നത്. ഈ കാര്യങ്ങളെല്ലാം തന്നെ സ്ഥാപനം പരിശോധിക്കുന്ന ഡ്രഗ്സ് ഇൻസ്പെക്ടർമാർ വിലയിരുത്താറുണ്ട്.

(ബി) ആയുർവേദമരുന്നുകളുടെ ഗുണനിലവാര പരിശോധന കാര്യക്ഷമമാക്കുന്നതിന് ആയുർവേദിക് ഫാർമകോപ്പിയ ഓഫ് ഇന്ത്യ നിഷ്കർഷിക്കുന്ന പരിശോധനകളെല്ലാം നടത്തുന്നതിന് തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലും എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലും മതിയായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പുതിയതായി ആരംഭിച്ച തൃശ്ശൂർ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ ആയുർവേദ വിഭാഗം കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സജീവ പരിഗണനയിലാണ്.

(സി) ആയുർവേദ, സിദ്ധ, യുനാനി മരുന്നുകളുടെ ഗുണനിലവാര നിർണ്ണയത്തിനായി അതാത് മേഖലയിൽ ചുമതലയുള്ള ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ അധികാര പരിധിയിലുള്ള ഔഷധ നിർമ്മാണ യൂണിറ്റുകളിൽ നിന്നും വിൽപ്പന കേന്ദ്രങ്ങളിൽ നിന്നും സാമ്പിളുകൾ നിശ്ചിത തോതിൽ ശേഖരിച്ച് തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേയ്ക്കും എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേയ്ക്കും അയയ്ക്കുന്നു. ഇപ്രകാരം ലഭിക്കുന്ന സാമ്പിളുകൾ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിലെ എ.എസ്.യു. വിഭാഗത്തിലെ അനലിസ്റ്റുമാർ പരിശോധിച്ച് റിപ്പോർട്ടുകൾ അയയ്ക്കുന്നു.

ഇപ്രകാരം ലഭിക്കുന്ന ടെസ്റ്റ് റിപ്പോർട്ടുകളിൽ ഗുണനിലവാരം ഉറപ്പാക്കാത്ത ഔഷധ നിർമ്മാണ ഉടമയ്ക്കും സ്ഥാപനങ്ങൾക്കുമെതിരെ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് & റൂൾസ് പ്രകാരം നിയമ നടപടിയും വകുപ്പുതല നടപടികളും അത്തരം മരുന്നുകളുടെ വിൽപ്പന നിരോധിക്കൽ ഉൾപ്പെടെയുള്ള നടപടികളും സ്വീകരിക്കാറുണ്ട്.

കൂടാതെ പൊതുജനങ്ങൾക്കും നിർമ്മാതാക്കൾക്കും ആയുർവേദ, സിദ്ധ, യുനാനി മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് പരിശോധന നടത്തുന്നതിലേയ്ക്ക് ഏഴ് (7) ആയുഷ് അപ്രൂവ്ഡ് ലാബുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

## ആശുപത്രികളിലെ ഫാർമസിസ്റ്റുകളുടെ ഒഴിവുകൾ

272 (294) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1948-ലെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്ടിലെ സെക്ഷൻ 48 -ന് വിരുദ്ധമായി സർക്കാർ ആശുപത്രികളിൽ ഫാർമസിസ്റ്റ് അല്ലാതെ സ്റ്റാഫ് നേഴ്സ്/ജെ.പി.എച്ച്.എൻ. എന്നിവർ മരുന്നു വിതരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബഹുമാനപ്പെട്ട. ഹൈക്കോടതി ഉത്തരവ് WP(c) 33715/2019 തീയതി 10/12/2019 പ്രകാരം സർക്കാർ ആശുപത്രികളിൽ അംഗീകൃത ഫാർമസിസ്റ്റുകൾ മാത്രമേ മരുന്നു വിതരണം നടത്താവൂ എന്നതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) സർക്കാർ ആശുപത്രികൾ, സി.എച്ച്.സി, പി എച്ച്.സി, എഫ്എച്ച്.സി .എന്നിവിടങ്ങളിലെ ഫാർമസിസ്റ്റുകളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സർക്കാർ ആശുപത്രികൾ,സി.എച്ച്.സി, പി എച്ച്.സി, എഫ്എച്ച്.സി. എന്നിവിടങ്ങളിൽ രോഗികളുടെ എണ്ണത്തിന് അനുസരിച്ച് ഫാർമസിസ്റ്റ് തസ്തിക അനുവദിക്കുന്നില്ലെന്ന കാര്യം സർക്കാർ പരിശോധിക്കുമോ;

(ഇ) നിലവിൽ ഫാർമസിസ്റ്റ് തസ്തിക കുറവുള്ള സ്ഥലങ്ങളിൽ മരുന്നു വിതരണം തടസ്സപ്പെടാതെ എൻ.എച്ച്.എം. വഴിയോ എച്ച്.എം.സി വഴിയോ ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) 1948-ലെ കേരള ഫാർമസി ആക്ട് പ്രകാരം ഫാർമസിസ്റ്റിന്റെ അഭാവത്തിൽ മെഡിക്കൽ ഓഫീസർക്ക് നേരിട്ട് മരുന്ന് വിതരണം

ചെയ്യാവുന്നതാണ്. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആശുപത്രികളിൽ ഫാർമസിസ്റ്റ് അല്ലാത്ത മറ്റ് ജീവനക്കാർ മരുന്ന് വിതരണം ചെയ്യുന്നതിനുള്ള ആരോഗ്യവകുപ്പിന്റെ ഉത്തരവ് പിൻവലിച്ചിട്ടുണ്ട്.

(സി-ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആർദ്രം പദ്ധതി ഉൾപ്പെടെ 184 ഫാർമസിസ്റ്റ് തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. അനുവദിക്കപ്പെട്ട ഫാർമസിസ്റ്റ് ഗ്രേഡ് തസ്തികകളിലെല്ലാം നിയമനം നൽകിയിട്ടുണ്ട്. ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികകളിലെ ഒഴിവുകൾ അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫാർമസിസ്റ്റുകളുടെ കുറവുള്ള ആശുപത്രികളിൽ ആവശ്യകതയുടെ അടിസ്ഥാനത്തിൽ താൽക്കാലികാടിസ്ഥാനത്തിൽ എച്ച്.എം.സി. മുഖേനയോ എൻ.എച്ച്.എം. മുഖേനയോ യോഗ്യതയുള്ള ഫാർമസിസ്റ്റുകളെ നിയമിക്കുന്നുണ്ട്.

## ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം

273 (295) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ ബോർഡ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ആയുർവേദ മരുന്നുകളുടെ പേരിൽ അവയോടൊപ്പം പലവിധ രാസപദാർത്ഥങ്ങളും ലോഹങ്ങളും കലർത്തി വിതരണം ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ വിതരണം ചെയ്യുന്നവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ കർശന പരിശോധനകൾ നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ) നിലവിൽ കേരളത്തിലെ ആയുർവേദ ഔഷധ വിപണന കേന്ദ്രങ്ങളിൽ നിന്നും ആയുർവേദ എൻഫോഴ്സ്മെന്റ് ഓഫീസർമാർ ഇതര സംസ്ഥാനങ്ങളിലെ ഔഷധങ്ങൾ പരിശോധനയ്ക്കായി സ്റ്റാറ്റ്യൂട്ടറി സാംപ്ലിംഗ് നടത്തി തിരുവനന്തപുരത്തും എറണാകുളത്തും ഉള്ള സർക്കാർ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ നൽകുന്നു. ഇവ വിശദമായി ടെസ്റ്റ്/അനാലിസിസ് ചെയ്യപ്പെടുകയും ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുന്ന ഔഷധ

നിർമ്മാതാക്കൾക്കെതിരെ അതാത് സംസ്ഥാനത്തിലെ ഡ്രഗ്സ് കൺട്രോൾ കാര്യാലയത്തിലേയ്ക്കും മരുന്ന് നിർമ്മാണ സ്ഥാപനങ്ങളിലേയ്ക്കും തുടർ നടപടികൾക്കായി വിശദവിവരം ധരിപ്പിക്കുകയും ചെയ്യുന്നു. സാരമായ വ്യതിയാനം കണ്ടെത്തുകയാണെങ്കിൽ വിപണിയിൽ നിന്നും മരുന്നുകൾ പിൻവലിക്കുകയും ചെയ്യുന്നു.

എന്നാൽ അലോപ്പതി മരുന്നുകളുടെ സാന്നിദ്ധ്യം ആയുർവേദ മരുന്നുകളിൽ കണ്ടെത്തിയാൽ അത് സ്പൂരിയസ് ഡ്രഗ്സ് എന്ന ഗണത്തിൽപ്പെടുത്തി ശക്തമായ രീതിയിൽ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ഉണ്ട്. അസംസ്കൃത വസ്തുക്കളുടെ ശുദ്ധീകരണം ശരിയായ രീതിയിൽ നടത്താത്തതുകൊണ്ടും പരിസ്ഥിതി മലിനീകരണംകൊണ്ടും ആയുർവേദ മരുന്നുകളിൽ പലവിധ രാസപദാർത്ഥങ്ങളും ലോഹങ്ങളും കലരുന്നുണ്ട്. ഇത്തരത്തിലുള്ള ഔഷധ നിർമ്മാതാക്കൾക്കെതിരെ വകുപ്പുതല നടപടികളും ഗുരുതരമായ ഗുണനിലവാര വ്യതിയാനം വരുത്തുന്നവർക്കെതിരെ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് & റൂൾസ് പ്രകാരം നിയമ നടപടികളും സ്വീകരിക്കാറുണ്ട്.

(സി) സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ ആയുർവേദ, സിദ്ധ, യുനാനി ഔഷധങ്ങൾക്കുവേണ്ടി ഒരു പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ആയുർവേദ, സിദ്ധ, യുനാനി മരുന്നുകളുടെ ഗുണനിലവാര നിർണ്ണയത്തിനായി അതാത് മേഖലയിൽ ചുമതലയുള്ള ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ അധികാരപരിധിയിലുള്ള ഔഷധ നിർമ്മാണ യൂണിറ്റുകളിൽനിന്നും വിൽപ്പന കേന്ദ്രങ്ങളിൽനിന്നും സാമ്പിളുകൾ നിശ്ചിത തോതിൽ ശേഖരിച്ച് തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേയ്ക്കും എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേയ്ക്കും അയയ്ക്കുന്നു. എല്ലാ ഔഷധ നിർമ്മാതാക്കളും (സ്വന്തം ലബോറട്ടറി ഏർപ്പെടുത്താത്തവർ മറ്റ് സ്വകാര്യ ആയുഷ് അംഗീകൃത ലബോറട്ടറിയിലും) വിശദമായ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കി എന്ന് ബോധ്യപ്പെട്ടശേഷമാണ് ഔഷധങ്ങൾ വിൽപ്പനയ്ക്ക് നൽകുന്നത്. ഈ കാര്യങ്ങൾ എല്ലാംതന്നെ സ്ഥാപനം പരിശോധിക്കുന്ന ഡ്രഗ്സ് ഇൻസ്പെക്ടർമാർ വിലയിരുത്താറുണ്ട്.

ഇപ്രകാരം ലഭിക്കുന്ന ടെസ്റ്റ് റിപ്പോർട്ടുകളിൽ ഗുണനിലവാരം ഉറപ്പാക്കാത്ത ഔഷധ നിർമ്മാതാക്കൾക്കും സ്ഥാപനങ്ങൾക്കുമെതിരെ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് 1940 & റൂൾസ് 1945 പ്രകാരം നിയമ നടപടിയും വകുപ്പുതല നടപടികളും സ്വീകരിക്കാറുണ്ട്.

കൂടാതെ പൊതുജനങ്ങൾക്കും നിർമ്മാതാക്കൾക്കും ആയുർവേദ, സിദ്ധ, യുനാനി മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് പരിശോധന നടത്തുന്നതിലേയ്ക്ക് ഏഴ് (7) ആയുഷ് അപ്രൂവ്ഡ് ലാബുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

## കേരള സാമൂഹ്യ സുരക്ഷാ മിഷനിലെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിയമനം

274 (296) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാമൂഹ്യ സുരക്ഷാമിഷനിൽ എക്സിക്യൂട്ടീവ് ഡയറക്ടറുടെ യോഗ്യതയും, നിയമനവും സംബന്ധിച്ച് ഏതെങ്കിലും പരാതി/കേസ് കേരള ലോകായുക്തയിൽ നിലനിൽക്കുന്നുണ്ടോ; എങ്കിൽ ഈ പരാതി/കേസ് സംബന്ധിച്ച് കേരള സാമൂഹ്യ സുരക്ഷാമിഷനിൽ ലോകായുക്ത അന്വേഷണം നടത്തിയിട്ടുണ്ടോ; പ്രസ്തുത കേസിൽ കേരള സാമൂഹ്യ സുരക്ഷാമിഷൻ ലോകായുക്തക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(ബി) കേരളാ സാമൂഹ്യ സുരക്ഷാ മിഷനിലെ പ്രോഗ്രാം കോർഡിനേറ്റർ തസ്തികയിലേക്ക് നിശ്ചയിച്ചിരിക്കുന്ന യോഗ്യതകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രോഗ്രാം കോർഡിനേറ്റർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. എസ്. ഷാജി എന്ന ഉദ്യോഗസ്ഥന് വേണ്ടി യോഗ്യതയും, പ്രായപരിധിയും ഇളവ് ചെയ്ത് നൽകിയിട്ടുള്ളത് സർക്കാർ അനുമതിയോടു കൂടിയാണോ; എങ്കിൽ ഇതിന്റെ രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കേരള സാമൂഹ്യ സുരക്ഷാ മിഷനിലെ വിവിധ തസ്തികകളിലേയ്ക്കുള്ള യോഗ്യതകൾ നിശ്ചയിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

(സി) പ്രോഗ്രാം കോർഡിനേറ്റർ തസ്തികയിൽ പത്രപ്പരസ്യം നൽകി അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നാണ് ശ്രീ. എസ്. ഷാജിയെ പ്രോഗ്രാം കോർഡിനേറ്ററായി കരാറടിസ്ഥാനത്തിൽ ആദ്യം നിയമിച്ചിട്ടുള്ളത്. 2016 ഫെബ്രുവരി മാസത്തിൽ കാലാവധി കഴിഞ്ഞതിനെ തുടർന്ന് 18-8-2016-ലെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ എ 1/3870/16/കെ.എസ്.എസ്.എം. നമ്പർ നടപടി ക്രമത്തിന്റെ

അടിസ്ഥാനത്തിൽ ശ്രീ. എസ്. ഷാജിയെ വീണ്ടും കരാർ വ്യവസ്ഥയിൽ നിയമിച്ചു. ടി നിയമനം 9-9-2016-ലെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഗവേണിംഗ് ബോഡി യോഗം അംഗീകരിക്കുകയും സർക്കാർ സാധൂകരിക്കുകയും ചെയ്തിട്ടുണ്ട്.

## വയോജനങ്ങളുടെ സംരക്ഷണവും വൃദ്ധ പരിചരണ കേന്ദ്രങ്ങളുടെ പ്രവർത്തനവും

275 (297) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർദ്ധക്യത്തിന്റെ അവശതകൾ അനുഭവിക്കുന്ന വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കുന്നതിനും അവർക്ക് തുണയാകേണ്ടതിനും പകരം അവരെ നടതള്ളുന്നതും വൃദ്ധസദനങ്ങളിലാക്കി കൈകഴുകുന്നതും വൃദ്ധസദനങ്ങൾക്ക് വേണ്ടുന്ന തുക നല്കാതെ അവരെ പുറംതള്ളുന്നതുമായ പ്രവണത സംസ്ഥാനത്താകമാനം ഉണ്ടായി വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ കുറ്റകൃത്യം/കൃത്യവിലോപം ചെയ്യപ്പെട്ട എത്ര കേസ്സുകൾ ഈ സർക്കാരിന്റെ കാലയളവിൽ രജിസ്റ്റർ ചെയ്തുവെന്നും ഇത്തരം കുറ്റകൃത്യങ്ങൾ കാണിക്കുന്ന മക്കൾ ഉൾപ്പെട്ട കുടുംബാംഗങ്ങൾക്ക് ശിക്ഷ ഉറപ്പാക്കുന്നതിനും തുടർ നടപടികൾക്കുമായി സർക്കാർ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) അണുകുടുംബ ഘടന, വയോജനങ്ങളുടെ ഉയർന്ന ജനസംഖ്യാനുപാതം, ആയൂർ ദൈർഘ്യവർദ്ധന തുടങ്ങി ഏതെല്ലാം ഘടകങ്ങൾ എപ്രകാരം പ്രസ്തുത പ്രവൃത്തികൾക്ക് കാരണമാകുന്നുവെന്നും ഇതിൽ നിന്നും വയോജനങ്ങൾക്ക് സംരക്ഷണം ഉറപ്പുവരുത്താനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ ഏതെല്ലാമെന്നും വിശദമാക്കാമോ ;

(ഡി) സംസ്ഥാനത്താകമാനം സർക്കാർ നിയന്ത്രണത്തിലുള്ള പരിചരണകേന്ദ്രങ്ങൾ എത്രയെന്ന വ്യക്തമാക്കാമോ;

(ഇ) സ്വകാര്യമേഖല/ചാരിറ്റബിൽ ഇൻസ്റ്റിറ്റ്യൂഷൻ/ മതകേന്ദ്രങ്ങൾ എന്നിവയുടെ കീഴിലുള്ള പരിചരണകേന്ദ്രങ്ങൾ എത്രയാണെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇവ എത്ര വീതമാണെന്ന വിഭാഗം തിരിച്ചും ഇവയുടെ പ്രവർത്തനങ്ങൾ എപ്രകാരമാണ് നിരീക്ഷിച്ചുവരുന്നതെന്നും വ്യക്തമാക്കുമോ;

(എഫ്) വൃദ്ധ പരിചരണ കേന്ദ്രങ്ങളുടെ മറവിൽ സംരക്ഷണം ഉറപ്പുപറഞ്ഞ് പണം തട്ടുന്ന പലകേന്ദ്രങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നത് സർക്കാർ പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുന്നതോടൊപ്പം ഇവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ജി) വയോജന സംരക്ഷണം ഔദാര്യമല്ല, കടമയാണ് എന്ന് ഉറപ്പുവരുത്തുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. എന്നാൽ സർക്കാർ ഉടമസ്ഥതയിലുള്ള വൃദ്ധസദനങ്ങളിലും സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന വൃദ്ധസദനങ്ങളിലും വൃദ്ധജനങ്ങളെ പ്രവേശിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും യാതൊരു തുകയും ആരിൽ നിന്നും ഈടാക്കി വരുന്നില്ല. പ്രസ്തുത വൃദ്ധസദനങ്ങളിൽ വയോജനങ്ങൾക്കുള്ള സേവനം തികച്ചും സൗജന്യമായാണ് നൽകിവരുന്നത്.

(ബി&സി) മാതാപിതാക്കളെ മക്കൾ സംരക്ഷിക്കാത്തതുമായി ബന്ധപ്പെട്ട കേസുകൾ, സംസ്ഥാനത്ത് വയോജന സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന 27 മെയിന്റനൻസ് ട്രൈബ്യൂണലുകൾ വഴിയാണ് കൈകാര്യം ചെയ്തുവരുന്നത്. ഇത്തരത്തിൽ 2016-17-ൽ 4767 കേസുകളും 2017-18-ൽ 3356 കേസുകളും 2018-19-ൽ 4300 കേസുകളും 2019 നവംബർ വരെ 3227 കേസുകളും ഉൾപ്പെടെ ആകെ 15650 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിന്മേൽ ആവശ്യമായ അന്വേഷണ വിചാരണ നടപടികൾക്കുശേഷം ഉചിതമായ ഉത്തരവുകൾ ട്രൈബ്യൂണലുകൾ പുറപ്പെടുവിക്കുകയും നടപ്പിലാക്കുകയും ചെയ്തുവരുന്നു. അപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ 11,005 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ ആഭ്യന്തര വകുപ്പുമുഖേനയും ആവശ്യമായ വയോജന സംരക്ഷണ നടപടികൾ സ്വീകരിക്കുവാൻ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമം സംബന്ധിച്ച നിയമപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) എറണാകുളത്ത് പ്രവർത്തിക്കുന്ന ഡിമെൻഷ്യാ കെയർ സെന്റർ ഉൾപ്പെടെ സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിൽ 16 വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടുകൂടി 619 സ്ഥാപനങ്ങൾ സ്വകാര്യ/NGO മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 172 സ്ഥാപനങ്ങൾ സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്നവയാണ്.

(ഇ) പരിശോധിച്ചിട്ടില്ല.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) മക്കൾ ഉൾപ്പെടെയുള്ള ബന്ധുക്കളുടെ പീഡനങ്ങൾക്ക് ഇരയാകുന്ന വൃദ്ധജനങ്ങൾക്ക് സംരക്ഷണം നൽകുന്നതിനും അവർക്ക് നീതി ഉറപ്പാക്കുന്നതിനും സാമൂഹ്യനീതി വകുപ്പ് നോഡൽ വകുപ്പായിക്കൊണ്ട് മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ 2007-ലെ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കിവരുന്നു. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള സംസ്ഥാന ചട്ടങ്ങൾ പ്രകാരം ഓരോ വകുപ്പും സ്വീകരിക്കേണ്ട നടപടികൾ നിർവചിച്ചു നൽകിയിട്ടുണ്ട്. വയോജന സംരക്ഷണ നിയമപ്രകാരം ലഭ്യമാകുന്ന പരാതികൾ റവന്യൂ ഡിവിഷണൽ ഓഫീസർമാർ പ്രിസൈഡിംഗ് ഓഫീസറായിട്ടുള്ള മെയിന്റനൻസ് ട്രൈബ്യൂണലുകളുടെ പരിഗണനയ്ക്ക് വരികയും പരാതി സംബന്ധിച്ച് അന്വേഷണ, വിചാരണ നടപടികളിലൂടെയും ഒത്തുതീർപ്പ് ചർച്ചകളിൽ താൽപര്യമുള്ളവർക്ക് കൺസീലിയേഷൻ ഉൾപ്പെടെയുള്ള വിവിധ നടപടിക്രമങ്ങളിലൂടെ ഉചിതമായ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. ഇത്തരത്തിൽ 27 ട്രൈബ്യൂണലുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. വയോജനങ്ങളെ സംരക്ഷിക്കാതെ ഉപേക്ഷിക്കുന്നവർക്കെതിരെ കേസ് ചുമത്താനും 3 മാസം വരെയുള്ള തടവിനോ 5,000 രൂപ പിഴയോ രണ്ടും കൂടിയോ ശിക്ഷ വിധിക്കാനും നിയമം അനുശാസിക്കുന്നുണ്ട്.

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് എല്ലാ മെയിന്റനൻസ് ട്രൈബ്യൂണലുകളിലും ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കുന്ന പദ്ധതി വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. ഇവരുടെ പ്രവർത്തനം കേസ് നടപടികൾ വേഗത്തിൽ തീർപ്പാക്കുന്നതിന് ട്രൈബ്യൂണലുകളെ സഹായിക്കുന്നു.

**കാഴ്ച പദ്ധതി**

276 (298) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഴ്ച പരിമിതിയുള്ളവർക്കായി സ്മാർട്ട് ഫോൺ വിതരണം ചെയ്യുന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) 'കാഴ്ച' പദ്ധതിയുടെ ഭാഗമായി എത്ര സ്മാർട്ട് ഫോണുകളാണ് ആദ്യഘട്ടം വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; സ്മാർട്ട് ഫോൺ വിതരണം ചെയ്യുന്നതിന് പ്രസ്തുത പദ്ധതി പ്രകാരമുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കാഴ്ച പദ്ധതിയുടെ ഭാഗമായി കാഴ്ച പരിമിതർക്ക് 1000 സ്മാർട്ട് ഫോണുകളാണ് വിതരണം നടത്തുവാൻ ഉദ്ദേശിക്കുന്നത്. സ്മാർട്ട് ഫോൺ വിതരണവും ആയതിന്റെ ഉപയോഗത്തിന്റെ ട്രെയിനിംഗും നൽകുന്ന പദ്ധതിയാണിത്. ടി പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ 120 കാഴ്ച പരിമിതർക്ക് സ്മാർട്ട് ഫോൺ വിതരണം ചെയ്യുകയും ആവശ്യമായ ട്രെയിനിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഫോൺ വിതരണവും ട്രെയിനിംഗും നൽകുന്നത് സംബന്ധിച്ച ഷെഡ്യൂൾ തയ്യാറാക്കി വരുന്നു.

കാഴ്ചപരിമിതർക്ക് സ്മാർട്ട് ഫോൺ വിതരണം ചെയ്യുന്നതിന് പ്രസ്തുത പദ്ധതി പ്രകാരമുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

i. 18 വയസ്സിന് മുകളിൽ പ്രായമുള്ള കേരളത്തിലെ സ്ഥിര താമസക്കാർ.

ii. 40 ശതമാനത്തിന് മുകളിൽ കാഴ്ച പരിമിതിയുള്ളവർ

iii. കഴിഞ്ഞ 6 വർഷത്തിനിടയിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നോ മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ നിന്നോ ലാപ്ടോപ്പ്/ഡെസ്ക്ടോപ്പ്, 5 വർഷത്തിനിടയിൽ മൊബൈൽ ഫോൺ/ടാബ്‌ലെറ്റ് എന്നിവയൊന്നും ലഭിച്ചിട്ടുള്ളയാൾ ആയിരിക്കരുത്.

iv. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷത്തിൽ താഴെയായിരിക്കണം.

v. വിദ്യാർത്ഥികൾ, ട്രാൻസ്ജെൻഡേഴ്സ്, സ്ത്രീകൾ എന്നിവർക്ക് മുൻഗണന

## ഒ.ബി.സി. വിഭാഗത്തിനുള്ള ആനുകൂല്യം

277 (299) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ കുടുംബനാഥൻ മരണപ്പെട്ടാൽ സാമൂഹ്യനീതി വകുപ്പിൽ നിന്നും ആനുകൂല്യം നൽകുന്ന പുതിയ പദ്ധതിയുടെ പേര് എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം അപേക്ഷകളിൽ എത്ര രൂപ വീതമാണ് ഒരു കുടുംബത്തിന് നൽകുന്നത്; വ്യക്തമാക്കുമോ;

(സി) അപേക്ഷയോടൊപ്പം എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടതെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കുടുംബനാഥൻ മരണപ്പെട്ടാൽ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് മാത്രമായി ആനുകൂല്യം നൽകുന്ന പദ്ധതികളൊന്നും സാമൂഹ്യനീതി വകുപ്പിൽ നിലവിലില്ല. എന്നാൽ അതീവ ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്ക് ഒറ്റത്തവണ ധനസഹായം നൽകുന്ന 'അതിജീവിക' എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അതിജീവിക പദ്ധതി പ്രകാരം ഒരാൾക്ക് പരമാവധി 50,000 രൂപ വരെയാണ് ധനസഹായം നൽകുന്നത്.

(സി) അതിജീവിക പദ്ധതി ധനസഹായത്തിനായി ചുവടെ ചേർക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

1. അപേക്ഷ ഫോറം (നിശ്ചിത മാതൃകയിലുള്ളത്)
2. തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് (ആധാർ/ഇലക്ഷൻ ഐ.ഡി.)
3. ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ്
4. വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്
5. സർക്കാർതലത്തിൽ ധനസഹായം (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി) ലഭിച്ചിട്ടില്ലായെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം.
6. നിലവിലെ ജീവിതാവസ്ഥ സംബന്ധിച്ച് വെള്ളപേപ്പറിൽ തയ്യാറാക്കിയ റിപ്പോർട്ട്.
7. റേഷൻ കാർഡിന്റെ പകർപ്പ്
8. വയസ്സ് തെളിയിക്കുന്നതിനുള്ള രേഖ (സ്കൂൾ സർട്ടിഫിക്കറ്റ്/ആധാർ/ഇലക്ഷൻ ഐ.ഡി. എന്നിവയിൽ ഒന്നിന്റെ പകർപ്പ്)

**ക്ഷേമ പദ്ധതികൾ**

278 (300) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മാർച്ച് മാസത്തിൽ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ക്ഷേമ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ക്ഷേമപദ്ധതികൾ പ്രകാരം ഏതെല്ലാം വിഭാഗങ്ങൾക്ക് ഏതെല്ലാം ആനുകൂല്യങ്ങളാണ് നൽകിയതെന്നും അതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ;

(സി) പ്രസ്തുത ക്ഷേമ പദ്ധതികൾക്ക് ആവശ്യമായ തുക എത്രയായിരുന്നു എന്നും അത് ഏത് ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കിയതെന്നും വ്യക്തമാക്കാമോ;

(ഡി) 2020 ജനുവരി മാസത്തിൽ സംസ്ഥാനത്ത് നിലവിലുള്ള ക്ഷേമ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ ക്ഷേമ പദ്ധതികൾ പ്രകാരം ഏതെല്ലാം വിഭാഗങ്ങൾക്ക് ഏതെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് അറിയിക്കുമോ;

(എഫ്) പ്രസ്തുത ക്ഷേമ പദ്ധതികൾക്ക് ആവശ്യമായ തുക എത്രയാണെന്നും ഏത് ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കിവരുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-എഫ്) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**സംയോജിത ശിശുവികസന പദ്ധതിയുടെ ഭാഗമായുള്ള സർവ്വേ**

279 (301) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എം. സി. കമറുദ്ദീൻ:
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത ശിശുവികസന പദ്ധതിയുടെ ഭാഗമായുള്ള സർവ്വേയിൽ ജാതി-മത വിവരങ്ങൾ ശേഖരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ജനങ്ങൾക്കുണ്ടായിരിക്കുന്ന ആശങ്കകൾ ഇല്ലാതാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) എല്ലാ വർഷവും ഈ വിവരങ്ങളെല്ലാം വാർഷിക സർവ്വേയുടെ ഭാഗമായി അങ്കണവാടി വർക്കർമാർ ശേഖരിച്ചുവയ്ക്കുന്നുണ്ട്. ഈ വിവരങ്ങളാണ് സർക്കാരിന്റെ പല വകുപ്പുകൾക്കും ലഭ്യമാകുന്നതും. സമ്പുഷ്ട കേരളം പദ്ധതിയുടെ ഭാഗമായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അങ്കണവാടി വർക്കർമാർക്ക് സ്മാർട്ട് ഫോൺ അനുവദിക്കുകയും ഇത്തവണത്തെ വാർഷിക സർവ്വേ വിവരശേഖരണം സ്മാർട്ട് ഫോണിലെ പ്രത്യേക ആപ്ലിക്കേഷനിലൂടെയാണ് (ICDS-CAS) നടത്തുന്നത്. വാർഷിക സർവ്വേയിൽ ഈ സർക്കാർ കൂടുതലായി ചോദ്യങ്ങൾ ഒന്നുംതന്നെ ചേർത്തിട്ടില്ല.

(ബി) പത്രമാധ്യമങ്ങളിൽ കൂടിയും നവമാധ്യമങ്ങളിൽ കൂടിയും ഇതിനെക്കുറിച്ചുള്ള വിശദീകരണം സർക്കാർ നൽകിയിട്ടുണ്ട്. കേരളത്തിലെ ഏറ്റവും പ്രചാരം കൂടിയ മൂന്ന് പത്രങ്ങളിൽ കൂടിയും സർവ്വേ സംബന്ധമായ വിശദീകരണം സർക്കാർ നൽകിയിട്ടുണ്ട്.

## സാന്ത്വന ചികിത്സാ നയം

280 (302) ശ്രീ. സി. ദിവാകരൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗംമൂലമോ അപകടം മൂലമോ സ്ഥിരം കിടപ്പുരോഗികളായവർക്ക് വേണ്ടി സാന്ത്വന ചികിത്സാ നയം നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) ചികിത്സയും സ്നേഹപൂർവ്വമായ പരിചരണവും മറ്റാരേക്കാളും ആവശ്യമായ കിടപ്പു രോഗികൾക്ക് ഗുണമേന്മയുള്ള ജീവിതസാഹചര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) കിടപ്പുരോഗികളുടെ ചികിത്സയും പരിചരണവും ഏറ്റെടുക്കാൻ മുന്നോട്ടുവരുന്ന സ്വകാര്യ സന്നദ്ധസംഘടനകളെ കൂടി പങ്കെടുപ്പിച്ചുകൊണ്ട് സാന്ത്വന ചികിത്സാരംഗം വിപുലവും പ്രയോജനപ്രദവും ആക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വീട്ടിൽ സഹായത്തിന് ആരുമില്ലാതെ അവശത അനുഭവിക്കുന്ന കിടപ്പുരോഗികൾക്ക് പ്രത്യേകിച്ചും പാവപ്പെട്ട കുടുംബങ്ങളിലെ അംഗങ്ങൾക്ക് ആവശ്യമായ മരുന്നുകൾ മുടങ്ങാതെ വീട്ടിലെത്തിക്കുന്നതിന് സൗകര്യം ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) രോഗംമൂലവും അപകടംമൂലവും സ്ഥിരം കിടപ്പിലായവർക്കുവേണ്ടി കേരള പാലിയേറ്റീവ് പരിചരണ നയം നിലവിലുണ്ട്. നയത്തിനനുസരിച്ച് എല്ലാ തലങ്ങളിലും സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ നടക്കുന്ന സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്.

(ബി) ചികിത്സയും സ്നേഹപൂർണ്ണമായ പരിചരണവും ആവശ്യമായ കിടപ്പുരോഗികൾക്ക് നല്ല ജീവിതസാഹചര്യങ്ങൾ ഉറപ്പുവരുത്തുന്നതിനയി മെഡിക്കൽ കോളേജ് തലത്തിലും ആയുർവേദ-ഹോമിയോ തലങ്ങളിലും പ്രവർത്തനം നടന്നുവരികയാണ്. സാന്ത്വന പരിചരണ പദ്ധതി 'സമഗ്ര പാലിയേറ്റീവ് വയോജന പദ്ധതി'യായി മാറ്റുന്നതിലൂടെ ക്യാമ്പസ് പാലിയേറ്റീവ് പ്രവർത്തനങ്ങളും പരിശീലന കേന്ദ്രങ്ങളുടെ ശാക്തീകരണം, പുനരധിവാസ പ്രവർത്തനങ്ങൾ കെയർഹോമുകളുടെ വിപുലീകരണം എന്നിവയും ചിട്ടയായി നടപ്പിലാക്കിവരുന്നു. ഇങ്ങനെ ദീർഘകാല പ്രയാസങ്ങൾ അനുഭവിക്കുന്ന രോഗികൾക്കുവേണ്ടി എല്ലാ തലങ്ങളിലും ചിട്ടയായ പാലിയേറ്റീവ് പ്രവർത്തനം നടക്കുന്ന സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) കിടപ്പുരോഗികളുടെ ചികിത്സയും പരിചരണവും ഏറ്റെടുക്കുന്നതിന് മുന്നോട്ടുവരുന്ന സന്നദ്ധ സംഘടനകൾക്ക് സംസ്ഥാനതലത്തിൽ രജിസ്ട്രേഷനും സൗജന്യ പരിശീലനവും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതിയ നയത്തിന്റെ ഭാഗമായി ഓരോ ജില്ലയിലും 500-1000 സന്നദ്ധ പ്രവർത്തകർക്ക് പുതുതായി പരിശീലനം നൽകുന്നു. പുനരധിവാസം ആവശ്യമായി വരുന്നവർക്കുവേണ്ടി പ്രത്യേക പരിശീലന പദ്ധതിയും അവർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുള്ള പ്രത്യേക ബ്രാന്റും കേന്ദ്രീകൃത സംവിധാനവും നടപ്പിലാക്കിവരുന്നു.

(ഡി) ഇത്തരം രോഗികൾക്ക് ഹോം കെയർ ടീമിന്റെ ഭാഗമായി എല്ലാ സൗകര്യങ്ങളും വീട്ടിലെത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**മിശ്രവിവാഹിതർക്കായുള്ള ധനസഹായം**

281 (303) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹിതർക്കായുള്ള ധനസഹായത്തിനായി കോട്ടയം ജില്ലയിലെ എത്ര അപേക്ഷകൾ സാമൂഹ്യനീതി വകുപ്പിന്റെ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിലെ എത്ര അപേക്ഷകൾ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ പരിഗണനയിലുണ്ടെന്ന് അറിയിക്കുമോ;

(സി) ഇത്തരം അപേക്ഷകളിൽ തീരുമാനമെടുക്കാനുണ്ടാകുന്ന കാലതാമസം ഒഴിവാക്കി ധനസഹായം എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 136 അപേക്ഷകൾ

(ബി) ഇതുമായി ബന്ധപ്പെട്ട അപേക്ഷകൾ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ സ്വീകരിക്കുകയോ നേരിട്ട് ധനസഹായം അനുവദിക്കുകയോ ചെയ്യുന്നില്ല. അപേക്ഷകൾ അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ സ്വീകരിച്ച് അർഹതാ വിധേയമായി കർശനമായ മുൻഗണനാക്രമം പാലിച്ചുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി ധനസഹായം വിതരണം ചെയ്തുവരുന്നു. ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ നിന്ന് ലഭ്യമാക്കുന്ന അപേക്ഷകരുടെ എണ്ണത്തിനനുസരിച്ച് സംസ്ഥാനാടിസ്ഥാനത്തിൽ വർഷം തിരിച്ച് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ബ്ലോക്ക് എന്നിവയ്ക്കായി മുൻഗണനാ ക്രമത്തിൽ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നിന്നും ജില്ലകൾക്ക് തുക അനുവദിച്ച് നൽകുന്നു.

(സി) നടപ്പ് സാമ്പത്തിക വർഷം മിശ്രവിവാഹ ധനസഹായം വിതരണം ചെയ്യുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 2019-20 വർഷത്തെ ധനസഹായം അപേക്ഷകരുടെ മുൻഗണനാക്രമം പാലിച്ച് വിതരണം ചെയ്തുകഴിഞ്ഞപ്പോൾ കോർപ്പറേഷൻ മേഖലയിൽ 2014-15, 2015-16 വർഷങ്ങളിലെ മുഴുവൻ അപേക്ഷകർക്കും 2016-17 വർഷത്തെ 28 ശതമാനം അപേക്ഷകർക്കും ധനസഹായം നൽകുവാനും മുനിസിപ്പാലിറ്റി മേഖലയിൽ 2014-15, 2015-16, 2016-17 വർഷങ്ങളിലെ മുഴുവൻ അപേക്ഷകർക്കും 2017-18-ലെ 2 അപേക്ഷകർക്കും ധനസഹായം നൽകുവാനും ബ്ലോക്ക് ലെവലിൽ 2014-15 വർഷത്തെ മുഴുവൻ അപേക്ഷകർക്കും 2015-16 വർഷത്തെ 64 ശതമാനം അപേക്ഷകർക്കും ധനസഹായം നൽകുവാനും കഴിഞ്ഞിട്ടുണ്ട്.

## പൊതുയിടങ്ങളിൽ രാത്രികാലങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷ

282 (304) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരത്തിലെ പൊതു ഇടങ്ങൾ രാത്രികാലങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷിതമല്ലാത്ത സ്ഥിതിവിശേഷം സംജാതമായിട്ടുണ്ടോ;

(ബി) പൊതു ഇടം എന്റേതുമെന്ന പേരിൽ സംസ്ഥാന സർക്കാർ സ്ത്രീകളുടെ രാത്രിയാത്ര വിവിധ നഗരങ്ങളിൽ സംഘടിപ്പിച്ചിരുന്നോ; അതിന്റെ ഉദ്ദേശമെന്തായിരുന്നു; വ്യക്തമാക്കുമോ;

(സി) പ്രസ്തുത രാത്രി യാത്ര സംഘടിപ്പിച്ച് ആഴ്ചകൾ കഴിയുന്നതിന് മുമ്പ് ശംഖുമുഖം കടൽത്തീരത്ത് വച്ച് ഒരു യുവതിക്ക് സദാചാര ഗുണ്ടകളിൽ നിന്നും ആക്രമണം നേരിടേണ്ടി വന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഡി) പ്രസ്തുത സദാചാര ഗുണ്ടകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. ചില ഒറ്റപ്പെട്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) പൊതുയിടം എന്റേതുമെന്ന പേരിൽ സംസ്ഥാന സർക്കാർ സ്ത്രീകളുടെ രാത്രിയാത്ര വിവിധ നഗരങ്ങളിൽ സംഘടിപ്പിച്ചിരുന്നു. അടിയന്തരഘട്ടങ്ങളിൽ ഭയമില്ലാതെ രാത്രിയാത്ര നടത്തുവാനായി സ്ത്രീകളെ പ്രാപ്തരാക്കുക എന്നതായിരുന്നു ഉദ്ദേശ്യം.

(സി) ഉണ്ട്.

(ഡി) 11-1-2020-ന് 23.45-ന് ശംഖുമുഖം ബീച്ച് ഭാഗത്തുവച്ച് യുവതിയെ ശല്യപ്പെടുത്തിയതിന് ടിയാളുടെ മൊഴിയുടെ അടിസ്ഥാനത്തിൽ വലിയതുറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 64/2020 u/s.294(b), 323, 509, 354, 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസിലെ മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്യുകയും ബഹുമാനപ്പെട്ട കോടതി മുമ്പാകെ ഹാജരാക്കിയതിനെ തുടർന്ന് 5 പ്രതികളെ കോടതി റിമാന്റ് ചെയ്തിട്ടുള്ളതുമാണ്.

**യാത്രക്കാരായ സ്ത്രീകൾക്കുള്ള ഫ്രെഷ് അപ് സെന്ററുകൾ**

283 (305) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദൂരയാത്ര ചെയ്യുന്ന സ്ത്രീകൾക്ക് ശുചിമുറിയും വിശ്രമസ്ഥലവും ലഭ്യമാക്കുന്നതിനായി ഫ്രഷ്-അപ്പ് സെന്ററുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് അവ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ സെന്ററുകളിൽ ലഭ്യമാക്കുന്നത് എന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ ഫ്രെഷ്-അപ് സെന്ററുകൾ സ്ഥാപിക്കുന്നതിന് കേരള വനിതാ വികസന കോർപ്പറേഷന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരിയിലും

എറണാകുളം ജില്ലയിലെ അങ്കമാലിയിലുമാണ് ഫ്രെഷ് അപ് സെന്ററുകൾ നിർമ്മിക്കാൻ കോർപ്പറേഷൻ ഉദ്ദേശിക്കുന്നത്.

(ബി) ഫ്രെഷ്-അപ് സെന്ററുകളിൽ ശൗചാലയങ്ങൾ (പ്രായമായവർക്കും ഭിന്നശേഷിക്കാർക്കും സൗകര്യപ്രദമായ രീതിയിൽ സജ്ജീകരിച്ചിട്ടുള്ളവ), അമ്മമാർക്ക് മുലയൂട്ടൽ മുറി, നാപ്കിൻ ഡിസ്പോസർ, സ്നാക്ക് ബാർ തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

## വനിതകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾക്കെതിരായ ബോധവത്കരണ പദ്ധതികൾ

284 (306) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതകളുടേയും കുട്ടികളുടേയും നേരെയുള്ള അതിക്രമങ്ങളും ചൂഷണങ്ങളും അവസാനിപ്പിക്കുന്നതിനായി സർക്കാർ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് പുതിയതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന ബോധവൽക്കരണ പദ്ധതികളുടെ വിശദാംശം അറിയിക്കാമോ?

### ഉത്തരം

(എ) വനിതകൾക്കും ശിശുക്കൾക്കും നേർക്ക് വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിന് വകുപ്പ് തലത്തിൽ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. Sexual Harassment of Women at Work Place (Prevention, Prohibition and Redressel) act 2013 നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസി എന്ന നിലയിൽ സംസ്ഥാനത്തെ 50 വകുപ്പുകളിലെ ഇന്റേണൽ കമ്മിറ്റി പ്രിസൈഡിംഗ് ഓഫീസർമാർക്ക് 01-08-2019-ന് തിരുവനന്തപുരത്തുവച്ച് ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചുവരുന്നു. ഈ ആക്ട് സംബന്ധിച്ച സ്റ്റാറ്റ്യൂട്ടറി കമ്മിറ്റി എല്ലാ തൊഴിൽ സ്ഥാപനങ്ങളിലും രൂപീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിനും അതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിനും എല്ലാ ജില്ലാ വനിത-ശിശു വികസന ഓഫീസുകളിലും ഒരു സോഷ്യൽ വർക്കറെ ആറ് മാസക്കാലയളവിലേയ്ക്ക് നിയമിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാകുകയും ആയതനുസരിച്ച് എൻ.ജി.ഒ.-കളിൽ നിന്നും EOI ക്ഷണിച്ച് സോഷ്യൽ വർക്കറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി അവബോധം സൃഷ്ടിക്കുന്നതിന് ഐ.ഇ.സി. പദ്ധതിയുടെ ഭാഗമായി സ്കൂളുകൾ, അങ്കണവാടികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പോസ്റ്റർ പതിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

3. വകുപ്പ് നടപ്പിലാക്കിവരുന്ന സ്ത്രീ ശാക്തീകരണ പരിപാടിയായ 'സധൈര്യം മുന്നോട്ട്' പരിപാടിയുടെ ഭാഗമായി വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. ഭരണഘടനയുടെ മൗലിക അവകാശങ്ങൾ സംബന്ധിച്ച് ബോധവൽക്കരണം, പെൺകുട്ടികൾക്ക് സ്വയംരക്ഷാ പരിശീലനം, സ്കൂൾതലം മുതൽ ഡിഗ്രിതലം വരെയുള്ള വിദ്യാർത്ഥികൾക്കായി ലിംഗസമത്വം നടപ്പിൽ വരുത്തുന്നതിന് അവയർനെസ് പ്രോഗ്രാമുകൾ മുതലായവ നടപ്പിലാക്കിയിരുന്നു.

4. സ്ത്രീകൾക്ക് രാത്രിയിൽ ഒറ്റയ്ക്ക് നടക്കാൻ കഴിയാത്തവിധത്തിലുള്ള സാമൂഹ്യ സാഹചര്യം മാറ്റിയെടുക്കുന്നതിലേയ്ക്കായി രാത്രിനടത്തം പോലുള്ള പ്രചാരണ പ്രവർത്തനങ്ങൾ വിപുലമാക്കുവാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. 'പൊതുയിടം എന്റേതും' എന്ന പേരിൽ എല്ലാ ജില്ലകളിലും രാത്രിയാത്രകൾ സംഘടിപ്പിച്ചിട്ടുണ്ട്. തുടർന്നും പഞ്ചായത്ത്, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ മുൻകൂട്ടി അറിയിക്കാതെയുള്ള രാത്രി യാത്രകൾ സംഘടിപ്പിച്ചുവരുന്നു.

5. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ കൂടുതലും സ്വന്തം കുടുംബങ്ങളിൽ നിന്നും ആയതിനാൽ കുട്ടികളുടെ സംരക്ഷണം ഉത്തരവാദിത്വ രക്ഷകർതൃത്വം എന്നിവയിൽ മാതാപിതാക്കളെ ബോധവൽക്കരിക്കുന്നതിനും കുട്ടികളുടെ അവകാശ സംരക്ഷണത്തിന്റെ പ്രാധാന്യം ഉറപ്പാക്കുന്നതിനുമായി വനിത-ശിശു വികസന വകുപ്പ്, മറ്റ് വകുപ്പുകൾ, സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, പൊതുസമൂഹം എന്നിവരെ ഉൾപ്പെടുത്തി 'കരുതൽ സ്പർശം കൈകോർക്കാം കുട്ടികൾക്കായി' എന്ന പദ്ധതി 2019-ൽ ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായി ആരംഭിച്ചു. 'കരുതൽ സ്പർശം കൈകോർക്കാം കുട്ടികൾക്കായി' എന്ന ക്യാമ്പയിനിന്റെ ഭാഗമായി കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് 'റെസ്പോൺസിബിൾ പേരന്റിംഗ്', കുട്ടികളുടെ അവകാശ സംരക്ഷണം എന്നിവ സംബന്ധിച്ച് സംസ്ഥാന വ്യാപകമായി ബോധവൽക്കരണ പരിപാടികൾ നടത്തിയിരുന്നു. ടി ക്യാമ്പയിനുമായി ബന്ധപ്പെട്ട് 2019 മേയ് 29-ന് റെസ്പോൺസിബിൾ പേരന്റിംഗിനെ സംബന്ധിച്ച് തൽസമയ ബോധവൽക്കരണ പരിപാടി കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ സംപ്രേക്ഷണം ചെയ്തിരുന്നു.

(ബി)

1. സ്കൂളുകൾ കേന്ദ്രീകരിച്ച് കുട്ടികൾക്കായി POCSO Act സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

2. ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ പഞ്ചായത്ത്, ബ്ലോക്ക് ജില്ലാതലങ്ങളിൽ ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

3. സംസ്ഥാനത്ത് 28 ഫാസ്റ്റ് ട്രാക്ക് POCSO കോടതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

4. പ്രിവൻഷൻ ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാനതല പരിശീലനത്തിന്റെ തുടർച്ച എന്ന നിലയിൽ ജില്ലാതലത്തിലും പഞ്ചായത്ത് തലത്തിലും പരിശീലനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

**നിയമപരമായല്ലാതെ കല്യാണം കഴിച്ച് ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ**

285 (307) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമപരമായല്ലാതെ കല്യാണം കഴിച്ച് ഉപേക്ഷിക്കപ്പെട്ട സ്ത്രീകളുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവരുടെ പുനരധിവാസത്തിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായി ആലോചിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

**മാനസിക വൈകല്യം അനുഭവിക്കുന്നവർക്കായുള്ള പദ്ധതികൾ**

286 (308) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക രോഗമനുഭവിക്കുന്നവർക്കായി കൗൺസിലിംഗ് നടത്തുന്നതിന് സാമൂഹ്യനീതി വകുപ്പ് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മാനസിക സമ്മർദ്ദത്തിന്റെ ഭാഗമായി വിഷാദരോഗം, ആത്മഹത്യാ പ്രവണത, പെരുമാറ്റ വൈകല്യങ്ങൾ എന്നിവ കണ്ടെത്താൻ അംഗൻവാടി വർക്കർമാരുടെ സർവ്വേയിൽ സംവിധാനമുണ്ടോ;

(സി) ഇത്തരം വൈകല്യങ്ങൾ ഉള്ളവർക്ക് ആശ്വാസമേകാൻ എന്തു പദ്ധതിയാണ് നടപ്പിലാക്കുന്നത്; എങ്കിൽ ഇത് വിജയകരമാണോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മാനസികരോഗം അനുഭവിക്കുന്നവർക്കായി കൗൺസിലിംഗ് നടത്തുന്നതിന് സാമൂഹ്യനീതി വകുപ്പ്, നിലവിൽ സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സ്കീം പ്രകാരം സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകൾക്ക് ഒരു സൈക്യാട്രിസ്റ്റിന്റെയും സൈക്യാട്രിക് സോഷ്യൽ വർക്കറുടെയും സേവനം ലഭ്യമാക്കുന്നുണ്ട്. ഇത്തരത്തിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള 126 സൈക്കോ സോഷ്യൽ സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. കൂടാതെ ആരും ഏറ്റെടുക്കാനില്ലാത്ത മാനസികരോഗം ഭേദമായവരെയും രോഗം നിയന്ത്രണ വിധേയമായവരെയും വകുപ്പിന്റെ കീഴിലുള്ള 6 ആശാഭവനങ്ങളിൽ താമസിപ്പിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിലെ താമസക്കാർക്കും കൗൺസിലിംഗ്, മറ്റ് തെറാപ്പി സേവനങ്ങൾ എന്നിവ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ ചികിത്സയിൽ കഴിയുന്നവർക്ക് ചികിത്സയുടെ ഭാഗമായി നിശ്ചിത സമയങ്ങളിൽ രോഗിയുടെ കുടുംബാംഗങ്ങൾക്കുകൂടി താമസിക്കുവാൻ സൗകര്യം ചെയ്യുന്നതിനായി 'ഫാമിലി ഷോർട്ട് സ്റ്റേ ഹോം' കേരള സാമൂഹ്യസുരക്ഷാ മിഷൻ വഴി നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ ആരോഗ്യ വകുപ്പിൻകീഴിലുള്ള സമ്പൂർണ്ണ മാനസികാരോഗ്യ പരിപാടി വഴി മാനസിക പ്രശ്നങ്ങളും വൈകല്യങ്ങളും ഉള്ളവരെ കണ്ടെത്തി പുനരധിവാസം ഉൾപ്പെടെയുള്ള ചികിത്സ അതത് പ്രദേശങ്ങളിൽ തന്നെ ലഭ്യമാക്കുന്നു. അടുത്ത സാമ്പത്തിക വർഷത്തോടുകൂടി സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതി സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്. കൂടാതെ സംസ്ഥാനത്തെ 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 'ആശ്വാസം' എന്ന പേരിൽ വിഷാദരോഗ ക്ലിനിക്കുകളും ആത്മഹത്യാനിരക്ക് കുറയ്ക്കുന്നത് ലക്ഷ്യമാക്കി ആത്മഹത്യാ പ്രതിരോധ പദ്ധതിയും വിജയകരമായി നടപ്പിലാക്കി വരുന്നു.

## അങ്കണവാടി കെട്ടിടങ്ങളുടെ പുനർ നിർമ്മാണം

287 (309) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ മഹാപ്രളയത്തെത്തുടർന്ന് ദുർബലമായ അങ്കണവാടി കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിന് എന്തെങ്കിലും പ്രത്യേകപദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പത്തനംതിട്ട ജില്ലയിലെ അയിരൂർ പഞ്ചായത്തിലെ പ്രളയത്തിൽ അകപ്പെട്ട 70-ാം നമ്പർ അംഗനവാടി കെട്ടിടത്തിന് ബലക്ഷയം ഉണ്ടായതിനെത്തുടർന്ന് വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എന്നിട്ടും പ്രളയബാധിത അങ്കണവാടികൾക്ക് പുതിയകെട്ടിടം നിർമ്മിക്കുന്ന പദ്ധതിയിൽ ഈ അങ്കണവാടി ഉൾപ്പെടുത്താതെ പോയതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ടനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. 2018-ലെ മഹാപ്രളയത്തെ തുടർന്ന് ദുർബലമായ അങ്കണവാടി കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം 4235-02-102-86 പ്ലാൻ എന്ന ശീർഷകത്തിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക വിനിയോഗിച്ച് സ്മാർട്ട് അങ്കണവാടി മാതൃകയിൽ 9 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) പത്തനംതിട്ട ജില്ലയിലെ അയിരൂർ പഞ്ചായത്തിലെ 70-ാം നമ്പർ അങ്കണവാടി കെട്ടിടത്തിന് പ്രളയത്തിൽ ബലക്ഷയം സംഭിച്ചിട്ടില്ല. എന്നാൽ ഏകദേശം 40 വർഷത്തോളം പഴക്കമുള്ള ടി അങ്കണവാടി കെട്ടിടം കാലപ്പഴക്കത്തെ തുടർന്ന് ബലക്ഷയം നേരിട്ടതിനാൽ അങ്കണവാടി പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുന്നു.

(ഡി) 2020-21 സാമ്പത്തിക വർഷത്തെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ടി അങ്കണവാടി കെട്ടിടം പുനർനിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നതാണ്.

**അങ്കണവാടികൾ**

288 (310) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അങ്കണവാടികളുടെ പ്രവർത്തനം പഠിക്കുന്നതിനും കാലോചിതമായ പരിഷ്ക്കരണത്തോടെ മികച്ച പരിചരണം കുട്ടികൾക്ക് ലഭിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ ;

(ബി) ഹൈ-ടെക് അങ്കണവാടികൾ മുഖേന കുട്ടികൾക്കും ജീവനക്കാർക്കും എന്തെല്ലാം സൗകര്യങ്ങൾ പുതിയതായി ലഭിക്കുമെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് എത്ര അങ്കണവാടികളെ ഹൈ-ടെക് ആക്കുന്നതിനുള്ള നടപടികളാണ് നടന്നുവരുന്നതെന്നും ഇതിനായി 2019-20-ലെ ബഡ്ജറ്റിൽ എത്ര തുക മാറ്റി വച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ)

1. അങ്കണവാടികളുടെ ഭൗതിക സാഹചര്യവും കരിക്കുലവും പരിഷ്ക്കരിച്ച് കുട്ടികളുടെ ശാരീരികവും മാനസികവുമായ ബുദ്ധിവികാസത്തിന് ഊന്നൽനൽകി പരമ്പരാഗത രിതിയിൽ നിന്ന് വ്യതിചലിച്ച് ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

2. സംസ്ഥാനത്തെ അങ്കണവാടികളിലെ കുട്ടികളുടെ പരിചരണവും വിദ്യാഭ്യാസവും ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര സർക്കാർ രൂപം നൽകിയ കേന്ദ്ര Early childhood Care and Education (ECCE) കൗൺസിലിന്റെ മാതൃകയിൽ സ്റ്റേറ്റ് Early Childhood Care and Education (ECCE) കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

3. ഗോത്രവർഗ്ഗ മേഖലയിലെ അങ്കണവാടികളിലെ കുട്ടികളുടെ പഠനത്തിനുള്ള ഭാഷാപരമായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി നാഷണൽ Early childhood Care and Education (ECCE) പോളിസി രൂപം നൽകിയ തീമുകളെ അടിസ്ഥാനമാക്കി ചിത്രപാഠാവലി തയ്യാറാക്കിയിട്ടുണ്ട്. ഭാഷാ ന്യൂനപക്ഷ മേഖലയിലെ അങ്കണവാടികളിലെ കുട്ടികളുടെ പഠനസൗകര്യത്തിനായി പഠന സഹായികൾ കന്നട, തമിഴ് ഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്തിട്ടുണ്ട്.

(ബി) അങ്കണവാടികൾ ഹൈടെക് ആക്കി മാറ്റുന്നതിന്റെ ഭാഗമായുള്ള സ്മാർട്ട് അങ്കണവാടികൾ മുഖേന കുട്ടികൾക്കും ജീവനക്കാർക്കുമായി Class Room, Out door play area, Indoor play area, kitchen, creative zone, Dining area, Wash rooms for adult and kids separately, Swimming pool എന്നീ സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്.

(സി) സംസ്ഥാനത്ത് ഒരു സ്മാർട്ട് അങ്കണവാടി കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 13 സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. ഇതിനായി 2019-20-ലെ ബഡ്ജറ്റിൽ പ്രത്യേകമായി തുക മാറ്റിവച്ചിട്ടില്ല.

**ഹൈടെക് അങ്കണവാടി**

289 (311) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈടെക് അങ്കണവാടി നടപ്പിലാക്കുന്നതിന് സ്വന്തമായി എത്ര സെന്റ് സ്ഥലമാണ് അങ്കണവാടിക്കായി ഉണ്ടായിരിക്കേണ്ടത്; വ്യക്തമാക്കുമോ;

(ബി) ഹൈടെക് അങ്കണവാടികൾക്കുവേണ്ടി എത്ര രൂപ വീതമാണ് സർക്കാരും ജനപ്രതിനിധികളും വിഹിതമായി കണ്ടെത്തേണ്ടത്;വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് അങ്കണവാടികൾ ഹൈടെക് ആക്കി മാറ്റുന്നതിന്റെ ഭാഗമായുള്ള സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കാൻ മിനിമം 10 സെന്റ് സ്ഥലമെങ്കിലും ആവശ്യമുണ്ട്. എങ്കിലും സ്ഥലലഭ്യതയില്ലാത്തതിനാൽ സ്മാർട്ട് അങ്കണവാടി നടപ്പിലാക്കുന്നതിനായി അർബൻ ഏരിയായിൽ മിനിമം 1.25 സെന്റും റൂറൽ ഏരിയായിൽ മിനിമം 3 സെന്റ് സ്ഥലവും ഉണ്ടായിരിക്കണം. 1.25, 3, 5, 7.5, 10 സെന്റ് എന്നിങ്ങനെ സ്ഥലത്തിന്റെ വിസ്തൃതിയനുസരിച്ച് സ്മാർട്ട് അങ്കണവാടി നിർമ്മിക്കുന്നതിനാണ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്.

(ബി) സ്മാർട്ട് അങ്കണവാടികൾക്കുവേണ്ടി സർക്കാർ വിഹിതത്തിനു പുറമേയുള്ള തുക അതാത് പഞ്ചായത്ത് വിഹിതമായോ എം.എൽ.എ. വിഹിതമായോ കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവന ചെയ്യുന്നത്. കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിന് ആനുപാതികമായി വകുപ്പ് വിഹിതവും എം.എൽ.എ./പഞ്ചായത്ത് വിഹിതവും നിശ്ചയിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഓട്ടിസം ചികിത്സാ കേന്ദ്രങ്ങൾ

290 (312) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഓട്ടിസം ചികിത്സാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് പ്രസ്തുത കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്; വിശദമാക്കാമോ;

(സി) പ്രസ്തുത ചികിത്സാ കേന്ദ്രങ്ങളിൽ യോഗ്യരായ ഒക്കുപേഷണൽ തെറാപ്പിസ്റ്റുകളെ നിയമിക്കാത്തതു കാരണം കുട്ടികൾക്ക് ആവശ്യമായ ചികിത്സ ലഭിക്കുന്നില്ലായെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത കേന്ദ്രങ്ങളിൽ യോഗ്യരായ ഒക്കുപേഷണൽ തെറാപ്പിസ്റ്റുകളെ നിയമിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ കൊല്ലം ജില്ലയിലെ ഗവൺമെന്റ് വിക്ടോറിയ ആശുപത്രിയിലും എറണാകുളം ജില്ലയിൽ ജനറൽ ആശുപത്രിയിലും കോട്ടയം ജില്ലയിൽ മെഡിക്കൽ കോളേജ് ഐ.സി.എച്ച്., ഡി.ഇ.ഐ.സി.-യിലും കോട്ടയം ജനറൽ ആശുപത്രി ഡി.ഇ.ഐ.സി.-യിലും ഓട്ടിസം ചികിത്സാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. വയനാട് കൽപ്പറ്റയിൽ ഡി.ഇ.ഐ.സി. മുഖാന്തരം ഓട്ടിസം ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. തൃശ്ശൂർ ജില്ലയിൽ എൻ.എച്ച്.എം.ന കീഴിലുള്ള ഡി.ഇ.ഐ.സി., ഇരിങ്ങാലക്കുടയിലുള്ള എൻ.ഐ.പി.എം.ആർ. എന്നിവിടങ്ങളിൽ ഓട്ടിസം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എറണാകുളം ജില്ലയിൽ 15 സ്വകാര്യ സ്ഥാപനങ്ങളിലും ഓട്ടിസം ചികിത്സാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

മെഡിക്കൽ വിദ്യാഭ്യാസവകുപ്പിന് കീഴിലെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മഞ്ചേരി, കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓട്ടിസം ചികിത്സാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

ട്രാവൻകൂർ കൊച്ചിൻ ലിറ്ററി സയന്റിഫിക്ക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് 1995 പ്രകാരം രജിസ്റ്റർ ചെയ്ത് എസ്.ആർ.സി.സി.ഡി.-യുടെ കീഴിൽ ഐക്കോൺസ് എന്ന പേരിൽ 2 കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

1. തിരുവനന്തപുരം ജില്ലയിൽ പുലയനാർകോട്ടയിൽ 1998 മുതൽ.

2. പാലക്കാട് ജില്ലയിൽ ഷൊർണ്ണൂർ കവളപ്പാറയിൽ 2000 മുതൽ.

സി.ഡി.സി.-യിൽ ഒരു ഓട്ടിസം ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാന സാമൂഹ്യ നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ സഹായത്തോടെ ഒരു ഓട്ടിസം ചികിത്സാ കേന്ദ്രം പ്രവർത്തിച്ചുവരുന്നു.

(ബി) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന് കീഴിൽ എസ്.എ.ടി. ആശുപത്രിയിലെ ശിശുരോഗ വിഭാഗത്തിന് കീഴിൽ ഓട്ടിസം നോഡൽ സെന്റർ, REIC എന്നീ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

തിരുവനന്തപുരം ജില്ലയിൽ പുലയനാർകോട്ടയിൽ ഐക്കോൺസിൽ ഓട്ടിസത്തിനും പഠനവൈകല്യങ്ങൾക്കും സംസാരവൈകല്യം, മാനസികവും ബുദ്ധിപരവുമായ വൈകല്യങ്ങൾക്കും ചികിത്സയും തെറാപ്പികളും നൽകുന്ന കേന്ദ്രം പ്രവർത്തിക്കുന്നു.

(സി&ഡി) ഇല്ല. എൻ.ഐ.പി.എം.ആർ.-ൽ നിശ്ചിത യോഗ്യതയുള്ള 6 ഒക്കുപേഷണൽ തെറാപ്പിസ്റ്റുകൾ സേവനം ചെയ്തുവരുന്നു.

ഐക്കോൺസിന്റെ 2 കേന്ദ്രങ്ങളിലും Occupational Therapist-കളെ നിയമിക്കാത്തതുകാരം കുട്ടികൾക്ക് ആവശ്യമായ ചികിത്സ ലഭിക്കുന്നില്ലായെന്ന പരാതികൾ ഒന്നുംതന്നെ ഡയറക്ടർക്ക് ലഭിച്ചിട്ടില്ല. ഐക്കോൺസിന്റെ കേന്ദ്രങ്ങളിൽ നിന്നും നിലവിൽ തെറാപ്പികൾ നൽകുന്നത് psychology, speech and language pathology, physioterapy, linguistics, special education എന്നീ മേഖലകളിലാണ്.

**ഭിന്നശേഷിക്കാർക്കായി ഏർപ്പെടുത്തുന്ന സൗകര്യങ്ങൾ**

291 (313) ശ്രീ. റോഷി അഗസ്റ്റിൻ:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് പ്രത്യേകിച്ച് വീൽചെയറിൽ വരുന്നവർക്ക് സർക്കാർ ഓഫീസുകളിൽ പ്രവേശിക്കുന്നതിന് നിലവിൽ വളരെയേറെ പ്രയാസം അനുഭവപ്പെടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് ഓഫീസുകളിൽ പ്രവേശിക്കുന്നതിനുതകുന്ന വിധത്തിൽ റാംപ്, ലിഫ്റ്റ്, കൈവരി എന്നിവ ഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ഉത്തരം

(എ&ബി) ഉണ്ട്. ഭിന്നശേഷിക്കാർക്ക് സർക്കാർ ഓഫീസുകളിൽ പ്രവേശിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ 'ബാരിയർ ഫ്രീ കേരള' പദ്ധതി നടപ്പിലാക്കി വരുന്നത്. ബാരിയർ ഫ്രീ കേരള പദ്ധതിയുടെ കീഴിൽ, ഭിന്നശേഷിക്കാരുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ പൊതു കെട്ടിടങ്ങളിലും റാമ്പുകൾ, കൈവരികൾ, തടസ്സങ്ങളില്ലാത്ത ലിഫ്റ്റുകൾ, വിശ്രമമുറികൾ, ശുചിമുറികൾ, ബ്രെയിലിയിലെ പ്രത്യേക ചിഹ്നങ്ങൾ, ഇതുപോലുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയെ സമ്പൂർണ്ണ ഭിന്നശേഷി സൗഹൃദ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്. മലപ്പുറം, വയനാട് ജില്ലകളിൽ പദ്ധതി പ്രവർത്തനങ്ങൾ നടന്നു വരുന്നു. ടി 3 ജില്ലകൾ കൂടാതെ മറ്റ് 8 ജില്ലകളിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ 'അക്സസിബിൾ ഇന്ത്യ ക്യാമ്പയിൻ' പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം സിറ്റിയിലെ 28 പൊതു കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിലേയ്ക്കായി 4,29,98,000 (നാലുകോടി ഇരുപത്തിയൊമ്പത് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരം രൂപ മാത്രം) രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ ടി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം സിറ്റിയിലെ 23 പൊതുകെട്ടിടങ്ങൾ കൂടി ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## സംയോജിത ശിശുവികസന സേവന പദ്ധതിയുടെ ഭാഗമായുള്ള സർവ്വേ

292 (314) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത ശിശുവികസന സേവന പദ്ധതിയുടെ (ഐ.സി.ഡി.എസ്) ഭാഗമായുള്ള സർവ്വേ ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വേ സംസ്ഥാനത്ത് പല ഭാഗങ്ങളിലും തടസ്സപ്പെടുത്തിയ സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(സി) ഈ സർവ്വേയിൽ ജാതി, മത വിവരങ്ങൾ ശേഖരിക്കുന്നതാണ് വ്യാപക വിമർശനത്തിനും, തടസ്സപ്പെടുത്തലിനും കാരണമായത് എന്നത് വസ്തുതയല്ലേ;

(ഡി) സർവ്വേയിൽ തീർത്തും അപ്രസക്തമായ ജാതിമത വിവരങ്ങൾ ആരായുന്നത് എന്ത് അടിസ്ഥാനത്തിലാണ്;

(ഇ) വിവര ശേഖരണത്തിന് നിയുക്തരായിട്ടുള്ള അങ്കണവാടി ജീവനക്കാരോട് ജനങ്ങൾ ചോദിക്കുന്ന സംശയങ്ങൾക്ക് കൃത്യമായ മറുപടി നൽകാത്തതാണ് ഇത്തരം പ്രതിഷേധങ്ങൾക്ക് കാരണമെന്നതിനാൽ അവർക്ക് ഈ ദൗത്യത്തെ കുറിച്ച് കൃത്യവും, സമഗ്രവുമായി വിവരം നൽകുന്നതിനും ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംയോജിത ശിശുവികസന പദ്ധതിയുടെ ഭാഗമായുള്ള സർവ്വേ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) ചില ജില്ലകളിൽ തെറ്റിദ്ധാരണകൾമൂലം അല്പം തടസ്സം നേരിടേണ്ടി വന്നിട്ടുണ്ട്.

(സി) നാളിതുവരെയുള്ള രീതി തന്നെയാണ് ഇപ്പോഴും തുടർന്നുവരുന്നത്. വാർഷിക സർവ്വേയിൽ ഈ സർക്കാർ കൂടുതലായി ചോദ്യങ്ങൾ ഒന്നും തന്നെ ചേർത്തിട്ടില്ല.

(ഡി) എല്ലാ വർഷവും ശേഖരിക്കുന്ന വാർഷിക സർവ്വേയുടെ ഭാഗമായി അങ്കണവാടി വർക്കർമാർ ശേഖരിച്ചുവയ്ക്കുന്ന വിവരങ്ങളാണ് സർക്കാരിന്റെ പല വകുപ്പുകൾക്കും ലഭ്യമാകുന്നത്.

(ഇ) അങ്കണവാടി വർക്കർമാർക്ക് മതിയായ പരിശീലനം നൽകിയതിനുശേഷമാണ് വിവരശേഖരണം ആരംഭിച്ചത്. കൂടാതെ ചിലയിടങ്ങളിൽ പ്രതിഷേധം രൂപപ്പെട്ടപ്പോൾ പത്രമാധ്യമങ്ങളിൽ കൂടിയും നവമാധ്യമങ്ങളിൽ കൂടിയും ഇതിനെക്കുറിച്ചുള്ള വിശദീകരണം സർക്കാർ നൽകിയിട്ടുണ്ട്.

**വനിത-ശിശു വികസന വകുപ്പ് രൂപീകരണം**

293 (315) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിതാ-ശിശു വികസന വകുപ്പ് രൂപീകരിച്ച പശ്ചാത്തലത്തിൽ സാമൂഹ്യനീതി ജില്ലാ ഓഫീസുകൾക്ക് കീഴിൽ ഓഫീസുകൾ സ്ഥാപിക്കുന്നതിനും ജീവനക്കാരെ നിയമിക്കുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

സാമൂഹ്യനീതി ജില്ലാ ഓഫീസുകൾക്ക് കീഴിൽ ഓഫീസുകൾ സ്ഥാപിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

### പ്രളയ ദുരിതാശ്വാസത്തിന് ലഭിച്ച ഭക്ഷ്യധാന്യങ്ങൾ

294 (316) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 2018-2019 വർഷങ്ങളിൽ ഉണ്ടായ പ്രളയ ദുരിതാശ്വാസമായി കേന്ദ്രത്തിൽ നിന്ന് എന്തെല്ലാം ഭക്ഷ്യ ധാന്യങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോന്നിലും എത്ര ടൺ വീതമാണ് നൽകിയിട്ടുള്ളതെന്ന വിശദ വിവരം നൽകാമോ;

(സി) ഇങ്ങനെ നൽകിയിട്ടുള്ള ധാന്യങ്ങൾ സൗജന്യമായിട്ടാണോ അതോ വില ഈടാക്കിയാണോ കേരളത്തിന് അനുവദിച്ചിട്ടുള്ളതെന്നതിന്റെ വിശദ വിവരം നൽകാമോ?

ഉത്തരം

(എ&ബി) 2018-ലെ പ്രളയദുരിതാശ്വാസത്തിന്റെ ഭാഗമായി താങ്ങുവില നിരക്കിൽ 89540 മെട്രിക് ടൺ അരി കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. 2019-ലെ പ്രളയത്തോടനുബന്ധിച്ച് ഭക്ഷ്യധാന്യങ്ങൾ അനുവദിച്ചിട്ടില്ല.

(സി) അരി എഫ്.സി.ഐ.-യിൽ നിന്ന് സൗജന്യമായി വിട്ടുനൽകിയെങ്കിലും ആയതിന്റെ വില സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്ന് ലഭ്യമാകുന്ന ദുരിതാശ്വാസ ഫണ്ടിൽ നിന്നോ എൻ.എഫ്.എസ്.എ. ഉൾപ്പെടെയുള്ള മറ്റ് സ്കീമുകളിൽ നിന്നോ ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിരുന്നു. നിലവിൽ ടി അരിയുടെ വില എഫ്.സി.ഐ.-യ്ക്ക് നൽകുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ സ്വീകരിച്ചുവരുന്നു.

### നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രണം

295 (317) ശ്രീ. വി. കെ .പ്രശാന്ത്:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാണ്യപ്പെരുപ്പവും അനിയന്ത്രിതമായ ഇന്ധന വില വർദ്ധനവും രാജ്യത്തെമ്പാടും നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വലിയ വർദ്ധനവിന് കാരണമായ സാഹചര്യത്തിൽ സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് സർക്കാർ നടത്തി വരുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കേന്ദ്ര സർക്കാർ പിന്തുടരുന്ന നയം വഴി സാധാരണക്കാരുടെ മേൽ അധികഭാരം ഏല്പിക്കുന്നതോടൊപ്പംതന്നെ പൊതുവിതരണ ശൃംഖല വഴി ജനങ്ങൾക്കാവശ്യമായ തോതിൽ വിതരണം ചെയ്യുന്നതിന് വേണ്ടത്ര ഭക്ഷ്യവിഹിതം അനുവദിക്കാത്തത് ഉപഭോക്തൃ പ്രധാനമായ സംസ്ഥാനത്തെ ജനങ്ങൾക്ക് മറ്റിടങ്ങളിലുള്ളതിനെക്കാൾ പ്രശ്നം സൃഷ്ടിക്കാതിരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(സി) മാർക്കറ്റിടപെടൽ ശക്തിപ്പെടുത്തുന്നതിന് സപ്ലൈകോ നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ചും സപ്ലൈകോയുടെ സാമ്പത്തിക സുസ്ഥിരതക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ചും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി സർക്കാർ നടത്തുന്ന വിപണി ഇടപെടലുകൾ ചുവടെ ചേർക്കുന്നു.

പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങളുടെ വില്പന വില ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇത് നിത്യോപയോഗ സാധനങ്ങളുടെ വില പൊതുവിപണയിൽ ഉയരാതിരിക്കാൻ കാരണമാകുന്നുണ്ട്. കൂടാതെ സപ്ലൈകോ വില്പനശാലകളിലൂടെ കുറഞ്ഞ വിലയിൽ സാധനങ്ങൾ വാങ്ങാവുന്ന സാഹചര്യം ഉപഭോക്താവിന് ലഭിക്കുകയും ചെയ്യുന്നു.

ഇ-ടെണ്ടറിന് പുറമേ, നാഫെഡ്, കേന്ദ്രീയ ഭണ്ഡാർ മുതലായ കേന്ദ്ര ഏജൻസികൾ മുഖേന ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്നും അവശ്യ വസ്തുക്കൾ സംഭരിച്ച് കമ്പോളത്തിൽ എത്തിക്കുന്നു.

വില വർദ്ധനവിന്റെ അടിസ്ഥാനകാരണം പഠനവിധേയമാക്കുന്നതിന് വിവിധ വകുപ്പുകളിലെയും സർക്കാർ ഏജൻസികളിലെയും ടെക്നിക്കൽ സ്റ്റാഫിനെ ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും ആയത് കാലാകാലങ്ങളിൽ യോഗം ചേർന്ന് വിപണി വില വിലയിരുത്തി വേണ്ട നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) മുൻഗണനേതര വിഭാഗത്തിനുള്ള ഭക്ഷ്യധാന്യങ്ങളിലാണ് കുറവുള്ളത്. എന്നാൽ നീക്കിയിരിപ്പ് സ്റ്റോക്കുകൂടി ഉപയോഗിച്ചുകൊണ്ട് ടി വിഭാഗത്തിന് പരമാവധി വിതരണത്തോത് നിശ്ചയിച്ച് വിതരണം ചെയ്തുവരുന്നുണ്ട്. കൂടുതൽ ഭക്ഷ്യധാന്യം അനുവദിക്കണമെന്നുള്ള ആവശ്യം നിരന്തരം കേന്ദ്ര സർക്കാരിനോട് ഉന്നയിക്കുന്നുമുണ്ട്.

(സി) മാർക്കറ്റ് ഇടപെടൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സപ്ലൈകോ കൂടുതൽ വിൽപ്പനശാലകൾ ആരംഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള വില്പനശാലകളുടെ ആകെ എണ്ണം 1529 ആയിരുന്നത് 1581 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള വിൽപ്പനശാലകൾ നവീകരിക്കുന്നതിനും ഉപഭോക്തൃ സൗഹാർദ്ദ സ്ഥാപനങ്ങളാക്കുന്നതിനും അതുവഴി കൂടുതൽ ഉപഭോക്താക്കൾക്ക് സേവനം എത്തിക്കുന്നതിനും നടപടി സ്വീകരിച്ചു. 2018-19 സാമ്പത്തിക വർഷം 86 വില്പനശാലകളും 2019-20 സാമ്പത്തിക വർഷം ഇതുവരെ 62 വില്പനശാലകളും നവീകരിച്ചു. നോൺ സബ്സിഡി വിഭാഗത്തിൽപ്പെടുന്ന ഉൽപ്പന്നങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, എഫ്.എം.സി.ജി. വിഭാഗത്തിൽപ്പെട്ട സാധനങ്ങളുടെ പർച്ചേസ് കേന്ദ്രീയ സംവിധാനത്തിന് കീഴിൽ കൊണ്ടുവരികയും ലാഭശതമാനം ഏകീകരിക്കുകയും ചെയ്തു. ശബരി തേയിലയുടെ ജനതാൽപ്പര്യവും വില്പനയും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വളരെ കുറഞ്ഞ വിലയിൽ ടീ ബാഗുകൾ വിപണിയിൽ എത്തിച്ചിട്ടുണ്ട്. കൂടുതൽ സ്റ്റോക്ക് സംഭരിച്ച് ബ്ലെൻഡിംഗ് വേഗത കൂട്ടുന്നതിനായി അധിക ബ്ലെൻഡിംഗ് യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ശബരി ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള റേഷൻ കടകളിലേയ്ക്കും ഇവയുടെ വില്പന വ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 160 വില്പനശാലകളിലൂടെ മിതമായ വിലയിൽ ഗൃഹോപകരണ വില്പന ആരംഭിച്ചതിലൂടെ ഗൃഹോപകരണങ്ങളും മിതമായ വിലയ്ക്ക് ജനങ്ങളിലെത്തിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

## വിശപ്പുരഹിത കേരളം പദ്ധതി

296 (318) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് വിശപ്പ് രഹിത കേരളം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിക്കായി എത്ര തുക അനുവദിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) വിശപ്പ് രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലാണ് വിശപ്പുരഹിത കേരളം (സുഭിക്ഷ) പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(ബി) പദ്ധതിക്കായി ആലപ്പുഴ ജില്ലയ്ക്ക് 90 ലക്ഷം രൂപയും പത്തനംതിട്ട, തൃശ്ശൂർ ജില്ലകൾക്ക് ഒരു കോടി രൂപയും കോട്ടയം, കൊല്ലം ജില്ലകൾക്ക് 45 ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട്.

(സി) പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം മിതമായ നിരക്കിലോ സൗജന്യമായോ നൽകുക വഴി സമൂഹത്തിൽ നിന്ന് വിശപ്പ് ഇല്ലാതാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ മേഖലയിൽ പ്രവൃത്തിപരിചയമുള്ള സർക്കാർ/സർക്കാരിതര സന്നദ്ധ സംഘടനകളുടെ സഹകരണത്തോടുകൂടിയാണ് പദ്ധതി നടപ്പാക്കുന്നത്. ഇത്തരം സർക്കാർ/സർക്കാരിതര സംഘടനകൾ പദ്ധതി നടത്തിപ്പിന് സഹകരിക്കുന്നതിനായി മുന്നോട്ടുവന്ന ജില്ലകൾക്കും കൂടുതൽ ആളുകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് ജില്ലാ ഭരണകൂടം റിപ്പോർട്ട് ചെയ്ത ജില്ലകൾക്കുമാണ് ആദ്യഘട്ടത്തിൽ മുൻഗണന നൽകിയിട്ടുള്ളത്.

## എ.പി.എൽ.-ബി.പി.എൽ. അപാകം

297 (319) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാവിഭാഗം റേഷൻകാർഡ് ലഭിച്ച എത്ര അനർഹർ ഇനിയും കാസർഗോഡ് ജില്ലയിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എ.പി.എൽ- ബി.പി.എൽ അപാകത പരിഹരിക്കുന്നതിനായി നാളിതുവരെ എത്ര അപേക്ഷ കിട്ടിയിട്ടുണ്ടെന്നും ഇതിൽ എത്രപേർക്ക് അപാകത പരിഹരിച്ച് ബി.പി.എൽ ആയി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മുൻഗണനാ പട്ടിക നിരന്തരമായ പരിഷ്കരണത്തിന് വിധേയമാണ്. അതുകൊണ്ടുതന്നെ അനർഹരെ കണ്ടെത്തുന്നതിനുള്ള പരിശോധനകൾ താലൂക്കുകളിൽ തുടർന്നുവരികയാണ്.

(ബി) മുൻഗണനാ കാർഡിനായി ലഭിച്ച അപേക്ഷകൾ - 16,719

മുൻഗണനാ കാർഡ് അനുവദിച്ചത് - 6,405

## ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡുകൾ

298 (320) <u>പ്രൊഫ. കെ .യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിൽ ബി.പി.എൽ. വിഭാഗത്തിൽ എത്ര റേഷൻ കാർഡ് ഉടമകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അനർഹരെ പ്രസ്തുത പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ മുൻഗണനാ വിഭാഗത്തിൽ ആകെ 22,091 റേഷൻ കാർഡുടമകൾ (പി.എച്ച്.എച്ച്.-18,298, എ.എ.വൈ-3793) ഉണ്ട്.

(ബി) പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 3 (13) പ്രകാരം മുൻഗണനാ പട്ടിക തുടർച്ചയായ പുനരവലോകനത്തിന് വിധേയമാണെന്നതിനാൽ ആയതുപ്രകാരം പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരെ ഉൾപ്പെടുത്തുന്ന നടപടികൾ തുടർന്നുവരുന്നു.

**റേഷൻ കാർഡ് വിതരണം**

299 (321) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര എ.പി.എൽ., ബി.പി.എൽ. കാർഡുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ബി.പി.എൽ. കാർഡ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) റേഷൻ കാർഡില്ലാത്ത എത്ര കുടുംബങ്ങൾ സംസ്ഥാനത്തുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(ഡി) റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്ക് റേഷൻ കാർഡ് ലഭ്യമാക്കുൻ ആവശ്യമായ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) എ.പി.എൽ. കാർഡ് ബി.പി.എൽ. ആക്കാനുള്ള എത്ര അപേക്ഷകൾ ഇപ്പോൾ തീർപ്പാകാതെ കിടക്കുന്നുണ്ടെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ; ഈ അപേക്ഷകൾ എപ്പോൾ തീർപ്പാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) മുൻഗണനാ കാർഡ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) റേഷൻ കാർഡിനുവേണ്ടി അപേക്ഷിക്കുന്ന എല്ലാവർക്കും പുതിയ റേഷൻ കാർഡ് നൽകിവരുന്നുണ്ട്.

(ഡി) റേഷൻ കാർഡിനുള്ള അപേക്ഷകർ ആവശ്യമായ രേഖകൾ സഹിതം ഓൺലൈനായി അപേക്ഷിക്കാവുന്നതും ആയവ പരിശോധിച്ച് അർഹതയ്ക്കനുസരിച്ച് മുൻഗണന/മുൻഗണനേതര കാർഡുകൾ ലഭ്യമാക്കുന്നതുമാണ്. ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി മുപ്പതോ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്നവരെ മുൻഗണനാ വിഭാഗങ്ങളിലും (അന്ത്യോദയ-അന്നയോജന & പി.എച്ച്.എച്ച്) മറ്റുള്ളവരെ മുൻഗണനേതര വിഭാഗങ്ങളിലും (മുൻഗണനേതര സബ്സിഡി & മുൻഗണനേതര നോൺ സബ്സിഡി) ഉൾപ്പെടുത്തി റേഷൻ കാർഡ് വിതരണം നടത്തിവരുന്നു.

(ഇ) മുൻഗണനാ കാർഡ് ആയി മാറ്റുന്നതിന് ലഭിച്ച തീർപ്പാക്കാത്ത അപേക്ഷകളുടെ താലൂക്ക് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

മുൻഗണനാപട്ടിക ശുദ്ധീകരണം തുടർപ്രക്രിയ ആയതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കി ലഭ്യമാകുന്ന ഒഴിവുകളിൽ അർഹരെ ക്രമമനുസരിച്ച് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്ന പ്രക്രിയ തുടർന്നുവരുന്നു.

**പുതിയ കുടുംബങ്ങൾക്ക് റേഷൻ കാർഡ്**

300 (322) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു പുതിയ കുടുംബങ്ങൾക്ക് റേഷൻ കാർഡ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) രണ്ടു കുടുംബങ്ങളിൽ പേരുവന്നിട്ടുള്ള ഭാര്യാ-ഭർത്താക്കന്മാർക്കും അവരുടെ കുട്ടികൾക്കും കൂടി പുതിയ റേഷൻ കാർഡ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ചുള്ള നടപടികൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി പുതിയ കാർഡു വിതരണം ചെയ്യാൻ ഉത്തരവാദപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ തന്നെ ഇതു സംബന്ധിച്ച അപേക്ഷ സ്വീകരിച്ച് കമ്പ്യൂട്ടർ മുഖേന പരിശോധന നടത്തി താമസംവിനാ പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) മറ്റൊരു താലൂക്കിൽ നിന്നും അംഗത്തെ/അംഗങ്ങളെ കുറവ് ചെയ്ത് പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിന് ആ താലൂക്കിൽ നിന്നും അംഗത്തെ/അംഗങ്ങളെ കുറവ് ചെയ്ത് ട്രാൻസ്ഫർ ചെയ്ത്, പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ അക്ഷയ സെന്ററുകൾ വഴിയോ സിറ്റിസൺ ലോഗിൻ വഴിയോ നൽകാവുന്നതാണ്. കുട്ടികളുടെ പേര് ചേർക്കുന്നതിന് ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പും ആധാർ കാർഡിന്റെ പകർപ്പും നൽകേണ്ടതാണ്. സംസ്ഥാനത്ത് ഒരു റേഷൻ കാർഡിലും ഉൾപ്പെട്ടിട്ടില്ലാത്തവരാണെങ്കിൽ ആധാർ നമ്പർ ഉപയോഗിച്ച് പുതിയ കാർഡിന് അപേക്ഷിക്കാവുന്നതാണ്. മേൽവിലാസം തെളിയിക്കുന്നതിനാവശ്യമായ രേഖകളിൽ ഏതെങ്കിലും ഒന്ന്, (ഏതൊക്കെ രേഖകൾ ഹാജരാക്കാമെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. പ്രതിമാസം 25,000 രൂപയിൽ കുറവ് വരുമാനമുള്ളവർ വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. കൂടാതെ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങളും ഉൾപ്പെടുത്തേണ്ടതാണ്.

(സി) നിലവിൽ റേഷൻ കാർഡ് സംബന്ധമായ എല്ലാ അപേക്ഷകളും പൊതുജനങ്ങളുടെ സൗകര്യാർത്ഥം അക്ഷയ കേന്ദ്രങ്ങൾ വഴിയും സിറ്റിസൺ ലോഗിൻ വഴിയും ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. അടിയന്തര സാഹചര്യങ്ങളിൽ (വിദ്യാഭ്യാസ സംബന്ധമായോ ചികിത്സാ ആനുകൂല്യങ്ങൾക്കോ മറ്റ് സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടിയോ) താലൂക്ക് സപ്ലൈ ഓഫീസർക്ക് നേരിട്ട് അപേക്ഷ സമർപ്പിക്കാവുന്നതാണ്. നിലവിൽ അപേക്ഷകൾ പരിശോധന നടത്തി താമസംവിനാ തന്നെ പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തുവരുന്നുണ്ട്.

**കോഴിക്കോട് ജില്ലയിലെ ബി.പി.എൽ. കാർഡിനായുള്ള അപേക്ഷകൾ**

301 (323) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി ഇതു വരെ എത്ര റേഷൻ കാർഡുടമകളുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) അത്തരം അപേക്ഷകൾ പൂർണ്ണമായും പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(സി) അനർഹരായ ബി.പി.എൽ. കാർഡുടമകളുടെ കാർഡുകൾ റദ്ദാക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് കോഴിക്കോട് ജില്ലയിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 26,863 എണ്ണം

(ബി&സി) താലൂക്ക് സപ്ലൈ ആഫീസർമാരും റേഷനിംഗ് ഇൻസ്പെക്ടർമാരും ഉൾപ്പെട്ട സ്ക്വാഡ് വീടുകൾതോറും പരിശോധന നടത്തി അനർഹമായ റേഷൻ കാർഡുകൾ കണ്ടെത്തി റദ്ദ് ചെയ്യുകയും അനർഹമായി കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ വില പിഴ ചുമത്തി ഈടാക്കുകയും കാർഡ് പൊതുവിഭാഗത്തിലേക്ക് മാറ്റുകയും ചെയ്യുന്നുണ്ട്. ഇതിന് ആനുപാതികമായി അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിവരുന്നു.

**അർഹരായവർക്ക് ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് കാർഡുകൾ മാറ്റി നൽകുന്നതിന് നടപടി**

302 (324) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എ.പി.എൽ. വിഭാഗത്തിൽ റേഷൻ കാർഡ് ലഭിച്ചിട്ടുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അർഹരായ കുടുംബങ്ങൾക്ക് ബി.പി.എൽ. വിഭാഗത്തിലേക്ക് കാർഡുകൾ മാറ്റി നൽകുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് കാർഡുകൾ മാറ്റുന്നതിനുവേണ്ടി കോതമംഗലം താലൂക്ക് സപ്ലൈ ഓഫീസിൽ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ എത്ര അപേക്ഷകർക്ക് ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് കാർഡ് മാറ്റി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) അർഹരായ മുഴുവൻ അപേക്ഷകർക്കും ബി.പി.എൽ.വിഭാഗത്തിലേക്ക് കാർഡ് മാറ്റി നല്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കാർഡുടമകൾ തന്നിരിക്കുന്ന അപേക്ഷ പ്രകാരം നേരിൽ വിളിച്ച് ഹിയറിംഗ് നടത്തി ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകുമ്പോൾ 30 മാർക്കോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളെ മാർക്കിന്റെ അടിസ്ഥാനത്തിൽ സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തി അനർഹരെ ഒഴിവാക്കി ലഭ്യമാകുന്ന ഒഴിവുകളിൽ ടി പട്ടികയിൽ നിന്ന് മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തി വരുന്നു. ഇപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകുമ്പോൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും ഉൾപ്പെട്ടുവരുന്നുണ്ട്.

(ബി) 3114

(സി) 1655

(ഡി) മുൻഗണനാപട്ടിക നിരന്തരമായ പരിഷ്കരണത്തിന് വിധേയമായതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്ന മുറയ്ക്ക് അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നുവരികയാണ്.

**മുൻഗണനാ വിഭാഗത്തിലെ അനർഹർ**

303 (325) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകളിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരായവരെ കണ്ടെത്തുന്നതിനും അവരെ ഒഴിവാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കയാണെന്ന് വിശദമാക്കാമോ; ഇതിനോടകം എത്ര അനർഹരെ ഒഴിവാക്കി എന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) അർഹതയുണ്ടായിട്ടും മുൻഗണനാ റേഷൻ കാർഡ് ലഭിക്കാതെ പോയവരിൽ അപേക്ഷ നൽകിയ എത്ര പേർക്ക് മുൻഗണനാ കാർഡ് നൽകാൻ കഴിഞ്ഞെന്ന കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ ഇനിയും തീർപ്പാക്കാതെ കിടക്കുന്നുണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഈ അപേക്ഷകൾ എന്നത്തേയ്ക്ക് പരിഗണിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ തദ്ദേശസ്വയംഭരണം, മോട്ടോർവാഹനം എന്നീ വകുപ്പുകളുടെ ഡാറ്റയുമായി ആർ.സി.എം.എസ്. ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് എ.എ.വൈ/പി.എച്ച്.എച്ച്. വിഭാഗങ്ങളിൽ തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കുകയും റേഷൻ വാങ്ങിയിരുന്നില്ലെന്ന് കണ്ടെത്തിയവരെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുമുണ്ട്. കൂടാതെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്നും മരണപ്പെട്ടവരുടെ വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെയും ശേഖരിച്ച് പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. കൂടാതെ വസ്തുതകൾ മറച്ചുവച്ച് മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹക്കെതിരെ നിയമ നടപടികൾ

സ്വീകരിക്കുന്നതിനും അനർഹമായി ഉൾപ്പെട്ട കാലയളവിലെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി* ചേർക്കുന്നു.

(സി) തീർപ്പാക്കാനുള്ള അപേക്ഷകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 15378 |
| കൊല്ലം | 5059 |
| പത്തനംതിട്ട | 5250 |
| ആലപ്പുഴ | 4112 |
| കോട്ടയം | 4785 |
| ഇടുക്കി | 3385 |
| എറണാകുളം | 11287 |
| തൃശ്ശൂർ | 8360 |
| പാലക്കാട് | 7751 |
| കോഴിക്കോട് | 14929 |
| മലപ്പുറം | 8140 |
| വയനാട് | 3207 |
| കണ്ണൂർ | 6802 |
| കാസർഗോഡ് | 4241 |
| ആകെ | 102686 |

മുൻഗണനാപട്ടിക ശുദ്ധീകരണം തുടർപ്രക്രിയ ആയതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കി ലഭ്യമാകുന്ന ഒഴിവുകളിൽ അർഹരെ ക്രമമനുസരിച്ച് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്ന പ്രക്രിയ തുടർന്നുവരുന്നു.

## സഞ്ചരിക്കുന്ന റേഷൻകട പദ്ധതി

304 (326) <u>ശ്രീ .ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വയനാട് ജില്ലയിലെ കൂടുതൽ പിന്നോക്ക പ്രദേശങ്ങളിലേക്ക് പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ആദിവാസി ഊരുകളിൽ റേഷൻ സാധനങ്ങൾ എത്തിക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കുന്നതിനായി ആരംഭിച്ച 'സഞ്ചരിക്കുന്ന റേഷൻകട പദ്ധതി' വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ ഭൂദാനം കോളനിയിലും മാനന്തവാടി താലൂക്കിലെ ചുരുളി കോളനിയിലും നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം 2019 ഡിസംബർ മാസം മുതൽ ഒരു ദിവസം തെരഞ്ഞെടുക്കപ്പെട്ട റേഷൻ കടകളിൽ നിന്ന് ബന്ധപ്പെട്ട ആദിവാസി ഊരുകളിലെ ഗുണഭോക്താക്കൾക്ക് ഒരു മാസത്തെ ഭക്ഷ്യധാന്യങ്ങൾ കോളനികളിൽ എത്തിച്ച് വിതരണം നടത്തിവരുന്നുണ്ട്.

(ബി) പരിഗണനയിലുണ്ട്.

**റേഷൻ വിതരണ രംഗത്തെ പ്രവർത്തനങ്ങൾ**

305 (327) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ രംഗത്തെ മാറ്റങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) റേഷൻ വിതരണ രംഗത്ത് സുതാര്യത ഉറപ്പുവരുത്താൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) റേഷൻ ഗുണഭോക്താക്കളുടെ പരാതി പരിഹരിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എല്ലാ തരത്തിലുള്ള റേഷൻ കാർഡുകൾക്കും അനുവദിച്ചിട്ടുള്ള

പ്രതിമാസ ഭക്ഷ്യധാന്യത്തിന്റെ ലഭ്യത, അളവ്, വില എന്നിവ സംബന്ധിച്ചുള്ള SMS സന്ദേശങ്ങൾ 2017 ആഗസ്റ്റ് മാസം മുതൽ കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക്-ന്റെ Mobile Service Delivery Gateway (https://services.mgov.gov.in) മുഖേന റേഷൻ കാർഡുകളുമായി ലിങ്ക് ചെയ്തിട്ടുള്ള മൊബൈൽ നമ്പരുകളിലേയ്ക്ക് യഥാസമയം അയയ്ക്കുന്നുണ്ട്.

ഇതിനുപുറമേ സിവിൽ സപ്ലൈസ് വകുപ്പിന്റെ official Facebook Page ആയ "Department of Food & Civil Supplies, Kerala”-യിൽ പ്രതിമാസ ഭക്ഷ്യധാന്യത്തിന്റെ ലഭ്യത, അളവ്, വില എന്നിവ സംബന്ധിച്ചുള്ള അറിയിപ്പ് പോസ്റ്റ് ചെയ്യുന്നുമുണ്ട്. കൂടാതെ പൊതുജനങ്ങൾക്ക് civilsupplieskerala.gov.in, epos.kerala.gov.in എന്നീ സുതാര്യതാ പോർട്ടലുകളിലൂടെ റേഷൻ കാർഡുകളുടെ വിവരങ്ങളും റേഷൻകടയിലെ സ്റ്റോക്ക് വിവരങ്ങളും തത്സമയം നിരീക്ഷിക്കാൻ സാധിക്കും. കൂടാതെ ബോധവത്കരണത്തിന്റെ ഭാഗമായി ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി വിപുലമായ രീതിയിലുള്ള പരസ്യങ്ങളും നൽകിവരുന്നു.

(ബി) റേഷൻകാർഡുകളുടെ വിതരണം പൂർണ്ണമായും ഓൺലൈനായി മാറി. പുതിയ കാർഡിനായും കാർഡിലെ തിരുത്തലുകൾക്കായും ഉള്ള അപേക്ഷകൾ ഓൺലൈനായി അയയ്ക്കാനും അപേക്ഷയുടെ സ്ഥിതി നിരീക്ഷിക്കാനും സാധിക്കും. സപ്ലൈ ചെയിൻ മാനേജ്മെന്റ് നടപ്പാക്കിയതുമൂലം റേഷൻകടകളിൽ സാധനങ്ങൾ എത്തിക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ കമ്പ്യൂട്ടർവത്കരിച്ചു. ഓരോ കടയിലെയും ഗോഡൗണുകളിലെയും സ്റ്റോക്ക് വിവരങ്ങൾ ആർക്കും തത്സമയം നിരീക്ഷിക്കാൻ സാധിക്കും. എല്ലാ റേഷൻകടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചതുമൂലം റേഷൻകടകളുടെ പ്രവർത്തനം കൂടുതൽ സുതാര്യമായി മാറി. യഥാർത്ഥ ഗുണഭോക്താവിനുതന്നെ റേഷൻ ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ സാധിക്കുന്നു. ഓൺലൈനായി പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള പരാതി പരിഹാര സംവിധാനം പൊതുജനങ്ങൾക്ക് ഗുണകരമാണ്. civilsupplieskerala.gov.in, epos.kerala.gov.in എന്നീ സുതാര്യതാ പോർട്ടലുകളിലൂടെ റേഷൻകാർഡുകളുടെ വിവരങ്ങളും റേഷൻ കടയിലെ സ്റ്റോക്ക് വിവരങ്ങളും തത്സമയം നിരീക്ഷിക്കാൻ സാധിക്കും.

(സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതല പരാതി പരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റുമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകട തല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്കുള്ള പരാതികൾ സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനും വേണ്ടിയുള്ള ഓൺലൈൻ പരാതി പരിഹാര സംവിധാനത്തിന്റെ (Public Grievance Redressal Portal) പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ഡി) എഫ്.സി.ഐ.-യിലേയും സപ്ലൈകോയിലേയും ക്വാളിറ്റി അഷ്വറൻസ് വിഭാഗങ്ങൾ കർശന പരിശോധന നടത്തിയതിനുശേഷമാണ് എഫ്.സി.ഐ.-യിൽ നിന്നും സി.എം.ആർ. മില്ലുകളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ ഗോഡൗണുകളിലെത്തുന്നത്. ഗോഡൗണുകളിൽ നിന്നും വാതിൽപ്പടി വിതരണത്തിലൂടെ റേഷൻ കടകളിലെത്തുന്ന റേഷൻ സാധനങ്ങളുടെ ഗുണമേന്മ ബോദ്ധ്യപ്പെടേണ്ട ഉത്തരവാദിത്വം എ.ആർ.ഡി.-കൾക്കുണ്ട്. മോശമായ ഭക്ഷ്യധാന്യങ്ങൾ സംബന്ധിച്ച പരാതികൾ ലഭിക്കുന്ന പക്ഷം ഗോഡൗണുകളുമായി ബന്ധപ്പെട്ട് ഗുണമേന്മയുള്ള റേഷൻ സാധനങ്ങൾ പകരം നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ ജില്ലാ സപ്ലൈ ഓഫീസർമാർ വരെയുള്ള ഉദ്യോഗസ്ഥർ റേഷൻ കടകളിൽ പരിശോധന നടത്തി റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ നിന്നും റേഷൻ കടകളിൽ നിന്നും സാധനങ്ങൾ വിതരണം ചെയ്യുന്നതിന് First In First Out തത്വം പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പാഴായ നെല്ല് /അരി നീക്കം ചെയ്യുന്നതിനുള്ള ടെണ്ടർ വ്യവസ്ഥകൾ

306 (328) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തെ തുടർന്ന് സംസ്ഥാനത്ത് മില്ലുകളിൽ സൂക്ഷിച്ചിരുന്ന എത്ര ക്വിന്റൽ വീതം നെല്ലും അരിയും കേടായതായാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്;

(ബി) ഇപ്രകാരം കേടായ നെല്ലും അരിയും നീക്കം ചെയ്യുന്നതിന് സർക്കാർ/സിവിൽ സപ്ലൈസ് കോർപ്പറേഷൻ തീരുമാനിച്ചിരുന്നോ എന്നറിയിക്കുമോ; തീരുമാനിച്ചെങ്കിൽ കേടായ ഭക്ഷ്യധാന്യം നീക്കം ചെയ്യുന്നത് സംബന്ധിച്ച എഫ്.സി.ഐ.-യുടെ 18-7-2014-ലെ സർക്കുലർ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ച് നീക്കം ചെയ്യുന്നതിനാണോ സർക്കാർ/സിവിൽ സപ്ലൈസ് കോർപ്പറേഷൻ തീരുമാനിച്ചത്; ഇത് സംബന്ധിച്ച് എന്ന്, ഏത് യോഗത്തിലാണ് തീരുമാനം കൈക്കൊണ്ടതെന്നറിയിക്കുമോ;

(സി) പ്രസ്തുത യോഗത്തിൽ കേടായ നെല്ല്/അരി തരംതിരിക്കുന്നതിന് തീരുമാനിച്ചിരുന്നോ; എങ്കിൽ, എപ്രകാരം തരംതിരിക്കാനാണ് തീരുമാനിച്ചത്; വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കുമോ;

(ഡി) കേടായ നെല്ല്/അരി നീക്കം ചെയ്യുന്നതിനുള്ള ടെൻഡർ വ്യവസ്ഥകൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കുമോ; നാശമായ ഭക്ഷ്യധാന്യങ്ങൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച എഫ്.സി.ഐ. മാനദണ്ഡങ്ങളിലെ വ്യവസ്ഥ 20.9 ടെൻഡർ വ്യവസ്ഥയിലുണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ഇ) ടെൻഡറിൽ എത്രപേർ പങ്കെടുത്തു; എത്രപേർ യോഗ്യരായി; എന്നാണ് ടെൻഡർ ഉറപ്പിച്ചതെന്നും ടെൻഡർ ഉറപ്പിച്ചശേഷം ടെൻഡറിൽ പങ്കെടുത്ത ഏതെങ്കിലും സ്ഥാപനത്തോട് പുതുക്കിയ ടെൻഡർ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; പുതുക്കിയ ടെൻഡർ സമർപ്പിക്കാൻ ആവശ്യപ്പെട്ടുവെങ്കിൽ ആയതിന്റെ സാഹചര്യമെന്തായിരുന്നുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2018-ലെ പ്രളയത്തെത്തുടർന്ന് സംസ്ഥാനത്തെ സപ്ലൈകോയുമായി കരാറിൽ ഉണ്ടായിരുന്ന വിവിധ മില്ലുകളിൽ സൂക്ഷിച്ചിരുന്ന 217808.11 ക്വിന്റൽ നെല്ലും 261482.39 ക്വിന്റൽ അരിയും കേടായതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. കൂടാതെ വിവിധ മില്ലുകളിലായി ആകെ 9000 ക്വിന്റൽ കേടായ നെല്ലും 150 ക്വിന്റൽ കേടായ അരിയും അധികം സ്റ്റോക്കുണ്ടായിരുന്നു.

(ബി) ഇപ്രകാരം കേടായ നെല്ലും അരിയും നീക്കം ചെയ്യുന്നതിന് സർക്കാർ/സിവിൽ സപ്ലൈസ് കോർപ്പറേഷൻ തീരുമാനിച്ചിരുന്നു. എഫ്.സി.ഐ.-യുടെ 18-7-14-ലെ 2/2014-ാം നമ്പർ സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്രപൂളിലുള്ള കേടായ ഭക്ഷ്യധാന്യങ്ങളെ സംബന്ധിച്ചുള്ളതാണ്. 2018 ആഗസ്റ്റ് മാസത്തെ പ്രളയക്കെടുതിയിൽ സപ്ലൈകോയുമായി കരാറിൽ ഉണ്ടായിരുന്ന വിവിധ മില്ലുകളിൽ നശിച്ച ഭക്ഷ്യധാന്യങ്ങൾ വികേന്ദ്രീകൃത ധാന്യ സംഭരണ സ്കീമിൽ ഉള്ളതാണ്. കേടായ അരിയും നെല്ലും നീക്കം ചെയ്യുന്നതിനുള്ള ഇ-ടെണ്ടർ സംബന്ധിച്ച് 24-9-2018-ൽ നടന്ന യോഗത്തിലാണ് തീരുമാനം കൈക്കൊണ്ടത്.

(സി) പ്രസ്തുത യോഗത്തിൽ കേടായ നെല്ല്/അരി തരം തിരിക്കുന്നതിന് തീരുമാനിച്ചിരുന്നില്ല. പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സ് അനുബന്ധമായി* ചേർക്കുന്നു.

(ഡി) കേടായ നെല്ല്/അരി നീക്കം ചെയ്യുന്നതിനുള്ള ടെണ്ടർ വ്യവസ്ഥകൾ അനുബന്ധമായി* ചേർക്കുന്നു. എഫ്.സി.ഐ.-യുടെ 18-7-14-ലെ 2/2014-ാം നമ്പർ സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്രപൂളിലുള്ള കേടായ ഭക്ഷ്യധാന്യങ്ങളെ സംബന്ധിച്ചുള്ളതാണ്. 2018 ആഗസ്റ്റ് മാസത്തെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രളയക്കെടുതിയിൽ സപ്ലൈകോയുമായി കരാറിൽ ഉണ്ടായിരുന്ന വിവിധ മില്ലുകളിൽ നശിച്ച ഭക്ഷ്യധാന്യങ്ങൾ വികേന്ദ്രീകൃത ധാന്യ സംഭരണ സ്കീമിൽ ഉള്ളതാണ്. അതിനാൽ എഫ്.സി.ഐ.-യുടെ മാർഗ്ഗനിർദ്ദേശങ്ങൾ ബാധകമല്ല.

(ഇ) ടെണ്ടറിൽ 26 പേർ പങ്കെടുത്തു. 21 പേർ യോഗ്യരായി 16-11-2018-ൽ ടെണ്ടർ ഉറപ്പിച്ചു. ടെണ്ടർ ഉറപ്പിച്ചശേഷം ടെണ്ടറിൽ പങ്കെടുത്ത ഒരു സ്ഥാപനത്തോടും പുതുക്കിയ ടെണ്ടർ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടില്ല.

## റേഷൻ വിതരണം

307 (329) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണം കുറ്റമറ്റതും സുതാര്യവും ആക്കുന്നതിനായി എന്തൊക്കെ കാര്യങ്ങൾ ആണ് ഈ സർക്കാർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) റേഷൻ കാർഡ് ഉടമകൾക്ക് അർഹതപ്പെട്ടത് ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## ഉത്തരം

(എ) റേഷൻ കാർഡുകളുടെ വിതരണം പൂർണ്ണമായും ഓൺലൈനായി മാറി. പുതിയ കാർഡിനായും കാർഡിലെ തിരുത്തുകൾക്കായും ഉള്ള അപേക്ഷകൾ ഓൺലൈനായി അയയ്ക്കാനും അപേക്ഷയുടെ സ്ഥിതി നിരീക്ഷിക്കാനും സാധിക്കും. സപ്ലൈ ചെയിൻ മാനേജ്മെന്റ് നടപ്പാക്കിയതുമൂലം റേഷൻകടകളിൽ സാധനങ്ങൾ എത്തിക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ കമ്പ്യൂട്ടർവത്കരിച്ചു. ഓരോ കടയിലെയും ഗോഡൗണുകളിലെയും സ്റ്റോക്ക് വിവരങ്ങൾ ആർക്കും തത്സമയം നിരീക്ഷിക്കാൻ സാധിക്കും. എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചതുമൂലം റേഷൻ കടകളുടെ പ്രവർത്തനം കൂടുതൽ സുതാര്യമായി മാറി. യഥാർത്ഥ ഉപഭോക്താവിനുതന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കാൻ സാധിക്കുന്നു. ഓൺലൈനായി പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള പരാതിപരിഹാര സംവിധാനം പൊതുജനങ്ങൾക്ക് ഗുണകരമാണ്. civilsupplieskerala.gov.in, epos.kerala.gov.in എന്നീ സുതാര്യതാ പോർട്ടലുകളിലൂടെ റേഷൻ കാർഡുകളുടെ വിവരങ്ങളും റേഷൻ കടകയിലെ വിവരങ്ങളും തത്സമയം നിരീക്ഷിക്കാൻ സാധിക്കും.

(ബി) എല്ലാ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുകയും ഗുണഭോക്താക്കളുടെ ബയോ മെട്രിക് ആതന്റിഫിക്കേഷൻ മുഖേന യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ്

സുതാര്യമായ റേഷൻ വിതരണ സംവിധാനം നടപ്പിലാക്കി. ഗുണഭോക്തൃ വിഹിതം, കൈപ്പറ്റിയ വിഹിതം എന്നിവ സംബന്ധിച്ച എസ്.എം.എസ്. സന്ദേശങ്ങൾ എല്ലാ മാസവും റേഷൻ കാർഡുടമകൾക്ക് അയയ്ക്കുന്നുണ്ട്. ഇതോടൊപ്പം സംസ്ഥാനത്തെ ഏത് റേഷൻ കടയിൽ നിന്നും റേഷൻ വാങ്ങാവുന്ന പോർട്ടബിലിറ്റി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ എ.എ.വൈ/മുൻഗണനാ കാർഡുകൾക്ക് രാജ്യത്തെ 12 സംസ്ഥാനങ്ങളിൽ നിന്ന് റേഷൻ വാങ്ങാവുന്നവിധം നാഷണൽ പോർട്ടബിലിറ്റി നടപ്പിലാക്കിയിട്ടുണ്ട്.

## റേഷൻ സാധനങ്ങൾ കൃത്യമായി ലഭ്യമാക്കുന്നതിന് നടപടികൾ

308 (330) <u>ശ്രീ. മോൻസ് ജോസഫ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ യോഗ്യമല്ലാത്ത റേഷൻ സാധനങ്ങൾ ചില ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്നതും ആയത് വിതരണം ചെയ്യുന്നതും സംബന്ധിച്ച് ഉണ്ടായിരിക്കുന്ന പരാതികൾക്ക് പരിഹാരം കണ്ടെത്തുമോ എന്നറിയിക്കുമോ;

(ബി) റേഷൻ സാധനങ്ങൾ കൃത്യമായി റേഷൻ കടകളിൽ എത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇവ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും ആയത് വിതരണം ചെയ്യുന്നതിനും സ്വീകിരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ഡി) റേഷൻ കടകളിൽ പച്ചരിക്കും മണ്ണെണ്ണക്കും ക്ഷാമം ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ആയത് പരിഹരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; ഈ സാധനങ്ങൾക്കുണ്ടായിരിക്കുന്ന ക്ഷാമത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(എഫ്) റേഷൻ കടകളിൽ പച്ചരി ലഭിക്കാത്തതുകാരണം പൊതു വിപണിയിൽ പച്ചരിക്ക് ഉണ്ടായിരിക്കുന്ന വിലക്കയറ്റത്തിന് അടിയന്തര പരിഹാരനടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന ഭക്ഷ്യയോഗ്യമല്ലാത്ത റേഷൻ സാധനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭ്യമായാലുടൻ ടി പരാതികൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി&സി) എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ നിന്നും വാതിൽപ്പടി വിതരണത്തിലൂടെ റേഷൻ കടകളിൽ എത്തുന്ന റേഷൻ സാധനങ്ങളുടെ അളവും ഗുണമേന്മയും ബോധ്യപ്പെട്ടതിനുശേഷം എ.ആർ.ഡി.-കൾ ടി സ്റ്റോക്ക് സ്വീകരിക്കേണ്ടതും തുടർന്ന് ടി സ്റ്റോക്കിന്റെ സുരക്ഷിതത്വം ഉറപ്പാക്കേണ്ടത് എ.ആർ.ഡി.-കളുടെ ഉത്തരവാദിത്വവുമാണ്. റേഷൻ കടകളിലെ സാധനങ്ങളുടെ ഗുണമേന്മ റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥർ പരിശോധന നടത്തി ഉറപ്പുവരുത്തേണ്ടതുണ്ട്. കൂടാതെ റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ FIFO തത്വം പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്ന് പൊതുവിതരണത്തിനായി ലഭിക്കുന്ന അരിയുടെ വിഹിതത്തിൽ നെല്ല് സംഭരണം മുഖേന സപ്ലൈകോ ലഭ്യമാക്കുന്ന സി.എം.ആർ. അരി ഉൾപ്പെടുത്തി, ബാക്കിയുള്ള അളവാണ് എഫ്.സി.ഐ.-യിൽ നിന്ന് അനുവദിക്കുന്നത്. വിളവ് വർദ്ധിപ്പിച്ചതിനാൽ നെല്ല് സംഭരണം മുഖേനയുള്ള അരിയിൽ വർദ്ധനവുണ്ടായതിനാലാണ് പച്ചരിയുടെ ലഭ്യത കുറയാൻ കാരണം. നെല്ല് സംഭരണം മുഖേന ലഭ്യമാകുന്ന അരിയുടെ അളവ് കുറയുന്നതിനനുസരിച്ച് പച്ചരിയുടെ ലഭ്യതയിലും വർദ്ധനവുണ്ടാകുന്നതാണ്. കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുള്ള സബ്സിഡി മണ്ണെണ്ണ വിഹിതം, നടപ്പു സാമ്പത്തിക വർഷത്തിലെ രണ്ടാം പാദം മുതൽ നിലവിലുണ്ടായിരുന്ന 13908 കിലോ ലിറ്ററിൽ നിന്നും വെട്ടിക്കുറച്ച് 9264 കിലോ ലിറ്റർ ആയി പരിമിതപ്പെടുത്തിയിരുന്ന സാഹചര്യത്തിൽ 2019 സെപ്റ്റംബർ മാസത്തിലും ഡിസംബർ മാസത്തിലും എൻ.പി.എൻ.എസ്. വിഭാഗത്തിനെ സബ്സിഡി മണ്ണെണ്ണ വിതരണത്തിൽ നിന്നും ഒഴിവാക്കേണ്ടി വന്നു. കേന്ദ്ര സർക്കാരിനോട് വെട്ടിക്കുറച്ച ലാഭവിഹിതം പുനഃസ്ഥാപിച്ച് നല്കണമെന്ന് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ആയതിൽ അനുകൂലമായ തീരുമാനം കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഇതുവരെ ഉണ്ടായിട്ടില്ല.

(എഫ്) റേഷൻ കടകളിൽ പച്ചരി ലഭിക്കാത്തതുകാരണം പൊതു വിപണിയിൽ പച്ചരിക്ക് വിലക്കയറ്റമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 56 ഡിപ്പോകൾക്ക് കീഴിലുള്ള 1500-ഓളം വരുന്ന ഔട്ട്ലെറ്റുകളിലേക്ക് രണ്ടര മാസത്തേയ്ക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ഡിപ്പോകളിൽ നിന്നും ഇൻഡന്റ് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ, കാര്യങ്ങൾ പരിഗണിച്ച് എല്ലാ മാസവും കേന്ദ്രീകൃത സംവിധാനം വഴി ഇ-ടെണ്ടർ/ഇ-ഓക്ഷൻ മുഖേന പച്ചരി ഉൾപ്പെടെയുള്ള 38 ഇനം പലവ്യഞ്ജന സാധനങ്ങൾ വാങ്ങി വില്പനശാലകൾ വഴി വില്പന നടത്തുന്നുണ്ട്. ആയതുപ്രകാരം പച്ചരി ഉൾപ്പെടെയുള്ള

നിത്യോപയോഗ സാധനങ്ങൾ ഏറ്റവും കുറഞ്ഞ വിലയ്ക്ക് വാങ്ങി ദൗർലഭ്യമില്ലാതെ യഥാസമയം വിതരണം നടത്തുവാൻ സാധിക്കുന്നു.

## റേഷൻ സാധനങ്ങളുടെ തിരിമറി ഒഴിവാക്കാൻ നടപടി

309 (331) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. സി .മമ്മൂട്ടി:
ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. കെ. എൻ. എ .ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങളുടെ തിരിമറിയും കരിഞ്ചന്തയും വ്യാപകമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗോഡൗണുകളിൽ നിന്നുള്ള സാധനങ്ങൾ റേഷൻ കടകളിൽ എത്തിക്കുന്ന പ്രവർത്തനങ്ങളിൽ നിന്നും സ്വകാര്യ കരാറുകാരെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന ബദൽ മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ഗോഡൗണുകളിൽ നിന്നുള്ള സാധനങ്ങൾ വാതിൽപ്പടി വിതരണത്തിലൂടെ റേഷൻ കടകളിൽ എത്തിക്കുന്ന പ്രവർത്തനങ്ങൾ നിലവിൽ ഇ-ടെണ്ടർ മുഖേന നിയമിച്ച സ്വകാര്യ കരാറുകാർ മുഖേന, നോഡൽ ഏജൻസിയായ സപ്ലൈകോ ആണ് നടത്തുന്നത്. നിലവിലുള്ള ഈ സംവിധാനത്തിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് യാതൊരു തീരുമാനവും നാളിതുവരെ എടുത്തിട്ടില്ല. എന്നാൽ ജി.പി.എസ്. ഘടിപ്പിച്ച വാഹനങ്ങൾ മാത്രം ടെണ്ടറിൽ ഉൾപ്പെടുത്താനും ഈ വാഹനങ്ങൾ മറ്റ് കാര്യങ്ങൾക്ക് ഉപയോഗിക്കാതിരിക്കാനും ഉള്ള തീരുമാനമെടുത്തിട്ടുണ്ട്.

## റേഷൻ വസ്തുക്കളുടെ ഗുണമേന്മാ പരിശോധന

310 (332) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പു വരുത്താൻ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിൽ റേഷൻ കടകളിലും ഗോഡൗണുകളിലും പ്രതിമാസ ഗുണമേന്മാ പരിശോധന കൃത്യമായി നടത്തണമെന്ന് കേരള റേഷനിംഗ് ഓർഡർ (കെ.ആർ.ഒ.) അനുശാസിക്കുന്നുണ്ടോ;

(ബി) എന്നാൽ സ്റ്റാറ്റ്യൂട്ടറി സംവിധാനത്തിനുശേഷം ഭക്ഷ്യഭദ്രത നിയമം നടപ്പാക്കിയതോടെ പ്രതിമാസപരിശോധന നടക്കാത്ത സാഹചര്യമുണ്ടോ;

(സി) ഇത് റേഷൻ വസ്തുക്കളുടെ ഗുണമേന്മയെ കാര്യമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പരിശോധനയും ഗുണമേന്മയും ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നു വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അനുശാസിക്കുന്നുണ്ട്.

(ബി&സി) ഇല്ല. ബാധകമല്ല.

(ഡി) ഓരോ മാസവും ജില്ലാതലത്തിൽ നടക്കുന്ന പരിശോധനകൾ അവലോകനം ചെയ്യുന്നുണ്ട്. നിലവിലുള്ള നിർദ്ദേശങ്ങൾ പ്രകാരം പരിശോധന നടക്കാത്ത സാഹചര്യങ്ങൾ ഉണ്ടായാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ഓരോ മാസത്തിലും 100 ശതമാനം പരിശോധന നടത്തുന്നതിന് ഒരു ജില്ലയെ തെരഞ്ഞെടുക്കുന്നുണ്ട്. ആയത് പ്രകാരം പരിശോധന നടക്കുന്നുവെന്നും ഉറപ്പുവരുത്തുന്നു.

എഫ്.സി.ഐ. ക്വാളിറ്റി കൺട്രോൾ വിഭാഗം പരിശോധിച്ച ശേഷമാണ് ഭക്ഷ്യധാന്യങ്ങൾ ഗോഡൗണുകളിൽ എത്തുന്നത്. മട്ട അരി സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയാണ് ഗോഡൗണുകളിൽ സൂക്ഷിക്കുന്നത്. ഗുണനിലവാരമില്ലാത്ത റേഷൻ സാധനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കാർഡുടമകൾക്ക് വിതരണം ചെയ്യരുതെന്ന് ലൈസൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ സപ്ലൈ ഓഫീസർ/താലൂക്ക് സപ്ലൈ ഓഫീസർ/റേഷനിംഗ് ഇൻസ്പെക്ടർ എന്നിവർ കൃത്യമായി പരിശോധനകൾ നടത്തി റേഷൻ കടകൾ വഴി ഗുണനിലവാരമില്ലാത്ത ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തുന്നുണ്ട്. എൻ.എഫ്.എസ്.എ. ഗോഡൗണുകൾ, റേഷൻ കടകൾ എന്നിവിടങ്ങളിൽ നിന്നും സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ First in First out തത്വം പാലിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി പല തലത്തിലുമുള്ള പരിശോധനകളും നടത്തുന്നുണ്ട്.

## പട്ടാമ്പി മണ്ഡലത്തിലെ അരി വിതരണം

311 (333) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി മണ്ഡലത്തിലെ അതിർത്തി പഞ്ചായത്തുകളായ വിളയൂർ, തിരുവേഗപ്പുറ പഞ്ചായത്തുകളിൽ മട്ട അരിക്ക് പ്രിയം കുറവായതിനാൽ ഈ പ്രദേശങ്ങളിലെ റേഷൻ കടകൾ മുഖേന പച്ചരി, പുഴുക്കലരി എന്നിവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

നടപടി സ്വീകരിക്കുന്നതാണ്.

## മലപ്പുറം ജില്ലയിലെ ഹൈപ്പർ മാർക്കറ്റുകൾ

312 (334) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഹൈപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഹൈപ്പർ മാർക്കറ്റുകൾ വഴി സംസ്ഥാനത്ത് ഗൃഹോപകരണങ്ങൾ വിപണനം ചെയ്യുന്നുണ്ടോ;

(സി) മലപ്പുറം ജില്ലയിൽ ഇത്തരത്തിൽ ഗൃഹോപകരണ വിപണനം നടത്തുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) തുടർച്ചയായ വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന പ്രദേശമെന്ന നിലയിൽ നിലമ്പൂർ താലൂക്കിൽ ഗൃഹോപകരണങ്ങൾ വിപണനം ചെയ്യുന്നതിന് ഹൈപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ നിലവിൽ ഹൈപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്നില്ല.

(ബി) സംസ്ഥാനത്ത് നിലവിലുള്ള 5 ഹൈപ്പർ മാർക്കറ്റുകളിലൂടെ ഗൃഹോപകരണങ്ങൾ വിപണനം നടത്തിവരുന്നു.

(സി) ഉണ്ട്. അമരമ്പലം, മങ്കട, എടക്കര, മലപ്പുറം, അങ്ങാടിപ്പുറം, താനൂർ എന്നീ സൂപ്പർ മാർക്കറ്റുകൾ വഴി ഗൃഹോപകരണങ്ങൾ വിപണനം നടത്തിവരുന്നു.

(ഡി) നിലവിൽ നിലമ്പൂർ താലൂക്കിലെ അമരമ്പലം, എടക്കര എന്നീ സൂപ്പർ മാർക്കറ്റുകളിൽ കൂടി ഗൃഹോപകരണങ്ങളും വിപണനം നടത്തിവരുന്നുണ്ട്. മറ്റ് സൂപ്പർ മാർക്കറ്റുകളിൽ സ്ഥലസൗകര്യം ലഭിക്കുന്നതിനനുസരിച്ച് ഗൃഹോപകരണ വിപണനം ആരംഭിക്കുന്നതാണ്.

## റേഷൻ കടയിലെ ഭക്ഷ്യധാന്യ ഗുണനിലവാരം

313 (335) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരം കുറഞ്ഞതും ഭക്ഷ്യയോഗ്യമല്ലാത്തതുമായ ഭക്ഷ്യ ധാന്യങ്ങൾ റേഷൻ കടകളിൽ കൂടി വിതരണം ചെയ്യുന്നുവെന്ന വ്യാപക പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ എഫ്.സി.ഐ. ഗോഡൗണുകൾ മുഖേന ലഭിക്കുന്ന അരിയുടെയും ഗോതമ്പിന്റെയും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) സപ്ലൈകോ നെല്ല് സംഭരണം മുഖേന മില്ലുകൾ ലഭ്യമാക്കുന്ന നെല്ലിന്റെ കുത്തരി തന്നെയാണോ റേഷൻ വിതരണത്തിനായി വിനിയോഗിക്കുന്നതെന്ന് പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഗുണനിലവാരം സംബന്ധിച്ച പരാതികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പരിശോധന കർശനമാക്കുന്നതിന് അടിയന്തര നിർദ്ദേശം നൽകാമോ?

ഉത്തരം

(എ) ഒറ്റപ്പെട്ട ചില സ്ഥലങ്ങളിൽ ഇങ്ങനെയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിനായി എഫ്.സി.ഐ.-യിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന എഫ്.സി.ഐ.-യിലെ ക്വാളിറ്റി കൺട്രോളർ ഉറപ്പുവരുത്തി ആയതിന്റെ സാമ്പിൾ പായ്ക്കറ്റ് സഹിതമാണ് എൻ.എഫ്.എസ്.എ. ഗോഡൗണുകളിലേയ്ക്കും റേഷൻ കടകളിലേയ്ക്കും ലഭ്യമാക്കുന്നത്. സാമ്പിൾ പായ്ക്കറ്റിലുള്ള ഭക്ഷ്യധാന്യം തന്നെയാണ് ലഭിക്കുന്നതെന്ന് എൻ.എഫ്.എസ്.എ. ഗോഡൗണുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും റേഷൻ വ്യാപാരികളും ഉറപ്പുവരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് അസിസ്റ്റന്റ് മാനേജർ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലെ അരിയുടെ ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷമാണ് വിതരണം നടത്തുന്നത്. കൂടാതെ ടി സാമ്പിൾ പായ്ക്കറ്റുകൾ റേഷൻ കടകളിൽ ഗുണഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പരിശോധനാ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും

ചെയ്യുന്നു. കൂടാതെ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലും എ.ആർ.ഡി.-കളിലും FIFO (First in First out) രീതി കർശനമായും പിൻതുടരണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) സി.എം.ആർ. മില്ലുകളിൽ സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി പരിശോധിച്ച് ശിപാർശ ചെയ്തതിനുശേഷമാണ് കുത്തരി റേഷൻ കടകളിൽ എത്തുന്നത്.

(ഡി) പരിശോധനകൾ കർശനമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ സർക്കാർതലത്തിലും പരിശോധനകൾ നടത്തുന്നുണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ റേഷൻ കടകളിൽ ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ എത്തിയാൽ യാതൊരു കാരണവശാലും കാർഡുടമകൾക്ക് അവ വിതരണം ചെയ്യാൻ പാടില്ലെന്നും ഇത്തരം സാഹചര്യത്തിൽ റേഷൻ കടക്കാർ അവ തിരികെ നൽകി നല്ല ഉൽപ്പന്നങ്ങൾ മാറ്റി വാങ്ങണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

## മാവേലി സ്റ്റോറുകൾ

314 (336) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വില ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് ഏറെ ആശ്വാസകരകമായ മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന മിക്ക സാധനങ്ങളുടെയും വില നിലവാരം പൊതുവിപണിയുടേതിനു തുല്യമോ അതിൽ കൂടുതലോ ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ചില സ്റ്റോർ മാനേജർമാർ ലോക്കൽ പർച്ചേസിന്റെ മറവിൽ തീരെ ഗുണനിലവാരം ഇല്ലാത്ത സാധനങ്ങൾ വാങ്ങി വിതരണം നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ മാവേലി സ്റ്റോറുകൾ വഴി ലഭ്യമാക്കി ജനങ്ങളുടെ വിശ്വാസ്യത വീണ്ടെടുത്ത് മാവേലി സ്റ്റോറുകളെ ജനോപകാരപ്രദമാക്കി നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ) സപ്ലൈകോ വില്പനശാലകളിലൂടെ വില്പന നടത്തുന്ന അവശ്യ സാധനങ്ങളുടെ വില്പനവില പൊതു വിപണിയിലേതിനേക്കാൾ (സംസ്ഥാന ശരാശരി) വളരെ കുറവാണ്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സ്റ്റോർ മാനേജർക്ക് ലോക്കൽ പർച്ചേസ് നടത്തുന്നതിനുള്ള അധികാരമില്ല. അടിയന്തര സാഹചര്യങ്ങളിലും ഷെൽഫ് ലൈഫ് വളരെ കുറവായ സാധനങ്ങൾ ഒഴികെ എല്ലാ സാധനങ്ങളും സെൻട്രലൈസ്ഡ് പർച്ചേസ് സിസ്റ്റത്തിലൂടെയാണ് വാങ്ങുന്നത്.

(സി) നിലവിൽ ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷമാണ് സാധനങ്ങൾ ഇ-ടെണ്ടർ മുഖേനയും കേന്ദ്ര ഏജൻസികൾ മുഖേനയും (നാഫെഡ് കേന്ദ്രീയ ഭണ്ഡാർ/എൻ.സി.ഡി.ഇ.എക്സ് മുതലായവ) സംഭരിച്ച് വിതരണം ചെയ്യുന്നത്. ഇവ മിതമായ വിലയിൽ ലഭ്യമാക്കുക വഴി സപ്ലൈകോ വില്പനശാലകളെ ജനോപകാരപ്രദമാക്കി നിലനിർത്തുവാൻ സാധിച്ചിട്ടുണ്ട്. കൂടുതൽ വില്പനശാലകൾ ആരംഭിച്ചും പുതുതായി ആരംഭിച്ചും നിലവിലുള്ളവയിൽ കൂടുതൽ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തി നവീകരിച്ചും കൂടുതൽ ഉപഭോക്താക്കൾക്ക് സേവനമെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**കോന്നിയിൽ ഹൈപ്പർ മാർക്കറ്റ്**

315 (337) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിവേണിയുടെ നിയന്ത്രണത്തിൽ കോന്നി ടൗൺ ആസ്ഥാനമാക്കി ആധുനിക രീതിയിലുള്ള ഒരു ഹൈപ്പർ മാർക്കറ്റ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഹൈപ്പർ മാർക്കറ്റ് ആരംഭിക്കാൻ എത്ര സ്ഥലമാണ് വേണ്ടതെന്ന് അറിയിക്കുമോ;

(സി) ഗ്രാമപഞ്ചായത്ത് മുഖേന സ്ഥലം ലഭ്യമാക്കിയാൽ പ്രസ്തുത ഹൈപ്പർ മാർക്കറ്റ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിലാണ് ത്രിവേണി ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. കോന്നിയിൽ ത്രിവേണി ഹൈപ്പർ മാർക്കറ്റ് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.

## സപ്ലൈകോ വഴി ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ

316 (338) ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ ഔട്ട്ലെറ്റുകൾ വഴി ഗുണമേന്മയുള്ള ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) കുടുംബശ്രീയുടെ വിവിധ ഉൽപന്നങ്ങൾ സപ്ലൈകോ വഴി വിതരണം ചെയ്യുന്നതിന് ധാരണയായിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് 2019 ഒക്ടോബർ മാസം മുതൽ ഡിപ്പോ മാനേജ്മെന്റ് കമ്മിറ്റി മുഖേനയുള്ള Local Purchase (17 ദിവസം വരെ Shelf life period ഉള്ള കേടാകുന്നവ ഒഴികെ) നിർത്തലാക്കുകയും ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് സപ്ലൈകോ ഹെഡ് ഓഫീസ് അംഗീകരിച്ച് അടിസ്ഥാനവില നിശ്ചയിച്ച നൽകുന്ന LLC (Local listed companies) വിഭാഗം കമ്പനികൾ വഴിയുള്ള പർച്ചേസ് ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി കമ്പനികളിൽ നിന്നും ഉൽപ്പന്നങ്ങൾ വാങ്ങുമ്പോൾ, ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന കമ്പനികൾക്ക് FSSAI (Food Safety Standard Authority of India) രജിസ്ട്രേഷൻ, ഗുണനിലവാര സർട്ടിഫിക്കറ്റുകളായ HACCP/Agmark/ISO-22000 മുതലായവ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നു. മറ്റ് കമ്പനികളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്ക് ISO-9001 സർട്ടിഫിക്കറ്റും ഉണ്ടെന്ന് ഉറപ്പുവരുത്തുന്നു.

(ബി) ഉണ്ട്. കുടുംബശ്രീയുടെ വിവിധ ഉൽപ്പന്നങ്ങൾ മികച്ച രീതിയിലും ലാഭകരമായും സപ്ലൈകോ വഴി വിതരണം ചെയ്യുന്നതിനുള്ള ധാരണാപത്രത്തിൽ സപ്ലൈകോയും കുടുംബശ്രീയും ഒപ്പുവച്ചിട്ടുണ്ട്.

## സപ്ലൈകോയുടെ പ്രവർത്തനം വിപുലമാക്കുന്നതിന് നടപടികൾ

317 (339) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന രൂക്ഷമായ വിലവർദ്ധനവ് തടയുന്നതിന് സപ്ലൈകോയുടെ ഇടപെടൽ സഹായകമായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സപ്ലൈകോയുടെ പ്രവർത്തനം വിപുലമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അറിയിക്കുമോ;

(സി) സപ്ലൈകോ ആരംഭിച്ച ഗൃഹോപകരണങ്ങളുടെ വിപണി വിജയപ്രദമാണോ; എങ്കിൽ കൂടുതൽ മേഖലകളിലേയ്ക്ക് അത് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) സപ്ലൈകോ ഷോപ്പിംഗ് മാളുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. വില വർദ്ധനവുണ്ടായ സാഹചര്യങ്ങളിൽ സമയോചിതമായും കാര്യക്ഷമമായും സപ്ലൈകോ മുഖേന നടത്തിയ ഇടപെടലുകൾ ഉപഭോക്താവിന് ആശ്വാസകരമായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സബ്സിഡി നിരക്കിലുള്ള നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വർദ്ധനവ് വരുത്താത്തതിനാൽ കുറഞ്ഞ വിലയിൽ തന്നെ അവശ്യസാധനങ്ങൾ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

വിലയിൽ വൻ വർദ്ധനവുണ്ടായ സവാള, നാഫെഡ്/കേന്ദ്രീയ ഭണ്ഡാർ മുതലായ ഏജൻസികൾ മുഖേന വാങ്ങി കുറഞ്ഞ വിലയിൽ ലഭ്യമാക്കിയതുമൂലം പൊതുവിപണയിലെ വില വർദ്ധനവ് നിയന്ത്രിക്കുവാനും സാധിച്ചിട്ടുണ്ട്.

നോൺ സബ്സിഡി വിഭാഗത്തിൽ വില്പന നടത്തുന്ന മറ്റ് ഉല്പന്നങ്ങൾക്കും ശരാശരി 5 മുതൽ 30 ശതമാനം വരെ വിലക്കുറവ് ലഭിക്കുന്നതിനാൽ, പൊതുവിപണിയിലെ വില വർദ്ധിക്കുന്ന സാഹചര്യങ്ങളിലെല്ലാം ഉപഭോക്താവിന് താങ്ങാകുവാൻ സപ്ലൈകോ വഴി സാധിച്ചിട്ടുണ്ട്.

(ബി) സപ്ലൈകോയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി, കൂടുതൽ വിൽപ്പനശാലകൾ ആരംഭിച്ചു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള വില്പനശാലകളുടെ ആകെ എണ്ണം 1529 ആയിരുന്നത് 1581 ആയി വർദ്ധിച്ചിട്ടുണ്ട്. നിലവിലുള്ള വിൽപ്പനശാലകൾ നവീകരിക്കുന്നതിനും ഉപഭോക്തൃ സൗഹൃദ സ്ഥാപനങ്ങളാക്കുന്നതിനും അതുവഴി കൂടുതൽ ഉപഭോക്താക്കൾക്ക് സേവനം എത്തിക്കുന്നതിനും നടപടി എടുത്തു. 2018-19 സാമ്പത്തിക വർഷം 86 വില്പനശാലകളും 2019-20 സാമ്പത്തിക വർഷം ഇതുവരെ 62 വില്പനശാലകളും നവീകരിക്കുവാൻ നടപടിയെടുത്തു.

സബ്സിഡി ഇതര ഉൽപ്പന്നങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എഫ്.എം.സി.ജി. വിഭാഗത്തിൽപ്പെട്ട സാധനങ്ങളുടെ പർച്ചേസ് കേന്ദ്രീയ സംവിധാനത്തിന് കീഴിൽ കൊണ്ടുവരികയും ലാഭശതമാനം ഏകീകരിക്കുകയും

ചെയ്തു. ശബരി തേയിലയുടെ ജനപ്രിയതയും വില്പനയും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, വളരെ കുറഞ്ഞ വിലയിൽ ടീ ബാഗുകൾ വിപണിയിൽ എത്തിച്ചിട്ടുണ്ട്. കൂടുതൽ സ്റ്റോക്ക് സംഭരിച്ച് ബ്ലെൻഡിംഗ് വേഗത കൂട്ടുന്നതിനായി അധിക ബ്ലെൻഡിംഗ് യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ശബരി ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള റേഷൻ കടകളിലേയ്ക്കും ഇവയുടെ വില്പന വ്യാപിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 160 വില്പനശാലകളിലൂടെ മിതമായ വിലയിൽ ഗൃഹോപകരണ വില്പന ആരംഭിച്ചതിലൂടെ ഗൃഹോപകരണങ്ങൾ 40 ശതമാനം വിലക്കുറവിൽ വിപണിയിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) അതെ. നിലവിൽ 160 വിൽപ്പനശാലകളിൽ ഗൃഹോപകരണ വിൽപ്പന ആരംഭിച്ചിട്ടുണ്ട്. സ്ഥലലഭ്യതയും വിൽപ്പന സാധ്യതയും കണക്കിലെടുത്ത് കൂടുതൽ വിൽപ്പന ശാലകളിൽ ഗൃഹോപകരണ വിൽപ്പന ആരംഭിക്കുന്നതാണ്.

(ഡി) സപ്ലൈകോ ആരംഭിക്കുന്ന ആദ്യ ഷോപ്പിംഗ് മാൾ എറണാകുളം ജില്ലയിലെ പിറവത്ത്, പിറവം മുനിസിപ്പാലിറ്റിയുടെ സഹകരണത്തോടുകൂടി പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ടി പ്രവൃത്തികൾ ഏകദേശം 95 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. അവസാനഘട്ട ജോലി നടന്നുവരുന്നു.

## സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ മുൻകാല ജീവനക്കാരുടെ ശമ്പള കുടിശ്ശിക

318 (340) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽസപ്ലൈസ് കോർപറേഷനിൽ പി.എസ്.സി. വഴി ജോലിയിൽ പ്രവേശിച്ചവർ മറ്റു വകുപ്പുകളിലെ ഉയർന്ന തസ്തികകളിൽ പി.എസ്.സി. വഴി നിയമിക്കപ്പെടുന്ന പക്ഷം അവർ റിലീവ് ചെയ്താണോ അതോ റിസൈൻ ചെയ്താണോ ജോലിയിൽ പ്രവേശിക്കേണ്ടത് ; വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ പി.എസ്.സി. വഴി മറ്റു ജോലികളിൽ പ്രവേശിച്ചവർക്ക് കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ശമ്പള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപറേഷനിൽ ജോലി ചെയ്തിരുന്ന കാലയളവിൽ ലഭ്യമാകേണ്ട ശമ്പള കുടിശ്ശിക തുക നൽകാറുണ്ടോയെന്ന് വിശദമാക്കുമോ;

(സി) പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിന്റെ അഞ്ചു വർഷക്കാലയളവിൽ (2014-2019) പി.എസ്.സി. നിയമനം വഴി സിവിൽസപ്ലൈസ് കോർപറേഷനിൽ ജോലി ചെയ്യുകയും പിന്നീട് മറ്റ് ജോലി

ലഭിച്ച് കോർപറേഷനിൽ നിന്നും പിരിഞ്ഞു പോകുകയും ചെയ്തവർക്ക് ഈ കാലയളവിലെ ശമ്പള പരിഷ്കരണ കുടിശ്ശിക തുക കോർപറേഷൻ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവർക്ക് ശമ്പള പരിഷ്കരണ കുടിശ്ശിക തുക നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ പി.എസ്.സി. വഴി ജോലിയിൽ പ്രവേശിച്ചവർ മറ്റ് വകുപ്പുകളിലെ ഉയർന്ന തസ്തികകളിൽ പി.എസ്.സി. വഴി നിയമിക്കപ്പെടുന്ന പക്ഷം രാജിവച്ചാണ് പുതിയ ജോലികളിൽ പ്രവേശിക്കുന്നത്.

(ബി) സപ്ലൈകോയിൽ നിന്നും രാജിവച്ച് മറ്റ് ജോലികളിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ശമ്പള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കോർപ്പറേഷനിൽ ജോലി ചെയ്തിരുന്ന കാലയളവിലെ ശമ്പള കുടിശ്ശിക നൽകാറുണ്ടായിരുന്നു. എന്നാൽ 2016-ൽ നിലവിൽ വന്ന പത്താം ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക നൽകിയിട്ടില്ല.

(സി) ഉണ്ട്. 2016-ൽ നിലവിൽ വന്ന പത്താം ശമ്പള പരിഷ്കരണം സപ്ലൈകോയ്ക്ക് അനുവദിച്ച് ഉത്തരവായത് 2017-ലാണ്. 1-7-2014 മുതൽക്കാണ് ശമ്പള പരിഷ്കരണം അനുവദിച്ചിട്ടുള്ളത്. 1-7-2014-നോ അതിന് ശേഷമോ സപ്ലൈകോയിൽ നിന്ന് രാജിവച്ച് മറ്റ് ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് ശമ്പളപരിഷ്കരണ കുടിശ്ശിക അനുവദിച്ചിട്ടില്ല.

(ഡി) 1-7-2014-നോ അതിന് ശേഷമോ സപ്ലൈകോയിൽ നിന്നും രാജിവച്ച ജീവനക്കാർക്ക് ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്ന വിഷയം 19-11-2018-ൽ ചേർന്ന സപ്ലൈകോയുടെ 428-ാമത്തെ ബോർഡ് മീറ്റിംഗ് പരിഗണിക്കുകയുണ്ടായി. രാജിവച്ച ജീവനക്കാർക്ക് കുടിശ്ശിക അനുവദിക്കുന്നതിനായി ഏകദേശം 5.75 കോടി രൂപയുടെ ബാധ്യത കണക്കാക്കിയിട്ടുണ്ട്. സപ്ലൈകോയുടെ ധനസ്ഥിതി മെച്ചമല്ലെന്ന കാരണത്താൽ രാജിവച്ച ജീവനക്കാർക്ക് കുടിശ്ശിക തുക അനുവദിക്കേണ്ടതില്ലെന്ന് പ്രസ്തുത ബോർഡ് യോഗം തീരുമാനിച്ചു. ബോർഡ് തീരുമാനത്തിനെതിരെ ശ്രീ. രാജേഷ്. കെ എന്നയാൾ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WP(C) No.10756/19 ഫയൽ ചെയ്ത പെറ്റീഷനുമേലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 16-7-2019-ലെ വിധിന്യായത്തിൽ കുടിശ്ശിക തുക അനുവദിക്കാൻ ഉത്തരവായി. പ്രസ്തുത ഉത്തരവിനെതിരെ സപ്ലൈകോ അപ്പീൽ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. അപ്പീൽ പെറ്റീഷനുമേൽ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## നെല്ല് സംഭരണം

319 (341) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ അടുത്ത സീസണിലെ നെല്ല് സംഭരണത്തിനായി സിവിൽ സപ്ലൈസ് വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ സീസണിൽ ആകെ എത്ര നെല്ല് സംഭരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് മുഴുവൻ തുകയും നൽകിയിട്ടുണ്ടോ; ഈ ഇനത്തിൽ കുടിശ്ശികയുണ്ടെങ്കിൽ അതിന്റെ കണക്ക് നൽകാമോ; കുടിശ്ശികയുണ്ടെങ്കിൽ അത് കൊടുത്ത് തീർക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ അടുത്ത സീസണിലെ നെല്ല് സംഭരണത്തിന് സപ്ലൈകോ പ്രാരംഭമായി രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംഭരണം സുഗമമായി നടപ്പാക്കുന്നതിന് 50 മില്ലുകളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫീൽഡുതലത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സപ്ലൈകോയിൽ നിന്നും താൽക്കാലിക അടിസ്ഥാനത്തിലും കൃഷി വകുപ്പിൽ നിന്ന് വർക്കിംഗ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിലും ഉദ്യോഗസ്ഥരെ വിന്യസിച്ച് സംഭരണം സുഗമമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിൽ നിന്നും കഴിഞ്ഞ സീസണിൽ ആകെ 98740.4 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

(സി) 2018-19 സീസണിൽ പി.ആർ.എസ്. വായ്പാ പദ്ധതി പ്രകാരവും ഡയറക്ട് പേമെന്റ് ഇനത്തിലുമായി മുഴുവൻ തുകയും കർഷകർക്ക് നൽകിക്കഴിഞ്ഞിട്ടുണ്ട്. എന്നാൽ ബാങ്കുകൾ കർഷകർക്ക് ആകെ നൽകിയ പി.ആർ.എസ്. ലോൺ തുകയായ 1712.83 കോടി രൂപയിൽ 371.24 കോടി രൂപ തിരിച്ചടവായി നാളിതുവരെ നൽകുകയും ബാക്കി തുകയായി നൽകുവാനുള്ളത് 1341.59 കോടി രൂപയുമാണ്. എസ്.എൽ.ബി.സി. അധികൃതരുമായി യോഗം കൂടുകയും പ്രസ്തുത യോഗത്തിൽ ബാങ്കുകൾക്ക് നല്കുവാനുള്ള NPA ഇനത്തിലുള്ള കുടിശ്ശിക തുക താമസംവിനാ നൽകുന്നതാണെന്നും ബാങ്കുകൾ PRS സ്വീകരിക്കുന്നതാണെന്നും തീരുമാനമായിട്ടുണ്ട്.

## നെല്ല് സംഭരണം സപ്ലൈകോ ബാങ്കുകൾക്ക് നൽകേണ്ട തുക

320 (342) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരിച്ചതിന്റെ പേരിൽ കർഷകർക്ക് ബാങ്കുകൾ നൽകിയ പണം സപ്ലൈകോ ബാങ്കുകൾക്ക് പലിശ സഹിതം നൽകുവാനുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര കോടി രൂപയാണ് ഈയിനത്തിൽ ബാങ്കുകൾക്ക് സപ്ലൈകോ നൽകുവാനുള്ളത്;

(സി) സർക്കാർ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ സപ്ലൈകോ ബാങ്കുകൾക്ക് പണം നൽകാത്തതുമൂലം ബാങ്കുകൾ കർഷകർക്കുള്ള വായ്പ നിർത്തിവെച്ച സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നെല്ല് സംഭരിച്ചവകയിൽ കേന്ദ്രത്തിൽ നിന്നും എന്ത് തുകയാണ് ലഭിക്കുവാനുള്ളത്;

(ഇ) ഇത് ലഭ്യമാക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2018-19 സീസണിൽ കർഷകർക്ക് ബാങ്കുകൾ നൽകിയ പി.ആർ.എസ്. വായ്പയുടെ തിരിച്ചടവ് തുകയായി 1341.59 കോടി രൂപയും ആയതിന്റെ പലിശ ഇനത്തിൽ 90 കോടി രൂപയും ചേർത്ത് 1431.59 കോടി രൂപയാണ് നൽകുവാനുള്ളത്.

(സി) ഉണ്ട്.

(ഡി) 2018-19 സീസണിൽ അരി വിതരണം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഡിസംബർ 2019 വരെ 1038 കോടി രൂപയാണ് കേന്ദ്രത്തിൽ നിന്ന് ലഭിക്കുവാനുള്ളത്. ടി തുക ലഭ്യമാക്കുന്നതിനായി സെപ്റ്റംബർ 2019 വരെയുള്ള ക്ലെയിം കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

## കാട്ടാക്കട കേന്ദ്രമായി ന്യായവില ഷോപ്പ്

321 (343) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട കേന്ദ്രമായി സിവിൽ സപ്ലൈസ് കോർപ്പറേഷന് കീഴിൽ ഭക്ഷ്യധാന്യങ്ങൾക്കായുള്ള ന്യായവില ഷോപ്പ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

കാട്ടാക്കടയിൽ നിലവിൽ ഒരു മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥലത്ത് ഒരു പുതിയ സൂപ്പർ മാർക്കറ്റും അമ്പലത്തിൻകാല എന്ന സ്ഥലത്ത് ഒരു പുതിയ മാവേലി സ്റ്റോറും ആരംഭിക്കുന്നതിനുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അനുയോജ്യമായ കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് വിപണന സാധ്യതയുടെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ പുതിയ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഒരു ഗ്രാമപഞ്ചായത്തിൽ രണ്ടാമത്തെ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് സർക്കാർ മാനദണ്ഡമനുസരിച്ചുള്ള വാടകരഹിത കെട്ടിടവും കമ്പ്യൂട്ടർ അനുബന്ധ സൗകര്യങ്ങൾക്കുള്ള ഒരു ലക്ഷം രൂപയും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തേണ്ടതുണ്ട്. ഇവ കൂടി ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന്റെ മൂവാറ്റുപുഴയിലെ സിറ്റിംഗ്

322 (344) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന്റെ മൂവാറ്റുപുഴയിലെ സിറ്റിംഗ് നിർത്തലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സിറ്റിംഗ് നിർത്തലാക്കിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്നും സിറ്റിംഗ് പുനരാരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

## ഉത്തരം

(എ&ബി) ഉണ്ട്. എറണാകുളം ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിലെ മെമ്പർമാരുടെ സേവന കാലാവധി കഴിഞ്ഞ് പുതിയ നിയമനം നടത്താൻ വൈകിയതിനാലും പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തതയും കേസുകൾ കുറവായതിനാലുമാണ് മൂവാറ്റുപുഴയിൽ ക്യാമ്പ് സിറ്റിംഗ് തുടർന്ന് നടത്താതിരുന്നത്. മെമ്പർമാരുടെ നിയമനം നടത്തിയതിനാൽ ക്യാമ്പ് സിറ്റിംഗ് ഉടൻ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ എറണാകുളം ഉപഭോക്തൃ തർക്ക പരിഹാര ഫോറം പ്രസിഡന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ലീഗൽ മെട്രോളജി കേസ്സുകൾ

323 (345) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പ് പരിശോധനകളിലൂടെ സംസ്ഥാനത്ത് 2018-19, 2019-20 വർഷങ്ങളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ശിക്ഷാ നടപടികളിലൂടെ എത്ര തുക ഈടാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) 2018-19 വർഷത്തിൽ 22042 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും പിഴയിനത്തിൽ 7,12,63,000 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷത്തിൽ (ഡിസംബർ മാസം വരെ) 16055 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും പിഴയിനത്തിൽ 4,97,46,500 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ 2018-19 വർഷത്തിൽ 97 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും പിഴയിനത്തിൽ 2,56,500 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷത്തിൽ (ഡിസംബർ മാസം വരെ) 69 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും പിഴയിനത്തിൽ 1,99,000 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

## വിലയിലെയും തൂക്കത്തിലെയും വെട്ടിപ്പ് തടയാൻ നടപടി

324 (346) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിപണിയിൽ അധികവില ഈടാക്കുന്നതും കള്ളത്രാസിന്റെ ഉപയോഗവും തടയുന്നതിന് സംസ്ഥാനത്ത് ലീഗൽ മെട്രോളജി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അളവുതൂക്ക വെട്ടിപ്പുകാരെ പിടികൂടുന്നതിന് വകുപ്പ് തയ്യാറാക്കിയിട്ടുള്ള കോൾസെന്ററും സുതാര്യം ആപ്ലിക്കേഷനും കൂടുതൽ ജനകീയമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പാക്കറ്റുകളിൽ രേഖപ്പെടുത്തിയ വിലയേക്കാൾ അധിക വില ഈടാക്കുന്നതും മുദ്ര ചെയ്യാത്ത അളവുതൂക്ക ഉപകരണങ്ങൾ ഉപയോഗിക്കുന്നതും തടയുന്നതിന് പരിശോധനകൾ കർശനമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനതലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും താലൂക്ക് തലത്തിൽ മിന്നൽ പരിശോധനകളും അതിനുപുറമെ പരാതികളിന്മേലുള്ള പരിശോധനകളും നടത്തിവരുന്നു.

(ബി) ഉണ്ട്. പത്ര മാധ്യമങ്ങൾ, എഫ്.എം. റേഡിയോ എന്നിവ വഴി, കോൾ സെന്റർ, സുതാര്യം മൊബൈൽ ആപ്ലിക്കേഷൻ എന്നിവ സംബന്ധിച്ച പരസ്യങ്ങൾ നൽകി ആയത് ജനകീയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. സംസ്ഥാനതലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും താലൂക്ക് തലത്തിൽ മിന്നൽ പരിശോധനകളും അതിനുപുറമെ പരാതികളിന്മേലുള്ള പരിശോധനകളും നടത്തിവരുന്നു.

**വിഴിഞ്ഞം തുറമുഖ നിർമ്മാണം**

325 (347) ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഡിസംബർ 5-ാം തീയതി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് ഊർജ്ജിതമായി മുന്നോട്ട് പോയ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾ പ്രതീക്ഷിച്ചതുപോലെ മുന്നോട്ട് കൊണ്ടുപോകുന്നതിൽ ഈ സർക്കാർ പരാജയപ്പെട്ടതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ ആക്ഷേപം ഉന്നയിക്കപ്പെടാനിടയായ സാഹചര്യം വ്യക്തമാക്കുമോ;

(ബി) കരാർ അനുസരിച്ച് ഈ തുറമുഖത്തിന്റെ നിർമ്മാണം എന്നാണ് പൂർത്തിയാക്കേണ്ടിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിർമ്മാണപ്രവർത്തനം പൂർത്തിയാക്കുവാൻ കൂടുതൽ സമയം അനുവദിക്കണമെന്ന് തുറമുഖ നിർമ്മാണക്കമ്പനി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര സമയമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല. കൺസഷൻ കരാർ പ്രകാരം 2015 ഡിസംബർ 5-ാം തീയതി നിർമ്മാണം ആരംഭിച്ച പദ്ധതിയുടെ ഒന്നാംഘട്ടം 2019 ഡിസംബർ 3-ന് പൂർത്തീകരിക്കേണ്ടതായിരുന്നു. 3 മാസം പിഴ ഇല്ലാതെയും തുടർന്ന് 6 മാസം പിഴയോടുകൂടിയും ക്യൂറിംഗ് പീരീഡിന് കൺസഷൻ കരാറിൽ വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് 2020 സെപ്റ്റംബർ മാസത്തിൽ കമ്പനി പണി പൂർത്തീകരിക്കേണ്ടതാണ്.

(സി) പ്രളയം, ഓഖി തുടങ്ങിയ കാരണങ്ങളാൽ പണി തടസ്സപ്പെട്ടുവെന്ന് ചൂണ്ടിക്കാട്ടി Force Majeure Event ആയി പരിഗണിച്ച് നിർമ്മാണ കാലാവധി ദീർഘിപ്പിച്ചുനൽകണമെന്ന് കരാർ കമ്പനി ആവശ്യപ്പെട്ടിരുന്നു. ടി ആവശ്യം സർക്കാർ നിരസിച്ചിട്ടുണ്ട്.

## വിഴിഞ്ഞം തുറമുഖ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി

326 (348) <u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u>
<u>ശ്രീ. വി. എസ്. ശിവകുമാർ:</u>
<u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ പാറ അദാനി കമ്പനി സ്വന്തം നിലയിൽ ക്വാറികൾ ആരംഭിച്ച് കൊണ്ടുവരുമെന്ന ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ;

(ബി) പുലിമുട്ട് നിർമ്മാണത്തിന്റെ പ്രവൃത്തികളിൽ എത്ര ശതമാനമാണ് ഇനിയും പൂർത്തിയാക്കുവാനുള്ളത്; ഇതിനായുള്ള പാറ എപ്രകാരമാണ് സംഘടിപ്പിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) തുറമുഖ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ;

(ഡി) ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും എംപവേർഡ് കമ്മിറ്റിയും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കൺസഷൻ കരാർ പ്രകാരം തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ കണ്ടെത്തേണ്ടത് നിർമ്മാണ കമ്പനിയുടെ ചുമതലയാണ്.

(ബി) പുലിമുട്ട് നിർമ്മാണത്തിന്റെ 20 ശതമാനം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. കൺസഷൻ കരാർ പ്രകാരം തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ കണ്ടെത്തേണ്ടത് നിർമ്മാണ കമ്പനിയുടെ ചുമതലയാണ്. കമ്പനി ആവശ്യപ്പെട്ടതനുസരിച്ച് ക്വാറികൾക്ക് വിവിധ അനുമതികൾ നൽകുന്നതിനുവേണ്ടി സർക്കാർ ബന്ധപ്പെട്ട വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. തമിഴ്നാട്ടിൽ നിന്നും പാറ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ നടത്തണമെന്ന് അദാനി കമ്പനി അറിയിച്ചിട്ടുണ്ട്.

(സി) കൺസഷൻ കരാർ പ്രകാരം, 2015 ഡിസംബർ 5-ാം തീയതി നിർമ്മാണം ആരംഭിച്ച പദ്ധതിയുടെ ഒന്നാംഘട്ടം 2019 ഡിസംബർ 3-ന് പൂർത്തീകരിക്കേണ്ടതായിരുന്നു. 3 മാസം പിഴ ഇല്ലാതെയും തുടർന്ന് 6 മാസം പിഴയോടുകൂടിയും ക്യൂറിംഗ് പീരീഡിന് കൺസഷൻ കരാറിൽ വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് 2020 സെപ്റ്റംബർ മാസത്തിൽ കമ്പനി പണി പൂർത്തീകരിക്കേണ്ടതാണ്.

(ഡി) കൺസഷൻ കരാർ പ്രകാരം തുറമുഖ നിർമ്മാണത്തിനാവശ്യമായ നിർമ്മാണ സാമഗ്രികൾ കണ്ടെത്തേണ്ടത് നിർമ്മാണ കമ്പനിയുടെ ചുമതലയാണ്. കമ്പനി ആവശ്യപ്പെട്ടതനുസരിച്ച് ക്വാറികൾക്ക് വിവിധ അനുമതികൾ നൽകുന്നതിനുവേണ്ടി സർക്കാർ ബന്ധപ്പെട്ട വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും എംപവേർഡ് കമ്മിറ്റിയും പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള തടസ്സങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുമുണ്ട്.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി**

327 (349) <u>ശ്രീ. കെ. ആൻസലൻ:</u>
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>:
<u>ശ്രീ. എൻ. വിജയൻ പിള്ള:</u>
<u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ആദ്യഘട്ട നിർമ്മാണം എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പദ്ധതിയുടെ നിർമ്മാണപുരോഗതി യഥാസമയം വിലയിരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) തുറമുഖത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ വേഗത്തിലാക്കണമെന്നും നിശ്ചിതസമയത്ത് തന്നെ നിർമ്മാണം പൂർത്തിയാക്കണമെന്നും അല്ലാത്ത പക്ഷം നഷ്ടപരിഹാരം നൽകേണ്ടിവരുമെന്നും കമ്പനിയെ അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) കരിങ്കല്ല് അടക്കമുള്ള നിർമ്മാണസാമഗ്രികളുടെ ക്ഷാമം പരിഹരിച്ച് പദ്ധതി യഥാസമയം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ വിവിധ ഘടകങ്ങളുടെ നാളിതുവരെയുള്ള നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർമ്മാണ പ്രവൃത്തി | പൂർത്തീകരി ക്കേണ്ടത് | നാളിതുവരെ പൂർത്തീകരിച്ചത് |
|---|---|---|---|
| 1 | പുലിമുട്ട് | 3100 മീറ്റർ | 20% |
| 2 | ഡ്രെഡ്ജിംഗ്& റിക്ലമേഷൻ | 7.1 ദശലക്ഷം ഘനമീറ്റർ | 40% |
| 3 | കണ്ടെയ്നർ ബെർത്ത് | 800 മീറ്റർ X 60 മീറ്റർ | പൈലിംഗ്, ബീമുകൾ, സ്ലാബുകൾ എന്നിവയുടെ പ്രീകാസ്റ്റിംഗ് പണികൾ 100% പൂർത്തീകരിച്ചു |
| 3 | കണ്ടെയ്നർ യാർഡ് | 30 ഹെക്ടർ | യാർഡിനാവശ്യമായ പേവർ ബ്ലോക്കുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. |
| 4 | തുറമുഖത്തിനായിട്ടുള്ള യന്ത്രോപകരണങ്ങൾ (ക്രെയ്നുകൾ, ടഗ് ബോട്ടുകൾ തുടങ്ങിയവ) | കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയ്നുകൾ - 8 എണ്ണം | നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. |
| | | ടഗ് ബോട്ടുകൾ - 4 എണ്ണം | 3 ടഗ് ബോട്ടുകളുടെ നിർമ്മാണം പൂർത്തിയായി. മറ്റൊരു ടഗ്ഗിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. |
| | | യാർഡ് ക്രെയ്നുകൾ-24 എണ്ണം | നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. |

(ബി) പദ്ധതിയുടെ നിർമ്മാണ പുരോഗതി യഥാസമയം വിലയിരുത്തുന്നതിനായി കരാറിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ഇൻഡിപെൻഡന്റ് എഞ്ചിനീയറെ നിയമിച്ചിട്ടുണ്ട്. സർക്കാർ തലത്തിൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള Project Implementation committee (PIC), Empowered Committee (EC) തുടങ്ങിയ രണ്ട് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(സി) അറിയിച്ചിട്ടുണ്ട്. കൺസഷൻ കരാർ പ്രകാരം 2015 ഡിസംബർ 5-ാം തീയതി നിർമ്മാണം ആരംഭിച്ച പദ്ധതിയുടെ ഒന്നാംഘട്ടം 2019 ഡിസംബർ 3-ന് പൂർത്തീകരിക്കേണ്ടതായിരുന്നു. 3 മാസം പിഴ ഇല്ലാതെയും തുടർന്ന് 6 മാസം പിഴയോടുകൂടിയും ക്യൂറിംഗ് പീരീഡിന് കൺസഷൻ കരാറിൽ വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് 2020 സെപ്റ്റംബർ മാസത്തിൽ കമ്പനി പണി പൂർത്തീകരിക്കേണ്ടതാണ്.

(ഡി) കൺസഷൻ കരാർപ്രകാരം തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ കണ്ടെത്തേണ്ടത് നിർമ്മാണ കമ്പനിയുടെ ചുമതലയാണ്. കമ്പനി ആവശ്യപ്പെട്ടതനുസരിച്ച് ക്വാറികൾക്ക് വിവിധ അനുമതികൾ നൽകുന്നതിനുവേണ്ടി സർക്കാർ ബന്ധപ്പെട്ട വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ കരാർ**

328 (350) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖനിർമ്മാണവുമായി ബന്ധപ്പെട്ട് നിർമ്മാണക്കമ്പനിക്ക് കരാർ കാലാവധി നീട്ടിനൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നിശ്ചിത കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാതെ വന്നാൽ കരാർ പ്രകാരം സംസ്ഥാന സർക്കാരിന് നഷ്ടപരിഹാരം ഈടാക്കുവാൻ വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ഈ ഇനത്തിൽ എത്ര തുക ലഭിച്ചുവെന്ന് വിശദമാക്കുമോ ;

(ഡി) നിർമ്മാണ കാലാവധി നീട്ടുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത കമ്പനിയുമായി സർക്കാർ ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കരാർ കാലാവധി നീട്ടി നൽകിയിട്ടില്ല. പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടത് ഡിസംബർ 3, 2019-ന് ആയിരുന്നെങ്കിലും കരാർ പ്രകാരം 270 ദിവസങ്ങൾ കൂടി (ക്യൂർ പിരീഡ്) നിർമ്മാണം പൂർത്തീകരിക്കുന്നതിനായി അദാനി കമ്പനിക്ക് ലഭിക്കുന്നതാണ്. ടി കാലയളവ് പ്രയോജനപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അദാനി കമ്പനിക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

(ബി&സി) കരാർ പ്രകാരം പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണം 2019 ഡിസംബർ 3-ന് പൂർത്തീകരിക്കേണ്ടതായിരുന്നു. 3 മാസം പിഴ ഇല്ലാതെയും തുടർന്ന് 6 മാസം പിഴയോടുകൂടിയും ക്യൂറിംഗ് പിരീഡിന് കൺസഷൻ കരാറിൽ വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് 2020 സെപ്റ്റംബർ മാസത്തിൽ കമ്പനി പണി പൂർത്തീകരിക്കേണ്ടതാണ്. പൂർത്തീകരിക്കേണ്ട തീയതിയിൽ നിന്നും 90 ദിവസങ്ങൾക്കുശേഷം Performace Security തുകയുടെ 0.1% എന്ന നിരക്കിൽ കരാർ കമ്പനിയിൽ നിന്നും ദിവസേന പിഴ ഈടാക്കാനുള്ള വ്യവസ്ഥയാണുള്ളത്.

(ഡി) നിർമ്മാണ കാലാവധി നീട്ടുന്നതുമായി ബന്ധപ്പെട്ട് കരാർ കമ്പനിയുമായി സർക്കാർ ചർച്ചകൾ നടത്തിയിട്ടില്ല. കരാർ പ്രകാരം അനുവദനീയമായ കാലാവധി സംബന്ധിച്ച വ്യവസ്ഥകൾ പാലിച്ചാണ് നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്.

**വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി**

329 (351) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ഒപ്പിട്ട കരാറിലെ ഏതൊക്കെ വ്യവസ്ഥകൾ നിലവിൽ പാലിക്കപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ വിവിധ ഘടകങ്ങളുടെ നാളിതുവരെയുള്ള നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | നിർമ്മാണ പ്രവൃത്തി | പൂർത്തീകരി ക്കേണ്ടത് | നാളിതുവരെ പൂർത്തീകരിച്ചത് |
|---|---|---|---|
| 1 | പുലിമുട്ട് | 3100 മീറ്റർ | 20% |
| 2 | ഡ്രെഡ്ജിംഗ്& റിക്ലമേഷൻ | 7.1 ദശലക്ഷം ഘനമീറ്റർ | 40% |
| 3 | കണ്ടെയ്നർ ബെർത്ത് | 800 മീറ്റർ X 60 മീറ്റർ | പൈലിംഗ്, ബീമുകൾ, സ്ലാബുകൾ എന്നിവയുടെ പ്രീകാസ്റ്റിംഗ് പണികൾ 100% പൂർത്തീകരിച്ചു |
| 4 | കണ്ടെയ്നർ യാർഡ് | 30 ഹെക്ടർ | യാർഡിനാവശ്യമായ പേവർ ബ്ലോക്കുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. |
| 5 | തുറമുഖത്തിനായിട്ടുള്ള യന്ത്രോപകരണങ്ങൾ (ക്രെയ്നുകൾ, ടഗ് ബോട്ടുകൾ തുടങ്ങിയവ) | കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയ്നുകൾ - 8 എണ്ണം | നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. |
| | | ടഗ് ബോട്ടുകൾ - 8 എണ്ണം | 3 ടഗ് ബോട്ടുകൾ നിർമ്മാണം പൂർത്തിയായി. മറ്റൊരു ടഗ്ഗിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. |
| | | യാർഡ് ക്രെയ്നുകൾ-24 എണ്ണം | നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. |

(ബി) കരാറിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ച് നിർമ്മാണം മുന്നോട്ടുപോകുകയാണ്. എന്നാൽ വ്യവസ്ഥകൾ പാലിക്കപ്പെടാതെ വരുന്ന സന്ദർഭങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി കരാർ കമ്പനിക്ക് യഥാസമയം നോട്ടീസ് നൽകുന്നുണ്ട്.

(സി) തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാർ നാളിതുവരെ 1188.73 രൂപ ചെലവഴിച്ചിട്ടുണ്ട്.

## കൊല്ലം തുറമുഖത്തിന്റെ വികസനം

330 (352) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തുറമുഖത്തിന്റെ വികസനത്തിന് ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത് എന്ന് വിശദമാക്കാമോ;

(ബി) ഈ തുറമുഖത്തുനിന്ന് ലക്ഷദ്വീപിലേയ്ക്ക് യാത്രാകപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊല്ലം തുറമുഖത്തിന്റെ വികസനത്തിന്റെ ഭാഗമായുള്ള 100 മീറ്റർ പാസഞ്ചർ ടെർമിനൽ ബെർത്ത് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൊച്ചുപിലാമൂട് മുതൽ വാടി വരെയുള്ള റോഡ് നിർമ്മാണം പൂർത്തീകരിച്ചു. വാടി മുതൽ കൊല്ലം കളക്ടറേറ്റ് വരെയുള്ള റോഡിന്റെ വികസനത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു. തുറമുഖത്തിന്റെ വാണിജ്യ സാധ്യത പ്രയോജനപ്പെടുത്തുന്നതിന് അഗ്രിമ സിമെന്റ്സുമായി സഹകരിച്ച് ഒരു സിമെന്റ് ടെർമിനൽ ആരംഭിക്കുന്നതിനുള്ള പദ്ധതി പരിഗണിച്ചുവരുന്നു.

(ബി) കൊല്ലം പോർട്ടിൽ നിന്ന് ലക്ഷദ്വീപിലേയ്ക്ക് യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ലക്ഷദ്വീപ് ഡെവലപ്മെന്റ് കോർപ്പറേഷൻ അധികൃതരുമായി മാരിടൈം ബോർഡ് പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്.

## മ്യൂസിയങ്ങളുടെ പരിഷ്കരണം

331 (353) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മ്യൂസിയങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നതെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) കാലഘട്ടത്തിന്റെ ആവശ്യകത ഉൾക്കൊണ്ട് മ്യൂസിയങ്ങളെ കാലോചിതമായി പരിഷ്കരിക്കുന്നത് ആലോചനയിലുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പുരാവസ്തു വകുപ്പിന് കീഴിൽ നിലവിൽ 11 മ്യൂസിയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങൾ താഴെപ്പറയുന്നവയാണ്.

1. പത്മനാഭപുരം കൊട്ടാരം, തക്കല, കന്യാകുമാരി, തമിഴ്നാട്
2. കോയിക്കൽ കൊട്ടാരം, നെടുമങ്ങാട്
3. കൊട്ടാരക്കര തമ്പുരാൻ ക്ലാസ്സിക്കൽ കലാമ്യൂസിയം
4. വേലുത്തമ്പി ദളവാ മ്യൂസിയം, മണ്ണടി
5. കൃഷ്ണപുരം കൊട്ടാരം, കായംകുളം
6. ശക്തൻ തമ്പുരാൻ കൊട്ടാരം, തൃശ്ശൂർ
7. ജില്ലാ പൈതൃക മ്യൂസിയം, തൃശ്ശൂർ
8. ഹിൽ പാലസ് മ്യൂസിയം, എറണാകുളം
9. പഴശ്ശിരാജാ മ്യൂസിയം, കോഴിക്കോട്
10. കുഞ്ഞാലിമരയ്ക്കാർ സ്മാരക മ്യൂസിയം, വടകര
11. പഴശ്ശികുടീരം പ്രോജക്ട് മ്യൂസിയം, മാനന്തവാടി

ഇവ കൂടാതെ ഓരോ ജില്ലയിലും അതാത് ജില്ലകളുടെ പൈതൃകം ഉൾപ്പെടുത്തി മ്യൂസിയം സ്ഥാപിക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രാരംഭഘട്ടത്തിൽ തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, പാലക്കാട്, ഇടുക്കി, വയനാട്, മലപ്പുറം എന്നീ ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മ്യൂസിയം മൃഗശാലാ വകുപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിൽ നേപ്പിയർ മ്യൂസിയം, ശ്രീചിത്രാ എൻക്ലേവ്, ശ്രീചിത്രാ ആർട്ട് ഗ്യാലറി, കെ.എസ്.എസ്. പണിക്കർ ഗ്യാലറി എന്നിവയും തൃശ്ശൂർ ജില്ലയിലെ സംസ്ഥാന മ്യൂസിയവും മൃഗശാലയിൽ കലാമ്യൂസിയവും മൾട്ടിപർപ്പസ് മ്യൂസിയവും കോഴിക്കോട് ജില്ലയിൽ ആർട്ട് ഗ്യാലറി & കൃഷ്ണമേനോൻ മ്യൂസിയവും പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരത്ത് നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിന്റെ നവീകരണവും വയനാട് ജില്ലയിലെ കുങ്കിച്ചിറ മ്യൂസിയം സജ്ജീകരണവും പുരോഗമിക്കുന്നു.

പുരാരേഖ വകുപ്പിന്റെ കീഴിൽ നിലവിൽ 2 മ്യൂസിയങ്ങളാണ് പ്രവർത്തിച്ചുവരുന്നത്. തിരുവനന്തപുരത്ത് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന കയ്യൊപ്പ് രേഖാലയ മ്യൂസിയവും വൈക്കത്ത് സ്ഥിതി ചെയ്യുന്ന വൈക്കം സത്യാഗ്രഹ സ്മാരക ഗാന്ധി മ്യൂസിയവും.

ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരളയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ തിരുവനന്തപുരത്ത് കേരളം ചരിത്ര പൈതൃക മ്യൂസിയം പ്രവർത്തിച്ചുവരുന്നു.

(ബി) പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള മ്യൂസിയങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നു. നവീന ആശയങ്ങളും സാങ്കേതിക വിദ്യകളും ഉപയോഗിച്ച് തീമാറ്റിക് ഇന്ററാക്ടീവ് മ്യൂസിയം സങ്കൽപ്പം പ്രയോഗത്തിലെത്തിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മ്യൂസിയം, തൃശ്ശൂർ ജില്ലാ പൈതൃക മ്യൂസിയം എന്നിവ ഈ നിലയിൽ സജ്ജീകരണം പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നുനൽകി. കൂടാതെ കേന്ദ്ര ധനസഹായ പദ്ധതി പ്രകാരം എറണാകുളം ഹിൽ പാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം എന്നിവിടങ്ങളിൽ മ്യൂസിയം പുനഃസജ്ജീകരണ പ്രവൃത്തികൾ നടന്നുവരികയാണ്. കൂടാതെ കേന്ദ്ര ധനസഹായം ഉപയോഗിച്ചുള്ള തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരം മ്യൂസിയത്തിന്റെ പുനഃസജ്ജീകരണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. മ്യൂസിയങ്ങളിലെത്തുന്ന സന്ദർശകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനൊപ്പം പരിസര വികസനവും സൗന്ദര്യവൽക്കരണ പ്രവൃത്തികളും വകുപ്പ് നിർവ്വഹിച്ചുവരുന്നുണ്ട്. ഭിന്നശേഷി സൗഹൃദമാക്കാൻ നടപടി സ്വീകരിച്ചു.

മ്യൂസിയം മൃഗശാലാ വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം അന്താരാഷ്ട്ര നിലവാരത്തിൽ പുനരുദ്ധാരണം നടത്തി പൊതുജനങ്ങൾക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ നേപ്പിയർ മ്യൂസിയത്തിന്റെ സമ്പൂർണ്ണ നവീകരണം ലക്ഷ്യമിട്ട് കെട്ടിടത്തിന്റെ ആധുനികവൽക്കരണത്തിനും പ്രദർശന സംവിധാനം അന്താരാഷ്ട്ര നിലവാരത്തിൽ സജ്ജീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുംപുറമെ തൃശ്ശൂരിൽ സ്ഥിതിചെയ്യുന്ന കലാമ്യൂസിയം പുനരുദ്ധാരണം നടത്തി പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. കൂടാതെ വയനാട് ജില്ലയിലെ കുങ്കിച്ചിറയിൽ ഒന്നാംഘട്ടം പൂർത്തീകരിച്ച കുങ്കിച്ചിറ മ്യൂസിയത്തിന്റെ

രണ്ടാംഘട്ടമായ പ്രദർശന സംവിധാനം അന്താരാഷ്ട്ര നിലവാരത്തിൽ സജ്ജീകരിക്കുന്നതിനാവശ്യമായ ഡി.പി.ആർ. സർക്കാർ നോഡൽ ഏജൻസിയായ കേരള ചരിത്ര പൈതൃക മ്യൂസിയം മുഖേന നടത്തിവരുന്നു. മാത്രമല്ല, തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന ശ്രീചിത്രാ ആർട്ട് ഗ്യാലറിയിൽ പ്രദർശിപ്പിച്ചിട്ടുള്ള ലോകപ്രശസ്ത ചിത്രകാരനായ രാജാരവിവർമ്മ അടക്കമുള്ള പ്രസിദ്ധ ചിത്രകാരന്മാരുടെ പെയിന്റിംഗുകൾ കാലോചിതമായി സംരക്ഷിക്കുന്നതിനും ശ്രീ ചിത്രാ ആർട്ട് ഗ്യാലറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## അവർ ലേഡി ഓഫ് ഹോപ് പള്ളി സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള വിജ്ഞാപനം

332 (354) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ വൈപ്പിനിൽ സ്ഥിതിചെയ്യുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള ആംഗ്ലോ ഇന്ത്യൻ പള്ളിയായ അവർ ലേഡി ഓഫ് ഹോപ്പിനെ സംരക്ഷിതസ്മാരകമാക്കുന്നതിനായി പ്രാഥമികവിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇല്ലെങ്കിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിനു കാരണം എന്തെന്നും വിജ്ഞാപനം എന്നത്തേയ്ക്കു പുറപ്പെടുവിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) പുരാവസ്തു വകുപ്പിൽ നിന്നും ലഭ്യമാക്കിയ കരട് വിജ്ഞാപനത്തിൽ പരാമർശിച്ചിരിക്കുന്ന സർവ്വേ നമ്പരുകളും വസ്തുവിന്റെ അടിസ്ഥാന നികുതി രജിസ്റ്ററിൽ കാണുന്ന നമ്പരുകളും തമ്മിൽ വ്യത്യാസം കാണുന്നതിനാൽ ആയവ പരിശോധിച്ച് കൃത്യമായ വിവരണം ഉൾപ്പെടുത്തിയ പുതുക്കിയ കരട് വിജ്ഞാപനം സർക്കാരിന് ലഭ്യമാക്കുവാൻ പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് 4-12-2019-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കരട് വിജ്ഞാപനം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## മണ്ണടി വേലുത്തമ്പി ദളവാ മ്യൂസിയം വികസനം

333 (355) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണടി വേലുത്തമ്പിദളവാ മ്യൂസിയം വികസനത്തിനായി വകുപ്പുതലത്തിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത് എന്നറിയിക്കുമോ;

(ബി) പത്തനംതിട്ട ജില്ലയിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളെ ബന്ധിപ്പിച്ച് ഒരു ചരിത്ര ഗവേഷണ വിജ്ഞാന യാത്രാ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്നറിയിക്കുമോ?

ഉത്തരം

(എ) മണ്ണടി വേലുത്തമ്പി ദളവാ മ്യൂസിയത്തിൽ കെൽട്രോൺ മുഖേന സി.സി.ടി.വി. സ്ഥാപിക്കുന്നതിന് 19,31,849 (പത്തൊമ്പത് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി എണ്ണൂറ്റി നാൽപ്പത്തി ഒൻപത്) രൂപയുടെ ഭരണാനുമതി 29-5-2019-ലെ സ.ഉ. (സാധാ) നമ്പർ 21/2019/സാം.കാ.വ. പ്രകാരം നൽകിയിട്ടുണ്ട്. അതുപ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയായി വരുന്നു.

(ബി) നിലവിൽ പരിഗണനയിലില്ല.

## ആറ്റിങ്ങൽ കോയിക്കൽ കൊട്ടാരത്തിന്റെ സംരക്ഷണം

334 (356) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കോയിക്കൽ കൊട്ടാരം ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് പുരാവസ്തു വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് അവിടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിനെതിരായ ആദ്യ കലാപമായ ആറ്റിങ്ങൽ കലാപത്തിന്റെ ചരിത്രം വിശദമാക്കുന്നതിനുള്ള പദ്ധതികൾ ഇതോടൊന്നിച്ച് നടപ്പാക്കുമോ എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ആറ്റിങ്ങൽ കോയിക്കൽ കൊട്ടാരത്തിന്റെ ചരിത്ര പ്രാധാന്യം കണക്കിലെടുത്ത് കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്ക് പ്രസ്തുത സ്മാരകത്തിന്റെ റവന്യൂ വിശദവിവരം തിരുവനന്തപുരം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ജില്ലാ കളക്ടർ ലഭ്യമാക്കിയ റവന്യൂ വിവരത്തിൽ സ്മാരകത്തിന്റെ വിസ്തീർണ്ണം, അതിർത്തി വസ്തുക്കളുടെ സർവ്വേ നമ്പർ എന്നിവ രേഖപ്പെടുത്തിയിരുന്നില്ല. പ്രസ്തുത വിവരങ്ങൾ കൂടി ഉൾപ്പെടുത്തി പുതുക്കിയ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർക്ക് വീണ്ടും കത്ത് നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായാലുടൻ തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി&സി) സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച ശേഷം പ്രസ്തുത നിർമ്മിതിയിൽ സംരക്ഷണ പ്രവർത്തനങ്ങളും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്നത് പരിഗണിക്കുന്നതാണ്.

## കൃഷ്ണപുരം കൊട്ടാരത്തിന്റെ പുനരുദ്ധാരണം

335 (357) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കൃഷ്ണപുരം കൊട്ടാരത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഓരോ പ്രവൃത്തികൾക്കും ചെലവഴിച്ചിട്ടുള്ള തുക എത്രയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കായംകുളം കൃഷ്ണപുരം കൊട്ടാരത്തിന്റെ മേൽക്കൂരയുടെയും വാതിലുകൾ, ജനാലകൾ എന്നിവയുടെയും സമഗ്ര സംരക്ഷണ പ്രവൃത്തികളും കൊട്ടാരത്തിന്റെ മുൻവശത്തെ പൊളിഞ്ഞുവീഴാറായ മതിലിന്റെ സമഗ്ര സംരക്ഷണ പ്രവൃത്തികളും നിർവ്വഹിക്കുകയുണ്ടായി. ഇതിലേയ്ക്കായി 49,75,324 (നാൽപ്പത്തിയൊമ്പത് ലക്ഷത്തി എഴുപത്തയ്യായിരത്തി മുന്നൂറ്റി ഇരുപത്തിനാലു രൂപാ മാത്രം) രൂപ ചെലവായിട്ടുണ്ട്. ഇതുകൂടാതെ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേന പൂന്തോട്ടം സജ്ജീകരിക്കുകയും മറ്റ് അനുബന്ധ പ്രവൃത്തികൾ നിർവ്വഹിക്കുകയുമുണ്ടായി. പ്രസ്തുത പ്രവൃത്തികൾക്കായി 61,64,778 (അറുപത്തിയൊന്ന് ലക്ഷത്തി അറുപ്പത്തിനാലായിരത്തി എഴുന്നൂറ്റിയെഴുപത്തിയെട്ട് രൂപ മാത്രം) രൂപ ചെലവായിട്ടുണ്ട്. കൂടാതെ കായംകുളം കൃഷ്ണപുരം കൊട്ടാരത്തിന്റെ 60,69,047 (അറുപത് ലക്ഷത്തി അറുപത്തിയൊമ്പതിനായിരത്തി നാല്പത്തിയേഴ് രൂപ മാത്രം) രൂപ ചെലവഴിച്ച് കെൽട്രോൺ മുഖേന സി.സി.ടി.വി.-യും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചിട്ടുണ്ട്.

## തലസ്ഥാനത്തെ കോട്ടമതിലിന് ചുറ്റുമുള്ള അനധികൃത കയ്യേറ്റം

336 (358) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലെ കോട്ടമതിലിന് ചുറ്റും അനധികൃത കയ്യേറ്റം നടക്കുന്നതായി ആർക്കിയോളജി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കോട്ടമതിൽ ഉൾപ്പെടെയുള്ള പൈതൃകമായി സംരക്ഷിക്കേണ്ട ഇടങ്ങളിൽ ഒരു തരത്തിലുള്ള കയ്യേറ്റം ഉണ്ടാവുകയോ അനുവദിക്കുകയോ പാടില്ലെന്ന് കാണിച്ച് കേന്ദ്ര ആർക്കിയോളജി വകുപ്പ് ഡയറക്ടർ എന്തെങ്കിലും നിർദ്ദേശം എപ്പോഴെങ്കിലും നല്കിയിട്ടുണ്ടായിരുന്നോ; വ്യക്തമാക്കുമോ;

(ബി) കോട്ടമതിലിന് ചുറ്റുമുള്ളതുൾപ്പെടെയുള്ള അനധികൃത കയ്യേറ്റം ഒഴിപ്പിച്ചെടുക്കുന്നതിനുള്ള ബാധ്യത സംസ്ഥാനത്തെ ഏത് അധികാരിയിലാണ് നിക്ഷിപ്തമായിട്ടുള്ളത്;

(സി) കിഴക്കേക്കോട്ടയിലെ പ്രസ്തുത മതിലിന് ചുറ്റുമുള്ള കെ.എസ്.ആർ.ടി.സി. യുടെ ഉടമസ്ഥതയിലുള്ള 72.250 സെന്റ് സ്ഥലത്തെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ ഏതുവരെയായിയെന്ന് അറിയിക്കുമോ;

(ഡി) ഈയിടത്തുള്ള കയ്യേറ്റം ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട് ആർക്കിയോളജി വകുപ്പ് റവന്യൂ വകുപ്പിന് എത്ര തവണ കത്ത് /മറ്റേതെങ്കിലും വിധത്തിലുള്ള ആശയവിനിമയം നടത്തിയിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചു;

(എഫ്) സർക്കാർ അധികാരമേറ്റ നാൾ മുതൽ ഈ സ്ഥലത്തെ കയ്യേറ്റം ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട് മലബാറിൽ നിന്നുള്ള സാമാജികർ നിരവധി തവണ വിഷയം ഉന്നയിച്ചിട്ടും ഒഴിപ്പിക്കൽ യാഥാർത്ഥ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാത്തതിന്റെ കാരണമെന്തെന്ന് അറിയിക്കുമോ;

(ജി) 72.250 സ്ഥലത്തേതിലെങ്കിലുമുള്ള കയ്യേറ്റം ഒഴിപ്പിച്ചെടുത്ത് കോട്ടമതിലിന്റെ പൈതൃകം സംരക്ഷിക്കാനാവുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ തലസ്ഥാന നഗരിയിലെ കരിങ്കൽ കോട്ടയ്ക്കും കോട്ടവാതിലുകൾക്കും ചുറ്റും ഒട്ടനവധി നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 17-10-2014-ലെ സ.ഉ. (സാധാ) 473/2014/സാം.ക.വ. പ്രകാരം ഇത്തരത്തിലുള്ള എല്ലാ നിയമവിരുദ്ധ നിർമ്മാണങ്ങളും പൊളിച്ചു നീക്കുന്നതിന് വേണ്ട നടപടികൾ

സ്വീകരിക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർ, പുരാവസ്തു വകുപ്പ് ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ കേന്ദ്ര പുരാവസ്തു വകുപ്പിൽ നിന്നും അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല.

(സി) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തുനിന്നും കയ്യേറ്റം ഒഴിപ്പിച്ച് ഭൂമി കയ്യേറിയവരെ പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 9-5-2018-ന് യോഗം ചേരുകയും അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നത് സംബന്ധിച്ച് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി&ഇ) 17-10-2014-ലെ സ.ഉ.(സാധാ) നമ്പർ 473/2014/സാം.ക.വ.-യെത്തുടർന്ന് 28-11-2017, 23-2-2018 എന്നീ തീയതികളിൽ തിരുവനന്തപുരം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും കോട്ടമതിലിന് ചുറ്റുമുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പട്ടിക തയ്യാറാക്കി നൽകുന്നതിന് പുരാവസ്തു വകുപ്പദ്ധ്യക്ഷനെ ചുമതലപ്പെടുത്തുകയുമുണ്ടായി. ഇതിൻപ്രകാരം സംരക്ഷിത സ്മാരകമായ കരിങ്കൽ കോട്ടയ്ക്ക് ചുറ്റുമുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പട്ടിക തയ്യാറാക്കി ആൽബം സഹിതം 10-7-2018-ന് തിരുവനന്തപുരം ജില്ലാ കളക്ടർ സമർപ്പിച്ചിരുന്നു. തുടർന്ന് 4-8-2018-ന് തിരുവനന്തപുരം തഹസീൽദാർ, പുരാവസ്തു വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് ഒരു പരിശോധന നടത്തുകയുണ്ടായി. ഇതേ വിഷയത്തിൽ 20-1-2020-ൽ ഡെപ്യൂട്ടി കളക്ടർ (ലാന്റ് റവന്യൂ) ബന്ധപ്പെട്ട വകുപ്പുകളുടെ ഒരു യോഗം വിളിക്കുകയും സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ചർച്ച ചെയ്യുകയുമുണ്ടായി. 10-7-2018-ന് പട്ടിക കൈമാറിയതിനുശേഷം പ്രസ്തുത വിഷയത്തിൽ 8-5-2019, 15-7-2019, 26-9-2019, 5-10-2019 എന്നീ തീയതികളിൽ തിരുവനന്തപുരം ജില്ലാ കളക്ടർക്കും തഹസീൽദാർക്കും പുരാവസ്തു വകുപ്പ് കത്ത് നൽകിയിട്ടുണ്ട്.

(എഫ്&ജി) കിഴക്കേക്കോട്ടയിൽ കോട്ടമതിലിന് സമീപത്തായി കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തെ കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ പുരാവസ്തു വകുപ്പ് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടില്ല. 17-10-2014-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുവാൻ കേരള പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## തൃക്കരിപ്പൂരിലെ ചരിത്ര സ്മാരകങ്ങളുടെ പുനരുദ്ധാരണം

337 (359) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ മണ്ഡലത്തിൽപ്പെട്ട ഏതൊക്കെ ചരിത്രസ്മാരകങ്ങളും ക്ഷേത്രങ്ങളുമാണ് പുരാവസ്തു വകുപ്പ് വഴി സംരക്ഷണം ഏർപ്പെടുത്തി പുനരുദ്ധരിപ്പിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ മണ്ഡലത്തിൽപ്പെട്ട, ഉദിനൂർ വില്ലേജിലെ ഉദിനൂർ ക്ഷേത്ര പാലക ക്ഷേത്രം കൊട്ടാരം, പീലിക്കോട്ട് വില്ലേജിൽ ഉൾപ്പെട്ട പീലിക്കോട് ഗുഹകൾ എന്നിവയാണ് സംസ്ഥാന പുരാവസ്തു വകുപ്പ് വഴി സംരക്ഷണം ഏർപ്പെടുത്തി വരുന്ന സംരക്ഷിത സ്മാരകങ്ങൾ. ഉദിനൂർ ക്ഷേത്രപാലക ക്ഷേത്രം കൊട്ടാരത്തിന്റെ സമഗ്ര സംരക്ഷണ പ്രവൃത്തികൾ കേരള പുരാവസ്തു വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. പീലിക്കോട് ഗുഹയുടെ അതിർത്തി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## പുരാരേഖകൾ വീണ്ടെടുക്കുന്നതിന് നടപടി

338 (360) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഴയ കൊച്ചി രാജ്യത്തിന്റെ ചരിത്രത്തെക്കുറിച്ചും അക്കാലത്തെ അടിമക്കച്ചവടത്തെക്കുറിച്ചും മറ്റുമുള്ള രേഖകൾ ചെന്നൈ ആർക്കൈവ്സിൽ നിന്നും വീണ്ടെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

ഈ വിവരങ്ങൾ ഉൾപ്പെട്ടേക്കാവുന്ന ഡച്ച് രേഖകൾ തമിഴ്നാട് ആർക്കൈവ്സിൽ അഞ്ച് ഹാർഡ് ഡിസ്കുകളിലായി ഡിജിറ്റൈസ് ചെയ്ത് സൂക്ഷിച്ചിരിക്കുകയാണ്. കേരളത്തിലെ ആർക്കൈവ്സ് ഉദ്യോഗസ്ഥർക്ക് തമിഴ്നാട് ആർക്കൈവ്സ് സന്ദർശിച്ച് ഈ ഡിജിറ്റൽ രേഖകൾ പരിശോധിക്കുന്നതിനും ആവശ്യമെങ്കിൽ പകർപ്പ് ലഭ്യമാക്കുന്നതിനും തമിഴ്നാട് ആർക്കൈവ്സിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാൻ സംസ്ഥാന പുരാരേഖാ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 5, 28, 29, 49, 52, 72, 105, 112, 138, 149, 159, 161, 165, 173, 191, 215, 220, 230, 251, 270, 277, 281 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭിച്ചിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 A.M.]

## II ചരമോപചാരം

### ടി. എൻ. ചതുർവേദി, എം. കമലം, എസ്. സുന്ദരമാണിക്യം, പി. ടി. മോഹനകൃഷ്ണൻ, വി. ബാലറാം എന്നിവരുടെ നിര്യാണം

#### ടി. എൻ. ചതുർവേദി

മി. സ്പീക്കർ: മുൻ കേരള ഗവർണർ ടി. എൻ. ചതുർവേദി 2020-ജനവരി 5-ന് അന്തരിച്ചു. ഉത്തർപ്രദേശിലെ കനൗജിൽ 1929-ജനവരി 18-നാണ് ത്രിലോക് നാഥ് ചതുർവേദി ജനിച്ചത്. അലഹബാദ് സർവ്വകലാശാലയിൽ നിന്നും നിയമബിരുദം നേടിയ അദ്ദേഹം 1950-ൽ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉദ്യോഗത്തിൽ പ്രവേശിച്ചു. ഐ.എ.എസ്.ൽ നിന്നും വിരമിച്ചശേഷം 1984 മുതൽ 1989-വരെ ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ആയിരുന്നു. 1991-ൽ പത്മവിഭൂഷൺ നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു. 1992-ലും 1998-ലും രാജ്യസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടു. 2002 മുതൽ 2007 വരെ കർണ്ണാടക ഗവർണറായിരുന്ന ടി. എൻ. ചതുർവേദി 2004 ഫെബ്രുവരി മുതൽ 2004 ജൂൺ വരെ കേരള ഗവർണറുടെ ചുമതല വഹിച്ചിരുന്നു. പൊതുഭരണ സംവിധാനത്തെ സംബന്ധിച്ച പുസ്തകങ്ങളുടെ രചയിതാവും എഡിറ്ററുമായിരുന്ന അദ്ദേഹം നിരവധി പ്രൊഫഷണൽ ജേർണലുകളുടെ ഉപദേശകസമിതി അംഗമായി പ്രവർത്തിച്ചിരുന്നു. കഴിവുറ്റ ഉദ്യോഗസ്ഥനും മികച്ച പാർലമെന്റേറിയനും രാഷ്ട്രീയത്തിലും ഉദ്യോഗസ്ഥതലത്തിലും പണ്ഡിതനുമായിരുന്ന ഒരു മഹത് വ്യക്തിയെയാണ് ടി. എൻ. ചതുർവേദിയുടെ വിയോഗത്തിലൂടെ നമുക്ക് നഷ്ടമായത്.

#### എം. കമലം

മുൻ മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന എം. കമലം 30-1-2020-ന് അന്തരിച്ചു. 1926 ആഗസ്റ്റ് 14-ന് കേളോത്ത് കൃഷ്ണൻ-പി. കെ. ജാനകി ദമ്പതികളുടെ മകളായി ജനിച്ച കമലം 19-ാം വയസ്സിൽ കോഴിക്കോട് മുനിസിപ്പൽ കൗൺസിലറായി തെരഞ്ഞെടുക്കപ്പെട്ടു. വീണ്ടും രണ്ട് തവണ തെരഞ്ഞെടുക്കപ്പെട്ട എം. കമലം 1948 മുതൽ 1963 വരെ അതേ സ്ഥാനത്ത് തുടർന്നു. കൽപ്പറ്റ നിയോജകമണ്ഡലത്തിൽനിന്നും ആറും ഏഴും കേരള നിയമസഭകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിരുന്നു. അടിയന്തരാവസ്ഥ കാലത്ത് സംഘടനാ കോൺഗ്രസിൽ പ്രവർത്തിച്ചിരുന്ന എം. കമലം പ്രസ്തുത പാർട്ടി ജനതാ പാർട്ടിയായപ്പോൾ കോഴിക്കോട് ജില്ലാ അദ്ധ്യക്ഷയായും സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായും പ്രവർത്തിക്കുകയും പിന്നീട് കോൺഗ്രസിൽ തിരികെയെത്തുകയും ചെയ്തു. 24-5-1982 മുതൽ 25-3-1987 വരെ സഹകരണ വകുപ്പുമന്ത്രിയായി സേവനമനുഷ്ഠിച്ചു. 2002 മുതൽ 2007 വരെ സംസ്ഥാന വനിതാ കമ്മീഷൻ അദ്ധ്യക്ഷയായിരുന്നു. കെ.പി.സി.സി. വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, എ.ഐ.സി.സി. അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ഏഴ് പതിറ്റാണ്ട് പൊതുരംഗത്ത് സജീവസാന്നിധ്യമായിരുന്ന എം. കമലം അറിയപ്പെടുന്നൊരു പ്രാസംഗികയായിരുന്നു. അടിയന്തരാവസ്ഥക്കാലത്ത് സ്വീകരിച്ച നിലപാടുകളെ തുടർന്ന് ജയിൽവാസം അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. ഗാന്ധിജി, ജവഹർലാൽ നെഹ്റു തുടങ്ങിയ മഹദ് വ്യക്തിത്വങ്ങളെ നേരിട്ട് കാണുവാനും സംസാരിക്കാനും കഴിഞ്ഞിട്ടുള്ള എം. കമലം അക്കാലത്തെ ദേശീയ നേതാക്കളുമായി ഉറ്റബന്ധം പുലർത്തിയിരുന്നു. വനിതാ കമ്മീഷൻ അദ്ധ്യക്ഷയായിരിക്കെ സ്ത്രീ ശാക്തീകരണത്തിനുതകുന്ന നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വനിതകൾ സാമൂഹ്യ-രാഷ്ട്രീയ രംഗത്ത് താരതമ്യേന കുറവായിരുന്ന കാലത്ത് പ്രസ്തുത മേഖലകളിലേയ്ക്ക് ധൈര്യപൂർവ്വം കടന്നുവന്ന വ്യക്തിത്വമായിരുന്നു എം. കമലം. പൊതുരംഗത്ത് കർമ്മനിരതയായി നിന്ന മികച്ചൊരു സംഘാടകയെയും അനുഭവസമ്പത്തുള്ളതും വാഗ്മിയുമായ ഒരു നേതാവിനെയാണ് എം. കമലത്തിന്റെ വിയോഗത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## എസ്. സുന്ദരമാണിക്യം

മുൻ നിയമാസഭാംഗം എസ്. സുന്ദരമാണിക്യം 13-12-2019-ന് നിര്യാതനായി. മൂന്നാറിലെ തെന്മല എസ്റ്റേറ്റിൽ ശബരിമുത്തു-മാരിയമ്മ ദമ്പതികളുടെ മകനായി 1940-ൽ ജനിച്ചു. 1958-ൽ സജീവ രാഷ്ട്രീയത്തിലേയ്ക്ക് പ്രവേശിച്ച അദ്ദേഹം തോട്ടം മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിനും തൊഴിലാളികളെ സംഘടിപ്പിക്കുന്നതിലും മാതൃകാപരമായ പ്രവർത്തനം നടത്തി. സി.പി.ഐ.(എം) ഇടുക്കി ജില്ലാ സെക്രട്ടേറിയേറ്റ് അംഗം, സി.ഐ.ടി.യു. സംസ്ഥാന കമ്മിറ്റി അംഗം, എം.ജി. യൂണിവേഴ്സിറ്റി സെനറ്റ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 1987-ൽ ദേവികുളം മണ്ഡലത്തെ പ്രതിനിധീകരിച്ച് 8-ാം കേരള നിയമസഭയിലെത്തി. പൊതുപ്രവർത്തകൻ, ജനപ്രതിനിധി എന്നീ നിലകളിൽ സാധാരണക്കാരുടെ സ്നേഹവും ആദരവും നേടിയ നേതാവായിരുന്നു എസ്. സുന്ദരമാണിക്യം. അദ്ദേഹത്തിന്റെ നിര്യാണത്തോടെ മികവുറ്റ ഒരു പൊതുപ്രവർത്തകനെയും ട്രേഡ് യൂണിയൻ നേതാവിനെയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

## പി. ടി. മോഹനകൃഷ്ണൻ

മുൻ കേരള നിയമസഭാംഗവും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന പി. ടി. മോഹനകൃഷ്ണൻ 10-1-2020-ന് അന്തരിച്ചു. കെ. പി. ഗോവിന്ദ മേനോന്റെയും അന്നപൂർണേശ്വരി അമ്മയുടെയും മകനായി 1935 മാർച്ച് 27-ന് ജനിച്ചു. വെളിയങ്കോട് ഗവൺമെന്റ് ഹൈസ്കൂൾ, മദ്രാസ് ക്രിസ്ത്യൻ കോളേജ്

എന്നിവിടങ്ങളിൽനിന്നും പഠനം പൂർത്തിയാക്കി. 1965-ൽ എ.ഐ.സി.സി. അംഗമായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ അക്കാലത്തെ ഏറ്റവും പ്രായം കുറഞ്ഞ എ.ഐ.സി.സി. അംഗമായിരുന്നു അദ്ദേഹം. എട്ടാം കേരള നിയമസഭയിൽ പൊന്നാനി മണ്ഡലത്തെ പ്രതിനിധീകരിച്ചു. ബാംബു കോർപ്പറേഷൻ ചെയർമാൻ, ഗുരുവായൂർ ദേവസ്വം ബോർഡ് ചെയർമാൻ, കെ.പി.സി.സി. നിർവ്വാഹക സമിതി അംഗം എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. ഗുരുവായൂർ ദേവസ്വം ബോർഡ് ചെയർമാനായിരിക്കെ അദ്ദേഹം നടത്തിയ സാഹിത്യ-സാംസ്കാരിക പ്രവർത്തനങ്ങൾ ഗുരുവായൂരിനെ കേരളത്തിലെ പ്രധാന സാംസ്കാരിക കേന്ദ്രമാക്കി മാറ്റി. സിനിമാമേഖലയിലും സജീവമായിരുന്ന പി. ടി. മോഹനകൃഷ്ണൻ രണ്ട് ചലച്ചിത്രങ്ങളിലും അഭിനയിച്ചിട്ടുണ്ട്.

പി. ടി. മോഹനകൃഷ്ണന്റെ നിര്യാണത്തോടെ രാഷ്ട്രീയരംഗത്തും സാംസ്കാരികരംഗത്തും ഒരുപോലെ വ്യക്തിമുദ്ര പതിപ്പിച്ച ഒരു ജനകീയ നേതാവിനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

### വി. ബാലറാം

മുൻ കേരള നിയമസഭാംഗം വി. ബാലറാം 18-1-2020-ന് അന്തരിച്ചു. കെ.പി.സി.സി. ജനറൽ സെക്രട്ടറി, ഗുരുവായൂർ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചുവരികയായിരുന്നു. 1947 നവംബർ 10-ന് ടി. രാമൻ നായരുടെയും ചിന്നമ്മു അമ്മയുടെയും മകനായി ജനിച്ചു. നിയമ ബിരുദധാരിയായ അദ്ദേഹം കെ.എസ്.യു.-വിലൂടെയാണ് പൊതുപ്രവർ ത്തനരംഗത്തേക്ക് ചുവടുവച്ചത്. കെ.എസ്.യു. തൃശ്ശൂർ ജില്ലാ പ്രസിഡന്റ്, ഡി.സി.സി. പ്രസിഡന്റ്, കെ.പി.സി.സി. ജനറൽ സെക്രട്ടറി, എ.ഐ.സി.സി. അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 1996, 2001 എന്നീ വർഷങ്ങളിൽ വടക്കാഞ്ചേരി മണ്ഡലത്തിൽനിന്നും യഥാക്രമം പത്ത്, പതിനൊന്ന് കേരള നിയമസഭകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. ഖാദി ബോർഡ് വൈസ് ചെയർമാൻ, ഗുരുവായൂർ ദേവസ്വം ചെയർമാൻ, തൃശ്ശൂർ ഭൂപണയ ബാങ്ക് പ്രസിഡന്റ് എന്നീ പദവികൾ വഹിച്ചിരുന്നു. വി. ബാലറാമിന്റെ നിര്യാണത്തോടെ സൗമ്യവും ഹൃദ്യവുമായ ഇടപെടലുകളിലൂടെ സഹപ്രവർത്തകരുടെയും ജനങ്ങളുടെയും പ്രീതി ആർജ്ജിച്ച ഒരു നേതാവിനെയാണ് നഷ്ടമായിരിക്കുന്നത്.

പരേതരുടെ സ്മരണയ്ക്കായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു.)

## III ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ: സർവ്വശ്രീ എസ്. രാജേന്ദ്രൻ, ജി. എസ്. ജയലാൽ, പി. കെ. ബഷീർ എന്നീ അംഗങ്ങളെ പതിനാലാം കേരള നിയമസഭയുടെ പതിനെട്ടാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

## IV അടിയന്തരപ്രമേയം

സംഗീതിന്റെ കൊലപാതകം

മി. സ്പീക്കർ: സ്വന്തം ഭൂമിയിൽനിന്നും മണ്ണ് കവർന്നെടുക്കുന്നത് തടയാൻ ശ്രമിച്ച കാട്ടാക്കടയിലെ സംഗീത് എന്ന പ്രവാസിയുടെ കൊലപാതകത്തിൽ പോലീസ് കൈക്കൊള്ളുന്ന അനാസ്ഥയും വീഴ്ചയുംമൂലം നിയമവാഴ്ച തകരാനിടയായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. എൻ. ജയരാജ്, സർവ്വശ്രീ എം. വിൻസെന്റ്, കെ. എൻ. എ. ഖാദർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തിരുവനന്തപുരം കാട്ടാക്കട കുളത്തുമ്മൽ വില്ലേജിൽ കാഞ്ഞിരവിള ശ്രീമംഗലം വീടിന്റെ പുറകുവശത്തുള്ള സംഗീതിന്റെ പുരയിടത്തിൽനിന്നും ജെ.സി.ബി-യും ടിപ്പറും ഉപയോഗിച്ച് മണ്ണിടിച്ച് കടത്തുന്നതായി 24-1-2020 രാത്രി ഒരു മണിയോടെ കാട്ടാക്കട പോലീസ് സ്റ്റേഷനിൽ ഫോൺ മുഖേന വിവരം ലഭിച്ചു. മണ്ണ് കടത്താൻ ശ്രമിച്ച സംഘത്തെയും അവരുടെ വാഹനങ്ങളെയും തടഞ്ഞുവച്ചിട്ടുള്ളതായി മറ്റൊരു ഫോൺകോളും കാട്ടാക്കട പോലീസ് സ്റ്റേഷനിൽ ലഭിച്ചിരുന്നു. സ്ഥലം ഉടമയായ സംഗീതിനെ ജെ.സി.ബി കൊണ്ടിടിച്ച് പരിക്കേൽപ്പിച്ചതായും സമീപവാസികൾ ചേർന്ന് ആശുപത്രിയിൽ കൊണ്ടുപോയതായും സംഭവസ്ഥലത്ത് എത്തിയ പോലീസിന് വിവരം ലഭിച്ചു. തുടർന്ന് കാട്ടാക്കട എസ്.എച്ച്.ഒ. സ്ഥലത്തെത്തി. (...ബഹളം...)

മി. സ്പീക്കർ: എന്താണ്, പറയൂ...

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയത്തിന് മറുപടി പറയുകയാണ്. നോട്ടീസ് നൽകിയ ശ്രീ. എം. വിൻസെന്റ് അനുമതി തേടിക്കൊണ്ട് സംസാരിക്കുകയാണ് അടുത്ത നടപടിക്രമം. അതിനുമുമ്പുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അനുമതി നിഷേധിച്ചുവെന്നാണ് നമ്മുടെ മുന്നിലുള്ള സ്ക്രീനിൽ എഴുതി കാണിക്കുന്നത്. അത് ഓർഡറിലാണോ?

മി. സ്പീക്കർ: അത് ഓർഡറിലല്ല. അത് സാങ്കേതിക പിശകായിരിക്കും. അതിന് പരിഹാരം കണ്ടെത്തും. ആദ്യത്തെ ദിവസമായതുകൊണ്ട് സംഭവിച്ച വീഴ്ചയായി കണ്ടാൽ മതി.

ശ്രീ. പിണറായി വിജയൻ: സർ, പോലീസ് റിപ്പോർട്ട് പ്രകാരം സംഗീതിന്റെയും സഹോദരിയുടെയും പുരയിടങ്ങളിൽനിന്നും ചാരുപാറയിലുള്ള സാജുവും ഉത്തമനും അവരുടെ ജോലിക്കാരും ചേർന്ന് 24-1-2020 രാത്രി മണ്ണിടിച്ച് കൊണ്ടുപോയതായ വിവരമറിഞ്ഞ് സംഗീത് സ്ഥലത്തെത്തി. സംഗീത് സംഭവത്തെക്കുറിച്ച് പോലീസിനെ വിവരമറിയിക്കുകയും തുടർന്ന് മണ്ണിടിച്ച് കടത്തിയവരുമായി വാക്കുതർക്കമുണ്ടാകുകയും പോലീസ് സ്ഥലത്തെത്തുന്നതിനുമുമ്പ് മണ്ണിടിപ്പ് സംഘം ജെ.സി.ബി, ടിപ്പർ തുടങ്ങിയ വാഹനങ്ങൾ സ്ഥലത്തുനിന്നും മാറ്റാതിരിക്കാൻ കാറുപയോഗിച്ച് തടസ്സപ്പെടുത്തുന്നതിനും ശ്രമിച്ചു. മണ്ണിടിപ്പ് സംഘം കാർ തള്ളിമാറ്റിയും വീടിന്റെ ചായ്പ്പ് ഇടിച്ചുമാറ്റിയും ജെസിബി-യും ടിപ്പറുമായി സ്ഥലത്തുനിന്നും രക്ഷപ്പെടാൻ ശ്രമിക്കുകയും അത് തടസ്സപ്പെടുത്തിയ സംഗീതിനെ ജെസിബിയുടെ ബക്കറ്റ് കൊണ്ട് അടിച്ചിട്ടശേഷം ജെസിബിയും ടിപ്പറുമായി സ്ഥലത്തുനിന്നും കടന്നു കളയുകയും ചെയ്തു. സംഭവത്തിൽ പരിക്കേറ്റ സംഗീത് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഐ.സി.യു.-വിൽ വച്ച് മരണപ്പെടുകയുണ്ടായി. സംഗീതിന്റെ ബന്ധുവായ ലാലുവിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ IPC 143, 147, 148, 149, 447, 302 എന്നീ വകുപ്പുകൾ പ്രകാരം സാജു, ഉത്തമൻ എന്നിവരുൾപ്പെടെ അഞ്ചുപേർക്കെതിരെ കാട്ടാക്കട പോലീസ് സ്റ്റേഷനിൽ ക്രൈം 89/2020-ആയി കേസ് രജിസ്റ്റർ ചെയ്തു. മൃതദേഹം ഇൻക്വസ്റ്റ്, പോസ്റ്റുമോർട്ടം എന്നീ നടപടികൾക്കുശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുത്തിട്ടുള്ളതാണ്. അന്വേഷണത്തിൽ IPC 379, 201, 212 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങൾകൂടി ഉൾപ്പെടുത്തി അന്വേഷണം നടത്തിവരുന്നു. കേസിലുൾപ്പെട്ട പന്ത്രണ്ട് പ്രതികളിൽ പത്തുപേരെ അറസ്റ്റുചെയ്യുകയും ജെസിബി, ടിപ്പർ എന്നിവ കണ്ടെടുത്തിട്ടുമുണ്ട്. കേസിന്റെ ഊർജ്ജിതമായ അന്വേഷണം കാട്ടാക്കട പോലീസ് ഇൻസ്പെക്ടർ നടത്തിവരുന്നു. പോലീസ് യഥാസമയം നടപടിയെടുത്തില്ലെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതുസംബന്ധിച്ച് നെടുമങ്ങാട് ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരുന്നുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, കേരളത്തെ ഞെട്ടിച്ച ഈ സംഭവത്തെക്കുറിച്ച് ലാഘവത്തോടുകൂടിയ മറുപടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയത്. ഈ മറുപടി അങ്ങേയ്ക്ക് തൃപ്തികരമായിരിക്കും; പക്ഷേ, കാട്ടാക്കടയ്ക്കടുത്തുള്ള അമ്പലത്തിൻകാലയിൽ താമസിക്കുന്ന 33 വയസ്സുള്ള സംഗീതയ്ക്കും അവരുടെ രണ്ട് പിഞ്ചുകുഞ്ഞുങ്ങൾക്കും ഈ മറുപടി മതിയാകില്ല. ഞങ്ങൾ കഴിഞ്ഞ ദിവസം ആ

വീട്ടിൽപോയി അവരുമായി സംസാരിച്ചു കൊണ്ടിരുന്നപ്പോൾ അങ്കണവാടിയിൽ പോയി തുടങ്ങിയിട്ടുള്ള അവരുടെ മൂന്നര വയസ്സുള്ള പിഞ്ചുകുഞ്ഞ് വീടിന്റെ ഉമ്മറത്തേയ്ക്ക് വന്നുനോക്കി നിരാശയോടുകൂടി ഉള്ളിലേയ്ക്കുപോകും. വീണ്ടും വന്നുനോക്കും ഉള്ളിലേയ്ക്കുപോകും. അച്ഛനെ നോക്കിയാണ് കുട്ടി ഉമ്മറത്തേയ്ക്ക് വരുന്നതെന്നാണ് ഞങ്ങൾ ചോദിച്ചപ്പോൾ അവിടെ ഇരുന്ന ബന്ധു പറഞ്ഞത്. അങ്കണവാടിയിൽ നിന്ന് തിരിച്ചുവന്ന് അച്ഛന്റെ കയ്യിൽ നിന്ന് പലഹാരപ്പൊതി വാങ്ങി കയ്യിൽ തൂങ്ങി വീട്ടിലേക്കുവരുന്ന ആ കുഞ്ഞിന് ഈ മറുപടി മതിയാകുമോ? പരീക്ഷ കഴിഞ്ഞ് സ്കൂൾ അടച്ചുകഴിഞ്ഞാൽ എവിടെയെല്ലാം കൊണ്ടുപോകണമെന്നും എന്തെല്ലാം വാങ്ങിത്തരണം എന്നതിന്റെയും ലിസ്റ്റ് അവരുടെ ഏഴുവയസ്സുള്ള മൂത്തമകൻ അച്ഛനെ പറഞ്ഞേൽപ്പിച്ചിരുന്നു. സ്കൂൾ അടയ്ക്കും; വെക്കേഷൻ ആരംഭിക്കും. പക്ഷേ, ശ്രീഹരി എന്ന ആ ഏഴുവയസ്സുകാരന്റെ ആഗ്രഹങ്ങൾ മാത്രം നിറവേറുകയില്ല. ശ്രീഹരിക്ക് അങ്ങയുടെ ഈ മറുപടികൊണ്ട് തൃപ്തിയാകുമോ? അങ്ങ് ഭരിക്കുന്ന കേരളത്തിൽ എന്തെല്ലാമാണ് നടക്കുന്നതെന്ന് ആഭ്യന്തരവകുപ്പിന്റെ ചുമതലകൂടി വഹിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി മനസ്സിലാക്കണം. വെറും ഇരുപത്തഞ്ച് സെന്റ് സ്ഥലം മാത്രമാണവിടെയുള്ളത്. അന്നേ ദിവസം രാത്രി പതിനൊന്നര മണിയോടുകൂടി ജെ.സി.ബി.യും ടിപ്പർ ലോറികളും അതിനകത്തേയ്ക്ക് ഇടിച്ചുകയറുകയാണ്. അവരുടെ അനുവാദമില്ലാതെ മാഫിയസംഘം അവിടെ വന്ന് മണ്ണെടുക്കുകയാണ്. ഭയവിഹ്വലയായ സംഗീതിന്റെ ഭാര്യ സംഗീത ഭർത്താവിനെ വിളിച്ചപ്പോൾ, ഭയപ്പെടേണ്ട ഞാൻ വരുന്നുവെന്ന് പറയുന്നു. അതിനുശേഷം പോലീസ് സ്റ്റേഷനിലേയ്ക്ക് വിളിക്കുകയാണ്. രാത്രി ഒരു മണിക്ക് വിളിച്ചുവെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. അല്ല, രാത്രി പതിനൊന്നേമുക്കാൽ ആയപ്പോൾ പോലീസ് സ്റ്റേഷനിലേയ്ക്ക് ആദ്യത്തെ ഫോൺ കോൾ പോകുകയാണ്. അദ്ദേഹം വന്ന് മണ്ണെടുക്കുന്നത് നിർത്തിവയ്ക്കാൻ പറഞ്ഞെങ്കിലും അനുസരിക്കുന്നില്ല. അവസാനം അവർ വണ്ടിയെടുത്ത് പോകാതിരിക്കാനായി അദ്ദേഹം തന്റെ കാറെടുത്ത് മുന്നിലിട്ടശേഷം വീട്ടിലേയ്ക്ക് ഫോൺ ചെയ്യാൻ പോകുന്നു. അപ്പോൾ മാഫിയ സംഘം അവരുടെ സംഘാംഗങ്ങളെ വിളിച്ചുവരുത്തി ബലമായി ആ കാർ തള്ളിമാറ്റി വളരെ പെട്ടെന്ന് വാഹനങ്ങൾ സ്റ്റാർട്ട് ചെയ്ത് മതിലിടിച്ച് പോകാനുള്ള ശ്രമം തടഞ്ഞപ്പോൾ ആദ്യം ടിപ്പർ ലോറി അദ്ദേഹത്തെ ഇടിക്കുകയാണ് ചെയ്തത്. അവിടെനിന്നും അദ്ദേഹം എഴുന്നേറ്റപ്പോൾ പുറകിൽനിന്നും ജെസിബികൊണ്ട് ഇടിച്ചുതള്ളിയിടുകയാണ്. അവിടെ അദ്ദേഹം മൃതപ്രായനായി കിടക്കുകയാണ്. സ്വന്തം ഭാര്യയുടെയും പിഞ്ചുകുഞ്ഞുങ്ങളുടെയും മുമ്പിൽ വച്ച് അദ്ദേഹത്തെ ഇടിച്ചു തള്ളിയിടുകയാണ്. രാത്രി 11.45-ന് പോലീസ് സ്റ്റേഷനിലേയ്ക്ക് വിളിക്കുന്നു. കാട്ടാക്കട സ്റ്റേഷനിൽനിന്നും വെറും ആറ് കിലോമീറ്റർ അപ്പുറത്തുള്ള അമ്പലത്തിൻകാല എന്ന സ്ഥലത്തെത്താൻ പോലീസ് ഒന്നരമണിക്കൂറിലേറെ സമയമെടുത്തു. ബൈക്കിന് പുറകിലെങ്കിലും കയറി ഒരു പോലീസ് കോൺസ്റ്റബിൾ അവിടെ വന്നിരുന്നെങ്കിൽ ഈ സംഭവമുണ്ടാകുമായിരുന്നില്ല.

ഇതെല്ലാം കഴിഞ്ഞ് അദ്ദേഹത്തെ ആശുപത്രിയിൽ കൊണ്ടുപോയതിനുശേഷം രാവിലെ 1.50 ആയപ്പോഴാണ് പോലീസ് വന്നത്. സംഗീത് പലതവണ പോലീസ് സ്റ്റേഷനിലേക്ക് വിളിച്ചിട്ടും എന്തുകൊണ്ടാണ് പോലീസ് വരാത്തത്? ഞങ്ങൾ വിളിച്ചതിനു ശേഷം വന്നാൽ മതിയെന്ന് മണ്ണ് മാഫിയ പറഞ്ഞു. അവരെല്ലാം അവിടെനിന്നും പുറത്തുപോയതിനുശേഷമാണ് പോലീസ് വരുന്നത്. ഞങ്ങൾക്ക് വഴിതെറ്റിപ്പോയെന്നാണ് പോലീസ് പറഞ്ഞത്. കീഴാറൂർ പാലത്തിനടുത്താണെന്ന് കൃത്യമായി പറഞ്ഞുകൊടുത്തിട്ടും അവിടെ എത്താൻ വഴി തെറ്റിപ്പോയെന്നാണ് മൂന്നും നാലും വർഷമായി ആ സ്റ്റേഷനിൽ ജോലി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർ പറയുന്നത്. വഴി തെറ്റിപ്പോയത് പോലീസിനല്ല, ഈ സർക്കാരിനാണ്. വഴി തെറ്റിപ്പോയ സർക്കാരിന്റെ വഴിപിഴച്ച പോലീസാണ് ഈ മരണത്തിനും കൊലപാതകത്തിനും ഉത്തരവാദി. ഡിവൈ.എസ്.പി.-യെ ചുമതലപ്പെടുത്തിയെന്ന് അങ്ങ് പറഞ്ഞു. വ്യക്തമായ റിപ്പോർട്ടുണ്ട്. പോലീസിന് വീഴ്ചപറ്റിയെന്ന് റൂറൽ എസ്.പി. പറഞ്ഞിരിക്കുന്നത് മാതൃഭൂമി ദിനപ്പത്രം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. "പോലീസിന് വീഴ്ചപറ്റി; റൂറൽ എസ്.പി." എന്ന് മാതൃഭൂമിയും 'കാട്ടാക്കട കൊലപാതകം; പോലീസിന് വീഴ്ചപറ്റി; സ്പെഷ്യൽ ബ്രാഞ്ച്' എന്ന് കേരള കൗമുദിയും റിപ്പോർട്ട് ചെയ്തിരിക്കുന്നു. എല്ലാ ദിനപ്പത്രങ്ങളിലും പോലീസിന്റെ വീഴ്ചയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. നെടുമങ്ങാട് ഡിവൈ.എസ്.പി. പോലീസിന്റെ വീഴ്ചയെക്കുറിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇനി എന്ത് അന്വേഷണമാണുള്ളത്? രാത്രി 11.45-ന് അതിക്രമ വിവരം അറിയിച്ചിട്ടും രാവിലെ 1.50-ന് സ്ഥലത്തെത്തി, ഒരാളുടെ കൊലപാതകത്തിന് എല്ലാ ഒത്താശകളും ചെയ്തു കൊടുത്ത പോലീസിനെതിരെ നടപടിയെടുക്കാൻ ആരാണ് അങ്ങേയ്ക്ക് തടസ്സമായി നിൽക്കുന്നത്? അങ്ങ് അടിയന്തരമായി നടപടിയെടുക്കണ്ടേ? ആരാണ് സംഗീത്? കുറേക്കാലത്തെ സൈനിക സേവനത്തിനുശേഷം വിദേശത്തുപോയി ജോലി ചെയ്തു. എന്നിട്ടും രക്ഷപ്പെട്ടില്ല. കിട്ടിയ കുറച്ച് സമ്പാദ്യവുമായി ഇവിടെ വന്ന്, ലോണെടുത്ത് ചെറിയ പൗൾട്രി ഫാം ആരംഭിച്ചു. അതിനടുത്തുള്ള പല സ്ഥലങ്ങളിലും അദ്ദേഹം ചെറിയ ഷെഡുകൾ വാടകയ്ക്കെടുത്ത് അവിടെയും പൗൾട്രി ഫാം ആരംഭിച്ചു. ഇതെല്ലാം അദ്ദേഹം കടം വാങ്ങിയും ലോണെടുത്തുമാണ് നടത്തിക്കൊണ്ടിരുന്നത്. അങ്ങനെയുള്ള ഒരു പ്രവാസിക്കൂടി ഇവിടെ ജീവൻ നഷ്ടപ്പെട്ടിരിക്കുകയാണ്. പത്തനംതിട്ടയിലെ പ്രവാസി, ആന്തൂരിലെ സാജൻ പാറയിൽ, അതിനുശേഷം കാട്ടാക്കടയിലെ സംഗീതിനും ജീവൻ നഷ്ടപ്പെട്ടിരിക്കുന്നു. ലോക കേരളസഭയുടെ ഉമ്മറത്തുവയ്ക്കാൻ മൂന്നാമതൊരു ചിത്രംകൂടി അങ്ങേയ്ക്ക് കിട്ടിയിരിക്കുകയാണ്. ഇനിയും എത്ര ചിത്രങ്ങൾ സ്ഥാപിച്ചാലാണ് ലോക കേരളസഭയുടെ ക്വാറം തികയുക എന്നുകൂടി അങ്ങ് വ്യക്തമാക്കിയാൽ കൊള്ളാം. മാഫിയകൾക്ക് കുടപിടിക്കുന്ന സ്ഥാപനമായി കേരള പോലീസ് മാറിയിരിക്കുകയാണ്. എല്ലാ പോലീസ് സ്റ്റേഷനുകളും കേന്ദ്രീകരിച്ച്, അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കുവേണ്ടി ഒത്താശ ചെയ്യുന്ന ഏജൻസികൾ

പോലീസ് സ്റ്റേഷനുകൾക്കുപുറത്ത് ഏജൻസി-കം-കളക്ഷൻ സെന്ററുകളായി പ്രവർത്തിക്കുന്നുണ്ട്. ഉത്തരവാദിത്വപ്പെട്ടവരെക്കൊണ്ട് ഇത് അന്വേഷിപ്പിക്കണം. ഒരു പ്രതിപക്ഷാംഗമാണ് ഇത് പറയുന്നത് എന്നതുകൊണ്ട് ഇക്കാര്യം തള്ളിക്കളയരുത്. അങ്ങ് ഇതന്വേഷിപ്പിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടാൽ നടപടിയെടുത്തില്ലെങ്കിൽ വീണ്ടും പോലീസ് അഴിമതിയിൽനിന്ന് അഴിമതിയിലേയ്ക്ക് വീഴുന്ന ഒരു സാഹചര്യമുണ്ടാകും. കളക്ഷൻ സെന്ററുകളിലേയ്ക്ക് രാവിലെ ചില റിട്ടയേർഡ് പോലീസുകാർ വരുന്നുണ്ട് എന്നകാര്യം ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവരും മറ്റ് ചിലരും രാവിലെ അവിടെ വന്നുനിൽക്കും. മണ്ണ് മാഫിയയും റിയൽ എസ്റ്റേറ്റ് മാഫിയയും കേസ്സുകൾ അവിടെനിന്ന് സംസാരിച്ച് ഒത്തുതീർപ്പാക്കി നേരെ പോലീസ് സ്റ്റേഷനിലേയ്ക്ക് വിവരം കൊടുക്കുന്നു. അവർ കൊടുക്കുന്ന വിവരത്തിനനുസരിച്ച് കേസ്സുകൾ തീർപ്പാക്കുന്ന ഏജൻസി-കം-കളക്ഷൻ സെന്ററുകൾ ഇന്ന് പോലീസ് സ്റ്റേഷന് പുറത്തുള്ള ചില കടകളും വ്യാപാര സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട് എന്നകാര്യം ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്റെ മണ്ഡലത്തിൽത്തന്നെ കഴിഞ്ഞയാഴ്ച ഒരു ടിപ്പർ ലോറി പിടിച്ചപ്പോൾ ഉടമയോട് പോലീസ് പതിനയ്യായിരം രൂപ ചോദിക്കുകയാണ്. തനിക്ക് അയ്യായിരം രൂപ, സി.ഐ.-യ്ക്ക് അയ്യായിരം രൂപ, ബാക്കിയുള്ള പോലീസുകാർക്ക് അയ്യായിരം രൂപ, അങ്ങനെ മൊത്തം പതിനയ്യായിരം രൂപ എന്ന് എസ്.ഐ. കണക്കുപറഞ്ഞ് പണം വാങ്ങുകയാണ്. മുൻകാലങ്ങളിൽ പോലീസിന്റെ മാസപ്പടിയെക്കുറിച്ചാണ് പരാതി പറഞ്ഞിരുന്നതെങ്കിൽ ഇന്ന് അത് ദിവസപ്പടിയായി മാറിയിരിക്കുന്നു. "കാതറുത്ത കൂലി കയ്യോടെ" എന്ന സമീപനമാണ് ഇന്ന് പോലീസ് സ്വീകരിച്ചിരിക്കുന്നത്. ചെയ്യുന്ന ജോലിക്ക് അന്നുതന്നെ കൈക്കൂലി വാങ്ങുക എന്ന സ്ഥിതിയിലേക്ക് കേരളാ പോലീസ് മാറിയിരിക്കുന്നു. അനാഥ ബാല്യങ്ങളുടെയും അകാല വൈധവ്യങ്ങളുടെയും പ്രായോജകരായി കേരളാ പോലീസ് മാറിയിരിക്കുകയാണ്. ദിനപ്പത്രങ്ങളുടെ എഡിറ്റോറിയൽ പേജുകൾ എല്ലാ ദിവസവും ഭവനഭേദനങ്ങൾ, കവർച്ചകൾ, കൊള്ള, കൊലപാതകം, തട്ടിക്കൊണ്ടുപോകൽ, മാഫിയാ അഴിഞ്ഞാട്ടം എന്നിവ കൊണ്ട് നിറഞ്ഞിരിക്കുകയാണ്.

പ്രാദേശിക തലങ്ങളിൽ പോലീസ് ഓഫീസർമാരെ നിയോഗിക്കുന്നത് തീർച്ചയായും അങ്ങയുടെ പാർട്ടിയുടെകൂടി നിർദ്ദേശം അനുസരിച്ചാണ്. അങ്ങയുടെ പാർട്ടിയുടെ പ്രാദേശിക നേതാക്കൾ പറയുന്നതനുസരിച്ച് നിയോഗിക്കപ്പെട്ട പോലീസ് ഓഫീസർമാർ ഇരിക്കുമ്പോഴാണ്, ഇത്രയധികം ക്രമസമാധാനത്തകർച്ച ഈ നാട്ടിലാകെ ഉണ്ടായിരിക്കുന്നതെന്ന കാര്യം ഓർക്കണം. ചില സ്ഥലങ്ങളിൽ നിഷ്ക്രിയമാകുന്ന, കാട്ടാക്കടയിൽ നിഷ്ക്രിയമായ, ഒരു കൊലപാതകത്തിന് ഒത്താശ ചെയ്തുകൊടുത്ത പോലീസ് ചില സ്ഥലങ്ങളിൽ അമിതാവേശം കാണിക്കുകയാണ്.

ശ്രീ. ടി. പി. സെൻകുമാറിന്റെ പത്രസമ്മേളനത്തിൽ ഒരു ചോദ്യം ചോദിച്ചതിന്റെ പേരിലാണ് മാധ്യമപ്രവർത്തകരായ ശ്രീ. കടവിൽ റഷീദിനും ഏഷ്യാനെറ്റിലെ ശ്രീ. പി. ജി. സുരേഷ് കുമാറിനുമെതിരായി ശ്രീ. ടി. പി. സെൻകുമാറിനെ അപായപ്പെടുത്താൻ ശ്രമിച്ചു എന്നപേരിൽ കേസെടുത്തിരിക്കുന്നത്. മണ്ണ് മാഫിയയ്ക്ക് മറ്റ് പല സ്ഥാപനങ്ങളും ഒത്താശ ചെയ്യുന്നുണ്ട്. കരമന-കളിയിക്കാവിള റോഡ് വികസനം നടക്കുന്നു. അത് ഏറ്റെടുത്തിരിക്കുന്നത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. അവിടെ മണ്ണ് എടുക്കുന്നതിന് ഇന്നുവരെ ജിയോളജി വകുപ്പിന്റെ പെർമിറ്റ് വാങ്ങിയിട്ടില്ല. പെർമിറ്റ് വാങ്ങാതെ മണ്ണെടുത്തു കൊണ്ടിരിക്കുകയാണ്. അക്കാര്യം അങ്ങ് പരിശോധിക്കണം. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഒരു കത്ത് മാത്രമാണ് ജിയോളജി ഡിപ്പാർട്ട്മെന്റിന് കിട്ടിയിരിക്കുന്നത്. എവിടെനിന്നും മണ്ണെടുക്കുന്നു, ഏത് റൂട്ടിൽക്കൂടിയാണ് പോകുന്നത് തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വ്യവസ്ഥകളുണ്ടാകും എന്നതാണ് പെർമിറ്റ് കൊടുത്താലുള്ള പ്രത്യേകത. പെർമിറ്റ് ഇല്ലാതിരുന്നാൽ എവിടെയും കയറി മണ്ണെടുക്കാം. സംഗീതിന്റെ വീട്ടിൽനിന്നും മണ്ണെടുത്തത് അങ്ങനെയാണ്. വികസന പദ്ധതികളുടെ മറവിൽ മാഫിയകൾക്ക് മണ്ണെടുക്കാൻ കഴിയുന്ന ഒരു സാഹചര്യം ഇവിടെ സംജാതമായിരിക്കുന്നു. ഞാൻ ദീർഘിപ്പിക്കുന്നില്ല. പോലീസിന്റെ നിഷ്ക്രിയത്വം ഒന്നുകൊണ്ടുമാത്രം ഒരു കുടുംബം അനാഥമായിരിക്കുകയാണ്. പോലീസ് റിപ്പോർട്ടിലും യഥാസമയം പോലീസ് എത്തിയില്ലെന്നാണുള്ളത്. പിഞ്ചുകുഞ്ഞുങ്ങളടക്കം ഒരു കുടുംബം അനാഥമായിരിക്കുകയാണ്. അതുകൊണ്ട് ഈ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടിയെടുക്കാൻ സർക്കാർ അലംഭാവം കാണിക്കരുത്. ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ അടിയന്തരമായി നടപടിയെടുക്കണം. അതുമാത്രമല്ല, സ്വന്തമായി ഒരു വീടുപോലും ഇല്ലാത്ത ഒരു പ്രവാസിയാണ് സംഗീത്. അങ്ങനെ വലിയൊരു കടബാധ്യത നിലനിൽക്കുന്നുണ്ട്. പോലീസിന്റെ അനാസ്ഥമൂലം വൈധവ്യം ഏറ്റുവാങ്ങേണ്ടിവന്ന ഉന്നതവിദ്യാഭ്യാസമുള്ള സംഗീതിന്റെ വിധവയായ ഭാര്യ സംഗീതയ്ക്ക് സർക്കാർ ജോലി നൽകണം. കുറഞ്ഞത് ഇരുപത്തിയഞ്ച് ലക്ഷം രൂപയെങ്കിലും അടിയന്തര നഷ്ടപരിഹാരമായി നൽകാൻ ഗവൺമെന്റ് തയ്യാറാകണം. അതീവ ഗൗരവതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

ശ്രീ. ഐ. ബി. സതീഷ്: സർ, റൂൾ 50 അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം സംസാരിച്ചപ്പോൾ, നാട്ടിൽ എല്ലാവർക്കും അറിയാവുന്നതും എന്നാൽ, ഇവിടെ പറയാത്തതുമായ ഒരു കാര്യം പ്രതികളുടെ രാഷ്ട്രീയബന്ധമാണ്. ഏത് പ്രശ്നം ഉയർത്തിപ്പിടിച്ചുകൊണ്ടും പ്രതികളുടെ രാഷ്ട്രീയ ബന്ധത്തെക്കുറിച്ച്

വാചാലരാകുന്ന പ്രതിപക്ഷം ഇക്കാര്യത്തിൽ എന്തുകൊണ്ടാണ് അതിനെക്കുറിച്ച് നിശ്ശബ്ദരാകുന്നത് എന്നറിയാൻ കൗതുകമുണ്ട്. മണ്ണ് കടത്തുന്നതിനും നിലം നികത്തുന്നതിനും എതിരായി ശക്തമായ ജനകീയ പ്രതിരോധം സംഘടിപ്പിക്കപ്പെടുന്ന ഒരു പ്രദേശമാണത്. നികത്തിയ നിലം മണിക്കൂറുകൾകൊണ്ട് ഉദ്യോഗസ്ഥരുടെ സഹായത്തോടുകൂടി വീണ്ടെടുത്ത് നിലമാക്കാൻ കഴിഞ്ഞ പ്രദേശം കൂടിയാണത്. അതിശക്തമായ ജനകീയ പ്രതിരോധം കാരണം പകൽ വെളിച്ചത്തിൽ മണ്ണുകടത്ത് നടക്കില്ല എന്നുള്ളതുകൊണ്ടാണ് ഇവർ അർദ്ധരാത്രി മണ്ണ് മോഷണത്തിനുവേണ്ടി തെരഞ്ഞെടുത്തത്. ഇവിടെ അഞ്ചാമത്തെ മണിക്കൂറിൽ ആദ്യത്തെ പ്രതിയെ അറസ്റ്റ് ചെയ്ത് വാഹനം കസ്റ്റഡിയിലെടുക്കുകയായിരുന്നു. നാല് ദിവസംകൊണ്ട് എല്ലാ പ്രതികളും പോലീസിന്റെ കസ്റ്റഡിയിലാകുകയായിരുന്നു.

മി. സ്പീക്കർ: ശ്രീ. ഐ. ബി. സതീഷ് അങ്ങേയ്ക്ക് പറയാനുള്ളത് പറയൂ..... (ബഹളം).....അദ്ദേഹം പറയട്ടെ.

ശ്രീ. ഐ. ബി. സതീഷ്: സർ, ഇവിടെ ഉയർന്നുവന്ന, സംഗീതിന്റെ ഭാര്യയുടെയും ബന്ധുക്കളുടെയും നാട്ടുകാരുടെയും പരാതി സംബന്ധിച്ച് അന്വേഷണം നടത്തി, ഉദ്യോഗസ്ഥർ അലംഭാവം കാണിച്ചിട്ടുണ്ടെങ്കിൽ കർശനമായ സമീപനം സ്വീകരിക്കും എന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉറപ്പ് മുഖവിലയ്ക്കെടുക്കുകയാണ്. ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ, ഒരു കുടുംബം നിരാലംബമായിരിക്കുന്നു. നിരാലംബമായ കുടുംബത്തെ സഹായിക്കാൻ അടിയന്തര സർക്കാർ സഹായം ഉണ്ടാകണമെന്ന അഭ്യർത്ഥനകൂടി മുന്നോട്ടുവയ്ക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ബഹുമാന്യരായ രണ്ട് നിയമസഭാംഗങ്ങളും പ്രകടിപ്പിച്ച ആ കുടുംബത്തിന്റെ ദുഃഖത്തിൽ ഞാനും പങ്കുചേരുകയാണ്. ശ്രീ. എം. വിൻസെന്റ് മൂന്നരയും ഏഴും വയസ് പ്രായമുള്ള കുട്ടികളുടെ കാര്യം പറഞ്ഞു. ഈ മറുപടിക്ക് അവരെ തൃപ്തിപ്പെടുത്താനാകുമോ എന്ന് ചോദിച്ചു. അവരെ തൃപ്തിപ്പെടുത്താൻ ഒന്നുകൊണ്ടും കഴിയില്ല. കാരണം, നഷ്ടപ്പെട്ടത് അവരുടെ അച്ഛനാണ്. ഒന്നും ആ അച്ഛനുപകരമാകില്ല. അത് നാം പൊതുവിൽ കാണണം. പോലീസ് സ്റ്റേഷനിലേയ്ക്ക് ആദ്യത്തെ ഫോൺ കോൾ പോയത് രാത്രി 11.45-നാണെന്ന് അദ്ദേഹം പറയുകയുണ്ടായി. ഞാൻ പറഞ്ഞത് പോലീസിന്റെ റിപ്പോർട്ട് തന്നെയാണ്, രാവിലെ ഒരുമണി എന്നത് പോലീസ് റിപ്പോർട്ട് തന്നെയാണ്. എന്നാൽ അദ്ദേഹം പറഞ്ഞ തരത്തിൽ രാത്രി 11.45 ആണോ എന്നത് ഈ പരിശോധനയുടെ ഭാഗമായി വ്യക്തത വരുത്താം. ഇക്കാര്യത്തിൽ,

പോലീസ് വിവരം അറിഞ്ഞിട്ടും അവിടെ എത്താൻ വൈകിയെന്ന പ്രാഥമിക നിഗമനത്തിൽത്തന്നെയാണുള്ളത്. അത്തരത്തിൽ വൈകിയെത്തിയ നടപടി സാധാരണഗതിയിൽ അംഗീകരിക്കാൻ കഴിയുന്നതല്ല. പോലീസിന്റെ നടപടികളെക്കുറിച്ച് അന്വേഷിക്കാൻ ചുമതലപ്പെടുത്തിയ ഡിവൈ.എസ്.പി.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടിയുണ്ടാകുക. ആ നടപടി അന്വേഷണ റിപ്പോർട്ട് വന്നതിനുശേഷം ഉണ്ടാകുകതന്നെ ചെയ്യും. ഇക്കാര്യത്തിൽ സർക്കാരിന് ഒരു വഴിതെറ്റലുമില്ല. സർക്കാർ ഇത്തരം കാര്യങ്ങളിൽ വ്യക്തതയോടെയുള്ള നിലപാടുതന്നെയാണ് സ്വീകരിക്കുന്നത്. ഏതെങ്കിലും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അവർക്കെതിരെ കർശന നടപടി ഉണ്ടാകുകതന്നെ ചെയ്യുമെന്ന കാര്യത്തിൽ ഒരുതരത്തിലും സംശയിക്കേണ്ടതില്ല.

പോലീസ് സ്റ്റേഷനിലെ കാര്യങ്ങൾ നടത്തുന്നതിന് പുറത്ത് ചില ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്, ചില റിട്ടയേർഡ് പോലീസ് ഉദ്യോഗസ്ഥരും അതിലുണ്ട്, ഒരു കളക്ഷൻ സെന്റർ ആയിട്ടാണ് അത് പ്രവർത്തിക്കുന്നത് എന്നൊക്കെ അദ്ദേഹം ഇവിടെ പറയുകയുണ്ടായി. നമ്മുടെ സമൂഹത്തിൽ നേരത്തെയുണ്ടായിരുന്ന, അധികൃതകേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന അഴിമതി പൂർണ്ണമായും അവസാനിപ്പിക്കാനുള്ള നടപടിയാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഏതെങ്കിലും തരത്തിൽ ഇതുമായി ബന്ധപ്പെട്ട ചില അംശങ്ങൾ ചിലരിൽ ബാക്കി നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകാം. ആവശ്യമായ വിവരങ്ങൾ മറച്ചുവയ്ക്കാതെ നൽകാൻ തയ്യാറാകണം. ഇവിടെ പോലീസിനെ നിയമിക്കുന്നത് ഏതെങ്കിലും ഒരു പാർട്ടിയുടെ നിർദ്ദേശമനുസരിച്ചല്ല. കേരളത്തിലെ പോലീസ് സേനയിലുള്ളവരെയാണ് എല്ലാ ഗവൺമെന്റും സ്റ്റേഷനുകളിൽ നിയമിക്കാറുള്ളത്. ആ നിലയ്ക്കു തന്നെയാണ് നിയമനങ്ങൾ ഇപ്പോഴും നടക്കുന്നത്. എന്നാൽ, ചില പ്രദേശങ്ങളിലെ പോലീസ് സ്റ്റേഷനുകളിൽ ചില പോലീസുകാർ ദീർഘകാലം തുടരുന്ന അവസ്ഥയുണ്ട്. അങ്ങനെ ദീർഘകാലം തുടരുന്നത് സ്വാഭാവികമായും ചില പ്രശ്നങ്ങൾ വരുത്താൻ ഇടയുണ്ട്. അതുകൊണ്ട് മൂന്ന് വർഷം ഒരു സ്റ്റേഷനിൽ ജോലി ചെയ്യുന്നവർ അവിടെനിന്നും മാറിപ്പോകുക എന്നൊരു സമീപനം പൊതുവിൽ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ശ്രീ. ടി. പി. സെൻകുമാറിനെ ഇപ്പോഴെങ്കിലും മനസ്സിലാക്കിയത് നല്ലകാര്യം. ഇക്കാര്യത്തിൽ അദ്ദേഹത്തിനെതിരെ ചോദ്യം ഉന്നയിച്ചതിന് കേസ്സെടുത്തു എന്ന വാർത്ത ഞാനും ദിനപ്പത്രത്തിൽ വായിച്ചിരുന്നു. ഈ വിഷയത്തിൽ ഡി.ജി.പി.-ക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്ങനെയൊരു ചോദ്യം ഉന്നയിച്ചതിന് കേസ്സെടുക്കുന്ന ഒരു നാടായി കേരളം മാറാൻ പാടില്ല. എന്തടിസ്ഥാനത്തിലാണ് കേസ്സെടുത്തത് എന്ന് അന്വേഷിക്കണം. അത് അടിയന്തരമായും അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പറഞ്ഞിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സംഭവ സ്ഥലത്ത് ഏഷ്യാനെറ്റിന്റെ ലേഖകൻ ഇല്ലായിരുന്നു. ഒരു ഫേയ്സ്ബുക്ക് പോസ്റ്റ് ഇട്ടതിന്റെ പേരിലാണ് ഏഷ്യാനെറ്റിലെ സബ് എഡിറ്ററായ ശ്രീ. പി. ജി. സുരേഷ് കുമാറിനെതിരെ കേസ് എടുത്തിരിക്കുന്നത്. ഇത് ഒരു അസാധാരണ സംഭവമാണ്. നമ്മൾ ഇപ്പോൾ ഇതറിഞ്ഞത് അദ്ദേഹം ഒരു പത്രലേഖകനായതുകൊണ്ടാണ്. സംസ്ഥാനത്ത് പല ഭാഗത്തും ഇതുപോലെയുള്ള നടപടികൾ ഉണ്ടാകുന്നുണ്ടെന്നുള്ള കാര്യം ഗവൺമെന്റ് പരിശോധിക്കാൻ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ശ്രീ. ടി. പി. സെൻകുമാർ സംസ്ഥാനത്ത് എവിടെയൊക്കെ പോയി എന്നതിനെക്കുറിച്ച് ഇപ്പോൾ എന്റെ പക്കൽ വിവരമൊന്നുമില്ല. അദ്ദേഹം പോയിടത്തൊക്കെ പത്രസമ്മേളനങ്ങൾ നടത്തി ഇത്തരം പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ടോയെന്നും എനിക്കറിയില്ല. മുൻ ഡി.ജി.പി. എന്ന നിലയ്ക്ക് ശ്രീ. ടി. പി. സെൻകുമാറിന്റെ ചില സ്വാധീനങ്ങൾകൂടി ഇതിൽ പ്രതിഫലിച്ചിട്ടുണ്ടാകാം. അങ്ങനെ പ്രതിഫലിക്കേണ്ടതല്ല എന്നാണ് ഞാൻ പറഞ്ഞത്. അദ്ദേഹത്തിന്റെ തോന്നലുകൾക്കനുസരിച്ച് കേസെടുക്കലല്ല വേണ്ടത്, എന്താണ് കാര്യമെന്ന് അന്വേഷിക്കണം, അതിന്റെ ഭാഗമായി ഈ കേസ് അവസാനിപ്പിക്കുന്ന നടപടി സ്വീകരിക്കണമെന്നാണ് ഞാൻ പറഞ്ഞത്. അത്തരത്തിൽ നടപടികളെടുത്ത് പോകാൻ സാധിക്കും. ഇവിടെ സൂചിപ്പിച്ചതുപോലെ, മണ്ണെടുപ്പ് സംഭവത്തിൽ പോലീസുദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചെങ്കിൽ നടപടി സ്വീകരിക്കേണ്ടതാണ്. ആളുകൾ കിടന്നുറങ്ങുന്ന വീട്ടുപറമ്പിലുള്ള മണ്ണ് രാത്രി വന്ന് എടുത്തുകൊണ്ട് പോകുക എന്നുപറയുന്നത് ഒരു തരത്തിലും സംഭവിക്കാൻ പാടില്ലാത്ത കാര്യമാണ് അപ്പോൾ അത്തരത്തിൽ ആവശ്യമായ നടപടി ഫലപ്രദമായി സ്വീകരിക്കാത്ത പോലീസ് ഉദ്യോഗസ്ഥരുണ്ടായിട്ടുണ്ടെങ്കിൽ അവർക്കെതിരെ അന്വേഷണത്തിലൂടെ കണ്ടെത്തുന്ന വിവരങ്ങൾ വച്ച് കർശന നടപടി തന്നെയുണ്ടാകുമെന്ന് ഉറപ്പ് നൽകുകയാണ്. ഈ ഘട്ടത്തിൽ ഇതുമായി ബന്ധപ്പെട്ട് കൂടുതൽ ചർച്ചകളുടെ ആവശ്യമില്ലാത്തതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല എന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇത്രയും ദാരുണമായ ഒരു സംഭവത്തിൽ ഞാൻ പ്രതീക്ഷിച്ചത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷണ വിധേയമായി ആ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുമെന്ന് പറയുമായിരുന്നു

എന്നായിരുന്നു. ജനുവരി 23-ാം തീയതി നടന്ന ഒരു സംഭവമാണിത്. നെടുമങ്ങാട് ഡിവൈ.എസ്.പി.-ക്ക് പത്ത് ദിവസം കഴിഞ്ഞിട്ടും കഷ്ടിച്ച് അരമണിക്കൂർ മാത്രം യാത്രാദൂരമുള്ള കാട്ടാക്കടയിലെ കീഴാറൂർ എന്ന സ്ഥലത്ത് പോയി റിപ്പോർട്ട് കൊടുക്കാൻ സാധിച്ചിട്ടില്ല. ആ റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്തതിനാൽ നടപടി എടുത്തിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ആത്മാർത്ഥതയുണ്ടായിരുന്നെങ്കിൽ അന്വേഷണവിധേയമായി ആ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യാൻ കഴിയുമായിരുന്നല്ലോ. കുറ്റകരമായ അനാസ്ഥയുണ്ടെങ്കിൽ, ഉദ്യോഗസ്ഥർ കുറ്റക്കാരാണെങ്കിൽ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യാനുള്ള അധികാരമുണ്ടല്ലോ? എന്തുകൊണ്ട് അത് ചെയ്യുന്നില്ല? അപ്പോൾ ഇതിൽ ദുരൂഹമായ ഒരു സാഹചര്യം നിലനിൽക്കുന്നുണ്ട്. ഞാൻ വിചാരിച്ചു ശ്രീ. ഐ. ബി. സതീഷ്, ആ മാഫിയയ്ക്കെതിരെയായിരിക്കും സംസാരിക്കുകയെന്ന്. പക്ഷേ, അദ്ദേഹം ഞങ്ങൾക്കെതിരെയാണ് സംസാരിച്ചത്. എത്ര വിചിത്രമായ നടപടിയാണ്? അദ്ദേഹം ആ കുടുംബത്തിന് എന്തെങ്കിലും സഹായം കൊടുക്കണമെന്ന് പറയുമെന്ന് കരുതി; അതും പറഞ്ഞില്ല. എന്ത് ക്രൂരകൃത്യം ചെയ്യാനും മടിയില്ലാത്തവിധം മണ്ണുമാഫിയ കേരളത്തിൽ വളർന്നിരിക്കുകയാണ്. എല്ലാവിധത്തിലുമുള്ള മാഫിയകൾ കേരളത്തിൽ തഴച്ചുവളരുകയാണ്. ഈ ഗവൺമെന്റിന്റെ പൂർണ്ണസംരക്ഷണം എല്ലാവിധ ഗുണ്ടാ-മാഫിയ സംഘങ്ങൾക്കും ലഭിക്കുകയാണ്. അതിന്റെ ഏറ്റവും വലിയ തെളിവാണ് ഒരു പ്രവാസിക്ക് കീഴാറ്റൂരിലുണ്ടായത്. അർദ്ധരാത്രിയിൽ ഇരുളിന്റെ മറവിൽ ജെ.സി.ബി.യും ടിപ്പറും ഉപയോഗിച്ച് ഗുണ്ടാസംഘം സ്വന്തം പുരയിടത്തിൽനിന്നും മണ്ണ് ഇുരന്നെടുക്കുന്നത് തടയാൻ ശ്രമിച്ച സംഗീത് എന്ന ചെറുപ്പക്കാരനെ മണ്ണുമാഫിയ ജെ.സി.ബി.യുടെ ബക്കറ്റ് ഉപയോഗിച്ച് അടിച്ചുവീഴ്ത്തുകയും ടിപ്പർ ഉപയോഗിച്ച് ചതച്ചരച്ച് കൊല്ലുകയും ചെയ്ത സംഭവം കേരളത്തെ ഞെട്ടിപ്പിക്കുന്നതാണ്. കേരളത്തിൽ തന്നെയാണോ ഇത് നടക്കുന്നത്? കേരളം പോലെ ഇത്രയും പരിഷ്കൃതമായ സമൂഹത്തിൽ മനസ്സാക്ഷിയെ ഞെട്ടിപ്പിച്ച ഈ സംഭവത്തെ സംബന്ധിച്ച് എത്ര ലാഘവബുദ്ധിയോടെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞത്? സംഗീത് എന്ന കഠിനാദ്ധ്വാനിയായ ചെറുപ്പക്കാരനെ ഇത്രയും ക്രൂരമായി കൊല്ലാനുള്ള ധൈര്യം മണ്ണുമാഫിയയ്ക്ക് എങ്ങനെ ലഭിച്ചു? സംസ്ഥാനത്ത് ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത അതീവഗുരുതരവും ക്രൂരവും ദാരുണവുമായ ഒരു സംഭവമാണ് കീഴാറ്റൂരിലുണ്ടായത്. ഇത്രയും ദാരുണമായ സംഭവത്തിന്റെ ഉത്തരവാദിത്വത്തിൽനിന്നും ഗവൺമെന്റിന് മാറിനിൽക്കാൻ സാധിക്കുമോ? ഗുണ്ടാസംഘങ്ങൾക്ക് പൂർണ്ണസ്വാതന്ത്ര്യം ഇന്ന് കേരളത്തിൽ ലഭിച്ചിരിക്കുകയാണ്. ഓരോ സംഭവങ്ങളും പരിശോധിച്ചാൽ നമുക്കത് അറിയാൻ സാധിക്കും. 'The nexus between the Police and gunda mafia gangs' അതാണ്

ഇന്ന് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. സമീപകാലത്ത് നടന്ന വാർത്തകൾ മാത്രം പരിശോധിച്ചാൽ മതി, 'പ്രതിശ്രുതവരനെ കാർ കയറ്റി കൊന്നു; കൊലപാതകം വിവാഹത്തിന് 18 ദിവസം ശേഷിക്കെ; ഒരു പ്രതി പിടിയിൽ', 'ഗുരുവായൂരിൽ പമ്പ് ഉടമയെ ശ്വാസംമുട്ടിച്ച് കൊന്ന് വഴിയിൽ തള്ളി; മൂന്ന് പേർ പിടിയിൽ', 'പാറശ്ശാലയിലെ യുവാവിനെ സി.പി.ഐ.(എം) സംഘം മർദ്ദിച്ച് ഓട്ടോ കയറ്റി വാരിയെല്ലുകൾ തകർത്തു' തിരുവനന്തപുരത്ത് പാറശ്ശാലയിൽ നടന്ന സംഭവമാണ്. പാർട്ടിയുടെ നേതൃത്വത്തിൽ നടന്ന നവോത്ഥാന പ്രവർത്തനമാണിത്. 'തിരുവനന്തപുരത്ത് ആൾക്കൂട്ട ആക്രമണം; രഹസ്യഭാഗത്ത് പൊള്ളലേറ്റ യുവാവ് മരിച്ചു.' തിരുവനന്തപുരത്ത് നടന്ന സംഭവമാണ്. 'ഡി.വൈ.എഫ്.ഐ.-ക്കാർ നടുറോഡിൽ അഴിഞ്ഞാടി; യുവാവിന് ക്രൂരമർദ്ദനം, വീട്ടമ്മയുടെ വസ്ത്രം വലിച്ചുകീറി; മകളെ വലിച്ചെറിഞ്ഞു', 'യുവാവിനെ ബാറിൽവച്ച് മർദ്ദിച്ചശേഷം കൊന്ന് കല്ലുകെട്ടി കടലിൽത്താഴ്ത്തി; രണ്ട് പേർ പിടിയിൽ. കാരണം മുൻവൈരാഗ്യം', 'കെ.പി.സി.സി. നിർവ്വാഹക സമിതിയംഗം ശ്രീ. ശ്രീമന്ദിരം ശശികുമാറിന്റെ വീട്ടിൽ സി.പി.ഐ.(എം.) ഗുണ്ടാവിളയാട്ടം'. കഴിഞ്ഞ ഒരു മാസമായി കേരളത്തിൽ നടന്ന ഏതാനും സംഭവങ്ങളുടെ പത്രവാർത്തകളാണ് ഞാൻ വായിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതൊന്നും അറിയുന്നില്ല, അല്ലെങ്കിൽ അറിയാൻ ശ്രമിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിക്കേണ്ട ഒരു കാര്യമുണ്ട്. എപ്പോഴാണ് സംഗീതിന്റെ ഭാര്യ വിളിച്ച് പോലീസ് സ്റ്റേഷനിൽ പരാതി പറയുന്നത്. ഇവിടെ പറഞ്ഞു 23-ാം തീയതി രാത്രി 11.00 മണി കഴിഞ്ഞപ്പോഴാണ് ഗുണ്ടാസംഘം സംഗീത് ബാലന്റെ വീട്ടിലെത്തുന്നത്. സംഗീത് അപ്പോൾ വീട്ടിലുണ്ടായിരുന്നില്ല, തന്റെ പൗൾട്രി ഫാമിലായിരുന്നു. അവിടെനിന്നും വിവരം ലഭിച്ചശേഷമാണ് അയാൾ വീട്ടിലെത്തിയത്. സംഗീതിന്റെ ഭാര്യ അപ്പോൾത്തന്നെ കാട്ടാക്കട പോലീസിനെ വിവരമറിയിച്ചിരുന്നു. കാട്ടാക്കട പോലീസ് പറഞ്ഞ മറുപടി 'ജീപ്പില്ല' എന്നായിരുന്നു. അങ്ങനെയാണോ പോലീസ് മറുപടി നൽകേണ്ടത്? ഇത്രയും ഗുരുതരമായ അക്രമം വീട്ടിലുണ്ടാകുമ്പോൾ പോലീസിനെ വിളിച്ച് അറിയിച്ചാൽ അവർ പറയേണ്ടത് 'ഞങ്ങൾക്ക് ജീപ്പില്ല' എന്നാണോ? ഭാര്യ വിവരം അറിയിച്ചതനുസരിച്ച് സംഗീത് പാഞ്ഞെത്തിയപ്പോൾ കരൾ പിളർക്കുന്ന കാഴ്ചയാണ് കണ്ടത്. തന്റെ വീടിനോട് ചേർന്ന എല്ലാ ഭാഗത്തുനിന്നും ജെ.സി.ബി. ഉപയോഗിച്ച് മണ്ണെടുത്തുകൊണ്ടിരിക്കുകയാണ്. കാവൽക്കാരായി ഗുണ്ടകളും അവിടെ നിൽപ്പുണ്ട്. രണ്ട് ലോഡ് മണ്ണ് ഇതിനകംതന്നെ അവിടെനിന്നും കൊണ്ടുപോകുകയുണ്ടായി. അവർ തമ്മിൽ തർക്കങ്ങളുണ്ടായി. മാഫിയാസംഘം അദ്ദേഹവുമായി കയർത്ത് സംസാരിക്കുകയുണ്ടായി. ആ മണ്ണ് കൊണ്ടുപോകുന്നത് തടഞ്ഞപ്പോഴാണ് ജെ.സി.ബി.-യുടെ കൈ ഉപയോഗിച്ച് അടിച്ചുവീഴ്ത്തി ഗുരുതരമായ

നിലയിൽ മതിലിനോട് ചേർത്തുവച്ച് ഞെരിച്ചത്. മനുഷ്യത്വം തൊട്ടുതീണ്ടിയിട്ടില്ലാത്ത വിധത്തിലാണ് സംഗീത് എന്ന പ്രവാസിയെ ഭീകരമായി കൊന്നത്. ശരീരം ഞെരിഞ്ഞമർന്ന് വാരിയെല്ലുകൾ തകർന്ന് ആ ചെറുപ്പക്കാരൻ മരിച്ചു. എന്നിട്ടും പോലീസ് എത്തിയില്ല. എല്ലാവരും രക്ഷപ്പെട്ടു. രണ്ടര മണിക്കൂർ കഴിഞ്ഞപ്പോഴാണ് കാട്ടാക്കട പോലീസ് എത്തിയത്. ഇവിടെ മൗലികമായ ഒരു ചോദ്യമുയരുന്നതെന്തെന്നാൽ മനുഷ്യന്റെ ജീവനും സ്വത്തിനും സുരക്ഷിതത്വം നൽകാനുള്ള ഉത്തരവാദിത്വം പോലീസിനില്ലേ? അതല്ലേ അവരുടെ പ്രാഥമിക ഉത്തരവാദിത്വം. രണ്ടര മണിക്കൂർ കഴിഞ്ഞാണ് പോലീസ് അവിടെയെത്തുന്നത്. ഈ സംഭവമുണ്ടായതിനുശേഷം ഒരു പോലീസുകാരന്റെ പേരിലും ഇതുവരെ ശക്തമായ നടപടിയെടുത്തില്ല. എന്തുകൊണ്ട് നടപടിയെടുക്കുന്നില്ല? അദ്ദേഹം ഗൾഫിൽനിന്നും മടങ്ങിയെത്തിയ ആളാണ്. ഞങ്ങൾ ലോക കേരളസഭയിൽ സഹകരിക്കാത്തതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ നീണ്ട ഒരു പ്രസംഗം നടത്തിയല്ലോ. എന്തിനാണ് സഹകരിക്കേണ്ടത്? മൂന്നാമത്തെ രക്തസാക്ഷിയാണ് ഇവിടെയുണ്ടായിരിക്കുന്നത്. ഗൾഫിൽ ജോലി ചെയ്ത് ജീവിതം കണ്ടെത്തുന്ന പാവപ്പെട്ട പ്രവാസികൾ ഇവിടെ വന്ന് അവർക്ക് ലഭിച്ച വരുമാനം ഉപയോഗിച്ച് ഏതെങ്കിലും ഒരു ബിസിനസ്സ് തുടങ്ങാൻ ശ്രമിച്ചാൽ നമ്മുടെ നാട്ടിലെ അനുഭവമിതാണെന്ന് ലോകത്തെ വീണ്ടും ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്, ഇതാണ് കേരളത്തിൽ നടക്കുന്നത്. ഇതിനെ നിയന്ത്രിക്കാൻ സർക്കാരിന് കഴിയുന്നില്ല. പറക്കമുറ്റാത്ത രണ്ട് കുഞ്ഞുങ്ങളാണ് സംഗീതിനുള്ളത്. അവർ എങ്ങനെ ജീവിക്കും? സംഗീതിന്റെ കുടുംബത്തിന് സംരക്ഷണം കൊടുക്കുന്ന കാര്യമോ അവരെ സഹായിക്കുന്ന കാര്യമോ സംഗീതിന്റെ വിധവയ്ക്ക് ജോലി കൊടുക്കുന്ന കാര്യമോ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ പറഞ്ഞില്ല.

ഇന്ന് കേരളത്തിലൊട്ടാകെ മണ്ണ് മാഫിയ സജീവമാണ്. രണ്ട് പ്രളയങ്ങളെ നമ്മൾ നേരിട്ടതാണ്. കുന്നുകൾ ഇടിക്കുന്നതിനും വയലുകൾ നികത്തുന്നതിനുമെതിരെ ഏറ്റവും കൂടുതൽ സംസാരിക്കുന്നവരാണ് നമ്മളെല്ലാവരും. ഇന്ന് കേരളത്തിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്; വ്യാപകമായി കുന്നുകൾ ഇടിക്കുകയും വയലുകൾ നികത്തുകയും ചെയ്യുന്നു, അതിനെല്ലാം ആരുടെ പിന്തുണയാണുള്ളത്. ഗവൺമെന്റിന്റെ അല്ലെങ്കിൽ ഗവൺമെന്റിനെ പിന്താങ്ങുന്നവരുടെ പിന്തുണയാണ് അതിനുള്ളത്. അതുകൊണ്ടാണ് പല സ്ഥലത്തും വ്യാപകമായ തോതിൽ മണ്ണിടിക്കുകയും ഗുണ്ടാ-മാഫിയ സംഘങ്ങൾ ഇതിന് ഒത്താശ ചെയ്യുകയും ചെയ്തുകൊണ്ടിരിക്കുന്നത്. കുന്നിടിക്കുന്നതിന് ജിയോളജി വകുപ്പിന്റെ അനുവാദം വേണം. ഒരു സ്ഥലത്തും ജിയോളജി വകുപ്പിന്റെ ഉത്തരവ് പാലിക്കുന്നില്ല. മാത്രമല്ല, ഗുണ്ടാ-മാഫിയ സംഘങ്ങളുടെ നേതൃത്വത്തിൽ വലിയ തോതിൽ ഇത്തരം പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത്

ഭീതിജനകമായ അന്തരീക്ഷമുണ്ടാകുന്നു. ഗുണ്ടകളും മാഫിയാ സംഘങ്ങളും അഴിഞ്ഞാടുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇതിനെപ്പറ്റിയൊന്നും അറിയില്ലായെന്നുള്ളതാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നും മനസ്സിലായത്. കേരളം ഗുണ്ടകളുടെ നാടായി മാറുന്നു, സാമൂഹ്യവിരുദ്ധർ അഴിഞ്ഞാടുന്നു. അവർക്കെല്ലാം രാഷ്ട്രീയ സംരക്ഷണം കൊടുക്കുന്ന ഒരു പാർട്ടി കേരളം ഭരിക്കുന്നതുകൊണ്ടാണ് ഈ തോന്നിയവാസം കാണിച്ചുകൊണ്ടിരിക്കുന്നത്. 'ഓപ്പറേഷൻ സുരക്ഷ' വഴി എല്ലാ ഗുണ്ടകളെയും അകത്താക്കുന്ന ഒരു കാലം ഇവിടെയുണ്ടായിരുന്നു. ഇന്ന് എല്ലാ ഗുണ്ടകളും സ്വൈരവിഹാരം നടത്തുന്ന സംസ്ഥാനമായി കേരളം മാറുകയാണ്. ക്രമസമാധാനനില തകർന്നുകൊണ്ടിരിക്കുന്ന കാലമാണ്. ഈ പ്രവാസിക്കുണ്ടായ ദുരനുഭവമെങ്കിലും ഇവരുടെ കണ്ണ് തുറപ്പിക്കട്ടേ എന്നാണ് എനിക്ക് പറയാനുള്ളത്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി)

ഡോ. എം. കെ. മുനീർ: സർ, റൂറൽ എസ്.പി. തന്നെ പോലീസിന് വീഴ്ച സംഭവിച്ചുവെന്ന് അവിടെ സന്ദർശിച്ച്, പത്രക്കാരെ വിളിച്ചുവരുത്തി പ്രസ്താവന നടത്തിയിട്ടും എന്തുകൊണ്ടാണ് അദ്ദേഹം പറഞ്ഞ കാര്യത്തിൽ ഒരു തീരുമാനമുണ്ടാകാത്തത്? നിതാന്ത ജാഗ്രതയുള്ള പ്രദേശമാണതെന്ന് ഭരണപക്ഷത്തുള്ള എം.എൽ.എ. പറയുകയുണ്ടായി. അതിന്റെ അർത്ഥം, അവിടെ നിരന്തരമായി ഭൂമാഫിയകളുടെ ആക്രമണം പകൽസമയം നടന്നുകൊണ്ടിരിക്കുന്നു; രാത്രിയായതുകൊണ്ടാണ് തടുക്കാൻ കഴിയാതെ പോയതെന്നാണ്. അങ്ങനെ നിരന്തരം ഭൂമാഫിയകളുടെ ശല്യമുള്ളൊരു പ്രദേശത്തെ പോലീസ് സ്റ്റേഷനിൽ ജീപ്പില്ലായെന്നുപറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? ജീപ്പ് പട്രോളിംഗിന് പോയി എന്നാണ് പറയുന്നത്. പട്രോളിംഗിന് പോയ ജീപ്പിലേയ്ക്ക് ഒരു കമ്മ്യൂണിക്കേഷൻ കൊടുത്തിരുന്നെങ്കിൽ കൃത്യസമയത്ത് അവിടെ വരാനും സംഗീതിന്റെ ജീവൻ രക്ഷിക്കാനും കഴിയുമായിരുന്നു. ഒന്നര മണിക്കൂറിലധികം കാത്തുനിന്നിട്ടും യാതൊരു തരത്തിലും പോലീസിൽനിന്നുള്ള മറുപടി ലഭിക്കാത്തതിന്റെ പേരിലാണ് സ്വന്തമായി പ്രതിരോധിക്കുന്നതിന് സംഗീത് ശ്രമിച്ചത്. അദ്ദേഹത്തോട് അവർ ചെയ്തത്, ആദ്യം ടിപ്പർ വച്ച് ഇടിച്ചു, അതുകഴിഞ്ഞ് ജെ.സി.ബി.യുടെ ബക്കറ്റ് ഉപയോഗിച്ച് വാരിയെല്ലുകൾ തകർത്തു. മതിൽ തകർത്തു, തകർന്ന മതിൽ ശരീരത്തിൽ വീണിട്ടാണ് അദ്ദേഹം മരിക്കുന്നത്. മൂന്ന് ലോക കേരള സമ്മേളനം നടന്നു. മൂന്ന് പ്രവാസികൾ മരിച്ചു. നാലാമതൊരു മരണം നടക്കരുതേയെന്നാണ് ഞങ്ങളുടെ അഭ്യർത്ഥന. കാരണം, ഓരോ സഭ നടക്കുമ്പോഴും ഓരോ പ്രവാസി മരിച്ചു കൊണ്ടിരിക്കുകയാണ്. പൗൾട്രി

ഫാം നടത്തിക്കൊണ്ടിരിക്കുന്നയാളാണ് സംഗീത്. ജീവിതം കരുപിടിപ്പിക്കുന്നതിനു വേണ്ടി അവിടെയായിരുന്നു അദ്ദേഹം ചെലവഴിച്ചിരുന്നത്. ആ സമയത്ത് ഭാര്യ പറഞ്ഞിട്ടാണ് ഓടിവരുന്നത്. വന്നുനോക്കുമ്പോൾ സ്ഥിതി വളരെ ദയനീയമാണ്. സ്വന്തം പുരയിടത്തിനകത്ത് കുറേയാളുകൾ കയറി അവരുടെ വീട്ടിൽനിന്നും കൊണ്ടുവന്നെന്നപോലെ മണ്ണ് കൊണ്ടുപോകുകയാണ്. പോലീസ് അവിടെ ആകെ ചെയ്തത് മണ്ണ് മുഴുവൻ കൊണ്ടുപോയി അവർ അവിടെനിന്നും രക്ഷപ്പെടുന്നതുവരെ അങ്ങോട്ടുവന്നില്ലായെന്നതാണ്. അങ്ങനെയൊരു വീഴ്ചയുണ്ടായിട്ടുണ്ടെന്ന കാര്യം റൂറൽ എസ്.പി. കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നു. ഇപ്പോൾ ചട്ടങ്ങൾ മാറ്റിയിരിക്കുന്നു. ഭൂപതിവ് ചട്ടം മാറ്റി അതിന്റെ നാലാം ചട്ടത്തിന് രണ്ട് ഉപവകുപ്പുകളുണ്ടാക്കി. ഒരു ജിയോളജിസ്റ്റും കൃഷിവകുപ്പും ചേർന്ന് സമിതിയുണ്ടാക്കിക്കഴിഞ്ഞാൽ കൃഷിയോഗ്യമല്ലെങ്കിൽ അവിടെ ക്വാറിയിംഗ് നടത്തുന്നതിനുള്ള അനുമതി നൽകാൻ കഴിയുന്ന രീതിയിലേയ്ക്ക് ലളിതവൽകരിച്ചിട്ടുണ്ട്. എന്നാൽ, അതിലും ലളിതമാക്കുകയാണ് ഇപ്പോൾ മാഫിയ ചെയ്യുന്നത്. കാരണം, ജിയോളജിസ്റ്റിനെയും കൃഷിവകുപ്പിനെയും വിളിക്കുന്ന സമയംകൂടി കുറച്ചുകിട്ടുന്നതിനുവേണ്ടി, അവരുടെ സമ്മതമില്ലാതെ ക്വാറിയിംഗ് നടത്തുന്ന അവസ്ഥയിലേയ്ക്ക് പോകുകയാണ്. ചട്ടത്തിന്റെപോലും ആവശ്യമില്ലായെന്നാണ് മാഫിയ പറയുന്നത്. ഇത് ആവർത്തിക്കപ്പെടുന്ന ഒരു സാഹചര്യമെങ്ങനെയുണ്ടാകുന്നു? റവന്യൂ വകുപ്പും വ്യവസായ വകുപ്പും തമ്മിൽ കോ-ഓർഡിനേഷനില്ലേ? കൃഷി വകുപ്പിന് ഇതിലൊന്നും പറയാനില്ലേ? ബഹുമാനപ്പെട്ട പിണറായി വിജയൻ മുഖ്യമന്ത്രിയായിരിക്കുന്ന കേരളത്തിൽ ഇതുപോലെയുള്ള സംഭവവികാസങ്ങൾ ആവർത്തിക്കപ്പെടുന്നു. പോലീസിന്റെ വീഴ്ച കാരണം ധാരാളം മരണങ്ങളും കൊലപാതകങ്ങളും സംഭവിച്ചുകൊണ്ടിരിക്കുന്നു. ഒറ്റ ദിവസംകൊണ്ട് ആ സ്ത്രീ വിധവയാകുകയും രണ്ട് കുട്ടികൾ അനാഥരായി മാറുകയും ചെയ്തു. ആ കുടുംബത്തെ താങ്ങിനിർത്തുമെന്ന മറുപടി അങ്ങയിൽനിന്നും ഉണ്ടാകുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചു, അതുപോലും ഉണ്ടായില്ല. മാത്രമല്ല, ഈ കുറ്റകൃത്യം ചെയ്ത പോലീസിന്റെ പേരിൽ എന്ത് നടപടിയെടുക്കുമെന്നും വ്യക്തമാക്കിയില്ല. ഇങ്ങനെ വ്യക്തതയില്ലാതെയുള്ള മറുപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി)

ശ്രീ. മോൻസ് ജോസഫ്: സർ, ഭൂമാഫിയകളുടെ ആക്രമണം തടയാനും അവസാനിപ്പിക്കാനും കഴിയുന്നവിധത്തിൽ ശക്തമായ നിലപാടാണ് യഥാർത്ഥത്തിൽ ഈ ഘട്ടത്തിൽ ഗവൺമെന്റിൽനിന്നും ഉണ്ടാകേണ്ടത്. കുറ്റക്കാരായ പോലീസുദ്യോഗസ്ഥരുടെ പേരിൽ കർശന നടപടി സ്വീകരിക്കാനോ

അവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ കഴിയുന്ന വിധത്തിൽ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യാനോ സർക്കാർ തയ്യാറായിട്ടില്ല. ദാരുണമായ ഒരു സംഭവമുണ്ടായി; അതിൽ കുറ്റക്കാരായ പോലീസുദ്യോഗസ്ഥരുടെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതിനും മാഫിയകളെ നിയമവ്യവസ്ഥയുടെ മുമ്പിൽ കൊണ്ടുവരുന്നതിനുമുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അടിയന്തരമായി ഉണ്ടാകേണ്ടതുണ്ട്. അതിനുകഴിയാത്ത സാഹചര്യമാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിരിക്കുന്നത്. ഇത് തീർച്ചയായും പ്രതിഷേധാർഹമാണ്. അതോടൊപ്പം ദാരുണമായ ഈ സംഭവത്തെത്തുടർന്ന് നിരാലംബമായ കുടുംബത്തെ സഹായിക്കാനുള്ള മാനുഷികപരിഗണനപോലും സർക്കാർ കാണിച്ചിട്ടില്ല. ആ കുടുംബത്തെ സഹായിക്കാൻ കഴിയുന്ന സാഹചര്യം ഇനിയെങ്കിലും ഉണ്ടാകണം. ദാരുണമായ ഇത്തരം സംഭവങ്ങൾ കേരളത്തിൽ ആവർത്തിക്കപ്പെടാതിരിക്കാൻ ശക്തമായ നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഇത്തരത്തിൽ കർശന നടപടി ഗവൺമെന്റ് സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞങ്ങളും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഈ സംഭവം പോലീസിന്റെ ഭാഗത്തുനിന്നുള്ള അനാസ്ഥയെയാണ് വിളിച്ചറിയിക്കുന്നത്. ഇവിടെ ഒരു സംഭവമുണ്ടായപ്പോൾ പോലീസിനെ കൃത്യസമയത്ത് അറിയിച്ചെങ്കിലും ഒരു മണിക്കൂർ വൈകിയാണ് അവർ അവിടെയെത്തുന്നത്. ഇതിനിടയ്ക്കാണ് സംഗീത് എന്ന പ്രവാസി ദാരുണമായി കൊലചെയ്യപ്പെട്ടത്. പോലീസ് ഉണർന്ന് പ്രവർത്തിച്ചിരുന്നുവെങ്കിൽ ഒഴിവാക്കാൻ കഴിയുമായിരുന്ന കൊലപാതകമാണെന്നുള്ളത് വളരെ വ്യക്തമാണ്. മണ്ണുമാഫിയ എത്ര ശക്തമാണെന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാണിത്. നിർഭാഗ്യകരമായ സാഹചര്യമാണ് സംസ്ഥാനത്തുണ്ടായത്. സ്വന്തം ഭൂമിയിൽനിന്ന് അനധികൃതമായി മണ്ണെടുക്കുന്നതിനെ സംഗീത് തടഞ്ഞിരുന്നു. അവർ തമ്മിൽ കരാറോ മറ്റ് കാര്യങ്ങളോ ഉണ്ടായിരുന്നില്ല. അനധികൃതമായി കടന്നുകയറി മണ്ണെടുക്കുന്നത് തടഞ്ഞപ്പോൾ ആ മാഫിയസംഘം അതിമൃഗീയമായി സംഗീതിനെ കൊലപ്പെടുത്തിയിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 223 പുതിയ ക്വാറികൾക്ക് അനുമതി നൽകിയിട്ടുണ്ട്. കേരളത്തിൽ പ്രവർത്തിക്കുന്ന അഞ്ച് ഹെക്ടറിന് താഴെയുള്ള 568 ക്വാറികളിൽ 85 എണ്ണം പാരിസ്ഥിതിക അനുമതി ഇല്ലാത്തവയാണ്. ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ കഴിയുന്നത്; ഇത്തരക്കാർക്കെതിരെ ചെറുവിരൽപോലും അനക്കാൻ ഗവൺമെന്റിന് കഴിയുന്നില്ലെന്നത് വ്യക്തമാണ്. കാരണം, മാഫിയകൾ ഈ ഗവൺമെന്റ്

അധികാരത്തിൽ വന്നതിനുശേഷം ശക്തമാണെന്നതു തന്നെയാണ്. അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് സംഗീത് എന്ന യുവാവിന്റെ കൊലപാതകം. ഇതിനെ സംബന്ധിച്ച് അന്വേഷണം നടത്താനും ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാനും ഗവൺമെന്റ് തയ്യാറാകണം. ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൂടി സ്വീകരിക്കണം. ഇക്കാര്യം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭയിൽനിന്ന് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം തിരികെ പ്രവേശിച്ചു.)

## V ശ്രദ്ധ ക്ഷണിക്കൽ

### (1) കേന്ദ്ര ധനവിഹിതം ലഭ്യമാക്കാൻ നടപടി

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, കേന്ദ്ര ഗവൺമെന്റിന്റെ പ്രതികാരത്തോടുകൂടിയെന്ന് തോന്നിപ്പിക്കുന്ന നടപടികൾ കേരളത്തെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് തള്ളിവിട്ടിരിക്കുകയാണ്. ഭരണഘടനാ ഭേദഗതിയനുസരിച്ച് ജി. എസ്. ടി. -യിൽ നിന്ന് കേരളത്തിന് ലഭിക്കേണ്ട അർഹമായ വിഹിതം സമയത്തിന് കേന്ദ്ര ഗവൺമെന്റ് ലഭ്യമാക്കുന്നില്ല. നമുക്ക് അവകാശപ്പെട്ട നഷ്ടപരിഹാരം, പ്രത്യേകിച്ച് കേരളത്തിന് അറിയിപ്പൊന്നും നൽകാതെ തടഞ്ഞ് വയ്ക്കുകയെന്നത് കേന്ദ്ര സർക്കാരിന് ഒരു വിനോദംപോലെ ആയിരിക്കുകയാണ്. കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി സെപ്റ്റംബർ-ഒക്ടോബർ മാസത്തെ കുടിശ്ശിക നിരന്തരമായി ആവശ്യപ്പെടുകയും ഒടുവിൽ കോടതിയെ സമീപിക്കേണ്ടി വരുമെന്ന നിലപാടെടുക്കുകയും ചെയ്തപ്പോഴാണ് മടിച്ചുമടിച്ച് ആ കാലത്തെ കുടിശ്ശിക അനുവദിച്ചത്. ഇനിയിപ്പോൾ, നവംബർ-ഡിസംബർ മാസത്തെ നഷ്ടപരിഹാരത്തുക ലഭിക്കാനുണ്ട്. ജനുവരി-ഫെബ്രുവരി മാസത്തേത് ലഭിച്ചിട്ടില്ല. ഇതിനൊന്നും ഒരു വിശദീകരണവും നൽകാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകുന്നില്ല. സംസ്ഥാനം നിരന്തരമായി കത്തുകൾ അയച്ചിട്ടും മൗനത്തിലാണ്. ഇത് എല്ലാ ഫെഡറൽ തത്വങ്ങളുടെയും ലംഘനമാണ്.

സംസ്ഥാനങ്ങളുടെ അവകാശങ്ങളെ ബഹുമാനിക്കുകയോ ഇവിടത്തെ കാര്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുകയോ ചെയ്യാത്ത കേന്ദ്ര ഗവൺമെന്റാണ് ദൗർഭാഗ്യവശാൽ ഇപ്പോൾ നമ്മുടെ രാജ്യം ഭരിക്കുന്നത്. അതുപോലെ കേരളത്തിന് കടമെടുക്കാനുള്ള പരിധി കേന്ദ്ര ഗവൺമെന്റ് ഏകപക്ഷീയമായി വെട്ടിക്കുറച്ചു. ഈ സാമ്പത്തിക വർഷം 24,915 കോടി രൂപ കടമെടുക്കുന്നതിന് അർഹതയുണ്ട്. എന്നാൽ കേന്ദ്രം പറയുന്നത് 16,602 കോടി രൂപ മാത്രമേ കടമെടുക്കാൻ അർഹതയുള്ളൂ എന്നാണ്. ഇതിനും സംസ്ഥാനവുമായി ആലോചിക്കുകയോ ഏന്തെങ്കിലും വിശദീകരണം നൽകുകയോ ചെയ്തിട്ടില്ല. ഇതിന്റെ ഫലമായി ട്രഷറിവകുപ്പ് കടുത്ത പ്രതിസന്ധിയിലായി. പ്രളയകാലത്ത് ചോദിച്ച തുക കേന്ദ്രം നൽകിയില്ലായെന്നുള്ളത് എല്ലാവർക്കുമറിയാം. വിദേശത്തുനിന്നും സഹായം സ്വീകരിക്കാൻ പാടില്ലായെന്ന നിലപാട് സ്വീകരിച്ചു. വിദേശ മലയാളികൾ വാഗ്ദാനം ചെയ്ത സഹായം സ്വീകരിക്കാനും അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽനിന്നുള്ള വായ്പയെടുക്കാനും അനുവദിച്ചില്ല. ഇത്തരത്തിൽ ഏകപക്ഷീയമായി കേരളത്തോട് പ്രതികാരം ചെയ്യുന്ന രീതിയിലുള്ള നടപടികളാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. ദുരിതാശ്വാസ പ്രവർത്തനത്തിന് അനുവദിച്ച അരിക്കും രക്ഷാപ്രവർത്തനത്തിന് അയച്ച ഹെലികോപ്റ്ററിനും കണക്കുപറഞ്ഞ് പണം വാങ്ങി. 2019-ലെ പ്രളയത്തിന് ഒരു സഹായവും കേന്ദ്രം നൽകിയില്ല. രാഷ്ട്രീയമായി ഇന്ത്യയെ കീറിമുറിക്കുകയും വർഗ്ഗീയമായി ചേരിതിരിക്കുകയും ചെയ്യുമ്പോൾ സംസ്ഥാനങ്ങളോട് കടുത്ത അവഗണനയാണ് കാണിക്കുന്നത്. പ്രത്യേകിച്ച്, കേരളം പോലെയുള്ള സംസ്ഥാനങ്ങളെ തങ്ങളുടെ രാഷ്ട്രീയത്തിന് മുന്നോട്ട് പോകാൻ കഴിയാത്ത സംസ്ഥാനങ്ങളെന്ന നിലയിൽ ഏതെല്ലാം തരത്തിൽ ജനാധിപത്യ വിരുദ്ധമായ രീതിയിൽ ഫെഡറൽ തത്വങ്ങൾക്കെതിരായി ഞെരുക്കുക എന്നുള്ളതാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നയം. ഇതിനെതിരായി ഭരണഘടനാപരമായും നിയമപരമായും എന്തെല്ലാം നടപടികളാണ് കേരള ഗവൺമെന്റ് കൈക്കൊള്ളാൻ പോകുന്നതെന്നത് വ്യക്തമാക്കണം?

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 15-ാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് ചർച്ച ചെയ്യുന്ന വേളയിൽ പ്രസക്തമായിട്ടുള്ള കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. ധനകാര്യ കമ്മീഷന്റെ പരാമർശ/അന്വേഷണ വിഷയങ്ങൾ തീരുമാനിച്ചപ്പോൾ കേരളം ശക്തമായ പ്രതിഷേധം അറിയിക്കുകയുണ്ടായി. 1971-ലെ ജനസംഖ്യ അടിസ്ഥാനമാക്കുന്നതിനുപകരം 2011-ലേത് അടിസ്ഥാനമാക്കണമെന്നാണ് ടേംസ് ഓഫ് റഫറൻസിലുണ്ടായിരുന്നത്. 1971-ൽ നമുക്ക് നൽകിയിട്ടുള്ള ഒരു

വാഗ്ദാനമായിരുന്നു അത്. കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് ഫലപ്രദമായി ജനസംഖ്യാ നിയന്ത്രണം ഏർപ്പെടുത്തിയാൽ നഷ്ടം വരികയില്ല. ഭാവിയിൽ, 1971-ലെ കാനേഷുമാരി കണക്കിന്റെ അടിസ്ഥാനത്തിൽ കണക്കുകൂട്ടാമെന്ന് പറഞ്ഞു. അത് 2011 ആയി കേന്ദ്ര സർക്കാർ നിശ്ചയിച്ചു. അതിനെത്തുടർന്ന് തിരുവനന്തപുരത്തുവച്ച് ആദ്യം ധനകാര്യ വകുപ്പുമന്ത്രിമാരുടെ സമ്മേളനം നടത്തി. തുടർന്ന് ഡൽഹിയിലും വിജയവാഡയിലും സമ്മേളനം നടന്നു. അത്തരത്തിലുള്ള വലിയൊരു ഇടപെടൽ വരികയും കേന്ദ്ര സർക്കാരിനോടൊപ്പം നിൽക്കുന്ന തമിഴ്നാട് ഇതിൽ പ്രതിഷേധം രേഖപ്പെടുത്താൻ തുടങ്ങിയപ്പോൾ ഇത്തരത്തിൽ ഒരു തിരിച്ചടി ഉണ്ടാകുന്ന സംസ്ഥാനങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നതിനുള്ള രീതിയുണ്ടാകുമെന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിതന്നെ ചെന്നൈയിൽ വച്ച് പ്രസ്താവിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് വന്നപ്പോൾ നമ്മുടെ വിഹിതം പ്രതീക്ഷിച്ചതിനേക്കാൾ വളരെ കുറവാണ്. കാരണം, കേന്ദ്രനികുതിയുടെ 1.93 ശതമാനം മാത്രമേ കേരളത്തിനുള്ളൂ. എന്നാൽ നമുക്കിപ്പോൾ 2.5 ശതമാനമുണ്ട്. സംസ്ഥാനത്തിന്റെ ധനകാര്യ ചരിത്രത്തിൽ ഏറ്റവും താഴ്ന്ന വിഹിതമാണ് നമുക്ക് ലഭിച്ചിട്ടുള്ളത്. 14-ാം ധനകാര്യ കമ്മീഷന്റെ തീർപ്പുപ്രകാരം ഏതാണ്ട് 18,000 കോടി രൂപ ലഭിച്ചെങ്കിൽ ഇപ്പോൾ 15,535 കോടി രൂപയേ ലഭിക്കുകയുള്ളൂ. പത്ത് ശതമാനം വർദ്ധനവ് കണക്കാക്കുകയാണെങ്കിൽ 20,000-ത്തിന് മുകളിൽ വരേണ്ടതാണ്. അതിനുപകരം 15,535 കോടി രൂപയേ ലഭിക്കുകയുള്ളൂ. കേരളത്തിന് ഇതുമൂലം വലിയ റവന്യൂ കമ്മി വരും. അത് നികത്തുന്നതിനുവേണ്ടി പതിനയ്യായിരത്തിൽപ്പരം കോടി രൂപ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി നൽകും. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് നൽകുന്നത് തുടരണമോ വേണ്ടയോ എന്നുള്ളതായിരുന്നു ടേംസ് ഓഫ് റഫറൻസിലുള്ള ഒരു വിഷയം. സംസ്ഥാന സർക്കാരുകളുടെ സമ്മേളനങ്ങളിൽ ശക്തമായി ഇതിനെ ചെറുത്തതുകൊണ്ട് ഫിനാൻസ് കമ്മീഷൻ ഞങ്ങളെ തൊടാൻ പോകുന്നില്ലെന്ന് പറഞ്ഞു. ആ വകുപ്പ് ഉപയോഗിച്ചാണ് നമുക്ക് ഇത്രയും വലിയൊരു ഗ്രാന്റ് നൽകാൻ തീരുമാനിച്ചത്. സംസ്ഥാനങ്ങൾക്ക് എഴുപത്തിനാലായിരം കോടി രൂപയുടെ റവന്യൂ ഡെഫിസിറ്റിനുവേണ്ടി ധനകമ്മീഷൻ ശിപാർശ ചെയ്തു.

11.00 AM]

എന്നാൽ പാർലമെന്റിൽ കഴിഞ്ഞ ദിവസം ധനകാര്യ വകുപ്പുമന്ത്രി സംസാരിക്കുമ്പോൾ, അവർ ഉപയോഗിച്ച ഒരു വാക്കുണ്ട് - ധന കമ്മീഷന്റെ ശിപാർശകൾ ഞങ്ങൾ substantially അംഗീകരിക്കുന്നു, പൂർണ്ണമായി അംഗീകരിക്കുന്നില്ല എന്നാണ്. 74,000 കോടി രൂപയ്ക്കുപകരം 30,000 കോടി രൂപ

മാത്രമാണ് സംസ്ഥാനങ്ങൾക്ക് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. 'Pro Rata' യായി വെട്ടിക്കുറയ്ക്കുകയാണെങ്കിൽ കേരളത്തിന് 5,800 കോടി രൂപയേ ലഭിക്കുകയുള്ളൂ. 15,535 കോടി രൂപ ധനകമ്മീഷൻ പത്ര റിപ്പോർട്ടുകൾ പ്രകാരം ശിപാർശ ചെയ്യുക, ബഡ്ജറ്റിൽ 5,535 കോടി രൂപ വകയിരുത്തുക തുടങ്ങി ഇതിൽപ്പരം അനീതി സംസ്ഥാനത്തിനോട് ചെയ്യാനുണ്ടോ? ഇത് ഒരു സംസ്ഥാനത്തോടെന്നല്ല, സംസ്ഥാനങ്ങളോടെല്ലാമുള്ള അനീതിയാണ്. ഇന്ത്യാ ചരിത്രത്തിലാദ്യമായിട്ടാണ് ധനകാര്യ കമ്മീഷന്റെ ശിപാർശ ഇതുപോലെ തള്ളിക്കളഞ്ഞ് പകുതി തുകപോലും മാറ്റിവയ്ക്കാത്ത അവസ്ഥയുണ്ടായിട്ടുള്ളത്. ഇത് നമ്മുടെ സമ്പദ്ഘടനയിൽ വലിയ ആഘാതം സൃഷ്ടിക്കുമെന്നതിന് സംശയമില്ല. കേന്ദ്ര സർക്കാരിന്റെ മനോഭാവത്തിന്റെ തുടർച്ചയായാണ് ഇത് വന്നിട്ടുള്ളത്. ബി.ജെ.പി. ക്ക് ഇന്ത്യയിലെ ഭൂരിപക്ഷം സംസ്ഥാനങ്ങളിലും അധികാരം നഷ്ടപ്പെട്ടതോടുകൂടി നമ്മളോടുമാത്രമല്ല, സംസ്ഥാനങ്ങളുടെ അവകാശങ്ങളോടുതന്നെ പുല്ലുവില കൽപ്പിക്കുന്ന സമീപനത്തിലേയ്ക്ക് വന്നിരിക്കുകയാണ്. സംസ്ഥാന സർക്കാരിനോട് സ്വീകരിച്ച നടപടികളൊക്കെ ശ്രീ. സുരേഷ് കുറുപ്പ് ഉന്നയിച്ചുകഴിഞ്ഞു. ഈ വർഷം 24,000 കോടി രൂപ വായ്പ ഉണ്ടാകേണ്ടതായിരുന്നു. സാമ്പത്തിക വർഷം പകുതിയായപ്പോൾ പറയുന്നത് 5,300 കോടി രൂപ കുറച്ചേ കിട്ടുകയുള്ളൂവെന്നാണ്. ആ കണക്കുവച്ച് നോക്കുകയാണെങ്കിൽ അവസാനത്തെ മൂന്ന് മാസം 4,900 കോടി രൂപ ലഭിക്കേണ്ടതാണ്. ഓർഡർ വന്നപ്പോൾ 4,900 കോടി രൂപ ഇല്ല, 1900 കോടി രൂപയാണ് കിട്ടിയത്. അതിന് ന്യായം പറയുന്നത്, 2016-17-ൽ ട്രഷറി ഡെപ്പോസിറ്റുകൾ വർദ്ധിച്ചതിന്റെ ഫലമായി പബ്ലിക് അക്കൗണ്ടിൽനിന്നുള്ള ബഡ്ജറ്റിലേയ്ക്കുള്ള ബോറോയിംഗ് വർദ്ധിച്ചുവെന്നാണ്. ട്രഷറി ഡെപ്പോസിറ്റ് എന്നുപറയുന്നത് ഡിപ്പാർട്ടുമെന്റുകൾ ചെലവഴിക്കാതെ സൂക്ഷിക്കുന്ന പണം, ജീവനക്കാരുടെ കുടിശ്ശിക, പി.എഫ്.-ൽ ലയിപ്പിക്കുന്നത് ഇവയെല്ലാം ഉൾപ്പെടുന്നതാണ്. ആദ്യമായാണ് പബ്ലിക്ക് അക്കൗണ്ടിൽ ഡെപ്പോസിറ്റ് ബോറോയിംഗായി പരിഗണിച്ചുകൊണ്ട് മൂന്നുവർഷം മുമ്പുണ്ടായിരുന്ന കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ ബോറോയിംഗ് വെട്ടിക്കുറയ്ക്കുന്നത്. ഇതുകൊണ്ടും തീരുന്നില്ല. മാന്ദ്യത്തിന്റെ ഭാഗമായി കേന്ദ്ര നികുതി വിഹിതം രണ്ടായിരം കോടി രൂപ കുറഞ്ഞിട്ടുണ്ട്. ജി.എസ്.ടി. കോമ്പൻസേഷൻ 1600 കോടി രൂപ ഇനിയും ലഭിക്കാനുണ്ട്. അവസാനത്തെ മൂന്ന് മാസക്കാലത്തെ ചെലവിനായി 35000 കോടി രൂപ വേണ്ടിവരുന്നതിൽ ഏതാണ്ട് 12000 കോടിരൂപ കേന്ദ്ര സർക്കാർ ഈ നടപടികളിലൂടെ എടുത്തുമാറ്റിയിരിക്കുകയാണ്. ഒരു സംസ്ഥാനത്തിന്റെ ധനമാനേജ്മെന്റ് പ്രശ്നങ്ങൾക്ക് വിലകൽപ്പിക്കാത്ത രീതിയിൽ എത്രതരും; നിങ്ങളുടെ നികുതി എത്രവരും എന്നുപോലും

പറയാതിരുന്നിട്ട് ജി.എസ്.ടി കോമ്പൻസേഷൻ സെസ്സിൽനിന്നും കിട്ടുന്ന പണത്തിൽനിന്നുമാത്രമേ തരാൻ സാധിക്കുകയുള്ളൂവെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നു. കോമ്പൻസേഷൻ നൽകാൻ ആ സെസ്സ് പോരാ. മാന്ദ്യംമൂലം നികുതി വരുമാനം കുറഞ്ഞിരിക്കുകയാണ്. ഇങ്ങനെയൊരു സാഹചര്യമുണ്ടായാൽ എന്ത് ചെയ്യുമെന്നുള്ള കാര്യത്തെ സംബന്ധിച്ച് ജി.എസ്.ടി കൗൺസിലിൽ ചർച്ച നടന്നപ്പോൾ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി സംസ്ഥാനങ്ങൾക്ക് നൽകിയ ഉറപ്പിൽ പറയുന്നത്, നിങ്ങൾ അതിനെക്കുറിച്ച് പേടിക്കേണ്ട കാര്യമില്ലെന്നാണ്. 28-ാമത്തെ യോഗത്തിന്റെ മിനിറ്റ്സിൽ അത് കൃത്യമായി പറഞ്ഞിരിക്കുകയാണ്. ഇങ്ങനെയൊരു സാഹചര്യം വന്നാൽ എന്തുപ്രശ്നമാണ്? താൽക്കാലികമായി കടം വാങ്ങി നിങ്ങൾക്ക് തരും, സെസ്സ് ഒരു വർഷത്തേയ്ക്കുകൂടി നീട്ടിക്കഴിഞ്ഞാൽ ആ കടം വീട്ടാനും സാധിക്കും. ഈ ലളിതമായ മാർഗ്ഗം ഉപയോഗപ്പെടുത്തുന്നതിനുപകരം ജി.എസ്.ടി. സെസ്സിന്റെ വരുമാനം അനുസരിച്ചുമാത്രമേ കോമ്പൻസേഷൻ നൽകുകയുള്ളൂ എന്ന നിലപാട് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുകയാണ്. ഇത് സംസ്ഥാനങ്ങളുടെ ധനസ്ഥിതിയിൽ വലിയ അനിശ്ചിതത്വം കൊണ്ടുവന്നിരിക്കുന്നു. ഇത് ഫെഡറൽ തത്വങ്ങൾക്ക് എതിരാണ്. ഇതിനെതിരായി കേരളം എന്ത് ചെയ്യാൻ ഉദ്ദേശിക്കുന്നു എന്നുള്ളതാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. മറ്റ് സംസ്ഥാനങ്ങളോട് ഇതുസംബന്ധിച്ച് സംസാരിക്കേണ്ടതുണ്ട്. ചണ്ഡിഗഡിൽവച്ച് ഇക്കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി മറ്റ് സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാരുമായി ഒരു യോഗം നടത്തുന്നതിനെക്കുറിച്ചുള്ള ആലോചന നടക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ യോജിച്ച നിലപാട് സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ജി.എസ്.ടി. കോമ്പൻസേഷൻ സംബന്ധിച്ച നിയമ നടപടിക്കുള്ള സാധ്യതയുണ്ട്. ഇത്തരം കാര്യങ്ങളെല്ലാം ഗൗരവമായി ആലോചിക്കും. ഇതുസംബന്ധിച്ച പൊതുജനാഭിപ്രായം നമ്മുടെ സംസ്ഥാനത്തിനകത്തും പുറത്തും വളർത്തിയെടുക്കേണ്ടതുണ്ട്. ഫെഡറൽ സംവിധാനത്തെയാകെ തകർക്കുന്ന ഒരു സ്ഥിതിയിലേയ്ക്ക് കേന്ദ്ര സർക്കാർ നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇതിനെതിരായി ശക്തമായ നിലപാട് കേരളം സ്വീകരിക്കുന്നുണ്ട്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, മറ്റ് സംസ്ഥാനങ്ങളുമായി ചേർന്ന് ഏത് തരത്തിലുള്ള നീക്കങ്ങളാണ് കേരളാ ഗവൺമെന്റ് ആലോചിക്കുന്നത്; ഭരണഘടനാപരമായിത്തന്നെ ബാധ്യതയുള്ള കാര്യത്തിന്റെ ലംഘനമാണ് കേന്ദ്രഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. യാതൊരു തരത്തിലുള്ള വിശദീകരണവും കത്തുകൾക്കുള്ള മറുപടിയും സംസ്ഥാനങ്ങൾക്ക് നൽകാതെയാണ് ഇക്കാര്യം ധിക്കാരപൂർവ്വം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അപ്പോൾ സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽവച്ച് ഏത് തരത്തിലുള്ള നീക്കത്തിനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, നാലുവട്ടം സംസ്ഥാനത്തെ ധനകാര്യ വകുപ്പുമന്ത്രിമാരുടെ സമ്മേളനം സെമിനാറെന്ന രൂപത്തിലോ, conclave എന്ന രൂപത്തിലോ നടന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യൻ യൂണിയൻ പ്രസിഡന്റിനുതന്നെ ഒരാക്ഷേപം നമ്മൾ നൽകിയത്. ആ ഇടപെടലിന് ഫലമുണ്ടായി. ഇപ്പോൾ ധനകാര്യകമ്മീഷന്റെ അവസാന റിപ്പോർട്ട് വരാൻ പോകുന്നതേയുള്ളൂ. ഇത് ഇന്ററിം റിപ്പോർട്ടാണ്. കേന്ദ്ര സർക്കാർ പറയുന്നത്, നിങ്ങൾ എന്ത് പറഞ്ഞാലും ഞങ്ങൾക്ക് ഇഷ്ടമുള്ളത് അവസാനം തീരുമാനിക്കുമെന്നുള്ളതാണ്. ധനകാര്യ കമ്മീഷനെ നിയോഗിച്ച സമയത്ത് എത്ര ശക്തമായിട്ടാണോ നമ്മൾ മറ്റ് സംസ്ഥാനങ്ങളെല്ലാമായി ചേർന്ന് ഇടപെട്ടത്, അതുപോലെ കൂട്ടായി ഇടപെടേണ്ടതുണ്ട്. അതിനുള്ള നടപടി സ്വീകരിക്കും. കാരണം, ഒരു വർഷത്തെ വരുമാനത്തിന്റെ പ്രശ്നമല്ല, സംസ്ഥാനത്തിന്റെ വരാൻപോകുന്ന അഞ്ച് വർഷത്തെ ഭാവിയുടെ പ്രശ്നമാണ്. അതുകൊണ്ട് മറ്റ് സംസ്ഥാനങ്ങളുമായി യോജിച്ച് കൂടുതൽ ഇടപെടുന്നതിനും പൊതുജനാഭിപ്രായം വളർത്തുന്നതിനുമുള്ള നടപടി സ്വീകരിക്കും.

### (2) <u>ബ്രഹ്മപുരം മാലിന്യപ്ലാന്റ്</u>

<u>ശ്രീ. പി. ടി. തോമസ്</u>: സർ, കൊച്ചിൻ കോർപ്പറേഷൻ, തൃക്കാക്കര, അങ്കമാലി, ആലുവ, കളമശ്ശേരി, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റികൾ, വടവുകോട്-പുത്തൻകുരിശ്, ചേരാനെല്ലൂർ, കുമ്പളങ്ങി പഞ്ചായത്തുകൾ എന്നിവിടങ്ങളിലെ മാലിന്യം നിക്ഷേപിക്കുന്ന സ്ഥലമാണ് ബ്രഹ്മപുരം. ബ്രഹ്മപുരത്ത് പുതിയ മാലിന്യസംസ്കരണ പ്ലാന്റിനായുള്ള നടപടിക്രമങ്ങൾ നല്ല രീതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും ഇതുവരെ അതിന്റെ പൂർണ്ണ തോതിലുള്ള പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ബ്രഹ്മപുരം പ്ലാന്റിലേയ്ക്ക് മാലിന്യം കൊണ്ടുപോകുമ്പോഴുണ്ടാകുന്ന ദുർഗന്ധംകാരണം തൃക്കാക്കര നിയോജകമണ്ഡലത്തിൽ ജീവിക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. മൂവായിരത്തോളം കുട്ടികൾ പഠിക്കുന്ന രാജഗിരി കോളേജ് പോലെയുള്ള കലാലയങ്ങളും കളക്ടറേറ്റ് അടക്കമുള്ള സ്ഥാപനങ്ങളുമുള്ള പ്രസ്തുത മേഖലയിൽ മാലിന്യസംസ്കരണ പ്ലാന്റ് ഉയർത്തുന്ന ഗുരുതരമായ പ്രശ്നങ്ങളിലേക്കാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്.

എന്റെ സുഹൃത്തും കുന്നത്തുനാട് എം.എൽ.എ.-യുമായ ശ്രീ. വി. പി. സജീന്ദ്രനും ഈ വിഷയം പലതവണ സഭയിൽ ഉന്നയിച്ചിട്ടുണ്ട്. നേരത്തെ സൂചിപ്പിച്ച അഞ്ച് മുനിസിപ്പാലിറ്റികളിലെയും രണ്ട് പഞ്ചായത്തുകളിലെയും കോർപ്പറേഷന്റെയും മാലിന്യം കൊണ്ടുപോകുന്നത് തൃക്കാക്കരയിലൂടെയാണ്.

പലപ്പോഴും തുറന്ന വാഹനങ്ങളിലാണ് അവ കൊണ്ടുപോകുന്നത്. അവയിൽനി ന്നും മലിനജലം ഒഴുകിക്കൊണ്ടിരിക്കും. അവയിൽനിന്ന് ഉണ്ടാകുന്ന ദുർഗന്ധം ആ പ്രദേശത്താകെ ഗുരുതരമായ സാഹചര്യം സൃഷ്ടിച്ചിരിക്കുകയാണ്. കവചിത വാഹനങ്ങളിൽ മാലിന്യം കൊണ്ടുപോകണമെന്നുള്ളത് വളരെ കൃത്യമായി പാലിക്കുന്നില്ലായെന്നത് ഗുരുതരമായ പ്രശ്നമാണ്. കൊച്ചിൻ കോർപ്പറേഷനിലെ ഏഴ് ലക്ഷം പേരും മറ്റ് മുനിസിപ്പാലിറ്റികളിലെ ഏകദേശം മൂന്ന് ലക്ഷം പേരും മൂന്ന് പഞ്ചായത്തുകളിലെ ഏകദേശം ഒരു ലക്ഷം പേരും ഉൾപ്പെടെ 11-12 ലക്ഷം ആളുകൾ ഉപയോഗശേഷം തള്ളുന്ന മാലിന്യമാണ് ബ്രഹ്മപുരത്ത് സംസ്കരിക്കുന്നത്. 2008-ൽ കൊച്ചിൻ കോർപ്പറേഷൻ 16 കോടി രൂപ മുടക്കി ഇങ്ങനെയൊരു പ്ലാന്റ് സ്ഥാപിച്ചെങ്കിലും പ്രസ്തുത പ്ലാന്റ് ഫലപ്രദമാകാതെ പോയതും ഇത്തരം പ്രശ്നങ്ങൾക്ക് കാരണമാണ്. 2016 ഫെബ്രുവരിയിൽ ജി.ജെ. ഇക്കോപവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന ഒരു കമ്പനിയുമായി സർക്കാർ ഒരു കരാറുണ്ടാക്കി. അതിന്റെ പേമെന്റ് മെക്കാനിസം സംബന്ധിച്ചുള്ള ഉത്തരവിറങ്ങാൻ കാലതാമസം വന്നില്ലായിരുന്നെങ്കിൽ പണി ആരംഭിക്കാമായിരുന്നുവെന്നാണ് അവർ പറയുന്നത്. സർക്കാർ ലീസ് എഗ്രിമെന്റ് 16-1-2020-ൽ ഇറക്കിയെങ്കിലും കൊച്ചിൻ കോർപ്പറേഷൻ അതിനോട് സഹകരിച്ചില്ല. സർക്കാർ തയ്യാറാക്കിയ ലീസ് എഗ്രിമെന്റ് അവർ റിജക്ട് ചെയ്തെങ്കിലും പിന്നീട് സർക്കാർ അത് ഉറപ്പിക്കുകയാണ് ചെയ്തത്.

മാലിന്യത്തിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്ന ബ്രഹ്മപുരം വൈദ്യുതി പ്ലാന്റുമായി ബന്ധപ്പെട്ട പണികളും മന്ദഗതിയിലാണ്. ഒരു വർഷം ഏകദേശം ആറ് കോടി രൂപ കോർപ്പറേഷൻ ജി. ജെ. ഇക്കോപവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് നഷ്ടപരിഹാരമായി നൽകേണ്ടി വരുമെന്നാണ് അറിയുന്നത്. കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള 90 ഏക്കറോളം സ്ഥലത്തുനിന്നും 20 ഏക്കറോളം സ്ഥലം ജി. ജെ. ഇക്കോപവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് കോർപ്പറേഷൻ വിട്ടുകൊടുത്തിരിക്കുകയാണ്. പ്രസ്തുത പ്ലാന്റിന്റെ പ്രവർത്തനം 2020 ഫെബ്രുവരി 1-ന് ഭാഗികമായും 17 മാസംകൊണ്ട് പൂർണ്ണമായും പൂർത്തിയാക്കുമെന്നാണ് ഇതുസംബന്ധിച്ച് നടന്ന ചർച്ചകളിലൊക്കെ പറഞ്ഞിരുന്നത്. അതിനാൽ ഇത് സമയബന്ധിതമായി പൂർത്തിയാക്കാനുള്ള ഇടപെടലുണ്ടാകണമെന്നാണ് പ്രധാനമായും ആവശ്യപ്പെടാനുള്ളത്.

മാലിന്യം കൊണ്ടുപോകുമ്പോൾ ദുർഗന്ധം വമിക്കുന്നതിനെതിരെ വലിയ ശ്രദ്ധയുണ്ടാകണം. ഇതിനോട് തൊട്ടുചേർന്നുള്ള കടമ്പ്രയാർ പൂർണ്ണമായും മാലിന്യംകൊണ്ട് നിറഞ്ഞിരിക്കുകയാണ്. ബി.പി.സി.എൽ., സ്മാർട്ട് സിറ്റി, ഇൻഫോ പാർക്ക്, കിൻഫ്രയുടെ സ്ഥാപനങ്ങൾ, നിറ്റാ ജലാറ്റിന്റെ സ്ഥാപനങ്ങൾ,

കാർബൺ കമ്പനികൾ തുടങ്ങി അനവധി കമ്പനികളും രാജഗിരി കോളേജ് അടക്കമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുമെല്ലാം വല്ലാത്ത പ്രതിസന്ധിയാണ് ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്നത്. അതിനൊരു പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കണമെന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്. ഇതോടൊപ്പം ഒരു ഗ്രീൻ ബെൽറ്റ് സ്ഥാപിക്കുന്നതിനെ സംബന്ധിച്ചും ചർച്ചകൾ നടത്തിയിരുന്നു, അതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി എന്നുള്ളതും പ്രാധാന്യം അർഹിക്കുന്ന കാര്യമാണ്. കൊച്ചി നഗരസഭയിൽ ഒരുദിവസം ഏകദേശം മൂന്നരലക്ഷം ടൺ കക്കൂസ് മാലിന്യം ഉണ്ടാകുന്നുണ്ട്. ഇതിൽ 12 ലോഡ് സംസ്കരിക്കാനുള്ള സൗകര്യം മാത്രമാണ് അവിടെയുള്ളത്. അവ പൂർണ്ണമായും സംസ്കരിക്കാനുള്ള സൗകര്യം ഒരുക്കണമെന്നും അഭ്യർത്ഥിക്കുകയാണ്. ഇനോക്കുലമെന്ന ജൈവ ലായനിയാണ് ദുർഗന്ധം പുറത്തേയ്ക്ക് വരാതിരിക്കാൻ മാലിന്യങ്ങളിൽ തളിക്കുന്നത്. മാലിന്യം ഇളക്കുമ്പോൾ ഇനോക്കുലം എന്ന ജൈവലായനി ആവശ്യത്തിന് തളിക്കാത്തതിനാൽ ആ പ്രദേശത്തെ ജനങ്ങൾക്ക് ജീവിക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇടപെടുന്നതിൽ വളരെ സന്തോഷമുണ്ടെങ്കിലും ഇവിടെ പറഞ്ഞവയുടെ പശ്ചാത്തലത്തിൽ അടിയന്തരമായി മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാക്കാനും അഞ്ച് മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനിലെയും മാലിന്യനീക്കം ശക്തിപ്പെടുത്താനും അവ കവചിത വാഹനങ്ങളിൽ കൊണ്ടുപോകുന്നതിനും ഏറ്റവും വേഗത്തിൽ കേരളത്തിലെ മാതൃകാപരമായ മാലിന്യ സംസ്കരണ പ്ലാന്റായി ബ്രഹ്മപുരത്തെ മാറ്റാനുമുള്ള ശക്തമായ നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കൊച്ചി കോർപ്പറേഷനുകീഴിൽ ബ്രഹ്മപുരത്ത് പ്രവർത്തിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റിൽ കൊച്ചി നഗരസഭയിലെ 74 വാർഡുകളിലെ മാലിന്യവും സമീപ നഗരസഭകളായ അങ്കമാലി, ആലുവ, തൃക്കാക്കര, തൃപ്പൂണിത്തുറ, കളമശ്ശേരി എന്നിവിടങ്ങളിൽനിന്നും സമീപ പഞ്ചായത്തുകളായ കുമ്പളങ്ങി, വടവുകോട്-പുത്തൻകുരിശ്, ചേരാനെല്ലൂർ എന്നിവിടങ്ങളിൽ നിന്നുമുള്ള ജൈവമാലിന്യവും നിലവിൽ ശേഖരിക്കുന്നുണ്ട്. കൊച്ചിയിലെയും സമീപപ്രദേശങ്ങളിലെയും മാലിന്യസംസ്കരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നിലവിലെ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥിതിചെയ്യുന്ന ബ്രഹ്മപുരത്ത് നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് ഖരമാലിന്യം സംസ്കരിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തരത്തിലുള്ള മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് 4-1-2016-ലെ ഉത്തരവുപ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്ലാന്റിന്റെ നിർമ്മാണത്തിനും നടത്തിപ്പിനുമായി

2016 സെപ്റ്റംബർ 17-ന് കൊച്ചി കോർപ്പറേഷനും പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്ത ജി.ജെ ഇക്കോപവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി കൺസെഷൻ എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കരാർപ്രകാരം കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെയും സമീപ മുനിസിപ്പാലിറ്റികളിലെയും ഖരമാലിന്യം കോർപ്പറേഷൻ പ്ലാന്റിൽ എത്തിക്കേണ്ടതും കമ്പനി അവ സംസ്കരിച്ച് വൈദ്യുതി ഉത്പാദിപ്പിക്കേണ്ടതുമാണ്. പ്രതിദിനം 500 ടൺ വരെ സംസ്കരണശേഷി ഉള്ളതായിരിക്കും പ്രസ്തുത പ്ലാന്റ്. എന്നാൽ പദ്ധതി തുടങ്ങുന്നതിന് ആവശ്യമായ പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിനും പ്ലാന്റിന്റെ നിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തുന്നതിനും കമ്പനിക്കുണ്ടായ കാലതാമസം കാരണം കൃത്യസമയത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിച്ചില്ല. പദ്ധതി തുടങ്ങുന്നതിനുള്ള എല്ലാ അനുമതികളും ലഭ്യമായിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട പാരിസ്ഥിതികാഘാത നിർണ്ണയപഠനം 2019 മേയ് മാസത്തിൽ കമ്പനി പൂർത്തീകരിക്കുകയും തുടർന്നുനടന്ന ജനഹിത പരിശോധനയുടെയും മറ്റ് നടപടികളുടെയും അടിസ്ഥാനത്തിൽ 2019 സെപ്റ്റംബറിൽ പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുമുണ്ട്. പ്ലാന്റിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതി വാങ്ങുവാനുള്ള നിരക്ക് ആറ് രൂപ പതിനേഴ് പൈസയായി നിശ്ചയിച്ച് പവർ പർച്ചേസ് എഗ്രിമെന്റ് 2019 ജൂൺ 19-ന് വൈദ്യുതി ബോർഡും കമ്പനിയും തമ്മിൽ ഒപ്പുവച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല ഉപദേശക സമിതി 12-12-2018-ലെ യോഗത്തിൽ പദ്ധതിക്കാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിന് കൺസഷൻ ഉടമ്പടി ലീസ് എഗ്രിമെന്റ് ആക്കി മാറ്റുന്നതിന് തീരുമാനിക്കുകയും 16-1-2020-ലെ ഉത്തരവുപ്രകാരം പദ്ധതിക്കായുള്ള ഭൂമി ദീർഘകാല പാട്ടവ്യവസ്ഥയിൽ കമ്പനിക്ക് നൽകുന്നതിന് കൊച്ചി കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പ്ലാന്റിൽ ഉത്പാദിപ്പിക്കുന്ന അധിക വൈദ്യുതിക്ക് നിശ്ചയിച്ച് നൽകിയ നിരക്കിനുശേഷം നൽകേണ്ട വയബിലിറ്റി ഗ്യാപ്പ് സർക്കാരും പങ്കാളിയാകുന്ന തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്ന് വഹിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകാതെതന്നെ തുടങ്ങാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മുൻപ് കോടതിയുടെ ഇടപെടലും NGT (National Green Tribunal)-യുടെ ചില നിർദ്ദേശങ്ങളും പാലിച്ച് അടിയന്തര നടപടി സ്വീകരിക്കാൻ തീരുമാനിച്ചിരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും കോർപ്പറേഷൻ അധികൃതരേയും പങ്കെടുപ്പിച്ച് യോഗങ്ങൾ നടത്തി ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ എന്ന രീതിയിൽ ധാരണയുണ്ടാക്കിയിരുന്നു. ഹ്രസ്വകാല പദ്ധതികളിൽ അനവധി കാര്യങ്ങൾ നടന്നു. അതിനുശേഷം ചെയ്യേണ്ട പദ്ധതികളിൽ വീഴ്ചയുണ്ടായി.

അക്കാര്യം കോർപ്പറേഷന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. അടച്ചുറപ്പില്ലാത്ത വാഹനങ്ങളിൽ മാലിന്യം കൊണ്ടുപോകുന്ന പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ സാധിച്ചിട്ടില്ല. മാലിന്യം വേർതിരിച്ച് കൊണ്ടുവരണമെന്ന് തീരുമാനിച്ചിരുന്നത് നടപ്പാക്കാൻ ശ്രമിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് എറണാകുളം കോർപ്പറേഷനിലും സമീപപ്രദേശങ്ങളിലും വേണ്ട അളവിൽ ഉണ്ടായിട്ടില്ല. അക്കാര്യത്തിൽ പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്.

ശ്രീ. പി. ടി. തോമസ്: സർ, മാലിന്യസംസ്കരണ പ്ലാന്റിന്റെ പണി ആരംഭിക്കാൻ സാധിക്കുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. പതിനേഴ് മാസത്തെ കാലാവധിയാണ് പ്രസ്തുത പ്ലാന്റിന്റെ നിർമ്മാണത്തിനായി പറഞ്ഞിരിക്കുന്നത്. പതിനേഴ് മാസം കാലാവധി പറഞ്ഞ് ഏതൊരു സ്ഥാപനത്തിന്റെ പണി ആരംഭിച്ചാലും എഴുപത് മാസം വരെ നീണ്ടുപോകുന്ന സാഹചര്യമുണ്ട്. അതിനാൽ സമയക്ലിപ്തത പാലിക്കുന്നതിനുവേണ്ടി പണി പൂർത്തിയാകുന്നതുവരെ രണ്ടുമാസത്തിലൊരിക്ക ലെങ്കിലും പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്താൻ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, തീർച്ചയായും. ഇത്തരത്തിലൊരു പദ്ധതിയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ മോണിറ്ററിംഗ് നടത്താൻ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകും.

## VI സബ്മിഷൻ

(1) കൊറോണ വൈറസ് ബാധ

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ലോകത്തെ മുഴുവൻ ആശങ്കയിലാക്കിയിരിക്കുന്ന കൊറോണ വൈറസ് കേരളത്തെയും മുൾമുനയിൽ നിർത്തിയിരിക്കുകയാണ്. ചൈനയിലെ വുഹാൻ എന്ന സ്ഥലത്തുനിന്നുമാണ് ഈ രോഗം പടർന്നുപിടിച്ചതെന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. കേരളത്തിൽ തൃശ്ശൂരിലും ആലപ്പുഴയിലുമാണ് രണ്ട് വിദ്യാർത്ഥികളിൽ വൈറസിനെ കണ്ടെത്തിയത്. ഇക്കാര്യത്തിൽ വളരെയേറെ ആശങ്ക സംസ്ഥാനത്ത് നിലവിലുണ്ട്. സംഭവം അറിഞ്ഞയുടൻ ഞാൻ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുമായി ടെലിഫോണിൽ സംസാരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട

ആരോഗ്യ വകുപ്പുമന്ത്രി ആ സമയത്തെടുത്ത നടപടികളെപ്പറ്റി വിശദമായി പറയുകയുണ്ടായി. ഇതിന് പ്രത്യേക മരുന്നുകളൊന്നുമില്ലെന്നാണ് അറിയാൻ സാധിച്ചത്. എന്നാൽ അന്തർദേശീയ തലത്തിൽ WHO (World Health Organization) ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ പ്രത്യേക പ്രോട്ടോകോൾ ഇതിനുവേണ്ടി നിശ്ചയിച്ചിട്ടുണ്ട്; അതനുസരിച്ചുള്ള നടപടികളാണ് ഇപ്പോൾ കൈക്കൊള്ളുന്നത്. ചൈനയിൽ മലയാളി വിദ്യാർത്ഥികൾ പഠിക്കുകയും ധാരാളമാളുകൾ ബിസിനസ്സ് നടത്തുകയും ചെയ്യുന്നുണ്ട്; അവരെല്ലാം ആശങ്കയിലാണ്. കാരണം, കൊറോണ വൈറസിന് പ്രത്യേക മരുന്ന് കണ്ടെത്താത്തിടത്തോളം കാലം വളരെ പ്രയാസമാണ്. 350-ലധികം ആളുകൾ ചൈനയിൽ മരിച്ചുവെന്നുള്ള റിപ്പോർട്ടുകളാണ് മാധ്യമങ്ങളിലൂടെ വരുന്നത്. കേരളത്തിലെ ഏതാണ്ട് രണ്ടായിരത്തിലധികം ആളുകൾ മെഡിക്കൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ചൈനയിൽ പഠിക്കുന്നുണ്ടെന്ന് ചില മാധ്യമങ്ങളിൽ വാർത്ത വന്നിരുന്നു. ബഹുമാനപ്പെട്ട മന്ത്രി നിരവധി പത്രസമ്മേളനങ്ങളിലൂടെ ആശങ്കയുടെ ആവശ്യമില്ലെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ഇത്തരമൊരു വൈറസ് ബാധ ഉണ്ടാകുമ്പോൾ സ്വാഭാവികമായും ആശങ്കയുണ്ടാകും. അതോടൊപ്പം നിരീക്ഷണത്തിലായവരുടെ എണ്ണംകൂടി കണക്കിലെടുക്കുമ്പോൾ ആശങ്ക വർദ്ധിക്കാനുള്ള സാധ്യതയുമുണ്ട്. സോഷ്യൽ മീഡിയയിലൂടെ തെറ്റായ പ്രചരണങ്ങൾ പലഭാഗത്തുനിന്നും വന്നുകൊണ്ടിരിക്കുന്നുണ്ടെന്ന ആശങ്കയും ഗൗരവമായി നമ്മൾ കാണണം. ആളുകളിൽ അനാവശ്യമായ ഭീതി പടർത്താനുള്ള ചില നടപടികളുണ്ടാകുന്നതിനെ കർശനമായി തടയേണ്ടതും അവരുടെ പേരിൽ നിയമ നടപടികൾ സ്വീകരിക്കേണ്ടതും അത്യാവശ്യമാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് കുറേ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ജനങ്ങളുടെ ഭീതിയകറ്റാനും ചൈനയിൽനിന്നും വരുന്നവർക്ക് വേണ്ടത്ര സൗകര്യമൊരുക്കാനും നടപടി സ്വീകരിക്കണം. ചൈനയിൽനിന്ന് ഡൽഹിയിലേക്ക് കൊണ്ടുവന്ന വിദ്യാർത്ഥികളുടെ ഒന്നുരണ്ട് ബന്ധുക്കൾ എന്നെ വിളിച്ചിരുന്നു. അവരുടെ പരാതി, ഡൽഹിയിൽ എത്തിച്ചിട്ടുള്ളവർക്ക് വേണ്ടത്ര സൗകര്യങ്ങൾ ലഭിച്ചില്ല എന്നതാണ്. ഭക്ഷണം, ശുചിമുറി എന്നിവയുടെ കാര്യത്തിൽ അപര്യാപ്തത ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ടെലിഫോണിൽ ബന്ധപ്പെട്ടത്. കോവിഡ് പോസിറ്റീവ് ആയവർക്ക് ഐസൊലേഷൻ വാർഡുകളും റൂമുകളും സജ്ജമാക്കുന്നുണ്ടെങ്കിലും ചൈനയിൽനിന്നും പ്രത്യേക വിമാനത്തിൽ കൊണ്ടുവന്നവരെ പാർപ്പിച്ചിരിക്കുന്ന സ്ഥലങ്ങളിൽ സൗകര്യമില്ലെന്നുള്ള പരാതിയുമുണ്ട്. അത് പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഈ വിഷയം സംബന്ധിച്ച് ചട്ടം 300 അനുസരിച്ച് വിശദമായൊരു പ്രസ്താവന ഇന്ന് നടത്തുന്നുണ്ട്. എങ്കിലും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ചതുകൊണ്ട് ഒന്നുരണ്ട് വാക്കുകൾ പറയാം. നമ്മെയെല്ലാം ആശങ്കയിലാഴ്ത്തിയിട്ടുള്ള ഒന്നാണ് കൊറോണ വൈറസ് ബാധ. ഇതറിഞ്ഞപ്പോൾ മുതൽ ഏറ്റവും കൂടുതൽ ആശങ്കയുണ്ടായത് നമുക്കാണ്. കാരണം, കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികളാണ് ഏറ്റവും കൂടുതൽ അവിടെയുള്ളത്; അവർ തിരിച്ചുവരുമെന്നുള്ളത് ഉറപ്പാണ്. അപ്പോൾത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ച എല്ലാ നടപടികളുമെടുക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും അതനുസരിച്ച് നടപടിക്രമങ്ങളിലേക്ക് പോകുകയും ചെയ്തിട്ടുണ്ട്. WHO, ICMR (Indian Council of Medical Research) തുടങ്ങിയ കേന്ദ്ര ഏജൻസികളുടെ ഗൈഡ്‌ലൈൻ അനുസരിച്ച് പ്രോട്ടോകോളും അതിന്റെ ഗൈഡ്‌ലൈൻസും സെറ്റ് ചെയ്തുകഴിഞ്ഞു. ഏറ്റവും പ്രധാനപ്പെട്ടത് ചൈനയിൽനിന്ന് വരുന്നവരെ ട്രേസ് ചെയ്ത് കണ്ടെത്തുക എന്നതാണ്. കണ്ടെത്തിക്കഴിഞ്ഞാൽ അവരുടെ കോൺടാക്ട് ട്രേസ് ചെയ്യും. എന്നിട്ട് symptoms ഉള്ളവരെ ഐസൊലേഷനിലേക്ക് മാറ്റും. മാത്രമല്ല അവരുമായി ഡയറക്ട് കോൺടാക്ടുള്ളവരെ ഒബ്സർവേഷനിലും എന്തെങ്കിലും ബുദ്ധിമുട്ടുള്ളവരെ ഐസൊലേഷൻ വാർഡുകളിലേക്കും മറ്റുള്ളവരെ home quarantine-ലും നിർത്തിയിട്ടുണ്ട്. ഈ പ്രദേശത്തുനിന്നും ഇപ്പോൾ 1999 പേർ ഇവിടെ എത്തിച്ചേർന്നിട്ടുണ്ട്. അതിൽ 1924 പേർ വീടുകളിലാണ് ഐസൊലേഷനിലുള്ളത്. 75 പേർ ആശുപത്രിയിൽ നിരീക്ഷണത്തിലാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ രണ്ട് സാമ്പിളുകൾ പോസിറ്റീവാണ്. ഒന്നുകൂടി സംശയത്തിൽ വന്നിട്ടുണ്ട്. കുറച്ചുകൂടി സാമ്പിളുകൾ പോസിറ്റീവാകുമെന്നുള്ളതാണ് വിദഗ്ദ്ധരുടെ അഭിപ്രായം. കാരണം, ഇവരുമായി ഡയറക്ട് കോൺടാക്ടുള്ളവരുണ്ടാകും. പക്ഷേ, ആർക്കും മരണം സംഭവിക്കാതിരിക്കാൻ പോസിറ്റീവായിട്ടുള്ള എല്ലാ കേസുകളും ശ്രദ്ധയോടുകൂടി ചികിത്സിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ ഇതിന് മെഡിസിൻ കണ്ടെത്തിയിട്ടില്ല. മിക്കവാറും ഇത്തരം വൈറസുകൾക്ക് മെഡിസിൻ കണ്ടെത്തിക്കഴിഞ്ഞിട്ടില്ല. നിപയ്ക്കും ഡെങ്കിപ്പനിക്കും മെഡിസിൻ പൂർണ്ണമായിട്ടില്ല. പക്ഷേ, മറ്റ് ലക്ഷണങ്ങൾക്കെല്ലാം ചികിത്സിച്ച് വിശ്രമിക്കാനുള്ള അവസരം നൽകിയാണ് അവരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്നത്. നിലവിൽ പോസിറ്റീവായിട്ടുള്ള കേസുകൾ സീരിയസ് അല്ല, ഇപ്പോൾ സ്റ്റേബിളാണ്. നിരന്തര നിരീക്ഷണം നമ്മൾ നടത്തണം. അത് നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അപ്പോൾത്തന്നെ വിളിച്ചിരുന്നു. എല്ലാവരുടെ ഭാഗത്തുനിന്നും

നല്ല സഹകരണമാണ് ലഭിച്ചിട്ടുള്ളത്. എങ്കിലും വരാനിരിക്കുന്ന ദിവസങ്ങളിൽ വളരെ ശ്രദ്ധാലുക്കളായി, വരുന്നയാളുകളെ കണ്ടുപിടിക്കാനും അവരെ ഐസൊലേറ്റ് ചെയ്യാനുമുള്ള സമീപനം സ്വീകരിക്കണം. പോലീസ് ഡിപ്പാർട്ടുമെന്റുൾപ്പെടെ എല്ലാ ഡിപ്പാർട്ടുമെന്റുകളും ബഹുമാനപ്പെട്ട മന്ത്രിമാരും ഒരുമിച്ച് ചേർന്നിട്ടാണ് ഇക്കാര്യങ്ങൾ ചെയ്യുന്നത്. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയിൽ ഇക്കാര്യങ്ങൾ വിശദമായി പറയാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഡൽഹിയിലേയ്ക്ക് കൊണ്ടുവന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പരാതിയുണ്ട്. ആവശ്യത്തിന് സൗകര്യങ്ങളോ ശുചിമുറികളോ ഇല്ലാത്തതിൽ അവർക്ക് ആശങ്കയുണ്ട്. അക്കാര്യത്തിൽ എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ തന്നെ കേന്ദ്രമന്ത്രി ശ്രീ. ഹർഷവർദ്ധനെ വിളിച്ചിരുന്നു. അതുപോലെതന്നെ കേന്ദ്ര ആരോഗ്യ വകുപ്പ് സെക്രട്ടറി ശ്രീമതി പ്രീതി സുധനെയും വിളിച്ചിരുന്നു. കേരളത്തിലെ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നിരന്തരമായി ശ്രീമതി പ്രീതി സുധനുമായി ബന്ധപ്പെടുന്നുണ്ട്. ഡൽഹിയിൽനിന്ന് കൊണ്ടുവരുന്നവരെക്കുറിച്ച് ചോദിച്ചിരുന്നു. രാജ്യത്തിന്റെ നാനാഭാഗത്തും അയയ്ക്കാൻ സാധിക്കില്ല, ഇവിടെ quarantine-ഉം isolate-ഉം ചെയ്യുകയാണ്. എല്ലാ സൗകര്യവും അവർക്ക് ഏർപ്പാടാക്കാമെന്ന് പറയുകയും ചെയ്തു. കണ്ടാൽ ഭേദമെന്ന് തോന്നിക്കുന്ന ബോർഡർ സെക്യൂരിറ്റി ഫോഴ്സിന്റെ കെട്ടിടത്തിലാണ് ഇപ്പോൾ അഡ്മിറ്റ് ചെയ്തിട്ടുള്ളത്. പൊതുവെ ആ സമയത്ത് തൃപ്തികരമെന്നാണ് അറിയിച്ചിട്ടുള്ളത്. അവരെ ബന്ധപ്പെട്ടിട്ടുണ്ട്. എന്തെങ്കിലും പ്രയാസം അനുഭവിക്കുകയാണെങ്കിൽ നമ്മുടെ കൺട്രോൾ റൂമിൽ ബന്ധപ്പെടാൻ പറഞ്ഞിട്ടുണ്ട്. കൺട്രോൾ റൂമിൽ അത്തരത്തിലുള്ള മെസേജ് ഒന്നും അവിടെനിന്നും ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ഇക്കാര്യം പറഞ്ഞതാരാണോ അവരുടെ നമ്പർ തന്നാൽ ഡൽഹിയിൽ ബന്ധപ്പെട്ട് നമുക്ക് സംസാരിക്കാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, അവർ ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കാണുമെന്നാണ് എന്നോട് ടെലിഫോണിൽ പറഞ്ഞത്. ചൈനയിൽനിന്നും വന്നവർക്ക് ആവശ്യമുള്ള സൗകര്യങ്ങൾ ഒരുക്കണം. കേന്ദ്ര ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ടാൽ നന്നായിരിക്കും.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഡൽഹിയിൽ ബന്ധപ്പെടും. ഞങ്ങളും അവിടെ വിളിച്ച് കാര്യങ്ങൾ അന്വേഷിക്കാം. നമുക്കെല്ലാവർക്കുംകൂടി ശ്രദ്ധിക്കാം.

(2) <u>പ്രണയം നിരസിച്ചതിനെത്തുടർന്നുണ്ടായ കൊലപാതകങ്ങൾ</u>

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, പ്രണയം നിരസിക്കുന്നതിന്റെ പേരിൽ സംസ്ഥാനത്ത് ചിലയിടങ്ങളിൽ പെൺകുട്ടികൾ ദാരുണമായി കൊലചെയ്യപ്പെടുന്ന, നിരാകരണ കൊലകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ഇത് കേരളത്തിലെ ചില രക്ഷിതാക്കളെ ഉൽകണ്ഠപ്പെടുത്തുകയാണ്. പ്രണയം നടിച്ച് പെൺകുട്ടികളെ സ്വാധീനിക്കാൻ ശ്രമിക്കുമ്പോൾ എതിർപ്പ് പ്രകടിപ്പിക്കുന്ന പെൺകുട്ടികളെയും യുവതികളെയുമാണ് കടന്നാക്രമിക്കുകയോ കൊലപ്പെടുത്തുകയോ ചെയ്യുന്നത്. ആസിഡ് ആക്രമണവും നടത്തുകയാണ്. ആസിഡൊഴിച്ച് സൗന്ദര്യമുള്ള പെൺകുട്ടികളെ വികൃതമാക്കുന്ന സാഡിസ്റ്റ് സമീപനമുള്ള വൈകൃതക്കാരാണ് ഇത് ചെയ്യുന്നത്. അടുത്തിടെ ഇതുസംബന്ധിച്ച് ശ്രീമതി പാർവതി തിരുവോത്ത് നായികയായി 'ഉയരെ' എന്ന സിനിമപോലും ഇറങ്ങുകയുണ്ടായി. കണ്ണൂർ തളിപ്പറമ്പിൽ കുറച്ചുവർഷം മുമ്പ് ഇത്തരത്തിലുള്ള സംഭവമുണ്ടായി. റിൻസി എന്ന പെൺകുട്ടി മൃഗീയമായ ആസിഡ് ആക്രമണത്തിന് വിധേയയാകുകയും ഗുരുതരമായി പൊള്ളലേൽക്കുകയും ചെയ്തു. പക്ഷേ, കേരള സർക്കാർ അവരുടെ രക്ഷയ്ക്കെത്തുകയും ജീവിതത്തിലേക്ക് തിരിച്ചുവന്നതിനുശേഷം ആരോഗ്യവകുപ്പിൽ ജോലി നൽകി സംരക്ഷിച്ചിരിക്കുകയുമാണ്. തെക്കൻ ജില്ലകളിലും ചിലയിടങ്ങളിൽ ഇത്തരത്തിലുള്ള സംഭവങ്ങളുണ്ടായിട്ടുണ്ട്. ഇതിനുപുറമേ സ്നേഹിച്ചുപോയി എന്നൊരൊറ്റ കുറ്റത്തിന് ചില കുടുംബാംഗങ്ങളുടെകൂടി അറിവോടെ ആൺകുട്ടികളെയും പെൺകുട്ടികളെയും കടന്നാക്രമിക്കുന്ന സ്ഥിതിയും ചിലയിടങ്ങളിൽ ഇല്ലാതില്ല. സാധാരണഗതിയിൽ ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ, അവിടത്തെ സവർണ്ണജാതിയുടെയും സാമ്പത്തിക സ്രോതസ്സിന്റെയും പേരിൽ നിരപരാധികളും നിഷ്ക്കളങ്കരുമായിട്ടുള്ള പാവപ്പെട്ട കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾ ആക്രമിക്കപ്പെടാറുണ്ട്. കേരളം അതിൽ നിന്നെല്ലാം തീർത്തും വ്യത്യസ്തമാണ്. കാരണം, ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇവിടെ നിയമസുരക്ഷയും സ്ത്രീ സുരക്ഷയും ഉറപ്പുവരുത്താൻ നമുക്ക് കഴിയുന്നുണ്ട്. പ്രത്യേകിച്ച് സ്ത്രീ സുരക്ഷ ഉറപ്പുവരുത്താൻ ഏറെ ജാഗ്രത കാണിക്കുന്ന സർക്കാരാണ് നമ്മുടേത്. സാംസ്കാരിക പ്രബുദ്ധതയുള്ളതും സാക്ഷരസമ്പന്നതയുള്ളതും സർവ്വോപരി പരിഷ്കൃത സമൂഹവുമടങ്ങിയ സംസ്ഥാനമാണ് നമ്മുടേത്. എന്നിരുന്നാലും ഇത്തരം കാര്യങ്ങളിൽ അപമാനം വരുത്തിവയ്ക്കുന്ന ചില ഒറ്റപ്പെട്ട സംഭവങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. പ്രണയം നിരസിക്കുന്ന പെൺകുട്ടികൾ കൊലചെയ്യപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ നമുക്ക് കഴിയണം. അതിനായി ഇത്തരം

സംഭവങ്ങൾക്കെതിരെ പോലീസ് ശക്തമായ നടപടി സ്വീകരിക്കണം. വേണ്ടിവന്നാൽ ഇത്തരം ദുർനടപടികൾ ആവർത്തിക്കപ്പെടാതിരിക്കാൻ ശക്തമായ നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കണം. ഇതിലൊരു മനോഭാവത്തിന്റെ പ്രശ്നം കൂടിയുണ്ട്. അതുകൊണ്ട് സംസ്ഥാനത്തുള്ള യുവജന കമ്മീഷൻ, വനിതാ കമ്മീഷൻ പോലെയുള്ള സംഘടനാ സംവിധാനംവഴി യുവജനങ്ങളെ മുൻനിർത്തി കൗൺസിലിംഗ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ചും സർക്കാരിന് ആലോചിക്കാവുന്നതാണ്. രക്ഷിതാക്കളുടെ ഉത്കണ്ഠയകറ്റാനും നാടിനെ രക്ഷിക്കാനും ഇടപെടൽ നടത്തണമെന്നാണ് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, പ്രണയം നിരസിക്കപ്പെട്ടുവെന്ന കാരണത്താൽ സ്ത്രീകൾ കൊല്ലപ്പെടുന്ന സംഭവങ്ങളെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. ഇത്തരം സംഭവങ്ങൾക്കെതിരെ നിലവിലെ നിയമപ്രകാരം കർശന നടപടി സ്വീകരിച്ചുവരുന്നു. പ്രണയം നിരസിക്കപ്പെട്ടുവെന്ന കാരണത്താൽ സ്ത്രീകളെ കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ എട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ മൂന്ന് സംഭവങ്ങളിലെ പ്രതികൾ മരണപ്പെട്ടിട്ടുണ്ട്. ബാക്കിയുള്ള അഞ്ച് കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്ത് നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. രണ്ട് കേസുകൾ അന്വേഷണാവസ്ഥയിലാണ്. മറ്റുള്ളവയിൽ ചാർജ് ഷീറ്റ് കോടതിമുമ്പാകെ സമർപ്പിച്ചുകഴിഞ്ഞു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതൽ പൊതുസമൂഹം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. പല സന്ദർഭങ്ങളിലും ചെറുപ്രായക്കാരുടെ ജീവനാണ് നഷ്ടമായിട്ടുള്ളത്. കുട്ടികളിലേയും കൗമാരക്കാരിലേയും മാനസികാരോഗ്യക്കുറവ് ഒരളവുവരെ ഇത്തരം സംഭവങ്ങൾക്ക് കാരണമാകുന്നുണ്ട്. കുട്ടികൾക്കിടയിലെ വളർച്ചാപരവും സ്വഭാവപരവും വൈകാരികവുമായ വൈകല്യങ്ങൾ, മയക്കുമരുന്നിന്റെ ഉപയോഗം തുടങ്ങിയവ തുടക്കത്തിലേതന്നെ കണ്ടുപിടിക്കാനും പ്രാഥമിക ഇടപെടലുകൾ നടത്താനും ഉതകുംവിധം അദ്ധ്യാപകർക്ക് പരിശീലനം നൽകണമെന്ന് സർക്കാരിന്റെ ആരോഗ്യനയം വ്യക്തമാക്കുന്നുണ്ട്. കുട്ടികൾക്കൊപ്പം സമയം ചെലവഴിക്കുന്നതിനും അവർക്കിടയിൽ സംഭവിക്കാനിടയുള്ള ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് മാതാപിതാക്കൾക്ക് കൃത്യമായി അവബോധം നൽകുന്നതിനും വിദ്യാഭ്യാസ വകുപ്പ് മുഖേന നടപടി സ്വീകരിക്കുന്നതാണ്. ഇത്തരം ജാഗ്രതാ പ്രവർത്തനങ്ങൾ വഴി ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്. ആ ദിശയിലേയ്ക്കുള്ള പ്രവർത്തനമാണ് സർക്കാർ നടത്തിവരുന്നത്.

## (3). മാധ്യമപ്രവർത്തകരുടെ ആനുകൂല്യങ്ങൾ

ശ്രീ. പി. സി. ജോർജ്: സർ, ജനാധിപത്യത്തിന്റെ ശക്തി എക്സിക്യൂട്ടീവ്, ജുഡീഷ്യറി, ലെജിസ്ലേച്ചർ എന്നീ മൂന്ന് തൂണുകളാണെന്നാണ് നമ്മളെല്ലാം അവകാശപ്പെടുന്നത്. നാലാമത്തെ തൂണെന്ന് ഭരണഘടനയിൽ നിർവ്വചിക്കപ്പെട്ടിട്ടില്ലാത്ത മാധ്യമങ്ങളെ, പത്രപ്രവർത്തകരെ പറയാറുണ്ട്. എക്സിക്യൂട്ടീവിനും ജുഡീഷ്യറിക്കും ലെജിസ്ലേച്ചറിനുമുള്ള ആനുകൂല്യങ്ങളൊക്കെ കാലാകാലങ്ങളിൽ മാറുന്നുണ്ട്. പക്ഷേ, പത്രപ്രവർത്തകരുടെ കാര്യം ആരും അന്വേഷിക്കുന്നില്ലെന്ന സത്യം നിഷേധിക്കാൻ കഴിയില്ല. അതായത്, ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾ ചർച്ച ചെയ്യുന്ന ഇക്കാലത്ത് നാലാം തൂണായി വിവക്ഷിക്കപ്പെടുന്ന മാധ്യമപ്രവർത്തകരുടെ അവസ്ഥ സംബന്ധിച്ച് ഗൗരവമായി ചിന്തിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നാളിതുവരെയായി ആകെ ഈ വിഭാഗത്തിന് കൊടുത്തിരിക്കുന്ന ആനുകൂല്യം, മുൻ മുഖ്യമന്ത്രി കെ. കരുണാകരൻ വിഭാവന ചെയ്ത് നടപ്പാക്കിയ മാധ്യമ പെൻഷനാണ്. അതും പൂർണ്ണമല്ല. എത്രയോ വർഷങ്ങൾക്ക് മുമ്പുള്ള ഒരു പെൻഷൻ പദ്ധതിയാണിത്. ആ പദ്ധതിയെങ്കിലും പുനരാവിഷ്കരിക്കേണ്ടതല്ലേ? മുൻ മുഖ്യമന്ത്രി കെ. കരുണാകരന്റെ കാര്യം പറയുന്നതുപോലെ വരുംകാലങ്ങളിൽ മാധ്യമസുഹൃത്തുക്കൾ അങ്ങയെപ്പറ്റിയും പറയാനുള്ള അവസരമുണ്ടാക്കാൻ തയ്യാറാകണമെന്നാണ് എന്റെ അഭിപ്രായം. കാലോചിതമായ പരിഷ്കാരവും പൊളിച്ചെഴുത്തും പ്രസ്തുത പദ്ധതിയിൽ കൊണ്ടുവരണം. പത്രപ്രവർത്തക സംഘടനയായ കെ.യു.ഡബ്ല്യൂ.ജെ. (Kerala Union of Working Journalists) ഇക്കാര്യം പലതവണ ഉന്നയിച്ചിട്ടുള്ളതാണ്. ഇതിലൊന്ന്, യൂണിയൻ അംഗങ്ങളായ എല്ലാ മാധ്യമപ്രവർത്തകരേയും പെൻഷൻ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരണമെന്നതാണ്. ഇപ്പോൾ മാധ്യമപ്രവർത്തകരിൽ ന്യൂനപക്ഷത്തിനു മാത്രമേ ആനുകൂല്യം ലഭിക്കുന്നുള്ളൂ. ഇതിന് മാറ്റം വരണം. പ്രിന്റ് ഡിജിറ്റൽ ഓൺലൈൻ, ഓൺലൈൻ ദൃശ്യമാധ്യമങ്ങൾ, മാധ്യമസ്ഥാപനങ്ങളോട് ചേർന്ന് ഓൺലൈനിൽ പ്രസിദ്ധീകരണങ്ങളുള്ള മാധ്യമപ്രവർത്തകരെയും പദ്ധതിയുടെ കീഴിൽ കൊണ്ടുവരണമെന്നാണ് എന്റെ അഭിപ്രായം. മാധ്യമരംഗത്ത് പ്രവർത്തിക്കുന്ന ആരെയും മാറ്റിനിർത്തേണ്ട കാര്യം നമുക്കില്ല. കാലോചിതമായ പെൻഷൻ പരിഷ്കരിക്കുക മാത്രമല്ല ഓൺലൈൻ ഉൾപ്പെടെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന മാധ്യമ സുഹൃത്തുക്കളേയും ഇതിന്റെ പരിധിയിൽ കൊണ്ടുവരണമെന്നാണ് എന്റെ അഭിപ്രായം. മഹാരാഷ്ട്ര നിയമസഭ 2017 ഏപ്രിൽ 7-ന് ഇതുസംബന്ധിച്ച് ഒരു നിയമം പാസ്സാക്കിയിട്ടുണ്ട്. Maharashtra

Media Persons and Media Institutions (Prevention of Violence and Damage or Loss to Property) Act, 2017 പ്രകാരം മാധ്യമ പ്രവർത്തകർക്കോ സ്ഥാപനങ്ങൾക്കോ എതിരായ ഏത് ആക്രമണത്തിനും ജാമ്യമില്ലാവകുപ്പിൽ കേസെടുക്കാം. ഇതനുസരിച്ച് ഗൂഢാലോചന നടത്തുന്നതിന് ഉൾപ്പെടെ 50,000 രൂപ പിഴയോ രണ്ടിൽ കൂടുതൽ വർഷം ശിക്ഷയോ ലഭിക്കാവുന്ന കുറ്റമാണ്. കൂടാതെ മാധ്യമ സ്ഥാപനത്തിനോ മാധ്യമപ്രവർത്തകർക്കോ ആക്രമണത്തിലുണ്ടാകുന്ന നഷ്ടവും ചികിത്സാചെലവും കുറ്റവാളികളിൽനിന്നും ഈടാക്കുവാനും കഴിയും. ഇതിനുചേരുന്ന രീതിയിലൊരു നിയമം കൊണ്ടുവരുന്നതിനെപ്പറ്റി ചർച്ച ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. കെ.യു.ഡബ്ല്യൂ.ജെ. നമ്മുടെ സംസ്ഥാനത്ത് വളരെ വ്യക്തമായി ഒരു പ്രമേയം പാസ്സാക്കിയിട്ടുണ്ട്. കോട്ടയം പ്രസ്സ് ക്ലബ് ജില്ലയിലെ എല്ലാ എം.എൽ.എ.-മാർക്കും നിവേദനം നൽകിയ കാര്യം ചൂണ്ടിക്കാണിക്കുകയാണ്. ഇത് വളരെ നിസ്സാരമായി ചെയ്തുതീർക്കാവുന്നൊരു കാര്യമാണെന്നാണ് എനിക്ക് തോന്നുന്നത്. കാലോചിതമായ മാറ്റങ്ങൾ എല്ലാ കാര്യത്തിലും വരുത്തുമ്പോൾ മാധ്യമപ്രവർത്തകരെ മാത്രം മാറ്റി നിർത്തേണ്ട കാര്യമില്ല എന്നതു തന്നെയാണ് എന്റെ അഭിപ്രായം. കെ.യു.ഡബ്ല്യൂ.ജെ. പലതവണ ഇക്കാര്യം ഉന്നയിച്ചതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനവും നൽകിയിട്ടുണ്ട്. ഈ വർഷം തൃശ്ശൂരും മലപ്പുറത്തും വച്ച് നടത്തിയ അവരുടെ വാർഷിക പൊതുസമ്മേളനത്തിലും പ്രമേയരൂപേണ ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം പ്രത്യേകമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മാധ്യമപ്രവർത്തകരുടെ ക്ഷേമത്തിന് സർക്കാർ മുന്തിയ പരിഗണനയാണ് നൽകുന്നത്. മാധ്യമ പ്രവർത്തകർക്ക് പെൻഷൻ പദ്ധതി, അക്രെഡിറ്റേഷൻ, ആരോഗ്യ ഇൻഷ്വറൻസ്, ഹൗസിംഗ് സബ്സിഡി തുടങ്ങിയ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. അച്ചടി-ദൃശ്യ മാധ്യമങ്ങളിലെ മാധ്യമ പ്രവർത്തകർ പ്രസ്തുത പദ്ധതികളുടെ ഗുണഭോക്താക്കളാണ്. വ്യക്തമായ മാനദണ്ഡങ്ങളുടേയും പരിശോധനകളുടേയും അടിസ്ഥാനത്തിലാണ് പത്രപ്രവർത്തക പെൻഷൻ പദ്ധതിയിൽ അംഗങ്ങളെ ചേർക്കുന്നത്. പെൻഷൻ പദ്ധതിക്കായി നിലവിലുള്ള ചട്ടം പരിഷ്കരിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കാനുള്ള നടപടി തുടർന്നുവരികയാണ്. കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ പെൻഷൻ പദ്ധതിയിൽ പുതിയ വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തി വിപുലീകരിക്കുന്ന കാര്യം പരിശോധിക്കാൻ കഴിയുകയുള്ളൂ.

## 4. കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് സംഘടനയുടെ അംഗീകാരം

ശ്രീ. വി. കെ. പ്രശാന്ത്: സർ, കേരള വാട്ടർ അതോറിറ്റി ഓഫീസർമാരുടെ സംഘടന രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് ഞാനിവിടെ ഉന്നയിക്കുന്നത്. കേരള വാട്ടർ അതോറിറ്റിയിൽ ഓഫീസർമാർക്ക് നിലവിൽ അംഗീകൃത സംഘടനയില്ല. അത്തരമൊരു അപേക്ഷ ദീർഘനാളായി ജലവിഭവ വകുപ്പിന്റെ മുമ്പിൽ പെന്റിംഗാണ്. ഉദ്യോഗസ്ഥരും മാനേജ്മെന്റിന്റെ മുമ്പിൽ 2018-ൽത്തന്നെ ഇത്തരമൊരു അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ബോർഡ് ഈ അപേക്ഷ പരിഗണിക്കാതെ സർക്കാരിന്റെ അംഗീകാരത്തിനായി അയയ്ക്കുകയാണ് ചെയ്തത്. സർക്കാർ ഇക്കാര്യത്തിൽ വ്യക്തത വരുത്തി ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ് മുൻപാകെ അപേക്ഷ നൽകിയിട്ടുള്ളതാണ്. നാളിതുവരെയായി ഈ വിഷയത്തിൻമേൽ മറുപടി നൽകാൻ തയ്യാറായിട്ടില്ല. അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ്, കൺഡക്ട് റൂളിന് വിധേയമായി പ്രവർത്തിക്കുന്ന ഒരു സംഘടനയാണ്. പൊതുസമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കാനും അവർ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. മറ്റിതര സർക്കാർ സ്ഥാപനങ്ങളിൽ ഇതേ മാതൃകയിൽ നിരവധി സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. ഉദാഹരണത്തിന്, കെ.ജി.ഒ.എ., കെ.എസ്.ഇ.ബി.എൽ. ഓഫീസേഴ്സ് അസോസിയേഷൻ, സ്പാറ്റോ തുടങ്ങിയ സംഘടനകൾ ഈ നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതേ മാതൃകയിലാണ് സംഘടനയ്ക്ക് അംഗീകാരത്തിനായി സമീപിച്ചിട്ടുള്ളത്. ഈ സംഘടനയുടെ അംഗീകാരം സംബന്ധിച്ച് വ്യക്തമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് 2012 മുതൽ പ്രവർത്തിച്ചുവരുന്ന അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് എന്ന സംഘടനയ്ക്ക് നിയമാനുസൃതമായ അംഗീകാരം നൽകണമെന്ന അപേക്ഷ 18-5-2017-ൽ സർക്കാരിൽ ലഭിക്കുകയുണ്ടായി. പ്രസ്തുത സംഘടനയ്ക്ക് അംഗീകാരം നൽകുന്നത് പരിശോധിക്കുന്നതിനായി കൺഡക്ട് റൂൾസ് 1960-ലെ 77-ാം ചട്ടപ്രകാരം സബ്മിഷനിൽ പരാമർശിക്കുന്നവ സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയിൽനിന്ന് വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത സംഘടനയ്ക്ക് അംഗീകാരം നൽകുന്നതിനെപ്പറ്റി ശ്രീ. വി. അജിത് കുമാർ ഉദ്യോഗസ്ഥ ഭരണ പരിഷ്കരണ വകുപ്പിന് നൽകിയ പരാതിയിലുന്നയിച്ച ആരോപണങ്ങളിന്മേൽ വ്യക്തമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിലെ ചീഫ്

ലാ ഓഫീസറുടെ നിയമോപദേശത്തെത്തുടർന്ന് പരാതി വിജിലൻസ് വിഭാഗം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ അന്വേഷണത്തിലാണ്. സർക്കാരിൽനിന്ന് ആവശ്യപ്പെട്ട വിവരങ്ങൾ എത്രയുംവേഗം ലഭ്യമാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകുന്നതാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് എന്ന സംഘടനയ്ക്ക് അംഗീകാരം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(5). ഒളവിലം പാത്തിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. എ. എൻ. ഷംസീർ: സർ, ഈ വിഷയം രണ്ടാം തവണയാണ് ഞാൻ സഭയിൽ ഉന്നയിക്കുന്നത്. തലശ്ശേരി നിയോജകമണ്ഡലം ഭൂമിശാസ്ത്രപരമായി വളരെ ചെറുതാണ്; അതേസമയം ധാരാളം ജനങ്ങൾ അധിവസിക്കുന്ന സ്ഥലവുമാണ്. ആ മണ്ഡലത്തിലെ രണ്ട് പഞ്ചായത്തുകളെ ബാധിക്കുന്ന വിഷയമാണിത്. പെട്ടെന്ന് പരിഹാരമുണ്ടാക്കുമെന്നായിരുന്നു അന്ന് നൽകിയ ഉത്തരം. പക്ഷേ, ഇതുവരെ പരിഹാരമുണ്ടാക്കിയില്ല. തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി, ന്യൂമാഹി ഗ്രാമ പഞ്ചായത്തുകളിലെ 500 ഹെക്ടറിലേറെ വരുന്ന ഭൂമിയിലാണ് ഉപ്പുവെള്ളം കയറുന്നത്. 2017-18-ൽ ധനകാര്യ വകുപ്പ് തലശ്ശേരിയിൽ പ്രഥമ പരിഗണന കൊടുക്കേണ്ട ബഡ്ജറ്റ് പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിലായിരുന്നു ഞങ്ങൾ നിവേദനം നൽകിയത്. റെഗുലേറ്റർ-കം-ബ്രിഡ്ജ് (ആർ.സി.ബി.) ന്യൂമാഹി, ചൊക്ലി പഞ്ചായത്തുകളുടെ ഭാഗമായി നിർമ്മിക്കണം, അതിലൂടെ അവിടെ ഉപ്പുവെള്ളം കയറി നശിക്കുന്ന കൃഷിയുൾപ്പെടെ സംരക്ഷിക്കപ്പെടണം. അതിന്റെ ഭാഗമായിട്ടായിരുന്നു ഒളവിലം പാത്തിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ പണം വകയിരുത്തിയത്. അതിനുശേഷം 2019-ൽ പ്രളയമുണ്ടായി. ഒന്നാമത്തെ പ്രളയം തലശ്ശേരി അസംബ്ലി മണ്ഡലത്തെ ബാധിച്ചിരുന്നില്ല. പക്ഷേ, രണ്ടാമത്തെ പ്രളയം തലശ്ശേരി അസംബ്ലി മണ്ഡലത്തെ ബാധിച്ചു. അതിൽ പ്രധാനമായും ന്യൂമാഹി, ചൊക്ലി പഞ്ചായത്തുകളെയാണ് ബാധിച്ചത്. ന്യൂമാഹി, ചൊക്ലി ഗ്രാമപഞ്ചായത്തുകളിൽ പ്രളയത്തിന്റെ ഭാഗമായി വെള്ളം കയറിയെന്ന് മാത്രമല്ല; മയ്യഴിപ്പുഴയിൽ ഉപ്പുവെള്ളം കയറി കൃഷിയും വീടും നശിക്കുന്ന സാഹചര്യവുമുണ്ടായി. യഥാർത്ഥത്തിൽ ഈ പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടി അന്നേ സ്വീകരിച്ചിരുന്നുവെങ്കിൽ ഇത്ര വലിയ ആഘാതം ഉണ്ടാകുമായിരുന്നില്ല. ഉദ്യോഗസ്ഥതലത്തിലുള്ള അനാസ്ഥയാണ് ഇതിന് കാരണം. ബഹുമാനപ്പെട്ട മന്ത്രി എല്ലാ കാര്യങ്ങളും അറിയണമെന്നില്ല. അങ്ങ് നല്ലതുപോലെ സഹായം ഞങ്ങൾക്ക് നൽകുന്നുണ്ട്. മലബാർ ക്യാൻസർ സെന്ററിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാൻ ഒരു war footing തന്നെ

അദ്ദേഹത്തിന്റെ ഭാഗത്ത് നിന്നുണ്ടായി. അതിന് ഗുണമുണ്ടായിട്ടുണ്ട്. പക്ഷേ, ഉദ്യോഗസ്ഥതലത്തിൽ അനാസ്ഥയുണ്ട്. സഭയ്ക്കകത്ത് ഒരംഗത്തിന് നൽകിയ ഉത്തരത്തിൽ, പരിഹാരമുണ്ടാക്കുമെന്ന് ഉറപ്പ് നൽകുകയും ഒന്നര വർഷമായി ഒന്നും ചെയ്യാൻ സാധിക്കുന്നില്ലെന്നും പറയുമ്പോൾ ഗുരുതരമായ അനാസ്ഥയാണ് ഉദ്യോഗസ്ഥതലത്തിലുണ്ടാകുന്നത്. ഒരു തവണ സഭയിൽ പരിഹരിക്കുമെന്ന് മറുപടി നൽകിയെങ്കിലും പരിഹാരമുണ്ടായില്ല. അവിടത്തെ ജനങ്ങൾ നിരന്തരം ആവശ്യപ്പെടുന്ന കാര്യമാണ് ചൊക്ലി റെഗുലേറ്റർ-കം-ബ്രിഡ്ജ്. രണ്ട് പഞ്ചായത്തുകളെ ബാധിക്കുന്ന വിഷയം, കൃഷിക്ക് ഉപയുക്തമാകുന്ന വിഷയം, അതിന് പരിഹാരമുണ്ടാക്കാൻ നിർഭാഗ്യവശാൽ സാധിക്കുന്നില്ല. ഒളവിലം പാത്തിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന് ഇതുവരെ ഭരണാനുമതി ലഭ്യമായിട്ടില്ല. ഈ സർക്കാരിന് 16 മാസം മാത്രമാണ് ബാക്കിയുള്ളത്. ഇത് യാഥാർത്ഥ്യമാക്കാൻ യുദ്ധകാലാടിസ്ഥാനത്തിലുള്ള തീരുമാനം ഗവൺമെന്റ് തലത്തിലുണ്ടാകണം. അതിന് ബഹുമാനപ്പെട്ട മന്ത്രിതന്നെ മുൻകയ്യെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. തലശ്ശേരിയിലെ കുടിവെള്ളപ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ അങ്ങുതന്നെ മണ്ഡലത്തിൽ വന്ന് ഉദ്യോഗസ്ഥതല യോഗം വിളിച്ച് പരിഹരിച്ചിട്ടുണ്ട്. പക്ഷേ, ഇക്കാര്യത്തിൽ ഉദ്യോഗസ്ഥതലത്തിൽ അനാസ്ഥ ഉണ്ടാകുന്നുണ്ട്. അത് പരിഹരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി അടിയന്തരയോഗം വിളിക്കണം. ചൊക്ലി റെഗുലേറ്റർ-കം-ബ്രിഡ്ജ് വളരെ പെട്ടെന്ന് യാഥാർത്ഥ്യമാക്കാൻ ഒരു മോണിറ്ററിംഗ് കൂടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, 2017-18-ലേയ്ക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ചൊക്ലി പഞ്ചായത്തിൽ ആർ.സി.ബി. നിർമ്മാണത്തിന് 40 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഈ പ്രവൃത്തി നിർദ്ദിഷ്ട ഉൾനാടൻ ജലഗതാഗതപാത നിശ്ചയിച്ച റൂട്ടിൽ വരുന്നതാണോ എന്നതിനെ സംബന്ധിച്ച തീരുമാനം അന്തിമമായി ലഭിച്ചതിനുശേഷമാണ് ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി IDRB (Irrigation Design and Research Board) യിൽ രൂപരേഖ സമർപ്പിച്ചത്. അവിടെനിന്ന് ലഭിച്ച രൂപരേഖ പ്രകാരം 9 കോടി രൂപ അടങ്കൽ തുക വരുന്ന വിശദമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ട്. വിശദമായ പദ്ധതിരേഖയിൽ കോസ്റ്റ് ബെനിഫിറ്റ് റേഷ്യോ കൂടി ഉൾപ്പെടുത്തേണ്ടതിനാൽ പദ്ധതികൊണ്ട് പ്രയോജനം ലഭിക്കുന്ന കൃഷിയിടങ്ങളുടെ ആയക്കെട്ട് ലഭിക്കേണ്ടതുണ്ട്. ആയത് ബന്ധപ്പെട്ട റവന്യൂ അധികാരികൾ തയ്യാറാക്കിവരുന്നു. ബഹുമാനപ്പെട്ട മെമ്പറുടെ അദ്ധ്യക്ഷതയിൽ 24-1-2020-ന് ചേർന്ന തലശ്ശേരി വികസന സമിതി യോഗത്തിൽ ആവശ്യമായ മുഴുവൻ വിവരങ്ങളും രണ്ടാഴ്ച്ചയ്ക്കകം നൽകുന്നതിന് വില്ലേജാഫീസർക്ക് നിർദ്ദേശം നൽകുന്നതാണെന്ന് തലശ്ശേരി

തഹസിൽദാർ അറിയിച്ചിട്ടുണ്ട്. ആയക്കെട്ട് വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ പദ്ധതിരേഖ തയ്യാറാക്കി ഫണ്ട് ലഭിക്കുന്നതനുസരിച്ച് ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

(6) ഓപ്പറേഷൻ പ്യൂവർ വാട്ടർ പദ്ധതി

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കൊച്ചി നഗരത്തിലും ചുറ്റുമുള്ള പ്രദേശങ്ങളിലെയും വലിയ ഫ്ലാറ്റുകൾ, ഹോട്ടലുകൾ, മാളുകൾ എന്നിവിടങ്ങളിൽ ആവശ്യത്തിനുള്ള വെള്ളം എത്തിക്കുന്നത് ഏതാണ്ട് രണ്ടായിരത്തിലേറെ വരുന്ന ടാങ്കർ ലോറികളിലാണ്. നഗരത്തിന് ചുറ്റുമുള്ള സ്വകാര്യ കിണറുകൾ, കുളങ്ങൾ എന്നിവിടങ്ങളിൽനിന്ന് എത്തിക്കുന്ന വെള്ളം പലപ്പോഴും മാലിന്യം കലർന്നതാണ്. വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തണമെന്ന നിലയ്ക്ക് ശ്രീ. കെ. ബി. ഗണേഷ് കുമാർ അദ്ധ്യക്ഷനായ നിയമസഭാ സമിതി യോഗംചേർന്ന് തീരുമാനമെടുത്തു. 'Operation Pure Water' എന്ന കർമ്മ പദ്ധതിയാണത്. അത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വെള്ളം കിണറുകളിൽനിന്നും കുളങ്ങളിൽനിന്നും ശേഖരിക്കുന്നത് നിർത്തി വാട്ടർ അതോറിറ്റിതന്നെ സപ്ലൈ ചെയ്യണമെന്ന നിലയ്ക്ക് മരട്, ആലുവ, പള്ളിമുക്ക്, പെരുമാനൂർ തുടങ്ങിയ വാട്ടർ അതോറിറ്റി ജലസംഭരണികളിൽ നിന്നും ടാങ്കർ ലോറികളിൽ ശേഖരിച്ച് മാളുകളിലേയ്ക്കും ഫ്ലാറ്റുകളിലേയ്ക്കും എത്തിക്കണമെന്നതാണ് തീരുമാനം. അത് നടപ്പിലാക്കുന്നത് വളരെ നല്ല കാര്യമാണ്. എന്നാൽ ഇതിന്റെ ഫലമായി കൊച്ചിയുടെ പടിഞ്ഞാറൻ പ്രദേശമായ ചെല്ലാനം, കുമ്പളങ്ങി, മട്ടാഞ്ചേരി, ഫോർട്ട് കൊച്ചി, പള്ളുരുത്തി തുടങ്ങിയ പ്രദേശങ്ങളിലേയ്ക്കുള്ള വെള്ളത്തിന്റെ അളവ് കുറച്ചു. ശുദ്ധജലത്തിന് മറ്റ് മാർഗ്ഗമൊന്നുമില്ല. ഉപ്പ് പ്രദേശമായതിനാൽ അവിടെ കുടിവെള്ളത്തിന് ക്ഷാമം നേരിടുകയാണ്. ഇപ്പോൾ വേനൽ ആരംഭിച്ചിട്ടില്ല. അത്തരത്തിൽ കുടിവെള്ളത്തിന് ക്ഷാമം നേരിടുന്ന ഈ പ്രദേശത്തേയ്ക്കുള്ള വെള്ളത്തിന്റെ അളവ് വർദ്ധിപ്പിക്കുകയും ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുന്നതിനു വേണ്ടി കൂടുതൽ വെള്ളം വാട്ടർ അതോറിറ്റി ശുദ്ധീകരിച്ച് ഈ മേഖലകളിലേക്ക് എത്തിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും വേണം. അതിന്റെ ഭാഗമായി ചില പദ്ധതികൾ വാട്ടർ അതോറിറ്റി മുന്നോട്ടുവച്ചിട്ടുണ്ട്. ആലുവയിൽ പുതിയ ശുദ്ധീകരണശാല നിർമ്മിച്ച് നഗരത്തിൽ കൂടുതൽ വെള്ളമെത്തിക്കാനുള്ള പദ്ധതികളുണ്ട്. യുദ്ധകാലാടിസ്ഥാനത്തിൽ ഈ പദ്ധതികൾ നടപ്പിലാക്കാനും പടിഞ്ഞാറൻ കൊച്ചിയിൽ ഒരു കാരണവശാലും കുടിവെള്ളത്തിന്റെ അളവ് കുറയ്ക്കാതിരിക്കാനുമുള്ള തീരുമാനം അടിയന്തരമായി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, എറണാകുളം ജില്ലയിലെ ജല അതോറിറ്റിയുടെ മരട്, ആലുവ, ചൊവ്വര, ചൂണ്ടി, മുപ്പത്തടം എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ജലശുദ്ധീകരണ ശാലകളിൽ നിന്നാണ്

എറണാകുളം ജില്ലയിൽ കുടിവെള്ള വിതരണം നടത്തിവരുന്നത്. ആലുവയിൽനിന്നും മരടിൽനിന്നും എറണാകുളം ജില്ലയിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ ഒരു നിശ്ചിത അളവ് പശ്ചിമ കൊച്ചിയിലേയ്ക്കും വിതരണം നടത്തിവരുന്നു. ആലുവ ശുദ്ധീകരണശാലയിൽ നിന്നും എളംകുളം ടാങ്കിലേയ്ക്കും അവിടെ നിന്നും പള്ളുരുത്തി സംഭരണിയിലേയ്ക്കും വരുന്ന ജലം ഇടക്കൊച്ചി, പള്ളുരുത്തി വിതരണ ശൃംഖലയിലേയ്ക്കും ആലുവയിൽ നിന്ന് പെരുമാനൂർ സംഭരണിയിലേയ്ക്കും എത്തുന്ന ജലം കരുവേലപ്പടി സംഭരണിയിലും എത്തിച്ച് മട്ടാഞ്ചേരി-കരുവേലപ്പടി ഭാഗങ്ങളിലേയ്ക്കും വിതരണം ചെയ്യുന്നു. മരട് ശുദ്ധീകരണശാലയിൽ നിന്നും തേവര ഭാഗത്തേയ്ക്കും കുമ്പളങ്ങിയിലേയ്ക്കുമുള്ള പമ്പിംഗ് മെയിനുകളിൽ നിന്നാണ് പശ്ചിമ കൊച്ചിയിലെ ഇടക്കൊച്ചി, കുമ്പളങ്ങി, ചെല്ലാനം, പെരുമ്പടമ്പ്, പള്ളുരുത്തി, ഫോർട്ട്കൊച്ചി, മട്ടാഞ്ചേരി എന്നീ പ്രദേശങ്ങളിലേയ്ക്ക് ജലവിതരണം നടത്തുന്നത്. ജനുവരി 1 മുതലാണ് 'ഓപ്പറേഷൻ പ്യൂവർ വാട്ടർ' പദ്ധതിയുമായി ബന്ധപ്പെട്ട് ടാങ്കർ ലോറികളിൽ ജലവിതരണം ആരംഭിച്ചത്. മരട് ശുദ്ധീകരണശാലയിൽനിന്നും തേവര, കുമ്പളങ്ങി ഭാഗത്തേയ്ക്ക് 21-12-2019 മുതൽ 30-1-2020 വരെ വിതരണം ചെയ്ത ജലത്തിന്റെ അളവ് സംബന്ധിച്ച റിപ്പോർട്ട് പരിശോധിച്ചാൽ ഓപ്പറേഷൻ പ്യൂവർ വാട്ടർ പദ്ധതിയുമായി ബന്ധപ്പെട്ട് ടാങ്കർ ലോറിയിൽ ജലവിതരണം നടത്തിയതുമൂലം വാട്ടർ അതോറിറ്റി പ്രതിദിനം വിതരണം ചെയ്തുവരുന്ന ജലത്തിന്റെ അളവിൽ യാതൊരു കുറവും വന്നിട്ടില്ലെന്ന് വ്യക്തമാണ്. 4-1-2020, 7-1-2020, 8-1-2020 തീയതികളിൽ വിതരണം ചെയ്ത വെള്ളത്തിന്റെ അളവിൽ വന്ന കുറവ് വൈദ്യുതിതടസ്സം മൂലമാണുണ്ടായത്.

പശ്ചിമകൊച്ചിയിൽ 2020 ജനുവരിമാസം ആദ്യ ആഴ്ചയിൽ ആലുവയിൽ നിന്നുള്ള പമ്പിംഗ് കേബിൾ തകരാർമൂലം രണ്ട് ദിവസം ശുദ്ധജല വിതരണം തടസ്സപ്പെടുകയുണ്ടായി. കൂടാതെ മരടിൽ ഫ്ലാറ്റ് പൊളിക്കുന്നതുമായി ബന്ധപ്പെട്ട് ജൻറം കുടിവെള്ള പദ്ധതിയുടെ മരട് പ്ലാന്റിൽ നിന്നുള്ള ശുദ്ധജല വിതരണം 12, 13 തീയതികളിൽ തടസ്സപ്പെടുകയുണ്ടായി. വിതരണതടസ്സം നേരിട്ടുകഴിഞ്ഞാൽ സാധാരണ അഞ്ചോ ആറോ ദിവസങ്ങൾ കഴിഞ്ഞുമാത്രമാണ് ശുദ്ധജലവിതരണം പൂർവ്വസ്ഥിതിയിലെത്തിക്കാൻ സാധിക്കുന്നത്. ഇതിന് സാങ്കേതിക പരിഹാരം കണ്ടെത്തുന്നതിന് ശ്രമിക്കുന്നതാണ്. ഇങ്ങനെയുള്ള വിതരണതടസ്സം ഏറ്റവും കൂടുതൽ ബാധിക്കുന്നത് വിതരണ ശൃംഖലയുടെ വാലറ്റത്തുള്ള പ്രദേശങ്ങളെയാണ്. പശ്ചിമ കൊച്ചി മേഖല വിതരണ ശൃംഖലയുടെ വാലറ്റത്താണ് സ്ഥിതി ചെയ്യുന്നത്. ജലവിതരണം തടസ്സപ്പെട്ട് വിതരണ ശൃംഖലയിൽ എയർബ്ലോക്ക് രൂപപ്പെടുന്നതിനാൽ ചെല്ലാനം, കുമ്പളങ്ങി, മട്ടാഞ്ചേരി മുതലായ വാലറ്റത്തുള്ള

വിതരണ മേഖലയിലേക്ക് ശുദ്ധജലം മതിയായ തോതിൽ എത്തുവാൻ ഏകദേശം ഒരാഴ്ചയോളം വേണ്ടിവന്നു. വൈദ്യുതി തകരാർമൂലമോ അനുബന്ധ തകരാറുകൾമൂലമോ ജലവിതരണം തടസ്സപ്പെടുന്നതുമൂലം ഉണ്ടാകുന്ന ശുദ്ധജലക്ഷാമമല്ലാതെ ഓപ്പറേഷൻ പ്യൂവർ വാട്ടർ പദ്ധതിയുടെ ഭാഗമായി ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തുന്നതുമൂലം പശ്ചിമകൊച്ചിയിലെ ഉപഭോക്താക്കൾക്കോ ജില്ലയിലെ മറ്റ് പ്രദേശങ്ങളിലോ ശുദ്ധജലവിതരണത്തിൽ കുറവുണ്ടായിട്ടില്ല. അതോറിറ്റിയുടെ ശുദ്ധീകരണശാലകളിൽ നിന്നും നേരിട്ടാണ് ടാങ്കർ ലോറികളിൽ കുടിവെള്ളം ലഭ്യമാക്കുന്നത്. ഇതുമൂലം എറണാകുളം ജില്ലയിൽ പ്രതിദിനം വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ അളവിൽ യാതൊരു കുറവും വന്നിട്ടില്ല.

### (7) ആധാരമെഴുത്തുകാരുടെ ജോലി സംരക്ഷണം

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ആധാരമെഴുത്ത് ഒരു പ്രത്യേക ജോലിയായാണ് കൂടുതൽപേരും ചെയ്തുവരുന്നത്. സമീപകാലത്ത് അത്തരത്തിലുള്ള ജോലി ചെയ്യുന്നതിന് വേണ്ടത്ര സംരക്ഷണമില്ലാത്ത സാഹചര്യമുണ്ട്. മറ്റ് പല മേഖലകളിലുള്ളവർ ഈ ജോലികൾ ഏറ്റെടുക്കുന്നതുകൊണ്ട് ഇവർ ചെയ്തുവന്നിരുന്ന ജോലി തുടർന്ന് ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ സാമ്പത്തിക പ്രതിസന്ധിയുമുണ്ടാകുന്നു. ഇവരെ പ്രത്യേകമായി സംരക്ഷിക്കുന്നതിനും തൊഴിൽ നിലനിർത്തുന്നതിനും ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കേരളത്തിലെ ആധാരം എഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങൾ, 1960-ലെ ചട്ടം 6(1)ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ചട്ടം 6(1)- " രജിസ്ട്രേഷനുവേണ്ടി ഹാജരാക്കപ്പെടുന്ന മരണപത്രം ഒഴികെയുള്ള ഏതൊരു ആധാരവും ലൈസൻസ് നൽകുന്ന അതോറിറ്റി ഇതിലേയ്ക്കായി ലൈസൻസ് നൽകിയിട്ടുള്ള ഒരു ആധാരമെഴുത്തുകാരൻ തയ്യാറാക്കേണ്ടതാണ്. എന്നാൽ സംസ്ഥാനത്തെ ഏതെങ്കിലും കോടതി മുമ്പാകെ പ്രാക്ടീസ് ചെയ്യുന്ന ഒരു അഡ്വക്കേറ്റോ പ്ലീഡറോ ആയിട്ടുള്ള ഒരു ആധാരം എഴുത്തുകാരന്റെ കാര്യത്തിൽ ലൈസൻസിന്റെ ആവശ്യമില്ല". ഈ ചട്ടപ്രകാരമാണ് 1960 മുതൽ ഏകദേശം 59 വർഷമായി നടന്നുവരുന്നത്. ഈ ചട്ടപ്രകാരം വക്കീലന്മാർക്കും പ്ലീഡർമാർക്കും ആധാരം തയ്യാറാക്കി നൽകാമെങ്കിലും ആധാരമെഴുത്തുമേഖലയിൽ ജോലി ചെയ്യുന്നവർ ആശങ്കപ്പെടേണ്ട സാഹചര്യം നിലവിലില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷമാണ് അവർക്ക് സമ്പൂർണ്ണ സംരക്ഷണം ഉറപ്പുകൊടുത്തിട്ടുള്ളത്. അവരുടെ എല്ലാ സംഘടനകളും അക്കാര്യത്തിൽ പൂർണ്ണബോധ്യമുള്ളവരാണ്.

ചട്ടത്തിൽ സമീപകാലത്ത് മാറ്റങ്ങൾ വരുത്തിയിട്ടില്ല. സാധാരണക്കാരായിട്ടുള്ള ആധാരമെഴുത്തുകാരുടെ കഞ്ഞിയിൽ പാറ്റയിടേണ്ട കാര്യമൊന്നും വക്കീലന്മാർക്കില്ലെന്ന കാര്യം ബഹുമാനപ്പെട്ട എസ്. രാജേന്ദ്രനെ ഞാൻ അറിയിക്കുകയാണ്. ഏതൊരു വ്യക്തിക്കും ആധാരം എഴുതാമെന്നുള്ള ഗസറ്റ് വിജ്ഞാപനം ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന 2016-ൽ വന്നിരുന്നു. അതിന്റെ ഫോർമാറ്റ് പ്രിസ്ക്രൈബ് ചെയ്തിരുന്നു. അത് റദ്ദ് ചെയ്യണമെന്ന് പറഞ്ഞെങ്കിലും ഫണ്ടമെന്റൽ റൈറ്റ്സിനെ ബാധിക്കുമെന്നതുകൊണ്ട് അക്കാര്യത്തിൽ ഒന്നും ചെയ്തില്ല. കഴിഞ്ഞ നാല് വർഷത്തിൽ രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ ഒരു ശതമാനത്തിൽ താഴെ മാത്രമേ അപ്രകാരം എഴുതിയിട്ടുള്ളു. അതുകൊണ്ട് അതൊരു വെല്ലുവിളിയല്ല. അങ്ങനെ എഴുതിയവർക്ക് ബാങ്കുകൾ പണം നൽകാത്ത സ്ഥിതിയുമുണ്ടായിട്ടുണ്ട്. പ്രസ്തുത അവകാശം എടുത്തുകളയാൻ സാധിക്കില്ല. ആധാരം എഴുതുന്നതിന് ജനങ്ങൾ ആധാരമെഴുത്തുകാരെ ആശ്രയിക്കുകയാണ്. 99 ശതമാനത്തിലധികവും ലൈസൻസികളായി രജിസ്റ്റർ ചെയ്തവർ തന്നെയാണ് തയ്യാറാക്കുന്നത്. ഈ രംഗത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ഈ ഗവൺമെന്റ് ദീർഘകാലത്തിനുശേഷം ആധാരം എഴുതുന്നതിനുള്ള ലൈസൻസ് എടുക്കുന്നതിന് പരീക്ഷ നടത്തുകയും 1661 പേർക്ക് 2018-ൽ ലൈസൻസും നൽകുകയുണ്ടായി. 10 വർഷത്തിനുശേഷമാണ് പരീക്ഷ നടത്തിയത്. അത്രയും പേർക്കുകൂടി തൊഴിൽ ലഭിച്ചു. ആധാരമെഴുത്ത് ലൈസൻസ് ചട്ടങ്ങൾ 1960-ലെ ചട്ടപ്രകാരം ലൈസൻസികൾക്ക് കൈപ്പട ലൈസൻസും നൽകിവരികയാണ്. ആധാരമെഴുത്ത് മേഖലയിൽ ആശങ്കപ്പെടേണ്ട യാതൊരു സാഹചര്യവുമില്ല.

## (8) മേൽപ്പാല നിർമ്മാണം

ശ്രീ. കെ. എൻ. എ. ഖാദർ: സർ, എന്റെ നിയോജക മണ്ഡലത്തിലെ വേങ്ങര പട്ടണം അനുദിനം വികസിച്ചുവരുന്ന ഒരു ചെറുനഗരമാണ്. ജനബാഹുല്യവും കടകമ്പോളങ്ങളുടെ വർദ്ധനവും കാരണം എപ്പോഴും ഗതാഗതക്കുരുക്ക് അനുഭവപ്പെടുകയും ജനങ്ങളും യാത്രക്കാരും വളരെയേറെ വിഷമിക്കുകയും ചെയ്യുന്ന ഒരു സ്ഥിതിയാണുള്ളത്. ആയതിന് ഒരു ശാശ്വത പരിഹാരം കാണേണ്ടത് അത്യാവശ്യമാണ്. നിലവിലുള്ള റോഡ് വികസനം ഇഴഞ്ഞുനീങ്ങുകയാണ്. നാടുകാണി മുതൽ പരപ്പനങ്ങാടി വരെ പുതുതായി വികസിപ്പിച്ചുകൊണ്ടിരിക്കുന്ന റോഡ് നിർമ്മാണം സാവധാനമാണ് മുന്നോട്ടുപോകുന്നത്. ഈ സാഹചര്യത്തിൽ ആദരണീയനായ പൊതുമരാമത്ത് വകുപ്പുമന്ത്രി മുൻകയ്യെടുത്ത് ഫ്ലൈഓവർ നിർമ്മിക്കുന്നതിന് ഉടൻ നടപടി സ്വീകരിക്കണമെന്നതാണ് എന്റെ ആവശ്യം. ബൈപ്പാസ് നിർമ്മാണം ബഡ്ജറ്റിൽ വന്നിട്ടുള്ളതും പരിഗണനയിലുള്ളതുമാണ്.

അതുസംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിക്കാത്തതുകൊണ്ട് ഇത് വളരെ അത്യാവശ്യമാണ്. മലപ്പുറം-പരപ്പനങ്ങാടി റോഡിൽ വേങ്ങര നഗരത്തിലെ തിരക്കുള്ള ഭാഗങ്ങൾ ഉൾപ്പെടുത്തി മേൽപ്പാലം അടിയന്തരമായി നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, വേങ്ങര ടൗണിൽ മലപ്പുറം-പരപ്പനങ്ങാടി സംസ്ഥാന പാതയിൽ കി. മീറ്റർ 14/500-നും 18/000-നും ഇടയിൽ വേങ്ങര ടൗൺ സ്ഥിതി ചെയ്യുന്നു. നാടുകാണി-പരപ്പനങ്ങാടി റോഡ് വേങ്ങര ടൗണിലൂടെയാണ് കടന്നു പോവുന്നത്. ജില്ലാ ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ടിൽ ഉൾപ്പെടുത്തി നാടുകാണി-പരപ്പനങ്ങാടി റോഡിന്റെ റോഡ് വൈഡനിംഗും ജംഗ്ഷൻ ഇംപ്രൂവ്മെന്റും നടന്നുവരികയാണ്. അഞ്ച് അസംബ്ലി മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന ഈ പ്രോജക്ട് താമസിയാതെ പൂർത്തിയാകും. അത് പൂർത്തിയാകുന്നതോടെ വേങ്ങര ടൗണിലെ ഗതാഗതക്കുരുക്കിന് പരിഹാരമുണ്ടാകും. ഇപ്പോൾ ടൗൺ ഫ്ലൈഓവറിനുള്ള നിർദ്ദേശങ്ങളൊന്നും സാങ്കേതികമായി വന്നിട്ടില്ല. ഏതായാലും അങ്ങ് ഉന്നയിച്ച സ്ഥിതിക്ക് അതിനെക്കുറിച്ച് പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

## (9) സേവന വേതന വ്യവസ്ഥകൾ

ശ്രീ. മോൻസ് ജോസഫ്: സർ, മൃഗസംരക്ഷണ വകുപ്പിൽ ഫീൽഡ് വർക്ക് ചെയ്യുന്ന ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരും ഫീൽഡ് ഓഫീസേഴ്സും അസിസ്റ്റന്റ് ഫീൽഡ് ഓഫീസേഴ്സും ഉൾപ്പെടെയുള്ള സാധാരണ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് ആവശ്യമായ ചർച്ച നടത്തണം. സെക്രട്ടേറിയറ്റ് പടിക്കൽ ഈ ആവശ്യം സംബന്ധിച്ചുള്ള സമരപരിപാടികൾ നടക്കുകയുണ്ടായി. മൃഗസംരക്ഷണ വകുപ്പിൽ മാറ്റങ്ങൾ അനിവാര്യമാണെന്നതിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധ ഇക്കാര്യങ്ങളിലേയ്ക്ക് ക്ഷണിക്കുന്നത്. ചികിത്സയെയും ചികിത്സേതര വിഭാഗങ്ങളെയും വേർതിരിച്ച് ഗവൺമെന്റ് നടപടി സ്വീകരിക്കേണ്ട സന്ദർഭമായിരിക്കുന്നുവെന്നതാണ് പ്രധാനമായും ഉന്നയിക്കുന്ന വിഷയം. വെറ്ററിനറി ഉപകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ പുനഃക്രമീകരിക്കപ്പെട്ട സാഹചര്യത്തിൽ ഈ മാറ്റങ്ങൾ ആവശ്യമാണ്. ഇതനുസരിച്ചുള്ള വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സംഘടന ബഹുമാനപ്പെട്ട മൃഗസംരക്ഷണ വകുപ്പുമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. വെറ്ററിനറി ഉപകേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ജീവനക്കാരുടെയും കർഷകരുടെയും ആവശ്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്. അതിനുകഴിയുന്ന സാഹചര്യം ഗവൺമെന്റ് അടിയന്തരമായി

ഒരുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഉപകേന്ദ്രങ്ങളുടെ പേര് വെറ്ററിനറി ഉപകേന്ദ്രമെന്നാക്കി മാറ്റിയ സാഹചര്യത്തിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ തസ്തികനാമവും വെറ്ററിനറി ഇൻസ്പെക്ടർമാർ എന്നാക്കി മാറ്റണം. സംസ്ഥാന ഗവൺമെന്റിന്റെ ബ്രീഡിംഗ് പോളിസി അട്ടിമറിക്കുന്ന തരത്തിൽ വ്യാപകമായി സ്വകാര്യ കൃത്രിമ ബീജദാന കേന്ദ്രങ്ങൾ അനുവദിക്കുന്ന നടപടി നിർത്തലാക്കണമെന്നും ഗവൺമെന്റ് സെക്ടറിൽ പരമാവധി പരിഗണന കൊടുക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകണമെന്നും ശാസ്ത്രീയമായി മൃഗസംരക്ഷണ വകുപ്പ് പുനഃസംവിധാനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമുള്ള നിരവധി ആവശ്യങ്ങളാണ് സംഘടന ഉന്നയിച്ചിട്ടുള്ളത്. സംഘടനയുമായി ഒരു ചർച്ചയ്ക്ക് അവസരമുണ്ടാക്കി, കർഷക പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ഇക്കാര്യം പരിശോധിക്കണം. ഈ രംഗത്ത് നല്ല നിലയിൽ കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യങ്ങൾ പ്രത്യേകമായി പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) മേശപ്പുറത്തുവച്ച മറുപടി താഴെ ചേർക്കുന്നു: ഒരു മേഖലയിലെ മുഴുവൻ കാര്യങ്ങളും സബ്മിഷനിൽ ബഹുമാനപ്പെട്ട അംഗം ഉൾപ്പെടുത്തിയിരിക്കുകയാണ്. മൃഗസംരക്ഷണ വകുപ്പിൽ പുനഃസംഘടന നടത്തണമെന്ന പ്രധാന ആവശ്യമുണ്ട്. വളരെ താമസിയാതെതന്നെ അത്തരമൊരു പുനഃസംഘടന നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കും. മൃഗസംരക്ഷണ വകുപ്പുമായും പ്രത്യേകിച്ച് ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുമായും ബന്ധപ്പെട്ട് ഉന്നയിച്ചിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് മറുപടി തയ്യാറാക്കിയിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പിൽ നിലവിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ 2779 തസ്തികകളാണുള്ളത്. ആയത് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ Gr. II, Gr. I, അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ എന്നിവർ ഉൾപ്പെട്ടതാണ്. പത്താം ശമ്പള കമ്മീഷൻ ഉത്തരവുപ്രകാരം ടി തസ്തികകളിലെ അനുപാതം 5:3:2 എന്ന ക്രമത്തിലാണ്. അതനുസരിച്ച് 1391 പേർ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ Gr. II-ഉം, 833 പേർ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ Gr. I-ഉം 555 പേർ അസിസ്റ്റന്റ് ഫീൽഡ് ഓഫീസർമാരുമാണ്. കൂടാതെ വകുപ്പിൽ ഈ തസ്തികയിലെ പ്രൊമോഷൻ തസ്തികയായ ഫീൽഡ് ഓഫീസർമാരുടെ 111 തസ്തികകളും നിലവിലുണ്ട്. ആയതിൽ 25% പേർക്ക് ഫീൽഡ് ഓഫീസർ തസ്തികയിൽ ഹയർ ഗ്രേഡും അനുവദിച്ചുവരുന്നുണ്ട്.

ജോലി സ്വഭാവം: മൃഗചികിത്സാ ചുമതലയുള്ള വെറ്ററിനറി സ്ഥാപനങ്ങളിലെ വെറ്ററിനറി ആഫീസർമാരെ വകുപ്പിന്റെ പൊതുവായ പ്രവർത്തനങ്ങളിൽ സഹായിക്കുകയാണ് പാരാ വെറ്ററിനറി ജീവനക്കാരായ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ പൊതുവായ ചുമതല. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ Gr. II, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ Gr. I, അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ എന്നിവർ ഒരേ തസ്തികയിൽ സമാനസ്വഭാവമുള്ള ജോലിനോക്കുന്നവരാണ്. ടി ജീവനക്കാർക്ക് ശമ്പള പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് പ്രൊമോഷൻ നൽകുന്നു എന്ന് മാത്രമേയുള്ളൂ. ആയതിനാൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ Gr. II, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ Gr. I, അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ എന്നിവർക്ക് ഓരോ വിഭാഗത്തിനായി പ്രത്യേകമായ ഡ്യൂട്ടി നിർവ്വഹിച്ച് നൽകാൻ കഴിയുകയില്ല.

പ്രൊമോഷനുകൾ: ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ Gr.II, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ Gr. I, അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ എന്നീ തസ്തികകളിലെ നിലവിലെ അനുപാതം 5:3:2 ആണ്. പല ജില്ലകളിലും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ Gr. II തസ്തികകളുടെയും സംസ്ഥാനതല തസ്തികകളുടെയും (ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ Gr. I, അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ) അനുപാതം നിലവിൽ 1:1-നു പുറത്താണ്. കേരള ഹൈക്കോടതിയുടെ 12-11-2019-ലെ OP (KAT)No.247/18 ഉത്തരവുപ്രകാരം വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ Gr. I, അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ തസ്തികയിലെ ജീവനക്കാർക്ക് സംസ്ഥാനതല പൊതുസ്ഥലംമാറ്റം 5:3:2 എന്ന അനുപാതത്തിൽ പുന:ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ 1:1:1 എന്ന അനുപാതത്തിൽ പൊതുസ്ഥലംമാറ്റം പുനഃക്രമീകരിക്കുവാൻ നിർവ്വാഹമില്ല.

വീക്കിലി ഓഫ്: സർക്കാർ ഉത്തരവ് നമ്പർ G.O.(MS)No.161/08/AD dated 27-9-2008 പ്രകാരം വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് തടസ്സം വരാത്ത വിധത്തിൽ വീക്കിലി ഓഫ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

സംസ്ഥാനതല സ്ഥലംമാറ്റം: നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം അന്തർ ജില്ലാ സ്ഥലംമാറ്റം 10% ഒഴിവിലേക്ക് മാത്രമാണ് നിഷ്കർഷിച്ചിട്ടുള്ളത്. ആയത് 50 ശതമാനമാക്കി വർദ്ധിപ്പിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. മൃഗസംരക്ഷണ വകുപ്പിനുമാത്രം പ്രത്യേകം 50% ആയി നിശ്ചയിക്കുന്നത് പരിഗണിക്കുവാൻ തൽക്കാലം സാധിക്കുകയില്ല.

<u>പാരാവെറ്ററിനറി കൗൺസിൽ രൂപീകരണം</u>: പാരാവെറ്ററിനറി കൗൺസിൽ രൂപീകരണം സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

<u>തസ്തികനാമം വെറ്ററിനറി ഇൻസ്പെക്ടർ എന്നാക്കണം</u>: ഇന്ത്യൻ വെറ്ററിനറി കൗൺസിലിൽനിന്നും യൂണിവേഴ്സിറ്റികളിൽ രേഖകൾ പരിശോധിക്കുന്ന ഉദ്യോഗസ്ഥന്റെ തസ്തികാനാമം വെറ്ററിനറി ഇൻസ്പെക്ടർ എന്നായതിനാൽ നിലവിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ എന്ന തസ്തികാനാമം വെറ്ററിനറി ഇൻസ്പെക്ടർ എന്നാക്കി മാറ്റാൻ കഴിയുകയില്ല.

<u>വകുപ്പ് പുനഃസംഘടിപ്പിക്കണം</u>: മൃഗസംരക്ഷണ വകുപ്പിന്റെ പുനഃസംഘടന സംബന്ധിച്ച ചർച്ചകൾ നടന്നുവരികയാണ്.

<u>സ്വകാര്യവത്കരണ നീക്കം ഉപേക്ഷിക്കണം</u>: ഈ ആവശ്യത്തിനും സമാന വിഷയങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനുമായി സർക്കാർ പുതിയ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു.

<u>സ്ഥലംമാറ്റങ്ങൾ ഓൺലൈനായി മാത്രം നടത്തണം</u>: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവുപ്രകാരം ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ Gr. I, അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ എന്നീ തസ്തികകളിലെ ജീവനക്കാരുടെ സംസ്ഥാനതല പൊതുസ്ഥലംമാറ്റം സംബന്ധിച്ച നടപടി സമയബന്ധിതമായി സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ സ്ഥലംമാറ്റം ഓൺലൈൻ വഴി നടത്തുന്നതിന് നിലവിൽ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്.

<u>വെറ്ററിനറി ഉപകേന്ദ്രങ്ങൾ ശക്തിപ്പെടുത്തണം</u>: മൃഗസംരക്ഷണ വകുപ്പിന്റെ പുനഃസംഘടന സംബന്ധിച്ച കരട് റിപ്പോർട്ട് തയ്യാറാക്കുന്ന ചർച്ചകൾ നടന്നുവരികയാണ്. പുനഃസംഘടനയിൽ വെറ്ററിനറി ഉപകേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പരിഗണിക്കുന്നതാണ്.

<u>ദേശീയ കന്നുകാലി സെൻസസിന്റെ ഓണറേറിയം അനുവദിക്കണം</u>: 20-ാം കന്നുകാലി സെൻസസിന്റെ നിയന്ത്രണച്ചുമതല കേന്ദ്ര സർക്കാരിനാണ്. ആയതിന്റെ ഓണറേറിയം അനുവദിക്കുന്നതും കേന്ദ്ര സർക്കാരാണ്. ഇരുപതാം കന്നുകാലി സെൻസസിന്റെ വിവരശേഖരണം (2018 ഒക്ടോബർ 1) പൂർത്തീകരിച്ചു. 18 സംസ്ഥാനങ്ങൾക്ക് മാത്രമേ നിലവിൽ കേന്ദ്ര സർക്കാർ ഓണറേറിയം അനുവദിച്ചിട്ടുള്ളൂ. സംസ്ഥാനത്ത് 2018, 2019 വർഷങ്ങളിലുണ്ടായ മഹാപ്രളയം

കാരണം ഇരുപതാം കന്നുകാലി സെൻസസ് സംസ്ഥാനത്ത് ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ആരംഭിച്ച് 2019 സെപ്റ്റംബർ മാസത്തിൽ മാത്രമേ പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളൂ. രണ്ടാംഘട്ടം സെൻസസ് ആരംഭിച്ച സംസ്ഥാനങ്ങൾക്ക് നിലവിൽ കേന്ദ്ര സർക്കാർ ഓണറേറിയം അനുവദിച്ചിട്ടില്ല. 20-ാം കന്നുകാലി സെൻസസിന്റെ വിവരശേഖരണം സംസ്ഥാനത്ത് പൂർത്തിയായ സാഹചര്യത്തിൽ ഓണറേറിയം അടിയന്തരമായി അനുവദിക്കാൻ വകുപ്പ് നിരവധി കത്തുകൾ കേന്ദ്ര സർക്കാരിന് അയച്ചിട്ടുണ്ട്. 20-ാം കന്നുകാലി സെൻസസിന്റെ ഓണറേറിയം കേന്ദ്ര സർക്കാർ അനുവദിക്കുന്ന മുറയ്ക്ക് സംസ്ഥാനത്ത് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്</u>: കുളമ്പുരോഗ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് മുൻകാലങ്ങളിൽ നടപ്പാക്കി വന്നിരുന്ന പ്രതിരോധ കുത്തിവയ്പ് ഈ വർഷം മുതൽ കേന്ദ്ര സർക്കാരിന്റെ 100% ഫണ്ടുപയോഗിച്ച് ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ കീഴിൽ മാറ്റിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പ്രാരംഭ ഘട്ട വാക്സിനേഷൻ ആദ്യമായി കേരളത്തിൽ നടപ്പാക്കുകയാണ്. ഇപ്രാവശ്യം ആട്, പന്നി എന്നിവയെ വാക്സിനേഷനിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. വാക്സിനേഷൻ പൂർണ്ണമായും സൗജന്യമാക്കിയിട്ടുണ്ട്. വാക്സിനേഷൻമൂലം കന്നുകാലി കർഷകർക്കുണ്ടാകുന്ന നഷ്ടങ്ങൾക്ക് മുൻകാലങ്ങളിൽ അനുവദിച്ച ധനസഹായം അനുവദിക്കുന്നതായിരിക്കും. സമ്പൂർണ്ണ വാക്സിനേഷനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതുസംബന്ധിച്ച ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതി (NADCP)-യുടെ മാർഗ്ഗനിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. വാക്സിനേഷൻ പ്രോഗ്രാം നടത്തുന്നതിന് വെറ്ററിനറി സർജന് 1500 രൂപ, ബ്ലോക്ക് ലെവൽ ഓഫീസർക്ക് 1500 രൂപ, ജില്ലാ കോ-ഓർഡിനേറ്റർക്ക് 1500 രൂപ, സ്ക്വാഡ് അലവൻസ് 400 രൂപ എന്നീ ക്രമത്തിലാണ് അനുവദിക്കുന്നത്. ദിവസേനയുള്ള വാക്സിനേഷൻ 40 എണ്ണമായി നിജപ്പെടുത്തിയിട്ടുണ്ട്. സ്ക്വാഡ് അലവൻസ് (10 ദിവസത്തെ തുക) മുൻകൂറായി നൽകുന്നതിനും പ്രസ്തുത തുകയ്ക്കാനുപാതികമായി വാക്സിനേഷൻ ചെയ്തതിന്റെ വിവരങ്ങൾ പരിശോധിച്ച് അടുത്ത 10 ദിവസത്തെ തുക മുൻകൂറായി നൽകുന്നതിനും തീരുമാനിച്ചു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## VII മേശപ്പുറത്തുവച്ച കടലാസ്സുകൾ

പ്രത്യേക ലിസ്റ്റ് പ്രകാരം

(i) മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

| ക്രമ നം. | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2020 | 1 | 2020-ലെ ദി കേരള ക്രിസ്ത്യൻ സെമിറ്ററീസ്(റൈറ്റ് ടു ബറിയൽ ഓഫ് കോർപ്സ്) ഓർഡിനൻസ് | അല്ല |
| 2 | 2020 | 9 | 2020-ലെ ദി കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നോവേഷൻ ആൻഡ് ടെക്നോളജി ഓർഡിനൻസ് | അല്ല |

(ii) വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75 (2) പ്രകാരമുള്ള പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2019 | 43 | 2019-ലെ ദി കേരള മിനറൽസ് (വെസ്റ്റിംഗ് ഓഫ് റൈറ്റ്സ്) ഓർഡിനൻസ് | അല്ല |
| 2 | 2020 | 4 | 2020-ലെ ദി കേരള മിനറൽസ് (വെസ്റ്റിംഗ് ഓഫ് റൈറ്റ്സ്) ഓർഡിനൻസ് | അല്ല |

(iii) ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2019 | 42 | 2019-ലെ ദി കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് (അമെന്റ്മെന്റ്) ഓർഡിനൻസ് | അല്ല |
| 2 | 2020 | 3 | 2020-ലെ ദി കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് (അമെന്റ്മെന്റ്) ഓർഡിനൻസ് | അല്ല |

(IV) തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2020 | 7 | 2020-ലെ ദി കേരള അഗ്രിക്കൾച്ചറൽ വർക്കേഴ്സ് (അമെന്റ്മെന്റ് ) ഓർഡിനൻസ് | അല്ല |
| 2 | 2020 | 8 | 2020-ലെ ദി കേരള ലേബർ വെൽഫയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ് | അല്ല |

(V) സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2019 | 41 | 2019-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ഓർഡിനൻസ് | അല്ല |
| 2 | 2020 | 5 | 2020-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ഓർഡിനൻസ് | അല്ല |
| 3 | 2020 | 6 | 2020-ലെ ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ഓർഡിനൻസ് | അല്ല |

(VI) പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2019 | 40 | 2019-ലെ ദി കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ് | അല്ല |
| 2 | 2020 | 2 | 2020-ലെ ദി കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ് | അല്ല |

12.00 NOON]

## VIII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

കൊറോണ വൈറസ് രോഗബാധ

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ചൈനയിലെ വുഹാനിൽ നോവൽ കൊറോണ വൈറസ് പടർന്നുപിടിച്ചത് ലോകം ആശങ്കയോടെയാണ് കണ്ടത്. ചൈനയിൽ കാണപ്പെട്ട നോവൽ കൊറോണ വൈറസ് ഇരുപതിലധികം രാജ്യങ്ങളിലാണ് അതിവേഗം പടർന്നുപിടിച്ചത്. ആയിരക്കണക്കിന് പേരെയാണ് നോവൽ കൊറോണ വൈറസ് ബാധിച്ചത്. നിരവധി ജീവനുകളും നഷ്ടപ്പെട്ടു. ഇതുസംബന്ധിച്ച് ലോകാരോഗ്യ സംഘടനയുടെ മുന്നറിയിപ്പ് ലഭിച്ചയുടൻ സംസ്ഥാന സർക്കാർ കരുതൽ നടപടികളും മുന്നൊരുക്കങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്തുതുടങ്ങി. തുടർന്ന് വളരെ പെട്ടെന്ന് മാർഗ്ഗനിർദ്ദേശങ്ങളും രോഗപ്രതിരോധത്തിനുള്ള രൂപരേഖകളും തയ്യാറാക്കി. കേന്ദ്ര സർക്കാരിന്റെ പകർച്ചവ്യാധി വിഭാഗവുമായി ബന്ധപ്പെട്ട് പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ നടപടി സ്വീകരിച്ചു. ചൈനയിൽ നിന്നുള്ള രോഗവാർത്ത വന്നുതുടങ്ങിയപ്പോൾത്തന്നെ സംസ്ഥാനതല ദ്രുതകർമ്മ സേന യോഗം ചേർന്ന് രോഗനിരീക്ഷണം, ലബോറട്ടറി നിരീക്ഷണം, ചികിത്സാ മാർഗ്ഗരേഖ, പരിശീലനത്തിനും അവബോധ പ്രവർത്തനങ്ങൾക്കുമുള്ള മാർഗ്ഗരേഖകൾ എന്നിവ തയ്യാറാക്കി ജില്ലകൾക്ക് നൽകി.

ചൈനയിൽപോയി തിരിച്ചുവന്നവർ അതത് മെഡിക്കൽ ഓഫീസർമാരുമായി ബന്ധപ്പെടാനും രോഗലക്ഷണങ്ങൾ കണ്ടാൽ അവരെ നിരീക്ഷിക്കാനും നിർദ്ദേശം നൽകി. നിരവധി മലയാളികളാണ് ചൈനയിൽ പഠനത്തിനും ജോലിക്കും മറ്റുമായുള്ളത്. അതിനാൽത്തന്നെ നോവൽ കൊറോണ വൈറസ് ബാധിച്ച ആരെങ്കിലും ചൈനയിൽനിന്നും വന്നാൽ അതിവിടെ വ്യാപിക്കാനുള്ള സാധ്യത കണക്കിലെടുത്തുകൊണ്ടായിരുന്നു ഈ മുന്നൊരുക്കങ്ങൾ. തിരിച്ചുവരുന്നവരുടെയും അവരുടെ ബന്ധുക്കളുടെയും പൊതുജനങ്ങളുടെയും ജീവൻ രക്ഷിക്കാനുള്ള മുന്നൊരുക്കമാണ് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നത്. സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള മാധ്യമങ്ങൾ വഴി ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി.

നിപ വൈറസിനെ അതിജീവിച്ച അനുഭവപാഠവുമായാണ് നോവൽ കൊറോണ വൈറസിനെ നേരിടാൻ സജ്ജമായത്. ജനുവരി 18 മുതൽ വിവിധ തലങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കിയിരുന്നു. നോവൽ

കൊറോണ വൈറസ് ചൈനയിൽ പടരുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചു. കേരളത്തിലെ എയർപോർട്ടുകൾ കേന്ദ്രീകരിച്ച് നിരീക്ഷണം ശക്തമാക്കി. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കാനാണ് ആലോചിച്ചത്. ചൈനയിൽപോയി വന്നവർ അതത് ജില്ലാ മെഡിക്കൽ ഓഫീസർമാരുമായി ബന്ധപ്പെടണമെന്ന നിർദ്ദേശം വീണ്ടും നൽകി. രോഗലക്ഷണങ്ങൾ കണ്ടാൽ അവരെ പ്രത്യേകമായി നിരീക്ഷിക്കാൻ തീരുമാനിച്ചു. രോഗബാധ പ്രതിരോധിക്കാനുള്ള കർശന നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകി.

ജനുവരി 30-നാണ് ഇന്ത്യയിലെ ആദ്യത്തെ കൊറോണ വൈറസ് ബാധ കേരളത്തിലാണെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം സ്ഥിരീകരിച്ചത്. തൃശ്ശൂർ ജനറൽ ആശുപത്രിയിൽ ഐസൊലേഷൻ വാർഡിൽ പ്രവേശിപ്പിച്ചിരുന്ന ഒരു വിദ്യാർത്ഥിനിക്കാണ് കൊറോണ വൈറസ് രോഗം സ്ഥിരീകരിച്ചത്. ആരോഗ്യ വകുപ്പ് നേരത്തേ തന്നെ മുന്നൊരുക്കങ്ങൾ നടത്തിയിരുന്നതിനാൽ ആദ്യ കേസ് വന്നതോടെ രോഗം തിരിച്ചറിയാൻ കഴിഞ്ഞു. ഇതിലൂടെ രോഗപ്പകർച്ച തടയുന്നതിനും ആരംഭത്തിൽത്തന്നെ ചികിത്സ തുടങ്ങാനും സാധിച്ചു. വിദ്യാർത്ഥിനിയുടെ ആരോഗ്യനില തൃപ്തികരമാണ്. ഫെബ്രുവരി 2-നാണ് കേരളത്തിലെ രണ്ടാമത്തെ നോവൽ കൊറോണ വൈറസ് ബാധിച്ചതായുള്ള സ്ഥിരീകരണം പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വന്നത്. നോവൽ കൊറോണ വൈറസ് ബാധിച്ചതായി സംശയിക്കുന്ന വിദ്യാർത്ഥി ചൈനയിൽനിന്നും വന്നശേഷം ജനുവരി 24 മുതൽ ആലപ്പുഴയിൽ ഐസൊലേഷൻ വാർഡിൽ ചികിത്സയിലായിരുന്നു. വിദ്യാർത്ഥിയുടെ ആരോഗ്യനില തൃപ്തികരമാണ്. കൊറോണ വൈറസ് പ്രതിരോധം ശക്തിപ്പെടുത്തുന്നതിനായി ആരോഗ്യ വകുപ്പ് മാർഗ്ഗനിർദ്ദേശങ്ങളും ലോകാരോഗ്യ സംഘടന സ്വീകരിച്ച ചികിത്സാ മാനദണ്ഡങ്ങളും പുറത്തിറക്കി. രോഗം സ്ഥിരീകരിക്കുന്നതിന് മുമ്പുതന്നെ സംസ്ഥാനതലത്തിൽ സ്റ്റേറ്റ് കൺട്രോൾ റൂമും ജില്ലാ കൺട്രോൾ റൂമും സജ്ജമാക്കിയിട്ടുണ്ട്. ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ദിവസവും യോഗംകൂടിയാണ് ഓരോ ദിവസത്തെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. പ്രധാന യോഗങ്ങളിൽ ആരോഗ്യ വകുപ്പുമന്ത്രിയും പങ്കെടുക്കുന്നുണ്ട്. നിരീക്ഷണത്തിലുള്ളവരെ തദ്ദേശ ഭരണ

സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ കീഴിലാക്കിയാണ് നിരീക്ഷണം ക്രമീകരിച്ചിട്ടുള്ളത്. ടി.വി., റേഡിയോ, ദിനപത്രങ്ങൾ, സോഷ്യൽ മീഡിയ, സിനിമാ തിയേറ്റർ, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ പരസ്യം, ലഘു വീഡിയോകൾ എന്നിവ വഴി ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടരുന്നു. മെഡിക്കൽ കോളേജുകളിലും ജില്ലയിലെ പ്രധാന ജില്ലാ/ജനറൽ ആശുപത്രിയിലും കൊറോണ വൈറസ് ഒ.പി.-യും ഐസൊലേഷൻ വാർഡും സജ്ജമാക്കിയിട്ടുണ്ട്. എല്ലാ ആശുപത്രികളിലും അണുനശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. മാസ്ക്, കൈയുറ, സുരക്ഷാ കവചങ്ങൾ തുടങ്ങിയ വ്യക്തിഗത സുരക്ഷാ ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ ലഭ്യമാക്കാനും കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. രോഗലക്ഷണങ്ങൾ ഉള്ളവരുടെ സാമ്പിളുകൾ പൂനെ ദേശീയ വൈറോളജി ലാബിലേയ്ക്ക് അയച്ചുകൊണ്ടിരിക്കുകയാണ്.

എയർപോർട്ടുകൾ, സീപോർട്ടുകൾ എന്നിവ കേന്ദ്രീകരിച്ച് നിരീക്ഷണം ശക്തമാക്കിയാണ് പ്രാഥമികമായി കൊറോണ വൈറസ് ഉള്ളവരെ കണ്ടെത്തുന്നത്. എയർപോർട്ട്, സീപോർട്ട് എന്നിവിടങ്ങളിലെ ഹെൽത്ത് ഓഫീസർമാരാണ് ഇവരെ സ്ക്രീൻ ചെയ്യുന്നത്. എന്തെങ്കിലും രോഗലക്ഷണങ്ങൾ കണ്ടാൽ അവരെ ഐസൊലേഷൻ വാർഡുകളിലേയ്ക്ക് മാറ്റുകയും രോഗലക്ഷണങ്ങൾ ഇല്ലാത്തവരെ ബോധവൽക്കരണം നൽകി വീടുകളിൽത്തന്നെ നിരീക്ഷിക്കാനുള്ള സംവിധാനവും തുടരുന്നു. ഇവരെ 28 ദിവസം വരെ നിരീക്ഷിക്കണം. 14 ദിവസമാണ് ഇൻക്യുബേഷൻ പിരീഡ്. കൂടുതൽ സുരക്ഷിതത്വത്തിനുവേണ്ടി നമ്മൾ 28 ദിവസം നിരീക്ഷിക്കുന്നു. നിപ വൈറസ്ബാധയുണ്ടായപ്പോഴും അതാണ് ചെയ്തത്. രോഗലക്ഷണങ്ങൾ കണ്ടാലുടനെ ഐസൊലേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ള ആശുപത്രിയിലേയ്ക്ക് എത്തേണ്ടതാണ്. ആരോഗ്യ വകുപ്പ് ഏർപ്പെടുത്തുന്ന വാഹനത്തിൽ മാത്രമേ വരാവൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ജനുവരി 27-ന് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളവും അനുബന്ധ ആശുപത്രികളും കേന്ദ്രസംഘം സന്ദർശിച്ച് സംതൃപ്തി അറിയിക്കുകയുണ്ടായി. തിരുവനന്തപുരം വിമാനത്താവളത്തിൽ സർവയലൻസ് സംവിധാനം ആരംഭിക്കുകയും 4 മെഡിക്കൽ ഓഫീസർമാരെയും 6 പാരാമെഡിക്കൽ ജീവനക്കാരെയും ഇതിനായി നിയോഗിക്കുകയുമുണ്ടായി. നോവൽ കൊറോണ

വൈറസ് സ്ഥിരീകരിച്ചപ്പോൾത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശം അനുസരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയാണ് ചെയ്തത്. പ്രസ്സ് മീറ്റ് വിളിച്ചുചേർത്ത് തൃശ്ശൂർ ജില്ലയിലെ ഒരു വിദ്യാർത്ഥിനിക്ക് നോവൽ കൊറോണ വൈറസ് സ്ഥിരീകരിച്ചതായി അറിയിച്ചു. തിരുവനന്തപുരത്ത് അടിയന്തര റാപ്പിഡ് റെസ്പോൺസ് ടീം യോഗം ആരോഗ്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചുചേർത്തു. അന്നത്തെ യോഗത്തിൽ കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറും പങ്കെടുത്തിരുന്നു. ഈ വൈറസിനെ ഫലപ്രദമായി എങ്ങനെ പ്രതിരോധിക്കാം എന്നതിനെ സംബന്ധിച്ചാണ് പ്രധാനമായും ആലോചിച്ചത്. കൊറോണ രോഗം ബാധിച്ച വിദ്യാർത്ഥിയുടെ അവസ്ഥ ഗുരുതരമല്ലെങ്കിലും ആ വിദ്യാർത്ഥി യാത്രയിലും മറ്റും ബന്ധപ്പെട്ടിട്ടുള്ളവരുടെ കോൺടാക്ട് ലിസ്റ്റ് തയ്യാറാക്കാനാണ് തീരുമാനിച്ചത്. കുട്ടിയുമായി സമ്പർക്കത്തിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് ഇപ്പോഴില്ലെങ്കിലും പിന്നീട് രോഗ ലക്ഷണങ്ങൾ പ്രകടിപ്പിക്കാൻ ഇടയുള്ളതിനാൽ അവരെ കണ്ടെത്തി നിരീക്ഷണത്തിൽ വയ്ക്കാൻ തീരുമാനിച്ചു. നോവൽ കൊറോണ സ്ഥിരീകരിച്ച ജനുവരി 30-ന് അർദ്ധരാത്രി തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഉന്നതതല യോഗം വിളിക്കുകയും ആരോഗ്യം, തദ്ദേശ സ്വയംഭരണം, വിദ്യാഭ്യാസം, കൃഷി എന്നീ വകുപ്പുമന്ത്രിമാരും ശ്രീ. അനിൽ അക്കര എം.എൽ.എ.യും പങ്കെടുക്കുകയും ചെയ്തു. തുടർന്നുള്ള ദിവസങ്ങളിൽ ആരോഗ്യം, വിദ്യാഭ്യാസം, പോലീസ്, തദ്ദേശ സ്വയംഭരണം തുടങ്ങിയ എല്ലാ വകുപ്പുകളുടെയും പ്രധാനികളെ ഉൾപ്പെടുത്തിയുള്ള യോഗം ചേർന്നു. ഇതുകൂടാതെ സ്വകാര്യ ആശുപത്രികളുടെ തലവന്മാരെയും വിളിച്ചുചേർക്കുകയുണ്ടായി. പ്രതിരോധ പ്രവർത്തനങ്ങളിൽ സ്വകാര്യ ആശുപത്രികളുടെ പങ്കാളിത്തവും അവിടെ ഐസൊലേഷൻ വാർഡ് സെറ്റ് ചെയ്യുന്ന കാര്യവും ഉറപ്പുവരുത്തി. രണ്ടാമത്തെ കേസ് ആലപ്പുഴയിൽ സ്ഥിരീകരിച്ചതിനെ തുടർന്ന് ആലപ്പുഴയിലും ഇതേ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമായി നടത്തി.

കൊറോണ വൈറസിനെ ചെറുക്കാൻ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ സഹായത്തോടെ വലിയ പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമായി നടന്നുവരുന്നു. ജാഗ്രതാ നിർദ്ദേശം തുടർന്നും നൽകുകയാണ്. വ്യാജ പ്രചരണങ്ങൾക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നു. പോലീസ് ഡിപ്പാർട്ടുമെന്റും സൈബർ വിഭാഗവും ഇക്കാര്യത്തിൽ സ്തുത്യർഹമായ

പ്രവർത്തനമാണ് നടത്തുന്നത്. കൊറോണ വൈറസ് മറ്റുള്ളവരിലേയ്ക്ക് വ്യാപിക്കാതിരിക്കാൻ എല്ലാവരും മുൻകരുതലെടുക്കണം. നിപയെയും പ്രളയത്തെയും നമ്മൾ അതിജീവിച്ചത് കൂട്ടായ പ്രവർത്തനത്തിലൂടെയാണ്. അതേ ആത്മവിശ്വാസത്തോടുകൂടിയുള്ള പ്രവർത്തനങ്ങളാണ് കൊറോണ വൈറസിനെ പ്രതിരോധിക്കുന്നതിലും സ്വീകരിക്കേണ്ടത്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി എല്ലാ ദിവസവും വൈകുന്നേരം 6.00 മണിക്ക് കൺട്രോൾ റൂമുമായി ബന്ധപ്പെട്ട എല്ലാവരുമായി യോഗം ചേരുകയും 7.00 മണിയോടെ പ്രസ്സ് റിലീസ് കൊടുക്കുകയും ചെയ്യുന്നുണ്ട്. വ്യത്യസ്തമായ എന്തെങ്കിലും വാർത്തകൾ പ്രചരിക്കുന്നത് ജനങ്ങളെയാകെ ഭയവിഹ്വലരാക്കുന്നതിന് ഇടയാക്കും. നമ്മൾ ഒന്നും മറച്ചുവയ്ക്കുന്നില്ല, കൃത്യമായ എല്ലാ കണക്കുകളും കൊടുക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഇന്നത്തെ പ്രസ്സ് റിലീസ് വൈകിട്ട് 7.00 മണിക്കുശേഷം മാത്രമേ പറയുകയുള്ളൂ. രോഗബാധിത പ്രദേശങ്ങളിൽ നിന്നായി 1999 പേർ കേരളത്തിൽ എത്തിച്ചേർന്നതായി വിവരം കിട്ടിയിട്ടുണ്ട്. ഇവരിൽ 1924 പേർ ഹോം ക്വാറന്റൈനിലാണ്. ഇവരെ ആരോഗ്യ പ്രവർത്തകർ കൃത്യമായി നിരീക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ട്. അവർക്ക് പുറത്തെങ്ങും പോകാൻ പാടില്ലെന്ന കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്. 28 ദിവസം അവർ നിരീക്ഷണത്തിലാണ്. 75 പേർ വിവിധ ജില്ലകളിലെ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലെ ഐസൊലേഷൻ വാർഡിലും മറ്റുമായി ഒബ്സർവേഷനിലാണ്. 140 സാമ്പിളുകളാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിൽ പരിശോധനയ്ക്ക് അയച്ചത്. അതിൽ 36 സാമ്പിളുകളുടെ ഫലം നെഗറ്റീവും 2 എണ്ണം പോസിറ്റീവും ആയിട്ടാണ് ഇന്നലെ വരെയുള്ള റിപ്പോർട്ട്. ഇന്ന്, ഈ റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം, ഒരു റിസൾട്ടുകൂടി പോസിറ്റീവായിട്ടുണ്ട്. അത് കാസർഗോഡ് ജില്ലയിലാണ്. അവിടെ എല്ലാ സൗകര്യവും ഒരുക്കിയിട്ടുണ്ട്. അവിടെ നിരീക്ഷണത്തിൽ കഴിയുന്ന വിദ്യാർത്ഥിയുടെ റിസൾട്ടാണ് പോസിറ്റീവായത്. അവിടെയും നന്നായി ശ്രദ്ധിക്കാൻ പറയുന്നുണ്ട്. രോഗലക്ഷണങ്ങളോ എന്തെങ്കിലും സംശയങ്ങളോ ഉണ്ടെങ്കിൽ ബന്ധപ്പെടാനായി 'ദിശ 1056' എന്ന ടോൾ ഫ്രീ നമ്പർ കൊടുത്തിട്ടുണ്ട്. ഇതിൽ വിളിച്ചാൽ കൺട്രോൾ റൂമിൽ കിട്ടും. കൂടാതെ തിരുവനന്തപുരത്തെ സ്റ്റേറ്റ് കൺട്രോൾ റൂമിൽ 0471-2552056 എന്ന നമ്പരായിട്ടുണ്ട്. അവിടെ ഫോൺ കോളുകൾ വരുന്നുണ്ട്.

കോളുകൾ അനലൈസ് ചെയ്ത് അപ്പോൾത്തന്നെ നടപടിയും സ്വീകരിക്കുന്നുണ്ട്. എല്ലാ ജില്ലാ കേന്ദ്രങ്ങളിലും കൺട്രോൾ റൂമും പ്രത്യേക നമ്പരുമുണ്ട്. അവിടെയും ഫോൺ കോളുകൾ വരുന്നുണ്ട്. ജനങ്ങളുടെ സംശയനിവാരണം, ഏതെങ്കിലും കേസ് ശ്രദ്ധയിൽപ്പെട്ടാൽ ശ്രദ്ധിക്കേണ്ട ആവശ്യകത തുടങ്ങിയ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇത് തുടർന്നുള്ള ദിവസങ്ങളിലും നടത്തേണ്ടതായിട്ടുണ്ട്. കാരണം പോസിറ്റീവ് റിസൾട്ട് വന്ന കുട്ടിയുമായി കോൺടാക്ടിലുള്ളവർക്ക് ഇനിയും പോസിറ്റീവാകാൻ സാധ്യതയുണ്ട്. അവരെ ഉടൻതന്നെ ഹോസ്പിറ്റലൈസ് ചെയ്യേണ്ടതുണ്ട്. ഇപ്പോൾത്തന്നെ അതിൽ മിക്കവരും ഹോസ്പിറ്റലിലാണ്. അവരെ നന്നായി നോക്കേണ്ടതായിട്ടുണ്ട്.

ഇവിടെ സൂചിപ്പിച്ചതുപോലെ ഇതിന് പ്രത്യേക മെഡിസിനില്ല. ഈ രോഗലക്ഷണങ്ങൾക്കെല്ലാമുള്ള ചികിത്സ കൊടുത്ത് വിശ്രമിക്കാനുള്ള അവസരം ഒരുക്കിയാൽ ജീവൻ നഷ്ടപ്പെടാതെ നോക്കാമെന്നാണ് കരുതുന്നത്. മറ്റെന്തെങ്കിലും രോഗമുള്ളവർക്ക് ഈ രോഗം ബാധിച്ചാൽ അത് മരണകാരണമായി മാറാം. വളരെപ്പെട്ടെന്ന് പടരാൻ സാധ്യതയുള്ളതാണ്. മോർട്ടാലിറ്റി റേറ്റ് കുറവാണ്. സാർസ്, മെർസ് തുടങ്ങിയ കുടുംബത്തിൽ ഉൾപ്പെട്ടതാണിത്. നാം വളരെ അസ്വസ്ഥരായി ജനങ്ങളെ ഭീതിപ്പെടുത്തേണ്ടതില്ല. പക്ഷേ, വളരെ ശ്രദ്ധാലുക്കളായിരിക്കണം.

ഇതിൽ എല്ലാ ജനപ്രതിനിധികളുടെയും സഹകരണവും പിന്തുണയും ഉണ്ടാകണം. ഏതെങ്കിലും കാര്യം ശ്രദ്ധയിൽപ്പെട്ടാൽ അത് കൺട്രോൾ റൂമിലോ അല്ലെങ്കിൽ മുഖ്യമന്ത്രിയുടെയോ ആരോഗ്യ വകുപ്പുമന്ത്രിയുടെയോ ഓഫീസിലോ വിളിച്ച് അറിയിക്കുകയാണെങ്കിൽ വളരെപ്പെട്ടെന്ന് അക്കാര്യങ്ങളിൽ നടപടിയുണ്ടാകും. എല്ലാ ജില്ലകളിലും കൺട്രോൾ റൂമുണ്ട്. അവിടെയും ബന്ധപ്പെടാവുന്നതാണ്. നമ്മൾ ഒരുമിച്ച് ശ്രമിച്ചാൽ കൊറോണ വൈറസ് മരണകാരണമാകാതെ നോക്കാൻ കഴിയുമെന്നാണ് കരുതുന്നത്. വളരെയധികം ശ്രദ്ധിക്കേണ്ട വിഷയമാണിത്. പക്ഷേ, ജനങ്ങളെ വിഹ്വലപ്പെടുത്തേണ്ടതില്ല. നമുക്ക് ചെയ്യാൻ കഴിയുന്ന എല്ലാ മുൻകരുതലുകളും ചെയ്തിട്ടുണ്ട് എന്നുകൂടി പറയുന്നു. കൊറോണ വൈറസിനെ ചെറുക്കുന്നതിൽ എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

## IX ക്രമപ്രശ്നം

ബി.എ.സി. യോഗം സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ: സർ, 31-1-2020-ന് നിയമസഭയുടെ കാര്യോപദേശക സമിതിയുടെ യോഗം ചേരുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നൽകിയ 130-ാം ചട്ടപ്രകാരമുള്ള ഉപക്ഷേപത്തിന്മേലുള്ള നോട്ടീസ് കാര്യോപദേശക സമിതി യോഗത്തിൽ ചർച്ച ചെയ്ത് നിരാകരിച്ച വിവരം യോഗാനന്തരം നിമിഷങ്ങൾക്കുള്ളിൽ ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തുകയുണ്ടായി. എല്ലാ ഇലക്ട്രോണിക്സ് മാധ്യമങ്ങളിലൂടെയും അപ്പോൾത്തന്നെ വാർത്ത വരികയുണ്ടായി. ഇത് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ റൂൾ 200(2)-ന്റെ നഗ്നമായ ലംഘനമാണ്. അതിൽ പറയുന്നത്, "ഒരു കമ്മിറ്റി മുൻപാകെ നൽകപ്പെട്ട തെളിവ് മേശപ്പുറത്ത് വയ്ക്കുന്നതുവരെ കമ്മിറ്റിയിലെ ഏതെങ്കിലും അംഗമോ മറ്റേതെങ്കിലും വ്യക്തിയോ പ്രസിദ്ധീകരിക്കാൻ പാടുള്ളതല്ല. എന്നാൽ, സ്പീക്കർക്ക്, തന്റെ വിവേചനമനുസരിച്ച്, അങ്ങിനെയുള്ള തെളിവ് ഔപചാരികമായി മേശപ്പുറത്ത് വയ്ക്കുന്നതിനുമുൻപ് അത് അംഗങ്ങൾക്ക് സ്വകാര്യമായി ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്" എന്നാണ്.

ബഹുമാനപ്പെട്ട സ്പീക്കർക്കുപോലും അംഗങ്ങൾക്ക് നൽകണമെങ്കിൽ സ്വകാര്യമായി കൊടുക്കണമെന്നാണ് പറയുന്നത്. കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് ഇപ്പോഴാണ് അംഗങ്ങൾക്ക് ലഭിക്കുന്നത്. എന്നാൽ നിയമസഭയുടെ നടപടിക്രമങ്ങൾ സംരക്ഷിക്കാൻ ഏറ്റവും ബാധ്യസ്ഥനായ ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിതന്നെ ബി.എ.സി. യോഗം ചേർന്ന് നിമിഷങ്ങൾക്കുള്ളിൽ മാധ്യമങ്ങളോട് പറഞ്ഞ് അപ്പോൾത്തന്നെ ലൈവായി വാർത്ത വരികയെന്നത് സഭയോടും സഭാദ്ധ്യക്ഷനോടുമുള്ള അവഹേളനമാണ്. അതുകൊണ്ട് ഇതിന് ശക്തമായ റൂളിംഗ് നൽകണം. ഇത് സഭയോടുള്ള അവഹേളനമായി കണക്കാക്കണമെന്നതാണ് എന്റെ ക്രമപ്രശ്നം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട എം. ഉമ്മറിന്റെ ക്രമപ്രശ്നത്തിലെ ഉള്ളടക്കം പരിപൂർണ്ണമായും ഞാൻ ഉൾക്കൊള്ളുകയാണ്. ഞാനത് പറഞ്ഞിട്ടില്ല. കാര്യോപദേശക സമിതിയുമായി ബന്ധപ്പെട്ടശേഷം ഞാനും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും നടത്തിയിട്ടുള്ള പരാമർശം രേഖയിലുണ്ട്. അത് യൂട്യൂബ് വഴി ബഹുമാനപ്പെട്ട സ്പീക്കർക്ക് പരിശോധിക്കാം. ഇന്നത്തെ പത്രത്തിൽ 'പ്രമേയം നിരാകരിച്ചതിനു പിന്നിൽ' എന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഒരു ലേഖനം വന്നിട്ടുണ്ട്. അതിൽ കാര്യോപദേശക സമിതി യോഗത്തിൽ എന്താണോ നടന്നത് അത് അങ്ങനെ തന്നെ ലേഖനമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഞാൻ പറഞ്ഞ കാര്യങ്ങളും അതിൽ അങ്ങനെ തന്നെ സൂചിപ്പിച്ചിട്ടുണ്ട്. ഇത് ഇന്നത്തെ ദിനപത്രത്തിൽ വന്നതാണ്. കാര്യോപദേശക സമിതി യോഗം കഴിഞ്ഞതിന്റെ തൊട്ടടുത്ത ദിവസം കേരളത്തിലെ മിക്ക ദിനപത്രങ്ങളിലും എന്റേതായി ഒരു വാർത്തയും വന്നിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പരാമർശങ്ങൾ പരിപൂർണ്ണമായും മലയാള മനോരമ, മാതൃഭൂമി തുടങ്ങിയ ദിനപ്പത്രങ്ങളിലൊക്കെ വന്നിട്ടുണ്ട് - "പ്രതിപക്ഷ നോട്ടീസ് തള്ളി, പ്രമേയം നിയമപരമെന്ന് സ്പീക്കർ, തള്ളി മന്ത്രി ബാലൻ". ഏതെങ്കിലും ഒരു ദിനപ്പത്രത്തിൽ ഞാൻ പറഞ്ഞതായിട്ടില്ല. കാര്യോപദേശക സമിതി യോഗത്തിനുശേഷം എ.കെ.ജി. സെന്ററിലേയ്ക്ക് പോകുമ്പോൾ ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് പത്ര-ദൃശ്യ മാധ്യമങ്ങൾ ചോദിച്ചപ്പോൾ ഗവൺമെന്റിന്റെ നിലപാട് ആദ്യം തന്നെ ഞാൻ സൂചിപ്പിച്ചതാണെന്ന് അവരോട് പറഞ്ഞു. കാര്യോപദേശക സമിതി എന്നൊരു വാക്കുപോലും അതിലില്ല. കാരണം ലോക്സഭയിൽ ബൻസിലാൽ എസ്റ്റിമേറ്റ് കമ്മിറ്റി ചെയർമാനും ശങ്കർദയാൽ ശർമ്മ, മധു ദണ്ഡവതെ എന്നിവർ അംഗങ്ങളുമായിരുന്ന കമ്മിറ്റി മുതൽ ശ്രീ. വി. ഡി. സതീശൻ ചെയർമാനായുള്ള കമ്മിറ്റിയിൽ വരെ അംഗമായിരുന്ന ഒരാളെന്ന നിലയിൽ അത്യാവശ്യം ഇതിനെ സംബന്ധിച്ചിട്ടുള്ള അറിവ് എനിക്കുണ്ട്. കമ്മിറ്റിയിൽ പറയുന്ന കാര്യം നിയമസഭയുടെ മുമ്പാകെ വരുന്നതിനുമുമ്പ് അത്, പ്രൊസീഡിംഗ്സായാലും റിപ്പോർട്ടായാലും പുറത്തുപറയാൻ പാടില്ലെന്നുള്ള വ്യക്തമായ ധാരണയുള്ള ഒരാളാണ് ഞാൻ. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ മുൻകരുതലെടുക്കും. അതുകൊണ്ടാണ് കാര്യോപദേശക സമിതി എന്നുള്ള വാക്ക് ബോധപൂർവ്വം ഒരു സ്ഥലത്തുപോലും പറയാതിരുന്നത്. ബിസിനസ് അഡ്വൈസറി കമ്മിറ്റി യോഗം ചേരുന്നതിനുമുമ്പുതന്നെ ഗവൺമെന്റ് എടുത്ത ചില തീരുമാനങ്ങളുണ്ട്. അത് ഞാൻ പത്രക്കാരോട് പറഞ്ഞിട്ടുണ്ട്, അതിനെക്കാളും മുമ്പും പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഗവർണറെ

തിരിച്ചുവിളിക്കണമെന്ന് ആവശ്യപ്പെടുന്ന പ്രമേയം സഭയിൽ ചർച്ച ചെയ്യപ്പെടണമെന്ന് ചട്ടം 130 പ്രകാരം പ്രതിപക്ഷം ബഹുമാനപ്പെട്ട സ്പീക്കർക്ക് നോട്ടീസ് നൽകി. ഈ നോട്ടീസ് 31-1-2020-ലെ കാര്യോപദേശക സമിതി യോഗം ചർച്ചയ്ക്കെടുത്തു. ആ യോഗത്തിനു ശേഷം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് നിയമസഭയിലെ മീഡിയ റൂമിൽ പത്രസമ്മേളനം നടത്തി. അതിൽ പാർലമെന്ററികാര്യ വകുപ്പുമന്ത്രി എന്ന നിലയിൽ എന്റെ പേര് എടുത്തുപറഞ്ഞ് കാര്യോപദേശക സമിതിയിൽ ചർച്ച ചെയ്യപ്പെട്ട കാര്യങ്ങൾ മാധ്യമങ്ങൾക്ക് മുമ്പിൽ രാഷ്ട്രീയപ്രേരിതമായി അവതരിപ്പിക്കുകയുണ്ടായി. അപ്പോൾത്തന്നെ പത്രക്കാർ എന്നെ വിളിച്ചപ്പോൾ കാര്യോപദേശക സമിതിയിൽ പറഞ്ഞ ഒരു കാര്യവും ഞാൻ പുറത്തുപറയില്ലെന്ന് പറഞ്ഞു. കാര്യോപദേശക സമിതി എന്നുള്ളൊരു വാക്കുപോലും ഞാൻ പറഞ്ഞില്ല. ദേശാഭിമാനി ദിനപ്പത്രത്തിന്റെ ഓഫീസിൽ നിന്നും വിളിച്ചിരുന്നു, അവരോടും ഞാൻ ഇതുതന്നെ പറഞ്ഞു. അതുകൊണ്ടാണ് എന്റെ പേര് പത്രത്തിലെവിടെയും വരാതിരുന്നത്. കാര്യോപദേശക സമിതി യോഗത്തിനുശേഷം യോഗനടപടികൾ പരാമർശിക്കാതെ ഞാൻ പറഞ്ഞത്, ഗവൺമെന്റ് മുമ്പെടുത്ത തീരുമാനമാണ്. എന്നാൽ ഈ നോട്ടീസ് ലഭിച്ചതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി സംസാരിച്ചതിന്റെ ഭാഗമായി ഗവൺമെന്റിന് ഇപ്പോൾ ഈ പ്രമേയം അംഗീകരിക്കാൻ സാധിക്കില്ലെന്ന് പറഞ്ഞു. അതുമായി ബന്ധപ്പെട്ട് പറഞ്ഞ കാര്യം, ചട്ടം 130 പ്രകാരം കൊടുത്ത നോട്ടീസിന്റെ ഉള്ളടക്കം സർക്കാർ അംഗീകരിക്കുന്നില്ല എന്നതാണ്. മാത്രമല്ല, ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം 12-ാം തീയതി വരെ ടൈറ്റ് ഷെഡ്യൂളാണ്. അതിൽ സമയം സ്പെയർ ചെയ്യാൻ കഴിയില്ല. പ്രായോഗികമായ ഈ പ്രശ്നവും നിയമപരമായിട്ടുള്ള പ്രശ്നവും കൂടി നോക്കുമ്പോൾ ചട്ടം 130 പ്രകാരം നോട്ടീസിന്റെ ഉള്ളടക്കം ഉൾക്കൊള്ളാൻ സർക്കാരിന് കഴിയില്ല. ഇത് ആദ്യമെടുത്ത നിലപാടാണ്. ഇതിൽ ഒരൊറ്റ സ്ഥലത്തുപോലും കാര്യോപദേശക സമിതിയുടെ യോഗ തീരുമാനപ്രകാരം ആണെന്ന് ഞാൻ പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട സ്പീക്കർ ഇതൊന്ന് പരിശോധിക്കുക. ഇത് യഥാർത്ഥത്തിൽ അപ്പം കൊടുത്ത് പിണ്ണാക്ക് വാങ്ങിയതാണ്. അതാണ് ഇവിടെ സംഭവിച്ചത്. ഇത് എന്റെ തലയിൽ വച്ചിരിക്കുകയാണ്. ഇന്നത്തെ ദിനപ്പത്രത്തിലടക്കം ലേഖനമെഴുതുകയാണ്. ഞാൻ ചോദിക്കട്ടെ, കാര്യോപദേശക സമിതി യോഗവുമായി ബന്ധപ്പെട്ട പ്രമേയമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ വായിക്കാൻ പോകുന്നത്. അതിനുമുമ്പ് എങ്ങനെയാണ് 'പ്രമേയം നിരാകരിച്ചതിനു പിന്നിൽ' എന്നൊക്കെ പറഞ്ഞ് ഇന്നത്തെ ദിനപ്പത്രത്തിൽ വാർത്ത വരിക? എങ്ങനെയാണ് മലയാള മനോരമ ദിനപ്പത്രത്തിൽ വരിക. എവിടെയെങ്കിലും എ. കെ. ബാലൻ പറഞ്ഞുവെന്നുള്ളത്

ബഹുമാനപ്പെട്ട സ്പീക്കർക്ക് കാണിച്ചുതരാൻ സാധിക്കുമോ? സാധാരണനിലയിൽ ശ്രീ. എം. ഉമ്മർ ഈ രൂപത്തിലുള്ള കാര്യങ്ങൾ പറയാറില്ല, പഠിച്ചിട്ടേ പറയാറുള്ളൂ. ലൈവായി വന്നതിൽ ഗവൺമെന്റിന്റെ നിലപാട് ഞാൻ പറഞ്ഞിട്ടുണ്ട്. ഗവൺമെന്റിന്റെ നിലപാട് കാര്യോപദേശക സമിതി യോഗം ചേരുന്നതിനുമുമ്പ് ഞാൻ പറഞ്ഞിട്ടുണ്ട്. കാര്യോപദേശക സമിതി യോഗത്തിനുശേഷം തീരുമാനം ഇതാണെന്ന ഒരു വാക്ക് നിങ്ങൾക്ക് കാണിച്ചുതരാൻ സാധിക്കുമോ? ബഹുമാനപ്പെട്ട സ്പീക്കർക്ക് പരിശോധിക്കാം.

മി. സ്പീക്കർ: പരിശോധിക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബിസിനസ് അഡ്വൈസറി കമ്മിറ്റിയിലും സബ്ജക്ട് കമ്മിറ്റിയിലും ചർച്ച ചെയ്യുന്ന കാര്യങ്ങൾ ആരും പത്രസമ്മേളനം നടത്തിയോ ചാനലുകൾക്ക് മുമ്പാകെയോ പറയാറില്ല. അതാണ് നിയമസഭാ ചട്ടങ്ങൾ നിർദ്ദേശിക്കപ്പെടുന്നത്. ചട്ടം 130 അനുസരിച്ച് ഞാൻ കൊടുത്തിട്ടുള്ള പ്രമേയം with all your legal right വച്ച് അങ്ങ് അഡ്മിറ്റ് ചെയ്തു. പ്രമേയം അഡ്മിറ്റ് ചെയ്തുകഴിഞ്ഞാൽ ബി.എ.സി.യുടെ ചുമതല എന്താണ്? അങ്ങ് അഡ്മിറ്റ് ചെയ്തു, date mention ചെയ്യാത്ത no date motion എന്ന നിലയിൽ അങ്ങ് സർക്കുലേറ്റ് ചെയ്യുകയും ചെയ്തു. പ്രമേയം അഡ്മിറ്റ് ചെയ്തുകഴിഞ്ഞാൽ ഒന്നുകിൽ അങ്ങ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് time fix ചെയ്യും; അല്ലെങ്കിൽ കാര്യോപദേശക സമിതിക്ക് കൊടുക്കും. അങ്ങ് പ്രസ്തുത പ്രമേയം കാര്യോപദേശക സമിതിക്ക് വിട്ടുകൊടുക്കുകയും അവിടെ ചർച്ച ചെയ്യുകയും ചെയ്തു. സമയം അലോട്ട് ചെയ്തില്ലെന്നേയുള്ളൂ. എന്റെ പ്രമേയം തള്ളിയിട്ടൊന്നുമില്ല. ചട്ടം 130 അനുസരിച്ച് ഞാൻ കൊടുത്ത പ്രമേയം തള്ളിയെന്നാണ് മാധ്യമങ്ങളിലൂടെ വാർത്ത വന്നത്; ഇക്കാര്യം അവർക്ക് അറിയാത്തതുകൊണ്ടാണ്. സമയം അലോട്ട് ചെയ്തിട്ടില്ലെന്ന് മാത്രമേയുള്ളൂ. യോഗം കഴിഞ്ഞതിനുശേഷം എന്റെ മുറിയിൽവന്ന പത്രക്കാരോട്, ഇക്കാര്യം പുറത്തു സംസാരിക്കുന്നത് ശരിയല്ലാത്തതുകൊണ്ട്, പത്ര സമ്മേളനമില്ലെന്നാണ് ഞാൻ പറഞ്ഞത്. ആ സമയത്ത് ടെലിവിഷൻ ചാനലിലൂടെ എ.കെ.ജി. സെന്ററിന് മുന്നിൽ ശ്രീ. എ. കെ. ബാലൻ, ബി.എ.സി. എന്ന് പറഞ്ഞില്ലെങ്കിലും അവിടെ പറഞ്ഞ എല്ലാ കാര്യങ്ങളും പറഞ്ഞു. പാർലമെന്ററികാര്യ വകുപ്പുമന്ത്രി തന്നെ ഇക്കാര്യം പരസ്യമായി പറഞ്ഞിരിക്കുകയാണെന്ന് ഞാൻ ബഹുമാനപ്പെട്ട സ്പീക്കറെ വിളിച്ചുപറഞ്ഞു. So I am compelled to explain my position to the press എന്ന് ഞാൻ അങ്ങയോട് പറഞ്ഞു. അങ്ങ് നെയ്യാറ്റിൻകരയിൽ ഒരു പരിപാടിക്ക് പോകുന്ന വഴിയിലായിരുന്നു. ഇക്കാര്യം

ഞാൻ അറിയിച്ചപ്പോൾ, ഇക്കാര്യം പറയുന്നത് ശരിയല്ലെന്ന് അങ്ങുതന്നെ പറഞ്ഞു. പക്ഷേ, അദ്ദേഹം പറഞ്ഞതുകൊണ്ടും മറ്റ് മാർഗ്ഗമില്ലാത്തതുകൊണ്ടും എനിക്ക് പറയേണ്ടി വന്നു. അതാണ് സംഭവിച്ചത്. നേരത്തേ പാർലമെന്റ് അംഗവും വളരെക്കാലം നിയമസഭയിൽ എം.എൽ.എ.യും ആയിരുന്ന ഒരംഗത്തിന്റെ ഭാഗത്തുനിന്ന് ഏകപക്ഷീയമായി വാർത്തകൾ പുറത്തുവരുന്നതുകണ്ട് ഞാൻ ബഹുമാനപ്പെട്ട സ്പീക്കറെ ഈ വിവരം അറിയിച്ചതാണ്. അതിനുശേഷമാണ് പത്രലേഖകരോട് പറയാൻ നിർബന്ധിതമായത്. ഒന്നാമതായി എന്റെ പ്രമേയം തള്ളിയെന്ന് പറയുന്നത് ശരിയല്ല. ടൈം അലോട്ട് ചെയ്തില്ലെന്ന് മാത്രമേയുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിക്കുന്ന റിപ്പോർട്ടിനകത്തും അത് മാത്രമേയുള്ളൂ. അതുകൊണ്ട് ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി അറിയുന്ന കാര്യം അദ്ദേഹം പറഞ്ഞപ്പോഴാണ് എനിക്ക് പിന്നീട് പുറത്തുപറയേണ്ടതായി വന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ അങ്ങയുടെ റൂളിംഗ് വേണം. നാളെയും ഇതുപോലുള്ള കാര്യങ്ങളുണ്ടാകുമ്പോൾ, അല്ലെങ്കിൽ സബ്ജക്ട് കമ്മിറ്റി യോഗം ചേർന്നുകൊണ്ടിരിക്കുന്ന സമയത്ത് പത്രലേഖകരോട് ഇതെല്ലാം വിളിച്ച് പറയും. സാധാരണഗതിയിൽ അംഗങ്ങളാരും പറയാറില്ല. അതിനൊരു പ്രൊസിഡ്യുവർ റൂൾസ് ഓഫ് പ്രൊസീഡുവറിൽ ഉള്ളതാണ്. അങ്ങയുടെ റൂളിംഗിലൂടെ നാളെ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടിയുണ്ടാകണമെന്നാണ് എന്റെ അഭ്യർത്ഥന.

<u>മി. സ്പീക്കർ</u>: ഈ വിഷയത്തിന്റെ നാനാവശങ്ങളും വീഡിയോ ക്ലിപ്പിംഗുകളും പരിശോധിച്ച് റൂളിംഗ് നൽകാവുന്നതാണ്. കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് സഭ അഡോപ്റ്റ് ചെയ്താൽ മാത്രമേ അത് തീരുമാനമാകുന്നുള്ളൂ. അതിനുമുമ്പ് ഇത് പുറത്ത് പറയുന്നത് ശരിയല്ല. അങ്ങനെയൊരു കീഴ്വഴക്കമില്ല. ക്ലിപ്പിംഗുകൾ പരിശോധിച്ചശേഷം വിശദമായ റൂളിംഗ് നാളെ നൽകാം.

## X <u>റിപ്പോർട്ട് സമർപ്പണം</u>

### <u>കാര്യോപദേശക സമിതിയുടെ പതിനേഴാമത് റിപ്പോർട്ട്</u>

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, കാര്യോപദേശക സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

<u>മി. സ്പീക്കർ</u> : റിപ്പോർട്ട് സർപ്പിച്ചിരിക്കുന്നു.

# XI ചട്ടം 215 പ്രകാരമുള്ള ഉപക്ഷേപം

## കാര്യോപദേശക സമിതിയുടെ 17-ാമത് റിപ്പോർട്ട് അതേ കമ്മിറ്റിക്കുതന്നെ മടക്കി അയയ്ക്കണമെന്ന ഉപക്ഷേപം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, 31-12-2019-ൽ കേരള നിയമസഭ അതിന്റെ പൂർണ്ണമായ അധികാരപരിധിയിൽ നിന്നുകൊണ്ട് 2019-ലെ പൗരത്വ നിയമ ഭേദഗതി നിയമത്തിനെതിരായ ഒരു പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി. ഈ സഭ പാസ്സാക്കിയ നിയമം കേരളത്തിലെ ജനങ്ങളുടെ വികാരത്തെ പൂർണ്ണമായി പ്രതിഫലിപ്പിക്കുന്ന ഒന്നായിരുന്നു. സംസ്ഥാനത്ത് നിലനിൽക്കുന്ന ജനവികാരത്തെ മാനിച്ചുകൊണ്ട് സംസ്ഥാന നിയമസഭ പാസ്സാക്കിയ നിയമം കേരളം മാത്രമല്ല, കേരളത്തിന് പുറത്തും എല്ലാവരും അംഗീകരിച്ച, അഭിനന്ദിച്ച കാര്യമാണ്. ഭരണഘടനയുടെ അനുച്ഛേദം 168 പ്രകാരം സംസ്ഥാന ഗവർണർ നിയമസഭയുടെ അവിഭാജ്യഘടകമാണ്. സംസ്ഥാന ഗവർണറും നിയമസഭാംഗങ്ങളും ചേർന്നതാണ് കേരളത്തിന്റെ നിയമനിർമ്മാണ മണ്ഡലം. കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രസ്തുത പ്രമേയത്തോടൊപ്പം നിൽക്കാൻ കേരള ഗവർണർ ബാധ്യസ്ഥനാണ്; because he is a part of our Legislature. എന്നാൽ, ബഹുമാനപ്പെട്ട ഗവർണർ പൊതുവേദികളിൽ പ്രമേയത്തെ തള്ളിപ്പറയുകയും അതിനെതിരെ നിശിതമായ വിമർശനങ്ങൾ നടത്തുകയുമാണ് ചെയ്തത്. പ്രസ്തുത പ്രമേയത്തിന് നിയമപരമായും ഭരണഘടനാപരമായും യാതൊരു നിലനിൽപ്പുമില്ലാത്തതാണെന്നും അത് പാസ്സാക്കുക വഴി കേരള നിയമസഭ അതിന്റെ സമയവും നികുതിപ്പണവും പാഴാക്കുകയാണ് ചെയ്തതെന്നുമാണ് കേരള ഗവർണർ പരസ്യമായി പ്രഖ്യാപിച്ചത്. കൂടാതെ കേരള നിയമസഭയുടെ നടപടിയെ നിശിതമായ ഭാഷയിൽ വിമർശിക്കുകയും ചെയ്തു. സംസ്ഥാന നിയമസഭയുടെ ഭാഗമായ ഗവർണർക്ക് അങ്ങനെയൊരു അഭിപ്രായമുണ്ടായിരുന്നുവെങ്കിൽ അത് അങ്ങയോടായിരുന്നു ആദ്യം പറയേണ്ടിയിരുന്നത്. പുറത്ത് പറയുന്നതിനുപകരം അങ്ങേയ്ക്ക് ഒരു കത്തെഴുതാമായിരുന്നു. അല്ലെങ്കിൽ ഇത് ശരിയായ നടപടിയല്ലെന്ന് അങ്ങയെ വിളിച്ച് പറയാമായിരുന്നു. ആ മാർഗ്ഗങ്ങളൊന്നും സ്വീകരിക്കാതെ പൊതുവേദിയിൽ വച്ച് വളരെ മോശമായി ഈ സഭയുടെ നിലവാരത്തെയും അന്തസ്സിനെയും അഭിമാനത്തെയും ചോദ്യം ചെയ്യത്തക്ക നിലയിലുള്ള പരാമർശങ്ങൾ നടത്തുകയുണ്ടായി. ഭരണഘടനയുടെ അനുച്ഛേദം 156 പ്രകാരം, ഗവർണർ പദവിയിൽ തുടരാനുള്ള സമയത്തിനകമായതിനാലാണ് രാഷ്ട്രപതിയോട് അദ്ദേഹത്തെ മടക്കിവിളിക്കണമെന്ന ആവശ്യം ഞാൻ ഉന്നയിച്ചത്. നിയമസഭാ

ചട്ടം 284 (v) "ചർച്ച ശരിയായ വ്യവസ്ഥകൾ അനുസരിച്ച് എഴുതിയുണ്ടാക്കിയ സാരവത്തായ ഒരു ഉപക്ഷേപത്തെ അടിസ്ഥാനമാക്കിയുള്ളതല്ലാത്തപക്ഷം ഉന്നതാധികാരസ്ഥൻമാരുടെ പെരുമാറ്റത്തെപ്പറ്റി ആക്ഷേപം പറയുകയും"- എന്നാണ്. അതുകൊണ്ട് ഒരു substantive motion വരാൻ വേണ്ടിയാണ് റൂൾ 130 അനുസരിച്ച് ഞാൻ നോട്ടീസ് നൽകിയത്. പ്രസ്തുത ചർച്ച അനുവദിച്ചിരുന്നുവെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ 275-ാം ചട്ടപ്രകാരം സാരവത്തായ ഒരു ഉപക്ഷേപം ഈ സഭയുടെ മുമ്പാകെ വരുമായിരുന്നു. കേരള നിയമസഭയിൽ 1969-ലും 1989-ലും ഗവർണർമാരുടെ നടപടികളെ സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ചട്ടം 215 പ്രകാരം റിപ്പോർട്ട് പരിഗണിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് വിയോജിപ്പുണ്ടെങ്കിൽ ഉപക്ഷേപം മാത്രമേ അവതരിപ്പിക്കുവാൻ പാടുള്ളൂ എന്ന് കൃത്യമായി ചട്ടത്തിൽ പറയുന്നുണ്ട്. ഇവിടെ പ്രസംഗമാണ് നടത്തുന്നത്. ഇത് ശരിയാണോ തെറ്റാണോയെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിക്കേണ്ടതാണ്.

മി. സ്പീക്കർ: ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് അഞ്ച് മിനിട്ടിൽ കൂടുതൽ ഒരംഗത്തിന് സംസാരിക്കാൻ അവകാശമില്ല.

ശ്രീ. എ. കെ. ബാലൻ: സർ, ഉപക്ഷേപം അവതരിപ്പിക്കാൻ മാക്സിമം 30 മിനിറ്റാണ് അനുവദിക്കുന്നത്. ഒരംഗത്തിന് അഞ്ച് മിനിറ്റ് അനുവദിക്കുകയും ചെയ്യാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, അര മണിക്കൂറിൽ കവിയാത്ത നിലയിൽ ചർച്ചയാകാമെന്ന് ചട്ടത്തിൽ പറയുന്നുണ്ട്. അങ്ങ് മുഴുവൻ വായിച്ചിട്ട് പറയണം.

മി. സ്പീക്കർ: അഞ്ച് മിനിട്ടിൽ കൂടുതൽ ഒരംഗത്തിന് സംസാരിക്കാൻ പാടില്ല. ഇവിടെ അങ്ങേയ്ക്ക് പുറമേ അഞ്ച് അംഗങ്ങൾ സംസാരിക്കണമെന്ന് ആവശ്യപ്പെട്ട് എഴുതി നൽകിയിട്ടുണ്ട്. അതുകൊണ്ട് ആ സമയത്തിനുള്ളിൽ നിന്നുകൊണ്ട് മാത്രമേ അങ്ങേയ്ക്ക് സംസാരിക്കാൻ സാധിക്കുകയുള്ളൂ. അല്ലെങ്കിൽ മറ്റുള്ളവരുടെ സമയം നഷ്ടപ്പെടും.

ശ്രീ. രമേശ് ചെന്നിത്തല: സർ, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി അടുത്ത proviso വായിക്കാത്തതുകൊണ്ടാണ് പറയുന്നത്. അര മണിക്കൂർ ചർച്ചയാകാം.

ശ്രീ. എ. കെ. ബാലൻ: സർ, ഒരംഗത്തിന് അഞ്ച് മിനിട്ട് സംസാരിക്കാം. ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് പ്രസംഗം പാടില്ല.

മി. സ്പീക്കർ: അങ്ങ് കൂടുതൽ സംസാരിച്ചാൽ മറ്റ് അംഗങ്ങൾക്ക് സമയം അനുവദിക്കാൻ കഴിയില്ല. അങ്ങ് കൺക്ലൂഡ് ചെയ്താൽ മറ്റുള്ളവർക്ക് കുറച്ചുനേരം സംസാരിക്കാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ സഭയിൽ അന്നത്തെ കേരള മുഖ്യമന്ത്രി ഇ.എം.എസ്. അവതരിപ്പിച്ച പ്രമേയം, ബംഗാളിലെ ഗവർണർ ധരം വീർ, ക്യാബിനറ്റ് പാസ്സാക്കിയ സ്പീച്ച് പൂർണ്ണമായും വായിച്ചില്ലായെന്ന് പറഞ്ഞുകൊണ്ടാണ്. സമയം ഇല്ലാത്തതുകൊണ്ട് ഞാനത് വായിക്കുന്നില്ല. അതുപോലെ, 1989 ഫെബ്രുവരി 2-ാം തീയതി രാം ദുലാരി സിൻഹ ചാൻസലർ എന്ന നിലയിൽ കേരള-കാലിക്കറ്റ് സർവ്വകലാശാല സെനറ്റിലേയ്ക്ക് നടത്തിയ നോമിനേഷനെ എതിർത്തുകൊണ്ട് ഒ. ഭരതൻ അന്ന് ഒരു പ്രമേയം അവതരിപ്പിക്കുകയുണ്ടായി. ഒ. ഭരതൻ അവതരിപ്പിച്ച പ്രമേയത്തെ തുടർന്ന് ചട്ടം 275 പ്രകാരം കൊണ്ടുവന്ന പ്രമേയം ഗവൺമെന്റ് അംഗീകരിച്ച് പാസ്സാക്കുകയാണ് ചെയ്തത്.

ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ): സർ, അന്ന് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു.

ശ്രീ. രമേശ് ചെന്നിത്തല: സർ, അന്ന് വർക്കല രാധാകൃഷ്ണൻ നൽകിയ റൂളിംഗ് മാത്രം ഞാൻ വായിക്കാം. "But we can request the President of India for the removal of the Governor by a substantive motion" എന്നാണ്. നമ്മളെ സംബന്ധിച്ചിടത്തോളം 284 (iv) അനുസരിച്ച് നമുക്ക് substantive motion കൊണ്ടുവരാനും ചർച്ച ചെയ്യാനുമുള്ള അധികാരമുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല.

മി. സ്പീക്കർ: അങ്ങയുടെ പ്രസംഗം ദീർഘിച്ചാൽ മറ്റുള്ളവരുടെ സമയം നഷ്ടമാകും. അര മണിക്കൂർ മാത്രമേ അനുവദിക്കുവാൻ സാധിക്കുകയുള്ളൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. എ. കെ. ബാലൻ എന്റെ മൂന്ന് മിനിട്ട് സമയം എടുത്തു.

മി. സ്പീക്കർ: അദ്ദേഹം മൂന്ന് മിനിട്ട് എടുത്തിട്ടില്ല. ഉപക്ഷേപത്തിന് അര മണിക്കൂർ സമയം മാത്രമേ അനുവദിക്കുകയുള്ളൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ചരിത്രം പരിശോധിച്ചാൽ എക്കാലവും ഗവർണർ പദവിക്ക് എതിരാണ് മാർക്സിസ്റ്റ് പാർട്ടിയും ഇടതുപക്ഷവും. കഴിഞ്ഞ ദിവസം പാർട്ടി സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരി ഗവർണർ പദവി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടു. ഇതിനെയെല്ലാം നിരാകരിക്കുകയും വിസ്മരിക്കുകയും ചെയ്യുന്ന നടപടിയാണ് ഗവർണറെ പിൻവലിക്കണമെന്ന പ്രതിപക്ഷത്തിന്റെ പ്രമേയത്തിനെതിരെ ഇന്നത്തെ ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇതിനെല്ലാം മാർക്സിസ്റ്റ് പാർട്ടിക്ക് നാളെ കനത്ത വില നൽകേണ്ടിവരുമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ പ്രമേയം തള്ളിയതിലൂടെ തങ്ങളുടെ പ്രഖ്യാപിതമായ നിലപാടിന്റെ കടയ്ക്കൽ കത്തി വയ്ക്കുകയാണ്. " Recall TN Governor Purohit, CPM tells President Ram Nath Kovind" എന്ന് തമിഴ്നാട് സി.പി.ഐ (എം) -ന്റെ പാർട്ടി സെക്രട്ടറി കെ. ബാലകൃഷ്ണൻ 22-4-2018-ൽ രാഷ്ട്രപതിയോട് ആവശ്യപ്പെട്ടതിന്റെ പത്രവാർത്തയാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്.

പൗരത്വ ഭേദഗതി നിയമത്തിനെതിരായി യോജിച്ച സമരത്തിന് പ്രതിപക്ഷനേതാവ് എന്ന നിലയിൽ ഞാനാണ് മുൻകയ്യെടുത്തത്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അംഗീകരിച്ചു. ആ സമരം ദേശീയ ശ്രദ്ധ ആകർഷിച്ചു. ഇതിന്റെയെല്ലാം അന്തഃസത്തയ്ക്ക് തുരങ്കം വയ്ക്കുന്ന ഒന്നാണ് ഗവർണറെ പിൻവലിക്കണമെന്ന പ്രമേയം തള്ളിയതിലൂടെ സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഇതിൽനിന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മാർക്സിസ്റ്റ് പാർട്ടിയുടെയും ഇരട്ടമുഖമാണ് പുറത്തുവന്നിരിക്കുന്നത്. ഈ ഇരട്ടമുഖവും കുതന്ത്രങ്ങളും കേരള ജനത തിരിച്ചറിഞ്ഞുകഴിഞ്ഞു എന്നുള്ള കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിസ്മരിക്കരുത്. നിങ്ങൾ ഗവർണർക്ക് എതിരായ പ്രമേയത്തെ അനുകൂലിക്കാത്തതിലൂടെ കേരള ജനതയെ വഞ്ചിച്ചിരിക്കുന്നു. ഇത് പാസ്സാക്കിയാലും ഇല്ലെങ്കിലും കേരളത്തിലെ ജനങ്ങളുടെ മനസ്സിൽ ഇന്ന് ആരിഫ് മുഹമ്മദ് ഖാൻ എന്ന ഗവർണറുടെ സ്ഥാനം നഷ്ടപ്പെട്ടിരിക്കുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ട് ഈ പ്രമേയം ബി.എ.സി.ക്ക് വീണ്ടും അയയ്ക്കണമെന്ന ആവശ്യം ഞാൻ ഉന്നയിക്കുന്നു.

മി. സ്പീക്കർ: ഇനിയുള്ള അംഗങ്ങൾക്ക് മൂന്ന് മിനിട്ട് വീതം സംസാരിക്കാവുന്നതാണ്.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ് നിർത്തിയിടത്തുനിന്നാണ് ഞാൻ ആരംഭിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ പ്രതിപക്ഷം പിന്താങ്ങിയത് ആലോചിച്ചുറച്ച് എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. അത് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ദേശീയ കാഴ്ചപ്പാടിന് അനുസൃതമായെടുത്ത നിലപാടായിരുന്നു.

അല്ലാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടുള്ള സ്നേഹംകൊണ്ടോ ഭരണപക്ഷത്തോടുള്ള ബഹുമാനം കൊണ്ടോ ആയിരുന്നില്ല. ഞങ്ങളുടെ ജന്മസിദ്ധമായ നിലപാടാണത്. കാരണം, കേരളത്തിൽ മാത്രമല്ല രാജ്യത്തെമ്പാടും ആർ.എസ്.എസ്. അടക്കമുള്ള സംഘ്പരിവാർ ശക്തികൾക്കെതിരെ ആർജ്ജവത്തോടെ നിലപാടെടുത്തിട്ടുള്ള പാർട്ടി കോൺഗ്രസ് മാത്രമാണ്. (.....ബഹളം.....) അല്ലെങ്കിൽ അവിടെയിരിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയട്ടെ. ബഹളം വയ്ക്കുകയാണെങ്കിൽ ചില കാര്യങ്ങൾ എനിക്ക് പറയാനുണ്ട്. ഉദുമയിൽ കെ. ജി. മാരാർക്കുവേണ്ടി പ്രസംഗിക്കാൻ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടും ടി. ശിവദാസമേനോനുവേണ്ടി പ്രസംഗിക്കാൻ ശ്രീ. എൽ. കെ. അദ്വാനിയും പോയിട്ടുണ്ട്. അതൊന്നും ഞങ്ങളെക്കൊണ്ട് പറയിപ്പിക്കരുത്. (.....ബഹളം.....) ഞങ്ങളെടുത്തിട്ടുള്ള ശക്തമായ നിലപാടുകളുടെ പ്രതിഫലനമായിരുന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ പിന്താങ്ങുക എന്നുള്ളത്. അതിൽ ഞങ്ങൾക്ക് ചാരിതാർത്ഥ്യമുണ്ട്, കുറ്റബോധമൊന്നുമില്ല. പക്ഷേ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവതരിപ്പിച്ച അതേ അർത്ഥതലങ്ങളുള്ള പ്രമേയത്തെ എന്തുകൊണ്ട് ഭരണപക്ഷം പിന്താങ്ങാൻ തയ്യാറായില്ല? അങ്ങനെ ചെയ്തിരുന്നെങ്കിൽ കേരള നിയമസഭ പുതിയൊരു ചരിത്രത്തിലേയ്ക്ക് കടക്കുമായിരുന്നു. രാജ്യം മുഴുവൻ നടന്ന് കേട്ടുകേഴ്വിയില്ലാത്ത രീതിയിൽ, ബഹുമാനപ്പെട്ട ഗവർണറുടെ പദവിയെ മാനിച്ചുകൊണ്ടുതന്നെ ഞാൻ പറയുന്നു, ആട് അങ്ങാടിയിലിറങ്ങിയതുപോലെ പ്രസംഗിക്കുകയാണ്. ആട് അങ്ങാടിയിലിറങ്ങുമ്പോൾ കാണുന്ന പഴത്തൊലിയും ഇലയുമെല്ലാം കടിക്കും. അതുപോലെ ബഹുമാനപ്പെട്ട ഗവർണറുടെ നീക്കത്തിനെതിരെയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രമേയം കൊണ്ടുവന്നത്. അതിനെ അംഗീകരിച്ചിരുന്നെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയനടക്കമുള്ള എൽ.ഡി.എഫ്. ഗവൺമെന്റിന് ഇക്കാര്യത്തിൽ ആത്മാർത്ഥതയുണ്ടെന്ന് വിചാരിക്കാമായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പ്രമേയത്തെ പിന്താങ്ങാത്ത നടപടി തെറ്റാണ്. അത് വീണ്ടും കാര്യോപദേശക സമിതിയിൽ കൊണ്ടുവന്ന് ചർച്ച ചെയ്യണമെന്ന ആവശ്യം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്.

ഡോ. എം. കെ. മുനീർ: സർ, യഥാർത്ഥത്തിൽ ഗവർണർ കേരളത്തിലെ മുഴുവൻ ജനങ്ങളെയുമാണ് അവഹേളിച്ചത്. നിയമസഭയിൽ അവതരിപ്പിക്കുന്ന പ്രമേയം തെരഞ്ഞെടുക്കപ്പെട്ട 140 അംഗങ്ങൾ ഐകകണ്ഠ്യേന പാസ്സാക്കുന്നുവെന്ന് പറഞ്ഞാൽ, അവർ കേരളത്തിലെ മുഴുവൻ ജനങ്ങളെയും പ്രതിനിധീകരിക്കുന്നവരാണ്. കേരള സംസ്ഥാനത്തെ അവഹേളിച്ച ഗവർണറെ തിരിച്ചുവിളിക്കണമെന്ന് പറയുന്നതിൽ സർക്കാർ എന്തിനാണ് മുഖം

തിരിച്ചുനിൽക്കുന്നതെന്ന് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. പ്രതിപക്ഷത്തെ ഗവർണർ ഒന്നുംപറഞ്ഞില്ല; പറഞ്ഞതുമുഴുവൻ മുഖ്യമന്ത്രിയെയും നിങ്ങളെടുത്ത തീരുമാനങ്ങളെയും സംബന്ധിച്ചാണ്. എന്നോട് ചോദിക്കാതെ സുപ്രീംകോടതിയിൽ എങ്ങനെ കേസ് നടത്താൻ പോകുമെന്നാണ് അദ്ദേഹം ചോദിച്ചത്. നിയമസഭ എങ്ങനെ പാസ്സാക്കുമെന്ന് ചോദിച്ചതിലൂടെ സ്പീക്കറെയാണ് അദ്ദേഹം അവഹേളിച്ചത്. അതുപോലെ നിയമസഭയിൽ നയപ്രഖ്യാപന പ്രസംഗത്തിലെ പൗരത്വ ഭേദഗതി നിയമത്തെക്കുറിച്ച് പരാമർശിക്കുന്ന ഭാഗം വായിക്കുകയില്ലെന്ന് പറഞ്ഞതും അദ്ദേഹമാണ്. യഥാർത്ഥത്തിൽ ഗവൺമെന്റിനെതിരെ നിലപാടുമായി ഗവർണർ നിൽക്കുമ്പോൾ അദ്ദേഹത്തെ തിരിച്ചുവിളിക്കണമെന്ന് പറയുന്ന പ്രമേയം അവതരിപ്പിച്ചതുകൊണ്ട് ഞങ്ങളെന്തോ അപരാധം ചെയ്തതു പോലെയാണ് ഇവിടെ എല്ലാവരും സംസാരിക്കുന്നത്. ശ്രീ. എ. കെ. ബാലൻ പറയുന്നത് കേട്ടാൽ ഞങ്ങൾക്ക് എന്തോ പ്രശ്നമുള്ളതുപോലെയാണ് തോന്നുന്നത്. ശ്രീ. അരവിന്ദ് കെജ്രിവാളുമായി പ്രശ്നമുണ്ടായപ്പോൾ ചീഫ് ജസ്റ്റീസ് ദീപക് മിശ്രയുടെ അഞ്ചംഗ ബെഞ്ച് പറഞ്ഞിട്ടുള്ളത്, " Elected representative is a real executive and the Lieutenant Governor must act as per the aid and the advice of the elected Government" എന്നാണ്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കൂടുതലും My Government എന്നാണ് പറയുന്നത്. എന്റെ അഭിപ്രായം ഇതല്ലെങ്കിലും ഞാൻ നിങ്ങൾക്കുവേണ്ടി വായിക്കുന്നു എന്നാണ് ഇപ്രാവശ്യം ഗവർണർ നയപ്രഖ്യാപനവേളയിൽ പറഞ്ഞത്. അങ്ങനെ ഒരു ഗവർണർ പറയാമോ? ഇവിടെയിരിക്കുന്ന ആളുകളുടെയൊന്നും അഭിപ്രായത്തോട് ഞാൻ യോജിക്കുന്നില്ല, ഞാൻ വേറൊരു ഗവർണറാണ്, ഞാൻ എവിടെനിന്നോ പൊട്ടിവീണ ഒരാളാണ്, പക്ഷേ, നിങ്ങൾക്കുവേണ്ടി ഞാനിത് വായിക്കുന്നു എന്നുപറയുന്ന സാഹചര്യമുണ്ടായപ്പോൾ അതിനും ഇവിടെ കയ്യടിക്കുന്നത് കണ്ടു. (....ബഹളം...) അദ്ദേഹം പറഞ്ഞ ഭാഷ മനസ്സിലാകാത്തതു കൊണ്ടാണോ? നിങ്ങളുടെ ആഭിമുഖ്യത്തോട് ഞാൻ യോജിക്കുന്നില്ലെന്ന് അദ്ദേഹം പറയുന്ന സമയത്തും ഇവിടെ കയ്യടിക്കുകയായിരുന്നു. (....ബഹളം...) അതുപോലെയാണ് ഇപ്പോഴും സംസാരിച്ചു കൊണ്ടിരിക്കുന്നത്. നിങ്ങൾക്കുവേണ്ടി ഞങ്ങൾ സംസാരിക്കുമ്പോഴും നിങ്ങൾ ഞങ്ങളെ ഇരുത്താൻ നോക്കുകയാണ്. ഇതിന്റെ അപകടം വരാനിരിക്കുന്നതേയുള്ളൂ. അതിനിടയിൽ റിപ്പബ്ലിക് ദിനത്തിൽ പ്രസംഗിച്ച എല്ലാ മന്ത്രിമാരുടെയും പ്രസംഗം അദ്ദേഹം ചോദിച്ചിരിക്കുകയാണ്. ഈ രീതിയിൽ ഗവർണർ നമ്മുടെയൊക്കെ തലയ്ക്കുമുകളിൽ നിന്നുകൊണ്ട്, തെരഞ്ഞെടുക്കപ്പെട്ട അസംബ്ലിയെയും എക്സിക്യൂട്ടീവ് എന്ന നിലയ്ക്ക് ഗവൺമെന്റിനെയും കണക്കിലെടുക്കാതെ ഒരു ചട്ടുകമായി നിന്നുകൊണ്ട് ബി.ജെ.പി. ഗവൺമെന്റിന്റെ മൈക്രോഫോണായി പ്രവർത്തിക്കുന്ന അദ്ദേഹത്തെ തിരിച്ചുവിളിക്കണമെന്ന പ്രമേയത്തോടൊപ്പം നിൽക്കാനാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ പ്രശ്നം വളരെ ലളിതമാണ്. ഡേ ടു ഡേ അഡ്മിനിസ്ട്രേഷനിൽ ഒരു ഗവർണർ പറയുന്ന കാര്യങ്ങൾക്ക് പരിധിയില്ലേ? ആ പരിധി കടന്നുപോയി. അത് കടന്നുപോയപ്പോൾ നിങ്ങളും ഞങ്ങളും ഒരേവണ്ടിയിൽ യാത്ര ചെയ്തിരുന്നു. ചെയ്തത് ശരിയല്ലെന്ന് നിങ്ങൾ ആദ്യം പറഞ്ഞതിനെ ഞങ്ങൾ അംഗീകരിക്കുകയും ചെയ്തു. ഞങ്ങൾ പറഞ്ഞതിന് ധാരാളം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ച് പറയാനുണ്ട്. സമയച്ചുരുക്കംകൊണ്ട് ഞാനതൊന്നും പറയുന്നില്ല. മാത്രമല്ല ഇപ്പോൾ അതൊക്കെ മറക്കാനാണ് അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഞാനത് വീണ്ടും ഓർമ്മിപ്പിച്ച് അവരെ വേദനിപ്പിക്കുന്നില്ല. ഗവർണറെ തിരിച്ചുവിളിക്കണമെന്ന പ്രമേയം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കൊണ്ടുവന്നതാണ് ഇപ്പോഴത്തെ പ്രശ്നം. ഗവർണറെ തിരിച്ചുവിളിക്കണം എന്ന് പറഞ്ഞത് കേരള നിയമസഭയിലെ ആദ്യത്തെ പ്രമേയമാണോ? പൗരത്വ ഭേദഗതി നിയമത്തിനെതിരെ ആദ്യമായി പ്രമേയം കൊണ്ടുവരുമ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ ക്ഷണിച്ചിട്ടാണ് ഞങ്ങൾ നിയമസഭയിൽ വന്നത്. മറ്റൊരു രൂപത്തിലാണ് തീരുമാനമെടുത്തത്. അങ്ങ് തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങളിവിടെ എത്തിയത്. ഇവിടെ സർക്കുലേറ്റ് ചെയ്ത പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ കയ്യുയർത്തി. ഗവർണർ വന്നിട്ട് ഇതൊന്നും ശരിയല്ല, വെറുതെ സമയം കളഞ്ഞതാണ്, പണം ചെലവാക്കിയതാണ്, മോശമാണ് എന്നൊക്കെ പറഞ്ഞാൽ അദ്ദേഹത്തെ തിരിച്ചുവിളിക്കുകതന്നെ വേണം. (....ബഹളം.....) നമുക്ക് യോജിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രമേയം കൊണ്ടുവന്നുവെന്നുള്ളതു കൊണ്ട് ഞങ്ങൾ യോജിക്കുന്നില്ലെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ; നിങ്ങൾ ഇതിനോട് യോജിക്കുന്നുണ്ടോ? ഇപ്പോൾ ഗവർണർ വേണ്ടെന്നാണ് മേൽത്തട്ടിലുള്ളവർ പറയുന്നത്. ഞാൻ അവരുടെ പേര് പറയുന്നില്ല. ഗവർണർ തസ്തികയേ വേണ്ടെന്നാണ് അവർ പറയുന്നത്. ഇത് ആദ്യത്തെ വർത്തമാനമല്ല. സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ആദ്യമെഴുതിയ ലേഖനത്തിൽ ഗവർണർമാരെ നിയമിക്കുന്നുവെന്ന് പറഞ്ഞപ്പോൾ ഇവിടെ വേണ്ടെന്നുള്ള നിലപാടെടുത്തിരുന്നു. അതിനുശേഷം കേരള നിയമസഭയിൽ കൊണ്ടുവന്ന പ്രമേയത്തെക്കുറിച്ച് ഇവിടെ പറയുകയും വർക്കല രാധാകൃഷ്ണന്റെ റൂളിംഗിനെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിക്കുകയും ചെയ്തു. ഇപ്പോൾ ഞങ്ങളെന്തോ മഹാപരാധം ചെയ്തതുപോലെയാണ്. ഞങ്ങൾ എന്ത് തെറ്റാണ് ചെയ്തത്? ഭരണഘടനാപരമായ ഒരവകാശം, സമൂഹത്തെയും ജനങ്ങളെയും അടച്ചാക്ഷേപിക്കുന്ന സമീപനം വന്നപ്പോൾ അത് സാധ്യമല്ലെന്ന് പറഞ്ഞ് വിരൽചൂണ്ടിയ പ്രതിപക്ഷവും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മാതൃകാപരമായി പെരുമാറി. അതിനെ

നിങ്ങൾ അംഗീകരിക്കുകയല്ലേ ചെയ്യേണ്ടത്? നിങ്ങൾ ഇതിനെ ദുഷ്ടലാക്കോടെ കാണുന്നതെന്തിനാണ്? യഥാർത്ഥത്തിൽ നിങ്ങൾ ഇതിനുവേണ്ടി നിൽക്കേണ്ടതല്ലേ? പ്രമേയം വന്നതിനെക്കുറിച്ചും അത് അംഗീകരിച്ചതിനെക്കുറിച്ചും സർക്കുലേറ്റ് ചെയ്തതിനെക്കുറിച്ചും ബുള്ളറ്റിൻ ഇറക്കിയതിനെക്കുറിച്ചുമൊന്നും ഞാൻ പരാമർശിക്കുന്നില്ല. കാരണം, അതൊക്കെ ഇതിനകത്തുള്ള കാര്യങ്ങളാണ്. പക്ഷേ, ഇവിടെ വന്ന് നിങ്ങൾ മറുകണ്ടം ചാടി. എന്നിട്ട് നിങ്ങൾ കൂറുമാറി ഗവർണറുടെ ഭാഗത്തേയ്ക്ക് തിരിയുന്നുവെന്ന് വരുത്തിത്തീർത്ത് അദ്ദേഹത്തെക്കൂടി രക്ഷിക്കാൻ പോകുന്നവരാണെന്നൊരു ശ്രമം നടത്തിയതിനെ യഥാർത്ഥത്തിൽ നിങ്ങൾ കേരള നിയമസഭയോട് കാണിച്ച അവഹേളനത്തിന്റെ രണ്ടാം ഭാഗമായി ഞാൻ കാണുകയാണ്. ഒന്നാമത് ഗവർണർ ചെയ്തു, രണ്ടാമത് അതിനെ പിന്തുണയ്ക്കുന്ന രീതിയിൽ നിങ്ങളും ചെയ്തു. അതുകൊണ്ട് കാര്യോപദേശക സമിതിയുടെ റിപ്പോർട്ടിൽ ആ പ്രമേയം തള്ളണമെന്ന നിലപാടെടുത്തത് തെറ്റായിപ്പോയി. അത് ചർച്ച ചെയ്യേണ്ടതായിരുന്നു. ചർച്ച ചെയ്യണമെന്ന് ഞാൻ ശക്തിയായി ആവശ്യപ്പെടുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, റൂൾ 215 പ്രകാരം 30 മിനിറ്റ് അനുവദിച്ചാൽ അത് പ്രതിപക്ഷത്തിന് മാത്രമുള്ളതാണെന്ന് തെറ്റിദ്ധരിക്കരുത്. ഒരാൾക്ക് 5 മിനിറ്റുവീതം ആനുപാതികമായി വീതിച്ച് കൊടുത്തിട്ടുള്ളതാണ്. ബഹുമാനപ്പെട്ട സ്പീക്കർ റൂൾ ചെയ്താൽ മതി.

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്... ചർച്ച പ്രത്യേക ലിസ്റ്റ് പ്രകാരം നടത്തുന്നതുപോലെ ഇത് വീതംവച്ച് കൊടുക്കുന്നതല്ല. ചർച്ചയിൽ പങ്കെടുക്കണമെന്ന് എഴുതി നൽകിയവർക്കാണ് സമയം അനുവദിക്കുന്നത്; ഇത് ശരിയല്ല.

ശ്രീ. എ. കെ. ബാലൻ: സർ, ഇത് ഏത് ചട്ടത്തിലാണുള്ളത്?

മി. സ്പീക്കർ: ചർച്ചയിൽ പങ്കെടുക്കണമെന്ന് ആവശ്യമുള്ളവർ എഴുതിത്തരണം. അങ്ങ് എഴുതിത്തന്നാൽ അങ്ങേയ്ക്കും സംസാരിക്കാം.

ശ്രീ. എ. കെ. ബാലൻ: സർ, പ്രമേയത്തിന്മേലുള്ള ചർച്ചയ്ക്കായി അരമണിക്കൂറിലധികം സമയം നീക്കിവയ്ക്കാൻ പാടില്ലാത്തതും അപ്രകാരമുള്ള ഉപക്ഷേപത്തിന്മേൽ 5 മിനിറ്റിലധികം ഒരംഗവും സംസാരിക്കാൻ പാടില്ലാത്തതുമാണ് എന്നുപറയുന്നത് പ്രതിപക്ഷത്തിന് മാത്രമാണോയെന്ന് എനിക്കറിയില്ല.

<u>മി. സ്പീക്കർ:</u> പ്രതിപക്ഷം, ഭരണപക്ഷം എന്നില്ല. ഈ വിഷയത്തിൽ ചർച്ചയിൽ പങ്കെടുക്കുന്നവർ എഴുതിനൽകിയാൽ അനുവാദം നൽകും. ഇവിടെ ലഭിച്ചത് നാലുപേരുടെ പേരാണ്. അവർക്ക് അനുവാദം നൽകി.

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, അരമണിക്കൂർ നൽകുകയാണെങ്കിൽ അതിന് ആനുപാതികമായ സമയം ഭരണപക്ഷത്തിനുംകൂടി വേണ്ടേ?

<u>മി. സ്പീക്കർ:</u> ഭേദഗതി മൂവ് ചെയ്ത് സംസാരിക്കാനുള്ളവർക്കാണ് അനുവാദം നൽകുന്നത്. ഉപക്ഷേപം മൂവ് ചെയ്ത് പിന്താങ്ങി സംസാരിക്കുന്നവരാണ് ചർച്ചയിൽ പങ്കെടുത്തത്. (...ബഹളം..) ആവശ്യപ്പെട്ടവർക്കാണ് അനുവാദം നൽകിയത്. അങ്ങ് ദയവായി ഇരിക്കൂ.

<u>ശ്രീ. എം. ഉമ്മർ:</u> സർ, ഇവിടെ ഡോ. എം. കെ. മുനീർ സൂചിപ്പിച്ചതുപോലെ, പ്രതിപക്ഷവും ഗവർണറുമായി യാതൊരു അഭിപ്രായവ്യത്യാസവുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച് ഞങ്ങൾ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം ഭരണഘടനാ വിരുദ്ധമാണെന്നും പൊതുഖജനാവിന്റെ പണം ലാപ്സാക്കിയെന്നും ഗവർണർ പറഞ്ഞതിലാണ് ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസം. കേരള ഗവൺമെന്റ് സുപ്രീംകോടതിയിൽ കേസുകൊടുത്തത് ഭരണഘടനാ വിരുദ്ധമാണെന്ന് ഗവർണർ പറഞ്ഞതിലും ഞങ്ങൾക്ക് എതിർപ്പുണ്ട്. ഇങ്ങനെയുള്ള എതിർപ്പല്ലാതെ ഞങ്ങൾ തമ്മിൽ വ്യക്തിപരമായി യാതൊരു പ്രശ്നവുമില്ല. മാത്രമല്ല, നാഴികയ്ക്ക് നാൽപ്പതുവട്ടം പത്രസമ്മേളനം നടത്തുന്ന ഏതെങ്കിലും ഗവർണറെ ചരിത്രത്തിൽ കണ്ടിട്ടുണ്ടോ? ഇങ്ങനെയുള്ള ഗവണർക്ക് നമ്മൾ ചുവന്ന പരവതാനി വിരിച്ചുകൊടുക്കുകയാണോ വേണ്ടത്? അദ്ദേഹത്തോട് 'ഗോ ബാക്ക്' എന്നല്ലാതെ എന്താണ് പറയാനുള്ളത്? അങ്ങനെയുള്ള ഗവർണറെ തിരിച്ചുവിളിക്കണമെന്ന പ്രമേയം പാസ്സാക്കിയിരുന്നെങ്കിൽ ഈ നിയമസഭയ്ക്ക് പുതിയൊരു ചരിത്രം രചിക്കാൻ കഴിയുമായിരുന്നു. ഇന്ത്യയ്ക്കാകെ മാതൃകയായി, ഗവർണറെ തിരിച്ചുവിളിക്കുന്ന ഒരു പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കി ഗവർണർമാരെ നിലയ്ക്കുനിർത്തുന്നതിനുള്ള മുന്നോടിയെന്ന രീതിയിൽ പ്രമേയം പാസ്സാക്കിയ ചരിത്രം കേരളത്തിനുണ്ടാകുമായിരുന്നു. അതാണ് നിങ്ങൾ കളഞ്ഞുകുളിച്ചതെന്ന് ഓർക്കുക. മാത്രമല്ല, ബഹുമാന്യരായ സ്പീക്കറെയും മുഖ്യമന്ത്രിയെയും പരസ്യമായി പത്രസമ്മേളനം നടത്തി അവഹേളിക്കുന്ന, കേരളത്തിലെ ജനങ്ങളെ മുഴുവൻ പരമപുച്ഛത്തോടുകൂടി കാണുന്ന ഒരു ഗവർണറെ തിരിച്ചുവിളിക്കണമെന്നുള്ള പ്രമേയം പാസ്സാക്കുന്നതിനുപകരം ഭരണഘടനയുടെ അനുച്ഛേദം 356 കണ്ട് നിങ്ങൾ വിരണ്ടുപോയോ എന്നു മാത്രമാണ് എനിക്ക് ചോദിക്കാനുള്ളത്. അതുകൊണ്ട് ഈ പ്രമേയം പാസ്സാക്കേണ്ടതായിരുന്നുവെന്ന് മാത്രം പറഞ്ഞ് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, സംസ്ഥാനത്ത് ഇതിനുമുൻപും ഗവർണർമാർ ഉണ്ടായിട്ടുണ്ട്. മുൻഗവർണർ റിട്ടയേർഡ് ജസ്റ്റിസ് പി. സദാശിവത്തെയും ബി.ജെ.പി. നിയോഗിച്ചതാണ്. അദ്ദേഹത്തിനെതിരെ ഉണ്ടാകാതിരുന്ന ഒരു പ്രതിഷേധം ഈ ഗവർണർക്കുനേരെയുണ്ടായി. നിയമസഭയെ അവഹേളിക്കുന്ന നിലയിലുള്ള അദ്ദേഹത്തിന്റെ വാക്കുകളാണ് പ്രതിഷേധത്തിനിടയാക്കിയത്. കഴിഞ്ഞ ബുധനാഴ്ച അദ്ദേഹം നയപ്രഖ്യാപന പ്രസംഗത്തിന് വന്നപ്പോൾ ഞങ്ങൾ തടഞ്ഞു. ഞങ്ങൾ അവിടെ തടഞ്ഞത് ഗവർണറെയല്ല, ബി.ജെ.പി. വക്താവിനെയാണ്; ആർ.എസ്.എസ്. വക്താവിനെയാണ്. അപ്പോൾ വാച്ച് ആൻഡ് വാർഡിനെക്കൊണ്ട് എം.എൽ.എ.-മാരായ ഞങ്ങളെ അടിച്ചുനിരത്തിയശേഷം പരവതാനി വിരിച്ച് ഇവിടെ കൊണ്ടുവന്ന് അദ്ദേഹം പറഞ്ഞതിനെ കയ്യടിച്ച് പ്രോത്സാഹിപ്പിക്കുകയാണുണ്ടായത്. ഇവിടെ ഗവർണർക്കെതിരെയുള്ള ഈ പ്രമേയം ചർച്ച ചെയ്യാതിരിക്കാനുള്ള കാരണമെന്താണ്? ഇതുസംബന്ധിച്ച പ്രീസിഡന്റുകൾ ഇവിടെയുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നൽകിയ പ്രമേയം അങ്ങ് അംഗീകരിച്ചിട്ടുമുണ്ട്. ഇത് ചർച്ച ചെയ്യേണ്ടത് പൊതു ആവശ്യമാണ്. പൊതുസമൂഹത്തിൽ കേരള ഗവർണർക്കെതിരെ ഉയർന്നുവന്നിരിക്കുന്ന പ്രതിഷേധം ഈ സഭയിൽ തന്നെയാണ് ചർച്ച ചെയ്യേണ്ടത്. നിങ്ങൾ പുറത്തുപോയി ഗവർണറെ അവഹേളിക്കുന്നുണ്ട്; അദ്ദേഹത്തിനെതിരെ സംസാരിക്കുന്നുമുണ്ട്. അതല്ല വേണ്ടത്. ഈ സഭയ്ക്കകത്ത് സംസാരിക്കാനുള്ള ആർജ്ജവം കാണിക്കണം. അതുകൊണ്ടാണ് ഈ വിഷയം ചർച്ച ചെയ്യണമെന്ന് ഞങ്ങൾ ആവർത്തിച്ച് ആവശ്യപ്പെടുന്നത്. കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് വീണ്ടും അതേ കമ്മിറ്റിക്കുതന്നെ മടക്കി അയയ്ക്കണമെന്ന് ഞാനും ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, സർക്കാരിനെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും തരത്തിലുള്ള ഇരട്ടമുഖത്തിന്റെ പ്രശ്നമില്ല. ഒരേ കാഴ്ചപ്പാടും നിലപാടും മാത്രമേ സർക്കാരിനുള്ളൂ. ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ ശരിയായ രീതിയിൽ ബഹുമാന്യനായ പ്രതിപക്ഷ നേതാവ് അവതരിപ്പിച്ചു. ഗവർണർ ഭരണഘടനയനുസരിച്ച് സംസ്ഥാന ഭരണത്തലവനാണ്. അദ്ദേഹവുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളാണ് ഗൗരവമായി വന്നിട്ടുള്ളത്. പൗരത്വഭേദഗതി നിയമത്തിന്റെയും എൻ.ആർ.സി.-യുടെയും എൻ.പി.ആർ.-ന്റെയും കാര്യത്തിൽ നമുക്ക് ഒരേനിലപാടാണുള്ളത്. പൗരത്വഭേദഗതി നിയമം സംസ്ഥാനത്ത് നടപ്പാക്കില്ലെന്ന് നേരത്തെതന്നെ സർക്കാർ വ്യക്തമാക്കിയിരുന്നു. എൻ.പി.ആർ.-ന്റെ കാര്യത്തിൽ സെൻസസ് മേധാവിയെയും ജില്ലാ കളക്ടർമാരെയും സർക്കാരിന്റെ നിലപാട് വ്യക്തമായി അറിയിച്ചിട്ടുണ്ട്. മാത്രമല്ല, എൻ.പി.ആർ.-മായി ബന്ധപ്പെട്ട

പ്രവർത്തനങ്ങൾ പൂർണ്ണമായും സ്റ്റേ ചെയ്ത് ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. എൻ.പി.ആർ.-ന്റെ കാര്യത്തിൽ പ്രത്യേക ഉദ്ദേശ്യത്തോടെയുള്ള നടപടികൾ ചില ഉദ്യോഗസ്ഥർ സ്വീകരിച്ചപ്പോൾ അവർക്കെതിരെ നടപടിയെടുക്കുന്നതിനും നിർദ്ദേശം നൽകി. പൗരത്വഭേദഗതി നിയമമായാലും എൻ.ആർ.സി. ആയാലും എൻ.പി.ആർ. ആയാലും അതിലെല്ലാം കേന്ദ്ര ഗവൺമെന്റിനൊരു വീക്ഷണമുണ്ട്. സ്റ്റേറ്റിന്റെ ഭരണത്തലവനാണെങ്കിലും ആ വീക്ഷണം കേന്ദ്രഗവൺമെന്റിന്റെ വക്താവെന്ന നിലയിൽ അദ്ദേഹം ഇവിടെ ശക്തിയോടെ അവതരിപ്പിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. കേന്ദ്രത്തിന്റെ പ്രതിനിധിയായതുകൊണ്ടാണ് ഇത്തരമൊരു നിലപാടെടുത്തത്. അദ്ദേഹം സംസാരിച്ച കാര്യങ്ങളുടെ ഉള്ളടക്കവും രീതിയും അംഗീകരിക്കുന്നില്ല. അദ്ദേഹം ഇക്കാര്യത്തിൽ പ്രകടിപ്പിച്ച വികാരമുണ്ട്, അതിനോടും ഞങ്ങൾക്ക് യോജിപ്പില്ല, അതിനെയും അംഗീകരിക്കുന്നില്ല. നിയമസഭാ പ്രമേയത്തെ തള്ളിപ്പറഞ്ഞതും അംഗീകരിക്കുന്നില്ല. ബഹുമാനപ്പെട്ട സ്പീക്കർ എന്ന നിലയ്ക്ക് അങ്ങ് അതുസംബന്ധിച്ച് പരസ്യമായി അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്. ഇതിൽ ബഹുമാനപ്പെട്ട ഗവർണറുടെ അഭിപ്രായ പ്രകടനത്തെപ്പറ്റി ആർക്കും യോജിപ്പുണ്ടായിട്ടില്ല. മാത്രമല്ല, പരസ്യമായി അതിനെതിരെ നിലപാടും എടുത്തിട്ടുണ്ട്. നാം ചിന്തിക്കേണ്ട കാര്യം, അഭിപ്രായം പറഞ്ഞു എന്നതിന്റെ പേരിൽ ഒരു ഗവർണറെ തിരിച്ചുവിളിക്കണമെന്ന് ആവശ്യപ്പെടാമോ എന്നുള്ളതാണ്. അദ്ദേഹം ഒരഭിപ്രായം പറഞ്ഞു. അതിന്മേലുള്ള നിലപാട് നമ്മൾ വ്യക്തമാക്കി. ഇവിടെ നാം ഓർക്കേണ്ട കാര്യം, മന്ത്രിസഭ തയ്യാറാക്കിയ പ്രസംഗം വായിക്കാൻ ബാധ്യതയുള്ള ഗവർണർ അത് വായിക്കാതിരുന്നപ്പോൾ നാം സ്വീകരിച്ച നിലപാട് എന്തായിരുന്നു? നിങ്ങൾ ജസ്റ്റിസ് സുഖ്ദേവ് സിംഗ് കാംഗിന്റെ കാലുപിടിച്ചോ; അദ്ദേഹം ഇവിടെ സംസാരിച്ച കാര്യം ഓർമ്മയില്ലേ; അന്ന് നിങ്ങൾ എഴുതിക്കൊടുത്തത് അതേരീതിയിൽ അദ്ദേഹം വായിച്ചോ? സമയക്കുറവുകൊണ്ട് ഞാൻ അതിന്റെ മറ്റ് വശങ്ങളിലേയ്ക്ക് പോകുന്നില്ല. നമുക്കാർക്കും പരാതിയില്ലാത്ത ആളായിരുന്ന റിട്ടയേർഡ് ജസ്റ്റിസ് പി. സദാശിവം. അദ്ദേഹത്തിന്റെ നയപ്രഖ്യാപന പ്രസംഗത്തെക്കുറിച്ച് മാധ്യമങ്ങൾ അന്ന് റിപ്പോർട്ട് ചെയ്തത്, പ്രസംഗത്തിന്റെ ഒരു ഭാഗം വായിച്ചില്ല എന്നായിരുന്നു. "ചില വർഗ്ഗീയ സംഘടനകൾ ആസൂത്രണം ചെയ്തിരുന്നെങ്കിൽപ്പോലും നമ്മുടെ സംസ്ഥാനത്ത് യാതൊരു രീതിയിലുള്ള വർഗ്ഗീയതയും ലഹളയുമുണ്ടായിട്ടില്ല. സഹകരണ ഫെഡറലിസത്തെ അട്ടിമറിച്ച് സംസ്ഥാന സർക്കാരിനെ മറികടന്നുകൊണ്ട് ജില്ലാ ഭരണാധികാരികളുമായും തദ്ദേശഭരണ സ്ഥാപനങ്ങളുമായും നേരിട്ട് ഇടപെടാനുള്ള കേന്ദ്രസർക്കാരിന്റെ പ്രവണത നമ്മെ അസ്വസ്ഥമാക്കുന്നുണ്ട്." ഈ ഭാഗം വായിച്ചില്ലെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. അതുമായി ബന്ധപ്പെട്ട് ഞങ്ങളെന്തെങ്കിലും ചെയ്തോ?

ഗവർണർ പദവി ദുരുപയോഗം ചെയ്യാൻ പ്രേരിപ്പിക്കുന്ന പ്രതിപക്ഷനേതാവും പ്രതിപക്ഷവുമല്ലേ ഈ സംസ്ഥാനത്തുള്ളത്? ഗവർണർ പദവിയിലിരുന്ന് ചെയ്യേണ്ടതെന്താണ്? മന്ത്രിസഭ അംഗീകരിച്ച് നൽകുന്ന കാര്യങ്ങൾ അംഗീകരിക്കുക എന്നതാണ്. അതിന് അംഗീകാരം നൽകാനുള്ള പദവിയാണ് ഗവർണർ സ്ഥാനം.

മി. സ്പീക്കർ: കുറച്ചുനേരമായി പ്രതിപക്ഷത്തുനിന്നും കമന്റുകൾ വന്നുകൊണ്ടിരിക്കുകയാണ്. ഭരണകക്ഷിയംഗങ്ങൾ തിരിച്ചുപറയുമ്പോൾ അസഹിഷ്ണുത കാണിക്കുകയും ചെയ്യും.

ശ്രീ. പിണറായി വിജയൻ: സർ, ഓർഡിനൻസ് ഒപ്പിടരുതെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവല്ലേ ഗവർണറോട് പറഞ്ഞത്? സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്ന നിയമപ്രകാരമുള്ള നിലപാടുകളെ അട്ടിമറിക്കാൻ ഗവർണറെ ദുരുപയോഗം ചെയ്യാനല്ലേ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പലപ്പോഴും ശ്രമിച്ചത്? ഗവർണറെ മറ്റൊരു വിധത്തിൽ ഉപയോഗിക്കാനല്ലേ പ്രതിപക്ഷം ഇതുവരെ ശ്രമിച്ചുവന്നത്?

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കാബിനറ്റ് പാസ്സാക്കുന്ന നിയമം ഓർഡിനൻസ് രൂപത്തിൽ വരുമ്പോൾ അത് ഭരണഘടനാവിരുദ്ധമാണെങ്കിൽ, സംസ്ഥാനത്ത് നിലനിൽക്കുന്ന ഹൈക്കോടതി വിധിക്കെതിരാണെങ്കിൽ അത് ചൂണ്ടിക്കാണിക്കേണ്ടത് എന്റെ കടമയാണ്. ഭാവിയിലും ഇത്തരമൊരു സാഹചര്യമുണ്ടായാൽ ഞാനത് ചൂണ്ടിക്കാണിക്കുകതന്നെ ചെയ്യും.

ശ്രീ. പിണറായി വിജയൻ: സർ, ഗവർണറെക്കൊണ്ട് നിയമവിരുദ്ധമായ കാര്യങ്ങൾ ചെയ്യിക്കുന്നതിന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രേരിപ്പിക്കുന്നുവെന്നാണ് എന്റെ ആക്ഷേപം. അത് കൃത്യമായ രാഷ്ട്രീയ താൽപ്പര്യമാണ്. ഗവർണർ പദവിയെ സംബന്ധിച്ച് രാഷ്ട്രീയപാർട്ടികൾക്ക് വ്യത്യസ്ത സമീപനമുണ്ട്. എന്റെ പാർട്ടിക്ക് ഒരു സമീപനമുണ്ടാകും. എന്റെ മുന്നണിക്ക് ആ മുന്നണിയുടെ സമീപനമുണ്ടാകും. കോൺഗ്രസ്സിന് കോൺഗ്രസ്സിന്റെ സമീപനമുണ്ടാകും. ഗവർണർ പദവി ദുരുപയോഗം ചെയ്യുന്ന കാര്യം പറയുമ്പോൾ എന്തായിരുന്നു ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പാർട്ടിയുടെ സമീപനം? നമ്മുടെ രാജ്യത്ത് ഗവർണറുടെ പ്രവർത്തനം ആരംഭിക്കുന്ന കാലംമുതൽ ഇതുമായി ബന്ധപ്പെട്ട നടപടികളും ആരംഭിച്ചിട്ടുണ്ട്. 1952-ൽ മദിരാശിയിൽ 375 അംഗ സഭയായിരുന്നു. അവിടെ 166 അംഗങ്ങൾ കോൺഗ്രസ് ഇതര

പാർട്ടികളുടേതായിരുന്നു. കോൺഗ്രസ്സിന് 152 അംഗങ്ങളേയുണ്ടായിരുന്നുള്ളൂ, അവർ ന്യൂനപക്ഷമായിരുന്നു. 166 അംഗങ്ങളെയല്ല മന്ത്രിസഭ രൂപീകരിക്കാൻ വിളിച്ചത്. അന്നത്തെ ഗവർണറെ ഉപയോഗിച്ച് സി. രാജഗോപാലാചാരിയെ ക്ഷണിച്ചു. ഇതാണ് തുടക്കത്തിൽ സംഭവിച്ചത്. 1957-ൽ നമുക്കൊരു അനുഭവമുണ്ടായില്ലേ? ഗവർണർ ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയെത്തന്നെ സ്വന്തമായി നിയമിച്ചില്ലേ? ജമ്മു കാശ്മീരും ആന്ധ്രാപ്രദേശും ഗവൺമെന്റുകളെ അട്ടിമറിക്കാൻ ഗവർണറെ ഉപയോഗിച്ചത് ഓർമ്മയില്ലേ? 1973-ൽ ഒറീസയിലെ നിയമസഭ പിരിച്ചുവിട്ട നടപടിയെ ഒറീസ ഹൈക്കോടതി വിമർശിച്ചു. അത് ബി. ഡി. ജെട്ടി ആയിരുന്നല്ലോ? ആ ഗവർണറെ പിന്നീട് ഉപരാഷ്ട്രപതിയായി നിയമിക്കുകയാണ് ചെയ്തത്. അതായിരുന്നു അദ്ദേഹത്തിന് കൊടുത്ത പാരിതോഷികം.1989-ൽ കർണ്ണാടകയിലെ സർക്കാരിനെ പിരിച്ചുവിട്ടപ്പോൾ ഭൂരിപക്ഷം തെളിയിക്കേണ്ടത് സഭാതലത്തിലാണ് രാജ്ഭവനിലെ തലയെണ്ണിയല്ല എന്ന് സുപ്രീംകോടതി കൃത്യമായി പറഞ്ഞിരുന്നു. ഇവിടെ നാം ഓർക്കേണ്ടത് സർക്കാരിയ കമ്മീഷന്റെ നിലപാടാണ്. ഗവർണറുടെ കാര്യത്തിൽ പാർട്ടി പറഞ്ഞതിനെപ്പറ്റി നേരത്തെ പറഞ്ഞല്ലോ. ഗവർണർ നിയമനത്തിൽ സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം തേടണം. ഭരണഘടനയുടെ അനുച്ഛേദം 155 ഭേദഗതി ചെയ്യണം. കേന്ദ്ര ഭരണകക്ഷി നേതാവിനെ മറ്റൊരു കക്ഷി ഭരിക്കുന്ന സംസ്ഥാനത്ത് നിയമിക്കരുത്. കോൺഗ്രസ് ഇവിടെ ഭരിക്കുമ്പോൾ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചോ? സർക്കാരിയ കമ്മീഷൻ റിപ്പോർട്ടിന്റെ ഏതെങ്കിലുമൊരു ഭാഗം നടപ്പാക്കാൻ ശ്രമിച്ചോ? കോൺഗ്രസ്സിന്റെ നിലപാട് ഇപ്പോൾ കൂടുതൽ ശക്തമായി ബി.ജെ.പി. സ്വീകരിക്കുകയാണ്. ബി.ജെ.പി. അതിൽ വർഗ്ഗീയതയും കൂട്ടിച്ചേർക്കുന്നു. അതാണ് ഏറ്റവുമൊടുവിൽ മഹാരാഷ്ട്രയിൽ കണ്ടത്. നേരത്തെ ഗോവയിലും അത് കണ്ടു. നിങ്ങളുടെ മുൻഗാമികൾ പറഞ്ഞത് ഓർമ്മിച്ചോ? 'ഗവർണർക്ക് ഭരണഘടനാപരമായി ലഭിച്ചിരിക്കുന്ന ചില അധികാരങ്ങളെയും പ്രൊട്ടക്ഷനുകളെയും മറികടന്നു കൊണ്ട് റൂൾ 130 ദുരുപയോഗപ്പെടുത്താൻ പാടില്ല' എന്നാണ് ശ്രീ. വയലാർ രവി ഈ സഭയിൽ പറഞ്ഞത്. 'ചാൻസിലർ ചെയ്ത നോമിനേഷൻ തെറ്റാണെന്ന് അവർക്ക് വിശ്വാസമുണ്ടെങ്കിൽ അവർ ചെയ്യേണ്ട നടപടി മറ്റുചിലതാണ്. അതിനുപകരം ഈ സഭയിൽ മറ്റ് രീതിയിൽ ഒരു ചർച്ച ഉപയോഗിക്കാൻ ശ്രമിക്കുന്നത് ശരിയല്ല' എന്നാണ് ശ്രീ. ഉമ്മൻ ചാണ്ടി ഈ സഭയിൽ പറഞ്ഞത്. 'കേരള ഗവർണർ, അതായത് ഒരു ഹൈ അതോറിറ്റിക്കെതിരെ ഈ നിലയിലുള്ള ഒരു ഡിസ്കഷനോ ഡിബേറ്റോ നമ്മൾ കൊണ്ടുവരുന്നത് ശരിയല്ല. ഗവർണറുടെ ആക്ഷൻ ശരിയാകട്ടെ,

തെറ്റാകട്ടെ അതുകൊണ്ട് അദ്ദേഹത്തിന്റെ ആക്ഷനുമേൽ ഒരു കമന്റുണ്ടാകാൻ പാടില്ല. ഗവർണറുടെ ആക്ഷനുമേൽ നിയമസഭയിൽ ഒരു ഡിസ്കഷൻ അനുവദിക്കാൻ പാടില്ല. ഇത് ചെറിയ കാര്യമല്ല. എല്ലാ കാലത്തേയ്ക്കും നമുക്ക് ചില തത്വങ്ങളെ ബഹുമാനിക്കേണ്ടതായിട്ടുണ്ട് എന്നാണ് കെ. എം. മാണി പറഞ്ഞത്. " ഈ സഭയുടെ ചരിത്രത്തിൽ ഇങ്ങനെ ചർച്ച ഉണ്ടാകുകയാണെങ്കിൽ അത് ഈ നടപടി ചട്ടത്തിന്റെ ലംഘനവും സഭയുടെ ചരിത്രത്തിലെ ഒരു കറുത്ത അദ്ധ്യായവുമായിരിക്കും" എന്നാണ് ശ്രീ. എം. എം. ഹസ്സൻ പറഞ്ഞത്. കെ. കരുണാകരൻ പറഞ്ഞതുകൂടി കേൾക്കണം, "ഗവർണർക്ക് അല്ലെങ്കിൽ ചാൻസിലർക്ക് ഇവിടെ വന്ന് പറയാൻ അവസരം ലഭിക്കുകയില്ല. അതുകൊണ്ട് ഇത് ചർച്ച ചെയ്യാനുള്ള തീരുമാനം പുനഃപരിശോധിക്കാനും അത് റദ്ദ് ചെയ്യാനും തയ്യാറാകണം" എന്നാണ്. ഇതാണ് മുൻകാലങ്ങളിൽ സഭയിൽ സ്വീകരിച്ചിട്ടുള്ള നിലപാടുകൾ. അതുകൊണ്ട് അദ്ദേഹം പറഞ്ഞതിന്മേലുള്ള അഭിപ്രായം കൃത്യമായി പറഞ്ഞിട്ടുണ്ട്; എല്ലാവരും അതൃപ്തി രേഖപ്പെടുത്തിയിട്ടുമുണ്ട്. അതിനോട് ആരും യോജിപ്പ് പ്രകടിപ്പിച്ചിട്ടില്ല. അതിന്റെ ഭാഗമായി അദ്ദേഹത്തെ തിരിച്ചുവിളിക്കണമെന്ന നിലപാടിലേയ്ക്ക് ഇപ്പോൾ പോകുന്നത് ഭംഗിയല്ല എന്നതുകൊണ്ടാണ് ഈ നിലപാടെടുത്തതെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ശ്രീ. രമേശ് ചെന്നിത്തല, അങ്ങ് അവതരിപ്പിച്ച ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി

7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
15. ശ്രീ. ടി. വി. ഇബ്രാഹിം
16. ശ്രീ. എം. സി. കമറുദ്ദീൻ
17. ശ്രീ. കെ. എൻ. എ. ഖാദർ
18. ശ്രീ. സി. മമ്മൂട്ടി
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. വി. പി. സജീന്ദ്രൻ
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. വി. ഡി. സതീശൻ
29. ശ്രീ. ഷാഫി പറമ്പിൽ
30. ശ്രീമതി ഷാനിമോൾ ഉസ്മാൻ

31. ശ്രീ. വി. എസ്. ശിവകുമാർ
32. ശ്രീ. സണ്ണി ജോസഫ്
33. ശ്രീ. പി. ടി. തോമസ്
34. ശ്രീ. എം. ഉമ്മർ
35. ശ്രീ. എം. വിൻസെന്റ്
36. ശ്രീ. ടി. ജെ. വിനോദ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീ. കെ. ദാസൻ
9. ശ്രീ. ബി. ഡി. ദേവസ്സി
10. ശ്രീ. സി. ദിവാകരൻ
11. ശ്രീ. എൽദോ എബ്രഹാം
12. ശ്രീമതി ഗീതാ ഗോപി
13. ശ്രീ. ജോർജ് എം. തോമസ്
14. ശ്രീ. ചിറ്റയം ഗോപകുമാർ
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജെയിംസ് മാത്യു

18. ശ്രീ. ജി. എസ്. ജയലാൽ
19. ശ്രീ. ഇ. പി. ജയരാജൻ
20. ശ്രീ. കെ. യു. ജനീഷ് കുമാർ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി
23. ശ്രീ. സി. കൃഷ്ണൻ
24. ശ്രീ. കെ. കൃഷ്ണൻകുട്ടി
25. ശ്രീ. കോവൂർ കുഞ്ഞുമോൻ
26. ശ്രീ. വി. കെ. സി. മമ്മത് കോയ
27. ശ്രീ. എം. എം. മണി
28. ശ്രീ. മാണി സി. കാപ്പൻ
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ പി.
33. ശ്രീ. എം. മുകേഷ്
34. ശ്രീ. ഡി. കെ. മുരളി
35. ശ്രീ. മുരളി പെരുനെല്ലി
36. ശ്രീ. എം. നൗഷാദ്
37. ശ്രീ. യു. ആർ. പ്രദീപ്
38. ശ്രീ. കെ. ഡി. പ്രസേനൻ
39. ശ്രീമതി യു. പ്രതിഭ
40. ശ്രീ. പുരുഷൻ കടലുണ്ടി
41. ശ്രീ. പി. ടി. എ. റഹീം

42. ശ്രീ. എം. രാജഗോപാലൻ
43. ശ്രീ. കെ. രാജൻ
44. ശ്രീ. എസ്. രാജേന്ദ്രൻ
45. ശ്രീ. ആർ. രാജേഷ്
46. ശ്രീ. റ്റി. വി. രാജേഷ്
47. ശ്രീ. കെ. രാജു
48. ശ്രീ. രാജു എബ്രഹാം
49. ശ്രീ. ആർ. രാമചന്ദ്രൻ
50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
51. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
52. ശ്രീ. മുല്ലക്കര രത്നാകരൻ
53. പ്രൊഫ. സി. രവീന്ദ്രനാഥ്
54. ശ്രീ. സജി ചെറിയാൻ
55. ശ്രീ. എസ്. ശർമ്മ
56. ശ്രീ. സി. കെ. ശശീന്ദ്രൻ
57. ശ്രീ. പി. കെ. ശശി
58. ശ്രീ. വി. ശശി
59. ശ്രീ. ഐ. ബി. സതീഷ്
60. ശ്രീ. ബി. സത്യൻ
61. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
62. ശ്രീ. എ. എൻ. ഷംസീർ
63. ശ്രീ. ജി. സുധാകരൻ
64. ശ്രീ. വി. ആർ. സുനിൽ കുമാർ

65. ശ്രീ. വി. എസ്. സുനിൽ കുമാർ

66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

67. ശ്രീ. കെ. സുരേഷ് കുറുപ്പ്

68. ശ്രീ. എം. സ്വരാജ്

69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

70. ശ്രീ. പി. തിലോത്തമൻ

71. ശ്രീ. പി. ഉണ്ണി

72. ശ്രീമതി വീണാ ജോർജ്ജ്

73. ശ്രീ. കെ. വി. വിജയദാസ്

74. ശ്രീ. പിണറായി വിജയൻ

നിഷ്പക്ഷത പാലിച്ചവർ:

ശ്രീ. പി. സി. ജോർജ്

| | | | |
|---|---|---|---|
| മി. സ്പീക്കർ: | അനുകൂലിക്കുന്നവർ | - | 36 |
| | പ്രതികൂലിക്കുന്നവർ | - | 74 |
| | നിഷ്പക്ഷത പാലിക്കുന്നവർ | - | 1 |

കാര്യോപദേശക സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് പ്രസ്തുത കമ്മിറ്റിക്കുതന്നെ തിരിച്ചയയ്ക്കണമെന്ന ഉപക്ഷേപം സഭ നിരാകരിച്ചു.

1.00 P.M.]

## XII റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീ. കെ. ദാസൻ
9. ശ്രീ. ബി. ഡി. ദേവസ്സി
10. ശ്രീ. സി. ദിവാകരൻ
11. ശ്രീ. എൽദോ എബ്രഹാം
12. ശ്രീമതി ഗീതാ ഗോപി
13. ശ്രീ. ജോർജ് എം. തോമസ്
14. ശ്രീ. ചിറ്റയം ഗോപകുമാർ
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജെയിംസ് മാത്യു
18. ശ്രീ. ജി. എസ്. ജയലാൽ
19. ശ്രീ. ഇ. പി. ജയരാജൻ
20. ശ്രീ. കെ. യു. ജനീഷ് കുമാർ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി
23. ശ്രീ. സി. കൃഷ്ണൻ

24. ശ്രീ. കെ. കൃഷ്ണൻകുട്ടി
25. ശ്രീ. കോവൂർ കുഞ്ഞുമോൻ
26. ശ്രീ. വി. കെ. സി. മമ്മത് കോയ
27. ശ്രീ. എം. എം. മണി
28. ശ്രീ. മാണി സി. കാപ്പൻ
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ. പി
33. ശ്രീ. എം. മുകേഷ്
34. ശ്രീ. ഡി. കെ. മുരളി
35. ശ്രീ. മുരളി പെരുനെല്ലി
36. ശ്രീ. സി. കെ. നാണു
37. ശ്രീ. എം. നൗഷാദ്
38. ശ്രീ. യു. ആർ. പ്രദീപ്
39. ശ്രീ. കെ. ഡി. പ്രസേനൻ
40. ശ്രീമതി യു. പ്രതിഭ
41. ശ്രീ. പുരുഷൻ കടലുണ്ടി
42. ശ്രീ. പി. ടി. എ. റഹീം
43. ശ്രീ. എം. രാജഗോപാലൻ
44. ശ്രീ. കെ. രാജൻ
45. ശ്രീ. എസ്. രാജേന്ദ്രൻ
46. ശ്രീ. ആർ. രാജേഷ്
47. ശ്രീ. കെ. രാജു

48. ശ്രീ. രാജു എബ്രഹാം

49. ശ്രീ. ആർ. രാമചന്ദ്രൻ

50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

51. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

52. ശ്രീ. മുല്ലക്കര രത്നാകരൻ

53. പ്രൊഫ. സി. രവീന്ദ്രനാഥ്

54. ശ്രീ. സജി ചെറിയാൻ

55. ശ്രീ. എസ്. ശർമ്മ

56. ശ്രീ. സി. കെ. ശശീന്ദ്രൻ

57. ശ്രീ. പി. കെ. ശശി

58. ശ്രീ. വി. ശശി

59. ശ്രീ. ഐ. ബി. സതീഷ്

60. ശ്രീ. ബി. സത്യൻ

61. ശ്രീ. എ. എൻ. ഷംസീർ

62. ശ്രീ. ജി. സുധാകരൻ

63. ശ്രീ. വി. ആർ. സുനിൽ കുമാർ

64. ശ്രീ. വി. എസ്. സുനിൽ കുമാർ

65. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

66. ശ്രീ. കെ. സുരേഷ് കുറുപ്പ്

67. ശ്രീ. എം. സ്വരാജ്

68. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

69. ശ്രീ. പി. തിലോത്തമൻ

70. ശ്രീ. പി. ഉണ്ണി

71. ശ്രീമതി വീണാ ജോർജ്ജ്

72. ശ്രീ. കെ. വി. വിജയദാസ്

73. ശ്രീ. പിണറായി വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
15. ശ്രീ. ടി. വി. ഇബ്രാഹിം
16. ശ്രീ. എം. സി. കമറുദ്ദീൻ
17. ശ്രീ. കെ. എൻ. എ. ഖാദർ
18. ശ്രീ. സി. മമ്മൂട്ടി
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ

21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. കെ. എസ്. ശബരീനാഥൻ
26. ശ്രീ. വി. പി. സജീന്ദ്രൻ
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. വി. ഡി. സതീശൻ
29. ശ്രീ. ഷാഫി പറമ്പിൽ
30. ശ്രീമതി ഷാനിമോൾ ഉസ്മാൻ
31. ശ്രീ. വി. എസ്. ശിവകുമാർ
32. ശ്രീ. സണ്ണി ജോസഫ്
33. ശ്രീ. പി. ടി. തോമസ്
34. ശ്രീ. പി. ഉബൈദുള്ള
35. ശ്രീ. എം. ഉമ്മർ
36. ശ്രീ. എം. വിൻസെന്റ്
37. ശ്രീ. ടി. ജെ. വിനോദ്

നിഷ്പക്ഷത പാലിച്ചവർ:

ശ്രീ. പി. സി. ജോർജ്

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 73 |
| പ്രതികൂലിക്കുന്നവർ | - | 37 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | 1 |

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു. കാര്യോപദേശക സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

# XIII ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. എസ്. ശർമ്മ: സർ, " 2020 ജനുവരി 29-ാം തീയതി കേരള ഗവർണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. സി. ജോസഫിനുവേണ്ടി ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. നന്ദിപ്രമേയത്തിൽ " ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്നു " എന്ന വാക്കുകൾക്ക് പകരം

"ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം പൗരത്വ ഭേദഗതി നിയമം സംബന്ധിച്ച കേരള നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ പ്രമേയത്തെ ചോദ്യം ചെയ്യാനും, ഇപ്രകാരം പ്രമേയം പാസ്സാക്കുന്നതിന് നിയമസഭയ്ക്ക് അധികാരമില്ലെന്ന് പരസ്യമായ നിലപാട് സ്വീകരിക്കാനും തയ്യാറായ ഗവർണറുടെ നിലപാടിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്യുന്നു"എന്ന് ചേർക്കുക.

2. നന്ദിപ്രമേയത്തിന്റെ അവസാന ഭാഗത്ത് "രേഖപ്പെടുത്തുന്നു" എന്ന വാക്കിന് പകരം

"രേഖപ്പെടുത്തുന്നതോടൊപ്പം പ്രസംഗത്തിലെ 18-ാം ഖണ്ഡിക വായിക്കുന്നതിനുമുൻപ് നടത്തിയ പരാമർശങ്ങളിൽ അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു" എന്ന് ചേർക്കുക.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, പി.എസ്.സി. നടത്തിയ സിവിൽ പോലീസ് ഓഫീസർ പരീക്ഷയിൽ എസ്.എഫ്.ഐ. നേതാക്കൾ നടത്തിയ പരീക്ഷാ തട്ടിപ്പ് രീതിയും തട്ടിപ്പിനുപയോഗിച്ച ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ പത്രസമ്മേളനം നടത്തി പി.എസ്.സി. ചെയർമാൻ വെളിപ്പെടുത്തിയതും കേസന്വേഷണത്തെ ഗുരുതരമായി ബാധിച്ചുവെന്ന് പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

4. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, മരടിൽ തീരദേശ പരിപാലന നിയമത്തിലെ വ്യവസ്ഥകൾ നഗ്നമായി ലംഘിച്ച് ഫ്ലാറ്റ് നിർമ്മാണത്തിന് അനുമതി നൽകിയത് സി.പി.എം. നേതൃത്വത്തിലുള്ള ഭരണസമിതി മരട് പഞ്ചായത്ത് ഭരിച്ചിരുന്ന കാലയളവിലായിരുന്നുവെന്നും, പ്രസ്തുത നിയമവിരുദ്ധ നടപടിയാണ് സുപ്രീംകോടതി ഇടപെടലിനും നാല് ഫ്ലാറ്റുകൾ പൊളിച്ച് നീക്കുന്നതിന് ഇടയാക്കിയതെന്നും പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

5. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, പകുതി പദ്ധതി ചെലവ് വഹിക്കുവാൻ സംസ്ഥാന സർക്കാർ തയ്യാറാകാത്തതിനാൽ അങ്കമാലി - എരുമേലി ശബരി പാത, എറണാകുളം - കുമ്പളം രണ്ടാം പാത, കുമ്പളം - തുറവൂർ രണ്ടാം പാത, തുറവൂർ - അമ്പലപ്പുഴ രണ്ടാം പാത തുടങ്ങിയ റെയിൽവേ പദ്ധതികൾ റെയിൽവേ ബോർഡ് മരവിപ്പിച്ചുവെന്ന് പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

6. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഈ സർക്കാർ ഭരണമേറ്റശേഷം സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങളിൽ വൻ വർദ്ധനവ് ഉണ്ടായതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

7. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വൈദ്യുതി ബോർഡ് കിഫ്ബി വഴി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് പദ്ധതിയെക്കുറിച്ചുള്ള ആരോപണം സി.ബി.ഐ അന്വേഷിക്കണമെന്ന പ്രതിപക്ഷ ആവശ്യത്തിന് സർക്കാർ അനുമതി നൽകാത്തത് അഴിമതി പുറത്ത് വരുമെന്നതിനാലാണെന്ന് പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

8. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, മൂന്നാറിലെ അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തുവാൻ ചുമതലയുണ്ടായിരുന്ന പ്രത്യേക ഉദ്യോഗസ്ഥ ടീമിനെ സ്ഥലം മാറ്റിയതും, കയ്യേറ്റങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്ന ദേവികുളം സബ്കളക്ടർമാരെ നിരന്തരം ട്രാൻസ്ഫർ ചെയ്യുന്നതും മൂന്നാറിലെ കയ്യേറ്റങ്ങൾക്ക് ഒത്താശ ചെയ്യുന്ന കാര്യമാണെന്ന് പറയപ്പെടുന്നതായ കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

9. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പ്രളയത്തിൽ തകർന്ന സംസ്ഥാനത്തിന് പുനർനിർമ്മാണത്തിനായി ഒരു മാസത്തെ ശമ്പളം സാലറി ചലഞ്ചിലൂടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കെ.എസ്.ഇ.ബി. ജീവനക്കാർ നൽകിയിട്ടും 130 കോടിയോളം രൂപ ദുരിതാശ്വാസനിധിയിലേയ്ക്ക് നൽകാതെ കാലതാമസം വരുത്തുകയും അതുമൂലം ആദായനികുതി വകുപ്പിന്റെ നോട്ടീസ് കെ.എസ്.ഇ.ബി.എൽ.ന് ലഭിച്ച കാര്യവും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു"

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

10. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കുറ്റകൃത്യങ്ങളിൽ കേരളം രാജ്യത്ത് തന്നെ മുൻപന്തിയിൽ നിൽക്കുകയാണെന്ന ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ ഡിസംബറിൽ പുറത്തുവിട്ട കണക്ക് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

11. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ അധികാരത്തിലെത്തിയ സർക്കാർ, ജീവനക്കാരുടെ ശമ്പളംപോലും കൃത്യമായി കൊടുക്കാതെ അവരെ ആത്മഹത്യയിലേയ്ക്കും, നിത്യ ദുരിതത്തിലേയ്ക്കും തള്ളിവിടുന്നതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

12. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സയ്ക്കെത്തിയ രോഗമില്ലാത്ത വ്യക്തിക്ക് തെറ്റായ പരിശോധനാറിപ്പോർട്ടിന്റ അടിസ്ഥാനത്തിൽ കീമോ തെറാപ്പി ചികിത്സ നൽകിയത് ഉൾപ്പെടെ ആരോഗ്യ മേഖലയിൽ നടക്കുന്നതായി പറയപ്പെടുന്ന അനഭിലഷണീയമായ കാര്യങ്ങളെക്കുറിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

13. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വിമുക്തി പദ്ധതിയുടെ പേരിൽ പ്രചരണത്തിനായി വലിയ തുക മുടക്കുമ്പോൾ സംസ്ഥാനത്ത് 500-ലധികം ബാറുകൾക്ക് എഫ്.എൽ.3 ലൈസൻസ് നൽകുക വഴി മദ്യത്തിന്റെ ലഭ്യത സുലഭമാക്കിയ സർക്കാർ നടപടിയെക്കുറിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

14. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പെരിയ ഇരട്ട കൊലക്കേസിലെ അന്വേഷണത്തിൽ യഥാർത്ഥ പ്രതികളെ സംരക്ഷിക്കുന്ന തരത്തിൽ കുറ്റപത്രം തയ്യാറാക്കിയതായി പറയപ്പെടുന്ന കാര്യവും കേസ്സിന്റെ അന്വേഷണം മുൻവിധിയോടെയാണെന്ന് കണ്ടെത്തി ഹൈക്കോടതി കുറ്റപത്രം റദ്ദ് ചെയ്യുകയും ചെയ്ത കാര്യവും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

15. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പി.എസ്.സി. നടത്തിയ സിവിൽ പൊലീസ് ഓഫീസർ പരീക്ഷയിൽ എസ്.എഫ്.ഐ. നേതാക്കൾ ക്രമക്കേട് കാണിക്കുകയും, അതിലൂടെ കഷ്ടപ്പെട്ട് പഠിക്കുന്ന ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളെ വഞ്ചിക്കുകയും ചെയ്തെന്ന് പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

16. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ധനമന്ത്രി 2017-ൽ കിഫ്ബിക്കായി വിദേശ കമ്പോളത്തിൽനിന്നും 1.53 ശതമാനം പലിശയ്ക്ക് വായ്പ നൽകുവാൻ പലരും താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്നും 30 വർഷം തിരിച്ചടവ് കാലാവധി ലഭിക്കുമെന്നും പ്രഖ്യാപിച്ചതിന് കടകവിരുദ്ധമായി, 9 ശതമാനത്തിന് മുകളിൽ പലിശ നിരക്കുള്ള വായ്പകൾ കിഫ്ബി എടുക്കുന്നതുമൂലം ഉണ്ടാകുന്ന തിരിച്ചടവ് ബാധ്യത സംസ്ഥാനത്തെ കൂടുതൽ കടക്കെണിയിലാക്കുമെന്ന് പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

17. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഗുരുതരമായ കുറ്റകൃത്യങ്ങളിൽ പങ്കാളികളായിട്ടും സർവ്വീസിൽ തുടരുന്ന പോലീസുദ്യോഗസ്ഥർക്കെതിരെ കേരള പോലീസ് ആക്ടിലെ സെക്ഷൻ 86 അനുസരിച്ച് നടപടി സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ടിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും ഇക്കാര്യത്തിൽ യാതൊരു നടപടികളും സ്വീകരിക്കാത്തതായി പറയപ്പെടുന്ന സർക്കാർ നടപടി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

18. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കണ്ണൂർ വിമാനത്താവളത്തിൽ നടക്കുന്ന അഴിമതിയും, അനധികൃത നിയമനവും മൂടിവയ്ക്കുവാൻ വേണ്ടിയാണ് സി ആന്റ് എ.ജി.-യുടെ സമ്പൂർണ്ണ ആഡിറ്റ് അനുവദിക്കാത്തതെന്ന് പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

19. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കാസർഗോഡ് പെരിയയിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകരായ കൃപേഷിനെയും ശരത് ലാലിനെയും നിഷ്ഠൂരമായി സി.പി.എം. പ്രവർത്തകർ കൊലപ്പെടുത്തിയ കേസ്സിൽ പോലീസ് നൽകിയ കുറ്റപത്രം റദ്ദാക്കി ഹൈക്കോടതി അന്വേഷണം സി.ബി.ഐ.-ക്ക് വിട്ട കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

20. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ലോക്സഭാ തെരഞ്ഞെടുപ്പിൽ തോറ്റ വ്യക്തിയെ ക്യാബിനറ്റ് റാങ്കോടെ ഡൽഹിയിൽ പ്രത്യേക പ്രതിനിധിയായി നിയമിക്കുകയും അതുവഴി ഖജനാവിന് കൂടുതൽ ഭാരം ഉണ്ടാക്കിവയ്ക്കുകയും ചെയ്തതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. റോജി എം .ജോൺ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

21. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കെ.എസ്.ഇ.ബി.എൽ.ൽ ട്രാൻസ്മിഷൻ ഡയറക്ടറായിരിക്കെ ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥൻ, പെൻഷനായശേഷം ടെറാനസ് എന്ന കമ്പനിയിൽ ചേർന്ന് ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ അപ്രൈസൽ നടത്തി ഉയർന്ന എസ്റ്റിമേറ്റ് അംഗീകരിച്ച് നൽകിയത് ഗുരുതരമായ പ്രശ്നമാണെന്ന് പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

22. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സാങ്കേതിക സർവ്വകലാശാലയിൽ ചട്ടങ്ങൾ മറികടന്ന് ബി-ടെക് വിദ്യാർത്ഥിനിയുടെ ഉത്തരക്കടലാസ്സ് മൂന്നാമതും മൂല്യനിർണ്ണയം നടത്തുവാൻ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി നിർദ്ദേശം നൽകിയതായി പറയപ്പെടുന്ന കാര്യവും, കഷ്ടപ്പെട്ട് പഠിക്കുന്ന വിദ്യാർത്ഥികളുടെ കഷ്ടപ്പാടിന് യാതൊരു ഫലവും ഇല്ലാത്ത സ്ഥിതിവിശേഷവും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

23. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, 30 ശതമാനം ജി.എസ്.ടി. വളർച്ച ലക്ഷ്യമിട്ടുവെങ്കിലും, നികുതി പിരിവിലുണ്ടായ പാളിച്ചകൾ മൂലവും കൂടുതൽ വ്യാപാരികളെ ജി.എസ്.ടി. നെറ്റ്‌വർക്കിൽ കൊണ്ടുവരുന്നതിലുണ്ടായ പരാജയംമൂലവും ലക്ഷ്യമിട്ടതിന്റെ പകുതിപോലും വർദ്ധന നികുതി വരുമാനത്തിൽ ഉണ്ടാക്കുവാൻ സാധിക്കാത്ത കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

24. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ രണ്ട് പദ്ധതികളായ കോട്ടയം ലൈൻസ്, കോലത്തുനാട് പദ്ധതികളിൽ കെ.എസ്.ഇ.ബി.എൽ.ന്റെ അടിസ്ഥാന നിരക്കിനെക്കാൾ ഉയർന്ന നിരക്കിൽ കരാർ നൽകുകവഴി കരാറുകാർക്ക് അമിത ആനുകൂല്യം ലഭിക്കാനിടയായെന്ന് പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

25. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, 50000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുമെന്ന് അവകാശപ്പെട്ട് രൂപീകരിച്ച കിഫ്ബിയുടെ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ് നീങ്ങുന്നതെന്നും നാല് വർഷം ആകുന്ന സാഹചര്യത്തിൽ ഇതുവരെ 10 ശതമാനം പ്രവൃത്തികൾ മാത്രമേ പൂർത്തിയാക്കുവാൻ സാധിച്ചുള്ളൂവെന്നും പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

26. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സഹകരണ സംഘങ്ങളിൽനിന്നും ഒരു സാമ്പത്തിക വർഷം ഒരു കോടി രൂപയ്ക്ക് മുകളിൽ പണമായി പിൻവലിക്കുന്നവർ രണ്ട് ശതമാനം ആദായ നികുതി നൽകണമെന്ന കേന്ദ്ര നിർദ്ദേശം സഹകരണ സംഘങ്ങൾക്ക് ഉണ്ടാക്കുന്ന ബാധ്യതയും പ്രതിസന്ധിയും സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

27. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെയും ഷുഹൈബ് വധക്കേസിലെയും പ്രതികൾക്ക് ജയിലിൽ സുഖവാസവും സുഖചികിത്സയും ലഭിക്കുന്നതായി പറയപ്പെടുന്നതും ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതി കൊടി സുനി ജയിലിലിരുന്ന് ക്വട്ടേഷൻ പണി നടത്തിയതായി പറയപ്പെടുന്ന കാര്യവും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

28. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കിയാലിൽ സർക്കാരിനും പൊതുമേഖലാ സ്ഥാപനങ്ങൾക്കും കൂടി 65 ശതമാനം ഓഹരികൾ ഉണ്ടെന്നും അതിനാൽ ആഡിറ്റിന് അധികാരം ഉണ്ടെന്ന് സി.ആന്റ് എ.ജി. ചൂണ്ടിക്കാണിച്ചിട്ടും കിയാലിന്റെ അക്കൗണ്ടുകൾ ആഡിറ്റ് ചെയ്യുവാൻ സി.ആന്റ് എ.ജി.-യെ അനുവദിക്കാത്ത നടപടി ക്രമവിരുദ്ധകാര്യങ്ങൾ പുറത്തുവരുമെന്ന കാരണത്താലാണെന്ന് പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

29. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരള പുനർനിർമ്മാണ പദ്ധതിക്കായി ലോകബാങ്കിൽനിന്നും ലഭിച്ച 1750 കോടി രൂപ പദ്ധതി നിർവ്വഹണ ഏജൻസിക്ക് യഥാസമയം കൈമാറാതെ വകമാറ്റി ചെലവ് ചെയ്തതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

30. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ റവന്യൂ വരുമാനത്തിൽ മുഖ്യ പങ്ക് വഹിക്കുന്ന തനത് നികുതി വരുമാനത്തിൽ കഴിഞ്ഞ മൂന്നര വർഷംകൊണ്ട് കുറഞ്ഞ വളർച്ചാനിരക്കുണ്ടായ കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

31. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് നെൽവയൽ സംരക്ഷണത്തിനായി നിയമം പാസ്സാക്കിയെങ്കിലും, സംസ്ഥാനത്ത് വ്യാപകമായി തണ്ണീർത്തടങ്ങളും നെൽവയലുകളും നികത്തുന്ന നടപടി തുടരുന്നതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

32. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരള ബാങ്ക് നിലവിൽ വരുമ്പോൾ സഹകരണ മേഖല പൂർണ്ണമായും റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ വരുന്ന കാര്യവും, പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അതുമൂലം ഇപ്പോൾ ലഭിക്കുന്ന പ്രവർത്തന സ്വാതന്ത്ര്യം നഷ്ടമാകുമെന്ന് പറയപ്പെടുന്ന കാര്യവും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

33. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ ആകെ വരവും റവന്യൂ വരവും പരിശോധിച്ചതിൽ കഴിഞ്ഞ മൂന്നര വർഷം കൊണ്ട് അവ തമ്മിലുള്ള അന്തരം കൂടിവരുന്നുവെന്നും കടബാധ്യതകൾ വർദ്ധിച്ചുവരുന്നു എന്നുമുള്ള സൂചകങ്ങളാണ് പുറത്തുവരുന്നതെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

34. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പിനായി അദാനി, തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ച് മുന്നോട്ടുപോകുമ്പോൾ വിമാനത്താവളം സംസ്ഥാന സർക്കാരിന്റെ അധീനതയിലാക്കുവാൻ ക്രിയാത്മകമായ ഇടപെടൽ നടത്തുവാൻ കഴിയാത്തതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

35. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കാരുണ്യ ലോട്ടറിയിലൂടെ ലഭിക്കുന്ന കോടിക്കണക്കിന് രൂപയുടെ ആദായംകൊണ്ട് മുൻ സർക്കാരിന്റെ ഭരണകാലത്ത് നടപ്പിലാക്കിയ കാരുണ്യ ബെനവലന്റ് പദ്ധതി നിർത്തലാക്കി സാധാരണക്കാരായ രോഗികളെ പ്രത്യേകിച്ച് ഹീമോഫീലിയ, ക്യാൻസർ രോഗികളെ ദുരിതത്തിലാക്കിയതായി പറയപ്പെടുന്ന നടപടി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

36. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, സംസ്ഥാനത്തിന്റെ പൊതുകടം, മൊത്തം കടം, ആളോഹരി കടം എന്നിവ കഴിഞ്ഞ മൂന്നര വർഷംകൊണ്ട് ഗണ്യമായി വർദ്ധിച്ചതും 2016-ൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത 1,57,370.33 കോടി രൂപയായിരുന്നത് 2,49,559.34 കോടി രൂപയായി ഉയർന്ന കാര്യവും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

37. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, കിഫ്ബി പുറത്തിറക്കിയ 2150 കോടി രൂപയുടെ മസാല ബോണ്ട് വാങ്ങിയത് ലാവ്‌ലിൻ കമ്പനിയെ നയിക്കുന്ന കനേഡിയൻ ഫണ്ടിംഗ് ഏജൻസിയായ സി.ഡി.പി.ക്യൂ. ആണെന്നതായി പറയപ്പെടുന്നത് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

38. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം 2020-21 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കൽ തുകയിൽ 3000 കോടി രൂപയുടെ കുറവ് വരുത്തുവാൻ സർക്കാർ തീരുമാനം ഉള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. ഷാഫി പറമ്പിൽ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

39. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, വാളയാറിൽ രണ്ട് പിഞ്ച് ദളിത് സഹോദരിമാർ ദുരൂഹ സാഹചര്യത്തിൽ കൊല്ലപ്പെട്ടപ്പോൾ അതിൽ പ്രതികളായിരുന്നവരെ പ്രോസിക്യൂഷന്റെ പിടിപ്പുകേടുമൂലം കോടതി വെറുതെ വിട്ടതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

40. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, പറമ്പിക്കുളം കടുവാ സങ്കേതത്തിന്റെ മൂന്ന് കിലോമീറ്റർ ചുറ്റളവിൽ ചട്ടവിരുദ്ധമായി ക്വാറിക്ക് ജിയോളജി വകുപ്പ് അനുമതി നൽകിയ കാര്യം പോലുള്ള ക്രമവിരുദ്ധമായ നടപടികൾ ക്വാറികൾ അനുവദിക്കുന്നതിൽ സംസ്ഥാനത്ത് നടക്കുന്നതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

41. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, കുട്ടനാടിന്റെ വികസനത്തിനായി 2447.66 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചുവെങ്കിലും ഇക്കാര്യത്തിൽ തുടർ നടപടികളൊന്നും സ്വീകരിക്കാത്തതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

42. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, 2016-ൽ സംസ്ഥാനത്തെ ഒരു വ്യക്തിയുടെ ആളോഹരി കടം 46,078.04 രൂപയായിരുന്നത് ഈ സർക്കാരിന്റെ മൂന്നര വർഷകാലത്തെ ഭരണകാലയളവിൽ 26,352.48 രൂപ വർദ്ധിച്ച് 72,430.52 രൂപയായ കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

43. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കിഫ്ബി വികസനപ്രവർത്തനങ്ങൾക്കായി പുറത്തിറക്കിയ 2150 കോടി രൂപയുടെ മസാല ബോണ്ടിന് 9.72 ശതമാനം നിരക്കിൽ ഉയർന്ന പലിശ നൽകേണ്ടി വരുമെന്നും ഇനി വരുന്ന സർക്കാർ ഇതിന്റെ തിരിച്ചടവായി 3195 കോടി രൂപ പലിശയടക്കം നൽകേണ്ടി വരുമെന്നും പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

44. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ശബരിമലയിൽ യുവതീപ്രവേശനം സംബന്ധിച്ച സുപ്രീംകോടതി വിധി നടപ്പിലാക്കാനെന്ന പേരിൽ ലക്ഷക്കണക്കിന് വിശ്വാസികളുടെ വിശ്വാസത്തിൽ പോറൽ ഏൽപ്പിച്ചുകൊണ്ട് പോലീസ് പരിരക്ഷയിൽ രണ്ട് യുവതികളെ സന്നിധാനത്ത് എത്തിച്ചത് തെറ്റായിപ്പോയി എന്ന് സർക്കാരിന് തോന്നുന്നതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

45. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തിന്റെ ധനപ്രതിസന്ധി രൂക്ഷമായതായി പറയപ്പെടുന്നതും റവന്യൂ കമ്മിയിലും ധനക്കമ്മിയിലും കഴിഞ്ഞ മൂന്നരവർഷം കൊണ്ട് ക്രമാതീതമായ വർദ്ധനവ് ഉണ്ടായകാര്യവും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

46. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കിഫ്ബിയുടെ ഫണ്ടുകൾ ആഡിറ്റ് ചെയ്യുവാൻ സി. ആന്റ് എ.ജി.-ക്ക് നൽകിയിരുന്ന അധികാരം നിയമ ഭേദഗതികളിലൂടെ എടുത്തുകളഞ്ഞത് കിഫ്ബിയുടെ ഫണ്ട് ദുരുപയോഗം അറിയാതിരിക്കാനുള്ള നടപടിയായിരുന്നെന്ന് പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

47. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കാസർഗോഡ് പെരിയ ഇരട്ടക്കൊലപാതക കേസ് സി.ബി.ഐ. അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് കൃപേഷിന്റെ മാതാപിതാക്കൾ ഹൈക്കോടതിയിൽ നൽകിയ കേസിൽ സി.ബി.ഐ. അന്വേഷണം ആവശ്യമില്ലായെന്ന് വാദിക്കുവാൻ സുപ്രീംകോടതിയിലെ അഭിഭാഷകരെ സർക്കാർ ചെലവിൽ കൊണ്ടുവന്നെന്നും അവർക്ക് വക്കീൽ ഫീസിനത്തിൽ 80 ലക്ഷത്തിലധികം രൂപ ഖജനാവിൽനിന്ന് നൽകിയെന്നും പറയപ്പെടുന്നതിനെക്കുറിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

48. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരള പുനർ നിർമ്മാണ പദ്ധതിക്കായി ലോക ബാങ്കിൽനിന്നും ലഭിച്ച 1750 കോടി രൂപ പദ്ധതി നിർവ്വഹണ ഏജൻസിക്ക് യഥാസമയം കൈമാറാതെ വക മാറ്റി ചെലവ് ചെയ്തതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. അനിൽ അക്കര</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

49. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, 2019-ൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും കേന്ദ്ര മാനദണ്ഡപ്രകാരം 2101.95 കോടി രൂപയുടെ നഷ്ടമുള്ള കാര്യം കേന്ദ്രത്തെ അറിയിച്ചിട്ടും ഇതുവരെ ഒരു രൂപപോലും നഷ്ടപരിഹാരം നൽകാത്ത കേന്ദ്ര നടപടിയെ കുറിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

50. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ഫയൽ അദാലത്ത് സംഘടിപ്പിക്കുകയും അതിലൂടെ യൂണിവേഴ്സിറ്റികളുടെ സ്വയം ഭരണാവകാശത്തെ ബാധിക്കുന്ന ഇടപെടലുകൾ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും അദ്ദേഹത്തിന്റെ പേഴ്സണൽ സ്റ്റാഫിന്റെയും ഭാഗത്തുനിന്നും ഉണ്ടായതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

51. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, നെടുംകണ്ടത്ത് പോലീസ് കസ്റ്റഡിയിൽ രാജ്കുമാറും പാവറട്ടിയിൽ എക്സൈസ് കസ്റ്റഡിയിൽ രജിത് കുമാറും മരിച്ചത് മൂന്നാംമുറ പ്രയോഗംമൂലമാണെന്ന് പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

52. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സർക്കാരിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമുള്ള നിയമനങ്ങൾ പി.എസ്.സി. വഴി നടത്താതെ പല സ്ഥലങ്ങളിലും കോൺട്രാക്ട് വ്യവസ്ഥയിലും ദിവസ വേതനാടിസ്ഥാനത്തിലും ബന്ധുക്കൾക്കും സ്വന്തക്കാർക്കും ആയി നൽകുന്നതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

53. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഭരണഘടനയുടെ അന്തഃസത്തയ്ക്ക് വിരുദ്ധമായ 2019-ലെ പൗരത്വ ഭേദഗതി നിയമം സംസ്ഥാനത്ത് നടപ്പിലാക്കില്ല എന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

54. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കിഫ്ബിയുടെ അപ്രൈസൽ വിഭാഗം മേധാവിക്ക് പ്രതിമാസം 2.85 ലക്ഷം രൂപ ശമ്പളയിനത്തിൽ നൽകുന്നു എങ്കിലും അവർ ചെയ്യേണ്ട ജോലി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ഏൽപ്പിക്കുകയും അവർ അത് സ്വകാര്യ കമ്പനിക്ക് മറിച്ചുനൽകി കോടികൾ അപ്രൈസൽ ഫീസ് ഇനത്തിൽ നൽകേണ്ടിവരികയും ചെയ്യുന്നതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

55. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും ഇക്കാര്യത്തിൽ യാതൊരു നടപടിയും ഇതിനകം പ്രാവർത്തികമാക്കാത്തതായി പറയപ്പെടുന്നത് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

56. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി നടപ്പിലാക്കാതെ കുഴിയിൽ വീണ് യാത്രക്കാർ ദാരുണമായി മരണമടഞ്ഞ സംഭവം

ഉണ്ടായ സാഹചര്യത്തിൽ കേരള ഹൈക്കോടതി ഇക്കാര്യത്തിൽ ഇടപെട്ട് റോഡുകളുടെ അറ്റകുറ്റപ്പണിക്കായി സമയക്രമം പ്രഖ്യാപിക്കേണ്ട സാഹചര്യം ഉണ്ടായതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

57. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കുറഞ്ഞ വിലയ്ക്ക് കുപ്പിവെള്ളം ജനങ്ങൾക്ക് നൽകുന്നതിനായി കേരള ജല അതോറിറ്റി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാതെ സ്വകാര്യ കുപ്പിവെള്ള കമ്പനികളെ സഹായിക്കുന്നതായി പറയപ്പെടുന്ന നിലപാട് സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

58. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ പല ക്ഷേമനിധി ബോർഡുകളുടെയും സ്പെഷ്യൽ റൂൾസ് സമയബന്ധിതമായി രൂപീകരിക്കാതെ പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി വഴിയല്ലാതെ നടത്തുന്നതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

59. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാന ഭരണപരിഷ്കാര കമ്മീഷൻ കോടിക്കണക്കിന് രൂപ അതിന്റെ പ്രവർത്തനത്തിനായി വിനിയോഗിച്ച് നാല് റിപ്പോർട്ടുകൾ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചുവെങ്കിലും ഒരു ശിപാർശപോലും ഇതുവരെ നടപ്പിലാക്കാതെ ഭരണ പരിഷ്കാര കമ്മീഷന്റെ പ്രസക്തിയെ പോലും ചോദ്യം ചെയ്യുന്നതായി പറയപ്പെടുന്ന നടപടി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

60. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനം അതിരൂക്ഷമായ ധന പ്രതിസന്ധിയിലൂടെ കടന്നുപോകുന്നതായി പറയപ്പെടുന്നതുമൂലം മാസങ്ങളോളം നീണ്ടുനിൽക്കുന്നതായി പറയപ്പെടുന്ന ട്രഷറി നിയന്ത്രണം പരിഹരിക്കുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

61. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, നികുതി വളർച്ചാനിരക്ക് പ്രതീക്ഷിച്ചതിന്റെ പകുതിപോലും എത്താത്തത് സംബന്ധിച്ചും നികുതി പിരിവിൽ ഗുരുതരമായ അനാസ്ഥയുള്ളതായി പറയപ്പെടുന്ന കാര്യവും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

62. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സാമ്പത്തിക പ്രതിസന്ധിയിൽ ധൂർത്തും പരസ്യച്ചെലവിനത്തിലും കോടികൾ മുടക്കുന്നതായി പറയപ്പെടുന്നതും കോടികൾ ചെലവാക്കി ക്യാബിനറ്റ് റാങ്കോടുകൂടി സർക്കാർ പ്രതിനിധിയായുള്ള നിയമനം സംബന്ധിച്ചും പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

63. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സി.പി.ഐ.(എം.) പ്രവർത്തകർ കൊലപ്പെടുത്തിയ കൃപേഷിന്റെയും ശരത് ലാലിന്റെയും ഷുഹൈബിന്റെയും പ്രതികളെ സംരക്ഷിക്കാൻ കേസ് സി.ബി.ഐ.-ക്ക് വിടാതിരിക്കാൻവേണ്ടി സർക്കാർ ചെലവിൽ കോടികൾ ചെലവഴിച്ചതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

64. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, മദ്യത്തിന്റെ ഉപയോഗം സമൂഹത്തിൽ കുറയ്ക്കുമെന്ന ലക്ഷ്യത്തിൽ പ്രഖ്യാപിച്ച മദ്യനയത്തിനുശേഷം 565 ബാറുകൾ പുന:രാരംഭിച്ചത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

65. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, എല്ലാ മാനദണ്ഡങ്ങളും കാറ്റിൽപ്പറത്തി അതീവ രഹസ്യമായി 3 ബ്രൂവെറിക്കും ഒരു ഡിസ്‌ലെറിക്കും അനുമതി നൽകിയതുമായി ബന്ധപ്പെട്ട കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

66. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ബന്ധുനിയമനങ്ങളും അനധികൃത നിയമനങ്ങളും നടത്തുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

67. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പി.എസ്.സി പരീക്ഷകളുടെ വിശ്വാസ്യത തകർത്ത് ചോദ്യപ്പേപ്പർ ചോർച്ച നടന്നതായി പറയപ്പെടുന്ന സംഭവം സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

68. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പോലീസ് കോൺസ്റ്റബിൾ പരീക്ഷയിൽ അനർഹർ ഉന്നത റാങ്കുകൾ കരസ്ഥമാക്കിയതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

69. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരള ബാങ്ക് രൂപീകരണത്തിലെ ശ്രീറാം കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

70. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വരാപ്പുഴയിലെ ശ്രീജിത്തടക്കമുള്ള 11 സാധാരണക്കാരുടെ കസ്റ്റഡി മരണം സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

71. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, രാഷ്ട്രീയ കൊലപാതകങ്ങൾ നിയന്ത്രിക്കുന്നതിൽ ആഭ്യന്തര വകുപ്പിന് വീഴ്ച സംഭവിച്ചതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

72. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, രാഷ്ട്രീയ കൊലപാതകങ്ങളിലെ പ്രതികളെ പോലീസ് ആസൂത്രിതമായി കേസിൽനിന്നും ഒഴിവാക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

73. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് വ്യാപകമായിരിക്കുന്നതായി പറയപ്പെടുന്ന സ്ത്രീപീഡനങ്ങളിലും അക്രമങ്ങളിലും കൊലപാതകങ്ങളിലും ഭരണകക്ഷി അംഗങ്ങൾ തന്നെ വരുന്നത് നിയന്ത്രിക്കുന്നതിൽ സർക്കാർ പരാജയപ്പെടുന്നതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

74. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിക്ക് പകരമായി രോഗികൾക്ക് ഗുണപ്രദമായ രീതിയിൽ പുതിയ സംവിധാനം ഒരുക്കുന്നതിൽ വീഴ്ച സംഭവിച്ചതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

75. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തെ വൻകിട വികസന പദ്ധതികളിലെ പൂർത്തീകരണത്തിലുണ്ടാകുന്ന മെല്ലെപ്പോക്കുകാരണം വികസന പദ്ധതികൾ നടപ്പാക്കാൻ കാലതാമസമെടുക്കുന്നതായി പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

76.നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, അമ്യൂസ്മെന്റ് പാർക്കുകൾക്കും റിസോർട്ടുകൾക്കും വേണ്ടി നടക്കുന്നതായി പറയപ്പെടുന്ന കായൽ കയ്യേറ്റവും ഭൂമി കയ്യേറ്റവും തടയുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

77. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കാർഷിക രംഗത്തെ ഗുരുതരമായ തകർച്ച നേരിടുന്നതിന് കാർഷിക വികസന പാക്കേജ് ആവിഷ്കരിച്ച് നടപ്പിലാക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

78. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിച്ച് ജീവനക്കാരുടെയും പെൻഷൻകാരുടെയും ആശങ്ക പരിഹരിക്കുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

79. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പെട്രോൾ, ഡീസൽ വിലവർദ്ധന നിയന്ത്രിക്കുന്നതിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

80. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, അരുവിക്കര കുപ്പിവെള്ള പ്ലാന്റിന്റെ പ്രവർത്തനം ഇതുവരെയും ആരംഭിക്കാത്തത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

81. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ വിവിധ കുടിവെള്ള പദ്ധതികൾ മുടങ്ങിക്കിടക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

82. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വാളയാറിലെ പെൺകുട്ടികളെ പീഡനത്തിനിരയാക്കിയ പ്രതികളെ സംരക്ഷിച്ചതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

83. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കരമന-കളിയിക്കാവിള റോഡിന്റെ രണ്ടാംഘട്ട നിർമ്മാണപ്രവർത്തനങ്ങളുടെ വേഗത സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

84. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, തീരദേശ ഹൈവേ പദ്ധതി പ്രഖ്യാപിച്ചിട്ടും ഇതുവരെയും നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിയാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

85. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കണ്ണൂരിലെ പ്രവാസി വ്യവസായി സാജന്റെ ആത്മഹത്യയിലേക്ക് നയിച്ചതായി പറയപ്പെടുന്ന കാര്യങ്ങൾ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

86. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കുട്ടനാട് പാക്കേജ് പൂർണ്ണതയിലെത്തിക്കാൻ കഴിയാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

87. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ധനക്കമ്മി കൂടിയതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

88. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, റവന്യൂ കമ്മി കൂടിയതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

89. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ആളോഹരികടം ക്രമാതീതമായി വർദ്ധിച്ചതായി പറയപ്പെടുന്ന സാഹചര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

90. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരളത്തിലെ എം.ആർ.എസ്. പ്രവർത്തനങ്ങളിൽ വരുന്നതായി പറയപ്പെടുന്ന കാലതാമസം സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

91. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, തൊഴിൽരഹിതരായ യുവാക്കൾക്ക് പ്രഹരമേൽപ്പിക്കുന്ന അപ്രഖ്യാപിത നിയമന നിരോധനം ഉള്ളതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

92. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, മലയോര ഹൈവേയുടെ വികസനത്തിൽ വനം വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിൽ കാലതാമസമുണ്ടാകുന്നതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

93. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഭരണപരിഷ്കാര കമ്മീഷന്റെ പ്രവർത്തനങ്ങളിൽ വീഴ്ച സംഭവിച്ചതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

94. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പോലീസിന്റെ അതീവ രഹസ്യരേഖകൾ സ്വകാര്യ കമ്പനിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിച്ചതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

95. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കശുവണ്ടി മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

96. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, അവശ്യസാധനങ്ങളുടെ വില കുതിച്ചുയരുന്നത് പിടിച്ചുനിർത്തുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

97. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, മാലിന്യ നിർമ്മാർജ്ജനം നടത്തുന്നതിൽ പരാജയം സംഭവിച്ചതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

98. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ലഹരിപദാർത്ഥങ്ങളുടെ വ്യാപക ഉപയോഗം ഉള്ളതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

99.നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ റേഷൻ കാർഡിലെ പിശകുകളും പരാതികളും പരിഹരിക്കുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

100. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വൈദ്യുതി വകുപ്പിന്റെ വൻകിട പദ്ധതിയായ ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ അഴിമതിയുള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

101. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് സർക്കാരിന്റെ പ്രധാന പ്രോജക്ടുകൾ ഏൽപ്പിക്കുന്നതിൽ പ്രത്യേക താൽപര്യം ഉള്ളതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

102. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വന്യജീവി ആക്രമണംമൂലം മരണപ്പെടുന്നവരുടെ എണ്ണം കൂടുന്നത് തടയുന്നതിനായുള്ള സത്വരനടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

103. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സാധാരണ ജനങ്ങൾ ഏറെ ആശ്രയിക്കുന്ന താലൂക്ക് ആശുപത്രികളോട് അവഗണന ഉള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

104. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സർക്കാരിന്റെ പ്രചരണത്തിനായി കോടിക്കണക്കിന് രൂപ ധൂർത്തടിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

105. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരളത്തിൽ തൊഴിൽ സാധ്യതകൾ കുറഞ്ഞതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

106. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജനത്തിൽ പോരായ്മകൾ ഉള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

107. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയിലെ നിലവാരം തകർന്നതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

108. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിക്ക് സ്വന്തമായി ആസ്ഥാന മന്ദിരം തുടങ്ങാത്തത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

109. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരളത്തിലെ എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിനെ സർക്കാർ തഴയുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

110. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, തിരുവനന്തപുരം നഗരത്തിലെ പ്രധാന കുടിവെള്ള സ്രോതസ്സായ അരുവിക്കര ഡാമിലെ ജൈവ-അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

111. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സർക്കാരിന്റെ വൻകിട പദ്ധതിയെന്ന് അവകാശപ്പെടുന്ന ലൈഫ് ഭവന പദ്ധതിയിൽ പോരായ്മകൾ ഉള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

112. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, തീരദേശമേഖലയുടെ സംരക്ഷണം സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

113. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, തീരദേശമേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

114. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വയനാട്-കർണ്ണാടക ദേശീയ പാതയിലെ രാത്രി യാത്രാ നിരോധന ദുരിതങ്ങൾ സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

115. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ചെറുകിട വ്യവസായ മേഖലയിൽ തകർച്ച സംഭവിച്ചതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

116. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, വരാനിരിക്കുന്ന കടുത്ത വരൾച്ച മുൻകൂട്ടി കണ്ട് കുടിവെള്ളക്ഷാമം നേരിടുന്നതിനുള്ള മുന്നൊരുക്കങ്ങൾ സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

117. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, ആലപ്പുഴ ബൈപ്പാസ് നിർമ്മാണത്തിൽ കാലതാമസം വരുന്നതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

118. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ബഡ്ജറ്റിൽ പ്രഖ്യാപിച്ച ജില്ലാ തലത്തിലുള്ള സാംസ്കാരിക സമുച്ചയങ്ങൾ ആരംഭിക്കാൻ കഴിയാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

119. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേന്ദ്രസർക്കാർ വിഹിതങ്ങൾ നേടിയെടുക്കുന്നതിൽ സർക്കാരിന് പരാജയം സംഭവിച്ചതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

120. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, തിരുവനന്തപുരം ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ടിലെയും ആർ.സി.സി.-യിലെയും രോഗികളുടെ ദുരവസ്ഥ പരിഹരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

121. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ വിവിധ ക്ഷേമ പെൻഷനുകൾ നൽകുന്നതിൽ കാലതാമസം ഉള്ളതായും കുടിശ്ശിക തീർത്ത് നൽകാത്തതായും പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

122. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പട്ടികജാതി വിഭാഗത്തിലുള്ളവരുടെ ഭവന മെയിന്റനൻസ് പദ്ധതി ഒഴിവാക്കിയതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

123. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമേറ്റെടുപ്പിൽ കാലതാമസം വരുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

124. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ശബരിമല വിഷയം പരിഹരിക്കുന്നതിൽ സർക്കാരിന് വീഴ്ച സംഭവിച്ചതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

125. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പഞ്ചായത്ത് പദ്ധതിയുടെ നിർവ്വഹണം അവതാളത്തിലായതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

126. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, റബ്ബർ കർഷകർക്കായി സർക്കാർ ഒന്നും ചെയ്യാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

127. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കയർ വ്യവസായ മേഖലയിൽ തകർച്ച സംഭവിച്ചതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

128. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് നെൽകൃഷി കുറഞ്ഞതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

129. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, കിഫ്ബി പദ്ധതിയുടെ ഓഡിറ്റ് സുതാര്യമല്ലാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

130. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, കിഫ്ബി പ്രോജക്ട് അവലോകനം സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകിയതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

131. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, മസാല ബോണ്ട് ഉയർന്ന പലിശനിരക്കിൽ ലഭ്യമാക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

132. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, വിരമിച്ച സർക്കാർ ഉദ്യോഗസ്ഥരെ കിഫ്ബി പദ്ധതിയിൽ വലിയ ശമ്പളം നൽകി നിയമിച്ചതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

133. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

134. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, കിഫ്ബിയിൽ 12000 കോടി രൂപയുടെ സ്ഥലമേറ്റെടുക്കൽ പദ്ധതികൾ സംബന്ധിച്ച് വ്യക്തതയില്ലാത്തതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

135. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സർക്കാർ പദ്ധതികളുടെ ബില്ലുകൾ മാറാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

136. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായി പറയപ്പെടുന്ന കർഷക ആത്മഹത്യ പരിഹരിക്കുന്നതിൽ വീഴ്ച വന്നതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

137. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സംസ്ഥാനത്തെ ഉൾനാടൻ ജലഗതാഗത പാത നവീകരിക്കുന്നതിൽ വീഴ്ചയുണ്ടായതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

138. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, ഇതുവരെ പ്രഖ്യാപിച്ച പുതിയ താലൂക്കുകളുടെ പ്രവർത്തനം പൂർണ്ണമായും സജ്ജമാക്കാത്തതിൽ വീഴ്ച വന്നതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

139. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സർക്കാർ രാഷ്ട്രീയ പകപോക്കലിനായി ജീവനക്കാരെ അനാവശ്യമായി സ്ഥലംമാറ്റുന്നതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

140. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതു മൂലമുണ്ടാകുന്നതായി പറയപ്പെടുന്ന അപകടങ്ങളെ സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

141. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, മതിയായ തെളിവുകളില്ലാതെ യു.എ.പി.എ. ചുമത്തുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

142. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, മാവോയിസ്റ്റുകളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുപകരം കൊലപ്പെടുത്തുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

143. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, ലോക കേരള സഭയിൽ ധൂർത്ത് ഉള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

144. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, ലോക കേരള സഭയിൽ ഇതുവരെ ചർച്ച ചെയ്ത പ്രമേയങ്ങൾ പ്രാബല്യത്തിൽ വരാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

145. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സംസ്ഥാനത്തെ ജനവാസ മേഖലകളിലെ വന്യമൃഗങ്ങളുടെ ആക്രമണം ഫലപ്രദമായി ചെറുക്കുന്നതിനുള്ള പരിഹാരം സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

146. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, കേരളത്തിലെ ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

147. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, പിന്നോക്ക, പട്ടികജാതി, പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് വായ്പകൾ നൽകുന്നതിൽ കാലതാമസം വരുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

148. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സർക്കാർ കോളേജുകളിലെ പുതിയ അദ്ധ്യാപക തസ്തികകൾ വെട്ടിക്കുറച്ചതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

149. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, ഭൂ, ക്വാറി മാഫിയകൾ സംസ്ഥാനത്ത് വ്യാപകമായി നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

150. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സാമൂഹ്യ സുരക്ഷാ മിഷന്റെ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

151. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന വിവിധ എസ്റ്റേറ്റുകൾ പ്രവർത്തനസജ്ജമാക്കുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

152. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, ബോണക്കാട് എസ്റ്റേറ്റിന്റെ പ്രവർത്തനം പുന:രാരംഭിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിക്കുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

153. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, കെ. എസ്. ആർ. ടി. സി. ഡിപ്പോകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

154. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, കേരളത്തിലെ പ്രധാന കലാലയങ്ങളായ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ് എന്നിവിടങ്ങളിൽ ഉണ്ടാകുന്നതായി പറയപ്പെടുന്ന അക്രമങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

155. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, എറണാകുളം മഹാരാജാസ് കോളേജ് വിദ്യാർത്ഥിയായിരുന്ന അഭിമന്യുവിന്റെ കൊലപാതകികളെ അറസ്റ്റ് ചെയ്യാൻ കഴിയാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

156. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, റവന്യൂ വകുപ്പിന് പുതുതായി നൽകിയ നിയമപരമായ അധികാരങ്ങളിൽ അപാകതകൾ ഉള്ളതായി പറയപ്പെടുന്നത് പരിഹരിക്കുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

157. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, സംസ്ഥാനത്തെ വിജിലൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ നിർജ്ജീവമാക്കിയതായി പറയപ്പെടുന്നത് പരിഹരിക്കുന്നത് സംബന്ധിച്ച കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

158. നന്ദി പ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക :

"എന്നാൽ, പൗരത്വ സമരത്തിൽ പങ്കെടുത്ത പൊതു പ്രവർത്തകരെ അറസ്റ്റ് ചെയ്ത് സർക്കാർ നിയമ നടപടികൾ സ്വീകരിക്കുന്നതായി പറയപ്പെടുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

159. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പൗരത്വ നിയമഭേദഗതിക്കെതിരെ മനുഷ്യശൃംഖല തീർത്തവർ പൗരത്വ രജിസ്റ്ററിനായി എന്യൂമറേറ്റർമാരെ നിയമിക്കുന്നതായി പറയപ്പെടുന്ന കാര്യം ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു. "

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

160. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, എൻ.പി.ആർ. സർക്കുലർ സംസ്ഥാനത്ത് വ്യാപകമായി വിതരണം ചെയ്തതിൽ ഖേദിക്കുന്നു."

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

161. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, പന്തീരങ്കാവിൽ അലൻ, താഹ എന്നീ വിദ്യാർത്ഥികളെ യു.എ.പി.എ. ചുമത്തി അറസ്റ്റ് ചെയ്തതിലും കേസ്സ് എൻ.ഐ.എ.യ്ക്ക് കൈമാറിയതിലും ഖേദിക്കുന്നു."

ശ്രീ.മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

162. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സിനിമാ വ്യവസായത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

163. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, മണ്ണ്, മണൽ, ക്വാറി, റിയൽ എസ്റ്റേറ്റ് മാഫിയകളുടെ പ്രവർത്തനം നിയന്ത്രിക്കുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

164. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പൗരത്വ നിയമ ഭേദഗതിക്കെതിരായി സമരം ചെയ്തവർക്കെതിരെ ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസ്സുകൾ എടുത്തതിൽ ഖേദിക്കുന്നു."

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

166. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, നാണ്യവിളകളുടെ വിലയിടിവ് തടയാൻ ആവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

167. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ മദ്യോൽപ്പാദനവും ഉപഭോഗവും കുറച്ചുകൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

168. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തു വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

169. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പ്രീ-പ്രൈമറി വിദ്യാഭ്യാസ മേഖലയിലെ ചൂഷണം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച കാര്യം ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു. "

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

170. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനം നേരിടുന്നതായി പറയപ്പെടുന്ന രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാൻ ഫലപ്രദമായ ചെലവുചുരുക്കൽ പദ്ധതി ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

173. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ,കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണത്തിനുള്ള പ്രൊഫ. സുശീൽഖന്ന റിപ്പോർട്ടിനെക്കുറിച്ചും ജീവനക്കാരുടെ ശമ്പളം കൃത്യമായി വിതരണം ചെയ്യുന്നതിനെക്കുറിച്ചും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു"

ശ്രീ. എം. സി. കമറുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

175. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, എൻഡോസൾഫാൻ ദുരിതബാധിതരുടെ സമരത്തോടനുബന്ധിച്ച് നൽകിയ ഉറപ്പുകളെയും അവരുടെ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം ഉണ്ടാക്കുന്നതിനെയും കുറിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

176. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വൈദ്യുതബോർഡിന്റെ ബാധ്യതകളെക്കാൾ അധികരിച്ചതായി പറയപ്പെടുന്ന കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ട കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

177. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരളത്തിലെ റബ്ബർ കർഷകരുടെ പ്രശ്നങ്ങളെപ്പറ്റിയും കാർഷിക മേഖലയിൽ നാണ്യവിളകൾക്കുണ്ടായിരിക്കുന്ന വിലയിടിവിനെക്കുറിച്ചും കർഷകർ നേരിടുന്നതായി പറയപ്പെടുന്ന വിവിധ പ്രതിസന്ധികളെക്കുറിച്ചും കേരളത്തിൽ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന തൊഴിലില്ലായ്മയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനെക്കുറിച്ചും യാതൊരു നയവും വ്യക്തമാക്കാത്തതിൽ ഖേദിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

178. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പൗരത്വ ഭേദഗതി നിയമത്തിനെതിരായി സമരംചെയ്തവരിൽ ചിലരെ പോലീസ് അറസ്റ്റ് ചെയ്ത് കസ്റ്റഡിയിൽ വച്ച നടപടിയിൽ ഖേദിക്കുന്നു."

179. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, നെല്ല് സംഭരിച്ച ഇനത്തിൽ കർഷകർക്ക് ലഭിക്കുവാനുള്ള കുടിശ്ശിക തുക നൽകുന്നത് സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

മി. സ്പീക്കർ: ശ്രീ. ഒ. രാജഗോപാൽ അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി ഗവർണറുടെ പ്രസംഗത്തിനുള്ള ഭേദഗതിയായതിനാൽ ക്രമപ്രകാരമല്ല.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ വളരെ നിസ്സാരമായ ഒരു ഭേദഗതിയാണ് ഇവിടെ ഉന്നയിച്ചത്. ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച " 2020 ജനുവരി 29-ാം തീയതി കേരള ഗവർണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയത്തിൽ 'ചെയ്ത' എന്നതിനുശേഷം 'അധിക' എന്ന വാക്കുകൂടി ചേർക്കണം എന്ന നിസ്സാര ഭേദഗതിയാണ്. അതായത്, ഇവിടെ അധികപ്രസംഗമല്ലേ നടന്നത്; ഗവർണർ ഇവിടെ വന്ന് പ്രസംഗിച്ചത് ഞാൻ കേട്ടുകൊണ്ട് ഇരിക്കുകയായിരുന്നു; അധിക പ്രസംഗമല്ലേ അദ്ദേഹം നടത്തിയത്;

മി. സ്പീക്കർ: 'അധികം' എന്നുള്ള വാക്ക് അൺപാർലമെന്ററി അല്ലെങ്കിലും 'അധികപ്രസംഗം' എന്നുള്ളത് അംഗീകരിക്കാൻ കഴിയില്ല. സ്റ്റേറ്റിനെ പ്രതിനിധീകരിച്ചുകൊണ്ട് നടത്തിയ പ്രസംഗമാണ്. 'അധിക പ്രസംഗം' എന്നുള്ളത് അംഗീകരിക്കുന്നില്ല.

ശ്രീ. പി. സി. ജോർജ്: 'അധികം' എന്നുള്ള വാക്കുകൂടി ചേർത്താൽ ഞാൻ ഇതിനെ അനുകൂലിക്കും.

മി. സ്പീക്കർ: അത് അംഗീകരിക്കുന്നില്ല. 'ബുദ്ധി' യുടെ പുറകിൽ 'ദുർ' കൂട്ടിയാൽ അത് 'ദുർബുദ്ധി' ആകും. അതുപോലെ പ്രസംഗത്തിന് പുറകിൽ 'അധികം' എന്ന വാക്ക് ചേർക്കണമെന്ന അങ്ങയുടെ വികാരത്തോട് യോജിക്കുന്നുവെങ്കിലും അംഗീകരിക്കുന്നില്ല. ദയവായി ഇരിക്കു...പ്ലീസ്...

മി. സ്പീക്കർ: നന്ദിപ്രമേയത്തിന്മേലുള്ള ചർച്ച ആരംഭിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എസ്. രാജേന്ദ്രൻ]

<u>ശ്രീ. എസ്. ശർമ്മ</u>: സർ, അതീവ ഗൗരവമേറിയ ഒരു സാമൂഹ്യ രാഷ്ട്രീയ പശ്ചാത്തലത്തിലാണ് ഈ നയപ്രഖ്യാപനത്തിന്റെ ചർച്ച നമ്മൾ നടത്തുന്നത്. തൊട്ടുമുമ്പ് ഇവിടെ ചട്ടം 130 അനുസരിച്ച് നടന്ന ഡിബേറ്റിലും ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് കൺക്ലൂഡ് ചെയ്ത് വിശദീകരിച്ചിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട ഗവർണറുമായി ഏതെങ്കിലും തരത്തിലുള്ള ഒത്തുകളിയാണെന്ന് തെറ്റിദ്ധരിപ്പിക്കുന്ന പ്രചരണം വൻതോതിൽ കേരളത്തിൽ പ്രതിപക്ഷനേതൃത്വം പ്രചരിപ്പിക്കുന്നുണ്ട്. പൗരത്വ ഭേദഗതി നിയമം പാർലമെന്റ് പാസ്സാക്കിയതിനുശേഷം ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി ഈ നിയമം കേരളത്തിന്റെ മണ്ണിൽ നടപ്പാക്കാൻ അനുവദിക്കില്ലെന്ന് പരസ്യമായി പ്രഖ്യാപിച്ചത് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണ്. ഭരണത്തലവൻ എന്നുള്ള നിലയ്ക്ക് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ മുഖ്യമന്ത്രിയാണ് അങ്ങനെയൊരു നിലപാട് സ്വീകരിച്ചത്. മാത്രമല്ല, പൗരത്വരജിസ്റ്ററും അംഗത്വ രജിസ്റ്ററും തടങ്കൽപ്പാളയങ്ങളും കേരളത്തിൽ അനുവദിക്കില്ല എന്നുകൂടി പരസ്യമായി പ്രഖ്യാപിച്ചു. പ്രമേയത്തെ ബഹുമാനപ്പെട്ട ഗവർണർ എതിർത്തുവെന്നുള്ളത് ശരിയാണ്. പക്ഷേ, അതേ ഗവർണർ ഇവിടെവന്ന് ആ പ്രമേയത്തിന്റെ കണ്ടന്റ് കേരള മന്ത്രിസഭ അംഗീകരിച്ചത് വായിക്കാൻ നിർബന്ധിതമായിത്തീർന്നു. അത്തരം ഒരു സാഹചര്യം കൂടി നാം കാണണം. ഗവർണർക്ക് ചില പൊളിറ്റിക്കൽ പൊസിഷനുണ്ട്; ആ പൊസിഷനോട് നമ്മൾ സന്ധി ചെയ്യുന്നില്ല. അടിസ്ഥാനപരമായി മതനിരപേക്ഷത സംരക്ഷിക്കാൻ യോജിച്ച പോരാട്ടത്തിനാണ് നമ്മളെല്ലാം ആഗ്രഹിക്കുന്നത്. എന്നാൽ, പ്രതിപക്ഷം യോജിച്ച പോരാട്ടത്തിന് സഹകരിക്കുന്നതിന് സന്നദ്ധമല്ല എന്ന നിലപാട് സ്വീകരിച്ചു. ലോകത്ത് നടന്നിട്ടുള്ള എല്ലാ ഫാസിസ്റ്റ് നീക്കങ്ങളെയും അതിശക്തമായി എതിർക്കുന്നത് ജനങ്ങളുടെ ശക്തി ഉപയോഗിച്ചാണ്. ഇവിടെ ഇന്ത്യയുടെ ഭൂപടം വരച്ചു. നല്ല കാര്യമാണ്. ആ ബിൽ പിൻവലിപ്പിക്കാൻ നടത്തുന്ന പരിശ്രമത്തിന്റെ തുടർച്ചയാണിത്. മനുഷ്യച്ചങ്ങല തീർത്തു. നല്ലകാര്യം. പക്ഷേ, എല്ലാ നടപടികളും തീർക്കുമ്പോൾ ഇവിടെ ഒരു കാര്യം വ്യക്തമാണ്. ഒറ്റയ്ക്കൊറ്റയ്ക്ക് നടത്തുന്ന പ്രവർത്തനമാകാം, അതേയവസരത്തിൽ കൂട്ടായ പ്രവർത്തനത്തിന് ഇനിയും സമയം അധികരിച്ചിട്ടില്ല. കൂട്ടായി ഒരുമയോടുകൂടിയുള്ള പ്രവർത്തനം സംഘടിപ്പിക്കുന്നതിൽ ഇനിയും പങ്കുവഹിക്കാനാകും. അങ്ങനെ ഒരുമയോടെ പങ്കുവഹിക്കാൻ കേരളത്തിലെ പ്രതിപക്ഷനേതൃത്വം ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നയം പുന:പരിശോധനയ്ക്ക് വിധേയമാക്കണം. ഇന്ത്യയുടെ മതേതരത്വ സംരക്ഷണ പ്രക്രിയയിൽ വ്യത്യസ്ത തലങ്ങളിൽ നിന്നുകൊണ്ട് നമ്മൾ നിർവ്വഹിക്കുന്ന കടമ യോജിച്ചുനിർവ്വഹിക്കാൻ കഴിഞ്ഞാൽ അതായിരിക്കും രാജ്യത്തിനും ജനങ്ങൾക്കും നൽകുന്ന ഏറ്റവും വിലപ്പെട്ട സംഭാവന എന്ന കാര്യം വിസ്മരിക്കരുത് എന്ന് ഞാൻ ഈ അവസരത്തിൽ പ്രത്യേകം പറയുകയാണ്.

കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നത് 1957-ലാണ്. ആ അധികാരമാറ്റം ലോകം മുഴുവൻ ശ്രദ്ധിക്കപ്പെട്ടു. 1957-നുശേഷം നിരവധി പരിഷ്കാരങ്ങൾ കേരളത്തിൽ നടപ്പാക്കിയിട്ടുണ്ട്. പക്ഷേ, 1957-നുശേഷം കേരളം ലോകശ്രദ്ധയിൽ ഏറ്റവും കൂടുതൽ ശ്രദ്ധിക്കപ്പെട്ടത് പാർലമെന്റ് പാസ്സാക്കിയ ഒരു നിയമം 'ഞാൻ നേതൃത്വം കൊടുത്ത് ഭരിക്കുന്ന ഈ സംസ്ഥാനത്ത് നടപ്പാക്കില്ല' എന്നൊരു മുഖ്യമന്ത്രി പരസ്യമായി പ്രഖ്യാപിച്ചതോടുകൂടിയാണ്. 1957-നുശേഷം കേരളം ലോകശ്രദ്ധയിലേയ്ക്ക് പോയതുപോലെ വീണ്ടും അതിലേയ്ക്ക് വരുന്നതിൽ പ്രധാന പങ്കുവഹിച്ച മഹനീയമായ നേതൃത്വമാണ് ഇവിടത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. ഈ യോജിച്ച പ്രക്ഷോഭസമരത്തിൽ പങ്കുവഹിക്കാൻ സന്നദ്ധമാകണമെന്നുള്ളത് ആവർത്തിച്ചാവർത്തിച്ച് ജനങ്ങൾ ആഗ്രഹിക്കുന്നതാണ്. ജനങ്ങൾ ഇന്ന് ഒറ്റപ്പെട്ട് പോകുന്നതിന് വല്ലാതെ വാശിപിടിച്ചുകഴിഞ്ഞാൽ അതായിരിക്കും ഫലത്തിൽ സംഭവിക്കുകയെന്ന കാര്യവും പ്രതിപക്ഷ നേതൃത്വത്തിലെ സ്നേഹിതരോട് വിനയത്തോടുകൂടി പറയുകയാണ്. സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ദുർഘടസ്ഥിതിയിലൂടെയാണ് ഇന്ന് രാജ്യം കടന്നുപോകുന്നത്. സർക്കാർ നവലിബറലിസമെന്ന പേരിൽ ആരംഭിച്ച മുതലാളിത്ത പ്രീണനം കോൺഗ്രസ് ബി.ജെ.പി. ഭരണത്തിൻകീഴിൽ ചങ്ങാത്ത മുതലാളിത്തം അഥവാ ക്രോണിക് ക്യാപിറ്റലിസമായി പരിണമിക്കുകയും മോദി സർക്കാർ 2019-ൽ വീണ്ടും അധികാരത്തിലെത്തിയതോടുകൂടി അതൊരു ഫാസിസ്റ്റ് പ്രവണതയായി വളരുകയും ചെയ്തു. ഭരണഘടനാ നിരാസത്തിലൂടെ ഭരണസംവിധാനത്തിന്റെ ചതുർസ്തംഭങ്ങളായ പരമാധികാരം, സോഷ്യലിസം, മതേതരത്വം, ജനാധിപത്യം എന്നിവയ്ക്ക് മുറിവേറ്റുകഴിഞ്ഞു. രാജ്യം കത്തിയെരിഞ്ഞു കൊണ്ടിരിക്കുമ്പോൾ തന്റെ മുഖതേജസ് നിലനിർത്തിയതിന്റെ രഹസ്യമാണ് പ്രധാനമന്ത്രി 'മൻ കീ ബാത്' എന്ന പരിപാടിയിലൂടെ ചർച്ച ചെയ്തത്. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ മോശമായ സ്ഥിതിയിലാണെന്ന് സാമ്പത്തിക ശാസ്ത്രത്തിൽ നൊബേൽ സമ്മാനം ലഭിച്ച ശ്രീ. അഭിജിത് ബാനർജിയെ പോലുള്ള ശാസ്ത്രജ്ഞർ വിലയിരുത്തിയിരിക്കുന്നു. വിവിധ റേറ്റിംഗ് ഏജൻസികളും ഐ.എം.എഫും സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് ആശങ്ക പ്രകടിപ്പിച്ചിരിക്കുന്നു. 70 വർഷത്തിനിടയിൽ കടുത്ത മാന്ദ്യമാണ് ഇന്ത്യയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് പ്രധാനമന്ത്രി ചെയർമാനായ നീതി ആയോഗിന്റെ വൈസ് ചെയർമാൻ ഡോ. രാജീവ് കുമാറാണ് പരസ്യമായി പ്രഖ്യാപിച്ചിരിക്കുന്നത്. ഘടനാപരമായ പ്രതിസന്ധിയിലൂടെയാണ് രാജ്യം കടന്നുപോകുന്നതെന്ന് പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക സമിതിയംഗമായ ഡോ. രതിൻ റോയ് പരസ്യമായി പറഞ്ഞു. രാജ്യം അപകടകരമായ സ്ഥിതിയിലാണെന്ന് റിസർവ് ബാങ്ക് ശരിവയ്ക്കുകയും ചെയ്തിരിക്കുന്നു.

സമ്പദ്വ്യവസ്ഥ ടൈം ബോംബിന് മുകളിലാണെന്ന് റിസർവ് ബാങ്ക് മുൻ ഗവർണർ ശ്രീ. രഘുറാം രാജൻ പരസ്യമായി പ്രഖ്യാപിച്ചിരിക്കുന്നു. അങ്ങനെ സാമ്പത്തിക പ്രതിസന്ധിയിലൂടെ രാജ്യത്ത് വളർന്നുവരുന്ന ജനങ്ങളുടെ അസംതൃപ്തിയും അകൽച്ചയും അന്തരവും പ്രക്ഷോഭസമരമായി മാറുമ്പോൾ യുവതലമുറയിലേയ്ക്ക് ഭീതിയും ഭിന്നിപ്പും സൃഷ്ടിച്ചുകൊണ്ട് ബ്രിട്ടീഷുകാർ സ്വീകരിച്ച 'ഭിന്നിപ്പിച്ച് ഭരിക്കുക'യെന്ന തന്ത്രം ഇവിടെ ശ്രീ. നരേന്ദ്ര മോദിയും സ്വീകരിച്ചിരിക്കുകയാണ്. അഡോൾഫ് ഹിറ്റ്ലർ-ജോസഫ് ഗീബത്സ്-വാഫൻ എസ്.എസ്. എന്നിവരടങ്ങുന്ന ജർമ്മൻ ഫാസിസം സ്വീകരിച്ച അതേ ചേരുവയുമായി ഇറങ്ങിയിരിക്കുകയാണ് നരേന്ദ്രമോദി-അമിത് ഷാ-ആർ.എസ്.എസ്. തന്ത്ര ശക്തികൾ. ചരിത്രം ഒരിക്കലും അതേപടി ആവർത്തിക്കില്ലെന്ന് അവർ മനസ്സിലാക്കിയിട്ടില്ല. കേരളത്തിൽ ജനസംഖ്യാ രജിസ്റ്ററോ പൗരത്വ രജിസ്റ്ററോ തടങ്കൽ പാളയങ്ങളോ ഉണ്ടാകില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരസ്യമായി പ്രഖ്യാപിച്ചത് സംസ്ഥാനത്തെ ജനങ്ങളുടെ സുരക്ഷിതത്വബോധം ഉണർത്തിയെന്ന് മാത്രമല്ല രാജ്യത്തിനുതന്നെ ദിശാബോധം നൽകുകയും ചെയ്തു. ബി.ജെ.പി. ഇതര പാർട്ടികൾ ഭരിക്കുന്ന സംസ്ഥാനങ്ങളോട് പൗരത്വ ഭേദഗതി നിയമത്തിനെതിരെ ഒന്നിച്ച് നിൽക്കാൻ ആഹ്വാനം ചെയ്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കത്തെഴുതിയതും ഫലം ചെയ്യുന്നുവെന്ന് കാണാം. പഞ്ചാബ്, തെലങ്കാന, പശ്ചിമ ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങൾ പൗരത്വ ഭേദഗതി നിയമം നടപ്പാക്കില്ലെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ക്രിയാത്മകമായി പ്രതികരിച്ച പ്രതിപക്ഷം പിന്നീട് പിന്നോക്കം പോകുന്ന സ്ഥിതിവിശേഷം കാണുന്നത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. ജനങ്ങളിൽ ആത്മവിശ്വാസം പകരാൻ ഗവർണറെ എതിർക്കുന്നുവെന്ന വ്യാജപ്രതീതി മതിയാവില്ലെന്ന് മാത്രം ഓർമ്മിപ്പിക്കട്ടെ! ഓർഡിനൻസുകൾക്ക് അംഗീകാരം നൽകരുതെന്നും സർവ്വകലാശാലകളുടെ ഭരണം ഗവർണർ നേരിട്ട് നടത്തണമെന്നുമെല്ലാം ആവശ്യപ്പെട്ട് നിരന്തരം ഗവർണറെ സമീപിക്കുന്ന കേരളത്തിലെ പ്രതിപക്ഷ നേതൃത്വം അദ്ദേഹത്തോട് പ്രകടിപ്പിക്കുന്ന എതിർപ്പിന്റെ കാര്യത്തിൽ ജനങ്ങൾക്ക് സംശയമുള്ളതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. പൗരത്വ ഭേദഗതി നിയമത്തിനെതിരായ പ്രതിഷേധത്തിൽനിന്നും വേറിട്ട് നിൽക്കുന്നവർ പിന്നീട് ദു:ഖിക്കേണ്ടി വരുമെന്ന ആദരണീയനായ എ. കെ. ആന്റണിയുടെ താക്കീത് ഈ അവസരത്തിൽ പ്രത്യേകം ഓർമ്മപ്പെടുത്തുകയാണ്. ഫെഡറലിസം തകർക്കാനുള്ള ശ്രമമാണ് കേന്ദ്ര ഗവൺമെന്റ് നടത്തുന്നത്. സംസ്ഥാനത്തെ ജനങ്ങളിൽനിന്ന് പിരിക്കുന്ന നികുതിപ്പണത്തിന്റെ വിഹിതം നിയതമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുന്നതാണ് ഫെഡറലിസത്തിന്റെ അടിസ്ഥാനം. എന്നാൽ, ഫെഡറൽ തത്വങ്ങൾ അട്ടിമറിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ

സ്വീകരിക്കുന്നുവെന്ന കാര്യം വ്യക്തമാണ്. കേന്ദ്ര സർക്കാർ വരുത്തിവച്ച സാമ്പത്തിക വിനകളും വിവേചനങ്ങളും സംസ്ഥാനത്ത് ധനപ്രതിസന്ധിക്ക് ഇടയാക്കുന്നുണ്ട്. അഭൂതപൂർവ്വമായ പ്രകൃതി ദുരന്തങ്ങളാവർത്തിച്ചുകൊണ്ട് പ്രളയം, ഓഖി എന്നിവ സംസ്ഥാനത്തെ തകർത്തെറിഞ്ഞപ്പോൾ സാമ്പത്തിക സഹായമെത്തിക്കുന്നതിൽ അവഗണനാപരമായ നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചത്. മറ്റ് സംസ്ഥാനങ്ങൾക്ക് സഹായം നൽകിയതിന്റെ തോത് താരതമ്യം ചെയ്തുനോക്കിയാൽ നാശത്തിന്റെ അളവിനനുസരിച്ചുള്ള ആനുകൂല്യം നമുക്ക് ലഭിച്ചില്ലായെന്നതും അങ്ങേയറ്റം പ്രതിഷേധാർഹമായ കാര്യമാണ്. ഇന്നലെ പ്രഖ്യാപിച്ച കേന്ദ്ര ബഡ്ജറ്റിൽ കേരളത്തിന് അർഹതപ്പെട്ട നികുതി വിഹിതത്തിൽ 5000 കോടി രൂപ വെട്ടിക്കുറച്ചത് അങ്ങേയറ്റം വിവേചനപരമാണ്. സാലറി ചലഞ്ച്, അവശ്യ വസ്തുക്കളൊഴികെയുള്ളവയുടെമേൽ നാമമാത്രമായ സെസ്, ക്രൗഡ് ഫണ്ടിംഗ് തുടങ്ങിയ നവകേരള നിർമ്മാണ പ്രക്രിയകൾക്കുള്ള ധനാഗമമാർഗ്ഗങ്ങളെ തടയാനുള്ള നീക്കങ്ങളും അങ്ങേയറ്റം അപലപനീയമാണ്. സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനക്കുതിപ്പിന് പ്രേരകമായ കിഫ്ബിയെ തകർക്കാൻ നടത്തുന്ന അപവാദപ്രചരണങ്ങളും സംസ്ഥാനത്തിന്റെ വികസനത്തിന് വിലങ്ങുവയ്ക്കുന്നതിന് തുല്യമായിരിക്കും.

നമ്മുടെ സംസ്ഥാനം ഭരണമികവിന്റെ ഉത്തമ മാതൃകയാണ്. അത് നയപ്രഖ്യാപനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. സുസ്ഥിര വികസന സൂചികയിലും പൊതു ഭരണത്തിലും ആരോഗ്യരംഗത്തും വിദ്യാഭ്യാസരംഗത്തും ക്രമസമാധാനപരിപാലനരംഗത്തും സമ്പൂർണ്ണ വൈദ്യുതീകരണരംഗത്തും ഭിന്നശേഷിക്കാരോടുള്ള കരുതലിന്റെ കാര്യത്തിലും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഫണ്ട് മാറ്റിവച്ച കാര്യത്തിലും ഭക്ഷ്യ സുരക്ഷാ സൂചികയുടെ കാര്യത്തിലും നമ്മുടെ സംസ്ഥാനം ഒന്നാം സ്ഥാനത്താണ്. ഈ നിലയ്ക്ക് സംസ്ഥാനത്തെ ഒന്നാം സ്ഥാനത്തെത്തിച്ച് അസൂയാവഹമായ നേട്ടം കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പതിനെട്ട് ലക്ഷത്തോളം ആളുകൾക്ക് കഴിഞ്ഞ സർക്കാർ നൽകിയതിന്റെ ഇരട്ടി നിരക്കിൽ പുതുതായി സാമൂഹ്യക്ഷേമ പെൻഷൻ നൽകാൻ കഴിഞ്ഞു. കഴിഞ്ഞ സർക്കാർ ഈയിനത്തിൽ 1438 കോടി രൂപ കുടിശ്ശികവരുത്തിയിട്ടാണ് പടിയിറങ്ങിയത്. കിഫ്ബിയിലൂടെ അൻപതിനായിരം കോടി രൂപയുടെ അധിക വികസനം ലക്ഷ്യമിട്ട സ്ഥാനത്ത് 56,678 കോടി രൂപയുടെ 679 പദ്ധതികൾക്ക് അനുമതി നൽകിക്കഴിഞ്ഞു. അതിവേഗ റെയിൽപ്പാത ഉൾപ്പെടെയുള്ള പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതോടെ കേരളം വികസിത രാജ്യങ്ങൾക്കൊപ്പമെത്തും. നിക്ഷേപ പ്രോത്സാഹനത്തിനായി ഈ സർക്കാർ കൈക്കൊണ്ട നടപടികൾ പ്രശംസനീയമാണ്. ഇത് തൊഴിലാളികളുടെ താൽപ്പര്യം ബലികഴിക്കാതെ നേടിയതാണ്.

പ്രകടനപത്രികയിലെ വാഗ്ദാനങ്ങളെല്ലാം നാല് വർഷം പൂർത്തിയാകുന്നതിനുമുമ്പേ നടപ്പാക്കിയ ഒരു സംസ്ഥാന സർക്കാരാണ് ഇപ്പോൾ നയപ്രഖ്യാപനവുമായി ജനങ്ങളെ അഭിമുഖീകരിക്കുന്നത്. വികസന-ക്ഷേമരംഗത്ത് ഈ വർഷം 12 കർമ്മ പദ്ധതികൾകൂടി പ്രാവർത്തികമാക്കുന്നു. പ്രഖ്യാപിച്ചതിന് വിരുദ്ധമുഖമുണ്ടാക്കിയ പ്രമുഖ മാധ്യമങ്ങൾപോലും സഹർഷം സ്വാഗതം ചെയ്തിരിക്കുകയാണ്. 'ലൈഫ് പദ്ധതി' യിലൂടെ ഭവനരഹിതരില്ലാത്ത കേരളം സ്വപ്നമായിരുന്നുവെങ്കിൽ ഇന്നത് യാഥാർത്ഥ്യമായിരിക്കുകയാണ്. രണ്ട് ലക്ഷത്തോളം വീടുകളുടെ നിർമ്മാണം 'ലൈഫ് പദ്ധതി' യിൽ പൂർത്തിയായിക്കഴിഞ്ഞു.

അയൽ രാജ്യങ്ങളിലെ വിവേചനത്തെക്കുറിച്ച് അതീവ ആകുലനായ ബഹുമാനപ്പെട്ട പ്രധാനമന്ത്രി രാജ്യത്തെ ജനങ്ങളെ അവരുടെ വസ്ത്രത്തിൽനിന്നും രാജ്യദ്രോഹികളാണോ ദേശസ്നേഹികളാണോ എന്ന് വേർതിരിച്ചറിയാൻ ആഹ്വാനം ചെയ്യുന്നത് അങ്ങേയറ്റം ആപത്കരവും ക്രിമിനൽ കുറ്റവുമാണ്.

വൻ പ്രതിമകൾ സൃഷ്ടിച്ചിട്ടും മഹാത്മാഗാന്ധിയെ ചെറുതാക്കാൻ ആകാത്തതുകൊണ്ട് വ്യാജനിർമ്മിതികൊണ്ട് രാഷ്ട്രപിതാവിനെ ഹിന്ദുത്വവാദിയാക്കാൻ ശ്രമം നടത്തുന്നു. അദ്ദേഹം ആത്മഹത്യ ചെയ്തു എന്ന രീതിയിൽ അതിന്റെ കാരണം കണ്ടുപിടിക്കാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുകയാണിപ്പോൾ. മഹാത്മാഗാന്ധി ആത്മഹത്യ ചെയ്തതായിട്ടാണ് വ്യാഖ്യാനം വരുന്നത്. ഗാന്ധിജി വെടിയേറ്റ് വീണതിന്റെ ചിത്രംപോലും എടുത്തുമാറ്റുകയാണ്. സ്വാതന്ത്ര്യസമരകാലത്തുടനീളം ബ്രിട്ടീഷുകാരുടെ പാദസേവകരായിരുന്നവർക്ക് 'ആസാദി' എന്ന മുദ്രാവാക്യം ദേശദ്രോഹപരമായി മാറുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. തങ്ങൾ പറയുന്നത് മാത്രമേ മാധ്യമങ്ങൾ വാർത്തയാക്കാവൂ എന്ന് ഉത്തരവിറക്കി. പാദസേവയ്ക്ക് വലിയൊരു വിഭാഗം മാധ്യമങ്ങൾ സ്വമേധയാ തയ്യാറാകുന്ന സാഹചര്യത്തിലാണ് ഇങ്ങനെ ചെയ്തത്.

ഭക്ഷ്യോല്പാദനം പകുതിയാകുമെന്നും അവയുടെ വില ഉയരുമെന്നും വ്യവസായം, കെട്ടിടനിർമ്മാണം, സേവനമേഖല തുടങ്ങിയ സമസ്ത മേഖലകളിലും തകർച്ച ഉണ്ടായെന്നും സാമ്പത്തിക സർവ്വേ ചൂണ്ടിക്കാണിക്കുന്നു. ധനക്കമ്മി ലക്ഷ്യമിട്ടതിന്റെ 114.8 ശതമാനമായി. വിലക്കയറ്റ നിരക്ക് വൻതോതിൽ ഉയർന്നു. ഒരു പ്ലേറ്റ് ഭക്ഷണം കഴിക്കുന്ന സാമ്പത്തികശാസ്ത്രം എന്ന പുത്തൻ രീതിശാസ്ത്രം അനുസരിച്ച് ഒരു കുടുംബം ഭക്ഷണ ഇനത്തിൽ ഒരു വർഷം 10,887 രൂപ ലാഭിച്ചുവത്രേ. പണമില്ലാത്തവൻ ഭക്ഷണം കഴിക്കുന്നത് കുറഞ്ഞത് നേട്ടമെന്നാണ് അവകാശവാദം ഉയർത്തുന്നത്. വിലക്കയറ്റംകാരണം കേന്ദ്ര

ധനകാര്യ വകുപ്പുമന്ത്രിപോലും ഉള്ളി കഴിക്കുന്നത് നിർത്തിയെന്ന് പറയുന്ന പരിതാപകരമായ അവസ്ഥയിലേയ്ക്ക് എത്തിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ 5 ട്രില്യൺ ഡോളർ, ഇന്നത്തെ വിനിമയ നിരക്കിൽ 358 ലക്ഷം കോടിയാകുമെന്ന് നമ്മളോട് പറയുന്നു.

രാജ്യത്ത് അസമത്വം പെരുകുന്നതായി ഐക്യരാഷ്ട്രസഭയുടെ വികസന ഏജൻസിയുടെ റിപ്പോർട്ടിൽ പറയുന്നു. 138 കോടി ജനങ്ങളിൽ 28 ശതമാനം അതായത് 36 കോടിയോളം ജനങ്ങൾ ദാരിദ്ര്യത്തിലാണ്. ഈ സാഹചര്യത്തിലാണ് തൊഴിൽ നിയമങ്ങളിൽ ഭേദഗതി കൊണ്ടുവരുന്നത്. കേന്ദ്ര സർക്കാർ നിശ്ചയിച്ച മിനിമം കൂലി 176 രൂപയാണ്. അതായത് പ്രതിമാസം 4,576 രൂപ. വിവിധ ഫോർമുലകൾപ്രകാരം ഇത് 18,000 രൂപയാക്കേണ്ടതാണ്. അതേസമയം രാജ്യത്തെ 63 അതീവ സമ്പന്നരുടെ ആസ്തി കേന്ദ്ര ബഡ്ജറ്റിന് തുല്യമാണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ തീറെഴുതുന്നത് ഈ അസമത്വം വർദ്ധിപ്പിക്കുന്നു. 79,000 തൊഴിലാളികൾ പണിയെടുക്കുന്ന കൊച്ചിൻ റിഫൈനറി 4.46 ലക്ഷം കോടി രൂപയുടെ നഷ്ടത്തിലാണെന്നും റിലയൻസിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണെന്നാണ് അറിയാൻ കഴിയുന്നത്. നഷ്ടത്തിന്റെ പേരിൽ, 40,000 കോടി രൂപയുടെ നഷ്ടം ഏറ്റെടുത്തുകൊണ്ട് 27,000 തൊഴിലാളികളുള്ള എയർ ഇന്ത്യ വിൽക്കുന്നു. 57,000 കോടി രൂപയുടെ റഫേൽ വിമാന ഇടപാട്. 45,000 കോടി രൂപയുടെ മുങ്ങിക്കപ്പൽ ഇടപാടിന്റെ കാര്യത്തിൽ നാവിക സേനയുടെ എതിർപ്പ് മറികടന്നുകൊണ്ടാണ് അഴിമതി നടത്തുന്നതിന് കേന്ദ്ര സർക്കാർ മുന്നോട്ട് വന്നിരിക്കുന്നത്.

തിരുവനന്തപുരം ഉൾപ്പെടെ ആറ് വിമാനത്താവളങ്ങൾ ഈ മേഖലയിൽ യാതൊരു പരിചയവുമില്ലാത്ത അദാനി ഗ്രൂപ്പിന് നൽകാൻ നിശ്ചയിച്ചിരിക്കുന്നു. അതേ തുകയ്ക്ക് കൈമാറണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം അംഗീകരിക്കുന്നില്ല. എൽ.ഐ.സി.-യും വിൽക്കാൻ പോകുന്നുവെന്ന് പരസ്യമായി പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. 'വിത്തിനിട്ടതെടുത്ത് കുത്തി കഞ്ഞി കുടിക്കുന്ന' സ്ഥിതിവിശേഷമാണ് റിസർവ് ബാങ്കിന്റെ കരുതൽ ധനമെടുത്ത് കൊടുക്കുന്നതിലൂടെ സംഭവിക്കുന്നത്. ഈ സാഹചര്യത്തിലാണ് രാജ്യത്തിന്റെ രക്ഷയ്ക്കായി തൊഴിലാളികളും കർഷകരുമടങ്ങുന്ന വിഭാഗം ജനുവരി 8-ന് ചരിത്രപ്രസിദ്ധമായ പണിമുടക്ക് സമരം നടത്തിയത്. അതിനെ ഭിന്നിപ്പിക്കുന്നതിനാണ് പൗരത്വ ഭേദഗതി നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രതിഷേധങ്ങളെ അടിച്ചമർത്തുന്നത്. തൊഴിലാളികളുടെയും അദ്ധ്വാനിക്കുന്നവരുടെയും കൃഷിക്കാരുടെയും വൻ പ്രക്ഷോഭ സമരങ്ങൾ ഉയർത്തെഴുന്നേറ്റ് വരുമ്പോൾ അതിനെ തകർക്കാൻ കഴിയുന്ന വിധത്തിലുള്ള നിലപാട് സ്വീകരിച്ചുകൊണ്ടാണ്

കേന്ദ്ര സർക്കാർ മുന്നോട്ടുവരുന്നത്. കേന്ദ്ര സർക്കാർ ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന, ജനങ്ങളെ ഭിന്നിപ്പിച്ച് ഭരിക്കുക എന്ന നടപടി ബ്രിട്ടീഷ് മാതൃകയാണ്. പൗരത്വപ്രശ്നം സാർവ്വദേശീയ രാഷ്ട്രീയത്തിലെ വലത് തീവ്ര രാഷ്ട്രീയത്തിന്റെ ഉല്പന്നമാണ്. കഴിഞ്ഞ അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ശ്രീ. ഡൊണാൾഡ് ട്രംപ് സ്ഥാനാർത്ഥിയായപ്പോൾ കുടിയേറ്റക്കാരെയും പൗരസ്ത്യരെയും ഒഴിവാക്കുന്നതിന് അമേരിക്കയുടെ തൊഴിലില്ലായ്മയ്ക്ക് കാരണം ഇവരാണെന്ന് പരസ്യമായി പറഞ്ഞു. എന്നാൽ, ഇവിടെ കൂട്ടത്തിൽ മതവും കൂടി ചേർക്കുകയാണ്. അതുപോലെ പൗരത്വ പ്രശ്നത്തിന്റെ പേരിൽ ആഗോളാടിസ്ഥാനത്തിൽ ഒരു അജണ്ട തന്നെ ലോകത്ത് വളർന്നുവരുന്നുണ്ട്. യൂറോപ്പിലെ എസ്റ്റോണിയ എന്ന രാജ്യത്ത് പ്രശ്നങ്ങളുണ്ടായപ്പോൾ സർവ്വേ നടത്തി; പുറത്തുനിന്ന് വന്ന അഭയാർത്ഥികളാണ് ഈ പ്രശ്നങ്ങൾക്ക് കാരണമെന്ന് അതിൽ 70 ശതമാനം ജനങ്ങളും വളരെ വ്യക്തമായി പറഞ്ഞതാണ്. പുറത്തുനിന്ന് വന്നവർ എത്ര പേരാണെന്നറിയാമോ? വെറും 31 വീട്ടുകാർ. അവരാണ് പ്രശ്നങ്ങൾക്ക് കാരണമെന്ന് കള്ള പ്രചരണം കെട്ടഴിച്ചുവിട്ട്, ഗീബൽസിയൻ പ്രചരണം നടത്തി രാജ്യത്തെ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചും ആശയക്കുഴപ്പത്തിലാക്കിയും മുന്നോട്ടുപോകുന്നു. ഇവിടെ ഒരു കാര്യം വളരെ പ്രസക്തമാണ്. മഹാനായ കാറൽ മാർക്സ് രാജ്യത്ത് സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുമ്പോൾ പരിഹരിക്കാൻ മുതലാളിത്തം സ്വീകരിക്കുന്ന ഓരോ നടപടികളും കൂടുതൽ പ്രതിസന്ധികളിലേയ്ക്ക് പോകുമെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിരുന്നു. അതാണിപ്പോൾ ഇന്ത്യയിലും ലോകത്തും സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഭരണകൂടത്തിനോ എക്സിക്യൂട്ടീവിനോ ജുഡീഷ്യറിക്കോ പരിഹരിക്കാൻ കഴിയാത്ത സങ്കീർണ്ണമായ പ്രശ്നത്തിന്റെ പരിഹാരം. ചരിത്രത്തിന്റെ അന്തിമ വിധികർത്താക്കൾ ജനങ്ങളായിരിക്കുമെന്ന് കാറൽ മാർക്സ് മുന്നറിയിപ്പ് നൽകിയിരുന്നു. അതുകൊണ്ടാണിപ്പോൾ പാർലമെന്റിൽ പാസ്സാക്കിയിട്ടും കോടതിയുടെ മുന്നിൽ വന്നിട്ടും പരിഹരിക്കാനാകാതെ, എന്നാൽ ചരിത്രത്തിന്റെ അന്തിമ വിധികർത്താക്കളായ ജനങ്ങൾ തെരുവിലിറങ്ങി പോരാടുന്നത്. ആ പോരാട്ടത്തിന് രൂപവും ഭാവവും കരുത്തും ശക്തിയും ചൈതന്യവും പകരാൻ ഒറ്റക്കെട്ടായി, മത-ജാതി-രാഷ്ട്രീയ വ്യത്യാസങ്ങൾക്കപ്പുറം ഒരുമയോടെ അണിനിരക്കാൻ മുന്നോട്ട് വരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ ശക്തമായി പിന്താങ്ങുകയാണ്. കേരളത്തിന്റെ ആത്മാഭിമാനം ഉയർത്തിയ മൂന്നര വർഷക്കാലത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ

നയപ്രഖ്യാപനമാണ് ബഹുമാനപ്പെട്ട ഗവർണർ ഇവിടെ നടത്തിയത്. കറുപ്പ് പടരുന്ന നമ്മുടെ ദേശീയ രാഷ്ട്രീയാന്തരീക്ഷത്തിലെ വെള്ളി വെളിച്ചമാണ് പിണറായി സർക്കാർ. Country for sale എന്നതാണ് കേന്ദ്ര സർക്കാരിന്റെ ഇപ്പോഴത്തെ നയം. ക്ഷേമരാഷ്ട്ര സങ്കൽപ്പത്തെ അവർ പൊളിച്ചെഴുതുകയാണ്. രാജ്യാഭിമാനവും ദേശാഭിമാനവുമാണ് ബി.ജെ.പി.-യുടെയും ശ്രീ. നരേന്ദ്ര മോദിയുടെയും പ്രചരണ ആയുധങ്ങളായിരുന്നത്. ദശലക്ഷക്കണക്കിന് കോടി രൂപ ആസ്തിമൂല്യമുള്ള നമ്മുടെ പൊതുസ്വത്ത് തന്റെ ഇഷ്ടക്കാരായ ശതകോടീശ്വരൻമാർക്ക് നൽകുന്നതാണോ ദേശാഭിമാനവും രാജ്യാഭിമാനവും. തൊഴിലാളികളുടെയും സാധാരണക്കാരുടെയും ജീവിതത്തിനുമേൽ നിർദ്ദയം അമിതഭാരം അടിച്ചേൽപ്പിക്കുകയും ദൂരവ്യാപകമായ തകർച്ചയിലേയ്ക്ക് നമ്മുടെ രാജ്യത്തെ കൊണ്ടുപോകുകയുമാണ് മോദി സർക്കാർ. ഈ നയങ്ങൾക്ക് ബദലായി സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ വിവിധ മേഖലകളിൽ ക്ഷേമ വികസന പ്രവർത്തനങ്ങൾ നടത്തുകയാണ്.

ഇവിടെ നടന്ന ചില ചർച്ചകളെ സംബന്ധിച്ച് ഏതാനും വാക്കുകൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രതിപക്ഷത്തിന്റെ പ്രവൃത്തിയെക്കുറിച്ച് ചുരുങ്ങിയ വാക്കിൽ പറയാവുന്നത്, കേന്ദ്രത്തെ ഓങ്ങി സംസ്ഥാനത്തെ തല്ലുക എന്നുള്ളതാണ്. ഇവിടെ പ്രതിപക്ഷത്തിന്റെ ദിശ മാറിക്കഴിഞ്ഞിരിക്കുന്നു. എന്തിനെയാണ് അവർ എതിർക്കുന്നത്; കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധവും ഭരണഘടനാവിരുദ്ധവുമായ പൗരത്വ ഭേദഗതി നിയമത്തെ ഏറ്റവും ശക്തമായി എതിർത്തൊരു സർക്കാരാണിത്. സംസ്ഥാന സർക്കാരിനോടൊപ്പം അവർ സമരം ചെയ്തു, ഇവിടെ പ്രമേയം പാസ്സാക്കി എന്നതൊക്കെ ശരിയാണ്. പക്ഷേ, ചില മത്സരങ്ങളിൽ നേട്ടമുണ്ടാക്കാനായി സംസ്ഥാന സർക്കാരിനെ ആക്ഷേപിക്കുക എന്ന ഗൂഢലക്ഷ്യമാണ് പ്രതിപക്ഷാംഗങ്ങൾക്കുള്ളത്. അതുകൊണ്ട് ഇന്നലെവരെ തങ്ങൾ പറഞ്ഞ കാര്യമൊക്കെ അവർ മറച്ചുവയ്ക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ കൃത്യമായി ചൂണ്ടിക്കാണിച്ച ചില കാര്യങ്ങളുണ്ട്. ഗവർണർ എന്ന പദവി നമ്മുടെ ഭരണഘടനയ്ക്ക് ഏതുരീതിയിലാണ് ദോഷകരമായിട്ടുള്ളത് എന്നുപറഞ്ഞ പ്രസ്ഥാനമാണ് സി.പി.ഐ.(എം.)-ഉം ഇടതുപക്ഷവും. ആ നിലപാട് നമ്മുടെ രാജ്യത്തെ നിരവധി സംസ്ഥാന സർക്കാരുകൾ ഏറ്റെടുക്കുകയുണ്ടായി. കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെക്കുറിച്ചുള്ള വലിയ ചർച്ച നമ്മുടെ രാജ്യത്ത് നടന്നിട്ടുണ്ട്. അതിലെല്ലാം കോൺഗ്രസ്സ് സ്വീകരിച്ച നിലപാടെന്തായിരുന്നു; സർക്കാരിയ കമ്മീഷന്റെ റിപ്പോർട്ട് കയ്യിൽ കിട്ടിയിട്ട് അത് അലമാരയിൽവച്ച് പൂട്ടി എന്നതല്ലാതെ ഒരു ശിപാർശയും നടപ്പിലാക്കാൻ കോൺഗ്രസ്സ് മുൻകൈ എടുത്തിട്ടില്ല. ഗവർണർമാരെ ഉപയോഗിച്ച് സംസ്ഥാന ഗവൺമെന്റുകളെ

ഡിസ്റ്റർബ് ചെയ്യുന്ന കാര്യത്തിൽ ഒന്നാം സ്ഥാനം കോൺഗ്രസ്സിനാണ്. അക്കാര്യം സർക്കാരിയ കമ്മീഷൻ വളരെ കൃത്യമായി ചൂണ്ടിക്കാണിക്കുന്നുണ്ട്. ഒരു വ്യക്തിയെ ഗവർണറായി നിയമിക്കുമ്പോൾ അദ്ദേഹത്തിന്റെ രാഷ്ട്രീയ സത്യസന്ധത, സുതാര്യത ഇതൊക്കെ പരിഗണിക്കണം. അങ്ങനെ പരിഗണിക്കുന്നയാൾ ലോക്കൽ രാഷ്ട്രീയത്തിൽ പോയി അഭിപ്രായം പറയാൻ പാടില്ല. പക്ഷേ, ഇവിടെ പലപ്പോഴും അതാണ് സംഭവിച്ചിട്ടുള്ളത്. ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ പുറത്തു പറഞ്ഞ നിലപാടുകളോട് ആർക്കാണ് യോജിപ്പുള്ളത്? അദ്ദേഹത്തിന്റെ നിലപാടുകളെ നമ്മൾ ശക്തമായി എതിർക്കുകയുണ്ടായി. ഗവർണർ നയപ്രഖ്യാപന പ്രസംഗം നടത്തുന്നതിന്റെ തലേദിവസം എന്തായിരുന്നു നമ്മുടെ സംസ്ഥാനത്തെ ചർച്ച? ഗവർണർ മന്ത്രിസഭ അംഗീകരിച്ച നയപ്രഖ്യാപന പ്രസംഗം വായിക്കുമോ ഇല്ലയോ എന്നതായിരുന്നു. പക്ഷേ, എല്ലാ ചർച്ചകളിലും ഉയർന്നുവന്ന നിഗമനങ്ങളെ മറികടന്നാണ് അദ്ദേഹം പൗരത്വ ഭേദഗതി നിയമത്തിനെതിരായിട്ടുള്ള പ്രസംഗം വായിച്ചത്. അദ്ദേഹം പ്രസംഗത്തിന് മുമ്പ് ഒരു വാക്ക് പറഞ്ഞത് രേഖയിൽ ഉണ്ടാകുകയില്ല, അത് ഗവർണറുടെ പ്രസംഗത്തിന്റെ ഭാഗമായി വരുന്ന കാര്യമല്ല. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് കൃത്യമായി ഇവിടെ ഗവർണറുടെ പ്രസംഗത്തിൽ വരികയുണ്ടായി. നമ്മുടെ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ഗവർണറെ പിൻവലിച്ചു എന്നുതന്നെ വയ്ക്കുക. കേന്ദ്ര ഗവൺമെന്റിന്റെ രാഷ്ട്രീയാടിസ്ഥാനത്തിൽ ഇതിനേക്കാൾ മോശപ്പെട്ട ഒരാൾ വരികയില്ലെന്നുള്ളതിന് എന്താണ് ഉറപ്പ്? അത്തരം കാര്യങ്ങളിൽ നയപരമായി, പ്രശ്നങ്ങളെ ശക്തമായി എതിർക്കുക എന്നതാണ് പ്രധാന കാര്യം. നിങ്ങളല്ലേ കെ. ജി. മാരാരെ പിൻതാങ്ങിയതെന്ന് ശ്രീ. പി. ടി. തോമസ് പ്രസംഗിച്ചപ്പോൾ പറഞ്ഞു. ഞാൻ തിരിച്ചു ചോദിക്കട്ടേ, 1980-ൽ കാസർഗോഡ് ലോക്സഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന്റെ സ്ഥാനാർത്ഥി ആരായിരുന്നു? ഇന്ന് ബി.ജെ.പി.യുടെ അംഗമായി നമ്മുടെ സഭയിലുള്ള ശ്രീ. ഒ. രാജഗോപാൽ ആയിരുന്നു. അപ്പോൾ ചരിത്രത്തെ നിങ്ങൾ വിസ്മരിക്കരുത്. ചില പ്രത്യേക കാര്യങ്ങൾക്കുവേണ്ടി വക്രീകരിച്ച് കാണിക്കുന്നത് ശരിയല്ലെന്ന അഭിപ്രായമാണ് എനിക്കുള്ളത്.

ഞാൻ കേന്ദ്ര ബഡ്ജറ്റിനെക്കുറിച്ച് ഒരു വാക്ക് പറയാൻ ആഗ്രഹിക്കുകയാണ്. കേരളത്തെ ഇത്രമേൽ ദോഷകരമായി ബാധിക്കുന്ന ഒരു ബഡ്ജറ്റ് ഇതിനുമുമ്പുണ്ടായിട്ടില്ല. ഇന്നത്തെ മാതൃഭൂമി ദിനപ്പത്രത്തിൽ കേന്ദ്ര ബഡ്ജറ്റിനെ സംബന്ധിച്ച് കൃത്യമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 'കേരളത്തെ സമ്മർദ്ദത്തിലാക്കുന്ന കേന്ദ്ര ബഡ്ജറ്റ്' എന്ന തലക്കെട്ടിൽ അവർ പറയുന്ന കാര്യങ്ങൾ വസ്തുതാപരമാണ്. സംസ്ഥാനം ആവശ്യപ്പെട്ട നികുതിവിഹിതം

നൽകുന്നതിന് സന്നദ്ധമാകുന്നില്ല. കേരളത്തിന് അനുവദിച്ചതിനേക്കാൾ കൂടുതൽ സംഖ്യ ബഡ്ജറ്റിൽ ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് നൽകുന്നു. ഫെഡറൽ ഭരണഘടന നിലനിൽക്കുന്ന ഒരു രാജ്യത്ത് ഇത്ര നഗ്നമായി ഭരണഘടനയെയും ഫെഡറൽ തത്വങ്ങളെയും ലംഘിക്കുന്ന കേന്ദ്ര ഗവൺമെന്റിനെതിരായാണ് ശക്തമായ നിലപാട് സ്വീകരിക്കേണ്ടത്. അല്ലാതെ കേന്ദ്രത്തെ ഓങ്ങി, സംസ്ഥാനത്തെ തല്ലുകയല്ല പ്രതിപക്ഷാംഗങ്ങൾ ചെയ്യേണ്ടത്.

സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെയും ക്ഷേമ പദ്ധതികളെയും തകർക്കുന്ന തരത്തിൽ ദോഷകരമായൊരു ബഡ്ജറ്റാണ് കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ചത്. അതിനെതിരായി വിപുലമായ പ്രക്ഷോഭം നമ്മുടെ നാട്ടിൽ ഉണ്ടാകേണ്ടതുണ്ട്. ഇതിൽ പ്രവാസികൾക്ക് ദോഷകരമായിട്ടുള്ള നിർദ്ദേശമാണ് വച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിലപാടുകളെ തുടർന്ന് വിദേശത്ത് ജോലിയെടുക്കുന്നവരിൽ നിന്ന് നികുതി ഈടാക്കില്ലെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ബഡ്ജറ്റിൽ നിർദ്ദേശമുണ്ട്. അതുകൊണ്ട് ശക്തമായ പ്രതിഷേധം ഇനിയും ഉയരേണ്ടതുണ്ട്. ലോകത്ത് പ്രവാസികളുടെ സമ്പാദ്യം ഏറ്റവും കൂടുതൽ ലഭിക്കുന്ന രാജ്യമാണ് ഇന്ത്യ. 2017-ലെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ കണക്കനുസരിച്ച് 4,47,850 കോടി രൂപയാണ് നമ്മുടെ രാജ്യത്തേയ്ക്ക് എത്തിയത്. ഇത്രമാത്രം വിദേശനാണ്യ ശേഖരം നമ്മുടെ രാജ്യത്തേയ്ക്ക് എത്തിക്കുന്ന പ്രവാസികൾക്ക് ഒരാനുകൂല്യവും കേന്ദ്ര ഗവൺമെന്റ് നൽകുന്നില്ല. 11 തരത്തിൽ 11 വിഭാഗങ്ങൾക്ക്, കയറ്റുമതിക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. വിദേശനാണ്യം നമ്മുടെ രാജ്യത്തിന് നൽകുന്നുവെന്നുള്ള നിലയിൽ കയറ്റുമതിക്കാർക്ക് ആനുകൂല്യം നൽകുന്നുണ്ട്. എന്നാൽ ഇത്രയും വലിയ സംഖ്യ ഓരോ വർഷവും നമ്മുടെ നാട്ടിലേയ്ക്ക് എത്തിക്കുന്ന പ്രവാസികൾക്ക് ഒരു രൂപയുടെ ആനുകൂല്യംപോലും നൽകാത്തവരാണ് മരുഭൂമിയിലും മറ്റും വിയർപ്പൊഴുക്കി നമ്മുടെ രാജ്യത്തേയ്ക്ക് അയയ്ക്കുന്ന പണത്തിന് നികുതി പിരിക്കാൻ പോകുന്നത്. വർഷത്തിൽ 120 ദിവസം ഇന്ത്യയിലുണ്ടായാൽ എൻ.ആർ.ഐ. സ്റ്റാറ്റസ് കിട്ടുകയില്ലെന്നാണ് പറയുന്നത്. അതിൽ ഇപ്പോഴും മാറ്റം വരുത്തിയിട്ടില്ല. അത്തരത്തിൽ പ്രവാസികളെ മുഴുവൻ ദോഷകരമായി ബാധിക്കുന്ന കേന്ദ്ര ബഡ്ജറ്റിലെ നികുതിനിർദ്ദേശങ്ങൾ പിൻവലിക്കണമെന്ന ആവശ്യം ഞാൻ ഉന്നയിക്കുകയാണ്.

സംസ്ഥാനത്ത് പ്രളയമുണ്ടായിട്ട് അർഹമായ സാമ്പത്തിക വിഹിതം നൽകാൻ കേന്ദ്രഗവൺമെന്റ് തയ്യാറാകുന്നില്ല. കേരളം ഇന്ത്യയുടെ അവിഭാജ്യ ഭാഗമാണ്, പക്ഷേ, ഈ സംസ്ഥാനത്തിന് ഒരു രൂപപോലും നൽകാതെ ശ്വാസംമുട്ടിക്കുന്ന നിലപാടിനെതിരെ ഭരണപക്ഷംമാത്രം ശബ്ദിച്ചാൽ പോരാ, പ്രതിപക്ഷവും ശബ്ദിക്കണം. ദൗർഭാഗ്യകരമായ ഒരു കാര്യം, ഈ

വിഷയത്തെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്നേവരെ ഒരു പത്രസമ്മേളനത്തിലും മിണ്ടിയിട്ടില്ല എന്നതാണ്. അതുകൊണ്ട് സംസ്ഥാനത്തെ ക്ഷേമ വികസന പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകുന്ന കേരള ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തെ, ഗവർണറുടെ പ്രഖ്യാപനത്തെ ഞാൻ അംഗീകരിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. നന്ദി പറയേണ്ട ഒരു കാര്യവുമില്ല എന്നുള്ളതുകൊണ്ടാണ് എതിർക്കുന്നത്. കാപട്യങ്ങൾ അല്ലെങ്കിൽ ഇരട്ടമുഖങ്ങളാണ് ഇവിടെ കാണുന്നത്. ഈ ഗവൺമെന്റ് ചങ്ങല പിടിക്കും, ചങ്ങാത്തം കാണിക്കും. നിങ്ങൾ ശൃംഖലയെടുക്കുമെന്നു പറയുന്നു, പിന്നെ ശൃംഗാരം കാണിക്കും. ഇങ്ങനെ ഇരട്ടമുഖം കാണിക്കുന്ന സമീപനം വരുന്നതുകൊണ്ടാണ് ഞങ്ങൾക്ക് പൊതുവെ നിങ്ങളെക്കുറിച്ചുള്ള മതിപ്പ് കുറയുന്നത്. ഞങ്ങൾക്കല്ല, ജനങ്ങൾക്കാണ് മതിപ്പ് കുറഞ്ഞു പോകുന്നത്. ഈ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവത്തെക്കുറിച്ച് നിങ്ങൾക്ക് എന്തെങ്കിലും ബോധ്യമുണ്ടോ?

ഇവിടെ പ്രളയത്തെക്കുറിച്ച് സംസാരിച്ചു. എൻ.ഡി.ആർ.എഫ്., സി.എം.ഡി.ആർ.എഫ്. എന്നിവയിൽ നിന്ന് 8294.25 കോടി രൂപ കിട്ടിയതാണ്. ഈ ജനുവരിവരെ 5301.93 കോടി രൂപയാണ് നിങ്ങൾ ചെലവഴിച്ചത്. 2992.32 കോടി രൂപയാണ് വിതരണം ചെയ്യാതെ പിടിച്ചുവച്ചത്. പാവപ്പെട്ടവരുടെ പ്രളയദുരിതം ജനങ്ങളുടെ മദ്ധ്യത്തിൽ നിങ്ങൾ ചൂണ്ടിക്കാണിച്ച്, അതിന് മാധ്യമ പ്രചരണം നടത്തി അവിടെനിന്നും കിട്ടിയ കാശാണിത്. എന്നാൽ ആ കാശെങ്കിലും അവർക്ക് കൊടുക്കണ്ടേ; അത് പിടിച്ചുവയ്ക്കാമോ? എന്നു പറഞ്ഞാൽ ഏറെക്കുറെ 3000 കോടി രൂപയോളം നിങ്ങൾ കയ്യിൽ വച്ചിരിക്കുകയാണ്. എന്നിട്ടാണ് ഇവിടെ ഗവർണറെക്കൊണ്ട്, എന്റെ ഗവൺമെന്റ് എന്നുപറഞ്ഞ് ഇക്കാര്യമൊക്കെ പറയിപ്പിച്ചത്. 2016-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 29 ബാർ ഉണ്ടായിരുന്നു. 2019-ൽ നിങ്ങളുടെ ഔദ്യോഗിക കണക്കനുസരിച്ച് 540 ബാറുകളായി. 522 കോടി രൂപയാണ് ന്യൂ ഇയർ ദിവസം മാത്രം നമുക്കുള്ള വിറ്റുവരവ്. അങ്ങനെ കേരളത്തെ നിങ്ങൾ കറക്കുകയാണ്, മയക്കുകയാണ്. മയക്കിക്കിടത്തി കേരളത്തിൽ രക്ഷപ്പെടാനും റിപ്പീറ്റ് ചെയ്യാനും സാധിക്കുമെന്ന തെറ്റായ ധാരണ പരത്തി. പുതുവർഷത്തിന്റെ തലേദിവസം, ഒറ്റദിവസം കൊണ്ടുമാത്രം 68.57 കോടി രൂപയുടെ മദ്യമാണ് കേരളത്തിൽ വിറ്റഴിച്ചത്. അങ്ങനെ കറങ്ങുന്ന കേരളമായി കൊണ്ടുപോകാൻ കഴിയുമോ, അതോടൊപ്പം ബിവറേജസ് കോർപ്പറേഷനിൽ ഇഷ്ടംപോലെ പണത്തിന്റെ വരവുമുണ്ട്. 2015-16-ൽ 11,577 കോടി രൂപ, അത് 2018-ൽ നിങ്ങളുടെ കയ്യിൽ

14,508.10 കോടി രൂപയായി. എവിടെനിന്നാണ് ഇതെല്ലാം കിട്ടിയത്? പാവപ്പെട്ടവന്റെ കണ്ണീരിന്റെ തുകയല്ലേ; സാധുക്കളുടെ വീടുകളിൽ നിന്നുള്ള പണമല്ലേ? ബി.പി.എൽ. വിഭാഗമടക്കമുള്ളവരുടെ കയ്യിൽ നിന്നും പിടിച്ചെടുത്ത പണമല്ലേ? ആ പണം ഈ സർക്കാരിന്റെ കയ്യിലിരിക്കുകയാണ്. എന്നിട്ട് പണമില്ലെന്നു പറയുകയും കയ്യിൽ കിട്ടിയ കാശുപോലും പുറത്ത് കൊടുക്കാതിരിക്കുകയും ചെയ്യുകയാണ്. നിങ്ങൾ നാടുമുഴുവൻ പ്രകമ്പനം കൊള്ളിക്കുന്ന പ്രസ്താവനകളാണ് നടത്തുന്നത്. ലൈഫ് പദ്ധതിയിൽ 4 ലക്ഷം രൂപയുടെ വീട് കൊടുക്കുന്നുണ്ട്. അതിൽ 2 ലക്ഷം രൂപ (50 ശതമാനം) തദ്ദേശഭരണ സ്ഥാപനങ്ങൾ കടമെടുത്തിട്ടാണ് കൊടുക്കുന്നത്. ഒന്നരലക്ഷം രൂപ കേന്ദ്ര ഗവൺമെന്റിന്റെ കയ്യിൽനിന്നും നബാർഡ് വഴി നിങ്ങൾ വാങ്ങുന്നുണ്ട്. കേരളത്തിൽ ഇത്രയും വലിയ വീരസ്യം പറയുന്ന ഈ സർക്കാരിന്റെ വകയായി കൊടുക്കുന്നത് വെറും 50,000 രൂപ. 50,000 രൂപയ്ക്ക് നാല് ലക്ഷം രൂപയുടെ വീട് ഞങ്ങൾ കൊടുക്കുന്നുവെന്ന് വരുത്തിത്തീർത്ത് ആളുകളെ മയക്കിയെടുക്കാൻ ശ്രമിക്കുകയാണ്. അവിടെയും മയക്കുമരുന്നിന്റെ പ്രയോഗമാണ്, ഇതിനോട് നമുക്ക് എങ്ങനെയാണ് യോജിക്കാൻ കഴിയുക? മൊത്തം പറഞ്ഞാൽ ഈ ഗവൺമെന്റ് കൊടുക്കുന്നത് 12.5 ശതമാനമാണ്. ബാക്കിയുള്ളതെല്ലാം ഓരോരുത്തരാണ് കൊടുക്കുന്നത്. എന്നിട്ടും ഈ ഗവൺമെന്റ് എന്തിനാണ് ഇത്ര വലിയ വീരസ്യം പറയുന്നത്? ഓഖി ദുരന്തത്തിൽ കിട്ടിയ കാശെങ്കിലും കൊടുക്കേണ്ടതായിരുന്നു. ഓഖി ദുരന്തത്തിന് 46 കോടി രൂപ ഇലക്ട്രിസിറ്റി ബോർഡിന്റെ കയ്യിൽ കിട്ടിയിട്ട് അത് പുറത്തിറക്കിയിട്ടില്ല, അത് അവിടെ വച്ചുകൊണ്ടിരുന്നു. അതോടൊപ്പം മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പദ്ധതികൾക്കായി കഴിഞ്ഞ രണ്ടുവർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ നല്ലൊരു ശതമാനം ചെലവഴിച്ചുമില്ല. ഈ തുകയെല്ലാം മാറ്റിക്കൊണ്ടുപോയി, പാവപ്പെട്ടവർക്ക് കൊടുക്കേണ്ട പണം കൊടുക്കാതെ നിങ്ങൾ ഡാം തുറന്ന് ജനങ്ങളെ ദ്രോഹിച്ചു. എന്നിട്ട് അതിന്റെ പേരിൽ കിട്ടിയ പണം വേറെ രൂപത്തിൽ വകമാറ്റി. അതിൽ ഇലക്ട്രിസിറ്റി ബോർഡാണ് ഡാം തുറക്കാൻ തീരുമാനമെടുത്തത്. അവർക്ക് കിട്ടിയ 48 കോടി രൂപ കൈവശംവച്ചുകൊണ്ടിരുന്നു. അത് പാവപ്പെട്ടവർക്ക് വിതരണം ചെയ്തുമില്ല. ഇന്ന് സൗജന്യ മരുന്നിന്റെ വിതരണമുണ്ടോ? സൗജന്യ മരുന്നിന്റെ വിതരണമേ ഇല്ല. സൗജന്യ മരുന്ന് നിർത്തി; ഹീമോഫീലിയയുടെ കാര്യം ഇന്ന് രാവിലെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞു, ജീവൻരക്ഷാ മരുന്നുകളായ ഫാക്ടർ VIII, ഫാക്ടർ IX എന്നിവയെക്കുറിച്ച് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് ഇപ്പോഴും ഓർമ്മയുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. പക്ഷേ,

ആ മരുന്ന് ഇപ്പോൾ കിട്ടുന്നില്ല. അതിന് വലിയ വിലയാണ്. പാവപ്പെട്ടവർക്ക് അത് കിട്ടാൻ നിവൃത്തിയില്ല. കോടിക്കണക്കിന് രൂപ കുടിശ്ശികയായതുകൊണ്ട് നാട്ടിലെ മരുന്ന് കമ്പനികൾ ഒരു മരുന്നും കൊടുക്കുന്നില്ല. അതോടുകൂടി എല്ലാം മുടങ്ങി.

ഇവിടെ ഭൂമാഫിയ ആടിക്കളിക്കുകയല്ലേ? അവർ പറന്ന് കളിക്കുകയല്ലേ? ദേവികുളം താലൂക്ക് എടുത്ത് പരിശോധിച്ചാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം അവിടെ എത്ര സബ് കളക്ടർമാരാണ് വന്നത്. വന്നവരെയൊന്നും വിശിഷ്ട സേവാ മെഡൽ കൊടുത്ത് വിട്ടതല്ലല്ലോ? അവിടെ ശ്രീ. സബിൻ സമീദ് എന്നൊരു സബ് കളക്ടർ ഉണ്ടായിരുന്നില്ലേ, അദ്ദേഹം പോയില്ലേ; ശ്രീ. എൻ. ടി. എൽ. റെഡ്ഡി വന്നശേഷം അദ്ദേഹത്തെയും പറപ്പിച്ചില്ലേ? ശ്രീ. ശ്രീറാം വെങ്കിട്ടരാമനെക്കുറിച്ച് ഞാൻ പറയുന്നില്ല, അത് നിങ്ങൾ തന്നെ പറഞ്ഞോളൂ. ശ്രീ. വി. ആർ. പ്രേംകുമാർ അവിടെ വന്നു, പറപ്പിച്ചില്ലേ; ഡോ. രേണു രാജ്, അവരെയും പറപ്പിച്ചില്ലേ? ഇതിന്റെയൊക്കെ ഉത്തരവാദിത്വം താഴെയും മുകളിലും ഇരിക്കുന്നവർക്ക് ഒരുപോലെയുണ്ടാകുമെന്ന് അങ്ങേയ്ക്കെങ്കിലും അറിയില്ലേ? ഇതാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. അവർ ചെയ്ത തെറ്റെന്താണ്? മിടുക്കരായി അവർ ഐ.എ.എസ്. പാസ്സായി എന്നല്ലേയുള്ളൂ, മൂന്നാറിൽ അവർക്കൊരു നിയമനം കിട്ടിയെന്നല്ലേയുള്ളൂ. അവരെയെല്ലാം പറപറപ്പിച്ചിട്ട് നാടുനീളെ വലിയ കാര്യങ്ങൾ പറയുകയാണ്.

ഇവർ സർവ്വരോഗ സംഹാരി എന്ന കിഫ്ബി കൊണ്ടുവന്നു. ഒരു ടൈറ്റാൻ വരുന്നപോലെയാണ് കിഫ്ബി വരുന്നു എന്നുപറയുന്നത്. എന്നിട്ടെന്തായി? നിങ്ങൾ പറഞ്ഞ കിഫ്ബി വെറുമൊരു കടലാസ് കപ്പലായി മാറുകയല്ലേ? വേഗം പദ്ധതി പൂർത്തിയാക്കാമെന്ന് പറഞ്ഞ് ഒരു ടൈറ്റാന്റെ വരവുപോലെയാണ് വന്നത്. എന്നിട്ട് എവിടെപ്പോയി? രണ്ടുവർഷംകൊണ്ട് എല്ലാം പൂർത്തിയാക്കുമെന്ന് പ്രഖ്യാപിച്ചു. ഇവിടെയിരിക്കുന്നവരുടെ നിയോജകമണ്ഡലങ്ങളിൽ എത്ര പദ്ധതികളാണ് പൂർത്തിയാക്കിയിട്ടുള്ളത്? ഓരോ സാമ്പത്തിക വർഷവും നിങ്ങൾ നടത്തിയ പ്രഖ്യാപനമുണ്ട്, 2016-17-ൽ 28,213 കോടി രൂപയുടെ പ്രവൃത്തി നടക്കുമെന്ന് പറഞ്ഞു. 25,000 കോടി രൂപയുടെ അവശേഷിക്കുന്ന പ്രവൃത്തികൾ 2017-18-ൽ നടക്കുമെന്ന് പറഞ്ഞു. 54,213 കോടി രൂപയുടെ പദ്ധതികളുടെ പ്രഖ്യാപനം നടന്നു. ഇവിടെ എന്തുകാര്യമാണ് നടന്നത്? നിങ്ങൾ ചെലവാക്കിയത് 4,200 കോടി രൂപ മാത്രമാണ്. പ്രഖ്യാപനം 54,000 കോടി രൂപ. മൊത്തത്തിൽ നിങ്ങൾ കൊടുത്തത് 400 കോടി രൂപ മാത്രമാണ്. ഇങ്ങനെ നിങ്ങൾ ഈ

നാട്ടിലെ ജനങ്ങളെ എത്രകാലംകൊണ്ട് പറ്റിച്ച് നടക്കുന്ന എന്ന കാര്യം ആലോചിക്കണം. നമ്മുടെ ബാധ്യതയുടെ ഒരംശമെങ്കിലും നയപ്രഖ്യാപനത്തിൽ പറയണ്ടേ; കേരളം കടക്കെണിയിലേയ്ക്ക് പോകുകയാണെന്ന് പറയണ്ടേ? 10 വർഷംകൊണ്ട് തിരിച്ചടയ്ക്കേണ്ടി വരുന്ന തുക ഒരു ലക്ഷം കോടി രൂപയാകും. ഇവിടെയുള്ള പാവപ്പെട്ടവർ, സൗജന്യ റേഷനുവേണ്ടി നടക്കുന്നവർ, ഒരു നിവൃത്തിയുമില്ലാത്തവർ, ഗോതമ്പും ബജ്റയും തപ്പി നടക്കുന്ന പാവപ്പെട്ടവർ, എന്തിന് മണ്ണുതിന്നുന്ന കുട്ടികൾ തിരുവനന്തപുരം കോർപ്പറേഷനിലെ ഒരു മൂലയിലില്ലേ? അവരുടെ തലയിലേയ്ക്കാണ് നിങ്ങൾ ഒരു ലക്ഷം കോടി രൂപയുടെ കടം അടിച്ചേൽപ്പിക്കുന്നത്. ഒരു ലക്ഷം കോടി രൂപയ്ക്ക് പകരം പത്ത് രൂപ ഉണ്ടായിരുന്നെങ്കിൽ അവർ അരി വാങ്ങി ആഹാരം കഴിക്കില്ലായിരുന്നോ; ഇതെന്തൊരു നാടാണ്; നിങ്ങൾ എങ്ങോട്ടാണ് പോകുന്നത്? ഇതൊന്നും കേൾക്കാതിരിക്കാൻ കഴിയില്ല, ഇത് കേട്ടേ മതിയാകൂ.

നിങ്ങൾ കൊട്ടിഘോഷിച്ച പ്രവാസി ചിട്ടി ക്ലച്ച് പിടിച്ചില്ല. അത് ബെല്ലും ബ്രേക്കുമില്ലാതെ പൊളിഞ്ഞ് എവിടെയോ പോയി. 2020-21-ൽ പലിശയിനത്തിൽ കേരളം എത്രകോടി രൂപ കൊടുക്കേണ്ടിവരുമെന്ന് അങ്ങേയ്ക്കറിയാമോ? 6,000 കോടി രൂപ കൊടുക്കണം. ഇത് എവിടെനിന്ന് കൊടുക്കും? കേരള വികസനത്തിന്റെ കൊലക്കയറാണ് കിഫ്ബി എന്നുപറയുന്ന ഈ ഏർപ്പാട്. അത് നമ്മുടെ സംസ്ഥാനത്തെ തകർക്കും. ട്രഷറി പൂട്ടിയില്ലേ? ട്രഷറിയിൽ കഠിന നിയന്ത്രണമല്ലേ; ചെക്കുകളും ബില്ലുകളുമൊന്നും മാറുന്നില്ലല്ലോ. ഈ സാമ്പത്തിക ക്ലേശത്തെക്കുറിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ ഒരു വാചകമെങ്കിലും പറയാൻ സാധിക്കുമോ? എനിക്ക് ഒരു കാര്യം പറയാതിരിക്കാൻ കഴിയില്ല. നിങ്ങൾ യോജിക്കുന്നതിനെക്കുറിച്ച് പറയുന്നുണ്ടല്ലോ. ആരോടാണ് ഞങ്ങൾ യോജിക്കേണ്ടത്? ഹിമാചൽ പ്രദേശിൽ 68 എം.എൽ.എ.മാരുണ്ട്. നിങ്ങൾക്ക് ഒരു എം.എൽ.എ. ഉണ്ട്. അവിടെ ആ ആളിനെ കിട്ടാൻ പോലുമില്ല.

മി. ചെയർമാൻ: യെസ്.. സഹകരിക്കണം. ആ പോയിന്റോടുകൂടി അവസാനിപ്പിച്ച് സഹകരിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മഹാരാഷ്ട്രയിൽ നിങ്ങൾക്ക് ഒരു എം.എൽ.എ. ഉണ്ട്. അവിടെ ആകെ 288 പേരുണ്ട്. രാജസ്ഥാനിൽ നിങ്ങൾക്ക് രണ്ട് എം.എൽ.എ.-മാരുണ്ട്. അവിടെ ആകെ 200 പേരാണുള്ളത്. പശ്ചിമ ബംഗാളിന്റെ കാര്യത്തിലാണല്ലോ തർക്കം, നിങ്ങൾക്ക് അവിടെ യോജിപ്പുമില്ല, 22

അംഗങ്ങളുണ്ട്, അവിടെ ആകെ 294 അംഗങ്ങളുണ്ട്. ഇന്ത്യയിൽ ആകെ 4131 എം.എൽ.എ.-മാരുള്ളതിൽ നിങ്ങളുടെ കയ്യിലിരിക്കുന്നതുകൂടി കൂട്ടിയാൽ 101 പേർ മാത്രമാണ്. എന്നിട്ടും യോജിച്ചോ യോജിച്ചോയെന്ന് പറഞ്ഞ് നിങ്ങൾ ഞങ്ങളെ വിളിക്കുകയാണ്. അങ്ങനെ വിളിക്കാൻ നിങ്ങൾക്ക് എന്ത് അവകാശമാണുള്ളത്? നിങ്ങളാണോ ഇന്ത്യ, നിങ്ങൾക്കാണോ ഈ രാജ്യം. നിങ്ങൾ ഈ രാജ്യസ്നേഹത്തെക്കുറിച്ച് പറയുന്നുണ്ടല്ലോ, അങ്ങനെ പറയുമ്പോൾ ക്വിറ്റ് ഇന്ത്യാ സമരത്തിൽ നിങ്ങൾ എവിടെയായിരുന്നു? കേരളത്തിന്റെ ആദ്യത്തെ മുഖ്യമന്ത്രി ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്, ********* നിങ്ങൾ ഇവിടെ വലിയ ബി.ജെ.പി. വിരുദ്ധത പറഞ്ഞല്ലോ.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം സഹകരിക്കണം. അങ്ങ് മുതിർന്ന അംഗമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നേരത്തെ ഇവിടെ സംസാരിച്ച ശ്രീ. എ. കെ. ബാലൻ ഇക്കാര്യങ്ങളെപ്പറ്റി നല്ല സെൻസുള്ളയാളാണ്, അങ്ങ് ഇത് കേൾക്കണം. പാലക്കാട് മത്സരിച്ച ടി. ശിവദാസമേനോനെ അങ്ങേയ്ക്കറിയാമല്ലോ. അന്നത്തെ കൺവെൻഷൻ ഉദ്ഘാടനം ചെയ്തത് ആരാണ്, ശ്രീ. എൽ. കെ. അദ്വാനി. സത്യം പറഞ്ഞാൽ ആ കൺവെൻഷനിൽ പ്രസംഗം തർജ്ജമ ചെയ്തത് ആരാണെന്നറിയാമോ. ശ്രീ. ഒ. രാജഗോപാലാണ് ആ പ്രസംഗം തർജ്ജമ ചെയ്തത്. ശിവദാസമേനോൻ സ്ഥാനാർത്ഥി, ശ്രീ. എൽ. കെ. അദ്വാനി പ്രസംഗം, ശ്രീ. ഒ. രാജഗോപാൽ തർജ്ജമ, നിങ്ങൾ ബി.ജെ.പി വിരുദ്ധരും! എന്തൊരു വർത്തമാനമാണ് ഈ പറയുന്നത്? ഇവിടെ സ്പീക്കർ തെരഞ്ഞെടുപ്പിൽ ശ്രീ. ഒ. രാജഗോപാൽ നിങ്ങൾക്ക് വോട്ടു ചെയ്തില്ലേ? എന്നിട്ട് അദ്ദേഹം പറഞ്ഞത് ശ്രീരാമകൃഷ്ണൻ എന്ന് പേരുള്ളതുകൊണ്ടാണ് ഞാൻ അവിടെ വോട്ടു ചെയ്തതെന്നാണ്. ഞാനാണ് സ്ഥാനാർത്ഥിയെങ്കിൽ, എന്റെ പേര് ശ്രീരാമകൃഷ്ണ പരമഹംസൻ എന്നുപറഞ്ഞാലും ശ്രീ. ഒ. രാജഗോപാൽ എനിക്ക് വോട്ടു ചെയ്യുമോ? ഇല്ലല്ലോ, അതല്ല പ്രശ്നം, പ്രശ്നം വേറെയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,....

---

* സഭാദ്ധ്യക്ഷന്റെ 4-2-2020-ലെ 844/ഇബി/2020/നി.സെ. എന്ന നമ്പർ ഉത്തരവിൻപ്രകാരം സഭാ രേഖകളിൽനിന്ന് നീക്കം ചെയ്തു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് സമ്മതിച്ചാൽ ഞാൻ വഴങ്ങാം, ചെയർ സമ്മതിച്ചാൽ മതി.

മി. ചെയർമാൻ: പ്ലീസ് സഹകരിക്കണം.... അങ്ങ് മുതിർന്ന അംഗമാണ്. മാതൃകയായി വരേണ്ടതാണ്. ഈ പോയിന്റോടുകൂടി അവസാനിപ്പിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതെ, മാതൃകയാണ്. അതുകൊണ്ട് യോജിച്ച പ്രക്ഷോഭത്തിന് നിങ്ങൾക്കൊരു ത്രാണി വേണ്ടേ, ശാരീരിക ശക്തി വേണ്ടേ.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ********+ ആദ്യമായി അതൊന്ന് വ്യക്തമാക്കുന്നത് നല്ലതാണ്. അടിയന്തരാവസ്ഥയ്ക്കെതിരായി ഞങ്ങൾ പലരുമായും യോജിച്ചിട്ടുണ്ട്. അതിലൊന്നും യാതൊരു സംശയവുമില്ല. ഇന്ദിരാ ഗാന്ധിക്ക് എതിരായി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അന്ന് ഞങ്ങളുടെ കൂടെയാണ്, അതുകൂടി മനസ്സിലാക്കുന്നത് നല്ലതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എനിക്കിട്ടൊന്ന് വച്ചതോടുകൂടി അങ്ങേയ്ക്ക് ആത്മസംതൃപ്തിയായി. എന്ത് ആത്മസംതൃപ്തിയാണിത്? ഇവിടെ എന്താണ് ചോദ്യം? നിങ്ങൾ ജനസംഘവുമായി കൂടിയിട്ടുണ്ടോ; നിങ്ങൾ ബി.ജെ.പി.യുമായി കൂടിയിട്ടുണ്ടോ; നിങ്ങളുടെ കൂടെ ശ്രീ. എൽ. കെ. അദ്വാനി വന്നോ; നിങ്ങൾക്കുവേണ്ടി ശ്രീ. ഒ. രാജഗോപാൽ പ്രസംഗം ട്രാൻസ്ലേറ്റ് ചെയ്തോ? ഈ സഭയിലുള്ള മറ്റു നേതാക്കളുടെ പേര് ഞാൻ പറയുന്നില്ല. എനിക്ക് അവരെ ആക്ഷേപിക്കാൻ കഴിയാത്തതുകൊണ്ടാണ്, ചരിത്രം ഇല്ലാത്തതുകൊണ്ടല്ല.

മി. ചെയർമാൻ: പ്ലീസ്... ബഹുമാനപ്പെട്ട അംഗം സഹകരിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇങ്ങനെയുള്ള ഒരു സംഭവത്തിൽ എന്ത് ബി.ജെ.പി. വിരുദ്ധതയാണ്. അതുകൊണ്ട് അവസാനത്തെ ഒരു വാക്കുകൂടി പറയട്ടെ; 70-ഉം 80-ഉം 85-ഉം 90-ഉം വയസ്സുള്ള ആളുകളെ മസ്റ്ററിംഗിന്റെ പേരുപറഞ്ഞ് വില്ലേജാഫീസിന്റെ പടിക്കൽ സ്ട്രെച്ചറിൽ ഇരുത്തിക്കൊണ്ടുപോകുന്ന കേരളത്തിലെ ആദ്യത്തെ ഗവൺമെന്റ് പിണറായി ഗവൺമെന്റാണ്. മസ്റ്ററിംഗിന് അവരെ എടുത്തു കൊണ്ടുപോകുകയാണ്. അങ്ങും എടുത്തിട്ടുണ്ടാകുമോയെന്ന് എനിക്കറിയില്ല.

+ സഭാദ്ധ്യക്ഷന്റെ 4-2-2020-ലെ 844/ഇബി/2020/നി.സെ. എന്ന നമ്പർ ഉത്തരവിൻപ്രകാരം സഭാ രേഖകളിൽനിന്ന് നീക്കം ചെയ്തു.

മി. ചെയർമാൻ: പ്ലീസ് സഹകരിക്കണം...നാല് മിനിറ്റ് അധികമായി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ നിർദ്ദയമായ നടപടി നിങ്ങൾക്ക് നിർത്തിക്കൂടേ? പണിചെയ്യാൻ കഴിയില്ലെങ്കിൽ നിർത്തി വയ്ക്കണം. അങ്ങ് രാജി വയ്ക്കണമെന്നൊന്നും ഞാൻ പറയുന്നില്ല. പാവപ്പെട്ടവരെ മസ്റ്ററിംഗിന്റെ പേരിൽ സ്ട്രെച്ചറിൽ എടുത്തുകൊണ്ടുപോകാൻ പ്രേരണ നൽകുന്നവർ. നിങ്ങളൊക്കെ പോകുന്നത് ഇന്നോവ കാറിലല്ലേ, എനിക്കൊരു കുഴപ്പവുമില്ല. പക്ഷേ, മസ്റ്ററിംഗിന് ഈ പാവപ്പെട്ടവരെ ഇങ്ങനെ കുഴയ്ക്കാമോ? ശ്രീ. എസ്. ശർമ്മയായതുകൊണ്ട് ഞാൻ ഒരു മിനിറ്റ് വഴങ്ങാം.

ശ്രീ. എസ്. ശർമ്മ: സർ, ************* നമുക്ക് ഇതൊരു പുതിയ വിവരമാണ്, അത് മനസ്സിലാക്കാനാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സമയം നൽകുകയാണെങ്കിൽ കൃത്യമായി വിശദീകരിക്കാം, അല്ലെങ്കിൽ അടുത്തൊരു സമയംവച്ചോളൂ, ആ സമയത്ത് കൃത്യമായി വിശദീകരിച്ചുതരാം. എനിക്ക് സമയം തരണം.

മി. ചെയർമാൻ: പ്ലീസ്...പ്ലീസ്...ഇപ്പോൾത്തന്നെ 5 മിനിട്ട് അധികമാകാൻ പോകുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ എത്രവേണമെങ്കിലും വിശദീകരിക്കാം. ഞാൻ എഴുതിത്തരാം. നാഷണൽ ആർക്കൈവ്സിലെ രേഖസഹിതം നമുക്ക് എടുക്കാം, ചർച്ച ചെയ്യാം. പക്ഷേ, ഇവിടെ സമയമില്ലാത്തതുകൊണ്ട് ആ ചർച്ചയിലേയ്ക്ക് ഇപ്പോൾ പോകാൻ കഴിയില്ല.

മി. ചെയർമാൻ: ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കണം. അഞ്ചുമിനിട്ട് അധികമായി. പ്ലീസ്...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആത്മാർത്ഥതയില്ലാത്ത, ജനങ്ങളെ കബളിപ്പിക്കുന്ന, കാപട്യത്തിന്റെ മുഖമായ, ജനഹിതമില്ലാത്ത, പൗരജനങ്ങളെ മൊത്തത്തിൽ അവഹേളിക്കുന്ന ഈയൊരു സമീപനത്തോട് ഞാൻ യോജിക്കുന്നില്ല. നിങ്ങൾക്ക് ചേരും ഗവർണർ, ഗവർണർക്ക് ചേരും നിങ്ങൾ. അങ്ങനെ സമാസമമായി നീങ്ങുക എന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. ചെയർമാൻ : പ്ലീസ്... കൺക്ലൂഡ് ........

ശ്രീ. എ. കെ. ബാലൻ: സർ, ആളുകൾ പല രൂപത്തിൽ പറയും. ശ്രീമതി ഷാനി പ്രഭാകരന്റെ മുമ്പിൽ അദ്ദേഹം എത്രത്തോളം

* സഭാദ്ധ്യക്ഷന്റെ 4-2-2020-ലെ 844/ഇബി/2020/നി.സെ. എന്ന നമ്പർ ഉത്തരവിൻപ്രകാരം സഭാ രേഖകളിൽനിന്ന് നീക്കം ചെയ്തു

പരിഹാസ്യനായിയെന്നുള്ളത് ദൃശ്യമാധ്യമത്തിലൂടെ നമ്മൾ കണ്ടതാണ്. ഇ.എം.എസ്. എന്തോ എഴുതിക്കൊടുത്തുകൊണ്ട് രക്ഷപ്പെട്ടു എന്നൊക്കെ പറയുമ്പോൾ, എന്ത് ആധികാരികതയുള്ള രേഖകൾ വച്ചുകൊണ്ടാണ് പറയുന്നത്; അത് ചോദിക്കുമ്പോൾ പറയുന്നത്, ഇപ്പോൾ അത് പറയാൻ സമയമില്ല എന്നാണ്. അങ്ങനെ പറയുന്നത് ശരിയല്ല. അത് രേഖയിൽ ഉണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: പരിശോധനയ്ക്ക് വിധേയമാക്കി നടപടി സ്വീകരിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ,....(മൈക്ക് ഓഫ്)....

മി. ചെയർമാൻ: പ്ലീസ്...പ്ലീസ്... ബഹുമാനപ്പെട്ട അംഗം തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇരിക്കൂ....

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. നമ്മുടെ രാജ്യം അസാധാരണമായൊരു സാഹചര്യത്തെ നേരിടുകയാണ്. അങ്ങനെ വരുമ്പോൾ അസാധാരണമായ യോജിപ്പ് ജനങ്ങളിൽ ഉണ്ടാകണം. ഇന്ത്യയിൽ അതുണ്ടാകണമെന്നാണ് കേരളത്തിലെ ഗവൺമെന്റും ഇടതുപക്ഷ ജനാധിപത്യ മുന്നണിയും ആഗ്രഹിക്കുന്നത്. ആ ആഗ്രഹത്തിന്റെ അടിസ്ഥാനത്തിലുള്ള രൂപപ്പെടൽ ആദ്യമെല്ലാം ഉണ്ടായിവന്നതുമാണ്. അതിൽ പ്രതിപക്ഷം നല്ല നിലപാടാണ് കേരളത്തിൽ സ്വീകരിച്ചത്. ഇന്ത്യയിലെ ജനങ്ങൾ അത്തരമൊരു ആഗ്രഹമാണ് പ്രകടിപ്പിക്കുന്നത്. സംഘാടകർ പിൻമാറിയിട്ടും ബോംബെയിലെ സ്ത്രീകൾ ആ സമരത്തിൽ പങ്കെടുക്കുകയാണെന്ന് ഇന്നൊരു വാർത്തയുണ്ട്. ഇത് ജനത്തിന്റെ ഒരു ആഗ്രഹമാണ്. ഇന്ത്യയിലെ ജനങ്ങളിൽ ഏറ്റവും താഴെത്തട്ടിലുള്ളവരുടെ ആഗ്രഹത്തിലാണ് ഇന്ത്യ നിലനിൽക്കുന്നത്. ഇവിടെ നിലനിൽക്കണമെന്ന അവന്റെ സ്വപ്നമാണ് ഈ രാജ്യത്ത് മുഴുവൻ വ്യാപരിക്കുന്നത്. രാജ്യത്തെ വർഗ്ഗീയതയെക്കുറിച്ച് നമുക്കറിയാം. നമ്മുടെ രാഷ്ട്രപിതാവിനെ വധിച്ചു. രാഷ്ട്രപിതാവ് ഒരു കുടുംബത്തിലെ, ഒരു തറവാട്ടിലെ, ഏറ്റവും വലിയൊരു ആളാണ്. ആ വലിയൊരാളിനെ വധിച്ചത് മഹാരാഷ്ട്രയിലെ ചിത്പവൻ ബ്രാഹ്മണ വിഭാഗത്തിൽപ്പെട്ട യുവാവാണ്. ആ കാലഘട്ടത്തിൽ ഇന്ത്യയിലെ ഏറ്റവും വലിയ ചെറുപ്പക്കാരൻ വൃദ്ധനായ ഗാന്ധിജിയായിരുന്നു. ഗാന്ധിജിക്ക് സത്യത്തിൽ ഏറ്റവും വലിയ യൗവനം വന്നത് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം അദ്ദേഹം ജീവിച്ചിരുന്ന 168 ദിവസങ്ങളിലാണ്. ആ വന്നുകൊണ്ടിരിക്കുന്ന യൗവ്വനംകൊണ്ട് രാജ്യത്തെ വർഗ്ഗീയതയെ ഇല്ലാതാക്കി നയിക്കാൻ മതേതരത്വത്തിന്റെ ഒരു വഴികാണിച്ചുകൊണ്ടിരുന്ന മനുഷ്യനാണ് ഗാന്ധിജി. 1948 ജനുവരി 30-ാം തീയതി ചെറുപ്പക്കാരനായ ഒരു വർഗ്ഗീയ ഭ്രാന്തന്റെ വെടിയേറ്റ് മരിച്ച

ഗാന്ധിജിയുടെ ഓർമ്മകൾക്ക് ഏറ്റവും പ്രസക്തമായൊരു കാലത്താണ് നമ്മൾ ജീവിക്കുന്നത്. ഇനി നമുക്കുള്ളത് ഒരു മാതാവാണ്. ആ മാതാവിന്റെ പേര് ഇന്ത്യയെന്നാണ്. ആ മാതാവിനെ വധിക്കാനുള്ള ഒരു ആയുധമാണ് പൗരത്വ നിയമ ഭേദഗതി ബിൽ. അതുകൊണ്ട് പിതാവിനെ വധിച്ച രാജ്യത്തിൽ മാതാവിനെക്കൂടി വധിക്കാതിരിക്കണമെങ്കിൽ, ആ മാതാവിനെത്തന്നെ രക്ഷിക്കണമെങ്കിൽ, ഈ രാജ്യം ആ കത്തി കയ്യിലേന്തുന്നവർക്കെതിരായി ഒന്നിച്ചുനിൽക്കണം. ഒന്നിച്ചുനില്ക്കാനുള്ള ആഹ്വാനത്തിന്റെ പുറത്ത് രാജ്യം ഒരുമയോടെ പോകാൻ ശ്രമിക്കുമ്പോൾ ഭിന്നിപ്പിന്റെ സ്വരങ്ങൾ ഏത് തരത്തിലുണ്ടായാലും അത് നല്ലതല്ല. ഇന്ത്യ എന്താണെന്നും എങ്ങനെയാണെന്നും ലോകത്തോട് കൃത്യമായി പറഞ്ഞ ഇന്ത്യയുടെതന്നെ മഹാരഥൻമാരായ നേതാക്കളുണ്ട്. ജാതിക്കും മതത്തിനും പ്രദേശത്തിനും ഭാഷയ്ക്കും ചിന്തകൾക്കും എല്ലാത്തിനുമപ്പുറം ഇന്ത്യ എന്താണെന്നും എങ്ങനെയാണ് നമ്മൾ രൂപപ്പെട്ടതെന്നും നമ്മുടെ സ്വാതന്ത്ര്യ സമരം എങ്ങനെയാണ് നടന്നതെന്നും അതിന്റെ അനുഭവത്തിൽ ഇന്ത്യൻ ഭരണഘടന ഏതാണ്ട് മൂന്ന് വർഷമെടുത്ത് എങ്ങനെ രൂപീകരിച്ചുവെന്നും അതിൽ പങ്കെടുത്തവരുടെ മനസ്സിന്റെ ധാർമ്മികമായ, സത്യസന്ധമായ, നിയമപരമായ ബോധം എന്തായിരുന്നുവെന്നും പലതരത്തിൽ വെളിവാക്കപ്പെടുന്നുണ്ട്. ആ വെളിവാക്കപ്പെടുന്നിടത്താണ് അത് സംരക്ഷിക്കാനുള്ള യോജിപ്പിൽ ഇന്ത്യ ഒന്നായി നിൽക്കേണ്ടത്. ഇന്ത്യ എന്താണെന്ന് കൃത്യമായി പറഞ്ഞത്, എനിക്കു തോന്നുന്നത് സ്വാമി വിവേകാനന്ദനാണെന്നാണ്. അദ്ദേഹം ഇവിടെ വച്ചല്ല അത് പറഞ്ഞത്; അമേരിക്കയിൽ വച്ചാണ്. ഒരു പ്രസംഗത്തിലല്ല, പല പ്രസംഗങ്ങളിലാണ് പറഞ്ഞത്. 1893-ൽ ചിക്കാഗോയിൽ വച്ച് നടന്ന സർവ്വമത സമ്മേളനത്തിൽ അദ്ദേഹം നിരന്തരം നടത്തിയ ആറ് പ്രസംഗങ്ങളുണ്ട്. ആറ് പ്രസംഗങ്ങളിലും അദ്ദേഹം നിരന്തരം ഉപയോഗിച്ച ഒരു വാക്കുണ്ട്. ആ വാക്കിലാണ് അദ്ദേഹം ഇന്ത്യ എന്താണെന്ന് വിശദീകരിച്ചത്. അദ്ദേഹം പറഞ്ഞത് ഇന്ത്യൻ സംസ്കാരത്തിൽ, ഇന്ത്യൻ ഭാഷയിൽ ഇന്ത്യയ്ക്കകത്ത് ഇല്ലാത്തൊരു വാക്ക് 'exclusion' ആണ്. ഒഴിവാക്കൽ എന്നത് ഞങ്ങൾക്കില്ല. എവിടെനിന്നും അഭയാർത്ഥികളായി, എവിടെനിന്നും അനാഥരായി, എവിടെനിന്നും ആശ്രയം വേണ്ടവരായി ആരുവന്നോ അവരെയെല്ലാം ഇന്ത്യ ഉൾക്കൊണ്ടു. ഒഴിവാക്കലില്ലാത്ത ഒരു രാജ്യത്തിന്റെ, എല്ലാം ചേർന്ന ലോകത്തിന്റെ, എല്ലാ ദൈവങ്ങളും എല്ലാ മതങ്ങളും എല്ലാ ചിന്തകളും എല്ലാ ദർശനങ്ങളും എല്ലാ തത്വസംഹിതകളും ഉൾക്കൊണ്ട രാജ്യമാണ് ഇന്ത്യ. അതാണ് ഇന്ത്യയുടെ പ്രത്യേകത. അതുകൊണ്ട് അദ്ദേഹം പറഞ്ഞിടത്തുനിന്ന് ഒറ്റ വരിയിൽ പറഞ്ഞാൽ, ഉൾക്കൊള്ളാൻ കഴിയാതിരിക്കുന്ന സമയത്ത് ഇന്ത്യ അവസാനിക്കുന്നു. ഉൾക്കൊള്ളുന്നിടത്ത് ഇന്ത്യ ആരംഭിക്കും. അത് ഭരണഘടന എഴുതിയപ്പോൾ

ആരംഭിച്ചതല്ല, അത് സ്വാതന്ത്ര്യം കിട്ടിയപ്പോഴും ആരംഭിച്ചതല്ല. ആയിരക്കണക്കിന് വർഷങ്ങളായി പലതരം സാംസ്കാരിക കയറ്റിറക്കങ്ങളിലൂടെ, ശരിതെറ്റുകളിലൂടെ രൂപപ്പെട്ടതാണ് ഇന്ത്യൻ പൗരനും ഇന്ത്യ എന്നുപറയുന്ന പ്രത്യേകതയും. ആ പ്രത്യേകതയിൽ സ്വാമി വിവേകാനന്ദൻ പറഞ്ഞ 'ഉൾക്കൊള്ളൽ' ഉൾക്കൊള്ളാൻ കഴിയുന്നില്ലായെന്നതാണ് ശ്രീ. നരേന്ദ്ര മോദിയും ശ്രീ. അമിത് ഷായും അടങ്ങുന്ന കേന്ദ്ര ഭരണകൂടം ചെയ്യുന്ന തെറ്റ്. അതുകൊണ്ടാണ് കോൺഗ്രസ് നേതാവായ ശ്രീ. പി. ചിദംബരം പറഞ്ഞ കാര്യം ഞാൻ ഉദ്ധരിക്കുന്നത്. അദ്ദേഹം പറഞ്ഞത്, 'ഇപ്പോൾ ഇന്ത്യയിൽ നടക്കുന്ന സമരം ഭരിക്കുന്ന ഇന്ത്യൻ ഭരണകൂടത്തിന്റെ തെറ്റും ഇവിടെ ജീവിക്കുന്ന ജനങ്ങളുടെ ശരിയും തമ്മിലുള്ളതാണ്" എന്നാണ്. ഒരു ജനാധിപത്യ സംവിധാനത്തിൽ ഭരണകൂടത്തിന്റെ തെറ്റിനെ ജീവിക്കുന്ന ജനതയുടെ ജനാധിപത്യ ശരി തോൽപ്പിക്കും. അതാണ് ഇന്നത്തെ ഇന്ത്യ. അതിനുവേണ്ടി ഇന്ത്യയിൽ എല്ലാവരും സമ്മതിക്കുന്നൊരു കാര്യം, അതിനുവേണ്ടി മാതൃകാപരമായി ശ്രമിക്കുന്ന, ശ്രമിച്ചുകൊണ്ടിരിക്കുന്ന, ഇന്ത്യയിലെ ഒരു ഭരണകൂടം കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണമാണ്. ആ നിയമം ഡിസംബർ 9, 11 തീയതികളിലായി പാർലമെന്റിൽ പാസ്സാക്കപ്പെട്ടതിനുശേഷം ഇന്ത്യയിൽ ബി.ജെ.പി.-യുടെകൂടെ നിന്ന അകാലിദൾ ഇതിനെ ആദ്യം എതിർത്തതാണ്. കേരളത്തിലും ഇന്ത്യയിലും സർവ്വരും എതിർത്തതാണ്. പക്ഷേ, മാതൃകാപരമായി അതിലൊരു സംസ്ഥാനത്തിന്റെ മഹാഭൂരിപക്ഷം ജനങ്ങളുടെ രാഷ്ട്രീയവും ധാർമ്മികവും മതപരവുമായ ജനാധിപത്യചേരുവ ആദ്യം കാത്തുസൂക്ഷിച്ചത് കേരളത്തിലെ പാളയം രക്തസാക്ഷി മണ്ഡപത്തിന്റെ മുമ്പിലാണ്. അതിൽ ശ്രീ. രമേശ് ചെന്നിത്തല പറയുന്നത്, അദ്ദേഹമാണ് അങ്ങോട്ട് ആവശ്യപ്പെട്ടതെന്നാണ്. ആവശ്യപ്പെട്ടെങ്കിൽ ശരി, അവിടെ യോജിച്ചതിനുശേഷം എന്തുകൊണ്ടാണ് അത് മുന്നോട്ടുപോകാത്തത്; എവിടെയാണ് അതിന് ബ്രേക്കിംഗ് ഉണ്ടായത്; എല്ലാം ഉൾക്കൊള്ളണമെന്ന് പറയുന്ന ഇന്ത്യയുടെ മാനവികതയുടെ അടിസ്ഥാനത്തിലാണ് ഇവിടെ ഭരണഘടനയുണ്ടായത്. അക്കാലത്തെ ഹിന്ദുവിനും ക്രിസ്ത്യാനിക്കും മുസ്ലീങ്ങൾക്കും സർവ്വ രാഷ്ട്രീയ പ്രസ്ഥാനത്തിൽ ഉൾപ്പെട്ട ബുദ്ധിജീവികൾക്കും ഇന്ത്യയെക്കുറിച്ച് വികാരപരമായ ഒരു അടക്കം അകത്തും എന്നാൽ വിവേകപരമായ ഒരു ചിന്ത തലച്ചോറിലും ഉണ്ടായിരുന്നപ്പോഴാണ് ആ ഭരണഘടനയുണ്ടായത്. ഭരണഘടന ഉണ്ടായപ്പോൾ ചില വാക്കുകളെക്കുറിച്ച് വലിയ തർക്കങ്ങളുണ്ടായി. തർക്കമുണ്ടായത് 'ദൈവം' എന്ന വാക്കിന്മേലാണ്. ദൈവം എന്ന വാക്ക് ഇന്ത്യൻ ഭരണഘടനയ്ക്കകത്ത് വേണമെന്ന് വാദിച്ചവരുണ്ട്. കാരണം ഇന്ത്യയിൽ ലോകത്തുള്ള എല്ലാ ദൈവങ്ങളും ഉപദൈവങ്ങളുമുണ്ട്. എല്ലാ മതത്തിലെയും വിശ്വാസികളുണ്ട്. പക്ഷേ, അവർ തീരുമാനിച്ചത് ആ വാക്ക്

വേണ്ടെന്നാണ്. ഒരുപക്ഷേ, ഭാവിയിൽ അവരുടെ മുമ്പിൽ ശ്രീ. നരേന്ദ്ര മോദിയും ശ്രീ. അമിത് ഷായും വരാൻ സാധ്യതയുണ്ടെന്ന് കണ്ടുകാണും. അതുകൊണ്ട് 'ദൈവം' എന്ന വാക്ക് വോട്ടിനിട്ട് പുറത്തായതാണ്.

2.00 PM]

ഈ വാക്ക് പുറത്താക്കണമെന്ന് ആവശ്യപ്പെട്ടവർക്ക് കൂടുതൽ വോട്ടും വേണമെന്നാവശ്യപ്പെട്ടവർക്ക് കുറച്ച് വോട്ടുമാണ് ലഭിച്ചത്. മതവും ഇതുപോലെയാണ്. ഇന്ത്യൻ ഭരണഘടനയ്ക്ക് ഒരു ദൈവമില്ല, മതമില്ല; അതിനും മുകളിലാണ്. ഇതെല്ലാം ഇന്ത്യൻ ഭരണഘടനയ്ക്ക് താഴെയാണ്. അതിനെ മുകളിൽ കൊണ്ടുവരാനുള്ള ശ്രമമാണ് ശ്രീ. നരേന്ദ്ര മോദിയും ശ്രീ. അമിത് ഷായും നടത്തുന്നത്.

മി. ചെയർമാൻ: വഴങ്ങിക്കൊടുത്തതാണോ?

ശ്രീ. പി. ടി. തോമസ്: സർ, ഇന്ത്യൻ ഭരണഘടന ദൈവത്തിന് സമർപ്പിക്കാത്തത് സംബന്ധിച്ചാണ് പറയുന്നത്. ദൈവത്തിന് മുകളിലാണ് ഭരണഘടന എന്നതുമാത്രമല്ല ഇന്ത്യയിലെ നിരീശ്വരവാദികളുടെ വികാരം വ്രണപ്പെടാൻ പാടില്ല എന്നതുകൊണ്ടുകൂടിയാണ് ഈ ഭരണഘടന ദൈവപരാമർശം ഒഴിവാക്കിയതെന്നത് അങ്ങയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഇതെല്ലാം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോൺഗ്രസ്സിൽ അപൂർവ്വം വായിക്കുന്നവരിലൊരാളാണ് ശ്രീ. പി. ടി. തോമസ് എന്നുള്ളതുകൊണ്ട് തീർച്ചയായും അങ്ങയുടെ അഭിപ്രായത്തെയും ഞാൻ ഉൾക്കൊള്ളുന്നു. അവിടെ പ്രശ്നം എന്താണെന്നുവച്ചാൽ ഇതിന്റെയെല്ലാം മുകളിലാണ് ഇന്ത്യൻ ഭരണഘടനയെങ്കിൽ അവരൊക്കെക്കൂടെ എഴുതിത്തീർത്ത് സമർപ്പിച്ചപ്പോൾത്തന്നെ നമ്മുടെ ചില പ്രശ്നങ്ങളെക്കുറിച്ച് ആ കാലഘട്ടത്തിലെ ഏറ്റവും വലിയ നിയമപണ്ഡിതനും ചരിത്രപണ്ഡിതനുമായ ഡോ. ബി. ആർ. അംബേദ്കർ, 1949 നവംബർ 26-ന്, പറഞ്ഞിരുന്നു, "ഇന്ത്യയുടെ മേൽമണ്ണിൽ മാത്രമേ ജനാധിപത്യമുള്ളൂ" എന്ന്. ഒരടി മണ്ണ് താഴ്ന്നകഴിഞ്ഞാൽ അന്ധവിശ്വാസവും അനാചാരവും മതവും വ്യക്തിയാരാധനയും വേണ്ടാത്ത ജനാധിപത്യവിരുദ്ധ ചിന്തകളും നിറഞ്ഞതാണ് ഇന്ത്യ. അതുകൊണ്ട് ഇന്ത്യൻ ജനാധിപത്യം ദുർബലപ്പെടാനുള്ള സാധ്യത വളരെ കൂടുതലാണെന്ന് അന്നുതന്നെ ഡോ. ബി. ആർ. അംബേദ്കർ പറഞ്ഞിരുന്നു. ആ സാധ്യതകൾ പലപ്പോഴും ഇന്ത്യയിൽ ഉയർത്താൻ ശ്രമിച്ചിട്ടും ഇന്ത്യയിലെ മതേതരത്വ ജനാധിപത്യ പ്രസ്ഥാനങ്ങളുടെ കൂട്ടായ്മയിൽ ഇന്ത്യയുടെ സാംസ്കാരികബോധമുള്ളതു കൊണ്ടാണ് ഇന്ത്യൻ ജനാധിപത്യത്തെ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞത്. ഇന്ത്യൻ രാഷ്ട്രീയത്തിൽ

ജനാധിപത്യ വിരുദ്ധമായി കോർപ്പറേറ്റ് പിന്തുണയോടെ ഇന്ത്യയെ മുന്നോട്ടുകൊണ്ടുപോകാനും ഇന്ത്യൻ ജനതയുടെ മനസ്സിലുള്ള മതബോധത്തെ തീവ്രമായി വളർത്തിക്കൊണ്ടുവരാനും കഴിഞ്ഞതിലൂടെയാണ് ഈ ഭരണത്തിലേയ്ക്ക് വന്നത്. അതിൽ കോൺഗ്രസ്സിന് പങ്കുണ്ടോ ഇല്ലയോ എന്നുള്ളത് അവർ വ്യക്തിപരമായും വിമർശനപരമായും ആലോചിക്കേണ്ടതുണ്ട്.

ഇവിടെ ബഹുമാനപ്പെട്ട ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തിൽ ഇന്നത്തെ ലോകത്തെ അറിയാം. അത് ഉലയുന്നൊരു ലോകമാണ്. കോർപ്പറേറ്റുകൾ നയിച്ച് ജനങ്ങളെ ദുരിതത്തിലാക്കുന്ന ഒരു ലോകമാണെന്ന് കേന്ദ്ര ഗവൺമെന്റിന്റെ ഇന്നലത്തെ ബഡ്ജറ്റ് നോക്കിയാലറിയാം. ഇന്നത്തേത് തകരുന്നൊരു ഇന്ത്യയാണ്. ഇതിനിടയിലാണ് നമ്മൾ വളരുന്ന കേരളമായി നിൽക്കാൻ ശ്രമിക്കുന്നത്. അങ്ങനെ നിൽക്കാൻ ശ്രമിക്കുമ്പോൾ തീർച്ചയായും ബുദ്ധിമുട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് കേരളത്തെ എതിർക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന് നൽകാൻ കഴിയുന്ന സഹായങ്ങൾ തരുന്നില്ല. നമുക്ക് വലിയ പ്രളയത്തെയും വെള്ളപ്പൊക്കത്തെയും മറ്റ് പലതരം കെടുതികളെയും നേരിടേണ്ടി വരുന്നുണ്ട്. നമ്മൾ ഇന്ത്യക്കുവേണ്ടി ഉയർത്തിപ്പിടിക്കുന്ന ഒരു വികസന സ്വപ്നമുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ കിഫ്ബിയുടെ കാര്യം പറഞ്ഞു. അദ്ദേഹത്തിന്റേതുൾപ്പെടെ എല്ലാ മണ്ഡലങ്ങളിലെയും പൊതു സ്കൂളുകളിലേയ്ക്ക് കുട്ടികളൊഴുകുന്നതിന്റെ പ്രധാന കാരണം അവിടെയൊക്കെ ഗവൺമെന്റ് ശ്രദ്ധ ചെലുത്തി വികസനത്തിന് പണം അനുവദിക്കുന്നതുകൊണ്ടാണ്. അതിൽ പലതും കടം വാങ്ങിയതാണ്. കേരളത്തിൽ പലയിടത്തും വികസന പ്രക്രിയയിലും പശ്ചാത്തലമേഖലയിലും ചില അത്ഭുതങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇന്നത്തെ ലോകത്തിന്റെ മുഖവുമായി ചേർന്നൊരു അന്തസ്സ് ഒട്ടുംചോരാതെ കേരളം നിലനിൽക്കണമെങ്കിൽ അതിനാവശ്യമായ ചില കൂട്ടിയോജിപ്പിക്കലുകളും സാഹസികതകളും ആവശ്യമുണ്ട്. നമുക്കെല്ലാമുണ്ടായാലും സമാധാനപരമായി ജീവിക്കാൻ കഴിയുന്ന അന്തരീക്ഷം വേണം. പാത്തുമ്മയ്ക്കൊരു പ്രശ്നമുണ്ടാകുമ്പോൾ ഭയമില്ലാതെ അയൽപക്കത്തെ ചെല്ലമ്മയെ വിളിക്കണം. ചെല്ലമ്മയ്ക്ക് അങ്ങനെ തോന്നിയാൽ അയൽപക്കത്തെ അന്നമ്മയെ വിളിക്കണം. അന്നമ്മയും ചെല്ലമ്മയും പാത്തുമ്മയും കൂടി യോജിച്ചുനിന്ന് അവരുടെ പ്രശ്നങ്ങൾ പങ്കുവയ്ക്കണം. ആ അന്തരീക്ഷത്തെയാണ് പൗരത്വ നിയമ ഭേദഗതിയിലൂടെ ഇവിടെ ഭിന്നിപ്പിച്ചു തകർക്കാൻ ശ്രമിക്കുന്നത്. ഇതൊരു രാഷ്ട്രീയ പ്രശ്നമല്ല, രാജ്യത്തിന്റെ പൊതു പ്രശ്നമാണ്. ഇതൊരു സാംസ്കാരിക ജീവിതപ്രശ്നമാണ്. ഇത് രാജ്യത്തിന്റെ ഭാവിയുടെ പ്രശ്നമാണ്. ആ പ്രശ്നത്തെ അങ്ങനെ കാണണം. അങ്ങനെ

കാണുമ്പോഴാണ് നമുക്ക് കൈകോർക്കാൻ തോന്നുന്നത്. അങ്ങനെയാണ് കൈകോർക്കാൻ ശ്രമിക്കേണ്ടത്. നമുക്ക് നമ്മുടേതായ പ്രശ്നങ്ങളോ തർക്കങ്ങളോ മറ്റുകാര്യങ്ങളോ ഉണ്ടാകാം. പക്ഷേ, അതിനപ്പുറമാണ് നമ്മെ ഒരുക്കിയെടുത്ത പൂർവ്വകാല പുണ്യങ്ങളുടെ ഓർമ്മ. എനിക്ക് വളരെ ഇഷ്ടമുള്ള യുവജനനേതാവാണ് കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവുകൂടിയായ ശ്രീ. കനയ്യ കുമാർ. ഡൽഹിയിലെ ജെ.എൻ.യു.വിൽ ഉണ്ടായ സംഘർഷവുമായി ബന്ധപ്പെട്ട് പൂർവ്വവിദ്യാർത്ഥി എന്ന നിലയിൽ രണ്ടാഴ്ച മുമ്പ് അദ്ദേഹം അവിടെയൊരു പ്രസംഗം നടത്തി. അതിൽ അദ്ദേഹം പറഞ്ഞത്, സമരത്തിന് ഏറ്റവും പ്രധാനപ്പെട്ട രണ്ടുകാര്യങ്ങളാണുള്ളത്. ഒന്ന്, നിങ്ങൾ സൈലന്റാകാൻ പാടില്ല; രണ്ട്, നിങ്ങൾ വയലന്റാകാനും പാടില്ല. പാകതയുള്ള ജനാധിപത്യത്തിന്റെ വഴിയിലൂടെ പോയാൽ മാത്രമേ സമരം വിജയിക്കുകയുള്ളൂ. നിങ്ങൾ സൈലന്റായാൽ അവർ രക്ഷപ്പെട്ടു. വയലന്റായാൽ അവരുടെ ആയുധങ്ങളും സർവ്വ സന്നാഹങ്ങളുംകൊണ്ട് നിങ്ങളെ അടിച്ചമർത്തും. ഇതുരണ്ടുമില്ലാതായാൽ മാത്രമേ ഒരു ജനാധിപത്യസമരം വിജയിക്കുകയുള്ളൂ. അതിന് അദ്ദേഹം ഉദാഹരണമായി പറഞ്ഞത് മഹാത്മാ ഗാന്ധിയെയാണ്. മഹാത്മാ ഗാന്ധി ചിലപ്പോൾ സൈലന്റായാലും ഒരിക്കലും വയലന്റാകാതെ ശ്രദ്ധിച്ചിരുന്നു. അതുകൊണ്ട് ഒരു സമരത്തിൽ പങ്കുചേരേണ്ട എല്ലാ ജനാധിപത്യ സംവിധാനങ്ങളെയും കൂട്ടിയോജിപ്പിക്കാൻ ശ്രമിച്ചു. ചെറുപ്പക്കാരനാണെങ്കിലും ശ്രീ. കനയ്യ കുമാറിന്റെ ആ പ്രസ്താവനയെ അതിന്റെ അർത്ഥത്തിൽ കാണുന്ന ഒരാളാണ് ഞാൻ. അങ്ങനെയാണെങ്കിൽ ഞാൻ നിങ്ങളോട് പറയുന്നു, നമുക്ക് സൈലന്റും വയലന്റുമല്ലാത്ത സമരമാർഗ്ഗമാണെങ്കിൽ കേരള ഗവർണർ അല്ല നമ്മുടെ മുമ്പിലെ മുഖ്യ ആളുകൾ ശ്രീ. അമിത് ഷായും ശ്രീ. നരേന്ദ്ര മോദിയുമാണ്. ഇപ്പോൾ പ്രതിപക്ഷം ബഹുമാനപ്പെട്ട ഗവർണറുടെ പേരിൽ വയലന്റാകുകയാണ്. നിശബ്ദരാകരുത്, ചിന്തയോടുകൂടി ജനാധിപത്യ മാർഗ്ഗത്തിലൂടെ മുന്നോട്ടുപോകാൻ ശ്രമിച്ചാൽ നമ്മുടെ മുഖ്യപ്രതി സത്യത്തിൽ വെടിയില്ലാതോക്കുമായി മുമ്പിൽ നിൽക്കുന്ന ഗവർണറല്ല; മറിച്ച് വലിയ പാറ്റൺ ടാങ്കുമായി പിന്നിൽ നിൽക്കുന്ന ശ്രീ. അമിത് ഷായും ശ്രീ. നരേന്ദ്ര മോദിയുമാണ്. അവരെ തോൽപ്പിക്കാൻ ക്ഷമാപൂർവ്വവും ജനാധിപത്യപരവും ഗാന്ധിയൻ രീതിയിലുള്ള സമാധാനപരവുമായ കൂട്ടായ്മ വളർത്തിയെടുക്കണം. എൽ.ഡി.എഫ്.-നും യു.ഡി.എഫ്.-നും ധാരാളം തർക്കങ്ങൾ കാണും. അവ നമുക്ക് തർക്കിച്ച് തീർക്കാം. തർക്കിച്ചാലും തീരാത്ത തർക്കങ്ങളുണ്ടാകാം. അതെല്ലാം നിലനിർത്തുകയും ചെയ്യാം; ജനങ്ങളുടെ മുമ്പിലേയ്ക്ക് പോകുകയും ചെയ്യാം. പക്ഷേ, നമുക്കെല്ലാം കൂടിയുള്ളതാണ് ഇന്ത്യ. നമുക്ക് പിന്നാലെ വരുന്നവർക്കും കൂടി സമാധാനപരമായി പിളർന്നു പോകാതെ കൈമാറിക്കൊടുക്കേണ്ടതാണ് ഇന്ത്യ. മുഹമ്മദാലി ജിന്നയും മഹാത്മാ

ഗാന്ധിയുമായി എത്രയോ കത്തിടപാടുകൾ നടന്നു. മഹാത്മാ ഗാന്ധി ഇന്ത്യ പിളരാതിരിക്കാനും മുഹമ്മദാലി ജിന്ന ഇന്ത്യ പിളർത്തി മാറ്റാനും ശ്രമിച്ചു. ആ കത്തിടപാടുകളിലെ ഒന്നിലാണ് രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധി മുഹമ്മദാലി ജിന്നയ്ക്കെഴുതിയതിന്റെ അവസാനം നിങ്ങളുടെ സ്വന്തം സഹോദരൻ എം. കെ. ഗാന്ധി എന്നെഴുതിയത്. മുഹമ്മദാലി ജിന്ന അതിന് മറുപടി എഴുതിയത്, ഞാൻ നിങ്ങളുടെ സഹോദരനല്ല, ഞാൻ 'ഖ്വയ്ദ്-ഇ-അസം' ആണ്. അതായത് മഹാനായ നേതാവാണ്. അടുത്ത കത്ത് മുതൽ മഹാത്മാ ഗാന്ധി മുഹമ്മദാലി ജിന്നയെ അഭിസംബോധന ചെയ്തത് 'ഖ്വയ്ദ്-ഇ-അസം' എന്നാണ്. ഇതാണ് മഹാത്മാ ഗാന്ധി; ഇതാണ് ഇന്ത്യ; ഇതാണ് മതേതരത്വം; ഇതാണ് ജനാധിപത്യം; ഇതാണ് ക്ഷമ. ഈ വഴിയിലൂടെ മാത്രമേ നമുക്ക് ശ്രീ. നരേന്ദ്ര മോദിയെ തോൽപ്പിക്കാൻ കഴിയൂ. ഈ വഴിയിലൂടെ ഇന്ത്യൻ ജനത സമാധാനപരമായി കൈകോർത്ത് മുന്നോട്ടുപോയാൽ, ശ്രീ. നരേന്ദ്ര മോദിയും ശ്രീ. അമിത് ഷായും എത്ര വലിയവരാണെങ്കിലും നമുക്ക് മുമ്പിൽ, അതായത്, രാജ്യത്തിനും രാജ്യത്തിന്റെ മതേതരത്വത്തിനും ഭരണഘടനയ്ക്കും മുമ്പിൽ മുട്ടുകുത്തേണ്ടിവരുമെന്ന് ഞാൻ ഉറപ്പായി പറയുന്നു. അങ്ങനെ മുട്ടുകുത്തണമെന്നാണ് ഇന്ത്യയിലെ സാധാരണക്കാർ ആഗ്രഹിക്കുന്നത്. നമ്മൾ തമ്മിലുള്ള തർക്കം അവർക്ക് പ്രശ്നമല്ല. നമ്മൾ തമ്മിലുള്ള തർക്കം മറ്റ് കാര്യങ്ങളിൽ അവർക്ക് ഇഷ്ടമോ ഇഷ്ടക്കേടോ ഉണ്ടാക്കാം. പക്ഷേ, ഇക്കാര്യത്തിൽ നമ്മൾ തമ്മിലുള്ള തർക്കമല്ല, ഒരുമിച്ച് നിന്ന് രാജ്യത്തിന്റെ നാളത്തെ രക്ഷയെ ഉറപ്പാക്കുക എന്നതാണ് നമ്മളിൽനിന്ന് ഇന്ത്യൻ ജനത പ്രതീക്ഷിക്കുന്നത്. അത് നാടാകെ പല തരത്തിൽ പടർന്നുവരുന്നുണ്ട്, ആ ചിന്ത ഒഴുകിവരുന്നുണ്ട്. അവിടെ തടസ്സമായി നിൽക്കരുത്. അവിടെ എൽ.ഡി.എഫ്.-ന് എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ നിങ്ങൾക്ക് പറയാം, നിങ്ങളുടെ പ്രശ്നമുണ്ടെങ്കിൽ ഞങ്ങൾക്കും പറയാം. പക്ഷേ, ഇത് എൽ.ഡി.എഫ്. - യു.ഡി.എഫ്. പ്രശ്നമല്ല, ഇത് നാടിന്റെ പൊതുപ്രശ്നമാണ്.

നയപ്രഖ്യാപന പ്രസംഗത്തിൽ എഴുതപ്പെട്ട 101 പേജുകളിൽ 155 ഖണ്ഡികകളായി വിഭജിച്ചിരിക്കുന്ന ധാരാളം കാര്യങ്ങളുണ്ട്. അവയിൽ ഇതൊഴിച്ച് ബാക്കി എല്ലാ കാര്യത്തിലും നമുക്ക് തർക്കങ്ങളും ഭിന്നതയുമാകാം; തർക്കിക്കാനുള്ള സമയമെടുക്കാം. നിങ്ങൾക്കും പ്രസംഗിക്കാൻ സമയം ലഭിക്കുമ്പോൾ തർക്കങ്ങളുന്നയിക്കാം. പക്ഷേ, ഇത് രാജ്യത്തിന്റെ മതേതരത്വ പ്രശ്നമാണ്.

വർഗ്ഗീയത ഇന്ത്യയിൽ വന്ന്, ഇന്ത്യാ വിഭജനത്തിന്റെ ഘട്ടത്തിലേയ്ക്ക് കടന്നപ്പോൾ ഗാന്ധിജി പറഞ്ഞ പ്രധാനപ്പെട്ട ഒരു കാര്യമുണ്ട്. സത്യത്തിൽ വിവേകാനന്ദന്റെ വാക്കുകളെ പൂരിപ്പിക്കുകയാണ് ഇന്ത്യയുടെ രാഷ്ട്രപിതാവ്

ചെയ്തത്. അന്നും ഇന്ത്യയിൽ ഹിന്ദു മഹാസഭക്കാരും വി. ഡി. സവർക്കറുമൊക്കെ പറയാൻ ശ്രമിച്ചത്, ഇത് ഇന്ത്യയിൽ നിലനിന്നവരും ഇന്ത്യയിലേയ്ക്ക് വന്നവരും തമ്മിലുള്ള തർക്കമാണെന്നാണ്. ഇന്ത്യ അവർക്കുള്ളതാണെന്ന് വി. ഡി. സവർക്കർ പറഞ്ഞതാണ്. മുസ്ലീങ്ങൾ വന്നവരാണ്. നിന്നവരും വന്നവരും തമ്മിലുള്ള തർക്കം ഗാന്ധിജി വളരെ ലളിതമായാണ് പറഞ്ഞത്. ആദ്യം വന്നവരും രണ്ടാമത് വന്നവരും തമ്മിലാണ് ഇവിടത്തെ തർക്കമെന്നാണ് മഹാത്മാ ഗാന്ധി പറഞ്ഞത്. അതുകൊണ്ട് ആദ്യം വന്നവൻ മൂത്തവനും രണ്ടാമത് വന്നവൻ ഇളയവനുമാണ്. മൂത്തവൻ ഇളയവനെ കൂടുതൽ കരുതേണ്ടതാണെന്നാണ് ഗാന്ധിജി പറഞ്ഞത്. ഡോ. ബി. ആർ. അംബേദ്കർ 1949-ൽ പറഞ്ഞത്, നമുക്ക് ഗാന്ധിജി ഇല്ല എന്നത് ഒരു വിഷമമാണെന്നാണ്. കാരണം, ഗാന്ധിജി ഒരു ഘട്ടത്തിൽ പ്രത്യേക സമരരൂപങ്ങൾ രാജ്യത്തെ മൊത്തം യോജിപ്പിന്റെ വഴികളിൽ കാണിച്ചുതന്നയാളാണ്. ഗാന്ധിജി കാണിച്ചുതന്ന ധാരാളം അഭിപ്രായങ്ങൾ വിദേശിക്കെതിരായി, നമ്മുടെ സ്വാതന്ത്ര്യത്തിന്റെ പോരാട്ടങ്ങളായി, മാറിയ പോരാട്ടത്തിന്റെ രൂപങ്ങളാണെന്ന് അദ്ദേഹം പറഞ്ഞു. നമുക്ക് പുതിയ അവസരത്തിൽ പുതിയ സമരരൂപങ്ങൾ വേണം. ആ പുതിയ സമരരൂപങ്ങൾ കാണിച്ചുതരാൻ ഒരു ഗാന്ധിജിയില്ല. ഗാന്ധിജിയില്ലെങ്കിൽ അദ്ദേഹത്തിന്റെ നന്മകൾ സ്വീകരിച്ച്, ജനാധിപത്യ മാർഗ്ഗത്തിൽ ക്ഷമയോടെ കൈകോർക്കാൻ ഇന്ത്യക്കാർ പഠിക്കണം. ഇതിൽ ശ്രീ. നരേന്ദ്ര മോദി ശ്രവിക്കുന്ന ഒരപകടമുണ്ട്. ശ്രീ. അമിത് ഷാ ആ അപകടത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നുണ്ട്. അവർ പറയുന്നത് ഇത് ഒരു മുസ്ലീം വിഷയമാണെന്നും അവർക്കാണ് ഭയമുള്ളതെന്നുമാണ്. അതായത്, ഹിന്ദുക്കൾക്ക് സന്തോഷമാണെന്നാണ്. എന്നാൽ മുസ്ലീങ്ങളെക്കാൾ ഇതൊരു ഹിന്ദു പ്രശ്നമാണ്. രണ്ടിനുമപ്പുറം, ഇതൊരു ഇന്ത്യൻ പ്രശ്നമാണ്, ഇന്ത്യയുടെ ഭാവിയുടെ പ്രശ്നമാണ്. അതിനെ അങ്ങനെ കാണണം. ഒരുമിച്ച് പോരാടിയതിന്റെയും പട്ടിണി കിടന്നതിന്റെയും രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി രക്തസാക്ഷികളായതിന്റെയുമൊക്കെ ഒരുപാട് ഓർമ്മകളുണ്ട്. ആ ഓർമ്മകൾക്കുമുമ്പിൽ നിൽക്കുമ്പോഴാണ് അവ ഇന്ത്യയുടെ ഭാവിക്കുവേണ്ടി, ഇന്ത്യയ്ക്കുവേണ്ടി നമ്മളെ നയിക്കേണ്ടത്. അങ്ങനെ നയിക്കേണ്ട കാലത്ത് തെക്കേ ഇന്ത്യ,-ടക്കേ ഇന്ത്യ എന്നോ, കറുത്തവൻ-വെളുത്തവൻ എന്നോ വെജിറ്റേറിയൻ, നോൺ വെജിറ്റേറിയൻ എന്നോ ഉള്ള വേർതിരിവ് പാടില്ല. ഇന്ത്യയിലെ ഏറ്റവും നല്ല വെജിറ്റേറിയന്മാരിൽ ഒരാൾ ഡോ. എ. പി. ജെ. അബ്ദുൾകലാം ആണ്. നല്ല നോൺ വെജിറ്റേറിയന്മാരിൽ ഒരാൾ ബ്രാഹ്മണനായ ജവഹർലാൽ നെഹ്റുവാണ്. അതുകൊണ്ട് ബ്രാഹ്മണരെല്ലാം വെജിറ്റേറിയനും മറ്റുള്ളവരെല്ലാം നോൺവെജിറ്റേറിയനും എന്ന് അർത്ഥമില്ല. എല്ലാ വെജിറ്റേറിയനും നോൺ വെജിറ്റേറിയനും സ്വപ്നം കണ്ടത് ഒരു വലിയ ഇന്ത്യയെയാണ്,

ലോകത്തിന് അഭിമാനമായ, ലോകത്തിനുമുമ്പിൽ ഒരിക്കലും തല കുനിക്കേണ്ടാത്ത ഒരു ഇന്ത്യയെയാണ്. അങ്ങനെ ഇന്ത്യയെ സ്വപ്നം കണ്ട വെജിറ്റേറിയനും നോൺ വെജിറ്റേറിയനും മുസ്ലീമും ഹിന്ദുവും ക്രിസ്ത്യാനിയും വിശ്വാസിയും അവിശ്വാസിയും എല്ലാവരുംകൂടി രാജ്യത്ത് എപ്പോഴെങ്കിലും ഒരുമിച്ച് ഒരു നല്ല ഇന്ത്യയ്ക്കുവേണ്ടി കൈകോർക്കണമെങ്കിൽ ആ സമയം ഇപ്പോഴാണ്. ഇക്കാലത്തെ ഏറ്റവും നല്ല പോരാട്ടം മോശം ഇന്ത്യ ഏതാണ്, നല്ല ഇന്ത്യ ഏതാണ് എന്നുള്ളതാണ്. ആ നല്ല ഇന്ത്യ മതേതരത്വ ഇന്ത്യയാണ്, ജനാധിപത്യ ഇന്ത്യയാണ്, മഹാത്മാ ഗാന്ധിയുടെ ഇന്ത്യയാണ്, ഇന്ത്യയിലെ സോഷ്യലിസ്റ്റുകളുടെയും കമ്മ്യൂണിസ്റ്റുകളുടെയും കോൺഗ്രസ്സുകാരുടെയും എല്ലാം ഇന്ത്യയാണ്. ചീത്ത ഇന്ത്യ വർഗ്ഗീയ ഇന്ത്യയാണ്, ശ്രീ. അമിത് ഷായുടെയും ശ്രീ. നരേന്ദ്ര മോദിയുടെയും ഇന്ത്യയാണ്. ആ ഇന്ത്യയും ഈ നല്ല മതേതരത്വ ജനാധിപത്യ ഇന്ത്യയും തമ്മിലുള്ള പോരാട്ടത്തിൽ, മഹാഭൂരിപക്ഷം മനുഷ്യരും നല്ല ഇന്ത്യയുടെ പിന്നിൽ നിൽക്കാൻ തയ്യാറാണ്. അതിന് നമ്മൾ തടസ്സമാകരുത്. അതുമാത്രം നിങ്ങളോട് അഭ്യർത്ഥിച്ചുകൊണ്ട്, ഈ നന്ദി പ്രമേയത്തെ വീണ്ടും പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. പരിമിതമായ സമയമായതിനാൽ ഉദ്ദേശിക്കുന്ന കാര്യങ്ങളൊന്നും പറയാൻ സാധിക്കില്ലെന്ന് എനിക്ക് ഉറപ്പുണ്ട്. ഈ വിഷയത്തിൽ എന്റെ സ്നേഹിതർ ബഹുമാനപ്പെട്ട ഗവർണറെ എതിർക്കുന്നതിനുപകരം ശ്രീ. നരേന്ദ്ര മോദിയെയും ശ്രീ. അമിത് ഷായെയും ഗവൺമെന്റിന്റെ ഫാസിസ്റ്റ് നയങ്ങളെയും എതിർക്കണം എന്ന് പറയുന്നു. ആ എതിർപ്പിന്റെതന്നെ ഒരു അനിവാര്യ ഘടകമാണ് വാസ്തവത്തിൽ ബഹുമാനപ്പെട്ട ഗവർണറോടുള്ള എതിർപ്പ്. അത് ഇവിടെ നേരത്തെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. അത് വളരെ സിംബോളിക്കായിട്ടുള്ളതാണ്. ശ്രീ. ആരിഫ് മുഹമ്മദ് ഖാനോടുള്ള എതിർപ്പല്ല, അദ്ദേഹം മറ്റുള്ളവർക്ക് ചൂട്ടുപിടിക്കുന്നു എന്നതുകൊണ്ടുള്ള എതിർപ്പാണ്. വാസ്തവത്തിൽ ഇന്ത്യൻ ജനത അവരുടെ അസ്തിത്വത്തിനുവേണ്ടി, നിലനിൽപ്പിനുവേണ്ടി, ഭരണഘടനയ്ക്കുവേണ്ടി പൊരുതുകയാണ്. എക്സിസ്റ്റൻസിനുവേണ്ടിയുള്ള പോരാട്ടമാണ് ഇന്ത്യയിൽ നടക്കുന്നത്. ആ പോരാട്ടത്തിനിടയിൽ, നമ്മൾ ചില രാഷ്ട്രീയ കക്ഷികൾ, അവനവന്റെ നിലനിൽപ്പിനുവേണ്ടി നടത്തുന്ന പോരാട്ടം ഫാസിസ്റ്റ് വിരുദ്ധ പോരാട്ടത്തെ ദുർബ്ബലമാക്കും എന്നാണ് എന്റെ വിനീതമായ അഭിപ്രായം. രാഷ്ട്രീയ കക്ഷികൾ അവരുടെ അസ്തിത്വത്തിനു വേണ്ടി പോരാടുകയല്ല വേണ്ടത് മറിച്ച് നിലനിൽപ്പിനും വളർച്ചയ്ക്കുംവേണ്ടി പോരാടുന്നതിനുമുമ്പ് ജനപക്ഷത്തുനിന്ന്, ജനങ്ങളുടെ അസ്തിത്വത്തിനു വേണ്ടി, ഭരണഘടനയ്ക്കുവേണ്ടി, പഴയ ഇന്ത്യയ്ക്കുവേണ്ടി, മതേതരത്വത്തിനു വേണ്ടിയുള്ള പോരാട്ടമാണ് നടത്തേണ്ടത്. ഏതെങ്കിലും ഒരു

രാഷ്ട്രീയ കക്ഷിയോ മുന്നണിയോ നടത്തുന്ന സമരങ്ങളും പ്രക്ഷോഭങ്ങളുമൊക്കെ ചെറുതാണെങ്കിലും വലുതാണെങ്കിലും സ്വാഗതാർഹവും ഈ വിഷയത്തിൽ സ്വീകാര്യവുമാണ്. പക്ഷേ, അവരവർ നടത്തുന്ന സമരങ്ങളെ പർവ്വതീകരിച്ചും ഇതര മതേതര കക്ഷികൾ നടത്തുന്ന സമരങ്ങളെ ലഘൂകരിച്ചും കാണാതെ, രണ്ടിനെയും അംഗീകരിച്ചുകൊണ്ട്, ചെറുതും വലുതുമായ അനേകം പ്രസ്ഥാനങ്ങളുടെ ഒരുമിച്ചുള്ള പ്രയാണത്തിൽനിന്നാണ് വിജയം നേടാനാകുക എന്ന യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കേണ്ടതാണ്. നമ്മുടെ നിയമസഭ ശരിയായ രീതിയിൽ, പൗരത്വ നിയമത്തിനെതിരായ പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കി. എന്നാൽ അത് ചട്ടലംഘനമാണെന്നാണ് ആ പ്രമേയത്തെ നിരാകരിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണർ പറഞ്ഞത്. ഇന്ത്യൻ ഭരണഘടനതന്നെ ലംഘിക്കപ്പെടുകയും അട്ടിമറിക്കപ്പെടുകയും ചെയ്യുമ്പോൾ, ഏതോ ഒരു ചട്ടം ലംഘിക്കപ്പെട്ടിരിക്കുന്നു എന്ന് അദ്ദേഹം ആരോപണം ഉന്നയിക്കുമ്പോൾ, ചട്ടമാണോ ഭരണഘടനയാണോ വലുത് എന്ന ചോദ്യം പ്രസക്തമാണ് എന്നതാണ് ഞങ്ങൾ ഗവർണറെ എതിർക്കുന്നതിൽ അന്തർലീനമായ ഒരു യാഥാർത്ഥ്യം എന്ന കാര്യം വിസ്മരിക്കരുത്. "അവനവന്റെ കണ്ണിലെ കോലുകാണാതെ ആരാന്റെ കണ്ണിലെ കരട് ചികയരുത്" എന്ന് യേശുക്രിസ്തു പറഞ്ഞിട്ടുണ്ട്. ആ പണിയാണ് ബഹുമാനപ്പെട്ട ഗവർണർ ചെയ്തത്. അതുകൊണ്ടാണ് ഞങ്ങൾ അതിനെ എതിർത്തു എന്നുപറയുന്നത്. ഇവിടെ, ബഹുമാന്യനായ മുഖ്യമന്ത്രി രാവിലെ ഗവർണറുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംസാരിച്ച അവസരത്തിൽ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവതരിപ്പിച്ച തിരിച്ചുവിളിക്കൽ പ്രമേയത്തെക്കുറിച്ച് പറഞ്ഞപ്പോൾ, ബി. ഡി. ജെട്ടിയെ തിരിച്ചുവിളിച്ചിട്ട് അദ്ദേഹം പിന്നീട് വൈസ് പ്രസിഡന്റായ കാര്യം പറഞ്ഞു. അതുകൊണ്ട് ഈ ഗവർണറെ തിരിച്ചുവിളിക്കരുത്, കാരണം, അദ്ദേഹം വൈസ് പ്രസിഡന്റായേക്കും എന്ന ഭീതിയാണ് അദ്ദേഹത്തിനുള്ളതെന്ന് എനിക്ക് തോന്നി. അത് എത്ര ബാലിശമായ വാദമാണ് എന്നാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്.

എല്ലാവരും ഒരുമിച്ചുനിന്ന് നടത്തുന്ന സമരങ്ങൾ മാത്രമേ വിജയിക്കുകയുള്ളൂ. ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. അതുകൊണ്ടുതന്നെ എനിക്ക് തോന്നുന്നത്, രാഷ്ട്രീയ പാർട്ടികൾ ഒരുമിച്ച് നിന്നുകൊണ്ട് ഒരു പ്രക്ഷോഭം ഇവിടെ വളർന്നു വരണമെങ്കിൽ ഗവൺമെന്റ് തന്നെ എല്ലാ വിഭാഗം ജനങ്ങളുടെയും ഒരു സഭ വിളിച്ച് കൂട്ടുകയും ലോക കേരളസഭപോലെ ഭരണഘടനാ സംരക്ഷണത്തിനുവേണ്ടി ഒരു പൊതുവേദി സംസ്ഥാനതലത്തിൽ രൂപീകരിക്കുകയും ചെയ്യണം. അതിന് പഞ്ചായത്തുകൾതോറും ഘടകങ്ങൾ വേണം. അതിൽ വിദ്യാർത്ഥികൾ, യുവാക്കൾ, സ്ത്രീകൾ, ചലച്ചിത്രകാരന്മാർ, നടന്മാർ, കായികതാരങ്ങൾ, എഴുത്തുകാർ, ആക്റ്റിവിസ്റ്റുകൾ, പരിസ്ഥിതി

പ്രവർത്തകർ എന്നിങ്ങനെയുള്ള എല്ലാവരെയും ഉൾപ്പെടുത്തി ഒരു സഭ സംസ്ഥാനതലത്തിൽ രൂപീകരിക്കുകയും അതിന് കീഴ്ഘടകങ്ങളുണ്ടാക്കുകയും അതിന്റെ നേതൃത്വത്തിൽ നല്ല രീതിയിൽ അക്രമപരമല്ലാത്ത അന്തരീക്ഷം സൃഷ്ടിക്കാൻ പരിശ്രമിക്കുകയും വേണമെന്നാണ് എനിക്ക് ഇതുസംബന്ധിച്ച് പറയാനുള്ളത്. അതിനർത്ഥം വേറെയാരും ഒരു സമരവും നടത്തരുത് എന്നല്ല. അവനവന് നടത്തേണ്ടത് നടത്താം. പക്ഷേ, പൊതുവായ, എല്ലാവരാലും അംഗീകരിക്കപ്പെടുന്ന ഒരു സമിതിയുടെ നേതൃത്വത്തിൽ സമരം നടത്തുമ്പോൾ മാത്രമേ ഈ രണ്ടാം സ്വാതന്ത്ര്യസമരം നമുക്ക് വിജയിപ്പിക്കാൻ സാധിക്കുകയുള്ളൂ. എന്തായാലും ഈ മഹാപ്രസ്ഥാനത്തിന് ഒരുമിച്ച് നിൽക്കാതെ വിജയിക്കാൻ നമുക്ക് സാധിക്കും എന്ന് കരുതുന്നതിൽ യാതൊരർത്ഥവുമില്ല. മറ്റൊരു കാര്യവും നമ്മൾ ചിന്തിക്കേണ്ടതായിട്ടുള്ളത്, എൻ.ആർ.സി. നടപ്പിലായാൽ ഏതെങ്കിലും ഒരു പ്രത്യേക ജനവിഭാഗം മാത്രമല്ല പുറത്താക്കപ്പെടുന്നത്, എല്ലാവരും അതിൽപ്പെടും. ദളിതർ, പിന്നോക്ക വിഭാഗക്കാർ, സാധാരണ ജനങ്ങൾ, കർഷക തൊഴിലാളികൾ, ആദിവാസികൾ അങ്ങനെ രേഖകളില്ലാത്ത എല്ലാവരും ഇതിന്റെ ഭാഗമായി പുറത്താക്കപ്പെടും.

മി. ചെയർമാൻ: അങ്ങേയ്ക്ക് ഒരു മിനിറ്റ് സമയം മാത്രമേ ബാക്കിയുള്ളൂ.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, അതുകൊണ്ട് രേഖകളില്ലാത്തവരുടെ കൂട്ടത്തിൽ ഏതെങ്കിലും ഒരു സമുദായം മാത്രമായി വരില്ല. മുസ്ലീം സമുദായത്തിന്റെ മാത്രം പ്രശ്നമല്ല. ഇത് ഒരു പൊളിറ്റിക്കൽ ക്വസ്റ്റ്യനാണ്. പക്ഷേ, കക്ഷിരാഷ്ട്രീയ പ്രശ്നമല്ല, രാഷ്ട്രീയപ്രശ്നം എന്നതന്നെയാണ് മാറ്റിപ്പറയേണ്ടത്. പുതിയ ഗവൺമെന്റുണ്ടാക്കിയ പുതിയ നയവും പഴയ ഇന്ത്യയും എന്ന രീതിയിൽ മുന്നോട്ട് പോകുകയാണ് വേണ്ടത്. അപ്പോൾ ഇതൊരു രാഷ്ട്രീയ പ്രശ്നമാണ്. ഇതിനുവേണ്ടി സമരം ചെയ്യുന്നവരിൽ എല്ലാ വിഭാഗക്കാരുമുണ്ട്. അത് വളരെ അഭിമാനകരമായ ഒരു കാര്യമാണ്. കൊലചെയ്യപ്പെട്ട ഗൗരി ലങ്കേഷ്, ഡോ. എം. എം. കൽബുർഗി, ഗോവിന്ദ് പൻസാരെ, ധബോൽക്കർ, ഇപ്പോൾ ജയിലിൽ പോയ ചന്ദ്രശേഖർ ആസാദ്, കണ്ണൻ ഗോപിനാഥൻ എന്നിവരൊന്നും മുസ്ലീങ്ങളല്ല; വേറെ സമുദായത്തിൽ പെട്ടവരാണ്. എല്ലാ വിഭാഗക്കാരും ഒരുമിച്ച് സമരം നടത്തുന്നതിലാണ് നമ്മുടെ വിജയം കുടിയിരിക്കുന്നത്. വിദ്യാർത്ഥികൾ നമുക്ക് കാണിച്ചുതന്നത് നല്ലൊരു മാതൃകയാണ്. ആ മാതൃക പിന്തുടർന്ന് അവരോടൊപ്പം നിന്ന് അവരെ പ്രോത്സാഹിപ്പിച്ച് മുന്നോട്ട് പോകാനുള്ള ബാധ്യത നമുക്കുണ്ട്. അത്തരത്തിലാണ് ഈ വിഷയത്തെ സമീപിക്കേണ്ടതെന്നാണ് എന്റെ അഭിപ്രായം.

മി. ചെയർമാൻ: സമയം കഴിഞ്ഞിരിക്കുന്നു....പ്ലീസ് സഹകരിക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, காஞ்சுபோன பூமியெல்லாம் வற்றாத்த நதிகளை பார்த்து ஆறுதல் அடையும். அந்த நதியெல்லாம் துன்பபடுகிறவர்களுடைய கவலையை பார்த்து தெய்வத்துக்கிட்ட முறையிடும், அந்த தெய்வமே கலங்கி நின்றால்........... അങ്ങയെ ഓർമ്മിപ്പിക്കുകയാണ്. ഇത് ഒരു സുപ്രധാന വിഷയമാണ്. ഇതിന്റെ എല്ലാ ഭാഗങ്ങളിലേയ്ക്കും കടന്നാൽ ഒരുപാട് സമയമെടുക്കും. ഇവിടെ പ്രക്ഷോഭം നടത്തുന്ന ആരെയും അറസ്റ്റ് ചെയ്യാൻ ഗവൺമെന്റിന് ഉദ്ദേശ്യമില്ലെന്ന് രാവിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. പക്ഷേ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ഗവൺമെന്റിന്റെയും നയം എന്തായാലും പോലീസിലും പുറത്തുമുള്ള കുറച്ച് ഉദ്യോഗസ്ഥർ തെറ്റായ രീതിയിൽ സമരത്തെ അടിച്ചമർത്തുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന് ദാസ്യവൃത്തി ചെയ്യുന്നുണ്ട് എന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പിന്താങ്ങുന്നു. കേരളത്തിന്റെ ഭാവിക്ക് അനുയോജ്യമായ, അടിസ്ഥാന സൗകര്യ വികസനത്തിനുതകുംവിധം നിക്ഷേപങ്ങളെയും ആധുനിക വ്യവസായങ്ങളെയും ആകർഷിക്കുക, ഉൽപ്പാദനം വർദ്ധിപ്പിക്കുക, വിഭവങ്ങളുടെ നീതിയുക്തമായ വിതരണം സാധ്യമാക്കുക എന്നിവ ഈ സർക്കാരിന്റെ പ്രകടനപത്രികയിലൂടെ ജനങ്ങളുടെ മുന്നിൽ അവതരിപ്പിച്ചിട്ടുള്ള അടിസ്ഥാനതത്വങ്ങളാണ്. അതിനനുസൃതമായ സമീപനം സ്വീകരിച്ചുകൊണ്ടാണ് 2016 മുതൽ ഈ സർക്കാർ മുന്നോട്ട് പോകുന്നത്. ഇന്ന് രാവിലെ ഇവിടെ ഉന്നയിച്ച ഒരു ചോദ്യത്തിന് മറുപടിയായി കേരള സർക്കാർ എന്തൊക്കെയാണ് ഈ നാട്ടിലെ ജനങ്ങൾക്കുവേണ്ടി നടപ്പാക്കുന്നത് എന്നുള്ള കാര്യങ്ങളെ സംബന്ധിച്ച് വ്യക്തമായി ബഹുമാന്യരായ മുഖ്യമന്ത്രിയും ആരോഗ്യവകുപ്പുമന്ത്രിയുമുൾപ്പെടെ സൂചിപ്പിച്ചുകഴിഞ്ഞു. അതുപോലെ, കേരളത്തിന്റെ പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് ജനങ്ങളോടുള്ള ഉത്തരവാദിത്വം നിറവേറ്റാൻ ഈ ഗവൺമെന്റ് എന്തെല്ലാം കാര്യങ്ങൾ ചെയ്യുന്നു എന്നതിനെ സംബന്ധിച്ചും ഇവിടെ വിവരിച്ചു കഴിഞ്ഞു. കേരളത്തിന്റെ സമസ്ത മേഖലയിലും വലിയ രീതിയിലുള്ള മുന്നേറ്റം സൃഷ്ടിക്കുന്ന തരത്തിലുള്ള നയങ്ങളും നടപടികളുമല്ലേ യഥാർത്ഥത്തിൽ ഇതുവരെ സ്വീകരിച്ചുപോന്നിട്ടുള്ളത്? ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംഭവിച്ചിട്ടുള്ള ഓരോ മാറ്റവും പരിശോധിച്ചാൽ നമുക്ക് അത് മനസ്സിലാക്കാൻ സാധിക്കും. ഓഖി ദുരന്തം, നോട്ട് നിരോധനം, ജി.എസ്.ടി. നടപ്പാക്കിയതുമൂലമുണ്ടായ പ്രതിസന്ധി, സമാനതകളില്ലാത്ത വലിയ പ്രളയം,

അതിനുശേഷം വന്ന പ്രളയം, കേന്ദ്രത്തിന്റെ നിരന്തരമായിട്ടുള്ള അവഗണനയും വിവേചനവും എല്ലാം അതിജീവിക്കാൻ ശ്രമിച്ചുകൊണ്ട് ധീരമായിട്ടല്ലേ ഈ സർക്കാർ മുന്നോട്ടു പോകുന്നത്. അങ്ങനെയല്ലെന്ന് തർക്കിക്കാൻ കഴിയുമോ? കിഫ്ബി സംവിധാനത്തിലൂടെ ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാ മണ്ഡലങ്ങളിലും വികസനത്തിന്റെ വിപ്ലവം സൃഷ്ടിക്കാൻ ഈ സർക്കാർ ശ്രമിച്ചിട്ടുണ്ട്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിച്ചപ്പോൾ കിഫ്ബി കടലാസ് കപ്പലായി മാറിയെന്നും കേരളത്തിന്റെ കൊലക്കയറാണ് കിഫ്ബി എന്നും പറയുകയുണ്ടായി. സത്യം പറഞ്ഞാൽ ഇത്രയും അവാസ്തവമായിട്ടുള്ള ഒരു പ്രസ്താവന അദ്ദേഹത്തെപ്പോലെയുള്ള ഒരു വലിയ നേതാവ് ഇവിടെ പറയാൻ പാടില്ലായിരുന്നു എന്നാണ് എനിക്ക് തോന്നുന്നത്. കാരണം, കേരളത്തിൽ അങ്ങോളമിങ്ങോളം നോക്കിയാൽ കിഫ്ബി എന്ന സംവിധാനത്തിലൂടെ പണം സമാഹരിച്ച് നിർമ്മിച്ച നൂറുകണക്കിന് കെട്ടിടങ്ങളും 'ആർദ്രം' പദ്ധതിയിലുൾപ്പെടുത്തി ആശുപത്രികളെ മെച്ചപ്പെടുത്തിയതും കാണാൻ കഴിയും. ഇങ്ങനെ ഓരോ മേഖലകളിലും ജനങ്ങളെക്കൂടി പങ്കാളികളാക്കി അതിസമർത്ഥമായ രീതിയിൽ ജനാധിപത്യവും ഭരണഘടനയുമാണ് വലുതെന്ന് മനസ്സിലാക്കി ഫെഡറൽ സംവിധാന തത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടുള്ള ഒരു ഭരണ സംവിധാനത്തിലൂടെയല്ലേ ഈ സർക്കാർ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. ഇക്കാര്യങ്ങളൊക്കെ മറന്നുകൊണ്ട് ഇങ്ങനെ സംസാരിക്കാൻ പാടുണ്ടോ? വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലും പൊതുഭരണത്തിലും ആഭ്യന്തരവകുപ്പിന്റെ പ്രവർത്തനങ്ങളിലും കേരളം ഈ രാജ്യത്തുതന്നെ ഒന്നാം സ്ഥാനത്തെത്തിയിരിക്കുന്നു. രാഷ്ട്രീയമായി വളരെ വലിയ വ്യത്യസ്തത ഉണ്ടായിട്ടും കേന്ദ്ര ഗവൺമെന്റിന് ചില അവാർഡുകൾ നമുക്ക് നൽകേണ്ടിവരുന്നു. അതാണ് അതിന്റെ വ്യത്യാസം. നല്ല നിലയ്ക്ക് മിഷനുകൾ രൂപീകരിച്ചുകൊണ്ട് എത്രയെത്ര കാര്യങ്ങളാണ് ഈ ചുരുങ്ങിയ സമയംകൊണ്ട് ചെയ്തിട്ടുള്ളത്. ആർദ്രം പദ്ധതിയിലൂടെ ആശുപത്രിയിലെ ഭൗതികസാഹചര്യങ്ങളും ചികിത്സാ സൗകര്യങ്ങളും മെച്ചപ്പെടുത്തി വളരെ ധീരമായിട്ടല്ലേ ഈ സർക്കാർ മുന്നോട്ടുപോകുന്നത്. നിപ വൈറസ് ബാധിച്ചിട്ടും മറ്റ് രാജ്യങ്ങളിലുണ്ടായ ദുരന്തം ഇവിടെ ഉണ്ടായില്ലല്ലോ. വളരെ നന്നായി അത് നിയന്ത്രിച്ചു. അതുപോലെ കൊറോണ വൈറസ് വന്നപ്പോൾ എത്ര ജാഗ്രതയോടെയാണ് എല്ലാം കൈകാര്യം ചെയ്തത്. അതിനെതിരെ താലൂക്ക് ആശുപത്രികളിലും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും ദ്രുതഗതിയിലുള്ള ക്രമീകരണങ്ങൾ ചെയ്തുകഴിഞ്ഞു. ഞങ്ങളുടെ താലൂക്ക് ആശുപത്രിയിലുൾപ്പെടെ പ്രത്യേക സംവിധാനങ്ങൾ ചെയ്തുകഴിഞ്ഞു. ഏതെങ്കിലും ഒരു രോഗി വന്നുകഴിഞ്ഞാൽ വേണ്ട ക്രമീകരണങ്ങൾ വളരെ വേഗത്തിൽ ചെയ്ത് ലോകശ്രദ്ധ ആകർഷിക്കുന്ന തരത്തിലല്ലേ ഈ സർക്കാർ മുന്നോട്ടുപോകുന്നത്.

ഭവനങ്ങളില്ലാത്തവർക്ക് വീട് കൊടുക്കുന്നു. എത്രയെത്ര വീടുകളുടെ താക്കോൽദാനത്തിനാണ് നമ്മളൊക്കെ പങ്കെടുത്തുകൊണ്ടിരിക്കുന്നത്. ഇതൊക്കെ ഒരു യാഥാർത്ഥ്യമല്ലേ? എന്റെ മണ്ഡലത്തിൽ കിഫ്ബിയിലുൾപ്പെടുത്തി 67 കോടി രൂപയുടെ കെട്ടിടനിർമ്മാണത്തിന്റെ ടെണ്ടർ നടപടി കഴിഞ്ഞു. പല റോഡുകളുടെ പണിതീർന്നു; മറ്റ് പലതും പൂർത്തീകരണ ഘട്ടത്തിലാണ്. ഇതുപോലെ നിരവധി കാര്യങ്ങൾ എല്ലാവർക്കും പറയാനുണ്ടാകും. സമഗ്ര വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സ്കൂൾ കെട്ടിടങ്ങൾക്ക് സമാനതകളില്ലാത്ത മാറ്റങ്ങളുണ്ടായിക്കൊണ്ടിരിക്കുകയല്ലേ? ഈ നയസമീപനങ്ങളല്ലേ സർക്കാർ സ്വീകരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് അടിക്കടി നമ്മളെ ഇടിച്ചുതാഴ്ത്താൻ നോക്കുമ്പോൾ, ഫണ്ട് വെട്ടിക്കുറയ്ക്കുമ്പോൾ, നമ്മൾ പിരിച്ചുകൊടുക്കുന്ന നമുക്ക് അർഹതപ്പെട്ട പണം തരാതിരിക്കുമ്പോൾ, നമുക്ക് അർഹമായിട്ടുള്ള കേന്ദ്ര വിഹിതം നമുക്ക് തരാതെ ക്രൂശിക്കുമ്പോഴും പിടിച്ചുനിൽക്കാൻ ശ്രമിക്കുമ്പോൾ രണ്ട് അഭിപ്രായം പറഞ്ഞുകൊണ്ട് ഇത്തരത്തിൽ മാറിനിൽക്കുന്ന പ്രതിപക്ഷത്തിന്റെ നയം ശരിയാണോ എന്നുള്ളതാണ് എനിക്ക് ചോദിക്കാനുള്ളത്.

ഹരിത കേരളം മിഷനിലൂടെ നാട്ടിലാകെ എന്തെല്ലാം വ്യത്യാസങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. കൃഷി നല്ല നിലയ്ക്ക് വ്യാപിപ്പിച്ചുകൊണ്ട് സ്വയം പര്യാപ്തതയിലേയ്ക്ക് നീങ്ങുന്നതുകാണാം. ഞങ്ങളുടെയൊക്കെ ചെറിയ മുനിസിപ്പാലിറ്റികളിൽ വന്നാൽ ഇത്തരത്തിൽ ഒരുപാട് സ്ഥലങ്ങൾ കാണിച്ചുതരാൻ സാധിക്കും. വീടില്ലാത്തവരുടെയും റോഡുകളുടെയും കാര്യം ഞാൻ പറഞ്ഞുകഴിഞ്ഞു. നിങ്ങളുടെയെല്ലാം മണ്ഡലത്തിലടക്കം ഇതെല്ലാം ചെയ്തുകൊണ്ടിരിക്കുന്നത് ഈ ഫണ്ടുപയോഗിച്ചുകൊണ്ടാണ് എന്ന് പറഞ്ഞിട്ടാണോ കിഫ്ബി കടലാസ് കപ്പലാണെന്ന് പറഞ്ഞുകൊണ്ടിരിക്കുന്നത്. നിങ്ങൾ സ്വയം ചിന്തിക്കണ്ടേ?

യു.ഡി.എഫ്. ഭരണകാലത്ത് എങ്ങനെയായിരുന്നു ഇവിടെ? ഒരു ഐക്യവുമില്ല, ഒരു കാര്യത്തിലും മുന്നോട്ട്പോക്കില്ല. പ്രഖ്യാപനങ്ങളുടെ പെരുമഴ തന്നെയായിരുന്നു. എന്റെ മണ്ഡലത്തിലും അത്തരം ഒരനുഭവമുണ്ട്. ഞാൻ ആക്ഷേപിക്കുകയല്ല, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ എന്റെ മണ്ഡലത്തിൽ റൂറൽ എസ്.പി. ഓഫീസിന് തറക്കല്ലിട്ടു. പക്ഷേ, പണമില്ലായിരുന്നു. 2017-ൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷമാണ് തുക അനുവദിച്ചത്. അതിന്റെ പണി ഇപ്പോൾ തീരാറായിട്ടുണ്ട്. ഇതുപോലെയുള്ള എത്രയെത്ര കാര്യങ്ങൾ. അപ്പോൾ സ്വയം ചെയ്ത കാര്യങ്ങൾകൂടി ഒന്ന് ആലോചിക്കണം. ഇവിടെ അദ്ദേഹം സംസാരിച്ചപ്പോൾ പറഞ്ഞു ഇടതുപക്ഷം

ഒരു സംസ്ഥാനത്തും ഇല്ലെന്ന്. അവർ എവിടെയുണ്ട്? ഈ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളും അടക്കി ഭരിച്ചിരുന്ന, കേന്ദ്രത്തിൽ വൻഭൂരിപക്ഷം ഉണ്ടായിരുന്ന കോൺഗ്രസ്സിന്റെ നില ഇന്ന് എവിടെയാണ്?

ബഹുമാനപ്പെട്ട ഗവർണറുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞു. ഭരണഘടനാനുസൃതമായി മാത്രമേ ഒരു സർക്കാരിന് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. ശരിയായ നിലപാടല്ലേ ഈ സർക്കാർ സ്വീകരിച്ചത്? മാധ്യമങ്ങൾക്കുമുന്നിൽ വന്ന് പറയുന്ന വാക്കുകളിലൂടെ അദ്ദേഹത്തെ ജനങ്ങൾ വിലയിരുത്തും. അതിന് ചെയ്യേണ്ട നിയമ നടപടിക്രമങ്ങളനുസരിച്ച് മുൻകാലങ്ങളിൽ സ്വീകരിച്ച നയസമീപനമനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് ഇവിടെ ചെയ്തിട്ടുള്ളത്.

വിദ്യാഭ്യാസ മേഖലയിൽ ഇത്രയേറെ മാറ്റങ്ങളുണ്ടാക്കി, ലക്ഷക്കണക്കിന് കുട്ടികൾ സർക്കാർ സ്കൂളുകളിലേയ്ക്ക് പഠിക്കാൻ വരുമ്പോൾ ആ കുടുംബങ്ങളിലെ ഭാരിച്ച ചെലവ് ഗവൺമെന്റ് ഏറ്റെടുക്കുകയാണ്. പഠിച്ചിറങ്ങിയാൽ എന്ത് ചെയ്യും എന്ന ചോദ്യത്തിന് നല്ല ഉത്തരമാണ് ഇവിടെ കൊടുത്തിട്ടുള്ളത്. പഠിച്ചിറങ്ങുമ്പോൾ ജോലി കിട്ടാനുള്ള തൊഴിൽ നൈപുണ്യ കേന്ദ്രങ്ങൾപ്പെടെ സ്ഥാപിച്ചത് ഞാൻ നേരത്തെയും പറഞ്ഞിട്ടുള്ളതാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തൊഴിൽ മേളകൾ നടത്തിയതിന്റെ ഫലമായി എത്രയോ പേർക്ക് തൊഴിൽ കിട്ടുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് എല്ലാവരുടെയും തൊഴിൽ ഇല്ലാതാക്കുമ്പോൾ, നയസമീപനങ്ങളുടെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളെയെല്ലാം വിറ്റുതുലയ്ക്കുമ്പോൾ, അതെല്ലാം സ്വകാര്യ മേഖലയ്ക്ക് കൊടുക്കുമ്പോൾ, ഈ കൊച്ചു കേരളത്തിൽ അതിനെയെല്ലാം പുഷ്ടിപ്പെടുത്തിക്കൊണ്ടും കൂടുതൽ തൊഴിലവസരങ്ങൾ നൽകിക്കൊണ്ടുമുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

വിദേശ രാജ്യങ്ങളുമായി ബന്ധപ്പെട്ട് എന്തൊക്കെ വലിയ മാറ്റങ്ങളാണ് ഈ കൊച്ചുകേരളത്തിലുണ്ടാക്കിയിട്ടുള്ളത്; ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ബഹുമാന്യരായ മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും നേതൃത്വത്തിൽ വ്യവസായ സൗഹൃദമായിട്ടുള്ള ആദ്യത്തെ അഞ്ച് സംസ്ഥാനങ്ങളിൽ ഒന്നായി കേരളത്തെ മാറ്റുക എന്ന ലക്ഷ്യത്തോടെ മുന്നോട്ടുപോകുകയല്ലേ; ഇവിടെ ലോക കേരളസഭ രൂപീകരിച്ചില്ലേ? ഇതൊക്കെ ഹാസ്യമായി പറഞ്ഞവർ കാണണം, എത്രയോ സ്ഥലങ്ങളിൽ സൗജന്യമായി സ്കൂൾ കെട്ടിടം കെട്ടാനുൾപ്പെടെ നിക്ഷേപം നടത്താൻ പ്രവാസി മലയാളികൾ തയ്യാറായി. അവർക്ക് ഇത്രയും വലിയൊരു അംഗീകാരം ലഭിച്ച മറ്റൊരു ഭരണകാലമുണ്ടോ; ഇത് നേരത്തേ നമ്മൾ

ചെയ്യേണ്ടതായിരുന്നില്ലേ? യഥാർത്ഥത്തിൽ അവർ അവിടെ പോയി കഷ്ടപ്പെട്ട് ജോലി ചെയ്ത് ഇങ്ങോട്ട് അയയ്ക്കുന്ന പണം സംസ്ഥാനത്തിന്റെ വികസനത്തിന് ഒരുപാട് സഹായിച്ചിട്ടുണ്ട്. അവർക്ക് കൊടുത്ത ഒരു വലിയ അംഗീകാരമാണിത്. ഇപ്പോൾ ദുബായിൽ നടത്തിയ നിക്ഷേപ സംഗമത്തിൽ പതിനായിരം കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ് വന്നിട്ടുള്ളത്. അത് ചില്ലറക്കാര്യമാണോ? കേരളത്തിൽനിന്ന് വീട്ടുജോലിക്ക് പോകുന്നവർക്കു പോലും നോർക്ക റൂട്ട്സ് വഴി സുരക്ഷിതമായി ജോലി ലഭിക്കാനുള്ള സൗകര്യമൊരുക്കി. മറ്റ് രാജ്യങ്ങളുമായി ബന്ധപ്പെട്ട് താരതമ്യപഠനം നടത്തി നല്ല നിലയ്ക്കുള്ള മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. എസ്.സി./എസ്.ടി. മേഖലയിലുള്ള കുട്ടികൾക്ക് പഠിക്കാൻ എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്. ഉപരിപഠനത്തിന് അവരെ വിദേശത്തേയ്ക്ക് അയച്ചിട്ടുണ്ട്, കുടുംബശ്രീ മെച്ചപ്പെടുത്തി; വൈദ്യുതി മേഖലയിൽ, ഒരു ദിവസമെങ്കിലും പവർകട്ട് ഉണ്ടായിട്ടുണ്ടോ; ഇത്ര ഭംഗിയായി കൊണ്ടുപോയൊരു കാലഘട്ടമുണ്ടായിട്ടുണ്ടോ? കാർഷിക മേഖലയിൽ ഇത്ര വിലക്കയറ്റം വന്നിട്ടും നിത്യോപയോഗ സാധനങ്ങൾ ഏറ്റവും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കി വിലക്കയറ്റം പിടിച്ചുനിർത്തി. ഇത്തരത്തിലുള്ള വലിയ മാറ്റങ്ങൾ കണ്ണുള്ളവർക്ക് കാണാതിരിക്കാൻ കഴിയുമോ?

ഇത്തരത്തിലുള്ള നല്ല നയസമീപനങ്ങളുമായി ഭരണഘടനാനുസൃതം പോകുമ്പോൾ ഭരണഘടനയ്ക്ക് അനുസൃതമായ അവകാശങ്ങൾ സംരക്ഷിക്കാൻ ബാധ്യതയുള്ള കേന്ദ്ര ഗവൺമെന്റ് അതിന് വിരുദ്ധമായി പോകുന്നത് കാണുമ്പോൾ അതിനെതിരെ ഒറ്റക്കെട്ടായി മുന്നോട്ടുപോകേണ്ട അതീവ ഗൗരവതരമായ സാഹചര്യമാണ് ഇവിടെയുള്ളത്. ലോകത്തിലെ ഏറ്റവും നീളം കൂടിയ, ഏറ്റവും വിസ്തൃതമായി വിവരിച്ചിട്ടുള്ള, മനുഷ്യന്റെ അവകാശങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു ഭരണഘടനയാണ് നമുക്കുള്ളത്. അതിന്റെ എല്ലാ നന്മകളും നിലനിർത്തിക്കൊണ്ടുതന്നെ ഭരണഘടന എന്ന അടിസ്ഥാനശിലയ്ക്ക് കോട്ടംതട്ടാതെ ഇന്ത്യയുടെയും കേരളത്തിന്റെയും ഭരണം മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. അതിന് ചെറിയ പോറലേൽക്കാൻ തുടങ്ങിയാൽ തീർച്ചയായും ഇവിടത്തെ ജനാധിപത്യം തകരുമെന്ന കാര്യത്തിൽ യാതൊരു സംശയമില്ല. അതിനിടകൊടുക്കാതെ ഒറ്റക്കെട്ടായി ചെയ്യുന്ന നല്ല കാര്യങ്ങൾക്കൊപ്പം നിന്ന് നല്ലതിനെ അഭിനന്ദിക്കാനും കൊള്ളരുതാത്തതെന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അതിനെ തള്ളിക്കളയാനും മുന്നോട്ടുവന്ന് എല്ലാവരും സഹകരിക്കണമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

<u>ശ്രീ. മോൻസ് ജോസഫ്:</u> സർ, ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. ബഹുമാനപ്പെട്ട ഗവർണർ നിയമസഭയിൽ നടത്തിയ നയപ്രഖ്യാപനം എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നേട്ടങ്ങളുടെ അല്ലെങ്കിൽ പ്രവർത്തന രംഗത്ത് നടത്തിയ തുടർച്ചയുടെ വിവരണമാണെങ്കിലും പല മേഖലകളും പരിശോധിച്ചാൽ എല്ലാ വർഷവും കുറേ പ്രഖ്യാപനങ്ങൾ നടത്തുന്നുവെന്നതിനപ്പുറത്ത് ഫലപ്രദമായ ഒരു പ്രവർത്തനത്തിലേയ്ക്ക് പല രംഗത്തും കടക്കാൻ കഴിഞ്ഞിട്ടില്ലായെന്ന കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിലേയ്ക്ക് കടക്കുന്നതിനുമുമ്പ്, നമ്മുടെ രാജ്യം ഉയർത്തിപ്പിടിക്കുന്ന മതേതരത്വ നിലപാടും മതേതരത്വ മൂല്യങ്ങളും സംരക്ഷിക്കാനുള്ള പ്രയാണത്തിൽ ഇന്ന് ഭരണകക്ഷി-പ്രതിപക്ഷ ഭേദമെന്യേ, യു.ഡി.എഫ്.-എൽ.ഡി.എഫ്. വ്യത്യാസമില്ലാതെ കേരളം ഒറ്റക്കെട്ടായി നിൽക്കുന്ന ഒരു നല്ല സമീപനം നമുക്ക് ഉയർത്തിക്കൊണ്ടു വരാൻ കഴിഞ്ഞു. പക്ഷേ, അതിന്റെ തുടർച്ച എന്ന നിലയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല മുന്നോട്ടുവച്ച പ്രമേയം സത്യത്തിൽ രാജ്യത്തിന്റെ മുന്നിൽ കേരളം ഉയർത്തിപ്പിടിക്കുന്ന മറ്റൊരു ശക്തമായ നിലപാടായിരുന്നു. ഭരണകക്ഷി അംഗങ്ങൾ മതേതരത്വത്തിനുവേണ്ടി ഉറച്ച നിലപാട് സ്വീകരിക്കുമെന്നും അതിന് കേരളം ഒറ്റക്കെട്ടായി നിന്നത് നല്ല കാര്യമാണെന്നുമെല്ലാം പറയുമ്പോഴും ഇതിന്റെയെല്ലാമുള്ളിലും രാഷ്ട്രീയം കാണാൻ നടത്തുന്ന ശ്രമം നല്ലതാണോ എന്ന് എൽ.ഡി.എഫ്. പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാരണം, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല കൊണ്ടുവന്നത് എന്ന ഒറ്റക്കാരണം കൊണ്ട് പ്രമേയത്തെ എതിർക്കുന്ന നിലപാട് സ്വീകരിച്ചു. എന്നാൽ തിരിച്ചും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് കൊണ്ടുവന്നത് എന്നതുകൊണ്ട് പ്രതിപക്ഷം അതിനെ രാഷ്ട്രീയമായി കാണുകയും ആ നിലയിൽ എതിർക്കുകയും ചെയ്യുന്ന സമീപനമാണ് സ്വീകരിച്ചിരുന്നതെങ്കിൽ വലിയ പരാജയം കേരളത്തിലുണ്ടാകുമായിരുന്നു. വലിയ റിസൾട്ടിലേയ്ക്ക് പോയ ആ കാര്യത്തിന്റെ നന്മ കളയുമായിരുന്നു. പ്രതിപക്ഷം സ്വീകരിച്ച ആ നല്ല നിലപാട് പോലെതന്നെ ഭരണകക്ഷിയും യഥാർത്ഥത്തിൽ ചെയ്യേണ്ടതായിരുന്നു. അത് ചെയ്യാൻ കഴിയാതിരുന്നത് ഒരു പരാജയമായി അല്ലെങ്കിൽ ഒരു വീഴ്ചയായിത്തന്നെ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബി.ജെ.പി.-യുടെ നേതൃത്വത്തിൽ നരേന്ദ്ര മോദി ഗവൺമെന്റ് രാജ്യത്തിന്റെ ഐക്യം തകർക്കാനും മതത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെ വേർതിരിവുകൾ സൃഷ്ടിക്കാനും നടത്തുന്ന ഹീനമായ ശ്രമങ്ങളെ ചെറുത്തുതോൽപ്പിക്കുന്നതുവരെ ഈ പോരാട്ടം രണ്ടാം സ്വാതന്ത്ര്യസമരംപോലെ രാജ്യം മുഴുവൻ മുന്നോട്ടുകൊണ്ടുപോകുക എന്ന അടിസ്ഥാന നിലപാടിന്റെ മുന്നിൽ വിട്ടുവീഴ്ചയില്ലാതെ നിൽക്കേണ്ടതായിട്ടുണ്ട്. അക്കാര്യത്തിൽ കേരളം ഇനിയും ഒന്നിച്ചുനിൽക്കുക എന്നതുതന്നെയാണ് നമുക്ക് അഭികാമ്യമായിട്ടുള്ളത്.

ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തെക്കുറിച്ച് ശ്രീമതി പി. അയിഷാ പോറ്റി സംസാരിച്ചപ്പോൾ ഗവൺമെന്റ് ചെയ്ത പല നല്ല കാര്യങ്ങളും ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്നാൽ, എനിക്ക് വ്യത്യസ്ത അഭിപ്രായമാണുള്ളത്. കൃഷിയെക്കുറിച്ച് ഇതിൽ പറഞ്ഞിട്ടുണ്ട്, നാല് വർഷം പിന്നിടുമ്പോൾ കാർഷിക മേഖലയ്ക്കുവേണ്ടി ഗവൺമെന്റ് പുതിയതായി എന്തുചെയ്തു എന്ന ചോദ്യത്തിന് ഇനിയും ഒരുപിടി കാര്യങ്ങൾ നടപ്പാക്കുമെന്നാണ് പറയുന്നത്. തരിശുകിടക്കുന്ന പാടശേഖരങ്ങളെല്ലാം കൃഷിക്കുപയുക്തമാക്കി മാറ്റാൻ കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലടക്കം സജീവമായി നമ്മളെല്ലാവരും ഇടപെട്ടതാണ്. എം.എൽ.എ.-മാരെല്ലാം നല്ല നേതൃത്വം കൊടുത്തു. റോയൽറ്റി ഫോർ ഇക്കോസിസ്റ്റം സർവ്വീസ് എന്ന പേരിൽ സംസ്ഥാനത്തെ എല്ലാ നെൽവയൽ ഉടമകൾക്കും ഗവൺമെന്റ് സാമ്പത്തികസഹായം നൽകുമെന്ന് ഇത്തവണത്തെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരിക്കുകയാണ്. കഴിഞ്ഞ മൂന്നുവർഷമായി നെല്ലിന്റെ പമ്പിംഗ് സബ്സിഡി ഒരു രൂപപോലും കൊടുത്തിട്ടില്ല. ഇത് പല പ്രാവശ്യം നിയമസഭയിൽ പറഞ്ഞെങ്കിലും ഇതുവരെയും കൊടുത്തിട്ടില്ല. അതിനെപ്പറ്റി ആരാണ് ഇവിടെ ശ്രദ്ധിക്കുന്നത്? നെൽകർഷകന്റെ ബുദ്ധിമുട്ട് എന്താണെന്ന് മനസ്സിലാക്കുന്ന ജനപ്രതിനിധികൾ ഇത് പരിശോധിക്കണം. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. മൂന്ന് വർഷമായി നെല്ലിന് പമ്പിംഗ് സബ്സിഡി കൊടുക്കാത്തതുകൊണ്ട് അടുത്ത് എങ്ങനെ കൃഷിയിറക്കാൻ കഴിയുമെന്ന് കൃഷിക്കാർ ചോദിക്കുന്ന അവസ്ഥയിൽ നമ്മുടെ നാടെത്തി നിൽക്കുകയാണ്. കൊയ്തുവച്ച നെല്ലിന്റെ കാശ് കൊടുത്തിട്ടില്ല എന്നതാണ് ഇപ്പോഴുണ്ടായിരിക്കുന്ന പ്രശ്നം. ഞങ്ങളെല്ലാവരും കഴിഞ്ഞ ദിവസം കുട്ടനാട്ടിൽ പോയിരുന്നു. കുട്ടനാട്ടിൽ കഴിഞ്ഞ രണ്ട് വർഷമായി നെൽകൃഷിയിറക്കാൻ വേണ്ടി ബാങ്കിൽനിന്ന് വായ്പ കൊടുത്തു. ആ ബാങ്കുകൾക്കൊന്നും ഗവൺമെന്റ് കാശ് കൊടുത്തിട്ടില്ല. ബാങ്കുകൾ മുഴുവൻ ജപ്തി നോട്ടീസുമായി കുട്ടനാട്ടിലെ കർഷകരുടെ വീടുകളിലേയ്ക്ക് കടന്നിരിക്കുകയാണ്. ജപ്തി ഭീഷണി മുഴക്കിയിരിക്കുന്ന ബാങ്കധികൃതർ വരുന്നു. ബാങ്കധികൃതർ വരുന്നതിന് കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അവർ വായ്പ ആദ്യം കൊടുത്തതാണ്. ജപ്തിനടപടികളിൽനിന്നും ഒഴിവാക്കണമെങ്കിൽ ഗവൺമെന്റ് അവർക്ക് കാശ് കൊടുക്കണം. അത് കൊടുക്കാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. അപ്പോൾ ഈ പ്രഖ്യാപനത്തിൽ എന്ത് ആത്മാർത്ഥതയാണുള്ളത്. വീണ്ടുംവീണ്ടും പുതിയ പദ്ധതികൾ പ്രഖ്യാപിക്കുകയാണ്. കാർഷിക മേഖലയുടെ അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

'റീ ബിൽഡ് കേരള' എന്ന വാക്ക് ഉപയോഗിക്കുന്നതല്ലാതെ എത്ര വീടുകൾ നിർമ്മിച്ചുവെന്ന് നമുക്കെല്ലാവർക്കുമറിയാം. വർഷം നാലായി. പ്രളയക്കെടുതിയിൽ വീട് തകർന്നുപോയവരിൽത്തന്നെ പുതിയ ആളുകൾക്ക് വീടുകൊടുക്കാൻ കഴിഞ്ഞിട്ടില്ല. നേരത്തെ നടത്തിയതിൽ പൂർത്തിയാക്കാത്ത വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാനുള്ള ശ്രമമാണ് നടത്തിയത്. അത് നല്ല കാര്യം. പക്ഷേ, പുതിയതായി വീട് നിർമ്മിക്കണമെന്ന ആവശ്യത്തിന് ഇതുവരെ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല.

കാർഷിക മേഖലയിലെ വിഷയങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ, റബ്ബർ വിലസ്ഥിരതാ ഫണ്ടിനെക്കുറിച്ച് പറയാൻ ആഗ്രഹിക്കുകയാണ്. എന്ത് മാറ്റമുണ്ടായി? യു.ഡി.എഫ്. ഭരണകാലത്ത്, ശ്രീ. ഉമ്മൻ ചാണ്ടി നേതൃത്വം കൊടുത്ത ഗവൺമെന്റിലെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കെ. എം. മാണി പുതിയ പദ്ധതിയായി റബ്ബറിന് 180 രൂപ വിലസ്ഥിരതാ ഫണ്ട് ഏർപ്പെടുത്തി. 180 രൂപയിൽനിന്ന് ഒരു രൂപ വർദ്ധിപ്പിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല, ഇപ്പോൾ വർഷം നാലായി. റബ്ബറിന് വിലയില്ലാത്ത സമയത്താണ് 180 രൂപ ഏർപ്പെടുത്തിയത്. വലിയ നഷ്ടം ഗവൺമെന്റിനുണ്ടായിട്ടുണ്ട്. ഇപ്പോൾ റബ്ബറിന് കുറച്ച് വില വർദ്ധിച്ചു, അപ്പോൾ ന്യായമായും 200 രൂപയാക്കാവുന്നതാണ്; അങ്ങനെയാക്കിയാലും സർക്കാരിന് വലിയ നഷ്ടം വരുന്നില്ല. എന്നിട്ടും ഒരു രൂപപോലും വർദ്ധിപ്പിക്കാൻ തയ്യാറായിട്ടില്ല. പ്രഖ്യാപനങ്ങളല്ലാതെ പുതിയ പദ്ധതിയിലേയ്ക്ക് കടക്കാൻ കഴിയുന്നില്ല. കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണെന്ന് നമുക്കെല്ലാവർക്കുമറിയാം. അതുകൊണ്ടായിരിക്കാം ഇത്തരം കാര്യങ്ങളിൽ നിയന്ത്രണം വരുന്നത്. പക്ഷേ, വികസനസ്തംഭനമല്ലേ ഇവിടെ നടക്കുന്നത്.

പി.ഡബ്ല്യൂ.ഡി.-യിൽ മാത്രം കരാറുകാർക്ക് കൊടുക്കാനുള്ള കുടിശ്ശിക 3000 കോടി രൂപയാണ്. കരാറുകാർ വർക്ക് നിർത്തിവയ്ക്കുന്നു. പൊതുമരാമത്ത് വകുപ്പുമന്ത്രി പ്രശ്നം പരിഹരിക്കാൻ ഈ സമയത്ത് ഇടപെടേണ്ടതാണ്. എൽ.എസ്.ജി.ഡി.-യിൽ കുടിശ്ശിക ആയിരം കോടി രൂപയാണ്. അതിൽ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ഇടപെടേണ്ടതാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച ചെയ്ത് ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞില്ലെങ്കിൽ കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ടാകും.

എം.എൽ.എ.-മാർക്ക് വേണ്ടിയുള്ള സ്കീം ഗവൺമെന്റ് തുടങ്ങിയിട്ടുണ്ടോയെന്ന് ശ്രീമതി പി. അയിഷാ പോറ്റി ചോദിച്ചു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിലെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കെ. എം. മാണി അഞ്ച് കോടി രൂപ വീതം

എം.എൽ.എ.-മാർക്ക് അസറ്റ് ഡെവലപ്മെന്റ് ഫണ്ട് ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചു. ഭരണ -പ്രതിപക്ഷ ഭേദമെന്യേ എല്ലാവർക്കും അത് ലഭിക്കുന്നുണ്ട്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയെ അക്കാര്യത്തിൽ ഞാൻ അഭിനന്ദിക്കുകയാണ്. അദ്ദേഹം മൂന്ന് കോടി രൂപ വീതം എല്ലാ എം.എൽ.എ.-മാർക്കും തുല്യമായി വീതിക്കാൻ തയ്യാറായിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി.-യുടെ ഫണ്ട് നീതിപൂർവ്വമായി അദ്ദേഹം വീതിച്ചിട്ടുണ്ട്. പക്ഷേ, ഈ മൂന്ന് കോടി രൂപ കൊണ്ട് മണ്ഡലത്തിൽ അത്യാവശ്യമായി കുഴി അടയ്ക്കലും കാര്യങ്ങളും നടത്താം. മറ്റൊരു റോഡിന്റെ വികസനം ഏറ്റെടുക്കണമെങ്കിൽ ഫണ്ടില്ല; ധനകാര്യ വകുപ്പ് ഫണ്ട് തരാൻ തയ്യാറാകുന്ന സാഹചര്യം ഇവിടെയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പുതിയ പ്രഖ്യാപനങ്ങളല്ല, പ്രഖ്യാപിച്ച കാര്യം നടപ്പാക്കുകയാണ് വേണ്ടത്. ഞാൻ സൂചിപ്പിച്ചത്, അഞ്ച് കോടി രൂപ എം.എൽ.എ. ഫണ്ടിലൂടെ അസറ്റ് ഡെവലപ്പ്മെന്റ ഫണ്ട് പ്രഖ്യാപിച്ചു, ഈ ഗവൺമെന്റിന്റെ സമയത്തും അത് ലഭിച്ചുകൊണ്ടിരിക്കുകയാണ്. അഞ്ചുകോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനായി കളക്ടറേറ്റിൽ പോയാൽ ഫണ്ട് ലഭിക്കുമോ? ഇല്ല. എം.എൽ.എ. ഫണ്ടുപയോഗിച്ചും അസറ്റ് ഡെവലപ്പ്മെന്റ ഫണ്ടിൽനിന്നും വർക്ക് ചെയ്യാൻ കഴിയുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്... പ്ലീസ്....

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഒരുമിനിറ്റുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഞാൻ പറയുന്ന മറ്റ് കാര്യങ്ങളെല്ലാം നിൽക്കട്ടെ, എം.എൽ.എ.-മാർ ചെയ്യുന്ന വർക്ക് മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത വിധത്തിലുള്ള പ്രതിസന്ധിയുണ്ടായിരിക്കുകയാണ്. അതിനെങ്കിലും ട്രഷറി നിയന്ത്രണം മാറ്റി, ഫണ്ട് കൊടുക്കാൻ കഴിയുന്ന ഒരു സാഹചര്യം ധനകാര്യ വകുപ്പ് ഒരുക്കണം. ഇത് രണ്ട് കൂട്ടരെയും ഒരുപോലെ ബാധിക്കുന്ന വിഷയമാണ്. വികസന പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലേയ്ക്ക് വന്നിരിക്കുന്ന സാഹചര്യമുണ്ടായിരിക്കുന്നു എന്നുള്ളത് ഗൗരവമായി കാണണം. ഈ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സാഹചര്യമുണ്ടാകണം. മൊറട്ടോറിയത്തിന്റെ കാലാവധി കുറച്ചുകൂടി നീട്ടിക്കൊടുക്കാതെ ഇന്നത്തെ സാഹചര്യത്തിൽ ജനങ്ങൾക്ക് രക്ഷയില്ല. പുതിയ പദ്ധതികൾ പ്രഖ്യാപിക്കുന്നുണ്ടെങ്കിലും പ്രഖ്യാപിച്ച പദ്ധതികൾ നടക്കാതെ പോകുന്നു. ജനങ്ങളെ ബാധിക്കുന്ന വിഷയം നടപ്പാക്കാനുള്ള ആത്മാർത്ഥതയാണ് ഗവൺമെന്റ് കാണിക്കേണ്ടതെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. വലിയ പ്രതിസന്ധി സൃഷ്ടിക്കാൻ

പ്രതിപക്ഷം ശ്രമിച്ചിട്ടും ബഹുമാനപ്പെട്ട ഗവർണർ കേരള നിയമസഭയിൽ ചെയ്ത പ്രസംഗം ലോകത്തിനുതന്നെ മാതൃകയാകുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചത് 'എന്റെ സർക്കാർ 1344 ദിവസം പൂർത്തിയാക്കിയപ്പോൾ കേരള ജനതയുടെ മുമ്പാകെ ഉറപ്പുകൊടുത്ത വാഗ്ദാനങ്ങൾ നിറവേറ്റിയ കാലമാണ് 2020' എന്നാണ്. അതിന് മകുടം ചാർത്തുന്ന തരത്തിലാണ് ബഹുമാനപ്പെട്ട ഗവർണർ ഇവിടെ വരികൾക്കിടയിലൂടെ വായിക്കാതെ എല്ലാം വായിച്ച് തീർത്തത്. സംസ്ഥാനത്തേയ്ക്ക് നിക്ഷേപം ആകർഷിച്ചുകൊണ്ട് അടിസ്ഥാന സൗകര്യ വികസന മേഖലയിൽ മുന്നേറ്റങ്ങൾ നടത്താൻ കഴിഞ്ഞ കാലമാണിത്. മുമ്പെങ്ങുമില്ലാത്ത പ്രകൃതി ദുരന്തങ്ങളെ അതിജീവിച്ചുകൊണ്ട് നടത്തിയ സമയോചിതമായ ഇടപെടൽ പോലെ അന്താരാഷ്ട്ര നിലവാരത്തിൽ പ്രശംസ പിടിച്ചുപറ്റിയ എത്രയെത്ര കാര്യങ്ങളാണ് നമ്മുടെ ഗവൺമെന്റ് നടത്തിയിട്ടുള്ളത്.

2013-14 കാലഘട്ടത്തിൽ മുൻഗവൺമെന്റ് തീർപ്പുകൽപ്പിക്കാത്ത വലിയ പ്രതിബന്ധങ്ങളെ തരണം ചെയ്യാനും റോഡുകൾ, വൈദ്യുത ലൈനുകൾ, ജലവിതരണ പദ്ധതികൾ, സ്കൂൾ/കോളേജ് കെട്ടിടങ്ങൾ, ആശുപത്രികൾ തുടങ്ങിയവയ്ക്ക് കിഫ്ബിയിലൂടെ അൻപതിനായിരം കോടി രൂപ മുടക്കി മുന്നേറ്റങ്ങളുണ്ടാക്കാനും കഴിഞ്ഞു. അതുകൊണ്ടാണ് ലോകത്തിനുതന്നെ മാതൃകയാകുന്നത്. ലോകത്തിന് മാതൃക, ഇന്ത്യയിൽ ഒന്നാമത്, മുഖ്യമന്ത്രി ഒന്നാമത്, ആരോഗ്യ വകുപ്പുമന്ത്രി ഒന്നാമത്, സ്പീക്കർ ഒന്നാമത്, ബഹുമാനപ്പെട്ട സ്പീക്കർ സീറ്റിലില്ലെങ്കിലും അദ്ദേഹത്തെ ഞാൻ അനുമോദിക്കുകയാണ്. അങ്ങനെ വിവിധ മേഖലകളിൽ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ഒന്നാമതായി മാറാൻ കഴിഞ്ഞത് നമ്മുടെ സുതാര്യതയും പ്രതിബദ്ധതയും സംശുദ്ധമായ പ്രവർത്തനങ്ങളും കൊണ്ടാണ്. ഇന്ത്യൻ ഭരണഘടനയെ തകർക്കുന്ന പൗരത്വ ഭേദഗതി നിയമത്തിനെതിരെ പ്രമേയം പാസ്സാക്കുകയും നയപ്രഖ്യാപനത്തിൽ ആവർത്തിച്ച് നിലപാട് വ്യക്തമാക്കുകയും ചെയ്ത സംസ്ഥാന സർക്കാർ രാജ്യത്തിന് മാതൃകയാകുകയാണ്. ഇന്ത്യ മരിച്ചിട്ട് നാം ജീവിക്കുന്നതെന്തിന്; എവിടെ മനുഷ്യൻ തലകുനിക്കാൻ ഇടവരുന്നോ അവിടെ മഹത്വം ചോരുമെന്ന് ജനങ്ങൾ തിരിച്ചറിയണം. അത് തിരിച്ചറിഞ്ഞ ഒരു കാലഘട്ടമാണിത്. രാഷ്ട്രീയ സമരം, സാംസ്കാരിക സമരം, വിദ്യാർത്ഥികളുടെ സമരം തുടങ്ങി ബ്രിട്ടീഷുകാരെ തുരത്താൻ ഗാന്ധിജിയുടെയും മറ്റ് നേതാക്കളുടെയും നേതൃത്വത്തിൽ നടത്തിയ സമരത്തിന്റെ പശ്ചാത്തലം വീണ്ടും വരുന്നോയെന്ന് ജനങ്ങൾക്ക് ശങ്കയുണ്ടാകുന്ന ഒരു കാലഘട്ടമാണിത്. അവകാശ സമരങ്ങളിലൂടെ നമ്മൾ നേടിയെടുത്തതാണ് ഈ സ്വാതന്ത്ര്യവും ചൈതന്യവും. 37 ശതമാനം മാത്രമേ പിന്തുണയുള്ളുവെങ്കിലും മഹാശക്തിയാണെന്ന് സ്വയം നടിക്കുന്നവർ രാജ്യം ഭരിക്കുന്ന കാലത്താണ് നമ്മൾ

ജീവിക്കുന്നതെന്നത് ഓർക്കണം. അന്യോന്യം കുറ്റപ്പെടുത്തുമ്പോഴും ആരുടെ തലയ്ക്കാണ് ഇടിത്തീ വീഴുകയെന്നുള്ളത് മുൻകൂട്ടി പ്രവചിക്കാൻ കഴിയാത്ത അവസ്ഥയാണ് ഇന്നുള്ളത്. വൃത്തികെട്ട രാഷ്ട്രീയം കളിച്ച് ജനങ്ങളെ കബളിപ്പിക്കുന്ന അവസ്ഥ മാറ്റിയെടുക്കാൻ കഴിയണം.

ജനജീവിതത്തെയും സംസ്കാരത്തെയും ഉൾക്കൊണ്ടുകൊണ്ട് രൂപപ്പെട്ടതാണ് നമ്മുടെ ദേശീയത. ആ ദേശീയത ഇന്ന് അലകും പിടിയും തെറ്റിക്കിടക്കുകയാണ്. ബുൾഡോസർകൊണ്ട് നടപ്പാക്കുന്ന ഫാസിസ്റ്റ് പ്രവണതകളെയും വർഗ്ഗീയ ഇടപെടലുകളെയും നമുക്കൊന്നിച്ച് നേരിടേണ്ടതുണ്ട്. "കുടിയിറക്കപ്പെട്ട കൂട്ടരേ, പറയുവിൻ പറയുവിൻ ഏത് രാജ്യക്കാർ നിങ്ങൾ." എത്രയോ വർഷം മുമ്പ് ഇടശ്ശേരി ഗോവിന്ദൻ നായർ ചോദിച്ചതാണ്. തലച്ചോർ ഇല്ലാത്തവന്റെ മുന്നിൽ തലകുനിക്കേണ്ടി വരുന്ന ഗതികേടിലേയ്ക്ക് പോകണോ; നമ്മുടെ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ നമുക്ക് ഒന്നിച്ച് നിന്നുകൂടേ? പഞ്ചായത്തുകളിൽ വ്യത്യസ്ത രാഷ്ട്രീയ കക്ഷികൾ മത്സരിക്കുന്നു. അവിടെ പ്രതിപക്ഷവും ഭരണപക്ഷവുമില്ല. പ്രതിപക്ഷത്തിന് പ്രതിപക്ഷത്തിന്റെ സ്ഥാനം കൊടുക്കുകയും ഭരണപക്ഷം ഭരണപക്ഷത്തിന്റെ സ്ഥാനത്ത് നിന്നുകൊണ്ട് കാര്യങ്ങൾ നീക്കുകയും ചെയ്യുമ്പോൾ നല്ലതിനെ നല്ലതായി പറഞ്ഞുകൂടേ, അത് ജനാധിപത്യത്തിൽ വിശ്വസിക്കുന്ന നമ്മുടെ കടമയാണ്. സ്വാതന്ത്ര്യത്തിന്റെ ഉല്പന്നമാണ് ഇന്ത്യൻ ഭരണഘടന. ലോകത്തിന് മാതൃകയായ ഭരണഘടനയെ സംരക്ഷിക്കേണ്ട ചുമതല നമുക്കുണ്ട്. ഇന്ത്യയെ വിഭജിക്കാൻ ശ്രമിക്കുന്ന ഹിന്ദുത്വ ഫാസിസ്റ്റുകളുടെ കുടിലതന്ത്രങ്ങൾക്കെതിരെ ചരിത്രത്തിൽ മുമ്പെങ്ങുമില്ലാത്തവിധം പ്രക്ഷോഭങ്ങളുടെ കനൽപ്പാതകൾ തീർത്ത് സർവ്വകലാശാലാ വിദ്യാർത്ഥികളടക്കം രാപ്പകൽ ഭേദമില്ലാതെ സമരത്തിൽ ഏർപ്പെട്ടിരിക്കുന്നത് ആവേശം നൽകുന്നു. ഇത് പുതിയ അനുഭവം അല്ലെങ്കിലും ഇന്ത്യയിൽ ഇത്രയധികം വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഉണർന്നെഴുന്നേറ്റ ഒരു കാലമുണ്ടായിട്ടില്ല. ഇന്ത്യയുടെ ഭാവിയെക്കുറിച്ച് ഓർത്തതുകൊണ്ടാണ്, തലച്ചോർ ഇല്ലാത്തവരുടെ തലതിരിഞ്ഞ വെപ്രാളം കണ്ട് അമ്പരന്ന് നിന്നതുകൊണ്ടാണ് പ്രക്ഷോഭ സമരത്തിലേയ്ക്ക് അവർ എടുത്തുചാടിയത്. ഇത് എവിടെ ചെന്നെത്തും. ഈ ഭ്രാന്തൻ പോക്ക് ഇന്ത്യയിലെ ജനങ്ങളുടെ ഒരുമ നഷ്ടപ്പെടുത്തുകയില്ലേ; ഇന്ത്യയുടെ ആത്മാവാണ് നമ്മുടെ ഭരണഘടന. ഭരണഘടനയെയും റിപ്പബ്ലിക്കിനെയും സംരക്ഷിക്കാൻ വലിയ പോരാട്ടങ്ങളാണ് രാജ്യത്ത് നടക്കുന്നത്. തെരഞ്ഞെടുപ്പ് നേട്ടങ്ങൾ മാത്രം ചിന്തിക്കുന്ന സങ്കുചിത രാഷ്ട്രീയഭാവങ്ങൾ മാറ്റിവയ്ക്കേണ്ട കാലമായിരിക്കുന്നു. രാജ്യതാല്പര്യം മാത്രം ലക്ഷ്യംവച്ചുള്ള പൗരത്വ ഭേദഗതി ബില്ലിനെതിരായ പോരാട്ടങ്ങളാണ് നാട്ടിലുടനീളം നടക്കുന്നത്. ഭരണഘടനാമൂല്യങ്ങൾ വെല്ലുവിളി

നേരിടുന്നുവെന്നാൽ ജനങ്ങളുടെ ജീവിതം വെല്ലുവിളിക്കപ്പെടുന്നുവെന്നാണ് അർത്ഥം. ഭരണഘടന സംരക്ഷിക്കുകയെന്നത്, നമ്മുടെ ജീവിതത്തെയും രാജ്യത്തെയും സംരക്ഷിക്കലാണ്. ഭരണഘടന പൗരൻമാരുടെ ജീവിതത്തെ നയിക്കുകയും അവർക്ക് രാഷ്ട്രീയവും സാമൂഹ്യവുമായ ദിശാബോധം നൽകുകയും ചെയ്യുന്നു. നാനാത്വത്തിൽ ഏകത്വം എന്നുപറയുന്നുണ്ട്. നാനാത്വം എന്നത് 'വൈവിദ്ധ്യമാർന്ന ഇന്ത്യ'യാണ്. ഏകത്വം എന്നത് 'ഐക്യ'മാണ്, ഇന്ത്യയെന്ന വികാരമാണ്. അതുതന്നെയാണ് ഭരണഘടനയുടെ അടിത്തറ എന്നിരിക്കെ 2019-ലെ പൗരത്വ ഭേദഗതി നിയമത്തിൽ 2014 ഡിസംബർ 30-ന് മുമ്പ് കുടിയേറിപ്പാർത്ത മുസ്ലീങ്ങളെ ഉൾപ്പെടുത്താതിരിക്കുന്നത് മതരാഷ്ട്രം സ്ഥാപിക്കുകയെന്ന ലക്ഷ്യമാണ്. ഇത് ഭരണഘടനാ വിരുദ്ധമാണ്. ലോകം കണ്ട ഏറ്റവും വലിയ ഫാസിസ്റ്റുകളായ ഹിറ്റ്ലർ ആത്മഹത്യ ചെയ്തതും മുസ്സോളിനിയെ നാട്ടുകാർ തല്ലിക്കൊന്നതും ഈ വൈതാളികർ ഓർക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 1947-ന് മുമ്പുള്ള കാലഘട്ടത്തിലേയ്ക്ക് കൊണ്ടുപോകുന്നതിനെ ശക്തമായി എതിർക്കേണ്ടതുണ്ട്. മുതലാളിത്തം ഭരിച്ച് മനുഷ്യരെ അടിമകളാക്കി. ആ അടിമകളെ മനുഷ്യരാക്കി മാറ്റിയ നമ്മുടെ സമരങ്ങളെ ഓർക്കണം. 1959-ലും 1970-ലും 1972-ലും എന്താണ് സംഭവിച്ചത്? എല്ലാവരിലുമുണ്ട് നന്മ. നന്മ ചെയ്യാനുള്ള സന്നദ്ധത ആർജ്ജിക്കുകയാണ് വേണ്ടത്. മുഖ്യശത്രു ആരെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. ജനങ്ങൾക്ക് ആത്മവിശ്വാസവും പ്രതീക്ഷയും നൽകുന്ന അഴിമതിമുക്ത ഗവൺമെന്റ് രാജ്യത്തിന് മാതൃകയാണ്. ജനങ്ങൾ നടത്തിയ അവകാശപ്രക്ഷോഭങ്ങളുടെ, ആശയസമരങ്ങളുടെ സംഭാവനയാണ് റിപ്പബ്ലിക് എന്ന സങ്കൽപ്പം എന്ന് ഓർക്കേണ്ടതുണ്ട്.

'നമ്മൾ നമുക്കായി' എന്നത് എത്ര ഭാവനാപൂർണ്ണമായ പദ്ധതിയാണ്. കേരള പുനർനിർമ്മാണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുകയും ദുരന്ത പ്രതിരോധ ശക്തിയുള്ള കേരളത്തെ സൃഷ്ടിക്കുകയും ചെയ്തു. സ്വയം കത്തിത്തീരാൻ മടിയില്ലാത്തവർക്കേ സമൂഹത്തിന്റെ ചിന്തയ്ക്ക് തീ കൊളുത്താൻ കഴിയൂ എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാണിച്ചുതന്നു. ഇന്ന് വിശ്രമിക്കാൻ നമുക്ക് സമയമില്ലായെന്ന് പറഞ്ഞത് ഓർക്കുക. കഴിഞ്ഞ കാലത്തെക്കുറിച്ച് പഠിക്കുകയും ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരാൾക്ക് നിരാശപ്പെടേണ്ടി വരില്ലായെന്ന് അദ്ദേഹം നമ്മെ ഓർമ്മപ്പെടുത്തുന്നു. സാമൂഹ്യ ഉത്തരവാദിത്വം നിറവേറ്റുമ്പോഴാണ് പുരോഗമനം ഉണ്ടാകുന്നതെന്നും പോരാട്ടങ്ങൾ സംഗീതമായി അനുഭവപ്പെടുന്നതെന്നും അദ്ദേഹം ഓർമ്മപ്പെടുത്തുന്നു.

എല്ലാ ഊർജ്ജവും സൂര്യനിൽനിന്നാണ് എന്നപോലെ കേരളത്തിന്റെ ഊർജ്ജവും ഭാഗ്യവും പുണ്യവും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി

വിജയൻ തന്നെയാണ്. ഇത് ലോകം ശ്രദ്ധിക്കുന്നു. കഴിഞ്ഞ മാസം രണ്ട് ദിവസം ഡൽഹിയിൽ നടന്ന എം.എൽ.എ.-മാരുടെ അഖിലേന്ത്യാ ക്യാമ്പിൽ പങ്കെടുക്കാനുള്ള സന്ദർഭം ഉണ്ടായി. മറ്റ് സംസ്ഥാനങ്ങളിലെ എം.എൽ.എ.-മാർ അന്വേഷിക്കുന്നത് കേരളത്തേയും കേരളത്തിലെ മുഖ്യമന്ത്രി, ഭരണം, ആരോഗ്യസ്ഥിതി എന്നിവയെക്കുറിച്ചാണ്. ഇന്ത്യയിലെ എല്ലാ എം.എൽ.എ.-മാരും ഇത് ചിന്തിക്കുന്നുവെന്ന് പറഞ്ഞാൽ കേരളത്തിന്റെ പ്രത്യേകത നമ്മൾ ഓർക്കണം. വെറുതെ പരാതികൾ പറഞ്ഞിട്ട് കാര്യമില്ല. മറ്റ് സംസ്ഥാനങ്ങളിലെ എം.എൽ.എ.മാർ കേരളത്തെക്കുറിച്ചും ഇവിടത്തെ മുഖ്യമന്ത്രിയെക്കുറിച്ചും അറിയാനായിരുന്നു താല്പര്യം കാണിച്ചത്. ഇന്ത്യ മൂലധനശക്തികളുടെ കാര്യസ്ഥനായി മാറുമെന്ന് പലരും ആശങ്ക പ്രകടിപ്പിക്കുകയും ചെയ്തു.

എന്റെ കാലശേഷം അവർ എന്റെ ഭാഷയിൽ സംസാരിച്ച് തുടങ്ങുമെന്ന് രാഷ്ട്രപിതാവായ മഹാത്മാഗാന്ധി പറഞ്ഞത് അന്വർത്ഥമാക്കുന്ന സംഭവങ്ങളാണ് 150-ാം ജന്മദിന വാർഷികം ആഘോഷിക്കുമ്പോഴും നമ്മൾ കേൾക്കുന്നത്. രാഷ്ട്രപിതാവിന്റെ ചിത്രത്തിനുനേരെ വെടിവയ്ക്കുകയാണ്. സമൂഹത്തിലെ ദുർബലരോടുള്ള സമീപനമാണ് മാനവികതയെന്ന് ചിന്തിക്കാൻ നമുക്ക് കഴിയണമെന്നുമാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, പാല് തരുന്ന അമ്മയോട് നമുക്ക് സ്നേഹവും കൂറുമുണ്ട്. പക്ഷേ, പാലിൽ വിഷം പുരട്ടിത്തരുന്ന അമ്മയോട് നമുക്ക് സ്നേഹവും കൂറുമുണ്ടാകില്ല. മുലപ്പാലിൽ വിഷം കലർത്തി ഭഗവാൻ ഉണ്ണികൃഷ്ണനെ കൊല്ലാൻ ശ്രമിച്ച പൂതനയുടെ രക്തംകൂടി വലിച്ചെടുത്ത് ശ്രീകൃഷ്ണൻ അവരെ വധിക്കുകയാണ് ചെയ്തതെന്ന് പറയുന്നതു പോലെയാണ് ഇപ്പോൾ പാലിൽ വിഷംതന്ന് കൊല്ലുവാൻ ശ്രമിക്കുന്ന, വിഷം പുരട്ടി നയം പ്രഖ്യാപിക്കുന്ന ഒരു ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് എങ്ങനെയാണ് നന്ദി പ്രകടിപ്പിക്കുവാൻ കഴിയുന്നത്? ഇവിടെ ഭരണകക്ഷിയിലെ എം.എൽ.എ.-മാരെല്ലാവരും ഗവർണറുടെ പ്രവൃത്തികളെയും പ്രസംഗത്തെയും വളരെ വ്യക്തമായി പ്രതിരോധിക്കുകയും എതിർക്കുകയും ചെയ്യുന്നുണ്ട്. ഇതെല്ലാം എതിർത്തതിനുശേഷം അവർ അതിനെ സ്വാഗതം ചെയ്യുന്നുവെന്ന് പറയുമ്പോൾ അതിൽത്തന്നെ ഒരു വിരോധാഭാസമില്ലേയെന്ന് തോന്നുകയാണ്. ശ്രീ. മുല്ലക്കര രത്നാകരൻ പ്രഗത്ഭനായ ഒരു പ്രാസംഗികനാണ്. അദ്ദേഹത്തിന്റെ പ്രസംഗം എനിക്ക് വളരെ ഇഷ്ടവുമാണ്. സൈലന്റാവരുത്, വയലന്റാവരുത് എന്നദ്ദേഹം പറഞ്ഞു. നിങ്ങൾക്ക് സംഭവിച്ചതെന്താണ്; നിങ്ങൾ സൈലന്റായിപ്പോയി, നിങ്ങൾ വയലന്റായതുമില്ല. എന്നുപറഞ്ഞാൽ, വലിയ പ്രശ്നം ഉണ്ടായപ്പോൾ

ഭരണഘടനയെ സംരക്ഷിക്കേണ്ട കാര്യത്തിൽ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. നമ്മൾ എന്തുകൊണ്ടാണ് ബഹുമാനപ്പെട്ട ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ്ഖാനെ എതിർക്കുന്നത്; ഈ പുസ്തകം വായിച്ചതിൽ വളരെ രസകരമായ ഒരു കാര്യമുണ്ട്. 4-ാം ഖണ്ഡികയിൽ ഗവർണർ പറയുന്ന ഒരു കാര്യമുണ്ട്. 'എന്റെ സർക്കാരിന് അതിന്റെ മുൻഗാമിയിൽനിന്നും തീർപ്പുകൽപ്പിക്കാത്ത വലിയ പ്രതിബദ്ധതകൾ കൈമാറിക്കിട്ടി'. തീർപ്പു കൽപ്പിക്കാത്ത വലിയ പ്രതിബദ്ധതകൾ; ആരാണ് മുൻഗാമി; അതാണ് രസകരമായ കാര്യം. നിങ്ങൾക്കെതിരെയാണ് ഈ നയപ്രഖ്യാപനം. മുൻഗാമിയെന്ന് ഉദ്ദേശിക്കുന്നത് റിട്ടയേർഡ് ജസ്റ്റിസ് പി. സദാശിവത്തെയാണ്. മുമ്പ് റിട്ടയേർഡ് ജസ്റ്റിസ് പി. സദാശിവത്തിൽനിന്ന് എനിക്ക് കൈമാറിക്കിട്ടിയത് തീർപ്പുകൽപ്പിക്കാത്തതാണെന്ന് പറയുകയാണ്. നിങ്ങൾ അധികാരത്തിൽ വന്നശേഷമുള്ള അഞ്ചാമത്തെ നയപ്രഖ്യാപന പ്രസംഗമാണ് നമ്മൾ കേട്ടത്. ആദ്യത്തെ നയപ്രഖ്യാപന പ്രസംഗത്തിൽ എന്താണ് ഗവർണർ നമ്മളോട് പറഞ്ഞത്; ഞങ്ങൾക്ക് ഒരു നയമുണ്ട്. 'കാലൊച്ച കേൾക്കവേ വാതിൽ തുറക്കുക' അതാണ് ഞങ്ങളുടെ നയമെന്ന് പറഞ്ഞിട്ട് എവിടെയെങ്കിലും വാതിൽ തുറന്നോ എന്നുള്ളത് നമ്മൾ കണ്ടില്ലായെന്ന് മാത്രമല്ല, അവസാനം നയപ്രഖ്യാപന പ്രസംഗത്തോടുകൂടി ഉള്ള വാതിൽകൂടി അടച്ചിടുകയാണ് നിങ്ങൾ ചെയ്തതെന്നുള്ള യാഥാർത്ഥ്യംകൂടി മനസ്സിലാക്കുക. റിട്ടയേർഡ് ജസ്റ്റിസ് പി. സദാശിവത്തിനു ശേഷം ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ 21-ാമത്തെ ഗവർണറായി ഈ സഭയിൽ വന്നപ്പോൾ ഞാനടക്കമുള്ളവർക്ക് എന്തുകൊണ്ടാണ് 'ഗോ ബാക്ക്' വിളിക്കേണ്ടി വന്നത് എന്നതിനെക്കുറിച്ച് ചിന്തിക്കേണ്ടേ? അദ്ദേഹത്തിന്റെ നടപടിക്രമങ്ങളും പ്രസംഗങ്ങളും നിയമസഭയെ അവഹേളിക്കുന്നതായിരുന്നു. നിയമസഭയിൽ ഐകകണ്ഠ്യേന എടുക്കുന്ന തീരുമാനങ്ങൾ ബി.ജെ.പി.-യിലെ ഒരംഗം പേരിനുണ്ടായിട്ടും അദ്ദേഹംപോലും എതിർക്കാതെ, ഭരണഘടനയെ സംരക്ഷിച്ചിടുമെന്നും പൗരത്വ ഭേദഗതി നിയമം പിൻവലിക്കണമെന്നും ഐകകണ്ഠ്യേന നമ്മളെടുത്ത തീരുമാനത്തെയും ആ പ്രമേയത്തെയും നിയമസഭയെയും മൂന്നരക്കോടി ജനങ്ങളെയും എതിർത്ത ഒരു ഗവർണർക്ക് ഓശാന പാടുവാൻ നമ്മൾ എന്തിന് ശ്രമിക്കണം എന്നുള്ളതാണ് ഞാനിവിടെ സൂചിപ്പിക്കുന്നത്. ദിനപ്പത്രത്തിന്റെ മുൻപേജിൽ വാർത്തയും ചിത്രവും വന്നില്ലെങ്കിൽ വിഷാദരോഗം മാത്രം വരുന്ന ഒരു ഗവർണറാണ് ഇവിടെയുള്ളതെന്ന യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കണ്ടേ? ഇവിടെ അദ്ദേഹം പറഞ്ഞതെന്താണ്? ഞാൻ ഒരു റബ്ബർ സ്റ്റാമ്പല്ല, ഗവൺമെന്റ് എഴുതിത്തരുന്ന കാര്യങ്ങൾ വായിക്കാൻ എനിക്ക് ഉത്തരവാദിത്വമില്ലായെന്നാണ്. 18-ാം ഖണ്ഡിക ഞാൻ വായിക്കില്ല.

പത്രങ്ങളിലൂടെ വീമ്പിളക്കുന്ന ഗവർണർ ഭരണഘടനയുമായി ബന്ധപ്പെട്ട ചരിത്രമറിയുമെങ്കിൽ സംസ്ഥാന ഗവൺമെന്റ് എഴുതിക്കൊടുക്കുന്നത് വായിക്കേണ്ട ഒരാൾ തന്നെയാണെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. പക്ഷേ, അദ്ദേഹം ചെയ്തത് എന്താണ്; നമ്മൾ കൊടുത്തത് അദ്ദേഹം വായിച്ചു, പക്ഷേ ആത്മാർത്ഥതയുടെ ഒരംശംപോലും ഉണ്ടായിരുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ടാണ് എനിക്ക് ഇഷ്ടമില്ല വായിക്കുവാൻ, നിങ്ങൾ നിർബന്ധിച്ചതുകൊണ്ടുമാത്രം വായിക്കുന്നുവെന്ന രീതിയിൽ പതിനെട്ടാം ഖണ്ഡിക വായിച്ചത്. അത് സ്വാഭാവികമായും അദ്ദേഹം കേരളത്തെ അപമാനിച്ചതിന് തുല്യമാണെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. പദവിയുടെ അന്തസ്സും ആഭിജാത്യവുമുള്ള പലതരത്തിലുള്ള ഗവർണർമാർ ഇവിടെ ഉണ്ടായിരുന്നുവെന്നുള്ളത് നമുക്കറിയാം. പക്ഷേ, ഗവർണർ പദവിയുടെ അന്തസ്സ് മാറ്റി പ്രവർത്തിക്കുമ്പോൾ അതിനെതിരെ ശക്തമായി പ്രതികരിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണെന്ന് സൂചിപ്പിക്കുകയാണ്. എന്തുകൊണ്ടാണ് ബി.ജെ.പി.-യും കേന്ദ്രഗവൺമെന്റും ഇതുപോലെയാകുന്നത്. നമ്മളെപ്പോലെ മനുഷ്യരല്ലേ അവർ? പക്ഷേ, എന്തുകൊണ്ട് അവർ ഇങ്ങനെ ചിന്തിക്കുന്നു; എന്തുകൊണ്ട് മുസ്ലീം സമുദായത്തെ മാത്രം മാറ്റിനിർത്തുന്നു. പൗരത്വ ഭേദഗതി നിയമം കൊണ്ടുവന്നപ്പോൾ എന്തുകൊണ്ടാണ് അവർ നാടിനെ വിഭജിക്കാൻ ശ്രമിക്കുന്നത്; എന്തുകൊണ്ടാണ് രാജ്യത്തെ ഒന്നായിക്കാണാൻ ശ്രമിക്കാത്തത്? അതിന് കാരണമെന്താണെന്ന് ചോദിച്ചാൽ ഒരു കിണറ്റിലെ വെള്ളമെടുത്ത് കരിമ്പിനും പാവക്കയ്ക്കും പുളിമരത്തിനും കൊടുത്താൽ നമുക്കറിയാം, കരിമ്പിന് മധുരം കിട്ടും, പാവക്കയ്ക്ക് കയ്പായിരിക്കും, പുളിക്ക് പുളിയാണ്. വെള്ളമെല്ലാം ഒരു കിണറ്റിലേതാണ്. എന്താണതിന് കാരണം? ഇത് വിത്തിന്റെ സ്വഭാവഗുണമാണ് എന്നുള്ളതുകൊണ്ടാണ്. രാജ്യത്തെ ഒറ്റുകൊടുത്തവരുടെ വിത്തുകളാണ് ബി.ജെ.പി. എന്നുള്ളതുകൊണ്ടാണ് ആ സ്വഭാവഗുണം അവർ പ്രകടിപ്പിക്കുന്നത്. സമസ്ത മേഖലകളിലും ഈ ഗവൺമെന്റ് പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണ്.

നിങ്ങൾ അധികാരത്തിൽവന്ന് മൂന്നരവർഷം കഴിയുമ്പോൾ ഒന്നരലക്ഷം കോടി രൂപയുടെ കടബാധ്യത രണ്ടരലക്ഷം കോടി രൂപയായി ഉയർന്നു. 60 വർഷക്കാലം മാറിമാറി ഭരിച്ച ഗവൺമെന്റുകൾ കൊണ്ടുവന്നതിന്റെ ഇരട്ടി കടബാധ്യതയാണ് നിങ്ങളിപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. എല്ലാ മേഖലയിലും ഗവൺമെന്റ് പരാജയപ്പെട്ടു പോകുന്നതായാണ് കാണാൻ കഴിയുന്നത്. ട്രഷറി പൂട്ടിയില്ലേ; ഒരു വ്യക്തിക്ക്, ആളോഹരി 72,430 രൂപയാണ് ഈ ഗവൺമെന്റിന്റെ കടബാധ്യത എന്നുപറഞ്ഞാൽ, ഭാവിയിൽ ഉണ്ടാകാൻ പോകുന്ന വലിയ കടബാധ്യത കാണാതെ കിഫ്ബിയിലൂടെയും മറ്റുമായി പദ്ധതികൾ മാത്രം

പ്രഖ്യാപിച്ച് മുന്നോട്ടു പോകുന്ന ഈ ഗവൺമെന്റ് കേരളത്തെ കടക്കെണിയിലിറക്കുവാൻ പോകുന്നുവെന്നുള്ളത് ഒരു യാഥാർത്ഥ്യം തന്നെയാണ്. നിത്യച്ചെലവിനുപോലും പണമെടുക്കാനില്ലാത്ത അവസ്ഥയിലേയ്ക്ക് കേരളം മാറിയെന്നത് നമുക്ക് കാണാൻ കഴിയും. റോഡുകളുടെ കുഴിയടയ്ക്കാൻപോലും സാധിക്കുന്നില്ല. കോൺട്രാക്ടർമാരോട് റോഡുകളുടെ വർക്കെടുക്കാൻ ആവശ്യപ്പെടുമ്പോൾ, അവർ പറയുന്നതെന്താണ്, 2018-ലെ പണം കിട്ടിയിട്ടില്ല, ഇപ്പോൾ പണം ചെലവഴിച്ചുകഴിഞ്ഞാൽ, കുഴിയടയ്ക്കാൻവേണ്ടി, തുക മാറ്റിവച്ചാൽ ഞങ്ങൾക്ക് ബില്ലെഴുതണമെങ്കിൽ പത്തുമാസം കാത്തിരിക്കണം, ഒന്നരവർഷം കഴിഞ്ഞാലും കാശ് കിട്ടുന്നില്ല. ഞങ്ങൾ എങ്ങനെ മുന്നോട്ടുപോകുമെന്ന് പറയുമ്പോൾ ഇവിടെ എല്ലാ കാര്യങ്ങൾക്കും ഭരണാനുമതി നൽകി മുന്നോട്ടുപോകുന്നുവെന്നുള്ളതല്ലാതെ എല്ലാ മേഖലയിലും ഈ സംസ്ഥാനം പരാജയപ്പെട്ടുകിടക്കുകയാണ്. കിഫ്ബി എന്നുപറയുന്നത് ഒരു പണിമുടക്കിയാണ് എന്നുള്ളത് ഇവിടത്തെ എം.എൽ.എ.-മാർക്ക് അറിയാം. കിഫ്ബിയുടെ ഒരു നിർമ്മാണപ്രവർത്തനവും നേരെചൊവ്വെ മുന്നോട്ടു പോകുന്നില്ല എന്നുള്ളത് ഈ ഗവൺമെന്റ് പരിശോധിക്കണമെന്നുള്ള കാര്യംകൂടി ഞാനിവിടെ സൂചിപ്പിക്കുകയാണ്.

ഞാൻ ദീർഘമായി മറ്റ് കാര്യങ്ങളിലേക്ക് പോകുന്നില്ല. നിങ്ങളുടെ ധൂർത്ത് അവസാനിപ്പിക്കണമെന്നുള്ളതാണ് ഞങ്ങളുടെ അഭ്യർത്ഥന. എത്രമാത്രം ധൂർത്താണ് ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. മന്ത്രിസഭയുടെ സത്യപ്രതിജ്ഞ - 3.17 കോടി രൂപ, മന്ത്രിസഭയുടെ 100-ാം ദിനാഘോഷം - 2.24 കോടി രൂപ, മന്ത്രിസഭയുടെ ഒന്നാം വാർഷികം - 18 കോടി രൂപ, മന്ത്രിസഭയുടെ 1000 ദിവസം ആഘോഷത്തിന് പത്തുകോടി രൂപ, ഷുഹൈബ് വധം സി.ബി.ഐ.ക്ക് വിടാതിരിക്കാൻ - 85 ലക്ഷം രൂപ, പെരിയ കേസ് സി.ബി.ഐ.ക്ക് വിടാതിരിക്കാൻ - 45 ലക്ഷം രൂപ, ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരെ സോളാർ കേസിന് ഒന്നര കോടി രൂപ എന്നിങ്ങനെ മുടക്കി. നവോത്ഥാന സമുച്ചയത്തിന് 700 കോടി രൂപ, നവോത്ഥാന മതിലിന് 50 കോടി രൂപ, സെക്രട്ടേറിയറ്റ് അനക്സിന്റെ സുരക്ഷ വർദ്ധിപ്പിക്കാൻ രണ്ടരക്കോടി രൂപ, മുഖ്യമന്ത്രിയുടെ സോഷ്യൽ മീഡിയ വെബ്സൈറ്റ് പരിപാലനം 4,32,000 രൂപ, ഉപദേശകരുടെ കണക്ക് ഞാൻ പറയുന്നില്ല. എല്ലാ മേഖലയിലും വലിയ ധൂർത്തുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ, ഭാവി പൗരന്മാരുടെ തലയിൽ നിങ്ങളിത്രയുമധികം കടബാധ്യത കെട്ടിവയ്ക്കുമ്പോൾ അവർ നിങ്ങൾക്ക് മാപ്പുതരില്ല എന്നകാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

3.00 PM]

ശ്രീ. എം. മുകേഷ്: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ പൂർണ്ണമനസ്സോടെ പിന്തുണയ്ക്കുന്നു. കേരളം വികസനത്തിന്റെ സുവർണ്ണ ദിനങ്ങളിലൂടെ കടന്നുപോവുകയാണ്. സമസ്ത മേഖലകളിലും പ്രകടമായ പുരോഗതിയുടെ നേർചിത്രം നയപ്രഖ്യാപന പ്രസംഗത്തിലും കണ്ടു. വ്യക്തമായ നിലപാടും നിശ്ചയദാർഢ്യവുമുള്ള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ വരുംകാലത്തിന്റെ ഏത് വെല്ലുവിളികളെയും നേരിടാൻ പര്യാപ്തമാണ്. ഏത് ഗവൺമെന്റാണെങ്കിലും ജനങ്ങൾ എപ്പോഴും നെഞ്ചോട് ചേർത്തുവയ്ക്കുന്ന രണ്ട് വകുപ്പുകളാണ് ആരോഗ്യവും വിദ്യാഭ്യാസവും. ഈ രണ്ട് വകുപ്പുകളെയും കുറിച്ച് ശത്രുക്കൾക്കുപോലും പരാതികളൊന്നും ഉണ്ടാകാൻ സാധ്യതയില്ല. ലോകത്ത് കൊറോണ വൈറസ് പൊട്ടിപ്പുറപ്പെട്ടു, ആലപ്പുഴയിലും തൃശ്ശൂരിലും അതിന്റെ റിപ്പോർട്ട് വന്ന് നിമിഷങ്ങൾക്കകം ലോകത്ത് ലഭിക്കാവുന്ന ഏറ്റവും നല്ല പ്രതിരോധങ്ങൾ സമന്വയിപ്പിച്ചുകൊണ്ട് കൊറോണ വൈറസ്ബാധയെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന ഒരു ആരോഗ്യ വകുപ്പുമന്ത്രിയാണ് നമുക്കുള്ളത്. ഉത്കണ്ഠപ്പെടേണ്ട എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമ്പോൾ കേരളം ഉത്കണ്ഠപ്പെടുന്നില്ല, അത് മുൻകാല അനുഭവംവച്ചുകൊണ്ടാണ്. നിപ വൈറസിനെ കീഴടക്കിയപോലെ കൊറോണ വൈറസിനെയും നമ്മൾ കീഴടക്കുമെന്ന് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറയുമ്പോൾ ആ ആത്മവിശ്വാസം ഈ നാടിന്റെ ഒരു സന്ദേശമായി മാറുന്നു.

വിദ്യാഭ്യാസം ഔദാര്യമല്ല, കുട്ടികളുടെ അവകാശമാണെന്ന ഒരു വലിയ ശ്ലോകം മുന്നിൽ വച്ചുകൊണ്ടാണ് അദ്ധ്യാപകനായ പ്രൊഫ. സി. രവീന്ദ്രനാഥ് മുന്നോട്ടുവന്നത്. മുൻകാലങ്ങളിൽ ഒരു കുട്ടി രാവിലെ ഉണർന്നെഴുന്നേൽക്കുന്നതു തന്നെ സ്കൂളിൽ പോകേണ്ട എന്ന് കരഞ്ഞു പറഞ്ഞുകൊണ്ടാണ്, അവന് സ്കൂൾ അത്രമാത്രം വെറുക്കുന്ന ഒരു സ്ഥലമായിരുന്നു. ആ കാലഘട്ടത്തിൽ രക്ഷകർത്താക്കൾ കുട്ടികളെ വലിച്ചിഴച്ച് സ്കൂളിൽ കൊണ്ടുപോകുന്ന കാഴ്ച നമ്മൾ കണ്ടിട്ടുണ്ട്. ഒരു സ്കൂൾ, അവിടത്തെ പൂന്തോട്ടം, കളിസ്ഥലം, ബാത്ത്റൂമുകൾ, അദ്ധ്യാപകർ എന്നിവ എങ്ങനെയായിരിക്കണം, ചുവരുകളിൽ തേയ്ക്കുന്ന പെയിന്റിന്റെ നിറം അവന്റെ മനസ്സിനെ സ്വാധീനിക്കുന്നതായിരിക്കണം എന്നൊക്കെയുള്ള വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ദീർഘവീക്ഷണത്തിന്റെ ഫലമാണ് ഇന്നൊരു കുട്ടി ഉണർന്നെഴുന്നേറ്റ് കഴിഞ്ഞാൽ എന്നെ എത്രയുംപെട്ടെന്ന് സ്കൂളിൽ കൊണ്ടുപോകൂ എന്ന് പറയാൻ കാരണം.

പൗരത്വ ഭേദഗതി ബില്ലിനെതിരെ രാജ്യമെങ്ങും ഉയരുന്ന പ്രക്ഷോഭം ജനാധിപത്യം വീണ്ടെടുക്കാനുള്ളൊരു പ്രക്ഷോഭമായി മാറി. പൗരത്വ ഭേദഗതി ബിൽ എത്രമാത്രം ദോഷകരമാണെന്ന് ഭരിക്കുന്നവർ ഒഴികെ ബാക്കി എല്ലാവർക്കും ബോധ്യമായിക്കഴിഞ്ഞു. നമ്മൾ അഭിമാനത്തോടെ കാണുന്ന ഇന്ത്യയുടെ ജനാധിപത്യവും തകരാൻ പോകുന്നു. ഈ ബിൽ ഇംപ്ലിമെന്റ് ചെയ്താൽ ഇന്ത്യയുടെ ജനാധിപത്യം ഇല്ലാതാകുമെന്ന് യൂറോപ്യൻ യൂണിയൻ ഒരു പ്രമേയം പാസ്സാക്കി. എന്നാൽ, നമ്മുടെ ആൾക്കാർക്ക് അത് മനസ്സിലായിട്ടില്ല. ഈ ബിൽ പാസ്സായപ്പോൾ ആദ്യംതന്നെ അതിനെ എതിർത്ത് ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയത് കേരള നിയമസഭയാണ്. അതിന്റെ ചുവടുപിടിച്ച് കേരളത്തെ മാതൃകയാക്കി അനേകം സംസ്ഥാനങ്ങൾ മുന്നോട്ടുവരുന്നു. ആ ദിവസം എനിക്ക് ഈ സഭയിലെ ഏറ്റവും മുതിർന്ന ബി.ജെ.പി. പ്രതിനിധിയായ ശ്രീ. ഒ. രാജഗോപാലിന്റെ ബില്ലിനെ അനുകൂലിക്കണമോ വേണ്ടയോ എന്ന മാനസിക സംഘർഷം കാണുവാൻ കഴിഞ്ഞു. അദ്ദേഹത്തിന്റെ മനസ്സ് പറയുന്നു അനുകൂലിക്കാൻ, മന:സാക്ഷി പറയുന്നു അനുകൂലിക്കരുത്. അവസാനം മന:സാക്ഷി വിജയിച്ച് മനുഷ്യത്വത്തിന്റെ കൂടെ പോയി.

ജനാധിപത്യവാദികൾ നമ്മുടെ നാടിന്റെ ഇന്നത്തെ സ്ഥിതിയിൽ വേദനിക്കുന്നു. "Democracy is the road to Socialism" എന്നാണ് മഹാനായ കാറൽ മാർക്സ് നിരീക്ഷിച്ചത്. എന്നാൽ ബി.ജെ.പി. അനുകൂലികൾ "Democracy is the path to Fascism" എന്ന് മാറ്റിയെഴുതാൻ ആഗ്രഹിക്കുന്നു. രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിയുടെ 72-ാം രക്തസാക്ഷി ദിനം കടന്നുപോയി. ആ ദിവസം നമ്മൾ രാജ്ഘട്ടിൽ കണ്ട ചിത്രം എന്തായിരുന്നു; രാജ്ഘട്ടിലേയ്ക്ക് സമാധാനപരമായി മാർച്ച് നടത്തിയ ജാമിയ മില്ലിയ സർവ്വകലാശാലയിലെ വിദ്യാർത്ഥി പ്രവർത്തകരുടെ നേർക്ക് ഒരു ചെറുപ്പക്കാരൻ നിറയൊഴിക്കുന്നു. നിറയൊഴിക്കും മുൻപ് അയാൾ വിളിച്ചു പറഞ്ഞത്, "ഇതാ പിടിച്ചോ നിങ്ങളുടെ സ്വാതന്ത്ര്യം" എന്നാണ്. നമ്മുടെ നാട്ടിൽ ഈ ധാർഷ്ട്യം, ഈ അഹങ്കാരം, ഈ ഓവർ കോൺഫിഡൻസ് എവിടെ നിന്നാണ് കിട്ടുന്നത്. കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി മുതൽ ഒരു സാധാരണ പ്രവർത്തകനിൽ വരെ ഇത് കുത്തിവയ്ക്കപ്പെട്ടു കഴിഞ്ഞുവെന്നാണ് നമ്മൾ മനസ്സിലാക്കേണ്ടത്. രാഷ്ട്രപിതാവ് ഗാന്ധിജിയുടെ ഭാരതമെന്ന് ലോകം അംഗീകരിക്കുമ്പോൾ ഗാന്ധിജി പിറന്ന മണ്ണിൽ സംഭവിക്കുന്നത് എന്താണ്; പത്രമാധ്യമങ്ങളിലൂടെ നമ്മൾ അറിഞ്ഞ കാര്യമാണ്; അദ്ദേഹം ജനിച്ച ഗുജറാത്തിലെ ഒരു സ്കൂളിൽ ചോദിച്ച ഒരു ചോദ്യം ഗാന്ധിജി ആത്മഹത്യ ചെയ്തതിന്റെ കാരണമെന്താണ് എന്നാണ്. ആത്മഹത്യ ചെയ്തതാണെന്ന് അവർ തീരുമാനിച്ചുകഴിഞ്ഞു; കാരണം മാത്രം കുട്ടികൾ എഴുതിയാൽ മതി. ലോക സമാധാനത്തിന്റെ ദൂതനായ ഗാന്ധിജിയുടെ സ്വന്തം നാട്ടിൽ ഗാന്ധിജി സ്വപ്നം കണ്ട ആ കുട്ടികളുടെ ഇന്ത്യ എവിടെയെത്തി നിൽക്കുന്നു?

ഈ അവസരത്തിൽ എന്റെ ഒരു അനുഭവം കൂടി ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്. ഞാൻ കോളേജിൽ പഠിക്കുമ്പോൾ ഒരു നാടകത്തിൽ അഭിനയിച്ചിരുന്നു. ചെറിയ ഇതിവൃത്തമാണ് നാടകത്തിനുണ്ടായിരുന്നത്. ഗാന്ധി പാർക്കിന് കാവൽ നിൽക്കുന്ന ഒരു വൃദ്ധനും ആ പാർക്കിൽ വരുന്ന യുവാവും തമ്മിലുള്ള സംഭാഷണമാണ് നാടകം. യുവാവ് വൃദ്ധനോട് ചോദിക്കുന്നു, നിങ്ങൾ ഈ ഗാന്ധി പാർക്കിന്റെ കാവൽക്കാരനാണ്; പക്ഷേ, ഇത്ര ചെറിയ ഒരു ഗാന്ധി പ്രതിമ ഞാൻ കണ്ടിട്ടില്ല. ഞാൻ കണ്ടിട്ടുള്ളതെല്ലാം ഗാന്ധിജിയുടെ വലിയ പ്രതിമകളാണ്. ഇങ്ങനെ ഒരു ചെറിയ ഗാന്ധി പ്രതിമയുണ്ടാക്കി നിങ്ങൾ എന്തിന് ഇവിടെ വച്ചു? അപ്പോൾ വൃദ്ധൻ മറുപടിയായി പറഞ്ഞു, ഇത് അനാച്ഛാദനം ചെയ്ത സമയത്ത് രണ്ടാൾ പൊക്കമുള്ള വലിയ ഗാന്ധിപ്രതിമ ആയിരുന്നു. എന്നാൽ ഈ ഗാന്ധിപ്രതിമ ഇവിടെ സ്ഥാപിച്ചശേഷം ഇന്ത്യ ഭരിച്ചുകൊണ്ടിരുന്ന രാഷ്ട്രീയപാർട്ടികൾ ഇവിടെയാണ് സമ്മേളനം നടത്തുന്നത്. അവരിവിടെ പറയുന്ന ഓരോ കള്ളങ്ങൾക്കും ഗാന്ധിപ്രതിമ ചെറുതായി ചെറുതായി ഇപ്പോൾ ഈ നിലയിലായി. ഇങ്ങനെ പോയാൽ ഒരു മാസത്തിനകം ഈ ഗാന്ധിപ്രതിമ ഇല്ലാതാകും എന്നാണ്. ആൽബർട്ട് ഐൻസ്റ്റീൻ പറഞ്ഞു, ഒരു പക്ഷേ വരും തലമുറകൾക്ക് ഇങ്ങനെ മജ്ജയും മാംസവുമുള്ള ഗാന്ധിജിയെന്ന മനുഷ്യൻ ഇവിടെ ജീവിച്ചിരുന്നുവെന്ന് പറഞ്ഞാൽ വിശ്വസിക്കാൻ പറ്റില്ലായെന്ന്. ആ ഗാന്ധിജിയെയാണ് ഇവർ അവഹേളിക്കുന്നത്. മഹാത്മാവേ മാപ്പ്.

പൗരത്വ ഭേദഗതി നിയമത്തിനെതിരെ രാജ്യവ്യാപകമായ പ്രക്ഷോഭത്തിന് കേരളം നേതൃത്വം നൽകുന്നുവെന്ന യാഥാർത്ഥ്യം കേന്ദ്ര സർക്കാർ തിരിച്ചറിഞ്ഞുകഴിഞ്ഞിരിക്കുന്നു. അതിനെത്തുടർന്നുള്ള പ്രതികാര നടപടികളും നമ്മൾ കാണുന്നുണ്ട്. അതിനെക്കുറിച്ചെല്ലാം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിശദമായി ഇവിടെ പറയുകയുണ്ടായി. അതിനാൽ അക്കാര്യങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഈയിടെ പാവക്കുളം ക്ഷേത്ര പരിസരത്ത് ഞാനൊരു രംഗം കണ്ടു. അമ്പലത്തിനോട് ചേർന്നുള്ള ഓഡിറ്റോറിയത്തിൽ പൗരത്വ ഭേദഗതി ബില്ലിന് അനുകൂലമായ ഒരു മീറ്റിംഗ് നടക്കുകയാണ്. ഇത് കേട്ട് അതിനടുത്തുള്ള ഒരു സഹോദരി വന്ന് ഒരു സംശയം ചോദിച്ചു. ആക്രോശിച്ചുകൊണ്ട് ആക്രമിക്കാൻ വരുന്നവരെയാണ് പിന്നീട് കണ്ടത്. അതിലൊരു സ്ത്രീ വിളിച്ചു പറയുന്നത് നമ്മൾ ടെലിവിഷനിൽ കണ്ടിരുന്നു, ഈ സിന്ദൂരപ്പൊട്ടിന്റെ അർത്ഥം എന്താണെന്ന് നിനക്ക് അറിയാമോ? എനിക്ക് രണ്ട് പെൺകുട്ടികളുണ്ട് അവരെ കാക്കമാർ കൊത്തിക്കൊണ്ട് പോകാതിരിക്കാനാണ്. ആരെങ്കിലും കൊത്തിക്കൊണ്ടു പോകാൻ നിന്നുകൊടുക്കുന്നവരാണോ കേരളത്തിലെ പെൺകുട്ടികൾ. സ്ത്രീകളെത്തന്നെ

ആക്ഷേപിക്കുന്ന തരത്തിലുള്ള ഒരു പ്രസ്താവനയാണത്. ഈ സിന്ദൂരക്കാരുടെ മഹാമനസ്കതകൊണ്ടാണ് ആ പെൺകുട്ടിയെ കൊല്ലാതെ വിട്ടതെന്ന് അവിടെ ഉണ്ടായിരുന്ന ബി.ജെ.പി. നേതാവായ ഒരു സ്ത്രീ പറയുന്നു. ഈ ധാർഷ്ട്യം, ഈ അഹങ്കാരം, ഈ ഓവർ കോൺഫിഡൻസ് എവിടെ നിന്നാണ്?

പ്രധാനമന്ത്രിയാണെങ്കിലും കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയാണെങ്കിലും ഒരു സാധാരണ പ്രവർത്തകനാണെങ്കിലും ഇതുതന്നെയല്ലേ നടക്കുന്നത്. ഞാൻ ഇക്കഴിഞ്ഞ ആഴ്ച മനുഷ്യ മഹാശൃംഖലയുടെ ഭാഗമായി വീട് വീടാന്തരം പോയപ്പോൾ അവിടത്തെ ആവേശം നേരിട്ട് കണ്ടതാണ്. നമ്മൾ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുമ്പോൾ എല്ലാ തരത്തിലുമുള്ള ജാതി-മത-രാഷ്ട്രീയ ചിന്തകളും വെടിഞ്ഞുകൊണ്ട്, സത്യം മനസ്സിലാകുമ്പോഴുള്ള അമ്മമാരുടെയും സഹോദരിമാരുടെയും ആവേശമാണ് പാറശ്ശാല മുതൽ കാസർഗോഡ് വരെ ഇത്രയും വലിയൊരു വിജയമായി കാണാൻ കഴിഞ്ഞത്. അതുകൊണ്ട് നമ്മൾ അമാന്തിച്ച് നിൽക്കാതെ വീടുകളിലെത്തി നിരന്തരം ബോധവത്കരണം നടത്തണം. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലെന്ന് പറയുമ്പോൾ ആർക്കെങ്കിലും വിഷമമുണ്ടെങ്കിൽ പ്രത്യേകമായി ചെയ്താലും മതി. പക്ഷേ, വഴികളെല്ലാം ഒന്നിച്ചായിരിക്കണം; ഒന്നിച്ച് വരണം; ഒറ്റപ്പെട്ട് പോകരുത്; വിലയ്ക്ക് വാങ്ങപ്പെടുകയും ചെയ്യരുത്; എന്നാൽ മാത്രമേ ഇന്ത്യയെ നമുക്ക് രക്ഷിക്കാൻ സാധിക്കൂ; മതേതരത്വത്തെ രക്ഷിക്കാൻ സാധിക്കൂ; നമ്മുടെ ഭരണഘടനയെ രക്ഷിക്കാൻ സാധിക്കൂ. "Democracy leads to Socialism" അതായിരിക്കണം നമ്മുടെ ശ്ലോകം എന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ ശക്തിയുക്തം എതിർക്കുന്നു. ശ്രീ. എസ്. ശർമ്മ നമുക്കെല്ലാവർക്കും ബഹുമാനമുള്ള എം.എൽ.എ. ആണ്. അദ്ദേഹത്തിന്റെ അനിതരസാധാരണമായ പ്രസംഗപാടവത്തെയും ശൈലിയേയും വ്യക്തിത്വത്തെയുമെല്ലാം ഞാൻ വളരെയധികം ആദരിക്കുന്നു. പക്ഷേ, എന്തപരാധമാണ് എൽ.ഡി.എഫ്.നോട് അദ്ദേഹം ചെയ്തതെന്ന് എനിക്കറിയില്ല. കാരണം, ഇന്നത്തെ ഗവർണർക്ക് നന്ദി പറയുക എന്നുപറഞ്ഞാൽ, കേരളീയ സമൂഹം മുഴുവൻ വെറുക്കുന്ന ഒരു വ്യക്തിക്ക് നന്ദി പറയുക, അതിനെക്കാളും വലിയ ക്രൂരതയുണ്ടോ? ആ ഒരു ക്രൂരത അദ്ദേഹത്തെക്കൊണ്ട് ചെയ്യിപ്പിച്ചത് ഏതായാലും ശരിയായില്ലെന്നാണ് എനിക്ക് പറയാനുള്ളത്. സി.പി.ഐ.(എം)-ന് ഇനിയും അദ്ദേഹത്തോടുള്ള വിരോധം തീർന്നിട്ടില്ലേ? ആ ഒരു മുൾക്കിരീടം അദ്ദേഹത്തെക്കൊണ്ട് ചൂടിപ്പിച്ചത് എന്തുകൊണ്ടും ശരിയായില്ല.

മുൻ പോലീസുദ്യോഗസ്ഥൻ എന്നനിലയിൽ ശ്രീ. ടി. പി. സെൻകുമാറിനെക്കുറിച്ച് പറയുമ്പോൾ ചില സ്വാധീനങ്ങൾ ഇപ്പോഴുമുണ്ടെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് രാവിലെ തുറന്ന് സമ്മതിച്ചത്. അതിന്റെ അർത്ഥം, ഇവിടെ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്നത് കുറേ മുൻ പോലീസ് ഉദ്യോഗസ്ഥരാണെന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മതിച്ചിരിക്കുകയാണ്. ആഭ്യന്തര വകുപ്പിൽ അദ്ദേഹത്തിന് ഒരു പങ്കുമില്ല. ശ്രീ. ടി. പി. സെൻകുമാർ, ശ്രീ. രമൺ ശ്രീവാസ്തവ തുടങ്ങിയ മുൻ ഉദ്യോഗസ്ഥരാണ് ഇവിടെ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ സഭയിൽ സമ്മതിച്ചിരിക്കുകയാണ്. ശ്രീ. കെ. വി. അബ്ദുൾ ഖാദർ ഇവിടെ ഒരുകാര്യം സൂചിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട ഗവർണറെ തിരിച്ച് വിളിക്കണമെന്ന പ്രമേയം പാസ്സാക്കി. ഇനിയെങ്ങാനും ഗവർണറെ തിരിച്ചുവിളിച്ചാൽ അദ്ദേഹത്തെക്കാൾ മോശമായ ഒരാൾ ഇവിടെ വരില്ലേ എന്ന്. അദ്ദേഹം പറഞ്ഞത് വിഡ്ഢിത്തമെന്ന് ഞാൻ പറയുന്നില്ല; അത് ബുദ്ധിശൂന്യതയായിപ്പോയി എന്നേ ഞാൻ പറയുകയുള്ളൂ. കാരണം ഇപ്പോൾ ഇന്ത്യയിലെ ജനങ്ങൾ മുഴുവനും ശ്രീ. നരേന്ദ്ര മോദിക്കും ശ്രീ. അമിത് ഷായ്ക്കും എതിരെ ധീരമായ പോരാട്ടം നടത്തുകയാണ്. ശ്രീ. നരേന്ദ്ര മോദി മാറിയാലും ശ്രീ. അമിത് ഷാ മാറിയാലും അവരെക്കാൾ മോശമായ ആൾക്കാർ വരും. അതുകൊണ്ട് ഈ സമരവും പോരാട്ടവും നിർത്തിക്കൂടേയെന്ന് ശ്രീ. കെ. വി. അബ്ദുൾ ഖാദർ നാളെ പറയുമെന്ന് പറഞ്ഞാൽ അതിൽ വലിയ അതിയശോക്തിയില്ല. ഇന്ന് അദ്ദേഹം ഇത് പറഞ്ഞിട്ടുണ്ടെങ്കിൽ ചിലപ്പോൾ നാളെ അതും പറയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ശ്രീ. ആരിഫ് മുഹമ്മദ് ഖാനെക്കുറിച്ച് ഞാൻ സി.പി.ഐ.(എം)-നോട് പറയേണ്ട ആവശ്യമില്ല. പാർലമെന്റ് പാസ്സാക്കിയ നിയമത്തിനെതിരെ മിണ്ടരുതെന്നാണ് ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ ഇപ്പോൾ കേരളീയരോടും നിയമസഭയോടും പറയുന്നത്. ശ്രീ. ആരിഫ് മുഹമ്മദ് ഖാനാണ് അത് പറയേണ്ട ആളെന്ന് നമുക്കെല്ലാവർക്കുമറിയാം. പാർലമെന്റ് പാസ്സാക്കിയ നിയമത്തെ എതിർക്കാൻ ഒരാൾക്കും അധികാരമില്ലെന്നാണ് ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ പറയുന്നത്. 1986-ൽ രാജീവ്ഗാന്ധി പ്രധാന മന്ത്രിയായിരിക്കുമ്പോൾ പാർലമെന്റ് പാസ്സാക്കിയ നിയമമാണ് മുസ്ലീം വിമൻ (പ്രൊട്ടക്ഷൻ ഓഫ് റൈറ്റ്സ് ഓൺ ഡിവോഴ്സ്) ആക്ട് 1986. ആ ആക്ട് പാർലമെന്റ് പാസ്സാക്കിയപ്പോൾ അതിൽ പ്രതിഷേധിച്ച് കോൺഗ്രസ്സിൽ നിന്ന് രാജിവയ്ക്കുക മാത്രമല്ല മന്ത്രിസ്ഥാനം രാജിവച്ചയാളാണ് ഇപ്പോഴത്തെ കേരള ഗവർണറെന്ന് നാം മനസ്സിലാക്കണം. അന്ന് അദ്ദേഹത്തെ എഴുന്നള്ളിച്ച് കേരളത്തിലേക്ക് കൊണ്ടുവന്ന ഒരു പാർട്ടിയാണ് സി.പി.ഐ.(എം). അവിടെ അദ്ദേഹത്തിന് ഒരു സ്വീകരണം നൽകി. എന്തിനാണ് സ്വീകരണം നൽകിയത്; ശരിഅത്തിനെതിരെ പ്രസംഗിക്കാൻ. ഡൽഹിയിൽ നിന്ന് ശ്രീ. ആരിഫ് മുഹമ്മദ് ഖാനെ കോഴിക്കോട്ടേക്ക് കൊണ്ടുവന്ന് ശരിഅത്തിനെതിരെ പ്രസംഗിപ്പിച്ചവരാണ് ഇന്നത്തെ മാർക്സിസ്റ്റ് പാർട്ടിയെന്നത് നമ്മൾ ഓർക്കണം.

ഒരു അന്തർധാരയെക്കുറിച്ച് ഇവിടെ പറയുന്നുണ്ടല്ലോ: ആ അന്തർധാര ഇന്ന് തുടങ്ങിയതല്ല, മുൻകാലം മുതൽ ഈ അന്തർധാരയുള്ളതാണ്. അതുകൊണ്ട് ശ്രീ. ആരിഫ് മുഹമ്മദ് ഖാനും ശ്രീ. പിണറായി വിജയനും 'ഭായി ഭായി' ആണ്. നമുക്കാർക്കും അതിലൊരു സംശയവും വേണ്ട. കോഴിക്കോട് മുതലക്കുളം മൈതാനിയിൽ ചേർന്ന ശരിഅത്ത് വിരുദ്ധ സമ്മേളനത്തിൽ അന്നത്തെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് നടത്തിയൊരു പ്രസംഗമുണ്ട്. 1400 വർഷം പഴക്കമുള്ള ഒരു കാടൻ നിയമം ഇരുപതാം നൂറ്റാണ്ടിലും മുറുകെ പിടിക്കാൻ ഏതെങ്കിലും അല്ലാഹു പറഞ്ഞാൽ, ആ അല്ലാഹുവിനെ നിങ്ങൾക്ക് വേണമോ എന്നാണ് മുതലക്കുളം മൈതാനിയിൽ പ്രസംഗിക്കുമ്പോൾ ഇ.എം.എസ്. ചോദിച്ചത്. കുറേ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുകാർ കയ്യടിച്ച് ആ പ്രസംഗത്തെ സ്വാഗതം ചെയ്തു. ദേശാഭിമാനി ദിനപ്പത്രത്തിന്റെ പഴയ കോപ്പി പരതി നോക്കിയാൽ ആ പ്രസംഗം പ്രിയപ്പെട്ട സഖാക്കൾക്ക് വായിക്കാൻ സാധിക്കും. ഇവിടെ സി.പി.ഐ. (എം) കുറേ വികാരജീവികളായ ചെറുപ്പക്കാരുടെ വികാരങ്ങളെ കുത്തിയിളക്കി താൽക്കാലിക നേട്ടത്തിനുവേണ്ടി ഞങ്ങൾ മുസ്ലീങ്ങളുടെയും ന്യൂനപക്ഷങ്ങളുടെയും കൂടെയാണെന്ന് പറയുമെന്നല്ലാതെ ആത്മാർത്ഥമായ ന്യൂനപക്ഷ സ്നേഹം അവർക്കില്ലെന്നതിൽ യാതൊരു സംശയവുമില്ല. സദ്ദാം ഹുസൈനെ കുറേക്കാലം കൊണ്ടു നടന്നു, പിന്നെ അദ്ദേഹത്തെ വിട്ടു. അതിനുശേഷം ഗുജറാത്തിലെ ഒരു സഹോദരനായ കുത്തബ്ദീൻ അൻസാരിയെ കൊണ്ടുനടന്നു, അദ്ദേഹം ഇപ്പോൾ എവിടെയുണ്ടെന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കുപോലുമറിയില്ല. അദ്ദേഹത്തെയും കയ്യൊഴിഞ്ഞു. പിന്നീട് പോത്തിനെ കൊണ്ടുനടന്ന് ബീഫ് വിളമ്പി. സദ്ദാം ഹുസൈൻ, കുത്തബ്ദീൻ അൻസാരി, പോത്ത്: അപ്പോൾ താൽക്കാലികമായി ഇവരെയെല്ലാം കൂട്ടുപിടിക്കുമെന്നല്ലാതെ സി.പി.ഐ.(എം)-ന്റെ ന്യൂനപക്ഷ പ്രേമം ആത്മാർത്ഥതയുള്ളതല്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ഇബ്രാഹിം സുലൈമാൻ സേട്ടിനെ എനിക്കും നിങ്ങൾക്കും പരിചയപ്പെടുത്തേണ്ട ആവശ്യമില്ലല്ലോ. അദ്ദേഹം മരിക്കുന്നതുവരെ നിങ്ങൾ അംഗീകരിച്ചോ? നിങ്ങൾക്ക് അംഗീകരിക്കാനുള്ള തടസ്സം അദ്ദേഹത്തിന്റെ തൊപ്പിയും താടിയുമാണെന്ന് ഞാൻ പറയും. ഇബ്രാഹിം സുലൈമാൻ സേട്ടിനെക്കുറിച്ച് നിങ്ങളുടെ നേതാവ് ഇ.എം.എസ്. എന്താണ് പറഞ്ഞത്? ഇബ്രാഹിം സുലൈമാൻ സേട്ട് സാഹിബ് ശരിഅത്ത് അനുസരിച്ച് ജീവിച്ച യഥാർത്ഥ ഒരു മത വിശ്വാസിയായിരുന്നു. ******* *. മാത്രവുമല്ല ഇബ്രാഹിം സുലൈമാൻ സേട്ട് 1980-ൽ മഞ്ചേരിയിൽനിന്നും ലോക്സഭയിലേക്ക് മത്സരിക്കുമ്പോൾ അവിടെ നിങ്ങൾ നടത്തിയ ചുമരെഴുത്തുകൂടി

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം ( ഫ.നം. 843/ ഇ.ബി/2020/നി.സെ തീയതി 04-02-2020)-ലെ രേഖയിൽനിന്നും നീക്കം ചെയ്തു.

വായിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. 'പാകിസ്ഥാൻ ചാരനായ ഇബ്രാഹിം സുലൈമാൻ സേട്ടിനെ പരാജയപ്പെടുത്തുക'. നിങ്ങൾ എഴുതി വച്ച ചുമരെഴുത്താണത്. ആ സേട്ടിനൊപ്പം ഞാനുമുണ്ടായിരുന്നു. നിങ്ങളുടെ കാപട്യം തിരിച്ചറിഞ്ഞു കൊണ്ടാണ് ഞാൻ ഇതിലേക്ക് വന്നത് ...(ബഹളം)... നിങ്ങൾ അദ്ദേഹത്തെ ഒന്നുമല്ലാതാക്കി. ...(ബഹളം)...

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്...

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, എം.എൽ.എ. ആകാൻ വേണ്ടിയല്ല; നിങ്ങളുടെ ന്യൂനപക്ഷപ്രേമം കാപട്യമാണെന്ന് മനസ്സിലാക്കിയതുകൊണ്ടാണ് ഞാൻ ലീഗിലേക്ക് വന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്...

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, നിങ്ങളെപ്പോഴും ശരിയത്തിനെതിരായിരുന്നു. നിങ്ങളിപ്പോൾ ഈ പൗരത്വ നിയമത്തിന്റെ കാര്യത്തിൽ ...(ബഹളം)... ഒരു പോയിന്റുമില്ല എനിക്ക് പറയാനുള്ളത് പറയാൻ അനുവദിക്കു. ...(ബഹളം)...

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്... പറയൂ.

ശ്രീ. റ്റി. വി. രാജേഷ്: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ബഹുമാനപ്പെട്ട അംഗം പ്രസംഗിക്കുന്ന സമയത്ത് കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രിയായ ഇ.എം.എസ്.നെക്കുറിച്ച് അങ്ങേയറ്റം വസ്തുതാവിരുദ്ധവും തെറ്റിദ്ധാരണയുളവാക്കുന്നതുമായ പ്രസ്താവന നടത്തിയിരിക്കുകയാണ്. ഇബ്രാഹിം സുലൈമാൻ സേട്ട് അദ്ദേഹത്തിന്റെ അവസാനകാലത്ത് മഹാനായ ഇ.എം.എസ്.-നോടൊപ്പം, ഇടതുപക്ഷത്തിനൊപ്പമാണ് പ്രവർത്തിച്ചിരിക്കുന്നത്. ഇ.എം.എസ്.-നെക്കുറിച്ചുള്ള അനുചിതമായ, തെറ്റായ, വസ്തുതാവിരുദ്ധമായ പ്രസ്താവന രേഖയിലുണ്ടാകാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്... യെസ്..

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ പറഞ്ഞിട്ടുള്ളത് വസ്തുതാപരമായിട്ടുള്ള കാര്യമാണ്. ശ്രീ. റ്റി. വി. രാജേഷിന്റെ പാർട്ടിയുടെ മുഖപത്രമാണല്ലോ ദേശാഭിമാനി. അതിപ്പോൾ ഡിജിറ്റലാണ്. ശ്രീ. റ്റി. വി. രാജേഷിന് 1985-ലെ ദേശാഭിമാനി ദിനപത്രം പരതി നോക്കിയാൽ ഇ.എം.എസ്.-ന്റെ ആ പ്രസംഗം കാണാം.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്... യെസ്..പ്ലീസ്... പ്ലീസ്... (ബഹളം)... കൺക്ലൂഡ് ചെയ്യൂ.....

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഇന്ത്യയിൽ നിലപാടില്ലാത്തൊരു പാർട്ടിയുണ്ടെങ്കിൽ അത് സി.പി.ഐ. (എം) ആണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും ഇല്ല. ഇവിടെ എന്തൊക്കെയാണ് പറഞ്ഞത്. ശബരിമല പ്രശ്നം വന്നപ്പോൾ എന്താണ് പറഞ്ഞത്, നിലപാടിൽ ഞങ്ങൾ ഉറച്ച് നിൽക്കും. രണ്ട് വോട്ടുകൾക്ക് വേണ്ടി ഞങ്ങളുടെ നിലപാട് മാറ്റുകയില്ല. ശബരിമലയുടെ കാര്യത്തിൽ നിങ്ങൾ നിലപാട് മാറ്റിയില്ലേ.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്...

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഇവിടെ ചിലയാളുകളെ നിങ്ങൾ എന്തൊക്കെപ്പറഞ്ഞു. ...(ബഹളം)...

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്...ശ്രീ. എൻ. എ. നെല്ലിക്കുന്ന് സമയം കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്...

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ചിലയാളുകളെ നിങ്ങൾ എന്തെല്ലാം വിളിച്ചു, അതേയാളുകളെ പിന്നീട് നിങ്ങൾ പൊന്നുമോനെ എന്ന് വിളിച്ചു. ചിലയാളുകളെ നികൃഷ്ടജീവി എന്ന് വിളിച്ചു. നാല് വോട്ടിനുവേണ്ടി അതേ ആൾക്കാരുടെ കാലുപിടിക്കാൻ നിങ്ങൾ ചെന്നു...(ബഹളം)... എന്നിട്ടാണ് പറയുന്നത് നാല് വോട്ടിനുവേണ്ടി നിലപാടുകൾ മാറ്റുകയില്ലെന്ന്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്... ഒരു മിനിട്ട്. ബഹുമാനപ്പെട്ട മന്ത്രി.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): Sir, I am raising a point of order. ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞാൽ അങ്ങ് ഇരിക്കണ്ടേ? ഒരു തമാശ പറഞ്ഞുവെന്നാണ് ആദ്യം കരുതിയത്. ഒന്ന് ശ്രീ. റ്റി. വി. രാജേഷ് ഉന്നയിച്ചു. വീണ്ടും തമാശ പറയുകയാണോ? കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രിയായ ഇ.എം.എസ് എവിടെവച്ച് എപ്പോൾ പറഞ്ഞുവെന്ന രേഖ ഹാജരാക്കാതെ ഇത് രേഖയിലുണ്ടായാൽ, രേഖ വലിച്ചുകീറി ഞങ്ങളിവിടെ കത്തിക്കും. ഇവിടെ രേഖ കൊണ്ടുവരണം. ഏത് ദിനപ്പത്രത്തിലെന്നുള്ള രേഖ ഇവിടെ ഹാജരാക്കിയാൽ അംഗീകരിക്കാം. അല്ലാത്ത കാലത്തോളം സഭാരേഖകളിൽ ഇതുണ്ടാകാൻ പാടില്ല. സീരിയസ് ആണ് ഈ പ്രശ്നം.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം. പ്ലീസ്.. കൺക്ലൂഡ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, 1985 മാർച്ച് 14-ന് കോഴിക്കോട് മുതലക്കുളം മൈതാനിയിൽ വച്ചാണ് ഇ.എം.എസ്. പ്രസംഗിച്ചത്. ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ, ക്രമസമാധാനപാലനത്തിൽ ജനങ്ങളോടുള്ള എല്ലാക്കാലത്തേയും പ്രതിബദ്ധത എന്റെ സർക്കാർ ആവർത്തിച്ച്

ഉറപ്പിച്ചുവെന്ന് പറഞ്ഞതല്ലാതെ അദ്ദേഹം കാര്യങ്ങൾ വിശദീകരിച്ചില്ല. കാരണം, അദ്ദേഹത്തിന്റെ മനഃസാക്ഷി അതിന് അനുവദിച്ചില്ല. യു.എ.പി.എ. ചുമത്തില്ലെന്ന് ഈ സർക്കാർ പറഞ്ഞു. സ്വന്തം പാർട്ടിക്കാർക്കെതിരെപ്പോലും യു.എ.പി.എ. ചുമത്തിയ സർക്കാരാണിത്.

കാട്ടാക്കട കൊലപാതകം സംബന്ധിച്ച് ഇന്ന് രാവിലെ ചർച്ച ചെയ്തതാണ്. നോബൽ സമ്മാന ജേതാവിനെ ആലപ്പുഴയിൽ ബോട്ടിൽ ബന്ദിയാക്കിയപ്പോൾ ഈ സർക്കാരിന്റെ പോലീസിന് എന്തെങ്കിലും ചെയ്യാൻ സാധിച്ചോ? പി.ഡബ്ല്യൂ.ഡി. കരാറുകാരുടെ കുടിശ്ശിക, കോളേജ് അദ്ധ്യാപകരുടെ ശമ്പള കുടിശ്ശിക എന്നിവ കൊടുത്തുതീർക്കാത്തത് സംബന്ധിച്ച് ഇവിടെ പറഞ്ഞു. ജീവനക്കാരുടെ ശമ്പള പരിഷ്കരണം അവതാളത്തിലാണ്. പിന്നെ എന്ത് നയപ്രഖ്യാപനമാണ് ബഹുമാനപ്പെട്ട ഗവർണർ നടത്തിയതെന്ന് ചോദിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ബി. സത്യൻ: സർ, ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. രാജ്യവും ലോകവും ഭീതിജനകമായ ഒരന്തരീക്ഷത്തിലൂടെയാണ് കടന്നുപോകുന്നത്. ദേശീയ പൗരത്വ ഭേദഗതി നിയമം ബി.ജെ.പി. സർക്കാർ നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ അതിനെതിരായി വലിയ പോരാട്ട സമരങ്ങളിലും പ്രക്ഷോഭ സമരങ്ങളിലും ഏർപ്പെട്ടിരിക്കുന്ന സന്ദർഭമാണ്. രണ്ട് പ്രളയവും നിപയും കടന്ന് കൊറോണ വൈറസിനെതിരായി കേരളം ഒറ്റക്കെട്ടായി, ഒത്തൊരുമിച്ച്, ഒറ്റമനുഷ്യനായി ഒരു പോരാട്ടത്തിൽ ഏർപ്പെട്ട് നിൽക്കുന്ന സന്ദർഭമാണിത്. ആ സന്ദർഭത്തിലാണ് കേരളത്തിന്റെ ഭാവിപുരോഗതിയെ മുന്നിൽ കണ്ടുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ നാലാം വർഷത്തിലേക്ക് കടക്കുന്നത്.

കഴിഞ്ഞ ദിവസം കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിക്കപ്പെട്ടു. രാജ്യം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധികളിൽക്കൂടി കടന്നുപോകുന്നു. ഇപ്പോൾ അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റ് സശ്രദ്ധം നാം വായിക്കുകയുണ്ടായി. പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം വിറ്റുതുലയ്ക്കുന്നു. തന്ത്രപ്രധാനമായ സ്ഥാപനങ്ങളിൽപ്പോലും സ്വകാര്യപങ്കാളിത്തം അനുവദിക്കാൻ തീരുമാനിച്ചിരിക്കുന്നു. അതിസമ്പന്നർക്കും കോർപ്പറേറ്റുകൾക്കും വലിയ ആശ്വാസം നൽകുന്ന ബഡ്ജറ്റാണ്. കേന്ദ്രത്തിന്റെ ഭാഗം തന്നെയാണല്ലോ സംസ്ഥാനം. ഫെഡറൽ സംവിധാനം നിലനിൽക്കുന്നതാണ്; കേന്ദ്ര-സംസ്ഥാന ബന്ധം നിലനിൽക്കുന്നതാണ്.

അയ്യായിരത്തോളം കോടി രൂപയുടെ ബാധ്യത കേരളത്തിന് വരുന്നവെന്നുള്ള കാര്യങ്ങൾ സൂചിപ്പിക്കുന്നുണ്ട്. അഭിമാനമായിട്ടുള്ള എൽ.ഐ.സി. പോലും സ്വകാര്യവത്കരിക്കാനുള്ള നീക്കമാണ് നടക്കുന്നത്. എൽ.ഐ.സി. 1956-ൽ രൂപീകൃതമായതാണ്. അഞ്ച് കോടി രൂപയിൽ ആരംഭിച്ചതാണ്. ഇപ്പോൾ 31 ലക്ഷം കോടി രൂപയുടെ വരുമാനമാണുള്ളത്. കഴിഞ്ഞവർഷം കേന്ദ്രസർക്കാരിന് നൽകിയ വിഹിതം 2,611 കോടി രൂപയാണ്. 'രാജ്യസ്നേഹികൾ' എന്ന് വിശേഷിപ്പിക്കുന്ന ശ്രീ. നരേന്ദ്ര മോദിയും ശ്രീ. അമിത് ഷായും അടങ്ങിയ ബി.ജെ.പി. സർക്കാർ ഭരിക്കുന്ന രാജ്യത്ത് പൊൻമുട്ടയിടുന്ന താറാവെന്ന് നാം വിശേഷിപ്പിക്കുന്ന എൽ.ഐ.സി.യെ തകർക്കുകയാണ്. നമ്മുടെ നാടിന്റെ അഭിമാനമാണ് ബി.പി.സി.എൽ. എന്ന നവരത്ന കമ്പനി. ഏതാണ്ട് എട്ട് ലക്ഷം കോടി രൂപയുടെ ആസ്തിയുള്ള സ്ഥാപനത്തെ 80,000 കോടി രൂപയ്ക്ക് വിൽക്കാൻ തീരുമാനിച്ചിരിക്കുന്നു എന്നാണ് അറിയുന്നത്. എണ്ണ കമ്പനികൾക്കുവേണ്ടി 1972-ൽ ഇന്ത്യ-പാകിസ്ഥാൻ യുദ്ധം നടന്ന സന്ദർഭത്തിൽ രൂപീകരിച്ചതാണ് ബി.പി.സി.എൽ. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറിയും വിൽക്കാൻ തീരുമാനിച്ചതായാണ് അറിയുന്നത്. ബി.എസ്.എൻ.എൽ.-ൽ നിന്ന് ഏതാണ്ട് ഒന്നരലക്ഷം ആളുകൾ ഇതിനകം പിരിഞ്ഞുപോയി. 1996-ലെ കോൺഗ്രസ് ഗവൺമെന്റിന്റെ ഭരണകാലത്ത് ഇവിടെ ശാസ്ത്ര ഉപദേഷ്ടാവായിരുന്ന Sam Pitroda-യുടെ നിർദ്ദേശമാണ് തൊഴിലാളികളുടെ എണ്ണം വെട്ടിക്കുറയ്ക്കൽ. ഇത് ബി.ജെ.പി. സർക്കാർ നടപ്പിലാക്കുന്നു. ഏതാണ്ട് ഒന്നരലക്ഷത്തോളം ആളുകൾ ബി.എസ്.എൻ.എൽ.-ൽ നിന്ന് പിരിഞ്ഞുപോകുന്നു. കേരളത്തിന്റെ സ്ഥിതിയും വ്യത്യസ്തമല്ല. ഈ ഘട്ടത്തിലാണ് പ്രിയപ്പെട്ട ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗം നാട് വിലയിരുത്തപ്പെടുന്നത്. അഭിമാനകരമായിട്ടുള്ള നേട്ടങ്ങളുമായി കേരളം മുന്നോട്ടുപോകുകയാണ്.

2019-ൽ പുറത്തുവിട്ട സുസ്ഥിര വികസന സൂചികയിൽ 70 പോയിന്റ് നേടി കേരളം ഒന്നാമതായി അഭിമാന നേട്ടം കൈവരിച്ച് തലയുയർത്തി നിൽക്കുന്നു. നീതി ആയോഗിന്റെ റിപ്പോർട്ടിൽ കേരളം ഒന്നാം സ്ഥാനത്ത് നിൽക്കുകയാണ്. ഇച്ഛാശക്തിയോടുകൂടി സംസ്ഥാനം ഭരിക്കുന്ന ഗവൺമെന്റ് നടപ്പാക്കാൻ പോകുന്ന പദ്ധതികളെ സംബന്ധിച്ച് കേരളാ കൗമുദി ദിനപ്പത്രത്തിൽ 2020 ജനുവരി 14-ന് എഴുതിയതാണ് 'ക്യാൻസർ കെയർ പദ്ധതി ഏറ്റവും നല്ല ആശയം. പാവപ്പെട്ട ആളുകൾക്ക് അത് ഏറ്റവും കൂടുതൽ ഗുണം ചെയ്യും'. സംസ്ഥാനത്തെ ജനങ്ങൾക്ക് അസുഖം വന്നാൽ മുഴുവൻ ചെലവും വഹിക്കുന്ന രീതിയാണ്. സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം ഉയരുകയാണ്. ആകെ അടങ്കലിന്റെ 26 ശതമാനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നീക്കിവയ്ക്കുന്നു. ഏതാണ്ട് 36,756

കോടിരൂപയുടെ അടങ്കലിൽ സംസ്ഥാന പദ്ധതിക്ക് 27,610 കോടിരൂപയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 7,158 കോടി രൂപയുമാണ്. കഴിഞ്ഞവർഷം 25 ശതമാനമായിരുന്നെങ്കിൽ ഇപ്പോൾ 26 ശതമാനമായി നീക്കിവയ്ക്കുന്നു. രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ സർവ്വകലാശാല കേരളത്തിൽ സ്ഥാപിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനം അത്യധികം ആവേശത്തോടുകൂടി യുവതലമുറ സ്വീകരിക്കുകയാണ്. പുതിയ സംരംഭത്തിലേയ്ക്ക് ഈ സംസ്ഥാനം കടക്കുകയാണ്. സ്വകാര്യ മേഖലകളിൽ പണിയെടുക്കുന്ന പാവപ്പെട്ട തൊഴിലാളികളെ ചൂഷണം ചെയ്യുന്നതിനെതിരായ നിയമം ഈ സംസ്ഥാനം പാസ്സാക്കിക്കഴിഞ്ഞു. സാധാരണക്കാർക്കായി വമ്പൻ പദ്ധതികളെന്ന പേര് പറയാതെ പതിവ് ശൈലിവിട്ട് ഏറ്റവും ശ്രദ്ധേയമായിട്ടുള്ള പദ്ധതികൾ ആവിഷ്കരിക്കാനുള്ള സംരംഭങ്ങൾ പുതുതായി അവതരിപ്പിക്കപ്പെട്ട നിർദ്ദേശങ്ങളിലുണ്ട്. പാവപ്പെട്ടവർക്കുവേണ്ടി 2 ലക്ഷം രൂപവരെ കടാശ്വാസം എത്തിക്കാനുള്ള കടാശ്വാസ കമ്മീഷൻ. 2014 ഡിസംബർ 31 വരെയുള്ള വായ്പകൾ കടാശ്വാസ പരിധിയിൽ കൊണ്ടുവരും. ഇടുക്കി, വയനാട് ജില്ലകളിൽ 2018 ആഗസ്റ്റ് 31 വരെയുള്ള വായ്പകൾക്ക് മാനദണ്ഡം ഏർപ്പെടുത്തി. സ്കൂൾ വിദ്യാഭ്യാസത്തിൽ ഗുണമേന്മയുള്ള സംസ്ഥാനമായി കേരളം മാറുന്നു. കേരളം അതിൽ 76 ശതമാനം മുന്നിലാണ്. സാമ്പത്തിക അച്ചടക്കം, അദ്ധ്യാപക നിയമനത്തിലെ സുതാര്യത, ഹാജർ സംവിധാനം, അദ്ധ്യാപക പരിശീലനം എന്നിവയിൽ കേരളം മുന്നിലാണ്. കേരളത്തിലെ സ്കൂളുകൾ വികസന പാതയിലെന്ന് നീതി ആയോഗ് അഭിപ്രായപ്പെട്ടു. ഏറ്റവും പിന്നിൽ ഉത്തർ പ്രദേശാണ്. അങ്ങനെ സ്തുത്യർഹമായ നേട്ടവുമായി കേരളം മുന്നോട്ടുവന്നിരിക്കുന്നു. രാജ്യത്തെ ഭക്ഷ്യസുരക്ഷാ സൂചികയിൽ കേരളം ഒന്നാമതാണ്. രാജ്യത്തെ ഏറ്റവും പ്രയാസവും ദുരിതപൂർണ്ണവുമായ ജീവിതം നയിക്കുന്ന ദുർബല വിഭാഗത്തിൽപ്പെട്ട രണ്ട് ലക്ഷത്തോളം പേർക്ക് 'ലൈഫ് പദ്ധതി'യിലൂടെ അടച്ചുറപ്പുള്ള വീടുണ്ടാക്കിക്കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു.

പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളിൽ ഏതാണ്ട് 15776 പേർക്ക് ഭവന നിർമ്മാണത്തിനുള്ള ഭൂമി നൽകാൻ ഈ സർക്കാരിന് കഴിഞ്ഞു. 3 വർഷം കൊണ്ട് 45 ലക്ഷം പേർക്കുകൂടി ശുദ്ധജലമെത്തിക്കാനുള്ള പദ്ധതി ജലസേചന വകുപ്പ് തയ്യാറാക്കിയിരിക്കുന്നു. ഈ പദ്ധതിയുടെ പ്രയോജനം 26 നഗരങ്ങളിലും 160 ഗ്രാമപഞ്ചായത്തുകളിലും 10 ജില്ലകളിലും നടപ്പിലാക്കാൻ പോകുന്നു. പൊതുശുചിത്വത്തിന് 954 കോടി രൂപയുടെ പദ്ധതി. പുതിയ പെൻഷൻകാരായി 17.20 ലക്ഷം പേർ കടന്നുവന്നു. ഈ സർക്കാർ പെൻഷൻ ഇനത്തിൽ ഇതുവരെ 18141.18 കോടി രൂപ നൽകി. എൽ.ഡി.എഫ്. സർക്കാർ ചുമതലയേറ്റതു മുതൽ

ഇതുവരെ സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതികളിൽ 1,275,810 പേർ പുതുതായി അംഗങ്ങളായി. ആ നിലയിൽ പാവപ്പെട്ടവർക്കുള്ള ക്ഷേമപദ്ധതികൾ തുടരുന്നു. പുനരധിവാസമില്ലാത്ത 10 ലക്ഷം പേർക്ക് നോർക്ക റൂട്ട്സ് വഴി തൊഴിലുറപ്പാക്കാൻ കഴിയുന്ന പദ്ധതി രൂപീകരിച്ചു. നവകേരള സൃഷ്ടിക്കുവേണ്ടി കാർഷിക രംഗത്ത് നെൽകൃഷി വ്യാപിപ്പിക്കാൻ അതിബൃഹത്തായ പദ്ധതിക്ക് രൂപം നൽകി. ഇന്നുവരെ നടപ്പിലാക്കാത്ത സെമി ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതി. അതുപോലെ 45 മീറ്റർ വീതിയിൽ 600 കിലോമീറ്റർ, തിരുവനന്തപുരം-കാസർഗോഡ് പാത ഇരട്ടിപ്പിക്കലിന് ഏകദേശം 44000 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. അതിന്റെ സ്ഥലമെടുപ്പിന് 21496 കോടി രൂപ ആവശ്യമാണ്. അതിൽ സംസ്ഥാന വിഹിതമായി 5374 കോടി രൂപ നൽകാൻ കിഫ്ബിയും പൊതുമരാമത്ത് വകുപ്പും തീരുമാനിച്ചു. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നീളുന്ന ആദ്യത്തെ പദ്ധതിയാണിത്. ഭാവിയിൽ import tax ഉൾപ്പെടെ ഏർപ്പെടുത്തി ഈ പദ്ധതി വിജയകരമാക്കി മാറ്റാൻ കഴിയുമെന്ന് കരുതുന്നു. പാവപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഏതാണ്ട് 1300 പേർക്ക് തൊഴിൽ നൽകുന്നതിന് ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി വിവിധ സംരംഭകരുമായി ആലോചിച്ച് വിപുലമായ പദ്ധതിക്ക് രൂപം നൽകുകയാണ്. ഇടതുപക്ഷ ജനാധിപത്യ മതേതര പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വലിയ നേട്ടങ്ങൾ ആർജ്ജിക്കാൻ കഴിഞ്ഞ കാലമാണിത്.

ആരോഗ്യ മേഖലയിലെ കാര്യങ്ങൾ കൂടുതൽ പറയുന്നില്ല. കാരുണ്യ സുരക്ഷാ പദ്ധതി മുതൽ ഏറ്റവും നന്നായി ആരോഗ്യ പരിപാലനരംഗം മുന്നേറുന്ന കാഴ്ച നാം കാണുകയാണ്. നീതി ആയോഗിന്റെ കണക്കുപ്രകാരം വിദ്യാഭ്യാസ-ആരോഗ്യ രംഗത്തേയ്ക്കുള്ള വലിയ കുതിച്ചുചാട്ടം കേരളത്തിൽ സംജാതമായി. നേരത്തെ സൂചിപ്പിച്ച സാമൂഹ്യ സുരക്ഷാരംഗത്തുൾപ്പെടെ വലിയ നേട്ടങ്ങൾ കൈവരിച്ച് ഇടതുപക്ഷ ജനാധിപത്യ മതേതര പ്രസ്ഥാനം മുന്നോട്ടുപോകും.

കേന്ദ്ര-സംസ്ഥാന ബന്ധങ്ങളുടെ ഭാഗമായിട്ടാണ് കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും തുല്യ പദവിയും അംഗീകാരവുമുള്ളത്. ഇത് അറിയാത്തതുകൊണ്ടാണ് ശ്രീ. എൻ. എ. നെല്ലിക്കുന്ന് അടക്കമുള്ള പലരും ഇവിടെ സംസാരിച്ചത്. ഭരണഘടനപ്രകാരം നിയമസഭയിൽ ഗവർണർ, അത് ആരോ ആയിക്കോട്ടെ, നയപ്രഖ്യാപനം നടത്തേണ്ട എന്നാണോ? അതിവിടെ ആരും പറഞ്ഞില്ല. ജനാധിപത്യ സംവിധാനത്തിൽ ഭരണഘടനപ്രകാരം ഫെഡറൽ സംവിധാനം നിലനിൽക്കുന്ന സംസ്ഥാനത്ത് നിയമസഭയ്ക്ക് ഗവർണർ ആരായിരുന്നാലും നയപ്രഖ്യാപനം നടത്താനും അതിനനുസരിച്ച് കാര്യങ്ങൾ ചർച്ച

ചെയ്യാനുമുള്ള പ്രാഥമികവും ആധികാരികവുമായ അവകാശമുണ്ട്. അതുപയോഗിച്ച് കാര്യനിർവ്വഹണം നടത്തി മുന്നോട്ടുപോകുന്ന സന്ദർഭത്തിൽ ഇ. എം. എസ്.-നെക്കുറിച്ചുപോലും എന്തും വിളിച്ചുപറയുന്ന നിലയിലേയ്ക്ക് സഭാംഗങ്ങളുടെ നിലവാരം താഴുന്നതിനെക്കുറിച്ച് സഹതപിക്കാനേ കഴിയുകയുള്ളൂ. സഭയിൽ ഇല്ലാത്തവരെക്കുറിച്ചും ഈ രാജ്യത്തെ നയിച്ച മഹാത്മാക്കളെക്കുറിച്ചും നടത്തുന്ന പരാമർശങ്ങൾ സഭാരേഖയിലുണ്ടാകാൻ പാടില്ല. അങ്ങത് പരിശോധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. ലോകത്തെ മലയാളികൾ മുഴുവൻ വിശ്വാസമർപ്പിച്ച അവരുടെ സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കുമൊപ്പം ഉയർന്ന ഒരു സർക്കാരിന്റെ നയങ്ങളും പ്രവർത്തനങ്ങളുമാണ് ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിലൂടെ നമ്മൾ കേട്ടത്. ഇത്രയേറെ പ്രതിസന്ധികൾ നേരിടേണ്ടിവന്ന ഒരു സർക്കാർ ഇതിനുമുമ്പുണ്ടായിട്ടില്ല. എന്നാൽ പ്രതിസന്ധികളെല്ലാം തരണം ചെയ്യാനും ജനങ്ങൾക്ക് സുരക്ഷിതത്വബോധം പ്രദാനം ചെയ്യാനും ഈ സർക്കാരിനു കഴിഞ്ഞു എന്നതാണ് ഇതിന്റെ പ്രത്യേകത. ജനങ്ങൾ പ്രതീക്ഷിക്കുന്ന തിളക്കമാർന്ന ഭാവികേരളം പടുത്തുയർത്താൻ ഈ സർക്കാരിനു കഴിയുമെന്ന ഉത്തമദൃഷ്ടാന്തമാണ് ഈ നയപ്രഖ്യാപന പ്രസംഗം. തുടർച്ചയായി വന്ന പ്രകൃതിക്ഷോഭങ്ങളും കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സമ്മർദ്ദങ്ങളുമടക്കം ഒട്ടനവധി വെല്ലുവിളികളുണ്ടെങ്കിൽക്കൂടി അതിനെയെല്ലാം അതിജീവിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ലോകത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് കാലത്തിനൊപ്പം സഞ്ചരിക്കാൻ നമ്മുടെ സംസ്ഥാനത്തെ പ്രാപ്തമാക്കിയതിൽ കിഫ്ബിയുടെ പങ്ക് വലുതാണ്. 50000 കോടി രൂപയുടെ പ്രവർത്തനങ്ങൾക്ക് കിഫ്ബി വഴി അനുമതി നൽകിയെന്നതാണ് കേരളത്തിന്റെ വികസന ചരിത്രത്തിലെ ഒരു നാഴികക്കല്ലായി നമുക്ക് പറയാനുള്ളത്. റോഡുകൾ, പാലങ്ങൾ, ആശുപത്രികൾ, സ്കൂൾ-കോളേജ് കെട്ടിടങ്ങൾ തുടങ്ങി നിർമ്മാണപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കിഫ്ബി പദ്ധതികൾവഴി കഴിയുന്നു. 1344 ദിവസങ്ങൾക്കുള്ളിൽ 25 വർഷംകൊണ്ട് നേടാവുന്ന വികസന നേട്ടങ്ങളാണ് ഈ സർക്കാർ നേടിയെടുത്തിട്ടുള്ളത്. അറിയാത്ത അത്ഭുതങ്ങളെക്കാൾ അറിയുന്ന നിളയെയാണ് സ്നേഹിക്കാൻ എനിക്കിഷ്ടം എന്ന് കേരളത്തിന്റെ സ്വന്തം എഴുത്തുകാരൻ ശ്രീ. എം. ടി. വാസുദേവൻ നായർ പറയുകയുണ്ടായി. ലോകത്തിന്റെ മാറ്റങ്ങൾക്കൊപ്പം സഞ്ചരിച്ചപ്പോഴും കേരളത്തിന്റെ തനതായ സാംസ്കാരിക പാരമ്പര്യം ഉയർത്തിക്കാട്ടുന്നതിനായി ഈ സർക്കാർ സാംസ്കാരിക രംഗത്ത് കൈക്കൊണ്ട നടപടികൾ ശ്ലാഘനീയമാണ്. നമ്മുടെ മാതൃഭാഷയെ ലോകമാകെ

പ്രചരിപ്പിക്കുന്നതിനായി മലയാളം മിഷന്റെ പ്രവർത്തനം 31 രാജ്യങ്ങളിൽ വ്യാപിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിച്ചു. നമ്മുടെ കലാകാരന്മാരെ ആഗോളതലത്തിൽ എത്തിക്കാൻ സഹായിക്കുന്ന റൂറൽ ആർട്സ് ഹബ് രൂപീകരിക്കുന്ന സാംസ്കാരികയിടങ്ങൾ, എല്ലാ ജില്ലകളിലും തിയേറ്റർ സമുച്ചയങ്ങൾ തുടങ്ങി കലയും സംസ്കാരവും അതിന്റെ മൂല്യം നഷ്ടപ്പെടാതെ ലോകോത്തരമാക്കി മാറ്റുന്നതിന് സർക്കാർ സ്വീകരിച്ചു

വരുന്ന നടപടികൾ ശ്ലാഘനീയമാണ്. റോഡായാലും കെട്ടിടങ്ങളായാലും നിർമ്മാണ പ്രവർത്തനങ്ങളുടെ കാര്യത്തിൽ സർക്കാർ രൂപീകരിച്ച പുതിയ കാലം, പുതിയ നിർമ്മാണം എന്ന നയം ഈ മേഖലയിൽ അതിന്റെ ഗുണമേന്മ ഉറപ്പുവരുത്താനുള്ളതാണ്. നൂതന സാങ്കേതികവിദ്യകൾ റോഡുനിർമ്മാണത്തിൽ കൊണ്ടുവരുന്നതിനും നിർമ്മിക്കപ്പെടുന്ന റോഡുകളുടെ ആയുസ്സ് വർദ്ധിപ്പിക്കുന്നതിനും കൈക്കൊണ്ട നടപടികൾ സർക്കാരിന് എന്നും ചരിത്രത്തിൽ അടയാളപ്പെടുത്താൻ തക്കതാണ്.

കേരളത്തിന്റെ ഗതാഗത മേഖലയിൽ വലിയ മാറ്റങ്ങൾ പ്രതീക്ഷിക്കുന്ന സിൽവർ ലൈനിലൂടെ, കാസർഗോഡ് -തിരുവനന്തപുരം യാത്ര 4 മണിക്കൂറായി കുറയുമ്പോൾ വലിയ മാറ്റങ്ങൾക്കാണ് തുടക്കം കുറിക്കാൻ പോകുന്നത്. വാട്ടർ ബസ്, ജലപാതയുടെ വികസനം തുടങ്ങി നിരവധി പദ്ധതികൾക്ക് ഗതാഗത മേഖലയിൽ രൂപം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

നോട്ട് നിരോധനം വന്നപ്പോൾ കേരളത്തിലെ സഹകരണ ബാങ്കുകൾ തകരുമെന്ന പ്രചരണമുണ്ടായിരുന്നു. എന്നാൽ ഇനി ഒരു ശക്തിക്കും തകർക്കാൻ കഴിയാത്തവിധമുള്ള കേരള ബാങ്കിന്റെ രൂപീകരണം സർക്കാരിന്റെ മികച്ച നേട്ടമാണ്. 825 ശാഖകളും 65000 കോടി രൂപയുടെ മൂലധന നിക്ഷേപവുമായി കേരള ബാങ്ക് ഇപ്പോൾ രണ്ടാം സ്ഥാനത്താണ്. പ്രാഥമിക സഹകരണ സംഘങ്ങൾ ഇതിൽ ലയിക്കുന്നതോടുകൂടി കേരളത്തിലെ പ്രഥമ ബാങ്കായി കേരള ബാങ്ക് മാറുകയാണ്. ഒരു നാടിനെ താങ്ങിനിർത്തുന്ന തൂണുകളിലൊന്നായി സഹകരണ മേഖല മാറിയിട്ടുണ്ട്. അതോടൊപ്പം ഒരേ മേഖലാ ഉല്പന്നങ്ങൾക്ക് ഒരേ ബ്രാൻഡ് നൽകിയതും കൺസ്യൂമർഫെഡ് ഓൺലൈനാക്കിയതും ഈ മേഖലയുടെ വളർച്ചയ്ക്ക് സർക്കാർ സ്വീകരിച്ച ശ്ലാഘനീയമായ നടപടികളാണ്. എന്നും എക്കാലവും കേരളത്തിനു മുന്നിൽ അടയാളപ്പെടുത്തുന്ന വിദ്യാഭ്യാസം, ആരോഗ്യം എന്നീ രംഗങ്ങളിൽ ഈ സർക്കാരിന്റെ ഭരണകാലത്തുണ്ടായ വലിയ നേട്ടങ്ങളെക്കുറിച്ച് പറയേണ്ടതില്ലല്ലോ. മത്സ്യത്തൊഴിലാളികളുടെ ഭവന പദ്ധതിയും ക്ഷേമകാര്യങ്ങളിൽ ഈ സർക്കാർ നടപ്പിലാക്കിയതും ഇനി നടപ്പിലാക്കാൻ പോകുന്നതുമായ

പദ്ധതികളും തീരദേശ മേഖലയുടെ വികസന ചരിത്രത്തിൽ ഒരു സുവർണ്ണാദ്ധ്യായം കുറിക്കുന്നതാണ്. മത്സ്യബന്ധന തുറമുഖങ്ങൾ ഇതിനുമുമ്പ് വെറും പ്രഖ്യാപനങ്ങളിൽ ഒതുങ്ങിയെങ്കിലും അത് പ്രാവർത്തികമാക്കുന്നത് എങ്ങനെയാണെന്ന് ഈ സർക്കാർ തെളിയിച്ചിരിക്കുകയാണ്.

സംഘ്പരിവാറിന്റെ അജണ്ട നടപ്പിലാക്കി കേന്ദ്രം ഭരിക്കുന്ന നരേന്ദ്ര മോദി സർക്കാർ എഴുതിയുണ്ടാക്കി ബഹുമാനപ്പെട്ട പ്രസിഡന്റ് വായിച്ച നയപ്രഖ്യാപനത്തിൽ ചരിത്രം വളച്ചൊടിക്കുന്ന എന്തെല്ലാമാണ് പറഞ്ഞിട്ടുള്ളത്! പൗരത്വ ഭേദഗതി നിയമം നടപ്പിലാക്കിയത് ഗാന്ധിജിയുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കപ്പെടാനാണെന്നാണ് പറഞ്ഞിരിക്കുന്നത്. ഗാന്ധിജിയുടെ വാക്കുകളിൽനിന്ന് അല്പം ചിലത് അടർത്തിയെടുത്ത് ഇതായിരുന്നു ഗാന്ധിജിയുടെ സ്വപ്നമെന്ന് വിളിച്ചുപറഞ്ഞ് രാജ്യത്തിന്റെ പരമോന്നത പദവിയിലിരിക്കുന്ന ഇന്ത്യൻ പ്രസിഡന്റിനെക്കൊണ്ടുപോലും കളവ് പറയിക്കാൻ കേന്ദ്ര ഗവൺമെന്റിന് കഴിഞ്ഞു. ഇന്ത്യയുടെ വിശ്വസ്തരായിരിക്കുന്ന ഇന്ത്യൻ മുസ്ലീങ്ങളെ നാം പൂർണ്ണഹൃദയത്തോടെ വിശ്വസിക്കണമെന്ന് ഇതോടൊപ്പം ഗാന്ധിജി പറഞ്ഞത് പറയാൻ അവർ വിട്ടുപോയി എന്നതാണ് ഇതിലെ സത്യം. ഇന്ത്യ ഒരു ഹിന്ദു രാജ്യമായാൽ ലോകത്തിനുമുന്നിൽ തലയുയർത്തി നിൽക്കാമെന്നും അങ്ങനെയൊരു ഹിന്ദു രാജ്യമെന്ന സ്വപ്നം സാക്ഷാത്ക്കരിക്കാതെ പോയത് ഗാന്ധിജി ജീവിച്ചിരിക്കുന്നതുകൊണ്ടാണെന്നും പറഞ്ഞ സംഘ് പരിവാർ ശക്തികളാണ് പ്രസിഡന്റിനെക്കൊണ്ട് ഇത്തരത്തിലുള്ള കാര്യങ്ങൾ കഴിഞ്ഞ നയപ്രഖ്യാപനത്തിൽ പറയിപ്പിച്ചത്. ഗാന്ധിജിയെക്കുറിച്ച് പറയുന്നവർ വിവേകാനന്ദ സ്വാമികളെ മറന്നുപോയി. 'ഞാൻ എന്റെ രാഷ്ട്രത്തെക്കുറിച്ച് അഭിമാനം കൊള്ളുന്നു, ലോകത്തിലെ നാനാഭാഗങ്ങളിൽ നിന്നും എത്തിയ അഭയാർത്ഥികളെ ജാതിയുടെയോ മതത്തിന്റെയോ പേരിൽ വേർതിരിക്കാതെ സ്വാഗതം ചെയ്ത നാടാണ് എന്റെ രാജ്യം' എന്ന് ഉറക്കെ വിളിച്ചുപറഞ്ഞ സ്വാമിയുടെ ഉദ്ധരണികൾ ഇവർ മറന്നുപോയി. രാജ്യത്തെ ജനങ്ങളെ ഓരോ തവണയും പറ്റിക്കുന്ന തരത്തിൽ പച്ചക്കള്ളം പ്രചരിപ്പിക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാർ മുന്നിട്ടുനിൽക്കുകയാണ്. നോട്ട് നിരോധനം തീവ്രവാദത്തിന് തടയിടാനാണെന്ന് ആദ്യം പറഞ്ഞു. ആസാമിൽ എൻ.ആർ.സി. (National Register of Citizens) നടപ്പാക്കുന്നത് എല്ലാ ഇന്ത്യൻ പൗരന്മാരെയും ഒരേപോലെ കാണാനാണെന്ന് വീണ്ടും പറഞ്ഞു. ഇപ്പോൾ പൗരത്വ ഭേദഗതി നിയമം നടപ്പാക്കുന്നത് ഗാന്ധിജിയുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാനാണെന്നും പറഞ്ഞിരിക്കുകയാണ്. ഇനിയും ഇവരുടെ കള്ളത്തരവും വഞ്ചനയും ഏറ്റുവാങ്ങാൻ രാജ്യത്തെ ജനങ്ങൾ തയ്യാറല്ല എന്നതിന്റെ പ്രഖ്യാപനമാണ് രാജ്യത്തെ മതനിരപേക്ഷിത ജനത ഉയർത്തുന്ന പ്രതിഷേധങ്ങൾ. ഈ പ്രതിഷേധങ്ങൾ നമുക്ക് മുന്നോട്ട്

കൊണ്ടുപോകേണ്ടതുണ്ട്. ഈ നയം തിരുത്തുന്നതുവരെ രാജ്യത്തെ ന്യൂനപക്ഷങ്ങൾക്കുവേണ്ടിയുള്ള സമരങ്ങളിൽ നമ്മൾ മുന്നോട്ട് പോകുമെന്നുള്ള പ്രതിജ്ഞ കൂടിയാണ് ഈ അവസരത്തിലുണ്ടാകേണ്ടത്. കേന്ദ്രം അവതരിപ്പിച്ച ബഡ്ജറ്റിന്റെ നിജസ്ഥിതി നമ്മൾ മനസ്സിലാക്കണം. കേന്ദ്ര ബഡ്ജറ്റിൽ പോലും പ്രൈവറ്റൈസേഷനാണ്. ഗൗതം അദാനി, മുകേഷ് അംബാനി എന്നിവരുടെ അക്കൗണ്ടന്റുമാർ തയ്യാറാക്കിയ ബഡ്ജറ്റ്. ബഡ്ജറ്റിന്റെ തലേദിവസം ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ അത് വായിപ്പിച്ചപ്പോൾ അവർ തലചുറ്റി വീഴുന്നത് നമ്മൾ കണ്ടു. ജെ.എൻ.യു.-വിൽ പഠിച്ച ഒരു വിദ്യാർത്ഥിയായതു കൊണ്ടാണ് ആ ബഡ്ജറ്റിന്റെ ഉള്ളടക്കം മുഴുവനും വായിച്ചപ്പോൾ അവർ ബോധം കെട്ടുവീണത് എന്നാണ് ഡൽഹിയിലെ പിന്നാമ്പുറങ്ങളിൽ നിന്നും കേൾക്കുന്ന വാർത്തകൾ. കാരണം, അവർപോലും അറിയാത്ത, ഇന്ത്യയെ വിറ്റുതുലയ്ക്കുന്ന നിരവധി പ്രഖ്യാപനങ്ങൾ കേട്ടപ്പോൾ ജെ.എൻ.യു.-വിലെ ഒരു പൂർവ്വ വിദ്യാർത്ഥിയെന്ന നിലയിൽ അവർ ബോധംകെട്ടുപോയി. അത്രയും മോശമായ ഒരു ബഡ്ജറ്റാണ് കഴിഞ്ഞ ദിവസങ്ങളിലുണ്ടായത്. അതുകൊണ്ടുതന്നെ ഇത് എതിർക്കപ്പെടേണ്ടതാണ്.

ഇവിടെ ശ്രീ. എൻ. എ. നെല്ലിക്കുന്ന് വളരെ വികാരഭരിതനായി ന്യൂനപക്ഷ പ്രീണനത്തിനുവേണ്ടി സി.പി.ഐ.(എം) നടത്തുന്ന കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. പ്രീണനനയം നടത്താൻ വിരുതുള്ളത് മുസ്ലീം ലീഗിനാണെന്ന് എല്ലാവർക്കുമറിയാം. കാരണം, കഴിഞ്ഞ ദിവസങ്ങളിൽ യുവമോർച്ചയുടെ ഒരു ഫണ്ട് പിരിവ് ഉദ്ഘാടനം ചെയ്ത് സംസാരിച്ച ഒരു കാര്യമുണ്ടായിരുന്നു. അതുപോലെതന്നെ ബഹുമാനപ്പെട്ട പാണക്കാട് സയ്യദ് മുഹമ്മദലി ശിഹാബ് തങ്ങൾ സോമയാഗത്തിൽ പങ്കെടുത്തുകൊണ്ട് മറ്റൊരു സീനുണ്ടാക്കി. ഇതിനെല്ലാം പുറമേ പൗരത്വരേഖ സ്വീകരിച്ചുകൊണ്ട് ലീഗിന്റെ ചില നേതാക്കൾ പങ്കെടുത്ത കാര്യങ്ങളുമുണ്ട്. പക്ഷേ, അതൊന്നും ഞാനിവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. കാരണം, മുസ്ലീംലീഗിനെ ഏറ്റവും കൂടുതൽ അറിയുന്ന മലപ്പുറം ജില്ലയിലെ എം.എൽ.എ. എന്ന നിലയിൽ എല്ലാ പ്രസംഗങ്ങളിലും അവരെക്കുറിച്ച് പറയുന്നത് എനിക്ക് താല്പര്യമില്ലെങ്കിലും ഒരു കാര്യം പറയാം. 1921-ലെ മലബാർ കാർഷിക ലഹള എന്നറിയപ്പെടുന്ന ഒന്നാം സ്വാതന്ത്ര്യസമര കാലത്ത് മുസ്ലീംലീഗുണ്ടാക്കിയ നേട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് മലബാറിൽ ആ പാർട്ടി വളർന്ന പാണക്കാട് സയ്യദ് മുഹമ്മദലി ശിഹാബ് തങ്ങൾ സോമയാഗത്തിൽ പങ്കെടുത്തത്. ഏതായാലും പൗരത്വ ബില്ലിനെ അടിസ്ഥാനമാക്കി അത്തരത്തിലൊരു നേട്ടത്തിന് നിങ്ങൾ ശ്രമിക്കരുത്. കാരണം ബി.ജെ.പി. ഭരിക്കുന്ന ഇന്ത്യയിൽ നമ്മൾ ചെയ്യേണ്ടത് ഒന്നിച്ച് നിന്നുള്ള പോരാട്ടമാണെന്ന് മാത്രം ഓർമ്മിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഹുമാനപ്പെട്ട പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കുറേയേറെ കാര്യങ്ങൾ ചെയ്തു. ആരോഗ്യം, പൊതുമരാമത്ത്, വിദ്യാഭ്യാസം എന്നീ മേഖലകളിൽ ചെയ്തിരിക്കുന്ന കാര്യങ്ങളെ ചെറുതായി കാണുന്നില്ല. അക്കാര്യങ്ങളെല്ലാംകൂടി ഗവർണറെക്കൊണ്ട് വായിപ്പിച്ചു എന്നതാണ് ഈ ഗവൺമെന്റിന്റെ നേട്ടം. അതല്ലാതെ പ്രത്യേക നയമൊന്നും അതിൽ ഞാൻ കാണുന്നില്ല. നിങ്ങൾ ചെയ്ത കാര്യങ്ങളെല്ലാം ഗവർണറെക്കൊണ്ട് പ്രസംഗിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ. പൗരത്വ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം സമരരംഗത്താണ്. നമ്മൾ ഇവിടെ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി. അതിൽക്കൂടുതൽ എന്താണ് വേണ്ടത്? കേരളം മുഴുവനും പ്രകടനം നടത്തി ജനങ്ങളുടെ മനസ്സിലേയ്ക്ക് ഈ വികാരം കടത്തിവിട്ടു. 96 ശതമാനം മുസ്ലീങ്ങളുള്ള ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ താമസിക്കുന്നയാളാണ് ഞാൻ. ഇന്ന് ഇരു വിഭാഗങ്ങളുംകൂടി നടത്തുന്ന ഈ സമരംകൊണ്ട് കിട്ടിയിരിക്കുന്ന ലാഭം എന്താണെന്നറിയാമോ; പാവപ്പെട്ട മുസ്ലീം വനിതകളുടെയും കുഞ്ഞുങ്ങളുടെയും മനസ്സിൽ അരക്ഷിതബോധം വളർന്നിരിക്കുന്നു. ഇന്ത്യയിൽ സുരക്ഷിതരാണോ എന്ന ഭയത്തിലാണവർ. ഇന്ത്യയിൽ ജനിച്ചുവളർന്ന ഒരു മുസൽമാന് ആര് ശ്രമിച്ചാലും പൗരത്വം കൊടുക്കാതിരിക്കാൻ കഴിയുമോ? അങ്ങനെയൊരു സംഭവമുണ്ടാകാൻ പോകുന്നുണ്ടോ? നടക്കാത്ത കാര്യം പറഞ്ഞ് സമരം ചെയ്ത് പാവപ്പെട്ട മുസ്ലീം സഹോദരങ്ങളെ ഭീതിയിലാക്കുന്നു. എന്റെ നാട്ടിൽ ജനിച്ച ആർക്കെങ്കിലും പൗരത്വമില്ലെങ്കിൽ എവിടെയും പോയി അത് വാങ്ങാൻ എനിക്ക് തന്റേടമുണ്ട്. എന്റെ നാടിനോട് എനിക്ക് ഉത്തരവാദിത്വമുണ്ട്. അതുകൊണ്ടാണ് പറയുന്നത്. അപ്പോൾപ്പിന്നെ ആർക്കുവേണ്ടിയാണ് നിങ്ങൾ സമരം ചെയ്യുന്നത്; ഈ പരാജയഭീതി ജനങ്ങളിലുണ്ടാക്കുന്നത്?

ഇവിടെ ഗവൺമെന്റുണ്ട്, അഞ്ചുപൈസ കയ്യിലില്ല. നാളെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സഹകരണ ജീവനക്കാരുടെ സമരം ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണാ, ദൈവത്തെ ഓർത്ത് ആ സമരം ഉദ്ഘാടനം ചെയ്യാൻ അങ്ങ് പോകരുത്. സഹകരണ മേഖലയിലെ ശമ്പളമെത്രയാണ്? ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഇരിപ്പുണ്ടല്ലോ; ഒരു പൈസ സഹകരണ മേഖലയിൽ കൂട്ടിക്കൊടുത്താൽ നിങ്ങളെ ദൈവം ശിക്ഷിക്കും, ഈ ഗവൺമെന്റിനെയും. ഞാൻ ഒരു ബാങ്കിലെ കാര്യം പറയാം. ഒരു ബാങ്കിൽ ആറാം ക്ലാസ്സ് വിദ്യാഭ്യാസ യോഗ്യതയുള്ള 74,000 രൂപ ശമ്പളം വാങ്ങുന്ന രണ്ട് പ്യൂൺമാരുണ്ട്. 72,000 രൂപ ശമ്പളം വാങ്ങുന്ന ഒരു പ്യൂണുണ്ട്. 90,000 രൂപ ശമ്പളം വാങ്ങുന്ന ഒരു കീപ്പറുണ്ട്. ഇനി എങ്ങോട്ടാണ് ശമ്പളം കൂട്ടിക്കൊടുക്കുന്നത്; മനഃസാക്ഷി വേണ്ടേ? സംസ്ഥാന റവന്യൂ വരുമാനത്തിന്റെ 42.8 ശതമാനവും അഞ്ചര ലക്ഷത്തോളം വരുന്ന അദ്ധ്യാപകരും സെക്രട്ടേറിയറ്റ്-ഇതര

വകുപ്പുദ്യോഗസ്ഥരും ചേർന്ന് കൊണ്ടുപോകുകയാണ്. 24 ശതമാനം നികുതിപ്പണവും പോകുന്നത് പെൻഷനുവേണ്ടിയാണ്. 18 ശതമാനം നിങ്ങൾ ഇരുകക്ഷികളുംകൂടി വാങ്ങിയ പണത്തിന് പലിശ കൊടുക്കുകയാണ്. 84.8 ശതമാനം റവന്യൂ വരുമാനം ഇങ്ങനെ പോകുകയാണ്. ബാക്കി 15 ശതമാനം ഉപയോഗിച്ചാണ് ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകൾ കൈകാര്യം ചെയ്യുന്നത്. ഇത് എങ്ങനെ മുന്നോട്ടുപോകും? കൃഷിക്കാരനെപ്പറ്റി പറയുമ്പോൾ, തെറ്റിദ്ധരിക്കരുത്, ഞാൻ ഉത്തരവാദിത്വത്തോടുകൂടി പറയുകയാണ്. അഞ്ചേക്കർ റബ്ബർ തോട്ടത്തിലെ വരുമാനം ഞാൻ പരിശോധിച്ചു. ഒരു വർഷത്തെ വരുമാനം 60,000 രൂപ, ഒരു പ്യൂണിന്റെ വരുമാനം എത്രയാണ്; ഒരു എൽ.ഡി. ക്ലാർക്കിന് മാസം 25,000 രൂപ ശമ്പളമുണ്ട്. ഒരു വർഷം അവന് 3 ലക്ഷം രൂപ ലഭിക്കും. അഞ്ചേക്കർ ഭൂമിയുള്ള ഒരു റബ്ബർ കൃഷിക്കാരന് ഒരു വർഷം 60,000 രൂപയാണ് ലഭിക്കുന്നത്. ഒരു എൽ.ഡി. ക്ലാർക്കിനൊപ്പം അവന് വരുമാനമുണ്ടാകണമെങ്കിൽ എത്ര നാൾ വേണം? അഞ്ച് ഏക്കറിന് 60,000, പത്തേക്കറിന് 1.2 ലക്ഷം, ഇരുപതേക്കറിന് 2.40 ലക്ഷം. 25 ഏക്കർ റബ്ബർ തോട്ടമുള്ള കൃഷിക്കാരന് തുല്യമാണ് ഒരു എൽ.ഡി. ക്ലാർക്ക്. കൃഷിക്കാരനെ വളർത്തുമെന്ന് പറഞ്ഞിട്ട് എന്താണ് നിങ്ങൾ ചെയ്യുന്നത്? കൃഷിക്കാരന്റെ കാര്യം പറയുമ്പോൾ, 25 ഏക്കർ റബ്ബർ തോട്ടമുള്ളവൻ സമ്പന്നനെന്നാണ് പറയുന്നത്. അവന് കഞ്ഞി കുടിക്കാൻ മാർഗ്ഗമില്ല. ഇവിടെ എൽ.ഡി. ക്ലാർക്കിന് 3 ലക്ഷം രൂപ വാർഷിക വരുമാനം ലഭിക്കുന്നു. പ്യൂണിന് 23,000 രൂപ ശമ്പളമില്ലേ? നിങ്ങൾ ഇതൊന്നും കാണുന്നില്ല. ഇവിടത്തെ പാവപ്പെട്ട കൃഷിക്കാരൻ ഇന്ന് വേദനിച്ച് ജീവിക്കുകയാണ്. ചോദിക്കാനും പറയാനും ആരുമില്ല. അതുപോലെ ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലും ആനുകൂല്യം പ്രഖ്യാപിച്ചപ്പോൾ 5 ഏക്കറാണ് വച്ചത്. നാണമില്ലേ ശ്രീ. എ. കെ. ബാലൻ, നിങ്ങളുടെ ഗവൺമെന്റ് അത് 2.5 ഏക്കറായി ചുരുക്കിയല്ലോ; നിങ്ങളുടെ മനസ്സാക്ഷി എവിടെപ്പോയി? നിങ്ങൾക്ക് തൊഴിലാളിവർഗ്ഗ സർവ്വാധിപത്യമാണ്. എനിക്ക് എതിർപ്പില്ല. പക്ഷേ, മനസ്സാക്ഷി വേണം. കർഷകന് ജീവിക്കണം. അവൻ പട്ടിണി കിടന്ന് ചാകുകയാണ്. ആ ചാകുന്നവരുടെ പ്രതിനിധിയായാണ് പറയുന്നത്. മനസ്സാക്ഷിയില്ലാതെ പോകാൻ കഴിയില്ല.

നിങ്ങൾ ശമ്പള കമ്മീഷനെ നിയോഗിച്ചിരിക്കുകയാണ്. ആർക്കാണ് ഇനി ശമ്പളം? കഴിഞ്ഞ ശമ്പള കമ്മീഷൻ റിപ്പോർട്ട് നിങ്ങളുടെ ഗവൺമെന്റ് ഒന്ന് വായിക്കണം. എന്താണ് കമ്മീഷൻ പറഞ്ഞിരിക്കുന്നത്; ഇങ്ങനെയുള്ള ശമ്പള വർദ്ധനവ് തെറ്റാണ്. അഞ്ച് വർഷം കൂടുമ്പോൾ ശമ്പളം വർദ്ധിപ്പിക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. കേന്ദ്ര ഗവൺമെന്റിൽപോലും പത്ത് വർഷം കൂടുമ്പോഴാണ് ശമ്പളം പരിഷ്കരിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ കെ. കൃഷ്ണൻകുട്ടി): സർ, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ലാഭത്തിലെ ഒരു വിഹിതം കർഷകന് അവകാശപ്പെട്ടതാണെന്ന് അംഗീകരിക്കുന്നുണ്ടോ; അതിനുവേണ്ടി താങ്കൾ മുൻകയ്യെടുക്കുമോ? കേരളത്തിൽ 40 ലക്ഷം ടൺ അരി വിൽക്കുന്നുണ്ട്. 40 രൂപയാണ് ഒരു കിലോ അരിയുടെ വില. അതിൽ ഒരു രൂപ മാറ്റിവച്ചാൽ 400 കോടി രൂപ ലഭിക്കും. 400 കോടി രൂപ ലഭിച്ചാൽ ഒരു ഏക്കർ കൃഷി ചെയ്യാൻ 15,000 രൂപ കൊടുക്കാം. പണിയെടുക്കുന്ന മൂന്ന് തൊഴിലാളിക്ക് 2,500 രൂപ വച്ച് കൊടുത്താൽ 50 കോടി രൂപയാകും. ബാക്കി 350 കോടി രൂപയുണ്ടാകും. കൃഷിക്കാരനെ രാജ്യസേവകനായി അംഗീകരിക്കാൻ യാതൊരു ബുദ്ധിമുട്ടുമില്ല. ജി.എസ്.ടി വന്നതുകൊണ്ട് കേരളത്തിന് മാത്രമായി നടപ്പാക്കാൻ ബുദ്ധിമുട്ടുണ്ട്. അത് കേന്ദ്ര സർക്കാരാണ് നടപ്പാക്കേണ്ടത്. നമുക്ക് ഒരുമിച്ച് അക്കാര്യം ആവശ്യപ്പെടുന്നതിനെക്കുറിച്ച് എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. പി. സി. ജോർജ്: സർ, എനിക്ക് അക്കാര്യത്തിൽ ഒരു തർക്കവുമില്ല. ചക്ക വറുത്തെടുത്താൽ മൂല്യവർദ്ധിതമാകും. അത് എവിടെ കൊടുത്ത് പണം വാങ്ങും? അതാണ് ഞാൻ ചോദിക്കുന്നത്. മൂല്യവർദ്ധിതമായതുകൊണ്ടുമാത്രം കർഷകൻ രക്ഷപ്പെടില്ല. ഞാൻ തറപ്പിച്ചു പറയുകയാണ്. റവന്യൂ വരുമാനത്തിന്റെ 15 ശതമാനംകൊണ്ട് ജീവിക്കാൻ സാധ്യമല്ല. പുതിയ ശമ്പള കമ്മീഷൻ നിലവിൽ വന്നിരിക്കുകയാണ്. 14,000 കോടി രൂപ. അതിന്റെ കണക്കുപറയാൻ സമയമില്ലാത്തതുകൊണ്ട് അതിലേയ്ക്ക് പോകുന്നില്ല. അതിൽ ഒരു ഏഴായിരം കോടി രൂപയുണ്ടെങ്കിൽ കേരളത്തിലെ മൂന്ന് കോടി അറുപത് ലക്ഷം ജനങ്ങളും സമ്പന്നരായി ജീവിക്കും. അതിന് പണമില്ല. പത്ത് ലക്ഷം ആളുകൾക്ക് വേണ്ടി 14,000 കോടി രൂപ കൊടുക്കാൻ പോകുന്ന നിങ്ങളുടെ നടപടി തെറ്റാണ്. മൂന്ന് കോടി അമ്പത് ലക്ഷം ആളുകൾ പട്ടിണി കിടക്കുകയാണ്. ഇതുമനസ്സിലാക്കാതെ നിങ്ങൾ പെരുമാറരുത്. ശമ്പളവർദ്ധനവ് അനുവദിക്കാൻ പാടില്ലെന്ന ശക്തമായ അഭിപ്രായംകൂടി ഞാൻ രേഖപ്പെടുത്തുന്നു. ഒരു കാരണവശാലും ശമ്പളവർദ്ധനവുമായി മുന്നോട്ടു പോകരുതെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ചുരുക്കുന്നു.

ശ്രീ. മാത്യു ടി. തോമസ്: സർ, നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. 2016 മേയ് 25-ാം തീയതി അധികാരത്തിൽ വന്ന ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ അഞ്ചാമത്തെ നയപ്രഖ്യാപനമാണ് ഈ സഭയിൽ നടത്തിയിരിക്കുന്നത്. നാല് വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത തരത്തിലുള്ള സുസ്ഥിരവികസനം നാട്ടിൽ കൊണ്ടുവരാൻ കഴിഞ്ഞ ഗവൺമെന്റാണിത്. മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത

പ്രതിസന്ധികൾ ഈ നാല് കൊല്ലക്കാലം സംസ്ഥാനത്തുണ്ടായി. 2017-ലെ വരൾച്ച, നിപ വൈറസ്, ഓഖി ദുരന്തം, 2018-ലെ മഹാപ്രളയം ഇപ്പോൾ കൊറോണ വൈറസ്, കേന്ദ്ര നയത്തിന്റെ ഭാഗമായുള്ള അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധി, കേന്ദ്രത്തിന്റെ ശത്രുതാനയം തുടങ്ങി പ്രതികൂല സാഹചര്യങ്ങൾ നിലനിൽക്കുമ്പോഴാണ് ഒരു കാലഘട്ടത്തിലുമില്ലാത്ത സുസ്ഥിര വികസനം കൈവരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിരിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ മാത്രമല്ല, ജനസുരക്ഷയ്ക്കു വേണ്ടിയും സർക്കാർ ആശുപത്രികളിലെ സേവനങ്ങൾക്കുവേണ്ടിയും വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതടക്കമുള്ള സുവ്യക്തമായ കാഴ്ചപ്പാടോടുകൂടി കഴിഞ്ഞ മൂന്നേമുക്കാൽ വർഷത്തോളം പ്രവർത്തിക്കാൻ കഴിഞ്ഞുവെന്നതാണ് വസ്തുത. നന്ദിപ്രമേയ ചർച്ചയിൽ പ്രതിപക്ഷം പ്രധാനമായും ഉന്നംവയ്ക്കുന്നത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവതരിപ്പിക്കുന്നതിന് നോട്ടീസ് നൽകിയ ഉപക്ഷേപത്തിന്മേലാണ്. സഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയത്തിന് സമാനമൊന്നുമല്ല. സഭ പാസ്സാക്കിയ പ്രമേയം രാജ്യത്തെ മുഴുവൻ ബാധിക്കുന്ന പൗരത്വ ഭേദഗതി നിയമത്തെ സംബന്ധിച്ചാണ്. എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. പി. സി. ജോർജ് ഒരു മുസ്ലീം സഹോദരങ്ങൾക്കും ഇവിടെ പൗരത്വം കിട്ടാതെ പോകില്ലെന്ന് ഉറപ്പിച്ചുപറഞ്ഞു. അദ്ദേഹത്തിന് പ്രസംഗിക്കാനുള്ളത് രണ്ടു മിനിട്ടാണ്. ആറ് മിനിട്ടെടുത്തു. രണ്ട് മിനിട്ടിൽ ഒരു മിനിട്ട് ബി.ജെ.പി.യുടേതായിരിക്കാം. അതുകൊണ്ട് ആദ്യഭാഗം കുറച്ചധികം പൗരത്വ നിയമത്തിന് അനുകൂലമായി സംസാരിച്ചു. 1975 ജൂൺ മാസം 25- ാം തീയതി അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാ ഗാന്ധി വച്ചുനീട്ടിയ അടിയന്തരാവസ്ഥ പ്രഖ്യാപനത്തിൽ ഒപ്പുവച്ച ഇന്ത്യയുടെ മുൻരാഷ്ട്രപതി ഫക്രുദ്ദീൻ അലി അഹമ്മദിന്റെ പിൻതലമുറക്കാർക്ക് ഇപ്പോൾ പൗരത്വം കിട്ടുന്നില്ല. അവർ ഇപ്പോൾ പൗരത്വ രജിസ്റ്ററിന് പുറത്താണ്. അപ്പോൾ സംഘ് പരിവാറും ബി.ജെ.പി.യും പ്രചരിപ്പിക്കുന്ന, ഒരു മുസ്ലീം സഹോദരരും രാജ്യത്തിന് പുറത്തുപോകില്ലെന്ന അവരുടെ ശബ്ദം ഈ സഭയിൽ ഉയർന്നുകേട്ടത് സങ്കടകരമായിപ്പോയി എന്നുപറയാനാണ് ഞാൻ ശ്രമിക്കുന്നത്. രാഷ്ട്രം നിലനിൽക്കുന്നത് ഒരു അടിത്തറയിലാണ്. ഇന്ത്യ നിലനിൽക്കുന്നത് നമ്മുടെ ഭരണഘടനയിലാണ്. അതിന്റെ സത്തയാണ് ജനാധിപത്യവും മതേതരത്വവും. ജനാധിപത്യം മരിക്കുന്നിടത്ത് മതേതരത്വം ഇല്ലാതാകും. തിരിച്ചും സംഭവിക്കാം. മതേതരത്വമാണ് ആദ്യം നശിക്കപ്പെടുന്നതെങ്കിൽ മതേതരത്വത്തിന്റെ നാശത്തിലൂടെ ജനാധിപത്യത്തിന്റെ ഇല്ലായ്മയാണ് നാം ക്ഷണിച്ചുവരുത്തുന്നത്. നമ്മുടെ രാജ്യത്തെ മതേതരത്വം ഇല്ലാതാക്കാൻ സംഘ് പരിവാറും ബി.ജെ.പി.യും നടത്തുന്ന പരിശ്രമങ്ങൾ ആത്യന്തികമായി ഇന്ത്യയുടെ മഹത്തായ ജനാധിപത്യമൂല്യങ്ങളെയായിരിക്കും തകർത്തെറിയാൻ ഇടയാക്കുകയെന്ന

തിരിച്ചറിവ് നമുക്കെപ്പോഴും ആവശ്യമാണ്. അതുകൊണ്ട് അന്നത്തെ പ്രമേയം ഏകകണ്ഠേനയായിരുന്നെങ്കിൽ ഇന്നത്തേത് അത്തരത്തിലുള്ള വിഷയമല്ല. 1989-ൽ നടന്ന ചർച്ചയെക്കുറിച്ച് പലരും ഇവിടെ സൂചിപ്പിച്ചു. ഇത് അതിന് സമാനമല്ല. അന്ന് പ്രതിപക്ഷനേതാവായിരുന്ന കെ. കരുണാകരൻ അത്തരത്തിലൊരു ചർച്ച നടത്തുന്നത് സഭയുടെ അന്തസ്സിന് ചേരുന്നതല്ലെന്ന് പറഞ്ഞപ്പോൾ പഴയ നിയമസഭാ മന്ദിരത്തിൽ മൂന്നാം നിരയിലിരുന്ന ഡെസ്കിലടിച്ച് പ്രോത്സാഹിപ്പിച്ച ആളാണ് ഇന്നത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്. ഞാനും ആ സഭയിലുണ്ടായിരുന്നു, ആ ചർച്ചയിൽ പങ്കെടുത്തയാളാണ്. സർക്കാർ നൽകിയ പാനൽ വെട്ടിത്തിരുത്തി, തൊട്ടുമുമ്പ് മാത്രം സംസ്ഥാനത്തെത്തിയ ഗവർണർ സെനറ്റിലേയ്ക്ക് വേറെ ചില പേരുകൾ കൂട്ടിച്ചേർത്തു എന്നതാണ് വിഷയം. സിൻഡിക്കേറ്റിൽ പ്രിഫറൻസ് വോട്ട് എന്ന രീതിയിലാണത് ചെയ്തത്. ചാൻസലറെപ്പറ്റിയാണ് പ്രസംഗമെങ്കിലും ആത്യന്തികമായി അത് ഗവർണർക്കെതിരെയുള്ളതായതു കൊണ്ട് ചർച്ച ചെയ്യാൻ പാടില്ലെന്ന് അന്നത്തെ പ്രതിപക്ഷനേതാവ് കെ. കരുണാകരന്റെ പ്രസംഗത്തിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. ഗവർണർക്ക് ഈ പേരുകൾ എവിടെനിന്ന് കിട്ടി എന്നതാണ് വിഷയം. അതൊരു അഡ്മിനിസ്ട്രേറ്റീവ് ആക്ഷനാണ്. കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സിന് കൊടുത്ത ശിപാർശയ്ക്ക് വിരുദ്ധമായി ഗവർണർ നടത്തിയ ഭരണപരമായ നടപടിയെയാണ് അന്ന് ചോദ്യം ചെയ്തത്. ഇന്ന് അതല്ല. ക്യാമറയും മൈക്കും കാണുമ്പോൾ ചിലർക്കുള്ള സ്വഭാവം, ഗവർണർ എന്ന ഉന്നത പദവിയിലിരിക്കുന്ന ആളിനുണ്ടാകാൻ പാടില്ലെന്ന കാര്യത്തിൽ തർക്കമില്ല. കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സിന്റെ ശിപാർശയെ തള്ളിക്കളഞ്ഞു എന്ന വിഷയമില്ലാത്തതുകൊണ്ട് അതിന് സമാനമാണ് ഇതെന്ന് കരുതാൻ കഴിയില്ല. ഇവിടത്തെ പ്രശ്നമെന്താണ്? പൗരത്വ വിഷയത്തിൽ സംസ്ഥാന സർക്കാരും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും രാജ്യത്ത് നേടിയിരിക്കുന്ന മേൽക്കൈ എങ്ങനെ നഷ്ടപ്പെടുത്താമെന്ന ഗവേഷണത്തിലാണ് ബഹുമാനപ്പെട്ട പ്രതിപക്ഷം. അതിന്റെ ഭാഗമായുള്ള മറുമരുന്ന് അന്വേഷിച്ചുകൊണ്ട് നടക്കുകയാണ്, ഇതൊന്നും അതിന് പോരാ. രക്തസാക്ഷി മണ്ഡപത്തിൽ നമ്മളൊരുമിച്ച് സമരം ചെയ്തു. നമുക്ക് ഒരുമിച്ചിരിക്കാമെന്ന് ഞാനാണ് പറഞ്ഞതെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത്. അതിനെക്കുറിച്ച് കഴിഞ്ഞദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിച്ചതിനാൽ ഞാൻ അതിലേയ്ക്ക് പോകുന്നില്ല. നിയമസഭാ സമ്മേളനം വിളിച്ചുകൂട്ടുന്ന സമയത്തും അന്നും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു, ഞാനാണ് പറഞ്ഞതെന്ന്. അപ്പോൾ ഒരു ഉൾവിളി യു.ഡി.എഫ്.-ലെ ചിലർക്കുണ്ടായി. ഈ പ്രക്ഷോഭത്തിൽ ഇങ്ങനെ യോജിച്ച സമരവുമായി പോയാൽ കേരളം രാജ്യത്തുതന്നെ മുൻപന്തിയിലായിരിക്കും. രാജ്യത്തിന്റെ ജനാധിപത്യവും മതേതരത്വവും സംരക്ഷിക്കുന്ന പോരാട്ടത്തിലും പ്രക്ഷോഭത്തിലും

കേരളത്തിന്റെ മുഖ്യമന്ത്രിയും ഇടതുപക്ഷ ജനാധിപത്യമുന്നണിയും മുൻപന്തിയിൽ വരുന്ന ഒരു സാഹചര്യമൊഴിവാക്കണമെന്ന് അവർ ആഗ്രഹിച്ചു. അന്നുമുതൽ ഈ സംയുക്ത നീക്കങ്ങൾ വേണ്ടെന്ന് തീരുമാനിച്ചു. അതുകൊണ്ട് തന്നെ മനുഷ്യ മഹാശൃംഖലയിൽ യു.ഡി.എഫ്. പങ്കെടുത്തില്ല. എൽ.ഡി.എഫ്.-ന്റെ പരിപാടിയിൽ യു.ഡി.എഫ്. പങ്കെടുക്കാത്തതിനാൽ മനുഷ്യ മഹാശൃംഖല പരാജയപ്പെട്ടോ? ഇല്ലല്ലോ. എൽ.ഡി.എഫ്.-ന്റെ പ്രവർത്തകർ മാത്രമാണോ അതിൽ പങ്കെടുത്തത്? അല്ല. മത-ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടവർ മാത്രമാണോ പങ്കെടുത്തത്? അല്ല. ഈ രാജ്യത്തിന്റെ മതേതരത്വം സംരക്ഷിക്കണമെന്നാഗ്രഹിക്കുന്ന മുഴുവൻ ജനാധിപത്യ വിശ്വാസികളും ആ മനുഷ്യ മഹാശൃംഖലയിൽ പങ്കെടുത്തത് നാം കാണുകയുണ്ടായി. നാട്ടിൽ വികസന പ്രവർത്തനങ്ങൾ നടത്തുക, ഇവിടത്തെ പ്രതിസന്ധികളെ ഒന്നൊന്നായി അഭിമുഖീകരിച്ച് അതിജീവിക്കുക, അതോടൊപ്പം രാജ്യത്തിന്റെ ഭരണഘടന ഉറപ്പുനൽകുന്ന ഉദാത്തമൂല്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള രാഷ്ട്രീയ ഇടപെടൽ നടത്തുക എന്നിവയ്ക്ക് മുൻകയ്യെടുക്കുന്ന സംസ്ഥാന സർക്കാരിന്റെ നയപ്രഖ്യാപനമാണ് ബഹുമാന്യനായ ഗവർണർ ഈ സഭയിൽ അവതരിപ്പിച്ചത്.

1985-ലെ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ഒരു പ്രസംഗത്തെ സംബന്ധിച്ച് ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെ സൂചിപ്പിച്ചു. അദ്ദേഹം ഇപ്പോൾ നൽകിയ രൂപത്തിലല്ല ആ പ്രസംഗത്തിന്റെ വ്യാഖ്യാനം. ഞാൻ അതിലേയ്ക്കല്ല കടക്കുന്നത്. 1985-നുശേഷം 2010 വരെയുള്ള 25 വർഷം, അതായത് കാൽനൂറ്റാണ്ട് കാലം ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയോടൊപ്പമായിരുന്നു. രണ്ടോ മൂന്നോ തവണയെങ്കിലും എൽ.ഡി.എഫ്.ന്റെ സ്ഥാനാർത്ഥിയായി അദ്ദേഹം തെരഞ്ഞെടുപ്പിൽ മത്സരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരു വ്യാഖ്യാനം ഇപ്പോൾ ആവശ്യമില്ലായിരുന്നുവെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ബി.ജെ.പി.-ക്കും ആർ.എസ്.എസ്.-നും വളരാനുള്ള വളക്കൂറുള്ള മണ്ണായി ഭാരതത്തിന്റെ ചില മേഖലകളെ മാറ്റിക്കൊടുത്തത് ആരാണ്? ഒരു സംശയവും വേണ്ട, കോൺഗ്രസ് തന്നെയാണ്. 1980-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിനുശേഷമാണ് ബി.ജെ.പി. രൂപം കൊള്ളുന്നത്. അതിനുമുമ്പ് ജനതാപാർട്ടിയുടെ ഭാഗമായി നിന്നിട്ടുണ്ട്. മൊറാർജി ദേശായി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ആർ.എസ്.എസ്.-ന്റെ പരിപാടികളൊന്നും നടന്നിട്ടില്ല. ലോക്സഭയിലേയ്ക്ക് ആദ്യമായി മത്സരിച്ചത് 1984-ലാണ്. അവരുടെ രണ്ട് എം.പി.-മാരാണ് ജയിച്ചത്. അതിനുശേഷം 1989-ൽ 80-ലധികം എം.പി.-മാരായി വളർന്നുവരാനുള്ള സാഹചര്യമുണ്ടായത് രാമജന്മഭൂമി തുറന്നുകൊടുത്തുകൊണ്ടുള്ള പ്രഖ്യാപനം രാജീവ് ഗാന്ധി നടത്തിയതുകൊണ്ടാണ്. പിന്നീട് കോൺഗ്രസ് ഭരിക്കുന്ന സമയത്ത്, അതായത് നരസിംഹ റാവു ഗവൺമെന്റിന്റെ

കാലഘട്ടത്തിലല്ലേ ബാബ്റി മസ്ജിദ് തകർന്നുവീണത്. അങ്ങനെ ബി.ജെ.പി.-യുടെയും സംഘ് പരിവാറിന്റെയും ആർ.എസ്.എസ്.-ന്റെയും പരിപാടികൾ ഇവിടെ നടപ്പിലാക്കിയത് കോൺഗ്രസ് ഭരിക്കുന്ന കാലഘട്ടത്തിലാണ്. അവർക്ക് വളരാനുള്ള സാഹചര്യമൊരുക്കിക്കൊടുത്തത് കോൺഗ്രസാണ്. ഇന്ന് എതിർപ്പുകൾ കോൺഗ്രസിന്റെ കയ്യിൽ നിൽക്കില്ല. രാജ്യത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുമ്പോൾ അവയെ ചെറുത്തുനിൽക്കാനുള്ള പ്രക്ഷോഭങ്ങളിൽ നമുക്കൊന്നിച്ച് അണിനിരക്കണം. ചില കാര്യങ്ങളിൽ വ്യത്യസ്തതകൾ നിലനിർത്തിക്കൊണ്ടുതന്നെ, രാജ്യത്തിന്റെ നിലനിൽപ്പിനുവേണ്ടി, ഭരണഘടന ഉറപ്പുനൽകുന്ന മൂല്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ഒരുമിച്ച് നിൽക്കാൻ കഴിയണം. ഇക്കാര്യത്തിൽ സംസ്ഥാനത്തെ ഗവൺമെന്റ് കൈക്കൊണ്ട നടപടിയെ മുന്നോട്ടുകൊണ്ടുപോകാനാകണമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ജോർജ് എം. തോമസ്</u>: സർ, നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ 600 ഇനം വാഗ്ദാനങ്ങളുടെ പൂർത്തീകരണവും ഭാവിയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ചുള്ള കാഴ്ചപ്പാടും വ്യക്തമായി അവതരിപ്പിക്കുന്നതാണ് ഗവർണറുടെ പ്രസംഗം. ഇന്ന് നമ്മുടെ രാജ്യം നേരിടുന്ന ഗുരുതരമായ പ്രതിസന്ധികളിൽ രാഷ്ട്രീയ പ്രശ്നങ്ങളും അഭിസംബോധന ചെയ്യുന്നുണ്ട്. മന്ത്രിസഭ അംഗീകരിച്ച നയപ്രഖ്യാപന പ്രസംഗം ഗവർണർ പൂർണ്ണമായും വായിക്കില്ലെന്നാണ് പലരും പ്രതീക്ഷിച്ചിരുന്നത്. വായിക്കാതിരിക്കാൻ ഉപരോധം ഏർപ്പെടുത്താനാണ് 29-ാം തീയതി ബഹുമാനപ്പെട്ട പ്രതിപക്ഷം ഇവിടെ പരിശ്രമിച്ചത്. ഇവിടെ നിന്ന് നോക്കുമ്പോൾ ഒരു ചങ്ങാതി നാടകം കളിക്കുന്നതുപോലെ തറയിൽ വീഴുന്നതുകണ്ടു. എന്നാൽ പത്രങ്ങളിൽ വന്ന വാർത്ത, വാച്ച് ആൻഡ് വാർഡുമായുള്ള ഉന്തിത്തള്ളലിൽ അവർ തള്ളിയിട്ടുവെന്നാണ്. യഥാർത്ഥത്തിൽ അയാൾ ബോധപൂർവ്വം വീഴുകയായിരുന്നു.

4.00 P.M.]

അങ്ങനെ ഉപരോധിക്കാൻ ശ്രമിച്ചെങ്കിലും ബഹുമാനപ്പെട്ട ഗവർണർ മന്ത്രിസഭ അംഗീകരിച്ച എല്ലാ വാചകങ്ങളും ഇവിടെ വായിക്കുകയുണ്ടായി. അതൊരു പൊളിറ്റിക്കൽ ഡിപ്ലോമസിയുടെ വിജയമാണ്. ബഹുമാനപ്പെട്ട ഗവർണർ തന്നെ സൂചിപ്പിച്ചു, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യപ്പെട്ടതുപ്രകാരം ഞാൻ വായിക്കുകയാണെന്നാണ്. അതിനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ ഡിപ്ലോമസിയുടെ വിജയമായി കാണാൻ കഴിയും. ഇവിടെ ഭരണഘടനയെ സംരക്ഷിക്കാനുള്ള പുതിയ കാലഘട്ടത്തിലെ പോരാട്ടത്തിൽ

യോജിച്ചുനിൽക്കാൻ പ്രതിപക്ഷാംഗങ്ങൾക്ക് കഴിയുന്നില്ലെന്നത് ഖേദകരമായ വസ്തുതയാണ്. ശബരിമല പ്രശ്നം വന്നപ്പോൾ ബി.ജെ.പി.-യുടെ സമരത്തോടൊപ്പം സ്വന്തം കൊടിപിടിക്കാതെ പോകാൻ അണികളെ ആഹ്വാനം ചെയ്ത കോൺഗ്രസ് നേതൃത്വം രാജ്യത്തിന്റെ നിലനിൽപ്പിന് ഭീഷണിയാകുന്ന ഈ പ്രശ്നത്തിൽ യോജിച്ച സമരത്തിന് ആഹ്വാനം ചെയ്യുന്നില്ലെന്ന മാത്രമല്ല അതിനു നേർവിപരീത സമീപനം സ്വീകരിക്കുന്നത് ഖേദകരമായ കാര്യമാണ്. കോൺഗ്രസിന്റെ അഖിലേന്ത്യാ നേതൃത്വം വിളിച്ചുകൂട്ടിയ യോഗത്തിൽ ഏതാണ്ട് ഇരുപതോളം രാഷ്ട്രീയ പാർട്ടികൾ പങ്കെടുക്കുകയുണ്ടായി. ആ യോഗത്തിൽ വച്ച് കോൺഗ്രസ് നേതൃത്വം ആഹ്വാനം ചെയ്തത്, കേരള മുഖ്യമന്ത്രിയെയും കേരളത്തെയും മാതൃകയാക്കണമെന്നാണ്. കോൺഗ്രസിനുകൂടി ഭരണപങ്കാളിത്തമുള്ള നിരവധി സംസ്ഥാനങ്ങളിൽ കേരളം പാസ്സാക്കിയതുപോലുള്ള നിയമം പാസ്സാക്കാൻ ശ്രീമതി സോണിയാ ഗാന്ധി അവരുടെ അണികളെ ആഹ്വാനം ചെയ്യുന്ന നില വന്നുചേർന്നു. കേരളത്തിൽ CAA (Citizenship Amendment Act), NPR (National Population Register), NRC (National Register of Citizens) തുടങ്ങിയ നിയമങ്ങൾ നടപ്പിലാക്കില്ലെന്നും ഇവിടെ കരുതൽ പാളയങ്ങളുണ്ടാകില്ലെന്നും ആർ.എസ്.എസ്.-ന്റെ അജണ്ട നടപ്പിലാക്കലല്ല തങ്ങളുടെ ലക്ഷ്യമെന്നും വളരെ വ്യക്തമായി പറഞ്ഞിട്ടുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ മുസ്ലീം ജനസമൂഹത്തിൽ ഒരു വലിയ വിഭാഗമാളുകൾ ഉമർ ബിൻ ഖതാബിനെ കാണുന്നതുപോലെയാണ് ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. ഖലീഫമാരിൽ ഏറ്റവും അംഗീകാരം നേടിയ ഒരാളായിരുന്നു ഉമർ ബിൻ ഖതാബ്. അദ്ദേഹത്തിന്റെ സ്ഥാനത്താണ് ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഈ നാട്ടിലെ ജനങ്ങൾ പ്രതീക്ഷയോടെ നോക്കിക്കാണുന്നത്. അദ്ദേഹം മലപ്പുറത്ത് നടത്തിയിട്ടുള്ള ഒരു പ്രസംഗം ഏറെ ആവേശകരമായിരുന്നു. ഹിന്ദു-മുസ്ലീം ഐക്യത്തിന്റെ പ്രാധാന്യവും മലപ്പുറത്തിന്റെ രാഷ്ട്രീയ പശ്ചാത്തലവുമെല്ലാം ഉൾപ്പെടുത്തിയ പ്രസംഗം സമീപകാലത്ത് അദ്ദേഹം കേരളത്തിൽ നടത്തിയവയിൽ ഏറ്റവും മികച്ചതായാണ് എനിക്ക് തോന്നുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ മനുഷ്യ മഹാശൃംഖല ബഹിഷ്കരിക്കാൻ തീരുമാനിച്ചെങ്കിൽപ്പോലും വലിയ വിജയമായി മാറുകയുണ്ടായി. കോഴിക്കോട് നഗരത്തിലെ ഒരു പള്ളിയിൽ ഇഷാ ബാങ്ക് കൊടുത്തതിനുശേഷം ഇമാമായി നിൽക്കുന്ന ആൾ പറയുകയാണ്, ഇപ്പോൾ മനുഷ്യ മഹാശൃംഖലയുടെ സമയമായതുകൊണ്ട് നമ്മുടെ നിസ്കാരം പിന്നെയാണ്. മനുഷ്യശൃംഖലയിൽ പങ്കെടുത്ത് തിരിച്ചുവന്നിട്ട് നിസ്കരിക്കാമെന്ന് ഇമാം പറയുക എന്നാൽ എന്താണ് അതിന്റെ സ്ഥിതിയെന്ന് നിങ്ങൾ ആലോചിക്കണം. കോഴിക്കോട് അങ്ങാടിയിലെ പള്ളിയിൽ സംഭവിച്ചതാണ്; സത്യവുമാണ്. ഇതുപോലെ ആളുകൾ സ്വമേധയാ വന്നുചേരുക എന്നുപറഞ്ഞാൽ നിങ്ങൾക്കത് ഊഹിക്കാൻ കഴിയില്ല.

മുസ്ലീംലീഗ് നേതാവ് ശ്രീ. കെ. എം. ബഷീർ മനുഷ്യമഹാ ശൃംഖലയിൽ സ്വമേധയാ വന്നതാണ്; ഞങ്ങളാരും കൂട്ടിക്കൊണ്ടുവന്നതല്ല. പങ്കെടുത്തതിന്റെ പേരിൽ മുസ്ലീംലീഗ് അദ്ദേഹത്തെ പുറത്താക്കുകയാണ് ചെയ്തത്. നിങ്ങൾ എന്നെ പുറത്താക്കിയാലും ഇതുപോലുള്ള സമരങ്ങളിൽ ഇടതുപക്ഷത്തോടൊപ്പം ഇനിയും ഞാൻ പങ്കെടുക്കും എന്നാണ് അദ്ദേഹം പറഞ്ഞത്. ആയിരക്കണക്കിനാളുകളാണ് പങ്കെടുത്തത്. ശ്രീ. എം. ജി. എസ്. നാരായണനെ പോലുള്ള ചരിത്രകാരന്മാർ, ശ്രീമതി പി. വത്സലയെപോലുള്ള എഴുത്തുകാർ തുടങ്ങി സമൂഹത്തിന്റെ നാനാമേഖലയിലുള്ളവർ പങ്കെടുത്ത, സമീപകാല കേരളം കണ്ട ഏറ്റവും ഉജ്ജ്വലമായ ജനപങ്കാളിത്തമുള്ള സമരമായി മനുഷ്യ മഹാശൃംഖല മാറി. ആ മനുഷ്യ മഹാശൃംഖലയുടെ വിജയംകണ്ട് വിറളിപൂണ്ടിട്ടുള്ള വിഭാഗമാണ് കോൺഗ്രസ്സിന്റെ ഇപ്പോഴത്തെ നേതൃത്വം. ദൗർഭാഗ്യകരമെന്ന് പറയട്ടെ, അവരെ വിശദീകരിക്കാൻ ഞങ്ങൾ മെനക്കെടുന്നില്ല. യഥാർത്ഥത്തിൽ അവരെ വിശദീകരിച്ച ഒരാളുണ്ട്. കോൺഗ്രസ് നേതാവ് ശ്രീ. കെ. മുരളീധരൻ. അദ്ദേഹം പറഞ്ഞത് "താമരക്കുമ്പിളല്ലോ മമ ഹൃദയം" എന്നാണ്. കോൺഗ്രസ്സിന്റെ സമീപകാല സംസ്ഥാന നേതൃത്വം ബി.ജെ.പി.-യുടെ താമരയുടെ ഉള്ളിലാണ് കിടക്കുന്നതെന്നാണ്. അതുകൊണ്ടാണ് ശബരിമലയിൽ ബി.ജെ.പി. നേതൃത്വം ആഹ്വാനം ചെയ്ത സമരത്തിൽ പങ്കെടുക്കാൻ സ്വന്തം അണികളോട് പറഞ്ഞ അതേ നേതാവ് ഇടതുപക്ഷത്തെ ബഹിഷ്കരിക്കണമെന്ന രീതിയിൽ പറയുന്നത്. എവിടെയാണ് തെറ്റിപ്പോകുന്നതെന്ന് കോൺഗ്രസ്സുകാർ മനസ്സിലാക്കണം. മാർക്സിസ്റ്റുകാരല്ല കോൺഗ്രസ്സിന്റെ ഒന്നാം നമ്പർ ശത്രുവെന്നും യോജിച്ച സമരമാണ് കാലഘട്ടത്തിന്റെ ആവശ്യമെന്നും സമരത്തിൽ നാം നിന്നില്ലെങ്കിൽ കോൺഗ്രസ് ഒറ്റപ്പെട്ട് പോകുമെന്നും യാദവകുലം പോലെ മുടിഞ്ഞുപോകുമെന്നും അതുകൊണ്ട് കോൺഗ്രസ്സിന്റെ ഒന്നാം നമ്പർ ശത്രു ഇപ്പോൾ കോൺഗ്രസ് തന്നെയാണെന്നുമാണ് ശ്രീ. എ. കെ. ആന്റണി സമീപകാലത്ത് നടത്തിയ പ്രസംഗത്തിൽ പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും അതുപോലെ ശ്രീ. ഉമ്മൻ ചാണ്ടി ഉൾപ്പെടെയുള്ളവരും യോജിച്ച സമരത്തിനുവേണ്ടി വാദിക്കുമ്പോൾ പുതിയ കാലഘട്ടത്തിലെ കോൺഗ്രസ് നേതൃത്വം ഈ സമരത്തെ തള്ളിപ്പറയുന്നത് എന്തിനാണെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല.

മുക്കത്ത് മുമ്പൊരിക്കൽ പിതൃത്വം നിർണ്ണയിക്കാൻ വേണ്ടി സമരം നടന്നു. 5-ഉം 10-ഉം വയസ് പ്രായമുള്ള കുട്ടികൾ അച്ഛനാണെന്ന് അവർ ആരോപിക്കുന്ന ആളുടെ മുന്നിൽ വന്നുനിന്നുകൊണ്ട് അച്ഛാ, ഞങ്ങൾ ആരുടെ മക്കൾ, രക്തം കുത്തി

പരിശോധിക്കു എന്ന മുദ്രാവാക്യം വിളിക്കും. അക്കാര്യം ഇന്ന് കോൺഗ്രസ്സുകാർ ആലോചിക്കണം. ഇവിടെ പാസ്സാക്കിയിട്ടുള്ള എല്ലാ കരിനിയമങ്ങളുടെയും ഉപജ്ഞാതാക്കൾ നിങ്ങളാണ്. ആ കരിനിയമങ്ങളാണ് ഇപ്പോൾ ഇന്ത്യയിൽ പല രൂപത്തിലും ഭാവത്തിലുമായി നടപ്പിലാക്കാൻ ബി.ജെ.പി. ശ്രമിക്കുന്നത്.

യു.എ.പി.എ. ഉൾപ്പെടെയുള്ള വിഷയങ്ങളെ സംബന്ധിച്ച് എന്റെ സുഹൃത്ത് ശ്രീ. റ്റി. വി. രാജേഷ് സംസാരിക്കുമെന്നതിനാൽ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ആ വിഷയം ഉയർത്തിക്കൊണ്ട് ഡോ. എം. കെ. മുനീർ കോഴിക്കോട് അങ്ങാടിയിലെ ഒരു വീട്ടിൽ പോയി. അദ്ദേഹം പോയതിന്റെ അടുത്ത ദിവസം ശ്രീ. രമേശ് ചെന്നിത്തലയും പോയി. ഇതിലൂടെയെല്ലാം തരംതാഴ്ന്ന നാടകം കളിക്കുന്നിടത്തേയ്ക്ക് നിങ്ങൾ എത്തുകയാണ്. യഥാർത്ഥ പ്രശ്നങ്ങളിൽനിന്നും മാറിനിൽക്കുകയാണ്. അത് നിങ്ങളുടെ അന്ത്യത്തിനേ ഉപകരിക്കു എന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്.

ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം യു.എ.പി.എ.-യുമായി ബന്ധപ്പെട്ട 26 കേസ്സുകളിൽ 25-ഉം എഴുതിത്തള്ളുകയാണ്. അതിന്റെ ഔദ്യോഗിക നീക്കങ്ങളെല്ലാം കഴിഞ്ഞു. കാസർഗോഡ് ഐ.എസ്.-ഉമായി ബന്ധപ്പെട്ട് ഒരു കേസ് ഒഴിച്ച് ബാക്കിയെല്ലാം തള്ളുകയാണ് ചെയ്തത്. നിങ്ങളുടെ ഭരണകാലത്ത് യു.എ.പി.എ.യുമായി ബന്ധപ്പെട്ട് 136 കേസ്സുകളാണ് ചാർജ് ചെയ്തതെന്നുള്ളത് മറക്കരുത്. അതെല്ലാം ചെയ്തിട്ട് നിങ്ങൾ ഞങ്ങളെ കുറ്റപ്പെടുത്താൻ ശ്രമിക്കുകയാണ്. ഇത് ശരിയായ സമീപനമല്ല.

ജമാഅത്തെ ഇസ്ലാമി എന്ന സംഘടനയുടെ ഹെഡ് ക്വാർട്ടേഴ്സ് എന്റെ നിയോജകമണ്ഡലമായ മുക്കത്തെ ചേന്ദമംഗല്ലൂരാണ്. അവരാണ് യു.ഡി.എഫ്.-ന്റെ അജണ്ട നിശ്ചയിക്കുന്നത്. യു.ഡി.എഫ്.-നെ വിളിച്ചു കൂട്ടുന്നവരാണ്, ഏകോപിപ്പിക്കുന്നവരാണ്, ജമാഅത്തെ ഇസ്ലാമിയുടെ അജണ്ടയ്ക്കനുസരിച്ച് സഞ്ചരിക്കുന്ന വിഭാഗമായി ഇന്ന് കോൺഗ്രസ് നേതൃത്വം മാറുകയാണ്. ഇതുമൂലം ഉണ്ടാകാൻ പോകുന്ന ഭവിഷ്യത്ത് നിങ്ങൾക്ക് ഇപ്പോൾ മനസ്സിലാകില്ല. ഭൂരിപക്ഷ വർഗ്ഗീയതയെ ആളിക്കത്തിക്കൽ മാത്രമാണ് ന്യൂനപക്ഷ വർഗ്ഗീയതയുടെ പരിലാളന ഏറ്റുവാങ്ങുന്നതിലൂടെ സംഭവിക്കാൻ പോകുന്നത്. അതുകൊണ്ട് ജമാഅത്തെ ഇസ്ലാമിയുടെ കെണിയിൽ വീഴാതിരിക്കാനെങ്കിലും മുസ്ലീംലീഗിലെ പക്വതയുള്ളവർ ശ്രദ്ധിക്കണമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. സഭയിൽ നയപ്രഖ്യാപന പ്രസംഗം നടത്തിയ ഗവർണർക്കുതന്നെ വേണ്ടാത്ത നന്ദിപ്രമേയമാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

പിന്നെ അതിന് നന്ദി പറയേണ്ട ആവശ്യം എന്താണുള്ളത്? പൗരത്വ വിഷയം കിട്ടിയില്ലായിരുന്നെങ്കിൽ ഈ സർക്കാരിന്റെ നേട്ടം എന്താണെന്നത് സംബന്ധിച്ച് ചർച്ച ചെയ്യേണ്ടതാണ്. പൗരത്വത്തിൽ എല്ലാം ഒലിച്ചുപോകുമെന്ന് മനസ്സിലാക്കിയാണ് ഈ കളി കളിക്കുന്നത്. യു.ഡി.എഫ്./കോൺഗ്രസ് സഹകരിച്ചില്ലായെന്ന് ശ്രീ. ജോർജ് എം. തോമസ് പറഞ്ഞു. കഴിഞ്ഞ തെരഞ്ഞെടുപ്പ് സമയത്ത് ബി.ജെ.പി. അധികാരത്തിൽ വരാൻ പോകുന്നതുകൊണ്ട് വലതുപക്ഷത്തോടൊപ്പം സഹകരിക്കണമെന്ന് ഞങ്ങൾ പറഞ്ഞപ്പോൾ എന്ത് നിലപാടാണ് നിങ്ങൾ സ്വീകരിച്ചത്? ഇവിടെ ഇക്കാര്യം പലതവണ ചർച്ച ചെയ്തതാണ്. ഇപ്പോൾ കേരളത്തിൽ നല്ല നിലപാട് സ്വീകരിച്ചുവെന്ന് പറയുന്നു. കേരളത്തിന്റെ മതേതര സ്വഭാവവും പൈതൃകവും ചരിത്രവും പാരമ്പര്യവും അതാണ് സൂചിപ്പിക്കുന്നത്. അത് ഇടതുപക്ഷ സർക്കാർ ഭരിക്കുന്നതുകൊണ്ട് മാത്രമുണ്ടായ കാര്യമല്ല. കേരളത്തിൽ യു.ഡി.എഫ്. ആണ് ഭരിക്കുന്നതെങ്കിൽ ഇതിലേറെ ശക്തിയായി ഈ നയവുമായി മുന്നോട്ട് പോകുമെന്ന് മാത്രമല്ല, ഒരുമിച്ചുള്ള സമരവുമായി ഞങ്ങൾ മുന്നോട്ട് പോകുകയും ചെയ്യുമായിരുന്നു. നിങ്ങൾ ഇവിടെ ഇതിനെ പ്രോത്സാഹിപ്പിച്ചത് പലതരത്തിലാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് പഞ്ചായത്ത് വിഭജനവുമായി ബന്ധപ്പെട്ട് ക്രിസ്ത്യൻ പഞ്ചായത്ത്, മുസ്ലീം പഞ്ചായത്ത് എന്ന് പറഞ്ഞവരാണ്, ബി.ജെ.പി.-ക്ക് പ്രോത്സാഹനം കൊടുത്തവരാണ്; ബി.ജെ.പി.-യെ വളർത്താനുള്ള നിലപാട് സ്വീകരിച്ചവരാണ്. ഇപ്പോൾ നിങ്ങൾ പറയുന്നതിൽ എത്രമാത്രം ആത്മാർത്ഥതയുണ്ട്? .....(ബഹളം)...... നിങ്ങൾ ബഹളം വയ്ക്കേണ്ട കാര്യമില്ല. നിങ്ങൾ പൗരത്വ നിയമ ഭേദഗതിക്കെതിരെ നാദാപുരത്ത് പ്രകടനം നടത്തി. ബംഗാളികളാണ് പ്രകടനം നടത്തിയത്. ആ പ്രകടനം നടത്തി കുറച്ചുകഴിഞ്ഞതിനുശേഷം രാത്രി കിടന്നുറങ്ങുന്ന ഫ്ലാറ്റിൽ കയറി അവരെ മർദ്ദിച്ചു. 8 പേർക്ക് പരിക്കുപറ്റി.

ശ്രീ. എ. എൻ. ഷംസീർ: സർ, (മൈക്ക് ഓഫ്) ....(ബഹളം)....

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ശ്രീ. എ. എൻ. ഷംസീർ, ഞാൻ പറയുന്നത് കേൾക്കൂ. അതിനുശേഷം നിങ്ങൾ സംസാരിക്കൂ. അവരെ മർദ്ദിച്ചതിൽ പ്രതിഷേധിച്ച് ഉടൻതന്നെ യു.ഡി.എഫ്.-കാർ ബി.ജെ.പി., ആർ.എസ്.എസ്. എന്നിവർക്കെതിരെ ശക്തമായ പ്രകടനം നടത്തി. അക്രമവുമുണ്ടായി. ഈ പാവങ്ങളെ കോഴിക്കോട് മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്തു. ഒരാളുടെ തലയ്ക്ക് 8 സ്റ്റിച്ചാണുള്ളത്. ഡി.വൈ.എഫ്.ഐ.-ക്കാരായ മൂന്ന് പേരെയാണ് രണ്ടാമത്തെ ദിവസം പോലീസ് അറസ്റ്റ് ചെയ്തത്. സാധാരണ വടകര മേഖലയിൽ ഒരാൾ തുറിച്ച് നോക്കിയാൽ 308-ാം വകുപ്പ് പ്രകാരം

കേസ്സെടുക്കുന്നതാണ്. ഈ പ്രതികളെ പോലീസ് ജാമ്യത്തിൽ വിട്ടയയ്ക്കുകയാണുണ്ടായത്. ഞാനും ശ്രീ. കെ. മുരളീധരനും ലോംഗ് മാർച്ച് നടത്തി. മാർച്ച് കഴിഞ്ഞതിന്റെ പിറ്റേദിവസം ഞങ്ങളുടെ പ്രവർത്തകരെ ഒരു കാരണവുമില്ലാതെ എടച്ചേരി പോലീസ് സ്റ്റേഷനിൽ നിന്ന് വിളിച്ച് കേസ്സെടുക്കാൻ പോകുകയാണെന്ന് പറഞ്ഞു. ഞാനും ശ്രീ. കെ. മുരളീധരനും വരാമെന്നും ഞങ്ങളുടെ പേരിൽ കേസ്സെടുത്തുകൊള്ളൂ എന്നും പറഞ്ഞു. ഒരു കാരണവുമില്ലാതെ പോലീസ് നടപടി സ്വീകരിക്കുകയാണ്. നിങ്ങളുടെ നിലപാടുകൊണ്ടാണ് പോലീസ് ഇത്തരം കാര്യങ്ങൾ ചെയ്യുന്നത്.

പൗരത്വ ഭേദഗതി ബില്ലിനെതിരെ ആലുവയിൽ പ്രതിഷേധിച്ചുവെന്ന കാരണത്താൽ പ്രകടനത്തിൽ പങ്കെടുത്തു, കേസ്സില്ല, വഴി തടഞ്ഞിട്ടില്ല, ഒന്നുമില്ല. കേസ്സെടുത്തപ്പോൾ നിങ്ങൾ എന്താണ് ചെയ്തത്? ആ പാവപ്പെട്ടവനൊരു ജോലി ലഭിക്കുന്നത് നിഷേധിക്കാനുള്ള നിലപാടാണ് സ്വീകരിച്ചത്. ഇത്തരം നിലപാടുകളുമായി മുന്നോട്ടുപോകുമ്പോൾ നിങ്ങൾ ഇപ്പോൾ ചെയ്യുന്നത് എന്താണ്? ഒരു സമൂഹത്തെ ഭയപ്പെടുത്തി കീഴ്പ്പെടുത്തുകയാണ്. നിങ്ങൾക്ക് രാഷ്ട്രീയ നേട്ടമുണ്ടാക്കാൻ ന്യൂനപക്ഷ വിഭാഗത്തെ കൊണ്ടുപോകാമെന്നാണ് കരുതുന്നതെങ്കിൽ അത് സാധ്യമാകില്ല. അത് ജനങ്ങൾ തിരിച്ചറിഞ്ഞിരിക്കുന്നു. സി.പി.ഐ.(എം) ജാഥ നടത്തുന്നതിൽ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. പക്ഷേ നിങ്ങളുടെ പിന്നിലെ അണികളാരാണ്? ആ ജാഥയ്ക്കു പിന്നിൽ സി.പി.ഐ.(എം)-ന്റെ പ്രവർത്തകർ എത്രയുണ്ടെന്ന് പരിശോധിക്കണം. എന്നിട്ട് അതിനുവേണ്ട നടപടി നിങ്ങൾ സ്വീകരിക്കണം. (......ബഹളം......) നിങ്ങൾക്കൊപ്പം അണികളില്ല. (......ബഹളം......)

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. എൻ. ഷംസീർ, പ്ലീസ്..... (......ബഹളം......) പ്ലീസ്......

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, നിങ്ങൾ സംരക്ഷിക്കുമെന്ന് പറയുമ്പോഴും ഞങ്ങൾക്കത് വിശ്വസിക്കാൻ സാധിക്കില്ല. (......ബഹളം......)

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. എൻ. ഷംസീർ, പ്ലീസ്..... (......ബഹളം......) അങ്ങ് ഇവിടെ നോക്കി സംസാരിക്കൂ...

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, സംസാരിക്കാൻ അനുവദിക്കണ്ടേ? ഇടതുപക്ഷം സംരക്ഷിക്കുമെന്ന് പറയുമ്പോൾ ന്യൂനപക്ഷ വിഭാഗത്തിന് സംശയമുണ്ട്. എന്തുകൊണ്ടാണ് സംശയം? യു.എ.പി.എ. ഞങ്ങൾ നടപ്പിലാക്കുകയില്ലെന്ന് ഈ സഭയിൽത്തന്നെ പറഞ്ഞിട്ടുണ്ട്. പക്ഷേ, യു.എ.പി.എ. പ്രകാരം നിങ്ങളുടെ പാർട്ടിക്കാരായ അലൻ ഷുഹൈബിനെയും താഹ

ഫസലിനെയും അറസ്റ്റ് ചെയ്തു. ഇപ്പോൾ നിങ്ങളുടെ നിലപാട് എന്താണ്? പൗരത്വ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് എൻ.പി.ആർ. ഉണ്ടാകില്ലെന്ന് പറഞ്ഞു. കൊടുവള്ളിയിലും താമരശ്ശേരിയിലും മഞ്ചേരിയിലും പല നഗരസഭകളിലും കത്ത് വന്നു. എൻ.പി.ആർ.-ന്റെ ഭാഗമായി സെൻസസുമായി ബന്ധപ്പെട്ടാണ് കത്ത് വന്നത്. എന്താണ് നിങ്ങൾക്ക് ചെയ്യാൻ സാധിച്ചത്? അതുമാത്രമല്ല, കലക്കവെള്ളത്തിൽ മീൻ പിടിക്കുന്നതിനാണ് നിങ്ങൾക്ക് താല്പര്യം. നിങ്ങളിപ്പോൾ ജമാഅത്തെ ഇസ്ലാമിക്ക് എതിരായി പറയുന്നു. കുട്ടിലങ്ങാടി പഞ്ചായത്തിൽ ജമാഅത്തെ ഇസ്ലാമിയും സി.പി.ഐ.(എം)-ഉം ഒരുമിച്ച് ഭരിക്കുന്നു. (......ബഹളം......)

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ഇവിടെ നോക്കി സംസാരിക്കു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ശ്രീ. സി. കെ. നാണു ഇവിടെയുണ്ട്. എന്റെ ജന്മദേശമായ വടകര നിയോജകമണ്ഡലത്തിലെ അഴിയൂർ പഞ്ചായത്തിൽ എസ്.ഡി.പി.ഐ. പ്രവർത്തകരോടൊപ്പം നിന്നിട്ടാണ് രണ്ട് മാസം മുമ്പ് നിങ്ങൾ അധികാരം പിടിച്ചെടുത്തത്. നിങ്ങൾ കാലങ്ങളായി വർഗ്ഗീയ കക്ഷികളെ പ്രോത്സാഹിപ്പിക്കുകയാണ്. വർഗ്ഗീയമായ നിലപാടുകൾ സ്വീകരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...... സമയം കഴിഞ്ഞു.

ശ്രീ. സി. കെ. നാണു: സർ, പോയിന്റ് ഓഫ് ഓർഡർ. എസ്.ഡി.പി.ഐ.-യുടെ ഒരു മെമ്പറുണ്ട്. അയാൾ ഇപ്പോൾ എൽ.ഡി.എഫ്.-നോടൊപ്പമല്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ അദ്ദേഹം ആർക്കും വോട്ട് ചെയ്തിട്ടില്ല.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, അങ്ങനെ പറയരുത്. മുസ്ലീം ലീഗ് ഭരിക്കുന്ന പഞ്ചായത്തിൽ എസ്.ഡി.പി.ഐ.-യോടൊപ്പം നിങ്ങൾ ഒരുമിച്ചുനിന്നു. നാല് വർഷം ഞങ്ങൾ ഭരിച്ചതാണ്. കഴിഞ്ഞ രണ്ട് മാസംമുമ്പ് അവിശ്വാസപ്രമേയം കൊണ്ടുവന്ന് എസ്.ഡി.പി.ഐ.-യെ കൊണ്ട് വോട്ട് ചെയ്യിപ്പിച്ച് നിങ്ങൾ ഒരുമിച്ചു. ഇപ്പോൾ ഇടതുപക്ഷം ഭരിക്കുന്നു. പറപ്പൂർ പഞ്ചായത്തിൽ എസ്.ഡി.പി.ഐ.-യും ഇടതുപക്ഷവും ഒരുമിച്ച് ഭരിക്കുകയാണ്. ഈ വർഗ്ഗീയശക്തികളെ തീവ്രവാദ ശക്തികളാക്കുന്നതിന് പ്രോത്സാഹിപ്പിച്ചത് നിങ്ങളാണ്, ഞങ്ങളല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്......

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, നിങ്ങൾ ഇടപെട്ടതുകൊണ്ട് എന്റെ സമയം കഴിഞ്ഞു. എനിക്ക് ചില കാര്യങ്ങൾകൂടി പറയാനുണ്ട്. കഴിഞ്ഞ ഡിസംബർ 19-ന് മംഗളൂരുവിൽ ഒരു വെടിവയ്പ്പ് നടന്നു. ആ വെടിവയ്പ്പുമായി ബന്ധപ്പെട്ടുണ്ടായ വിഷയത്തിൽ മംഗളൂരുവിലെ 5 ടവറുകൾക്ക് കീഴിൽ അന്നുണ്ടായിരുന്ന

രണ്ടായിരത്തോളം മലയാളികൾക്കെതിരെ കേസെടുത്തിരിക്കുകയാണ്. ആരാണ് ഈ മലയാളികൾ? അവിടെ ഏറ്റവും വലിയ ആശുപത്രികളും കോളേജുകളും കച്ചവട സ്ഥാപനങ്ങളുമുണ്ട്. അവിടെയൊക്കെ ജോലി ചെയ്യുന്നവരെയും പഠിക്കുന്ന കുട്ടികളെയുമൊക്കെ കേസ്സിലെ പ്രതിയാക്കി രണ്ടായിരത്തിലധികം ആളുകൾക്കെതിരായി കേസെടുത്തിരിക്കുകയാണ്. യഥാർത്ഥ പ്രതികളുണ്ടെങ്കിൽ അവരെ പിടിക്കട്ടെ, നിരപരാധികൾക്കെതിരെ മാരകമായ വകുപ്പുകൾ ചുമത്തി കേസ്സെടുക്കുമ്പോൾ അതിനെതിരെ ശക്തമായ നടപടിയും നിലപാടുമായി സംസ്ഥാന സർക്കാർ നീങ്ങണമെന്ന അപേക്ഷ എനിക്കുണ്ട്. അതുപോലെ സംസ്ഥാനത്ത് സെൻസസ് നടപടികൾ പൂർത്തിയാകുന്നതോടെ എൻ.പി.ആർ. അനായാസം നടപ്പാക്കാനാകുമെന്നാണ് വിലയിരുത്തൽ. Directorate of Census Operations, Kerala ഇതോടനുബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 31/32 Field Operations, 2019 എന്ന നമ്പർ കത്താണ് അയച്ചത്. ഇതിൽ NPR-നെക്കുറിച്ച് വ്യക്തമായ സൂചനയുണ്ട്. ഒരു കത്തിൽ NPR-ഉം സെൻസസും നടപ്പാക്കാൻ നിർദ്ദേശം നൽകിയാൽ സെൻസസ് വിവരങ്ങൾ ഉപയോഗിച്ച് പിന്നീട് ദേശീയ ജനസംഖ്യാ രജിസ്റ്റർ തയ്യാറാക്കാൻ കേന്ദ്രത്തിന് നിയമതടസ്സമുണ്ടാകില്ലെന്ന് നിയമരംഗത്തുള്ളവർ വിലയിരുത്തുന്നുണ്ട്. ഈ സന്ദർഭത്തിൽ സെൻസസിനും NPR-നും വ്യത്യസ്ത ഉത്തരവുകളിറക്കാൻ സർക്കാർ ആവശ്യമായ ഇടപെടലുകൾ നടത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. എം. നൗഷാദ്: സർ, സർക്കാരിനുവേണ്ടി കേരള ഗവർണർ സഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തെയും അതിന് നന്ദി രേഖപ്പെടുത്തുന്ന ശ്രീ. എസ്. ശർമ്മയുടെ പ്രമേയത്തെയും ഞാൻ പിന്തുണയ്ക്കുകയാണ്. നയപ്രഖ്യാപനം ഭരണഘടനാപരമായി നടത്താനുള്ള ഉത്തരവാദിത്വം ഇന്ത്യൻ ഭരണഘടനയനുസരിച്ച് ഗവർണർക്കാണ്. അത് ഗവർണറുടെ പ്രസംഗമല്ല, സർക്കാരിന്റെ പ്രസംഗമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുവേണ്ടി ഗവർണർ നടത്തിയ പ്രസംഗമാണ്. വളരെക്കാലത്തെ പരിചയമുള്ളവരും ഗവർണറുടെ പ്രസംഗമാണെന്നാണ് വ്യാഖ്യാനിക്കുന്നത്. എന്നാൽ അത് കേരള സർക്കാരിനുവേണ്ടി നടത്തിയ പ്രസംഗമാണ്. കഴിഞ്ഞ കാലങ്ങളിലെ ഈ ഗവൺമെന്റിന്റെ നേട്ടങ്ങളെക്കുറിച്ച് ഭരണപക്ഷത്തുള്ള പലരും പറഞ്ഞു, നല്ല കാര്യം. കൂടാതെ വരാൻ പോകുന്ന നാളുകളിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികളെക്കുറിച്ചുള്ള സുതാര്യവും സുവ്യക്തവുമായ പ്രഖ്യാപനമാണ് ആ പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആരോഗ്യം, വിദ്യാഭ്യാസം, കാർഷികം, മത്സ്യബന്ധനം, വ്യാവസായികം തുടങ്ങി കേരളത്തിന്റെ സമസ്ത മേഖലകളിലും

കഴിഞ്ഞ കാലങ്ങളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെയും വരാൻ പോകുന്ന നാളുകളിൽ നടത്താൻ പോകുന്ന പ്രവർത്തനങ്ങളുമാണ് ഇവിടെ പറഞ്ഞത്. കഴിഞ്ഞ കാലങ്ങളിൽ പറഞ്ഞതെല്ലാം നടപ്പിലാക്കിയ ഗവൺമെന്റ് എന്നുള്ളതുകൊണ്ട് ഇതിലെ പ്രഖ്യാപനങ്ങളെയും ജനങ്ങൾ പ്രതീക്ഷയോടെ കാണുന്നു എന്നുള്ളതാണ് വസ്തുത. ഭരണഘടനാ സംരക്ഷണത്തിനുവേണ്ടി സമരം ചെയ്യുന്ന കേരളത്തിൽ പ്രതിഷേധമാകാം. പക്ഷേ, ഭരണഘടനാപരമായ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിനെ തടസ്സപ്പെടുത്താമോ? ഇക്കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ആലോചിക്കണം. എന്താണ് യാഥാർത്ഥ്യം? ഇന്നുനടന്ന ചർച്ചകളും കഴിഞ്ഞ കാലങ്ങളിലെ പ്രസംഗങ്ങളുമെല്ലാം "മകൻ ചത്താലും വേണ്ടില്ല, മരുമകളുടെ കണ്ണീർ കണ്ടാൽ മതി" എന്ന തരത്തിൽ ബി.ജെ.പി. പൗരത്വ ഭേദഗതി നിയമം നടപ്പിലാക്കിയാലും വേണ്ടില്ല, മതന്യൂനപക്ഷങ്ങളെ ഇവിടെനിന്നും ഓടിച്ചാലും വേണ്ടില്ല, ഇടതുപക്ഷത്തെ ഇല്ലാതാക്കണമെന്ന ഒരൊറ്റ ലക്ഷ്യം മാത്രമാണ് ഇവിടത്തെ യു.ഡി.എഫ്.നുള്ളത്. അതിന്റെ മുൻപന്തിയിലാണ് മുസ്ലീംലീഗ്. ഇത്രയും കാലം ന്യൂനപക്ഷപ്രേമം പറഞ്ഞുകൊണ്ടാണ് കൂടെ നിർത്തിയിരുന്നത്. സ്വന്തം മണ്ണ് ഒലിച്ചുപോകുന്നുവെന്നുള്ള യാഥാർത്ഥ്യത്തിൽ, ആ തിരിച്ചറിവിൽനിന്നുള്ള ഒരു വെപ്രാളം, അത് സ്വാഭാവികമായും നമുക്ക് മനസ്സിലാക്കാൻ കഴിയും. നിങ്ങൾ വെപ്രാളപ്പെട്ട് എന്തെല്ലാം പറഞ്ഞാലും കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ വസ്തുതകൾ മനസ്സിലാക്കിക്കഴിഞ്ഞു. അതിന്റെ ഏറ്റവും വലിയ തെളിവല്ലേ മനുഷ്യ മഹാശൃംഖല. അത് ലോകത്തിനാകെ മാതൃകയാണ്. ഇത്രയും മഹത്തായ സമരം ജനങ്ങൾ സ്വയം ഏറ്റെടുത്തു. മൂന്നര മണിവരെ റോഡിൽ ആരുമില്ലായിരുന്നു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ നാല് മണിയായപ്പോൾ നിസ്കാരം പോലും മാറ്റിവച്ച് അതിൽ പങ്കെടുക്കാൻ വന്നു. എന്തിനുവേണ്ടി? നാളെ സ്വസ്ഥമായി നിസ്കരിക്കാനുള്ള സാഹചര്യം സൃഷ്ടിക്കണമെങ്കിൽ ഇതിൽ പങ്കെടുത്താലേ മതിയാകൂ എന്നുള്ള വിശ്വാസികളുടെ തിരിച്ചറിവാണ് ഈ സമരം വമ്പിച്ച വിജയമായി തീർത്തത്. ആ സമരത്തിൽ ലീഗിന്റെ നിലപാട് എന്താണ്? ബി.ജെ.പി.യുടെ ഫണ്ട് പിരിവ് ഉദ്ഘാടനം നടത്തിയ ഖമറുന്നീസ അൻവറിനെതിരെ നിങ്ങൾ നടപടിയെടുത്തില്ല. അതുപോലെ ശിവസേനയുടെ പരിപാടിയിൽ പങ്കെടുത്ത് ഉദ്ഘാടനം നടത്തിയ ഡോ. എം. കെ. മുനീറിനെതിരെ നിങ്ങൾ നടപടിയെടുത്തില്ല. പക്ഷേ, പൗരത്വ ഭേദഗതി നിയമത്തിനെതിരായി ഇന്ത്യ കണ്ട ഏറ്റവും ബൃഹത്തായ സമരത്തിൽ പങ്കെടുത്തുവെന്നുള്ള കാരണത്താൽ കോഴിക്കോട് ജില്ലാ വൈസ് പ്രസിഡന്റ് ശ്രീ. കെ. എം. ബഷീറിനെ പുറത്താക്കിയ ലീഗിന്റെ നടപടിയിലൂടെ നിങ്ങൾ ആരോടൊപ്പമാണെന്നത് കേരളം

തിരിച്ചറിയുന്നു. ആർ.എസ്.എസ്.-നെതിരെ ശക്തമായ നിലപാട് യു.ഡി.എഫ്. എന്നാണ് സ്വീകരിച്ചിട്ടുള്ളത്? ഇന്ത്യയിൽ രണ്ട് ദുരന്തങ്ങൾ സംഭവിച്ചു. ഒന്നാമത്തെ ദുരന്തം, നമ്മുടെ പ്രിയങ്കരനായ രാഷ്ട്രപിതാവിനെ കൊലപ്പെടുത്തിയതാണ്, ആ കൊല നടത്തിയത് ആർ.എസ്.എസ്.-കാരാണ്, അന്ന് ഇന്ത്യ ഭരിച്ചിരുന്നത് കോൺഗ്രസ്സുകാരാണ്. രണ്ടാമത്തേത്, ബാബ്റി മസ്ജിദ് തകർത്തപ്പോൾ പൂജാമുറിയിൽ കയറി കതകടച്ചിരുന്ന പ്രധാനമന്ത്രി കോൺഗ്രസ്സിന്റേതായിരുന്നു. ആ യാഥാർത്ഥ്യം മനസ്സിലാക്കണം. കേരളത്തിന്റെ കാര്യമെടുത്താൽ ഒരുപാട് ചരിത്രത്തിലേയ്ക്കൊന്നും പോകേണ്ട കാര്യമില്ല. ശ്രീ. ടി. പി. സെൻകുമാറിനെ ഡി.ജി.പി. ആക്കുന്നില്ലെന്നുപറഞ്ഞ് ഈ സഭയിൽ നടത്തിയ കോലാഹലങ്ങൾ മറന്നുപോകരുത്. അതുപോലെ, ശബരിമല വിധിയുമായി ബന്ധപ്പെട്ട് കൊടിപിടിക്കാതെ സമരത്തിൽ പങ്കെടുക്കാൻ ആഹ്വാനം ചെയ്ത സംഘ് പരിവാർ ശക്തികൾക്ക് ആവശ്യമായ പിന്തുണ നൽകിയത് ആരാണ്? ഇതെല്ലാം കേരളത്തിലെ ജനങ്ങൾ തിരിച്ചറിയുന്നുണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് ഭൂതോദയമുണ്ടായിയെന്നത് നല്ല കാര്യം. ഇനിയും ഒരുപാട് ഭൂതോദയങ്ങൾ ഉണ്ടാകേണ്ടതായിട്ടുണ്ട്. ശ്രീ. ടി. പി. സെൻകുമാറിനെ പിന്തുണച്ചതാണ് എന്റെ ജീവിതത്തിലുണ്ടായ മഹാപരാധമെന്ന് അങ്ങേയ്ക്ക് ഏറ്റുപറയേണ്ടി വന്നപ്പോൾ, ഏറ്റവും ശരിയായ നിലപാടെടുത്ത മുഖ്യമന്ത്രിയാണ് ശ്രീ. പിണറായി വിജയൻ എന്നുപറയാനുള്ള ആർജ്ജവംകൂടി കാണിക്കണ്ടേ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ? അതല്ലേ യാഥാർത്ഥ്യം? എന്നായാലും എപ്പോഴായാലും ബി.ജെ.പി.-ക്കെതിരെ വരുമ്പോൾ മെല്ലെപ്പോക്കാണ്. അതേസമയം പൗരത്വ ഭേദഗതി നിയമത്തിനെതിരെ കേരളം ഒറ്റക്കെട്ടാണ്. ഒന്നാമത്തെ സമരം ഞാൻ പറഞ്ഞിട്ടാണെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുന്നു. അങ്ങനെ പറഞ്ഞിട്ടാണെങ്കിലും അത് സമ്മതിച്ച് അവിടെ ഒരുമിച്ച് സമരം ചെയ്തു. അത് ഇന്ത്യയിലെ പൗരത്വ ഭേദഗതി നിയമത്തിനെതിരെയുള്ള സമര പോരാളികൾക്ക് നൽകിയ ഊർജ്ജം വളരെ വലുതാണ്. ഐകകണ്ഠ്യേന നമ്മുടെ സഭ പ്രമേയം പാസ്സാക്കി. കേരളം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഇതുമായി ബന്ധപ്പെട്ട ഹർജി സമർപ്പിച്ചു. കേരളം പൗരത്വ ഭേദഗതി നിയമത്തിനെതിരെയുള്ള ചാമ്പ്യനായി മാറുന്നുവെന്ന് മനസ്സിലായപ്പോൾ തുടക്കത്തിൽത്തന്നെ ഇങ്ങനെ മുന്നോട്ടുപോകേണ്ട എന്ന നിലപാടെടുത്തത് ആരാണ്? ഇപ്പോഴും കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയത്തിൽ ഒരുമിച്ച് സമരം ചെയ്യാമെന്ന് പറയുമ്പോൾ ആ സമരത്തെ തള്ളിക്കളയാനും ദുർബലപ്പെടുത്താനുമുള്ള നിലപാടല്ലേ യു.ഡി.എഫ്. സ്വീകരിക്കുന്നത്? യു.ഡി.എഫ്. ഈ നിലപാടുകൾ സ്വീകരിക്കുന്നത് ആരെ

ശക്തിപ്പെടുത്താനാണ്? ബി.ജെ.പി.-ക്ക് എതിരെയുള്ള വർത്തമാനം നിങ്ങൾ ഈ ഫ്ലോറിൽ കേട്ടായിരുന്നോ? ഇത്തരത്തിൽ സംഘ്പരിവാറിനെതിരായി നിലപാടുകൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി കേരളത്തെ ഞെക്കിക്കൊല്ലാൻ പരിശ്രമിക്കുന്നു. എന്നാൽ, ഒരു പ്രതിപക്ഷ സ്വരമെങ്കിലും അതിനെതിരെ ഉണ്ടായോ? ഇവിടെ പ്രളയം വന്നപ്പോൾ നിങ്ങൾ ആരോടൊപ്പമായിരുന്നു? പ്രളയ കാലഘട്ടത്തിൽ കേന്ദ്രം സഹായിച്ചില്ല. വിദേശത്തുനിന്ന് ലഭിക്കുമായിരുന്ന സഹായം വാങ്ങാൻ അനുവദിച്ചില്ല. ഒരു മാസത്തെ ശമ്പളം ഇവിടത്തെ സർക്കാർ ജീവനക്കാരോട് ആവശ്യപ്പെട്ടപ്പോൾ അത് കൊടുക്കരുതെന്ന് പറഞ്ഞ ബി.ജെ.പി.-യുടെ നിലപാടിനെ കൂടുതൽ ശക്തിപ്പെടുത്തുന്ന തരത്തിൽ, ഈ ഗവൺമെന്റിനെ സാമ്പത്തികമായി ബുദ്ധിമുട്ടിക്കുന്ന തരത്തിലുള്ള നിലപാട് സ്വീകരിച്ചത് ആരാണ്? ആ നിങ്ങളാണോ കേരളത്തെ സ്നേഹിക്കുന്നത്; നിങ്ങളാണോ ബി.ജെ.പി-ക്ക് എതിരായ നിലപാടുകൾ സ്വീകരിക്കുന്നത്? അതുപോലെ ജി.എസ്.ടി.യുടെ കേന്ദ്രവിഹിതവും നമുക്ക് അധികമായി തരേണ്ട കോമ്പൻസേഷനും തരുന്നില്ല. പ്രളയത്തിനുവേണ്ടി ഫണ്ട് അനുവദിച്ചപ്പോൾ ലോകം കണ്ട ഏറ്റവും വലിയ പ്രളയം നടന്ന കേരളത്തിന് നയാപൈസയില്ല. ഏത് യു.ഡി.എഫ്. അംഗം പ്രതികരിച്ചു; ഏത് മുസ്ലീംലീഗ് അംഗം പ്രതികരിച്ചു? "സായിപ്പിനെ കാണുമ്പോൾ കവാത്ത് മറക്കു"മെന്നു പറയുന്നതു പോലെയാണ് ബി.ജെ.പി-യെ കാണുമ്പോൾ ഉണ്ടാകുന്നത്. ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻപോലും പോകാത്ത, 'ഫ്ലൈറ്റ് മിസ്സായി' എന്ന ന്യായം പറഞ്ഞ നേതാവിനെയും കൊണ്ടുനടക്കുന്ന മുസ്ലീംലീഗിന് ആരോടാണ് സ്നേഹമെന്ന് കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു. അതിന്റെ തിരിച്ചടികൾ നേരിടാൻ തുടങ്ങിയതിന്റെ വെപ്രാളത്തിൽ നിന്നാണ് നിങ്ങളുടെ ഈ പ്രതികരണങ്ങളെല്ലാം വരുന്നത്. മുസ്ലീംലീഗുകാർ ബി.ജെ.പി.-ക്ക് എതിരായിട്ടല്ല പ്രസംഗിച്ചത്. നിങ്ങളുടെ ലക്ഷ്യം ഇടതുപക്ഷത്തെയും മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെയും ആക്രമിക്കുക എന്നതാണ്. നിങ്ങൾ എന്തെല്ലാം ആക്രമണങ്ങൾ നടത്തിയാലും ഇന്ന് കേരളത്തിന്റെ സംരക്ഷകനായി, രക്ഷകനായി ജനം കാണുന്നത് ശ്രീ. പിണറായി വിജയനെയാണ്. കഴിഞ്ഞ കാലങ്ങളിൽ ഒരു മുഖ്യമന്ത്രിക്കും കാണാൻ കഴിയാത്ത തരത്തിൽ, അദ്ദേഹത്തിന്റെ പത്രസമ്മേളനമുണ്ടെന്നറിഞ്ഞാൽ ജനങ്ങൾ ടി.വി.യുടെ മുമ്പിൽ ഇരിപ്പാണ്. നിപ വന്നു, ഇപ്പോൾ കൊറോണ വന്നു. കൊറോണയുടെ കാലഘട്ടത്തിൽ ഉത്കണ്ഠ വേണ്ടായെന്ന് ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറയുമ്പോൾ ജനം അത് വിശ്വസിക്കുന്നതും മനസ്സുകൊണ്ട് ഏറ്റുവാങ്ങുന്നതും അത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിയതുകൊണ്ടാണ്.

ഇവിടെ ബി.ജെ.പി. ഹിന്ദുസ്നേഹം പറയുന്നു. 80 ശതമാനത്തോളം വരുന്ന ഹിന്ദുമത വിശ്വാസികളെ വഞ്ചിക്കുന്ന, ന്യൂനപക്ഷങ്ങളെ പീഡിപ്പിക്കുന്ന, കോർപ്പറേറ്റുകളെ കനപ്പിക്കുന്ന ഭരണമാണിവിടെ നടത്തുന്നത്. രജിസ്റ്റർ വേണ്ടത് എന്തിനാണ്? വീടില്ലാത്തവന്റെയും ഭൂമിയില്ലാത്തവന്റെയും വൈദ്യുതീകരിക്കാത്ത വീടുകളുടെയും കുടിവെള്ളം ലഭിക്കാത്ത സ്ഥലത്തിന്റെയും സ്കൂളില്ലാത്തതിന്റെയും ആശുപത്രിയില്ലാത്തതിന്റെയും രജിസ്റ്റർ വേണം. ഇതൊക്കെ തയ്യാറാക്കിയാൽ ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്നത് ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന ഹിന്ദുമത വിശ്വാസികളാണ്. എന്നാൽ, ആ കാര്യങ്ങളിലേയ്ക്കൊന്നും പോകാതെ വർഗ്ഗീയ ചേരിതിരിവുണ്ടാക്കി വോട്ട് ബാങ്ക് രൂപീകരിക്കുകയാണ്. നമ്മുടെ നാട്ടിൽ പറയുന്നതുപോലെ പ്ലാവില കാണിച്ച് ആട്ടിൻകുട്ടിയെ കൊണ്ടുപോകുന്നതുപോലെ മതന്യൂനപക്ഷമാകുന്ന പ്ലാവില കാണിച്ച് ആട്ടിൻകുട്ടിയാകുന്ന ബഹുഭൂരിപക്ഷത്തെ ഇവിടത്തെ കോർപ്പറേറ്റുകൾക്ക് പിഴിഞ്ഞെടുക്കുവാനുള്ള, ഊറ്റിക്കുടിക്കുവാനുള്ള ഉപകരണമാക്കി മാറ്റുന്നതിനുള്ള ഭരണമാണ് കേന്ദ്രം നടത്തുന്നത്.

കഴിഞ്ഞ കാലങ്ങളിൽ ഭരിച്ചപ്പോഴൊന്നും ജനക്ഷേമകരമായ പ്രവർത്തനമെന്ന് പറയാൻ അവരുടെ കയ്യിൽ ഒന്നുമില്ല. അവരുടെ കൈയിൽ ആകെയുള്ളത് വർഗ്ഗീയതയാണ്. മനുഷ്യന്റെ മതപരമായ വിശ്വാസത്തെ ഉണർത്തിയെടുത്തുകൊണ്ട് അതിൽ തീയിട്ട് രാജ്യത്തെ ജനങ്ങളിലാകെ അസഹിഷ്ണുത സൃഷ്ടിച്ച് തങ്ങളുടെ അധികാരം നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ അവർ നടത്തുമ്പോൾ ഇവിടെ ഒറ്റപ്പെട്ട സമരങ്ങളുമായി പോകാതെ ഒരുമയോടെനിന്ന് പോരാടാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കാൻ ഇനിയെങ്കിലും നിങ്ങൾ തയ്യാറാകണം; ഇല്ലെങ്കിൽ നിങ്ങൾ ഒറ്റപ്പെടും, ജനം അതിന് തയ്യാറായി എന്ന കാര്യം ഓർമ്മപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. രണ്ട് നയങ്ങളാണ് ഗവർണർ ഇവിടെ പ്രസംഗിച്ചത്. അദ്ദേഹത്തിന്റെ വ്യക്തിപരമായ നയങ്ങളും സർക്കാരിന്റെ നയങ്ങളും പ്രസംഗിച്ചു. ഈ രണ്ട് നയങ്ങളെയും ഞാൻ എതിർക്കുന്നു. മന്ത്രിമാർ അധികാരത്തിൽ വരുമ്പോൾ ഭരണഘടനാ അടിസ്ഥാനത്തിൽ ഭീതിയോ പ്രീതിയോ കൂടാതെ ഞങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുമെന്നാണ് സത്യപ്രതിജ്ഞ ചെയ്യുന്നത്. ഇവർ ആരെയാണ് ഭയപ്പെടുന്നത്? കേരള ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനെയാണ് ഭയക്കുന്നത്. You are not bold enough to confront with the Centre. നിങ്ങൾ ശ്രമിക്കുന്നതെന്തിനാണ്? You are trying to compromise with the Centre; കേന്ദ്രവുമായും കേന്ദ്രത്തിന്റെ പ്രതിനിധിയായ ഗവർണറുമായും ഒരു ഏറ്റുമുട്ടൽ

അത്യാവശ്യമായ ഘട്ടങ്ങളിൽ, മതേതരത്വം സംരക്ഷിക്കുന്ന കാര്യത്തിൽ, ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ഒരു ഏറ്റുമുട്ടലിലേയ്ക്ക് പോകാൻ നിങ്ങൾക്ക് ചങ്കുറ്റമില്ല. ഗവർണറെ പ്രീണിപ്പിക്കാൻ കയ്യടിക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കൊണ്ടുവന്ന പ്രമേയത്തിൽ എന്ത് കുറ്റമാണ് നിങ്ങൾ കാണുന്നത്? കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയത്തെ അംഗീകരിക്കാത്ത, ഈ സർക്കാർ സുപ്രീംകോടതിയിൽ പോകുന്ന തീരുമാനത്തെ ചോദ്യം ചെയ്യുന്ന, കേരളത്തിലെ ജനവിഭാഗങ്ങളുടെ നിലപാടുകളെ പരസ്യമായി മാധ്യമങ്ങളുടെ മുന്നിൽ അവഹേളിക്കുന്ന ഗവർണറെ തിരിച്ചുവിളിക്കണമെന്ന് കേരള നിയമസഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു പ്രമേയം അവതരിപ്പിക്കാൻ അനുമതി തേടിയപ്പോൾ, ഈ സഭയിലും ബിസിനസ് അഡ്വൈസറി കമ്മിറ്റിയിലും അതിന് സമയം കണ്ടെത്താത്ത നിങ്ങളാണ് ഇവിടെ ബി.ജെ.പി.-ക്ക് ഓശാന പാടുന്നവർ, ബി.ജെ.പി.യെ സഹായിക്കുന്നവർ എന്ന് മനസ്സിലാക്കണം. ഭരണപക്ഷത്തുനിന്നും സംസാരിച്ച പല അംഗങ്ങളും കോൺഗ്രസ്സിനെ പാഠം പഠിപ്പിക്കാനും ഉപദേശിക്കാനും തയ്യാറാകുമ്പോൾ ഇന്നലെകളിൽ കോൺഗ്രസ്സിനെ എതിർത്തവരാണ് നിങ്ങൾ. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും മതേതരത്വത്തിനും രാഷ്ട്രത്തിന്റെ വികസനത്തിനും ചെയ്ത നന്മകളെ തള്ളിപ്പറഞ്ഞ് കോൺഗ്രസ്സിനെ എതിർത്തവരാണ്. അന്ധമായ കോൺഗ്രസ് വിരോധമാണ് നിങ്ങളെ നയിച്ചത്. കോൺഗ്രസ് ഇവിടെ ക്ഷീണിച്ചാൽ, പരാജയപ്പെട്ടാൽ പകരം ആര് അധികാരത്തിൽ വരും? കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വരുമോ; ഇന്ത്യയിൽ കോൺഗ്രസ്സിന് ബദലായി ഒരു മതേതര പ്രസ്ഥാനം വരുമോ; എന്നുമുതലാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഇന്ത്യയിലുണ്ടായത്? കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഏഴയൽപക്കത്തേയ്ക്ക് വരാൻ സാധ്യമല്ല. പശ്ചിമ ബംഗാൾ, കേരളം, ത്രിപുര എന്ന് പറഞ്ഞവർക്ക് ഇന്ന് എവിടെ നിൽക്കാൻ സാധിക്കുന്നു? കോൺഗ്രസ്സിനെ നിങ്ങൾ എതിർത്ത് പരാജയപ്പെടുത്തിയപ്പോൾ പകരം വന്നത് ബി.ജെ.പി.യാണ്. ശ്രീ. മാത്യു ടി. തോമസിന്റെ പാർട്ടിയും മറ്റെല്ലാ പാർട്ടികളും അന്ധമായ കോൺഗ്രസ് വിരോധത്തിന്റെ പേരിൽ ബി.ജെ.പി.യെ സഹായിച്ചവരാണ്. അതുകൊണ്ടുണ്ടായതാണ് ഇന്നത്തെ ദേശീയ ദുരന്തം. ഇന്നത്തെ തിരിച്ചറിവെന്താണ്? ബി.ജെ.പി. സർക്കാരിനെ താഴെയിറക്കണമെങ്കിൽ കോൺഗ്രസ്സിനേ സാധിക്കുകയുള്ളൂ. അതാണ് ഉത്തരേന്ത്യയിൽ കാണുന്നത്. അതാണ് കേരളത്തിലെ പാർലമെന്റ് ഇലക്ഷനിൽ ജനങ്ങൾ നൽകിയ വികാരം. ജനങ്ങൾ പ്രകടിപ്പിച്ച സമ്മതിദാനാവകാശം അതായിരുന്നുവെന്ന് മനസ്സിലാക്കാൻ സാധിക്കണം.

ഈ സർക്കാർ കഴിഞ്ഞ കാലത്തെ നയപ്രഖ്യാപനങ്ങളിലും ബഡ്ജറ്റുകളിലുമെല്ലാം പറഞ്ഞ ഏതെങ്കിലും കാര്യം നടപ്പിലാക്കിയിട്ടുണ്ടോ? കാർഷികമേഖല തകർച്ചയിൽ നിന്ന് തകർച്ചയിലേയ്ക്കാണ് പോകുന്നത്. വിലത്തകർച്ച, വിളത്തകർച്ച, പ്രകൃതിക്ഷോഭങ്ങൾ, വന്യമൃഗശല്യം, രോഗങ്ങൾ, പെരുകുന്ന കർഷക ആത്മഹത്യ, പ്രളയത്തെത്തുടർന്ന് കാർഷികമേഖലയ്ക്കുണ്ടായ പ്രതിസന്ധികൾ തുടങ്ങിയവ പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? റബ്ബർ കർഷകർ ഇന്ന് ഏറെ പ്രതിസന്ധിയിലല്ലേ? യു.ഡി.എഫ്. സർക്കാർ നിശ്ചയിച്ച 150 രൂപ വിലസ്ഥിരതാ ഫണ്ട് കഴിഞ്ഞ 9 മാസത്തിലേറെയായി കർഷകർക്ക് നൽകിയിട്ടില്ല. എവിടെപ്പോയാലും ഇതുസംബന്ധിച്ച് കൃഷിക്കാർ പറയുകയാണ്. 150 രൂപ എന്നത് 200 രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ കേന്ദ്ര-കേരള ഗവൺമെന്റുകൾ ഒരു നടപടിയും സ്വീകരിക്കുന്നില്ല. പ്രളയക്കെടുതി എല്ലാവരും വിശകലനം ചെയ്തു. 2018-ലും 2019-ലും ആവർത്തിച്ച് പ്രളയമുണ്ടായതിന്റെ അടിസ്ഥാനത്തിൽ ധാരാളം തുക പിരിച്ചു, കേന്ദ്രസഹായം കിട്ടി, വിദേശത്തുനിന്നും ധാരാളം തുക ലഭിച്ചു, ഉദ്യോഗസ്ഥരിൽനിന്നും പിരിച്ചു. എന്നിട്ട് എന്തായി? പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പിരിച്ച തുക സംബന്ധിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ സംസാരിച്ചു. പ്രളയ ദുരിതാശ്വാസമായി സമാഹരിച്ച 3000 കോടി രൂപപോലും ചെലവഴിച്ചിട്ടില്ല. എന്റെ താലൂക്കിൽ അധികം വീടുകൾ നഷ്ടപ്പെട്ടിട്ടില്ല. ഒരു പൈസപോലും ലഭിക്കാത്ത എത്ര വീടുകളുണ്ടെന്ന് മിനിഞ്ഞാന്ന് ഞാൻ പങ്കെടുത്ത താലൂക്ക് സഭയിൽ ചോദിച്ചു. ഇരിട്ടി താലൂക്കിൽ പ്രളയത്തിൽ നഷ്ടപ്പെട്ട 70 വീടുകൾക്ക് ഒരു രൂപപോലും കൊടുത്തിട്ടില്ലെന്ന് മറുപടി പറയാൻ തഹസിൽദാർ നിർബന്ധിതനായി. വ്യാപാരസ്ഥാപനങ്ങളും വ്യാപാരികളും സമരത്തിലാണ്. ഒരു പരിഹാരവും ചെയ്തിട്ടില്ല. ഗ്രാമീണ റോഡുകൾ തകർന്നു കിടക്കുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ട് ഉണ്ടെങ്കിലും രണ്ടുവർഷം കഴിഞ്ഞിട്ടാണ് നടപടിയെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നത്. വളരെയേറെ കാലതാമസം വന്നു. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ നേട്ടങ്ങൾ സംബന്ധിച്ച് ഇവിടെ കൊട്ടിഘോഷിച്ചു. സ്കൂളിലെ ക്ലാസ്സ് മുറിയിൽവച്ച് പാമ്പുകടിയേറ്റ് ഷഹല ഷെറിൻ എന്ന പെൺകുട്ടി മരിച്ചു. ഒരു കുട്ടിക്കുമാത്രമല്ല, വിദ്യാലയങ്ങൾക്കകത്തുവച്ച് നിരവധി കുട്ടികൾക്ക് പാമ്പുകടിയേറ്റിട്ടുണ്ടെന്ന് ദിനപ്പത്രങ്ങളിൽ വാർത്തവന്നു. അവിടെയാണ് വിദ്യാഭ്യാസത്തിന്റെ നേട്ടങ്ങളെക്കുറിച്ച് പറയുന്നത്.

ഉന്നത വിദ്യാഭ്യാസമേഖലയാണ് ഏറെ ശ്രദ്ധിക്കുന്ന കേരളത്തിന്റെ അഭിമാനം. ആന കയറിയ കരിമ്പിൻതോട്ടത്തിന്റെ അവസ്ഥയാണ് ഇന്ന് കേരളത്തിലെ ഉന്നത വിദ്യാഭ്യാസമേഖല. പരീക്ഷകൾക്ക് എന്തെങ്കിലും മാന്യതയുണ്ടോ; മാർക്കുദാനം നിത്യസംഭവമല്ലേ; അതിനായി വകുപ്പുമന്ത്രിയും മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയും പ്രത്യേകം അദാലത്തുകൾ വിളിക്കുന്നു. ഇന്നത്തെ ഒരു വാർത്ത, വിദ്യാഭ്യാസ വകുപ്പുമന്ത്രിയും പ്രൈവറ്റ് സെക്രട്ടറിയും

പരീക്ഷാ നടത്തിപ്പിൽ ഇടപെടാനും മാർക്കുദാന അദാലത്തുകൾ നടത്താനും പാടില്ല എന്നാണ്. പരീക്ഷകൾക്കെന്തെങ്കിലും മാനദണ്ഡമുണ്ടോ; എസ്.എഫ്.ഐ.-യുടെ നേതാവിനെ ആ പാർട്ടിയുടെ തന്നെ മറ്റ് നേതാക്കൾ തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി കോളേജിൽ കുത്തിമലർത്തിയ സംഭവമില്ലായിരുന്നെങ്കിൽ കേരളത്തിലെ യൂണിവേഴ്സിറ്റി പരീക്ഷകളിൽ നടക്കുന്ന ഇത്തരം വ്യാപകമായ ക്രമക്കേടുകൾ ലോകം അറിയുമായിരുന്നോ? ചോദ്യപേപ്പർ നേരത്തെ കൊടുത്താൽപ്പോലും ശരിയായി ഉത്തരമെഴുതാൻ കഴിയാത്ത നേതാക്കൾക്ക് ഉത്തരക്കടലാസ് നേരത്തെ കൊടുക്കുകയാണ്. അതുകൊണ്ടാണ് ശിവരഞ്ജിത്തിന്റെ വീട്ടിൽനിന്നും കെട്ടുകണക്കിന് ഉത്തരക്കടലാസുകൾ കണ്ടെടുത്തത്. നമ്മളൊക്കെ യൂണിവേഴ്സിറ്റി പരീക്ഷ എഴുതി ജയിച്ചവരാണ്, ഈ സഭയിൽ അധികംപേരും കോളേജുകളിൽ പഠിച്ചവരാണ്. ഇല്ലെങ്കിൽ വിദ്യാർത്ഥി രാഷ്ട്രീയത്തിൽ പ്രവർത്തിച്ചവരാണ്. ഇന്ന് കേരളത്തിലെ വിദ്യാഭ്യാസ രംഗത്തിന്റെ അവസ്ഥയെന്താണ്; പരീക്ഷകൾക്ക് എന്തെങ്കിലും മാനദണ്ഡമുണ്ടോ; കേരളത്തിലെ ലക്ഷക്കണക്കിന് തൊഴിൽരഹിതരായ ചെറുപ്പക്കാർ ആശ്രയിക്കുന്ന പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകൾക്ക് ഇന്ന് വിശ്വാസ്യതയുണ്ടോ? കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ പോലീസ് പരീക്ഷയിൽ ഒന്നും രണ്ടും റാങ്ക് കരസ്ഥമാക്കിയവരോട് ആ കേസ് അന്വേഷിക്കുന്ന പോലീസ് ഉദ്യോഗസ്ഥർ ചോദ്യക്കടലാസിലെ ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരം പറയാൻ സാധിക്കുമോയെന്ന് ചോദിച്ച് ശരിയായ പരീക്ഷ നടത്തിയപ്പോൾ അവർക്ക് ലഭിച്ചത് വട്ടപ്പൂജ്യമാണ്. കേരളത്തിലെ ലക്ഷക്കണക്കിന് തൊഴിൽരഹിതർ ആശ്രയിക്കുന്ന പബ്ലിക് സർവ്വീസ് കമ്മീഷൻ എന്ന ഭരണഘടനാ സ്ഥാപനത്തെ ഇന്ന് പൂർണ്ണമായി രാഷ്ട്രീയവത്കരിച്ചിരിക്കുകയാണ്. അതൊരു രാഷ്ട്രീയ സ്ഥാപനമായി അധഃപതിച്ചിരിക്കുന്നു.

കേരളീയരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ഗവൺമെന്റാണിത്. കൊലപാതക കേസ്സുകളിൽ സർക്കാർ എന്ത് നിലപാടാണ് സ്വീകരിക്കുന്നത്? ഷുഹൈബിന്റെയും ശരത്‌ലാലിന്റെയും കൃപേഷിന്റെയും രാഷ്ട്രീയ കൊലപാതകക്കേസ്സുകളിൽ സർക്കാർ ആരുടെ ഭാഗത്താണ് നിൽക്കുന്നത്? ലക്ഷക്കണക്കിനല്ല, കോടിക്കണക്കിന് രൂപ സുപ്രീംകോടതിയിലെ അഭിഭാഷകർക്ക് നൽകി കേരളത്തിന്റെ ഖജനാവ് ധൂർത്തടിക്കുന്ന കേസ്സിൽ ഗവൺമെന്റ് സ്വീകരിക്കുന്ന വാദമുഖമെന്താണ്? ആ കേസ്സുകൾ നിഷ്പക്ഷമായി അന്വേഷിക്കണം. കേരള ഹൈക്കോടതി സിംഗിൾ ബഞ്ച് പറഞ്ഞതെന്താണ്? കാസർഗോഡ് ഇരട്ടക്കൊലക്കേസ്സിലെ അന്വേഷണ ഉദ്യോഗസ്ഥർ നിയമത്തെ പൂർണ്ണമായും കാറ്റിൽ പറത്തിയിരിക്കുന്നു. അവർ ഫയൽ ചെയ്ത ചാർജ് ഷീറ്റ് പൂർണ്ണമായും റദ്ദാക്കി ആ കേസ്സിൽ നീതി നടപ്പിലാക്കണം. ആ കേസിലെ ഗൂഢാലോചനാ പ്രതികളുൾപ്പെടെയുള്ള മുഴുവൻപേരേയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണമെന്ന് കുട്ടിയുടെ മാതാപിതാക്കൾ ആഗ്രഹിച്ച് കോടതിയിൽ പോയി. ബഹുമാനപ്പെട്ട ഹൈക്കോടതി ആ കേസ്സിന്റെ വാദം കേട്ട് അംഗീകരിച്ച് വിധി

പ്രഖ്യാപിച്ചു. കേരളത്തിൽ എത്രയോ സർക്കാർ വക്കീലന്മാരുണ്ട്; അഡ്വക്കേറ്റ് ജനറലും പ്രോസിക്യൂഷൻ ഡയറക്ടറും ഗവൺമെന്റിന്റെ 150-ഓളം വക്കീലന്മാരും ഹൈക്കോടതിയിൽ കേരള സർക്കാരിന്റെ പ്രതിനിധികളായി പ്രവർത്തിക്കുമ്പോൾ സുപ്രീംകോടതിയിൽനിന്നും അഭിഭാഷകരെ കൊണ്ടുവന്ന് കേരളത്തിന്റെ ഖജനാവിൽനിന്നും ലക്ഷക്കണക്കിന് രൂപ ചെലവഴിക്കുന്നത് ഈ കേസ്സിലെ പ്രതികൾക്ക് ശിക്ഷ വാങ്ങി കൊടുക്കാനല്ല, പ്രതികളെയും പ്രതികളാകാൻ സാധ്യതയുള്ളവരെയും രക്ഷിക്കാൻ വേണ്ടിയാണെന്ന് മനസ്സിലാക്കാൻ സാധിക്കും. ധാരാളിത്തത്തിന് നിരവധി കാരണങ്ങളുണ്ട്; ഉപദേശികളായി പലരെയും നിയമിക്കുന്നു, ക്യാബിനറ്റ് റാങ്കുകൾ സൃഷ്ടിക്കുന്നു, ഹെലികോപ്റ്റർ വാങ്ങുന്നു, ഇന്ന് കേരള സർക്കാരിന് ആവശ്യം ഹെലികോപ്റ്ററാണോ? മുഖ്യമന്ത്രിയുടെ പരസ്യങ്ങൾ കാണാൻ ആളുകൾ നിർബന്ധിതരാകുകയാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം കൊടുക്കാനും ബസ്സിന് ടയർ വാങ്ങാനും സർക്കാരിന് കാശില്ല. ഇന്ന് ഏറ്റവും രക്ഷപ്പെട്ടു നിൽക്കുന്നത് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയാണ്. കാരണം ഒരു എം.എൽ.എ.യും അദ്ദേഹത്തോട് പരാതി പറയില്ല. കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച് ഭരണകക്ഷിയിലെ ശ്രീ. കോവൂർ കുഞ്ഞുമോൻ ഉൾപ്പെടെ പല എം.എൽ.എ.-മാരും കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പൊട്ടിത്തെറിച്ചു സംസാരിച്ചു. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി മറുപടിയൊന്നും പറയുന്നില്ല. ആക്ഷേപമോ പരാതിയോ പറഞ്ഞിട്ടും യാതൊരു കാര്യവുമില്ല. കെ.എസ്.ആർ.ടി.സി. കട്ടപ്പുറത്ത് തന്നെയാണ്. കെ.എസ്.ആർ.ടി.സി.യുടെ യഥാർത്ഥ പ്രശ്നമെന്താണെന്നും അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ നിലപാടെന്താണെന്നും സി.ഐ.ടി.യു. നേതാവായ ശ്രീ. ആനത്തലവട്ടം ആനന്ദൻ പരസ്യമായി പറഞ്ഞിട്ടുണ്ട്.

ഇവിടെ മാവോയിസ്റ്റുകളെ കൊന്നു, അതിൽ അന്വേഷണമില്ല. സി.പി.ഐ.-ക്ക് ഒരു നിലപാടുണ്ടെന്ന് ആദ്യമേ നമ്മൾ കേട്ടു. പിന്നീട് ആ നിലപാട് അവർതന്നെ തിരുത്തി. മാവോയിസ്റ്റുകൾക്ക് പുറകിൽനിന്നാണ് വെടിയേറ്റത്. ഏറ്റുമുട്ടലിലൂടെ സംഭവിച്ച മരണമല്ല. അവരുടെ പുറകുവശത്താണ് പരിക്കേറ്റതെങ്കിൽ അതിനർത്ഥം പുറകിൽ നിന്നാണ് വെടിവച്ചതെന്നാണ്. ഇവിടെ UAPA നടപ്പിലാക്കുന്നതിനെതിരായി പ്രസംഗിച്ചവർ തന്നെ അത് നടപ്പിലാക്കുന്നു. അലൻ ഷുഹൈബ്, താഹ ഫസൽ എന്നിവർ മാവോയിസ്റ്റുകളല്ലെന്ന് പറയുന്നത് സി.പി.ഐ.(എം)-ന്റെ കോഴിക്കോട് ജില്ലാ സെക്രട്ടറി ശ്രീ. മോഹനൻ മാസ്റ്ററാണ്. ഈ സർക്കാരിന്റെ പ്രഖ്യാപനങ്ങളും പ്രവൃത്തികളുമായി അജഗജാന്തര വ്യത്യാസമുണ്ട്. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കപ്പെടുന്നില്ല. പ്രഖ്യാപനങ്ങൾ നടപ്പിലാക്കുന്നില്ല. ജനദ്രോഹ നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നു. കാർഷികമേഖല തകർന്നിരിക്കുന്നു. പ്രളയദുരന്തത്തിന് പരിഹാരമില്ല. വിദ്യാഭ്യാസമേഖലയ്ക്ക് ദുഷ്കരമായ പ്രവണതകൾ പിടിപെട്ടിരിക്കുന്നു; ഇത്രയും പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇടതുപക്ഷ സർക്കാരിന്റെ 4 വർഷം പൂർത്തിയാകാൻ പോകുന്ന ഈ ഘട്ടത്തിൽ ഇവിടെ വാഗ്ദാനം ചെയ്തിട്ടുള്ള കാര്യങ്ങളിൽ 90 ശതമാനവും പൂർത്തീകരിക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാരിന്റെ ഇക്കഴിഞ്ഞ കാലഘട്ടം പ്രതിസന്ധികൾ നിറഞ്ഞതായിരുന്നു. ഓഖി, രണ്ട് പ്രളയ ദുരന്തങ്ങൾ, കേന്ദ്ര സർക്കാരിന്റെ ദുർനയങ്ങൾ, ജി.എസ്.ടി., നോട്ട് നിരോധനം എന്നിങ്ങനെ നിരവധി പ്രശ്നങ്ങൾ സാമ്പത്തികമായി ഞെരുക്കിയപ്പോഴും വികസനരംഗത്ത് ഒരു വെട്ടിക്കുറവും വരുത്താൻ ഈ സർക്കാർ തയ്യാറായിട്ടില്ല. കുട്ടികൾക്ക് ഹൈടെക് വിദ്യാഭ്യാസവും യുവജനങ്ങൾക്ക് തൊഴിലവസരങ്ങളും സ്ത്രീകൾക്ക് തുല്യതയും തൊഴിലാളികൾക്ക് പരിരക്ഷയും ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണനയും ട്രാൻസ്ജെൻഡേഴ്സിന് ഇന്ത്യയിൽ ആദ്യമായി അംഗീകാരവും രാജ്യത്തിന് മാതൃകയാകുന്ന വിധത്തിൽ കർഷകരുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും കടാശ്വാസ പദ്ധതിയും ഭവനരഹിതർക്ക് വീടും നിക്ഷേപകർക്ക് പ്രോത്സാഹനവും യാത്ര സുഗമമാക്കാൻ എല്ലാ റോഡുകളും ആധുനിക നിലവാരത്തിലാക്കിയതും സർക്കാർ ആശുപത്രികളെ അത്യാധുനിക നിലവാരത്തിൽ എത്തിച്ചതുമായ ഈ സർക്കാരിനെ എങ്ങനെയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾക്ക് വിമർശിക്കാൻ കഴിയുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നേരത്തേ കിഫ്ബിയെക്കുറിച്ച് ചില കാര്യങ്ങൾ പറയുന്നത് കേട്ടു. ഈ സഭയിൽ ആദ്യം കിഫ്ബിയെക്കുറിച്ച് പറഞ്ഞപ്പോൾ "മലർപൊടിക്കാരന്റെ സ്വപ്നം" ആണെന്നും കിഫ്ബി പ്രാബല്യത്തിൽ വന്നപ്പോൾ ഇത് വെറും വാചകക്കസർത്താണെന്നും പറഞ്ഞു. ഇതൊന്നും പ്രാവർത്തികമാകാൻ പോകുന്നില്ലെന്ന് പിന്നീട് പറഞ്ഞു. എന്നാൽ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസിൽ പോയപ്പോൾ ഒരു എം.എൽ.എ. അവിടെ വന്നിരിക്കുകയാണ്. അദ്ദേഹത്തിന്റെ പേര് ഞാൻ പറയുന്നില്ല. രണ്ട് വർക്ക് പൂർത്തിയായി. ഒരു വർക്കിന്റെ പ്രവൃത്തി ഉദ്ഘാടനത്തിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ക്ഷണിക്കാനാണ് അദ്ദേഹം വന്നിരിക്കുന്നത്. കിഫ്ബി കൊലക്കയറാണെന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. കിഫ്ബിയുമായി ബന്ധപ്പെട്ട് ഒരു കാര്യവും നടന്നിട്ടില്ലെന്ന് പറയുന്നൊരു പത്രസമ്മേളനം കോട്ടയം പ്രസ്സ് ക്ലബ്ബിൽ നടത്താൻ ഞാൻ അദ്ദേഹത്തെ വെല്ലുവിളിക്കുകയാണ്. അദ്ദേഹം തയ്യാറാകുമോ? എനിക്ക് ഈ സർക്കാരിനെക്കുറിച്ച് ഓർക്കുമ്പോൾ ഒരു സിനിമ പാട്ടാണ് ഓർമ്മ വരുന്നത്.

"കയ്യെത്താ കൊമ്പത്തോ കണ്ണെത്തണം
കണ്ണെത്താ ദൂരത്തോ ചെന്നെത്തണം
ചെന്നെത്തി നീ കയ്യെത്തണം
കയ്യെത്തി നീ കണ്ടെത്തണം."

ശ്രീ. വയലാർ ശരത് ചന്ദ്രവർമ്മ വിനോദയാത്ര എന്ന സിനിമയ്ക്കുവേണ്ടി എഴുതിയിട്ടുള്ള ഈ ഗാനശകലങ്ങൾ അന്വർത്ഥമാകുന്ന ഒരു സർക്കാരല്ലേ ഇന്ന് കേരളം ഭരിക്കുന്നത്. ഓരോ വിഭാഗത്തിലും ചെയ്യേണ്ട കാര്യങ്ങൾ അറിഞ്ഞു ചെയ്യുന്ന സർക്കാരായി കേരള സർക്കാർ മാറിക്കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഭാവി പ്രധാനമന്ത്രിയായിട്ടാണ് ശ്രീ. രാഹുൽ ഗാന്ധിയെ ഉയർത്തിക്കാണിച്ചത്. ഇപ്പോൾ ശ്രീ. രാഹുൽ ഗാന്ധിയുടെ പ്രസംഗവും ആക്രോശവും അട്ടഹാസവും വയനാട്ടിൽ ഒതുങ്ങി നിൽക്കുകയാണ്. ഇപ്പോൾ അദ്ദേഹം വയനാട്ടിലെ പ്രധാനമന്ത്രിയായി മാറിയിരിക്കുകയാണ്. ഇവിടെയാണ് കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നാഷണൽ ഹീറോ ആയി മാറിയിരിക്കുന്നത്. ഈ രാജ്യത്ത് മതനിരപേക്ഷതയ്ക്കും ജനാധിപത്യത്തിനും ഭരണഘടനാ സംരക്ഷണത്തിനുംവേണ്ടി സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന ദൃഢമായ നിലപാടിന്റെ അംഗീകാരമാണിത്. അത് നിങ്ങൾ അംഗീകരിക്കണം.

ഇവിടെ ശ്രീ. പി. ടി. തോമസ് ആർജ്ജവത്തെക്കുറിച്ച് പറഞ്ഞു. വർഗ്ഗീയതയ്ക്കെതിരെ ഞങ്ങൾക്കല്ലാതെ വേറെ ആർക്കാണ് ആർജ്ജവമുള്ളതെന്ന് പറഞ്ഞു. എന്ത് ആർജ്ജവത്തെക്കുറിച്ചാണ് നിങ്ങൾ പറയുന്നത്? നമ്മുടെ രാജ്യത്ത് ബി.ജെ.പി.-ക്ക് വളരാൻ അവസരമുണ്ടാക്കി ബാബ്റി മസ്ജിദിന്റെ കോമ്പൗണ്ടിൽ ആദ്യമായി ശിലാന്യാസം (കല്ലിടൽ പൂജ) നടത്താൻ അനുമതി കൊടുത്തതാണോ നിങ്ങളുടെ വർഗ്ഗീയതയ്ക്കെതിരായ ആർജ്ജവം? നിങ്ങൾ വിശദീകരിക്കണം. 1992 ഡിസംബർ 6-ാം തീയതി നമ്മുടെ രാജ്യത്ത് 500 വർഷം പഴക്കമുള്ള ഇന്ത്യയിലെ ഒരു പ്രബല വിഭാഗത്തിന്റെ ആരാധനാലയം തകർക്കാൻ വർഗ്ഗീയവാദികൾ തടിച്ചുകൂടിയപ്പോൾ അവർക്ക് ഓശാന പാടി ഒത്താശ ചെയ്തുകൊടുത്ത് ഇന്ത്യൻ പട്ടാളത്തെ നിഷ്ക്രിയമാക്കിയത് നരസിംഹ റാവുവിന്റെ സർക്കാരാണ്. തലേ ദിവസം ദേശീയോദ്ഗ്രഥന സമിതി യോഗത്തിൽ ഹർകിഷൻ സിംഗ് സുർജിത് ഉൾപ്പെടെയുള്ള നേതാക്കൾ അന്നത്തെ പ്രധാനമന്ത്രി നരസിംഹ റാവുവിനെ കണ്ടു പറഞ്ഞു. സർ, ഇവിടെ ഒരു കാരണവശാലും ആരാധനാലയം തകർക്കപ്പെടാൻ പാടില്ല, സംരക്ഷണം കൊടുക്കണം; സംരക്ഷണ കവചമൊരുക്കണം. ഇന്ത്യൻ പട്ടാളത്തെ ബാരക്കിൽ നിർത്തി വർഗ്ഗീയവാദികൾക്ക് അഴിഞ്ഞാടാൻ, ബാബ്റി മസ്ജിദ് തകർക്കാൻ അവസരമുണ്ടാക്കിയ നിങ്ങളാണ് ഇന്ത്യൻ മതനിരപേക്ഷതയുടെ ആണിക്കല്ല് ഇളക്കിയത് എന്നകാര്യം മറക്കാൻ കഴിയുമോ? ഞാൻ ചോദിക്കട്ടെ, ഇപ്പോഴത്തെ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നു എന്ന് നമുക്കറിയാമല്ലോ.

ശ്രീ. പി. ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ.....

ശ്രീ. റ്റി. വി. രാജേഷ്: സർ, എന്റെ സമയം കളയാൻ വേണ്ടിയാണ്. എനിക്ക് സമയം തരണം. എന്റെ പ്രസംഗത്തിന് പ്രൊട്ടക്ഷൻ തരണമെന്നാണ് എനിക്ക് പറയാനുള്ളത്. എനിക്ക് പറയാനുള്ളത്, കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ പറഞ്ഞൊരു കാര്യമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....പോയിന്റ് ഓഫ് ഓർഡർ ചോദിച്ചു.....പ്ലീസ്....

ശ്രീ. പി. ടി. തോമസ്: സർ, ശ്രീ. റ്റി. വി. രാജേഷ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സന്തോഷമുണ്ടാകുന്ന രീതിയിൽ നല്ല പ്രസംഗം നടത്തുന്നതിനെ ഞാൻ അഭിനന്ദിക്കുകയാണ്. ബാബ്റി മസ്ജിദ് തകർക്കുന്നതിനെപ്പറ്റി അങ്ങ് പറഞ്ഞു. മലപ്പുറത്ത് മഞ്ചേരിയിൽ വച്ച് ബാബ്റി മസ്ജിദ് തകർക്കണം എന്ന് ഇ.എം.എസ്. പറഞ്ഞിട്ടുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. റ്റി. വി. രാജേഷ്: സർ, ശ്രീ. പി. ടി. തോമസ് അല്പം വ്യത്യസ്തനായ ഒരു നേതാവാണെന്ന് സഭയിൽ നടിക്കുന്ന ഒരാളാണ്. അത് ആരും തിരിച്ചറിഞ്ഞില്ല. എന്റെ ചോദ്യം ഇതാണ്, ബാബ്റി മസ്ജിദ് പൊളിക്കാൻ വർഗ്ഗീയവാദികൾ തയ്യാറായി വരുമ്പോൾ, ശ്രീ. എൽ. കെ. അദ്വാനിയും ശ്രീമതി ഉമാഭാരതിയും ശ്രീ. വിനയ് കത്യാറും അശോക് സിംഗാളുമൊക്കെ സകല ആയുധങ്ങളുമായി തമ്പടിച്ചപ്പോൾ തലേദിവസം രാത്രി അന്നത്തെ പ്രധാനമന്ത്രി നരസിംഹ റാവുവിനെ കണ്ട് ഹർകിഷൻ സിംഗ് സുർജിത് ഉൾപ്പെടെയുള്ള രാജ്യത്തെ പ്രധാന നേതാക്കൾ ഒരു കാരണവശാലും ഇത് അനുവദിക്കരുതെന്ന് പറഞ്ഞു. അന്ന് പട്ടാളത്തെ ബാരക്കിൽ നിർത്തി പള്ളി പൊളിക്കാൻ ഒത്താശ ചെയ്തുകൊടുത്ത പാതകം ചെയ്തു. ഈ പാതകത്തിൽനിന്ന് എപ്പോഴാണ് നിങ്ങൾക്ക് കൈകഴുകാൻ കഴിയുന്നത്? കേരളത്തിലെ ഇടതുപക്ഷ രാഷ്ട്രീയനേതാക്കളെ കള്ളക്കേസ്സിൽ കുടുക്കാനുള്ള ഒടുക്കത്തെ തിടുക്കവും വ്യഗ്രതയും വെപ്രാളവും നമ്മൾ കണ്ടതാണ്. ശ്രീ. അമിത് ഷായ്ക്കെതിരെ ഫെയ്ക് എൻകൗണ്ടർ കേസ്സിൽ സർപ്പം പോലുള്ള തെളിവ് എന്റെ കയ്യിലുണ്ടായിരുന്നു എന്നുപറഞ്ഞ കേന്ദ്ര ആഭ്യന്തര സഹമന്ത്രി. അപ്പോൾ നിങ്ങൾ എന്തുചെയ്തു; ബാബ്റി മസ്ജിദ് തകർക്കപ്പെട്ടതിനുശേഷം 1992 മുതൽ 1996 വരെ ഇന്ത്യ ഭരിച്ചത് നരസിംഹ റാവുവിന്റെ ഗവൺമെന്റാണ്. 2004 മുതൽ 2009 വരെ ശ്രീ. പി. ടി. തോമസ് എം. പി.-യായിരുന്നു. 2009 മുതൽ 2014 വരെ അദ്ദേഹം ഉൾപ്പെടുന്ന, കോൺഗ്രസ് നേതൃത്വം കൊടുത്ത യു.പി.എ. സർക്കാരാണ് ഇവിടെ ഭരിച്ചത്. ബാബ്റി മസ്ജിദ് തകർത്ത കേസ്സിൽ തെളിവുണ്ടായിട്ടും വിഷ്വൽ എവിഡൻസ് ഉണ്ടായിട്ടും ഒരാളെപ്പോലും 24 മണിക്കൂർ കൽത്തുറുങ്കിലടയ്ക്കാൻ ആർജ്ജവം കാണിക്കാത്ത നിങ്ങൾ വർഗ്ഗീയതയ്ക്കെതിരായി പറയുന്നത് ആരെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടിയാണ്? ശ്രീ. ടി. പി. സെൻകുമാറിനെ ഡി.ജി.പി. ആക്കണമെന്നു പറഞ്ഞ് നമ്മുടെ നിയമസഭയുടെ വിലപ്പെട്ട ഒരു ദിവസം കളഞ്ഞത് ആരാണ്; യു.ഡി.എഫ്. അല്ലേ? നിങ്ങൾക്ക് അദ്ദേഹത്തെ അറിയില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് പറഞ്ഞു. മുഖ്യമന്ത്രി അപകടത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചപ്പോൾ ശ്രീ. ടി. പി. സെൻകുമാറിനെപ്പോലെ സത്യസന്ധനായ, അർപ്പണമനോഭാവമുള്ള വേറെ ഉദ്യോഗസ്ഥനില്ല എന്നുപറഞ്ഞ് അടിയന്തരപ്രമേയം അവതരിപ്പിച്ച യു.ഡി.എഫ്. ഇപ്പോഴെങ്കിലും ഈ സഭയിൽ പ്രായശ്ചിത്തം ചെയ്യാൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഇനി മറ്റുചില കാര്യങ്ങളിലേയ്ക്ക് പോകാം. ജമ്മു ആന്റ് കാശ്മീർ വിഷയം വന്നപ്പോൾ ഒന്നിച്ചുനിന്നിരുന്നുവെങ്കിൽ പൗരത്വ ഭേദഗതി നിയമം കൊണ്ടുവരുമായിരുന്നില്ല എന്ന് ഇവിടെ കഴിഞ്ഞ ദിവസം ഒരു യു.ഡി.എഫ്.-ന്റെ ഉന്നത നേതാവ് പറഞ്ഞു. ജമ്മു ആന്റ് കാശ്മീരിന്റെ കാര്യത്തിൽ നിങ്ങൾക്ക് ഒരു നിലപാടുണ്ടായിരുന്നോ? കോൺഗ്രസ്സിന്റെ നിലപാട് എന്താണ്; വേണ്ട എന്നാണോ; വേണം എന്നാണോ; പക്ഷേ 'വേണ്ടണം' എന്നതാണ് നിങ്ങളുടെ ആർജ്ജവം. നിങ്ങൾ മനസ്സിലാക്കണം. അസോസിയേറ്റ് ന്യൂസ് ഓഫ് ഇന്ത്യയ്ക്കുകൊടുത്ത ഇന്റർവ്യൂവിൽ " .....a mistake is corrected" എന്നാണ് ശ്രീ. ജനാർദ്ദൻ ദ്വിവേദി പറഞ്ഞത്. ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. പി. ടി. തോമസും കുറച്ചുകാലം ഡൽഹിയിൽ ഉണ്ടായിരുന്നതുകൊണ്ട് ഇക്കാര്യമറിയാവുന്ന നേതാക്കളാണ്. ശ്രീ. ഭൂപീന്ദർ സിംഗ് ഹൂഡയുടെ മകൻ ശ്രീ. ദീപേന്ദർ സിംഗ് ഹൂഡ എന്താണ് പറഞ്ഞതെന്നറിയാമോ; ആർട്ടിക്കിൾ 370 എടുത്തുകളഞ്ഞത് രാജ്യത്തിന്റെ താൽപ്പര്യത്തിനുവേണ്ടിയാണെന്നാണ്. ശ്രീ. ജ്യോതിരാദിത്യ സിന്ധ്യയെ പൗരത്വ ഭേദഗതി നിയമത്തിനെതിരായ പ്രതിഷേധത്തിന് കെ.പി.സി.സി. ക്ഷണിച്ചുകൊണ്ടുവന്നതാണ്. ചിരിച്ചുകൊണ്ട് നിൽക്കുന്ന എത്ര പോസ്റ്ററുകളാണുള്ളത്. അദ്ദേഹം എന്താണ് പറഞ്ഞത് എന്നറിയുമോ; " Bifurcation of Jammu and Kashmir is for the interest of the people of Kashmir" . കാശ്മീരിലെ ജനങ്ങളുടെ അഭിലാഷമാണ്. യഥാർത്ഥത്തിൽ കാശ്മീരിനെ വെട്ടിമുറിച്ചതിലൂടെ, 370-ാം പരിരക്ഷ എടുത്തു കളഞ്ഞതിലൂടെ ഉണ്ടായിരിക്കുന്നത് എന്നുപറഞ്ഞ ശ്രീ. ജ്യോതിരാദിത്യ സിന്ധ്യ ഇപ്പോഴും വർക്കിംഗ് കമ്മിറ്റിയംഗമാണ്. അതുപോലെ ശ്രീ. മിലിന്ദ് ദിയോറ ചില്ലറക്കാരനല്ല. വർക്കിംഗ് കമ്മിറ്റിയംഗമാണ്.

5.00 P.M.]

ശ്രീ. രമേശ് ചെന്നിത്തലയ്ക്കുപോലും വർക്കിംഗ് കമ്മിറ്റിയിൽ സ്ഥാനം നേടാൻ കഴിഞ്ഞിട്ടില്ല. അവിടെയാണ് ശ്രീ. മിലിന്ദ് ദിയോറ ഇരിക്കുന്നത്. It is for the interest of India എന്നാണ് അദ്ദേഹം പറഞ്ഞത്. മറ്റൊരു പ്രമുഖ കോൺഗ്രസ് നേതാവായ ശ്രീ. അനിൽ ശാസ്ത്രി പറഞ്ഞത് 'Congress should sense the mood of the people of India' എന്നാണ്. ജമ്മു ആന്റ് കാശ്മീരിന്റെ കാര്യത്തിൽ നിങ്ങൾക്ക് ഒറ്റക്കെട്ടായ അഭിപ്രായമുണ്ടായിരുന്നോ? യു.എ.പി.എ.-യെക്കുറിച്ച് ശ്രീ. സണ്ണി ജോസഫ് ഇവിടെ പറഞ്ഞു. നമ്മുടെ രാജ്യത്ത് യു.എ.പി.എ. ഭേദഗതി കൊണ്ടുവന്നപ്പോൾ പാർലമെന്റിൽ ശക്തമായ നിലപാട് സ്വീകരിക്കാൻ കോൺഗ്രസ് തയ്യാറായോ? അതിനെതിരെ പ്രതികരിക്കാതെ പുത്തരിക്കണ്ടം മൈതാനത്തും മുതലക്കുളം മൈതാനത്തുംവച്ച് ശ്രീ. നരേന്ദ്ര മോദിയെ വെല്ലുവിളിക്കുകയാണ്. പാർലമെന്റിൽ പോയാൽ പച്ചപ്പാവം, മൗനി ബാവ. എന്ത്

കാര്യം? നിങ്ങൾ അവിടെ പോയി വെല്ലുവിളിക്കണം, അവിടെ പോയി വെല്ലുവിളിക്കാൻ ഇടതുപക്ഷ എം.പി.-മാർ കാണിക്കുന്ന ആർജ്ജവത്തിന്റെ പത്തിലൊന്ന് ഇവിടെനിന്നും തെരഞ്ഞെടുക്കപ്പെട്ട യു.ഡി.എഫ്. എം.പി.മാർ കാണിച്ചിട്ടുണ്ടോ?

നമ്മുടെ രാജ്യത്തെ ഒരു മതവിഭാഗത്തോട് വിവേചനം കാണിക്കുന്ന മുത്തലാഖ് ബിൽ, വിവാഹം വേർപെടുത്തലിന്റെ പേരിൽ ഒരു വിഭാഗത്തെ മാത്രം ജയിലിൽ അടയ്ക്കാൻ കഴിയുന്ന ക്രിമിനൽ കുറ്റമായി കണക്കാക്കുന്ന, രാജ്യത്തിന്റെ തുല്യതയെ നിരാകരിക്കുന്ന, ഭരണഘടനയ്ക്കെതിരായ മുത്തലാഖ് നിയമം പാർലമെന്റിൽ കൊണ്ടുവന്നപ്പോൾ കോൺഗ്രസ് എന്താണ് ചെയ്തത്? കേരളത്തിൽ നിന്നുള്ള മുസ്ലീം ലീഗിന്റെ എം.പി. ആയ ശ്രീ. പി. കെ. കുഞ്ഞാലക്കുട്ടി നിയമസഭാംഗത്വം രാജി വയ്ക്കുമ്പോൾ പത്രക്കാരോട് പറഞ്ഞത്, ഡൽഹിയിൽ വർഗ്ഗീയ വിരുദ്ധ പോരാട്ടത്തിന് നേതൃത്വം കൊടുക്കാനാണ് ഞാൻ പോകുന്നതെന്നാണ്. മുത്തലാഖ് ബിൽ ചർച്ച ചെയ്യുമ്പോൾ, മുസ്ലീം സമുദായത്തിനെതിരായ വിവേചന നിയമം ചർച്ച ചെയ്യുമ്പോൾ, മലപ്പുറത്തുള്ള ഒരു വ്യവസായ പ്രമുഖന്റെ കല്ല്യാണപ്പുരയിൽ ചെമ്പിന് കാവൽ നിന്നുകൊണ്ടാണ് വർഗ്ഗീയവിരുദ്ധ പോരാട്ടം അദ്ദേഹം നയിച്ചത്. നാണക്കേടല്ലേ സർ? ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിൽ മാത്രമല്ല, മുത്തലാഖ് ബില്ലിന്റെ കാര്യത്തിൽ കോൺഗ്രസുകാരുടെ ഒളിച്ചുകളി നമുക്കറിയാം. പക്ഷേ, മുസ്ലീംലീഗ് ഇത്തരത്തിലുള്ള നിലപാട് സ്വീകരിക്കാമോ? നിങ്ങൾ ചിന്തിക്കണം. ഇരുപത് വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് ബിൽ രാജ്യസഭയിൽ പാസ്സായത്. ആ വോട്ടെടുപ്പ് സമയത്ത് അഞ്ച് കോൺഗ്രസ് എം.പി.മാരായിരുന്ന മാറി നിന്നത്. ശ്രീ. മുകുത് മിതി, ശ്രീ. കെ. ടി. എസ്. തുളസി, ശ്രീ. രഞ്ജിബ് ബിസ്വാൾ, ശ്രീ. പ്രതാപ് സിംഗ് ബജ്വ, ശ്രീ. വിവേക് തൻഖ, ശ്രീ. ജോസ് കെ. മാണി എന്നീ അംഗങ്ങളായിരുന്ന അവർ. ഇവിടെയുള്ള യു.ഡി.എഫ്.-കാരോട് ഞാൻ ചോദിക്കുകയാണ്, വോട്ടെടുപ്പിൽ പങ്കെടുക്കാതിരുന്ന ഇവരിൽ ഒരാൾക്കെതിരെയെങ്കിലും അച്ചടക്ക നടപടിയോ പരാമർശമോ നടത്തിയോ? വോട്ടെടുപ്പിൽ പങ്കെടുക്കാത്തത് തെറ്റായിപ്പോയി എന്നുപറയാനുള്ള ആർജ്ജവമെങ്കിലും നിങ്ങൾ കാണിച്ചോ? എന്നിട്ട് നിങ്ങൾ വർഗ്ഗീയതയ്ക്കെതിരായി സംസാരിക്കുന്നു. ഗവർണറോട് എന്തൊരു വിരോധമാണ്? സി. രാജഗോപാലാചാരിയുടെ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറഞ്ഞതാണ്. ഞാൻ അതിവിടെ വിശദീകരിക്കുന്നില്ല. മഹാനായ ജവഹർലാൽ നെഹ്റു പറഞ്ഞിട്ടുണ്ട്, ഗവർണർ ഒരിക്കലും മുൻ രാഷ്ട്രീയക്കാരനാകാൻ പാടില്ല, അക്കാദമിക്, സയൻസ്, ആർട്സ് എന്നീ മേഖലയിൽനിന്നുള്ള പ്രഗത്ഭരെ മാത്രമാണ് ഗവർണറായി നിയമിക്കേണ്ടത്. അവർക്ക് രാഷ്ട്രീയ ബന്ധങ്ങളുണ്ടാകാൻ പാടില്ല, പൊളിറ്റിക്കൽ അപ്പോയ്മെന്റുകൾ വന്നാൽ അത് സംസ്ഥാനത്തെ മുഖ്യമന്ത്രിയുടെ അധികാരങ്ങൾ കവരുമെന്നും സമാന്തര അധികാര കേന്ദ്രമായി മാറുമെന്നും ഭരണഘടനാ അസംബ്ലിയിൽ

മഹാനായ ജവഹർലാൽ നെഹ്റു മുന്നറിയിപ്പ് നൽകിയിരുന്നു. ആ മുന്നറിയിപ്പ് അവഗണിച്ചത് ഇന്ദിരാ ഗാന്ധിയായിരുന്നു. 'Governor should not be an agent of the Central Government' എന്ന് റ്റി. റ്റി. കൃഷ്ണമാചാരി ഒരിക്കൽ ഭരണഘടനാ അസംബ്ലിയിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്നപ്പോൾ തങ്ങൾക്ക് എതിരായി നിന്നുവെന്നുള്ള ഒറ്റ കാരണത്താൽ 1967 മുതൽ 1976 വരെയുള്ള കാലഘട്ടത്തിൽ 15 സംസ്ഥാന സർക്കാരുകളെ ഗവർണറെ ഉപയോഗിച്ച് പിരിച്ചുവിട്ട ജനാധിപത്യ കുരുതിയുടെ പാരമ്പര്യവും പൈതൃകവുമാണ് നിങ്ങൾക്കുള്ളതെന്ന കാര്യം മറക്കാൻ പാടില്ല. 'Governor is a civil servant and has to act upon what the center tells him' എന്നാണ് അന്ന് കോൺഗ്രസ് നേതാവായ ഗോവിന്ദ ബല്ലഭ പന്ത് പറഞ്ഞത്. നിങ്ങളാണ് ഗവർണറെ സംസ്ഥാന സർക്കാരുകൾക്കെതിരായി ദുരുപയോഗിക്കാനുള്ള ഒരു ആയുധമാക്കി മാറ്റിയത്. കേരളത്തിൽ ഗവർണർ പ്രമേയത്തെ എതിർത്തു. പ്രമേയം കൊണ്ടുവരാൻ ഞാനാണ് മുൻകയ്യെടുത്തതെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുകയാണ്. അങ്ങനെയാകട്ടെ, അത് കേരളത്തിന്റെ നിലപാടാണല്ലോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പ്രമേയം അവതരിപ്പിച്ചപ്പോൾ ബി.ജെ.പി. അംഗംപോലും അതിനെ എതിർത്ത് വോട്ട് ചെയ്തില്ല. ആ വികാരത്തോടൊപ്പം നിൽക്കാൻ തലമുതിർന്ന ബി.ജെ.പി. അംഗംവരെ തയ്യാറായി. ഞാൻ ചോദിക്കട്ടെ 'ഞാനാണ്, ഞാനാണ്, ഞാൻ മാത്രമാണ് എന്ന് പറയുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എന്റെ പ്രസംഗത്തിനുശേഷം ഒരു കാര്യംകൂടി ചെയ്യണം. മദ്ധ്യപ്രദേശിലെ ശ്രീ. കമൽനാഥിനെയും പോണ്ടിച്ചേരിയിലെ ശ്രീ. നാരായണ സ്വാമിയെയും ഒന്ന് വിളിക്കണം. അവിടെയും ഈ നിയമത്തിനെതിരെ പ്രമേയം പാസ്സാക്കണമെന്ന് പരസ്യമായി പത്ര സമ്മേളനം നടത്തി പറയാനുള്ള ആർജ്ജവം കാണിക്കണം. എത്ര കോൺഗ്രസ് സർക്കാരുകൾ പൗരത്വ ഭേദഗതി നിയമത്തിനെതിരെ സുപ്രീംകോടതിയിൽ പോയി. സ്യൂട്ട് കൊടുത്തപ്പോൾ അതിൽ കുറ്റം, പ്രമേയം കൊണ്ടുവന്നപ്പോൾ അതിലും കുറ്റം എന്നുപറഞ്ഞത് ഇവിടത്തെ പ്രതിപക്ഷ പാർട്ടിയുടെ സംസ്ഥാന അദ്ധ്യക്ഷനാണ്. അദ്ദേഹത്തെ തിരുത്തുകയാണ് നിങ്ങൾ ചെയ്യേണ്ടത്. ചില മുസ്ലീംലീഗ് നേതാക്കളുടെ പ്രസംഗം ഇവിടെ കേട്ടപ്പോൾ എനിക്ക് തോന്നിയത് അവരിൽ ബി.ജെ.പി-ആർ.എസ്.എസ്. പരകായ പ്രവേശം നടത്തിയിട്ടുണ്ടോ എന്ന സംശയമാണ്. അവരോട് ഒരു കാര്യം മാത്രമേ ഞങ്ങൾക്ക് പറയാനുള്ളൂ, ഞങ്ങളുടേത് സുചിന്തിതമായ നിലപാടാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ നാല് വോട്ടിനോ നാല് സീറ്റിനോ വേണ്ടിയല്ല. നിങ്ങളെ അങ്കലാപ്പിലാക്കിയിരിക്കുന്നത് യഥാർത്ഥത്തിൽ പൗരത്വ ഭേദഗതി നിയമമല്ല, ഈ സർക്കാരിന് തുടർ ഭരണമുണ്ടാകുമോയെന്ന ആശങ്കയാണ്. 'ആങ്ങള ചത്താലും വേണ്ടില്ല, നാത്തൂന്റെ കണ്ണീര് കാണണമെന്ന' നികൃഷ്ട ചിന്തയാണ് നിങ്ങളെ നയിക്കുന്നതെങ്കിൽ 'വിനാശ കാലേ വിപരീത ബുദ്ധി' എന്നുമാത്രമേ ഞങ്ങൾക്ക് പറയാനുള്ളൂ. അതുകൊണ്ട് ഇവിടത്തെ

മുസ്ലീംലീഗ് നേതൃത്വം ചിന്തിക്കണം. ഇവിടത്തെ മുസ്ലീംലീഗ് നേതൃത്വം കോൺഗ്രസ്സിനേക്കാൾ ആർജ്ജവത്തിലാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. അവിടെ ആർ.എസ്.എസ്. ന്റെ ഉത്സവത്തിന് ഡോ. എം. കെ. മുനീറിന് പങ്കെടുക്കാം, ഒരു പ്രശ്നവുമില്ല. ശ്രീ. നരേന്ദ്ര മോദിയെ പുകഴ്ത്തിയും പ്രകീർത്തിച്ചും യുവനേതാവായ മുസ്ലീംലീഗിന്റെ എം.എൽ.എ.-യ്ക്ക് പ്രസംഗിക്കാം. ഒരു നടപടിയുമില്ല. മഹാരാഷ്ട്രയിൽ ശിവസേനയുമായി ബാന്ധവമാകാം, ഒരു പ്രശ്നവുമില്ല. പക്ഷേ, ഇവിടെ സി.പി.ഐ.(എം.) ആയിട്ടോ ഇടതുപക്ഷവുമായിട്ടോ ധാരണ പാടില്ല. ഡൽഹിയിൽ എത്തിയാൽ നാല് വർത്തമാനം പറയാൻ ശ്രീ. സീതാറാം യെച്ചൂരി വേണം. ഞാൻ ഡൽഹിയിൽ ആയിരുന്നപ്പോൾ കേരളാ ഹൗസിൽ ഒരു ചടങ്ങ് നടന്നു. അത് കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന മഹാനായ സി.എച്ച്. മുഹമ്മദ് കോയയുടെ അനുസ്മരണമായിരുന്നു. മുസ്ലീം ലീഗിന്റെ പോഷക സംഘടനയായ KMCC (Kerala Muslim Cultural Centre) ആയിരുന്നു ആ പ്രോഗ്രാം സംഘടിപ്പിച്ചത്. ആ സെമിനാറിൽ ജമ്മു ആന്റ് കാശ്മീരിനെപ്പറ്റിയുള്ള മുഖ്യവിഷയം അവതരിപ്പിക്കാൻ ക്ഷണിച്ചത് സഖാവ് സീതാറാം യെച്ചൂരിയെയായിരുന്നു. ഒരു കോൺഗ്രസ് നേതാവിനെപ്പോലും ക്ഷണിച്ചില്ല, കാരണം, ജമ്മു ആന്റ് കാശ്മീരിന്റെ കാര്യത്തിൽ വ്യക്തമായ നിലപാട് കോൺഗ്രസിനില്ല. അപ്പോൾ ഡൽഹിയിൽ എത്തിയാൽ അവിടെ ജമ്മു ആന്റ് കാശ്മീർ വിഷയം ഉയർത്തിക്കൊണ്ടുവരാൻ ഇടതുപക്ഷം വേണം. ഇത് ഇരട്ടത്താപ്പാണ്. അതുകൊണ്ട് എനിക്ക് മുസ്ലീംലീഗിനോട് പറയാനുള്ള ഒരു കാര്യം, പുര കത്തുമ്പോൾ വാഴ വെട്ടരുതെന്നാണ്.

ഇത് വിസ്മയങ്ങൾ സൃഷ്ടിക്കുന്ന സർക്കാരാണ്. 1957-നുശേഷം കേരളം കണ്ട ഏറ്റവും മികച്ച സർക്കാരാണ്. അതുകൊണ്ട് നിങ്ങൾ എത്ര വേവലാതിപ്പെട്ടാലും എത്രയൊക്കെ ചീത്ത പറഞ്ഞാലും എങ്ങനെയൊക്കെ മുഖ്യമന്ത്രിയെ ഇകഴ്ത്തിക്കാണിക്കാൻ ശ്രമിച്ചാലും ഒരു കാര്യം ഉറപ്പാണ്, ഭരണത്തുടർച്ച ഇടതുപക്ഷത്തിനുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും പകയുടെയും ഹിംസയുടെയും ഒരു ഭീകരാന്തരീക്ഷം പരക്കുമ്പോൾ നമ്മുടെ രാജ്യത്തിന് ഒരു വഴികാട്ടിയും വഴിവിളക്കുമാണ് ഈ സർക്കാരെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

**(2020 ഫെബ്രുവരി 4-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.06-ന് പിരിഞ്ഞു.)**